# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

### 2018 ഡിസംബർ 6, വ്യാഴം

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 174 - നമ്പർ 8

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

2018 ഡിസംബർ 6, വ്യാഴം

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

43/2021

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ....26

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....26
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....84

**II അഭ്യർത്ഥന**

പ്രതിപക്ഷ എം.എൽ.എ.-മാരുടെ സത്യാഗ്രഹം

– മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും
യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ) ...444

**III അടിയന്തരപ്രമേയം**

പത്രപ്രവർത്തനത്തിന് ഏർപ്പെടുത്തിയ നിയന്ത്രണം

(അവതരണാനുമതി നിഷേധിച്ചു.) ...445

**IV ശ്രദ്ധ ക്ഷണിക്കൽ**

(1) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം

– ശ്രീ. എം. സ്വരാജ് ...461

(2) അവയവദാനം

– ശ്രീ. മഞ്ഞളാംകുഴി അലി ...468

**V സബ്മിഷൻ**

(1) പാപ്പിനിശ്ശേരി പീഡനക്കേസ്

– പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) ...475

(2) പിറവം താലൂക്കാശുപത്രി

– ശ്രീ. അനൂപ് ജേക്കബ് ...477

*പേജ്*

(3) മിനിമം വേതനം

— ശ്രീ. സി. കൃഷ്ണൻ ...479

(4) വന്യമൃഗാക്രമണം—

— ശ്രീ. വി. എസ്. അച്യുതാനന്ദൻ ...481

(5) റവന്യൂ ടവർ നിർമ്മാണം

— ശ്രീ. സി. ദിവാകരൻ ...483

(6) കൽപ്പാത്തിപ്പുഴ സംരക്ഷണം

— ശ്രീ. ഷാഫി പറമ്പിൽ ...484

(7) എം.എൽ.എ. ആസ്തി വികസന ഫണ്ട്

— ശ്രീ. പി. കെ. ബഷീർ ...486

(8) നായാടി വിഭാഗത്തിന് സ്പെഷ്യൽ റിക്രൂട്ട്മെന്റ്

— ശ്രീ. കെ. വി. അബ്ദുൾ ഖാദർ ...489

(9) ഐ.ടി.ഐ.-ക്ക് പുതിയ കെട്ടിടം

— ശ്രീ. ആർ. രാജേഷ് ...490

(10) ഇരിക്കൂറിലെ ടൂറിസം പദ്ധതികൾ

— ശ്രീ. കെ. സി. ജോസഫ് ...491

**VI മേശപ്പുറത്തുവച്ച കടലാസുകൾ**

ചട്ടം 236 (6) അനുസരിച്ചുള്ള കടലാസ്സുകൾ ...493

**VII റിപ്പോർട്ട് സമർപ്പണം**

1. 2018-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്. ...507

2. പിന്നോക്ക സമുദായക്ഷേമം സംബന്ധിച്ച സമിതിയുടെ നാലും അഞ്ചും റിപ്പോർട്ടുകൾ ...507

പേജ്

3. പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം സംബന്ധിച്ച സമിതിയുടെ ഒന്ന് മുതൽ അഞ്ച് വരെയുള്ള റിപ്പോർട്ടുകൾ ...507

4. സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ പതിനാറാമത് റിപ്പോർട്ട് ...507

5. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട് ...507

**VIII ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

യാത്രാനിരക്ക് പരിഷ്കരണം

— ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) ...508

**IX അറിയിപ്പ്**

ബിൽ പരിഗണനാ തീയതിയിലെ മാറ്റം

— മി. സ്പീക്കർ ...509

**X നിയമനിർമ്മാണകാര്യം**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) 2018-ലെ കേരള പോലീസ് (ഭേദഗതി) ബിൽ ...509

**XI അറിയിപ്പ്**

ഭരണഘടനാ സാക്ഷരതാ പുസ്തകത്തിന്റെ പ്രകാശനം—

മി. സ്പീക്കർ ...560

**നിയമനിർമ്മാണകാര്യം (തുടർച്ച)**

(ii) 2018-ലെ കോഴിക്കോട് സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബിൽ ...561

**അനുബന്ധം**

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) അവതരിപ്പിച്ച യാത്രാനിരക്ക് പരിഷ്കരണം സംബന്ധിച്ച ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവനയുടെ മേശപ്പുറത്തുവച്ച ഭാഗം ...582

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

*2018 ഡിസംബർ 6, വ്യാഴം*


| വാല്യം 174] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 8 |
|---|---|---|


നിയമസഭ 2018 ഡിസംബർ മാസം 6-ാം തീയതി വ്യാഴാഴ്ച രാവിലെ 9 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ... ഓർഡർ... ചോദ്യം നമ്പർ 181*

(നിയമസഭാ കവാടത്തിനുമുന്നിൽ സത്യാഗ്രഹമിരിക്കുന്ന അംഗങ്ങൾക്ക് അഭിവാദ്യമർപ്പിച്ചുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ സ്വസ്ഥാനങ്ങളിൽ എഴുന്നേറ്റുനിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇന്നലെ ഞാൻ അങ്ങയോട് സഭാകവാടത്തിൽ ശ്രീ. വി. എസ്. ശിവകുമാർ, ശ്രീ. പാറക്കൽ അബ്ദുല്ല, ഡോ. എൻ. ജയരാജ് എന്നിവർ നടത്തുന്ന സത്യാഗ്രഹത്തെപ്പറ്റി സൂചിപ്പിക്കുകയുണ്ടായി. സത്യാഗ്രഹം നടത്തുന്ന ജനപ്രതിനിധികൾക്ക് സഭയിൽവന്ന് അവരുടെ കാര്യങ്ങൾ പറയാൻ സാധിക്കാത്ത അവസ്ഥയുണ്ട്. ജനാധിപത്യത്തിൽ ഇത്തരം സഹനസമരങ്ങൾ സ്വാഭാവികമാണ്; അത്തരം സമരങ്ങളെ അതിന്റേതായ ഗൗരവത്തിൽ കാണാൻ നമ്മൾ ബാദ്ധ്യസ്ഥരുമാണ്. കേരളത്തിൽ ഗവൺമെന്റ് മാറി മാറി വരും. എല്ലാ കാലഘട്ടങ്ങളിലും ഒരുകൂട്ടർ മാത്രം ഭരിക്കണമെന്ന നിർബന്ധമില്ലല്ലോ! അതുകൊണ്ടുതന്നെ സമരം നടത്തുന്നവരോടുള്ള ഗവൺമെന്റിന്റെ സമീപനം മാറ്റേണ്ടതാണ്. ബഹുമാനപ്പെട്ട സ്പീക്കർ ഇക്കാര്യത്തിൽ ഇടപെടണമെന്ന് ഞാൻ ഇന്നലെ അഭ്യർത്ഥിച്ചതാണ്. ഇന്നും അതേ അഭ്യർത്ഥന ഞാൻ ആവർത്തിക്കുകയാണ്. ദയവായി അങ്ങ് ഇടപെട്ട് ഈ പ്രശ്നം പരിഹരിക്കാനുള്ള നടപടികളുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: അങ്ങയുടെ അഭ്യർത്ഥന മാനിച്ച് ഈ പ്രശ്നം ഗവൺമെന്റുമായി ചർച്ച ചെയ്തിരുന്നു. നിയമസഭാ കവാടത്തിൽ സാമാജികർ നടത്തുന്ന സമരം തുടർന്നു പോകുന്നതിൽ ബുദ്ധിമുട്ടുണ്ട്, ഖേദകരവുമാണ്. പക്ഷേ നിരോധനാജ്ഞ പിൻവലിക്കണമെന്ന കാര്യത്തിൽ ഗവൺമെന്റിന് ഏകപക്ഷീയമായി തീരുമാനമെടുക്കാൻ സാധിക്കുന്ന സാഹചര്യമല്ല. അത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും അവിടത്തെ പ്രദേശത്തിന്റെയും അവസ്ഥയുടെ അടിസ്ഥാനത്തിൽ തീരുമാനിക്കേണ്ടതാണ്. ഈ വിഷയം സമവായത്തിലെത്തിക്കാൻ ശ്രമിക്കാവുന്നതാണ്.

## ദേവസ്വംബോർഡ് സുപ്രീംകോടതിയിൽ നൽകിയ ഹർജി

1(*181) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ യുവതീ പ്രവേശനവുമായി ബന്ധപ്പെട്ട് ദേവസ്വം ബോർഡ് നിലവിൽ സുപ്രീംകോടതിയിൽ എന്തെങ്കിലും ഹർജി നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ശബരിമലയിലെ ഏതെങ്കിലും തന്ത്രിക്കെതിരെ ദേവസ്വം ബോർഡ് ഈ ഉത്സവകാലയളവിൽ മെമ്മോ നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ;

(സി) പ്രസ്തുത മെമ്മോ നൽകുവാൻ ദേവസ്വം ബോർഡ് യോഗം കൂടി തീരുമാനമെടുത്തിരുന്നോ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി) മെമ്മോയ്ക്ക് തന്ത്രി എന്ത് മറുപടിയാണ് നൽകിയത്; ആയതിൽ ദേവസ്വം ബോർഡ് എന്ത് തീരുമാനമെടുത്തു; വിശദമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകം പള്ളി സുരേന്ദ്രൻ): സർ,

(എ) ഉണ്ട്. വിധിയനുസരിച്ച് യുവതികൾ ദർശനത്തിന് എത്തുമ്പോൾ അധികമായി ഒരുക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കുന്നതിന് കൂടുതൽ സമയം ആവശ്യമുള്ളതിനാൽ വിധി നടപ്പിലാക്കുന്നതിന് സാവകാശം ആവശ്യപ്പെട്ട് തിരുവിതാംകൂർ ദേവസ്വം ബോർഡ് 19-11-2018-ന് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ സാവകാശ ഹർജി നൽകിയിട്ടുണ്ട്.

(ബി-ഡി) ഉണ്ട്. ശബരിമലയിൽ യുവതീ പ്രവേശനവുമായി ബന്ധപ്പെട്ടുള്ള ഭരണഘടനാബെഞ്ചിന്റെ വിധിയുടെ അടിസ്ഥാനത്തിൽ ആചാര ലംഘനം ഉണ്ടാകുകയാണെങ്കിൽ ക്ഷേത്രം അടച്ചിടുന്നത് സംബന്ധിച്ച് ഒരു രാഷ്ട്രീയ നേതാവിന്റെ

ഉപദേശം തേടി എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 6-11-2018-ൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണർ തന്ത്രിയോട് വിശദീകരണം തേടിയിട്ടുണ്ട്. ഇതിന് ബോർഡ് യോഗം കൂടി തീരുമാനം എടുക്കേണ്ട ആവശ്യമില്ല. തന്ത്രി നൽകിയ വിശദീകരണം ദേവസ്വം ബോർഡ് പരിശോധിച്ചുവരികയാണെന്ന് അറിയിച്ചിട്ടുണ്ട്.

ശ്രീ. പി. സി. ജോർജ്: സർ, ഈ സഭാസമ്മേളനം ആരംഭം മുതൽ പ്രതിപക്ഷനേതാവും പ്രതിപക്ഷവും പ്രകടിപ്പിക്കുന്ന വികാരം ശബരിമലയുമായി ബന്ധപ്പെട്ടാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് മൂന്ന് എം.എൽ.എ.മാർ നിയമസഭാ കവാടത്തിൽ സത്യാഗ്രഹമിരിക്കുകയും ബി.ജെ.പി.യെപ്പോലുള്ള ഒരു രാഷ്ട്രീയകക്ഷി സെക്രട്ടേറിയറ്റിനുമുന്നിൽ നിരാഹാരമിരിക്കുകയും ചെയ്യുന്നു. ഞാൻ ചോദിക്കുകയാണ്; ഈ ഗവൺമെന്റിന് എന്തുപറ്റി? എന്തിനാണ് നിങ്ങൾ വിശ്വാസികളോട് യുദ്ധം ചെയ്യുന്നത്. .....(ബഹളം).....

മി. സ്പീക്കർ: അങ്ങ് ചോദ്യത്തിലേയ്ക്ക് വരൂ.

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ എനിക്ക് സൗകര്യമുള്ളതാണ് പറയുന്നത്. നിങ്ങൾക്ക് സൗകര്യമുള്ളത് പറയാൻവന്ന ആളല്ല ഞാൻ. എനിക്ക് സൗകര്യമുള്ളത് പറയും. .....(ബഹളം).....

മി. സ്പീക്കർ: അങ്ങ് ഉപചോദ്യം ചോദിക്കൂ. ഉപചോദ്യം പ്രസംഗമല്ല.

ശ്രീ. പി. സി. ജോർജ്: .....(ബഹളം)..... സർ, അവർ ബഹളം വച്ചാൽ എങ്ങനെയാണ് ചോദ്യം ചോദിക്കുന്നത്.

മി. സ്പീക്കർ: അവരുടെ ബഹളം അങ്ങ് ശ്രദ്ധിക്കേണ്ട.

ശ്രീ. പി. സി. ജോർജ്: സർ, അവർ ബഹളം വച്ചാൽ ഞാൻ ഇവിടെ നിൽക്കും. ജനുവരി ഒന്നാം തീയതി വർക്കല തീർത്ഥാടനമാണെന്ന് ആർക്കാണ് അറിയാത്തത്. അന്നുതന്നെ വനിതാമതിൽ വച്ചിരിക്കുകയാണ്.

വർക്കലയേയും അപമാനിക്കുകയാണ് ചെയ്തത്. 18-11-2018-ൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ സാവകാശ ഹർജി നൽകി. ദേവസ്വം ബോർഡ് ആവശ്യപ്പെട്ടതുപോലെ വളരെ നേരത്തെ, തീർത്ഥാടനത്തിനുമുമ്പുതന്നെ ഈ സാവകാശ ഹർജി നൽകാൻ അവസരമുണ്ടായിരുന്നു. ദേവസ്വം ബോർഡ് പ്രസിഡന്റ് ആവശ്യപ്പെട്ടതുമാണ്. ഗവൺമെന്റ് അദ്ദേഹത്തെ വിളിച്ചുവരുത്തി ഭീഷണിപ്പെടുത്തി. എന്തുകൊണ്ട് അന്ന് സാവകാശ ഹർജി നൽകാൻ നിങ്ങൾ തയ്യാറായില്ല?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ദേവസ്വം ബോർഡ് ഒരു സ്വതന്ത്ര സ്ഥാപനമാണ്. ദേവസ്വം ബോർഡിന് ദേവസ്വം ബോർഡിന്റെ തീരുമാനങ്ങളെ ടുക്കാനുള്ള അവകാശവും അധികാരവുമുണ്ട്. എല്ലാ കാര്യങ്ങളും അങ്ങനെയാണ് ചെയ്തിട്ടുള്ളത്. ഈ കേസ് വരുന്ന ഘട്ടത്തിൽതന്നെ, 2006-2018 വരെയുള്ള കാലഘട്ടത്തിൽ സുപ്രീംകോടതിയിൽ സമർപ്പിച്ചതായ സത്യവാങ്മൂലങ്ങൾ ദേവസ്വം ബോർഡ് സ്വതന്ത്രമായി നൽകിയവയാണ്. ഗവൺമെന്റിന്റെ നിബന്ധനകൾക്കും നിർദ്ദേശങ്ങൾക്കും വിധേയമായല്ല, ദേവസ്വം ബോർഡ് അതിന്റെ സ്വാതന്ത്ര്യം നില നിർത്തിക്കൊണ്ടാണ് പ്രവർത്തിക്കുന്നത്. എപ്പോഴാണ് സാവകാശ ഹർജിയുമായി സുപ്രീംകോടതിയെ സമീപിക്കേണ്ടതെന്ന് അവരാണ് തീരുമാനിക്കേണ്ടത്. അക്കാര്യത്തിലൊന്നും ഗവൺമെന്റിന് ഇടപെടാൻ സാധിക്കില്ല.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞതാണോ ഞാൻ പ്രകടിപ്പിച്ച വികാരമാണോ സത്യം എന്നുള്ളത് കേരളത്തിലെ ജനങ്ങൾ തീരുമാനിക്കട്ടെ. ദേവസ്വം ബോർഡിൽ ഇടപെടുന്നില്ല എന്നുപറയുന്ന ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ ചോദിക്കുന്നു, താന്ത്രിക വിധിപ്രകാരം വിധിപറയുന്ന തന്ത്രിയെ ചോദ്യം ചെയ്യാൻ എന്താണ് അവകാശം; ഹൈന്ദവ സംസ്കാരത്തിൽ തന്ത്രികൾ സ്വതന്ത്രരല്ലേ? താന്ത്രിക വിധി എന്തായിരിക്കണമെന്ന് വിധിക്കാൻ അദ്ദേഹത്തിന് നോട്ടീസ് അയയ്ക്കാൻ നിങ്ങൾക്കെന്താണ് അവകാശം; ചോദ്യത്തിന്റെ ഉത്തരത്തിൽ തന്ത്രിക്ക് നോട്ടീസ് അയച്ചുവെന്ന് പറയുന്നു. തന്ത്രിമാർ ഗവൺമെന്റിന്റെ കീഴിലാണോ? അത്തരത്തിൽ നോട്ടീസ് അയച്ച നടപടി തെറ്റാണെന്ന് അംഗീകരിക്കാൻ അങ്ങ് തയ്യാറാണോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, തന്ത്രിമാർ സർക്കാരിന്റെ കീഴിലല്ല. തന്ത്രി പ്രവർത്തിക്കുന്നത് ദേവസ്വം ബോർഡിന്റെ കീഴിലാണ്. ദേവസ്വം ബോർഡിലെ ആറായിരത്തോളം വരുന്ന ജീവനക്കാരിൽ ഒരു ജീവനക്കാരൻ മാത്രമാണ് തന്ത്രി. തിരുവിതാംകൂർ ദേവസ്വം ബോർഡ് ക്ഷേത്രങ്ങളുടെ തന്ത്രിമാരുടെ അവകാശ-അധികാരങ്ങൾ പ്രത്യേകമായി നിർവ്വചിച്ചിട്ടുണ്ട്. അതുമനസ്സിലാക്കാതെയാണ് ബഹുമാനപ്പെട്ട അംഗം ഇത്തരം ചോദ്യങ്ങൾ ചോദിക്കുന്നത്. തിരുവിതാംകൂർ ദേവസ്വം ബോർഡ് മാന്വലിലെ നാലാം അദ്ധ്യായം തന്ത്രിമാരുടെ നിയമനവും അധികാരങ്ങളും സംബന്ധിച്ച് വ്യക്തമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. പാരമ്പര്യമായി താന്ത്രികാവകാശം ലഭിക്കുന്നവരും ദേവസ്വം ബോർഡ് നിയമിക്കുന്നവരും തന്ത്രി മാരിൽപ്പെടും. ഏത് വിഭാഗത്തിൽപ്പെടുന്ന തന്ത്രിമാരായാലും ശാന്തിക്കാരുടേതു പോലെ ഉത്തരവാദിത്തങ്ങൾ നിറവേറ്റാനുള്ള ബാദ്ധ്യത അവർക്കുണ്ട്. തന്ത്രിമാർ ഒരു ക്ഷേത്രതന്ത്രം കൈകാര്യം ചെയ്യുമ്പോൾ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിന് വിധേയമായിരിക്കുമെന്നും ദേവസ്വം ബോർഡ് പുറപ്പെടുവിക്കുന്ന ചട്ടങ്ങൾക്കനുസര

ണമായി മാത്രമേ പ്രവർത്തിക്കാൻ പാടുള്ളൂവെന്നും പ്രസ്തുത അദ്ധ്യായത്തിലെ 8, 10, 14 എന്നീ ഖണ്ഡികകളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. താന്ത്രിക ജോലി നിർവ്വഹിക്കുമ്പോൾ തന്ത്രിമാർ ബോർഡിലെ മറ്റേത് ജീവനക്കാരനെയുംപോലെ ബോർഡിന്റെ അച്ചടക്ക നടപടികൾക്ക് വിധേയനായിരിക്കും. തന്ത്രിമാർ പൂജ സംബന്ധിച്ച കാര്യങ്ങളിലല്ലാതെ ഭരണപരമായ കാര്യങ്ങളിൽ അഭിപ്രായം പറയാനോ ഇടപെടാനോ പാടില്ലെന്ന് മാന്വലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതുകൊണ്ട് ദേവസ്വം ബോർഡിന് തന്ത്രിമാരുടെമേൽ അച്ചടക്കനടപടി സ്വീകരിക്കാനുള്ള അധികാരവും അവകാശവുമുണ്ട്. ആ അവകാശം ഉപയോഗിച്ച് ദേവസ്വം ബോർഡാണ് ചെയ്തിട്ടുള്ളത്. ദേവസ്വം ബോർഡ് എന്ത് ചെയ്യുവെന്ന ചോദ്യത്തിന് ഗവൺമെന്റിന് ദേവസ്വം ബോർഡിൽനിന്നും ലഭിച്ച മറുപടി പറഞ്ഞുവെന്നേയുള്ളൂ.

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഇന്ന് സമൂഹത്തിൽ വിശ്വാസികൾ ക്കൊപ്പമെന്ന് പറഞ്ഞ് ബി.ജെ.പി.യും കോൺഗ്രസ്സുമടക്കമുള്ള രാഷ്ട്രീയക്കാരെല്ലാം ചേർന്ന് ഈ നാട്ടിലാകെ നടത്തുന്ന പ്രശ്നങ്ങളെ ബ്രാഹ്മണകുടുംബത്തിൽ ജനിച്ച വളർന്ന ഒരു വനിത എന്ന നിലയിൽ, അങ്ങേയറ്റം വിഷമത്തോടെയാണ് കാണുന്നത്.

ഒരു വനിതയായതുകൊണ്ടുമാത്രം ശബരിമലയിൽ കയറരുതെന്ന മനുഷ്യരു ണ്ടാക്കിയ തടസ്സം എല്ലാ കാര്യങ്ങളും പരിശോധിച്ചതിനുശേഷം നീണ്ട പന്ത്രണ്ട് വർഷത്തിനൊടുവിൽ സുപ്രീംകോടതി വിധി പ്രസ്താവിച്ചപ്പോൾ എല്ലാവരും ഒന്നടങ്കം സ്ത്രീകളെ പ്രവേശിപ്പിക്കണമെന്ന് പറഞ്ഞപ്പോൾ, ഇവരെല്ലാം സ്വാഗതം ചെയ്തു. പിന്നീട് ഒറ്റയടിക്ക് രാഷ്ട്രീയ നേട്ടമുണ്ടാക്കാൻ സ്ത്രീകളെ കരുവാക്കി, നാടുനീളെ പ്രക്ഷോഭം നടത്തി, സ്ത്രീകളെ ആക്ഷേപിക്കുന്ന മോശപ്പെട്ട ഈ സമീപനം അവസാനിപ്പിക്കേണ്ടതല്ലേ? അതുപോലെ ബഹുമാനപ്പെട്ട ഒ. രാജഗോപാൽ 1999-ൽ ശബരിമലയിലെ സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ട് എഴുതിയ ഒരു സപ്ലിമെന്റാണിത് (പേപ്പർ കട്ടിംഗ് ഉയർത്തിക്കാണിച്ചു.)

മി. സ്പീക്കർ: അങ്ങ് ചോദ്യം ചോദിക്കൂ.

ശ്രീമതി പി. അയിഷാ പോറ്റി: സർ, സുപ്രീംകോടതിവിധിയുമായി ബന്ധപ്പെട്ടാണ് ബഹുമാനപ്പെട്ട പി. സി. ജോർജ് ഇപ്പോൾ ചോദ്യം ചോദിച്ചി രിക്കുന്നത്.......(ബഹളം).......

മി. സ്പീക്കർ: ഈ സഭയിലെ ഒരു വനിതാ അംഗമാണവർ. വനിതകളുമായി ബന്ധപ്പെട്ട വിഷയം വരുമ്പോൾ അവർക്ക് സംസാരിക്കാൻ അവസരം കൊടുക്കണം. അത് സഹിഷ്ണുതയോടുകൂടി കേൾക്കണം.

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: സർ, സുപ്രീംകോടതി പന്ത്രണ്ട് വർഷം എല്ലാ ന്യായാന്യായങ്ങളും പരിശോധിച്ചതിനുശേഷം മനുഷ്യരാൽ ഉണ്ടാക്കപ്പെട്ട തടസ്സങ്ങൾ നീക്കണമെന്നും പ്രായഭേദമന്യേ അവർ കയറണമെന്നും പറഞ്ഞതിനുശേഷമുണ്ടാക്കിയ പ്രയാസങ്ങൾ അവർ വരുത്തിവച്ചതല്ലേ? രാഷ്ട്രീയമായ നീക്കത്തിനുവേണ്ടി ഉണ്ടാക്കിവച്ച പ്രശ്നങ്ങളല്ലേ ഇന്ന് ശബരിമലയിൽ ഉണ്ടായിരിക്കുന്നത്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ശബരിമല സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ട് ഇപ്പോൾ നടക്കുന്ന പ്രക്ഷോഭങ്ങളുടെ പിന്നിൽ രാഷ്ട്രീയലക്ഷ്യവും രാഷ്ട്രീയതാൽപ്പര്യവുമുണ്ടെന്നാണ് ബഹുമാനപ്പെട്ട അംഗം പറഞ്ഞത്. ഇക്കാര്യം ഗവൺമെന്റിന് കൃത്യമായി അറിയാം. ഗവൺമെന്റിന് മാത്രമല്ല അരി ആഹാരം കഴിക്കുന്ന കേരളീയർക്ക് മുഴുവൻ അറിയാം. ഇതിന്റെ പിന്നിൽ സങ്കുചിതമായിട്ടുള്ള രാഷ്ട്രീയവും പതിനേഴാം ലോകസഭാ തെരഞ്ഞെടുപ്പിൽ ഒരു സീറ്റോ ആയിരം വോട്ടോ കൂടുതൽ ലഭിക്കുന്നതിനുവേണ്ടിയുള്ള നീക്കവുമാണെന്നറിഞ്ഞുകൂടാത്തവരല്ല ഈ നാട്ടിലെ ജനങ്ങൾ. ബി.ജെ.പി.യുടെ നേതാവായ ശ്രീ. ശ്രീധരൻപിള്ള വളരെ പരസ്യമായിത്തന്നെ പറഞ്ഞിട്ടുണ്ട്. ഇവർ ഒരു കെണിയിൽ അകപ്പെട്ടുപോയ ആളുകളാണ്. ബി.ജെ.പി.യുടെ മുന്നിൽ ഓടിയെത്താനുള്ള പരിശ്രമത്തിൽ, കോൺഗ്രസ് അതിന്റെ പ്രഖ്യാപിതമായ നിലപാടുകൾ മറന്നുകളിച്ച നെറികെട്ട രാഷ്ട്രീയമാണ് ഇന്ന് നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ശബരിമല വിഷയത്തെ ഈ അവസ്ഥയിൽ കൊണ്ടെത്തിച്ചത്. ബഹുമാനപ്പെട്ട അംഗത്തിന്റെ ചോദ്യം വളരെ പ്രസക്തമാണ്. ഈ സങ്കുചിത രാഷ്ട്രീയ താൽപ്പര്യത്തിൽനിന്നും രാജ്യത്തിന്റെ വിശാലമായ താൽപ്പര്യത്തിലേയ്ക്ക് വരാൻ യു.ഡി.എഫ്. തയ്യാറാകണം. അതിന് കോൺഗ്രസ് നേതൃത്വം കൊടുക്കണം. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഒരിക്കൽക്കൂടി ഉണർന്ന് ചിന്തിക്കണമെന്ന് വളരെ വിനയപൂർവ്വം ഞാൻ ഈ സഭയിൽ പറയുകയാണ്.

<u>ഡോ. എം. കെ. മുനീർ</u>: സർ, ഈ സാവകാശ ഹർജിയിൽ സർക്കാരിന്റെ നിലപാടെന്താണ്? ഹിന്ദു ധർമ്മശാസ്ത്രം അറിയുന്നവരുടെ നേതൃത്വത്തിൽ ഒരു സമിതി രൂപീകരിക്കണമെന്നാണ് സർക്കാർ കൊടുത്ത അഫിഡവിറ്റിൽ പറയുന്നത്. ഇപ്പോൾ സാവകാശം ലഭിച്ച സാഹചര്യത്തിൽ ആ സാവകാശ ഹർജി കൊടുക്കുമ്പോൾ അതിന്റെ കൂട്ടത്തിൽ ഒരു സമിതി രൂപീകരിച്ച് അവരുടെ അഭിപ്രായംകൂടി ആരാഞ്ഞതിനുശേഷം നടപടികളുമായി മുന്നോട്ടുപോകാമെന്ന നിലപാട്.... അഫിഡവിറ്റിൽ പറഞ്ഞ കാര്യം പറഞ്ഞുകൂടേ; ഏതായാലും ഒരു കാര്യം ബഹുമാനപ്പെട്ട മന്ത്രിക്ക് ഞങ്ങൾ ഉറപ്പ് തരാം. ഇരുപത് സീറ്റും ബി.ജെ.പി. ഇല്ലാതെ ജയിക്കാനാണ് ഐക്യജനാധിപത്യ മുന്നണി ശ്രമിക്കുന്നത്. ബി.ജെ.പി. ഉയരാതിരിക്കാൻവേണ്ടി ഞങ്ങളുടെ കൂടെ നിൽക്കുമോ? ദേശീയതലത്തിൽ മോഡിയെ ഇറക്കുന്നതിനുവേണ്ടി ആ ഒരു നിലപാട് സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, അങ്ങേയ്ക്ക് യാതൊരു സംശയവും വേണ്ട. ദേശീയതലത്തിൽ ബി.ജെ.പി.യെ പരാജയപ്പെടുത്തി കോൺഗ്രസ് അധികാരത്തിൽ വരണമെന്ന് ആഗ്രഹിക്കുന്നവരാണ് ഞങ്ങൾ. ഇപ്പോൾ തെരഞ്ഞെടുപ്പുകൾ നടക്കുന്ന സംസ്ഥാനങ്ങളിൽ ബി.ജെ.പി.യെ പരാജയപ്പെടുത്തണം. അവിടെ കോൺഗ്രസ് അധികാരത്തിൽ വരണമെന്ന് ആഗ്രഹിക്കുന്നവരാണ് മതേതരവാദികളായിട്ടുള്ള കേരളീയരായിട്ടുള്ള എല്ലാപേരും. ഞങ്ങളുടെ പാർട്ടി കാര്യമായിട്ടൊന്നും ഇല്ലാത്ത വളരെ ചെറിയ ഒരു പാർട്ടിയാണ്. അതുകൊണ്ടാണ് മതേതരവാദികളായിട്ടുള്ള കോൺഗ്രസ് അവിടെ അധികാരത്തിൽ വരണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നത്. പക്ഷെ കോൺഗ്രസ്സിന്റെ നിലപാടെന്താണ്? നിങ്ങളുടെ മതേതരത്വം നിങ്ങൾ കളഞ്ഞുകുളിച്ചില്ലേ; മതേതരവാദികളാണ് നിങ്ങളെന്ന് നെഞ്ചിൽ കൈവച്ച് പറയുവാൻ സാധിക്കുമോ? നിങ്ങൾ വർഗ്ഗീയവാദികളോടൊപ്പം സഞ്ചരിക്കുകയല്ലേ; അവരുടെ മുന്നിൽ ഓടിയെത്താൻ ശ്രമിക്കുകയല്ലേ; നിങ്ങളല്ലേ ആദ്യമായി പത്തനംതിട്ടയിൽ പോയി നിരാഹാര സത്യാഗ്രഹം നടത്തിയത്. നിങ്ങളുടെ മുന്നിൽ ഓടിയെത്താനല്ലേ പിന്നീട് ബി.ജെ.പി. ആർ.എസ്.എസ്.-നോടൊപ്പം കടന്നുവന്നത്. ഇതല്ലേ യാഥാർത്ഥ്യം? യു.ഡി.എഫ്. എടുക്കുന്ന നിലപാട് നമ്മുടെ നാട്ടിൽ നിലനിൽക്കുന്ന മതേതര സംവിധാനത്തെ തകർക്കാനും വർഗ്ഗീയ ഭ്രാന്ത് ഇളക്കിവിടാനും മാത്രമെ സഹായകരമാകൂ എന്ന് കണ്ട് അത് തിരുത്താൻ വൈകിയ വേളയിലെങ്കിലും നിങ്ങൾക്ക് സാധിച്ചില്ലെങ്കിൽ ചരിത്രം നിങ്ങൾക്ക് മാപ്പ് തരില്ലെന്ന് നിങ്ങൾ മനസ്സിലാക്കണം.

<u>മി. സ്പീക്കർ</u>: മിനിസ്റ്റർ, ചോദ്യത്തിന് ഉത്തരം കിട്ടിയില്ലെന്ന് പറയുന്നു.-

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ഞങ്ങൾ കൊടുത്ത 2007-ലെ അഫിഡവിറ്റിന്റെ ഒരു ചെറിയ ഭാഗം മാത്രമെ അദ്ദേഹം പറഞ്ഞുള്ളൂ. അങ്ങ് മനസ്സിലാക്കണം. ആ അഫിഡവിറ്റിൽ ഗവൺമെന്റ് കാര്യങ്ങൾ വളരെ വ്യക്തമാക്കിയിരുന്നു. സുപ്രീംകോടതിയുടെ തീരുമാനം എന്തായിരുന്നാലും ആ തീരുമാനം ഈ ഗവൺമെന്റ് അംഗീകരിക്കുമെന്നും അതിനുമേൽ ഒരു നിയമനിർമ്മാണം നടത്താൻ ഈ സർക്കാർ ഉദ്ദേശിക്കുന്നില്ലെന്നും ആ അഫിഡവിറ്റിൽ ഞങ്ങൾ പറഞ്ഞിട്ടുണ്ടായിരുന്നു. അവിടെ ഞങ്ങൾ ഉറച്ചുനിൽക്കുന്നു.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, കേരളത്തെ മറ്റൊരു അയോദ്ധ്യ ആക്കുവാനുള്ള പരിശ്രമമാണ് സംഘപരിവാർ നേതൃത്വത്തിൽ നടത്തിയത്. അതിന് യു.ഡി.എഫ്.-ന്റെ പിന്തുണ ലഭിച്ചുവെന്നുള്ളതാണ് ഏറ്റവും ദൗർഭാഗ്യകരമായ കാര്യം. വ്യാജ വാർത്തകളും ഫോട്ടോഷോപ്പികളുമാണ് ഇവിടെ അരങ്ങ് തകർത്തത്. ശബരിമലയിലെ വരുമാനം ക്രിസ്ത്യൻ പള്ളികൾക്കും മുസ്ലീം പള്ളികൾക്കും നൽകുന്നുവെന്ന തരത്തിലുള്ള പ്രചരണമാണ് ആദ്യഘട്ടത്തിൽ നടത്തിയത്. ഇവിടെ ദേവസ്വം ബോർഡിലെ

ജീവനക്കാരിൽ 60% പേരും ക്രിസ്ത്യാനികളാണ് എന്നതരത്തിലുള്ള ശ്രീമതി കെ. പി. ശശികല ടീച്ചറുടെ പ്രസംഗം വർഗ്ഗീയ കലാപം ഉണ്ടാക്കാൻ വേണ്ടിയുള്ളതാണ്. തീർത്ഥാടകരെ അഴുക്കുചാലിൽ കിടത്തുന്നു, എല്ലാ വർഷവും ചെയ്യുന്നതുപോലെ തുടക്കത്തിൽ നടപ്പന്തൽ വൃത്തിയാക്കുന്നു. ഇങ്ങനെ നൂറുകണക്കിന് വ്യാജ വാർത്തകളും ഫോട്ടോഷോപ്പികളും നടത്തുന്ന, അതിഗുരുതരമായ വർഗ്ഗീയ സംഘർഷങ്ങളുണ്ടാക്കാൻ നോക്കുന്ന ഇത്തരം ശക്തികൾക്കെതിരെ കാര്യമായ നടപടികൾ എടുത്തതായി കാണുന്നില്ല. എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ശ്രീമതി കെ. പി. ശശികല, നമ്മുടെ സംസ്ഥാനത്ത് വർഗ്ഗീയത വ്യാപിപ്പിക്കുന്നതിൽ മുൻപന്തിയിൽ നിൽക്കുന്ന വനിതയാണ്. അവർ നടത്തിയ ഒരു പ്രസംഗത്തിന്റെ വീഡിയോ ടേപ്പ് ഞാൻ പത്ര മാധ്യമ പ്രവർത്തകരുടെ മുന്നിൽ കാണിച്ചതാണ്. ആ വീഡിയോ ടേപ്പിൽ പറയുന്നത് ദേവസ്വം ബോർഡുകളിലെ ജീവനക്കാരിൽ 60% ആളുകൾ ക്രിസ്ത്യാനികളാണെന്നാണ്. ഹിന്ദുക്കൾ ഒരുഗതിയും പരഗതിയുമില്ലാതെ നാട്ടിൽ അങ്ങോട്ടുമിങ്ങോട്ടും അലയുമ്പോൾ നമ്മുടെ അമ്പലങ്ങളിൽ 60% ക്രിസ്ത്യാനികളാണെന്നുപറഞ്ഞ് തന്റെ മുന്നിലിരിക്കുന്ന ആളുകളോട് സംസാരിക്കുകയാണവർ. ഈ രൂപത്തിൽ വിഷമയമായ വർഗ്ഗീയ പ്രചാരണം നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുവാൻ നമുക്ക് കഴിയണം. ഞാനിത് പറഞ്ഞുപോയത് അവർക്ക് ക്ഷീണമായിപ്പോയി, അതുകൊണ്ട് ഒരു കോടി രൂപയുടെ നഷ്ടപരിഹാരം കൊടുക്കണമെന്ന് പറഞ്ഞുകൊണ്ട് കോടതിയെ സമീപിച്ചിരിക്കുന്നുവെന്നാണ് ഇന്നത്തെ മനോരമ പത്രത്തിലുള്ളത്. ആ വെല്ലുവിളി ഞാൻ ഏറ്റെടുക്കുകയാണ്. വെല്ലുവിളി ഏറ്റെടുക്കുക മാത്രമല്ല കോടതിയെ സമീപിക്കാനും പോകുകയാണ്. ഇത്തരത്തിൽ ഭ്രാന്തുപിടിച്ച വർഗ്ഗീയ പ്രചാരണം നടത്തുന്ന ആളുകൾക്കെതിരെ മതേതര കേരളത്തിലെ ഗവൺമെന്റ് കർശന നിലപാടുകളുമായിട്ടുതന്നെ മുന്നോട്ടുപോകും. അക്കാര്യത്തിൽ ഒരു സംശയവുമില്ല.

ശ്രീ. ഒ. രാജഗോപാൽ: സർ, ഈ തർക്കങ്ങളൊക്കെ ആരംഭിച്ചിട്ടുള്ളത് സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിലാണ്. ആ വിധിയെ സംബന്ധിച്ച് പുനഃപരിശോധന വേണമെന്നുപറഞ്ഞ് 39 ഓളം പുനഃപരിശോധന അപേക്ഷകൾ വരികയുണ്ടായി. ഉന്നയിക്കുന്ന ആരോപണങ്ങളിൽ വസ്തുതകളുണ്ടെന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് ആ പരാതികൾ സ്വീകരിക്കുന്നത്. അതിന്റെയടിസ്ഥാന ത്തിൽ വിശദമായി കേൾക്കാൻ ജനുവരി മാസം 20-ാം തീയതി ഒരു കമ്മിറ്റി വച്ചിരിക്കുകയാണ്. ആ അവസരത്തിൽ സ്വാഭാവികമായിട്ടും തെറ്റുകളുണ്ടെങ്കിൽ പുനഃപരിശോധന നടത്തി തിരുത്തേണ്ടതുണ്ട്. കാരണം, ജെൻഡർ ജസ്റ്റിസിന്റെ പേരിലാണ് എല്ലാവർക്കും കൊടുക്കണമെന്ന് പറഞ്ഞിട്ടുള്ളത്. ശബരിമലയിൽ ചില സ്പെഷ്യൽ കൺസിഡറേഷൻസും ഉണ്ടെന്നുള്ള അടിസ്ഥാനത്തിൽ അതുംകൂടി

പരിഗണിക്കേണ്ട ബാധ്യതയുണ്ടായിരുന്നു. അത് ചെയ്തിട്ടില്ല. അതുകൂടി ചൂണ്ടിക്കാണിക്കാൻ വേണ്ടിയാണ് റിവ്യൂ കൊടുത്തിട്ടുള്ളത്. അത് 20-ാം തീയതി ചർച്ച ചെയ്യാൻ പോകുന്നു. അതിനുശേഷം ബഹളം കൂട്ടിയാൽ പോരേ? ഞാൻ വെല്ലുവിളിക്കുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. കോടതിയിലെ നിയമത്തിന്റെ പ്രശ്നങ്ങളൊക്കെ പറഞ്ഞു. പക്ഷെ ഒരു കാര്യം, ബഹുമാനപ്പെട്ട മന്ത്രിയെ കാണാനില്ലെന്നാണ് പോലീസിന്റെ റിപ്പോർട്ട് എന്ന് പത്രങ്ങളിൽ വായിക്കുകയുണ്ടായി, ദയവായി പോലീസ് സ്റ്റേഷനിലോ കോടതിയിലോ ഹാജരായി ജാമ്യമെടുക്കാൻ ശ്രമിച്ചാൽ നന്നായിരുന്നു.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, എന്റെ പേരിൽ കുറച്ച് കേസ്സുകളുണ്ട്. ഞാൻ എല്ലാത്തിനും ജാമ്യം എടുത്തിട്ടുമുണ്ട്. കൂടുതൽ കേസ്സുകളുള്ള ഒരാൾ എന്നു പറഞ്ഞ് മനോരമ ഇന്നലെ ഒരു ചിത്രം പ്രസിദ്ധീകരിച്ചിരുന്നു. ശരിയാണ്. അതെല്ലാം സമരത്തിലൊക്കെ പങ്കെടുത്തതിന്റെ കേസ്സുകളാണ്. സമരത്തിൽ പങ്കെടുക്കുമ്പോൾ കേസ്സൊക്കെ ഉണ്ടാകുമെന്ന് നമുക്ക് സാധാരണഗതിയിൽ മനസ്സിലാക്കാൻ സാധിക്കും. 10-80 കേസ്സുകളുണ്ടായിരുന്നു. സമരത്തിൽ പങ്കെടുത്ത കേസ്സുകളാണ്. മിക്കവാറും എല്ലാ കേസ്സുകളിലും ഞാൻ ജാമ്യമെടുത്തിട്ടുണ്ട്. അതിൽ അങ്ങ് വിഷമിക്കേണ്ട. അങ്ങ് 1999-ൽ പറഞ്ഞ കാര്യം ഞാൻ വായിക്കാൻ പോകുകയാണ്. അതിൽ അങ്ങ് ഉറച്ചുനിൽക്കുമോ എന്ന് പറഞ്ഞാൽ മതി. അങ്ങ് പറഞ്ഞു, 'സുപ്രസിദ്ധ പിന്നണിഗായകൻ യേശുദാസിന് അദ്ദേഹത്തിന്റെ ആരാധനാമൂർത്തിയായ ഗുരുവായൂരപ്പന്റെ സന്നിധിയിൽ പോകാൻ സാധിക്കാത്ത വിലക്ക് ഇന്നും നിലനിൽക്കുന്നു. എന്നാൽ അയ്യപ്പഭക്തന്മാരെ സംബന്ധിച്ചിടത്തോളം ജാതിയും മതവും ദേശീയതയും ഒന്നും ബാധകമല്ല. എല്ലാ ഭക്തന്മാർക്കും ദേവസന്നിധിയിൽ പോകാൻ അവസരം ലഭിക്കുന്നത് തികച്ചും ചാരിതാർത്ഥ്യമാണ്. എന്നാൽ എനിക്ക് മനസ്സിലാകാത്ത ഒരു കാര്യം എന്തുകൊണ്ട് അയ്യപ്പഭക്തകളായ സഹോദരിമാരെ അയ്യപ്പസന്നിധിയിൽനിന്നും അകറ്റി നിർത്തുന്നുവെന്നതാണ്.' തീർന്നില്ല... തീർന്നില്ല. അദ്ദേഹം വളരെ കൃത്യമായി അതിന് മറുപടി കണ്ടെത്തുന്നുണ്ട്. 'വന്യമൃഗങ്ങൾ നിറഞ്ഞ നിബിഡ വനമായിരുന്ന കാലത്ത് ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങൾക്ക് എത്രമാത്രം പ്രസക്തിയുണ്ടെന്ന് ഇന്നും ബന്ധപ്പെട്ടവർ ആലോചിക്കേണ്ടതാണ്. തിക്കും തിരക്കുമാണ് സ്ത്രീകളെ അകറ്റിനിർത്താൻ കാരണമെങ്കിൽ സ്ത്രീകൾക്ക് പ്രത്യേകമായി പോകാനും തൊഴാനുമുള്ള സൗകര്യം ഉണ്ടാക്കുകയാണ് വേണ്ടത്.' (പത്രം ഉയർത്തിക്കാട്ടി) ഇത് മാതൃഭൂമി പത്രത്തിൽ വന്ന വാർത്തയാണ്.

<u>ശ്രീ. ഒ. രാജഗോപാൽ</u>: അങ്ങ് ദേവസ്വം വകുപ്പുമന്ത്രിയല്ലേ; അങ്ങാണ് വ്യവസ്ഥ ഉണ്ടാക്കേണ്ടത്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, വ്യവസ്ഥ ഉണ്ടാക്കാം. ഏതായാലും സുപ്രീംകോടതിയോട് ഒരു ബഹുമാനം ആദരണീയനായ ഒ. രാജഗോപാലിന് ഇപ്പോഴെങ്കിലും വന്നതിൽ എനിക്ക് സന്തോഷമുണ്ട്. സുപ്രീംകോടതിയുടെ തീരുമാനം രാജ്യത്തെ പാർലമെന്റിന്റെ നിയമനിർമ്മാണത്തിന് സമമാണെന്നുള്ള ധാരണയിൽ ആ തീരുമാനം നടപ്പിലാക്കാനുള്ള പരിശ്രമം മാത്രമാണ് ഈ ഗവൺമെന്റ് നടത്തിയത്. ഗവൺമെന്റിന് യുവതികളെ പ്രവേശിപ്പിക്കാൻ ഒരു വാശിയുമില്ല. അത് ഗവൺമെന്റ് വളരെ വ്യക്തമായി പറഞ്ഞിട്ടുള്ളതാണ്. യുവതികളെ പ്രവേശിപ്പിക്കണമെന്ന് ഗവൺമെന്റിന് വാശിയുണ്ടായിരുന്നുവെങ്കിൽ പതിനായിരക്കണക്കിന് യുവതികൾ ഇതിനകം അവിടെ പ്രവേശിക്കുമായിരുന്നു. ആർക്കും അതിനെ തടയാൻ സാധിക്കു മായിരുന്നില്ല. ഏതെങ്കിലും യുവതികളെ അവിടെ പ്രവേശിപ്പിച്ചേ അടങ്ങൂ എന്നുള്ള കാര്യത്തിൽ ഗവൺമെന്റിന് യാതൊരു താൽപ്പര്യവുമില്ല. ഗവൺമെന്റിന്റെ താൽപ്പര്യം ഭരണഘടനാപരമായിട്ടുള്ള താൽപ്പര്യമാണ്, സുപ്രീംകോടതിയുടെ തീരുമാനം നടപ്പിലാക്കാനുള്ള താൽപ്പര്യമാണ്. 22-ാം തീയതി കഴിഞ്ഞാലെങ്കിലും അങ്ങ് സുപ്രീംകോടതിയുടെ താൽപ്പര്യം നടപ്പിലാക്കാൻ നിൽക്കുമോ; ഏത് തീരുമാന മായിരുന്നാലും ഗവൺമെന്റ് നടപ്പിലാക്കും. 1991-ലെ ഹൈക്കോടതി വിധിയാണ് ബാധകമെന്ന് റിവ്യൂ ഹർജി പരിഗണിച്ചുകൊണ്ട് സുപ്രീംകോടതി പറഞ്ഞാൽ അത് ഗവൺമെന്റ് നടപ്പിലാക്കും. അതല്ല, 2018 സെപ്റ്റംബർ 28-ന്റെ വിധിയാണ് ബാധകമെന്ന് സുപ്രീംകോടതി പറഞ്ഞാൽ 22-ാം തീയതി കഴിഞ്ഞെങ്കിലും അനാവശ്യസമരത്തിൽ നിന്നും അക്രമസമരത്തിൽനിന്നും നിങ്ങളുടെ അനുയായികളെ പിന്തിരിപ്പിക്കാനുള്ള എന്തെങ്കിലും നടപടി നിങ്ങൾ സ്വീകരിക്കാൻ തയ്യാറാകുമോ എന്നുള്ളതാണ് നിങ്ങൾ വ്യക്തമാക്കേണ്ടത്.

<u>ശ്രീ. എം. സ്വരാജ്</u>: ബഹുമാനപ്പെട്ട സ്പീക്കർ, ശബരിമലയിലെ യുവതീ പ്രവേശനം സംബന്ധിച്ച സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ ഒരു ഭരണ അട്ടിമറി സ്വപ്നം കണ്ടുകൊണ്ടുള്ള സമരാഭാസമാണ് ഇപ്പോൾ നടന്നുകൊണ്ടിരി ക്കുന്നത്. നമുക്കെന്തിനാണ് രണ്ട് കൊടി, ഒന്ന് പോരേ എന്ന് ഇരുകൂട്ടരും ഒരുമിച്ച് തീരുമാനിക്കുന്നത് നമ്മൾ ഇവിടെ കാണുകയുണ്ടായി. ദേവസ്വം ബോർഡിലെ 60 ശതമാനം ജീവനക്കാർ ക്രിസ്ത്യാനികളാണെന്നുപറഞ്ഞ ശ്രീമതി ശശികലയെ ക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. ശശികല ജാമ്യം കിട്ടി ഇറങ്ങി വന്നപ്പോൾ ആ ശശികലയെത്തന്നെ യു.ഡി.എഫ്. ഭരിക്കുന്ന തിരുവല്ല നഗരസഭയുടെ ശബരിമല ഇടത്താവളം ഉദ്ഘാടനം ചെയ്യാൻ കൊണ്ടുപോയ സമീപനവും നമ്മൾ ഇവിടെ കണ്ടതാണ്. സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ രാഷ്ട്രീയ താൽപ്പര്യങ്ങളോടെ കലാപം സൃഷ്ടിക്കാൻ ശ്രമിക്കുന്നവർ ശബരിമലയെ കലാപത്തിന്റെ താവളമാക്കാൻ നോക്കുകയാണ്. ഒരമ്മൂമ്മയുടെ തലയിലേയ്ക്ക് നാളികേരം എറിയുന്നത് നമ്മൾ കണ്ടു. അവിടെ നടയടപ്പിക്കാൻവേണ്ടി അയ്യപ്പന്റെ സന്നിധിയിൽ മൂത്ര

മൊഴിക്കാൻ ഞങ്ങൾ ഏർപ്പാട് ചെയ്തുവെന്ന് പറയുന്ന ആളെ നമ്മൾ കണ്ടു. 18-ാം പടി കയറി അയ്യപ്പനനേരെ പൃഷ്ഠ പ്രദർശനം നടത്തുന്നതും നമ്മൾ കണ്ടു. ...(ബഹളം)..... ശബരിമലയിൽ ഭക്തർക്കെതിരെ അക്രമം അഴിച്ചുവിട്ട സംഘ്പരിവാർ നേതാക്കന്മാരെക്കുറിച്ച് പറയുമ്പോൾ എന്റെ കോൺഗ്രസ് സുഹൃത്തുക്കൾക്ക് എന്തിനാണ് പൊള്ളുന്നത്? ഞാൻ നിങ്ങളെക്കുറിച്ചല്ല പറഞ്ഞത്. ഞാൻ സംഘ്പരിവാറിനെക്കുറിച്ചാണ് പറഞ്ഞത്. അതിന് നിങ്ങൾക്ക് പൊള്ളേണ്ട. ഇങ്ങനെ സ്ഥിരമായി അക്രമം നടത്തി ഭക്തരെ പരിക്കേൽപ്പിക്കുന്ന, ശബരിമലയെ കലാപകേന്ദ്രമാക്കി മാറ്റുന്ന ആളുകളെ ഇപ്പോൾ മനസ്സിലാക്കി, അവരുടെ പേരിൽ നടപടിയെടുത്തു. കോടതി അവർക്ക് ജാമ്യം അനുവദിക്കുന്ന സമയത്ത് പറഞ്ഞിട്ടുള്ള വ്യവസ്ഥ ശ്രദ്ധിക്കേണ്ടതാണ്. ശബരിമലയിൽ പ്രവേശിക്കേണ്ട എന്നല്ല, റാന്നി താലൂക്കിൽ രണ്ടുമാസത്തേയ്ക്ക് കാലുകുത്തരുത് എന്നാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ശബരിമലയിലെ ഭക്തരുടെമേൽ അക്രമം അഴിച്ചുവിടുന്ന, കലാപമുണ്ടാക്കാൻ ശ്രമിക്കുന്ന.....ഞാൻ ഇവിടെ പരാമർശിച്ചവർ ഉൾപ്പെടെയുള്ളവരെ, അവിടത്തെ ഭക്തരെ കരുതി, ഇനി ശബരിമലയിൽ ഇവർ വന്നാൽ കലാപമുണ്ടാകാനിടയുണ്ട് എന്ന് മനസ്സിലാക്കി ഉചിതമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്താനും ഇവരിൽനിന്നും ശബരിമലയെ സംരക്ഷിക്കാനും പ്രത്യേകമായ സംരക്ഷണമൊരുക്കാനുമുള്ള നടപടികൾ സ്വീകരിക്കുമോ എന്നാണ് അറിയേണ്ടത്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, സഭ ആരംഭിക്കുന്ന സമയത്തുതന്നെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് മൂന്ന് ബഹുമാനപ്പെട്ട അംഗങ്ങളുടെ സത്യാഗ്രഹത്തെ സംബന്ധിച്ച് ഇന്നലെ ഇവിടെ പരാമർശിക്കുകയുണ്ടായി. ഞാൻ അവരെ കണ്ടു സംസാരിച്ചു. ഞാൻ അവരോട് പറഞ്ഞത്, അവിടെ 144 പ്രഖ്യാപിച്ചിരിക്കുന്നതുകൊണ്ട് വേറൊരു തരത്തിലുള്ള അസൗകര്യവും ഭക്തജനങ്ങളെ സംബന്ധിച്ചിടത്തോളം ഉണ്ടാകുന്നില്ല. വളരെ തെറ്റായിട്ടുള്ള കാര്യങ്ങളാണ് നേരത്തേ ചില ദിവസങ്ങളിൽ അവിടെ നടന്നത്. കേരളീയരായ നമുക്ക് മാനക്കേടുണ്ടാക്കുന്ന കാര്യങ്ങളാണ് അവിടെ നടന്നത്. അതെല്ലാം നമ്മൾ സമ്മതിക്കുന്ന കാര്യമാണ്. അവിടെ ആർ.എസ്.എസ്.-ന്റെ അഴിഞ്ഞാട്ടമാണ് നടന്നത്. ആർ.എസ്.എസ്.-ന്റെ അഴിഞ്ഞാട്ടത്തിൽ ഭക്തജനങ്ങൾക്ക് വരാൻ കഴിഞ്ഞില്ല. എന്റെ കയ്യിൽ ചിത്രങ്ങളുണ്ട് (പേപ്പറുകൾ ഉയർത്തിക്കാട്ടി). നമുക്ക് കണ്ടാൽ അത്ഭുതം തോന്നിക്കുന്ന .....വത്സൻ തില്ലങ്കേരിയുടെ കാര്യമാണ് ഞാൻ പറയുന്നത്. അങ്ങനെ മൈക്ക് കൊടുക്കാതിരിക്കാനും വത്സൻ തില്ലങ്കേരിയെപ്പോലുള്ള സാമൂഹ്യവിരുദ്ധന്മാർ അവിടെ കടന്നുവരാതിക്കാനുംവേണ്ടി മാത്രമാണ് 144 പ്രഖ്യാപിച്ചിരിക്കുന്നത്. അല്ലാതെ ഭക്തജനങ്ങൾക്കുവേണ്ടിയിട്ടല്ല. അത്തരം ആന്റി സോഷ്യൽസിന്, സാമൂഹ്യവിരുദ്ധന്മാർക്ക് .......(ബഹളം)....... ശബരിമലയെ കലാപകേന്ദ്രമാക്കി മാറ്റാൻ ശ്രമിക്കുന്നതായിട്ടുള്ള സാമൂഹ്യവിരുദ്ധരെ ശബരിമലയുടെ പരിസരത്ത്.........(ബഹളം)........

മി. സ്പീക്കർ : വിഷയം കൈകാര്യം ചെയ്യുന്ന മന്ത്രി മറുപടി പറയുകയാണ്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അത്തരം സാമൂഹ്യവിരുദ്ധർ ശബരിമലയുടെ പരിസരത്ത് എത്താതിരിക്കുന്നതിനു വേണ്ടിയുള്ള നടപടിയുടെ ഭാഗമായി മാത്രമാണ് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ശബരിമലയിലെ പ്രശ്നങ്ങളെ സംബന്ധിച്ച് പരിശോധിക്കുന്നതിനുവേണ്ടി നിയോഗിച്ച മൂന്നംഗകമ്മീഷൻ ശബരിമലയിൽ കഴിഞ്ഞ ദിവസങ്ങളിൽ പോയി പരിശോധിച്ചു. അവർ പറയുന്നത്, 'ഉണ്ടായത് തെറ്റായ പ്രചാരണം'- പത്രവാർത്തയാണ്. 'സ്ഥിതി പൊതുവെ തൃപ്തികരം.' ശബരിമലയെക്കുറിച്ച് നിരീക്ഷക സമിതി. 'സൗകര്യങ്ങളിൽ പൂർണ്ണ തൃപ്തി.'- നിരീക്ഷക സമിതിയുടെ നിലയ്ക്കലിലെ വിലയിരുത്തൽ. 'ശബരിമലയിൽ പ്രശ്നങ്ങളില്ല' നിരീക്ഷക സമിതി. നിങ്ങൾ വിഷമിച്ചിട്ട് കാര്യമില്ല. നിരീക്ഷക സമിതി അവിടെ പോയി ശബരിമല വിഷയത്തിൽ ദേവസ്വം ബോർഡിനും ഗവൺമെന്റിനും എതിരായി എന്തെങ്കിലും പറയുമെന്നാണ് നിങ്ങൾ വിചാരിച്ചതെങ്കിൽ നിങ്ങൾക്ക് തെറ്റുപറ്റി. നിരീക്ഷക സമിതിയിൽ രണ്ട് ജഡ്ജിമാരാണുള്ളത്. റിട്ടയർ ചെയ്ത രണ്ട് ജഡ്ജിമാരാണ് അതിനകത്തുള്ളത്. മൂന്നംഗ നിരീക്ഷക സമിതി ശബരിമലയിലെ പ്രവർത്തനങ്ങളിൽ പൂർണ്ണതൃപ്തി രേഖപ്പെടുത്തിയിരിക്കുകയാണ്. ഭക്തർക്കെതിരായിട്ടല്ല, അവിടെവരുന്ന ആന്റി സോഷ്യൽസിനെതിരായിട്ടാണ് 144 പ്രഖ്യാപിച്ചിരിക്കുന്നത്. അത് തുടരും. തുടരാതിരിക്കാൻ ഗവൺമെന്റിന് നിർവ്വാഹമില്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ബഹുമാനപ്പെട്ട സ്പീക്കർ സർ, ഈ സാമൂഹ്യവിരുദ്ധർക്ക് ആരാണ് മൈക്ക് കൊടുത്തത്; ഈ സാമൂഹ്യ വിരുദ്ധന്മാരുടെ കൈകളിൽ ശബരിമലയുടെ നിയന്ത്രണം ആരാണ് കൊടുത്തത്; ഇവിടെ പോലീസ് ഉണ്ടായിരുന്നോ; ഇവിടെ ഇന്റലിജൻസ് എന്തിനാണ്; ഇന്റലിജൻസ് സംവിധാനം എവിടെ പോയിരുന്നു; കൊടി കൂട്ടിക്കെട്ടിയതിനെപ്പറ്റി ശ്രീ. എം. സ്വരാജ് ഇവിടെ പറഞ്ഞു. കൊടി കൂട്ടിക്കെട്ടി ആരാണ് 1977-ലും അതിനുശേഷവും മൽസരിച്ചതെന്ന് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഒരു സംശയവും വേണ്ട......(ബഹളം)....

മി. സ്പീക്കർ: അങ്ങ് ചോദ്യമല്ലേ ചോദിക്കുന്നത്?

ശ്രീ. രമേശ് ചെന്നിത്തല: സർ, ജനസംഘവുമായി കൂട്ടുകൂടി കൂത്തുപറമ്പ് തെരഞ്ഞെടുപ്പിൽ മൽസരിച്ച് ജയിച്ച മുഖ്യമന്ത്രിയാണ് കേരളത്തിലുള്ളത് എന്ന കാര്യം മറക്കരുത്. അതുകൊണ്ട് കൊടി കൂട്ടിക്കെട്ടിയ കാര്യമൊന്നും പറയേണ്ട. ശ്രീ. ഒ. രാജഗോപാലിന്റെ ഒരു ലേഖനം ഇവിടെ വായിച്ചു. എനിക്ക് ബഹുമാന്യനായ ഒ. രാജഗോപാലിനോട് ചോദിക്കാനുള്ളത്, എന്നാൽപ്പിന്നെ ശ്രീ. എ. എൻ. രാധാകൃഷ്ണനോട് ആ സമരം അവസാനിപ്പിക്കാൻ അങ്ങ് പറഞ്ഞാൽ പോരേ?

<u>മി. സ്പീക്കർ</u>: ചോദ്യം മിനിസ്റ്ററോടാണ് ചോദിക്കേണ്ടത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ശബരിമലയിലെ സ്ത്രീപ്രവേശനത്തിന് അനുകൂലമായ ലേഖനം അങ്ങ് എഴുതിയിട്ടുണ്ടെങ്കിൽ, മന്ത്രി ഇവിടെ വായിച്ചു. ഈ സമരവും ബഹളവും നിങ്ങൾ ഉണ്ടാക്കുന്നത് എന്തിനാണ്; സി.പി.ഐ.(എം)-ന് യാഥാർത്ഥ്യ ബോധമുണ്ടാകണം. ഇന്ത്യയിൽ വർഗ്ഗീയതയ്ക്കെതിരെ പോരാടുന്ന, ബി.ജെ.പി.-ക്കെതിരെ പോരാടുന്ന പ്രസ്ഥാനം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സാണ്. മധ്യപ്രദേശിലും രാജസ്ഥാനിലും തെലങ്കാനയിലും മിസ്സോറാമിലും ഞങ്ങൾ അത് തെളിയിക്കാൻ പോവുകയാണ്. അവിടെ ഉണ്ടാകുന്ന തെരഞ്ഞെടുപ്പ് വിജയം നമ്മൾ കാണാൻ പോകുന്നതേയുള്ളൂ. ദേവസ്വം ബോർഡ് സ്വതന്ത്ര സ്ഥാപനമാണെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. ദേവസ്വം ബോർഡ് പ്രസിഡന്റ് ശ്രീ. എ. പത്മകുമാർ വിധി വന്നയുടനെ റിവ്യൂ ഹർജി കൊടുക്കുമെന്നും എന്റെ വീട്ടിൽനിന്ന് ഒരു സ്ത്രീയും ശബരിമലയിൽ പോകില്ലായെന്നും പറഞ്ഞു. അദ്ദേഹത്തെ നോക്കുകുത്തിയാക്കിക്കൊണ്ട്, അദ്ദേഹത്തിനെതിരെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ പരാമർശങ്ങൾ എന്തായിരുന്നു; ഇപ്പോൾ എങ്ങനെയാണ് നിങ്ങൾ സാവകാശ ഹർജി കൊടുക്കാൻ അവരെ അനുവദിച്ചത്? സർവ്വകക്ഷി യോഗത്തിൽ ഞങ്ങൾ ഇതാവശ്യപ്പെട്ടപ്പോൾ നിങ്ങൾ എന്തുകൊണ്ട് അംഗീകരിച്ചില്ല; അങ്ങ് സർവ്വകക്ഷി യോഗത്തിൽ ഉണ്ടായിരുന്നല്ലോ? തന്ത്രിയുടെ മുണ്ടിന്റെ കോന്തലയിലല്ല അധികാരമെന്ന് പറഞ്ഞ മുഖ്യമന്ത്രി തന്ത്രിയെയും പന്തളം രാജാവിനെയും കണ്ടപ്പോൾ അവർ പറഞ്ഞത് അംഗീകരിച്ചു, ഞങ്ങൾ പറഞ്ഞത് അംഗീകരിച്ചില്ല. ഇത് ജനാധിപത്യമാണോ; ദേവസ്വം ബോർഡിനെ നോക്കുകുത്തിയാക്കിക്കൊണ്ടാണ് ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. 144-നെപ്പറ്റി പറഞ്ഞു. പമ്പയിലെ അസൗകര്യങ്ങളെപ്പറ്റി മൂന്നംഗ സമിതി പറഞ്ഞ കാര്യം അദ്ദേഹം മിണ്ടിയില്ല, വായിച്ചില്ല. സന്നിധാനത്ത് അല്ലെങ്കിലും പ്രശ്നമില്ലായിരുന്നു. അതുകൊണ്ട് എനിക്ക് ചോദിക്കാനുള്ളത്, ബി.ജെ.പി.-യുടെ സംഘടനയായ അയ്യപ്പ സേവാ സമിതിക്ക് അന്നദാനത്തിനുള്ള അധികാരം കൊടുത്ത നടപടി പൻവലിക്കാൻ വകുപ്പുമന്ത്രി തയ്യാറാണോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വളരെ പ്രധാനപ്പെട്ടതും പ്രസക്തവുമായിട്ടുള്ള കാര്യങ്ങൾ തന്നെയാണ് ചോദിച്ചിരിക്കുന്നത്. ഒന്ന്, 1975-ലെ അടിയന്തരാവസ്ഥയും അതിനെത്തുടർന്ന് നമ്മുടെ രാജ്യത്തുയർന്നുവന്ന വിശാലമായിട്ടുള്ള ജനാധിപത്യസഖ്യവും വിശാലമായ ജനാധിപത്യ സഖ്യമെടുത്ത ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിലുണ്ടായ അടിയന്തരാവസ്ഥ 'നാവടക്കൂ പണിയെടുക്കൂ' തുടങ്ങിയ മുദ്രാവാക്യങ്ങളുയർത്തി രാജ്യത്ത് ആഭ്യന്തര അടിയന്തരാവസ്ഥ സൃഷ്ടിച്ച് ലക്ഷക്കണക്കിന് ആളുകളെ ജയിലിലടച്ച് ഒരു ഏകാധിപത്യ ഭരണം നടത്തുന്നതിനെതിരായി രാജ്യത്തുയർന്നുവന്ന ജനങ്ങളുടെ

ജനാധിപത്യപരമായിട്ടുള്ള ഐക്യനിരയെ സംബന്ധിച്ചാണ് അദ്ദേഹം പറഞ്ഞ ഒരു കാര്യം. അടിയന്തരാവസ്ഥയെന്ന കാളരാത്രികൾ അവസാനിപ്പിക്കാൻ വേണ്ടിയിട്ടുള്ള പോരാട്ടമായിരുന്നു അത്. അതിനെ അങ്ങനെ കണ്ടാൽ മതി. രണ്ടാമത്തെ കാര്യം അങ്ങ് ചോദിച്ചത്, തന്ത്രിമാരും അങ്ങും പങ്കെടുത്ത രണ്ടു മീറ്റിംഗുകളിൽ ഞാനുമുണ്ടായിരുന്നു. തന്ത്രിമാർ ഈ ആവശ്യം ഉന്നയിച്ചപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്, അത് നമ്മുടെ talking point അല്ല. അതുസംബന്ധിച്ച് തീരുമാനമെടുക്കേണ്ടത് ദേവസ്വം ബോർഡാണ്. അതിനാൽ അക്കാര്യത്തെ സംബന്ധിച്ച് നമുക്ക് ചർച്ച ചെയ്യേണ്ട കാര്യമില്ലായെന്നാണ് പറഞ്ഞത്. തന്ത്രിമാർ താഴെയിറങ്ങി മാധ്യമപ്രവർത്തകരെ കണ്ടപ്പോൾ ദേവസ്വം ബോർഡ് അക്കാര്യത്തിൽ തീരുമാനമെടുക്കണമെന്ന് മുഖ്യമന്ത്രി പറഞ്ഞെന്ന് പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിലായിരിക്കാം ദേവസ്വം ബോർഡ് തീരുമാനമെടുത്തത്. ദേവസ്വം ബോർഡിനെ സംസ്ഥാന ഗവൺമെന്റോ മുഖ്യമന്ത്രിയോ ദേവസ്വം മന്ത്രിയെന്ന നിലയിൽ ഞാനോ ഒരു ഘട്ടത്തിലും അവരുടെ അവകാശങ്ങൾക്കോ അധികാരങ്ങൾക്കോമേൽ ഒരു കടന്നുകയറ്റവും നടത്താൻ ശ്രമിച്ചിട്ടില്ല. മൂന്നാമത് അങ്ങ് ചോദിച്ചത് അന്നദാനത്തിന്റെ കാര്യമാണ്. ദേവസ്വം ബോർഡാണ് സന്നിധാനത്തും പമ്പയിലും നിലയ്ക്കലും അന്നദാനം നടത്തുന്നത്. അതിന് യാതൊരു സംശയവും വേണ്ട. വ്യക്തികളും സ്ഥാപനങ്ങളും സംഘടനകളും അങ്ങനെ പലരുമാണ് അന്നദാനത്തിന് വേണ്ടിയിട്ടുള്ള സംഭാവനകളും സാധനങ്ങളും നൽകുന്നത്. അതിലൊരു സംഘടനയുടെ കാര്യമാണ് ഇവിടെ പറയുന്നത്. ആ സംഘടന കൊടുക്കുന്നതായിട്ടുള്ള അന്നദാനമുണ്ട്. 28 ലക്ഷം രൂപ വിലവരുന്നതായിട്ടുള്ള സാധന സാമഗ്രികൾ ആ സംഘടന കൊടുത്തതായി പറഞ്ഞു. ആ സംഭാവന ദേവസ്വം ബോർഡ് സ്വീകരിച്ചിട്ടുണ്ടെന്നതാണ്. അല്ലാതെ ഒരു സംഘടനയുടെയും നേതൃത്വത്തിൽ .......(ബഹളം)..... ദേവസ്വം ബോർഡിനെ സംബന്ധിച്ചിടത്തോളം അന്നദാനത്തിന് വേണ്ടിയിട്ടുള്ള സംഭാവന നൽകുന്നത് കോൺഗ്രസ്സാണോ ബി.ജെ.പി.-യാണോ ആർ.എസ്.എസ്. ആണോ കമ്മ്യൂണിസ്റ്റാണോ രാഷ്ട്രീയമുള്ളവനാണോ ഇല്ലാത്തവനാണോയെന്ന് നോക്കിയിട്ടല്ല. അന്നദാനത്തിനു വേണ്ടി ഒരു ചാക്ക് അരി ആര് കൊണ്ടുവന്നാലും ദേവസ്വം ബോർഡ് അത് സ്വീകരിക്കും. അത് ശ്രീ. കുമ്മനം രാജശേഖരന്റെ പാർട്ടിക്കാർ കൊണ്ടുവന്നാലും സ്വീകരിക്കും. അതിനാൽ അക്കാര്യത്തിൽ വിഷമം വേണ്ട. അന്നദാനത്തിനുവേണ്ടി അരി കൊണ്ടുവന്നാൽ സ്വീകരിക്കേണ്ടായെന്ന് പറയാൻ നിങ്ങൾക്കെന്താണ് കാര്യം? അവിടെ ആർ.എസ്.എസ്.-കാരെ കയറ്റരുതെന്ന് പറഞ്ഞാണ് നിങ്ങൾ ഈ ബഹളമുണ്ടാക്കുന്നത്.

മി. സ്പീക്കർ: ശബരിമല വിഷയമായതിനാൽ അരമണിക്കൂറിൽ കൂടുതൽ സമയമെടുത്തു. ശബരിമലയിലെ പ്രശ്നം ഒരു വിഷയമാണ്, എന്നാൽ ശബരിമല മാത്രമല്ല ഈ നാട്ടിലെ പ്രശ്നം.

## വൈദ്യുതി നിയമ ഭേദഗതി ബിൽ

2 (*182) ശ്രീ. ഹൈബി ഈഡൻ:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. അനിൽ അക്കര: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ വൈദ്യുതി മേഖല സമ്പൂർണ്ണമായും സ്വകാര്യവത്കരണത്തിലേയ്ക്ക് നീങ്ങുന്നതിന് അവസരം നൽകുന്നതാണ് കേന്ദ്ര സർക്കാർ തയ്യാറാക്കിയ വൈദ്യുതി നിയമ ഭേദഗതി ബിൽ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിയമം പ്രാവർത്തികമാകുന്നതോടുകൂടി ഗാർഹിക ഉപഭോക്താക്കൾക്കുള്ള വൈദ്യുതി നിരക്കിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാകുമോ;

(സി) വൈദ്യുതി മേഖലയിൽ ഈ ഭേദഗതി നിയമംമൂലം ഉണ്ടാകുന്ന മാറ്റങ്ങൾ എന്തൊക്കെയാണ്;

(ഡി) നിയമഭേദഗതി വൈദ്യുതി ബോർഡിനെ എപ്രകാരം ബാധിക്കും; വൈദ്യുതി ബോർഡിന് വീലിങ്ങ് ചാർജ് മാത്രമേ ഈടാക്കുവാൻ കഴിയുവെന്ന നിബന്ധന ബോർഡിനെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് നയിക്കുന്ന സാഹചര്യം ഉണ്ടാകുമോ;

(ഇ) എങ്കിൽ ഇക്കാര്യത്തിൽ സർക്കാരിന്റെ എതിർപ്പ് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേലുള്ള കേന്ദ്ര സർക്കാരിന്റെ പ്രതികരണം എന്താണ്?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ,

(എ) ഉണ്ട്. കേന്ദ്ര സർക്കാർ നിലവിൽ പുറത്തിറക്കിയിട്ടുള്ള വൈദ്യുതി ഭേദഗതി നിയമത്തിന്റെ കരട് നിർദ്ദേശങ്ങൾ രാജ്യത്തിലെ വൈദ്യുതി വിതരണ രംഗത്ത് മുതൽമുടക്കില്ലാതെ സ്വകാര്യ മേഖലയ്ക്ക് കടന്നുവരാൻ ഇടയാക്കുമെന്ന് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്.

(ബി) നിലവിൽ വാണിജ്യ-വ്യാവസായിക ഉപഭോക്താക്കൾ ഉൾപ്പെടെ കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നവരിൽനിന്നു ലഭിക്കുന്ന അധികവരുമാനം (ക്രോസ് സബ്സിഡി) ഗാർഹിക ഉപഭോക്താക്കൾ ഉൾപ്പെടെയുള്ള ചെറുകിട ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകാൻ സഹായിക്കുന്നുണ്ട്. നിർദ്ദിഷ്ട നിയമഭേദഗതി പ്രാവർത്തികമാക്കിയാൽ പ്രസ്തുത ക്രോസ് സബ്സിഡി സമ്പ്രദായം നിർത്തലാക്കേണ്ടി വരുമെന്നതിനാൽ ചെറുകിട ഉപഭോക്താക്കളുടെ വൈദ്യുതി നിരക്കിൽ വർദ്ധന ഉണ്ടാകാനിടയുണ്ട്.

(സി) നിർദ്ദിഷ്ട ഭേദഗതി വൈദ്യുത വിതരണ മേഖലയെ മൂന്നായി വിഭജിക്കുന്നതിനും വിതരണം, സപ്ലൈ മേഖലകളിൽ ഒരേ പ്രദേശത്ത് ഒന്നിലേറെ ലൈസൻസുകൾ നൽകുന്നതിനും അനുമതി നൽകുന്നു. ഇത് ഈ രംഗത്ത് സ്വകാര്യ സംരംഭകർക്ക് അവസരം നൽകുന്നതാണ്. ക്രോസ് സബ്സിഡി സമ്പ്രദായം പൂർണ്ണമായി അവസാനിപ്പിക്കുക, വൈദ്യുതിയുടെ കമ്പോളത്തിന്റെ വളർച്ച ഉറപ്പുവരുത്തുക തുടങ്ങിയ ഭേദഗതികളും ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കാവുന്നതാണ്. ക്രോസ് സബ്സിഡി സമ്പ്രദായം അവസാനിപ്പിക്കുന്നത് സാധാരണ ഉപഭോക്താക്കൾക്ക് വൻതോതിൽ വൈദ്യുതി ചാർജ് വർദ്ധിക്കുന്നതിനും വലിയ ചാർജ് നൽകിവരുന്ന വൻകിട ഉപഭോക്താക്കളുടെ ചാർജ് കുറയുന്നതിനും ഇടയാക്കും. ഇത് ഗുരുതരമായ സാമൂഹ്യ പ്രത്യാഘാതം സൃഷ്ടിക്കുന്നതാണ്. വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗങ്ങളുടെ തെരഞ്ഞെടുപ്പ്, വൈദ്യുതി നിരക്ക് നിർണ്ണയം, സംസ്ഥാനത്തിനുള്ളിലെ വൈദ്യുതി നിലയങ്ങളിൽ നിന്നുള്ള വൈദ്യുതിയുടെ ഉപയോഗം തുടങ്ങിയ കാര്യങ്ങളിലെ അധികാരങ്ങൾ കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാക്കുന്ന നിർദ്ദേശങ്ങളും വൈദ്യുതി നിയമ ഭേദഗതിയിലുണ്ട്. ഇത് ഫെഡറൽ ഭരണ വ്യവസ്ഥയെത്തന്നെ തകർക്കുന്ന സമീപനമാണ്. സംസ്ഥാന സർക്കാരിന്റെ അധികാര അവകാശങ്ങളിലേയ്ക്ക് കേന്ദ്ര സർക്കാരിന് രാജ്യത്തെവിടെയും ആർക്കും ഡീംഡ് ലൈസൻസ് അനുവദിക്കുന്നതിനുള്ള അധികാരവും ഭേദഗതി നിർദ്ദേശത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരം നിർദ്ദേശങ്ങളെല്ലാം ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നതാണ്.

(ഡി) കേന്ദ്ര സർക്കാർ പുറത്തിറക്കിയിട്ടുള്ള വൈദ്യുതി ഭേദഗതി നിയമം പ്രാവർത്തികമാക്കിയാൽ അത് കെ.എസ്.ഇ.ബി. ലിമിറ്റഡ് പോലുള്ള സർക്കാർ സംരംഭങ്ങളെ പ്രതിസന്ധിയിൽ ആക്കാനിടയുണ്ട്. വൻകിട ഉപഭോക്താക്കൾ ഓപ്പൺ ആക്സസ് വഴി പുറത്തുനിന്ന് വൈദ്യുതി കൊണ്ടുവരുമ്പോൾ വീലിംഗ് ചാർജ് മാത്രം ഈടാക്കിയാൽമതി എന്ന വ്യവസ്ഥ ക്രോസ് സബ്സിഡി സർചാർജ് ഇനത്തിൽ വൈദ്യുതി ബോർഡിന് ലഭിക്കുന്ന വരുമാനം ഇല്ലാതാക്കുന്നതും കെ.എസ്.ഇ.ബി. ലിമിറ്റഡിനെ സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് നയിക്കാൻ സാദ്ധ്യതയുള്ളതുമാണ്. വൈദ്യുത വിതരണ മേഖലയെത്തന്നെ വീണ്ടും മൂന്നായി വിഭജിക്കുന്നതിനും തദ്വാരാ സ്വകാര്യ സംരംഭകരുടെ കൈവശമുള്ള വൈദ്യുതിയോടൊപ്പം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ചുമതലയിലുള്ള പദ്ധതികളിൽ നിന്നുമുള്ള വൈദ്യുതിയും ഉൾപ്പെടെ നിലവിലുള്ള വിതരണ സംവിധാനത്തിലൂടെ ഉപഭോക്താക്കൾക്ക് വിൽക്കുകയെന്ന ലാഭസാധ്യത ഏറെയുള്ള സപ്ലൈ വ്യവസായത്തിലേയ്ക്ക് മാത്രമായി സ്വകാര്യ സംരംഭകർ കടന്നുവരുന്നതിനും ഇടയാകാം. ക്രോസ് സബ്സിഡി ഒഴിവാക്കി പകരം സർക്കാർ സബ്സിഡി ബാങ്ക് അക്കൗണ്ടിലൂടെ ഉപഭോക്താവിന് നേരിട്ട്

നൽകുന്നത് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ജനവിഭാഗത്തിന് വൈദ്യുതി അപ്രാപ്യമാക്കാൻ കാരണമാകും. എല്ലാവർക്കും വൈദ്യുതി എന്ന ലക്ഷ്യത്തിനായി കരാർ ചെയ്തിട്ടുള്ള വൈദ്യുതി സമീപ ഭാവിയിൽത്തന്നെ ഉപയോഗിക്കാൻ ആകാത്ത സ്ഥിതിയിലേയ്ക്ക് കെ.എസ്.ഇ.ബി. ലിമിറ്റഡിനെ കൊണ്ടെത്തിക്കും. അങ്ങനെയായാൽ കരാർ പ്രകാരമുള്ള സ്ഥിരവിലയുടെ ബാധ്യത സ്ഥാപനത്തിന് താങ്ങാനാകില്ല. വൈദ്യുതിയുടെ കമ്പോളത്തിന്റെ വളർച്ച ലക്ഷ്യമിട്ടുകൊണ്ടുള്ള നിർദ്ദേശങ്ങൾ ഊഹക്കച്ചവടത്തിന് ഇടയാക്കുമെന്നതും സ്ഥാപനത്തിന്റെ നിലനില്പിനെ ഹനിച്ചേക്കാം.

(ഇ) നിയമഭേദഗതി സംബന്ധിച്ച് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ പവർ വകുപ്പിലെ വിവിധ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, വൈദ്യുതി രംഗത്തെ വിദഗ്ദ്ധർ, വ്യവസായ, വാണിജ്യ ഗാർഹിക ഉപഭോക്താക്കളുടെ പ്രതിനിധികൾ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു സംസ്ഥാനതല ശിൽപ്പശാല സംഘടിപ്പിക്കുകയും ഭേദഗതി നിർദ്ദേശം വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. ഈ പരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങൾ ഉൾപ്പെടുത്തി ഭേദഗതി സംബന്ധിച്ച സംസ്ഥാന സർക്കാരിന്റെ അഭിപ്രായം 5-11-2018-ലെ PWR-A1/227/2018-Power മുഖാന്തരം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ പ്രതികരണം അറിഞ്ഞിട്ടില്ല.

<u>ശ്രീ. ഹൈബി ഈഡൻ:</u> സർ, സംസ്ഥാന ഗവൺമെന്റ് വളരെ ഗൗരവത്തോടുകൂടി കാണേണ്ട ഒന്നാണ് വൈദ്യുതി നിയമ ഭേദഗതി ബിൽ. കാരണം വൈദ്യുതി റഗുലേറ്ററി അതോറിറ്റിയുടെ അധികാരങ്ങൾ കവർന്നെടുക്കാൻ പോകുന്ന വളരെ ഗൗരവമേറിയ ഒരു ബില്ലുതന്നെയാണ് കേന്ദ്ര ഗവൺമെന്റ് ആവിഷ്കരിച്ചുകൊണ്ടിരിക്കുന്നത്. ഇതിനെ സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് കൃത്യമായ നിലപാടുകൾ അറിയിക്കാൻ, കേരളം പോലുള്ള ഒരു സംസ്ഥാനത്ത് സാധാരണക്കാർ ഉപയോഗിക്കുന്ന വൈദ്യുതി, കർഷകർക്ക് ഉപകാരപ്രദമായ വൈദ്യുതി ഇതെല്ലാം ക്രോസ് സബ്സിഡിമൂലമാണ് ഇന്ന് മുന്നോട്ടുകൊണ്ടുപോകുന്നത്. വൻകിട ഗാർഹിക ഉപയോഗത്തിന് കുറഞ്ഞ നിരക്കിൽ വൈദ്യുതി കൊടുക്കാനായി പ്രധാനപ്പെട്ട ഇൻഡസ്ട്രിയൽ ഏരിയയിലെ വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചുനൽകി, ആ ക്രോസ് സബ്സിഡിയിനത്തിലാണ് സാധാരണക്കാർക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി കൊടുക്കാൻ സാധിക്കുന്നത്. കൺകറന്റ് ലിസ്റ്റിലുള്ള വൈദ്യുതിയുടെമേൽ എങ്ങനെയാണ് സംസ്ഥാന ഗവൺമെന്റിന്റെ അധികാരങ്ങൾ കവർന്നെടുക്കുന്ന തരത്തിലേയ്ക്ക് കേന്ദ്ര ഗവൺമെന്റ് ഈ നിയമം കൊണ്ടുവരുന്നത്. കെ.എസ്.ആർ.ടി.സി.-യെ തകർച്ചയിലേയ്ക്ക് കൊണ്ടുപോയതുപോലെ പരിപൂർണ്ണമായി തകർച്ചയിലേയ്ക്ക് കൊണ്ടുപോകാൻ ഉതകുന്ന ഒന്നായി മാത്രമേ ഈ ബില്ലിനെ കാണാൻ സാധിക്കുകയുള്ളൂ. സംസ്ഥാന

ഗവൺമെന്റ് എന്ത് നിലപാടാണ് ഈ വിഷയത്തിന്മേൽ സ്വീകരിക്കാൻ പോകുന്നത്. ഇത് സ്വകാര്യവൽകരണത്തിലേയ്ക്കുള്ള വലിയ ചുവടുവയ്പ്പായിത്തന്നെ കാണേണ്ടിയിരിക്കുന്നു. അത് തീർച്ചയായും എതിർക്കപ്പെടേണ്ടതാണ്. സംസ്ഥാന ഗവൺമെന്റിന്റെ അധികാരം കവർന്നെടുക്കുന്നത് തടയാൻ എന്ത് നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്?

ശ്രീ. എം. എം. മണി: സർ, വൈദ്യുതി രംഗത്തെ സ്വകാര്യവൽക്കരണം 2013-ൽ തുടങ്ങിയതാണ്. അന്നുമുതൽ സംസ്ഥാന ഗവൺമെന്റ് ഇതിനെതിരായ നിലപാട് സ്വീകരിച്ചിട്ടുണ്ട്. ഈ പുതിയ നിയമ ഭേദഗതി വന്നതിനെത്തുടർന്ന് വിദഗ്ദ്ധരുടെ ഒരു സെമിനാർ കൂട്ടുകയും ഇതിന്റെ എല്ലാ വശങ്ങളെപ്പറ്റി ചർച്ച ചെയ്യുകയും കേന്ദ്ര ഗവൺമെന്റിന്റെ ഈ നയം നടപ്പിലാക്കാൻ പാടില്ല, ഈ ബിൽ/നിയമം കൊണ്ടുവരാൻ പാടില്ല എന്ന അഭിപ്രായം അറിയിക്കുകയും ഊർജ്ജ വകുപ്പുമന്ത്രിയെന്ന നിലയിൽ മറ്റ് സംസ്ഥാനങ്ങൾക്ക് ഞാൻ കത്ത് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളും ഫലത്തിൽ ഇതിന് എതിരാണെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. തുടർന്നും ആ എതിർപ്പ് ആവശ്യമെന്നുവന്നാൽ ഇതിനെ ശക്തമായി എതിർക്കാൻ യോജിച്ച പ്രസ്ഥാനത്തിന് നേതൃത്വം കൊടുക്കുന്നതിനും തയ്യാറാകേണ്ടിവരും. അല്ലാതെ ഇതിന് പരിഹാരമില്ല. അതുകൊണ്ട് ഇക്കാര്യത്തിൽ എല്ലാവരുംകൂടി യോജിച്ചുനിന്ന് ഒരു മൂവ്മെന്റ് ഉണ്ടാക്കിയാൽ അതിനോടൊപ്പം നിൽക്കുന്നത് അനിവാര്യമാണെന്നാണ് ഗവൺമെന്റ് കരുതുന്നത്.

ശ്രീ. ഹൈബി ഈഡൻ: സർ, ഇതൊരു ചെറി പിക്കിംഗ് സിറ്റുവേഷൻ എന്ന രീതിയിലാണ്. കാരണം, ഡിസ്ട്രിബ്യൂഷൻ മേഖലയിലാണ് ഏറ്റവും കൂടുതൽ പണമുണ്ടാക്കാനും ലാഭമുണ്ടാക്കാനും കഴിയുന്നത്. ഇത് ഡൽഹി പോലുള്ള മറ്റ് സംസ്ഥാനങ്ങളിൽ ആരംഭിച്ചുകഴിഞ്ഞു. അവിടെ സ്വകാര്യ മേഖലയിൽ ഡിസ്ട്രിബ്യൂഷൻ രംഗത്തുള്ള വ്യക്തികൾക്ക് വളരെ പോപ്പുലേറ്റഡായിട്ടുള്ളതും ലാഭം കിട്ടുന്നതുമായ ഒരു ഏരിയ തെരഞ്ഞെടുത്ത് അവിടെനിന്നുമാത്രം വരുമാനം എടുത്ത് ബാക്കിയുള്ള സ്ഥലങ്ങൾ സംസ്ഥാന ഗവൺമെന്റിന് വിട്ടുകൊടുക്കുന്ന നയമാണ് ഭേദഗതി ബില്ലിൽ നിർദ്ദേശിച്ചിരിക്കുന്നത്. ഇത് വളരെ ഗൗരവത്തോടുകൂടി കാണുകയും പോരായ്മകൾ മനസ്സിലാക്കി, തെറ്റുകുറ്റങ്ങൾ ചൂണ്ടിക്കാണിച്ച് ശക്തമായ നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണം. വൈദ്യുതി ബോർഡിന് 40 കോടി രൂപ ലാഭിക്കാൻ വേണ്ടിയാണ് ഡാമിന്റെ ഷട്ടറുകൾ തുറന്നുവിടാതിരിക്കാനുള്ള വളരെ വിപ്ലവകരമായ ഒരു തീരുമാനം വകുപ്പുമന്ത്രി എടുത്തത്. അതിലൂടെ എത്ര രൂപ ഗവൺമെന്റ് ലാഭിച്ചുവെന്നുകൂടി ഈ സഭയുടെ മുമ്പിൽ വ്യക്തമാക്കാൻ തയ്യാറുണ്ടോ?

ശ്രീ. എം. എം. മണി: സർ, ഒന്ന്, ഇക്കാര്യത്തിൽ കേന്ദ്ര നിയമങ്ങൾക്കെതിരെ നമുക്ക് യോജിച്ച പ്രക്ഷോഭവും യോജിച്ച നടപടികളും ആവശ്യമാണ്. ആ കാര്യത്തിൽ പ്രതിപക്ഷത്തിന്റെ സഹായംകൂടി ഈ അവസരത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്. രണ്ടാമതായി അദ്ദേഹം ചോദിച്ച ചോദ്യത്തിന് കടലും കടലാടിയും പോലുള്ള ബന്ധമാണ്. എങ്കിലും ഞാൻ പറയാം, ഡാം തുറന്നുവിടാതിരുന്ന ഒരു പ്രശ്നവുമില്ല, അദ്ദേഹം സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്. 82 ഡാമുകളും തുറന്നുവിട്ടിട്ടുണ്ട്. വെറുതെ സഭയിൽവന്ന് എന്തെങ്കിലും പറയുന്നത് ശരിയാണോ? കൃത്യമായി മുന്നറിയിപ്പ് കൊടുത്തുതന്നെയാണ് ചെയ്തിരിക്കുന്നത്. അതെല്ലാം ഏറെ ചർച്ചചെയ്തതാണ്. വൈക്കോൽ കൊണ്ട് ചക്ക വെട്ടുന്ന പണി എന്റെയടുത്ത് വേണ്ട.

ശ്രീ. കെ. സി. ജോസഫ്: സർ, ബഹുമാന്യനായ മന്ത്രി നൽകിയ ഉത്തരം വളരെയേറെ ഗൗരവതരമാണ്. ഈ നടപടി സ്വീകരിച്ചാൽ കേരളത്തിലെ വൈദ്യുതി മേഖലയിൽ ദൂരവ്യാപകമായ ഫലങ്ങൾ ഉണ്ടാക്കുമെന്നും സംസ്ഥാന ഗവൺമെന്റിന്റെ അധികാരത്തിൽ കൈകടത്തലുമാണെന്ന് അങ്ങ് പറഞ്ഞു. പക്ഷെ, അങ്ങ് കൈക്കൊണ്ട നടപടി അത്ഭുതകരമാണ്. വൈദ്യുതി മേഖലയെ ഇത്രയും ഗുരുതരമായി ബാധിക്കുന്ന, സംസ്ഥാന ഗവൺമെന്റിന്റെ അധികാരത്തിൽ കൈകടത്തലുണ്ടാകുന്ന പ്രശ്നത്തിൽ ഗവൺമെന്റ് എന്താണ് ചെയ്തത്? ഗവൺമെന്റ് ഒരു സെമിനാർ നടത്തി, ഒരു കത്ത് അയച്ചു. അതീവ ഗുരുതരമായ ഈ പ്രശ്നത്തിൽ അങ്ങ് തന്നെ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ കണ്ട് ആവശ്യപ്പെടുന്നതിനുപകരം ഒരു സെമിനാർ നടത്തി കയ്യുംകെട്ടി ഇരുന്നാൽ പരിഹാരമുണ്ടാകുമോ? ഇത് സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ്. ഈ വിഷയം അങ്ങ് പറഞ്ഞതുപോലെ ഗൗരവതരമാണെങ്കിൽ ദയവായി ഇത് ടേക്ക്-അപ് ചെയ്യണം. ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ കാണുന്നതിനുള്ള നടപടി സ്വീകരിച്ചില്ലെങ്കിൽ നമ്മൾ ഇതിന്റെ കാഷ്വാലിറ്റിയായി മാറുമെന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. എം. എം. മണി: സർ, എന്തായാലും ഈ കാര്യത്തിൽ നമുക്ക് ആലോചിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം. അടുത്ത പാർലമെന്റ് സമ്മേളനത്തിലായിരിക്കും ഈ ബിൽ വരാൻ പോകുന്നത്. ആ കാര്യത്തിൽ ഇനിയും വ്യക്തത ഉണ്ടാകേണ്ടതുണ്ട്. ഫലത്തിൽ എല്ലാ സംസ്ഥാനങ്ങളും ഇതിന് എതിരാണ്. ഈ നിയമം പാസ്സാക്കിയാൽ വിതരണ രംഗത്ത് ഒരു പ്രത്യേക കമ്പനി രൂപീകരിക്കാനും വൻകിട ഊർജ്ജോത്പാദന കമ്പനികളുമായി കരാർ ഉണ്ടാക്കി കച്ചവടം നടത്താനുമുള്ള നടപടിയായിരിക്കും ഉണ്ടാകുന്നത്; ഫലത്തിൽ വൈദ്യുതി ബോർഡിന് ഒരു ബന്ധവുമില്ല, ഒരു വരുമാനമാർഗ്ഗവുമില്ലാത്ത നിലയിൽ ബോർഡിനെ പാപ്പരീകരിക്കാൻ സഹായിക്കുമെന്ന കാര്യത്തിലും നാട്ടിലെ ജനങ്ങൾക്ക് വലിയ സാമ്പത്തികഭാരം അടിച്ചേൽപ്പിക്കുമെന്ന കാര്യത്തിലും യാതൊരു സംശയവുമില്ല. അതുകൊണ്ട് നമുക്ക് യോജിച്ച പ്രക്ഷോഭണത്തെപ്പറ്റി ആലോചിക്കാം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, വൈക്കോൽ എടുത്ത് ചക്കയുടെ പുറത്ത് ഇടുകയല്ല, ചക്ക എടുത്ത് വൈക്കോലിന്റെ പുറത്ത് ഇടാൻ കഴിയാത്തതുകൊണ്ട് ഞാൻ അങ്ങയോട് വേദനിപ്പിക്കുന്ന ചോദ്യം ചോദിക്കുന്നില്ല. നമ്മുടെ കയ്യിലുള്ള പ്രധാനപ്പെട്ട ഒരു വകുപ്പ് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണെന്നതാണ് ഇവിടെ പ്രധാനപ്പെട്ട പ്രശ്നം. കേന്ദ്ര ഗവൺമെന്റ് സാവകാശം, ട്രാൻസ്പോർട്ട് രംഗത്ത് ഒരു പുതിയ ബിൽ കൊണ്ടുവന്നു. അതോടുകൂടി കൺകറന്റ് ലിസ്റ്റിനകത്ത് ഒരു അധിനിവേശം നടക്കുകയാണ്. ഇപ്പോൾ വൈദ്യുതിക്കകത്ത് ഒരു പുതിയ ബിൽ വരികയാണ്. ഈ ബിൽ വരുന്നതോടുകൂടി അവിടെ വേറൊരു അധിനിവേശം നടക്കുകയാണ്. അങ്ങനെ നമ്മുടെ കയ്യിലിരിക്കുന്ന വകുപ്പുകൾ സാവകാശം കൊണ്ടുപോകുകയാണ്. സബ്സിഡി നിർത്തലാക്കിയാൽ സാധുക്കളെയാണ് ബാധിക്കുന്നത്. അതോടൊപ്പം തന്നെ ചാർജ് 5 ഇരട്ടി കൂട്ടുകയാണ്. അതിനെതിരായി ഗവൺമെന്റ് നോൺ-ബി.ജെ.പി. ഗവൺമെന്റുകളെ വിളിച്ചുകൂട്ടുമെന്ന ധാരണയായിരുന്നു എനിക്കുണ്ടായിരുന്നത്. കാരണം, പൊളിറ്റിക്കൽ ഡിസിഷനെടുത്താൽ അതിനപ്പുറത്തേയ്ക്ക് ആ ഗവൺമെന്റുകൾക്ക് പോകാൻ കഴിയാത്തതുകൊണ്ട് അവരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു യോഗം നിഷ്പ്രയോജനമാകുമെന്നുള്ള കാര്യത്തിൽ ഒരു തർക്കവുമില്ല. പക്ഷെ, അങ്ങനെയൊരു നീക്കം സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകാത്തത് വളരെ പ്രതിഷേധാർഹമാണെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. കൂട്ടത്തിൽ അങ്ങേയ്ക്ക് നേരിട്ട് ഉത്തരം പറയാൻ കഴിയുന്ന ഒരു കാര്യമാണ് അനെർട്ടിലെ പ്രശ്നം. അനെർട്ടിൽ ഓരോ വർഷവും ഡെപ്യൂട്ടേഷനിൽ ഓരോരുത്തരെ നിയമിയ്ക്കുകയാണ്. ഇപ്രാവശ്യവും ഡെപ്യൂട്ടേഷനിൽ ഇരിക്കുന്ന ഒരാളുണ്ട്. 4 മാസമായി ആ ഡെപ്യൂട്ടേഷൻ എക്സ്റ്റന്റ് ചെയ്തുകൊടുത്തിട്ടില്ല. ഇങ്ങനെ എക്സ്റ്റന്റ് ചെയ്തുകൊടുക്കാതിരിക്കുന്ന ഒരു കാലഘട്ടത്തിൽ 5 കോടി രൂപയ്ക്കുള്ള ഉത്തരവുകൾ അദ്ദേഹം പുറപ്പെടുവിച്ചുവെന്നാണ് രേഖകൾകൊണ്ട് മനസ്സിലാക്കുന്നത്. അങ്ങ് വൈക്കോലും ചക്കയും തപ്പണ്ട. അങ്ങയുടെ നേരെകീഴിലുള്ള ഈ വകുപ്പിൽ നടന്നുകൊണ്ടിരിക്കുന്ന അനധികൃതമായ ചെലവിനെക്കുറിച്ച് പരിശോധിക്കുമോ?

<u>ശ്രീ. എം. എം. മണി:</u> സർ, അങ്ങ് ഉത്തരവാദിത്വപൂർവ്വം എഴുതിത്തന്നാൽ അതുസംബന്ധിച്ച് അന്വേഷിക്കാം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, ഞാൻ നിയമസഭയിലാണ് ചോദിച്ചത്.

<u>മി. സ്പീക്കർ:</u> ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അങ്ങനെ വാശിപിടിക്കരുത്. കേന്ദ്ര വൈദ്യുതി നിയമ ഭേദഗതിയാണ് ചോദ്യം. അതിന്റെ ഉപചോദ്യമല്ലേ ചോദിക്കേണ്ടത്. നോട്ടീസില്ലാതെ പെട്ടെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് പറയാൻ പറ്റില്ലെന്നാണ് പറഞ്ഞത്.

ശ്രീ. എം. എം. മണി: സർ, എഴുതിത്തന്നാൽ നോക്കാം.

മി. സ്പീക്കർ: സ്പൊണ്ടേനിയസായി എല്ലാവർക്കും ഉത്തരം പറയാൻ സാധിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ നിയമസഭയിലാണ് ചോദിച്ചത്. ഇവിടെ പറയുന്ന കാര്യങ്ങൾ എഴുതിയെടുക്കുന്നതിന് ഉദ്യോഗസ്ഥരുണ്ട്. രേഖാമൂലം ആവശ്യമാണെങ്കിൽ അവരുടെ കയ്യിൽനിന്നും വാങ്ങാവുന്നതാണ്.

ശ്രീ. എം. എം. മണി: സർ, ഈ നിയമം 2013-ൽ നിങ്ങളുടെ കാലത്ത് കൊണ്ടുവന്നതാണ്. അതുകൊണ്ട് നമുക്ക് ഒരുമിച്ച് സമരം ചെയ്യാം. നിങ്ങളും ഞങ്ങളുടെകൂടെ നിൽക്കുമോ? ഒരുപാട് സമയമൊന്നും ആയിട്ടില്ല. അടുത്ത ദിവസമാണ് ഇത് വന്നത്. ഞങ്ങൾ അടിയന്തരമായി ചർച്ച ചെയ്തിട്ടുണ്ട്. നമ്മുടെ അഭിപ്രായം മറ്റ് സംസ്ഥാന ഗവൺമെന്റുകളെ അറിയിച്ചിട്ടുണ്ട്. യോജിച്ച സമരമാകാം. 2013-ൽ ഈ നിയമം കൊണ്ടുവന്നത് നിങ്ങളാണെന്ന കാര്യം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ മനസ്സിലാക്കണം. എന്നെക്കൊണ്ട് ആവശ്യമില്ലാതെ പറയിപ്പിക്കുകയാണ് ചെയ്തത്. ഒന്നിച്ചുനിൽക്കാൻ നിങ്ങൾ തയ്യാറുണ്ടോ; അതല്ലേ ചെയ്യേണ്ടത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നിയമസഭയിൽ ചോദ്യം ചോദിച്ചാൽ അതിന് മറുപടി പറയണം. ആരെയാണ് പേടിപ്പിക്കുന്നത്?

മി. സ്പീക്കർ: കേന്ദ്ര വൈദ്യുതി നിയമ ഭേദഗതിയെക്കുറിച്ചാണ് ചോദ്യമെന്ന് അങ്ങേയ്ക്കറിയാമല്ലോ? അതിന്റെ ഉപചോദ്യമാണ് ചോദിക്കേണ്ടത്. അങ്ങ് അനെർട്ടിലെ നിയമനം പെട്ടെന്ന് ചോദിച്ചാൽ അദ്ദേഹത്തിന് ഉത്തരം പറയാൻ കഴിയുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് പിൻവലിക്കണമെന്ന് പറയണം.

മി. സ്പീക്കർ: ഇല്ല, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങ് ദയവായി സീറ്റിലിരിക്കണം.

ശ്രീ. അനിൽ അക്കര: സർ, കേന്ദ്ര സർക്കാർ ഈ നിയമം സംസ്ഥാനങ്ങളിൽ നടപ്പിലാക്കിയാൽ ഗുരുതരമായ പ്രതിസന്ധിയാണ് വൈദ്യുതി വിതരണരംഗത്തും ഉത്പാദനരംഗത്തും ഉണ്ടാകുകയെന്ന് നമുക്കെല്ലാവർക്കും അറിയാം. സ്വകാര്യ മേഖലയിലും വൈദ്യുതി ഉത്പാദനം നടന്നുവരുന്നുണ്ട്. അത് വാങ്ങിയാണ് നമ്മൾ വിതരണം ചെയ്യുന്നത്. ഇതിലെ പ്രധാനപ്പെട്ട ഒരു വിഷയം, വൈദ്യുതി വിതരണ മേഖല സർക്കാരിന്റേതാക്കി മാറ്റാൻവേണ്ടി പ്രത്യേക നിയമനിർമ്മാണം കൊണ്ടു വരാൻ കഴിയുമോ; അതുമായി ബന്ധപ്പെട്ട ആലോചന സർക്കാർ നടത്തിയിട്ടുണ്ടോ?

ശ്രീ. എം. എം. മണി: സർ, സ്വകാര്യമേഖലയിൽ വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് കേരളത്തിലും അഖിലേന്ത്യാതലത്തിലും അനുകൂലമാണ്. സ്വകാര്യമേഖലയിൽ ഉത്പാദിപ്പിക്കുന്ന വൈദ്യുതി നമ്മൾ വാങ്ങുകയാണ് ചെയ്യുന്നത്. കേരളത്തിലും സ്വകാര്യമായി വൈദ്യുതി ഉത്പാദിപ്പിക്കുന്ന കുറെ പവർ സ്റ്റേഷനുകളുണ്ട്. അവർ വൈദ്യുതി നമുക്ക് നൽകുകയാണ്. നിലവിലുള്ള നിയമം അനുസരിച്ച് സ്വകാര്യ സംരംഭകർക്ക് വൈദ്യുതി ഉത്പാദിപ്പിക്കാൻ നിയമമുണ്ട്. അതിൽ തടസ്സമില്ല. ഇത് ഇന്ത്യയിൽ എല്ലായിടത്തുമുണ്ട്. വിതരണരംഗത്ത് കമ്പനി രൂപീകരിക്കണമെന്നത് കേന്ദ്ര ഗവൺമെന്റിന്റെ നിയമമാണ്. യഥാർത്ഥത്തിൽ ഇപ്പോൾ വിതരണവും ഉത്പാദനവുമെല്ലാം വൈദ്യുതി ബോർഡ് നേരിട്ട് നടത്തുകയാണ്. ഒറ്റ കമ്പനിയായി പോകാനാണ് നമ്മൾ ഇപ്പോഴും ആഗ്രഹിക്കുന്നത്. ഇത് മൂന്ന് ആക്കുന്നതിനെ മുമ്പുമുതൽ നമ്മൾ എതിർത്തിട്ടുണ്ട്. ഇനിയും നമ്മൾ എതിരാണ്. അതുകൊണ്ട് സംശയം വേണ്ട, നമുക്ക് ഒന്നിച്ചുപോകാം. ഒരു സംസ്ഥാനത്തിന് യാതൊരു അവകാശവും ഇല്ലാതാകുകയാണ്.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന വൈദ്യുതി ഭേദഗതി ബില്ലിന്റെ പ്രത്യാഘാതത്തെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചുകഴിഞ്ഞു. കേരളത്തിൽ വൈദ്യുതിയുടെ ഉൽപ്പാദനവും വിതരണവും കെ.എസ്.ഇ.ബി. നേരിട്ടാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. കേരളത്തിലെ വിതരണ മേഖല കൈപ്പിടിയിൽ ഒതുക്കാനാണ് ചില വൻകിട സ്വകാര്യ കമ്പനികൾ രംഗത്ത് വന്നിട്ടുള്ളത്. ആ സാഹചര്യത്തിൽ കേരളത്തിലെ വ്യവസായ മേഖലയടക്കം വലിയ പ്രതിസന്ധി നേരിടാൻ പോകുകയാണ്. വ്യവസായ മേഖലയിലെ വരാൻ പോകുന്ന ചാർജ് വർദ്ധനവുമായി ബന്ധപ്പെട്ട് വ്യവസായികളുടെ ഒരു യോഗം എറണാകുളത്ത് ചേർന്നിരുന്നു. ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി അക്കാര്യത്തിൽ സഹായകരമായ ഒരു നിലപാട് സ്വീകരിച്ചിട്ടുണ്ട്. ചാർജ് വർദ്ധന ഒഴിവാക്കണമെന്ന അവരുടെ ഏതെങ്കിലും തരത്തിലുള്ള നിവേദനം ഇക്കാര്യത്തിൽ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ? ഇതുമായി ബന്ധപ്പെട്ട് ഗവൺമെന്റ് എന്ത് നിലപാടാണ് സ്വീകരിക്കുന്നത്?

ശ്രീ. എം. എം. മണി: സർ, വൈദ്യുതി ചാർജ് കുറയ്ക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ടുള്ള അവരുടെ നിവേദനമൊന്നും കിട്ടിയിട്ടില്ല. അങ്ങനെയൊരു നിവേദനം ലഭ്യമായതിനുശേഷം അതിനെപ്പറ്റി ആലോചിക്കാവുന്നതാണ്. ഏതായാലും ഒരു കാര്യം വളരെ വ്യക്തമാണ്. രാജ്യത്ത് ഊർജ്ജം ഉൽപ്പാദിപ്പിക്കുന്ന വൻകിട/കുത്തക കമ്പനികളുണ്ട്. അവരുണ്ടാക്കുന്ന ഊർജ്ജം നമ്മുടെമേൽ കെട്ടിവച്ചതിനുശേഷം അതിന് പുതിയൊരു നിയമം കൊണ്ടുവരികയെന്നുള്ളതാണ് കേന്ദ്ര ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഒരു സംസ്ഥാനത്തിനും വൈദ്യുതി ഉൽപ്പാദന, വിതരണ രംഗത്ത് യാതൊരു അവകാശവുമില്ലാത്ത അവസ്ഥയാണ് വരാൻ പോകുന്നത്. അതുകൊണ്ട്

സഭയിലെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും മറ്റ് അംഗങ്ങളും പുറപ്പെടുവിച്ച വികാരത്തോട് ഞാനും യോജിക്കുന്നു. ഇക്കാര്യത്തിൽ നമുക്ക് യോജിച്ച് നീങ്ങാവുന്നതാണെന്നാണ് എനിക്ക് പറയാനുള്ളത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, വളരെ ഗൗരവതരമായ ഒരു വിഷയമാണിത്. വൈദ്യുതിവിതരണം മാത്രം റിലയൻസ് പോലുള്ള കമ്പനികളെ ഏൽപ്പിക്കുന്നതിനുള്ള ശ്രമമാണ് നടക്കുന്നത്. സഭ ഏകകണ്ഠമായ ഒരു പ്രമേയം പാസ്സാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു, പ്രതിപക്ഷം അതിനോട് സഹകരിക്കാൻ തയ്യാറാണ്.

മി. സ്പീക്കർ : ഈ വിഷയത്തിൽ ഏകകണ്ഠമായി ഒരു പ്രമേയം കൊണ്ടുവരാൻ തയ്യാറായാൽ അതിന് പ്രതിപക്ഷം സഹകരിക്കാൻ തയ്യാറാണെന്ന് അറിയിച്ചിരിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, വിശദമായി ചർച്ച ചെയ്ത് തീരുമാനമെടുക്കേണ്ട വിഷയമാണത്. കേരളത്തിലെ വൈദ്യുതി രംഗം ഇപ്പോൾ നേരിടുന്നത് കടുത്ത പ്രതിസന്ധിയാണ്. ഉൽപ്പാദനമേഖല വളരെ തകർച്ചയിലാണ്. ഇതര സംസ്ഥാനങ്ങളിൽനിന്നും കേന്ദ്ര പൂളിൽനിന്നും ലഭിക്കുന്ന വൈദ്യുതിയാണ് ഇപ്പോൾ സംസ്ഥാനത്ത് വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്. അതിന് ഇവിടത്തെ ഉൽപ്പാദനച്ചെലവിനേക്കാൾ വലിയ വില കൊടുക്കേണ്ടിവരുന്നു. അങ്ങനെയുള്ള കടുത്ത പ്രതിസന്ധി ഘട്ടത്തിലാണ് പ്രളയമുണ്ടായത്. അപ്പോൾ കെ.എസ്.ഇ.ബി.-യുടെ ഏതാണ്ട് പകുതിയിലധികം പവർ ഹൗസുകളും വെള്ളത്തിലായി. ആ ഘട്ടങ്ങളിൽ വലിയ വില കൊടുത്തിട്ടാണ് വൈദ്യുതി വകുപ്പ് കേരളത്തിൽ പ്രത്യേകിച്ച്, പ്രളയബാധിത മേഖലകളിൽ, രണ്ട് ദിവസത്തിനകം യുദ്ധകാലാടിസ്ഥാനത്തിൽ വൈദ്യുതി നൽകിയത്. ഇങ്ങനെയെല്ലാമുള്ള പ്രതിസന്ധികൾ നേരിടുന്നതുകൊണ്ട് ഈ കാര്യം വിശദമായിത്തന്നെ ചർച്ചചെയ്ത് തീരുമാനത്തിലെത്തുന്നതാണ് നല്ലത്.

മി. സ്പീക്കർ: സഭാനേതാവുമായി ചർച്ചനടത്തി ചെയ്യാമെന്നാണ് പറയുന്നത്.

ശ്രീ. പി. ടി. തോമസ് : സർ, 2018-2022, നാല് വർഷത്തെ സംസ്ഥാനത്തെ വൈദ്യുതി ചാർജ് വർദ്ധനവുമായി ബന്ധപ്പെട്ട് റെഗുലേറ്ററി കമ്മീഷന് ഇലക്ട്രിസിറ്റി ബോർഡ് പെറ്റീഷൻ നൽകിയിരിക്കുന്നു. ആ പെറ്റീഷന്റെ 21-ാം പേജിൽ കേരളത്തിലെ വൈദ്യുതി ചാർജ് വർദ്ധനവിനെപ്പറ്റിയാണ് പറഞ്ഞിരിക്കുന്നത്. ഇതിൽ ഉണ്ടായിരിക്കുന്ന ഒരു കാര്യം, ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ മാത്രം പ്രളയ ദുരിതാശ്വാസത്തിന് പണം നൽകിയാൽ മതിയെന്നാണ് ബഹുമാനപ്പെട്ട

മുഖ്യമന്ത്രി ഉത്തരവ് ഇറക്കിയിരിക്കുന്നത്. എന്നാൽ ലാഭത്തിലല്ലാത്ത ഇലക്ട്രിസിറ്റി ബോർഡ് 35 കോടി രൂപ പ്രളയ ദുരിതാശ്വാസത്തിനായി കൊടുത്തിരിക്കുകയാണ്. കൊടുത്തതിനെ ഞാൻ കുറ്റപ്പെടുത്തുന്നില്ല, ഈ പണം ചാർജ്ജ് വർദ്ധനവിന്റെ ചെലവായി കണക്കാക്കി, റെഗുലേറ്ററി കമ്മീഷന് ഇലക്ട്രിസിറ്റി ബോർഡ് സമർപ്പിച്ചിരിക്കുന്ന പെറ്റീഷന്റെ 21-ാം പേജിൽ ഈ 35 കോടി രൂപ, ദാനം നൽകിയ തുകയ്ക്ക് തുല്യമായ ചാർജ് വർദ്ധനയുൾപ്പെടെ ഉൾപ്പെടുത്തിയിരിക്കുകയാണ്. ആരാന്റെ സ്വത്തെടുത്ത് വിതരണം ചെയ്യുന്ന നടപടി നല്ലതാണോ? ഇങ്ങനെയൊരു നിലപാട് ഇലക്ട്രിസിറ്റി ബോർഡ് തുടരുന്നത് ശരിയാണോ? 35 കോടി രൂപ ബോർഡ് സംഭാവന ചെയ്തത് ഗാർഹിക ഉപഭോക്താക്കളുടെ ചുമലിൽ വയ്ക്കുന്ന നടപടി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? എന്താണ് ഇതുസംബന്ധിച്ചുള്ള മറുപടി?

ശ്രീ. എം. എം. മണി: സർ, ഇപ്പോൾ വൈദ്യുതി ബോർഡ് നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയും പ്രളയവും കാരണം 820 കോടി രൂപയുടെ നഷ്ടം ബോർഡിന് വന്നു എന്നാണ് കണക്കാക്കിയിട്ടുള്ളത്. അതുകൊണ്ടുതന്നെ ചാർജ് വർദ്ധനവ് അനുവദിച്ചുതരുന്നത് നല്ലതാണ്. പക്ഷെ അതിനെപ്പറ്റി തീരുമാനിക്കാൻ നമുക്ക് അവകാശമില്ല, റെഗുലേറ്ററി കമ്മീഷനാണ് ചാർജ്ജ് വർദ്ധിപ്പിക്കുന്നതും അത് എത്ര വർദ്ധിപ്പിക്കണമെന്നതുമെല്ലാം തീരുമാനിക്കുന്നത്. അവരോട് ഒരഭ്യർത്ഥന നടത്തിയിട്ടുണ്ട്, അത് പരിഗണിക്കേണ്ടത് റെഗുലേറ്ററി കമ്മീഷനാണ്. അതു പോലെതന്നെ അദ്ദേഹം പറഞ്ഞതുപോലെ നഷ്ടത്തിൽ പ്രവർത്തിക്കുന്നെങ്കിലും പ്രളയത്തിൽപ്പെട്ട് മരിക്കുകയും വീടുകൾ നഷ്ടപ്പെടുകയും ചെയ്ത നമ്മുടെ സഹോദരങ്ങളെ സഹായിക്കാൻ പണം നൽകേണ്ട ബാധ്യതയുണ്ട്. അതുകൊണ്ട് 35 കോടി രൂപ മാത്രമല്ല, ഒരു മാസത്തെ ശമ്പളം കൊടുക്കാൻ താൽപര്യമുള്ളവർ മാത്രമെ കൊടു ക്കേണ്ടതുള്ളൂ. ഒരു മാസത്തെ ശമ്പളം കൊടുക്കാൻ നിവൃത്തിയില്ലാത്തവർ പറ്റുന്ന തുക കൊടുത്താൽ മതിയെന്ന് തീരുമാനിച്ചിട്ടുണ്ട്. അതെല്ലാംകൂടി ഒരു വലിയ സംഖ്യതന്നെ വരും. അതെല്ലാം കൊടുക്കേണ്ടതുണ്ട്, അങ്ങനെ മനസ്സിലാക്കിയാൽ മതി. ആ ചോദ്യത്തിന്റെ ഉള്ളിൽ നമ്മുടെ നാട്ടിൽ കാര്യങ്ങളൊന്നും നടക്കരുതെന്നുള്ള ധ്വനി കൂടി ഉണ്ടോയെന്ന് എനിക്കൊരു സംശയമുണ്ട്.

ശ്രീ. കെ. ബാബു: സർ, വിദ്യുച്ഛക്തിയെന്ന് എഴുതാനും വായിക്കാനും അറിയില്ലെന്ന് അധിക്ഷേപിച്ച യു.ഡി.എഫ്. അംഗങ്ങൾക്കുള്ള മണിയാശാന്റെ മറുപടിയാണ്, ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ വൈദ്യുതിവൽക്കരിക്കപ്പെട്ട സംസ്ഥാനത്തിനുള്ള അവാർഡ് നേടിക്കൊടുത്തത്. പ്രകൃതിക്ക് യാതൊരു കോട്ടവുമില്ലാത്ത മൂന്ന് മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന, കോടിക്കണക്കിന് രൂപ ചെലവഴിച്ച് സ്ഥലവും കെട്ടിടവും നിർമ്മിച്ച് ഉപേക്ഷിക്കപ്പെട്ട ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട് എന്ന നിലയിൽ കുരിയാർകുറ്റി-കാരപ്പാറ പദ്ധതി ഏറ്റെടുക്കാൻ തയ്യാറാകുമോയെന്നതാണ് എന്റെ ചോദ്യം.

ശ്രീ. എം. എം. മണി : സർ, അതിന്റെ സാധ്യതകളെപ്പറ്റി പരിശോധിക്കാതെ ഒറ്റയടിക്ക് മറുപടി പറയാൻ സാധിക്കില്ല. വിദഗ്ദ്ധന്മാരും ബോർഡുമായി ആലോചിച്ച് മാത്രമെ അതിനെപ്പറ്റി പറയാൻ സാധിക്കൂ. ഇപ്പോഴുള്ള കാര്യമെന്നുപറയുന്നത് ചെറുകിട പദ്ധതികളെല്ലാം പ്രവർത്തിക്കുന്നത് നഷ്ടത്തിലാണ്. കാരണം, ഇത്തവണ പ്രളയമുണ്ടായപ്പോൾ ചെറുകിട പദ്ധതികൾ മുഴുവനും 19 പവർഹൗസുകളും കല്ലുംമണ്ണും കയറി നശിച്ചിട്ടുണ്ട്. അതിൽ 15 എണ്ണം വൈദ്യുതി ബോർഡിന്റെയും 4 എണ്ണം സ്വകാര്യ മേഖലയുടേതുമാണ്. എന്നാലും ചെറുകിട പദ്ധതികളുടെ സാധ്യതയെപ്പറ്റി പരിശോധിക്കാവുന്നതാണ്. വൻകിട പദ്ധതികളെപ്പറ്റി ആലോചിക്കുന്നതാണ് നല്ലത്, അതിന്റെ സാധ്യതകളെപ്പറ്റി പഠിച്ചുകൊണ്ടിരിക്കുകയാണ്. വേണ്ടിവന്നാൽ ഇടുക്കി പദ്ധതിയുടെ രണ്ടാം ഘട്ടത്തെപ്പറ്റി ആലോചിക്കുന്നുണ്ട്. പ്രാഥമികമായ ആലോചന നടന്നുകഴിഞ്ഞു. ബാക്കി കാര്യങ്ങൾ നടക്കുന്നതേയുള്ളൂ.

ശ്രീ. കെ. മുരളീധരൻ : സർ, ഈ നിയമ ഭേദഗതിയെപ്പറ്റി പറയുമ്പോൾ പതിനാറാം ലോക്സഭയുടെ അവസാനത്തെ സമ്മേളനമാണ് അടുത്തയാഴ്ച ചേരാൻ പോകുന്നത്. സ്വാഭാവികമായും ഗവൺമെന്റ് ഈ നിയമ ഭേദഗതി പാർലമെന്റിൽ കൊണ്ടുവരുവാൻ സാധ്യതയുണ്ട്. അതിനുമുമ്പ് നോൺ ബി.ജെ.പി. സ്റ്റേറ്റുകളുമായി ഒരു കോ-ഓർഡിനേഷൻ ഉണ്ടാക്കാൻ ഗവൺമെന്റ് മുൻകയ്യെടുത്താൽ മാത്രമെ ഇതിനെ ഫലപ്രദമായി പ്രതിരോധിക്കാൻ കഴിയൂ. കാരണം രണ്ടാഴ്ച്ചത്തേയ്ക്കാണ് സമ്മേളനം ചേരുന്നത്. ഈ ഗവൺമെന്റിന്റെ അവസാന സമ്മേളനമായതിനാൽ ഉറപ്പായും കേന്ദ്ര ഗവൺമെന്റ് ഈ നിയമഭേദഗതി കൊണ്ടുവരാൻ സാധ്യതയുണ്ട്.

ശ്രീ. എം. എം. മണി: സർ, ഇക്കാര്യം നമുക്ക് ആലോചിക്കാവുന്നതും ആവശ്യമായ ഇടപെടലുകളും കൂട്ടായ പരിശ്രമവും നടത്താവുന്നതുമാണ്. ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ ഹാജരല്ല, ഉണ്ടായിരുന്നുവെങ്കിൽ കൂടുതൽ വ്യക്തതയോടുകൂടി അദ്ദേഹം അഭിപ്രായം പറയുമായിരുന്നു. ഏതായാലും ആലോചിക്കേണ്ട ഗൗരവതരമായ ഒരു പ്രശ്നം തന്നെയാണിത്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കയർവ്യവസായത്തിന്റെ ആധുനികവൽക്കരണം

3(*183) ശ്രീ. കെ. ജെ. മാക്സി :
ശ്രീമതി യു. പ്രതിഭ :
ശ്രീ. കെ. ദാസൻ :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായത്തിന്റെ ആധുനികവൽക്കരണം വഴി ഉല്പന്ന നിർമ്മാണം മത്സരക്ഷമതയുള്ളതാക്കുകയും ആഭ്യന്തര വിദേശ കമ്പോളങ്ങൾ കണ്ടെത്തി വ്യവസായം നിലനിർത്തുകയും ചെയ്യുന്നതോടൊപ്പം പരമ്പരാഗത തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുന്ന ദ്വിമുഖതന്ത്രം പ്രായോഗികമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) സ്വന്തമായ കയർ ബ്രാൻഡ് രൂപീകരിച്ച് പരമ്പരാഗത ഉല്പന്നങ്ങൾക്കും നൂതന ഉല്പന്നങ്ങൾക്കും വിപണി നേടിയെടുക്കാനായി പദ്ധതിയുണ്ടോ; ഉല്പന്ന വൈവിധ്യവൽക്കരണത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ;

(സി) കയർ ഉല്പന്നങ്ങൾക്ക് വിദേശ വിപണി കണ്ടെത്താനായി കയർ കമ്പനി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നറിയിക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) കയർ മേഖലയിൽ യന്ത്രവൽക്കരണം നടപ്പാക്കുമ്പോൾത്തന്നെ പരമ്പരാഗത തൊഴിലാളികളെ സംരക്ഷിക്കുകയും അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുന്നതിന് അവരുടെ തൊഴിലും കൂലിയും സംരക്ഷിക്കുക, അതോടൊപ്പം സമ്പൂർണ്ണ യന്ത്രവത്ക്കരണം നടത്തുക എന്ന ദ്വിമുഖതന്ത്രമാണ് സർക്കാർ ലക്ഷ്യമിടുന്നത്. കേരളത്തിലെ കയർ മേഖലയിൽ രണ്ടാം പുനഃസംഘടന നടന്നുകൊണ്ടിരിക്കുകയാണ്. നിലവിലുള്ള എല്ലാ നിയന്ത്രണങ്ങളും എടുത്തുമാറ്റി കയർ വ്യവസായത്തെ പൂർണ്ണമായും യന്ത്രവത്ക്കരിച്ച് ആധുനികവത്കരിക്കുക എന്നുള്ളതാണ് കയർ രണ്ടാം പുനഃസംഘടനകൊണ്ട് ലക്ഷ്യമിടുന്നത്. ഈ പദ്ധതി നടപ്പാക്കുമ്പോൾ നിലവിലുള്ള തൊഴിലാളികളിൽ ഒരു വിഭാഗത്തിന് യന്ത്രവത്ക്കരണ സംവിധാനങ്ങളിൽ പ്രവൃത്തിയെടുക്കുന്നതിനുള്ള നൈപുണ്യം ആർജ്ജിക്കാൻ സാധ്യതയില്ല. യന്ത്രവൽക്കരണത്തിന്റെ ഭാഗമായി ഇവരെ ഈ തൊഴിൽ മേഖലയിൽനിന്നും മാറ്റി നിർത്തുന്നതിനും കഴിയുന്നതല്ല. അതുകൊണ്ടുതന്നെ ഈ വിഭാഗം തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ കയറും സർക്കാർ അവരുടെ വേതനം ഉറപ്പാക്കിക്കൊണ്ട്

സംഭരിക്കും. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം തൊഴിലാളികളുടെ കൂലിയുടെ ഒരു ഭാഗം സർക്കാർ വഹിക്കുന്നത് പൂർണ്ണമായും ഈ വിഭാഗത്തിനുവേണ്ടി മാത്രമായി മാറ്റിവച്ചുകൊണ്ട് ഉത്തരവ് നൽകിക്കഴിഞ്ഞു. ഇത് ലഭിക്കുന്ന സാഹചര്യമുള്ളതിനാൽ ഈ നടപടി കയർ മേഖലയ്ക്ക് ഗുണകരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. യന്ത്രവൽക്കരണം വഴി ഉൽപ്പാദന വർദ്ധനവ് കൈവരിക്കാനും സാധിക്കും.

(ബി) സ്വന്തമായ കയർ ബ്രാന്റ് രൂപീകരിച്ച് പരമ്പരാഗത ഉൽപ്പന്നങ്ങൾക്കും നൂതന ഉൽപ്പന്നങ്ങൾക്കും വിപണി നേടിയെടുക്കാനായി പദ്ധതിയുണ്ട്. വൈവിദ്ധ്യ വത്ക്കരണത്തിന്റെ ഭാഗമായി കയർ ഭൂവസ്ത്രം, കയർ കോംപോസിറ്റ് ബോർഡ് എന്നിവ നിർമ്മിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു.

(സി) കയർ ഉൽപ്പന്നങ്ങൾക്ക് ആഭ്യന്തര വിപണി ശക്തിപ്പെടുത്തുന്നതിനായി കയർ മാർക്കറ്റിംഗ് കമ്പനി രൂപീകരിക്കുന്നതിന് ഭരണാനുമതി നൽകുകയും രജിസ്ട്രേഷൻ നടപടികൾ പുരോഗമിച്ച് വരികയും ചെയ്യുന്നു. കേരള കയർ മാർക്കറ്റിംഗ് കമ്പനി രൂപീകരിക്കുന്നതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളിൽ പ്രധാനമായത് ഉൽപ്പന്നങ്ങളുടെ ആഭ്യന്തര വിദേശ വിപണികൾ വികസിപ്പിക്കുക എന്നതാണ്. ഈ കമ്പനിക്ക് അതിന്റെ വ്യാപാരം നടത്തുന്നതിനുവേണ്ടി ഏതൊരു ഗവൺമെന്റ്/അധികാര സ്ഥാപനങ്ങൾ/ വ്യക്തികൾ/മറ്റ് കമ്പനികൾ എന്നിവയുമായി കരാറിൽ ഏർപ്പെടു ന്നതിനും വിപുലമായ പരസ്യ പ്രചരണങ്ങൾ നടത്തുന്നതിനും കഴിയും. പങ്കാളിത്ത വ്യവസ്ഥയിൽ വ്യാപാര സ്ഥാപനങ്ങളുമായി ഇടപെടുന്നതിന് പുതിയ കമ്പനിക്ക് കഴിയും. ട്രേഡ് മാർക്കുകൾ, പേറ്റന്റുകൾ എന്നിവ വ്യാപാര ആവശ്യങ്ങൾക്കായി നേടിയെടുക്കാൻ കേരള കയർ മാർക്കറ്റിംഗ് കമ്പനിക്ക് സാധിക്കുകയാകയാൽ സംസ്ഥാനത്ത് കയർ മേഖലയിലുള്ള കമ്പനികളുടെ ഉൽപ്പന്നങ്ങൾക്ക് വിപുലമായ വിദേശ വിപണി കണ്ടെത്തുന്നതിനും സാധിക്കും.

## ഉൽപ്പാദനമേഖലയിലെ ശാക്തീകരണം

4(*184) പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന കമ്പോളാധിപത്യ നയങ്ങളുടെ ഫലമായും പ്രകൃതിക്ഷോഭം കൊണ്ടും പ്രതിസന്ധിയിലായ കർഷകരെയും ചെറുകിട വ്യാപാരികളെയും വ്യവസായികളെയും സർഫെയ്സി (സെക്യൂരിറ്റൈസേഷൻ ഓഫ് ഫിനാൻഷ്യൽ

അസെറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ്)നിയമത്തിന്റെ ബലത്തിൽ ധനകാര്യസ്ഥാപനങ്ങൾ വഴിയാധാരമാക്കാൻ ശ്രമിക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) അഞ്ച് സെന്റിൽ കവിയാതെയുള്ള ഭൂമിയും വീടുമുള്ളവരുടെ കടം സർഫെയ്സി നിയമപരിധിയിൽ നിന്ന് ഒഴിവാക്കണമെന്ന ആവശ്യത്തോട് കേന്ദ്രം അനുകൂലമായി പ്രതികരിച്ചിട്ടുണ്ടോ; വെളിപ്പെടുത്തുമോ;

(സി) കേന്ദ്രസർക്കാർ കർഷകരുടെ വായ്പ എഴുതിത്തള്ളുകയോ ഉല്പന്നങ്ങൾക്ക് ന്യായമായ അടിസ്ഥാന വില ഉറപ്പാക്കുകയോ ചെയ്യാത്തതിനാൽ കർഷകരും മറ്റ് ചെറുകിടക്കാരും നേരിടുന്ന പ്രതിസന്ധി കണക്കിലെടുത്ത് സംസ്ഥാനത്തെ ഉല്പാദന മേഖലയെയും ചെറുകിട വാണിജ്യ വ്യവസായ മേഖലയെയും ശാക്തീകരിക്കുന്നതിന് 13-ാം പഞ്ചവത്സര പദ്ധതിയിൽ ആസൂത്രണം ചെയ്തിട്ടുള്ള വികസനതന്ത്രം വിശദമാക്കാമോ;

(ഡി) വിദ്യാഭ്യാസ വായ്പ എഴുതിത്തള്ളുന്ന പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) സർഫാസി നിയമം നടപ്പിലാക്കുന്നതുമൂലമുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. എന്നാൽ 2018 ആഗസ്റ്റ് മാസത്തിൽ പ്രകൃതി ക്ഷോഭ ദുരന്തത്തിനി രയായ ചെറുകിട ബിസിനസ്സുകാർക്ക് അവരുടെ ഉപജീവനമാർഗ്ഗം വീണ്ടെടുക്കുന്ന തിനായി റിസർജന്റ് കേരള ലോൺ സ്കീം (RKLS)-ന്റെ കീഴിൽ 10 ലക്ഷം രൂപവരെയുള്ള വായ്പ നൽകിക്കൊണ്ട് ചെറുകിട വാണിജ്യ മേഖലാ വായ്പ പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയുണ്ടായിട്ടുണ്ട്. കൂടാതെ ദുരന്തത്തിനിരയായ ചെറുകിട കച്ചവടക്കാരുടെ വായ്പകൾക്ക് മൊറട്ടോ റിയവും പുന:ക്രമീകരണത്തിലൂടെ അധിക തിരിച്ചടവ് കാലയളവും അധിക വായ്പയും ലഭ്യമാക്കുന്ന ഒരു പദ്ധതി സംസ്ഥാനതല ബാങ്കിംഗ് സമിതിയുടെ സഹകരണത്തോടുകൂടി ബാങ്കുകൾ വഴി നടപ്പിലാക്കിത്തുടങ്ങിയിട്ടുണ്ട്.

(ബി) 5 സെന്റിൽ കവിയാതെയുള്ള ഭൂമിയും വീടും സെക്യൂരിറ്റിയായി നൽകുമ്പോൾ ഉണ്ടാകുന്ന ബാദ്ധ്യതയ്ക്ക് 2002-ലെ സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ടിന്റെ വ്യവസ്ഥകൾ ബാധകമാകുന്നതല്ലായെന്ന് വ്യവസ്ഥ ചെയ്യുന്നതിനായി പ്രസ്തുത ആക്ടിന്റെ 31-ാം വകുപ്പ് ഭേദതി ചെയ്യുന്നതിന് 2017 ആഗസ്റ്റ് 21-ന് കേരള നിയമസഭ പാസ്സാക്കിയ പ്രമേയ പ്രകാരം കേന്ദ്ര സർക്കാരിനോട് സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽനിന്ന് അനുകൂല നിലപാട് ഇതുവരെ ലഭിച്ചിട്ടില്ല.

(സി) ഉൽപ്പാദനമേഖലയുടെയും ചെറുകിട വാണിജ്യ വ്യവസായ മേഖലയുടെയും ശാക്തീകരണത്തിന് പതിമൂന്നാം പഞ്ചവൽസര പദ്ധതിയിൽ അനേക പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. അവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ഡി) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള elrskerala.gov.in പോർട്ടലിൽ ഓൺലൈനായി സമർപ്പിക്കപ്പെട്ടിട്ടുള്ള അപേക്ഷകളിൽ 2018 നവംബർ 19-ാം തീയതി വരെ സർക്കാരിൽ ലഭിച്ചതും പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം യോഗ്യമാണെന്ന് ബാങ്കുകൾ ശിപാർശ ചെയ്തതുമായ 15303 അപേക്ഷകളിൽ സർക്കാർ വിഹിതമായ 148.25 കോടി രൂപ ബാങ്കുകളുടെ നോഡൽ അക്കൗണ്ടുകളിലേയ്ക്ക് കൈമാറിയിട്ടുണ്ട്. മറ്റ് അപേക്ഷകളിൽ നടപടി പുരോഗമിക്കുകയാണ്.

**നവകേരള നിർമ്മിതിയിൽ സഹകരണ മേഖലയുടെ പങ്ക്**

5(*185) ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര നവകേരള നിർമ്മിതിക്കായുള്ള സർക്കാരിന്റെ യജ്ഞത്തിൽ ഭാഗഭാക്കായി സഹകരണ മേഖല നടത്തിവരുന്ന ഭവന നിർമ്മാണ പദ്ധതി വിശദമാക്കാമോ ;

(ബി) പ്രളയബാധിതരെ സഹായിക്കാനായി പലിശരഹിത വായ്പ പദ്ധതിയിൽ സഹകരണ പ്രസ്ഥാനത്തിന്റെ പങ്കാളിത്തം വിശദമാക്കാമോ;

(സി) ഹ്രസ്വകാല കാർഷിക വായ്പകൾ ഈടില്ലാതെ നൽകി ഗ്രാമ സമ്പദ്‌വ്യവസ്ഥയെ താങ്ങിനിർത്തുന്ന പ്രവർത്തനത്തോടൊപ്പം കർഷകർക്കും ഉപഭോക്താക്കൾക്കും ഒരുപോലെ പ്രയോജനം ലഭിക്കാനായി കർഷകരിൽനിന്നും നെല്ല് സംഭരിച്ച് മായം കലർത്താതെ അരിയാക്കി പൊതുവിതരണ സംവിധാനം വഴി വിതരണം ചെയ്യുന്ന പദ്ധതിയെക്കുറിച്ച് അറിയിക്കാമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) സഹകരണ മേഖലയെ ദുർബലപ്പെടുത്താൻ ചില ശക്തികൾ നടത്തുന്ന ശ്രമത്തിന്റെ തുടർച്ചയായി കാർഷിക സഹകരണ സംഘങ്ങളുടെ മേൽ പോലും നിയമവിരുദ്ധമായി ആദായ നികുതി വകുപ്പ് കടന്നുകയറുന്നത് തടയാൻ ഏത് വിധത്തിൽ ഇടപെടാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കാമോ?

സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) പ്രളയാനന്തര നവകേരള നിർമ്മിതിക്കായുള്ള സർക്കാർ യജ്ഞത്തിന്റെ ഭാഗഭാക്കായി സഹകരണ മേഖല നടപ്പിലാക്കുന്ന പദ്ധതിയാണ് CARe Home പദ്ധതി. ദുരന്തത്തിൽ പൂർണ്ണമായും വീട് നഷ്ടപ്പെട്ട 2000 കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചു നൽകുന്നതിനാണ് പദ്ധതിയുടെ ആദ്യഘട്ടത്തിൽ വിഭാവനം ചെയ്യുന്നത്. 80 കോടി രൂപയിലധികമാണ് വകുപ്പ് ഒന്നാം ഘട്ട പദ്ധതിക്കായി ചെലവഴിക്കുന്നത്. സംസ്ഥാന ദുരിതാശ്വാസ നിധിയിൽ നിന്ന് ലഭിക്കുന്ന തുക ഉൾപ്പെടെ 5 ലക്ഷം രൂപയാണ് ഒരു വീടിനായി ചെലവഴിക്കുന്നത്. ജില്ലയിലെ റവന്യൂ അധികാരികൾ നൽകുന്ന പട്ടിക അനുസരിച്ചാണ് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്. വീടുകൾ നിർമ്മിച്ച് നൽകുന്നതിനുള്ള ചുമതല സ്ഥലത്തെ സാമ്പത്തിക ഭദ്രതയുള്ള സഹകരണ സംഘങ്ങളെയാണ് ഏൽപ്പിക്കുന്നത്. അതത് പ്രദേശത്തെ സാഹചര്യം, ഭൂമിയുടെ ഘടന, ഭൂമി ലഭ്യത, ഗുണഭോക്താവിന്റെ താൽപര്യം, സാമ്പത്തിക സ്ഥിതി എന്നിവയ്ക്ക് അനുസരിച്ച് തയ്യാറാക്കുന്ന വീടിന്റെ പ്ലാനും എസ്റ്റിമേറ്റും അനുസരിച്ചാണ് നിർമ്മാണം ഏറ്റെടുക്കുക. ആയതിലേക്ക് എഞ്ചിനീയറിംഗ് വിദഗ്ധർ, എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികൾ എന്നിവരുടെ സേവനം ലഭ്യമാക്കുന്നതാണ്. വീടിന്റെ വിസ്തൃതി 500 ചതുരശ്ര അടിയിൽ കുറയാൻ പാടില്ലായെന്നും നിർമ്മാണം ആരംഭിച്ച് മൂന്ന് മാസത്തിനകം നിർമ്മാണം പൂർത്തീകരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) കേരളം നേരിട്ട പ്രകൃതി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ജനങ്ങൾക്ക് ആശ്വാസമേകാൻ സഹകരണ വകുപ്പ് പ്രഖ്യാപിച്ച പദ്ധതിയാണ് CARe Kerala Project. ഇതിൽ ദുരിതബാധിതർക്ക് ലളിതമായ വ്യവസ്ഥയിൽ വായ്പ നൽകുന്നതിനുള്ള CARe Loan പദ്ധതിയും വിഭാവനം ചെയ്തിട്ടുണ്ട്. പ്രളയബാധിത പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഗൃഹോപകരണങ്ങൾ വാങ്ങുന്നതിനും വീടുകൾക്കുണ്ടായ ചെറിയ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനും നഷ്ടമായ ജീവനോപാധികൾ നേടുന്നതിനുമായി റിസർജന്റ് കേരള ലോൺ സ്കീം (RKLS) എന്നൊരു പദ്ധതി സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിരുന്നു. പ്രളയബാധിത പ്രദേശങ്ങളിലെ കുടുംബനാഥയ്ക്ക് ഒരു ലക്ഷം രൂപ വരെ പലിശ രഹിത ബാങ്ക് വായ്പ ലഭ്യമാക്കുന്നതിന് കുടുബശ്രീ ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് നൽകിയിരുന്നു. കുടുംബശ്രീയിൽ 2.77 ലക്ഷം

അയൽക്കൂട്ടങ്ങൾ ഉള്ളതിൽ ഏകദേശം 1.1 ലക്ഷം അയൽക്കൂട്ടങ്ങളുടെ ബാങ്ക് അക്കൗണ്ട് സഹകരണ ബാങ്കിൽ ആയതിനാൽ റീസർജന്റ് കേരള ലോൺ സ്കീം (RKLS) സഹകരണ ബാങ്കുകളുടെ പങ്കാളിത്തത്തോടെ നടപ്പാക്കാൻ കുടുംബശ്രീ മിഷൻ തീരുമാനിച്ചിരുന്ന സാഹചര്യത്തിൽ സഹകരണ സംഘങ്ങൾ മുഖേന നടപ്പാക്കുന്നതിന് വിശദമായ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. അയൽക്കൂട്ടങ്ങൾക്ക് അക്കൗണ്ടുള്ള സഹകരണ സ്ഥാപനങ്ങൾ മുഖേനയാണ് റിസർജന്റ് കേരള ലോൺ സ്കീം നടപ്പാക്കുന്നത്. സി.ഡി.എസ്. ശിപാർശയോടെ സഹകരണ ബാങ്കുകളെ സമീപിക്കുമ്പോൾ അതേ ബാങ്കിൽ അക്കൗണ്ടുള്ള അയൽക്കൂട്ടങ്ങൾക്ക് വായ്പ നൽകേണ്ടതാണ്. പദ്ധതി പ്രകാരം ഒരു വ്യക്തിക്ക് പരമാവധി ഒരു ലക്ഷം രൂപയാണ് വായ്പ നൽകുക. നിലവിൽ വായ്പയുള്ളവർക്ക് നിലവിലെ വായ്പാ ബാക്കി നിൽപ്പ് കഴിച്ചുള്ള തുകയ്ക്കാണ് അർഹത. വായ്പ കാലയളവ് 36 മാസം മുതൽ 48 മാസം വരെയാണ്. അതിൽ തിരിച്ചടവിന് 9 മാസത്തെ മോറട്ടോറിയം ഉണ്ട്. 10-ാം മാസം മുതൽ തുല്യ മാസ ഗഡുക്കളായി വായ്പ തിരിച്ചടയ്ക്കേണ്ടതാണ്.

വ്യക്തികൾക്ക് പലിശരഹിതമായാണ് വായ്പ നൽകുന്നതെങ്കിലും ബാങ്കുകൾക്ക് ലഭിക്കേണ്ട 9% നിരക്കിലുള്ള പലിശ കുടുംബശ്രീ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ലഭ്യമാക്കി ബന്ധപ്പെട്ട ബാങ്കുകൾക്ക് നൽകുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. റിസർജന്റ് കേരള ലോൺ സ്കീം (RKLS) പദ്ധതി പ്രകാരം സഹകരണ ബാങ്കുകളിലൂടെ നാളിതുവരെ സംസ്ഥാനത്ത് 3340 അപേക്ഷകളിലൂടെ 19886 പേർക്ക് 15184.07 ലക്ഷം രൂപ വായ്പ നൽകിയിട്ടുണ്ട്.

(സി) കർഷകർക്കും ഉപഭോക്താക്കൾക്കും ഒരുപോലെ പ്രയോജനം ലഭിക്കാനായി കർഷകരിൽനിന്ന് നെല്ല് സംഭരിച്ച് മായം കലർത്താതെ അരിയാക്കി പൊതു വിതരണ സംവിധാനം വഴി വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ വിഭാവനം ചെയ്ത് വരികയാണ്. നെല്ല് സംഭരണം, സംസ്കരണം, വിപണനം എന്നിവ ലക്ഷ്യമാക്കി പാലക്കാട് ജില്ലാ ആസ്ഥാനമായി ഒരു സഹകരണ സംഘം രജിസ്റ്റർ ചെയ്യുന്നതിന്റെ പ്രാരംഭ നടപടികൾ പൂർത്തിയായിട്ടുണ്ട്. ടി സംഘത്തിന്റെ കീഴിൽ ഒരു ആധുനിക റൈസ് മില്ലും സംഭരണ ഗോഡൗണുകളും ആദ്യഘട്ടത്തിൽ നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറായിവരുന്നു.

(ഡി) ആദായ നികുതി നിയമത്തിലെ വകുപ്പ് 80 (പി)-യിൽ 1-4-2007 മുതൽ പ്രാബല്യത്തോടെ ഭേദഗതി വരുത്തിയതുമൂലം സഹകരണ മേഖലയിൽ പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ, പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നിവ ഒഴികെയുള്ള സഹകരണ സംഘങ്ങൾക്ക് അന്നുവരെ ലഭ്യമായിക്കൊണ്ടിരുന്ന ആദായ നികുതി ഇളവ് നിർത്തലാക്കുകയുണ്ടായി. എന്നാൽ പ്രാഥമിക കാർഷിക സംഘങ്ങളായി പ്രവർത്തിക്കുന്നുവെങ്കിലും സംഘങ്ങളുടെ അറ്റാദായത്തിന്റെ

ഭൂരിഭാഗവും കാർഷികേതര പ്രവർത്തനങ്ങളിൽ നിന്നും നേടുന്നതാണെന്ന വാദം ഉന്നയിച്ച് ആദായ നികുതി വകുപ്പ് സംഘങ്ങൾക്കെതിരായി നടപടികൾ സ്വീകരിക്കുന്നുണ്ട്. സഹകരണ മേഖല സമൂഹത്തിലെ സകലമേഖലയേയും ബാധിക്കുന്ന ഒന്നായതിനാൽ മുഴുവൻ സംഘങ്ങൾക്കും ആദായനികുതി ഇളവ് ലഭ്യമാക്കാൻ കഴിയുംവിധം ആദായ നികുതി നിയമത്തിലെ 80(പി)-യിലെ ഭേദഗതി ആവശ്യപ്പെട്ട് കേന്ദ്ര സർക്കാരിനെ സമീപിച്ചിട്ടുണ്ട്.

## വൈദ്യുതിമേഖലയുടെ സമഗ്ര വികസനം

6(*186) ശ്രീ. പി. ടി. എ. റഹീം :
ശ്രീ. കെ. ആൻസലൻ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതിമേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി പ്രഖ്യാപിച്ച ഊർജ്ജ കേരളം പദ്ധതി പ്രാവർത്തികമാക്കുന്നതിനായി ചെയ്തിട്ടുള്ള കാര്യങ്ങൾ അറിയിക്കാമോ; പദ്ധതിയുടെ മതിപ്പ് ചെലവ് എത്രയെന്നും എന്നത്തേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നതെന്നും അറിയിക്കാമോ;

(ബി) പാരിസ്ഥിതിക പ്രാധാന്യം കണക്കിലെടുത്ത് പുനരുപയോഗ ഊർജ്ജ സ്രോതസ്സുകൾ വിപുലീകരിക്കുന്നതിനായി നടത്തുന്ന പ്രവർത്തനം അറിയിക്കാമോ; ഇത്തരം സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതിയുടെ ഉല്പാദന ചെലവ് ഉപഭോക്താക്കൾക്ക് താങ്ങാവുന്ന നിലയിലേക്ക് കുറയ്ക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ;

(സി) പുനരുൽപ്പാദക ഊർജ്ജ സ്രോതസ്സുകളുടെ ന്യൂനതയായ ഉല്പാദനത്തിലെയും ഉല്പാദന സാധ്യതയിലെയും അസ്ഥിരത പ്രശ്നമാകാതിരിക്കാനായി അവലംബിക്കാനുദ്ദേശിക്കുന്ന മാർഗ്ഗം അറിയിക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) കേരളത്തിലെ വൈദ്യുതി മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് 2018-21 കാലയളവിൽ നടപ്പിലാക്കാനായി 'ദ്യുതി 2021', സൗര, ഫിലമെന്റ് രഹിത കേരളം, ട്രാൻസ് ഗ്രിഡ് 2.0, ഇ-സേഫ് എന്നീ പ്രധാനപ്പെട്ട 5 പദ്ധതികൾ കോർത്തിണക്കി ഊർജ്ജ കേരള മിഷൻ സംസ്ഥാനത്ത് അവതരിപ്പിച്ചിട്ടുണ്ട്. 2018 ജൂൺ 14-ന് ഇതിന്റെ ഔദ്യോഗിക പ്രഖ്യാപനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തുകയുണ്ടായി.

'ദ്യുതി 2021'

2021-ഓടുകൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ സർക്കിൾ തലത്തിൽ 25 പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) രൂപീകരിച്ച് പ്രവർത്തനം നടന്നുവരുന്നു. ഇതിന്റെ ആദ്യപടിയായി വിതരണ ശൃംഖലയുടെ GIS അധിഷ്ഠിത രേഖാചിത്രം കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരുടെ സഹകരണത്തോടെ തയ്യാറാക്കുകയും തുടർന്ന് 2018 മുതൽ 2021 വരെയുള്ള കാലയളവിൽ വിതരണ മേഖലയിൽ നടപ്പിലാക്കേണ്ട പ്രവൃത്തികൾ കണ്ടെത്തി അവയുടെ ഡി.പി.ആർ. തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയിൽ വിതരണ മേഖലയിൽ 4035.57 കോടി രൂപയുടെ 7626 പ്രവൃത്തികളാണ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) മുഖേന വിഭാവനം ചെയ്തിട്ടുള്ളത്. പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി തിരുവനന്തപുരം വൈദ്യുതി ഭവനിൽ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ഒരു സെൻട്രൽ പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റും പ്രവർത്തിച്ചുവരുന്നു.

സൗര

വൈദ്യുതി മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കേരള സർക്കാർ പ്രഖ്യാപിച്ച ഊർജ്ജ കേരള മിഷൻ പദ്ധതിയിൽ സോളാർ വൈദ്യുതി ഉൽപ്പാദനശേഷി 1000 മെഗാവാട്ടിലേയ്ക്ക് എത്തിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് 'സൗര'. കേരള സംസ്ഥാന വൈദ്യുതി ബോർഡും അനെർട്ടും സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സംയുക്ത സംരംഭം രൂപീകരിക്കുന്നതിന്റെ പ്രാഥമിക ജോലികൾ നടന്നുവരുന്നു. 2021 മാർച്ച് മാസത്തോടെ പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. പദ്ധതിയുടെ മതിപ്പ് ചെലവ് കൃത്യമായി കണക്കാക്കിയിട്ടില്ല.

ട്രാൻസ് ഗ്രിഡ്-2.0-

വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിന്റെ ഭാഗമായി പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി 10,000 കോടി രൂപയുടെ ട്രാൻസ് ഗ്രിഡ് പദ്ധതി കെ.എസ്.ഇ.ബി.എൽ. വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നു. ഈ പദ്ധതി രണ്ട് ഘട്ടങ്ങളിലായാണ് നടപ്പിലാക്കുന്നത്. 4745.77 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒന്നാംഘട്ട പദ്ധതി 2021-ഓടെയും 1629.60 കോടി രൂപയുടെ രണ്ടാംഘട്ട പദ്ധതി 2024-ഓടെയും പൂർത്തീകരിക്കാനാണ്

ലക്ഷ്യമിട്ടിട്ടുള്ളത്. ഇത് നടപ്പിലാക്കുന്നതിനായി കേരള സർക്കാർ സംരംഭമായ കിഫ്ബി വഴി ഫണ്ട് സ്വരൂപിക്കാൻ ഉത്തരവാകുകയും കിഫ്ബിയിൽനിന്നും 5200 കോടി രൂപയ്ക്ക് തത്വത്തിൽ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ രണ്ട് പദ്ധതികളുടെ ഫണ്ടിംഗ് കേന്ദ്ര ഏജൻസിയായ പി.എസ്.ഡി.എഫ്. വഴി 400 കോടി രൂപ ഗ്രാന്റായി അനുവദിച്ചുകിട്ടിയിട്ടുണ്ട്. ഒന്നാം ഘട്ട പദ്ധതിയിൽ 5 സബ്സ്റ്റേഷൻ പാക്കേജുകളും 9 ലൈൻ പാക്കേജുകളുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ ഒരു പദ്ധതി പൂർത്തിയായി. 2 സബ്സ്റ്റേഷൻ പാക്കേജുകളുടെയും 3 ലൈൻ പാക്കേജുകളുടെയും പണി പുരോഗമിച്ചുവരുന്നു. 5 ലൈൻ പാക്കേജുകളുടെ ടെണ്ടർ നടപടി പൂർത്തിയായി വരുന്നു. 3 സബ്സ്റ്റേഷൻ പാക്കേജുകളുടെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

<u>ഇ-സേഫ്</u>

വൈദ്യുത സുരക്ഷ ബോധവൽക്കരണവും പ്രസരണ വിതരണ ലൈനുകളിലും ഗാർഹിക മേഖലയിലും ഉണ്ടാകുന്ന അപകടം കുറയ്ക്കുവാനും ഉദ്ദേശിച്ച് ആരംഭിച്ച പദ്ധതിയാണ് ഇ-സേഫ്. ഇതിന്റെ ഭാഗമായി വൈദ്യുത പ്രതിഷ്ഠാപനങ്ങളിലെ ജോലികൾ സുരക്ഷിതമായി നടപ്പിലാക്കുന്നതിനു വേണ്ട മാർഗ്ഗനിർദ്ദേശങ്ങളും നിരവധി സുരക്ഷാ പരിശീലന പരിപാടികളും ടി മേഖലയിൽ പ്രവർത്തിക്കുന്നവർക്കായി സംഘടിപ്പിച്ചു. കുടുംബശ്രീ യൂണിറ്റുകൾ, അയൽക്കൂട്ടങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവ മുഖേന സുരക്ഷാ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചു വരുന്നു. പ്രസാർഭാരതിയുടെ ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴി ബഹുമാനപ്പെട്ട വൈദ്യുത വകുപ്പുമന്ത്രിയുടെ നിർദ്ദേശവും മറ്റ് സുരക്ഷാ സന്ദേശങ്ങളും ജനങ്ങളിലേയ്ക്ക് എത്തിച്ചു. ആയതിലേയ്ക്ക് 17 ലക്ഷം രൂപ ചെലവഴിച്ചു. പാലക്കാട് ജില്ലയിലെ അഗളി, പുത്തൂർ, ഷോളയൂർ എന്നീ പഞ്ചായത്തുകളിൽ നടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട ബി.പി.എൽ. എസ്.സി./എസ്.ടി. വിഭാഗങ്ങളുടെ വീടുകളിൽ ഇ.എൽ.സി.ബി. ഉൾപ്പെടുത്തി 860 വീടുകളുടെ പുനർ വൈദ്യുതീകരണം നടത്തിവരുന്നു. കൂടാതെ ഊർജ്ജ കേരള മിഷൻ പദ്ധതിയിൽ സംസ്ഥാനത്തെ എല്ലാ ബി.പി.എൽ. എസ്.സി./എസ്.ടി. വിഭാഗങ്ങളിലുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് വൈദ്യുതി സുരക്ഷ ഉറപ്പാക്കാൻ മീറ്റർ ബോക്സ്, ഐസലേറ്റർ, ഇ.എൽ.സി.ബി., എർത്ത് ഇലക്ട്രോഡ് എന്നിവ സ്ഥാപിച്ച് പ്രതിഷ്ഠാപനം അപകടരഹിതമാക്കുന്നതിനുള്ള ഒരു വിപുലമായ പദ്ധതി തയ്യാറാക്കി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. സമ്പൂർണ്ണ വൈദ്യുത സുരക്ഷ പദ്ധതി 'സേവ് ലൈഫ്' പ്രകാരം തിരുവനന്തപുരം ജില്ലയിലെ ഒരു

പഞ്ചായത്തിൽ സമ്പൂർണ്ണ വൈദ്യുത സുരക്ഷ നടപ്പിലാക്കാൻ വേണ്ട നടപടികൾ പുരോഗമിക്കുന്നു. ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കുന്നതിന് വ്യവസായ മേഖലയിലെ ഉപഭോക്താക്കളിൽ പവർ ക്വാളിറ്റി ആഡിറ്റിംഗ് നടത്തിവരുന്നു. സുരക്ഷാ സന്ദേശങ്ങൾ കാര്യക്ഷമമായ നിലയിൽ ഗാർഹിക മേഖലയിലെ ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിനായി നിത്യോപയോഗ വസ്തുക്കളുടെ മുകളിലും കെ.എസ്.ആർ.ടി.സി. ബസുകളിലും ഈ സന്ദേശങ്ങൾ പതിപ്പിക്കുവാൻവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ടി ഘടക പദ്ധതിയുടെ മതിപ്പ് ചെലവ് ഈ സാമ്പത്തിക വർഷം 75 ലക്ഷമാണ്. പദ്ധതി പൂർത്തീകരണം 2023-ലാണ് ലക്ഷ്യമിടുന്നത്.

<u>ഫിലമെന്റ് രഹിത കേരളം</u>

സാധാരണ ബൾബുകൾക്കും ഫ്ലൂറസെന്റ് വിളക്കുകൾക്കുംപകരം കാര്യക്ഷമതയും ഗുണമേന്മയുമുള്ള എൽ.ഇ.ഡി. ബൾബുകളും റ്റ്യൂബുകളും മിതമായ നിരക്കിൽ ഗാർഹിക ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിടുന്നത്. എനർജി മാനേജ്മെന്റ് സെന്ററും, കെ.എസ്.ഇ.ബി.-യും സംയുക്തമായാണ് ഫിലമെന്റ് രഹിത കേരളം പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ ആദ്യഘട്ടമായി 5 കോടി എൽ.ഇ.ഡി. ബൾബുകളും രണ്ടാം ഘട്ടത്തിൽ 2.5 കോടി എൽ.ഇ.ഡി. ബൾബുകളും ഗാർഹിക ഉപഭോക്താക്കൾക്ക് നൽകുന്നതിനുള്ള പദ്ധതികൾക്കുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതിനുമുന്നോടിയായി ഇന്ത്യയിലെ പ്രമുഖ എൽ.ഇ.ഡി. ഉൽപ്പാദകരുടെ ഒരു മീറ്റിംഗ് നടത്തുകയുണ്ടായി. ഈ പദ്ധതിക്ക് ഏകദേശം 300 കോടി രൂപ വരുമെങ്കിലും പദ്ധതിയിൽ പങ്കെടുക്കുന്ന സ്ഥാപനത്തിന് അവരുടെ മുതൽ മുടക്ക് ഒരു വർഷംകൊണ്ട് കൊടുത്തു തീർക്കാവുന്ന രീതിയിലാണ് പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. ഓരോ ഉപഭോക്താക്കൾക്കും നൽകുന്ന എൽ.ഇ.ഡി. ബൾബുകളുടെ വില ഒരു വർഷം നീണ്ടുനിൽക്കുന്ന തുല്യ തവണകളായി കെ.എസ്.ഇ.ബി. നൽകുന്ന ബിൽ വഴി വാങ്ങുവാനും ബൾബിന്റെ തുക തുല്യ ഗഡുക്കളായി അത് നൽകിയ കമ്പനിക്ക് തിരികെ നൽകാനുമാണ് ഉദ്ദേശിക്കുന്നത്.

രണ്ടാംഘട്ടമായി എൽ.ഇ.ഡി. ട്യൂബ് ലൈറ്റ് വിതരണം ചെയ്യുവാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ തുക രണ്ട് വർഷംകൊണ്ട് കെ.എസ്.ഇ.ബി.-യുടെ ബിൽ വഴി സ്വീകരിച്ച് പദ്ധതി നടത്തിപ്പുകാർക്ക് തിരികെ നൽകുവാനാണ് ഉദ്ദേശിക്കുന്നത്. എൽ.ഇ.ഡി. ട്യൂബ് ലൈറ്റ് പദ്ധതിക്ക് ഏകദേശം 660 കോടി രൂപയാണ് ആവശ്യമായി വരുന്നത്. ഈ രണ്ട് പദ്ധതികളും ജനപങ്കാളിത്തത്തോടുകൂടി

നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. എനർജി മാനേജ്മെന്റ് സെന്ററിനോ, കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനോ സർക്കാരിനോ സാമ്പത്തിക ബാദ്ധ്യത വരാത്ത രീതിയിലാണ് പദ്ധതി ആസൂത്രണം ചെയ്യുന്നത്. തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ എൽ.ഇ.ഡി. തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി ഇ.എം.സി. ഇന്ത്യയിൽ നടപ്പിലാക്കിയ വിവിധ പദ്ധതികൾ വിശകലനം ചെയ്തിട്ടുണ്ട്. Energy Service Company-കൾ മുതൽമുടക്കി 10 വർഷം വരെ തെരുവ് വിളക്ക് പരിപാലനം ചെയ്ത് നടപ്പിലാക്കുന്ന പദ്ധതിക്കാണ് പ്രാധാന്യം നൽകുന്നത്. ഇപ്പോൾ ചെലവാകുന്ന വൈദ്യുതി ചാർജ്ജിന്റെ ഒരു ഭാഗം തുക ഇത് നടപ്പിലാക്കുന്ന തദ്ദേശഭരണ സ്ഥാപനത്തിന് തിരികെ ലഭിക്കും. കൊല്ലം കോർപ്പറേഷനിൽ ഇത്തരമൊരു പദ്ധതി നടപ്പിലാക്കാനുള്ള ശ്രമത്തിലാണ്. ഇത് വിജയിച്ചാൽ മറ്റ് നഗരസഭകളിലും മുനിസിപ്പാലിറ്റികളിലും ഈ പദ്ധതി നടപ്പിലാക്കുവാൻ കഴിയും.

കേരളത്തിലെ പഞ്ചായത്തുകൾക്ക് ആവശ്യമായ തെരുവ് വിളക്കുകൾ നൽകുന്നതിന് എല്ലാ പഞ്ചായത്തുകളും ചേർന്ന് ഒരു ടെണ്ടർ ക്ഷണിച്ചാൽ കുറഞ്ഞ വിലയ്ക്ക് എൽ.ഇ.ഡി. തെരുവ് വിളക്കുകൾ ലഭ്യമാക്കുവാൻ സാധിക്കും. ഈ പദ്ധതി 2019-20-ൽ തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്. ഇവ കൂടാതെ ഉപയോഗമില്ലാത്ത സി.എഫ്.എൽ, ഫ്ലൂറസെന്റ് ട്യൂബ്, സാധാരണ ബൾബ് എന്നിവ തിരികെ വാങ്ങി സുരക്ഷിതമായി നശിപ്പിക്കുന്നതിനുള്ള പദ്ധതിയും ഇതിന്റെ ഭാഗമാണ്. ഈ പദ്ധതികൾ നടപ്പിലാക്കുക വഴി 500MW വൈദ്യുതി ലാഭവും 600kg മെർക്കുറി ഭൂമിയിലേക്ക് പോകുന്നതു വർഷത്തിൽ 2.5 മില്യൻ ടൺ കാർബൺഡൈ ഓക്സൈഡ് അന്തരീക്ഷത്തിലേക്ക് വമിക്കുന്നതും കുറയ്ക്കുവാനും സാധിക്കും.

(ബി) ആഗോളതാപം ലഘൂകരിക്കുന്നതിനായി ലോകമെമ്പാടും ജൈവ ഇന്ധനത്തിന്റെ ഉപയോഗം കുറച്ചും, ഊർജ്ജസുരക്ഷ ഉറപ്പാക്കിയും പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുത ഉൽപ്പാദനം വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയുമാണ്. പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽനിന്നും വൈദ്യുതി ഉൽപ്പാദനം കേരള സർക്കാരിന്റെ നയത്തിന്റെ ഭാഗവുമാണ്. ആയതിനാൽ വരുന്ന മൂന്ന് വർഷക്കാലത്തിനുള്ളിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നേതൃത്വത്തിൽ 1000 മെഗാവാട്ട് വൈദ്യുതി സൗരപദ്ധതികളിൽ നിന്നും ഉത്പാദിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ 500 മെഗാവാട്ട് പുരപ്പുറ സൗരോർജ്ജ പദ്ധതികളിൽ നിന്നും 2021-ഓടെ ഉൽപ്പാദിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതുകൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള കെട്ടിടങ്ങളുടെ മുകളിലും തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിച്ച് സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതിയുടെ ഉൽപ്പാദന ചെലവ് ഉപഭോക്താക്കൾക്ക് താങ്ങാവുന്ന നിലയിലേക്ക് എത്തിക്കാനായി 'സൗര' പദ്ധതിയിൽ സാധിക്കുന്നതാണ്. ഇതിലേക്കായി ഉപഭോക്താക്കൾക്ക് തെരഞ്ഞെടുക്കാനായി വിവിധ സാമ്പത്തിക മാതൃകകൾ പദ്ധതിയിൽ ആവിഷ്കരിച്ചിട്ടുണ്ട്. 47MW ശേഷി വരുന്ന 20 ജലവൈദ്യുത പദ്ധതികൾ സർക്കാർ അടുത്തകാലത്ത് അനുവദിച്ച് നൽകിയിട്ടുണ്ട്. ചെറുകിട ജലവൈദ്യുത ഉൽപ്പാദന മേഖലയിൽ ഒട്ടുംതന്നെ പാരിസ്ഥിതിക ആഘാതം ഇല്ലാതെ പ്രവർത്തിക്കുവാൻ കഴിയുന്ന നവീന സാങ്കേതിക വിദ്യകളായ വോർട്ടെക്സ് ഫ്ലോ ടർബയിൻ സാങ്കേതിക വിദ്യ, ഹൈഡ്രോ കൈനറ്റിക് സാങ്കേതിക വിദ്യ എന്നിവയിൽ പഠന പരീക്ഷണ പ്രവർത്തനങ്ങൾ എനർജി മാനേജ്മെന്റ് സെന്റർ നടത്തിവരുന്നു. നിലവിൽ തിരുവനന്തപുരം ജില്ലയിലെ കാട്ടുവെട്ടിയിലും പത്തനംതിട്ട ജില്ലയിലെ കക്കാട് ജലവൈദ്യുത നിലയത്തിന്റെ ടെയിൽ റേസിലുമാണ് ഇത്തരത്തിൽ പദ്ധതികൾ സ്ഥാപിക്കുന്നത്. ഇത്തരം പദ്ധതികൾക്ക് കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ സബ്സിഡി ലഭ്യമാക്കാനുള്ള സാദ്ധ്യത നിലനിൽക്കുന്നതിനാൽ ചെലവ് കുറയ്ക്കാമെന്ന് കരുതുന്നു.

വൈദ്യുത ഗ്രിഡ് ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ പരിസരത്തെ ചെറിയ വെള്ളച്ചാട്ടങ്ങൾ, ചെറിയ തടയണകൾ എന്നിവ ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിച്ച് അവിടെയുള്ള കർഷകർക്കോ വീടുകളിലേയ്ക്കോ വൈദ്യുതി ലഭ്യമാക്കാവുന്ന 1KW മുതൽ 5KW വരെ ശേഷിയുള്ള പീക്കോ പദ്ധതികൾക്കും ഇ.എം.സി. പ്രോത്സാഹനം നൽകിവരുന്നു. കേന്ദ്ര/സംസ്ഥാന സർക്കാരിന്റെ ധനസഹായം ലഭ്യമാകുന്ന പക്ഷം ഉപഭോക്താവിന് താങ്ങാവുന്ന നിലയിൽ ഈ പദ്ധതി നടപ്പിലാക്കുവാൻ സാധിക്കും. പാരിസ്ഥിതിക പ്രാധാന്യം കണക്കിലെടുത്ത് പുനരുപയോഗ ഊർജ്ജ സ്രോതസ്സുകൾവിപുലീകരിക്കുന്നതിനായി അനെർട്ട് താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പിലാക്കി വരുന്നു :

1. ബാറ്ററി സംവിധാനത്തോടുകൂടെയുള്ളതും ഗ്രിഡ് ബന്ധിതവുമായ സോളാർ നിലയങ്ങൾ
2. ബയോഗ്യാസ് പ്ലാന്റുകൾ
3. സോളാർ വാട്ടർ ഹീറ്ററുകൾ.

മത്സരാധിഷ്ഠിത ടെണ്ടറിൽ കൂടുതൽ കമ്പനികളെ പങ്കെടുപ്പിച്ചുകൊണ്ട് വില കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കേരളത്തിലെ വൈദ്യുത ശൃംഖലയുടെ സുഗമമായ പ്രവർത്തനത്തിന് തടസ്സം വരാത്ത രീതിയിലാണ് പുനരുൽപ്പാദക ഊർജ്ജസ്രോതസ്സുകൾ വൈദ്യുത ശൃംഖലയുമായി ബന്ധിപ്പിക്കുന്നത്. വൈദ്യുത ശൃംഖലയുമായി പുനരുൽപ്പാദക ഊർജ്ജ സ്രോതസ്സുകളെ ബന്ധിപ്പിക്കുന്നതിനായി കേരള ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ പുറത്തിറക്കിയിരിക്കുന്ന റെഗുലേഷനെ അടിസ്ഥാനമാക്കി മാത്രമാണ് പുനരുപയോഗ ഊർജ്ജസ്രോതസ്സുകൾ സ്ഥാപിച്ചുവരുന്നത്. കേരള ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ റെഗുലേഷൻ ഫോർ ഗ്രിഡ് ടൈഡ് സോളാർ അവലംബമാക്കിയാണ് ഗ്രിഡ് ബന്ധിത സോളാർ കണക്ഷനുകൾ നൽകുന്നത് എന്നതിനാൽ ഉൽപ്പാദനത്തിലെയും ഉൽപ്പാദന സാധ്യതയിലേയും അസ്ഥിരത വൈദ്യുതി ശൃംഖലയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുകയില്ല. പുനരുൽപ്പാദക ഊർജ്ജ സ്രോതസ്സുകളുടെ അസ്ഥിരത പ്രശ്നമാകാതിരിക്കാൻ നിലവിൽ ഇത്തരം പദ്ധതികളിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന അവസരങ്ങളിൽ ശേഷി കൂടുതലുള്ള ഡാമുകളിലെ വൈദ്യുതി ഉൽപ്പാദനം കുറച്ചുകൊണ്ട് പ്രശ്നം പരിഹരിക്കാവുന്നതാണ്. ഇന്ന് പല രാജ്യങ്ങളിലും പമ്പ്ഡ് സ്റ്റോറേജ് സാങ്കതികവിദ്യയും ഉപയോഗപ്പെടുത്തുന്നുണ്ട്. അതുപോലെത്തന്നെ വലിയ ഡാമുകളുള്ള പദ്ധതികൾ പീക്ക് അവർ (peak hour)-ൽ മാത്രം പ്രവർത്തിപ്പിക്കുന്ന രീതിയിൽ ശേഷി ഉയർത്തുവാനും സാധിക്കും. ഒന്നിനുതാഴെ ഒന്നായിട്ടുള്ള (cascaded) പദ്ധതികളും ഫലപ്രദമായി നടപ്പിലാക്കുവാൻ സാധിക്കും. തുടർച്ചയായ വൈദ്യുതി വിതരണം ഹൈബ്രിഡ് മൈക്രോ ഗ്രിഡ് എന്ന ചെറു ഗ്രിഡിൽ നിന്ന് അത്യാവശ്യമായ സ്ഥലങ്ങളിലേയ്ക്കു മാത്രം നൽകാൻ കഴിയും. ഇത് കാറ്റാടി നിലയങ്ങൾ, സൗരോർജ്ജ നിലയങ്ങൾ, ബാറ്ററി, ഡീസൽ ജനറേറ്റർ എന്നിവയും വൈദ്യുത ഗ്രിഡും (ആവശ്യമെങ്കിൽ) ബന്ധപ്പെടുത്തിക്കൊണ്ടാണ് നടപ്പാക്കുന്നത്. വൈദ്യുത സംഭരണ സംവിധാനമായ ബാറ്ററിയുടെ സാങ്കേതിക വിദ്യ ഏറെ മെച്ചപ്പെട്ടിട്ടുണ്ട്.

**കേരള പുനർനിർമ്മാണത്തിന് ധനവിഭവ സമാഹരണം**

7(*187) ശ്രീ. വി. ടി. ബൽറാം :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പുനർനിർമ്മാണത്തിന് ഏതെല്ലാം ധനകാര്യ സ്രോതസുകളിൽ നിന്നാണ് ധനവിഭവ സമാഹരണത്തിന് ശ്രമിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) വായ്പ പരിധി ഉയർത്താതെ കേരളത്തിന്റെ പുനർനിർമ്മാണത്തിന്റെ തുക കണ്ടെത്താൻ സാധ്യമാകുമോ;

(സി) വായ്പ പരിധി ഉയർത്തുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ഡി) ലോക ബാങ്ക് അടക്കമുള്ള സ്ഥാപനങ്ങളിൽ നിന്നും വായ്പകൾ സ്വീകരിക്കുന്നതിൽ വായ്പാ പരിധി തടസ്സമാകില്ലേ; വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) പ്രളയക്കെടുതി മുഖാന്തരം സംസ്ഥാനത്തിനുണ്ടായ ആഘാതത്തെ അതിജീവിക്കുന്നതിനായും നവകരള സൃഷ്ടിക്കായും വിഭാവനം ചെയ്തുവരുന്ന ബൃഹത്തായ പദ്ധതികൾക്കായുള്ള വിഭവ സമാഹരണത്തിനായി സംസ്ഥാന ത്തിന്റെ കടമെടുപ്പ് പരിധി 2018-19-ൽ ജി.എസ്.ഡി.പി.-യുടെ 3 ശതമാനത്തിൽ നിന്നും 4.5 ശതമാനമായും 2019-20-ൽ 3.5 ശതമാനമായും ഉയർത്തണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനാവശ്യമായ വായ്പ സമാഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ ലോകബാങ്ക്, എ.ഡി.ബി. പ്രതിനിധി കളുമായി ചർച്ച നടത്തിവരികയാണ്. നിലവിൽ ലോകബാങ്ക് സഹായ പദ്ധതികളായ KSTP, NCRMP എന്നീ പദ്ധതികളിലായി ചെലവഴിക്കാൻ കഴിയാതെ വരുന്ന 400 കോടിയോളം രൂപ പ്രളയാനന്തര പുനർനിർമ്മാണ പ്രവൃത്തികൾക്കായി ഉപയോ ഗപ്പെടുത്തുന്നതിന് അനുവദിക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യത്തിന്മേൽ തുടർനടപടികൾ കൈക്കൊള്ളുവാൻ കേന്ദ്ര സർക്കാർ ലോകബാങ്കിനോട് ശിപാർശ ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചരക്ക്സേവനങ്ങൾക്ക് മേൽചുമത്തുന്ന ജി.എസ്.ടി.-ക്കുമേൽ 10% സെസ് ഏർപ്പെടുത്തുവാൻ അനുവദിക്കണമെന്നും കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ RIDF, NIDA, HUDCO എന്നിവിട ങ്ങളിൽനിന്ന് വായ്പ ലഭ്യമാക്കുന്നതിനും LSGI വികസന ഫണ്ടിൽ നിന്നുള്ള തുകയും പദ്ധതി പുനക്രമീകരിക്കുന്നതിലൂടെ ലഭിക്കുന്ന തുകയും പുനർനിർമ്മാണത്തിനായി വിനിയോഗിക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നു.

(ബി-ഡി) ആർ.ഡി.എൻ.എ. റിപ്പോർട്ട് പ്രകാരവും പി.ഡി.എൻ.എ. റിപ്പോർട്ട് പ്രകാരവും സംസ്ഥാനത്തിനുണ്ടായ നഷ്ടം യഥാക്രമം 25050 കോടി രൂപയും 26996 കോടി രൂപയുമാണ്. കേരളത്തിന്റെ പുനർനിർമ്മാണത്തിനായി കേന്ദ്ര സർക്കാർ/വിദേശ സഹായ ഏൻസികളിൽനിന്ന് പ്രതീക്ഷിക്കുന്ന വായ്പകളും RIDF, NIDA, HUDCO എന്നിവിടങ്ങളിൽനിന്ന് ലഭിക്കുന്ന വായ്പയും LSGI വികസന ഫണ്ടിൽ നിന്നുള്ള തുകയും പദ്ധതി പുനക്രമീകരിക്കുന്നതിലൂടെ ലഭിക്കുന്ന

തുകയും വിനിയോഗിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. നവകേരള സൃഷ്ടിക്കായുള്ള ധനവിഭവ സമാഹരണത്തിന്റെ ഏറിയ പങ്കും ലോക ബാങ്ക് അടക്കമുള്ള വിദേശ സഹായ ഏജൻസികളിൽ നിന്നുമാണ് സമാഹരിക്കുവാൻ ഉദ്ദേശിക്കുന്നത്. എന്നാൽ സംസ്ഥാനത്തിന്റെ വായ്പാ പരിധി ജി.എസ്.ഡി.പി.-യുടെ 3 ശതമാന ത്തിൽനിന്നും ഉയർത്താതെ നടപ്പുവർഷത്തിലെ വായ്പാ പരിധിയായ 22353 കോടി രൂപയ്ക്ക് പുറമേയുള്ള വായ്പ സ്വീകരിക്കാൻ കഴിയുന്നതല്ല. മേൽ സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 2018-19-ൽ ജി.എസ്.ഡി.പി.-യുടെ 3 ശതമാനത്തിൽനിന്നും 4.5 ശതമാനമായും 2019-20-ൽ 3.5 ശതമാനമായും ഉയർത്തണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. നിലവിലെ ലോകബാങ്ക് സഹായ പദ്ധതികളായ KSTP, NCRMP എന്നീ പദ്ധതികളിലായി ചെലവഴിക്കാൻ കഴിയാതെ വരുന്ന 400 കോടിയോളം രൂപ പ്രളയാനന്തര പുനർനിർമ്മാണ പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്തുന്നതിന് അനുവദിക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യത്തിന്മേൽ ആവശ്യമായ തുടർനടപടികൾ കൈക്കൊള്ളുവാൻ ലോക ബാങ്കിനോട് കേന്ദ്രസർക്കാർ ശിപാർശ ചെയ്തിട്ടുണ്ട്.

## ഉത്തരവാദിത്ത ടൂറിസം

8(*188) ശ്രീ. ബി. സത്യൻ :

ശ്രീ. എം. രാജഗോപാലൻ :

ശ്രീമതി യു. പ്രതിഭ :

ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രദേശവാസികൾക്ക് തൊഴിലും കൂടുതൽ വരുമാനവും ലഭ്യമാക്കുന്ന തരത്തിൽ വിഭാവന ചെയ്തിട്ടുള്ള ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ പ്രവർത്ത നങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഉത്തരവാദിത്ത ടൂറിസം തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കുകൂടി വ്യാപിപ്പിക്കുന്നതിന് 'ഗോഡ്സ് ഓൺ കൺട്രി, പീപ്പിൾ ഓൺ ടൂറിസം' എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പരമ്പരാഗത തൊഴിലുകളായ കള്ളുചെത്ത്, നെയ്ത്ത്, മൺപാത്ര നിർമ്മാണം തുടങ്ങിയവയെ ഉത്തരവാദിത്ത ടൂറിസത്തിൽ ഉൾപ്പെടുത്തി സംരക്ഷി ക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഉത്തരവാദിത്ത ടൂറിസം സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കുന്നതിന് ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) പ്രദേശവാസികൾക്ക് തൊഴിലും കൂടുതൽ വരുമാനവും ലഭ്യമാക്കുന്ന തരത്തിൽ വിഭാവനം ചെയ്തിട്ടുള്ള ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ ടൂറിസം സെക്രട്ടറിയുടെ നേതൃത്വത്തിലും ടൂറിസം ഡയറക്ടറുടെ നേതൃത്വത്തിലും നടക്കുന്ന അവലോകനങ്ങൾക്ക് പുറമെ ടൂറിസം വകുപ്പുമന്ത്രിയുടെ നേതൃത്വത്തിലും മിഷന്റെ പ്രവർത്തനം അവലോകനം ചെയ്തുവരുന്നു.

(ബി) ഉത്തരവാദിത്ത ടൂറിസം പദ്ധതി വിപുലീകരിക്കുന്നതിന്റെ ഭാഗമായി 2015-16 കാലയളവിൽ 25 ലക്ഷം രൂപ വകയിരുത്തി 'ഗോഡ്സ് ഓൺ കൺട്രി പീപ്പിൾസ് ഓൺ ടൂറിസം' എന്ന പേരിൽ ഒരു പദ്ധതി നടപ്പാക്കിയിരുന്നു. ഈ പദ്ധതി നടപ്പാക്കുന്നതിന് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസിനെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ ഇപ്പോൾ ഈ പേരിൽ ഒരു പദ്ധതി ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പാക്കുന്നില്ല. എന്നാൽ ഉത്തരവാദിത്ത ടൂറിസം മിഷൻ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുക എന്ന ലക്ഷ്യംകൂടി ഉൾപ്പെടുത്തിക്കൊണ്ട് രൂപീകരിക്കപ്പെട്ടതിനാൽ ഈ സാമ്പത്തിക വർഷം നടപ്പാക്കുന്ന വിവിധ പദ്ധതികൾ ഈ ആശയത്തിൽ (ബാനർ) ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

(സി) പരമ്പരാഗത തൊഴിലുകളായ കള്ളുചെത്ത്, നെയ്ത്ത്, മൺപാത്ര നിർമ്മാണം തുടങ്ങിയവയെ ഉത്തരവാദിത്ത ടൂറിസത്തിൽ ഉൾപ്പെടുത്തി സംരക്ഷിക്കുന്നതിന് അവയെ ഗ്രാമീണ ടൂർ പാക്കേജുകളിൽ ഉൾപ്പെടുത്തി ടൂറിസ്റ്റുകൾക്ക് അനുഭവവേദ്യ മാക്കുന്ന പ്രവർത്തനം ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തിവരുന്നു. സാധാരണ ടൂർ പാക്കേജുകളിൽ നിന്നും തികച്ചും വ്യത്യസ്തമായ ടൂർ പാക്കേജുകളാണ് ആർ.ടി. മിഷൻ നടത്തുന്നത്. കേരളത്തിലെ മനോഹരമായ ഗ്രാമങ്ങളാണ് കേരളത്തിന്റെ ഏറ്റവും വലിയ ടൂറിസം ആകർഷണം. പൂർണ്ണമായും കേരളത്തിലെ ഗ്രാമീണ ജീവിതം വിനോദ സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്ന ടൂർ പാക്കേജുകളാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പാക്കുന്നത്. കുമരകത്തും തേക്കടിയിലും വയനാട്ടിലും നേരത്തെ ആരംഭിച്ച ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായ വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകൾ ഇന്ന് കേരളത്തിലുടനീളം വ്യാപിപ്പിച്ചിരിക്കുകയാണ്. അനുഭവവേദ്യമാകുന്ന

ടൂർ പാക്കേജുകൾ (Experiential tour packages) എന്ന പുതിയ ടൂറിസം ഉൽപ്പന്നം കേരളത്തിൽ നടപ്പിലാക്കുന്നതിന് ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന നടപടികൾ സ്വീകരിച്ചുവരുന്നു. കേരളത്തിൽ വിവിധ സ്ഥലങ്ങളിലായി ഉത്തരവാദിത്ത ടൂറിസം മിഷന്റെ വിവിധങ്ങളായ 40 എക്സ്പീരിയൻഷ്യൽ ടൂർ പാക്കേജുകൾ ഇപ്പോൾ ലഭ്യമാണ്.

| | | |
|---|---|---|
| വില്ലേജ് ലൈഫ് എക്സ്പീരിയൻഷ്യൽ ടൂർ പാക്കേജുകൾ | - | 20 |
| കൾച്ചറൽ എക്സ്പീരിയൻസ് പാക്കേജുകൾ | - | 8 |
| സ്റ്റോറി ടെല്ലിംഗ് പാക്കേജുകൾ | - | 2 |
| സൈക്കിൾ ടൂറുകൾ | - | 2 |
| ഗ്രാമയാത്രകൾ | - | 3 |
| ഉത്സവകാല ടൂർ പാക്കേജുകൾ | - | 5 |

(ഡി) പ്രദേശവാസികൾക്ക് വരുമാനദായകമായ തൊഴിലും വികസനവും ഉറപ്പു വരുത്തുന്ന തരത്തിൽ വിനോദസഞ്ചാര വികസനം സാധ്യമാക്കുന്ന പദ്ധതിയാണ് ഉത്തരവാദിത്ത ടൂറിസം. സംസ്ഥാന സർക്കാരിന്റെ ടൂറിസം നയമായി ഉത്തരവാദിത്ത ടൂറിസത്തെ പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ സ്ഥിരവും സ്ഥായിയുമായ നിർവ്വഹണത്തിനായി ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ചിട്ടുണ്ട്. ചുരുക്കം ചില കേന്ദ്രങ്ങളിൽ മാത്രമായി നടന്നുവന്നിരുന്ന ഉത്തരവാദിത്ത ടൂറിസം പദ്ധതി സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കുക എന്നതാണ് ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രധാന ലക്ഷ്യം. ഇതുവഴി ടൂറിസത്തിന്റെ ഗുണഫലങ്ങൾ പരമാവധി തദ്ദേശ വാസികൾക്ക് ലഭ്യമാക്കാനും ദോഷഫലങ്ങൾ പരമാവധി കുറയ്ക്കാനും ലക്ഷ്യമിടുന്നു. മാനവ വിഭവശേഷി വികസിപ്പിക്കുന്നതിനായി കുറഞ്ഞത് 50,000 പേർക്ക് തൊഴിൽ പരിശീലനം നൽകാനും മിഷന് ചുമതലയുണ്ട്. ടൂറിസം കേന്ദ്രങ്ങളെ മാലിന്യ വിമുക്ത കേന്ദ്രങ്ങളാക്കാനും സ്കൂൾതലം മുതൽ ഉത്തരവാദിത്ത പൂർണ്ണമായ ടൂറിസം സംസ്കാരം വളർത്തിക്കൊണ്ട് വരുന്നതിനായി ടൂറിസം ക്ലബ്ബുകൾ ആരംഭിക്കുവാനും ഉത്തരവാദിത്ത ടൂറിസം മിഷൻ ലക്ഷ്യമിടുന്നു. എല്ലാ ടൂറിസം അക്കോമഡേഷൻ യൂണിറ്റുകൾക്കും ഉത്തരവാദിത്ത ടൂറിസം ക്ലാസിഫിക്കേഷൻ നടപ്പാക്കുക, ഭിന്നശേഷി സൗഹൃദ ടൂറിസം കേന്ദ്രമായി കേരളത്തെ മാറ്റുക, ഹോംസ്റ്റേ, ഫാം സ്റ്റേ എന്നിവ പ്രോത്സാഹിപ്പിക്കുക, പ്രാദേശിക ഉൽപ്പന്നങ്ങൾ ടൂറിസം മേഖലയിൽ വിപണനം ചെയ്യാൻ സൗകര്യം ഒരുക്കുക, ടൂറിസ്റ്റുകൾക്ക് മെച്ചപ്പെട്ട യാത്രാനുഭവങ്ങൾ സമ്മാനിക്കാൻ കഴിയും വിധം നൂതനമായ ടൂർ പാക്കേജുകൾ തയ്യാറാക്കി വിപണനം നടത്തുക, ഗ്രാമീണ ടൂറിസം പ്രോത്സാഹിപ്പിക്കുക, കല, സംസ്കാരം, പൈതൃകം, നാടൻ കളികൾ എന്നിവയെ ടൂറിസത്തിലൂടെ പ്രചരിപ്പിച്ച് സംരക്ഷിക്കുക,

പാർശ്വവൽകൃത ജനവിഭാഗങ്ങൾ, ഭിന്നശേഷിക്കാർ, വനിതകൾ, ഭിന്നലിംഗക്കാർ എന്നിവർക്ക് ടൂറിസം മേഖലയിൽ അവസരം ഉറപ്പാക്കുക, പരിസ്ഥിതി സൗഹൃദ ടൂറിസം പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുക എന്നിവയെല്ലാം ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രധാന പ്രവർത്തനങ്ങളാണ്. ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന പേപ്പർ ബാഗ് നിർമ്മാണം, തുണിസഞ്ചി നിർമ്മാണം, വിവിധ കരകൗശല വസ്തുക്കൾ ഉണ്ടാക്കൽ, പപ്പടം നിർമ്മാണം, മെഴുകുതിരി നിർമ്മാണം, സാമ്പിൾ സോപ്പ് നിർമ്മാണം എന്നിങ്ങനെയുള്ള ട്രെയിനിംഗുകൾ, പ്രാദേശിക ടൂർ ലീഡേഴ്സിനുള്ള ട്രെയിനിംഗ്, സ്റ്റോറി ടെല്ലിംഗ് ട്രെയിനിംഗ്, ശാസ്ത്രീയ മാലിന്യ സംസ്കരണത്തിനുള്ള ട്രെയിനിംഗ് എന്നിങ്ങനെ വിവിധ 2339 ആളുകൾക്ക് പരിശീലനം നൽകിയിട്ടുണ്ട്.

ഇതിനുപുറമെ തദ്ദേശവാസികൾക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ ലഭ്യമാക്കുന്നതിലേയ്ക്കായി ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി ഉത്തരവാദിത്ത ടൂറിസം മിഷനിൽ കൾച്ചറൽ യൂണിറ്റുകൾ, കരകൗശല നിർമ്മാണ യൂണിറ്റുകൾ, പേപ്പർ ബാഗ് യൂണിറ്റുകൾ, തുണിസഞ്ചി നിർമ്മാണ യൂണിറ്റുകൾ, നെയ്ത്ത് യൂണിറ്റുകൾ, ജൈവ പച്ചക്കറി ഉൽപ്പാദന യൂണിറ്റുകൾ, മൂല്യവർദ്ധിത ഭക്ഷ്യോൽപ്പാദന നിർമ്മാണ യൂണിറ്റുകൾ, ഇളനീർ യൂണിറ്റുകൾ, ആർ.ടി. ഷോഫേഴ്സ്, പ്രാദേശിക ടൂർ ലീഡേഴ്സ്, ടൂറിസം അനുബന്ധ സർവ്വീസ് യൂണിറ്റുകൾ എന്നിങ്ങനെ ടൂറിസം മേഖലയുമായി പ്രത്യക്ഷമായും പരോക്ഷമായും ബന്ധപ്പെട്ടുകിടക്കുന്ന വ്യത്യസ്തങ്ങളായ 11523 യൂണിറ്റുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ നടുത്തുരുത്ത് എന്ന ഗ്രാമത്തിലെ എല്ലാ കുടുംബങ്ങളും ഉത്തരവാദിത്ത ടൂറിസം മിഷനിൽ വിവിധ ഗ്രൂപ്പുകളിലായി രജിസ്റ്റർ ചെയ്തിരിക്കുന്നു. ഉത്തരവാദിത്ത ടൂറിസം മിഷൻ യൂണിറ്റുകൾ ജില്ലാ അടിസ്ഥാനത്തിൽ പ്രാദേശിക സമൂഹത്തിന് ടൂറിസം മേഖലയിൽ നിന്നും നിയമ വിധേയമായ മാർഗ്ഗങ്ങളിലൂടെ വരുമാനം ലഭ്യമാക്കുക എന്നത് ഉത്തരവാദിത്ത ടൂറിസത്തിന്റെ സാമ്പത്തിക ഉത്തരവാദിത്തത്തിന്റെ പ്രാഥമിക ലക്ഷ്യങ്ങളാണ്.

## കൈത്തറി, ഖാദി മേഖലകളുടെ പുനരുദ്ധാരണം

9(*189) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. പി. ഉണ്ണി :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈത്തറി, ഖാദി, കരകൗശലം ഉൾപ്പെടെ ലക്ഷക്കണക്കിന് ആളുകൾ ഉപജീവനത്തിന് ആശ്രയിക്കുന്ന പരമ്പരാഗത വ്യവസായ മേഖലയെ പുനരുദ്ധരിക്കുന്നതിനും ശാക്തീകരിക്കുന്നതിനും നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് കൈത്തറി യൂണിഫോം നൽകുന്ന പദ്ധതി കൈത്തറി ഉല്പാദന മേഖലയ്ക്ക് ഉണർവേകിയ സാഹചര്യത്തിൽ സർക്കാർ ഉദ്യോഗസ്ഥരും അദ്ധ്യാപകരും ആഴ്ചയിൽ രണ്ട് ദിവസമെങ്കിലും കൈത്തറി വസ്ത്രം ധരിക്കണം എന്ന് നിഷ്കർഷിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ; തൊഴിലാളികളുടെ കൂലി കുടിശ്ശിക കൊടുത്തുതീർക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) രാജ്യത്തിനകത്തും വിദേശത്തും കൈത്തറി വസ്ത്രങ്ങളുടെ വിപണി കണ്ടെത്തുന്നതിനും യന്ത്രത്തറിയിൽ നിർമ്മിക്കുന്ന വ്യാജ ഉല്പന്നങ്ങൾ നെയ്ത്തുകാർക്ക് ഭീഷണിയാകുന്നത് തടയാനും വേണ്ട ഇടപെടൽ നടത്തുമോ എന്ന് വ്യക്തമാക്കുമോ ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) പരമ്പരാഗത വ്യവസായ മേഖലയായ കൈത്തറി, ഖാദി, കരകൗശലം എന്നിവയെ പുനരുദ്ധരിക്കുന്നതിനും ശാക്തീകരിക്കുന്നതിനുമായി നടത്തിവരുന്ന പ്രവർത്തനങ്ങളുടെ വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) കൈത്തറി വസ്ത്രങ്ങൾ എല്ലാ മലയാളികളും ഉപയോഗിക്കാൻ വ്യാപകമായ പ്രചാരണം, എല്ലാ സർക്കാർ ജീവനക്കാരെയും വിദ്യാർത്ഥികളെയും സമൂഹത്തിന്റെ മറ്റ് മേഖലകളിലുള്ളവരെയും കൈത്തറി വസ്ത്രം ഉപയോഗിക്കുവാൻ പ്രേരിപ്പിക്കുക എന്നിവ സർക്കാർ കൈവരിക്കുവാൻ ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങളിൽപ്പെട്ടവയാണ്. തൊഴിലാളികളുടെ കൂലി കുടിശ്ശിക തുക വിതരണം ചെയ്യുന്നതിലേയ്ക്കായി 40.26 ലക്ഷം രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. 2018 നവംബർ മാസം വരെയുള്ള കൂലി വിതരണം ചെയ്യുന്നതിന് തുക അനുവദിച്ചുകഴിഞ്ഞു.

(സി) രാജ്യത്തിനകത്ത് യന്ത്രത്തറിയിൽ നിർമ്മിക്കുന്ന വ്യാജ ഉൽപ്പന്നങ്ങൾ തടയുവാനും നിയമ നടപടികൾ സ്വീകരിക്കുവാനും GOI Reservation Articles for Production Act 1985 പ്രകാരം (RAP Act) വ്യവസ്ഥകൾ നിലവിലുണ്ട്. ഇതുപ്രകാരം എല്ലാ മാസവും എൻഫോഴ്സ്മെന്റ് ഓഫീസറുടെ മേൽനോട്ടത്തിൽ പവർലൂം സംഘങ്ങളിൽ പരിശോധന നടത്തുകയും കൈത്തറി മേഖലയിലേയ്ക്ക് മാറ്റിവെച്ചിട്ടുള്ള ഉൽപ്പന്നങ്ങൾ പവർലൂമിൽ നിർമ്മിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. ഇതുസംബന്ധിച്ച് എല്ലാ മാസവും പരിശോധന നടത്തി കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രാലയത്തിന് റിപ്പോർട്ട് അയയ്ക്കുകയും ചെയ്യുന്നുണ്ട്. രാജ്യത്തിനകത്തും പുറത്തും കൈത്തറി വസ്ത്രങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും ദേശീയ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

അന്തർദേശീയ മേളകളിൽ പങ്കെടുത്ത് ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിറ്റഴിക്കുന്നതിനുമായി പ്രാഥമിക കൈത്തറി സംഘങ്ങൾക്കും, അപ്പെക്സ്, പൊതു മേഖലാ സ്ഥാപനങ്ങൾക്കും ധനസഹായം നൽകിവരുന്നു. കൂടാതെ കൈത്തറി ഉൽപ്പന്നങ്ങളുടെ കയറ്റുമതി പ്രോത്സാഹനം ലക്ഷ്യമാക്കി പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്ക് കയറ്റുമതി ഉൽപ്പന്നങ്ങളുടെ മൂല്യത്തിന്റെ 20 ശതമാനം എക്സ്പോർട്ട് മാർക്കറ്റിംഗ് ഇൻസെന്റീവ് നൽകുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു.

## ജില്ലാ സഹകരണ ബാങ്കുകളുടെ ലയനം

10(*190) ശ്രീ. അനിൽ അക്കര :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കാനുള്ള തീരുമാനത്തിന് ആർ.ബി.ഐ. അനുവാദം നൽകിയിട്ടുണ്ടോ;

(ബി) സഹകരണ ബാങ്കിംഗ് രംഗത്ത് ശക്തമായ ഇടപെടൽ നടത്തിവരുന്ന കേരളത്തിലെ ജില്ലാ സഹകരണ ബാങ്കുകളെ ഇല്ലാതാക്കാനുള്ള ശ്രമത്തിനുള്ള കാരണം വിശദമാക്കാമോ;

(സി) സഹകരണ നിയമത്തിലെ പതിനാലാം വകുപ്പിലെ ചട്ടങ്ങൾ പാലിച്ചു കൊണ്ട് മാത്രമേ ജില്ലാ സഹകരണ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കുവാൻ സാധിക്കുകയുള്ളൂ എന്നത് പരിഗണനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ;

(ഡി) പ്രസ്തുത ചട്ടത്തിലെ വ്യവസ്ഥകൾ ഇന്നത്തെ സാഹചര്യത്തിൽ പാലിക്കാൻ സാധിക്കുമോ എന്ന് അറിയിക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ&ബി) ഉണ്ട്. വ്യവസ്ഥകളോടുകൂടിയ തത്വത്തിലുള്ള അനുമതി റിസർവ് ബാങ്കിൽ നിന്നും ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഹ്രസ്വകാല വായ്പ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽ നിന്നും ദ്വിതല സമ്പ്രദായത്തിലേക്ക് പുനർ ക്രമീകരിച്ച് ഒരു പുതിയ ബാങ്ക് രൂപീകരിക്കുന്നതിന് 19 വ്യവസ്ഥകളോടെ RBI തത്വത്തിലുള്ള അംഗീകാരം നൽകിയിട്ടുണ്ട്. ഇതിന്റെ

ഭാഗമായി സംസ്ഥാനത്തെ 14 ജില്ലാ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കിനേയും ലയിപ്പിച്ച് പുതിയ ബാങ്ക് രൂപീകരിക്കുന്നതോടെ കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ കൂടുതൽ ശക്തിപ്പെടുത്തും. ആധുനിക സൗകര്യങ്ങൾ പ്രദാനം ചെയ്യുന്ന ഒരു ബാങ്കായി കേരള ബാങ്കിനെ മാറ്റുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ബാങ്കിന്റെ ഭരണസംവിധാനം ആധുനിക വെല്ലുവിളികളെ നേരിടുന്നതിന് പ്രാപ്തമാക്കുന്ന രീതിയിൽ രൂപകൽപ്പന ചെയ്യുന്നതിനും ആധുനികമായ പ്രോഡക്ടുകൾ ബാങ്കിലൂടെ പ്രദാനം ചെയ്യാനുമുള്ള നടപടികളുമാണ് സ്വീകരിക്കുന്നത്. ആധുനിക സാങ്കേതിക സംവിധാനങ്ങൾ ഉപയോഗിച്ചുകൊണ്ട് പ്രാഥമിക സഹകരണ ബാങ്കുകളിൽനിന്നും ഉപഭോക്താക്കൾക്ക് മറ്റ് ഇതര ബാങ്കുകളിൽനിന്നും ലഭിക്കുന്ന എല്ലാവിധ സേവനങ്ങളും ചാർജ്ജ് ഇല്ലാതെയോ വളരെ ലളിതമായ ചാർജ്ജുകൾ ഈടാക്കിയോ വളരെ വേഗത്തിലും മെച്ചപ്പെട്ടതുമായ സേവനം നൽകാൻ കഴിയും. സഹകരണ മേഖലയിൽ വിപ്ലവകരമായ നേട്ടമായിരിക്കും ഇത്. ബാങ്കിലെ പലിശ നിരക്കിൽ കുറവുണ്ടാകുന്നതുമൂലം ലോൺ ആകർഷകമാക്കുന്നതും കൂടുതൽ മേഖലയിൽ വായ്പ അനുവദിക്കുന്നതിന് കഴിയുന്നതുമാണ്. കൂടുതൽ മെച്ചപ്പെട്ടതും ആധുനികവുമായ സേവനങ്ങൾ ഇതിലൂടെ ബാങ്കുകൾക്ക് ഇടപാടുകാർക്ക് നൽകുവാൻ സാധിക്കും. ഒരു തലം ഒഴിവാകുന്നതുകൊണ്ട് വായ്പാ പലിശ നിരക്കിൽ കുറവും വരുന്നതാണ്.

(സി) കേരള സഹകരണ നിയമവും ചട്ടങ്ങളും പാലിച്ചുവേണം ലയനം നടത്തേണ്ടതെന്ന് റിസർവ് ബാങ്ക് നിർദ്ദേശിച്ചിട്ടുണ്ട്. സഹകരണ നിയമത്തിനും നബാർഡ്, റിസർവ് ബാങ്ക് എന്നിവ നിഷ്കർഷിക്കുന്ന വ്യവസ്ഥകൾക്കും വിധേയമായി നടപടികൾ സ്വീകരിക്കും.

(ഡി) സാധിക്കുമെന്നാണ് കരുതുന്നത്.

## കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായുള്ള വിഹിതത്തിലെ കുറവ്

11(*191) ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി.ജി.എസ്.ടി., സംസ്ഥാനത്തേക്ക് കൊണ്ടുവരുന്ന ചരക്കുകളിൻ മേലുള്ള ഐ.ജി.എസ്.ടി, ആദായ നികുതി ഉൾപ്പെടെയുള്ള മറ്റു കേന്ദ്ര നികുതികൾ എന്നീ ഇനങ്ങളിലായി സംസ്ഥാനത്തുനിന്നും എത്ര തുക കേന്ദ്ര സർക്കാരിന് കഴിഞ്ഞ സാമ്പത്തിക വർഷം ലഭിച്ചുവെന്നതിന്റെ കണക്ക് ലഭ്യമാണോ; വെളിപ്പെടുത്തുമോ;

(ബി) ധനകാര്യ കമ്മീഷന്റെ ശിപാർശയനുസരിച്ച് സംസ്ഥാനത്തിന് കഴിഞ്ഞ സാമ്പത്തിക വർഷം ലഭിച്ച കേന്ദ്ര നികുതികളുടെ സംസ്ഥാന വിഹിതവും കേന്ദ്രാവിഷ്കൃത പദ്ധതിവിഹിതവും എത്രയെന്ന് അറിയിക്കാമോ;

(സി) വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായുള്ള കേന്ദ്ര വിഹിതത്തിൽ കുറവുവരുത്തിയിട്ടുണ്ടോ; ഇത്തരത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് വരുത്തിയ ഘടനാപരമായ മാറ്റം എന്തെല്ലാമെന്നും അത് സംസ്ഥാനത്തെ എത്തരത്തിൽ പ്രതികൂലമായി ബാധിക്കുമെന്നും അറിയിക്കാമോ;

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള തുക ചെലവഴിക്കുന്നതിനുള്ള മാനദണ്ഡങ്ങളും തുകയുടെ വിനിയോഗവും നിരീക്ഷിക്കുന്നതിനുള്ള ക്രമീകരണങ്ങൾ അറിയിക്കാമോ;

(ഇ) ഈ സാഹചര്യത്തിൽ കേന്ദ്ര മന്ത്രിയുൾപ്പെടെയുള്ളവർ കേന്ദ്ര സർക്കാർ നൽകിയ തുകയും വിനിയോഗവും സംബന്ധിച്ച് വാസ്തവവിരുദ്ധമായ പ്രസ്താവനകൾ നടത്തുന്നത് ഫെഡറലിസത്തിന് അനുഗുണമാകുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി <u>(ഡോ. ടി. എം. തോമസ് ഐസക്)</u>:

(എ) സി.ജി.എസ്.ടി. സംസ്ഥാനത്തേക്ക് കൊണ്ടുവരുന്ന ചരക്കുകളിന്മേലുള്ള ഐ.ജി.എസ്.ടി. ആദായ നികുതി ഉൾപ്പെടെയുള്ള മറ്റ് കേന്ദ്ര നികുതികൾ എന്നീ ഇനങ്ങളിലായി സംസ്ഥാനത്തുനിന്നും കേന്ദ്ര സർക്കാരിന് കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തുക ലഭിച്ചുവെന്നതിന്റെ ക്രോഡീകരിച്ച കണക്ക് സംസ്ഥാന സർക്കാരിൽ ലഭ്യമല്ല.

(ബി) അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2017-18 സാമ്പത്തിക വർഷം കേന്ദ്ര നികുതികളുടെ വിഹിതമായി സംസ്ഥാനത്തിന് ആകെ 16833.08 കോടി രൂപ ലഭ്യമായിട്ടുണ്ട്. പി.എഫ്.എം.എസ്. വെബ് പോർട്ടലിലെ കണക്കുകൾ പ്രകാരം വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കേന്ദ്ര വിഹിതമായി 2017-18-ൽ ആകെ 3717.62 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(സി) പതിനാലാം ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം കേന്ദ്ര സർക്കാർ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ എണ്ണം 66-ൽനിന്നും 28 എണ്ണമാക്കി കുറയ്ക്കുകയുണ്ടായി. ഇതിൽ 6 എണ്ണം കോർ ഓഫ് ദി കോർ എന്ന വിഭാഗത്തിലും 2 എണ്ണം ഓപ്ഷണൽ വിഭാഗത്തിലുമായാണ് നിജപ്പെടുത്തിയത്. പുതിയ സംവിധാനം അനുസരിച്ച് ചില പദ്ധതികൾ മറ്റ് പദ്ധതികളുമായി ലയിപ്പിക്കുകയും ചില പ്രധാന പദ്ധതികളെ കേന്ദ്രാവിഷ്കൃത പദ്ധതിയിൽനിന്നും ഒഴിവാക്കുകയും ചെയ്യുകയുണ്ടായി. കോർ വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾക്ക് അറുപത് ശതമാനം കേന്ദ്ര

വിഹിതവും നാൽപത് ശതമാനം സംസ്ഥാന വിഹിതവുമായാണ് നിജപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതികളിൽ മുമ്പ് 75 ശതമാനവും അതിന് മുകളിലും എന്ന രീതിയിൽ കേന്ദ്ര വിഹിതം ലഭിക്കുമായിരുന്നു. പുതുക്കിയ ഫണ്ടിംഗ് പാറ്റേൺ പദ്ധതി നടത്തിപ്പിൽ പ്രതിസന്ധികളുണ്ടാക്കിയിട്ടുണ്ട്. അതുകൂടാതെ അഖിലേന്ത്യാ തലത്തിൽ രൂപീകരിക്കപ്പെടുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാനദണ്ഡങ്ങൾ സംസ്ഥാനത്തിന് യോജിക്കാതെ വരുന്ന പ്രശ്നങ്ങളും സംജാതമാകാറുണ്ട്. 60 ശതമാനത്തിന് മുകളിൽ കേന്ദ്രവിഹിതം ലഭിച്ചിരുന്ന പല പദ്ധതികളുടെയും വിഹിതം കുറച്ച് 60:40 അനുപാതത്തിലാക്കിയത് പദ്ധതി നടത്തിപ്പിന് സംസ്ഥാനത്തിന് അധിക സാമ്പത്തിക ബാദ്ധ്യത വരുത്തിയിട്ടുണ്ട്.

(ഡി) സംസ്ഥാന പദ്ധതികളോടൊപ്പം കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിർവ്വഹണവും തുകയുടെ വിനിയോഗവും നിരീക്ഷിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തലത്തിൽ ഓരോ ത്രൈമാസ അവസാനവും പദ്ധതി അവലോകനം നടത്തുന്നതിന് പ്ലാൻ എക്സ്പെന്റീച്ചർ റിവ്യൂ കമ്മിറ്റി സർക്കാർ ഉത്തരവ് G.O(P) No.29/2016/Fin dated 27-2-2016 and G.O.(P) No.100/2016/Fin. Dated 20-7-2016 പ്രകാരം രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത യോഗങ്ങളിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആവശ്യമായ നിർദ്ദേശങ്ങൾ വകുപ്പ് സെക്രട്ടറിമാർക്ക് നൽകാറുണ്ട്. കൂടാതെ എല്ലാ മാസവും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെടുന്ന സെക്രട്ടറിമാരുടെ യോഗത്തിൽ പദ്ധതി അവലോകനം നടത്തുകയും സെക്രട്ടറിമാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി ഫലപ്രദമായ ഇടപെടലുകൾ നടത്താറുമുണ്ട്. കൂടാതെ വകുപ്പുമന്ത്രിമാരും വകുപ്പ് സെക്രട്ടറിമാരും യഥാസമയങ്ങളിൽ പദ്ധതി അവലോകനം നടത്തുകയും അതത് വകുപ്പിന്റെ പുരോഗതി വീക്ഷിക്കുകയും ആവശ്യമായ ഇടപെടലുകൾ നടത്താറുമുണ്ട്. വകുപ്പ് അദ്ധ്യക്ഷന്മാർ പദ്ധതി പുരോഗതി നിരീക്ഷിക്കുകയും നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങളും പിൻതുണയും ഉറപ്പുവരുത്തുന്നുണ്ട്. പദ്ധതി നിരീക്ഷണം ഫലപ്രദമായി നടത്തുന്നതിന് 'Plan Space' എന്ന ഓൺലൈൻ മോണിറ്ററിംഗ് സംവിധാനം നിലവിലുണ്ട്. ഇതിലൂടെ കൃത്യതയോടും സമയബന്ധിതവുമായി പദ്ധതി പുരോഗതി വീക്ഷിക്കാൻ സാധിക്കുന്നതാണ്. പ്രസ്തുത നിരീക്ഷണ സംവിധാനത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് മുൻതൂക്കം നൽകുന്നുണ്ട്.

ധനവിനിയോഗ സർട്ടിഫിക്കറ്റുകൾ ഓൺലൈൻ പോർട്ടലായ Plan Space വഴി ലഭ്യമാക്കുന്നതിനുള്ള നടപടികളും കേന്ദ്ര സർക്കാരിൽ നിന്നും കേന്ദ്ര ഫണ്ട് റിലീസ് ചെയ്യുന്ന മുറയ്ക്ക് Plan Space പോർട്ടലിൽ ലഭ്യമാക്കുന്നതിന് പബ്ലിക് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (PFMS) Plan Space പോർട്ടലുമായി ലിങ്ക് ചെയ്യുന്നതിനായുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ സംസ്ഥാനത്തിലെ

വിവിധ വകുപ്പുകളുമായും ബന്ധപ്പെട്ട വിവിധ കേന്ദ്ര മന്ത്രാലയങ്ങളുമായും ഏകോപിച്ച് പ്രവർത്തിച്ച് സമയബന്ധിതമായി കേന്ദ്ര ഫണ്ട് നേടിയെടുക്കുന്നതിന് സഹായകരമാകുംവിധം റസിഡന്റ് കമ്മീഷണർക്ക് ഒരു real time monitoring system തയ്യാറാക്കുന്നതിനായുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്ന വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി നിരന്തരം ബന്ധപ്പെടുകയും ആവശ്യമെങ്കിൽ കൂടിയാലോചനാ യോഗങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്. വിവിധ വകുപ്പുകളിൽനിന്നും കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുന്ന റിലീസ് വിവരങ്ങൾ അതത് സമയങ്ങളിൽ അപ്ഡേറ്റ് ചെയ്യുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. മുഖ്യമന്ത്രി തലത്തിലുള്ള യോഗങ്ങളിലും ചീഫ് സെക്രട്ടറി തലത്തിലുള്ള യോഗങ്ങളിലും കേന്ദ്ര സഹായം നേടിയെടുക്കുന്നതിനാവശ്യമായ നടപടികളുടെയും വിനിയോഗത്തിന്റെയും പുരോഗതി അവലോകനം ചെയ്യാറുമുണ്ട്.

(ഇ) കണക്കുകളിൽ അധിഷ്ഠിതമായി മാത്രമേ ഈ വിഷയം പരിശോധിക്കുവാൻ സാധിക്കുകയുള്ളൂ.

**പദ്ധതി വിഹിതത്തിലെ നിയന്ത്രണം**

12(*192) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷത്തിൽ പ്രളയക്കെടുതിമൂലം പദ്ധതി വിഹിതം വെട്ടിക്കുറയ്ക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ചെലവ് വെട്ടിക്കുറയ്ക്കുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ജനജീവിതത്തെ ഗുരുതരമായി ബാധിക്കുന്ന രീതിയിൽ പദ്ധതികൾ വെട്ടിച്ചുരുക്കുന്നത് ഒഴിവാക്കാൻ ശ്രമിക്കുമോ;

(ഡി) ഈ വിഷയത്തിൽ ഏതെങ്കിലും തലത്തിൽ ചർച്ചകൾ നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിന്റെ 20% വെട്ടിക്കുറയ്ക്കുന്നതിന് എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തുന്നതിന്റെയും ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിന്റെയും ഭാഗമായി വാഹനങ്ങൾ വാങ്ങുന്നതിനും പുതിയ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ അനുവദിക്കുന്നതിനും വിദേശ യാത്രയ്ക്കും വിമാന യാത്രയ്ക്കും മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്തി 2018 ഏപ്രിൽ മാസത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് നിലവിൽ പ്രാബല്യത്തിലുണ്ട്.

(സി) പദ്ധതി വെട്ടിച്ചുരുക്കുന്നത് കാരണം ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിനെയും ജലവിഭവ വകുപ്പിനെയും വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന സ്കോളർഷിപ്പ് പദ്ധതികളെയും പദ്ധതി വെട്ടിച്ചുരുക്കലിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. കാർഷിക മേഖലയെ പ്രളയകെടുതി ഏറെ ബാധിച്ചിട്ടുള്ളതിനാൽ കൃഷി വകുപ്പിന് പദ്ധതി വെട്ടിച്ചുരുക്കലിൽ ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളും അവയുടെ സംസ്ഥാന വിഹിതവും EAP, NABARD സ്കീമുകൾ എന്നിവയെയും 20% പദ്ധതി വെട്ടിച്ചുരുക്കലിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ബാധ്യതാ ചെലവുകളിൽ ഉൾപ്പെടുന്ന പദ്ധതികൾ (ഇതിനോടകം പ്രവർത്തനം തുടങ്ങിയ/ആരംഭിച്ച പദ്ധതികൾ കരാർ നൽകിയ പ്രവൃത്തി തുടങ്ങിയവ, സാധന സാമഗ്രികൾ, സർവ്വീസ് എന്നിവ ലഭ്യമായതിനു ശേഷം പണം നൽകാനുള്ളവ അതത് വർഷം നൽകി വരുന്ന പെൻഷൻ തുക, ഇൻഷ്വറൻസ് പ്രീമിയം മുതലായവ) ഒഴിവാക്കികൊണ്ടുള്ള പദ്ധതി വിഹിതം മാത്രമേ 20% പദ്ധതി വെട്ടിച്ചുരുക്കലിനായി കണക്കിലെടുക്കാൻ പാടുള്ളൂവെന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ പദ്ധതികളുടെ മുൻഗണനാ ക്രമത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് പദ്ധതികൾ ഭാഗികമായോ പൂർണ്ണമായോ വെട്ടിക്കുറയ്ക്കുവാനും അവയുടെ സ്ഥാനത്ത് അവശേഷിക്കുന്ന 80% പദ്ധതി വിഹിതത്തിൽ നിന്നുകൊണ്ട് പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് വകുപ്പുകൾക്ക് അനുവാദം നൽകിയിട്ടുണ്ട്.

(ഡി) മേൽഉത്തരവിന്റെ വെളിച്ചത്തിൽ ബാധകമല്ല.

**വ്യവസായ ഇടനാഴി പദ്ധതി**

13(*193) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ ഇടനാഴി സങ്കല്പത്തെക്കുറിച്ചും വ്യവസായ വികസനത്തിൽ ഇവയുടെ പങ്കിനെക്കുറിച്ചും വിശദമാക്കുമോ;

(ബി) കേന്ദ്രസർക്കാരിന്റെ വ്യവസായ ഇടനാഴി പദ്ധതിയുടെ ഭാഗമായി ചെന്നൈ-കൊച്ചി ഇടനാഴി ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനായി നടത്തുന്ന ശ്രമങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത ഇടനാഴിയുടെ ഭാഗമായാൽ ഉണ്ടാകുന്ന നേട്ടങ്ങൾ വിശദമാക്കുമോ;

(ഡി) വ്യവസായ ഇടനാഴിയുടെ നിയന്ത്രണം, നികുതി എന്നിവ സംബന്ധിച്ച കേന്ദ്രനിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിന് തയ്യാറാകുമോ; വ്യക്തമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) വ്യവസായശാലകൾ തുടങ്ങാൻ അനുമതി വേഗത്തിലാക്കി നിക്ഷേപക സൗഹൃദ മേഖലയാക്കി സ്വകാര്യ പങ്കാളിത്തം വഴിയുള്ള നിക്ഷേപത്തെ കൂടുതൽ ആകർഷിച്ചുള്ള വ്യവസായ വികസനമാണ് വ്യവസായ ഇടനാഴി സങ്കൽപ്പത്തിലൂടെ ലക്ഷ്യമിടുന്നത്.

(ബി) കൊച്ചി മുതൽ ബാംഗ്ലൂർ വരെ ഒരു വ്യവസായ ഇടനാഴി രൂപീകരിക്കുന്നതിനും ഇതിൽ കൊച്ചി മുതൽ പാലക്കാട് വരെയുള്ള പ്രദേശം ഒരു ഹൈടെക് വ്യവസായ ഇടനാഴിയായി വികസിപ്പിക്കുന്നതിനും സംസ്ഥാന സർക്കാർ ഒരു അപേക്ഷ കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു. തുടർന്ന് വ്യവസായ ഇടനാഴികളുടെ രൂപീകരണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള നാഷണൽ ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് ആന്റ് ഇംപ്ലിമെന്റേഷൻ ട്രസ്റ്റ് (NICDIT)-ന് പ്രസ്തുത പദ്ധതിയുടെ വിവരങ്ങൾ സമർപ്പിക്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പദ്ധതി രൂപരേഖ NICDIT-ന് സമർപ്പിക്കുകയും ഇതേത്തുടർന്ന് കൊച്ചി ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ പ്രാഥമിക രൂപരേഖ തയ്യാറാക്കുന്നതിനായി ഒരു വിദഗ്ദ്ധോപദേശക ഏജൻസിയെ നിയമിക്കുകയും ചെയ്തു. പ്രസ്തുത പദ്ധതിയുടെ രൂപരേഖയും ഒരു കാലഘട്ടത്തിലേയ്ക്കുള്ള പദ്ധതി കാഴ്ചപ്പാടും തയ്യാറാക്കി റിപ്പോർട്ട് NICDIT-ന് സർക്കാർ സമർപ്പിച്ചിട്ടുണ്ട്.

(സി) വ്യവസായ ഇടനാഴി വരുന്നതുകൊണ്ട് വിഭാവനം ചെയ്യുന്ന നേട്ടങ്ങൾ :

1. വ്യവസായ ഇടനാഴിയുടെ ഭാഗമായി വിവിധ വ്യവസായ ക്ലസ്റ്ററുകൾ വരുന്നതിലൂടെ പുതിയ നിക്ഷേപമേഖലകൾ വികസിപ്പിക്കാൻ കഴിയുന്നതാണ്.

2. റോഡ്, റെയിൽ, തുറമുഖം, വിമാനത്താവളം തുടങ്ങിയ വിവിധ ഗതാഗത മേഖലകളുമായി ബന്ധിപ്പിച്ച് ചരക്ക് ഗതാഗതം കൂടുതൽ കാര്യക്ഷമമാക്കാൻ കഴിയുന്നതാണ്.

3. നിലവിലുള്ള തൊഴിൽ വിഭാഗങ്ങളുടെ തിരിച്ചുവരവിനൊപ്പം ജി.ഡി.പി.യിൽ നിർമ്മാണ മേഖലയുടെ മൊത്തത്തിലുള്ള ഓഹരി വർദ്ധിപ്പിക്കുന്നു.

4. ഹൈടെക് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിൽ അധിഷ്ഠിതമായ വ്യവസായങ്ങളെ ഉദ്ദീപിപ്പിച്ചുകൊണ്ട് സാമ്പത്തികഭദ്രത ഉറപ്പു വരുത്താനും വാർഷിക വരുമാനം വർദ്ധിപ്പിക്കാനും സാധിക്കും.

5. നൂതന ഉൽപ്പാദന രീതികളിലേക്ക് നയിക്കുക, ഉയർന്ന വരുമാനമുള്ള തൊഴിലവസരങ്ങൾ ഉണ്ടാക്കുക, സുസ്ഥിര വികസന ലക്ഷ്യങ്ങളോടെ വികസിക്കുക, വ്യവസായവൽക്കരണത്തെ അടുത്ത തലത്തിലേയ്ക്ക് മാറ്റുക എന്നതുപോലുള്ള പുതിയതും ചലനാത്മകവുമായ കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കും.

വ്യവസായ ഇടനാഴിയുടെ പ്രവർത്തനം കൊച്ചി, പാലക്കാട് പ്രദേശങ്ങളിലെ വ്യവസായ മേഖലയിൽ വൻമാറ്റങ്ങൾ കൊണ്ടുവരും. തെക്കേ ഇൻഡ്യയുടെ പ്രധാന വ്യവസായ ഹബ്ബ് ആയി ഈ പ്രദേശത്തിന് മാറാൻ കഴിയും. വ്യവസായ ഇടനാഴി സ്ഥാപിച്ച് കഴിഞ്ഞാൽ സംസ്ഥാനത്തെ മറ്റ് പ്രദേശങ്ങളിലേക്കും വ്യാവസായിക പ്രവർത്തനങ്ങൾ വ്യാപിക്കും. കേരളത്തിനകത്ത് ഉയർന്ന എഞ്ചിനീയറിംഗ് ജോലികൾ ഉൾപ്പെടെ വിവിധ ഉൽപ്പാദന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കേരളത്തിൽ നിന്നുള്ള യുവ സംരംഭകരെ ആകർഷിക്കുവാൻ സാധിക്കും. സംസ്ഥാനത്തിലെ സാമ്പത്തിക വളർച്ചയെ പ്രോത്സാഹിപ്പിക്കുകയും തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുമെന്നതാണ് പ്രസ്തുത ഇടനാഴിയുടെ ഭാഗമായാൽ ഉണ്ടാകുന്ന നേട്ടങ്ങൾ.

(ഡി) കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ വിശദപഠനം നടത്തേണ്ടത് കേന്ദ്ര സർക്കാരാണ്. ആയതിനാൽ കേരള സർക്കാർ സമർപ്പിക്കുന്ന രൂപരേഖയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ വിശദപഠനം നടത്തിയശേഷം വ്യവസായ ഇടനാഴിയുടെ നിയന്ത്രണം, നികുതി എന്നിവ സംബന്ധിച്ച കാര്യങ്ങളിൽ ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതാണ്.

## വിനോദസഞ്ചാര മേഖലയിലെ നിർമ്മാണ പ്രവർത്തനം

14(*194) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. കെ. ബാബു :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള നിർമ്മാണ പ്രവർത്തനങ്ങളിൽ ടൂറിസം മേഖലയ്ക്കായി എത്ര കോടി രൂപയുടെ എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിരിക്കുന്നത്;

(ബി) പ്രളയംമൂലം തൊഴിൽ നഷ്ടപ്പെട്ടവർക്ക് ടൂറിസത്തിലൂടെ വരുമാനം നേടാനുള്ള സാധ്യത ആരായുന്നതിനായി സർവ്വേ നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ടൂറിസം മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നത് സംബന്ധിച്ച് നിയമനിർമ്മാണം നടത്താൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

പ്രളയത്തിൽ തകർന്ന ടൂറിസം മേഖലയിലെ പുനർനിർമ്മാണത്തിന്റെ ഭാഗമായി ടൂറിസം ഡെസ്റ്റിനേഷനുകളിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ, പരിസ്ഥിതി സൗഹൃദപരമായി വകുപ്പിന്റെ വിവിധ സ്കീമുകളിൽ ഉൾപ്പെടുത്തി ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. പ്രളയാനന്തര കേരളത്തിൽ വിനോദസഞ്ചാര മേഖലയിൽ ഉണർവുണ്ടാകുന്നതിനായി "Post Flood Campaign" എന്ന പ്രത്യേക ക്യാമ്പയിൻ ആവിഷ്കരിക്കുകയുണ്ടായി. ആലപ്പുഴ പുന്നമട കായലിൽ 66-ാമത് നെഹ്റു ട്രോഫി ബോട്ട് റേസ് 10-11-2018-ൽ നടത്തുകയുണ്ടായി. കൂടാതെ ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിലായി ട്രേഡ് മീറ്റ്, മീഡിയാ മീറ്റ് എന്നിവ സംഘടിപ്പിച്ച് പ്രളയക്കെടുതിക്കുശേഷം കേരളം ടൂറിസം രംഗത്ത് ശക്തമായ തിരിച്ചുവരവ് നടത്തി എന്ന പ്രചരണം നടത്തുകയും ചെയ്തു. ടൂറിസം ഡെസ്റ്റിനേഷനുകളുടെ അടിസ്ഥാന സൗകര്യങ്ങൾ പൂർണ്ണമായി പുനസ്ഥാപിക്കാനുള്ള നടപടികൾ നടന്നുവരുന്നു. ഇതിന്റെ ഭാഗമായി താഴെപ്പറയുന്ന പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

1. പ്രളയക്കെടുതിമൂലം തകരാറിലായ വയനാട് ജില്ലയിലെ വിവിധ ടൂറിസം കേന്ദ്രങ്ങളുടെ പുനർനിർമ്മാണത്തിന് 2,09,20,000 രൂപയുടെ ഭരണാനുമതി.

2. പുനലൂർ ബാത്തിംഗ് ഗാട്ട് - 77,00,000

3. മൺട്രോതുരുത്ത് അഡ്വഞ്ചർ പാർക്ക്, കണ്ണേറ്റി ബോട്ട് ടെർമിനൽ & ബോട്ട് ടെർമിനൽ അറ്റ് കൊല്ലം-9,94,446

4. വെള്ളിയാങ്കൽ ഹെറിറ്റേജ് പാർക്ക് - 43,22,030.

നവകേരള നിർമ്മാണ പ്രവർത്തനങ്ങളിൽ ടൂറിസം വകുപ്പിന് ഫണ്ടൊന്നും അനുവദിച്ചിട്ടില്ല. മാലിന്യ സംസ്കരണവും ശുചീകരണവും മുഖ്യഘടകമായുള്ള ഗ്രീൻ കാർപ്പറ്റ് സ്കീം കേരളത്തിലെ തെരഞ്ഞെടുത്ത 78 വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നടപ്പിലാക്കി വരുന്നു. ഓരോ കേന്ദ്രങ്ങളിലും ജനപ്രതിനിധികൾ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, ടൂറിസം വ്യവസായ സംരംഭകർ, കുടുംബശ്രീ, ശുചിത്വ മിഷൻ, എൻ.ജി.ഒ.-കൾ പ്രദേശവാസികൾ തുടങ്ങിയവരെ ഏകോപിപ്പിച്ചു കൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. ടൂറിസം നയത്തിന്റെ ഭാഗമായി ഹരിത പെരുമാറ്റ ചട്ടം നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക് ഉപയോഗം ഘട്ടംഘട്ടമായി നിയന്ത്രിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. ഹരിത പെരുമാറ്റ ചട്ടം നിലവിൽവന്നതോടെ ഒരു പരിധിവരെ ടൂറിസം കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക്കിന്റെ അളവ് കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. ചില കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഘട്ടം ഘട്ടമായി മൂന്ന് വർഷത്തിനുള്ളിൽ കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളെ പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിന് വകുപ്പ് ലക്ഷ്യമിടുന്നു.

(ബി) ഉണ്ട്. പ്രളയംമൂലം തൊഴിൽ നഷ്ടപ്പെട്ടവർക്ക് ടൂറിസത്തിലൂടെ വരുമാനം കണ്ടെത്താനുള്ള സർവ്വേ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡിസിലെ വിദ്യാർത്ഥികളും അദ്ധ്യാപകരും ചേർന്ന് ഡിസംബർ മാസാവസാനം സംഘടിപ്പിക്കുന്നതാണ്. സർവ്വേ നടത്തുന്നതുമായി ബന്ധപ്പെട്ട് പ്രളയബാധിത പ്രദേശത്തെ തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചർച്ചകൾ പുരോഗമിച്ചുവരുന്നു.

(സി) നിലവിൽ പരിഗണനയിലില്ല.

**കിൻഫ്രയുടെ പ്രധാന നേട്ടങ്ങൾ**

15(*195) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. എസ്. ശർമ്മ :
ശ്രീ. ആന്റണി ജോൺ :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിൻഫ്ര കൈവരിച്ച പ്രധാന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; നിലവിൽ എത്ര പാർക്കുകൾ ഉണ്ട്; പുതുതായി എത്രയെണ്ണം സ്ഥാപിക്കാൻ പദ്ധതിയുണ്ട്;

(ബി) മെഗാ പദ്ധതികളിൽ ഒന്നായ കൊച്ചിയിൽ ആരംഭിക്കാനുദ്ദേശിക്കുന്ന പെട്രോകെമിക്കൽ പാർക്കിന്റെ പുരോഗതി അറിയിക്കാമോ; എഫ്.എ.സി.റ്റി. സ്ഥലം വിട്ടുനൽകിയിട്ടുണ്ടോ;

(സി) കർഷകർക്ക് പ്രയോജനം ചെയ്യുന്ന ഭക്ഷ്യസംസ്കരണ വ്യവസായത്തിന്റെ പ്രോത്സാഹനത്തിനായി സ്ഥാപിക്കാനുദ്ദേശിക്കുന്ന പാലക്കാട് മെഗാ ഫുഡ് പാർക്കിന്റെ പുരോഗതി അറിയിക്കാമോ;

(ഡി) കാക്കനാട് സ്ഥാപിക്കാനുദ്ദേശിക്കുന്ന ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്ററിന്റെ നിലവിലെ സ്ഥിതി എന്താണ് എന്ന് വ്യക്തമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പെട്രോകെമിക്കൽ പാർക്ക്, സ്പൈസസ് പാർക്ക് എന്നീ പ്രോജക്ടുകൾ ഏറ്റെടുക്കാനും വ്യവസായ വികസനത്തിനായി 5000 ഏക്കർ ഭൂമി ഏറ്റെടുക്കുന്ന നടപടികൾക്ക് തുടക്കം കുറിക്കാനും കിൻഫ്രയ്ക്ക് കഴിഞ്ഞു. നിലവിൽ കിൻഫ്രയ്ക്ക് 24 പാർക്കുകളാണുള്ളത്. കിൻഫ്ര പുതുതായി പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. മെഗാ ഫുഡ് പാർക്ക്, പാലക്കാട്
2. ഡിഫൻസ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട്
3. ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, എറണാകുളം,
4. പെട്രോകെമിക്കൽ പാർക്ക്, എറണാകുളം.
5. സ്പൈസസ് പാർക്ക്, തൊടുപുഴ, ഇടുക്കി
6. അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, പുഴക്കൽ, തൃശ്ശൂർ
7. കിൻഫ്ര കൊരട്ടി പാർക്കിന്റെ രണ്ടാംഘട്ട വികസനം
8. ഐ.ടി/ഐ.ടി. അധിഷ്ഠിത പ്രത്യേക സാമ്പത്തിക മേഖല, കിൻഫ്ര ഫിലിം ആൻഡ് വീഡിയോ പാർക്ക്, തിരുവനന്തപുരം, രണ്ടാംഘട്ട വികസനം
9. കിൻഫ്ര പാർക്ക്, കാക്കഞ്ചേരി, രണ്ടാംഘട്ട വികസനം
10. വിവിധോദ്ദേശ സോണുകൾ-കണ്ണൂർ, തൊടുപുഴ, വിഴിഞ്ഞം, കാസർഗോഡ്.

(ബി) കൊച്ചിയിലെ ഫാക്ടിൽനിന്നും ഏറ്റെടുക്കുന്ന ഭൂമിയിൽ ഒരു പെട്രോ കെമിക്കൽ പാർക്ക് സ്ഥാപിക്കാൻ കിൻഫ്രയ്ക്ക് പദ്ധതിയുണ്ട്. ഫാക്ടിന്റെ അമ്പലമേട് ഡിവിഷനിൽ പെട്രോകെമിക്കൽ പാർക്ക് സ്ഥാപിക്കുന്നതിന് ഫാക്ടും സംസ്ഥാന സർക്കാരും 20-12-2017-ന് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഇതുപ്ര കാരം ഫാക്ടിന്റെ അധീനതയിലുള്ള 481.79 ഏക്കർ ഭൂമിയിലാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. കൊച്ചിയിൽ ബി.പി.സി.എൽ.-ന്റെ വിപുലീകരണവും അതുമായി ബന്ധപ്പെട്ട് ഭാവിയിൽ ഉണ്ടാകാവുന്ന നിക്ഷേപ സാദ്ധ്യതയും ഈ പദ്ധതിക്ക് ഏറെ പ്രയോജനം ചെയ്യുമെന്ന് കരുതുന്നു. പെട്രോളിയം മേഖലയിലുള്ള വ്യവസായങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി ഈ മേഖലയിലെ നിക്ഷേപ സാധ്യത പൂർണ്ണമായും പ്രയോജനപ്പെടുത്തുന്ന രീതിയിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. കിഫ്ബി വഴിയാണ് ഈ പദ്ധതിക്കുള്ള ധനസമാഹരണം നടത്തുവാൻ ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതിക്ക് വേണ്ട വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി നിയമിച്ചിട്ടുള്ള ഹൈദരാബാദ് ആസ്ഥാനമായ വോയന്റ്സ് കൺസൾട്ടൻസ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കിൻഫ്രയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കുവേണ്ടി പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചുവരുന്നു. ഭൂമി കൈമാറ്റം സംബന്ധിച്ച് അന്തിമ തീരുമാനം കേന്ദ്ര ക്യാബിനറ്റിന്റെ പരിഗണനയിലാണ്.

(സി) കിൻഫ്ര ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ഒരു പുതിയ പദ്ധതിയാണ് പാലക്കാട് ജില്ലയിലെ മെഗാ ഫുഡ് പാർക്ക്. 79 ഏക്കറിൽ കിൻഫ്ര സ്ഥാപിക്കുന്ന ഈ പദ്ധതിയുടെ ആകെ ചെലവ് 119.02 കോടി രൂപയാണ്. ഈ പദ്ധതിയ്ക്ക് 50 കോടി രൂപ കേന്ദ്ര ധനസഹായമായി ലഭിക്കും. ഇതിൽ 28.81 കോടി രൂപ കേന്ദ്ര ധനസഹായമായി ലഭിച്ചുകഴിഞ്ഞു. ഇതിന്റെ ഒന്നാംഘട്ട വികസന പ്രവർത്തന ങ്ങളായ ചുറ്റുമതിൽ, റോഡ്, ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, വെയർ ഹൗസ്, വേബ്രിഡ്ജ്, ഗേറ്റ് ഹൗസ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. പാർക്കിന്റെ 95% നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കു കയും അലോട്ട്മെന്റ് നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് കിൻഫ്രയുടെ നേതൃത്വത്തിൽ ഇലക്ട്രോണിക് ക്ലസ്റ്ററിനുവേണ്ടിയുള്ള ഇലക്ട്രോണിക്സ്/ഇലക്ട്രോണിക്സ് അധിഷ്ഠിത വ്യവസായങ്ങൾ ക്കുവേണ്ടിയുള്ള ക്ലസ്റ്റർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കാക്കനാട് 66.87 ഏക്കർ ഭൂമിയിലാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്യാൻ ഉദ്ദേശിക്കുന്നത്. 140.01 കോടി രൂപയാണ് മൊത്തം പദ്ധതി ചെലവ് പ്രതീക്ഷിക്കുന്നത്. കേന്ദ്ര ഇലക്ട്രോണിക്സ് & ഐ.ടി. മന്ത്രാലയത്തിന്റെ 50 കോടി രൂപ ധനസഹായത്തോടുകൂടിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ അന്തിമ അനുമതി

പ്രസ്തുത പദ്ധതിക്ക് ലഭിച്ചിട്ടുണ്ട്. റോഡ്, ചുറ്റുമതിൽ തുടങ്ങിയവയുടെ നിർമ്മാണം പൂർത്തീകരിച്ചു കഴിഞ്ഞു. കേന്ദ്രസർക്കാരിന്റെ ധനസഹായത്തിന്റെ ആദ്യ ഗഡുവായ 10 കോടി രൂപ കിൻഫ്രയ്ക്ക് ലഭിച്ചിട്ടുണ്ട്. അലോട്ട്മെന്റ് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## സുസ്ഥിര വിനോദ സഞ്ചാര വികസനം

16(*196) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. എം. സ്വരാജ് :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നോട്ടുനിരോധനം, ജി.എസ്.ടി. തുടങ്ങിയ കേന്ദ്ര സർക്കാർ നയങ്ങൾമൂലവും പ്രകൃതി ദുരന്തംകൊണ്ടും കനത്ത തിരിച്ചടി നേരിട്ട വിനോദസഞ്ചാര മേഖലയെ ഉത്തരവാദിത്ത ടൂറിസം വഴി മൂന്ന് വർഷംകൊണ്ട് പുതുതായി അഞ്ച് ലക്ഷം പേർക്ക് തൊഴിൽ നൽകാൻ പര്യാപ്തമാകുംവിധം വികസിപ്പിക്കാനായി നടത്തിവരുന്ന ഇടപെടലുകൾ വിശദമാക്കാമോ;

(ബി) സന്തുഷ്ടരായി മടങ്ങുന്ന വിനോദസഞ്ചാരികളാണ് സുസ്ഥിര വിനോദ സഞ്ചാര വികസനത്തിന്റെ അടിത്തറയെന്നതിനാൽ വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കാനും അനുബന്ധ കുറ്റകൃത്യങ്ങൾ തടയുന്നതിനും ചൂഷണം ഇല്ലാതാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(സി) വിനോദസഞ്ചാര കേന്ദ്രങ്ങൾ ശുചിയായി പരിപാലിക്കുന്നതിനും അത്തരം കേന്ദ്രങ്ങളിലേക്ക് റോഡ് നിർമ്മാണത്തിനും നവീകരണത്തിനും നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദീകരിക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) ഈ സർക്കാരിന്റെ കർമ്മപദ്ധതിയിൽ ടൂറിസത്തിലൂടെ 5 വർഷം കൊണ്ട് 4 ലക്ഷം പേർക്ക് തൊഴിൽ ലഭ്യമാക്കുവാൻ ലക്ഷ്യമിടുന്നു. ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തനങ്ങളിലൂടെ പ്രത്യക്ഷമായും പരോക്ഷമായും ടൂറിസത്തിൽ നിന്നും 1.50 ലക്ഷം പേർക്ക് തൊഴിലും വരുമാനവും ലഭ്യമാക്കാൻ ഈ സർക്കാർ ലക്ഷ്യമിടുന്നു. ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന പേപ്പർ ബാഗ്, തുണിസഞ്ചി, വിവിധ കരകൗശല വസ്തുക്കൾ ഉണ്ടാക്കൽ, പപ്പടം, മെഴുകുതിരി, സാമ്പിൾ സോപ്പ് എന്നിവയുടെ നിർമ്മാണം എന്നിങ്ങനെയുള്ള ട്രെയിനിംഗുകൾ പ്രാദേശിക ടൂർ

ലീഡേഴ്സിനുള്ള ട്രെയിനിംഗ്, സ്റ്റോറി ടെല്ലിംഗ് ട്രെയിനിംഗ്, ശാസ്ത്രീയ മാലിന്യ സംസ്കരണത്തിനുള്ള ട്രെയിനിംഗ് എന്നിങ്ങനെ വിവിധ 2339 ആളുകൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഇതിനുപുറമെ തദ്ദേശ വാസികൾക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ ലഭ്യമാക്കുന്നതിലേയ്ക്കായി ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി ഉത്തരവാദിത്ത ടൂറിസം മിഷനിൽ കൾച്ചറൽ യൂണിറ്റുകൾ, കരകൗശല നിർമ്മാണ യൂണിറ്റുകൾ, പേപ്പർ ബാഗ് യൂണിറ്റുകൾ, തുണിസഞ്ചി നിർമ്മാണ യൂണിറ്റുകൾ, നെയ്ത്ത് യൂണിറ്റുകൾ, ജൈവ പച്ചക്കറി ഉൽപ്പാദന യൂണിറ്റുകൾ, മൂല്യവർദ്ധിത ഭക്ഷ്യോൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ, ഇളനീർ യൂണിറ്റുകൾ, ആർ.ടി. ഷോഫേഴ്സ്, പ്രാദേശിക ടൂർ ലീഡേഴ്സ്, ടൂറിസം അനുബന്ധ സർവ്വീസ് യൂണിറ്റുകൾ എന്നിങ്ങനെ ടൂറിസം മേഖലയുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധപ്പെട്ട് കിടക്കുന്ന വ്യത്യസ്തങ്ങളായ 11523 യൂണിറ്റുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ നടുത്തുരുത്ത് എന്ന ഗ്രാമത്തിലെ എല്ലാ കുടുംബങ്ങളും ഉത്തരവാദിത്ത ടൂറിസം മിഷനിൽ വിവിധ ഗ്രൂപ്പുകളായി രജിസ്റ്റർ ചെയ്തിരിക്കുന്നു. ഉത്തരവാദിത്ത ടൂറിസം മിഷൻ യൂണിറ്റുകൾ ജില്ലാടിസ്ഥാനത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷന്റെ വിവിധ യൂണിറ്റുകളിലൂടെ പ്രത്യക്ഷമായി 27470 ആളുകളും പരോക്ഷമായി 43952 ആളുകളും വിനോദസഞ്ചാര മേഖലയുടെ ഗുണ ഭോക്താക്കളായി മാറിയിട്ടുണ്ട്.

(ബി) ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിൽ ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷാ പഠനം നടന്നുവരുന്നുണ്ട്. ടൂറിസ്റ്റുകളുടെ സുരക്ഷ ഒരുക്കുക, ടൂറിസ്റ്റുകളെ ചൂഷണം ചെയ്യുന്നത് അവസാനിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾകൂടി മുൻനിർത്തി ഉത്തരവാദിത്ത ടൂറിസം മിഷൻ വ്യാപകമായ അവബോധ ശിൽപ്പശാലകൾ, പരിശീലനങ്ങൾ എന്നിവ നടത്തിവരുന്നുണ്ട്. ഇത്തരം അവബോധ പ്രവർത്തനങ്ങളിലും ശിൽപ്പശാലകളിലും 18000 തദ്ദേശവാസികൾ പങ്കാളികളായിട്ടുണ്ട്. പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ടൂറിസം പോലീസിന്റെ സേവനം സംസ്ഥാന പോലീസ് മേധാവി മുഖേന ഉറപ്പാക്കിയിട്ടുണ്ട്. ബീച്ചുകളിലും ആവശ്യമായ ടൂറിസം സെന്ററുകളിലും ലൈഫ് ഗാർഡ് സേവനവും പോലീസ് എയ്ഡ് പോസ്റ്റുകൾ, സെക്യൂരിറ്റി സംവിധാനം എന്നിവയും ടൂറിസം വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. കോവളം, വേളി ടൂറിസ്റ്റ് വില്ലേജ് എന്നീ കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രത്യേക ശ്രദ്ധ വേണ്ടിവരുന്നതും കൂടുതൽ സുരക്ഷ ആവശ്യമുള്ളതുമായ കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതുൾപ്പെടെയുള്ള നടപടികൾ പരിശോധിക്കുന്നതാണ്.

(സി) ടൂറിസം കേന്ദ്രങ്ങൾ ശുചിയായി പരിപാലിക്കുന്നതിന് നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു. കുടുംബശ്രീയുമായി ചേർന്നുള്ള ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ 86 സെൻറുകളിൽ നടപ്പിലാക്കിവരുന്നു. അന്താരാഷ്ട്ര ടൂറിസം കേന്ദ്രമായ കോവളം

ബീച്ചിലെ മാലിന്യ നിയന്ത്രണത്തിനായി എക്കോ പ്രിസർവ് എന്ന സന്നദ്ധ സംഘടന മുഖേന വകുപ്പ് തുടർപദ്ധതി നടപ്പിലാക്കിവരുന്നു. ഇടുക്കി ജില്ലയിലെ ദേവികുളം, മൂന്നാർ, കുമിളി മേഖലയുൾപ്പെടെ പത്തോളം വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ മാലിന്യ നിയന്ത്രണത്തിനുവേണ്ടി എക്സ് സർവ്വീസ് മെൻ ട്രസ്റ്റ് എന്ന NGO-യുടെ സേവനം ഉപയോഗപ്പെടുത്തി ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖാന്തരം പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള ഗ്രീൻ കാർപ്പറ്റ് പദ്ധതിയിൽ 77 കേന്ദ്രങ്ങളിൽ മാലിന്യ നിയന്ത്രണവും ശുചിത്വവും പ്രധാന അജണ്ടകളിൽ ഒന്നാണ്. ഇതിനുപുറമെ വിനോദസഞ്ചാര കേന്ദ്രങ്ങളെ ഉത്തരവാദിത്ത ടൂറിസം മാലിന്യ വിമുക്ത കേന്ദ്രങ്ങളാക്കി മാറ്റി ഗ്രീൻ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിന് ഇരുപത്തിയൊന്ന് കേന്ദ്രങ്ങളെ കേരളത്തിൽ ഗ്രീൻ സർട്ടിഫിക്കേഷൻ ലഭ്യമാക്കേണ്ട സ്ഥലങ്ങളായി തീരുമാനിച്ചിട്ടുണ്ട്. അവ താഴെപ്പറയുന്നു. കുമരകം, ആലപ്പുഴ ഫിനിഷിംഗ് പോയിന്റ്, മുഹമ്മ, വൈക്കം, പള്ളാതുരുത്തി, മാരാരി ബീച്ച്, പൂവ്വാർ, കോവളം, ഫോർട്ട് കൊച്ചി, വർക്കല, മൂന്നാർ, ധർമ്മടം, ബേക്കൽ, വലിയപറമ്പ്, തേക്കടി, ഒളവണ്ണ, അതിരപ്പിള്ളി, മുഴപ്പിലങ്ങാട്, വെള്ളിനേഴി, വൈത്തിരി, അമ്പലവയൽ. പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി ടൂറിസം സെക്രട്ടറി ചെയർപേഴ്ണായി സംസ്ഥാന അടിസ്ഥാനത്തിലും ജില്ലകളിൽ ജില്ലാ കളക്ടർമാർ ചെയർമാനായുമുള്ള കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു. തദ്ദേശ ഭരണ സ്ഥാപനങ്ങളും സർക്കാർ, സർക്കാരിതര സംഘടനകളും ടൂറിസം സംരംഭകരും പ്രദേശവാസികളും ചേരുന്ന കൂട്ടായ്മകൾ എന്ന നിലയിൽ ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

## പ്രളയക്കെടുതിയിൽപ്പെട്ട ചെറുകിട കച്ചവടക്കാർക്കുള്ള സഹായം

17(*197) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. റോജി എം. ജോൺ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രളയക്കെടുതിയിൽപ്പെട്ട ചെറുകിട കച്ചവടക്കാരെ സഹായിക്കുന്നതിന് വായ്പ പദ്ധതി നടപ്പാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇക്കൂട്ടരുടെ വിവരങ്ങൾ ധനവകുപ്പിന്റെ പക്കൽ ലഭ്യമാണോ;

(സി) വായ്പയായി നൽകാൻ ഉദ്ദേശിക്കുന്ന തുക വ്യക്തമാക്കുമോ;

(ഡി) ഏതെങ്കിലും ജില്ലകളിലെ ചെറുകിട കച്ചവടക്കാർക്ക് വായ്പ സഹായം ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ-ഡി) പ്രളയദുരിതത്തിൽപ്പെട്ട വ്യവസായ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി കെ.എഫ്.സി. വഴി കുറഞ്ഞ നിരക്കിലുള്ള വായ്പ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതുപ്രകാരം യൂണിറ്റിന്റെ യന്ത്രങ്ങൾ മാറ്റുക, കേടുപാടുകൾ തീർക്കുക, മെയിന്റനൻസ് കോസ്റ്റ്, പ്രവർത്തന മൂലധനം എന്നിവയ്ക്കാവശ്യമായ തുകയുടെ 90% വരെ വായ്പയായി അനുവദിക്കും. ഇതുകൂടാതെ ദുരന്തത്തിനിരയായ ചെറുകിട കച്ചവടക്കാരുടെ വായ്പകൾക്ക് മൊറട്ടോറിയവും പുന:ക്രമീകരണത്തിലൂടെ അധിക തിരിച്ചടവ് കാലയളവും അധിക വായ്പയും ലഭ്യമാക്കുന്ന ഒരു പദ്ധതി സംസ്ഥാനതല ബാങ്കിംഗ് സമിതിയുടെ സഹകരണത്തോടുകൂടി ബാങ്കുകൾ വഴി നടപ്പിലാക്കിത്തുടങ്ങിയിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ ഒരു സ്ഥാപനത്തിനും എറണാകുളം ജില്ലയിൽ രണ്ട് സ്ഥാപനങ്ങൾക്കും കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ മുഖേന വായ്പാ സഹായം ലഭ്യമാക്കിയിട്ടുണ്ട്.

**മുദ്ര പദ്ധതി വായ്പകൾ**

18(*198) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വയംതൊഴിൽ വായ്പയ്ക്കുവേണ്ടിയുള്ള മുദ്ര പദ്ധതിയിലൂടെ വായ്പ ലഭിക്കുന്നതിന് അപേക്ഷകർക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വായ്പ ലഭിക്കുന്നതിന് ബാങ്കുകൾ ഉന്നയിക്കുന്ന വ്യവസ്ഥകൾ തടസ്സമാകുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ഈ കാര്യത്തിൽ ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ&ബി) സ്വയം തൊഴിൽ ചെയ്യുന്നവരെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ ചെറുകിട വ്യവസായങ്ങളും വ്യക്തിഗത ബിസിനസ്സുകളും ആരംഭിക്കുന്നവർക്ക് ധനസഹായം നൽകുക എന്ന ഉദ്ദേശ്യത്തോടെ കേന്ദ്ര സർക്കാരും ബാങ്കുകളും ചേർന്ന് ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണ് മുദ്ര പദ്ധതി (മൈക്രോ യൂണിറ്റ്സ് ഡെവലപ്മെന്റ്&റീഫിനാൻസിംഗ് ഏജൻസി ലിമിറ്റഡ്) അർഹരായ അപേക്ഷകർക്ക്

സ്വയംതൊഴിലിനായി മുദ്ര പദ്ധതിയിലൂടെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ വായ്പകൾ നൽകിവരുന്നുണ്ടെന്നും അത്തരക്കാർക്ക് വായ്പ ലഭിക്കുന്നതിന് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലായെന്നും സംസ്ഥാനതല ബാങ്കേഴ്സ് സമിതി (എസ്.എൽ.ബി.സി.) അറിയിച്ചിട്ടുണ്ട്. ഈ വായ്പ ലഭിക്കുന്നതിനായി മുദ്ര പദ്ധതി പ്രകാരമുള്ള വ്യവസ്ഥകൾ മാത്രമാണ് ബാങ്ക് ആവശ്യപ്പെടുന്നതെന്നും എസ്.എൽ.ബി.സി. അറിയിച്ചിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ നിരവധി തടസ്സങ്ങളും ബുദ്ധിമുട്ടുകളും അപേക്ഷകർ നേരിടുന്ന എന്ന പരാതിയും ഉയരുന്നുണ്ട്.

(സി) ഇതുസംബന്ധിച്ച് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്ന പരാതികൾ സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി മുഖേന പരിഹരിക്കുന്നതിനാവശ്യമായ ഇടപെടൽ നടത്തുന്നതാണ്.

## സിമന്റ് വിപണിയിലെ സർക്കാർ ഇടപെടൽ

19(*199) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ സിമന്റിന് ഉയർന്ന വില നൽകേണ്ടി വരുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സിമന്റ് വിപണിയിൽ ഫലപ്രദമായി ഇടപെടാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സാധാരണക്കാരായ ഉപഭോക്താക്കൾക്ക് കുറഞ്ഞ വിലയിൽ സിമന്റ് ലഭ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) സംസ്ഥാനത്ത് സിമന്റിന്റെ വില ക്രമാതീതമായി ഉയരാതെ നിയന്ത്രിക്കുന്നതിൽ മലബാർ സിമന്റ്സ് വളരെ നിർണ്ണായകമായ പങ്കുവഹിക്കുന്നുണ്ട്. മലബാർ സിമന്റിന്റെ വില മറ്റ് സമാന ബ്രാൻഡുകളേക്കാൾ താരതമ്യേന കുറവാണ്. മറ്റ് സമാന ബ്രാൻഡുകൾ 425 രൂപ മുതൽ വിൽക്കുമ്പോൾ മലബാർ സിന്റ്സിന്റെ MRP 400 രൂപയാണ്.

(ബി) നവീകരണ വിപുലീകരണ പദ്ധതികളിലൂടെ മലബാർ സിമന്റ്സിന്റെ ഉൽപ്പാദനവും വിപണന സംവിധാനങ്ങളും വർദ്ധിപ്പിച്ച് സിമന്റ് വിപണിയിൽ ഫലപ്രദമായി ഇടപെടുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. മലബാർ സിമന്റ്സിന്റെ വാളയാർ പ്ലാന്റിന്റെ നവീകരണത്തിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കമ്പനിയിലെ വിപണന സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഡീലർമാരുടെ ഒരു യോഗം 22-11-2018-ന് വിളിച്ചുചേർക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. സിമന്റ് വില ക്രമാതീതമായി വർദ്ധിക്കുന്നത് സംബന്ധിച്ച് സിമന്റ് നിർമ്മാതാക്കളുടെയും സിമന്റ് വ്യാപാരികളുടെയും (dealers) യോഗം 29-7-2016-നും 10-5-2017-നും വിളിച്ചു ചേർക്കുകയും സിമന്റ് വില കുറയ്ക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

(സി) സാധാരണക്കാരായ ഉപഭോക്താക്കൾക്ക് കുറഞ്ഞ വിലയിൽ സിമന്റ് ലഭ്യമാക്കത്തക്ക രീതിയിലാണ് മലബാർ സിമന്റിന്റെ വില നിശ്ചയിച്ചുവരുന്നത്. ലൈഫ് മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് കുറഞ്ഞ വിലയിൽ സിമന്റ് ലഭ്യമാക്കുന്ന വിഷയം 13-9-2017-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിളിച്ചുചേർത്ത യോഗത്തിൽ ചർച്ച ചെയ്യുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

**കയർ ഉൽപ്പാദന മേഖലയിലെ നൂതന പദ്ധതികൾ**

20(*200) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. വി. ജോയി :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കയർ ഉത്പാദന മേഖലയിൽ നടപ്പിലാക്കിവരുന്ന നൂതന പദ്ധതികൾ വ്യക്തമാക്കാമോ;

(ബി) നവീന സാങ്കേതികവിദ്യയിലൂടെ കയർ വ്യവസായത്തിൽ ആധുനികവത്കരണം സാധ്യമാക്കുന്നതിനും ആവശ്യമായ അസംസ്കൃത വസ്തുക്കൾ ഉറപ്പാക്കുന്നതിനും കേരള കയർ മാർക്കറ്റിംഗ് കമ്പനി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഇതിന്റെ പ്രധാന ലക്ഷ്യങ്ങൾ വ്യക്തമാക്കാമോ;

(ഡി) കയർ ഉത്പന്നങ്ങളുടെ വൈവിധ്യവത്കരണത്തിനും അവയ്ക്ക് പരമാവധി വിദേശവിപണി ഉറപ്പാക്കുന്നതിനും പ്രസ്തുത കമ്പനിയുടെ രൂപീകരണവും പ്രവർത്തനങ്ങളും എങ്ങനെയെല്ലാം സഹായകമാകുമെന്ന് വിശദമാക്കാമോ;

(ഇ) കമ്പനിയുടെ പ്രവർത്തന മൂലധനം എപ്രകാരം കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) കയർ മേഖലയിൽ നടപ്പിലാക്കിവരുന്ന നൂതന പദ്ധതിയാണ് രണ്ടാം പുനഃസംഘടന പദ്ധതി. പരമ്പരാഗത കയർ മേഖലയിലെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് സാങ്കേതിക വിദ്യയുടെ ഉചിതമായ വിന്യാസത്തിലൂടെയുള്ള കയർ മേഖലയുടെ നവീകരണമാണ് രണ്ടാം കയർ പുന:സംഘടനയുടെ ലക്ഷ്യം. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദക കമ്പനികൾ, ആഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് ലഭ്യത ഉറപ്പാക്കുന്നതിനും പൂർണ്ണമായി യന്ത്രവൽക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിച്ച് കയർ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യ വത്ക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർമേഖലയെ സ്വയം പര്യാപ്ത മാക്കുന്നതിനും രണ്ടാം പുന:സംഘടന ലക്ഷ്യമിടുന്നു. അതോടൊപ്പം മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനായി കയർ സഹകരണ സംഘങ്ങളെ പുന:സംഘടി പ്പിക്കുന്നതും രണ്ടാം പുന:സംഘടനയുടെ ഭാഗമാണ്. രണ്ടാം കയർ പുന:സംഘടനയുടെ ഭാഗമായി ചകിരി ഉൽപ്പാദനത്തിൽ നിർണ്ണായകമായ അളവ് സ്വാശ്രയത്വം ഉണ്ടാക്കുന്നതിനാണ് ഒരു പ്രധാന പരിശ്രമം. ഈ മേഖലയിൽ ഗണ്യമായ തോതിൽ മുന്നേറ്റത്തിന് തുടക്കമായിട്ടുണ്ട്. 50 പുതിയ ചകിരി മില്ലുകൾ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഈ സാമ്പത്തിക വർഷംതന്നെ കുറഞ്ഞത് മറ്റൊരു 50 ചകിരി മില്ലുകൾ കൂടി ആരംഭിക്കും. കയർപിരി മേഖലയുടെ നവീകരണത്തിനായി ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ചു തുടങ്ങി. ഉൽപ്പാദനവും തൊഴിൽ സാഹചര്യങ്ങളും ഉയർത്തി ഈ മേഖലയെ നവീകരിക്കുകയാണ് ലക്ഷ്യം. പരമ്പരാഗത കയർപിരി തൊഴിലാളികളെ സംരക്ഷിക്കുന്നതിനൊപ്പം യന്ത്രാടി സ്ഥാനത്തിൽ കയർപിരി മേഖല പുതിയ മുഖം കൈവരിച്ചുതുടങ്ങുകയാണ്. ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണവും ആധുനിക വിപണന സംവിധാനങ്ങളുമാണ് മറ്റൊരു പ്രധാന ഘടകം. ഈ രംഗത്തുള്ള പ്രവർത്തനങ്ങൾക്ക് ആരംഭം കുറിച്ചിട്ടുണ്ട്.

(ബി&സി) കേരള കയർ മാർക്കറ്റിംഗ് കമ്പനിയുടെ പ്രധാന ലക്ഷ്യം കയർ ഉൽപ്പന്നങ്ങളുടെ ആഭ്യന്തര വിദേശ വിപണി വർദ്ധിപ്പിക്കുകയാണ്. ചകിരി ഉൽപ്പാദനത്തിൽ നിർണ്ണായകമായ മുന്നേറ്റത്തിന് തുടക്കമായിട്ടുണ്ട്.

(ഡി) അസംസ്കൃത സാധനങ്ങൾ ആവശ്യമെങ്കിൽ വിദേശ രാജ്യങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിനും കയർ ഉൽപ്പന്നങ്ങളുടെ ആഭ്യന്തര വിദേശ രാജ്യങ്ങളിലെ വിപണികൾ വർദ്ധിപ്പിക്കുന്നതിന് കരാറുകളിൽ ഏർപ്പെടുന്നതിനും സംസ്ഥാനത്തെ കയർ ഉൽപ്പന്ന മേഖലയിൽ നിർമ്മിക്കപ്പെടുന്ന ഉൽപ്പന്നങ്ങൾക്ക് വർദ്ധിച്ച വിപണി കണ്ടെത്തുന്നതിനും കമ്പനിക്ക് കഴിയും.

(ഇ) കേരള കയർ മാർക്കറ്റിംഗ് കമ്പനിക്ക് 10 കോടി രൂപയാണ് അംഗീകൃത ഓഹരി മൂലധനമായി സർക്കാർ ഉത്തരവായിട്ടുള്ളത്. പ്രവർത്തന മൂലധനം രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചതിനുശേഷം നിജപ്പെടുത്തുന്നതാണ്.

**കായിക മേഖലയുടെ സമഗ്ര പുരോഗതിക്കായുള്ള പദ്ധതികൾ**

21(*201) ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ കായിക മേഖലയുടെ പുരോഗതിക്കായി നടപ്പിലാക്കി യിട്ടുള്ള പദ്ധതികൾ വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തിനുവേണ്ടി മികച്ച നേട്ടം കൈവരിക്കുന്ന കായികതാരങ്ങൾക്ക് സർക്കാർ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സർക്കാരിന്റെ വിവിധ തസ്തികകളിലേയ്ക്കുള്ള നിയമനത്തിൽ കായിക താരങ്ങൾക്ക് സംവരണം ഉറപ്പാക്കാൻ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുന്നത് സംബന്ധിച്ച് പി.എസ്.സി. ശിപാർശ നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) കായിക പരിശീലനത്തോടൊപ്പം കായിക വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുന്നതിന് എല്ലാ ജില്ലകളിലും സ്പോർട്സ് സ്കൂളുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) കായിക മേഖലയുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 700 കോടി രൂപയുടെ നിർമ്മാണ/നവീകരണ പ്രവൃത്തികൾ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ എല്ലാ ജില്ലകളിലും ഓരോ

മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയവും എല്ലാ പഞ്ചായത്തിലും ഒരു കളിക്കളവും ഉൾപ്പെടുന്നു. ആദ്യഘട്ടമായി 57 സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. വിശദാംശങ്ങൾ അനുബന്ധത്തിൽ* ഉൾക്കൊള്ളിച്ചിട്ടുണ്ട്.* 35-ാമത് ദേശീയ ഗെയിംസിനുവേണ്ടി നിർമ്മിച്ച സ്റ്റേഡിയങ്ങളുടെ അറ്റകുറ്റപ്പണികൾക്കും സംരക്ഷണത്തിനുമായി നടപ്പ് സാമ്പത്തിക വർഷം 14.5 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. നവീകരണ പ്രവൃത്തികൾ നടന്നുവരുന്നു. കൊച്ചിയിൽ നടന്ന ഫിഫ അണ്ടർ 17 ലോകകപ്പ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിനോടനുബന്ധിച്ച് കൊച്ചി ജവഹർ ലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം, പനമ്പിള്ളി നഗർ സ്പോർട്സ് കോംപ്ലക്സ്, കൊച്ചി പരേഡ് ഗ്രൗണ്ട് എന്നിവയുടെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കായിക വകുപ്പിന് കൈമാറി കിട്ടിയ ജി.വി. രാജ സ്പോർട്സ് സ്കൂൾ മൈലം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി ആകെ 51.18 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ജി. വി. രാജാ സ്പോർട്സ് സ്കൂളിൽ സിന്തറ്റിക് ട്രാക്ക്, ഹോക്കി ടർഫ്, സിന്തറ്റിക് ഫുട്ബോൾ കോർട്ട്, വോളീബോൾ കോർട്ട്, ബാഡ്മിന്റൺ കോർട്ട്, ഇൻഡോർ സ്റ്റേഡിയം എന്നിവ നിർമ്മിക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു. കായിക താരങ്ങൾക്ക് മികച്ച പരിശീലനം നൽകുന്നതിനായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ 30 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 54 കോളേജ് സ്പോർട്സ് അക്കാഡമികൾ, 25 സ്കൂൾ സ്പോർട്സ് അക്കാഡമികൾ, 13 റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ എന്നിവയും 14 ജില്ലകളിലായി 70 ഡേ ബോർഡിംഗ് സെന്ററുകളും പ്രവർത്തിച്ചുവരുന്നു. മികച്ച കായിക താരങ്ങൾക്ക് ക്യാഷ് അവാർഡും സർക്കാർ ജോലിയും നൽകുന്ന പദ്ധതിയും നിലവിലുണ്ട്. കൂടാതെ കായികമേഖലയുടെ വിദൂരഭാവിയിലെ ലക്ഷ്യം മുൻനിർത്തി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. *

(ബി) കായിക മേഖലയിൽ മികച്ച നേട്ടം കൈവരിക്കുന്ന കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന സ്പോർട്സ് ക്വാട്ടാ നിയമന പദ്ധതി പ്രകാരം പ്രതിവർഷം 50 ഒഴിവുകൾ കായികതാരങ്ങളുടെ നിയമനങ്ങൾക്കായി നീക്കിവച്ചിട്ടുണ്ട്. 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 72 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ നിയമനം നൽകിയിട്ടുണ്ട്. കൂടാതെ ഇന്ത്യൻ ഫുട്ബാൾ താരവും മലയാളിയുമായ

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ശ്രീ. സി. കെ. വിനീതിന് സെക്രട്ടേറിയറ്റിൽ പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. 2017-ൽ ദേശീയ വോളീബോൾ കിരീടം നേടിയ കേരള ടീമിലെ സി. കെ. രതീഷിന് കിൻഫ്രയിൽ നിയമനം നൽകിയിട്ടുണ്ട്. കൊൽക്കത്തയിൽവച്ച് നടന്ന 72-ാമത് സന്തോഷ് ട്രോഫി ഫുട്ബോളിൽ ജേതാക്കളായ കേരള ടീമംഗങ്ങൾക്ക് ക്യാഷ് അവാർഡ് നൽകിയിട്ടുള്ളതും ജോലിയില്ലാത്ത 11 ടീമംഗങ്ങൾക്ക് സർക്കാർ ജോലി നൽകുവാൻ തീരുമാനിച്ചിട്ടുള്ളതുമാണ്. ഒഡീഷ്യയിലെ ഭുവനേശ്വറിൽ വച്ച് നടന്ന 22-ാമത് എഷ്യൻ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ 1500 മീറ്ററിൽ സ്വർണ്ണ മെഡൽ കരസ്ഥമാക്കിയ മലയാളി കായിക താരം കുമാരി പി. യു. ചിത്രയ്ക്ക് തുടർപരിശീലന ചെലവിലേയ്ക്കായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ എലൈറ്റ് സ്കീമിൽ ഉൾപ്പെടുത്തി പ്രതിദിനം 500 രൂപയും മികച്ച കായിക താരങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള ഡോ.എ. പി. ജെ. അബ്ദുൾകലാം സ്കോളർഷിപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രതിമാസം 10,000 രൂപയും അനുവദിച്ചിട്ടുണ്ട്. ഇൻഡോനേഷ്യയിലെ ജക്കാർത്തയിൽ വച്ച് നടന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യക്കുവേണ്ടി മെഡൽ നേടിയ കേരളീയ കായികതാരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകിയിട്ടുണ്ട്. ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്കുവേണ്ടി മെഡൽ നേടിയ കേരളീയ കായികതാരങ്ങൾക്ക് സർക്കാർ ജോലി നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ദേശീയ/അന്തർദ്ദേശീയ മത്സരങ്ങളിൽ വിജയികളായ കായിക താരങ്ങൾക്ക് 2013-14 മുതൽ 2015-16 വരെ ക്യാഷ് അവാർഡ് ഇനത്തിൽ കുടിശ്ശികയായിരുന്ന മുഴുവൻ തുകയും വിതരണം ചെയ്തിട്ടുണ്ട്.

മികച്ച കായിക താരങ്ങൾക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന ക്ലാസ് III, ക്ലാസ് IV തസ്തികയിലെ നിയമനങ്ങളിൽ അധിക മാർക്ക് നൽകുന്ന പദ്ധതി പ്രകാരം 32 കായിക ഇനങ്ങളെ അധിക മാർക്ക് നൽകുന്നതിന് പരിഗണിച്ചുവരുന്നുണ്ട്. ദേശീയ അന്തർദ്ദേശീയ മത്സരങ്ങളിൽ പങ്കെടുത്ത് വിജയിക്കുന്ന കായികതാരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകിവരുന്നതോടൊപ്പം കേരളസ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ സ്കീമുകളിൽ ഉൾപ്പെടുന്ന കായിക താരങ്ങൾക്ക് ചികിത്സാ ധനസഹായവും അനുവദിച്ചുവരുന്നുണ്ട്. ദേശീയ സിവിൽ സർവ്വീസസ് മത്സരങ്ങളിൽ പങ്കെടുത്ത് 1, 2, 3 സ്ഥാനങ്ങൾ നേടുന്ന കായിക താരങ്ങൾക്ക് യഥാക്രമം 5000, 3000, 1500 രൂപ ക്രമത്തിൽ ക്യാഷ് അവാർഡ് നൽകിവരുന്നുണ്ട്. സംസ്ഥാന സ്കൂൾ, കോളേജ് കായിക മത്സരങ്ങളിൽ വിജയിച്ച സ്കൂൾ, കോളേജ് പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ കായിക താരങ്ങൾക്കായി സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. സ്കൂൾ കായിക മേളയിൽ ഒന്നാം സ്ഥാനം നേടുന്ന സ്കൂൾ കുട്ടികൾക്ക് ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്നതിനാവശ്യമായ ക്രമീകരണങ്ങളും എല്ലാ ചെലവുകളും സർക്കാർ വഹിക്കുന്നതോടൊപ്പം ദേശീയ തലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കുന്നവർക്ക് യഥാക്രമം 25,000, 20,000, 15,000 രൂപ

ക്രമത്തിൽ ക്യാഷ് അവാർഡും സംസ്ഥാനതലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം നേടുന്ന കുട്ടികൾക്ക് യഥാക്രമം 375, 250, 125 ക്രമത്തിൽ പ്രൈസ് മണിയും നൽകി വരുന്നുണ്ട്. ഇത് കഴിഞ്ഞ 5 വർഷമായി മുടങ്ങിക്കിടന്നത് ഈ സർക്കാർ നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാന/ദേശീയ റെക്കാർഡുകൾ കരസ്ഥമാക്കുന്ന കുട്ടികൾക്ക് സ്വർണ്ണ പതക്കവും നൽകിവരുന്നു. കായികതാരങ്ങൾക്ക് ധനസഹായം നൽകുന്നതിനായി കായിക വികസന നിധി രൂപീകരിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം കായികവികസന നിധിയിൽനിന്നും 7 കായിക താരങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്.

(സി) കേരള സർക്കാർ സർവ്വീസിലേക്ക് പി.എസ്.സി. നടത്തുന്ന നിയമനങ്ങളിൽ കായികതാരങ്ങൾക്ക് 1% സംവരണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് സർക്കാർ പ്രതിനിധികളും പി.എസ്.സി.-യുടെ ചെയർമാൻ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരും പങ്കെടുത്ത് ജോയിന്റ് സിറ്റിംഗിൽ ഭാവിയിൽ ഉടലെടുക്കുന്ന ഒഴിവുകളുടെ 1% കണക്കാക്കി ടി ഒഴിവുകളിലേക്ക് "Special Recruitment for Sports" എന്ന രീതി അവലംബിച്ച് സർക്കാരിന്റെ കായിക രംഗത്തെ ഉന്നമനം പൂർത്തിയാക്കുന്നതിന് അനുയോജ്യമെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. മേൽതീരുമാനത്തിനായി തുടർ ചർച്ചകൾ ആവശ്യമാണെന്ന ജോയിന്റ് സിറ്റിംഗിലെ തീരുമാനപ്രകാരം തുടർ നടപടികൾ പുരോഗമിക്കുന്നു.

(ഡി) സംസ്ഥാനത്ത് സർക്കാർ മേഖലയിൽ നിലവിൽ ജി. വി. രാജ സ്പോർട്സ് സ്കൂൾ തിരുവനന്തപുരം, സ്പോർട്സ് ഡിവിഷൻ കണ്ണൂർ എന്നീ രണ്ട് സ്പോർട്സ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്ത് കായികരംഗത്ത് മുന്നേറ്റമുണ്ടാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും കൂടുതൽ കുട്ടികളെ തെരഞ്ഞെടുത്ത് വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കുന്നതിന്റെ ഭാഗമായി കണ്ണൂർ സ്പോർട്സ് ഡിവിഷന്റെ മാതൃകയിൽ സംസ്ഥാനത്ത് കൂടുതൽ സ്പോർട്സ് സ്കൂളുകൾ ആരംഭിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

**പമ്പയിലും സമീപ പ്രദേശങ്ങളിലും പ്രളയം വരുത്തിവച്ച നാശനഷ്ടം**

22(*202) <u>ശ്രീമതി പി. അയിഷാ പോറ്റി</u> :
<u>ശ്രീ. രാജു എബ്രഹാം</u> :
<u>ശ്രീ. എം. മുകേഷ്</u> :
<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പയിലും ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച പ്രദേശങ്ങളിലും കൊടുംപ്രളയം വരുത്തിവച്ച നാശനഷ്ടം എന്തെല്ലാമെന്ന് അറിയിക്കാമോ; ഈ പ്രദേശങ്ങൾ പൂർവ്വസ്ഥിതിയിലാക്കുന്നതിന് കേന്ദ്ര സഹായം അഭ്യർത്ഥിച്ചിരുന്നോ; എന്തൊക്കെ സഹായങ്ങൾ ലഭിച്ചു;

(ബി) പുനർനിർമ്മാണം സംബന്ധിച്ച് സെൻട്രൽ എംപവേർഡ് കമ്മിറ്റി നിർദ്ദേശം വല്ലതും നൽകിയിട്ടുണ്ടോ; എങ്കിൽ എന്താണെന്ന് അറിയിക്കാമോ;

(സി) സ്പിരിച്വൽ സർക്യൂട്ട് പ്രോജക്ടിന്റെ ഭാഗമായി ശബരിമലയ്ക്കും അനുബന്ധ വികസനപ്രവർത്തനങ്ങൾക്കുമായി കേന്ദ്ര ടൂറിസം മന്ത്രാലയം എത്ര തുകയാണ് അംഗീകരിച്ചത്; അതിൽ എത്ര തുക ഇതുവരെ ലഭിച്ചു;

(ഡി) പദ്ധതി നടപ്പിലാക്കേണ്ടത് ആരെന്നും സാങ്കേതികാനുമതി നൽകേണ്ടത് ആരെന്നും അറിയിക്കാമോ; ഈ കേന്ദ്രാവിഷ്കൃത പദ്ധതി നടത്തിപ്പ് സംബന്ധിച്ചും നൽകിയ തുക സംബന്ധിച്ചും ഉത്തരവാദപ്പെട്ട സ്ഥാനം വഹിക്കുന്നവർ തെറ്റായ വിവരം ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധമായി പ്രചരിപ്പിച്ച കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഇ) സംസ്ഥാന സർക്കാർ ശബരിമല തീർത്ഥാടന സൗകര്യങ്ങൾ ഒരുക്കാനായി കഴിഞ്ഞ സാമ്പത്തിക വർഷവും ഈ വർഷം ഇതുവരെയും എത്ര തുക ചെലവഴിച്ചെന്ന് അറിയിക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) 2018 ആഗസ്റ്റ് മാസമുണ്ടായ വെള്ളപ്പൊക്കത്തിൽ പമ്പയിലെ രാമമൂർത്തി മണ്ഡപവും പമ്പയിലെ മൂന്ന് ടോയിലറ്റ് ബ്ലോക്കുകളും പൂർണ്ണമായും തകർന്നു. മെസ് ബിൽഡിംഗ്, റെസ്റ്റോറൻറ് ബ്ലോക്ക്, ക്ലോക്ക് റൂം, അന്നദാന മണ്ഡപം, മരാമത്ത് കോംപ്ലക്സ് എന്നിവ ഭാഗികമായും തകർന്നു. സ്വീവേജ് പ്ലാന്റിൽ വെള്ളംകയറി വൈദ്യുതിബന്ധം തകരാറിലായി. നടപ്പന്തൽ, ആറാട്ടുകടവ്, ഫയർഫോഴ്സ് ഷെഡ്, ഡോളി കൗണ്ടർ, കാരുണ്യ മെഡിക്കൽ ഷോപ്പ് എന്നിവയ്ക്കും കേടുപാടുകൾ സംഭവിച്ചു. വടശ്ശേരിക്കര-പ്ലാപ്പള്ളി-നിലയ്ക്കൽ-പമ്പ റോഡിന്റെ ചില ഭാഗങ്ങൾ തകർന്ന് ഗതാഗതയോഗ്യമല്ലാതായി. പുനഃനിർമ്മാണ പ്രവർത്തനങ്ങൾക്ക് കേന്ദ്ര ധനസഹായം ആവശ്യപ്പെട്ടിട്ടില്ല.

(ബി) പമ്പാ നദിക്കരയിൽനിന്നും 50 മീറ്റർ മാറ്റി മാത്രമെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ പാടുള്ളൂവെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(സി) ശബരിമല-എരുമേലി-പമ്പ സ്പിരിച്വൽ സർക്യൂട്ടിന് 99.98 കോടി രൂപയ്ക്ക് ശ്രീ പത്മനാഭ സ്വാമി ക്ഷേത്രം-ആറന്മുള-ശബരിമല സർക്യൂട്ടിൽ ഉൾപ്പെടുത്തി 6 കോടി രൂപയ്ക്കുമുള്ള പ്രൊപ്പസലുകൾക്ക് അംഗീകാരം ലഭിച്ചിട്ടുള്ളതിൽ 20.8 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(ഡി) പദ്ധതിയ്ക്ക് സാങ്കേതികാനുമതി നൽകി നടപ്പിലാക്കേണ്ടത് ബഹുമാനപ്പെട്ട ഹൈക്കോടതി നിയോഗിച്ച ശബരിമല മാസ്റ്റർപ്ലാൻ ഹൈപവർ കമ്മിറ്റിയാണ്. ലഭിച്ച തുക സംബന്ധിച്ച് തെറ്റായ വിവരം പ്രചരിപ്പിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) അനുവദിച്ച തുക അനുബന്ധമായി* ചേർത്തിട്ടുണ്ട്.

**സർക്കാർ നിയമനങ്ങളും പെൻഷൻ ഏകീകരണവും**

23(*203) ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. എം. ഉമ്മർ :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെൻഷൻ പ്രായം ഏകീകരണം, പെൻഷൻ പ്രായം വർദ്ധിപ്പിക്കൽ എന്നിവ പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ബി) വിവിധ വകുപ്പുകളിൽ നിലവിൽ ഒഴിവുള്ള ഏതെങ്കിലും തസ്തിക കളിലേക്ക് ദിവസവേതന/കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കാൻ ധനവകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) പി.എസ്.സി. ലിസ്റ്റ് നിലവിലുള്ള തസ്തികകളിൽ നിന്നും നിയമനം നടത്തുന്നതിന് ധനവകുപ്പിന്റെ ഭാഗത്തു നിന്നും എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) പെൻഷൻ പ്രായം ഏകീകരണം, പെൻഷൻ പ്രായം വർദ്ധിപ്പിക്കൽ എന്നിവ പരിഗണനയിലില്ല.

(ബി) വിവിധ വകുപ്പുകളിൽ നിലവിൽ ഒഴിവുള്ള ഏതെങ്കിലും തസ്തികകളിലേയ്ക്ക് ദിവസവേതന/കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുവാൻ പൊതുവായ നിർദ്ദേശങ്ങളൊന്നുംതന്നെ ധനകാര്യ വകുപ്പ് നൽകിയിട്ടില്ല. എന്നാൽ ചില വകുപ്പുകളുടെ അടിയന്തരമായ ആവശ്യകത പരിഗണിച്ച് തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുമതി നൽകിയ അവസരത്തിൽ 26-2-2016-ലെ സ.ഉ.(അ)നമ്പർ 28/2016/ധന. 28-4-2017-ലെ സ.ഉ.(അ)നമ്പർ 56/2017/ ധന. സ.ഉ.(അ)നമ്പർ 112/2018/ ധന തീയതി 21-7-2018 എന്നീ ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരം ദിവസവേതന/കരാർ അടിസ്ഥാനത്തിൽ നിയമനം നൽകാൻ അനുവാദം നൽകിയിട്ടുണ്ട്. (വിശദീകരണക്കുറിപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.)

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) പി.എസ്.സി. ലിസ്റ്റ് നിലവിലുള്ള തസ്തികകളിൽ നിന്നും നിയമനം നടത്തുന്നതിന് ധനകാര്യ വകുപ്പിന്റെ ഭാഗത്തുനിന്നും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ ജി.എസ്.റ്റി. നടപ്പിലാക്കിക്കഴിഞ്ഞ സാഹചര്യത്തിൽ എസ്.ജി.എസ്.റ്റി. വകുപ്പിൽ സ്റ്റേറ്റ് ടാക്സ് ഓഫീസർ തസ്തികകളിൽ ആവശ്യമുള്ള തസ്തികകൾ എത്രയാണെന്നതിൽ വിശദമായ അവലോകനം നടത്തിയതിനുശേഷം മാത്രം പ്രസ്തുത തസ്തികയിൽ ഇനി ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്താൽ മതിയെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കിഫ്ബി വഴി നടപ്പാക്കുന്ന പദ്ധതികളുടെ പുരോഗതി

24(*204) ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസ്തി വികസനത്തിലൂടെ സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തി രാജ്യത്തെ മുൻനിര സംസ്ഥാനമാക്കി കേരളത്തെ മാറ്റുകയെന്ന ലക്ഷ്യത്തോടെ ആസൂത്രണം ചെയ്ത കിഫ്ബി വഴി നടപ്പാക്കുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്താറായിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) ദീർഘകാലാടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ ധനമാനേജ്മെന്റ് തൃപ്തികരമാണെന്ന് വിലയിരുത്തി ആഗോള റേറ്റിംഗ് സ്ഥാപനങ്ങൾ നൽകിയ മികച്ച റേറ്റിംഗ്, വിദേശ മാർക്കറ്റിൽ നിന്ന് ബോണ്ട് വഴി നിക്ഷേപസമാഹരണം സാധ്യമാക്കിയിരിക്കുന്ന പശ്ചാത്തലത്തിൽ ആയതിനായി നടത്തി വരുന്ന ശ്രമങ്ങൾ അറിയിക്കാമോ; ഇക്കാര്യത്തിൽ റിസർവ് ബാങ്കിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ;

(സി) രൂപയുടെ മൂല്യത്തകർച്ച നിക്ഷേപ സമാഹരണം ചെലവേറിയതും സന്ദിഗ്ദ്ധാവസ്ഥയിലും ആക്കിത്തീർത്തിട്ടുണ്ടോ;

(ഡി) വിവിധ പ്രവൃത്തികളുടെ നിർവ്വഹണം കാര്യക്ഷമമായി പൂർത്തീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നതിനാൽ അവയ്ക്കുള്ള പണം നൽകുന്നതിന് അടിയന്തരമായി ഫണ്ട് കണ്ടെത്തേണ്ടതുണ്ടോ; എങ്കിൽ അതിന് അവലംബിച്ചിരിക്കുന്ന മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) 50,000 കോടി രൂപയോളം അടിസ്ഥാന സൗകര്യ മേഖലയിൽ നിക്ഷേപം നടത്തുകയെന്ന ഉദ്ദേശ്യത്തോടെ 2016-17 ബഡ്ജറ്റ് മുതലാണ് കിഫ്ബി വഴി പദ്ധതികൾ നിർദ്ദേശിക്കപ്പെട്ടുവന്നത്. ബഡ്ജറ്റ് വഴിയോ മന്ത്രിസഭാ യോഗ തീരുമാനം വഴിയോ കിഫ്ബിയിലേക്ക് സമർപ്പിക്കപ്പെട്ട പദ്ധതികളിൽ 39,707.73 കോടി രൂപയുടെ പദ്ധതികൾക്ക് കിഫ് ബോർഡ് അംഗീകാരം നൽകിയിട്ടുണ്ട്. ഇവയുടെ പുരോഗതി വിലയിരുത്തുന്നതിലേയ്ക്കായി പദ്ധതിയുമായി ബന്ധപ്പെട്ട വകുപ്പുകളുമായും പദ്ധതി നിർവ്വഹണ ഏജൻസികളുമായും നിശ്ചിത ഇടവേളകളിൽ പദ്ധതി അവലോകന യോഗങ്ങൾ കിഫ്ബി നടത്തിവരുന്നു. ഈ പദ്ധതികളുടെ മൊത്തം പുരോഗതി സൂചിപ്പിക്കുന്ന ഒരു പട്ടിക ചുവടെ ചേർക്കുന്നു :

| ക്രമ.നമ്പർ | കിഫ്ബി പദ്ധതികളുടെ നിലവിലെ സ്ഥിതി | |
|---|---|---|
| 1 | സമർപ്പിക്കപ്പെട്ട പദ്ധതികൾ | 610 |
| 2 | അംഗീകരിച്ച പദ്ധതികൾ | 466 |
| 3 | മൊത്തം പദ്ധതി അടങ്കൽ | 47,878.77 കോടി |
| 4 | അംഗീകരിച്ച പദ്ധതി തുക | 39,707.73 കോടി |
| 5 | ടെണ്ടർ ചെയ്ത പദ്ധതികൾ | 228 |
| 6 | ടെണ്ടർ ചെയ്ത തുക | 8,188 കോടി |
| 7 | അവാർഡ് ചെയ്ത പദ്ധതികൾ | 179 |
| 8 | അവാർഡ് ചെയ്ത തുക | 6,007 കോടി |
| 9 | പദ്ധതികൾക്കായി ചെലവഴിച്ച തുക | 993.81 കോടി |

(ബി) മസാല ബോണ്ടുകൾ വഴി അന്താരാഷ്ട്ര വിപണിയിൽ കടപ്പത്രങ്ങൾ പുറപ്പെടുവിക്കുന്നതിന്റെ ഭാഗമായാണ് എസ് ആന്റ് പി. ഗ്ലോബൽ റേറ്റിംഗ്, ഫീച്ച് റേറ്റിംഗ് എന്നീ അന്താരാഷ്ട്ര ക്രെഡിറ്റ് റേറ്റിംഗ് ഏജൻസികൾ വഴിയുള്ള റേറ്റിംഗ് നടത്തുവാൻ കിഫ്ബി നടപടികൾ സ്വീകരിച്ചത്. ഈ രണ്ട് ഏജൻസികളും കിഫ്ബിയ്ക്കും കേരള സംസ്ഥാനത്തിനും സ്ഥിരതയാർന്ന ഡബിൾ ബി റേറ്റിംഗാണ് (Long term Foreign Currency rating of BB with Stable Outlook) നൽകിയി

രിക്കുന്നത്. നാളിതുവരെ ഇന്ത്യയിലെ ഏതെങ്കിലും ഒരു സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ളതിൽ ഏറ്റവും ഉയർന്ന റേറ്റിംഗാണിത് എന്നുള്ളത് സാമൂഹ്യവികസന സൂചികകളിലെന്നപോലെ സാമ്പത്തിക കാര്യത്തിലും മാക്രോ ഇക്കണോമിക് സൂചികകളിലും രാജ്യത്ത് നമ്മുടെ സംസ്ഥാനത്തിനുള്ള മികച്ച സ്ഥാനം അടിവരയിടുന്നു. കേരള സംസ്ഥാനം നേരിട്ട പ്രളയക്കെടുതികളും അതോടനുബന്ധിച്ച് ധനസ്ഥിതിയിൽ ഉണ്ടാകാവുന്ന ദീർഘകാല പ്രത്യാഘാതങ്ങളും വിലയിരുത്തിയശേഷമാണ് മികച്ച റേറ്റിംഗ് നൽകിയിരിക്കുന്നത് എന്നത് കേരളത്തിന്റെ സുശക്തതമായ സമ്പത്ത് ഘടനയുടെയും കിഫ്ബിയുടെ ഭദ്രമായ തിരിച്ചടവ് ശേഷിയുടെയും തെളിവാണ്. മസാല ബോണ്ടുകൾ വഴി പണം കണ്ടെത്തുന്നതിനുള്ള നടപടി ക്രമങ്ങൾ നടന്നുവരുന്നു. ഈ രീതിയിൽ ആഗോള നിക്ഷേപകരിൽനിന്നും ഒന്നോ അതിലധികമോ തവണകളായി 5000 കോടി രൂപയോളം സമാഹരിക്കുവാൻ ഉദ്ദേശിക്കുന്നു. 2672.80 കോടി രൂപയുടെ മസാല ബോണ്ടുകൾ പുറപ്പെടുവിക്കാനുള്ള അനുമതി റിസർവ് ബാങ്കിൽ നിന്നും ഇതിനകം ലഭിച്ചിട്ടുണ്ട്. റിസർവ് ബാങ്കിൽ നിന്നും ലഭ്യമായ രേഖയുടെ പകർപ്പ് അനുബന്ധമായി ലഭ്യമാക്കുന്നു.*

(സി) രൂപയുടെ മൂല്യത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്ന സാഹചര്യത്തിൽ നിക്ഷേപകരിൽ കാര്യമായ ആശങ്കകൾ ഉണ്ടായതായി കാണുന്നില്ല. കിഫ്ബിയെ സംബന്ധിച്ച് അതത് സാഹചര്യങ്ങളിൽ ഉചിതമെന്ന് കരുതുന്ന ധനസമാഹരണ രീതി അവലംബിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ഇന്നത്തെ സ്ഥിതിയിൽ പദ്ധതി നിർവ്വഹണത്തിനാവശ്യമായ തുക കിഫ്ബിയുടെ കൈവശമുണ്ട്. എന്നാൽ 2019 വർഷം പകുതിയോടെ പദ്ധതി നിർവ്വഹണത്തിന്റെ വേഗതയിലും ഇതേത്തുടർന്ന് കിഫ്ബിയിലേക്ക് സമർപ്പിക്കപ്പെടുന്ന ബില്ലുകളുടെ എണ്ണത്തിലും ഗണ്യമായ വർദ്ധന പ്രതീക്ഷിക്കുന്നു. കിഫ് ആക്ട് അനുവദിക്കുന്ന രീതിയിലുള്ള എല്ലാ മാർഗ്ഗങ്ങളും ഉചിതമായി പ്രയോജനപ്പെടുത്തി ഇതിലേക്കായുള്ള ധന സമാഹരണം നടത്തുവാനാണ് ലക്ഷ്യമിടുന്നത്. ഇപ്രകാരം നബാർഡിൽനിന്നും 565 കോടി രൂപയുടെ ടേം ലോൺ അനുവദിച്ച് കിട്ടിയിട്ടുണ്ട്. കൂടാതെ കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടിയുമായി ബന്ധപ്പെട്ട് പ്രത്യേക കിഫ്ബി ബോണ്ടുകൾ പുറപ്പെടുവിക്കുന്നത് 2018 നവംബർ മാസം മുതൽ ആരംഭിച്ചിട്ടുണ്ട്. ദേശസാൽകൃത ബാങ്കുകളിൽനിന്ന് ടേം ലോണുകൾ ലഭ്യമാക്കുന്നതിനും മസാല ബോണ്ടുകൾ വഴി അന്താരാഷ്ട്ര വിപണിയിൽനിന്നും ധനസമാഹരണം നടത്തുന്നതിനുമുള്ള നടപടിക്രമങ്ങളും പുരോഗമിക്കുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പദ്ധതികളുടെ നിർവ്വഹണം ത്വരിതഗതിയിലാക്കുന്നതിനുള്ള നടപടി

25(*205) ശ്രീ. കെ. ആൻസലൻ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ പദ്ധതികളുടെ നിർവ്വഹണം ത്വരിതഗതിയിലും കാര്യക്ഷമവുമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ വർഷത്തെ പദ്ധതിച്ചെലവ് കഴിഞ്ഞ വർഷത്തേക്കാൾ വർദ്ധിച്ചിട്ടുണ്ടോ; എങ്കിൽ വർദ്ധനവ് എത്ര ശതമാനമാണെന്ന് വിശദമാക്കാമോ;

(സി) സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിലേയ്ക്ക് പദ്ധതി ചെലവുകൾ മാറ്റിവയ്ക്കുന്നത് ഒഴിവാക്കാനും ആദ്യ മൂന്ന് മാസങ്ങളിൽ വാർഷിക പദ്ധതി പ്രകാരമുള്ള പരമാവധി പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സമർപ്പണത്തിനും ഏകോപനത്തിനും നിശ്ചിത സമയത്ത് തുക ലഭ്യമാക്കുന്നതിനും വേണ്ടി പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി നിർവ്വഹണം സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ഓരോ മാസവും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വകുപ്പ് സെക്രട്ടറിമാരുടെ യോഗം നടത്തുകയും പ്രസ്തുത യോഗത്തിൽ പദ്ധതി നടപ്പിലാക്കുമ്പോഴുള്ള പ്രശ്നങ്ങൾ അവതരിപ്പിക്കുകയും അത് പരിഹരിക്കുന്നതിനായി വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മൂന്ന് മാസത്തിലൊരിക്കൽ പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്താറുണ്ട്. കൂടാതെ സംസ്ഥാന ആസൂത്രണ ബോർഡിൽ വാർഷിക പദ്ധതി രൂപീകരണ ചർച്ചയിൽ പദ്ധതികളുടെ പുരോഗതി വിലയിരുത്താറുണ്ട്. സംസ്ഥാന ആസൂത്രണ ബോർഡിന്റെ പ്ലാൻ സ്പേസ് സാങ്കേതികവിദ്യയിലൂടെയാണ് ഇത് നടപ്പിലാക്കുന്നത്. കൂടാതെ ജില്ലാതലത്തിൽ എല്ലാ മാസവും അവസാന ശനിയാഴ്ച ദിവസങ്ങളിൽ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാ വികസന സമിതി കൂടുകയും ബഹുമാനപ്പെട്ട എം.പി.-മാർ, എം.എൽ.എ.-മാർ എന്നിവർ ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ, വിവിധ വകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥർ എന്നിവരുടെ യോഗത്തിൽ ജില്ലയിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ നടത്തിപ്പ് പുരോഗതി അവലോകനം ചെയ്യുന്നുണ്ട്.

(ബി) 30-11-2018-ലെ താൽക്കാലിക കണക്കുപ്രകാരം ഈ സാമ്പത്തിക വർഷത്തിലെ പദ്ധതിച്ചെലവിലുള്ള പുരോഗതി കഴിഞ്ഞ വർഷം ഇതേ കാലയളവിൽ രേഖപ്പെടുത്തിയ പുരോഗതിയേക്കാൾ കുറവാണ് കാണിക്കുന്നത്. ഇതുപ്രകാരം 2018-19 കാലയളവിലെ പദ്ധതി ചെലവ് 37.31 ശതമാനവും കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ ഇതേ കാലയളവിലെ പദ്ധതി ചെലവ് 55.8 ശതമാനവുമാണ്. 2018 ആഗസ്റ്റ് മാസമുണ്ടായ പ്രളയ ദുരന്തം ഏൽപ്പിച്ച ആഘാതം പദ്ധതി പ്രവർത്തനങ്ങൾ മന്ദീഭവിക്കുവാൻ ഇടയാക്കിയിട്ടുണ്ട്.

(സി) പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുവാനും പദ്ധതി വിഹിതം സമയ ബന്ധിതമായി വിനിയോഗിക്കുവാനും 30-12-2017-ലെ സ.ഉ.(എം.എസ്) 45/2017-പ്ലാനിംഗ് നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം മുന്തിയ പരിഗണന അർഹിക്കുന്നതും ഉടൻ നടപ്പിലാക്കാൻ കഴിയുന്നതുമായ പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ട് 2018-19 വാർഷിക പദ്ധതിയിൽ ഗ്രീൻബുക്ക് തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതികൾ നടപ്പിലാക്കുന്നതിന് വീണ്ടും ധനകാര്യ വകുപ്പിന്റെയോ ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെയോ ഉപദേശം ആരായേണ്ട ആവശ്യമില്ലാത്തതിനാൽ സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽതന്നെ ഭരണാനുമതി നൽകിക്കൊണ്ട് പദ്ധതി നർവ്വഹണം ത്വരിതഗതിയിലാക്കുന്നതിന് ഉപകരിക്കുന്നു. കൂടാതെ പദ്ധതി ചെലവ് അവസാന മാസങ്ങളിലേക്ക് മാറ്റിവയ്ക്കുന്നത് ഒഴിവാക്കുന്നതിനായി 30-3-2017-ലെ 20/2017/ധന നമ്പർ സർക്കുലർ പ്രകാരം 85% പ്ലാൻ ഫണ്ട് മാർച്ചിന് മുമ്പും ശേഷിക്കുന്ന 15% മാർച്ചിലും ചെലവഴിക്കേണ്ടതാണെന്ന നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാന പദ്ധതികളുടെ കേന്ദ്രീകൃത നിരീക്ഷണത്തിനും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സമർപ്പണത്തിനും ഏകോപനത്തിനും നിശ്ചിത സമയത്ത് തുക ലഭ്യമാക്കുന്നതിനുംവേണ്ടി ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിൽ സെൻട്രൽ പ്ലാൻ മോണിറ്ററിംഗ് യൂണിറ്റ് (സി.പി.എം.യു) പ്രവർത്തിക്കുന്നുണ്ട്.

## കരിമണൽ കയറ്റുമതി നയം

26(*206) ശ്രീമതി ഗീതാ ഗോപി :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിന്ന് കോടിക്കണക്കിന് രൂപയുടെ കരിമണൽ സമീപ സംസ്ഥാനങ്ങളിലേക്ക് അനധികൃതമായി കടത്തുന്നത് വിലയിരുത്തിയിട്ടുണ്ടോ;

(ബി) കരിമണൽ ധാതുക്കളുടെ കയറ്റുമതി പൂർണ്ണമായും പൊതുമേഖലയിൽ ആക്കിയത് കേരളത്തിൽ നിന്നുള്ള അനധികൃത കരിമണൽ കടത്ത് അവസാനി പ്പിക്കുന്നതിന് സഹായകരമാകുമോ; വ്യക്തമാക്കുമോ;

(സി) തീരദേശ കരിമണൽ കയറ്റുമതി നയത്തിലെ മറ്റ് പ്രധാന മാറ്റങ്ങൾ ഏതൊക്കെയാണെന്നും അവ സംസ്ഥാന താല്പര്യങ്ങളെ എപ്രകാരം ബാധിക്കുമെന്നും വ്യക്തമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) കേരളത്തിൽനിന്ന് കരിമണൽ അനധികൃതമായി കടത്തുന്നത് സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ട്. കേരളത്തിൽനിന്നും അനധികൃതമായി കരിമണൽ സമീപ സംസ്ഥാനങ്ങളിലേയ്ക്ക് കടത്തുന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് മൈനിഗ് ആന്റ് ജിയോളജി വകുപ്പിലെ ദക്ഷിണ മേഖലാ സ്ക്വാഡിനോട് ധാതുമണൽ കടത്തി കൊണ്ടുപോകുന്നത് തടയുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത സ്ക്വാഡ് കൊല്ലം ജില്ലയിൽ തീരപ്രദേശങ്ങൾ കേന്ദ്രീകരിച്ചുകൊണ്ട് പരിശോധന നടത്തി വരുന്നു. കൂടാതെ അനധികൃത ധാതു മണൽ കടത്ത് തടയുന്നതിനായി പോലീസ് പട്രോളിംഗ് നടത്തുന്നുണ്ട്. 28-12-2009-ലെ ജി.ഒ.(ആർ.റ്റി) നമ്പർ 1603/09/വ്യവ നമ്പർ ഉത്തരവ് പ്രകാരം റവന്യൂ, മൈനിംഗ് ആന്റ് ജിയോളജി, പോലീസ് വകുപ്പു കളിലെ ഉദ്യോഗസ്ഥരടങ്ങിയ ഒരു സ്ക്വാഡും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി&സി) ബീച്ച് സാൻഡ് മിനറൽസിന്റെ കയറ്റുമതിയെ സംബന്ധിച്ച് കേന്ദ്ര വാണിജ്യ-വ്യവസായ മന്ത്രാലയത്തിന്റെ കീഴിലുള്ള വാണിജ്യ വകുപ്പ് (ഡയറക്ടറേറ്റ് ജനറൽ ഓഫ് ഫോറിൻ ട്രേഡ്) 21-8-2018-ൽ 3842 നമ്പരായി അസാധാരണ ഗസറ്റ് വിജ്ഞാപനം (part II-Section 3-Sub-Section (ii) പുറപ്പെടുവിച്ചിട്ടുണ്ട്. (അനുബന്ധം*) പ്രസ്തുത വിജ്ഞാപനത്തിലൂടെ ഇൻഡ്യൻ ട്രേഡ് ക്ലാസിഫിക്കേഷനിലെ (Harmonized system) (Classification of Exports and imports Items 2018) ഷെഡ്യൂൾ രണ്ടിലെ ചാപ്റ്റർ 26-ലാണ് ഭേദഗതി കൊണ്ടുവരുന്നത്. ഭേദഗതി പ്രകാരം ബിച്ച്സാൻഡ് മിനറൽസായ ഇൽമനൈറ്റ്, റൂട്ടൈൽ, ല്യൂകോക്സിൻ, സിർക്കോൺ, ഗാർണൈറ്റ്, സില്ലിമനൈറ്റ്, മോണോസൈറ്റ് എന്നിവ കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡ് വഴി മാത്രമേ കയറ്റുമതി ചെയ്യാൻ സാധിക്കുകയുള്ളൂ. ഇതിനെ സംബന്ധിച്ച Standard Operating Procedure ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. 21-8-2018-ലെ വിജ്ഞാപനത്തിലൂടെ കൊണ്ടുവന്ന ബീച്ച് സാൻഡ് മിനറൽസിന്റെ കയറ്റുമതിയിലുള്ള നിയന്ത്രണം

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കേരളത്തിൽ നിന്നുള്ള അനധികൃത കരിമണൽ കടത്ത് അവസാനിപ്പിക്കാൻ സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡ് എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനം വഴി മാത്രമേ ബീച്ച് സാൻഡ് മിനറൽസ് കയറ്റുമതി ചെയ്യാൻ സാധിക്കുകയുള്ളൂവെന്ന നിയന്ത്രണം സംസ്ഥാന താൽപ്പര്യങ്ങളെ ദോഷകരമായി ബാധിക്കുമെന്ന് പ്രതീക്ഷിക്കുന്നില്ല.

## പ്രളയം ബാധിച്ച വൈദ്യുതി മേഖല

27(*207) ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുണ്ടായ അതിഭീകരമായ പ്രളയം വൈദ്യുത മേഖലയെ ഗുരുതരമായി ബാധിച്ചുവോ; വിശദമാക്കുമോ?

(ബി) വെള്ളപ്പൊക്കത്തിലും ഉരുൾപ്പൊട്ടലിലും മലവെള്ളപ്പാച്ചിലിലും വൈദ്യുതി ബോർഡിന്റെ ഉല്പാദന പ്രസരണ വിതരണ സംവിധാനങ്ങൾക്ക് സംഭവിച്ച തകർച്ചയുടെ കണക്കെടുപ്പ് പൂർത്തിയായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ട്രാൻസ്ഫോർമറുകളും പ്രസരണ വിതരണ സംവിധാനങ്ങളും പൂർവ്വസ്ഥിതിയിൽ എത്തിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും ആയതിന്റെ പുരോഗതിയും വ്യക്തമാക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) ബാധിച്ചു. ജലവൈദ്യുത പദ്ധതികൾക്ക് പലതിനും കാര്യമായ കേടുപാടുകളും നാശനഷ്ടവും സംഭവിച്ചത് വൈദ്യുത ഉൽപ്പാദനത്തെ പ്രതികൂലമായി ബാധിക്കുകയും അതുമൂലം ആഭ്യന്തര വൈദ്യുതി ഉൽപ്പാദനത്തിൽ ഗണ്യമായ കുറവ് ഉണ്ടാകുകയും ഉപഭോക്താക്കൾക്ക് ആവശ്യത്തിന് വൈദ്യുതി എത്തിക്കാൻ കഴിയാത്ത അവസ്ഥയും സംജാതമായിരുന്നു. പ്രളയത്തിന്റെ ഭാഗമായി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കീഴിലുള്ള 19 ജലവൈദ്യുതി പദ്ധതികളിലായി 80.85 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്. ഇതോടൊപ്പം വൈദ്യുതി ഉൽപ്പാദനത്തിലുണ്ടായ നഷ്ടം നാനൂറ് കോടി രൂപയിലധികമാണ്. പ്രസരണ വിഭാഗങ്ങളിലെ സംവിധാനങ്ങളായ പാനൽ സെറ്റുകൾ, ട്രാൻസ്ഫോർമറുകൾ, കൺട്രോൾ പാനൽ, ഫീഡർ പാനൽ, ബാറ്ററി, ബാറ്ററി ചാർജ്ജർ, ആട്ടോ റീക്ലോസർ, സർക്യൂട്ട് ബ്രേക്കർ, പ്രസരണ ലൈനുകൾ, ടെർമിനൽ ടവർ, സബ്സ്റ്റേഷൻ, ചുറ്റുമതിലുകൾ തുടങ്ങിയവയുടെ

നാശനഷ്ടം സംഭവിച്ചു. പല പ്രസരണലൈനുകൾക്കും പ്രളയത്തിൽ സാരമായ കേടുപാടുകൾ പറ്റിയതിനാൽ സബ്സ്റ്റേഷൻ ഓഫ് ചെയ്യേണ്ടതായി വന്നു. പ്രളയക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച സബ്സ്റ്റേഷൻ വിവരം അനുബന്ധം* ആയി ചേർക്കുന്നു. പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം, ഇടുക്കി, തൃശ്ശൂർ, വയനാട് എന്നീ ജില്ലകളെയാണ് പ്രളയം കൂടുതലായി ബാധിച്ചത്. 1700 വിതരണ ട്രാൻസ്ഫോമറുകൾ പ്രളയജലത്തിൽ മുങ്ങുകയോ കേടുപാടുകൾ സംഭവിക്കുകയോ ചെയ്യുകയും പതിനായിരത്തിൽപ്പരം ട്രാൻസ്ഫോമറുകൾ അപകടസാധ്യത മുന്നിൽക്കണ്ടുകൊണ്ട് താൽക്കാലികമായി സ്വിച്ച്ഓഫ് ചെയ്യുകയും ചെയ്തിരുന്നു.

സ്വകാര്യ മേഖലയിലുള്ള പതങ്കയം ചെറുകിട ജലവൈദ്യുത പദ്ധതി 8MW-പദ്ധതിയുടെ പവർ ഹൗസിന് പുറകിലായുള്ള മലയിടുക്കിന് സംഭവിച്ച ഉരുൾപൊട്ടലിൽ പവർ ഹൗസിനുള്ളിലേയ്ക്ക് മണ്ണടിഞ്ഞ് കയറുകയും നദി വഴിമാറി ഒഴുകിവന്ന് പവർ ഹൗസിനുള്ളിൽ കയറി ടർബയിനും ജനറേറ്ററും പൂർണ്ണമായും വെള്ളത്തിനടിയിലുമായി. ഇരുട്ടുകാനം 4.5MW പദ്ധതിയുടെ പെൻസ്റ്റോക്കിന് സമീപം നടന്ന വലിയ മണ്ണിടിച്ചിലിൽ പവർ ഇവാക്വേഷൻ ടവറിനും, സ്വിച്ച് യാർഡിനും നാശനഷ്ടമുണ്ടായി. ഉരുൽ പൊട്ടിയുള്ള ജലം പവർ ഹൗസിനുള്ളിൽ കടക്കുകയും വലിയ കല്ലുകളും, ചെളിയും വന്നടിഞ്ഞ് ജനറേറ്ററിന് സാരമായ നാശനഷ്ടങ്ങൾ സംഭവിച്ചു. അള്ളുങ്കൽ -7MW, മണിയാർ ടെയിൽ റേസ് (12MW) പദ്ധതികളിൽ ശക്തമായ മഴയിൽ പമ്പാ നദിയിൽനിന്നും വൻതോതിൽ വെള്ളം പ്രവഹിച്ചതുമൂലം പവർ ഹൗസ് മുങ്ങിപ്പോയിട്ടുണ്ട്. ഇവയുടെ യഥാർത്ഥ സാമ്പത്തികനഷ്ടം കണക്കാക്കിയിട്ടില്ല. അരിപ്പാറ (4.5MW)-പദ്ധതിയിൽ മണ്ണിടിച്ചിലിലും ഉരുൾപൊട്ടലിലും പെൻസ്റ്റോക്ക് ഉൾപ്പെടെയുള്ള സാമഗ്രികൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ഒരു കോടിയോളം രൂപയുടെ നാശനഷ്ടമാണ് പ്രാഥമികമായി കണക്കാക്കുന്നത്. ദേവിയാർ (50KW) പവർഹൗസ് മുഴുവനായി വെള്ളത്തിൽ മുങ്ങി ജനറേറ്ററുകൾക്ക് നാശം സംഭവിച്ചു.

കല്ലാർ -50 KW-പവർ ഹൗസിന് പുറകുവശത്തായി നടന്ന മണ്ണിടിച്ചിലിൽ മെഷീനുകൾ ഉൾപ്പെടെ പവർഹൗസ് മുഴുവനായി ഒലിച്ചുപോയിട്ടുണ്ട്. 75 ലക്ഷം രൂപയുടെ മുടക്കുമുതൽ നഷ്ടവും വർഷത്തിൽ 20 ലക്ഷം രൂപ വരുമാന നഷ്ടവും ഉണ്ടായതായി കണക്കാക്കുന്നു. പാമ്പുംകയം (110KW)-15-8-2018-ലുണ്ടായ മണ്ണിടിച്ചിലിൽ മലയടിവാരത്തുനിന്നും പവർ ഹൗസിലേക്കുള്ള റോഡ് ഒലിച്ചു പോയിരുന്നു. ജനറേറ്റർ വെള്ളത്തിൽ മുങ്ങുകയും ചെയ്തിരുന്നു. യഥാർത്ഥ സാമ്പത്തികനഷ്ടം ഇനിയും കണക്കാക്കിയിട്ടില്ല. മുരിക്കാശ്ശേരി (1KW)- മുരിക്കാശ്ശേരി പോലീസ് സ്റ്റേഷനുവേണ്ടി ഇ.എം.സി. സ്ഥാപിച്ച പൈകോ ജലവൈദ്യുത യൂണിറ്റ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വെള്ളപ്പൊക്കത്തിൽ മുങ്ങി കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. കാട്ടുവെട്ടി (20KW)- 2018 ജൂലൈ 30-ന് രാത്രിയിലുണ്ടായ വലിയ മഴയിൽ ഒരു മീറ്ററോളം ജലനിരപ്പ് പദ്ധതി പ്രദേശത്ത് ഉയർന്നതുമൂലം ഒരു ജനറേറ്റർ തകരാറിലാവുകയും ചെയ്തു. ഒരു ലക്ഷത്തോളം രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്. വൈദ്യുതി വിതരണ രംഗത്ത് KSEB ലിമിറ്റഡിന് 242.45 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായി.

(ബി) സംസ്ഥാനത്തുണ്ടായ പ്രളയത്തിലും തുടർന്നുണ്ടായ ഉരുൾപൊട്ടലിലും മലവെള്ളപ്പാച്ചിലിലും സംഭവിച്ച നാശനഷ്ടങ്ങൾ.

<u>ഉൽപ്പാദന മേഖല</u>

കെ.എസ്.ഇ.ബി.-യുടെ കീഴിലുള്ള അഞ്ച് പ്രധാന ജലവൈദ്യുത പദ്ധതികൾക്കും 14-ഓളം ചെറുകിട ജലവൈദ്യുത പദ്ധതികൾക്കും കാര്യമായ നാശനഷ്ടം സംഭവിച്ചിരുന്നു. ലോവർ പെരിയാർ, ഇടമലയാർ, പെരിങ്ങൽക്കുത്ത്, പെരിങ്ങൽക്കുത്ത് ലെഫ്റ്റ്, ബാങ്ക് എക്സ്റ്റൻഷൻ, പന്നിയാർ മുതലായ പ്രധാന ജലവൈദ്യുത പദ്ധതികൾക്കും വെള്ളത്തുവൽ, റാന്നി-പെരുനാട്, ആഢ്യൻപാറ, ബാരാപോൾ, ചെമ്പുകടവ് -II, മാട്ടുപ്പെട്ടി, പെരുന്തേനരുവി, ലോവർ മീൻമുട്ടി, പീച്ചി, ചിമ്മിനി, ഉറുമി-II, വിലങ്ങാട്, പൂഴിത്തോട്, മലമ്പുഴ തുടങ്ങിയ ചെറുകിട ജലവൈദ്യുത പദ്ധതികൾക്കും കാര്യമായ കേടുപാടുകൾ സംഭവിക്കുകയും വൈദ്യുതി ഉൽപ്പാദനം നടത്താൻ കഴിയാത്ത അവസ്ഥയും ഉണ്ടായിരുന്നു. പ്രാഥമിക കണക്കുകൾ പ്രകാരം ഏകദേശം 80.85 കോടി രൂപയുടെ നഷ്ടം കെ.എസ്.ഇ.ബി.എൽ.-ന്റെ ഉൽപ്പാദന മേഖലയിൽ മാത്രം ഉണ്ടായതായി കണക്കാക്കപ്പെട്ടിട്ടുണ്ട്.

<u>പ്രസരണ മേഖല</u>

വൈദ്യുതി ബോർഡിന്റെ പ്രസരണ സംവിധാനങ്ങൾക്ക് സംഭവിച്ച തകർച്ചയുടെ പ്രാഥമിക കണക്കെടുപ്പ് പൂർത്തിയായി. അതിൻപ്രകാരം ഏകദേശം 29.77 കോടി രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. വിശദ വിവരം അനുബന്ധം* ആയി ചേർത്തിരിക്കുന്നു.

<u>വിതരണ മേഖല</u>

പ്രളയംമൂലം 16,158 ട്രാൻസ്ഫോമറുകളുടെ കീഴിൽ ആകെ 25.60 ലക്ഷം ഉപഭോക്താക്കൾക്ക് വൈദ്യുതി തടസ്സം നേരിട്ടു. പ്രളയജലത്തിന്റെ കുത്തൊഴുക്കിൽ ഒരുലക്ഷത്തിൽപ്പരം പോസ്റ്റുകൾക്ക് കാര്യമായ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉദ്ദേശം മൂന്ന് ലക്ഷം സിംഗിൾ ഫേസ് വൈദ്യുതി മീറ്ററുകൾക്കും അമ്പതി നായിരത്തിൽപ്പരം ത്രീഫേസ് വൈദ്യുത മീറ്ററുകൾക്കും പ്രളയത്തെത്തുടർന്ന് കേട്ടുപാട് സംഭവിക്കുകയും ഏകദേശം മൂന്ന് ലക്ഷം വീടുകളുടെ വയറിംഗ് ഉൾപ്പെടെ കേടാവുകയും ചെയ്തിട്ടുണ്ട്. വിതരണ മേഖലയിൽ സംഭവിച്ച നാശനഷ്ടങ്ങളുടെ കണക്കെടുപ്പ് ഏകദേശം പൂർത്തീകരിക്കുകയും 242.45 കോടി രൂപയുടെ നാശനഷ്ടങ്ങൾ സംഭവിച്ചതായി വിലയിരുത്തുകയും ചെയ്തിട്ടുണ്ട്.

എറണാകുളം ജില്ലയിലെ ഇടയാർ 1.25 മെഗാവാട്ട് സൗരോർജ്ജ നിലയത്തിൽ വെള്ളം കയറി. ഏകദേശം 25 ലക്ഷം രൂപയുടെ നാശനഷ്ടം ഉണ്ടായതായി വിലയിരുത്തുന്നു. പ്രളയക്കെടുതിയിൽ പ്രതിഷ്ഠാപനങ്ങൾക്കുണ്ടായ കേടുപാടുകൾ തീർത്ത് പ്രളയ പൂർവ്വസ്ഥിതി കൈവരിക്കുന്നതിന് യുദ്ധകാലാടി സ്ഥാനത്തിൽ വൈദ്യുതി പുന:സ്ഥാപിക്കാനായി മിഷൻ റീകണക്റ്റ് എന്ന പേരിൽ പ്രത്യേക ദൗത്യ പദ്ധതി രൂപീകരിച്ചു. തുടർന്ന് വൈദ്യുതി പുനസ്ഥാപനം ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനായി സംസ്ഥാനതലത്തിലും, സർക്കിൾ, സെക്ഷൻ തലങ്ങളിലും കർമ്മസേനകളെ നിയോഗിച്ചു. ആഗസ്റ്റ് മാസം അവസാനത്തോടുകൂടിത്തന്നെ പ്രളയജലം പിൻവാങ്ങിയ എല്ലാ പ്രദേശങ്ങളിലുമുള്ള വാസയോഗ്യമായ കെട്ടിടങ്ങളിൽ താൽക്കാലിക മാർഗ്ഗങ്ങളിലൂടെയെങ്കിലും വൈദ്യുതി പുനഃസ്ഥാപിക്കുക എന്നതായിരുന്നു കർമ്മ സേനയുടെ ലക്ഷ്യം. 20 ലക്ഷം വരെയുള്ള സാധനങ്ങൾ വാങ്ങുവാനുള്ള അധികാരം ചീഫ് എഞ്ചിനീയർ മാർക്കും ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും നൽകിയും ഇ-ടെൻഡർ നടപടികൾ ഒഴിവാക്കിയും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഭാഗമായി വാങ്ങിയ സാധന സാമഗ്രികൾ പ്രളയവുമായി ബന്ധപ്പെട്ടുണ്ടായ വൈദ്യുതി തടസ്സം പരിഹരിക്കുന്നതിനായി ഉപയോഗിക്കുന്നതിനുള്ള ഉത്തരവുകൾ നൽകിയും സാധന സാമഗ്രികളുടെയും വാഹനങ്ങളുടെയും ലഭ്യത ഉറപ്പുവരുത്തുകയും ചെയ്തു. വൈദ്യുതി മേഖലയിലെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും സമയ ബന്ധിതമായി പൂർത്തീകരിക്കാനും പ്രത്യേക ടാസ്ക് ഫോഴ്സുകൾ രൂപീകരിച്ചിരുന്നു. പ്രളയ ബാധിത പ്രദേശങ്ങളുടെ ഏകോപനത്തിനായി ഓരോ ജില്ലയുടെയും ഉത്തരവാദിത്വം ഓരോ ചീഫ് എഞ്ചിനീയർമാരെ ഏൽപ്പിക്കുകയുണ്ടായി. പ്രളയം കൂടുതലായി ബാധിച്ച ജില്ലകളിലെ ഇലക്ട്രിക്കൽ സർക്കിളുകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതത്വത്തിൽ സർക്കിൾതലത്തിലും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ സെക്ഷൻ തലത്തിലും കർമ്മസേന രൂപീകരി ക്കുകയും ഇവരുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന സംസ്ഥാനതല കർമ്മസേന ഒരു ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ രൂപീകരിക്കുകയും ചെയ്തിരുന്നു. ഉപഭോക്താക്കളെയും കോൺട്രാക്ട ർമാരെയും വയർമാൻമാരെയും മറ്റ് സന്നദ്ധ സംഘടനകളെയും ഉൾക്കൊള്ളിച്ചാണ്

സെക്ഷൻതലത്തിൽ കർമ്മസേന രൂപീകരിച്ചത്. 31-8-2018-ൽതന്നെ വാസ യോഗ്യമായ എല്ലാ വീടുകൾക്കും സ്ഥാപനങ്ങൾക്കും വൈദ്യുതി പുന:സ്ഥാപിക്കാൻ പ്രസ്തുത മിഷൻ റീ കണക്ട് പദ്ധതിയിലൂടെ കെ.എസ്.ഇ.ബി.-യ്ക്ക് സാധിച്ചിരുന്നു.

(സി) പ്രസരണ മേഖലയിലെ സംവിധാനങ്ങൾ പൂർവ്വസ്ഥിതിയിൽ എത്തിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ. പ്രസരണ വിഭാഗത്തിലെ ഉന്നത ഓഫീസർമാരുടെ മേൽനോട്ടത്തിൽ വിവിധ സംഘങ്ങൾ രൂപീകരിച്ച് അറ്റകുറ്റപ്പണികൾ നടത്തി എത്രയും വേഗം പ്രവർത്തനക്ഷമമാക്കുന്ന ജോലികൾ യുദ്ധകാലാടിസ്ഥാനത്തിൽ ഏറ്റെടുത്ത് പൂർത്തീകരിക്കുകയും പ്രവർത്തനരഹിതമായ എല്ലാ ട്രാൻസ്ഫോമറുകളും പ്രസരണ സംവിധാനങ്ങളും പ്രവർത്തനസജ്ജമാക്കുകയും ചെയ്തിട്ടുണ്ട്.

## പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ചെലവ് ചുരുക്കൽ

28(*208) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. റോജി എം. ജോൺ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ എന്തൊക്കെ ചെലവ് ചുരുക്കൽ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സർക്കാർ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുമ്പോഴും അനാവശ്യ പരസ്യങ്ങൾക്കും ആഘോഷങ്ങൾക്കുമായി കോടികൾ മുടക്കുന്നത് ന്യായീകരിക്കാൻ സാധിക്കുമോ; വ്യക്തമാക്കുമോ;

(സി) കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ ഏതെങ്കിലും വകുപ്പുകളിലോ ബോർഡുകളിലോ നിയമന നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സമ്പദ്‌വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനായി പരമാവധി പണം സമ്പദ്ഘടനയിലേക്ക് ഒഴുക്കുന്നതിനാവശ്യമായ നടപടികളാണ് സർക്കാർ കൈക്കൊണ്ടുവരുന്നത്. നടപ്പ് വർഷത്തെ പദ്ധതിയിൽ 20 ശതമാനം പൊതുമരാമത്ത്, ജലവിഭവം എന്നീ വകുപ്പുകൾക്കും വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന സ്കോളർഷിപ്പ് സ്കീമുകൾക്കും ഒഴികെയുള്ള സ്കീമുകളിൽനിന്നും കുറവ് വരുത്തുന്നതിനും ഈ തുക റോഡുകളുടെയും കുടിവെള്ള പദ്ധതികളുടെയും

പുനഃസൃഷ്ടിക്ക് വിനിയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ പദ്ധതികളുടെ മുൻഗണനാ ക്രമത്തിൽ ഭേദഗതി വരുത്തുവാനും നിശ്ചയിച്ചിരുന്നു. സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തുന്നതിന്റെയും ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിന്റെയും ഭാഗമായി വാഹനങ്ങൾ വാങ്ങുന്നതിനും പുതിയ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ അനുവദിക്കുന്നതിനും വിദേശ യാത്രയ്ക്കും വിമാന യാത്രയ്ക്കും മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്തി 2018 ഏപ്രിൽ മാസത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് നിലവിൽ പ്രാബല്യത്തിലുമാണ്.

(ബി) അനാവശ്യ പരസ്യങ്ങൾക്കും ആഘോഷങ്ങൾക്കുമായി സർക്കാർ പണം ചെലവഴിച്ചിട്ടില്ല.

(സി) ഇല്ല. പൊതുമേഖലയിലും സ്വകാര്യമേഖലയിലും തൊഴിലവസരങ്ങൾ സൃഷ്ടിച്ച് തൊഴിലില്ലായ്മ പരിഹരിക്കുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. നിയമന നിരോധനം നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 12000-ൽപ്പരം പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിലാണ് പ്രധാനമായും പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളത്. ആവശ്യമായ വർക്ക് സ്റ്റഡിക്കുശേഷം മാത്രമെ പുതിയ തസ്തികകൾ സൃഷ്ടിക്കുവാൻ പാടുള്ളൂവെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന് നിയമന നിരോധനവുമായി ബന്ധമില്ല. നിലവിലുള്ള തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളിൽ പി.എസ്.സി. ലിസ്റ്റിൽ നിന്നുള്ള നിയമനം ത്വരിതപ്പെടുത്തുന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്.

## കരാറുകാർക്ക് കെ.എഫ്.സി. നൽകുന്ന വായ്പ

29(*209) ശ്രീ. പി. കെ. ബഷീർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. കെ.അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ പദ്ധതികൾ ഏറ്റെടുക്കുന്ന കരാറുകാർക്ക് വായ്പ നൽകുന്നതിന് കെ.എഫ്.സി. തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര തുക വരെയാണ് വായ്പ നൽകുന്നത്;

(സി) ഇതിന്റെ വ്യവസ്ഥകൾ എന്തെല്ലാമാണ്; വിശദാംശം വ്യക്തമാക്കുമോ ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) ഉണ്ട്.

(ബി) കമ്പനികൾക്ക് 20 കോടി രൂപവരെയും വ്യക്തികൾ/പാർട്ട്ണർഷിപ്പ് എന്നിവയ്ക്ക് 8 കോടി രൂപ വരെയുമാണ് പരമാവധി വായ്പ നൽകുന്നത്.

(സി) സർക്കാർ പദ്ധതികൾ ഏറ്റെടുക്കുന്ന കരാറുകാർക്ക് പെർഫോമൻസ് ഗ്യാരണ്ടി, വർക്ക് എക്സിക്യൂഷൻ ഫെസിലിറ്റി (കരാർ തുകയുടെ 80% വായ്പ) ബിൽ ഡിസ്കൗണ്ടിംഗ് സംവിധാനം, സർക്കാരിന്റെ ബിൽ ഡിസ്കൗണ്ടിംഗ് സംവിധാനം, യന്ത്രസാമഗ്രികൾ വാങ്ങാനുള്ള വായ്പ പദ്ധതി എന്നിങ്ങനെ 5 രീതിയിലുള്ള വായ്പ സൗകര്യങ്ങളാണ് കെ.എഫ്.സി.-യിൽ നിലവിലുള്ളത്.

## ചെറുകിട ഇടത്തരം വ്യവസായ മേഖലയെ പുനരുദ്ധരിക്കാൻ പദ്ധതി

30(*210) ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തെ തുടർന്ന് സംസ്ഥാനത്തെ ചെറുകിട-ഇടത്തരം വ്യവസായ മേഖലയിൽ ഫാക്ടറികൾക്കുണ്ടായ കേടുപാടുകൾ വഴിയും യന്ത്രോപകരണങ്ങൾ പ്രവർത്തന ശൂന്യമായതുകൊണ്ടും ഉല്പന്നങ്ങളും അസംകൃത വസ്തുക്കളും നശിച്ചതു കൊണ്ടും ഉണ്ടായ നാശനഷ്ടം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇത്തരം വ്യവസായങ്ങളെ പുനരുദ്ധരിക്കാനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; കേന്ദ്ര സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ചെറുകിട അസംഘടിത മേഖലകളിലെ സംരംഭകർ നേരിടുന്ന മുഖ്യപ്രശ്നം സ്ഥായിയായ വിപണി കണ്ടെത്തുന്നതിനുള്ള പ്രയാസം ആയതിനാൽ ഇത്തരം ഉല്പന്നങ്ങളുടെ വിദേശ വിപണനം ലക്ഷ്യമിട്ട് ആരംഭിക്കുന്ന വാണിജ്യ മിഷന്റെ പ്രവർത്തനം സംബന്ധിച്ച രൂപരേഖ നൽകാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) ഉണ്ട്. സംസ്ഥാനം നേരിട്ട അതിരൂക്ഷമായ പ്രളയക്കെടുതിയിൽ സംസ്ഥാനത്തെ 3590-ൽപ്പരം MSME യൂണിറ്റുകൾക്ക് ഏകദേശം 632 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായതായി പ്രാഥമികമായി കണക്കാക്കിയിട്ടുണ്ട്. ലഭ്യമായ കണക്കുപ്രകാരം 12 വൻകിട വ്യവസായ യൂണിറ്റുകൾക്ക് ഏകദേശം 289.40 കോടി

രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്. ഇടുക്കി ജില്ലയിലും, എറണാകുളം ജില്ലയിലുമുള്ള വ്യവസായ സ്ഥാപനങ്ങൾക്കാണ് നഷ്ടം ഉണ്ടായിട്ടുള്ളത്. MSME യൂണിറ്റുകൾക്ക് നേരിട്ട നഷ്ടം കണക്കാക്കുന്നതിലേക്കായി ഒരു മൊബൈൽ ആപ്ലിക്കേഷൻ രൂപീകരിക്കുകയും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാരുടെ ചുമതലയിൽ വ്യവസായ വികസന ആഫീസർമാർ ഓരോ യൂണിറ്റുകളും നേരിട്ട് സന്ദർശിച്ച് സർവ്വേ നടത്തിവരുന്നു. സർവ്വേ പൂർണ്ണമായിട്ടില്ല.

(ബി) പ്രളയ ദുരന്തത്തിലെ നഷ്ടത്തിൽനിന്നും എം.എസ്.എം.ഇ. യൂണിറ്റുകളെ പുനരുദ്ധരിക്കുന്നതിലേയ്ക്കായി ദുരിത ബാധിത പുനർനിർമ്മാണ സംരംഭക സഹായ പദ്ധതി, പലിശ സഹായ പദ്ധതി എന്നിങ്ങനെ രണ്ട് പദ്ധതികൾ 2019-20 സാമ്പത്തിക വർഷത്തിലെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാന പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ 2018 ആഗസ്റ്റ് 20-ന് കൂടിയ സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ പ്രത്യേക യോഗം പ്രളയ ദുരിതാശ്വാസ നടപടികൾ ചർച്ച ചെയ്യുകയും വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ ബാങ്കുകൾക്കും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. അതിൻപ്രകാരം അർഹരായ MSME സ്ഥാപനങ്ങളുടെ വായ്പകൾക്കുള്ള മൊറട്ടോറിയവും പുനക്രമീകരണത്തിലൂടെ അധിക തിരിച്ചടവ് കാലയളവും പുനർവായ്പയും ലഭ്യമാക്കിവരുന്നു.

(സി) 2018-ലെ വ്യവസായ വാണിജ്യ നയത്തിലെ ഖണ്ഡിക 15-ൽ താഴെപ്പറയുന്ന ഉദ്ദേശങ്ങളോടെ വാണിജ്യ മിഷൻ രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

1. സംസ്ഥാനത്തെ ചെറുകിട വ്യാപാരമേഖലയെ പ്രോത്സാഹിപ്പിക്കുകയും വളർത്തുകയും ചെയ്യുക. ടൂറിസം വകുപ്പുമായി ചേർന്ന് മേളകൾ സംഘടിപ്പിക്കുക.

2. ഭാരതത്തിലും വിദേശങ്ങളിലുമായി നടക്കുന്ന മേജർ ടെക് ഫെയറുകളിൽ സംസ്ഥാനത്തുനിന്നും സംരംഭക പ്രതിനിധികളെ പങ്കെടുക്കുന്നതിന് വിവിധ രീതിയിൽ സഹായിക്കുക.

3. കേരളത്തിലെ നിക്ഷേപകർ/ സംരംഭകർക്ക് ദേശീയ അന്തർദ്ദേശീയ വിപണികളെപ്പറ്റി അവബോധം നൽകുക. ഡെലിഗേറ്റുകളെ ഇത്തരം മേളകളിലും സമ്മേളനങ്ങളിലും പങ്കെടുക്കുന്നതിനുള്ള അവസരം നല്കി ബിസിനസ് ബന്ധം സ്ഥാപിക്കുക.

4. ദേശീയ അന്തർദ്ദേശീയ തലങ്ങളിൽ കേരളത്തിലെ വിവിധ ഉൽപ്പന്നങ്ങളെ ആവശ്യക്കാർക്ക് നേരിട്ട് വിപണനം നടത്തുക.

5. ഭക്ഷ്യ സംസ്കരണം, കൈത്തറി വസ്ത്രം, കരകൗശല സാധനങ്ങൾ, തടി ഫർണിച്ചർ, ബാംബൂ ഉൽപ്പന്നങ്ങൾ, കേരള സോപ്പ് എന്നിവയുടെ വിപണനം പ്രൊമോട്ട് ചെയ്യുന്നതിന് ഓരോ വിഭാഗത്തിനും സംസ്ഥാനതലത്തിൽ മേളകളും പ്രദർശനങ്ങളും സംഘടിപ്പിക്കുക.

6. പ്രോജക്ട് കൺസൾട്ടൻസി തുടങ്ങുക.

7. വിദേശ നിക്ഷേപകർക്ക് ഫെലിസിറ്റേഷൻ സേവനങ്ങൾ നടത്തുക.

8. വാണിജ്യ മേഖലയിലെ വൈദ്യുത ഉപയോഗത്തിന്റെ നിലവിലെ നിരക്കുകൾ സർക്കാർ പുനഃപരിശോധിക്കും.

9. മൊത്ത വ്യാപാരികൾക്കും ചില്ലറ വ്യാപാരികൾക്കും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും അവാർഡുകൾ നൽകുവാനുള്ള നടപടി സ്വീകരിക്കും.

10. വാണിജ്യ സേവന മേഖലയുടെ വളർച്ചയ്ക്കായി സർക്കാർ ഒരു ട്രേഡ് പ്രൊമോഷൻ കൗൺസിൽ രൂപീകരിക്കും.

അതനുസരിച്ച് 3-12-2018-ലെ സ.ഉ.(സാധാ)നമ്പർ 1329/2018/വ്യവ. പ്രകാരം വാണിജ്യ മിഷൻ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പങ്കാളിത്ത പെൻഷൻ പദ്ധതി

1(2350) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 31-3-2013-നു മുൻപ് പി.എസ്.സി. വിജ്ഞാപനം ചെയ്ത തസ്തികകളിൽ ജോലിയിൽ പ്രവേശിച്ചവർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷൻ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ജീവനക്കാർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷൻ നടപ്പിലാക്കുന്നത് സംബന്ധിച്ച് ഡൽഹി ഹൈക്കോടതിയുടെ ഡബ്ല്യൂ.പി(സി)2810/2016, 27-3-2017-ലെ സുപ്രീംകോടതിയുടെ എസ്.എൽ.പി(സിവിൽ)39335/2017 എന്നീ ഉത്തരവുകൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) 7-11-2018-ലെ സ.ഉ.നമ്പർ 172/2018 ധന പ്രകാരം നിലവിൽവന്ന പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച പുനഃപരിശോധനാ സമിതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സമിതി ഓഫീസിന്റെ വിലാസം ഉൾപ്പെടെയുള്ള വിശദാംശം നൽകുമോ;

(ഡി) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗമായവർക്ക് ഡി.സി.ആർ.ജി. നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) 7-1-2013-ലെ സ.ഉ.(പി)നമ്പർ 20/2013/ധന.ഉത്തരവ് പ്രകാരം സംസ്ഥാനത്ത് സർക്കാരിലോ, സർക്കാരിന് കീഴിലെ കെ.എസ്.ആർ. ഭാഗം III ബാധകമായിരിക്കുന്ന സ്ഥാപനങ്ങളിലോ 1-4-2013 മുതൽ നിയമിക്കപ്പെടുന്നവർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമാക്കിയിട്ടുള്ളതാണ്. പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധനയുമായി ബന്ധപ്പെട്ട് രൂപീകരിച്ച സമിതിക്ക് പ്രസക്തമെന്ന് തോന്നുന്ന മുഴുവൻ വിഷയങ്ങളും പരിശോധിക്കേണ്ടതാണെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

(സി) പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി രൂപീകരിച്ചിരിക്കുന്ന സമിതിയ്ക്ക് അതിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കി വരികയാണ്.

(ഡി) പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി സർക്കാർ ഒരു സമിതിയെ നിയമിച്ചുകൊണ്ട് 7-11-2018-ലെ സ.ഉ.(പി)നമ്പർ 172/2018/ധന. ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്. പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധനയുമായി ബന്ധപ്പെട്ട് സമിതിയ്ക്ക് പ്രസക്തമെന്ന് തോന്നുന്ന മുഴുവൻ വിഷയങ്ങളും പരിശോധിക്കേണ്ടതാണെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

## നാഷണൽ ആന്റിപ്രോഫിറ്റീറിംഗ് അതോറിറ്റി

2(2351) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.എസ്.ടി. ഇളവുകളുടെ അന്തിമനേട്ടം ഉപഭോക്താക്കളിൽ എത്തിക്കാനായി രൂപീകരിച്ച നാഷണൽ ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിയുടെ പ്രവർത്തനം അവസാനിപ്പിക്കാൻ തീരുമാനിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏങ്കിൽ രണ്ടു വർഷത്തെ കാലാവധി നിശ്ചയിച്ച് ആരംഭിച്ച അതോറിറ്റി ഒരു വർഷം കഴിഞ്ഞപ്പോൾത്തന്നെ പ്രവർത്തനം അവസാനിപ്പിക്കേണ്ടി വന്നതിന്റെ സാഹചര്യമെന്താണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) എന്തെല്ലാം അധികാരങ്ങളാണ് പ്രധാനമായും അതോറിറ്റിക്കുണ്ടായിരുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഉത്തരം (എ)-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(സി) ജി.എസ്.ടി. പ്രാബല്യത്തിൽ വന്നപ്പോൾ അതിൽ ലയിച്ച കേന്ദ്ര-സംസ്ഥാന നികുതികളുടെ നികുതിഭാരത്തിൽ വന്ന കുറവ് ഉപഭോക്താക്കൾക്ക് കൈമാറുന്നുവെന്ന് ഉറപ്പാക്കുന്നതാണ് ആന്റീപ്രോഫിറ്റീയറിംഗ് അതോറിറ്റിയുടെ ചുമതല. ഇതിനെത്തുടർന്ന് ജി.എസ്.ടി. നികുതിഘടനയിൽ കാലാകാലങ്ങളിൽ വരുന്ന മാറ്റങ്ങൾക്കനുസൃതമായ നികുതിയിളവിന്റെ ആനുകൂല്യം ഉപഭോക്താവിന് കൈമാറുന്നുണ്ടോയെന്ന് അതോറിറ്റി ഉറപ്പാക്കേണ്ടതാണ്. ഈ ആനുകൂല്യവും അതിനനുസരിച്ചുള്ള വിലക്കുറവും ഉപഭോക്താവിന് നൽകിയില്ലെങ്കിൽ ആ ആനുപാതികമായ തുക വില്പന നടന്ന ദിവസം മുതൽ മടക്കിക്കൊടുക്കുന്ന ദിവസം വരെ 18 ശതമാനം പലിശ നിരക്കിൽ നൽകാൻ ഉത്തരവിടാനുള്ള അധികാരം അതോറിറ്റിക്കുണ്ട്. ഇതിനുപുറമേ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യാനും പിഴ ചുമത്താനുമുള്ള അധികാരവും അതോറിറ്റിക്കുണ്ട്.

**പ്ലാൻ/നോൺ പ്ലാൻ ഇനങ്ങൾ**

3 (2352) <u>ശ്രീ. എം. വിൻസെന്റ്</u> :
<u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ആഗസ്റ്റ് 15-ന ശേഷം 20 ലക്ഷം രൂപയുടെ മുകളിലുള്ള എതെല്ലാം പ്ലാൻ/നോൺ പ്ലാൻ ഇനങ്ങൾക്കാണ് ധനവകുപ്പ് അംഗീകാരം നൽകിയിരിക്കുന്നത്;

(ബി) വകുപ്പുകൾ തരംതിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) നോൺ പ്ലാൻ ഇനങ്ങളിൽ ഏറിയ പങ്കും ബഡ്ജറ്റ് വിഹിതത്തിൽ നിന്ന് നേരിട്ട് ചെലവഴിക്കുന്ന ശമ്പളം, പെൻഷൻ, പലിശ തിരിച്ചടവ് തുടങ്ങിയ നിത്യദാന ചെലവുകൾക്കായിട്ടാണ് വിനിയോഗിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങൾക്കും ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾക്കുമുള്ള നോൺ പ്ലാൻ വിഹിതം ധനകാര്യ വകുപ്പ് പരിശോധിച്ച് റിലീസ് ചെയ്ത് നൽകുകയാണ് ചെയ്യുന്നത്. പദ്ധതിയിനത്തിൽ 10 കോടിയ്ക്ക് മുകളിലുള്ള പദ്ധതികൾക്കാണ് ധനകാര്യ സെക്രട്ടറി അദ്ധ്യക്ഷനായുള്ള സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം നൽകുന്നത്. സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് 2018 ആഗസ്റ്റ് 15-ന ശേഷം അംഗീകാരം നൽകിയിട്ടുള്ള പദ്ധതികൾ സംബന്ധിച്ചുള്ള വകുപ്പുകൾ തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഗ്രൂപ്പ് ആക്സിഡന്റ് പേഴ്സണൽ ഇൻഷ്വറൻസ് സ്കീം പ്രകാരമുള്ള ക്ലെയിം

4(2353) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ വണ്ടൂർ സർക്കാർ ഗേൾസ് ഹയർസെക്കണ്ടറി സ്കൂളിലെ പൊളിറ്റിക്കൽ സയൻസ് അദ്ധ്യാപകൻ സി.ടി.പി. ഉണ്ണിമൊയ്തീൻകുട്ടി ഗ്രൂപ്പ് ആക്സിഡന്റ് പേഴ്സണൽ ഇൻഷ്വറൻസ് സ്കീം പ്രകാരം ക്ലെയിമിന് നൽകിയ അപേക്ഷ നിരസിച്ചതിനാൽ ഫയൽ നമ്പർ എസ്റ്റാ.ഡി3/17/2016-ധന (ഇ 168250) ധനകാര്യ എസ്റ്റാബ്ലിഷ്മെന്റ് വകുപ്പ് ധനകാര്യ വകുപ്പുമന്ത്രിക്ക് നൽകിയ അപ്പീൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ അപ്പീൽ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത അപേക്ഷയുമായി ബന്ധപ്പെട്ട ക്ലെയിം രേഖകൾ പരിശോധിച്ചതിൽ ശ്രീ. ഉണ്ണീമൊയ്തീൻകുട്ടിക്ക് അപകടത്തിൽ പരിക്കേറ്റിരിക്കുന്നത് 9-2-2014-നും ജി.പി.എ.ഐ.എസ്. പ്രീമിയം തുക ട്രഷറിയിൽ ഒടുക്കിയിരിക്കുന്നത് 4-3-2014-നുമാണ്. അപകടം സംഭവിച്ച തീയതിക്ക് അനുസൃതമായി അപേക്ഷകന് ജി.പി.എ.ഐ.എസ് ആനുകൂല്യം ലഭിക്കുന്നതിന് 13-11-2013 തീയതിയിലെ ജി.ഒ.(പി)നമ്പർ 555/2013/ധന പ്രകാരം പ്രീമിയം തുക ഡിസംബർ 31-ന് മുമ്പ് ട്രഷറിയിൽ ഒടുക്കണമായിരുന്നു. പേ സ്ലിപ്പ് ലഭിക്കാത്തതിനാലാണ് പ്രസ്തുത സമയപരിധി ക്കുള്ളിൽ പ്രീമിയം തുക ട്രഷറിയിൽ ഒടുക്കുവാൻ കഴിയാത്തതെന്ന് അപേക്ഷകൻ സൂചിപ്പിക്കുന്നുണ്ടെങ്കിലും മേൽഉത്തരവ് പ്രകാരം സെൽഫ് ഡ്രോയിംഗ് ഓഫീസർ എന്ന നിലയിൽ പ്രീമിയം തുക സ്വന്തം നിലയിൽ പ്രത്യേക ചെലാൻ മുഖാന്തരം ട്രഷറിയിൽ ഒടുക്കാമായിരുന്നു. ഈ രീതിയിലും അപേക്ഷകൻ പ്രീമിയം തുക ട്രഷറിയിൽ ഒടുക്കിയിട്ടില്ല. ജി.പി.എ.ഐ.എസ്. പദ്ധതിയുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പ്രകാരം പ്രസ്തുത പദ്ധതിയിൽ അംഗമാകുന്നതിന് പ്രീമിയം തുക മുൻകൂറായി ട്രഷറിയിൽ ഒടുക്കേണ്ടതുണ്ട്. എങ്കിൽ മാത്രമെ ടി പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുകയുള്ളൂ. ഈ സാഹചര്യത്തിൽ അപ്പീൽ അപേക്ഷയിലെ ആവശ്യം അനുവദിക്കുവാൻ കഴിയുകയില്ലെന്ന് അപേക്ഷകനെ അറിയിച്ചിട്ടുണ്ട്.

## തലശ്ശേരി നിയോജക മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ

5(2354) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018-19 വർഷത്തെ ബഡ്ജറ്റിൽ തലശ്ശേരി നിയോജക മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളും ആയതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് സ്വീകരിച്ചിരിക്കുന്നതെന്നും വ്യക്തമാക്കാമോ?

ഉത്തരം

തലശ്ശേരി അസംബ്ലി നിയോജക മണ്ഡലത്തിലെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെ കീഴിൽ 1 കോടി രൂപയും നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയുടെ കീഴിൽ 5 കോടി രൂപയും 2018-19 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ തലശ്ശേരി നിയോജക മണ്ഡലത്തിലെ കോഴിക്കൽ, പുന്നോൾ എന്നിവിടങ്ങളിൽ കിഫ്ബി ഫണ്ടുപയോഗിച്ച് റെയിൽവേ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിനായി ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. മണ്ഡലത്തിൽ അനുവദിച്ച മറ്റ് പ്രവൃത്തികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.* ടി പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ അതത് ഭരണ വകുപ്പുകൾ സ്വീകരിച്ചുവരുന്നു.

## ക്ഷാമബത്ത കുടിശ്ശിക

6(2355) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജീവനക്കാരുടെയും പെൻഷൻകാരുടെയും ക്ഷാമബത്ത കുടിശ്ശിക എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കുടിശിക നൽകാൻ എത്ര തുക ആവശ്യമാണെന്ന് അറിയിക്കുമോ;

(സി) കുടിശിക എന്നുമുതൽ കൊടുക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാർ ജീവനക്കാർക്ക് 1-1-2018, 1-7-2018 എന്നീ തീയതി പ്രാബല്യത്തിൽ പ്രഖ്യാപിച്ച ക്ഷാമബത്തയ്ക്ക് ആനുപാതികമായ ക്ഷാമബത്തയാണ് സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ഇനി അനുവദിക്കാൻ കുടിശ്ശിക ആയിട്ടുള്ളത്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) 1-1-2018 പ്രാബല്യത്തിൽ കേന്ദ്രസർക്കാർ പ്രഖ്യാപിച്ച 2% ക്ഷാമ ബത്തയ്ക്ക് ആനുപാതികമായ ക്ഷാമബത്ത, സംസ്ഥാന സർക്കാർ ജീവനക്കാ ർക്കും പെൻഷൻകാർക്കും അനുവദിച്ചുനൽകുന്നതിനായി ഒരു വർഷത്തേയ്ക്ക് 736.32 കോടി രൂപ ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ 1-7-2018 പ്രാബല്യത്തിൽ അനുവദിക്കേണ്ട ക്ഷാമബത്ത കുടിശ്ശികയുടെ സാമ്പത്തിക ബാധ്യത കണക്കാക്കിയിട്ടില്ല.

(സി) ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചുനൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

## വിദ്യാഭ്യാസ വായ്പ തിരിച്ചടവ്

7(2356) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വായ്പ തിരിച്ചടവിന് ധനകാര്യ വകുപ്പിന്റെ നിർദ്ദേശങ്ങൾ അനുസരിച്ച് അർഹതയുള്ളവർക്ക് നിശ്ചിത തുക അടയ്ക്കുന്നതിന് ഗുണഭോക്താക്കൾക്ക് ബാങ്കിൽനിന്നും അറിയിപ്പ് നൽകുമോ; ടി നിർദ്ദേശങ്ങൾ പ്രകാരം അടയ്ക്കേണ്ട തുകയേക്കാൾ കൂടുതൽ തിരിച്ചടവ് നടത്തിയവർക്ക് ബാക്കി തുക തിരിച്ച് നൽകുവാൻ തയ്യാറാകുമോ;

(ബി) വായ്പ ക്ലോസ് ചെയ്യുമ്പോൾ ധനകാര്യ വകുപ്പിന്റെ നിർദ്ദേശങ്ങൾക്ക് അർഹതയുള്ളവർക്ക് മറ്റ് ബാങ്കുകളിൽനിന്നും വായ്പ എടുക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ?

### ഉത്തരം

(എ) പദ്ധതി പ്രകാരം യോഗ്യരാകുന്ന അപേക്ഷകരുടെ ഓൺലൈൻ അപേക്ഷകൾ പോർട്ടലിൽ സ്വീകരിക്കപ്പെടുന്ന സമയംതന്നെ അപേക്ഷകർ ഒടുക്കേണ്ട വിഹിതം സംബന്ധിച്ച വിവരം ബാങ്കുകളിൽനിന്ന് ഉപഭോക്താക്കൾക്ക് നൽകുന്നതിനുള്ള സംവിധാനം elrs.kerala.gov.in ഓൺലൈൻ പോർട്ടലിൽ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സർക്കാർ ധനസഹായം അനുവദിക്കപ്പെടുന്നമുറയ്ക്ക് അപേക്ഷകർക്ക് പദ്ധതി വഴി ലഭിക്കുന്ന ധനസഹായത്തിന്റെ വിശദ വിവരങ്ങളും ബാങ്കുകൾ വഴി ലഭ്യമാക്കുന്നതിനുള്ള സംവിധാനവും പോർട്ടലിൽ ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ ബാങ്കുകളെ യഥാസമയം അറിയിക്കുന്നുണ്ട്. വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഇതിനകം വായ്പാ ഇനത്തിൽ അടച്ചിട്ടുള്ള യാതൊരു തുകയും തിരികെ നൽകുന്നതല്ല.

(ബി) ബാങ്കുകൾ വായ്പ നൽകുന്നത് വ്യക്തികളുടെ ക്രെഡിറ്റ് സ്കോറിന്റെ അടിസ്ഥാനത്തിലാണ്. എസ്.എൽ.ബി.സി. നൽകിയ വിവരങ്ങളനുസരിച്ച്, സ്റ്റാൻഡേർഡ് അക്കൗണ്ടുകളിൽ വാർഷിക തിരിച്ചടവിന്റെ ഒരു ഭാഗം സർക്കാർ സഹായമായി ലഭിച്ചവരുടെ credit score-ൽ ഇത് പ്രതിഫലിക്കില്ല. കൂടാതെ NPA അക്കൗണ്ടുകളിൽ സർക്കാർ ധനസഹായത്തിനുംശേഷം ബാക്കിവരുന്ന തുക ഇളവില്ലാതെ മുഴുവനായി തിരിച്ചടയ്ക്കുന്നവരുടെ credit score-ലും വ്യത്യാസം വരികയില്ല. എന്നാൽ NPA അക്കൗണ്ടുകളിൽ സർക്കാർ ധനസഹായത്തിനുശേഷം ബാക്കി വരുന്ന തുകയ്ക്ക് ബാങ്ക് ഒറ്റത്തവണ തീർപ്പാക്കൽ വഴി മൊത്തമായോ ഭാഗികമായോ ഇളവ് അനുവദിക്കുകയാണെങ്കിൽ അതേപ്പറ്റിയുള്ള പരാമർശം credit score-ൽ പ്രതിഫലിക്കുന്നതാണ്.

## സർക്കാർ സേവനങ്ങൾക്കുള്ള ഫീസ്

8(2357) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് വിവിധ സർക്കാർ സേവനങ്ങൾക്കുള്ള ഫീസ് വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) സർക്കാരിന്റെ വിവിധ വകുപ്പുകളിൽ ഏതൊക്കെ സർവീസിനാണ് ഫീസ് വർദ്ധിപ്പിച്ചിട്ടുള്ളതെന്ന് വകുപ്പ് തിരിച്ച് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) 17-3-2018 തീയതിയിലെ സർക്കാർ ഉത്തരവ് (അച്ചടി)നമ്പർ 44/2018/ധന. പ്രകാരം വിവിധ സർക്കാർ സേവനങ്ങൾക്കുള്ള ഫീസുകളിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

## കേന്ദ്രത്തോട് ആവശ്യപ്പെട്ട വിഹിതം

9(2358) <u>ശ്രീ. വി. അബ്ദുറഹിമാൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രളയത്തിൽ തകർന്ന കേരളത്തെ പുനർനിർമ്മിക്കാൻ കേന്ദ്രത്തോട് ആവശ്യപ്പെട്ട വിഹിതം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി കേന്ദ്രത്തിൽനിന്നും ലഭിച്ച ധനസഹായങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) കേന്ദ്ര സഹായം ലഭിക്കുന്നതിനായി സംസ്ഥാനം നൽകിയ നാശനഷ്ടങ്ങളുടെ കണക്ക് ലഭ്യമാക്കുമോ;

(ഡി) നവകേരള നിർമ്മിതിക്കായി ധനവകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ദേശീയ ദുരന്ത പ്രതികരണനിധി മാനദണ്ഡമനുസരിച്ച് 5616 കോടി രൂപയുടെ പുനരധിവാസ സഹായം ആവശ്യപ്പെട്ടിരുന്നു. ഇതുകൂടാതെ പ്രത്യേക ധനസഹായമായി 5000 കോടി രൂപയുടെ പാക്കേജും ആവശ്യപ്പെട്ടിരുന്നു.

(ബി) ദേശീയ ദുരന്ത പ്രതികരണനിധിയിൽനിന്ന് 600 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(സി) ദേശീയ ദുരന്ത പ്രതികരണനിധി മാനദണ്ഡമനുസരിച്ച് അനുവദിക്കുന്നതിന് നൽകിയ നാശനഷ്ടങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) നവകേരള സൃഷ്ടിക്കായി വിഭാവന ചെയ്തുവരുന്ന ബൃഹത്തായ പദ്ധതികൾക്കായുള്ള വിഭവ സമാഹരണത്തിനായി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 2018-19-ൽ ജി.എസ്.ഡി.പി.-യുടെ 3 ശതമാനത്തിൽനിന്നും 4.5 ശതമാനമായും 2019-20-ൽ 3.5 ശതമാനമായും ഉയർത്തണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. വായ്പ സമാഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ ലോകബാങ്ക് പ്രതിനിധികളുമായി ചർച്ച നടത്തിവരികയാണ്. നിലവിൽ ലോകബാങ്ക് സഹായ പദ്ധതികളായ KSTP, NCRMP എന്നീ പദ്ധതികളിലായി ചെലവഴിക്കാൻ കഴിയാതെ വരുന്ന 400 കോടിയോളം രൂപ പ്രളയാനന്തര പുനർനിർമ്മാണ പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്തുന്നതിന് അനുവദിക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യത്തിന്മേൽ തുടർനടപടികൾ കൈക്കൊള്ളുവാൻ കേന്ദ്ര സർക്കാർ ലോകബാങ്കിനോട് ശിപാർശ ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചരക്ക് സേവനങ്ങൾക്കുമേൽ ചുമത്തുന്ന ജി.എസ്.ടി.-ക്കുമേൽ 10 ശതമാനം സെസ്സ് ഏർപ്പെടുത്തുവാൻ അനുവദിക്കണമെന്നും കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ RIDF, NIDA, HUDCO എന്നിവിടങ്ങളിൽ നിന്ന് വായ്പ ലഭ്യമാക്കുന്നതിനും LSGI വികസന ഫണ്ടിൽ നിന്നുള്ള തുകയും പദ്ധതി വെട്ടിച്ചുരുക്കുന്നതിലൂടെ ലഭിക്കുന്ന തുകയും പുനർനിർമ്മാണത്തിനായി വിനിയോഗിക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നു. സംസ്ഥാനത്തുണ്ടായ വെള്ളപ്പൊക്ക ദുരിതത്തിന്റെ പശ്ചാത്തലത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും/

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സ്പോൺസർ ചെയ്യുന്നതിനും കേട്ടുപാടുകൾ പറ്റിയ വീടുകൾ, പൊതു അടിസ്ഥാന സൗകര്യങ്ങൾ, ടൗൺഷിപ്പുകൾ തുടങ്ങിയവ പുനർനിർമ്മിക്കുന്നതിനും വിവിധ കമ്പനികൾ, ഗ്രൂപ്പുകൾ, വ്യക്തികൾ തുടങ്ങിയവരിൽനിന്നും ശിപാർശകൾ ലഭിച്ചുവരുന്നുണ്ട്. ഈ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് വ്യക്തികൾ, വ്യക്തിഗ്രൂപ്പുകൾ, സ്ഥാപനങ്ങൾ, കോർപ്പറേറ്റുകൾ, വിദേശികൾ, എൻ.ആർ.ഐ.-കൾ തുടങ്ങിയവരിലൂടെ പുനർനിർമ്മാണ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരു ക്രൗഡ്ഫണ്ടിംഗ് മോഡൽ ചട്ടക്കൂട് തയ്യാറാക്കുകയും ക്രൗഡ് ഫണ്ടിംഗ് പോർട്ടൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

## സാമൂഹ്യ സുരക്ഷാ പെൻഷൻ

10 (2359) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാർ അധികാരമൊഴിയുമ്പോൾ ഉണ്ടായിരുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശ്ശിക ഈ സർക്കാർ വിതരണം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ സാമൂഹ്യ സുരക്ഷാ പെൻഷൻ എന്നുവരെയുള്ളത് നൽകി; കുടിശ്ശിക പെൻഷൻ എന്ന് മുതൽ നല്കാനാണ് തീരുമാനം;

(സി) നിലവിൽ കേരളത്തിൽ നല്കിവരുന്ന സാമൂഹ്യസുരക്ഷാ പെൻഷൻ എതെല്ലാമെന്നും ഇവയിലോരോന്നിനും എത്ര രൂപ വീതമാണ് പ്രതിമാസം നല്കി വരുന്നതെന്നും എത്ര പേർക്കാണ് ഇതിന്റെ പ്രയോജനം കിട്ടുന്നതെന്നും പ്രതിമാസം എത്ര തുക ഇതിനായി മാറ്റിവയ്ക്കുന്നുവെന്നും വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ സാമൂഹ്യസുരക്ഷാ പെൻഷൻ ഓരോന്നും എത്ര തുക വീതം ആയിരുന്നു; ആയത് ഇപ്പോൾ ഓരോന്നും എത്ര തുക വീതം; വ്യക്തമാക്കുമോ;

(ഇ) ഒന്നിൽക്കൂടുതൽ സാമൂഹ്യസുരക്ഷാപെൻഷൻ നൽകുവാൻ നിലവിൽ വ്യവസ്ഥകളുണ്ടോ; ഇല്ലെങ്കിൽ നിലവിൽ ഒന്നിൽകൂടുതൽ ഈ പെൻഷൻ വാങ്ങുന്നവർ എത്രയെന്നാണ് കരുതുന്നത്;

(എഫ്) നിലവിൽ എത്ര പേരുടെ ഒന്നിൽ കൂടുതൽ സാമൂഹ്യസുരക്ഷാ പെൻഷൻ ഒഴിവാക്കുവാൻ നടപടി സ്വീകരിച്ചു; ഇത്തരത്തിൽ ഒന്നിൽകൂടുതൽ പെൻഷൻ വാങ്ങുന്നവരെ കണ്ടെത്താൻ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മുൻ സർക്കാർ അധികാരമൊഴിയുമ്പോൾ ഉണ്ടായിരുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശ്ശിക ഈ സർക്കാർ വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഈ സർക്കാർ സാമൂഹ്യ സുരക്ഷാ പെൻഷൻ 2018 ജൂലൈ മാസം വരെയുള്ളത് നൽകിയിട്ടുണ്ട്. 2018 ആഗസ്റ്റ് മുതലുള്ള പെൻഷൻ ഡിസംബർ മാസം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) നിലവിൽ കേരളത്തിൽ നല്കിവരുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ സംബന്ധമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| പെൻഷൻ ഇനം | ഉപവിഭാഗം | നിരക്ക് | ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 75 വയസ്സ് വരെ | 1100 | 1766963 | 1943659300 |
| | 75 വയസ്സിന് മുകളിൽ | 1500 | 465114 | 6976710 |
| ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 80 ശതമാനത്തിന് താഴെ വൈകല്യമുള്ളവർ | 1100 | 342443 | 376687300 |
| | 80 ശതമാനവും അതിനുമുകളിലും വൈകല്യമുള്ളവർ | 1300 | 44740 | 58162000 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | | 1100 | 1292299 | 1421528900 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | | 1100 | 81081 | 89189100 |
| കർഷക തൊഴിലാളി പെൻഷൻ | | 1100 | 476916 | 524607600 |
| ആകെ | | | 4469556 | 5111505200 |

(ഡി) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ സാമൂഹ്യ സുരക്ഷാ പെൻഷൻ ഓരോന്നും എത്ര തുക വീതം ആയിരുന്നു എന്നും ആയത് ഇപ്പോൾ ഓരോന്നും എത്ര തുക വീതമാണെന്നുമുള്ള വിവരം ചുവടെ ചേർക്കുന്നു.

| പെൻഷൻ ഇനം | ഉപവിഭാഗം | ഈ സർക്കാർ അധികാരമേൽക്കുമ്പോൾ നിരക്ക് | ഇപ്പോഴത്തെ നിരക്ക് |
|---|---|---|---|
| (1) | (2) | (3) | (4) |
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 75 വയസ്സുവരെ | 600 | 1100 |
| | 75 വയസ്സിന് മുകളിൽ | 1500 | 1500 |

| (1) | (2) | (3) | (4) |
|---|---|---|---|
| ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 80 ശതമാനത്തിന് താഴെ വൈകല്യമുള്ളവർ | 800 | 1100 |
| | 80 ശതമാനവും അതിനുമുകളിലും വൈകല്യമുള്ളവർ | 1100 | 1300 |
| ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | | 800 | 1100 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | | 800 | 1100 |
| കർഷക തൊഴിലാളി പെൻഷൻ | | 600 | 1100 |

(ഇ) 6-2-2017-ന് മുൻപായി ഒന്നിൽ കൂടുതൽ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റി വന്നിരുന്നവരിൽ ഒരു പെൻഷൻ പൂർണ്ണ നിരക്കിലും രണ്ടാമത്തെ പെൻഷൻ 600 രൂപ നിരക്കിലും നൽകി വരുന്നുണ്ട്. 6-2-2017 മുതൽ പുതിയതായി അനുവദിക്കുന്നവർക്ക് ഒരു പെൻഷനുമാത്രമേ അർഹതയുള്ളൂ. നിലവിൽ ഒന്നിൽ കൂടുതൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവരുടെ എണ്ണം 14560 ആണ്.

(എഫ്) 6-2-2017 മുതൽ രണ്ട് പെൻഷൻ കൈപ്പറ്റി വന്നിരുന്ന 13272 വ്യക്തികളുടെ രണ്ടാമത് പെൻഷൻ ഒഴിവാക്കിയിട്ടുണ്ട്. ഒന്നിൽകൂടുതൽ പെൻഷൻ വാങ്ങുന്നവരെ കമ്പ്യൂട്ടർ സഹായത്താലാണ് കണ്ടെത്തുന്നത്. കൂടാതെ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ സമഗ്രമായ വിവരശേഖരണം നടത്തുന്നതിന് സർവ്വേ നടത്തുന്നതിനായി സർക്കാർ തീരുമാനം എടുത്തിട്ടുണ്ട്.

## സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിലുള്ള വളർച്ച

11(2360) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച വളർച്ച കൈവരിക്കാൻ സാധിക്കുമെന്ന് കരുതുന്നുണ്ടോ;

(ബി) പ്രതീക്ഷിത വളർച്ചയുടെ പത്ത് ശതമാനം മാത്രമേ കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളൂ എന്നത് സംബന്ധിച്ച് വിശകലനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ജി.എസ്.ടി. നടപ്പിൽ വരുത്തിയപ്പോൾ ഉണ്ടായ പ്രായോഗിക ബുദ്ധിമുട്ടുകളായ കേന്ദ്രത്തിന്റെ നഷ്ടപരിഹാരം, സോഫ്റ്റ്‌വെയറിന്റെ അപര്യാപ്തത എന്നിവ പരിഹരിക്കാൻ നടപ്പ് സാമ്പത്തിക വർഷം സാധിച്ചിട്ടുണ്ടോ;

(ഡി) ഓഖി, ജി.എസ്.ടി., പ്രളയം, നോട്ടു നിരോധനം എന്നീ കാരണങ്ങൾ ഒഴികെ മറ്റേതെങ്കിലും കാര്യങ്ങൾ സാമ്പത്തിക വളർച്ചയെ സ്വാധീനിച്ചതായി കരുതുന്നുണ്ടോ;

(ഇ) ഉണ്ടെങ്കിൽ പ്രസ്തുത പോരായ്മകൾ പരിഹരിക്കുന്നതിന് സർക്കാർ സംവിധാനത്തിൽ എന്തെല്ലാം മാർഗ്ഗങ്ങളാണ് നടപ്പിലാക്കിയത്; വിശദമാക്കാമോ?

ഉത്തരം

(എ&ബി) നടപ്പ് സാമ്പത്തിക വർഷം മുൻവർഷത്തേക്കാൾ 22 ശതമാനം കൂടുതൽ നികുതി വരുമാനമാണ് വിഭാവനം ചെയ്തിട്ടുള്ളത്. 2018 ഒക്ടോബർ 31 വരെയുള്ള കണക്കുകൾ പരിശോധിച്ചാൽ ജി.എസ്.ടി., വാറ്റ്, കെ.ജി.എസ്.ടി. നികുതി വരുമാനത്തിൽ 14.95 ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കേന്ദ്രം നൽകിയ ജി.എസ്.ടി. കോമ്പൻസേഷൻകൂടി കണക്കിലെടുത്താൽ 17 ശതമാനം വളർച്ച ഉണ്ടായിട്ടുണ്ട്. ഇത് സംബന്ധമായ വിവരങ്ങൾ താഴെ നൽകുന്നു.

| കാലയളവ് | ലഭിച്ച വരുമാനം (വാറ്റ്, കെ.ജി.എസ്.ടി., ജി.എസ്.ടി. കോമ്പൻസേഷൻ ഉൾപ്പെടെ) (തുക കോടിയിൽ) |
|---|---|

| | |
|---|---|
| 31-10-2017 വരെ ലഭിച്ചത് | 20935.98 |
| 31-10-2018 വരെ ലഭിച്ചത് | 24561.50 |
| വർദ്ധനവ് ശതമാനത്തിൽ | 17 |

(സി) കേന്ദ്ര ജി.എസ്.ടി. കോമ്പൻസേഷൻ 2017-18 സാമ്പത്തിക വർഷത്തിൽ 2102 കോടി രൂപയും 2018-19-ൽ 1880 കോടി രൂപയും ലഭിച്ചു. സോഫ്റ്റ്‌വെയറിന്റെ സാങ്കേതിക പ്രശ്നങ്ങൾ യഥാസമയം ഇത് കൈകാര്യം ചെയ്യുന്ന ജി.എസ്.ടി. നെറ്റ്‌വർക്ക് കമ്പനിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും സമയബന്ധിതമായി പരിഹരിക്കുകയും ചെയ്യുന്നുണ്ട്.

(ഡി&ഇ) നോട്ട് നിരോധനം ചെറുകിട വ്യവസായ, വ്യാപാര മേഖലകളെയും കാർഷിക മേഖലയേയും ഗണ്യമായി തളർത്തി. ഓഖിയും പ്രളയവും സമ്പദ്ഘടനയ്ക്ക് ഏൽപ്പിച്ച ആഘാതം ഗണ്യമാണ്. അനവധാനതയോടെ ജി.എസ്.ടി. നടപ്പിൽ വരുത്തിയതും ദോഷകരമായിട്ടുണ്ട്. ആസൂത്രിതമായ ഇടപെടലിലൂടെ ഇത് മറികടക്കാനാണ് സംസ്ഥാന സർക്കാർ പരിശ്രമിക്കുന്നത്.

## ധനകാര്യ വകുപ്പും ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗവും ന്യൂനതകൾ കണ്ടെത്തിയ സ്ഥാപനങ്ങൾ

12 (2361) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 2010 ജനുവരി മുതൽ ധനകാര്യവകുപ്പും ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗവും കണ്ടെത്തിയ ന്യൂനതകൾ സംബന്ധിച്ച വ്യക്തമായ വിവരം ലഭ്യമാക്കുമോ;

(ബി) ഇൻസ്പെക്ഷൻ വിഭാഗം ന്യൂനതകൾ ഉണ്ടെന്ന് കണ്ടെത്തിയ സ്ഥാപനങ്ങളിൽ എത്ര സ്ഥാപനങ്ങൾക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുണ്ട്; എത്ര സ്ഥാപനങ്ങളുടെ നടപടികൾ ഒഴിവാക്കി കൊടുത്തിട്ടുണ്ട്; ഒഴിവാക്കിയത് സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമാക്കുമോ;

(സി) പണമിടപാട് സംബന്ധിച്ച് ന്യൂനതകൾ കണ്ടെത്തിയ സ്ഥാപനങ്ങൾ ഇതുമായി ബന്ധപ്പെട്ട് അമിതമായി ഉപയോഗിച്ച തുക തിരിച്ചടച്ചിട്ടുണ്ടോ; തിരിച്ചടച്ചതിന്റെ വ്യക്തമായ വിവരം ലഭ്യമാക്കുമോ;

(ഡി) 2010 ജനുവരി മുതൽ ഇത്തരത്തിൽ ധനകാര്യ വകുപ്പ് ഇൻസ്പെക്ഷൻ കണ്ടെത്തിയ തുക എത്ര; ഇതിൽ എത്ര തുക സർക്കാരിലേയ്ക്ക് വന്നിട്ടുണ്ട്;

(ഇ) ധനകാര്യ ഇൻസ്പെക്ഷൻ വകുപ്പ് കണ്ടെത്തിയ അധികമായി ഉപയോഗിച്ചതും ചട്ടവിരുദ്ധമായി ഉപയോഗിച്ചതുമായ തുക സർക്കാരിലേയ്ക്ക് അടയ്ക്കാത്ത സ്ഥാപനങ്ങളുടെമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(എഫ്) ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ ജില്ലകളിലുള്ള ടീമിന്റെ പ്രവർത്തനം സംബന്ധിച്ച് വിശദമായ വിവരം ലഭ്യമാക്കുമോ; സെക്രട്ടേറിയേറ്റിലുള്ള ടീമിന്റെ പ്രവർത്തനം സംബന്ധിച്ച വിശദമായ വിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) 19-10-1964-ലെ ജി.ഒ.(പി)നമ്പർ 723/64/ധന. ഉത്തരവ് പ്രകാരം 1964-ൽ രൂപീകൃതമായ ധനകാര്യ പരിശോധനാ (സാങ്കേതികേതര) വിഭാഗത്തിന് കേരള ട്രഷറി കോഡ് വാല്യം-1-ലെ ചട്ടം 132 പ്രകാരം സർക്കാർ ഓഫീസുകളിൽ പതിവ് പരിശോധനകളും ക്രമക്കേടുകളുമായി ബന്ധപ്പെട്ട ആകസ്മിക പരിശോധനകളും നടത്തുവാൻ അധികാരമുണ്ട്. ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ ഭാഗമായി എല്ലാ ജില്ലകളിലെയും കളക്ടേറ്റുകളോടനുബന്ധിച്ചാണ് ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നത്. പത്തനംതിട്ട, ഇടുക്കി, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ ബ്ലോക്ക് പഞ്ചായത്തുകളുടെ പെർഫോമൻസ് ഓഡിറ്റും അതത് ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡുകളാണ് നിർവഹിച്ചു വരുന്നത്. സെക്രട്ടേറിയറ്റിൽ ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ ഭാഗമായി 9 വിംഗുകളും Special Inspection Team (SIT) എന്ന സെക്ഷനും പ്രവർത്തിച്ചുവരുന്നു.

## പ്രളയക്കെടുതിയിൽ വീട്ടുപകരണങ്ങൾ നഷ്ടപ്പെട്ടവർക്കുള്ള വായ്പാ പദ്ധതി

13(2362) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. അനിൽ അക്കര :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രളയക്കെടുതിയിൽ വീട്ടുപകരണങ്ങൾ നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് വായ്പ ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) കുടുംബശ്രീ വഴി നടപ്പിലാക്കുന്ന വായ്പാ പദ്ധതിയുമായി സംസ്ഥാനത്തെ പ്രമുഖ ബാങ്കുകൾ സഹകരിക്കാത്ത സാഹചര്യമുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രമുഖ ബാങ്കുകളെ കുടുംബശ്രീയുടെ വായ്പ സഹായ പദ്ധതിയുമായി സഹകരിപ്പിക്കാൻ ധനവകുപ്പ് ഇടപെടൽ നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) പ്രളയക്കെടുതിയിൽ വീട്ടുപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് കുടുംബശ്രീ വഴിയല്ലാതെ ഏതെങ്കിലും വായ്പ പദ്ധതി ലഭ്യമാക്കാൻ ധനകാര്യവകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) പ്രളയംമൂലം കേടുപാടുകൾ സംഭവിച്ച വീടുകൾക്ക് അറ്റകുറ്റപ്പണികൾ നടത്തുക, പ്രളയക്കെടുതിയിൽ നഷ്ടപ്പെട്ട വീട്ടുപകരണങ്ങൾ വാങ്ങുക തുടങ്ങിയ ആവശ്യങ്ങൾക്കായി അർഹരായവർക്ക് ഒരു ലക്ഷം രൂപ വരെ ഈട് ഇല്ലാതെ വായ്പ നൽകുന്നതിലേയ്ക്കായി റീസർജന്റ് കേരള ലോൺ സ്കീം എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഈ പദ്ധതിക്ക് സംസ്ഥാന സർക്കാരിന്റെ 9% പലിശ സബ്സിഡി ലഭ്യമാണ്. ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ മുഖേന കുടുംബശ്രീയുടെ അയൽക്കൂട്ടം വഴിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. ഇതുവരെ 38441 പേർക്ക് 308.8 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി&സി) അത്തരമൊരു സാഹചര്യമില്ല എന്ന് SLBC റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) പ്രളയംമൂലം വീടും വീട്ടുപകരണങ്ങളും നഷ്ടപ്പെട്ടവർക്ക് കുടുംബശ്രീ വഴി വായ്പ ലഭ്യമാക്കുന്ന പദ്ധതി നടപ്പിലാക്കിയത് എസ്.എൽ.ബി.സി.-യുമായും വിവിധ ബാങ്കുകളുമായും ധനകാര്യ വകുപ്പ് നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലാണ്.

**ലൈഫ് പദ്ധതി അപേക്ഷ സംബന്ധിച്ച്**

14(2363) ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിക്കായി എത്ര കോടി രൂപ നാളിതുവരെ നൽകിയിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) എത്ര പാർപ്പിടങ്ങൾക്കായാണ് പ്രസ്തുത തുക നൽകിയിട്ടുള്ളത്;

(സി) ഭവനരഹിതരുടെ ലഭ്യമായ കണക്കുകൾ പ്രകാരം ലൈഫ് പദ്ധതി പൂർത്തീകരിക്കാൻ പ്രതീക്ഷിക്കുന്ന ചെലവ് വ്യക്തമാക്കുമോ ;

ഉത്തരം

(എ) ലൈഫ് മിഷന് നാളിതുവരെയുള്ള പ്രവർത്തനങ്ങൾക്കായി 142.69 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ലൈഫ് മിഷന്റെ ഗുണഭോക്തൃ സർവ്വേ നടത്തുന്നതിനായി 6 കോടി രൂപയും വിവിധ വകുപ്പുതല പദ്ധതികൾക്ക് കീഴിൽ പൂർത്തിയാകാതെ കിടന്ന വീടുകളുടെ പൂർത്തീകരണത്തിനായി 110 കോടി രൂപയും ഇടുക്കി ജില്ലയിലെ അടിമാലിയിൽ ഭവനം ഫൗണ്ടേഷൻ നിർമ്മിച്ചിട്ടുള്ള ഭവന സമുച്ചയം ലൈഫ് ഗുണഭോക്താക്കൾക്കായി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി 26.69 കോടി രൂപയുമാണ് അനുവദിച്ചിട്ടുള്ളത്.

(ബി) വിവിധ വകുപ്പുതല പദ്ധതികൾക്കുകീഴിൽ പണി പൂർത്തിയാകാതെ അവശേഷിച്ച 54036 ഭവനങ്ങളുടെ പണി പൂർത്തീകരണത്തിനായുള്ള അധിക ധനസഹായമായാണ് 110 കോടി രൂപ അനുവദിച്ചിട്ടുള്ളത്.

(സി) ഭവനരഹിതരുടെ നിലവിലുള്ള കണക്കുകളനുസരിച്ച് ഭൂമിയുള്ള ഭവന രഹിതർക്ക് വീടുകൾ നിർമ്മിച്ച് നൽകുന്നതിന് ഏകദേശം 7400 കോടി രൂപയും ഭൂമിയില്ലാത്ത ഭവന രഹിതർക്ക് ഏകദേശം 30,000 കോടി രൂപയും ചെലവ് പ്രതീക്ഷിക്കുന്നു.

## കാരുണ്യ ബെനവലന്റ് പദ്ധതികളിലെ തുക വർദ്ധിപ്പിക്കാൻ നടപടി

15(2364) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ബെനവലന്റ് പദ്ധതി പ്രകാരം വൃക്ക രോഗികൾക്ക് എത്ര രൂപ വരെ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ ഡയാലിസ് രോഗികൾക്ക് കാരുണ്യ ബെനവലന്റ് പദ്ധതി പ്രകാരം അനുവദിക്കുന്ന തുക പരിമിതമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വൃക്ക രോഗികൾക്ക് ഡയാലിസ് ചെയ്യുവാൻ കാരുണ്യ ബെനവലന്റ് പദ്ധതി മുഖേന അനുവദിക്കുന്ന തുക 5 ലക്ഷം രൂപയാക്കി ഉയർത്തുന്ന കാര്യം ആലോചിക്കുമോ?

ഉത്തരം

(എ) 3 ലക്ഷം രൂപ.

(ബി&സി) ഇക്കാര്യം കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ പാക്കേജ് റിവിഷൻ കമ്മിറ്റി പരിശോധിച്ച് വരികയാണ്.

## പങ്കാളിത്ത പെൻഷൻ പദ്ധതി

16(2365) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നടപ്പാക്കിയിരിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി സമിതിയെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി റിട്ടയേർഡ് ജില്ലാ ജഡ്ജി ശ്രീ. സതീഷ് ചന്ദ്രബാബു ചെയർമാനും ശ്രീ. പി. മാരപാണ്ഡ്യൻ (റിട്ടയേർഡ് ഐ.എ.എസ്.), പ്രൊഫ. ഡി. നാരായണ (ജി.ഐ.എഫ്.റ്റി. ഡയറക്ടർ) അംഗങ്ങളുമായി ഒരു സമിതി രൂപീകരിച്ച് സർക്കാർ 7-11-2018-ലെ സ.ഉ(പി)നമ്പർ 172/2018/ധന. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. *

## സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായുള്ള മെഡിക്കൽ റീഇമ്പേഴ്സ്മെന്റ്

17(2366) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് മെഡിക്കൽ റീഇമ്പേഴ്സ്മെന്റിന്റെ ഭാഗമായി എത്ര തുക നൽകി എന്ന് വിശദമാക്കാമോ;

(ബി) പെൻഷൻകാർക്ക് 2016-17, 2017-18 വർഷങ്ങളിൽ മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് ഇനത്തിൽ എത്ര തുക നൽകിയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) വിവിധ വകുപ്പുകൾ ലഭ്യമാക്കിയ കണക്കുപ്രകാരം 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്കുള്ള മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് ഇനത്തിൽ യഥാക്രമം 43.35 കോടി രൂപ, 47.40 കോടി രൂപ ചെലവായിട്ടുണ്ട്.

(ബി) ബാധകമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**പ്രളയക്കെടുതി**

18(2367) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രളയക്കെടുതിയെ മുൻനിർത്തി 2018-19 സാമ്പത്തിക വർഷത്തെ ഓരോ വകുപ്പിന്റെയും പദ്ധതി പ്രവർത്തനങ്ങൾ വെട്ടിക്കുറച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ വകുപ്പും വെട്ടിക്കുറച്ച പദ്ധതികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പ്രളയരക്കെടുതിയുടെ പശ്ചാത്തലത്തിൽ നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിന്റെ 20% വെട്ടിക്കുറയ്ക്കുന്നതിന് എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുമരാമത്ത്, ജലവിഭവ വകുപ്പുകളെ ഇതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ബി) ഭരണ വകുപ്പുകൾ വെട്ടിക്കുറച്ച പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*. പദ്ധതി വെട്ടിച്ചുരുക്കൽ സംബന്ധിച്ച വിശദാംശങ്ങൾ നൽകിയിട്ടില്ലാത്ത ഭരണവകുപ്പുകൾക്ക് അടിയന്തരമായി ലഭ്യമാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**വാഹനങ്ങൾക്ക് സബ്സിഡി നിരക്കിൽ ഇന്ധനം**

19(2368) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിക്കടി വർദ്ധിക്കുന്ന ഇന്ധനവിലയും സ്പെയർപാർട്സുകളുടെ വിലയും ഓട്ടോ ടാക്സി തൊഴിലാളികളുടെ തൊഴിലിനെ പ്രതികൂലമായി ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇത് പരിഹരിക്കുന്നതിനായി ഓട്ടോറിക്ഷകൾക്കും ടാക്സികൾക്കും സബ്സിഡി നിരക്കിൽ ഇന്ധനം നൽകുന്നതിന് ഒരു പദ്ധതി ആവിഷ്കരിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ&ബി) ഇന്ധനവില ക്രമാതീതമായി ഉയരുന്ന സ്ഥിതി നിയന്ത്രിക്കുകയാണ് ചെയ്യേണ്ടത്. എണ്ണവില നിയന്ത്രണത്തിന് രാജ്യത്ത് നിലവിലുണ്ടായിരുന്ന സംവിധാനങ്ങൾ പൂർണ്ണമായും ഇല്ലാതാക്കി. വിലനിർണ്ണയം എണ്ണക്കമ്പനികൾക്ക് വിട്ടുകൊടുത്തതും അന്താരാഷ്ട്ര ക്രൂഡ് വിപണിയിൽ ഗണ്യമായ ഇടിവുണ്ടാകുമ്പോൾ ഉയർന്ന കേന്ദ്ര തീരുവകൾ ചുമത്തി, വിലയിടിവിന്റെ ആനുകൂല്യം ജനങ്ങൾക്ക് നൽകാതെ കൈക്കലാക്കുകയും ചെയ്യുന്ന കേന്ദ്ര സർക്കാർ നയങ്ങളാണ് ഈ സ്ഥിതിവിശേഷത്തിന് കാരണം. അത് തിരുത്തിയാണ് സാധാരണക്കാർക്ക് സഹായം നൽകേണ്ടത്.

## റവന്യൂ വരുമാനം

20(2369) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2017-18 സാമ്പത്തിക വർഷത്തിൽ സർക്കാരിന് ലഭിച്ച റവന്യൂ വരുമാനം എത്രയെന്ന് അറിയിക്കാമോ;

(ബി) 2018-19 വർഷത്തിൽ സർക്കാർ പ്രതീക്ഷിക്കുന്ന റവന്യൂ വരുമാന ക്കണക്കുകൾ നികുതി വരുമാനം, നികുതിയേതര വരുമാനം എന്നിവ തരംതിരിച്ച് അറിയിക്കാമോ;

(സി) നടപ്പുസാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ പ്രതീക്ഷിച്ച വരുമാനം നേടാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള കാരണങ്ങൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2017-2018 സാമ്പത്തിക വർഷത്തിൽ സർക്കാരിന് ലഭിച്ച റവന്യൂ വരുമാനം 83020.14 കോടി രൂപയാണ്.

(ബി) 2018-2019 സാമ്പത്തിക വർഷത്തെ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാനം പ്രതീക്ഷിക്കുന്ന റവന്യൂ വരുമാനത്തിന്റെ ഇനം തിരിച്ച കണക്ക് ചുവടെ ചേർക്കുന്നു :

| | (തുക കോടിയിൽ) |
|---|---|
| സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം | 58588.44 |
| സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരുമാനം | 14271.14 |
| കേന്ദ്ര നികുതി വിഹിതം | 19932.27 |
| കേന്ദ്ര ധനസഹായം | 10009.39 |

(സി) 2018 സെപ്റ്റംബർ 30 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം 40009.48 കോടി രൂപയാണ്. 2018-2019 സാമ്പത്തിക വർഷം കഴിഞ്ഞാൽ മാത്രമെ പ്രതീക്ഷിച്ച വരുമാനം നേടാൻ സാധിച്ചിട്ടുണ്ടോ എന്നത് തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ.

**റവന്യൂ വരുമാനം**

21(2370) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2018-19 സാമ്പത്തിക വർഷത്തിൽ നാളിതുവരെ ലഭിച്ച റവന്യൂ വരുമാനം എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത സാമ്പത്തിക വർഷത്തിൽ പ്രതീക്ഷിച്ച വരുമാനം ഏതെല്ലാം സ്രോതസ്സുകളിലൂടെ എത്ര കോടി രൂപയാണെന്നും ലഭിച്ച തുകയുടെ കണക്കുകളും വ്യക്തമാക്കുമോ?

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ 2018 സെപ്റ്റംബർ 30 വരെയുള്ള പ്രാരംഭ കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം 40009.48 കോടി രൂപയാണ്.

(ബി) 2018-2019 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രകാരം വിവിധ സ്രോതസ്സുകളിലൂടെ പ്രതീക്ഷിക്കുന്ന വരുമാനത്തിന്റെയും അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2018 സെപ്റ്റംബർ 30 വരെ ഈയിനത്തിൽ ലഭിച്ച തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

തുക (കോടിയിൽ)

| | 2018-2019-ൽ പ്രതീക്ഷിക്കുന്നത് | 2018 സെപ്റ്റംബർ 30 വരെയുള്ള എ.ജി.-യുടെ പ്രാരംഭ കണക്കുകൾ പ്രകാരം ലഭിച്ച തുക |
|---|---|---|
| സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം | 58588.44 | 23057.14 |
| സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരുമാനം | 14271.14 | 4999.59 |
| കേന്ദ്ര നികുതി വിഹിതം | 19932.27 | 8052.20 |
| കേന്ദ്ര ധനസഹായം | 10009.39 | 3900.54 |

**നികുതി വരുമാനവും വളർച്ചാ നിരക്കും**

22 (2371) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 മുതൽ 2017-2018 വരെയുള്ള സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനവും വളർച്ചാ നിരക്കും വ്യക്തമാക്കാമോ;

(ബി) 2016-17-ൽ വളർച്ചാ നിരക്ക് കുറഞ്ഞിട്ടുണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ശമ്പളം-പെൻഷൻ ചെലവുകൾ എത്ര കോടി രൂപയാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഇത് ആകെ റവന്യൂ വരുമാനത്തിന്റെ എത്ര ശതമാനമാണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 2014-2015 മുതൽ 2017-2018 വരെയുള്ള സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനവും വളർച്ചാ നിരക്കും ചുവടെ ചേർക്കുന്നു :

(തുക കോടിയിൽ)

| സാമ്പത്തിക വർഷം | തനത് നികുതി വരുമാനം | വളർച്ചാ നിരക്ക് |
|---|---|---|
| 2014-2015 | 35232.50 | - |
| 2015-2016 | 38995.15 | 10.68% |
| 2016-2017 | 42176.38 | 8.16% |
| 2017-2018 (അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം) | 46459.61 | 10.16% |

(ബി) 2016-17 സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് 8.16% വളർച്ചാനിരക്ക് മാത്രമേ നേടാൻ കഴിഞ്ഞുള്ളൂ. പൊതുവിൽ നിലനിന്നിരുന്ന സാമ്പത്തികമാന്ദ്യവും അപ്രതീക്ഷിതമായ നോട്ട് അസാധുവാക്കൽ നടപടിയെ തുടർന്ന് ഉടലെടുത്ത പ്രതിസന്ധിയും കാരണം നികുതി, നികുതിയേതര വരുമാനങ്ങളിൽ വേണ്ടത്ര നേട്ടം കൈവരിക്കാൻ കഴിഞ്ഞില്ല.

(സി&ഡി) 2014-2015 മുതൽ 2017-2018 വരെ ശമ്പളം, പെൻഷൻ എന്നീയിനങ്ങളിൽ ചെലവായ തുകയും ആകെ റവന്യൂ വരുമാനത്തിൻമേലുള്ള ഇവയുടെ ശതമാനക്കണക്കും ചുവടെ ചേർക്കുന്നു :

(ഡി) (തുക കോടിയിൽ)

| | 2014-2015 | 2015-2016 | 2016-17 | 2017-2018 (അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്ക് പ്രകാരം) |
|---|---|---|---|---|
| ശമ്പളം | 21410.92 | 23524.85 | 28044.75 | 31903.92 |
| പെൻഷൻ | 11252.67 | 13062.86 | 15277.03 | 19938.41 |
| ആകെ റവന്യൂ വരുമാനത്തിന്മേലുള്ള ശമ്പള ചെലവ് ശതമാന കണക്കിൽ | 36.95% | 34.08% | 37.09% | 38.43% |
| ആകെ റവന്യൂ വരുമാനത്തിന്മേലുള്ള പെൻഷൻ ചെലവ് ശതമാന കണക്കിൽ | 19.42% | 18.92% | 20.20% | 24.02% |

## ബിവറേജസ് കോർപ്പറേഷന്റെ ലാഭം

23 (2372) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രതിവർഷം 130 കോടിയോളം രൂപ ലാഭം കിട്ടിയിരുന്ന ബിവറേജസ് കോർപ്പറേഷന്റെ ലാഭം 35 കോടിയായി ചുരുങ്ങുകയുണ്ടായോ; എങ്കിൽ ലാഭത്തിൽ 116 കോടി രൂപയുടെ കുറവുണ്ടായതായ റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ;

(ബി) എങ്കിൽ കോർപ്പറേഷന്റെ ലാഭം കുത്തനെ കുറയാനുണ്ടായ കാരണങ്ങളെന്താണെന്ന് വ്യക്തമാക്കുമോ;

(സി) കോർപ്പറേഷൻ സർക്കാരിന് നൽകിയിരുന്ന അഞ്ച് ശതമാനം വിറ്റുവരവ് നികുതിക്ക് തുല്യമായി മദ്യക്കമ്പനികളിൽനിന്നും ഈടാക്കിയിരുന്ന നികുതി നിർത്തലാക്കുകയുണ്ടായോ; വ്യക്തമാക്കുമോ;

(ഡി) കോർപ്പറേഷനിൽ കണക്കുകൾ ക്രമീകരിക്കുന്നതിലും ഓഡിറ്റ് വിഭാഗം ആവശ്യപ്പെടുന്ന രേഖകൾ കൈമാറുന്നതിലും വീഴ്ചയുണ്ടായിട്ടുണ്ടോ; വെളിപ്പെടുത്താമോ;

(ഇ) കോർപ്പറേഷന്റെ അക്കൗണ്ടിംഗ് സംവിധാനം കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനത്തിലേക്ക് കൈമാറാനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 2013-14 സാമ്പത്തിക വർഷം മുതൽ 2015-16 സാമ്പത്തിക വർഷം വരെയുള്ള കോർപ്പറേഷന്റെ ഇൻകം ടാക്സിന് ശേഷമുള്ള ലാഭത്തിന്റെയും സംസ്ഥാന ഖജനാവിൽ നികുതിയായും തീരുവയായും കോർപ്പറേഷൻ അടച്ചിട്ടുള്ള റവന്യൂ വിഹിതത്തിന്റെയും കണക്കുകൾ ചുവടെ ചേർത്തിരിക്കുന്നു :

| വർഷം | ഇൻകം ടാക്സിന് ശേഷമുള്ള ലാഭം | സംസ്ഥാന ഖജനാവിൽ നികുതിയായും തീരുവയായും കോർപ്പറേഷൻ നൽകിയിട്ടുള്ള റവന്യൂ വിഹിതം |
|---|---|---|
| 2013-14 | Rs.123.54 crores | Rs.7576 crores |
| 2014-15 | Rs.151.06 crores | Rs.8277 crores |
| 2015-16 | Rs.35.13 crores | Rs.9787 crores |

2015-16-ലെ ലാഭം 2014-15-നെ അപേക്ഷിച്ച് കുറവായതിന്റെ പ്രധാന കാരണം വിവിധ ഇനം ലൈസൻസ് ഫീ, ഗാലനേജ് ഫീ, വില്പന നികുതിയിന്മേലുള്ള സർചാർജ്ജ് മുതലായവ എക്സൈസ് ഡ്യൂട്ടിയിൽ ലയിപ്പിച്ച് എക്സൈസ്

തീരുവ നിരക്കുകൾ വർദ്ധിപ്പിച്ചതിനാലാണ്. എന്നാൽ മേൽവിവരിച്ച പട്ടികയിൽ നിന്നും സംസ്ഥാന സർക്കാരിന് നൽകിയ 2015-16-ലെ റവന്യൂ വിഹിതം 2014-15-നേക്കാൾ കൂടുതലാണെന്ന് കാണാവുന്നതാണ്. ഇത് വർഷംതോറും കൂടിക്കൊണ്ടിരിക്കുകയാണ്.

(ബി) 2015-16-ലെ ലാഭം 2014-15-നെ അപേക്ഷിച്ച് കുറയുവാനുള്ള പ്രധാന കാരണം കോർപ്പറേഷന്റെ ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ (ഐ.എം.എഫ്.എൽ.)മൊത്ത വ്യാപാരത്തിന്റെ പ്രോഫിറ്റ് മാർജിൻ 36%-ത്തിൽനിന്നും 20% ആയി കുറഞ്ഞതിനാലാണ്.

(സി) കോർപ്പറേഷന്റെ മൊത്ത വിൽപ്പനയിന്മേലുള്ള 5% ടേൺ ഓവർ ടാക്സ് സംസ്ഥാന ഖജനാവിൽ അടയ്ക്കുന്നത് ഇപ്പോഴും തുടരുന്നുണ്ട്. ഇത് കോർപ്പറേഷന്റെ ലാഭത്തിൽ നിന്നുമാണ് അടച്ചുവരുന്നത്. മദ്യവിതരണ കമ്പനിക്കാർ അടച്ചു കൊണ്ടിരിക്കുന്ന 5% ടേൺഓവർ ടാക്സ് അടയ്ക്കുന്നത് നിർത്തലാക്കിയിട്ടില്ലാത്തതും ഇപ്പോഴും തുടർന്നുവരുന്നതുമാണ്.

(ഡി) സി & എ.ജി. നിയമിച്ചിട്ടുള്ള സ്റ്റാറ്റ്യൂട്ടറി ഓഡിറ്റർമാർ 2016-17 വർഷത്തെ കണക്കുകളുടെ ഓഡിറ്റ് പൂർത്തീകരിക്കുന്നതിന്റെ അവസാന ഘട്ടത്തിലാണ്. കോർപ്പറേഷന്റെ മൊത്തം ആസ്തി 1009 കോടി രൂപയിൽ കൂടുതലാണ്. കമ്പനി നിയമമനുസരിച്ച് 500 കോടി രൂപയ്ക്ക് മുകളിൽ മൊത്തം ആസ്തിവരുന്ന കമ്പനികൾ 2016-17 സാമ്പത്തിക വർഷം മുതൽ Indian Accounting Standard അനുസരിച്ചാണ് ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കേണ്ടത്. കോർപ്പറേഷൻ ആദ്യമായാണ് ഇത്തരത്തിൽ Indian Accounting Standard അനുസരിച്ചുള്ള ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിവരുന്നത്. ഇപ്രകാരം Indian Accounting Standard അനുസരിച്ച് ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് തയ്യാറാക്കുമ്പോൾ 2014-15, 2015-16 എന്നീ മുൻവർഷങ്ങളിലെ കണക്കുകളും Indian Accounting Standard അനുസരിച്ച് വീണ്ടും തയ്യാറാക്കേണ്ടി വന്നു. എന്നിരുന്നാലും 2016-17 സാമ്പത്തിക വർഷത്തെ കണക്കുകൾ ഓഡിറ്റ് ചെയ്യുന്നത് 2018 ഡിസംബറിനുള്ളിൽ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) കോർപ്പറേഷന്റെ മുഴുവൻ പ്രവൃത്തികളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സമ്പൂർണ്ണ കമ്പ്യൂട്ടർവത്ക്കരണം നടപ്പിലാക്കുന്നതിന് ആവശ്യമായ ഏജൻസികളെ കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. കോർപ്പറേഷൻ വിജ്ഞാപനം ചെയ്ത Expression of interest (Supply and Implementation of ERP Solution)-നോടുള്ള പ്രതികരണമായി 13 ഏജൻസികൾ Expression of Interest തന്നിട്ടുണ്ട്. IIITM-K എന്ന ഗവൺമെന്റ് സ്ഥാപനം മേൽപ്പറഞ്ഞ 13

Expression of Interest-കളും പരിശോധിച്ച് അതിൽനിന്നും 7 കമ്പനികളെ ഷോർട്ട് ലിസ്റ്റ് ചെയ്യുകയും Request for Proposal (RFP) അവർക്ക് നൽകിയിട്ടുമുണ്ട്. മേൽപ്പറഞ്ഞ ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെട്ട കമ്പനികളുടെ pre-bid മീറ്റിംഗ് താമസംവിനാ നടത്തി കമ്പ്യൂട്ടർവത്കരണ നടപടി ത്വരിതപ്പെടുത്തുന്നതാണ്.

**സംസ്ഥാനത്തിന് ലഭിച്ച വരുമാനം**

24(2373) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2017-18 സാമ്പത്തിക വർഷം സംസ്ഥാനത്തിന് ലഭിച്ച വരുമാനം പ്രതീക്ഷിച്ചതിനേക്കാൾ കുറവായിരുന്നോ; കുറവായിരുന്നെങ്കിൽ അതിന്റെ കാരണം വിശദമാക്കുമോ;

(ബി) കേന്ദ്ര നികുതി വിഹിതത്തിൽ പ്രതീക്ഷിച്ച വരുമാനം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാനം പ്രതീക്ഷിച്ചിരുന്ന റവന്യൂ വരുമാനം 93584.74 കോടി രൂപയായി രുന്നുവെങ്കിലും 83,020.14 കോടി രൂപയാണ് ലഭിച്ചത്. അപ്രതീക്ഷിതമായ നോട്ട് അസാധുവാക്കൽ നടപടിയെ തുടർന്ന് ഉടലെടുത്ത പ്രതിസന്ധിയും ചരക്ക് സേവന നികുതി നടപ്പിലാക്കിയപ്പോഴുണ്ടായ സാങ്കേതിക പ്രശ്നങ്ങളും സംസ്ഥാനത്തിന്റെ തനത് നികുതി, നികുതിയേതര സമാഹരണത്തിൽ കാര്യമായ പ്രതിസന്ധി ഉണ്ടാക്കിയിട്ടുണ്ട്. ഇതിനുപുറമെ കേന്ദ്ര ധനസഹായമായി പ്രതീക്ഷിച്ചിരുന്ന തുക ലഭിക്കാതിരുന്നതും റവന്യൂ വരുമാനത്തിൽ കുറവുവരുന്നതിന് കാരണമായി.

(ബി) കേന്ദ്ര നികുതി വിഹിതത്തിൽ പ്രതീക്ഷിച്ചതിന്റെ 99.65% തുകയും ലഭിക്കുകയുണ്ടായി.

**വിദ്യാഭ്യാസ ലോൺ തിരിച്ചടവ് പദ്ധതി**

25(2374) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദ്യാഭ്യാസ ലോൺ തിരിച്ചടവ് പദ്ധതിയുടെ നടപടികൾ ഏതുവരെ ആയെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള elrs.kerala.gov.in പോർട്ടലിൽ ഓൺലൈനായി സമർപ്പിക്കപ്പെട്ടിട്ടുള്ള അപേക്ഷകളിൽ 2018 നവംബർ 19-ാം തീയതി വരെ സർക്കാരിൽ ലഭിച്ചതും പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം യോഗ്യമാണെന്ന് ബാങ്കുകൾ ശിപാർശ ചെയ്തതുമായ 15303 അപേക്ഷകളിലെ സർക്കാർ വിഹിതമായ 148.25 കോടി രൂപ ബാങ്കുകളുടെ നോഡൽ അക്കൗണ്ടുകളിലേയ്ക്ക് കൈമാറിയിട്ടുണ്ട്.

## വിദ്യാഭ്യാസ വായ്പ തിരിച്ചടവ് പദ്ധതി

26(2375) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ.ആർ.എൽ.എസ്.പദ്ധതി പ്രകാരം നാദാപുരം മണ്ഡലത്തിൽ എത്ര അപേക്ഷകൾ ലഭിച്ചു എന്ന് വിശദമാക്കാമോ;

(ബി) ഇവയിൽ എത്ര പേർക്ക് പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ചിട്ടുണ്ട്;

(സി) പ്രസ്തുത പദ്ധതി പ്രകാരം വകുപ്പിന് ശ്രീമതി ധന്യ. എം. പി. നൽകിയ 2771768/18 നമ്പർ അപേക്ഷയിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

(ഡി) ചില ബാങ്കുകാർ ഈ പദ്ധതിയോട് വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി ബാങ്ക് അടിസ്ഥാനത്തിലാണ് നടപ്പിലാക്കിയിട്ടുള്ളത്. ആയതിനാൽ മണ്ഡലാടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമല്ല.

(സി) ശ്രീമതി ധന്യ എം. പി. നൽകിയ അപേക്ഷയിന്മേൽ ബാങ്കിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതിയിൽ പങ്ക് ചേരുന്നതിന് സന്നദ്ധത അറിയിച്ചിട്ടുള്ള ബാങ്കുകളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## വിദ്യാഭ്യാസ വായ്പ തിരിച്ചടവ് പദ്ധതി

27(2376) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വായ്പ തിരിച്ചടവ് പദ്ധതി പ്രകാരം എത്ര അപേക്ഷകളാണ് ഇതേവരെ ലഭിച്ചിട്ടുള്ളത്; ഇതുവഴി എത്ര രൂപയാണ് തിരിച്ചടവ് പദ്ധതിക്കായി ലഭ്യമാക്കുന്നത്;

(ബി) ആദ്യഘട്ടമായി എത്രപേർക്കാണ് ഇതിനോടകം തുക അനുവദിച്ച് നൽകിയിട്ടുള്ളത്; ബാക്കിയുള്ളവർക്ക് എന്ന് അനുമതി നൽകുമെന്ന് വ്യക്തമാക്കാൻ കഴിയുമോ;

(സി) അടിയന്തരമായി തുക തിരിച്ചടയ്ക്കണമെന്നാവശ്യപ്പെട്ട് ബാങ്കുകൾ, വായ്പ തിരിച്ചടവ് പദ്ധതിയിൽ അപേക്ഷ നൽകി കാത്തിരിക്കുന്നവരെ സമ്മർദ്ദത്തിലാക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം കേസുകളിൽ എന്ത് നടപടിയെടുക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) വിദ്യാഭ്യാസ വായ്പ തിരിച്ചടവ് പദ്ധതിയിൽ ഇതുവരെ അപേക്ഷ സമർപ്പിക്കാൻ കഴിയാതിരുന്നവർക്ക് പുതിയതായി അപേക്ഷ നൽകാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള elrs.kerala.gov.in പോർട്ടൽ മുഖാന്തരം ആകെ 78069 അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കപ്പെട്ടിട്ടുണ്ട്. ഇതുവരെ സർക്കാരിൽ ലഭിച്ചതും പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം യോഗ്യമാണെന്ന് ബാങ്കുകൾ ശിപാർശ ചെയ്തതുമായ 15303 അപേക്ഷകളിലെ സർക്കാർ വിഹിതമായ 148.25 കോടി രൂപ ബാങ്കുകളുടെ നോഡൽ അക്കൗണ്ടുകളിലേയ്ക്ക് കൈമാറിയിട്ടുണ്ട്. മറ്റ് അപേക്ഷകളിൽ നടപടി പുരോഗമിക്കുകയാണ്. മുഴുവൻ അപേക്ഷകളുടെയും പരിശോധന പൂർത്തിയാകുന്ന മുറയ്ക്കേ പദ്ധതിക്ക് ആകെ വേണ്ടിവരുന്ന തുകയുടെ കണക്കുകൾ ലഭ്യമാകുകയുള്ളൂ. യോഗ്യമായ മുഴുവൻ അപേക്ഷകൾക്കുമുള്ള സർക്കാർ വിഹിതം അനുവദിക്കുന്നതാണ്.

(സി) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയിൽ അപേക്ഷ സ്വീകരിച്ചുകഴിഞ്ഞാൽ എല്ലാ റിക്കവറി നടപടികളും കോടതി വിധി നടത്തിപ്പ്/ റിക്കവറി സർട്ടിഫിക്കറ്റ് പ്രകാരമുള്ള നടത്തിപ്പും ഈ പദ്ധതി പ്രകാരമുള്ള ക്ലെയിമുകളുടെ തീർപ്പാക്കൽ വരെ താൽക്കാലികമായി നിർത്തി വയ്ക്കേണ്ടതാണെന്ന് ബാങ്കുകൾക്ക്

നിർദ്ദേശം നൽകിയിട്ടുണ്ട്. അടിയന്തരമായി തുക തിരിച്ചടയ്ക്കണമെന്നാവശ്യപ്പെട്ട് ബാങ്കുകൾ, വായ്പ തിരിച്ചടവ് പദ്ധതിയിൽ അപേക്ഷ നൽകി കാത്തിരിക്കുന്നവരെ സമ്മർദ്ദത്തിലാക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അത്തരത്തിൽ പരാതികൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം ആയത് അന്വേഷിക്കാൻ സംസ്ഥാനതല ബാങ്കിംഗ് സമിതിയോട് ആവശ്യപ്പെടുന്നതാണ്.

(ഡി) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 31-1-2018 ആയിരുന്നു. ഈ തീയതിക്കു ശേഷം ഈ പദ്ധതിയിൽ പുതിയ അപേക്ഷകൾ സ്വീകരിക്കുന്നില്ല. അതേസമയം, പഠനകാലയളവിലോ വിദ്യാഭ്യാസ വായ്പയുടെ കാലയളവിലോ അപകടംമൂലമോ അസുഖംമൂലമോ ശാരീരികമായോ മാനസികമായോ 80 ശതമാനമോ അതിലധികമോ സ്ഥിര വൈകല്യം നേരിട്ടതോ, മരണപ്പെട്ടുപോയതോ ആയ വിദ്യാർത്ഥികളുടെ കാര്യത്തിൽ 31-3-2020 വരെ അപേക്ഷകൾ സ്വീകരിക്കുന്നതിന് പദ്ധതി മാനദണ്ഡങ്ങൾ അനുവദിക്കുന്നുണ്ട്.

## വിദ്യാഭ്യാസ ലോൺ തിരിച്ചടവ് പദ്ധതി

28(T 2377) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ ലോണെടുത്ത് കടക്കെണിയിൽ ആയവർക്ക് സഹായം നൽകുന്നതിനുള്ള പദ്ധതി പ്രകാരം എത്ര പേർക്ക് ഇതുവരെ ലോൺ തിരിച്ചടവിനുള്ള ഇളവുകൾ നൽകി; വ്യക്തമാക്കാമോ;

(ബി) ഇതിനായി എത്ര തുക ചെലവഴിച്ചു; വിവരം ലഭ്യമാക്കാമോ?

### ഉത്തരം

(എ&ബി) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള elrs.kerala.gov.in പോർട്ടലിൽ ഓൺലൈനായി സമർപ്പിക്കപ്പെട്ടിട്ടുള്ള അപേക്ഷകളിൽ 2018 നവംബർ 19-ാം തീയതി വരെ സർക്കാരിൽ ലഭിച്ചതും പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം യോഗ്യമാണെന്ന് ബാങ്കുകൾ ശിപാർശ ചെയ്തതുമായ 15303 അപേക്ഷകളിലെ സർക്കാർ വിഹിതമായ 148.25 കോടി രൂപ ബാങ്കുകളുടെ നോഡൽ അക്കൗണ്ടുകളിലേയ്ക്ക് കൈമാറിയിട്ടുണ്ട്. റിലീസ് വിവരങ്ങൾ ചുവടെ ചേർക്കുന്നു :

T'മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(Rs. in crore)

| Release GO and date | No. of Claims | Claim Amount (Govt. Contribution) |
|---|---|---|
| G.O.(Rt.)No.2807/2018/ Fin. Dated 28-3-2018 | 291 | 2.92 |
| G.O(Rt.)No.4721/2018/ Fin. Dated 3-6-2018 | 5899 | 57.58 |
| G.O.(Rt.)No.6274/2018/ Fin. Dated 24-7-2018 | 3263 | 30.28 |
| G.O.(Rt.)No.9774/2018/ Fin. Dated 27-11-2018 | 5850 | 57.47 |
| Total | 15303 | 148.25 |

**സർക്കാർ ജീവനക്കാരുടെ ഭവന വായ്പ**

29(2378) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ഭവനവായ്പ പൊതുമേഖല/സ്വകാര്യമേഖല ബാങ്കുകൾക്ക് കൈമാറിയതുവഴി നിലവിൽ സർക്കാരിലേക്ക് ജീവനക്കാർ തിരിച്ചടച്ച് തീർക്കേണ്ട തുക മുഴുവൻ ഈ ബാങ്കുകൾ സർക്കാരിലേക്ക് അടവാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) ഈയിനത്തിൽ സർക്കാരിലേക്ക് എത്ര തുകയാണ് ലഭിച്ചത്; എത്ര തുകയാണ് ലഭിക്കുമെന്ന് കണക്കാക്കിയത്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത തുക ഏത് രീതിയിൽ പുനരുപയോഗിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 25-9-2018-ലെ സ.ഉ.(അച്ചടി)നമ്പർ 150/2018/ധന. ഉത്തരവ് പ്രകാരം 2009-10 സാമ്പത്തിക വർഷം മുതൽ സർക്കാരിൽനിന്ന് ഭവന നിർമ്മാണ വായ്പയെടുത്ത ജീവനക്കാരുടെ (സ്പാർക്കിലൂടെ ശമ്പളം പറ്റുന്ന ജീവനക്കാർ) വായ്പാ മുതലിനത്തിൽ അവശേഷിക്കുന്ന തുക മുഴുവനും ഫെഡറൽ ബാങ്കും പഞ്ചാബ് നാഷണൽ ബാങ്കും സർക്കാർ അക്കൗണ്ടിൽ " 7610-00-201-98 HBA to State Service Officers" എന്ന ശീർഷകത്തിൽ അടവാക്കിയിട്ടുണ്ട്.

(ബി) 25-9-2018-ലെ സ.ഉ.(അച്ചടി)നമ്പർ 150/2018/ധന. ഉത്തരവ് പ്രകാരം ട്രാൻസ്ഫർ ചെയ്ത ലോൺ പോർട്ട്ഫോളിയോ ഇനത്തിൽ സർക്കാരിന് 745,76,25,603 (എഴുന്നൂറ്റി നാൽപ്പത്തി അഞ്ച് കോടി എഴുപത്തി ആറ് ലക്ഷത്തി ഇരുപത്തി അഞ്ച് ആയിരത്തി അറുന്നൂറ്റി മൂന്ന് രൂപ മാത്രം) ലഭിച്ചു. കൈമാറിയ ലോണിന്റെ മുഴുവൻ തുകയും ലഭിച്ചു.

(സി) സംസ്ഥാനത്തിന്റെ വികസന കാര്യങ്ങൾക്ക് ഈ തുക ഉപയോഗിക്കും.

**വായ്പയിന്മേൽ പലിശയും പിഴപലിശയും ഒഴിവാക്കാൻ നടപടി**

30(2379) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് വിവിധ കോർപ്പറേഷനുകളിൽ നിന്നും ബോർഡുകളിൽ നിന്നുമായി വിവിധ ആവശ്യങ്ങൾക്ക് ലോൺ എടുത്ത ആളുകളുടെ പലിശയും പിഴപ്പലിശയും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽനിന്നും വിവിധ ആവശ്യങ്ങൾക്ക് ലോൺ എടുത്ത ആളുകളുടെ പലിശയും പിഴപ്പലിശയും ഒഴിവാക്കിയിട്ടുണ്ട്. കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽനിന്നും വിവിധ ആവശ്യങ്ങൾക്ക് ലോൺ എടുത്തവരുടെ എല്ലാ സ്റ്റാൻഡേർഡ് അക്കൗണ്ടിലെയും തിരിച്ചടവിൽ താമസം നേരിട്ട ദിവസങ്ങളിലെ പിഴപലിശ 1-8-2018 മുതൽ 30-11-2018 വരെ ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് റിബേറ്റിനുള്ള സാവകാശം 5-ാം തീയതിയിൽ നിന്നും 15-ാം തീയതി വരെ നീട്ടിനൽകിയിട്ടുള്ളതും മുതലും പലിശയും തിരിച്ചടയ്ക്കുന്നതിന് മോറട്ടോറിയം, പലിശ ഫണ്ടിംഗ്, കാലാവധി നീട്ടിക്കൊടുക്കൽ എന്നിവയും നൽകി വരുന്നതും എല്ലാ റവന്യൂ റിക്കവറി നടപടികളും

30-11-2018 വരെ നിർത്തി വച്ചിട്ടുള്ളതുമാകുന്നു. ഉദാരമായ വ്യവസ്ഥകളിൽ കെ.എസ്.എഫ്.ഇ.-യിൽ നടപ്പിലാക്കിയ 'ഇളവ്' എന്ന പേരിലുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി നവംബർ 30-ൽ നിന്ന് ജനുവരി 31-വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

## സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി

31(2380) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് പ്രളയ പുനരധിവാസ-പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പണം കണ്ടെത്തുന്നതിനായി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി രണ്ട് വർഷത്തേക്ക് വർദ്ധിപ്പിച്ച് നല്കണമെന്ന ആവശ്യത്തിൽ കേന്ദ്ര സർക്കാർ അനുകൂല നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

പ്രളയക്കെടുതി മുഖാന്തരം സംസ്ഥാനത്തിനുണ്ടായ ആഘാതത്തെ അതിജീവിക്കുന്നതിനായും നവകേരള സൃഷ്ടിക്കായും വിഭാവനം ചെയ്തുവരുന്ന ബൃഹത്തായ പദ്ധതികൾക്കായുള്ള വിഭവ സമാഹരണത്തിനായി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 2018-19-ൽ ജി.എസ്.ഡി.പി.-യുടെ 3 ശതമാനത്തിൽ നിന്നും 4.5 ശതമാനമായും 2019-20-ൽ 3.5 ശതമാനമായും ഉയർത്തണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൽനിന്ന് ഇത് സംബന്ധിച്ച് തീരുമാനം ഇതുവരെ ലഭിച്ചിട്ടില്ല.

## 2018 ഒക്ടോബർ 31 വരെയുള്ള സഞ്ചിത കടബാധ്യത

32(2381) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018 ഒക്ടോബർ 31 വരെയുള്ള സഞ്ചിത കടബാധ്യത വ്യക്തമാക്കുമോ; കടക്കെണിയിലേക്ക് വീണു കൊണ്ടിരിക്കുന്ന സംസ്ഥാനത്തിനെ രക്ഷിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

അക്കൗണ്ടന്റ് ജനറലിന്റെ ലഭ്യമായ പ്രാഥമിക കണക്കുകൾ പ്രകാരം 2018 സെപ്റ്റംബർ 30-ലെ സംസ്ഥാനത്തിന്റെ ആകെ കടബാധ്യത 229727 കോടി രൂപയാണ്. റവന്യൂ വരുമാനവും ചെലവും സന്തുലിതമാക്കുകയും ധനക്കമ്മി നിശ്ചിത പരിധിയിൽ നിർത്തി വായ്പാത്തുക നിക്ഷേപത്തിനായി വിനിയോഗി

ക്കുകയും ചെയ്യുക എന്ന സമീപനമാണ് സ്വീകരിക്കുന്നത്. നികുതി നികുതിയേതര വരുമാനം ഉയർത്തി റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കുക എന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. ജി.എസ്.ടി. അനവധാനതയോടെ നടപ്പിലാക്കിയതും ആലോചനയില്ലാതെ ആഡംബര വസ്തുക്കളുടെ ജി.എസ്.റ്റി. ഗണ്യമായി കുറച്ചതും നമ്മുടെ നികുതി വരുമാനത്തെ ബാധിച്ചിട്ടുണ്ട്. ജി.എസ്.ടി.എൻ.-ൽ ഉണ്ടായ തകരാറുകളും ആയത് സമ്പൂർണ്ണ സജ്ജമാകാത്തതും നികുതി വരുമാനത്തെ ബാധിച്ചു. നികുതി ചെക്ക് പോസ്റ്റുകൾ നിയമപരമായി ഇല്ലാതായ സാഹചര്യം മുതലെടുത്ത് നികുതി വെട്ടിക്കുന്ന സാഹചര്യവും സംജാതമായി. ഇത് ഒരു പരിധി വരെ തടയാൻ ഇപ്പോൾ കഴിയുന്നുണ്ട്. ഇന്റലിജൻസ് സ്ക്വാഡ് പ്രവർത്തനം ശക്തിപ്പെടുത്തി ഇത് കുറയ്ക്കാൻ നടത്തുന്ന ശ്രമം ഫലം കണ്ടുതുടങ്ങിയിട്ടുണ്ട്. ഭൂമിയുടെ ന്യായവില യുക്തിസഹമാക്കുക, ഫീസുകളും മറ്റും ക്രമപ്പെടുത്തുക, മോട്ടോർ വാഹന നികുതി, സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ യുക്തിസഹമായ പുതുക്കലുകൾ വരുത്തുക എന്നീ നടപടികളും സംസ്ഥാന നികുതി പിരിവിലെ കാര്യക്ഷമത ഉയർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

സാമൂഹ്യക്ഷേമ ചെലവുകളും വികസന ചെലവുകളും വെട്ടിക്കുറയ്ക്കുക എന്ന സമീപനം സർക്കാരിനില്ല. നിയമന നിരോധനമോ അനിവാര്യ തസ്തിക സൃഷ്ടിക്കൽ നിരോധനമോ ഏർപ്പെടുത്തില്ല. വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ അടക്കം ഈ സർക്കാർ അധികാരത്തിലെത്തിയശേഷം പോസ്റ്റുകൾ സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ നിയതമായ വർക്ക് സ്റ്റഡി നടത്തിയതിനുശേഷം മാത്രമെ തസ്തികകൾ സൃഷ്ടിക്കൂ. മറ്റ് ചെലവ് ചെയ്യലുകൾക്ക് ധൂർത്ത് ഒഴിവാക്കണമെന്ന ഉദ്ദേശത്തോടെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. റവന്യൂ കമ്മി ഒഴിവാക്കാൻ മൂലധന ചെലവ് ഗണ്യമായി ഉയർത്തുക എന്ന സമീപനം സ്വീകരിച്ചാണ് സർക്കാർ പ്രവർത്തിക്കുന്നത്.

## അധിക വിൽപ്പന നികുതിയിലൂടെ ലഭിച്ച വരുമാനം

33(2382) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന് നാളിതുവരെ പെട്രോൾ, ഡീസൽ വില വർദ്ധനവിലൂടെ അധിക വിൽപ്പന നികുതി ഇനത്തിൽ ലഭിച്ച വരുമാനം വ്യക്തമാക്കുമോ;

(ബി) അധിക വരുമാന നികുതിയുടെ ഒരു ഭാഗം ഉപേക്ഷിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;വിശദമാക്കുമോ;

(സി) പെട്രോൾ, ഡീസൽ വില ജി.എസ്.ടി.-യിൽ ഉൾപ്പെടുത്താൻ നടപടി യെടുക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പെട്രോൾ, ഡീസൽ വില വർദ്ധനവിലൂടെ പെട്രോളിൽനിന്ന് 349.83 കോടി രൂപയുടെയും ഡീസലിൽ നിന്ന് 481.84 കോടി രൂപയുടെയും അധിക വരുമാനം 30-11-2018-വരെ ലഭിച്ചു.

(ബി) അധിക വരുമാന നികുതിയുടെ ഒരു ഭാഗം ഉപേക്ഷിച്ച്, സാധാരണക്കാരെ സഹായിക്കുന്നതിന് 1-6-2018 മുതൽ വിലയിൽ ഒരു രൂപയെങ്കിലും കുറയുന്ന രീതിയിൽ സംസ്ഥാന സർക്കാർ നികുതിനിരക്ക് കുറച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (SRO No.345/18 തീയതി 31-5-2018).

(സി) പെട്രോളിയം ഉൽപ്പന്നങ്ങളെ ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തിയാൽ ഉണ്ടാകുന്ന നികുതി നഷ്ടത്തിന് ഉചിതമായ നഷ്ടപരിഹാരം, ജി.എസ്.ടി. കോമ്പൻസേഷൻ നിയമത്തിൽ ഉൾപ്പെടുത്തി ഈ വിഷയം പരിഗണിക്കാമെന്നാണ് സർക്കാർ നിലപാട്. ഇവയിൽനിന്ന് ലഭിക്കുന്ന വില്പന നികുതി വരുമാനം സംസ്ഥാന സർക്കാരിന്റെ റവന്യൂ വരുമാനത്തിലെ ഗണ്യമായ പങ്കാണ്.

## നികുതി വരുമാനത്തിലെ വർദ്ധനവ്

34(2383) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.എസ്.ടി. നടപ്പാക്കിയതിനുശേഷം സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര?

(ബി) കേന്ദ്ര വിഹിതമായി ഇതുവരെ ലഭിച്ച തുക എത്ര?

ഉത്തരം

(എ) ജി.എസ്.ടി. നടപ്പാക്കിയതിനുശേഷം സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിലെ വരുമാനത്തിൽ 1962.16 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ബി) കേന്ദ്ര വിഹിതമായി ജി.എസ്.ടി. ഇനത്തിൽ 2017-18 സാമ്പത്തിക വർഷം 2838 കോടി രൂപയും 2018-19 സാമ്പത്തിക വർഷം (31-10-2018 വരെ) 3815.04 കോടി രൂപ കോമ്പൻസേഷൻ ഇനത്തിലും അഡ്ഹോക്ക് സെറ്റിൽമെന്റ് ഇനത്തിലുമായി ലഭിച്ചിട്ടുണ്ട്.

## കിഫ്ബി

35(2384) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഫ്ബി പദ്ധതികൾക്കായി നീക്കിവയ്ക്കുന്ന പണം യഥാസമയം തന്നെ ചെലവഴിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) 2016-17, 2017-18 എന്നീ വർഷങ്ങളിൽ കിഫ്ബി പദ്ധതികൾക്കായി നീക്കിവച്ച തുകയെത്രയെന്നും ഇതിലെത്ര തുക അതത് സാമ്പത്തിക വർഷങ്ങളിൽ ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കുമോ;

(സി) 2016-17, 2017-18 വർഷങ്ങളിലേക്ക് കിഫ്ബി പദ്ധതികൾക്ക് നീക്കിവച്ച തുകയിൽ 2018 ഒക്ടോബർ വരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കിഫ്ബി പദ്ധതികൾക്കായി ഓരോ സാമ്പത്തിക വർഷക്കണക്കിൽ പ്രത്യേക തുക നീക്കിവയ്ക്കുന്ന രീതിയല്ല അവലമ്പിക്കുന്നത്. ഓരോ ബജറ്റിലും പ്രഖ്യാപിക്കുന്ന പദ്ധതികൾക്ക് ബന്ധപ്പെട്ട ഭരണവകുപ്പ് ഭരണാനുമതി പുറപ്പെടുവിക്കുകയും ഭരണവകുപ്പ് ചുമതലപ്പെടുത്തുന്ന പദ്ധതി നിർവ്വഹണ ഏജൻസി വിശദമായ പദ്ധതി രേഖ കിഫ്ബിയുടെ സാമ്പത്തിക അനുമതിക്കായി സമർപ്പിക്കുകയും ചെയ്യുന്നു. പദ്ധതി അവലോകന വിഭാഗത്തിന്റെ വിശദ പരിശോധനയ്ക്കുശേഷം കിഫ്ബിയുടെ ബോർഡ് യോഗവും എക്സിക്യൂട്ടീവ് കമ്മിറ്റിയും അംഗീകരിക്കുന്നതോടെ അന്തിമ സാമ്പത്തിക അനുമതി ലഭ്യമാകുകയും തുടർന്ന് പദ്ധതിയുടെ വിവിധ നിർവ്വഹണ ഘട്ടങ്ങളിൽ ബന്ധപ്പെട്ട എസ്.പി.വി. പ്രവൃത്തിയുമായി ബന്ധപ്പെട്ട ബില്ലുകൾ കിഫ്ബിക്ക് സമർപ്പിക്കുന്നമുറയ്ക്ക് തുക അനുവദിക്കുകയും ചെയ്യുന്നു. ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കുന്ന എല്ലാ പദ്ധതികളുടെയും വിശദ പദ്ധതിരേഖ അതത് സാമ്പത്തിക വർഷം തന്നെ അംഗീകാരത്തിനായി സമർപ്പിക്കപ്പെടുന്നില്ല. ആയതിനാൽ സാമ്പത്തിക വർഷക്കണക്കിൽ പ്രഖ്യാപിക്കപ്പെടുന്ന പദ്ധതികൾക്കായി തുക അതാത് സാമ്പത്തിക വർഷം തന്നെ ചെലവഴിക്കുന്നുണ്ടോ എന്ന രീതിയിൽ പദ്ധതികളെ വിലയിരുത്താൻ കഴിയില്ല. കൂടാതെ കിഫ്ബി പദ്ധതികൾ പലതും വലിയ പദ്ധതികളായതിനാൽ ഇവയുടെ നിർവ്വഹണം ഒരു സാമ്പത്തിക വർഷത്തിൽ ഒതുങ്ങുന്നവയല്ല.

(ബി&സി) 2016-17-ൽ 70 പദ്ധതികൾക്കായി 28,063 കോടി രൂപയുടെയും 2017-18-ൽ 23 പദ്ധതികൾക്കായി 26703.15 കോടി രൂപയുടെയും പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. പദ്ധതികളുടെ നിർവ്വഹണക്രമമനുസരിച്ചാണ് ഫണ്ട് സ്വരൂപിക്കുന്നതും ചെലവഴിക്കുന്നതും. 2016-17 സാമ്പത്തികവർഷം തുകയൊന്നും ചെലവഴിച്ചിട്ടില്ല. 2017-18-ൽ 444,44,20,424 രൂപയും 2018-19 സാമ്പത്തിക വർഷത്തേയ്ക്ക് ഒക്ടോബർ 31 വരെ 473,99,39,343 രൂപയും ചെലവഴിച്ചിട്ടുണ്ട്.

## കിഫ്ബി വഴി അധിക വിഭവ സമാഹരണം

36 (2385) ശ്രീ. കെ. സി.ജോസഫ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഞ്ച് വർഷംകൊണ്ട് അമ്പത് കോടി രൂപയുടെ വികസനം എന്ന കിഫ്ബിയുടെ പ്രഖ്യാപിത ലക്ഷ്യം പൂർത്തീകരിക്കാൻ സാധിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) കിഫ്ബിയുടെ പദ്ധതികൾ പുനർനിർണ്ണയിച്ചുകൊണ്ട് കിഫ്ബി ഫണ്ട് കേരള പുനർനിർമ്മാണത്തിനായി ഉപയോഗപ്പെടുത്താൻ ആലോചിക്കുന്നുണ്ടോ;

(സി) സർക്കാരിന്റെ കടപരിധി കേന്ദ്ര സർക്കാർ ഉയർത്താത്ത സാഹചര്യത്തിൽ കിഫ്ബി വഴി അധിക വിഭവസമാഹരണം ലക്ഷ്യമിടുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ 50000 കോടി രൂപയുടെ പദ്ധതികൾ കിഫ്ബി വഴി നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിച്ചിരുന്നതെങ്കിലും 50000 കോടി രൂപയിൽക്കവിഞ്ഞ പദ്ധതികൾ ഇതിനോടകം തന്നെ കിഫ് ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കപ്പെട്ടിട്ടുണ്ട്. അതിൽ 2018 ഒക്ടോബർ 31 വരെ 39,707.73 കോടി രൂപയുടെ 466 പദ്ധതികൾക്ക് അംഗീകാരവും നൽകിയിട്ടുണ്ട്. അംഗീകാരം നൽകിയ പദ്ധതികളിൽ 5522.60 കോടി രൂപയുടെ 176 പദ്ധതികളുടെ പണി ആരംഭിക്കാൻ കഴിഞ്ഞു. കൂടാതെ 7791.05 കോടി രൂപയുടെ 225 പദ്ധതികളുടെ ടെണ്ടർ നടപടികളും പൂർത്തിയായിട്ടുണ്ട്. അംഗീകരിച്ച പദ്ധതികളെല്ലാം ഈ സർക്കാരിന്റെ കാലത്തുതന്നെ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) കിഫ്ബി ഫണ്ട് കേരള പുനർനിർമ്മാണത്തിനായി ഉപയോഗപ്പെടുത്താൻ സർക്കാർതലത്തിൽ ഇതുവരെ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല. എന്നിരുന്നാലും പ്രളയം, അടിസ്ഥാന സൗകര്യ മേഖലയിലുണ്ടാക്കിയ ആഘാതം പരിഹരിക്കുവാൻ കിഫ്ബി ഫണ്ടിംഗ് വഴി നടപ്പിലാക്കുന്ന വൻകിടപദ്ധതികളിൽ പലതും ഉപകരിക്കുമെന്ന് കരുതുന്നു.

(സി) കിഫ്ബി അംഗീകാരം നൽകിയ പദ്ധതികൾക്കുള്ള വിഭവസമാഹരണത്തിനുപുറമെ മറ്റ് അധിക വിഭവസമാഹരണത്തിന് കിഫ്ബി നിലവിൽ ലക്ഷ്യമിടുന്നില്ല.

## കിഫ്ബി ഫണ്ട് സമാഹരണം

37(2386) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് സമാഹരണത്തിന് ഏതെല്ലാം വഴികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) നാളിതുവരെ സർക്കാരിൽനിന്ന് പുറത്തുള്ള ഫണ്ട് സമാഹരണം വഴി കിഫ്ബിക്ക് എത്ര കോടി രൂപ ലഭിച്ചു എന്ന് വിശദമാക്കാമോ; അവ ഏതൊക്കെ മാർഗ്ഗങ്ങളിലാണ് ലഭിച്ചതെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ&ബി) കിഫ്ബി ഫണ്ട് സമാഹരണത്തിനായി വിദേശ നിക്ഷേപത്തിലൂടെയുള്ള ധനസമാഹരണത്തിന്റെ ആദ്യഘട്ടമായി സിംഗപ്പൂർ, യു.കെ. എന്നീ വിദേശ രാജ്യങ്ങളിൽ മസാലബോണ്ടുകൾ പുറപ്പെടുവിക്കുന്നതിനായി കിഫ്ബിയുടെ മുപ്പത്തിയൊന്നാമത് ബോർഡ് യോഗം തീരുമാനിക്കുകയും ആക്സിസ് ബാങ്കിനെ അഡ്വൈസറായി നിയമിക്കുകയും ചെയ്തു. മസാലബോണ്ട് പുറപ്പെടുവിക്കുന്നതിന്റെ തുടർ നടപടികൾക്കായി DLA Piper, Cyril Amarchand Mangal Das, HSBC എന്നിവരെ യഥാക്രമം International Legal Counsel, Domestic Legal Counsel, Trustee എന്നീ സ്ഥാനങ്ങളിലും Fitch, S & P എന്നീ ഏജൻസികളെ റേറ്റിംഗ് ഏജൻസികളായും നിയമിച്ചു. മസാലബോണ്ടുകൾ വഴി മൂന്ന് വർഷക്കാലയളവിൽ 5,000 കോടി രൂപ സമാഹരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിൽ 2,672.80 കോടി രൂപ സമാഹരിക്കുന്നതിനുള്ള പ്രാഥമികാനുമതി റിസർവ് ബാങ്കിൽ നിന്ന് ലഭിച്ചിട്ടുണ്ട്. ഇതിനുപുറമെ കിഫ്ബിയുടെ ആഭിമുഖ്യത്തിൽ കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് മാനേജ്മെന്റ് ലിമിറ്റഡ് എന്ന പേരിൽ ഒരു അസറ്റ് മാനേജ്മെന്റ് കമ്പനി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്പനിയിലൂടെ സെബി/റിസർവ് ബാങ്ക് അംഗീകാരമുള്ള നൂതന ധനസമാഹരണ മാർഗ്ഗങ്ങളായ AIF, InVIT, IDF എന്നിവ പ്രയോജനപ്പെടുത്താനുമുള്ള പ്രവർത്തനങ്ങളും പുരോഗമിക്കുന്നു. കിഫ്ബി പദ്ധതികളുടെ നടത്തിപ്പിന് ഒരു വ്യത്യസ്ത ധനസമാഹരണ മാർഗ്ഗമായി കെ.എസ്.എഫ്.ഇ.-യുടെ ആഭിമുഖ്യത്തിൽ പ്രവാസി ചിട്ടി പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. കൂടാതെ വിവിധ ബാങ്കുകളും കിഫ്ബിക്കാവശ്യമായ ദീർഘകാല വായ്പകൾ ലഭ്യമാക്കാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. നിശ്ചിതമായ നിർവ്വഹണ സമയക്രമത്തോടെ കിഫ്ബി പദ്ധതികൾ അംഗീകരിക്കപ്പെടുന്നതിനാൽ നിർവ്വഹണപുരോഗതി പ്രകാരമാണ് കിഫ്ബി ആവശ്യമായ ധനസമാഹരണം നടത്തുന്നത്. കിഫ്ബിയുടെ പദ്ധതിശ്രേണി, നിർവ്വഹണക്രമം, റേറ്റിംഗ് മുതലായവ മികച്ചതായതിനാൽ ആവശ്യാനുസരണമുള്ള ധനസമാഹരണം അനായാസം സാധ്യമാണ്. 25-4-2017-ൽ കൂടിയ കിഫ്ബിയുടെ 7-ാമത്

എക്സിക്യൂട്ടീവ് കമ്മറ്റി യോഗം ബാങ്കുകളിൽനിന്നും 1000 കോടിയുടെ ദീർഘകാല വായ്പ സ്വീകരിക്കുവാൻ തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ ദേശസാൽകൃത ബാങ്കുകളിൽനിന്നും ദർഘാസുകൾ സ്വീകരിക്കുകയും ചെയ്തു. തുടർന്ന് വിവിധ ബാങ്കുകളിൽ നിന്നും ലഭ്യമായ ദർഘാസുകൾ കിഫ്ബിയുടെ ഒൻപതാമത് എക്സിക്യൂട്ടീവ് കമ്മറ്റി യോഗവും മുപ്പത്തിമൂന്നാമത് ബോർഡ് യോഗവും വിലയിരുത്തുകയും നിലവിൽ അനുമതി നൽകിയ 1000 കോടിക്ക് പകരം 3000 കോടി രൂപ വായ്പയായി സ്വീകരിക്കുന്നതിന് ബോർഡ് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. നബാർഡിൽ നിന്നും NIDA പദ്ധതിയിലൂടെ ഇതുവരെ 565 കോടി രൂപയുടെ പദ്ധതികൾക്കുള്ള വായ്പാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ ആദ്യഗഡുവായി 100.8 കോടി രൂപ കിഫ്ബിക്ക് ലഭിച്ചിട്ടുണ്ട്. കിഫ്ബി പുനഃസംഘടിപ്പിച്ചശേഷം നാളിതുവരെ സർക്കാരിൽ നിന്നുള്ള ഫണ്ടിന് പുറമെ (2018 നവംബർ 30 വരെ) 102.84 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

## കിഫ്ബിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ

38(2387) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിഫ്ബിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും വകയിരുത്തിയ തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ഇവയിൽ പ്രവൃത്തി ആരംഭിച്ചതും പൂർത്തീകരിച്ചതും ഇതുവരെ ആരംഭിക്കാത്തതുമായ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രവൃത്തി തുടങ്ങിയിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്നും എപ്പോൾ തുടങ്ങാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബഡ്ജറ്റിൽ പ്രഖ്യാപിച്ച കിഫ്ബി പദ്ധതികളിൽ ഭരണവകുപ്പ് ചുമതലപ്പെടുത്തിയ സ്പെഷ്യൽ പർപ്പസ് വെഹിക്കിളുകൾ സമർപ്പിച്ചിട്ടുള്ള വിശദമായ പദ്ധതി റിപ്പോർട്ടുകളുടെ വിശദമായ പരിശോധനയ്ക്കുശേഷം കിഫ്ബി അംഗീകാരം നൽകിയ പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) കിഫ്ബിയിൽ സമർപ്പിക്കപ്പെടുന്ന പദ്ധതികൾ വിശദമായ അവലോ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കനത്തിനുശേഷം കിഫ്ബിയുടെ എക്സിക്യൂട്ടീവ്/ബോർഡ് യോഗങ്ങളിൽ സമർപ്പിച്ച് ധനാനുമതി നൽകുന്നു. ആയതിനുശേഷം പദ്ധതിയുടെ നിർവ്വഹണം നടത്തേണ്ടത് ഭരണവകുപ്പ് ചുമതലപ്പെടുത്തുന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിളിന്റെ ഉത്തരവാദിത്വമാണ്. എങ്കിലും പദ്ധതികളുടെ ശരിയായ നടത്തിപ്പ് ഉറപ്പാക്കുന്നതിലേയ്ക്കായി ക്രമമായി അവലോകന യോഗങ്ങൾ നടത്തിവരുന്നു.

## 2016-17, 2017-18 ബഡ്ജറ്റുകളിലെ കിഫ്ബി പദ്ധതികൾ

39(2388) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച എത്ര കിഫ്ബി പദ്ധതികൾക്കാണ് സാങ്കേതികാനുമതി നൽകാനുള്ളതെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) സാങ്കേതികാനുമതി നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2016-17-ലെ പുതുക്കിയ ബഡ്ജറ്റിലും 2017-18-ലെ ബഡ്ജറ്റിലും പ്രഖ്യാപിച്ച കിഫ്ബി പദ്ധതികളിൽ, കിഫ്ബി പ്രവർത്തനാനുമതി നൽകിയതും സാങ്കേതികാനുമതി പുറപ്പെടുവിച്ചിട്ടില്ലാത്തതുമായ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) കിഫ്ബി ധനാനുമതി നൽകിയതിനുശേഷം സാങ്കേതികാനുമതി നൽകേണ്ടത് ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസിയാണ്. കിഫ്ബി പദ്ധതികളുടെ പ്രവർത്തന പുരോഗതി ഉറപ്പുവരുത്തുന്നതിനായി ബന്ധപ്പെട്ട ഭരണവകുപ്പിന്റെയും പദ്ധതി നിർവ്വഹണ ഏജൻസിയുടെയും സംയോജിത അവലോകന യോഗങ്ങൾ കൃത്യമായ ഇടവേളകളിൽ കിഫ്ബിയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്നുണ്ട്.

## കിഫ്ബി

40 (2389) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര റേറ്റിംഗ് ഏജൻസികൾ കിഫ്ബിയെ റേറ്റിംഗ് നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ഏജൻസികളാണ് റേറ്റിംഗ് നടത്തിയത്;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) മസാലബോണ്ടുകൾ ലിസ്റ്റ് ചെയ്യുന്നതിന് ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ച് കൂടാതെ മറ്റ് ഏതെങ്കിലും സ്റ്റോക്ക് എക്സ്ചേഞ്ചിൽ അപേക്ഷ നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കിഫ്ബി കടപ്പത്രങ്ങൾ ഇറക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പദ്ധതികളാണ് കിഫ്ബി പരിശോധിച്ചത്; ഇത് സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ഇ) കോട്ടയ്ക്കൽ മണ്ഡലത്തിലെ പദ്ധതികൾ പരിശോധനയ്ക്കായി എന്നാണ് കിഫ്ബിയിൽ ലഭിച്ചത്; കിഫ്ബി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും സർക്കാർ വകുപ്പുകളോട് വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; കുറ്റിപ്പുറം-കങ്കാക്കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജ്, ഇരിമ്പിളിയം-എടയൂർ കുടിവെള്ള പദ്ധതി എന്നിവയ്ക്ക് അനുമതി ലഭ്യമാക്കുമോ; പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുവാൻ വേണ്ട നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) എസ് & പി ഗ്ലോബൽ റേറ്റിംഗ്സ്, ഫിച്ച് റേറ്റിംഗ്സ് എന്നീ അന്താരാഷ്ട്ര റേറ്റിംഗ് ഏജൻസികൾ കിഫ്ബിയെ റേറ്റിങ്ങ് നടത്തിയിട്ടുണ്ട്.

(ബി) കിഫ്ബിയുടെ മസാല ബോണ്ടുകൾ ലണ്ടൻ കൂടാതെ സിങ്കപ്പൂർ സ്റ്റോക്ക് എക്സ്ചേഞ്ചിലും ലിസ്റ്റ് ചെയ്തിട്ടുണ്ട്.

(സി) കിഫ്ബി കടപ്പത്രങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. നാളിതുവരെ പ്രവാസി ചിട്ടിയുമായി ബന്ധപ്പെട്ട് കെ.എസ്.എഫ്.ഇ.-യ്ക്കായി പ്രത്യേകമായി 2,34,10,000 രൂപ വിലമതിക്കുന്ന കടപ്പത്രങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. 2016-ൽ കിഫ്ബി പുനഃസംഘടിപ്പിക്കുന്നതിനുമുൻപ് 2000-ലും 2003-ലും കടപ്പത്രങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി&ഇ) കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ കിഫ്ബി പരിശോധിച്ച പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.* കുറ്റിപ്പുറം-കങ്കാക്കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതിക്ക് കിഫ്ബി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സാങ്കേതിക അവലോകന റിപ്പോർട്ട് കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷന് (KIIDC) അയച്ചിട്ടുണ്ടെങ്കിലും ആയതിന്മേലുള്ള KIIDC-യുടെ മറുപടി റിപ്പോർട്ട് കിഫ്ബിയിൽ ലഭിച്ചിട്ടില്ല. ഇരിമ്പിളിയം-എടയൂർ കുടിവെള്ള പദ്ധതിക്ക് കിഫ്ബി 72.152 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്. കിഫ്ബിയുടെ ധനാനുമതി ലഭിച്ച പദ്ധതികളുടെ പ്രവൃത്തികൾ ബന്ധപ്പെട്ട എസ്.പി.വി. സമയബന്ധിതമായി നടപ്പിലാക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കിഫ്ബി അംഗീകാരം ലഭിച്ച പ്രവൃത്തികൾ

41(2390) ശ്രീ. പുരുഷൻ കടലുണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ എത്ര പ്രവൃത്തികൾക്കാണ് കിഫ്ബി അംഗീകാരം നല്കിയിട്ടുള്ളത്; ലിസ്റ്റ് ലഭ്യമാക്കാമോ;

(ബി) ഭൂമി ഏറ്റെടുക്കൽ ആവശ്യമായി വരുന്ന പ്രവൃത്തികൾക്ക് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ ഭൂമി ഏറ്റെടുക്കൽ നടപടി വേഗത്തിലാക്കാൻ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ 45 പ്രവൃത്തികൾക്കാണ് കിഫ്ബി അംഗീകാരം നല്കിയിട്ടുള്ളത്. അംഗീകാരം ലഭ്യമായ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) ഉണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് കാലതാമസം വരുന്നത് കിഫ്ബി പദ്ധതികളുടെ നടത്തിപ്പിനെ ബാധിക്കുമെന്നതിനാൽ കിഫ്ബി പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുന്നതിന് കിഫ്ബിയുടെ കീഴിൽ തിരുവനന്തപുരം, ആലപ്പുഴ, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകൾ കേന്ദ്രീകരിച്ച് താത്കാലിക LA യൂണിറ്റ് രൂപീകരിക്കാൻ 24-10-2018-ൽ കൂടിയ കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽ തീരുമാനമായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സർക്കാരിലേയ്ക്ക് ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

## കൊച്ചി മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

42(2391) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ നാളിതുവരെ കൊച്ചി മണ്ഡലത്തിൽ കിഫ്ബി വഴി ഏതെല്ലാം പ്രവൃത്തികൾക്ക് എത്ര കോടി രൂപ വീതം ഉൾക്കൊള്ളിച്ചിട്ടുണ്ട്;

(ബി) ആയതിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ഡി) അവശേഷിക്കുന്ന കിഫ്ബി പ്രവൃത്തികൾക്ക് എന്നത്തേയ്ക്ക് ഭരണാനുമതി ലഭിച്ച് പ്രവർത്തനം തുടങ്ങുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ഈ സർക്കാർ കാലയളവിൽ നാളിതുവരെ കൊച്ചി മണ്ഡലത്തിൽ കിഫ്ബി വഴി ഉൾക്കൊള്ളിച്ചിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങളും നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു.*

(ഡി) അവശേഷിക്കുന്ന പദ്ധതികൾ കിഫ്ബിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് വിശദ പരിശോധനകൾ പൂർത്തിയാക്കിയശേഷം കിഫ്ബിയുടെ എക്സിക്യൂട്ടീവ്/ ബോർഡ് യോഗങ്ങളിൽവച്ച് പ്രവർത്തനാനുമതി നൽകുന്നതായിരിക്കും. ആയതിനുശേഷമുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടുന്നതിന്റെ ചുമതല ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസി (SPVs)കളുടേതാണ്.

**മാനന്തവാടി മണ്ഡലത്തിൽ കിഫ്ബി**

43(2392) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഫ്ബി എത്ര കോടി രൂപയുടെ സാമ്പത്തിക സഹായമാണ് മാനന്തവാടിയിൽ കുടിവെള്ള പദ്ധതിക്കായി അനുവദിച്ചിട്ടുള്ളത്;

(ബി) കിഫ്ബിയുടെ ധനസഹായത്താൽ മാനന്തവാടി മണ്ഡലത്തിൽ നടപ്പാക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണ് ?

ഉത്തരം

(എ) കിഫ്ബി 18 കോടി രൂപയുടെ സാമ്പത്തിക സഹായമാണ് 8-5-2017-ലെ നമ്പർ 31/കിഫ്ബി/2016 ഉത്തരവുപ്രകാരം " WSS to Mananthavady, Edavaka & Nalloornadu Villages in Wayanad District" എന്ന പദ്ധതിക്ക് അനുവദിച്ചിട്ടുള്ളത്.

(ബി) കിഫ്ബിയുടെ ധനസഹായത്താൽ മാനന്തവാടി മണ്ഡലത്തിൽ നടപ്പാക്കുന്ന പ്രവൃത്തികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കിഴക്കമ്പലം-ചോറ്റാനിക്കര റോഡ്

44(2393) ശ്രീ. വി. പി. സജീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 ബഡ്ജറ്റിൽ കിഫ്ബി വഴി കിഴക്കമ്പലം-ചോറ്റാനിക്കര റോഡിന് എത്ര കോടി രൂപ അനുവദിച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ടി റോഡിന് തുക അനുവദിച്ച് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ;

(സി) ഭരണാനുമതി ലഭിച്ചശേഷം സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത റോഡ് കിഫ്ബി വഴി നന്നാക്കുന്നതിന് എന്തെങ്കിലും തടസം ഉണ്ടോ; ഉണ്ടെങ്കിൽ എപ്രകാരം റോഡ് നന്നാക്കുന്നതിനാണ് ഉദ്ദേശിക്കുതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2017-18 ബഡ്ജറ്റിൽ പ്രഖ്യാപിച്ച 182 റോഡുകൾ (ഖണ്ഡിക 156) എന്ന മുഖ്യപദ്ധതിയുടെ 116-ാമത് ഇനമായി പ്രഖ്യാപിച്ച പദ്ധതിയാണ് കിഴക്കമ്പലം ചോറ്റാനിക്കര റോഡ്. ടി പദ്ധതിക്ക് ബഡ്ജറ്റിൽ 24 കോടി രൂപ വകയിരുത്തി യിട്ടുണ്ട്.

(ബി) 10-7-2017-ലെ സ.ഉ(സാധാ)942/2017/പൊ.ഭ.വ. ഉത്തരവ് പ്രകാരം (അനുബന്ധം-1, 115-പിരിവ്) കിഴക്കമ്പലം ചോറ്റാനിക്കര റോഡ് എന്ന പദ്ധതിക്ക് തത്വത്തിൽ ഭരണാനുമതി നൽകുകയും 24 കോടി രൂപ വകയിരുത്തുകയും കേരള റോഡ് ഫണ്ട് ബോർഡ് (KRFB)-നെ പദ്ധതി നിർവ്വഹണ ഏജൻസി ആയി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(സി&ഡി) പ്രസ്തുത പദ്ധതിക്കായി കെ.ആർ.എഫ്.ബി. സമർപ്പിച്ച വിശദമായ പദ്ധതി റിപ്പോർട്ട് ഇപ്പോൾ കിഫ്ബി അവലോകന വിഭാഗത്തിന്റെ പരിഗണനയിലാണ്. പദ്ധതി സൈറ്റ് സന്ദർശിച്ചതിനുശേഷം പ്രസ്തുത റോഡിന്റെ ചില ചെയിനേജുകളിൽ അലൈൻമെന്റ് കറക്ഷൻ, പ്രൊഫൈൽ കറക്ഷൻ എന്നിവ ചെയ്യേണ്ടതായി കാണുന്നു. (മിനിമം ROW ആയ 10m ലഭ്യമാകുവാനും ഗ്രേഡിയന്റിന്റെ (ചരിവ്) തോത് കുറയ്ക്കുവാനും വേണ്ടിയാണ് മേൽസൂചിപ്പിച്ച ഭേദഗതികൾ ആവശ്യമായി വരുന്നത്). ഇവയുടെ സ്പഷ്ടീകരണത്തിനായി സ്ഥല പരിശോധന റിപ്പോർട്ട് (Site Visit) ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസി ആയ കേരള റോഡ് ഫണ്ട് ബോർഡിനു (KRFB) കൈമാറിയിട്ടുണ്ട്. ഇതിനുള്ള മറുപടി ലഭിക്കുന്നമുറയ്ക്ക് കിഫ് ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്.

## ചെറുവത്തൂർ ഐ.ടി. പാർക്ക് റോഡ്

45(2394) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഫ്ബി വഴി നിർമ്മിക്കുന്ന ചെറുവത്തൂർ ഐ. ടി. പാർക്ക് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) 2016-17 ബഡ്ജറ്റ് പ്രസംഗത്തിലുൾപ്പെടുത്തിയ ചെറുവത്തൂർ ഐ.ടി. പാർക്ക് റോഡ് പദ്ധതി കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി 1-11-2016-ലെ സ.ഉ.(സാധാ)നമ്പർ 1502/2016/PWD ഉത്തരവ് പ്രകാരം ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതിക്കായി കേരള റോഡ് ഫണ്ട് ബോർഡ് (SPV) കിഫ്ബിയിൽ സമർപ്പിച്ച വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയുടെ വിശദമായ പരിശോധനയ്ക്കുശേഷം 14-2-2018-ൽ കൂടിയ കിഫ്ബിയുടെ 6-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽ 98.5 കോടി രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്. SPV നൽകിയ പദ്ധതി റിപ്പോർട്ട് സൂക്ഷ്മാവലോകനം നടത്തിയശേഷം പ്രാരംഭ എസ്റ്റിമേറ്റ് ആയ 139 കോടി രൂപ, 98.05 കോടി രൂപയായി നിജപ്പെടുത്തിക്കൊണ്ട് ഉത്തരവിറങ്ങുകയാണുണ്ടായത്. തുടർന്ന്, കാസർഗോഡ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഭാഗത്തുനിന്നും കിഫ്ബിയുടെ തീരുമാനം പുനരവലോകനം ചെയ്യുവാനായി അഭ്യർത്ഥന ഉണ്ടായി. പ്രാരംഭ പദ്ധതി റിപ്പോർട്ടിൽ സൂചിപ്പിച്ച നിബന്ധനകൾ അംഗീകരിക്കപ്പെടേണ്ട ആവശ്യകതയെ ക്കുറിച്ചുള്ള കാസർഗോഡ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അഭിപ്രായം കേരള റോഡ് ഫണ്ട് ബോർഡ് പ്രോജക്റ്റ് ഡയറക്ടർ സ്ഥിരീകരിക്കുകയും തുടർ നടപടികൾക്കായി കിഫ്ബിയെ സമീപിക്കുകയും ചെയ്തു. ഇതിൻപ്രകാരം മേൽ പദ്ധതി പുനരവലോകനത്തിന് വിധേയമാക്കുകയും അതിനെ ആസ്പദമാക്കിയുള്ള അഭിപ്രായ-നിർദ്ദേശങ്ങൾ തയ്യാറാക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഇവ കേരള റോഡ് ഫണ്ട് ബോർഡിന് കൈമാറിയിട്ടുണ്ട്. ആയതിന്മേലുള്ള മറുപടി റിപ്പോർട്ട് ഇതുവരെ കിഫ്ബിയിൽ ലഭിച്ചിട്ടില്ല. മറുപടി റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിക്കുന്നമുറയ്ക്ക് അത് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

## കലാ-സാംസ്കാരിക സംഘടനകൾക്ക് ആസ്തി വികസന ഫണ്ട്

46(2395) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംഗീത നാടക അക്കാദമി, കേരള ലളിതകല അക്കാദമി എന്നിവയുടെ അഫിലിയേഷനോട് കൂടിയും നിയമാനുസൃതം രജിസ്റ്റർ ചെയ്തും പ്രവർത്തിച്ചുവരുന്നതുമായ കലാ-സാംസ്കാരിക സംഘടനകൾക്ക് നിയോജക മണ്ഡല ആസ്തി വികസന നിധിയിൽനിന്നും കെട്ടിട നിർമ്മാണത്തിനായി തുക അനുവദിക്കുവാൻ സാധിക്കുമോ;

(ബി) ഇല്ലെങ്കിൽ ഇതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ&ബി) നിയോജകമണ്ഡലങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമാക്കി സർക്കാരിന്റേയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയോ ഉടമസ്ഥതയിൽ മൂലധന സ്വഭാവമുള്ള, ദീർഘകാലം നിലനിൽക്കുന്ന ആസ്തികളുടെ സൃഷ്ടിക്കായാണ് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കേരള സംഗീത നാടക അക്കാദമി, കേരള ലളിതകലാ അക്കാദമി എന്നിവയുടെ കീഴിൽ പ്രവർത്തിക്കുന്ന പല കലാ-സാംസ്കാരിക സംഘടനകളുടേയും ഉടമസ്ഥാവകാശം അവ രജിസ്റ്റർ ചെയ്തിരിക്കുന്ന സൊസൈറ്റികൾക്കോ ട്രസ്റ്റുകൾക്കോ ആണ്. ഇത്തരം സംഘടനകൾക്ക് കെട്ടിട നിർമ്മാണത്തിനായി നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് വിനിയോഗിക്കുവാൻ വ്യവസ്ഥയില്ല. ആയതിലേയ്ക്കായി പദ്ധതിയുടെ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തുന്നത് ഇപ്പോൾ പരിഗണനയിലില്ല.

## മണ്ഡലം ആസ്തിവികസന ഫണ്ട്

47(2396) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ നിയോജകമണ്ഡലം ആസ്തിവികസന പദ്ധതി പ്രകാരം നിർദ്ദേശിക്കുന്ന പദ്ധതികളുടെ നിർവ്വഹണത്തിന് നടപടിക്രമങ്ങളുടെ ബാഹുല്യം കാലതാമസം സൃഷ്ടിക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എഡിഎഫ് പദ്ധതികളുടെ നിർവ്വഹണം കാര്യക്ഷമവും സമയബന്ധി തവുമാക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) എം.എൽ.എ. എ.ഡി.എഫ് പദ്ധതിപ്രകാരം നിർദ്ദേശിക്കുന്ന പദ്ധതികളുടെ നിർവ്വഹണത്തിന് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അനുമതി വേണമെന്ന നിബന്ധന കാലതാമസത്തിന് കാരണമാകുന്നു എന്ന പരാതി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പരാതി പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിക്കാനു ദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ;

(സി) എ.ഡി.എഫ്. പദ്ധതി പ്രകാരം നിർദ്ദേശിക്കുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകിയാൽ ഫണ്ട് അഡ്വാൻസായി ഡെപ്പോസിറ്റ് ചെയ്താൽ മാത്രമേ ടെൻഡർ ചെയ്യൂ എന്ന വിവിധ നിർവ്വഹണ ഏജൻസികളുടെ പിടിവാശി അവസാനിപ്പിക്കുവാൻ സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) എം.എൽ.എ.-മാരുടെ നിയോജകമണ്ഡലം ആസ്തിവികസന പദ്ധതി പ്രകാരം നിർദ്ദേശിക്കുന്ന പദ്ധതികളുടെ നിർവ്വഹണത്തിന് നടപടി ക്രമങ്ങളുടെ ബാഹുല്യം കാലതാമസം സൃഷ്ടിക്കുന്നു എന്ന പരാതി ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. പ്രവൃത്തികളുടെ നിർവ്വഹണം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി ജില്ലാ കളക്ടേറ്റിലൂടെ നടപ്പാക്കണമെന്ന നിയമസഭാ സാമാജികരുടെ ആവശ്യം പരിഗണിച്ചതിന്റെ അടിസ്ഥാനത്തിൽ 2017-18 സാമ്പത്തിക വർഷം മുതൽ പദ്ധതി കളക്ടേറ്റുകളിലൂടെയാണ് നടപ്പാക്കി വരുന്നത്. എസ്റ്റിമേറ്റ് തുക ഒരു കോടി രൂപയിൽ താഴെയുള്ള പ്രവൃത്തികളുടെ ഭരണാനുമതി ഇപ്പോൾ ജില്ലാതലത്തിൽ തന്നെ നൽകിവരുന്നുണ്ട്. എസ്റ്റിമേറ്റ് തുക ഒരു കോടി രൂപയോ അതിൽ കൂടുതലോ ആണെങ്കിൽ ടി പ്രവൃത്തിക്കുള്ള ഭരണാനുമതി ധനകാര്യ വകുപ്പിന്റെ അനുമതിയുടെ അടിസ്ഥാനത്തിലാണ് നൽകിവരുന്നത്. നിയോജകമണ്ഡല ആസ്തി വികസന പദ്ധതിക്കായി പുറത്തിറക്കിയിട്ടുള്ള ഉത്തരവുകളും സർക്കുലറുകളും ക്രോഡീകരിച്ച് സമഗ്രമായ ഒരു ഉത്തരവ് സ.ഉ.(അച്ചടി)നമ്പർ 119/2018/ധന. തീയതി 4-8-2018 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ആസ്തി വികസന പദ്ധതി പ്രകാരം നിർദ്ദേശിക്കുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയാൽ ഫണ്ട് അഡ്വാൻസായി ഡെപ്പോസിറ്റ് ചെയ്താൽ മാത്രമേ ടെൻഡർ ചെയ്യൂ എന്ന വിവിധ നിർവ്വഹണ ഏജൻസികളുടെ പിടിവാശി ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ.ഉ.(അച്ചടി)നമ്പർ 86/2017/ധന. തീയതി 4-7-2017-ന്റെ ഖണ്ഡിക 4.6 പ്രകാരം പൊതുമരാമത്ത് വകുപ്പ്, ഭൂജലവകുപ്പ്, കേരള ജല അതോറിറ്റി എന്നിവയ്ക്കാണ് പ്രവൃത്തികളുടെ മുഴുവൻ തുകയും മുൻകൂറായി അനുവദിക്കുന്നത്. സർക്കാർ അംഗീകരിച്ച അക്രഡിറ്റഡ് ഏജൻസികൾക്ക് സ.ഉ.(പി)നമ്പർ 311/2014/ധന. തീയതി 30-7-2014 ഉത്തരവനുസരിച്ചാണ് തുക അനുവദിച്ച് നൽകുന്നത്. പ്രസ്തുത ഉത്തരവ് അനുസരിച്ച് അക്രഡിറ്റഡ് ഏജൻസികൾക്ക് മുൻകൂറായി അനുവദിക്കുന്നത് അടങ്കൽ തുകയുടെ 20% മാത്രമാണ്. പ്രവർത്തന പുരോഗതിയ്ക്കനുസരിച്ചാണ് പിന്നീട് പണം അനുവദിക്കുന്നത്.

## നെന്മാറ മണ്ഡലത്തിലെ ആസ്തി വികസന പദ്ധതി

48(2397) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെന്മാറ മണ്ഡലത്തിൽ 2016-17, 2017-18 വർഷങ്ങളിൽ എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ ഏതെല്ലാം പ്രവൃത്തികളാണ് നിലവിൽ പൂർത്തീകരിക്കാത്തത് എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ 2016-17 സാമ്പത്തിക വർഷത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ വിവരം ശേഖരിച്ച് നൽകുന്നതാണ്. നെന്മാറ നിയോജകമണ്ഡലത്തിൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 2017-18 വർഷത്തിൽ ആകെ 14 പ്രവൃത്തികൾ ആണ് ഉള്ളത്. ടി പ്രവൃത്തികളിൽ ഒന്നും തന്നെ പൂർത്തീകരിച്ചിട്ടില്ല.

(ബി) എം.എൽ.എ.-മാർ സമർപ്പിക്കുന്ന ശിപാർശകളിൽ പരമാവധി ഏഴ് പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽത്തന്നെ ജില്ലാ കളക്ടർമാർ നടപടി സ്വീകരിക്കേണ്ടതും ആവശ്യമായ പദ്ധതിരേഖകൾ (ഡി.പി.ആർ.) തയ്യാറാക്കുന്നതിനായി ആയത് അധികാരപ്പെട്ട ഉദ്യോഗസ്ഥന് അയയ്ക്കേണ്ടതുമാണ്. പ്രവൃത്തികൾക്കായുള്ള പദ്ധതി രേഖകൾ ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർമാർ/ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ/അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ എന്നിവർ അവരവരുടെ ഡെലിഗേഷൻ അനുസരിച്ച് തയ്യാറാക്കേണ്ടതാണ്. ഭരണാനുമതി നൽകുന്നതിനായി ആയവ എസ്റ്റിമേറ്റ് റിപ്പോർട്ട്, ചെക്ക് ലിസ്റ്റ് എന്നിവ സഹിതം ജില്ലാ കളക്ടർമാർക്ക് ലഭ്യമാക്കേണ്ടതാണ്. ശിപാർശ ചെയ്ത പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ്, കെട്ടിടം, പാലം എന്നിവയുടെ നിർമ്മാണമാണെങ്കിൽ രണ്ട് മാസത്തിനകവും മറ്റ് പ്രവൃത്തികളാണെങ്കിൽ ഒരു മാസത്തിനകവും തയ്യാറാക്കേണ്ടതാണ്. മാനദണ്ഡങ്ങൾക്ക് വിധേയമായി, എല്ലാ അനുബന്ധരേഖകളും സഹിതം കളക്ടർമാർക്ക് ലഭ്യമാകുന്ന ശിപാർശകൾക്ക് ഒരാഴ്ചയ്ക്കകം ഭരണാനുമതി നൽകേണ്ടതും ആയതിന്റെ പകർപ്പ് ബന്ധപ്പെട്ട എം.എൽ.എ.-മാർക്ക് നൽകേണ്ടതുമാണ്. ഭരണാനുമതി ലഭിച്ച പ്രവൃത്തികൾക്ക് അടുത്ത 14 ദിവസത്തിനുള്ളിൽത്തന്നെ സാങ്കേതികാനുമതി നൽകേണ്ടതാണ്. പ്രവൃത്തികളുടെ സിവിൽ, ഇലക്ട്രിക്കൽ ഘടകങ്ങൾക്കുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും ഒരുമിച്ച്

നൽകേണ്ടതാണ്. ഇ-ടെണ്ടർ നടപടികൾ ഒരു മാസത്തിനകം പൂർത്തീകരിച്ച് പ്രവൃത്തികൾ കാലതാമസംവിനാ പൂർത്തീകരിക്കേണ്ടതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ബഹുമാനപ്പെട്ട എം.എൽ.എ.-മാരെ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

**വാമനപുരം മണ്ഡലത്തിൽ ആസ്തി വികസന പദ്ധതി**

49(2398) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം മണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ ശിപാർശ ചെയ്യപ്പെട്ട ആസ്തി വികസന പദ്ധതികളിൽ എന്തൊക്കെ പ്രവൃത്തികളാണ് ഇനിയും പൂർത്തിയാകാനുള്ളതെന്ന് വിശദമാക്കാമോ;

(ബി) പൂർത്തിയാകാത്തവ ഉണ്ടെങ്കിൽ എന്താണ് കാലതാമസത്തിന് കാരണമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) വാമനപുരം മണ്ഡലത്തിൽ 2016-17 ആസ്തി വികസന പദ്ധതി പ്രകാരം ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ താഴെ പറയുന്നവ ഒഴികെ മറ്റെല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട് :

1. വാമനപുരം നിയോജകമണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ആസ്തി വികസന പദ്ധതി വഴി അനുവദിച്ച 50 ലക്ഷം രൂപ വിനിയോഗിച്ച് 2052 വൈദ്യുത കണക്ഷനുകൾ നൽകിയിട്ടുണ്ട്. വനമേഖലയിലെ 11 വൈദ്യുത കണക്ഷനുകൾ വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ നൽകാൻ കഴിഞ്ഞിട്ടില്ല. അനുമതി ലഭിക്കുന്ന മുറയ്ക്ക് ടി കണക്ഷനുകൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

2. 'വെഞ്ഞാറമൂട് എച്ച്.എസ്.എസ്. ആഡിറ്റോറിയം' എന്ന പ്രവൃത്തി ഫൗണ്ടേഷൻ വരെ പൂർത്തിയാക്കിയിട്ടുണ്ട്. സ്കൂൾ ഹൈടെക് ആക്കുന്നതുമായി ബന്ധപ്പെട്ട് സംയോജിപ്പിച്ച് ചെയ്യേണ്ടതിനാൽ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ നിർദ്ദേശപ്രകാരം ടി പ്രവൃത്തി തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

## വാമനപുരം നിയോജകമണ്ഡലത്തിലെ ആസ്തിവികസന പദ്ധതികൾ

50(2399) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ ശിപാർശ ചെയ്യപ്പെട്ട ആസ്തിവികസന പദ്ധതികളിൽ പൂർത്തിയായ പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പൂർത്തിയാകാത്തവ ഉണ്ടെങ്കിൽ കാലതാമസത്തിന് കാരണം എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ശിപാർശ ചെയ്യപ്പെട്ട പ്രവൃത്തികളുടെ ലിസ്റ്റും പുരോഗതി സംബന്ധിച്ച വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.*

## ആലത്തൂർ മണ്ഡലത്തിൽ ആസ്തി വികസന ഫണ്ട്

51(2400) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷത്തെ ആലത്തൂർ മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട്, പ്രാദേശിക വികസന ഫണ്ട് എന്നിവയിൽ നിർദ്ദേശിച്ച പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) പദ്ധതി പ്രവൃത്തികളിൽ പൂർത്തിയാക്കിയവ ഉണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകാമോ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷത്തെ എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ള 20 പ്രവൃത്തികളിൽ 19 പ്രവൃത്തികൾക്ക് നാളിതുവരെയായി ഭരണാനുമതി നൽകിയിട്ടുണ്ട്. ബാക്കിയുള്ള ഒരു പ്രവൃത്തിയായ ആലത്തൂർ, വണ്ടാഴി ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ് വിളക്ക് സ്ഥാപിക്കുന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്ന നടപടികൾ പുരോഗതിയിലാണ്. 2017-18 സാമ്പത്തിക വർഷത്തെ എം.എൽ.എ.-യുടെ പ്രത്യേക വികസന നിധി പ്രകാരം നടപ്പിലാക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ള 8 പ്രവൃത്തികളിൽ എസ്റ്റിമേറ്റ് ലഭിച്ചിട്ടുള്ള 7 പ്രവൃത്തികൾക്ക് നാളിതുവരെയായി ഭരണാനുമതി നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) 2017-18 സാമ്പത്തിക വർഷത്തെ എം.എൽ.എ.-യുടെ പ്രത്യേക വികസന നിധി പ്രകാരം നടപ്പിലാക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ള 8 പ്രവൃത്തികളിൽ 4 പ്രവൃത്തികളും ആസ്തി വികസന പദ്ധതി പ്രകാരം നടപ്പിലാക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ള 20 പ്രവൃത്തികളിൽ 2 പ്രവൃത്തികളും നാളിതുവരെയായി പൂർത്തീകരിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധത്തിൽ കാണാവുന്നതാണ്.*

## ഗവൺമെന്റ് സ്കൂളുകൾക്ക് കെട്ടിടം നിർമ്മിക്കാനുള്ള പദ്ധതി

52(2401) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് സ്കൂളുകൾക്ക് കെട്ടിടം നിർമ്മിക്കാനായി കിഫ്ബിയിൽ നിന്നും രണ്ടാംഘട്ട പദ്ധതി പ്രകാരം 3 കോടി രൂപ വീതം അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികളുടെ പൂർത്തീകരണത്തിനായി, എസ്റ്റിമേറ്റ് പ്രകാരം ബാക്കി വേണ്ടുന്ന തുക എം.എൽ.എ.-മാരുടെ ആസ്തി വികസനനിധിയിൽ നിന്നും അനുവദിക്കുന്നതിന് ധനകാര്യ വകുപ്പിന്റെ അനുമതി ലഭ്യമാണോ;

(ബി) ലഭ്യമല്ലെങ്കിൽ പ്രസ്തുത അനുമതി നൽകുവാനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളിൽ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഗവൺമെന്റ് സ്കൂളുകൾക്ക് കെട്ടിടം നിർമ്മിക്കാനായി കിഫ്ബിയിൽനിന്നും 3 കോടി രൂപ വീതം അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികളുടെ പൂർത്തീകരണത്തിനായി, എസ്റ്റിമേറ്റ് പ്രകാരം ബാക്കി വേണ്ടുന്ന തുക എം.എൽ.എ.-മാരുടെ ആസ്തി വികസനനിധിയിൽ നിന്നും അനുവദിക്കുന്നതിന് 13-11-2018-ലെ സ.ഉ.(പി)നമ്പർ 176/2018/ധന. ഉത്തരവുപ്രകാരം അനുമതി നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

## കുന്നത്തുനാട് നിയോജകമണ്ഡലത്തിന്റെ ആസ്തി വികസന പദ്ധതി

53(2402) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നിയമസഭാ നിയോജകമണ്ഡലം ആസ്തിവികസന പദ്ധതി 2016-17 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്നതിനുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ കുന്നത്തുനാട് നിയോജക

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

മണ്ഡലത്തിന്റെ ആസ്തി വികസന ഫണ്ടിൽനിന്നും ഭരണാനുമതി ലഭിച്ച പദ്ധതികൾക്ക് ടെണ്ടർ അംഗീകരിച്ച് കഴിഞ്ഞതിനുശേഷമുള്ള ടെണ്ടർ എക്സസ്/ടെണ്ടർ സേവിംഗ്സ് എത്രയെന്ന് അറിയിക്കാമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

## തൃപ്പൂണിത്തുറ മണ്ഡലത്തിലെ ആസ്തിവികസന ഫണ്ട്

54(2403) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തെ ആസ്തിവികസനഫണ്ടിൽനിന്നും തൃപ്പൂണിത്തുറ മണ്ഡലത്തിലെ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയെന്നും അവ ഏതൊക്കെയെന്നും തുക എത്രയെന്നും അറിയിക്കുമോ;

(ബി) ഇവയിൽ ടെണ്ടർ നടപടികൾ പൂർത്തിയായവ ഏതൊക്കെയെന്ന് അറിയിക്കുമോ;

(സി) അനുമതി ലഭിച്ചതിൽനിന്നും എത്ര പ്രവൃത്തികൾ കുറഞ്ഞ തുകയ്ക്ക് കരാർ എടുത്തിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഡി) ഇപ്രകാരം ബാക്കി വന്ന തുക വരും വർഷത്തെ ആസ്തിവികസന ഫണ്ടിലേക്ക് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) പ്രസ്തുത ഫണ്ടിലേക്ക് അനുവദിച്ചതിൽ എത്ര തുക ബാക്കിയുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

## വിവിധ എം.എൽ.എ. ആസ്തി വികസന പദ്ധതികൾ

55(2404) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2017, 2017-2018 സാമ്പത്തിക വർഷങ്ങളിലേക്ക് സമർപ്പിച്ച പിറവം നിയോജകമണ്ഡലത്തിലെ വിവിധ എം.എൽ.എ. ആസ്തി വികസന പദ്ധതികളുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ആസ്തി വികസന പദ്ധതികളിൽ ഭരണാനുമതി നൽകിയവയുടെയും സാങ്കേതിക അനുമതി നല്കിയവയുടെയും ലിസ്റ്റ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**ചീക്കോട് മിനിസ്റ്റേഡിയം**

56 (2405) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ മുൻ എം.എൽ.എ. മണ്ഡലം ആസ്തിവികസന ഫണ്ടിൽ ഉൾപ്പെടുത്തി ചീക്കോട് മിനിസ്റ്റേഡിയം നവീകരണത്തിന് ഫണ്ട് വകയിരുത്തിയിട്ടും ഇതുവരെ മേൽപ്രവൃത്തി തുടങ്ങാതെ നീട്ടിക്കൊണ്ടു പോകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മേൽപ്രവൃത്തി തടസ്സപ്പെട്ട് കിടക്കാനുണ്ടായ കാരണം വ്യക്തമാക്കാമോ;

(സി) പൊതുമരാമത്ത് വകുപ്പും എൽ.എസ്.ജി.ഡി വകുപ്പും ഓരോ കാരണങ്ങൾ പറഞ്ഞ് അങ്ങോട്ടും ഇങ്ങോട്ടും ഫയലുകൾ അയച്ച് പദ്ധതി വൈകിപ്പിക്കുന്നതിനെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കാൻ കഴിയുമോ; വിശദമാക്കാമോ;

(ഡി) അകാരണമായി പദ്ധതികൾ പൂർത്തിയാക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ടി പ്രവൃത്തി പി.ഡബ്ല്യൂ.ഡി. മുഖേന നടപ്പിലാക്കുന്നതിനാണ് എം.എൽ.എ. നിർദ്ദേശിച്ചിരുന്നത്. ചീക്കോട് ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള കളിസ്ഥലമായതിനാൽ ഭരണ സമിതിയുടെ NOC ആവശ്യമാണ്. ആയത് ലഭ്യമാകാനുണ്ടായ കാലതാമസമാണ് പ്രവൃത്തി തടസ്സപ്പെടാൻ കാരണം.

(സി&ഡി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

## പകൽവീട് കുടുംബശ്രീ ഉൽപ്പന്ന ഉൽപ്പാദന കേന്ദ്രത്തിന് കെട്ടിട നിർമ്മാണം

57(2406) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ വാടാനപ്പള്ളി പഞ്ചായത്തിന്റെ കീഴിലുള്ള പകൽവീട് കുടുംബശ്രീ ഉൽപ്പന്ന ഉൽപ്പാദന കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണത്തിന് എം.എൽ.എ.-യുടെ 2016-17-ലെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പ്രത്യേകാനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് മണലൂർ എം.എൽ.എ. സമർപ്പിച്ച കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തൃശ്ശൂർ ജില്ലയിലെ വാടാനപ്പള്ളി പഞ്ചായത്തിന്റെ കീഴിലുള്ള പകൽ വീട്-കുടുംബശ്രീ ഉത്പന്ന ഉത്പാദന കേന്ദ്രം കെട്ടിട നിർമ്മാണത്തിന് എം.എൽ.എ.-യുടെ 2016-17 നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പ്രത്യേകാനുമതി നൽകി സ.ഉ.(സാധാ)നമ്പർ 9869/2018/ധന. തീയതി 30-11-2018 ഉത്തരവ് പുറപ്പെടുവിക്കുകയും ഇതിൻ പ്രകാരമുള്ള തുടർ നടപടികൾക്കായി ഭരണ വകുപ്പിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

## ഓഖി ദുരന്തത്തെ തുടർന്ന് ലഭിച്ച കേന്ദ്ര സഹായം

58(2407) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓഖി ദുരന്തത്തെ തുടർന്ന് എത്ര തുകയാണ് കേന്ദ്ര സഹായമായി ലഭിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കേന്ദ്ര സഹായം എത്ര തവണകളായാണ് ലഭിച്ചത്; കേന്ദ്ര സഹായം അനുവദിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

### ഉത്തരം

(എ&ബി) ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് ദേശീയ ദുരന്ത പ്രതികരണ നിധിയിൽ നിന്ന് ഒറ്റത്തവണയായി 133 കോടി രൂപ ലഭിച്ചിരുന്നു. ദേശീയ ദുരന്ത പ്രതികരണ നിധിയിൽ നിന്നും തുക അനുവദിക്കുന്നതിനുള്ള മാനദണ്ഡ പ്രകാരം

സംസ്ഥാനത്തിന് 111.70 കോടി രൂപയ്ക്ക് മാത്രമെ അർഹതയുള്ളൂ എന്നും, അധികമായി അനുവദിച്ച 21.30 കോടി രൂപ ഭാവിയിൽ ഉണ്ടാകുന്ന പ്രകൃതി ദുരന്തങ്ങൾക്ക് നൽകുന്ന സഹായത്തിൽ ക്രമീകരിക്കുന്നതുമാണെന്നും കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

## സ്കൂൾ കൗൺസലർമാരുടെ തസ്തിക

59(2408) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന സ്കൂൾ കൗൺസലർമാരുടെ തസ്തികകൂടി G.O(P) 56/2017 ഉത്തരവിൽ ഉൾപ്പെടുത്തുന്നതിനും അതനുസരിച്ചുള്ള വേതനം ഇവർക്ക് അനുവദിക്കുന്നതിനുമായി ഓർഗനൈസേഷൻ ഓഫ് സോഷ്യൽ വർക്കേഴ്സ് ആൻഡ് കൗൺസലേർസ് എന്ന സംഘടന നൽകിയ നിവേദനത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) ഇത് സംബന്ധമായി WW2/395/2018/Fin. എന്ന ഫയൽ നിലവിലുണ്ടോ;

(സി) വളരെ പരിഗണന അർഹിക്കുന്ന പ്രസ്തുത നിവേദനം പരിശോധിച്ച് സമയബന്ധിതമായി തീരുമാനം സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) പ്രസ്തുത നിവേദനം ധനകാര്യ വകുപ്പിന്റെ വെൽഫെയർ വിംഗിൽ WW-WW2/395/2018-Fin.നമ്പർ ഫയലിൽ പരിശോധിക്കുകയും അതിൻ പ്രകാരം ചുവടെ ചേർക്കുന്ന വിവരങ്ങൾ സഹിതം സെക്രട്ടറിതലത്തിൽ ഫയൽ ലഭ്യമാക്കുവാൻ 12-11-2018-ൽ ഇതേ നമ്പറായുള്ള അനൗദ്യോഗിക കുറിപ്പിലൂടെ സാമൂഹ്യനീതി വകുപ്പിനോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

1. ശമ്പള പരിഷ്കരണ ഉത്തരവുകൾ പ്രകാരം തസ്തികയ്ക്ക്/സമാന തസ്തികക്ക് നൽകി വരുന്ന വേതനം
2. നിലവിൽ വാങ്ങുന്ന വേതനം, ആയത് അനുവദിച്ച ഉത്തരവ്
3. സൈക്കോ സോഷ്യൽ കൗൺസലർ തസ്തികയുടെ വേതനം ഉയർത്തുന്ന വിഷയം പരിശോധിക്കുന്നതിനായി ടി തസ്തിക സർക്കാർ അംഗീകൃത തസ്തികയാണോ ആണെങ്കിൽ ഇതുസംബന്ധിച്ച രേഖകൾ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

4. ജി.ഒ(പി)നമ്പർ 28/2016/ധന. തീയതി 26-2-2016, ജി.ഒ (പി) നമ്പർ 56/2017/ധന. തീയതി 28-4-2017 ജി.ഒ.(പി)നമ്പർ 112/2018/ ധന. തീയതി 21-7-2017 എന്നീ ഉത്തരവുകളിലെ നിബന്ധനകൾ പൂർണ്ണമായും പാലിക്കുവാൻ കഴിയുമോ എന്നുള്ള വിവരം

(ബി) ഉണ്ട്.

(സി) ഭരണ വകുപ്പിൽനിന്നും ഫയൽ ലഭ്യമാക്കുന്നമുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## നബാർഡിന്റെ സഹായത്തോടുകൂടി നടപ്പിലാക്കി വരുന്ന പദ്ധതികൾ

60(2409) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം നിയോജക മണ്ഡലത്തിൽ നബാർഡിന്റെ ധനസഹായത്തോടുകൂടി നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണ്; അവയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

ബന്ധപ്പെട്ട വകുപ്പ് മേധാവികളിൽനിന്നും വിവരം ശേഖരിച്ചുവരുന്നു.

## ഭവന വായ്പ (എച്ച്.ബി.എ.)

61(2410) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നൽകിവരുന്ന ഭവനവായ്പ (എച്ച്.ബി.എ.) പദ്ധതിക്ക് അപേക്ഷിക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ വർഷം ഭവന വായ്പ അനുവദിച്ച എല്ലാ ജീവനക്കാർക്കും തുക വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര പേർക്ക് വിതരണം ചെയ്തുവെന്നും ഇനിയെത്ര വിതരണം ചെയ്യാനുണ്ടെന്നും അറിയിക്കാമോ; ഇത് എന്നത്തേക്ക് വിതരണം നടത്താനാകുമെന്ന് അറിയിക്കാമോ;

(സി) സർക്കാർ ജീവനക്കാർക്കുള്ള ഭവന വായ്പ പദ്ധതി നിലവിലുള്ള സംവിധാനത്തിൽനിന്നും വ്യത്യസ്തമായി മറ്റെന്തെങ്കിലും രീതിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) ബാങ്കുകൾ മുഖേനയാണെങ്കിൽ എങ്ങനെയാണ് അപേക്ഷ നൽകേണ്ടത്; മറ്റ് നടപടിക്രമങ്ങൾ, പലിശ നിരക്ക് ഉൾപ്പെടെ വിശദാംശം വ്യക്തമാക്കുമോ;

(ഇ) നിലവിൽ പദ്ധതി കാര്യക്ഷമമല്ലാത്തതുമൂലം ജീവനക്കാർക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സർക്കാർ ജീവനക്കാരിൽ നിന്നും അധ്യാപകരിൽ നിന്നും നടപ്പ് സാമ്പത്തിക വർഷം ഭവന നിർമ്മാണ വായ്പാ അപേക്ഷ സ്വീകരിക്കുന്നതിന് സർക്കുലർ പുറപ്പെടുവിച്ചിട്ടില്ല. ടി ജീവനക്കാർക്കുള്ള ഭവന നിർമ്മാണ വായ്പ 5-7-2018-ലെ സ.ഉ.(അച്ചടി)നമ്പർ 105/2018/ധന. 11-9-2018-ലെ സ.ഉ.(അച്ചടി) നമ്പർ 143/2018/ധന. ഉത്തരവുകൾ പ്രകാരം പരിഷ്കരിച്ചിട്ടുള്ളതാണ്. പരിഷ്കരിച്ച ഭവന നിർമ്മാണ വായ്പ പദ്ധതി പ്രകാരം സർക്കാർ ജീവനക്കാർ ഭവന വായ്പയ്ക്ക് ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളെയും LIC, HFL, DHFL തുടങ്ങിയ നോൺ ബാങ്കിംഗ് ഫിനാൻസ് കോർപ്പറേഷനുകളേയുമാണ് സമീപിക്കേണ്ടത്.

(ബി) 2017-18 സാമ്പത്തിക വർഷം ഭവന നിർമ്മാണ വായ്പയ്ക്ക് അപേക്ഷിച്ച എല്ലാവർക്കും തുക വിതരണം ചെയ്തിട്ടില്ല. ആകെ 2112 പേർക്ക് വായ്പ അനുവദിക്കുന്നതിന് തുക വിവിധ സർക്കാർ വകുപ്പുകളിലേയ്ക്ക് വിതരണം ചെയ്തിട്ടുണ്ട്. ഇനി 625 പേർക്ക് തുക വിതരണം ചെയ്യാനുണ്ട്. നടപ്പ് സാമ്പത്തിക വർഷംതന്നെ അവശേഷിക്കുന്ന അപേക്ഷകളിൽ തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി&ഡി) 5-7-2018-ലെ സ.ഉ.(അച്ചടി)നമ്പർ 105/2018/ധന. 11-9-2018-ലെ സ.ഉ.(അച്ചടി)നമ്പർ 143/2018/ധന. ഉത്തരവുകൾ പ്രകാരം ഭവന നിർമ്മാണ വായ്പ പദ്ധതി പരിഷ്കരിച്ചിട്ടുള്ളതാണ്. ആയത് പ്രകാരം സർക്കാർ ജീവനക്കാർ ഭവന വായ്പയ്ക്ക് ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളെയും LIC,HFL,DHFL തുടങ്ങിയ നോൺ ബാങ്കിംങ് ഫിനാൻസ് കോർപ്പറേഷനുകളേയുമാണ് സമീപിക്കേണ്ടത്. ബാങ്കിലെ വായ്പാ നിരക്ക് പ്രകാരം വായ്പ എടുക്കാവുന്നതാണ്. ടി പദ്ധതിയിൽ ജീവനക്കാർക്ക് പലിശ സബ്സിഡി നൽകുന്നതാണ്. ടി പദ്ധതിയിലെ ടി ആനുകൂല്യത്തിന് ജീവനക്കാർ സർക്കാരിൽനിന്ന് NOC വാങ്ങേണ്ടതാണ്. ഈ പ്രക്രിയകൾ (NOC നൽകുന്നതും പലിശ സബ്സിഡി നൽകുന്നതും) ഒരു ഡെഡിക്കേറ്റഡ് സോഫ്റ്റ്‌വെയറിലൂടെയാണ് ചെയ്യുവാൻ ഉദ്ദേശിക്കുന്നത്.

(ഇ) 2017-18 സാമ്പത്തിക വർഷത്തിൽ വായ്പയ്ക്ക് അപേക്ഷിക്കുകയും വായ്പ ലഭിക്കുവാൻ അവശേഷിക്കുന്ന ജീവനക്കാർക്ക് തുക വിതരണം ചെയ്യുന്നതിനായുള്ള നടപടി സർക്കാർ സ്വീകരിച്ചുവരുന്നു. പരിഷ്കരിച്ച പദ്ധതി പ്രകാരം ബാങ്കുകളിൽ നിന്ന് ജീവനക്കാർക്ക് ഭവന വായ്പ ലഭിക്കുന്നതിനായുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

## സാലറി ചലഞ്ചിൽ പങ്കെടുക്കാത്ത ജീവനക്കാരുടെ പട്ടിക

62(T2411) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാലറി ചലഞ്ചിൽ പങ്കെടുക്കാത്ത ജീവനക്കാരുടെ പട്ടിക സർക്കാരോ വകുപ്പ് മേധാവികളോ ശേഖരിക്കുകയോ പ്രസിദ്ധീകരിക്കുകയോ ചെയ്തിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ പട്ടിക പുറത്തുവിടരുതെന്ന് ഹൈക്കോടതി നിർദ്ദേശമുണ്ടായിട്ടും പട്ടിക പുറത്തുവിട്ട വകുപ്പ് മേധാവികൾക്കെതിരെ എന്തെങ്കിലും തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ&ബി) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടേയും ഹൈക്കോടതിയുടേയും ഉത്തരവുകൾ പ്രകാരം സാലറിചലഞ്ചിൽ പങ്കാളികളാകാത്ത ജീവനക്കാരുടെ പേര് വിവരങ്ങൾ വെളിപ്പെടുത്താൻ പാടില്ല. ഇതിന് വിരുദ്ധമായി ഏതെങ്കിലും ഉദ്യോഗസ്ഥൻ പ്രവർത്തിച്ചാൽ നടപടി സ്വീകരിക്കുന്നതാണ്.

## യാത്രാബത്ത ബിൽ

63(2412) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 3-10-2012 ലെ സർക്കുലർ നമ്പർ 57/2012 പ്രകാരം വ്യോമമാർഗ്ഗം ഔദ്യോഗിക യാത്ര ചെയ്യുന്ന ഉദ്യോഗസ്ഥന് യാത്രാബത്ത ബിൽ സമർപ്പിക്കുമ്പോൾ ബോർഡിംഗ് പാസ് ഹാജരാക്കേണ്ടതുണ്ടോ;

(ബി) ബോർഡിംഗ് പാസ് ഹാജരാക്കാത്ത ബില്ലുകൾ പൊതുഭരണ (അക്കൗണ്ട്സ്) വിഭാഗത്തിൽനിന്നോ, ധനവകുപ്പിൽനിന്നോ പാസാക്കി കൊടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത ബില്ലുകൾ പരിശോധിച്ചവകയിൽ എ. ജി.-യുടെ പരാമർശങ്ങൾ വന്ന കേസുകൾ വിശദമാക്കാമോ;

(ഡി) എ.ജി.-യുടെ പരാമർശംവന്ന ടി.എ. ബില്ലുകളിൽ ഉൾപ്പെട്ടിട്ടുള്ള സെക്രട്ടേറിയറ്റിലെ ഐ.എ.എസ്/ഉന്നത ഉദ്യോഗസ്ഥർ ആരെല്ലാമെന്നും എത്ര തുകയാണ് ഈ ഇനത്തിൽ എ. ജി. തടസവാദം ഉന്നയിച്ചിരിക്കുന്നതെന്നും വ്യക്തമാക്കുമോ?

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ഉത്തരം

(എ-ഡി) ഉണ്ട്. 15-10-2018-ലെ സർക്കുലർ നമ്പർ 94/2018/ധന. പ്രകാരം ഔദ്യോഗിക ആവശ്യത്തിനായ് സർക്കാർ ഉദ്യോഗസ്ഥർ വിമാനമാർഗ്ഗം യാത്ര ചെയ്യുന്നതിനായി ODEPC വഴി വിമാന ടിക്കറ്റ് എടുക്കുന്ന സാഹചര്യങ്ങളിൽ യാത്രാബത്താ ബില്ലിനോടൊപ്പം ബോർഡിംഗ് പാസ് ഉള്ളടക്കം ചെയ്യേണ്ടതില്ല എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. (ഉള്ളടക്കം ചെയ്തിട്ടുണ്ട്)*.കഴിഞ്ഞ കുറച്ച് വർഷങ്ങളായി വ്യോമയാത്രാ നിരക്ക്, അവയുടെ ഘടന, എയർലൈനുകൾ ഈടാക്കുന്ന ചാർജ്ജുകൾ, അവ നൽകുന്ന സൗകര്യങ്ങൾ, എയർലൈനുകളുടെ എണ്ണം എന്നിവയിൽ വലിയ തോതിലുള്ള മാറ്റം വന്നിട്ടുണ്ട്. അതിനനുസൃതമായി വ്യോമയാത്ര നിരക്കുകളിൽ ദിനംപ്രതി വ്യത്യാസം വരികയും വിവിധ എയർലൈനുകൾ വ്യത്യസ്ത നിരക്കുകൾ ഈടാക്കുകയും ചെയ്തുവരുന്നു. ബാഗേജ്, സീറ്റ് തെരഞ്ഞെടുപ്പ്, ഭക്ഷണം, ടിക്കറ്റ് റദ്ദാക്കൽ എന്നിവയ്ക്ക് ബജറ്റ് എയർലൈനുകൾ പ്രത്യേകം ചാർജ് ഈടാക്കുന്നുണ്ട്. മുൻകാലങ്ങളിൽ ടിക്കറ്റ് റദ്ദാക്കൽ, പുനഃക്രമീകരണം മറ്റ് സേവനങ്ങൾ തുടങ്ങിയവ സൗജന്യമായോ നേരിയതുക ഈടാക്കിയോ ആണ് നൽകിവന്നിരുന്നത്. ഇപ്പോൾ എയർലൈനുകൾ ഇവയ്ക്ക് ഓരോന്നിനും പ്രത്യേകം തുക ഈടാക്കുന്നുണ്ട്. 1-5-2016 മുതൽ 31-1-2018 വരെയുള്ള കാലയളവിലെ അക്കൗണ്ടന്റ് ജനറലിന്റെ ഇൻസ്പെക്ഷൻ റിപ്പോർട്ടിൽ സെക്രട്ടേറിയറ്റിലെ ഓഫീസർമാരുടെ വ്യോമയാത്രാ ബില്ലുകളിൽ ആഡിറ്റ് പരാമർശം ഉന്നയിച്ചിട്ടുണ്ട്. വ്യോമയാത്ര നിരക്കിലെ വ്യതിയാനത്തിന്റെയും വ്യോമമേഖലയിലെ നൂതന സമ്പ്രദായങ്ങളുടെയും അടിസ്ഥാനത്തിൽ വ്യോമയാത്രയുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിൽ മാറ്റം വരുത്തേണ്ടതുണ്ടോ എന്ന കാര്യം പരിശോധിക്കുന്നതാണ്.

## സറണ്ടർ ലീവ് അരിയറിനുള്ള അപേക്ഷ സംബന്ധിച്ച്

64(2413) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ ചീഫ് ടൗൺ പ്ലാനർ വിജിലൻസ് ഈപ്പൻ വർഗ്ഗീസിന്റെ സറണ്ടർ ലീവ് അരിയർ ലഭിക്കുവാൻ വേണ്ടി ധനകാര്യ വകുപ്പിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; എന്നാണ് അപേക്ഷ സമർപ്പിച്ചത് ; ഇത് സംബന്ധിച്ച നോട്ട് ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) കൃത്യസമയത്ത് ഫയൽ പരിശോധിച്ചിട്ടില്ലെന്ന ആരോപണം ധനവകുപ്പ് പരിശോധിക്കുമോ; ഈപ്പൻ വർഗ്ഗീസിന് അർഹതപ്പെട്ട ആനുകൂല്യം അടിയന്തരമായി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഇത് സംബന്ധിച്ച് എം.എൽ.എ നൽകിയ കത്ത് പരിശോധിച്ചിട്ടുണ്ടോ; എന്നാണ് പരിശോധിച്ചത്;എം.എൽ.എ.-യ്ക്ക് മറുപടി നൽകിയിട്ടുണ്ടോ; എന്നാണ് നൽകിയത്; വ്യക്തമാക്കുമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) മുൻചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ഈപ്പൻ വർഗ്ഗീസ് സറണ്ടർ ലീവ് അരിയർ ലഭിക്കുവാൻവേണ്ടി ധനകാര്യ വകുപ്പിന് നേരിട്ട് അപേക്ഷ സമർപ്പിച്ചിട്ടില്ല. ടിയാൻ 26-3-2018-ൽ പൊതുഭരണ അക്കൗണ്ട്സ് വകുപ്പിൽ സമർപ്പിച്ച അപേക്ഷയിന്മേൽ അഭിപ്രായത്തിനായിട്ടാണ് ധന വകുപ്പിൽ ഫയൽ പൊതുഭരണവകുപ്പിൽനിന്നും ലഭ്യമായിട്ടുള്ളത്. നോട്ട് ഫയലിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ബി) ശ്രീ. ഈപ്പൻ വർഗ്ഗീസിന്റെ അപേക്ഷ സംബന്ധിച്ച ഫയൽ (BW1/21/18/GAD)ഭരണ വകുപ്പിൽ നിന്നും 16-4-2018-ലാണ് ധനവകുപ്പിന്റെ അഭിപ്രായത്തിനായി ലഭ്യമായത്. ടി വിഷയത്തിൽ തീരുമാനമെടുക്കാൻ പര്യാപ്തമായ വിവരങ്ങൾ ഫയലിൽ ലഭ്യമല്ലാതിരുന്നതുകൊണ്ട് ആയത് ആവശ്യപ്പെട്ടുകൊണ്ട് ഫയൽ ഭരണ വകുപ്പിന് 13-7-2018-ൽ മടക്കിനൽകുകയുണ്ടായി. ആയത് ആവശ്യപ്പെട്ട വിവരങ്ങൾ സഹിതം 4-8-2018-ൽ വീണ്ടും ഫയൽ ധനവകുപ്പിൽ ലഭ്യമാക്കുകയും ചെയ്തു. ധനകാര്യ റൂൾസ്-ബി, പെൻഷൻ-ബി എന്നീ സെക്ഷനുകളിൽ നിന്നും ലഭ്യമായ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. ഈപ്പൻ വർഗ്ഗീസിന് ടെർമിനൽ ലീവ് സറണ്ടർ കുടിശ്ശിക മാതൃവകുപ്പിൽനിന്നും അനുവദിക്കണമെന്ന സ്പഷ്ടീകരണത്തോടെ 1-12-2018-ൽ ഭരണ വകുപ്പ് ഫയൽ മടക്കിനൽകിയിട്ടുണ്ട്.

(സി) ധനകാര്യ വകുപ്പിൽ എം.എൽ.എ.-യുടെ കത്ത് ലഭ്യമായതായി കാണുന്നില്ല.

**പെൻഷൻപ്രായം ഉയർത്താനുള്ള നടപടി**

65(2414) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പെൻഷൻ പ്രായം ഉയർത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര വയസ്സായി ഉയർത്തുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) പെൻഷൻപ്രായം ഉയർത്തുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പ് ഫയൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് അഭിപ്രായങ്ങൾ സ്വരൂപിച്ചിട്ടുണ്ടോ; വിശദ വിവരങ്ങൾ ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പെൻഷൻ പ്രായം ഉയർത്തുന്നതിന് ഉദ്ദേശിക്കുന്നില്ല.

(ബി) പെൻഷൻപ്രായം ഉയർത്തുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പ് ഫയൽ നടപടികൾ സ്വീകരിച്ചിട്ടില്ല.

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് അഭിപ്രായങ്ങൾ സ്വരൂപിച്ചിട്ടില്ല.

**പങ്കാളിത്ത പെൻഷൻ**

66(2415) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ പങ്കാളിത്ത പെൻഷൻ നടപ്പിലാക്കിയ തീയതിക്ക് മുൻപ് ഇറക്കിയ വിജ്ഞാപനം പ്രകാരം നിയമനം നേടിയ കേന്ദ്ര സർക്കാർ ജീവനക്കാർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷൻ ബാധകമാക്കണമെന്ന സുപ്രീം കോടതി ഉത്തരവ് സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ബാധകമാക്കുമോ;

(ബി) പങ്കാളിത്ത പെൻഷൻ പുനഃപരിശോധിക്കുന്നതിന് നിയമിച്ച കമ്മിറ്റിയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സമയ പരിധി നിശ്ചയിച്ച് നൽകിയിട്ടുണ്ടോ;

(സി) പങ്കാളിത്ത പെൻഷൻ ബാധകമായുള്ള ജീവനക്കാർക്ക് പൊതുവെ ബാധകമാക്കിയുള്ള ഈ സർക്കാരിന്റെ എല്ലാ ഉത്തരവുകളുടെയും പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഈ സർക്കാർ ഏതെല്ലാം പൊതുമേഖല സ്ഥാപനങ്ങളിലാണ് പങ്കാളിത്ത പെൻഷൻ നടപ്പിൽ വരുത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ 7-1-2013-ലെ സ.ഉ.(പി)നമ്പർ 20/2013/ ധന. ഉത്തരവ് പ്രകാരം സംസ്ഥാനത്ത് സർക്കാരിലോ, സർക്കാരിന് കീഴിലെ കെ.എസ്.ആർ. ഭാഗം III പെൻഷൻ ബാധകമായിരിക്കുന്ന സ്ഥാപനങ്ങളിലോ 1-4-2013 മുതൽ നിയമിക്കപ്പെടുന്ന പുതിയ ജീവനക്കാർക്കാണ് പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമാക്കിയിട്ടുള്ളത്. പ്രസ്തുത പദ്ധതി പുനഃപരിശോധിക്കുന്നതിനായിട്ടാണ് സർക്കാർ ഒരു സമിതിയെ നിയമിച്ചുകൊണ്ട് 7-11-2018-ലെ സ.ഉ.(പി)നമ്പർ 172/2018/ധന. ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്. പങ്കാളിത്ത പെൻഷൻ പദ്ധതി പുഃനപരിശോധനയുമായി ബന്ധപ്പെട്ട് സമിതിക്ക് പ്രസക്തമെന്ന് തോന്നുന്ന

മുഴുവൻ വിഷയങ്ങളും പരിശോധിക്കേണ്ടതാണെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ബി) പങ്കാളിത്ത പെൻഷൻ പുനഃപരിശോധനാ സമിതി 6 മാസത്തിനകം വിശദമായ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(സി) പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച് ഈ സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം 5 പുതിയ സ്ഥാപനങ്ങളിൽ കൂടി പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. കേരള കള്ള് ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡ്
2. കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ
3. കണ്ണൂർ സർവ്വകലാശാല
4. ഗുരുവായൂർ ദേവസ്വം മാനേജിംഗ് കമ്മിറ്റി
5. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

## പങ്കാളിത്ത പെൻഷൻ പദ്ധതി

67 (2416) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നിലവിൽവന്നശേഷം ഏതെങ്കിലും മേഖലകളിൽ പങ്കാളിത്ത പെൻഷൻ നടപ്പാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളിലാണ് ഈ സർക്കാർ പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പാക്കിയതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം 5 പുതിയ സ്ഥാപനങ്ങളിൽകൂടി പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

1. കേരള കള്ള് ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡ്
2. കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ
3. കണ്ണൂർ സർവ്വകലാശാല
4. ഗുരുവായൂർ ദേവസ്വം മാനേജിംഗ് കമ്മിറ്റി
5. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്.

**ക്ഷാമബത്ത കുടിശ്ശിക**

68(2417) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നിലിവിൽ എത്ര ഗഡു ഡി.എ. കുടിശ്ശിക നൽകാനുണ്ട്;

(ബി) പ്രളയംമൂലമുണ്ടായിട്ടുള്ള സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് ഡി.എ. കുടിശ്ശിക മരവിപ്പിക്കുവാൻ ഉദ്ദേശമുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാർ 1-1-2018, 1-7-2018 എന്നീ തീയതി പ്രാബല്യത്തിൽ പ്രഖ്യാപിച്ച ക്ഷാമബത്തയ്ക്ക് ആനുപാതികമായി 2 ഗഡു ക്ഷാമബത്തയാണ് സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ഇനി അനുവദിച്ച് നൽകാനുള്ളത്.

(ബി) ഇല്ല.

**സ്പാർക്ക് സംവിധാനത്തിലെ സാങ്കേതിക പ്രശ്നങ്ങൾ**

69(2418) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2018 നവംബർ 1-ന് സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പളം മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ജീവനക്കാരുടെ ശമ്പളവിവരം അപ്‌ലോഡ് ചെയ്യുന്ന സ്പാർക്ക് സംവിധാനത്തിലെ സാങ്കേതിക പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ശമ്പളം മുടങ്ങിയിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

### വിദ്യാഭ്യാസ വായ്പ എഴുതിത്തള്ളുന്നതിനുള്ള പദ്ധതി

70(2419) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ, പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽനിന്ന് എത്രപേർ വിദ്യാഭ്യാസ വായ്പ എഴുതി തള്ളുന്നതിനുള്ള പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്;

(ബി) ഇതിൽ എത്ര പേരുടെ എത്ര തുക വീതം നാളിതുവരെ എഴുതിത്ത ള്ളിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) എത്ര പേരുടെ അപേക്ഷ നിരസിച്ചിട്ടുണ്ട്; നിരസിക്കുവാൻ കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി ബാങ്ക് അടിസ്ഥാ നത്തിലാണ് നടപ്പിലാക്കിയിട്ടുള്ളത്. മണ്ഡലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ ഇപ്പോൾ ലഭ്യമല്ല.

### വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി

71(2420) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ പ്രഖ്യാപിച്ച വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി അർഹരായ ഗുണഭോക്താക്കൾക്ക് ലഭ്യമായില്ല എന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത ആനുകൂല്യത്തിനായി അപേക്ഷേ സമർപ്പിച്ചവർക്ക് അപേക്ഷാ പരിശോധന പൂർത്തിയാക്കി അറിയിപ്പ് നൽകുന്ന കാര്യത്തിൽപ്പോലും അലംഭാവം കാട്ടുന്നതായുള്ള പത്രവാർത്തകളുടെ നിജസ്ഥിതി പരിശോധിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ലഭ്യമായ 75409 അപേക്ഷകളിന്മേൽ എത്ര അപേക്ഷകൾക്ക് നാളിതുവരെ തീർപ്പുകൽപ്പിക്കാൻ സാധിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) ഇക്കാര്യത്തിൽ വിസമ്മതമറിയിച്ച ബാങ്കുകൾക്ക് എതിരെ സർക്കാരിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ സാധിക്കുന്നത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) അർഹരായ മുഴുവൻ ഗുണഭോക്താക്കൾക്കും സഹായം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഈ പദ്ധതി വിജയകരമായ രീതിയിൽ പുരോഗമിക്കുകയാണ്. വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള elrs.kerala.gov.in പോർട്ടലിൽ ഓൺലൈനായി സമർപ്പിക്കപ്പെട്ടിട്ടുള്ള അപേക്ഷകളിൽ 2018 നവംബർ 19-ാം തീയതി വരെ സർക്കാരിൽ ലഭിച്ചതും പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം യോഗ്യമാണെന്ന് ബാങ്കുകൾ ശിപാർശ ചെയ്തതുമായ 15303 അപേക്ഷകളിലെ സർക്കാർ വിഹിതമായ 148.25 കോടി രൂപ ബാങ്കുകളുടെ നോഡൽ അക്കൗണ്ടുകളിലേയ്ക്ക് കൈമാറിയിട്ടുണ്ട്. മറ്റ് അപേക്ഷകളിൽ നടപടി പുരോഗമിക്കുകയാണ്. സർക്കാർ വിഹിതം നൽകിയത് സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു :

(Rs. in crore)

| Release GO and date | No. of Claims | Claim Amount (Govt. Contribution) |
|---|---|---|
| G.O.(Rt.)No.2807/2018/ Fin. Dated 28-3-2018 | 291 | 2.92 |
| G.O(Rt.)No.4721/2018/ Fin. Dated 3-6-2018 | 5899 | 57.58 |
| G.O.(Rt.)No.6724/2018/ Fin. Dated 24-7-2018 | 3263 | 30.28 |
| G.O.(Rt.)No.9774/2018/ Fin. Dated 27-11-2018 | 5850 | 57.47 |
| Total | 15303 | 148.25 |

(ബി) പദ്ധതി പ്രകാരം യോഗ്യരാകുന്ന അപേക്ഷകരുടെ ഓൺലൈൻ അപേക്ഷകൾ പോർട്ടലിൽ സ്വീകരിക്കപ്പെടുന്ന സമയംതന്നെ അപേക്ഷകർ ഒടുക്കേണ്ട വിഹിതം സംബന്ധിച്ച വിവരം ബാങ്കുകളിൽ നിന്ന് ഉപഭോക്താക്കൾക്ക് ഇ-മെയിൽ വഴിയും എസ്.എം.എസ്.-വഴിയും നൽകുന്നതിനുള്ള സംവിധാനം elrs.kerala.gov.in ഓൺലൈൻ പോർട്ടലിൽ ഏർപ്പെടുത്തിയിട്ടുണ്ട്. സർക്കാർ ധനസഹായം അനുവദിക്കപ്പെടുന്നമുറയ്ക്ക് അപേക്ഷകർക്ക് ഇതുസംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള സംവിധാനവും പോർട്ടലിൽ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അപേക്ഷകർക്ക് പോർട്ടലിൽ നേരിട്ട് ലോഗിൻ ചെയ്ത് അപേക്ഷയുടെ നിജസ്ഥിതി മനസ്സിലാക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി പ്രകാരം ആകെ ലഭിച്ച 78069 അപേക്ഷകളിൽ ഇതുവരെ 31738 അപേക്ഷകൾ ബാങ്കുകൾ നിരസിക്കുകയും ബാങ്കുകൾ പരിശോധന പൂർത്തിയാക്കി സർക്കാരിലേയ്ക്ക് സമർപ്പിച്ച 15303 അപേക്ഷകളിന്മേലുള്ള സർക്കാർ വിഹിതമായ 148.25 കോടി രൂപ ബാങ്കുകളുടെ നോഡൽ അക്കൗണ്ടുകളിലേയ്ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന 31028 അപേക്ഷകൾ ബാങ്കുകളുടെ വിവിധ ഘട്ടങ്ങളിലുള്ള പരിശോധനയിലുമാണ്.

(ഡി) സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയിൽ പങ്ക്ചേരുന്നതിന് സന്നദ്ധത അറിയിച്ചിട്ടുള്ള ബാങ്കുകളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## ഗ്രാമീണ റോഡുകളുടെ നവീകരണത്തിനായി ബഡ്ജറ്റ് വിഹിതം

72(2421) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിച്ച് ഗ്രാമീണ റോഡുകളുടെ നവീകരണം കൂടി ഉൾപ്പെടുത്തി, റോഡുകൾക്കായി ഒരു ഫ്ലാഗ്ഷിപ്പ് പദ്ധതി കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) യോഗ്യമായ ഗ്രാമീണ റോഡുകളുടെ നവീകരണത്തിനായി നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

ബഡ്ജറ്റിന് പുറത്ത് കിഫ്ബി വഴി അനുവാദം നൽകുന്ന വലിയ തുകയ്ക്കുള്ള പശ്ചാത്തല സൗകര്യ വികസന പരിപാടിയുടെ ഗണ്യമായ പങ്കും പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതികൾക്കാണ് വിനിയോഗിക്കുന്നത്. ഇത്തരത്തിൽ പൊതുമരാമത്ത്

വകുപ്പ് ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ അളവ് ഗണ്യമായി ഉയർന്നിട്ടുണ്ട്. പ്രളയം റോഡുകൾക്കും മറ്റും വരുത്തിത്തീർത്ത നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേക അനുമതിയും നൽകുന്നുണ്ട്. മണ്ഡലാടിസ്ഥാനത്തിൽ പ്രത്യേക പാക്കേജ് പരിഗണനയിലില്ല.

## മണലൂർ മണ്ഡലത്തിലെ പ്രവൃത്തികൾക്ക് ഭരണാനുമതി

73(2422) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2018-19-ലെ സംസ്ഥാന ബജറ്റിൽ മണലൂർ എം.എൽ.എ.-യുടെ ശിപാർശ പ്രകാരം മുൻഗണന ക്രമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ;അറിയിക്കുമോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഇതുവരെ ഭരണാനുമതി നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വകുപ്പിന്റെ കീഴിൽ മണലൂർ നിയോജകമണ്ഡലത്തിലെ ഒരു പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ പേര്-ബഡ്ജറ്റ് വർക്ക് 2018-19 - ചൂണ്ടൽ-ആളൂർ-ഗുരുവായൂർ റോഡ് കി.മി. 0/000 മുതൽ 4/000 വരെയുള്ള ഭാഗം അഭിവൃദ്ധിപ്പെടുത്തൽ (300 ലക്ഷം) ഭരണാനുമതി ലഭിച്ച ഉത്തരവ് - സ.ഉ.(സാധാ)നമ്പർ 1842/2018/പൊ.മ.വ. തീയതി 27-11-2018.

## ബഡ്ജറ്റ് മോണിറ്ററിംഗ് സംവിധാനം

74(2423) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബഡ്ജറ്റ് മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) 2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിലെ പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച് പുരോഗതി ബി.എം.എസ്. സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ രേഖപ്പെടുത്തിയതും രേഖപ്പെടുത്താത്തതുമായ വകുപ്പുകൾ ഏതെല്ലാം; വിശദമാക്കുമോ ?

ഉത്തരം

(എ) ബഡ്ജറ്റ് മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമാക്കുന്നതിന് ബി.എം.എസ്. സോഫ്റ്റ്‌വെയർ തയ്യാറാക്കുകയും യൂസർ മാന്വൽ നിർവഹണ വകുപ്പുകൾക്ക് അയച്ചുനൽകുകയും തുടർന്ന് നിർവഹണ വകുപ്പ് ഉദ്യോഗസ്ഥർക്ക് സോഫ്റ്റ്‌വെയർ പരിചയപ്പെടുത്തുന്നതിനും വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുമായി ധനകാര്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2018 ഏപ്രിൽ മാസത്തിൽ യോഗം സംഘടിപ്പിക്കുകയും ചെയ്തു. സമയബന്ധിതമായി വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് 12-6-2018-ലെ നമ്പർ 51/18, 1-11-2018-ലെ നമ്പർ 101/18 പരിപത്രങ്ങൾ മുഖേന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ യൂണിവേഴ്സിറ്റികൾ, ബോർഡുകൾ, കോർപ്പറേഷനുകൾ എന്നീ സ്ഥാപനങ്ങൾക്ക് പദ്ധതിനിർവഹണ വിവരങ്ങൾ നേരിട്ട് രേഖപ്പെടുത്താൻ സഹായകമാകുന്നവിധത്തിൽ നവംബർ 2018 മുതൽ സോഫ്റ്റ്‌വെയർ പരിഷ്കരിച്ചിട്ടുണ്ട്. ആയത് രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിലെ പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച പുരോഗതി ബി.എം.എസ്. സോഫ്റ്റ്‌വെയറിൽ നിർവഹണ വകുപ്പുകൾ രേഖപ്പെടുത്തിവരുന്നു. പദ്ധതി നിർവഹണത്തിന്റെ വിശദാംശങ്ങൾ പൂർണ്ണമായോ ഭാഗികമായോ രേഖപ്പെടുത്തിയ വകുപ്പുകളുടെയും വിശദാംശങ്ങൾ രേഖപ്പെടുത്താത്ത വകുപ്പുകളുടെയും പട്ടികകൾ അനുബന്ധമായി ചേർക്കുന്നു.*

## പ്രളയാനന്തര കേരള പുനർനിർമ്മാണത്തിനുള്ള പണം

75(2424) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രളയാനന്തരം കേരളത്തിൽ പുനർനിർമ്മാണത്തിനായി കൂടുതൽ പണം കണ്ടെത്തുന്നതിന് ഈ സർക്കാർ ഇതുവരെ സ്വീകരിച്ചതും സ്വീകരിച്ചുവരുന്നതുമായ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) ഇതിനായി ബഡ്ജറ്റ് പുനഃസംഘടന നടത്താൻ ഉദ്ദേശിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(സി) പുനർനിർമ്മാണത്തിനായി ലോകബാങ്ക് എ.ഡി.ബി വായ്പ, നബാർഡ് വായ്പ മുതലായവ എന്തെങ്കിലും സ്വീകരിക്കുവാൻ നടപടി ഉണ്ടായിട്ടുണ്ടോ ; വിശദമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) പ്രളയക്കെടുതി മുഖാന്തരം സംസ്ഥാനത്തിനുണ്ടായ ആഘാതത്തെ അതിജീവിക്കുന്നതിനായും നവകേരള സൃഷ്ടിക്കായും വിഭാവനം ചെയ്തുവരുന്ന ബൃഹത്തായ പദ്ധതികൾക്കായുള്ള വിഭവ സമാഹരണത്തിനായി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 2018-19-ൽ ജി.എസ്.ഡി.പി.-യുടെ 3 ശതമാനത്തിൽനിന്നും 4.5 ശതമാനമായും 2019-20-ൽ 3.5 ശതമാനമായും ഉയർത്തണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനാവശ്യമായ വായ്പ സമാഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ ലോകബാങ്ക്, എ.ഡി.ബി. പ്രതിനിധികളുമായി ചർച്ച നടത്തിവരികയാണ്. നിലവിൽ ലോകബാങ്ക് സഹായ പദ്ധതികളായ KSTP, NCRMP എന്നീ പദ്ധതികളിലായി ചെലവഴിക്കാൻ കഴിയാതെ വരുന്ന 400 കോടിയോളം രൂപ പ്രളയാനന്തര പുനർനിർമ്മാണ പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്തുന്നതിന് അനുവദിക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യത്തിന്മേൽ തുടർനടപടികൾ കൈക്കൊള്ളുവാൻ കേന്ദ്ര സർക്കാർ ലോകബാങ്കിനോട് ശിപാർശ ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചരക്ക് സേവനങ്ങൾക്കുമേൽ ചുമത്തുന്ന ജി.എസ്.ടി.-ക്കുമേൽ 10% സെസ്സ് ഏർപ്പെടുത്തുവാൻ അനുവദിക്കണമെന്നും കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ RIDF, NIDA, HUDCO എന്നിവിട ങ്ങളിൽനിന്ന് വായ്പ ലഭ്യമാക്കുന്നതിനും LSGI വികസന ഫണ്ടിൽ നിന്നുള്ള തുകയും പദ്ധതി വെട്ടിച്ചുരുക്കുന്നതിലൂടെ ലഭിക്കുന്ന തുകയും പുനർനിർമ്മാണത്തിനായി വിനിയോഗിക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നു.

(ബി) പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ പദ്ധതികളുടെ മുൻഗണനാ പുനഃക്രമീകരണം നടത്തുവാനും നടപ്പുസാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിന്റെ 20% വെട്ടിക്കുറച്ചുകൊണ്ട് സമാഹരിക്കുന്ന തുക പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാനും സർക്കാർ ഉദ്ദേശിക്കുന്നു.

(സി) സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനാവശ്യമായ വായ്പ സമാഹരി ക്കുന്നതിനായി സംസ്ഥാന സർക്കാർ ലോകബാങ്ക്, എ.ഡി.ബി. പ്രതിനിധികളുമായി ചർച്ച നടത്തിവരികയാണ്. ധനവിഭവ സമാഹരണത്തിന്റെ ഏറിയ പങ്കും ലോകബാങ്ക് അടക്കമുള്ള വിദേശ സഹായ ഏജൻസികളിൽ നിന്നുമാണ് സമാഹരിക്കുവാൻ ഉദ്ദേശിക്കുന്നത്. നിലവിൽ ലോകബാങ്ക് സഹായ പദ്ധതികളായ KSTP, NCRMP എന്നീ പദ്ധതികളിലായി ചെലവഴിക്കാൻ കഴിയാതെ വരുന്ന 400 കോടിയോളം രൂപ പ്രളയാനന്തര പുനർനിർമ്മാണ പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്തുന്നതിന് അനുവദിക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യത്തിന്മേൽ തുടർനടപടികൾ കൈക്കൊള്ളുവാൻ കേന്ദ്ര സർക്കാർ ലോകബാങ്കിനോട് ശിപാർശ ചെയ്തിട്ടുണ്ട്. RIDF, NIDA, HUDCO എന്നിവിടങ്ങളിൽനിന്ന് വായ്പ ലഭ്യമാക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നു.

## 2018-19 സംസ്ഥാന ബഡ്ജറ്റിൽ മലപ്പുറം മണ്ഡലത്തിലെ വിവിധ പ്രവൃത്തികൾ

76(2425) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടുള്ള മലപ്പുറം മണ്ഡലത്തിലെ വിവിധ പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി;

(സി) അവ ഓരോന്നും ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ?

ഉത്തരം

(എ-സി) 2018-19 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിലുള്ള മലപ്പുറം മണ്ഡലത്തിലെ പ്രവൃത്തികൾ അനുബന്ധം 1-ഉം * കെട്ടിടവിഭാഗത്തിന്റെ കീഴിലുള്ള പ്രവൃത്തികൾ അനുബന്ധം-2 ആയും ചേർക്കുന്നു.* 2018-19 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ കീഴിൽ അനുബന്ധം 2-ൽ ചേർത്തിരിക്കുന്ന പട്ടികയിലുള്ള ജി.എം.എൽ.പി.എസ്. പെരിങ്ങോട്ടുപുലം കെട്ടിടനിർമ്മാണത്തിന് 50 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. പൊതുമരാമത്ത് കെട്ടിടവിഭാഗത്തിന്റെ കീഴിലുള്ള മലപ്പുറം ഗവ. ടി.ടി.ഐ. കെട്ടിടനിർമ്മാണത്തിനുള്ള 251 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി (PRICE 2017/5914) പൊതുവിദ്യാഭ്യാസ വകുപ്പിന് CE/BL/PL3/ML PM/5914/17 dated 28-9-2017 പ്രകാരം സമർപ്പിച്ചിട്ടുണ്ട്. തടസ്സരഹിതമായ സ്ഥലം ലഭ്യമായ മറ്റ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

## 2018-19 സംസ്ഥാന ബഡ്ജറ്റിൽ ഷൊർണ്ണൂർ മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ

77(2426) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2018-19 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റ് പ്രകാരം ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഈ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ എന്താണെന്നും വിശദമാക്കാമോ;

(ബി) ഏതൊക്കെ വകുപ്പുകളാണ് ഇതിൽ ഓരോ പ്രവൃത്തികളും നടപ്പിലാക്കേണ്ടതെന്ന് വ്യക്തമാക്കാമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ&ബി ) 2018-19 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റ് പ്രകാരം ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിൽ ഭരണാനുമതി നൽകിയത് താഴെപ്പറയുന്ന പ്രവൃത്തിക്കാണ്. 27-11-2018 തീയതിയിലെ സ.ഉ.(സാധാ)നമ്പർ 1842/2018/ പൊ.മ.വ. ഉത്തരവ് പ്രകാരം അമ്പലപ്പാറ മേലൂർ-കീഴൂർ റോഡ് ബി.എം.&ബി.സി. കി.മീ. 7/900-9/200 എന്ന പ്രവൃത്തിക്ക് 200 ലക്ഷത്തിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. സാങ്കേതി കാനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിലുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നത് പൊതുമരാമത്ത് വകുപ്പാണ്. 2018-19 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റ് പ്രകാരം ഷൊർണ്ണൂർ നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിടവിഭാഗത്തിന്റെ കീഴിൽ അനുവദിച്ച പ്രവൃത്തികളുടെയും അവ നടപ്പിലാക്കുന്ന വകുപ്പുകളുടെയും വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

**സാമൂഹ്യ സുരക്ഷാ പെൻഷൻ**

78(2427) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് :

(ബി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം സാമൂഹ്യ സുരക്ഷ പെൻഷൻ എത്ര പേർക്ക് നൽകിയിട്ടുണ്ട്; എത്ര രൂപയാണ് പെൻഷൻ നൽകുന്നത്; വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷനുള്ള പൊതു മാനദണ്ഡങ്ങൾ ചുവടെ പറയുന്നു.

1. അപേക്ഷകന്റെ കുടുംബവാർഷിക വരുമാനം 1 ലക്ഷം രൂപയിൽ കവിയരുത്.
2. 2 ഏക്കറിൽ കൂടുതൽ ഭൂമി സ്വന്തമായോ കുടുംബത്തിനോ ഉള്ളവരായിരിക്കരുത്. (പട്ടികവർഗ്ഗക്കാരൊഴികെ)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

3. ആദായനികുതിദായകരായിരിക്കരുത്.
4. സർവ്വീസ് പെൻഷണറായിരിക്കരുത്.
5. പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും പെൻഷൻ വാങ്ങുന്നവരായിരിക്കരുത്.
6. 1200 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ള വീടുകളിൽ താമസിക്കുന്നവരായിരിക്കരുത്.
7. 1000 സി സിയിൽ കൂടുതൽ എൻജിൻ ശേഷിയുള്ള അംബാസിഡർ കാർ ഒഴികെ നാല് ചക്ര വാഹനം (ടാക്സിയല്ലാത്തവ) സ്വന്തമായി ഉള്ളവരായിരിക്കരുത്.
8. 4 ചക്രത്തിൽ കൂടുതൽ ചക്രങ്ങളുള്ള വാഹനങ്ങൾ (ലോറി/ ബസ്/ടെമ്പോട്രാവലർ മുതലായവ) സ്വന്തമായി ഉള്ളവരായിരിക്കരുത്.

മേൽപ്പറഞ്ഞവയ്ക്കുപുറമേ ഓരോ പെൻഷൻ സ്കീമിലും ചുവടെ പറയുന്ന അർഹതാമാനദണ്ഡങ്ങൾകൂടി പാലിക്കേണ്ടതുണ്ട്.

1. വാർദ്ധക്യകാല പെൻഷൻ - 60 വയസ്സുകഴിഞ്ഞവർ
2. വികലാംഗ പെൻഷൻ - 40 ശതമാനമോ അതിലധികമോ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ
3. വിധവാ പെൻഷൻ - വിധവ/വിവാഹമോചിത ആയിരിക്കണം.
4. 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ-അപേക്ഷക 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതകളായിരിക്കണം.
5. കർഷക തൊഴിലാളി പെൻഷൻ - 60 വയസ്സ് കഴിഞ്ഞ കർഷക തൊഴിലാളി ക്ഷേമനിധിയിൽ അംഗമായ വ്യക്തിയായിരിക്കണം.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവരുടെ എണ്ണം 4469565 ആണ്. പുതിയതായി പെൻഷൻ ലഭിച്ചവരുടെ എണ്ണം 1026151 ആണ്. പെൻഷൻ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| പെൻഷൻ ഇനം | ഉപവിഭാഗം | ഇപ്പോഴത്തെ നിരക്ക് |
|---|---|---|
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 75 വയസ്സ് വരെ | 1,100 |
| | 75 വയസ്സിന് മുകളിൽ | 1,500 |
| ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 80%-ത്തിന് താഴെ വൈകല്യമുള്ളവർ | 1,100 |
| | 80%- ഉം അതിനുമുകളിലും വൈകല്യമുള്ളവർ | 1,300 |
| ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | | 1,100 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | | 1,100 |
| കർഷക തൊഴിലാളി പെൻഷൻ | | 1,100 |

## സാമൂഹ്യ സുരക്ഷാ പെൻഷൻ

79(2428) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യ സുരക്ഷ പെൻഷൻ ഇനത്തിൽ എത്ര രൂപ നൽകിയിട്ടുണ്ട്; എത്ര നാളത്തെ പെൻഷൻ ഇപ്പോൾ കുടിശ്ശികയായിട്ടുണ്ട്; പെൻഷൻ വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) മുൻ സർക്കാർ കാലയളവിൽ പുതിയതായി കൊണ്ടുവന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഏതെല്ലാമാണെന്നും അവ ഓരോ വിഭാഗത്തിലും എത്ര പേർക്ക് നൽകിയിരുന്നെന്നും നൽകിയിരുന്ന തുക എത്രയെന്നും വിഭാഗം തിരിച്ച് വിശദവിവരം ലഭ്യമാക്കുമോ;

(സി) ഈ സർക്കാർ കാലയളവിൽ നാളിതുവരെ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവർ എത്രയെന്നും ഇതിൽ അനധികൃതമായി ഒഴിവാക്കപ്പെട്ടവർ എത്രയെന്നും പുതിയതായി എത്ര പേർക്ക് പെൻഷൻ അനുവദിച്ചെന്നും ഓരോ വിഭാഗത്തിനും എത്ര തുകയുടെ വർദ്ധനവ് നൽകിയെന്നും വിഭാഗം തിരിച്ച് വിശദവിവരം നൽകുമോ;

(ഡി) സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിനുള്ള മാനദണ്ഡങ്ങളുടെ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ഇ) നിരവധി അനർഹർ സാമൂഹ്യ സുരക്ഷാ പെൻഷൻ അനധികൃതമായി വാങ്ങുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവരെ കണ്ടെത്താനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും ആയതിൽ എത്ര പേരെ ഒഴിവാക്കിയെന്നും അവരിൽനിന്നും ഇതുവരെ കൈപ്പറ്റിയ തുക തിരികെ വാങ്ങാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ 12466.91 കോടി രൂപ നൽകിയിട്ടുണ്ട്. മുൻസർക്കാരിന്റെ കാലത്ത് കുടിശികയാക്കിയ 1473.67 കോടി രൂപ പെൻഷൻ സർക്കാർ അധികാരത്തിലെത്തിയപ്പോൾ കൊടുത്തുതീർത്തിട്ടുണ്ട്. 2018 ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, നവംബർ എന്നീ 4 മാസങ്ങളിലെ പെൻഷൻ കുടിശ്ശികയായിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽവന്ന സമയം 600 രൂപയായിരുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ ആദ്യം 1,000 രൂപയും തുടർന്ന് 1,100 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. 80%ഉം അതിന് മുകളിലും വൈകല്യമുള്ള ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ ഗുണഭോക്താക്കൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ 1300 ആയും വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) മുൻസർക്കാർ കാലയളവിൽ പുതിയതായി കൊണ്ടുവന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഇല്ല.

(സി) ഈ സർക്കാർ കാലയളവിൽ നാളിതുവരെ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവർ 4469565 ആണ് ഉള്ളത്. ഇതിൽ അനധികൃതമായി ഒന്നിൽകൂടുതൽ പെൻഷൻ കൈപ്പറ്റിവന്നിരുന്ന 13272 പേരെ ഒഴിവാക്കിയിട്ടുണ്ട്. പുതിയതായി 1026151 പേർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ട്.

| പെൻഷൻ ഇനം | ഉപവിഭാഗം | ഈ സർക്കാർ അധികാരമേൽക്കുമ്പോൾ നിരക്ക് | ഇപ്പോഴത്തെ നിരക്ക് |
|---|---|---|---|
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 75 വയസ്സുവരെ | 600 | 1,100 |
| | 75 വയസ്സിന് മുകളിൽ | 1500 | 1,500 |
| ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 80% ത്തിന് താഴെ വൈകല്യമുള്ളവർ | 800 | 1,100 |
| | 80% ഉം അതിന് മുകളിലും വൈകല്യമുള്ളവർ | 1100 | 1,300 |
| ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | | 800 | 1,100 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | | 800 | 1,100 |
| കർഷക തൊഴിലാളി പെൻഷൻ | | 600 | 1,100 |

(ഡി) 1. സ.ഉ (എംഎസ്)നമ്പർ 483/2017/ധന തീയതി 18-11-2017 *

2. സ.ഉ (എംഎസ്)നമ്പർ241/2018/ധന തീയതി 6-7-2018*

3. സ.ഉ (എംഎസ്)നമ്പർ 278/2018/ധന തീയതി 3-8-2018*

(ഇ) ഉണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ സമഗ്രമായ വിവരശേഖരണം നടത്തുന്നതിന് സർവ്വേ നടത്തുന്നതിനായി സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. പ്രാദേശിക സർക്കാർതലത്തിൽ അനർഹർ പെൻഷൻ വാങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 13272 വ്യക്തികളെ അനർഹമായി പെൻഷൻ കൈപ്പറ്റുന്നതായി കണ്ടെത്തി ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ അനർഹമായി കൈപ്പറ്റിയ തുക തിരികെ ഒടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് പ്രാദേശിക സർക്കാരുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ

80(2429) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവരുടെ അർഹത പരിശോധിക്കുന്നതിനായി ടാബുകളും സ്കാനറുകളും വാങ്ങുന്നതിന് ഉത്തരവ് പുറപ്പെടുവിച്ച സാഹചര്യം വിശദമാക്കാമോ;

(ബി) എത്രകോടി രൂപയാണ് ഈ ആവശ്യത്തിനായി ഉപയോഗിക്കുന്നതെന്നും ഏത് ഏജൻസി വഴിയാണ് ഇവ വാങ്ങുന്നതെന്നും വിശദമാക്കാമോ ;

(സി) ഏതെല്ലാം വിഭാഗത്തിലുള്ള ഗുണഭോക്താക്കളെയാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നതിൽനിന്ന് ഒഴിവാക്കുന്നതെന്ന് വിശദീകരിക്കാമോ ;

(ഡി) ഗുണഭോക്താക്കളുടെ വിവരങ്ങൾ പരിശോധിക്കുന്നത് ഏതു വിഭാഗത്തിലുള്ള ഉദ്യോഗസ്ഥരാണെന്ന് വ്യക്തമാക്കുമോ; ഇവരുടെ കമ്പ്യൂട്ടർ മേഖലയിലെ പരിചയം വിശദമാക്കാമോ?

### ഉത്തരം

(എ) നിലവിൽ സംസ്ഥാനത്ത് 44 ലക്ഷത്തോളം പേർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നു. എൽ.ഡി.എഫ് സർക്കാർ അധികാരത്തിൽ വരുമ്പോൾ 34.43 ലക്ഷമായിരുന്നു പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണം. ഇപ്പോൾ 44.27 ലക്ഷമാണ്. ഇവർക്ക് തടസ്സമില്ലാതെ പെൻഷൻ വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

മരണപ്പെട്ട പെൻഷണർമാരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് കൃത്യമായ വിവരത്തിന്റെ അഭാവത്തിൽ പെൻഷൻ അയയ്ക്കുന്ന സാഹചര്യംപോലും ശ്രദ്ധയിൽവന്നിട്ടുണ്ട്. മാത്രമല്ല, തികച്ചും അനർഹരും ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിലാണ് പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ വീടുകളിൽ എത്തി പരിശോധിക്കാൻ ദേശീയ സമ്പാദ്യ പദ്ധതിയുടെ കീഴിൽ പ്രവർത്തിക്കുന്ന മഹിളാ പ്രധാൻ/എസ്.എ.എസ് ഏജന്റുമാരെ ചുമതലപ്പെടുത്താൻ തീരുമാനിച്ചത്. ഇത്തരത്തിൽ നടക്കുന്ന സർവ്വേയിൽ ഗുണഭോക്താവിന്റെ ബയോമെട്രിക് വിവരങ്ങൾ ഉൾക്കൊള്ളുന്നതിനും ഗുണഭോക്താവിന്റെ വിവരങ്ങൾ ഫീൽഡിൽവച്ച് തന്നെ സേവനയിൽ ഉൾക്കൊള്ളിക്കുന്നതിലേയ്ക്കുമാണ് ഇത്തരത്തിൽ ടാബുകളും സ്കാനറുകളും വാങ്ങുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

(ബി) 23.60 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടാബുകളും സ്കാനറുകളും വാങ്ങുന്നതിന് കേരളാ സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) നിലവിലുള്ള മാനദണ്ഡങ്ങൾ അനുസരിച്ചുമാത്രമായിരിക്കും സർവ്വേ നടക്കുക.

(ഡി) ദേശീയ സമ്പാദ്യ പദ്ധതിക്കുകീഴിൽ പ്രവർത്തിക്കുന്ന മഹിളാ പ്രധാൻ/ എസ്.എ.എസ് ഏജന്റുമാരെയാണ് ഗുണഭോക്താക്കളുടെ വിവരങ്ങൾ പരിശോധിക്കാൻ നിയോഗിച്ചിട്ടുള്ളത്. ഇത്തരത്തിൽ സർവ്വേയുടെ ആവശ്യത്തിലേയ്ക്ക് ടാബുകൾ നൽകുകയും ഗുണഭോക്താവിന്റെ പെൻഷൻ ഐ. ഡി. ഉൾപ്പെടെയുള്ള വിവരങ്ങൾ ടാബിൽ കോമ്പോ ആയി തെളിയുകയും ചെയ്യുന്ന തരത്തിലാണ് സോഫ്റ്റ്‌വെയർ തയ്യാറാക്കിയിട്ടുള്ളത്. വളരെ ആയാസരഹിതമായി സർവ്വേ നടത്താൻ കഴിയുന്ന തരത്തിലാണ് ക്രമീകരണങ്ങൾ ചെയ്തിട്ടുള്ളതും ഇതിലേയ്ക്ക് വിദഗ്ദ്ധ കമ്പ്യൂട്ടർ പരിജ്ഞാനം ആവശ്യമില്ലാത്തതുമാണ്. ഇത്തരത്തിൽ ടാബുകൾ ഉപയോഗിക്കുന്നതിന് ഐ ടി മിഷൻ മുഖാന്തരം പരിശീലനവും നൽകുന്നതാണ്.

## സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം

81(2430) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണം സുഗമമാക്കുന്നതിന് സ്പെഷ്യൽ പർപസ് വെഹിക്കിൾ രൂപീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏത് തലത്തിൽ കൈക്കൊണ്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഇത്തരം ഒരു എസ്.പി.വി. രൂപീകരിച്ചതെന്ന് അറിയിക്കുമോ;

(സി) ഈ കമ്പനിക്ക് എവിടെ നിന്നെല്ലാം തുക സമാഹരിക്കാനാണ് അധികാരം നൽകിയിട്ടുള്ളത്; ആയതിന്റെ അടിസ്ഥാനത്തിൽ എത്ര തുക സമാഹരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം സുഗമമാക്കുന്നതിന് സ്പെഷ്യൽ പർപസ് വെഹിക്കിൾ രൂപീകരിച്ച് 26-6-2018 തീയതിയിൽ സ.ഉ. (കൈ.) 232/18/ധന. നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) മന്ത്രിസഭാ യോഗത്തിൽ കൈക്കൊണ്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഇത്തരം ഒരു എസ്.പി.വി. രൂപീകരിച്ചത്.

(സി) നിക്ഷേപം, വായ്പ അടക്കമുള്ള ഉചിതമായ സാമ്പത്തിക ഉപാധികളിലൂടെ വ്യക്തികൾ, മറ്റ് സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും കമ്പനി ഫണ്ട് സമാഹരിക്കുന്നതാണ്. പ്രാഥമിക സഹകരണ സംഘങ്ങളിൽനിന്നും 1773.30 കോടി രൂപ വായ്പയായി സമാഹരിച്ചിട്ടുണ്ട്.

## സി. ആൻഡ് എ.ജി. റിപ്പോർട്ടുകളിന്മേലുള്ള പരിഹാര നടപടി റിപ്പോർട്ട്

82(2431) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി.ആൻഡ് എ.ജി. റിപ്പോർട്ടുകൾ നിയമസഭയിൽ സമർപ്പിച്ചു കഴിഞ്ഞാൽ എത്ര മാസത്തിനുള്ളിലാണ് പബ്ലിക് അക്കൗണ്ട്സ് കമ്മറ്റിക്ക് പരിഹാര നടപടി റിപ്പോർട്ട് സമർപ്പിക്കേണ്ടത്; ഇത് സംബന്ധിച്ച് ധനകാര്യ വകുപ്പ് എന്തെങ്കിലും സർക്കുലർ ഇറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ സർക്കുലറിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) 2016-17 സാമ്പത്തിക വർഷം മുതലുള്ള സി. ആന്റ് എ.ജി. റിപ്പോർട്ടുകളിന്മേലുള്ള പരിഹാര നടപടി റിപ്പോർട്ട് പബ്ലിക് അക്കൗണ്ട്സ് കമ്മറ്റിക്ക് നൽകിയ വകുപ്പുകൾ ഏതെന്ന് വ്യക്തമാക്കുമോ;

(സി) മേൽസൂചിപ്പിച്ച കാലയളവിലെ പരിഹാര നടപടി റിപ്പോർട്ട് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിക്ക് നൽകാത്ത വകുപ്പുകൾ ഏവ; നൽകാത്ത വകുപ്പു മേധാവികളുടെ പേരിൽ എന്തെങ്കിലും വകുപ്പുതല നടപടി എടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) സി.ആൻഡ് എ.ജി. റിപ്പോർട്ടുകൾ നിയമസഭയിൽ സമർപ്പിച്ചുകഴിഞ്ഞാൽ 3 മാസത്തിനുള്ളിൽ 'പരിഹാര നടപടി റിപ്പോർട്ട്' പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിക്ക് നൽകുന്നതിനായി നിയമസഭാ സെക്രട്ടേറിയറ്റിൽ സമർപ്പിക്കേണ്ടതാണ്. 3-4-1997-ലെ 27/97/ധന, 31-7-1997-ലെ 62/97/ധന നമ്പർ സർക്കുലറുകൾ ടി വിഷയം സംബന്ധിച്ചുള്ളവയാണ്. ടി സർക്കുലറുകൾ ധനകാര്യ വകുപ്പിന്റെ കൈപ്പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ വെബ്സൈറ്റിൽ (പ്രസിദ്ധീകരണങ്ങളിൽ) ലഭ്യമാണ്.

(ബി) സി.ആൻഡ് എ.ജി.-യുടെ ജനറൽ & സോഷ്യൽ സെക്ടർ, ഇക്കണോമിക് സെക്ടർ, സംസ്ഥാന സമ്പദ് വ്യവസ്ഥ, റവന്യൂ സെക്ടർ, റിപ്പോർട്ടുകളിൽ അതത് ഭരണ വകുപ്പുകൾ നേരിട്ടാണ് പരിഹാര നടപടി റിപ്പോർട്ട് നിയമസഭയിൽ നൽകുന്നത്. ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട സംസ്ഥാന സമ്പദ് വ്യവസ്ഥ റിപ്പോർട്ടിലും നടപടി റിപ്പോർട്ട് ധനവകുപ്പിലുള്ള ഭരണ വകുപ്പുകൾ നേരിട്ടാണ് നിയമസഭയിൽ നൽകുന്നത്.

(സി) സി.ആൻഡ് എ.ജി. യുടെ ജനറൽ & സോഷ്യൽ സെക്ടർ, ഇക്കണോമിക് സെക്ടർ, സംസ്ഥാന സമ്പദ് വ്യവസ്ഥ, റവന്യൂ സെക്ടർ, റിപ്പോർട്ടുകളിൽ ഭരണ വകുപ്പ് നേരിട്ടാണ് പരിഹാര നടപടി റിപ്പോർട്ട് നിയമസഭയിൽ നൽകുന്നത്. എന്നിരുന്നാലും സി.ആന്റ് എ.ജി. റിപ്പോർട്ടുകളിന്മേലുള്ള പരിഹാര നടപടി റിപ്പോർട്ട് നിശ്ചിത കാലയളവിനുള്ളിൽ നിയമസഭയിൽ സമർപ്പിക്കുന്നതിനും കുടിശ്ശിക എത്രയുംവേഗം തീർക്കുന്നതിനുമായി നടത്തപ്പെടുന്ന അപ്പക്സ് കമ്മിറ്റി മീറ്റിംഗിനായി അക്കൗണ്ടന്റ് ജനറൽ നൽകിയിട്ടുള്ള നിലവിലെ കുടിശ്ശിക ലിസ്റ്റ് പ്രകാരം 2016-17 കാലയളവിൽ കൃഷി, എക്സൈസ്, ധനകാര്യം, ആരോഗ്യ കുടുംബക്ഷേമ, ഉന്നത വിദ്യാഭ്യാസ ആഭ്യന്തര, തൊഴിലും നൈപുണ്യവും, തദ്ദേശ സ്വയംഭരണ, പൊതുമരാമത്ത്, റവന്യൂ, ഗതാഗത, ജലവിഭവം എന്നീ വകുപ്പുകളിൽനിന്നും പരിഹാര നടപടി റിപ്പോർട്ട് അക്കൗണ്ടന്റ് ജനറലിന് ലഭ്യമായിട്ടില്ല എന്ന് അറിയിച്ചിരിക്കുന്നു. വകുപ്പ് മേധാവികളുടെ പേരിൽ എന്തെങ്കിലും വകുപ്പുതല നടപടി എടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കെ.പി.എം.ജി. സമർപ്പിച്ച റിപ്പോർട്ട്

83(2432) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. ടി. തോമസ് :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ പുനർനിർമ്മാണത്തിനായി സർക്കാരിന് കെ.പി.എം.ജി. സമർപ്പിച്ച റിപ്പോർട്ടിൽ അധിക വിഭവ സമാഹരണത്തിനായി എന്തൊക്കെ നിർദ്ദേശങ്ങളാണ് ഉള്ളത്;

(ബി) പ്രസ്തുത നിർദ്ദേശങ്ങളിൽ എന്തെങ്കിലും നടപ്പിലാക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കിയതുവഴി എത്ര തുകയാണ് സർക്കാരിന് ഇതുവരെ ലഭിച്ചിട്ടുള്ളത്;

(ഡി) കെ.പി.എം.ജി. നിർദ്ദേശമനുസരിച്ച് തയ്യാറാക്കിയ ക്രൗഡ് ഫണ്ട് വഴി ഉദ്ദേശിച്ച തുക സമാഹരിക്കാൻ സാധിച്ചിട്ടുണ്ടോ?

(ഇ) കെ.പി.എം.ജി. കമ്പനിക്ക് ഈ സർക്കാർ എന്തൊക്കെ കരാറുകളാണ് നൽകിയിട്ടുള്ളത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-ഡി) സംസ്ഥാനത്തുണ്ടായ വെള്ളപ്പൊക്ക ദുരിതത്തിന്റെ പശ്ചാത്തലത്തിൽ വ്യക്തികൾ, വ്യക്തിഗ്രൂപ്പുകൾ, സ്ഥാപനങ്ങൾ, കോർപ്പറേറ്റുകൾ, വിദേശികൾ, എൻ.ആർ.ഐ.-കൾ തുടങ്ങിയവരിലൂടെ പുനർനിർമ്മാണ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരു ക്രൗഡ്ഫണ്ടിംഗ് മോഡൽ ആശയം കെ.പി.എം.ജി. തയ്യാറാക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ പുനർനിർമ്മാണത്തിനായുള്ള ക്രൗഡ് ഫണ്ടിംഗ് പോർട്ടൽ സർക്കാർ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പോർട്ടൽ വഴി വ്യക്തികൾക്കോ, സ്ഥാപനങ്ങൾക്കോ മറ്റ് കൂട്ടായ്മകൾക്കോ വിവിധ ജില്ലകളിലെ വിവിധ വില്ലേജുകളിൽപ്പെട്ട പുനർനിർമ്മാണ സംരംഭങ്ങൾ തെരഞ്ഞെടുത്ത് സംഭാവനകൾ നൽകാവുന്നതാണ്. സർക്കാരോ അംഗീകൃത ഏജൻസികളോ പോർട്ടലിൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതനുസരിച്ച് പദ്ധതിയുടെ ഓരോ ഘട്ടത്തിലും സ്വീകരിച്ച തുകയും പദ്ധതിയുടെ പുരോഗതിയും വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നേരിട്ട് നിരീക്ഷിക്കുവാൻ കഴിയുന്നതാണ്. പദ്ധതി നടത്തിപ്പും ഫണ്ട് ശേഖരണവും പ്രാരംഭഘട്ടത്തിലായതേയുള്ളൂ. ക്രൗഡ് ഫണ്ടിംഗ് മുഖേന പരമാവധി തുക സമാഹരിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ഇ) 5-9-2018-ലെ G.O.(P)No.12/2018/Plg. ഉത്തരവുപ്രകാരം പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണത്തിനുള്ള പാർട്ണർ കൺസൾട്ടന്റായി KPMG in India-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**ജെം പോർട്ടൽ**

84(2433) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ വകുപ്പുകൾക്ക് സാധനം വാങ്ങുന്നതിനുള്ള പദ്ധതിയായ ജെം (ഗവൺമെന്റ് ഇ-മാർക്കറ്റ് പ്ലേസ്) കേരളത്തിലും നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഇത് സംബന്ധിച്ച് സ്റ്റേറ്റ് പർച്ചേസ് മാന്വലിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) ജെം പദ്ധതി നടപ്പിലാക്കുന്നതുകൊണ്ട് സംസ്ഥാനത്ത് വകുപ്പുകൾ സാധനം വാങ്ങി സംഭരിക്കുന്നത് സുതാര്യമാകുമോ, സാധനങ്ങൾക്ക് വില കുറയുമോ എന്നീ കാര്യങ്ങൾ വ്യക്തമാക്കുമോ;

(സി) ജെം നടപ്പിലാക്കുന്നതോടുകൂടി പ്രാദേശിക സംരംഭകർക്ക് നഷ്ടം സംഭവിക്കും എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) നടപ്പാക്കിയിട്ടുണ്ട്. ജെം സംബന്ധിച്ചുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി സ്റ്റോർസ് പർച്ചേസ് മാന്വൽ ഭേദഗതി ചെയ്തിട്ടുണ്ട്.

(ബി) വാങ്ങൽ/സംഭരണം എന്നിവ സുതാര്യവും വേഗത്തിലുമാക്കുന്നതിനാണ് സാധനങ്ങൾ വാങ്ങുന്നത് ഓൺലൈൻ ആക്കാൻ തീരുമാനിച്ചത്. ജെം പോർട്ടലിലെ പൊതുസംഭരണ/വിതരണ നിബന്ധനകൾ പ്രകാരം, ജെം പോർട്ടലിലൂടെ വിതരണം നടത്തുന്ന സാധനങ്ങൾക്ക് വിപണി വിലയെക്കാൾ ഏറ്റവും കുറഞ്ഞത് 10% എങ്കിലും കിഴിവ് നിർബന്ധമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ജെം മുഖാന്തരം സാധനങ്ങൾ വാങ്ങാവുന്നതാണ്.

**ധനകാര്യ പരിശോധന വിഭാഗം**

85(2434) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധനകാര്യ പരിശോധന വിഭാഗത്തിന്റെ പരിശോധന റിപ്പോർട്ടുകളിന്മേൽ തുർനടപടി ഭരണവകുപ്പ് സമയബന്ധിതമായി എടുക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തുടർനടപടി എടുക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ധനകാര്യ പരിശോധന വിഭാഗത്തിന്റെ പരിശോധന റിപ്പോർട്ടുകളിന്മേൽ പലപ്പോഴും ഭരണവകുപ്പ് സമയബന്ധിതമായി തുടർനടപടി എടുക്കാതിരിക്കുന്നു എന്ന ആക്ഷേപം വിവിധ വകുപ്പ് മേധാവികളുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.

പരിശോധനാ റിപ്പോർട്ടുകളിലെ നിർദ്ദേശങ്ങളിന്മേൽ നടപടി എടുക്കുന്നതിൽ കാലവിളംബം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി എടുക്കുന്ന താണെന്ന് വ്യക്തമാക്കിക്കൊണ്ട് 31-7-2018-ൽ സർക്കുലർ നമ്പർ 71/2018 പുറത്തിറക്കിയിട്ടുണ്ട്. എന്നാൽ തുടർനടപടിയെടുക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നാളിതുവരെ നടപടികളൊന്നുംതന്നെ എടുത്തിട്ടില്ല.

## ധനകാര്യ പരിശോധന വിഭാഗം

86(2435) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 2016-17, 2017-18, 2018 ഒക്ടോബർ വരെയുള്ള കാലയളവിൽ ധനകാര്യ വകുപ്പിന്റെ പരിശോധനാ വിഭാഗം നടത്തിയ പരിശോധനയിൽ എത്ര ഓഫീസുകളിൽ ക്രമക്കേട് കണ്ടെത്തിയെന്ന് വിശദമാക്കാമോ;

(ബി) അതിൻമേൽ എന്തുനടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ക്രമക്കേട് കണ്ടെത്തിയ വകയിൽ എത്ര തുക സർക്കാരിലേക്ക് ലഭിച്ചു എന്ന് വ്യക്തമാക്കാമോ;

(ഡി) ഇൻസ്പെക്ഷൻ നടത്തിയ വകയിൽ അണ്ടർ സെക്രട്ടറി മുതൽ അഡീഷണൽ സെക്രട്ടറി വരെയുള്ളവർ 2017-18 മുതൽ നാളിതുവരെ ടി.എ. ഇനത്തിൽ എത്ര തുക കൈപ്പറ്റിയെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) 2016-17 മുതൽ 2018 ഒക്ടോബർ വരെയുള്ള കാലയളവിൽ ധനകാര്യ വകുപ്പിന്റെ പരിശോധനാ വിഭാഗം നടത്തിയ പരിശോധനയിൽ 419 ഓഫീസുകളിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്.

(ബി) പരിശോധനയിലെ കണ്ടെത്തലുകളും പരിഹാര നിർദ്ദേശങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള പരിശോധനാ റിപ്പോർട്ടുകൾ തുടർനടപടികൾക്കായി ബന്ധപ്പെട്ട ഭരണവകുപ്പുകൾക്ക് കൈമാറിയിട്ടുണ്ട്. അതത് ഭരണവകുപ്പുകളാണ് തുടർ നടപടികൾ സ്വീകരിക്കേണ്ടത്.

(സി) ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ടുകളിന്മേലുള്ള തുടർ നടപടികളുടെ അടിസ്ഥാനത്തിൽ 31,80,315 രൂപ (മുപ്പത്തിയൊന്ന് ലക്ഷത്തി എൺപതിനായിരത്തി മൂന്നൂറ്റിപതിനഞ്ച് രൂപ മാത്രം) സർക്കാരിലേക്ക് ലഭിച്ചിട്ടുണ്ട്.

(ഡി) ഇൻസ്പെക്ഷൻ നടത്തിയ വകയിൽ അണ്ടർ സെക്രട്ടറിമാർ മുതൽ അഡീഷണൽ സെക്രട്ടറിതലം വരെയുള്ള ഉദ്യോഗസ്ഥർ 2017-18 മുതൽ നാളിതുവരെ ടി.എ. ഇനത്തിൽ 3,55,891 രൂപ (മൂന്ന് ലക്ഷത്തി അൻപത്തി അയ്യായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റി ഒന്ന് രൂപ മാത്രം) കൈപ്പറ്റിയിട്ടുണ്ട്.

**സംസ്ഥാന സമ്പദ്ഘടനയുടെ പുനരുജ്ജീവനം**

87(2436) ശ്രീ. സി. ദിവാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2018 ആഗസ്റ്റ് മാസത്തിൽ സംസ്ഥാനത്തുണ്ടായ പ്രളയം സംസ്ഥാനത്തെ ധനകാര്യവ്യവസ്ഥയെ തകിടംമറിച്ചുവോ; വിശദമാക്കുമോ;

(ബി) പ്രളയംമൂലം സംസ്ഥാനത്തിന് വിവിധ മേഖലകളിൽ ഉണ്ടായ നഷ്ടത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) വ്യാപാര സ്തംഭനം, സ്റ്റോക്ക് നാശം, കെട്ടിടങ്ങൾക്കും യന്ത്ര സ്ഥാപനങ്ങൾക്കുമുണ്ടായ കേടുപാടുകൾ, തൊഴിൽ നഷ്ടം, അവസരനഷ്ടത്തിന്റെ മൂല്യം എന്നിവയെല്ലാം കണക്കിലെടുത്ത് വ്യവസായ വാണിജ്യ മേഖലകളിൽ ഉണ്ടായ നഷ്ടം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രളയനഷ്ടം മറികടക്കുന്നതിനും സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ പുനരുജ്ജീവനത്തിനും സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) 2018 ആഗസ്റ്റ് മാസത്തിൽ സംസ്ഥാനത്തുണ്ടായ പ്രളയം സംസ്ഥാനത്തിന്റെ നികുതി/നികുതിയേതര വരുമാനത്തെ എപ്രകാരം ബാധിച്ചു എന്ന് വിശകലനം ചെയ്യാൻ പര്യാപ്തമായ ആധികാരിക കണക്കുകൾ നിലവിൽ ലഭ്യമായിട്ടില്ല.

(ബി) പോസ്റ്റ് ഡിസാസ്റ്റർ നീഡ് അസസ്സ്‌മെന്റ് (Post Disaster Need Assessment-PDNA) റിപ്പോർട്ട് പ്രകാരം പ്രളയകാലത്തെ സംസ്ഥാനത്തിന്റെ മൊത്തം നഷ്ടം 26,996 കോടി രൂപയും, റാപ്പിഡ് ഡാമേജ് അസസ്സ്‌മെന്റ് ആന്റ് നീഡ്സ് അനാലിസിസ് (Rapid Damage Assessment and Needs Analysis-RDANA) റിപ്പോർട്ട് അനുസരിച്ച് 25,050 കോടി രൂപയുമാണ്.

(സി) വ്യവസായ വകുപ്പിന്റെ കണക്കുകൾ പ്രകാരം 2018 ആഗസ്റ്റ് മാസത്തിലുണ്ടായ മഹാപ്രളയത്തിൽ സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന 3590-ൽപ്പരം സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകൾക്ക് 632 കോടി രൂപയുടെയും, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിലായി 12 വൻകിട വ്യവസായ യൂണിറ്റുകൾക്ക് 289.40 കോടി രൂപയുടെയും നാശനഷ്ടം ഉണ്ടായിട്ടുണ്ട്. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ അധീനതയിലുള്ള സ്ഥാപനങ്ങൾക്ക് 16 കോടി രൂപയുടെ വസ്തു നഷ്ടവും, 4.50 കോടി രൂപയുടെ വരുമാന നഷ്ടവും ഉണ്ടായിട്ടുണ്ട്. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് ആകെ 47.61 കോടി രൂപയുടെയും കൈത്തറി മേഖലയിൽ 8 ജില്ലകളിലായി 6.50 കോടി രൂപയുടെയും നാശനഷ്ടമുണ്ടായിട്ടുണ്ട്.

(ഡി) പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സമ്പദ്‌വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനായി പരമാവധി പണം സമ്പദ്ഘടനയിലേക്ക് ഒഴുക്കുന്നതിന് ആവശ്യമായ നടപടികളാണ് സർക്കാർ കൈക്കൊണ്ടുവരുന്നത്. നടപ്പ് വർഷത്തെ പദ്ധതിയിൽ 20% പൊതുമരാമത്ത്, ജലവിഭവം എന്നീ വകുപ്പുകൾക്കും വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന സ്കോളർഷിപ്പ് സ്കീമുകൾക്കും ഒഴികെയുള്ള സ്കീമുകളിൽനിന്നും കുറവ് വരുത്തുന്നതിനും ഈ തുക റോഡുകളുടെയും കുടിവെള്ള പദ്ധതികളുടെയും പുനഃസൃഷ്ടിക്ക് വിനിയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ പദ്ധതികളുടെ മുൻഗണനാക്രമത്തിൽ ഭേദഗതി വരുത്തുവാനും നിശ്ചയിച്ചിരുന്നു. സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തുന്നതിനും ധനദൃഢീകരണം സാധ്യമാക്കുന്നതിനും ഉതകുന്ന നിർദ്ദേശങ്ങളും പ്രാബല്യത്തിലുണ്ട്.

## കോളേജ് അദ്ധ്യാപകർക്ക് പുതുക്കിയ യു.ജി.സി. നിരക്കിൽ പെൻഷൻ

88(2437) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-ൽ യു.ജി.സി. പ്രഖ്യാപിച്ച പുതുക്കിയ ശമ്പള പരിഷ്കരണത്തിന്റെ അടിസ്ഥാനത്തിലുള്ള പെൻഷൻ എല്ലാ വിഭാഗത്തിൽപ്പെടുന്നതുമായ വിരമിച്ച കോളേജ് അദ്ധ്യാപകർക്ക് അനുവദിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) വിരമിച്ചശേഷം പത്ത് വർഷം പൂർത്തീകരിച്ച അദ്ധ്യാപകർക്ക് ഈ ആനുകൂല്യം നൽകുന്നതിന് നിലവിൽ തടസ്സങ്ങളുണ്ടോ; വിശദീകരിക്കുമോ;

(സി) വിരമിച്ച എല്ലാ വിഭാഗത്തിലുംപെടുന്ന കോളേജ് അദ്ധ്യാപകർക്ക് പുതുക്കിയ യു.ജി.സി. നിരക്കിന്റെ അടിസ്ഥാനത്തിലുള്ള പെൻഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) 2016-ൽ യു.ജി.സി. പ്രഖ്യാപിച്ച ശമ്പള പരിഷ്കരണം സംസ്ഥാനത്ത് ഇതുവരെ നടപ്പാക്കിയിട്ടില്ല. ആയത് നടപ്പാക്കുന്ന മുറയ്ക്ക് വിരമിച്ച കോളേജ് അദ്ധ്യാപകരുടെ പെൻഷൻ പരിഷ്കരിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

**ദുരിതാശ്വാസ ഫണ്ട് തട്ടിപ്പ്**

89(2438) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രഷറി വകുപ്പിൽ നിന്ന് ഈ വർഷം ആരെയെങ്കിലും സസ്പെൻഡ് ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ദുരിതാശ്വാസ ഫണ്ട് തട്ടിപ്പിന് ആരെയെങ്കിലും സസ്പെൻഡ് ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ട്രഷറി വകുപ്പിൽനിന്നും ഈ വർഷം 11 പേരെ സസ്പെന്റ് ചെയ്തിട്ടുണ്ട്. (വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.)*

(ബി) ഇല്ല.

**പ്രളയാനന്തര നവകേരള നിർമ്മാണത്തിനായി ഫണ്ട്**

90(2439) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര നവകേരള നിർമ്മാണത്തിനായി നാളിതുവരെ എത്ര കോടി രൂപയുടെ സംസ്ഥാന ഫണ്ട് വിനിയോഗിച്ചിട്ടുണ്ട്;

(ബി) കേന്ദ്ര വിഹിതമായി എത്ര രൂപ ലഭിച്ചിട്ടുണ്ട്;

(സി) ഇതിനായി സംസ്ഥാനത്തിന്റെ വായ്പാ തോത് ഉയർത്തി നിശ്ചയിച്ച് തരുന്നതിൽ കേന്ദ്രസർക്കാർ തടസ്സവാദങ്ങൾ ഉന്നയിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരങ്ങൾ നൽകുമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) പ്രളയ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് 30-11-2018 വരെ വിവിധ ജില്ലകൾക്ക് 685.50 കോടി രൂപയും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്ന് 1-12-2018 വരെ 600.46 കോടി രൂപയും വിനിയോഗിച്ചിട്ടുണ്ട്.

(ബി)ദേശീയ ദുരന്ത പ്രതികരണ നിധിയിൽനിന്ന് അടിയന്തര സഹായമായി 600 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തിന്റെ കടമെടുപ്പ് പിരിധി 2018-19-ൽ ജി.എസ്.ഡി.പി.-യുടെ 3 ശതമാനത്തിൽനിന്നും 4.5 ശതമാനമായും 2019-20-ൽ 3.5 ശതമാനമായും ഉയർത്തണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്ന് ഇതുസംബന്ധിച്ച തീരുമാനം ഇതുവരെ ലഭിച്ചിട്ടില്ല.

## ജി.എസ്.ടി. യിൽ പെട്രോൾ, ഡീസൽ എന്നിവ ഉൾപ്പെടുത്തണമെന്ന ആവശ്യം

91(2440) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.എസ്.ടി.-യിൽ പെട്രോൾ, ഡീസൽ എന്നിവ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച ചർച്ച ജി.എസ്.ടി. കൗൺസിലിൽ നടന്നിട്ടുണ്ടോ; ചർച്ചയിന്മേൽ എടുത്ത തീരുമാനം വ്യക്തമാക്കുമോ;

(ബി) ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തിയാൽ പെട്രോളിന്റെയും ഡീസലിന്റെയും നികുതിയും വിലയും കുറയുമെന്ന് കരുതുന്നുണ്ടോ;

(സി) എങ്കിൽ പെട്രോൾ, ഡീസൽ എന്നിവ ജി.എസ്.ടി.യിൽ ഉൾപ്പെടുത്തണമെന്ന് ജി.എസ്.ടി. കൗൺസിലിനോട് ആവശ്യപ്പെടുമോ ?

ഉത്തരം

(എ) ഈ വിഷയത്തെ സംബന്ധിച്ച് പ്രാഥമിക ചർച്ചകൾ മാത്രമെ ജി.എസ്.ടി. കൗൺസിലിൽ നടന്നിട്ടുള്ളൂ.

(ബി) ഇക്കാര്യത്തിൽ വ്യക്തതയില്ല.

(സി) കേരള സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ ഒരു ഗണ്യമായ പങ്ക് പെട്രോളിയം ഉൽപന്നങ്ങളായ പെട്രോൾ, ഡീസൽ എന്നിവയിൽനിന്നും ലഭിക്കുന്നതാണ്. നിലവിൽ പെട്രോളിന് 30.08%-ഉം ഡീസലിന് 22.76%-ഉം നികുതിയാണുള്ളത്. ഈ ഉൽപന്നങ്ങളുടെ നികുതിനിരക്കിലോ നികുതി ഘടന യിലോ ഉണ്ടാകുന്ന ഏത് വ്യതിയാനവും സർക്കാരിന്റെ നികുതി വരുമാനത്തിൽ സാരമായ വ്യത്യാസം വരുത്തുന്നതാണ്. ജി.എസ്.ടി. നിയമത്തിൽ ചുമത്താവുന്ന ഏറ്റവും ഉയർന്ന നികുതിനിരക്ക് 28% ആണ്. ഇവ ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തിയാൽ സംസ്ഥാന വിഹിതമായ 14% മാത്രമെ സംസ്ഥാന സർക്കാരിന് ലഭിക്കുകയുള്ളൂ. പെട്രോളിയം ഉൽപ്പന്നങ്ങളെ ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തിയാൽ ഉണ്ടാകുന്ന നികുതി നഷ്ടത്തിന് ഉചിതമായ നഷ്ടപരിഹാരം, ജി.എസ്.ടി. കോമ്പൻസേഷൻ നിയമത്തിൽ ഉൾപ്പെടുത്തിയാൽ ഈ വിഷയം ചർച്ച ചെയ്യാമെന്നാണ് സർക്കാർ നിലപാട്.

## നികുതി വെട്ടിപ്പ്

92(2441) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.എസ്.ടി. നടപ്പിലാക്കിയശേഷം നാളിതുവരെ സംസ്ഥാനത്ത് എത്ര രൂപയുടെ നികുതി വെട്ടിപ്പ് കണ്ടെത്തി; വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത നികുതി വെട്ടിപ്പ് കണ്ടെത്തുന്നതിനും തടയുന്നതിനുമായി ധനവകുപ്പ് സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ എന്തെല്ലാം;വിശദമാക്കുമോ;

(സി) ജി.എസ്.ടി. നടപ്പിലാക്കിയശേഷം നിർത്തലാക്കിയ നികുതി ചെക്പോസ്റ്റുകൾ ഏതെല്ലാം എന്നും അവയിൽ പ്രവർത്തിച്ചിരുന്ന ഉദ്യോഗസ്ഥ വിഭാഗം നിലവിൽ എന്ത് പ്രവർത്തനങ്ങളിലാണ് ഏർപ്പെട്ടിരിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ഡി) ഇതര സംസ്ഥാനങ്ങളിൽനിന്നും ചൈന ബിൽ എന്നറിയപ്പെടുന്ന വ്യാജബില്ലുകൾ ഉപയോഗിച്ച് കേരളത്തിലേയ്ക്ക് നികുതി അടയ്ക്കാതെ ഗ്രാനൈറ്റ് കയറ്റിയ ലോറികൾ സംസ്ഥാനത്തേയ്ക്ക് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈയിനത്തിൽ എത്ര കോടി രൂപ നികുതിയിനത്തിൽ നാളിതുവരെ നഷ്ടമായി; വ്യക്തമാക്കുമോ;

(ഇ) പല വാഹനങ്ങളുടെയും ഈ-വേ ബിൽ വിൽപ്പന നികുതി വിഭാഗം ശരിയായി പരിശോധിക്കുന്നില്ല എന്ന് കരുതുന്നുണ്ടോ; എങ്കിൽ പരിശോധന കർശനമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) നികുതി വെട്ടിപ്പ് പിടികൂടുന്നതിനായി സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ബില്ലുകൾ പരിശോധിക്കുകയും അവ ശേഖരിക്കുകയും ചെയ്യുന്നു. ഇന്റലിജൻസ് സ്ക്വാഡുകളിൽ കൂടുതൽ പേരെ വിന്യസിച്ച് പരിശോധന കാര്യക്ഷമമാക്കിയിരിക്കുന്നു. കൂടാതെ നികുതി വെട്ടിപ്പ് തടയുന്നതിന് വ്യാപാരികൾ ഫയൽ ചെയ്യുന്ന റിട്ടേൺ യഥാസമയം പരിശോധിക്കുകയും നികുതി ചോർച്ച ഇല്ലെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. കടകളിൽ നേരിട്ട് ചെന്ന് ബില്ലുകൾ ശേഖരിക്കുകയും നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരായവർ എല്ലാംതന്നെ രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. കൂടാതെ ബില്ലുകൾ കൊടുക്കാതെ ബിസിനസ്സ് നടത്തുന്നവരെ കണ്ടെത്തി അവരുടെ വിവരങ്ങൾ ഇന്റലിജൻസ് വിഭാഗത്തിന് കൈമാറുന്നു. ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാക്കിയതോടുകൂടി എല്ലാ ചരക്കുകളുടെയും വിശദാംശം ഓൺലൈൻ വഴി ലഭ്യമാണ്. ജി.എസ്.ടി. നിയമപ്രകാരം രജിസ്ട്രേഷൻ എടുത്ത വ്യാപാരികൾ തമ്മിലുള്ള ക്രയവിക്രയങ്ങൾ ജി.എസ്.ടി. പോർട്ടൽ മുഖേന ക്രോസ് ചെക്ക് ചെയ്യുന്നത് വഴി നികുതിവെട്ടിപ്പ് നടത്തുന്ന വ്യാപാരികളെ കണ്ടെത്താവുന്നതാണ്. അതിർത്തി പ്രദേശങ്ങളിൽ ചെക്ക് പോസ്റ്റുകൾ നിർത്തലാക്കിയ സാഹചര്യത്തിൽ ഇന്റലിജൻസ് വിഭാഗം അതീവ ജാഗ്രതാ നിരീക്ഷണം നടത്തി നികുതിവെട്ടിപ്പ് തടയുന്നതിന് കാര്യക്ഷമമായ നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ വാഹന പരിശോധന, ടെസ്റ്റ് പർച്ചേസ് തുടങ്ങിയവയിലൂടെയും നികുതി അടവ് ഉറപ്പുവരുത്തുന്നു.

(സി) ജി.എസ്.ടി. നടപ്പാക്കുന്നതിന്റെ ഭാഗമായി നിർത്തലാക്കിയ വിൽപ്പന നികുതി ചെക്ക് പോസ്റ്റുകൾ 83 എണ്ണമാണ്. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.* ചെക്ക് പോസ്റ്റുകളിൽ പ്രവർത്തിച്ചിരുന്ന ഉദ്യോഗസ്ഥർ പ്രധാനമായും പുതുതായി രൂപീകരിച്ച സർവൈലൻസ് സ്ക്വാഡുകളിൽ പ്രവർത്തിക്കുകയാണ്. കുറച്ചുപേർ, കുടിശ്ശിക വാറ്റ് അസസ്സ്മെന്റുകൾ പൂർത്തീകരിക്കുന്നതിനും വിനിയോഗിച്ചിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) എല്ലാ വാഹനങ്ങളുടെയും ഇ-വേ ബിൽ വിൽപ്പന നികുതി വിഭാഗം ശരിയായി പരിശോധിക്കുന്നതിനുവേണ്ടി ഇന്റലിജൻസ് സ്ക്വാഡുകളുടെ എണ്ണം 91-ൽ നിന്ന് 178 ആയി വർദ്ധിപ്പിച്ചു. ഇതിൽ 126 സ്ക്വാഡുകളെ സംസ്ഥാന അതിർത്തികളിൽ ഇടതടവില്ലാതെ ചരക്കുവാഹന പരിശോധന നടത്തുന്നതിനും ഇ-വേ ബിൽ ഓൺലൈൻ പരിശോധിക്കുന്നതിനുമായി വിന്യസിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ചരക്ക് സേവന നികുതിയിലെ കോമ്പൗണ്ടിംഗ് സമ്പ്രദായം

93(2442) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. കെ. രാജൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. സംവിധാനത്തിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ചരക്ക് സേവന നികുതിയിലെ കോമ്പൗണ്ടിംഗ് സമ്പ്രദായത്തെക്കുറിച്ച് വിശദമാക്കുമോ;

(സി) ചരക്ക് സേവന നികുതിയുടെ കോമ്പൗണ്ടിംഗ് പരിധി ഉയർത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) കോമ്പൗണ്ടിംഗ് പരിധി ഉയർത്തിയത് ജനങ്ങൾക്ക് ഏത് തരത്തിൽ ഉപകാരപ്രദമാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വ്യത്യസ്തങ്ങളായ പരോക്ഷ നികുതികൾ പിരിച്ചെടുക്കുന്നതിലുള്ള സങ്കീർണ്ണത ഒഴിവാക്കുന്നതിനുവേണ്ടിയാണ് നിലവിലുണ്ടായിരുന്ന പരോക്ഷ നികുതി നിയമങ്ങൾ ലയിപ്പിച്ച് ജി.എസ്.ടി. എന്ന ഏകീകൃത നികുതി നിയമം രാജ്യമൊട്ടാകെ 1-7-2017 മുതൽ നടപ്പിലാക്കിയത്. ഇതുമൂലം നികുതി ഏകീകരണവും നികുതിക്കുമേലുള്ള നികുതി പൂർണ്ണമായും ഒഴിവാക്കപ്പെടുകയും ചെയ്തു. ചരക്കുസേവന നികുതി നിയമപ്രകാരം അന്തർസംസ്ഥാന കൈമാറ്റങ്ങൾക്കും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമാകുന്നതാണ്. ജി.എസ്.ടി. നിയമം നടപ്പിലായതിനുശേഷം സോഫ്റ്റ്‌വെയർ സംവിധാനം പ്രവർത്തനക്ഷമമാകുന്നതിന് കാലതാമസമുണ്ടായി. കൂടാതെ ജി.എസ്.ടി.-ക്ക് മുമ്പ് ഉയർന്ന നികുതിയുള്ള ചരക്കുകൾക്ക് നിലവിലുണ്ടായിരുന്ന നികുതിയേക്കാൾ കുറഞ്ഞ നികുതി നിരക്ക് നിശ്ചയിച്ചതും സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ ബാധിച്ചു. ജി.എസ്.ടി. നിലവിൽ വരുമ്പോൾ ചെക്ക്പോസ്റ്റ് സംവിധാനം പൂർണ്ണമായും ഇല്ലാതായി. എന്നാൽ ഇതിനുപകരമായുള്ള ഇ-വേ ബിൽ സംവിധാനം 1-4-2018 മുതലാണ് സംസ്ഥാനത്ത് നടപ്പാക്കിയത്. ജി.എസ്.ടി. കോമ്പൻസേഷൻ നിയമപ്രകാരം 2015-16 സാമ്പത്തിക വർഷത്തെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14% വാർഷിക വർദ്ധനവ് കണക്കാക്കി നഷ്ടപരിഹാരം നൽകുന്നുണ്ട്. കേരളത്തിന്റെ നികുതി വരുമാനം വർദ്ധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) 15-11-2017-ലെ എസ്.ആർ.ഒ. നമ്പർ 736/2017 പ്രകാരം, മുൻ സാമ്പത്തിക വർഷത്തെ മൊത്തം ടേണോവർ ഒരു കോടി വരെയുള്ള ചെറുകിട നികുതിദായകർ കോമ്പോസിഷൻ സ്കീമിനർഹരാണ്. ഈ സ്കീം പ്രകാരം ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ ആനുകൂല്യം ഇല്ലാതെ നികുതിദായകന് ടേണോവറിന്റെ ഒരു നിശ്ചിത ശതമാനം നികുതിയടയ്ക്കാം. ഇതുപ്രകാരം ഉല്പാദകരുടെ ജി.എസ്.ടി. നികുതിനിരക്ക് 2%-ഉം വ്യാപാരികൾക്ക് 1%-ഉം ആയിരുന്നത് 27-1-2018-ലെ എസ്.ആർ.ഒ. നമ്പർ 49/2018 പ്രകാരം ഉല്പാദകർക്കും വ്യാപാരികൾക്കും നികുതിവിധേയ ടേണോവറിന്റെ 1% ആയി നിജപ്പെടുത്തിയിട്ടുണ്ട്. സേനവങ്ങളെ പൊതുവെ കോമ്പോസിഷൻ രീതിയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ടെങ്കിലും ഹോട്ടലുകൾക്ക് 5% നികുതിനിരക്കിൽ കോമ്പോസിഷൻ സ്കീം അനുവദനീയമാണ്. ഇത്തരം നികുതിദായകർക്ക് ഉപഭോക്താക്കളിൽനിന്നും നികുതി പിരിക്കാൻ അധികാരമില്ല. ജി.എസ്.ടി. കൗൺസിൽ തീരുമാനപ്രകാരം, കോമ്പോസിഷൻ പദ്ധതി തെരഞ്ഞെടുക്കുന്നതിനുള്ള വിറ്റുവരവിന്റെ നിയമപരമായ പരിധി ഒന്നരക്കോടി രൂപയായി ഉയർത്തുന്നതിനുള്ള ഭേദഗതി ബിൽ സഭയുടെ പരിഗണനയിലാണ്. കൂടാതെ, നിലവിൽ ചരക്കുകളോടൊപ്പം സേവനങ്ങൾ നൽകുന്ന നികുതിദായകർക്ക് കോമ്പോസിഷൻ സ്കീം തെരഞ്ഞെടുക്കാൻ കഴിയാത്തത് പരിഗണിച്ച് പുതിയ ഭേദഗതി ബില്ലിൽ കഴിഞ്ഞ സാമ്പത്തികവർഷത്തിൽ വിറ്റുവരവിന്റെ 10% അധികരിക്കാത്ത മൂല്യത്തിലോ അല്ലെങ്കിൽ 5 ലക്ഷം രൂപയ്ക്കോ ഇവയിലേതാണോ കൂടുതലുള്ള സേവനങ്ങൾ നൽകുന്നവർക്ക് ഈ സ്കീം തെരഞ്ഞെടുക്കാൻ അനുമതി നൽകുന്നുണ്ട്. പൊതുവായി അഞ്ച് വിഭാഗത്തിൽപ്പെട്ട രജിസ്റ്റേഡ് വ്യക്തികൾക്ക് കോമ്പോസിഷൻ സ്കീം തെരഞ്ഞെടുക്കാൻ കഴിയില്ല.

(i) റസ്റ്റോറന്റ് സേവനങ്ങളൊഴികെ മറ്റ് സേവനങ്ങൾ നൽകുന്ന വിതരണക്കാർ

(ii) ജി.എസ്.ടി. നിയമപ്രകാരം, നികുതി ചുമത്താത്ത സാധനങ്ങളുടെ വിതരണക്കാർ

(iii) സംസ്ഥാനാന്തര സാധനങ്ങളുടെ വിതരണക്കാരൻ

(iv) ഇ-കോമേഴ്സ് ഓപ്പറേറ്റർ വഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ വിതരണക്കാരൻ

(v) വിജ്ഞാപനം ചെയ്ത ചില സാധനങ്ങളുടെ ഉല്പാദകൻ.

(സി) ഉയർത്തിയിട്ടുണ്ട്. 15-11-2017-ലെ എസ്.ആർ.ഒ. നമ്പർ 736/2017 പ്രകാരം, മുൻസാമ്പത്തിക വർഷത്തെ മൊത്തം ടേണോവർ ഒരു കോടി വരെയുള്ള ചെറുകിട നികുതിദായകർ കോമ്പോസിഷൻ സ്കീമിനർഹരാണ്. ജി.എസ്.ടി. കൗൺസിൽ തീരുമാനപ്രകാരം, കോമ്പോസിഷൻ പദ്ധതി തെരഞ്ഞെടുക്കുന്നതിനുള്ള

വിറ്റുവരവിന്റെ നിയമപരമായ പരിധി ഒന്നരക്കോടി രൂപയായി ഉയർത്തുന്നതിനുള്ള ഭേദഗതി ബിൽ സഭയുടെ പരിഗണനയിലാണ്.

(ഡി) ചെറുകിട വ്യാപാരികൾക്ക് ലളിതമായ നടപടിക്രമങ്ങൾ വിഭാവനം ചെയ്യുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് കോമ്പോസിഷൻ സംവിധാനം നടപ്പിലാക്കിയിട്ടുള്ളത്. കോമ്പോസിഷൻ സ്കീമിൽ കുറഞ്ഞ നികുതി നിശ്ചയിച്ചിരിക്കുന്നതുമൂലം ചരക്കുകളും സേവനങ്ങളും കുറഞ്ഞ വിലയ്ക്ക് ജനങ്ങൾക്ക് ലഭ്യമാകുവാൻ സഹായിക്കും.

## കൃത്രിമ ഉപകരണങ്ങൾക്ക് അമിത വാണിജ്യ നികുതി

94(2443) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യശരീരത്തിലെ വിവിധ വൈകല്യങ്ങൾക്കും ശരീരഭാഗങ്ങൾക്കും പകരമായി ഉപയോഗിക്കുവാൻ കഴിയുന്ന കൃത്രിമ ഉപകരണങ്ങൾക്ക് അമിത വാണിജ്യ നികുതി ഈടാക്കിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ഉപകരണങ്ങൾ വാണിജ്യ നികുതിയുടെ പരിധിയിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ&ബി) മനുഷ്യ ശരീരത്തിൽ ഉപയോഗിക്കുന്ന കൃത്രിമ ഉപകരണങ്ങൾക്ക് 5%, 12% ചരക്കുസേവനനികുതി ബാധകമാണ്. നികുതിനിരക്കിൽ മാറ്റം വരുത്തുന്നതിനോ ഒഴിവാക്കുന്നതിനോ ജി.എസ്.ടി. കൗൺസിലിന്റെ അനുമതി ആവശ്യമാണ്. ജി.എസ്.ടി. കൗൺസിൽ ഹിയറിംഗ് എയ്ഡ് പോലുള്ള ഉപകരണങ്ങളുടെ നികുതി ഒഴിവാക്കിയിട്ടുണ്ട്.

## സ്വർണ്ണത്തിനും വജ്രത്തിനും നികുതി

95(2444) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണത്തിനും, വജ്രത്തിനും നിലവിൽ എത്ര ശതമാനം നികുതിയാണ് ജി.എസ്.ടി. പ്രകാരം ഈടാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ സ്വർണ്ണ വ്യാപാരികളെ ജി.എസ്.ടി. പരിധിയിൽ പൂർണ്ണമായും കൊണ്ടുവന്നിട്ടുണ്ടോ;

(സി) സ്വർണ്ണ വ്യാപാരികൾ ഉപഭോക്താക്കളിൽനിന്നും പിരിക്കുന്ന നികുതി കൃത്യമായും അടയ്ക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനുള്ള സംവിധാനം വ്യക്തമാക്കുമോ;

(ഡി) സ്വർണ്ണ വ്യാപാരത്തിൽ ജി.എസ്.ടി. നടപ്പിലാക്കിയശേഷം നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) സ്വർണ്ണത്തിനും വജ്രത്തിനും നിലവിൽ 3% ആണ് ജി.എസ്.ടി. നിരക്ക് (സി.ജി.എസ്.ടി. 1.5% + എസ്.ജി.എസ്.ടി. 1.5%)

(ബി) വാറ്റിൽനിന്നും വ്യത്യസ്തമായി ജി.എസ്.ടി.- 20 ലക്ഷത്തിന് മുകളിൽ വിറ്റുവരവോ അന്തർസംസ്ഥാന വിൽപ്പനയോ ഉണ്ടെങ്കിൽ മാത്രമെ രജിസ്ട്രേഷൻ ബാധ്യതയുള്ളൂ.

(സി) ഉപഭോക്താക്കളിൽനിന്ന് ജി.എസ്.ടി. രജിസ്ട്രേഷനുള്ള വ്യാപാരികൾ പിരിക്കുന്ന നികുതി മാസംതോറും സ്വയം നിർണ്ണയപ്പെടുത്തി റിട്ടേൺ ഫയൽ ചെയ്ത് സർക്കാരിലേയ്ക്ക് അടയ്ക്കുന്നു. ഇത്തരം റിട്ടേണുകളുടെ ആധികാരികത പരിശോധി ക്കുന്നതിനായി റിട്ടേണുകൾ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. കൂടാതെ ഇന്റലിജൻസ് വിഭാഗം ടെസ്റ്റ് പർച്ചേസ്, ബിൽ കളക്ഷൻ എന്നീ നടപടിക്രമങ്ങളിലൂടെ വ്യാപാരികൾ ബിൽ നൽകുന്നതിന്റെ ആധികാരികത ഉറപ്പുവരുത്തുന്നുണ്ട്.

(ഡി) വാറ്റിൽ 5% നികുതി നിരക്കുണ്ടായിരുന്ന സ്വർണ്ണത്തിന് സംസ്ഥാന ജി.എസ്.ടി. നിയമപ്രകാരം 1.5% നികുതിയാണ് നിലവിലുള്ളത്. അതിനുപുറമേ അന്തർസംസ്ഥാന വ്യാപാരികൾക്ക് വാങ്ങലുകൾക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ ആനുകൂല്യവും ലഭ്യമാണ്. ചരക്കുകളുടെ തരംതിരിച്ചുള്ള നികുതിതാരതമ്യം വാർഷിക റിട്ടേണുകൾ ലഭ്യമാകുന്നമുറയ്ക്ക് മാത്രമെ അറിയുവാൻ സാധിക്കുകയുള്ളൂ.

**ട്രഷറി നവീകരണം**

96(2445) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രഷറികൾ നവീകരിക്കുന്നതിനും ട്രഷറികളിൽ എ.ടി.എം.-കൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ജീർണ്ണാവസ്ഥയിലായ ചാലക്കുടി സബ്ബ് ട്രഷറിക്ക് പുതിയ കെട്ടിടം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) <u>ട്രഷറി നവീകരണവുമായി ബന്ധപ്പെട്ട രണ്ട് പദ്ധതികൾ നിലവിൽ നടപ്പിലാക്കിവരുന്നു.</u>

1. ഐ.എഫ്.എം.എസ്. (ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം )

ട്രഷറി ഇടപാടുകൾ ആധുനിക സാങ്കേതികവിദ്യയുടെ സഹായ ത്തോടുകൂടി നവീകരിക്കുന്ന പദ്ധതിയാണ് ഇത്. പൂർണ്ണമായും കടലാസ്രഹിത കറൻസിരഹിത ഇടപാടുകളിലേയ്ക്ക് മുഴുവൻ ട്രഷറി ഇടപാടുകളും മാറ്റുക എന്നതാണ് പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം. ഈ സംവിധാനം നടപ്പിലായതോടുകൂടി ട്രഷറി ഇടപാടുകൾ കൂടുതൽ സുതാര്യവും വേഗത്തിലും ആയിത്തീർന്നു. ഇടപാടുകാർക്ക് ട്രഷറിയിൽ എത്താതെതന്നെ സേവനങ്ങൾ ലഭിക്കുന്ന തരത്തിൽ ഓൺലൈൻ സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. സാമ്പത്തിക ഇടപാടുകളിൽ തുക നേരിട്ട് ഇടപാടുകാരുടെ അക്കൗണ്ടിൽ വരവുവയ്ക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളതിനാൽ കറൻസിയുടെ ഉപയോഗവും പരമാവധി കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്.

2. ടി.ഐ.ഡി.പി. (ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതി)

ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ ഒന്നാം ഘട്ടത്തിലുൾപ്പെടുത്തി 10 ട്രഷറികൾക്ക് കെട്ടിടം നിർമ്മിക്കു ന്നതിനുള്ള ഭരണാനുമതി 16-7-2017-ലെ സ.ഉ.(സാധാ)നമ്പർ 5721/2017/ധന പ്രകാരം നൽകിയിട്ടുണ്ട്. ടി.ഐ.ഡി.പി.-യുടെ രണ്ടാം ഘട്ടത്തിലുൾപ്പെടുത്തി 24-5-2018-ലെ സ.ഉ.(സാധാ) നമ്പർ 4469/2018/ധന പ്രകാരം 10 ട്രഷറി കെട്ടിടങ്ങളുടെ നിർമ്മാണത്തിനും രണ്ട് ട്രഷറി കെട്ടിടങ്ങളുടെ നവീകരണത്തിനും ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. ടി ഭരണാനുമതി ഉത്തരവ് 12-7-2018-ലെ സ.ഉ.(സാധാ)നമ്പർ 5944/2018/ധന പ്രകാരം പുതുക്കിയിട്ടുണ്ട്. ടി പദ്ധതിയുടെ നിർവഹണ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ളത് INKEL Ltd. നെയാണ്. 16-10-2018-ലെ സ.ഉ.(സാധാ)നമ്പർ 8565/2018/ധന പ്രകാരം ടി.ഐ.ഡി.പി.-യുടെ കീഴിൽ വരുന്ന പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിന് ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. മാന്നാർ, വടക്കാഞ്ചേരി സബ് ട്രഷറികൾക്ക് മാത്രമാണ് ഇതുവരെ ടി.ഐ.ഡി.പി.-യുടെ കീഴിൽ സാങ്കേതികാനുമതി നൽകിയിട്ടുള്ളത് (Phase 1). ബാക്കിയുള്ള ട്രഷറികളുടെ നിർമ്മാണത്തിന് സാങ്കേതികാനുമതി നൽകുന്ന തിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ട്രഷറികളിൽ എ.ടി.എം. സംവിധാനം

ട്രഷറികളിൽ എ.ടി.എം.-കൾ സ്ഥാപിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. പകരം, ബാങ്കുകൾ മുഖേന ട്രഷറി അക്കൗണ്ട് ഉടമകൾക്ക് എ.ടി.എം. കാർഡ് നൽകുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ട്.

(ബി) ചാലക്കുടി സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. എന്നാൽ മഴക്കെടുതിമൂലമുണ്ടായ കേടുപാടുകൾ പരിഹരിക്കുന്നതിനായും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി വകുപ്പ് ആവശ്യപ്പെട്ടതിൻപ്രകാരം പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം നവീകരണപ്രവർത്തനങ്ങൾക്കുള്ള 15 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിന്റെ പരിശോധനയിലാണ്.

**ചട്ടഞ്ചാൽ സബ്ട്രഷറി കെട്ടിടം**

97(2446) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ ചട്ടഞ്ചാൽ സബ്ട്രഷറി വാടക കെട്ടിടത്തിൽ എത്ര വർഷമായി പ്രവർത്തിക്കുന്നു ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമായിട്ട് എത്ര വർഷമായി; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് തുടർനടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ചട്ടഞ്ചാൽ സബ്ട്രഷറി 19 വർഷമായി വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 6-11-1999 മുതലാണ് ട്രഷറി പ്രവർത്തനം തുടങ്ങിയത്.

(ബി) ചട്ടഞ്ചാൽ സബ്ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി 23-10-2013-ലെ സ.ഉ.(കൈ)നമ്പർ 463/2013/റവന്യൂ പ്രകാരം സ്ഥലം ലഭ്യമായിട്ട് നാല് വർഷം കഴിഞ്ഞു. പ്രസ്തുത സ്ഥലത്തിലെ കൈവശാവകാശം കാസർഗോഡ് ജില്ലാ ട്രഷറി ഓഫീസർക്ക് 15-1-2014-ലാണ് കൈമാറിക്കിട്ടിയത്.

(സി) ചട്ടഞ്ചാൽ സബ്ട്രഷറി കെട്ടിടം നിർമ്മിക്കുന്നതിന് സ.ഉ.(സാധാ.) 4469/2018/ധന. തീയതി 24-5-18 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി ട്രഷറി

കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള 2,06,13,670 രൂപയുടെ ഡി.പി.ആർ, നിർവഹണ ഏജൻസിയായ ഇൻകൽ ലിമിറ്റഡ് സമർപ്പിച്ചിരുന്നു. ആയതിന്റെ സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഇതുസംബന്ധിച്ച് സ.ഉ.(പി)118/2018/ധന. തീയതി 3-9-2018 പ്രകാരം രൂപീകരിച്ച സാങ്കേതിക കമ്മിറ്റിയുടെ അനുമതിക്ക് വിധേയമായി ചട്ടഞ്ചാൽ സബ്ട്രഷറിയുടെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുന്നതാണ്.

## പള്ളുരുത്തി സബ്ട്രഷറി ഓഫീസിലെ സ്ഥലസൗകര്യക്കുറവ്

98(2447) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ പള്ളുരുത്തി സബ്ട്രഷറി ഓഫീസിലെ സ്ഥല സൗകര്യങ്ങൾ കുറവായതിനാൽ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) നിലവിൽ രാമേശ്വരം വില്ലേജിൽപ്പെടുന്ന സ്ഥലം ലഭ്യമല്ല എന്ന് അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ, പള്ളുരുത്തി വില്ലേജ് ഓഫീസിന് സമീപത്തുള്ള സ്ഥലം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ചിട്ടുള്ള നിവേദനത്തിന്മേൽ നടപടി സ്വീകരിക്കാത്തതിന് കാരണം വിശദമാക്കുമോ?

ഉത്തരം

(എ) എറണാകുളം ജില്ലയിലെ പള്ളുരുത്തി സബ്ട്രഷറി നിലവിൽ 575 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണം മാത്രമുള്ള ഇടുങ്ങിയ ഒരു സ്ഥലത്താണ് പ്രവർത്തിക്കുന്നത് എന്നതിനാൽ കെട്ടിടത്തിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുക പ്രായോഗികമല്ല. ആയതിനാൽ പ്രസ്തുത സ്ഥലത്ത് പുതിയ ഒരു കെട്ടിടം നിർമ്മിക്കുന്നതിനുള്ള സാധ്യതയുമില്ലെന്ന് കാണുന്നു.

(ബി) പള്ളുരുത്തി സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം ലഭ്യമാക്കുന്നതിനുള്ള ഫയൽ റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്. സ്ഥലം ലഭ്യമായാൽ ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പള്ളുരുത്തി സബ്ട്രഷറിക്കായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സർക്കാർ പരിഗണിക്കുന്നതാണ്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി റീകൺസിലിയേഷൻ

99 (T2448) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി റീകൺസിലിയേഷന് സ്വകാര്യ സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള സാഹചര്യം വിശദമാക്കാമോ;

(ബി) ഈ ആവശ്യത്തിന് ക്വട്ടേഷൻ വിളിച്ചിരുന്നോ; ഏതെല്ലാം കമ്പനികളാണ് ഇതിൽ പങ്കെടുത്തതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത സ്വകാര്യ സ്ഥാപനത്തിന് നൽകുന്ന മാസ പ്രതിഫലം എത്രയാണ്; നാളിതുവരെ ഈ ആവശ്യത്തിനായി എത്ര രൂപ പ്രതിഫലം നൽകിയിട്ടുണ്ട്;

(ഡി) അക്കൗണ്ടന്റ് ജനറലിന്റെ ജോലി സ്വകാര്യ സ്ഥാപനത്തെ ഏൽപ്പിച്ചത് ഏത് ധനകാര്യ ചട്ടത്തിന്റെ അടിസ്ഥാനത്തിൽ ആണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ-ഡി) 2018 ആഗസ്റ്റ് മാസത്തിലുണ്ടായ മഹാപ്രളയവുമായി ബന്ധപ്പെട്ട് മണിക്കൂറുകൾക്കകം തന്നെ മുഖ്യമന്ത്രിയുടെ വെബ്പോർട്ടലുകൾ സജീവമാകുകയും ദുരന്തത്തിന് ഇരവായവരെ സഹായിക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ധാരാളം സംഭാവനകൾ വന്നുതുടങ്ങുകയും ഇതിലേക്ക് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലേക്കായി CMDRF-ന്റെ പേരിൽ പതിനഞ്ചോളം ബാങ്കുകളിൽ അക്കൗണ്ടുകൾ ആരംഭിക്കുകയുണ്ടായി. ഈ ബാങ്കുകളുമായി ബന്ധപ്പെട്ട് പേമെന്റ് ഗേറ്റ് വേകൾ വഴിയും പേ ടി.എം., പേപാൾ, എയർറ്റെൽ, റാസർപേ, സ്വൈപ്പ്-1 തുടങ്ങിയ പേമെന്റ് ആപ്പ്, മൊബൈൽ വാലറ്റ് മുതലായ നൂതന സംവിധാനങ്ങൾ മുഖേന ഓൺലൈനായും അല്ലാതെയും നൽകുന്ന സംഭാവനകളും കൂടാതെ ഡിഡി, ചെക്ക്, ക്യാഷ്, മണിയോഡർ എന്നിവ മുഖേന ലഭ്യമാകുന്ന സംഭാവനകളും CMDRF-ന്റെ അക്കൗണ്ടുകളിലേക്ക് ലഭിച്ചുകൊണ്ടിരിക്കുകയാണ്. ഇത്തരത്തിൽ വിവിധ സംവിധാനങ്ങൾ വഴി ലഭിക്കുന്ന സംഭാവന തുകയുടെ ഇടപാടുകൾ ക്രമപ്പെടുത്തി അക്കൗണ്ട് ടാലിയാക്കി കൃത്യതയും സുതാര്യതയും ഉറപ്പാക്കേണ്ടതുണ്ട്. ഇതിന് നിലവിലുള്ള സംവിധാനങ്ങൾ അപര്യാപ്തമായതിനാലും റീ കൺസിലിയേഷൻ നടത്തേണ്ടത് വളരെ അടിയന്തരവുമായ സാഹചര്യത്തിലുമാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് വരുന്ന സംഭാവനകൾ പബ്ലിക്

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

അക്കൗണ്ടിന്റെ ഭാഗമാകുന്നതിന് മുൻപുതന്നെ റീകൺസിലിയേഷൻ നടത്തുന്നതിനുവേണ്ടി ഈ മേഖലയിലെ പ്രഗത്ഭ സ്ഥാപനമായ CA firm M/s വർമ്മ & വർമ്മ എന്ന സ്ഥാപനത്തെ 26-9-2018-ലെ ജി.ഒ.(ആർ.റ്റി)നമ്പർ 7992/2018/ധന. ഉത്തരവ് പ്രകാരം ഇതിന്റെ ചുമതല ഏൽപ്പിക്കുകയും പ്രതിമാസം പരമാവധി 60,000 രൂപ പ്രതിഫലമായി നിശ്ചയിച്ചിട്ടുള്ളതുമാകുന്നു. ഈ സ്ഥാപനത്തിന് ഇതുവരെ പ്രതിഫലം ഒന്നുംതന്നെ അനുവദിച്ച് നൽകിയിട്ടില്ല. ഓഡിറ്റ് പ്രസ്തുത സ്ഥാപനത്തെ ഏൽപ്പിച്ചിട്ടില്ല. റീകൺസിലിയേഷനുവേണ്ടി മാത്രമാണ് പ്രസ്തുത സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുള്ളത്.

**നവകേരള ഭാഗ്യക്കുറി**

100(2449) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി ലോട്ടറി വകുപ്പ് ആവിഷ്കരിച്ച നവകേരള ഭാഗ്യക്കുറിയുടെ വില്പന വഴി ഏജന്റ് കമ്മീഷനും പ്രൈസ് തുകയും വിതരണം ചെയ്തശേഷം എത്ര തുക സർക്കാരിലേക്ക് ലഭിച്ചു; ഈ തുക ദുരിതാശ്വാസ നിധിയിലേക്ക് മുതൽ കൂട്ടിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഈ തുക സംസ്ഥാനത്തിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായിത്തന്നെ ഉപയോഗിക്കപ്പെടുമെന്ന് ഉറപ്പാക്കാൻ എന്ത് സംവിധാനമാണുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് അധിക ധന സമാഹരണാർത്ഥം ഭാഗ്യക്കുറി വകുപ്പ് ആവിഷ്കരിച്ച നവകേരള ഭാഗ്യക്കുറിയുടെ (NK-1) വിൽപ്പനയിലൂടെ ആകെ 36.10 കോടി രൂപയാണ് ലഭിച്ചത്. അതിൽ 16.57 കോടി രൂപയോളം അറ്റാദായമായി സർക്കാരിന് ലഭിച്ചിട്ടുണ്ട്. ലോട്ടറിയുടെ വിറ്റുവരവ് സംസ്ഥാന സഞ്ചിതനിധിയിലേക്ക് അടയ്ക്കുകയും ചെലവുകൾക്ക് അതിനായി പണം വകയിരുത്തിയിരിക്കുന്ന കണക്ക് ശീർഷകത്തിൽനിന്ന് പണം പിൻവലിച്ചുനൽകുകയുമാണ് ചെയ്യുന്നത്. കേന്ദ്ര ലോട്ടറി നിയന്ത്രണ നിയമം അനുസരിച്ച് ലോട്ടറി വിറ്റുവരവ് പൂർണ്ണമായും ട്രഷറിയിൽ അടയ്ക്കുകയാണ് ചെയ്യുന്നത്.

(ബി) ഈ തുക സംസ്ഥാനത്തിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്താനാണ് തീരുമാനിച്ചിട്ടുള്ളത്.

## ലോട്ടറി ടിക്കറ്റ് വിൽപ്പന വഴിയുള്ള വരുമാനം

101(2450) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി ടിക്കറ്റ് വില്പന വഴി പ്രതിവർഷം എത്ര രൂപ സർക്കാരിന് വരുമാനം ലഭിക്കുന്നുണ്ട് ;

(ബി) വ്യാജലോട്ടറി തടയുന്നതിന് കേരള ഭാഗ്യക്കുറിക്ക് കൂടുതൽ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) ലോട്ടറി ടിക്കറ്റ് വിൽപ്പന വഴി കഴിഞ്ഞ 5 വർഷങ്ങളിൽ ലഭിച്ച വരുമാനത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2013-14 | 3793.72 കോടി രൂപ |
| 2014-15 | 5445.43 കോടി രൂപ |
| 2015-16 | 6317.73 കോടി രൂപ |
| 2016-17 | 7394.91 കോടി രൂപ |
| 2017-18 | 9034.25 കോടി രൂപ |

(ബി) വ്യാജലോട്ടറി തടയുന്നതിലേയ്ക്ക് നിലവിൽ സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകളിൽ Micro line, Relief pattern, Opaque Test, Void Pantograph, Guilloche Pattern എന്നിങ്ങനെ അഞ്ചോളം സുരക്ഷാ ക്രമീകരണങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ടിക്കറ്റുകളിൽ പ്രിന്റ് ചെയ്തിരിക്കുന്ന ബാർകോഡ്, സീക്രട്ട് കോഡ് എന്നിവയ്ക്ക് പുറമെയാണ് പ്രസ്തുത സുരക്ഷാ ക്രമീകരണങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്. കൂടാതെ, സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകളിൽ Supply Chain-ൽ Track & Trace സംവിധാനം കൊണ്ടുവരുന്നതിന്റെ ഭാഗമായി, ടിക്കറ്റുകളിന്മേൽ QR Code സംവിധാനം സമീപഭാവിയിൽതന്നെ കൊണ്ടുവരുന്നതാണ്.

## നവകേരള ലോട്ടറി

102(2451) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നവകേരള ലോട്ടറിക്ക് വേണ്ടത്ര സ്വീകാര്യത ലഭ്യമാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടിക്കറ്റിന്റെ ഉയർന്ന വിലയും സമ്മാനങ്ങളിലെ അനാകർഷണവും ടിക്കറ്റ് വില്പനയിലെ മാന്ദ്യത്തിന് കാരണമാണെന്ന് കരുതുന്നുണ്ടോ;

(സി) എത്ര ലക്ഷം ടിക്കറ്റുകൾ അച്ചടിക്കാനാണ് തീരുമാനിച്ചിരുന്നത്;

(ഡി) അച്ചടിച്ചതിന്റെ എത്ര ശതമാനം ടിക്കറ്റുകളാണ് ഇതിനകം വിറ്റഴിച്ചതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേവലമൊരു ഭാഗ്യപരീക്ഷണമെന്നതിനപ്പുറം കേരളത്തിന്റെ പുനരുദ്ധാരണത്തിന് ഒരു കൈത്താങ്ങ് എന്ന നിലയ്ക്ക് വിപണിയിലിറക്കിയ നവകേരള ഭാഗ്യക്കുറിയുടെ വിൽപ്പനയെ പ്രളയാനന്തര കേരളത്തിന്റെ സാമ്പത്തിക ബുദ്ധിമുട്ടുകളും മറ്റനുബന്ധ ഘടകങ്ങളും പ്രതികൂലമായി ബാധിച്ചിട്ടുണ്ടാവാം.

(സി&ഡി) നവകേരള ഭാഗ്യക്കുറിയുടെ (NK-1) 90 ലക്ഷം ടിക്കറ്റുകൾ അച്ചടിക്കുന്നതിനാണ് തീരുമാനിച്ചിരുന്നത് എന്നാൽ 30 ലക്ഷം ടിക്കറ്റുകളാണ് അച്ചടിച്ചത്. അതിൽ 54% (അമ്പത്തിനാല് ശതമാനം) വിറ്റഴിച്ചു.

**കാരുണ്യ ബെനവലന്റ് സ്കീം**

103(2452) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ കാരുണ്യ ബെനവലന്റ് സ്കീം പ്രകാരം എത്ര തുക ചികിത്സ ധനസഹായം നൽകി; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(ബി) കാരുണ്യ ബെനവലന്റ് പദ്ധതിയുമായി ബന്ധപ്പെട്ടിട്ടുള്ള ഹൈപവർ കമ്മിറ്റിയുടെ മീറ്റിംഗ് എല്ലാ മാസവും എത്രാം തീയതിയിലാണ് കൂടുന്നത്; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെങ്കിലും മാസം മീറ്റിംഗ് കൂടാതിരുന്നിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) കാരുണ്യ ബെനവലന്റ് പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഉന്നത ഉദ്യോഗസ്ഥരുടെ പേരും ഔദ്യോഗിക മേൽവിലാസവും ഫോൺ നമ്പരുകളും ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ 1048.03 കോടി രൂപയുടെ ചികിത്സാനുമതി നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 1* ആയി ചേർക്കുന്നു. കൂടാതെ 8.99 കോടി രൂപ പ്രത്യേക ചികിത്സാനുമതി പ്രകാരം വിതരണം ചെയ്തിട്ടുമുണ്ട്. (ജില്ല തിരിച്ചുള്ള പട്ടിക ചേർത്തിട്ടുണ്ട്.) അനുബന്ധം (II)*

(ബി) സ്റ്റേറ്റ് ലെവൽ കമ്മിറ്റി കൂടുന്നതിന് കൃത്യമായ തീയതി നിശ്ചയിച്ചിട്ടില്ല. ആവശ്യാനുസരണം തീയതി തീരുമാനിച്ച് യോഗം ചേരുകയാണ് ചെയ്യുന്നത്. മുൻസർക്കാരിന്റെ കാലത്ത് 2012 ഫെബ്രുവരി മുതൽ 23 കമ്മിറ്റി യോഗങ്ങളും ഈ സർക്കാരിന്റെ കാലത്ത് 14 കമ്മിറ്റി യോഗങ്ങളുമാണ് ചേർന്നിട്ടുള്ളത്.

(സി) കാരുണ്യ ബെനവലന്റ് പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഉന്നത ഉദ്യോഗസ്ഥരുടെ പേരും ഔദ്യോഗിക മേൽവിലാസവും ഫോൺനമ്പരുകളും അനുബന്ധം (III) ആയി ചേർക്കുന്നു.*

## കാരുണ്യ ബെനവലന്റ് ഫണ്ട്

104(2453) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും എത്ര തുക ചെലവഴിച്ചു; എത്ര ആളുകൾക്ക് ആനുകൂല്യം നൽകി വ്യക്തമാക്കാമോ;

(ബി) പ്രത്യേക കേസ് ആയി ആനുകൂല്യങ്ങൾ എത്ര പേർക്ക് നൽകിയിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം നൽകുമോ;

(സി) കാരുണ്യ ബെനവലന്റ് ഫണ്ട് മുഖേന ജനങ്ങൾക്ക് ആനുകൂല്യങ്ങൾ ലഭിക്കുവാൻ വേണ്ടി എന്തെല്ലാം നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ട്; വ്യക്തമാക്കുമോ;

(ഡി) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളുടെ പട്ടിക ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതി പ്രകാരം സ്വകാര്യ ആശുപത്രികൾക്ക് കൊടുക്കുവാനുള്ള കുടിശ്ശിക ജില്ല/ആശുപത്രി തിരിച്ച് വ്യക്തമാക്കാമോ; പ്രസ്തുത കുടിശ്ശിക കൊടുത്ത് തീർത്തിട്ടുണ്ടോ വ്യക്തമാക്കുമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് 92074 രോഗികൾക്കായി 1048.03 കോടി രൂപയുടെ ചികിത്സാനുമതി നൽകിയിട്ടുണ്ട്. 737.71 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. തുകയുടെ കൂടിയ പങ്കം വിതരണം ചെയ്തിരിക്കുന്നത് സർക്കാർ ആശുപത്രികളിലേയ്ക്കാണ്. ചികിത്സ പൂർത്തിയാക്കിയ രോഗികളുടെ എണ്ണം ക്രോഡീകരിച്ച് വരുന്നതേയുള്ളൂ.

(ബി) പ്രത്യേക കേസായി 961 പേർക്ക് ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(സി) കാരുണ്യ പദ്ധതി മുഖേന 3 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള ഒരു റേഷൻകാർഡിലെ ഒരാൾക്കോ ഒന്നിലധികം പേർക്കോ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള നിശ്ചിത രോഗങ്ങൾക്ക് സൗജന്യ ചികിത്സ നൽകിവരുന്നു. ചികിത്സിക്കുന്ന ഡോക്ടറുടെ എസ്റ്റിമേറ്റ്, റേഷൻകാർഡിന്റെ കോപ്പി, രോഗിയുടെ വീട് കാണത്തക്ക വിധത്തിലുള്ള കുടുംബാംഗങ്ങൾ ഉൾപ്പെടുന്ന ഫോട്ടോ എന്നിവയുൾപ്പെടെ നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ രോഗിയുടെ റേഷൻ കാർഡ് ഉൾപ്പെടുന്ന ജില്ലയിലെ ജില്ലാ ഭാഗ്യക്കുറി ആഫീസർക്ക് സമർപ്പിക്കേണ്ടതാണ്. അപേക്ഷയും അനുബന്ധ രേഖകളും ജില്ലാ കളക്ടർ ചെയർമാനായ ജില്ലാതല കമ്മിറ്റി പരിശോധിച്ച് അർഹമായവ സംസ്ഥാനതല കമ്മിറ്റിയിലേക്ക് ശിപാർശ ചെയ്യുന്നു. പ്രസ്തുത അപേക്ഷകളിൽ അഡ്മിനിസ്ട്രേറ്റർ മുൻകൂർ ചികിത്സാനുമതി ആശുപത്രിക്ക് നൽകുകയും രോഗിക്ക് ചികിത്സ ലഭിക്കുകയും ചെയ്യുന്നു. അടിയന്തര സാഹചര്യത്തിൽ സർക്കാർ ആശുപത്രികളിലെ ചികിത്സയ്ക്ക് മുൻകൂർ അനുമതി നൽകുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഹീമോഫീലിയ രോഗികൾ, അവയവദാതാവ് എന്നിവരുടെ ധനസഹായ അപേക്ഷകൾ അഡ്മിനിസ്ട്രേറ്ററുടെ ഓഫീസിൽ സ്വീകരിച്ച് ചികിത്സാ സഹായം അനുവദിക്കുന്നു.

(ഡി) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളുടെയും ഡയാലിസിസ് സെന്ററുകളുടെയും ജില്ല തിരിച്ചുള്ള പട്ടിക ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

(ഇ) നിലവിൽ 6.23 കോടി രൂപ സ്വകാര്യ ആശുപത്രികൾക്ക് നൽകാനുണ്ട്. പ്രതിമാസം ശരാശരി 3 കോടി രൂപയുടെ ക്ലെയിമുകൾ സ്വകാര്യ ആശുപത്രികളിൽ നിന്നും ലഭിക്കുന്നുണ്ട്. ലഭിച്ച ക്ലെയിമുകൾ തുക വിതരണത്തിനുള്ള നടപടി ക്രമങ്ങളുടെ വിവിധ ഘട്ടത്തിലാണ്. തുക വിതരണം നടത്താനുള്ള 6.23 കോടി രൂപയിൽ 3.04 കോടി രൂപയുടെ ക്ലെയിമുകൾ തുക വിതരണ നടപടിക്രമങ്ങളുടെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

അവസാന ഘട്ടത്തിലാണ്. സ്വകാര്യ ആശുപത്രികൾക്ക് കൊടുക്കുവാനുള്ള കുടിശ്ശിക ജില്ല/ആശുപത്രി തിരിച്ചുള്ള ലിസ്റ്റ് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു*

## കണ്ണൂർ ജില്ലയിലെ കാരുണ്യ ചികിത്സാ പദ്ധതി

105(2454) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിൽ കാരുണ്യ ചികിത്സാ പദ്ധതി മുഖേന എത്ര രൂപ ഈ സർക്കാർ അനുവദിച്ചിട്ടുണ്ടെന്ന് നിയോജകമണ്ഡലം തിരിച്ച് ലഭ്യമാക്കാമോ?

ഉത്തരം

നിയോജകമണ്ഡലം തിരിച്ചുള്ള കണക്ക് പ്രത്യേകമായി സൂക്ഷിക്കാറില്ല.

## പത്തനംതിട്ടയിലെ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ഓഫീസ്

106(2455) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ടയിലെ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ഓഫീസിൽ നിന്ന് ഉപഭോക്താക്കൾക്ക് നൽകിവരുന്ന സേവനങ്ങൾ വിശദമാക്കുമോ; പ്രസ്തുത ഓഫീസിൽ എത്ര ജീവനക്കാരുണ്ട്;

(ബി) പ്രസ്തുത സ്ഥാപനത്തിന് വായ്പ നല്കുന്നതിനുള്ള പരിധി എത്രയെന്ന് അറിയിക്കുമോ;

(സി) പത്തനംതിട്ട, കൊല്ലം ജില്ലകളിൽ നിന്നുള്ള അപേക്ഷകളുടെ അടിസ്ഥാനത്തിൽ വായ്പ നൽകുന്ന തുകയിൽ വ്യത്യാസം വരുത്തിയിട്ടുണ്ടോ എന്നറിയിക്കുമോ?

ഉത്തരം

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ ബ്രാഞ്ചോഫീസുകളിൽ ഉപഭോക്താക്കളുടെ വായ്പ അപേക്ഷ സ്വീകരിച്ച് ഒരു കോടി രൂപ വരെയുള്ള വായ്പകളിൽ ബ്രാഞ്ചോഫീസിൽ തീരുമാനമെടുത്ത് പാസ്സാക്കുന്നു. (അതിനുമുകളിലുള്ള അപേക്ഷ കളിന്മേൽ ഉപരി കമ്മിറ്റികളാണ് തീരുമാനമെടുക്കുന്നത്). ഇതുകൂടാതെ പാസ്സായ ലോണുകളുടെ വിതരണവും ബ്രാഞ്ചോഫീസ് മുഖാന്തരമാണ് നടത്തുന്നത്. പത്തനം തിട്ടയിലെ ബ്രാഞ്ചോഫീസിൽനിന്നും മേൽപ്പറഞ്ഞ സേവനങ്ങൾ ലഭ്യമാണ്. ബ്രാഞ്ചോഫീസിൽ ഒരു പാർട്ട്ടൈം സ്വീപ്പർ ഉൾപ്പെടെ അഞ്ച് ജീനക്കാരുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) കമ്പനികൾക്ക് 20 കോടി രൂപ വരെയും വ്യക്തികൾ/പാർട്ണർഷിപ്പ് എന്നിവയ്ക്ക് 8 കോടി രൂപവരെയുമാണ് പരമാവധി വായ്പ നൽകുന്നത്.

(സി) പത്തനംതിട്ട, കൊല്ലം ജില്ലകളിൽ നിന്നുള്ള അപേക്ഷകളുടെ അടിസ്ഥാനത്തിൽ വായ്പ നൽകുന്ന തുകയിൽ യാതൊരുവിധ വ്യത്യാസവും വരുത്തിയിട്ടില്ല. നടപ്പുസാമ്പത്തിക വർഷത്തിൽ പത്തനംതിട്ട ബ്രാഞ്ചിൽനിന്ന് 225 ലക്ഷം രൂപയും കൊല്ലം ബ്രാഞ്ചിൽനിന്ന് 3815 ലക്ഷം രൂപയും വായ്പയായി അനുവദിച്ചിട്ടുണ്ട്.

**കെ.എസ്.എഫ്.ഇ. യുടെ ബ്രാഞ്ചുകൾ**

107(2456) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെ.എസ്.എഫ്.ഇ.-യുടെ എത്ര ബ്രാഞ്ചുകളാണ് പുതുതായി ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയിൽ ഏതെങ്കിലും ബ്രാഞ്ചുകൾ അനാദായകരമെന്നുകണ്ട് പ്രവർത്തനം നിർത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആവശ്യമായ പഠനമോ പരിശോധനയോ കൂടാതെ ബ്രാഞ്ചുകൾ ആരംഭിക്കുന്നതിന് തീരുമാനിക്കാനിടയായ സാഹചര്യം വിശദമാക്കാമോ;

(സി) പുതിയ ബ്രാഞ്ചുകൾ ആരംഭിക്കുന്നതിൽ നിയന്ത്രണങ്ങൾ കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെ.എസ്.എഫ്.ഇ.-യുടെ 218 ബ്രാഞ്ചുകളാണ് പുതുതായി ആരംഭിച്ചത്.

(ബി) ഉണ്ട്. എല്ലാ പഞ്ചായത്തുകളിലും ഓരോ ശാഖ എന്ന അടിസ്ഥാന ത്തിലാണ് ബ്രാഞ്ചുകൾ തുടങ്ങുവാൻ തീരുമാനിച്ചത്.

(സി) സാദ്ധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളും എന്നതാണ് സർക്കാർ സമീപനം.

**നെയ്യാറ്റിൻകര പ്ലാമൂട്ടുക്കടയിൽ കെ.എസ്.എഫ്.ഇ.-യുടെ ശാഖ**

108(2457) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ പ്ലാമൂട്ടുക്കടയിൽ കെ.എസ്.എഫ്.ഇ.-യുടെ ശാഖ ആരംഭിക്കാൻവേണ്ടി നൽകിയ നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ;

(ബി) 2016 മുതൽ 2018 വരെ സംസ്ഥാനത്ത് എത്ര സ്ഥലത്താണ് കെ.എസ്.എഫ്.ഇ. പുതിയ ശാഖകൾ ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) പ്ലാമൂട്ടുക്കടയിൽ കെ.എസ്.എഫ്.ഇ. ശാഖ ആരംഭിക്കുന്നതിന് മുന്നോടിയായി സാധ്യതാപഠനം നടത്തിയിട്ടുണ്ടോ; അതിന്മേൽ എന്ത് റിപ്പോർട്ടാണ് ലഭ്യമായത്; ഇതിലേയ്ക്ക് ആരെയാണ് ചുമതലപ്പെടുത്തിയതെന്ന് വ്യക്തമാക്കാമോ;

(ഡി) 2019-20 സാമ്പത്തിക വർഷത്തിൽ പ്ലാമൂട്ടുക്കടയിൽ കെ.എസ്.എഫ്.ഇ. ശാഖ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സാധ്യതാപഠനം നടത്തിയശേഷം ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ബി) ആരംഭിച്ചിട്ടില്ല.

(സി) ഇല്ല. ഇതിലേയ്ക്ക് തിരുവനന്തപുരം അസി. ജനറൽ മാനേജരെ ഉടൻ ചുമതലപ്പെടുത്തുന്നതാണ്.

(ഡി) മേൽപ്പറഞ്ഞ പഠന റിപ്പോർട്ട് ലഭിച്ചതിനുശേഷം ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**കരുനാഗപ്പള്ളിയിലെ കെ.എസ്.എഫ്.ഇ. ശാഖ**

109(2458) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ കുലശേഖരപുരം ഗ്രാമപഞ്ചായത്തിൽ കെ.എസ്.എഫ്.ഇ. ശാഖ ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ; ഏത് സ്ഥലത്താണ് പ്രസ്തുത ശാഖ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത് ;

(ബി) ഈ ശാഖയുടെ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ&ബി) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ കുലശേഖരപുരം ഗ്രാമപഞ്ചായത്തിലെ പുതിയ കാവിൽ കെ.എസ്.എഫ്.ഇ. ശാഖ ആരംഭിക്കുന്നതിനുള്ള സാധ്യതാപഠന റിപ്പോർട്ടിന്മേൽ ഉചിതമായ തീരുമാനം താമസിയാതെ കൈക്കൊള്ളുന്നതാണ്.

## സർക്കാർ സർവ്വീസിൽനിന്നും വിരമിച്ചവർക്ക് ആരോഗ്യ ഇൻഷ്വറൻസ്

110 (T2459) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽനിന്നും വിരമിച്ചവർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതിയിൽ പെൻഷൻകാരുടെ ആശ്രിതരായ മാതാപിതാക്കളെയും മക്കളെയും കൂടി ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിലേക്കായി 24-4-17-ലെ സ.ഉ. (അച്ചടി)നമ്പർ 54/2017/ധന. പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. പ്രാഥമിക ഘട്ടത്തിലെ പഠനം, അപഗ്രഥനം എന്നിവയ്ക്കുശേഷം IRDA അംഗീകാരമുള്ള ഇൻഷ്വറൻസ് കമ്പനികളിൽനിന്ന് താല്പര്യപത്രം ക്ഷണിക്കുകയും അഞ്ച് കമ്പനികൾ അനുകൂലമായി പ്രതികരിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ സർവ്വീസ് സംഘടനകളും പെൻഷൻ സംഘടനകളുമായി രണ്ട് പ്രാവശ്യം ചർച്ച നടത്തുകയും ചെയ്തു. ഇൻഷ്വറൻസ് രംഗത്തെ വിദഗ്ദ്ധരുടെ ഉപദേശത്തിന്റെയും താല്പര്യപത്രങ്ങളുടെയും അടിസ്ഥാനത്തിലും സംഘടനകളുടെ യോഗത്തിലെ പ്രായോഗികമായ നിർദ്ദേശങ്ങൾ പരിഗണിച്ചും പുതുക്കിയ കരട് പദ്ധതിയും ആയത് അനുസരിച്ചുള്ള കരട് RFP (Request For Proposals)-യും തയ്യാറാക്കിവരുന്നു. ടെണ്ടർ നടപടികൾ പൂർത്തിയാക്കി തെരഞ്ഞെടുക്കപ്പെടുന്ന ഇൻഷ്വറൻസ് കമ്പനിയുമായി കരാർ ഒപ്പിടുന്ന മുറയ്ക്ക് മാത്രമെ ഇൻഷ്വറൻസ് കമ്പനി, പ്രാബല്യത്തീയതി, ആശ്രിതർ, ജീവനക്കാരുടെയും പെൻഷൻകാരുടെയും പ്രീമിയം, ഇൻഷ്വറൻസ് പരിധി, പദ്ധതിയിലുള്ള ആശുപത്രികൾ, ആനുകൂല്യം ലഭിക്കുന്ന രോഗങ്ങൾ എന്നിവയെക്കുറിച്ചുള്ള പൂർണ്ണവിവരം ലഭ്യമാകുകയുള്ളൂ. പദ്ധതിക്കുവേണ്ടിയുള്ള ടെണ്ടർ നടപടികൾക്ക് മുന്നോടിയായി സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ആശ്രിതരുടെയും വിവരശേഖരണം പുരോഗമിക്കുന്നു.

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

## ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ പ്രീമിയം

111(2460) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പെൻഷൻകാരുടെ ഇൻഷ്വറൻസ് പദ്ധതിയിൽനിന്ന് മാതാപിതാക്കളും മക്കളും പുറത്താകുന്ന സ്ഥിതി വിശേഷം സംജാതമായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; ഇത് സംബന്ധിച്ച് സർക്കാർ സംഘടനാ നേതാക്കൾക്ക് നൽകിയിരിക്കുന്ന ഉറപ്പുകൾ പാലിക്കുമോ;

(സി) ഈ പദ്ധതിക്കുവേണ്ടി ഇഷ്വറൻസ് കമ്പനികൾ ഉയർന്ന പ്രീമിയം തുക ആവശ്യപ്പെട്ടിട്ടുണ്ടോ; ജീവനക്കാരുടെയും പെൻഷൻകാരുടെയും പ്രീമിയം തുക വർദ്ധിപ്പിക്കാൻ ആലോചിക്കുന്നുണ്ടോ?

### ഉത്തരം

(എ) കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം II-ലെയും IRDA അംഗീകാരമുള്ള ഇൻഷ്വറൻസ് കമ്പനികളുടെയും വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് നിലവിൽ കരട് പദ്ധതിയിൽ 'ഫാമിലി' നിർവ്വചിക്കപ്പെട്ടിട്ടുള്ളത്. ആയതിന്റെ അടിസ്ഥാന ത്തിലാണ് വിവരശേഖരണം പുരോഗമിച്ചുവരുന്നത്.

(ബി&സി) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിലേക്കായി 24-4-17-ലെ സ.ഉ. (അച്ചടി) നമ്പർ 54/2017/ധന പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. പ്രാഥമിക ഘട്ടത്തിലെ പഠനം, അപഗ്രഥനം എന്നിവയ്ക്കുശേഷം IRDA അംഗീകാരമുള്ള ഇൻഷ്വറൻസ് കമ്പനികളിൽനിന്ന് താല്പര്യപത്രം ക്ഷണിക്കുകയും അഞ്ച് കമ്പനികൾ അനുകൂലമായി പ്രതികരിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ സർവ്വീസ് സംഘടനകളും പെൻഷൻ സംഘടനകളുമായി രണ്ട് പ്രാവശ്യം ചർച്ച നടത്തുകയും ചെയ്തു. ഇൻഷ്വറൻസ് രംഗത്തെ വിദഗ്ദ്ധരുടെ ഉപദേശത്തിന്റെയും താല്പര്യപത്രങ്ങളുടെയും അടിസ്ഥാനത്തിലും സംഘടനകളുടെ യോഗത്തിലെ പ്രായോഗികമായ നിർദ്ദേശങ്ങൾ പരിഗണിച്ചും പുതുക്കിയ കരട് പദ്ധതിയും ആയത് അനുസരിച്ചുള്ള കരട് RFP (Request For Proposals)-യും തയ്യാറാക്കിവരുന്നു. ടെണ്ടർ നടപടികൾ പൂർത്തിയാക്കി തെരഞ്ഞെടുക്കപ്പെടുന്ന ഇൻഷ്വറൻസ് കമ്പനിയുമായി കരാർ ഒപ്പിടുന്നമുറയ്ക്ക് മാത്രമെ ഇൻഷ്വറൻസ് കമ്പനി, പ്രാബല്യത്തീയതി, ജീവനക്കാരുടെയും പെൻഷൻകാരുടെയും പ്രീമിയം, ഇൻഷ്വറൻസ് പരിധി, പദ്ധതിയിലുള്ള ആശുപത്രികൾ, ആശ്രിതർ, ആനുകൂല്യം ലഭിക്കുന്ന രോഗങ്ങൾ എന്നിവയെക്കുറിച്ചുള്ള പൂർണ്ണവിവരം ലഭ്യമാകുകയുള്ളൂ.

## കയർ വ്യവസായ മേഖലയുടെ സമഗ്രവികസനത്തിനായി പ്രത്യേക പാക്കേജ്

112(2461) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ ഉത്പാദക സഹകരണ സംഘങ്ങളുടെ പ്രവർത്തനം പരിശോധി ച്ചിട്ടുണ്ടോ; ഇവയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദീകരിക്കുമോ;

(ബി) ഇവയുടെ പ്രവർത്തനവും വികസനവും സംബന്ധിച്ച സമഗ്ര പഠനത്തിനുവേണ്ടി ഒരു കമ്മീഷനെ നിയോഗിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) കയർ വ്യവസായ മേഖലയുടെ സമഗ്രവികസനത്തിനുവേണ്ടി ഒരു പ്രത്യേക പാക്കേജ് നടപ്പിലാക്കുമോ വിശദീകരിക്കുമോ?

### ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്. ചകിരിയുടെ ദൗർലഭ്യമാണ് കയർ സഹകരണ സംഘങ്ങൾ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. കയർ മേഖലയിൽ രണ്ടാം പുന:സംഘടന നടപ്പിലാക്കിവരികയാണ്. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദക കമ്പനികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് ലഭ്യത ഉറപ്പാക്കുന്നതിനും പൂർണ്ണമായി യന്ത്രവൽക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിച്ച് കയർ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യവത്ക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർമേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനും രണ്ടാം പുനഃസംഘടന ലക്ഷ്യമിടുന്നു. അതോടൊപ്പം മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനായി കയർ സഹകരണ സംഘങ്ങളെ പുനഃസംഘടി പ്പിക്കുന്നതും രണ്ടാം പുനഃസംഘടനയുടെ ഭാഗമാണ്. കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ, സി.ഡി.എസ്., തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, നാളികേര ഉൽപ്പാദക കമ്പനികൾ എന്നിവയ്ക്ക് 90% സബ്സിഡിയോടെയും സ്വകാര്യ സംരംഭകർ/ഇതര ഏജൻസികൾ എന്നിവയ്ക്ക് 50% സബ്സിഡിയോടെയും ഡി.എഫ്.മിൽ അനുവദി ക്കുന്നതിനായി സർക്കാർ ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്ത് ഇതിനോടകം 50 ഡി.എഫ്. മില്ലുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 13-ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി 1000 ഡി.എഫ്.മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

പരമ്പരാഗത റാട്ടുകൾക്കുപകരം ഇലക്ട്രോണിക് റാട്ടുകൾ ഉപയോഗിച്ചുതുടങ്ങിയെങ്കിലും ഉൽപ്പാദന വർദ്ധനവ് കൈവരിക്കുന്നതിന് ഇത് സഹായകരമായില്ല. എന്നാൽ ഇലക്ട്രോണിക് റാട്ടിൽ കയർ പിരിക്കുന്നതിന് ഒരു തൊഴിലാളി മതി എന്നതിനാൽ സംഘങ്ങൾക്ക് ഇത് ലാഭകരമാണ്. ഉൽപ്പാദന വർദ്ധനവ് കൈവരിക്കണമെങ്കിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻതന്നെ സ്ഥാപിക്കേണ്ടതുണ്ട്. ആയതിനാൽ കയർപിരി മേഖലയിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഇതിന് എൻ.സി.ഡി.സി. ധനസഹായ പദ്ധതി പ്രകാരം തുക ലഭ്യമായിട്ടുണ്ട്. ആലപ്പുഴ പ്രോജക്ടിലെ ചേർത്തല തിരുനെല്ലൂർ സി.വി.സി.എസ്. ലിമിറ്റഡ് നമ്പർ 721-ൽ 10 ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് ഫാക്ടറി ടൈപ്പ് സംഘമായി പ്രവർത്തിച്ചുതുടങ്ങിയിട്ടുണ്ട്. കൂടാതെ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത അനുസരിച്ച് തെരഞ്ഞെടുക്കുന്ന കയർ സഹകരണ സംഘങ്ങളെയും ഫാക്ടറി ടൈപ്പ് സംഘമായി പരിവർത്തനം ചെയ്യുന്നതിനും നടപടി സ്വീകരിക്കുന്നു. രണ്ടാം പുനഃസംഘടനയുടെ ഭാഗമായി എൻ.സി.ഡി.സി. അനുവദിച്ചിട്ടുള്ള സഹായം ഉപയോഗിച്ച് കയർ സഹകരണ സംഘങ്ങളിൽ തൊഴിലാളികൾക്കുള്ള സൗകര്യങ്ങളും അടിസ്ഥാന സൗകര്യവും വികസിപ്പിക്കുന്നതിനുള്ള പ്രവർത്തികളും ഏറ്റെടുക്കുന്നുണ്ട്.

(ബി) കയർ മേഖലയെ സംബന്ധിച്ച് ശ്രീ. ആനത്തലവട്ടം ആനന്ദൻ (എക്സ്. എം.എൽ.എ.) ചെയർമാനും കയർ രംഗത്തെ വിദഗ്ദ്ധർ അംഗങ്ങളുമായ കയർ കമ്മീഷൻ വിപുലമായ പഠനം നടത്തി റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുള്ളതാണ്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കയർമേഖലയിൽ ഇതുവരെ നടപ്പിലാക്കി വന്ന വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്. 13-ാം പഞ്ചവത്സര പദ്ധതിയിൽ നടപ്പാക്കേണ്ട പദ്ധതികളെ സംബന്ധിച്ച് വ്യക്തമായ പദ്ധതി തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിലാണ് കയർ രണ്ടാം പുനഃസംഘടന നടന്നുകൊണ്ടിരിക്കുന്നത്.

(സി) കയർ മേഖലയ്ക്കായി ഒരു പുനരുദ്ധാരണ പാക്കേജിന് പകരം കയർ മേഖലയിൽ രണ്ടാം പുനഃസംഘടന സ്കീമാണ് നടപ്പിലാക്കുന്നത്. പരമ്പരാഗത മേഖലയുടെ സംരക്ഷണവും വ്യവസായത്തിന്റെ ആധുനീകരണവും ലക്ഷ്യംവച്ചാണ് രണ്ടാം കയർ പുനഃസംഘടന നടപ്പിലാക്കുന്നത്. ചകിരി ഉൽപ്പാദനത്തിൽ നിർണ്ണായക പങ്ക് നേടി സ്വാശ്രയത്വം കൈവരിക്കാനാണ് പ്രധാനമായും ലക്ഷ്യംവയ്ക്കുന്നത്. ഇതിന്റെ ഭാഗമായി 13-ാം പഞ്ചവത്സര പദ്ധതി കാലത്ത് 1000 ഡി.എഫ്. മില്ലുകൾ സംസ്ഥാനത്ത് സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനോടകം തന്നെ 50 ഡി.എഫ്. മില്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു. ഫെബ്രുവരി മാസത്തോടെ 100 ഡി.എഫ്. മില്ലുകൾ പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ണ്-ജല

സംരക്ഷണ പദ്ധതിയിലും കാർഷിക പദ്ധതികളിലും കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 2017-ലെ കയർ കേരളയിൽ വച്ച് 120 കോടി രൂപയുടെ കരാർ പഞ്ചായത്തുകളുമായി ഒപ്പിടുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. കയർമേഖലയ്ക്കാവശ്യമായ ചകിരി ഉൽപ്പാദിപ്പിക്കുന്നതിൽ സ്വകാര്യ സംരംഭകരെക്കൂടി പങ്കെടുപ്പിക്കുന്നതിനുവേണ്ട പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 50% സബ്സിഡിയിൽ ഇവർക്ക് ഡി.എഫ്.മിൽ നൽകുന്നതിനുള്ള സ്കീം നടപ്പിലായികഴിഞ്ഞു. സംരംഭകരിൽനിന്നും നല്ല പ്രതികരണം ലഭിക്കുന്നു.

കയർ മെഷീനറി ഫാക്ടറി നടപ്പുസാമ്പത്തിക വർഷം പൂർണ്ണശേഷിയിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കേരളത്തിലെ കയർ വ്യവസായത്തിനാവശ്യമായ ഡി.എഫ്. മെഷീൻ, എ.എസ്.എം., ഇലക്ട്രോണിക് റാട്ട്, വില്ലോയിംഗ് മെഷീൻ, സ്പൂളിംഗ് മെഷീൻ, ഇന്റഗ്രേറ്റഡ് കയർ പ്രോസസിംഗ് യൂണിറ്റുകൾ, മറ്റ് അനുബന്ധ യന്ത്രങ്ങൾ എന്നിവ കേരള കയർ മെഷീനറി മാനുഫാക്ചറിംഗ് കമ്പനി ലിമിറ്റഡ് വഴി നിർമ്മിച്ച് വിതരണം ചെയ്തുവരുന്നു. ഇത് കയർ വ്യവസായത്തിനാവശ്യമായ യന്ത്രസാമഗ്രികൾക്കായി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടുന്ന അവസ്ഥയിൽ നിന്നും കയർ യന്ത്രങ്ങളുടെ നിർമ്മാണത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കുന്ന അവസ്ഥയിലേക്ക് എത്തിച്ചിട്ടുണ്ട്.

**കാർഷിക കയർ മേഖലകൾക്ക് ഗുണകരമാകുന്ന പദ്ധതികൾ**

113(2462) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക, കയർ മേഖലകളെ പരസ്പരം ബന്ധിപ്പിച്ച് ഇരുമേഖലകൾക്കും ഗുണകരമാകുന്ന പദ്ധതികൾ നടപ്പാക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ചകിരിച്ചോറിൽ നിന്നുള്ള വളം ജൈവകൃഷിക്ക് ഉപയോഗിക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും പഠന റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(സി) ചകിരി, ചകിരിച്ചോർ കമ്പോസ്റ്റ് ഉല്പാദനയൂണിറ്റുകൾ ആരംഭിക്കുന്നതിന് എന്തൊക്കെ സഹായങ്ങൾ നൽകുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കയർ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ഡീഫൈബറിംഗ് മില്ലുകൾ സംസ്ഥാനത്ത് സ്ഥാപിക്കുകയാണ്. 2018 നവംബർ 30 വരെ സംസ്ഥാനത്ത് 50 ചകിരി മില്ലുകൾ പ്രവർത്തനമാരംഭിച്ചു കഴിഞ്ഞു. ഇവയ്ക്ക് ആവശ്യമായ തൊണ്ട് കാർഷിക മേഖലയിൽ നിന്നാണ് ലഭ്യമാക്കേണ്ടത്. കോക്കനട്ട് പ്രൊഡ്യൂസർ കമ്പനികളുമായി ചേർന്ന് ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിന് 90% സബ്സിഡിയോടെ യന്ത്രോപകരണങ്ങൾ നൽകുന്നതിന് കയർ വകുപ്പിന് പദ്ധതിയുണ്ട്. സംസ്ഥാനത്തെ സി.പി.സി.-കളിൽ നിന്ന് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. കേരഫെഡ് വെളിച്ചെണ്ണ ഉൽപാദനത്തിന് നാളികേരം സംഭരിച്ചാൽ അതിന്റെ തൊണ്ട് ഡി.എഫ് മില്ലുകൾക്ക് ഉപയോഗപ്പെടുത്തുന്നതിന് സാധിക്കും.

സംസ്ഥാനത്ത് പച്ചത്തൊണ്ടിൽനിന്നും ചകിരി ഉൽപ്പാദിപ്പിക്കുന്ന സംരംഭങ്ങൾ വിജയകരമായി നടത്തുവാൻ കഴിയുന്ന സാഹചര്യം ഇന്ന് നിലവിലുണ്ട്. സ്വകാര്യ സംരംഭകർക്ക് 50% സബ്സിഡി നൽകിയും ഉൽപ്പാദിപ്പിക്കുന്ന ചകിരി കയർഫെഡ് വഴി സംഭരിക്കും എന്ന ഉറപ്പിൻമേലും ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിന് പദ്ധതി നിലവിലുണ്ട്. 13-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് കേരളത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന നാളീകേരത്തിന്റെ നിർണ്ണായക ശതമാനം ഇവിടെത്തന്നെ ചകിരിയാക്കണം എന്ന ലക്ഷ്യത്തോടെയാണ് ഈ പ്രവർത്തനങ്ങൾ മുന്നേറുന്നത്. തേങ്ങ പൊതിക്കുന്നതിനാവശ്യമായ യന്ത്രം നിർമ്മിച്ച് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനികൾക്ക് നൽകുന്നതിനുള്ള പദ്ധതി പരിഗണനയിലാണ്. കയർമേഖലയിലെ ഒരു ഉപോൽപ്പന്നമാണ് ചകിരിച്ചോറ്. ചകിരിച്ചോർ വളമാക്കിയാൽ കാർഷിക മേഖലയ്ക്ക് വളരെയധികം ഗുണം ലഭിക്കുന്ന ഒരു ഉൽപ്പന്നമാണ്. ചകിരിച്ചോറ് വളം ഉപയോഗിക്കുന്നതിലൂടെ മണ്ണിന്റെ ജല ആഗിരണശേഷി 8 മുതൽ 12 ഇരട്ടിവരെ വർദ്ധിപ്പിക്കാമെന്ന് ഗവേഷണ ഫലങ്ങൾ തെളിയിച്ചിട്ടുണ്ട്. ഇതുമൂലം ജലസേചനത്തിന് വേണ്ട ജലത്തിന്റെ അളവ് ഗണ്യമായി കുറയ്ക്കാം. കയർപിത്ത് കംപോസ്റ്റ് ജൈവ വളമായും ഉപയോഗിക്കാവുന്നതാണ്. ചകിരിനാര് ഉപയോഗിച്ച് പുതയിടുന്നതിനുള്ള പുതിയ ഉൽപ്പന്നങ്ങൾ ഇതിനകം വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇതിലൂടെ പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളെ മാറ്റി പ്രകൃതി സൗഹൃദമായ കൃഷിരീതി നടപ്പിലാക്കാൻ സാധിക്കും. ഈ പദ്ധതികൾ കൃഷി വകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്നതിന് ആലോചിച്ചു വരുന്നു.

(ബി) ചകിരിച്ചോറിൽ നിന്നുള്ള വളം ജൈവകൃഷിക്ക് ഉപയോഗിക്കുന്നതിനുള്ള നിരവധി പഠന റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് നാഷണൽ കയർ റിസർച്ച് ആൻഡ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ പഠനം നടത്തിയിട്ടുള്ളതും ആവശ്യമായ സാങ്കേതിക വിദ്യ വികസിപ്പിച്ചിട്ടുള്ളതുമാണ്. ആയതിന് കൃഷി വകുപ്പിന്റെ അംഗീകാരവും ലഭിച്ചിട്ടുണ്ട്.

(സി) ഡി.എഫ്. മില്ലുകളിൽ ചകിരി ഉൽപ്പാദിക്കുന്നതോടൊപ്പം ലഭിക്കുന്ന മറ്റൊരു ഉൽപ്പന്നമാണ് ചകിരിച്ചോർ. ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഡീഫൈബറിംഗ് മില്ലുകൾ തുടങ്ങുന്നതിന് സഹകരണ മേഖലയിലും കോക്കനട്ട് പ്രൊഡ്യൂസർ കമ്പനികൾക്കും കുടുംബശ്രീ യൂണിറ്റുകൾക്കും 90% സബ്സിഡിയിലും സ്വകാര്യ സംരംഭകർക്ക് 50% സബ്സിഡിയിലും പരമാവധി 25 ലക്ഷം രൂപ പ്രവർത്തന മൂലധനം കുറവ് ചെയ്ത് ശേഷിച്ച പദ്ധതി ചെലവ് അടിസ്ഥാനമാക്കി സർക്കാർ സാമ്പത്തിക സഹായങ്ങൾ നൽകുന്നുണ്ട്. ചകിരിച്ചോർ അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്ന യൂണിറ്റുകൾക്ക് ഇതേ മാനദണ്ഡത്തിൽ പരമാവധി 15 ലക്ഷം രൂപ വരെ ധനസഹായമായി നൽകിവരുന്നു. വളം നിർമ്മിക്കുന്നതിനുവേണ്ട സാങ്കേതിക സഹായങ്ങളും പരിശീലനവും കയർ വികസന വകുപ്പ് നാഷണൽ കയർ റിസർച്ച് ആൻഡ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് മുഖാന്തരം നൽകുന്നുണ്ട്. ചകിരിച്ചോർ വളമാക്കുന്നതിനുവേണ്ട സൂക്ഷ്മ ജീവാണു വിത്തുകൾ സൗജന്യമായി ലഭിക്കുന്നതാണ്.

**രണ്ടാം കയർ പുനഃസംഘടനാ പദ്ധതിയുടെ പുരോഗതി**

114(2463) ശ്രീ. സജി ചെറിയാൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയുടെ ഉന്നമനത്തിനായി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്ന രണ്ടാം കയർ പുന:സംഘടനാ പദ്ധതിയുടെ പുരോഗതി അറിയിക്കുമോ;

(ബി) കയർ ഉത്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിനുള്ള എന്തെല്ലാം കാര്യങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കുമോ;

(സി) കയർ വ്യവസായവുമായി ബന്ധപ്പെട്ട ഗവേഷണ പ്രവർത്തനങ്ങൾക്കായി ഏതെല്ലാം സ്ഥാപനങ്ങളാണ് നിലവിലുള്ളതെന്നും രണ്ടാം കയർ പുനഃസംഘടനാ പദ്ധതിയുടെ പശ്ചാത്തലത്തിൽ ഏതെല്ലാം തരത്തിലുള്ള ഗവേഷണങ്ങൾക്കാണ് മുൻഗണന നൽകുന്നതെന്നും വിശദമാക്കാമോ?

ഉത്തരം

(എ) കയർ മേഖലയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് കയർ മേഖലയിൽ നടപ്പിലാക്കി വരുന്ന നൂതന പദ്ധതിയാണ് കയർ രണ്ടാം പുനഃസംഘടന. ചകിരിയുടെ ദൗർലഭ്യമാണ് കയർ മേഖല നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ആധുനിക

സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദക കമ്പനികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് ലഭ്യത ഉറപ്പാക്കുന്നതിനും പൂർണ്ണമായി യന്ത്രവൽക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിച്ച് കയർ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്നവൈവിദ്ധ്യവത്ക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർ മേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനും രണ്ടാം പുനഃസംഘടന ലക്ഷ്യമിടുന്നു. അതോടൊപ്പം മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനായി കയർ സഹകരണ സംഘങ്ങളെ പുനഃസംഘടിപ്പിക്കുന്നതും രണ്ടാം പുനഃസംഘടനയുടെ ഭാഗമാണ്.

കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ, സി.ഡി.എസ്., തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, നാളികേര ഉൽപ്പാദക കമ്പനികൾ എന്നിവയ്ക്ക് 90% സബ്സിഡിയോടെയും സ്വകാര്യ സംരംഭകർ/ഇതര ഏജൻസികൾ എന്നിവയ്ക്ക് 50% സബ്സിഡിയോടെയും ഡി.എഫ്. മിൽ അനുവദിക്കുന്നു. സംസ്ഥാനത്ത് ഇതിനോടകം 50 പുതിയ ഡീഫൈബറിംഗ് മില്ലുകൾ ആരംഭിച്ചു. അടുത്ത 50 എണ്ണം ഉടൻ പ്രവർത്തനം ആരംഭിക്കും. 13-ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി 1000 ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. കയർപിരി മേഖലയിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ആയതിന് എൻ.സി.ഡി.സി. ധനസഹായ പദ്ധതി പ്രകാരം തുക ലഭ്യമായിട്ടുണ്ട്. ആലപ്പുഴ പ്രോജക്ടിലെ ചേർത്തല തിരുനെല്ലൂർ സി.വി.സി.എസ്ലി.നമ്പർ 721-ൽ 10 ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് ഫാക്ടറി ടൈപ്പ് സംഘമായി പ്രവർത്തിച്ചുതുടങ്ങിയിട്ടുണ്ട്. കൂടാതെ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത അനുസരിച്ച് തെരഞ്ഞെടുക്കുന്ന കയർ സഹകരണ സംഘ ങ്ങളെയും ഫാക്ടറി ടൈപ്പ് സംഘമായി പരിവർത്തനം ചെയ്യുന്നതിനും നടപടി സ്വീകരിക്കുന്നു.

(ബി) കയർ ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിനായി യന്ത്രവൽക്കരണ പദ്ധതിയിൽ കയർ ജിയോ ടെക്സ്റ്റൈയിൽസ്, കയർ നീഡിൽ ഫെൽറ്റ്, കയർ കോമ്പോസിറ്റ് ബോർഡ്സ്, കയർ അക്വസ്റ്റിക്സ് പാനൽസ് എന്നിങ്ങനെയുള്ള ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനാണ് പ്രാമുഖ്യം നൽകുന്നത്. കയർ ഭൂവസ്ത്രം പരമ്പരാഗത പായ തറികളിൽ നെയ്യുന്നതിനെയാണ് പ്രോത്സാഹിപ്പിക്കുന്നത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ണ്-ജലസംരക്ഷണ പ്രവർത്തികളിലും കാർഷിക പദ്ധതികളിലും കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന് നടപടി സ്വീകരിച്ചതാണ് മറ്റൊരു പ്രധാനപ്പെട്ട നടപടി. 2017-ൽ നടന്ന "കയർ കേരള" അന്താരാഷ്ട്ര മേളയിൽ 120 കോടി രൂപയുടെ ഭൂവസ്ത്ര വിപണന കരാർ പഞ്ചായത്തുകളുമായി ഒപ്പിടുകയും ആയതിന്റെ അടിസ്ഥാനത്തിൽ

പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. കയർമേഖലയുടെ വികസനത്തിന് ഏറെ സഹായിച്ച ഒരു പദ്ധതിയാണിത്. ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലി.-ന്റെ ആഭിമുഖ്യത്തിൽ കയർ കോമ്പോസിറ്റ് ബോർഡുകൾ നിർമ്മിക്കുന്ന ഫാക്ടറിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (എൻ.സി.ആർ.എം.ഐ) കയർ അക്വസ്റ്റിക്സ് പാനലുകളുടെ സാങ്കേതികവിദ്യ വികസിപ്പിച്ചെടുത്തിട്ടുണ്ട്. കൂടാതെ ചകിരിച്ചോറിൽനിന്നും കുറഞ്ഞ കാലയളവിൽ ജൈവവളം നിർമ്മിക്കുന്ന സാങ്കേതികവിദ്യയും വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇതിന് സംസ്ഥാന കൃഷി വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇത് തൃശ്ശൂർ, വൈക്കം എന്നീ പ്രോജക്ടുകളിൽ നടപ്പിലാക്കിയിട്ടുണ്ട്.

(സി) കയർ വ്യവസായവുമായി ബന്ധപ്പെട്ട് നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (എൻ.സി.ആർ.എം.ഐ.), കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ പഠന ഗവേഷണങ്ങൾ നടത്തിവരുന്നു. രണ്ടാം കയർ പുനഃസംഘടനാ പദ്ധതിയുമായി ബന്ധപ്പെട്ട് എൻ.സി.ആർ. എം.ഐ. താഴെപ്പറയുന്ന ഗവേഷണ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകുന്നു :

1. ചകിരിച്ചോറുപയോഗിച്ചുള്ള വിവിധയിനം ഉൽപ്പന്നങ്ങളുടെ നിർമ്മാണം.
2. ചകിരി ഉപയോഗിച്ചുള്ള പുതയിടുന്നതിനുള്ള മാറ്റുകൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക വിദ്യാവികസനം.
3. ചരിവുപ്രദേശങ്ങളിൽ കൃഷിക്കുള്ള പുതിയ ഇനം ജിയോസെല്ലുകളുടെ നിർമ്മാണം.
4. ബ്രൗൺ ഫൈബറിന്റെ മൃദുത്വംകൊണ്ടുവരുന്നതിനുള്ള സാങ്കേതിക വിദ്യാവികസനം.
5. ചകിരിച്ചോറിനെ പെട്ടെന്ന് കമ്പോസ്റ്റാക്കി മാറ്റുന്നതിനുള്ള സാങ്കേതിക വികസനം.
6. ചകിരിച്ചോറുപയോഗിച്ച് രോഗപ്രതിരോധശേഷിയുള്ള വളം നിർമ്മിക്കുന്നതിനുള്ള സാങ്കേതികവിദ്യാവികസനം.
7. ചകിരിച്ചോറ് വളത്തിന്റെ മൂല്യനിർണ്ണയം.
8. ചകിരിച്ചോറുപയോഗിച്ച് ഗാർഹിക മാലിന്യങ്ങൾ വളമാക്കുന്നതിനുള്ള സാങ്കേതികവിദ്യാവികസനം.

9. കയറിന്റെ ബയോഡീഗ്രഡേഷൻ കുറക്കുന്നതിനുള്ള സാങ്കേതിക വിദ്യാവികസനം.

10. കയർ വ്യവസായത്തിൽനിന്നും ഉണ്ടാകുന്ന മലിന ജലം ഉപയോഗിച്ച് ബയോപ്ലാസ്റ്റിക് ഉണ്ടാക്കുന്നതിനുള്ള സാങ്കേതികവിദ്യാവികസനം.

11. കയറും അതിന്റെ ഉപോല്പന്നങ്ങളും ഉപയോഗിച്ച് ഇൻസ്റ്റന്റ് പുൽത്തകിടി ഉപയോഗിക്കുന്നതിനുള്ള സാങ്കേതികവിദ്യാവികസനം.

12. കയർ ഭൂവസ്ത്രം ഉപയോഗിച്ച് മണ്ണൊലിപ്പ് തടയുന്നതിനുള്ള പ്രകൃതി സൗഹൃദമായ പുതിയ സാങ്കേതികവിദ്യാവികസനം.

13. കടൽക്ഷോഭം മൂലമുള്ള മണ്ണൊലിപ്പ് തടയുന്നതിനായുള്ള പ്രകൃതി സൗഹൃദമായ കയർ ഉപയോഗിച്ചുള്ള സാങ്കേതികവിദ്യാവികസനം.

14. കയർ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം നിർണ്ണയിക്കുന്നതിനുള്ള ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിച്ചുള്ള ലബോറട്ടറികളുടെ നിർമ്മാണം.

15. ചെലവുകുറഞ്ഞ പവർലൂമുകളുടെ സാങ്കേതിക വിദ്യാവികസനം.

16. തെങ്ങുകയറുന്ന മെഷീന്റെ വികസനം.

17. കരിക്കിന്റെ തൊണ്ടിൽനിന്നും കംപോസ്റ്റ് ഉണ്ടാക്കുന്നതിനുള്ള മെഷീന്റെ വികസനം.

18. ബയോച്ചാർ നിർമ്മാണത്തിനുവേണ്ട സാങ്കേതിക വിദ്യാവികസനം.

19. ബ്ലെൻഡഡ് കയർ നിർമ്മിക്കുന്നതിനാവശ്യമായ സാങ്കേതികവിദ്യ.

20. ചകിരിച്ചോറിലെ ജലാംശം നീക്കി അവ കട്ടകൾ ആക്കി മാറ്റുന്നതിനുവേണ്ട മെഷീന്റെ വികസനം.

രണ്ടാം പുനഃസംഘടനയുടെ ഭാഗമായി കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ലി. താഴെപ്പറയുന്ന മെഷീനുകളുടെ നിർമ്മാണത്തിൽ ഗവേഷണങ്ങൾ നടത്തുന്നുണ്ട്.

1. ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ

2. ഇലക്ട്രോണിക് റാട്ട്

3. വില്ലോവിംഗ് മെഷീനുകൾ

4. സ്റ്റിനറുകൾ
5. മിനി ആട്ടോമാറ്റിക് ലൂമുകൾ
6. ഫുള്ളി ആട്ടോമാറ്റിക് പവർ ലൂമുകൾ
7. ചെറുതും വലുതുമായ ഡീഫൈബറിംഗ് മില്ലുകൾ
8. ബെയിലിംഗ് പ്രസ്
9. ടെണ്ടർ കോക്കനട്ട് ഡിസ്ട്രക്ഷൻ മെഷീനുകൾ
10. പി.വി.സി. ടഫ്റ്റഡ് മാറ്റുകൾ
11. കോട്ടനട്ട് ഡി ഹസ്കിങ് മെഷീൻ
12. സ്പൂളിംഗ് മെഷീനുകൾ
13. ഗാർഡൻ ആർട്ടിക്കിൾ
14. ബ്രിക്കെറ്റിംഗ് മെഷീൻ.

## ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്

115(2464) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി ഏതൊക്കെ നിയമങ്ങളാണ് നിലവിൽ ഭേദഗതി ചെയ്തിട്ടുള്ളത്;

(ബി) ഏതൊക്കെ നിയമങ്ങളാണ് ഇനിയും ഭേദഗതി ചെയ്യുവാനോ മാറ്റുവാനോ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

### ഉത്തരം

(എ) ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി കേരളത്തെ നിക്ഷേപ സൗഹൃദമാക്കുന്നതിനും അതുവഴി തൊഴിലവസരങ്ങളും വരുമാനവും വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനത്ത് ഒരു വ്യവസായ സൗഹൃദ പാരിസ്ഥിതി കാവസ്ഥ സൃഷ്ടിക്കേണ്ടത് അനിവാര്യമായിരുന്നു. അതിനായി പഠനം നടത്തുകയും വിവിധ വകുപ്പുകളുടെ നിയമങ്ങളിലും ചട്ടങ്ങളിലും ആവശ്യമായ ഭേദഗതികൾ വരുത്തി താഴെപ്പറയുന്ന ഏഴ് നിയമങ്ങൾ (ആക്ട്) ഭേദഗതി വരുത്തിക്കൊണ്ട് ഒരു ഏകീകൃത ആക്ട് "കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട് 2018" നിലവിൽ വന്നു.

1. കേരള പഞ്ചായത്ത് ആക്ട് - 1994
2. കേരള മുൻസിപ്പാലിറ്റി ആക്ട് - 1994
3. കേരള ലിഫ്റ്റ് ആന്റ് എക്സലേറ്റേഴ്സ് ആക്ട് - 2013
4. കേരള ഗ്രൗണ്ട് വാട്ടർ ആക്ട് - 2002
5. കേരള ഹെഡ് ലോഡ് വർക്കേഴ്സ് ആക്ട് - 1978
6. കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്- 1960
7. കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് ആക്ട് - 1999.

(ബി) സംസ്ഥാനത്ത് ഈസ് ഓഫ് ഡൂയിംഗ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് നടത്തിയ വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിലാണ് വിവിധ വകുപ്പുകളിലെ നിയമങ്ങളിലും ചട്ടങ്ങളിലും ആവശ്യമായ ഭേദഗതികൾ വരുത്തി "കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് -2018" നിലവിൽ വന്നത്. നിലവിൽ മറ്റ് നിയമങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങളില്ല.

## സിമന്റ് വില പിടിച്ചുനിർത്തുവാൻ നടപടി

116(2465) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിമന്റ് വില കുത്തനെ കൂടുന്നകാര്യം പരിശോധിക്കുമോ;

(ബി) മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ മാത്രം സിമന്റ് വില വർദ്ധിപ്പിക്കുന്നത് എന്തുകൊണ്ടെന്ന് പരിശോധിക്കുമോ;

(സി) മലബാർ സിമന്റ് പോലുള്ള സർക്കാർ പൊതുമേഖല സ്ഥാപനങ്ങളിൽ സിമന്റ് ഉൽപ്പാദനം വർദ്ധിപ്പിച്ച് പൊതുവിപണിയിലെ സിമന്റ് വില പിടിച്ചു നിർത്തുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) സിമന്റ് വില വർദ്ധിക്കുന്നത് നിർമ്മാണ മേഖലയെ ബാധിക്കുന്നുണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് സിമന്റിന്റെ വില ഉയരാതെ നിയന്ത്രിക്കുന്നതിൽ മലബാർ സിമന്റ്സ് വളരെ നിർണ്ണായകമായ ഒരു പങ്കുവഹിക്കുന്നുണ്ട്. കേരളത്തിൽ മലബാർ സിമന്റിന്റെ വിപണി വിഹിതം കേരളത്തിൽ ഉപയോഗിക്കുന്ന സിമന്റിന്റെ 6 മുതൽ 8 ശതമാനത്തോളമാണ്. മലബാർ സിമന്റ്സിന്റെ വില മറ്റ് ബ്രാൻഡുകളെക്കാൾ താരതമ്യേന കുറവാണ്. മറ്റ് സമാന ബ്രാൻഡുകൾ 425 രൂപ മുതൽ വിൽക്കുമ്പോൾ മലബാർ സിമന്റിന്റെ എം.ആർ.പി. 400 രൂപയാണ്. അയൽ സംസ്ഥാനങ്ങളിൽനിന്നും സിമന്റ് കേരളത്തിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള കടത്തുകൂലി കയറ്റിറക്കുകൂലി, മറ്റ് ചെലവുകൾ എന്നിവയാണ് കേരളത്തിൽ സിമന്റ് വില വർദ്ധിക്കുന്നതിനുള്ള കാരണം. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യംമൂലം മലബാർ സിമന്റ്സ് ഉല്പാദനം കുറഞ്ഞപ്പോൾ മറ്റ് ബ്രാൻഡുകൾ വില കൂട്ടുകയുണ്ടായി. സിമന്റ് നിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുക്കളായ ലാറ്ററൈറ്റ്, ഫ്ലൈ ആഷ് തുടങ്ങിയവ കേരളത്തിന് പുറത്തുനിന്നാണ് കൊണ്ടുവരുന്നത്. മറ്റ് സംസ്ഥാനങ്ങളിൽ അസംസ്കൃത വസ്തുക്കൾ കുറഞ്ഞ ചെലവിൽ അവിടെത്തന്നെ കിട്ടുന്നതുകൊണ്ടാണ് ചെലവ് കുറച്ച് നിർമ്മിക്കാൻ സാധിക്കുന്നത്. കേരളത്തിൽ വിപണനം നടത്തുന്ന സിമന്റ് കമ്പനികളോട് വില നിയന്ത്രിക്കണമെന്ന് ആവശ്യപ്പെടുന്നതിന് നിയമപ്രകാരം കഴിയില്ല. കൂടാതെ കേരളത്തിൽ പ്രധാന ഉൽപ്പാദകരായി മലബാർ സിമന്റ്സ് ലിമിറ്റഡ് മാത്രമേയുള്ളൂ.

(സി) കേരളത്തിലെ മൊത്തം സിമന്റ് വിപണിയുടെ 6% മുതൽ 8% വരെ മാത്രമാണ് മലബാർ സിമന്റ്സ് ലിമിറ്റഡ് വിൽക്കുന്നത്. കേരളത്തിലെ സിമന്റ് വില നിയന്ത്രിക്കുന്നതിൽ മലബാർ സിമന്റ്സിന് ഒരു നിർണ്ണായകമായ പങ്കുണ്ട്. നവീകരണ വിപുലീകരണ പദ്ധതികളിലൂടെ മലബാർ സിമന്റ്സിന്റെ ഉൽപ്പാദനവും വിപണന സംവിധാനങ്ങളും വർദ്ധിപ്പിച്ച് സിമന്റ് വിപണിയിൽ ഫലപ്രദമായി ഇടപെടുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. മലബാർ സിമന്റ്സിന്റെ വാളയാർ പ്ലാന്റിന്റെ നവീകരണത്തിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കമ്പനിയിലെ വിപണന സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഡീലർമാരുടെ ഒരു യോഗം 22-11-2018-ന് വിളിച്ചുചേർത്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്. നിർമ്മാണ മേഖലയിലെ അസംസ്കൃത വസ്തുവായ സിമന്റിന്റെ വില മുൻവർഷങ്ങളെ അപേക്ഷിച്ച് കൂട്ടിയിട്ടില്ല. ഇപ്പോഴും മലബാർ സിമന്റ്സ് ലിമിറ്റഡിന്റെ സിമന്റ് വില മറ്റുള്ള പ്രമുഖ കമ്പനികളുടെ സിമന്റ് വിലയുമായി തട്ടിച്ചുനോക്കിയാൽ കുറവാണ്. സിമന്റ് വില ക്രമാതീതമായി വർദ്ധിക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിലേയ്ക്കായി സിമന്റ് നിർമ്മാതാക്കളുടെയും സിമന്റ്

വ്യാപാരികളുടെയും (dealers) യോഗം 29-7-2016-നും 10-5-2017-നും വിളിച്ചു ചേർക്കുകയും സിമന്റ് വില കുറയ്ക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. "ലൈഫ് മിഷൻ" പദ്ധതിയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് കുറഞ്ഞ വിലയിൽ സിമന്റ് ലഭ്യമാക്കുന്ന വിഷയം 13-9-2017-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിളിച്ചുചേർത്ത യോഗത്തിൽ ചർച്ച ചെയ്യുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

**കൈത്തറി മേഖലയിലെ പ്രതിസന്ധി**

117(2466) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികൾക്കായുള്ള യൂണിഫോം നെയ്ത്ത് നൽകിയതിന്റെ കൂലി കുടിശ്ശിക നൽകാത്തത് കൈത്തറി മേഖലയിൽ കടുത്ത പ്രതിസന്ധി സൃഷ്ടിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓണത്തിന് മുമ്പ് കൂലിയിനത്തിലുള്ള കുടിശ്ശിക നൽകുന്നതിനായി കൈത്തറി ഡയറക്ടർ എന്ത് തുക അനുവദിക്കണമെന്നാണ് ആവശ്യപ്പെട്ടത്; സർക്കാർ എത്ര തുകയാണ് നൽകിയത്;

(സി) കൈത്തറി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് അടിയന്തരമായി ഇടപെടുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നെയ്ത്തുകാരുടെ കൂലി നൽകിവരികയാണ്.

(ബി&സി) ഓണത്തിനുമുമ്പ് കൂലിയിനത്തിലുള്ള കുടിശ്ശിക നൽകുന്നതിനായി കൈത്തറി ഡയറക്ടർ 35 കോടി രൂപയാണ് ആവശ്യപ്പെട്ടിരുന്നത്. ഇതിൽ 25 കോടി രൂപ സർക്കാർ അനുവദിച്ചുനൽകിയിട്ടുണ്ട്. കൂടാതെ ഇപ്പോൾ 40.26 കോടി രൂപകൂടി പ്രസ്തുത പദ്ധതിക്കായി അനുവദിച്ചിട്ടുണ്ട്. 2018 നവംബർ 30 വരെയുള്ള നെയ്ത്തുകാരുടെ കൂലി വിതരണം ചെയ്യുന്നതിന് തുക അനുവദിച്ചിട്ടുണ്ട്.

**ലാഭത്തിലായ പൊതുമേഖലാ സ്ഥാപനങ്ങൾ**

118(2467) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലായെന്ന് അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്, ട്രാൻസ്ഫോർമേഴ്സ് ആൻഡ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ്, ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്, കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായ വകുപ്പിന്റെ അധീനതയിൽ പുതിയതായി പൊതുമേഖലാ സ്ഥാപനങ്ങൾ ഒന്നും ആരംഭിച്ചിട്ടില്ല.

**നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധന**

119(2468) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയാനന്തരം നിർമ്മാണ സാമഗ്രികളുടെ വില കുതിച്ചു കയറുന്നതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ പ്രതിസന്ധിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ;

(ബി) സിമന്റ്, കമ്പി, മെറ്റൽ, കരിങ്കല്ല് തുടങ്ങിയവയുടെ വില കുത്തനെ ഉയർന്നത് നിയന്ത്രിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിനായി അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ കെട്ടിട, റോഡ്, നിർമ്മാണ മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായും കരിങ്കല്ലിന്റെയും മെറ്റലിന്റെയും ലഭ്യത വർദ്ധിപ്പിച്ച് വില വർദ്ധനവ് തടയുന്നതിനായും സിമന്റ് വില വർദ്ധനവ് പരിഹരിക്കുന്നതിനായും ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സർക്കാർ ഇതിനകം സ്വീകരിച്ചിട്ടുണ്ട്.

1. 5 ഹെക്ടറിന് താഴെ വിസ്തീർണ്ണമുള്ള ക്വാറികൾക്ക് പാരിസ്ഥിതികാനുമതി നൽകുന്നതിന് ജില്ലാതലത്തിൽ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാതല പരിസ്ഥിതിയാഘാത

നിർണ്ണയ അതോറിറ്റി (DEIAA)-യുടെയും ജില്ലാതല അപഗ്രഥന സമിതി (DEAC)-യുടെയും പ്രവർത്തനം കാര്യക്ഷമമാക്കി.

2. ഒരു ഹെക്ടറിൽ താഴെയുള്ള ചെറുകിട ക്വാറികളിലെ ശാസ്ത്രീയ ഖനനത്തിന് ലഘൂകരിച്ച മൈനിംഗ് പ്ലാൻ (simplified mining plan) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.

3. നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിലേയ്ക്ക് 22-6-2017-ലെ സ.ഉ.(പി) 25/2017/ഐ.ഡി നമ്പരായ സർക്കാർ ഉത്തരവ് പ്രകാരം ക്വാറികളുടെ പുറമെയുള്ള അതിർത്തിയിൽ നിന്നും റിസർവോയർ, ടാങ്കുകൾ, കനാലുകൾ, നദികൾ, ആരാധനാലയങ്ങൾ, ശ്മശാനം, വില്ലേജ് റോഡ് എന്നിവയിലേയ്ക്കുള്ള ദൂരപരിധി 50 മീറ്ററായി പുനഃസ്ഥാപിക്കുകയും നാഷണൽ പാർക്ക്, വൈൽഡ് ലൈഫ് സാങ്ച്വറി എന്നിവയുടെ അതിർത്തിയിൽ നിന്നുമുള്ള ദൂരപരിധി ഒരു കിലോമീറ്ററായും നിജപ്പെടുത്തുകയും ചെയ്തു.

4. പാരിസ്ഥിതികാനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീരുമാനമെടുക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും ചീഫ് സെക്രട്ടറി, സെക്രട്ടറിതലത്തിലും യോഗങ്ങൾ ചേർന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകി.

5. അന്യ സംസ്ഥാനത്തുനിന്നും/വിദേശത്തുനിന്നും കരിങ്കല്ല്/മണൽ ഇറക്കുമതി ചെയ്യുന്നതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

6. കേരളത്തിൽ സിമന്റിന്റെ വില മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കൂടുതലാണെന്ന പരാതിയെ തുടർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി, വ്യവസായ മന്ത്രി എന്നിവരുടെ അദ്ധ്യക്ഷതയിൽ സിമന്റ് ഉല്പാദകരുടെ യോഗം വിളിക്കുകയും സിമന്റ് വില കുറയ്ക്കണമെന്ന നിർദ്ദേശം നൽകുകയും ചെയ്തു.

7. ക്വാറി ഉല്പന്നങ്ങളുടെ വില വർദ്ധിച്ചിട്ടുണ്ട് എന്ന പരാതിയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാർക്ക് ക്വാറി/ക്രഷർ ഉടമകളുടെ യോഗം വിളിച്ച് ഉചിത നടപടികൾ എടുക്കുവാൻ നിർദ്ദേശം നൽകി.

8. 9-3-2018, 21-11-2018 തീയതികളിൽ വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ ജിയോളജിസ്റ്റുമാരുടെ യോഗം വിളിക്കുകയും ഖനനാനുമതി അനുവദിക്കുന്നതിലെ പ്രവർത്തന പുരോഗതി വിലയിരുത്തുകയും നിയമപരമായി അനുമതി നൽകാൻ കഴിയുന്ന എല്ലാ കേസുകളിലും സമയബന്ധിതമായി അപേക്ഷകൾ തീർപ്പാക്കാൻ കർശന നിർദ്ദേശം നൽകുകയും ചെയ്തു.

## നിർമ്മാണമേഖലയിൽ അസംസ്കൃത വസ്തുക്കളുടെ ലഭ്യത കുറവ്

120(2469) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണമേഖലയിൽ നിർമ്മാണപ്രവർത്തനങ്ങൾക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ മതിയായ തോതിൽ ലഭ്യമല്ലായെന്നുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ പ്രശ്നം പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ് പരിഹരിച്ച് സംസ്ഥാനത്തുണ്ടായ കെട്ടിട, റോഡ് നിർമ്മാണമേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട് :

1. 5 ഹെക്ടറിന് താഴെ വിസ്തീർണ്ണമുള്ള ക്വാറികൾക്ക് പാരിസ്ഥിതികാനുമതി നൽകുന്നതിന് ജില്ലാ തലത്തിൽ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാതല പരിസ്ഥിതിയാഘാത നിർണ്ണയ അതോറിറ്റി (DEIAA)-യുടെയും ജില്ലാതല അപഗ്രഥന സമിതി (DEAC)-യുടെയും പ്രവർത്തനം കാര്യക്ഷമമാക്കി.

2. ഒരു ഹെക്ടറിൽ താഴെയുള്ള ചെറുകിട ക്വാറികളിലെ ശാസ്ത്രീയ ഖനനത്തിന് ലഘൂകരിച്ച മൈനിംഗ് പ്ലാൻ (simplified mining plan) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.

3. നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിലേയ്ക്ക് 22-6-2017-ലെ സ.ഉ.(പി) 25/2017/ഐ.ഡി നമ്പരായ സർക്കാർ ഉത്തരവ് പ്രകാരം ക്വാറികളുടെ പുറമെയുള്ള അതിർത്തിയിൽനിന്നും റിസർവോയർ, ടാങ്കുകൾ, കനാലുകൾ, നദികൾ, ആരാധനാലയങ്ങൾ, ശ്മശാനം, വില്ലേജ് റോഡ് എന്നിവയിലേയ്ക്കുള്ള ദൂരപരിധി 50 മീറ്ററായി പുനഃസ്ഥാപിക്കുകയും നാഷണൽ പാർക്ക്, വൈൽഡ് ലൈഫ് സാങ്ച്വറി എന്നിവയുടെ അതിർത്തിയിൽ നിന്നുമുള്ള ദൂരപരിധി ഒരു കിലോമീറ്ററായും നിജപ്പെടുത്തുകയും ചെയ്തു.

4. പാരിസ്ഥിതികാനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീരുമാനമെടുക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും ചീഫ് സെക്രട്ടറി, സെക്രട്ടറി തലത്തിലും യോഗങ്ങൾ ചേർന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകി.

5. പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയ സാഹചര്യത്തിൽ കളിമണ്ണ് ഖനനത്തിന് ജില്ലാ കളക്ടറിൽ നിന്നുള്ള നിരാക്ഷേപപത്രം ആവശ്യമാണെന്ന ചട്ടം ഒഴിവാക്കി.

6. 6 മീറ്റർ വരെ ആഴത്തിൽ ലാറ്ററൈറ്റ് (ബിൽഡിംഗ് സ്റ്റോൺ) ഖനനം ചെയ്യുന്നതിന് മൈനിംഗ് പ്ലാൻ തയ്യാറാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

7. തെരഞ്ഞെടുത്ത ഡാമുകളിൽനിന്നും മണൽ/ചെളി എന്നിവ ശേഖരിച്ച് വിപണനം നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

8. അന്യസംസ്ഥാനത്തുനിന്നും/വിദേശത്തുനിന്നും കരിങ്കല്ല്/ മണൽ ഇറക്കുമതി ചെയ്യുന്നതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

9. 9-3-2018, 21-11-2018 തീയതികളിൽ വ്യവസായ വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ ജിയോളജിസ്റ്റുമാരുടെ യോഗം വിളിക്കുകയും ഖനനാനുമതി അനുവദിക്കുന്നതിലെ പ്രവർത്തന പുരോഗതി വിലയിരുത്തുകയും നിയമപരമായി അനുമതി നൽകാൻ കഴിയുന്ന എല്ലാ കേസുകളിലും സമയബന്ധിതമായി അപേക്ഷകൾ തീർപ്പാക്കാൻ കർശന നിർദ്ദേശം നൽകുകയും ചെയ്തു.

10. 2008-ന് മുമ്പ് (നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽവരുന്നതിന് മുമ്പ്) നികത്തപ്പെട്ട ഭൂമിയിൽനിന്ന് പരിസ്ഥിതിക്ക് കോട്ടം തട്ടാതെ കളിമണ്ണ് ശേഖരിക്കുന്നതിന്റെ സാധ്യതകൾ പഠിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിന് കേരള സ്റ്റേറ്റ് റിമോർട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ (കെ.എസ്.ആർ.ഇ.സി.)-യെ സർക്കാർ ചുമതലപ്പെടുത്തിയിരുന്നു. ഈ സ്ഥാപനം തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ പഠനം പൂർത്തിയാക്കി റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. കെ.എസ്.ആർ. ഇ.സി.-യുടെ റിപ്പോർട്ട് പ്രകാരം കളിമൺ നിക്ഷേപമുള്ള പ്രദേശങ്ങളിൽ ഖനനാനുമതി നൽകുന്നതിന് തുടർനടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം

121(2470) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം പാസ്സാക്കിയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് വ്യവസായ വളർച്ചയ്ക്ക് അനുകൂലമായ സാഹചര്യം സംജാതമായിട്ടുണ്ടോ;

(ബി) ഈ സാഹചര്യം പ്രയോജനപ്പെടുത്തി വ്യവസായങ്ങൾ ആരംഭിക്കുവാൻ സംരംഭകർ അപേക്ഷ നൽകിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) പ്രസ്തുത നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ഫെസിലിറ്റേഷൻ സെൽ രൂപീകൃതമായിട്ടുണ്ടോ; ഇതിലൂടെ എന്തൊക്കെ സഹായങ്ങളാണ് വ്യവസായികൾക്ക് നൽകുന്നതെന്ന് അറിയിക്കുമോ;

(ഡി) യുവ സംരംഭകർക്കുള്ള പ്രത്യേക പദ്ധതികൾ എന്തൊക്കെയാണ്; ആയത് പ്രയോജനപ്പെടുത്തുവാൻ യുവസംരംഭകർ മുന്നോട്ടുവരുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. 2018 ഏപ്രിൽ മാസത്തിൽ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം നിലവിൽവന്നതിനുശേഷം സംസ്ഥാന ഏകജാലക ക്ലിയറൻസ് ബോർഡ് മുഖേന ക്ലിയറൻസ് ലഭിക്കുന്നതിനായി 861 കോടി രൂപ പദ്ധതി ചെലവ് കണക്കാക്കുന്ന 6 പദ്ധതികൾക്കായുള്ള അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്.

(സി) വിവിധ വകുപ്പുകളുടെ അപേക്ഷാ ഫോറം ഏകീകരിച്ചുകൊണ്ട് ഒരു ഏകീകൃത അപേക്ഷാ ഫോറം (Common Application Form-CAF) മുഖേന അനുമതികൾ കാലതാമസം ഇല്ലാതെ ഓൺലൈൻ സംവിധാനം (K-SWIFT) വഴി ലഭ്യമാക്കുന്നതാണ്. പ്രസ്തുത അപേക്ഷയിന്മേലുള്ള പരിശോധന സമയബന്ധിതമായി നടപ്പാക്കുന്നതിനായി Investment Promotion and Facilitation Cell (IPFC) സംസ്ഥാന തലത്തിലും ജില്ലാതലത്തിലും രൂപീകരിച്ചിട്ടുണ്ട്. അനുമതികൾ ആവശ്യമായ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ ഉൾപ്പെട്ടതാണ് പ്രസ്തുത സെൽ. ഏകജാലക ഓൺലൈൻ സംവിധാനം (KSWIFT) സംബന്ധിച്ചുള്ള ട്രയൽ നടത്തിയതിൽനിന്നും സമയപരിധിക്കുള്ളിൽതന്നെ ആവശ്യമായ ലൈസൻസുകളും അനുമതികളും ലഭ്യമാകുമെന്ന് വിലയിരുത്തുകയുണ്ടായി. ഏകജാലക ഓൺലൈൻ സംവിധാനമായ (KSWIFT)-ന്റെ ഔദ്യോഗിക ലോഞ്ചിംഗ് 8-1-2019-ൽ നടത്തുവാൻ നിശ്ചയിച്ചിട്ടുണ്ട്.

(ഡി) കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ എല്ലാ മേഖലയിൽ നിന്നുമുള്ള നൂതനവും വ്യാപാരയോഗ്യമായതുമായ യുവ സംരംഭങ്ങൾക്ക് 25 ലക്ഷം രൂപ മൂലധനസഹായം നൽകിവരുന്നു. സംരംഭം തുടങ്ങുന്നതിനാവശ്യമായ മൊത്തം തുകയുടെ 90 ശതമാനമോ അല്ലെങ്കിൽ 25 ലക്ഷം രൂപയോ ആണ് പ്രാഥമിക മൂലധനസഹായമായി നൽകിവരുന്നത്. പ്രസ്തുത പദ്ധതിയിൽ ഇതുവരെ 85 യുവ സംരംഭങ്ങൾക്ക് മൂലധന സഹായം അനുവദിക്കുകയുണ്ടായി. ഇതുകൂടാതെ സംരംഭകർക്ക് അവരുടെ ആശയങ്ങളുടെ പൂർത്തീകരണത്തിനായി കെ.എസ്.ഐ.ഡി.സി.-യുടെ വിവിധ ഇൻകുബേഷൻ സെന്ററുകളിൽ എല്ലാവിധ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി മൂന്ന് ഇൻകുബേഷൻ സെന്ററുകളാണ് പ്രവർത്തിക്കുന്നത്. 33 യുവ സംരംഭങ്ങൾ കെ.എസ്.ഐ.ഡി.സി.-യുടെ വിവിധ ഇൻകുബേഷൻ സെന്ററുകളിലായി ഇൻകുബേറ്റ് ചെയ്തിരിക്കുന്നു. പ്രസ്തുത സ്റ്റാർട്ട്-അപ്പ് സംരംഭങ്ങൾക്കെല്ലാം അവരുടെ ആവശ്യാനുസരണം കൃത്യമായി ഇടവേളകളിൽ മാർഗ്ഗനിർദ്ദേശ സെമിനാറുകളും ചർച്ചായോഗങ്ങളും നടത്തിവരുന്നു. ഡി.ഐ.സി. മുഖാന്തരം സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് മെച്ചപ്പെട്ട

ആനുകൂല്യവുമായ സംരംഭകത്വ സഹായ പദ്ധതി നടപ്പിലാക്കിവരുന്നു. പൊതു വിഭാഗത്തിൽപ്പെട്ട സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15 ശതമാനം സഹായമായി നൽകുന്നു (പരമാവധി 20 ലക്ഷം രൂപ). യുവ സംരംഭകർക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 20 ശതമാനം സാമ്പത്തിക സഹായം നൽകുന്നു. പരമാവധി 30 ലക്ഷം അനുവദിച്ചുവരുന്നു.

**കെൽട്രോൺ ജീവനക്കാരന്റെ മെഡിക്കൽ ലീവ്**

122(2471) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽട്രോണിൽ ജൂനിയർ എഞ്ചിനീയറായി സേവനം അനുഷ്ഠിച്ചുവരുന്ന ശ്രീ.സോമപ്പൻ എന്നയാളുടെ മെഡിക്കൽ ലീവ് ലോസ് ഓഫ് പേ ആക്കിയത് ഒഴിവാക്കി ഡ്യൂട്ടി ലീവ് ആയി പരിഗണിക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ നൽകിയിരുന്നോ; വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ നാളിതുവരെയായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; കെൽട്രോൺ എം.ഡി.-യുമായി ഇതുസംബന്ധമായി നടന്ന കത്തിടപാടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) 3-1-2017-ൽ നൽകിയ പ്രസ്തുത അപേക്ഷയിൽ രണ്ട് വർഷമാകാറായിട്ടും തീരുമാനമെടുക്കുന്നതിന് തടസ്സമായിട്ടുള്ളതെന്താണ്; ഇക്കാര്യത്തിൽ കെൽട്രോൺ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഫയലിൽ നടപടി വേഗത്തിലാക്കി തീർപ്പാക്കുന്നതിന് കാലതാമസം വരുത്തിയവരെ കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ശ്രീ. സോമപ്പൻ കെൽട്രോൺ, മാനേജിംഗ് ഡയറക്ടർക്ക് 3-10-2017-ൽ അപേക്ഷ നൽകിയിരുന്നു.

(ബി) ശ്രീ. സോമപ്പൻ ജോലിയിൽനിന്ന് മാറിനിന്ന കാലയളവിലെ ശൂന്യവേതനാവധി, ടിയാന്റെ ക്രെഡിറ്റിലുള്ള ലീവുകൾ പരിശോധിച്ച് പരമാവധി ക്രമപ്പെടുത്തി നൽകുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. കെൽട്രോൺ മാനേജിംഗ് ഡയറക്ടറുമായി ഇതുസംബന്ധിച്ച് നടന്ന കത്തിടപാടുകളുടെ പകർപ്പ് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) മേൽപ്പറഞ്ഞ പ്രകാരം നടപടി സ്വീകരിക്കുമെന്നുള്ള വിവരം സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് സർക്കാരിന് സമർപ്പിച്ച റിപ്പോർട്ട് അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

(ഡി) കമ്പനി നിഷ്കർഷിക്കുന്ന ചട്ടങ്ങൾക്ക് വിധേയമായി തന്നെയാണ് പ്രസ്തുത ഫയലിൽ നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നത്.

## കെ.എം.എം.എൽ.-ലെ വികസന പ്രവൃത്തികൾ

123(2472) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡിന്റെ വികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ;

(ബി) റിയാബ് ചെയർമാൻ അധ്യക്ഷനായ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശപ്രകാരം മിനറൽ കോംപ്ലക്സ് സ്ഥാപിക്കുന്നതിനായി ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) തയ്യാറാക്കിയ ഡി.പി.ആർ.-ന്റെ അടിസ്ഥാനത്തിൽ കരിമണലിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുക വഴി കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാമെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡിന്റെ ടൈറ്റാനിയം ഡയോക്സൈഡ് ഉല്പാദനശേഷി 40000 മെട്രിക് ടണ്ണിൽനിന്ന് 60000 മെട്രിക് ടണ്ണിലേയ്ക്ക് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി സർക്കാർ പരിശോധിച്ചുവരികയാണ്. കൂടാതെ ടൈറ്റാനിയം ലോഹം ഉൾപ്പെടുന്ന ടൈറ്റാനിയം മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഒരു മിനറൽ കോംപ്ലക്സ് സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടും തയ്യാറാക്കിവരുന്നു.

(ബി&സി) സംസ്ഥാനത്തെ തീരപ്രദേശത്തെ ധാതുമണലിൽനിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് ഒരു മിനറൽ കോംപ്ലക്സ് സ്ഥാപിക്കുന്നത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിന് റിയാബ് ചെയർമാൻ അദ്ധ്യക്ഷനായ ഒരു കമ്മിറ്റിയെ നിയമിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി നിയോഗിച്ച ക്രിസിൽ എന്ന സ്ഥാപനം മാർക്കറ്റ് പഠനത്തിനുശേഷം സമർപ്പിച്ച റിപ്പോർട്ടിൽ ടൈറ്റാനിയം മിൽ പ്രോഡക്ട്സ്, സിർകോണിയം കാർബണേറ്റ്, പേർളിസെന്റ് പിഗ്മെന്റ് (Pearlescent Pigment) എന്നിവ കരിമണലിൽനിന്നും ഉല്പാദിപ്പിക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പാക്കുന്ന കാര്യത്തിൽ ഒരു ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ K-DISC-നെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. DPR തയ്യാറാക്കിയതിനുശേഷം മാത്രമെ മറ്റ് വിശദാംശങ്ങൾ ലഭ്യമാവുകയുള്ളൂ.

## പൊതുമേഖലാ സ്ഥാപനങ്ങൾ

124(2473) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ കേരളത്തിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്; വിശദവിവരം നൽകുമോ;

(ബി) ഇതിൽ ലാഭത്തിലും നഷ്ടത്തിലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതൊക്കെയാണ്;

(സി) പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ ആക്കുന്നതിനായി എത്ര കോടി രൂപയുടെ പാക്കേജാണ് സർക്കാർ നടപ്പിലാക്കിയിട്ടുള്ളത് എന്നറിയിക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിൽ ഒരു സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനടക്കം 42 പൊതുമേഖലാ സ്ഥാപനങ്ങളാണ് നിലവിൽ പ്രവർത്തിക്കുന്നത്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) 2017-18 സാമ്പത്തിക വർഷാവസാനം അവലോകനത്തിനായി പരിഗണിച്ച 40 പൊതുമേഖലാ സ്ഥാപനങ്ങളിൽ 14 സ്ഥാപനങ്ങൾ ലാഭത്തിലും 26 സ്ഥാപനങ്ങൾ നഷ്ടത്തിലും പ്രവർത്തിക്കുന്നു. വിശദാംശങ്ങൾ യഥാക്രമം അനുബന്ധമായി ചേർക്കുന്നു.*

(സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി 2016-17-ൽ 123 കോടി രൂപയും 2017-18-ൽ 270 കോടി രൂപയും അനുവദിച്ചിരുന്നു. 2018-19 വർഷം ഇതിനായി 297.35 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## കേരള ഓട്ടോമൊബൈൽസിന്റെ പുതിയ പ്രോജക്ടുകൾ

125(2474) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഓട്ടോമൊബൈൽസിൽ പുതിയ യന്ത്രങ്ങൾ നിർമ്മിക്കുന്ന പ്രോജക്ടുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം തരത്തിലുള്ള യന്ത്രങ്ങളാണ് നിർമ്മിക്കുന്നതിനും വിപണനം നടത്തുന്നതിനും പദ്ധതി തയ്യാർ ചെയ്തിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(സി) പുതിയതായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഇലക്ട്രിക് ഓട്ടോ എപ്പോൾ വിപണിയിൽ എത്തിക്കാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) ഉണ്ട്.

(ബി) Kerala State Coir Machinery Manufacturing Company-യുടെ കയർ യന്ത്രവും ISRO/VSSC/LPSC/Brahmos തുടങ്ങിയ സ്ഥാപനങ്ങളിലെ Aerospace Components നിർമ്മിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികളുമാണ് തയ്യാറാക്കിയിരിക്കുന്നത്.

(സി) ഇലക്ട്രിക് ഓട്ടോയ്ക്ക്, ഓട്ടോമൊബൈൽ റിസർച്ച് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ആയത് ലഭിച്ചാലുടൻ തന്നെ ഇലക്ട്രിക് ഓട്ടോ വിപണിയിലിറക്കാനാകുമെന്ന് കരുതുന്നു. ഇതിന്റെ പരീക്ഷണ ഓട്ടവും നടന്നുവരുന്നു.

## കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയുടെ കാസർഗോഡ് യൂണിറ്റ്

126(2475) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയുടെ കാസർഗോഡ് യൂണിറ്റും കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഭെല്ലും (BHEL)മായുള്ള സംയുക്ത സംരംഭം അവസാനിപ്പിക്കുവാൻ സർക്കാർ തലത്തിൽ ധാരണയായിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) കെല്ലിന്റെ ഇതര യൂണിറ്റുകൾക്ക് സമാനമായ രീതിയിൽ കാസർഗോഡ് യൂണിറ്റ് നിലനിർത്തുന്നതിനാണോ തീരുമാനിച്ചിട്ടുള്ളത് ; എങ്കിൽ കെല്ലിന്റെ ഇതര യൂണിറ്റുകളിലെ ജീവനക്കാരുടേതിന് സമാനമായ സേവന വേതന വ്യവസ്ഥകൾ കാസർഗോഡ് യൂണിറ്റിലും നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 'നീതി ആയോഗ്'-ന്റെ തീരുമാന പ്രകാരം കാസർഗോഡ് പ്രവർത്തിക്കുന്ന ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡ് - ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ് (BHEL-EML) എന്ന സംയുക്ത സംരംഭത്തിൽ 'ഭെൽ'-ന്റെ 51% ഓഹരികൾ വിൽക്കാൻ തീരുമാനിച്ചതിനെ തുടർന്ന് 12-6-2017-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗ തീരുമാന പ്രകാരം ഈ സ്ഥാപനത്തെ ഏറ്റെടുത്ത് പൊതുമേഖലയിൽ നിലനിർത്തുന്നതിന് തീരുമാനിച്ചു. ഓഹരികൾ ഏറ്റെടുക്കുവാനുള്ള സന്നദ്ധത കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ചീഫ് സെക്രട്ടറി ചെയർമാനായി ഒരു ഉന്നതതല സമിതി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥാപനത്തിന്റെ നടത്തിപ്പ് സംബന്ധിച്ച് ഇപ്പോൾ തീരുമാനങ്ങൾ കൈക്കൊണ്ടിട്ടില്ല.

## ബാംബൂ കോർപ്പറേഷൻ പ്രവർത്തനം

127(2476) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബാംബൂ കോർപ്പറേഷനിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) മാനന്തവാടിയിൽ പ്രവർത്തിക്കുന്ന ബാംബൂ കോർപ്പറേഷന്റെ സ്ഥാപനം വൈവിധ്യവത്ക്കരിക്കുന്നതിനുള്ള എന്തെങ്കിലും നടപടികൾ പരിഗണനയിലുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന ബാംബൂ കോർപ്പറേഷനിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. ഈറ്റവെട്ട്, പനമ്പ്നെയ്ത്ത് തൊഴിലാളികൾക്ക് മിനിമം വേതനത്തിന്റെ കുടിശ്ശിക ഇനത്തിൽ 9 കോടി രൂപയുണ്ടായിരുന്നതിൽ 7 മാസത്തെ കുടിശ്ശിക 167 ലക്ഷം രൂപ ഈറ്റവെട്ട്, പനമ്പ്നെയ്ത്ത് തൊഴിലാളികൾക്ക് വിതരണം ചെയ്തു.

2. 2017-18 സാമ്പത്തിക വർഷം വനിതകൾക്ക് പനമ്പ്നെയ്ത്ത്, ഈറ്റ, മുള കൊണ്ടുള്ള കരകൗശല ഉൽപ്പന്നങ്ങൾ, ഫർണിച്ചർ എന്നിവ നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകി തൊഴിലവസരം നൽകുക എന്ന ലക്ഷ്യത്തോടുകൂടി ആരംഭിച്ച പദ്ധതി പ്രകാരം 100 പേർക്ക് പ്രസ്തുത പരിശീലനം നൽകി തൊഴിൽ നൽകിയിട്ടുണ്ട്.

3. കോർപ്പറേഷന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുമുമ്പ് 12 യന്ത്രവത്കൃത പനമ്പ്നെയ്ത്ത് കേന്ദ്രങ്ങൾ ഉണ്ടായിരുന്നു. ഇതിലൂടെ 600 പേർക്ക് നേരിട്ടും 600 പേർക്ക് പരോക്ഷമായും തൊഴിൽ നൽകിയിരുന്നു. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2017-18 സാമ്പത്തിക വർഷം 10 യന്ത്രവത്കൃത പനമ്പ്നെയ്ത്ത് കേന്ദ്രങ്ങൾകൂടി ആരംഭിച്ച് 1000 വനിതകൾക്ക് തൊഴിലവസരം നൽകുകയെന്ന ലക്ഷ്യത്തോടുകൂടി നിലവിലുള്ള

യന്ത്രവത്കൃത പനമ്പ്നെയ്ത്ത് കേന്ദ്രങ്ങൾക്ക് പുറമെ 4 യന്ത്രവത്കൃത പനമ്പ്നെയ്ത്ത് കേന്ദ്രങ്ങൾ മുണ്ടങ്ങാമറ്റം, തോട്ടകം, മഴവന്നൂർ, പാലക്കാട് എന്നിവിടങ്ങളിൽ ആരംഭിക്കുകയും അതുവഴി 200 പേർക്ക് നേരിട്ടും 200 പേർക്ക് പരോക്ഷമായും ജോലി ലഭിച്ചു.

4. പരമ്പരാഗത ഈറ്റവെട്ട് പനമ്പ്നെയ്ത്ത് തൊഴിലാളികൾക്ക് 8-5-2017 മുതൽ 20% കൂലി വർദ്ധനവ് നടപ്പിലാക്കി.

5. 15 സാമൂഹ്യ യന്ത്രവത്കൃത പനമ്പ്നെയ്ത്ത് കേന്ദ്രങ്ങൾ തുടങ്ങാനും ബാംബൂ കൊറഗേറ്റഡ് ഷീറ്റ് നിർമ്മാണത്തിനുമായി 7.85 കോടി രൂപ ബഡ്ജറ്റിൽ അനുവദിച്ചു.

6. കാലങ്ങളായി പനമ്പും ബാംബൂപ്ലൈയും വില കുറച്ചാണ് വിൽപ്പന നടത്തിയിരുന്നത്. ഉത്പാദനച്ചെലവ് 177 രൂപയുള്ള പനമ്പ് 48 രൂപയ്ക്ക് വിൽപ്പന നടത്തി ഭീമമായ നഷ്ടമാണ് കോർപ്പറേഷനുണ്ടായത്. ഇത് പരിഹരിക്കുന്നതിനായി ഉത്പാദന ചെലവെങ്കിലും കോർപ്പറേഷന് ലഭിക്കുന്ന രീതിയിൽ പനമ്പിന്റെയും പ്ലൈയുടെയും വില വർദ്ധിപ്പിക്കുക വഴി കോർപ്പറേഷന്റെ നഷ്ടം കുറയ്ക്കാൻ സാധിച്ചു.

7. ബാംബൂ ബോർഡ് ഫാക്ടറിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വില കുറഞ്ഞ എന്നാൽ ഗുണമേന്മ കൂടിയ ബാംബൂ പ്ലൈ സ്റ്റാൻഡേർഡ് വിപണിയിലെത്തിക്കുക വഴി വിപണി പിടിച്ചടക്കാനും കൂടുതൽ ഓർഡർ ലഭിക്കാനും പ്രവർത്തന നഷ്ടം കുറയ്ക്കാനും സാധിച്ചു.

8. കേരള സംസ്ഥാന ബാംബൂ കോർപ്പറേഷനെ മുള ഉപയോഗിച്ചുള്ള ഉത്പന്നങ്ങൾ നിർമ്മിക്കുകയും വിപണനം നടത്തുകയും ചെയ്യുന്ന അക്രഡിറ്റേഷൻ ഏജൻസിയാക്കി മാറ്റുന്നതിനുള്ള ശിപാർശ സർക്കാർ പരിഗണനയിലാണ്.

9. ഭാരത സർക്കാർ നാഷണൽ ബാംബൂ മിഷന്റെ കീഴിൽ മുളയുടെ വികസനത്തിനായി കഴിഞ്ഞ ബഡ്ജറ്റിൽ 1210 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആയതിലേയ്ക്കായി കേരള സർക്കാരിന്റെ കീഴിലുള്ള കേരള സംസ്ഥാന ബാംബൂ മിഷൻ വഴി 50 കോടി രൂപയുടെ പദ്ധതികൾ നാഷണൽ ബാംബൂ മിഷന് സമർപ്പിക്കുകയും അതിൽ 25.71 കോടി രൂപയുടെ പദ്ധതികൾ ഭാരത സർക്കാർ അംഗീകരിച്ചിട്ടുമുണ്ട്.

10. 2018 സെപ്റ്റംബർ മുതൽ ഈറ്റ സുലഭമായി ലഭ്യമാക്കുന്നുണ്ട്.

(ബി) മാനന്തവാടിയിൽ പ്രവർത്തിക്കുന്ന ബാംബൂ കോർപ്പറേഷന്റെ സ്ഥാപനമായ മാനന്തവാടി ഫീഡർ യൂണിറ്റ് വൈവിധ്യവത്ക്കരിക്കാനായി നടപ്പിലാക്കാൻ ഉദ്ദേശിച്ചിരിക്കുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്.

1. മുള ഉപയോഗിച്ച് ഇൻസെൻസ് സ്റ്റിക്ക് നിർമ്മിക്കുന്നതിനുള്ള ഒരു യൂണിറ്റ് സ്ഥാപിക്കുക.
2. ഈറ്റയിൽ നിന്ന് പനമ്പ് നെയ്യുന്നതിനുള്ള ഒരു സാമൂഹ്യ യന്ത്രവത്കൃത പനമ്പ്നെയ്ത്ത് കേന്ദ്രം സ്ഥാപിക്കുക.
3. നിലവിൽ മാനന്തവാടി ഫീഡർ യൂണിറ്റിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ബാംബൂ ഫർണിച്ചർ നിർമ്മാണ യൂണിറ്റ് വിപുലീകരിച്ച് കൂടുതൽ ഉൽപ്പാദനം നടത്തുക.

## പൊതുമേഖലാ സ്ഥാപനങ്ങളിലെ സ്പെഷ്യൽ റൂൾ നടപ്പാക്കുന്നതിലെ കാലതാമസം

128(2477) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്പെഷ്യൽ റൂൾ നടപ്പാക്കാനുള്ള കാലതാമസത്തിന്റെ കാരണം എന്താണെന്നും ഏതെല്ലാം സ്ഥാപനങ്ങളാണ് ഇനി സ്പെഷ്യൽ റൂൾ നടപ്പിലാക്കാനുള്ളതെന്നും അറിയിക്കാമോ;

(ബി) പൊതുമേഖലയിലുള്ള സ്ഥാപനങ്ങളിലെ തസ്തികകൾ പി.എസ്.സി.-യെ മറികടന്ന് നിയമനം നടത്തുന്ന രീതി അവസാനിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള 22 കമ്പനികളിൽ സ്പെഷ്യൽ റൂൾ അംഗീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ബാക്കിയുള്ള സ്ഥാപനങ്ങളിൽ സ്പെഷ്യൽ റൂൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) പി.എസ്.സി.-യുടെ പരിധിയിലുള്ള തസ്തികകളിൽ പി.എസ്.സി. മുഖേനയാണ് നിയമനം നടന്നുവരുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കെൽട്രോണിലെ നിയമനങ്ങൾ

129(2478) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 കാലയളവിൽ കെൽട്രോൺ വിജ്ഞാപനം നടത്തുകയും തുടർന്നുള്ള കാലയളവിൽ ഇൻറർവ്യൂ നടത്തുകയും ചെയ്ത് 2017-18 കാലയളവിൽ കെൽട്രോൺ തയ്യാറാക്കിയ റാങ്ക് ലിസ്റ്റുകളുടെ ഇപ്പോഴത്തെ സ്റ്റാറ്റസ് ലഭ്യമാക്കാമോ;

(ബി) കെ.എസ്.ഇ.ഡി.സി/14/ആർ/0017-കെ.എസ്.ഇ.ഡി.സി/14/R/98 എന്നീ നോട്ടിഫിക്കേഷനിൽ പരീക്ഷയും ഇന്റർവ്യൂവും നടത്തി പ്രസിദ്ധീകരിച്ച ഫൈനൽ റാങ്ക് ലിസ്റ്റുകളുടെ കാലാവധി എത്രവർഷമാണ്;

(സി) മേൽപ്പറഞ്ഞ വിജ്ഞാപനത്തിനനുസൃതമായി പുറപ്പെടുവിച്ച റാങ്ക് ലിസ്റ്റുകളിൽനിന്നും ഉദ്യോഗാർത്ഥികളെ അപ്പോയിന്റ് ചെയ്യുന്നതിന് സർക്കാരിന്റെയോ റിയാബിന്റെയോ കെൽട്രോൺ ഡയറക്ടർ ബോർഡിന്റെയോ പ്രത്യേക അനുമതി ആവശ്യമുണ്ടോ;

(ഡി) മേൽപറഞ്ഞ വിജ്ഞാപനത്തിൽ മിക്കവയിലും ഒറ്റ വേക്കൻസി ആണ് ഉണ്ടായിരുന്നത് എന്നതിനാൽ റിട്ടയർമെന്റ് വേക്കൻസി റാങ്ക് ലിസ്ററിൽനിന്നും എടുക്കുന്നതിന് തടസ്സം ഉണ്ടോ എന്നും അതിന് സർക്കാരിന്റെ അനുമതി ആവശ്യമുണ്ടോ എന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) റാങ്ക് ലിസ്റ്റ് ഇപ്പോൾ പ്രാബല്യത്തിലുണ്ട്.

(ബി) 2 വർഷം.

(സി) വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുമുമ്പ് സർക്കാരിൽനിന്ന് അനുമതി ലഭിക്കുന്നതിനാൽ ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിന് പ്രത്യേക അനുമതി ആവശ്യമില്ല.

(ഡി) സർക്കാരിന്റെ അനുമതി ആവശ്യമാണ്.

## കേരള സ്റ്റാർട്ടപ്പ് മിഷൻ

130(2479) ശ്രീ. വി. ടി. ബൽറാം :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റാർട്ടപ്പ് മിഷനിൽ 2018 -ൽ ഇതുവരെ രജിസ്റ്റർ ചെയ്ത സ്റ്റാർട്ടപ്പ് കമ്പനികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇത്തരത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്റ്റാർട്ടപ്പ് കമ്പനികളുടെ സേവനം സർക്കാർ മേഖലയിൽ ഉപയോഗപ്പെടുത്തുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഇത്തരം സ്റ്റാർട്ടപ്പ് കമ്പനികളെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ;

(ഡി) ഈ മേഖലയിൽ പ്രതിവർഷം എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള സ്റ്റാർട്ടപ്പ് മിഷനിൽ 2018-ൽ ഇതുവരെ 327 സ്റ്റാർട്ടപ്പ് കമ്പനികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. *

(ബി&സി) വിവിധ സർക്കാർ വകുപ്പുകൾക്കും അനുബന്ധ സ്ഥാപനങ്ങൾക്കും ആവശ്യമായ ഇരുപത് ലക്ഷം രൂപ വരെയുള്ള സേവനങ്ങളും ഉത്പന്നങ്ങളും നേരിട്ട് സംഭരിക്കുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. സേവനങ്ങളോ ഉത്പന്നങ്ങളോ ആവശ്യമായി വരുന്ന പക്ഷം സ്റ്റാർട്ടപ്പ് മിഷനെ അറിയിക്കുന്ന മുറയ്ക്ക് ആവാസവ്യവസ്ഥയിലെ സ്റ്റാർട്ടപ്പുകളിൽനിന്നും താത്പര്യം ക്ഷണിക്കുകയും അത് വിശദമായ പരിശോധനകൾക്കുശേഷം വിദഗ്ധ സമിതിയുടെ അംഗീകാരത്തോടെ വകുപ്പുകളുമായി ബന്ധപ്പെടുത്തി സ്റ്റാർട്ടപ്പുകളിൽ നിന്നും ഉത്പന്നങ്ങളോ സേവനങ്ങളോ ലഭ്യമാക്കിവരുന്നു. കൂടാതെ സർക്കാർ വകുപ്പുകളുടെ ആവശ്യങ്ങൾ സ്റ്റാർട്ടപ്പുകളെ നേരിട്ട് അറിയിക്കുന്നതിനായി "ഡിമാൻഡ് ഡേ"-കൾ സംഘടിപ്പിച്ചുവരുന്നു. ഇതിലൂടെ വകുപ്പുകൾക്കും സർക്കാർ അനുബന്ധ സ്ഥാപനങ്ങൾക്കും ആവശ്യമായി വരുന്ന സേവനങ്ങളെ/ഉത്പന്നങ്ങളെ സംബന്ധിച്ച വിശദാംശം സ്റ്റാർട്ടപ്പുകൾക്ക് മനസ്സിലാക്കുന്നതിനും അതിന് ഏറ്റവും നല്ല പരിഹാരം കണ്ടെത്തുന്നതിനും കഴിയും. സർക്കാർ സേവനങ്ങൾക്ക് ആവശ്യമായതുൾപ്പെടെ വിവിധ ആശയങ്ങൾ ആദ്യ മാതൃകയായി രൂപപ്പെടുത്തുന്നതിനും 2 ലക്ഷം രൂപവരെയും ആദ്യ മാതൃക ഉല്പന്നമായി മാറ്റുന്നതിന് 7 ലക്ഷം രൂപ വരെയും ഉത്പന്നം വിപണിയിൽ എത്തിക്കുന്നതിന് 12 ലക്ഷം രൂപ വരെയും ഗ്രാന്റായി നൽകുന്ന ഇന്നവേഷൻ ഗ്രാന്റ് പദ്ധതിയും സ്റ്റാർട്ടപ്പുകൾ, വിദ്യാർത്ഥികൾ എന്നിവർക്കായി നടപ്പിലാക്കിവരുന്നു. ഇതിലൂടെ മികച്ച ഉത്പന്നങ്ങളും സേവനങ്ങളും സ്റ്റാർട്ടപ്പുകളിൽനിന്നും സർക്കാർ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും ലഭ്യമാകും.

(ഡി) ഈ മേഖലയിൽ പ്രതിവർഷം 5000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വ്യവസായ മേഖലയുടെ വളർച്ചയ്ക്കായുള്ള പദ്ധതികൾ

131(2480) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ മേഖലയുടെ വളർച്ചയ്ക്ക് ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എവിടെയെല്ലാമാണ് പുതിയതായി വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചതെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും അവയുടെ നടത്തിപ്പ് സുഗമമാക്കുന്നതിനുംവേണ്ടി ഏഴ് നിയമങ്ങൾ (ആക്റ്റ്) ഭേദഗതി വരുത്തിക്കൊണ്ട് ഒരു ഏകീകൃത ആക്റ്റായ "കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്റ്റ്- 2018" നിലവിൽവന്നു. K-SWIFT (സിംഗിൾ വിൻഡോ ഇന്റർ ഫെയ്സ് ഫോർ ഫാസ്റ്റർ ഡിസ്പോസൽ ആന്റ് ട്രാൻസ്പെരൻസി) എന്ന പേരിൽ ഒരു പോർട്ടൽ 8-1-2019-ന് ലോഞ്ച് ചെയ്യുവാൻ നിശ്ചയിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ അപേക്ഷാ ഫോറം ഏകീകരിച്ചുകൊണ്ട് ഒരു ഏകീകൃത അപേക്ഷാ ഫോറം (Common Application Form-CAF) മുഖേന അനുമതികൾ കാലതാമസം ഇല്ലാതെ ഈ ഓൺലൈൻ സംവിധാനം (K-SWIFT) വഴി ലഭ്യമാകുന്നതാണ്. പ്രസ്തുത അപേക്ഷയിന്മേലുള്ള പരിശോധന സമയബന്ധിതമായി നടപ്പാക്കുന്നതിനായി Investment Promotion and Facilitation Cell (IPFC) സംസ്ഥാനതലത്തിലും ജില്ലാതലത്തിലും രൂപീകരിച്ചിട്ടുണ്ട്. അനുമതികൾ ആവശ്യമായ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ ഉൾപ്പെട്ടതാണ് പ്രസ്തുത സെൽ.

ഡി.ഐ.സി. മുഖാന്തരം നടപ്പിലാക്കിയ പദ്ധതികൾ

1. വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പുതിയ വ്യവസായ ആവശ്യവുമായി മുന്നോട്ടുവരുന്ന സംരംഭകർക്ക് സഹായം നൽകുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നത്.

2. ഗാർഹിക നാനോ സംരംഭങ്ങൾക്കുള്ള പലിശ സബ്സിഡി പദ്ധതി.

3. സർവ്വകലാശാലകളും/ഗവേഷണ സ്ഥാപനങ്ങളും വ്യവസായങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തൽ പദ്ധതി.

4. എം.എസ്.എം.ഇ.-കൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി.

5. സംസ്ഥാന ആവിഷ്കൃത ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം.

6. തകർച്ച നേരിടുന്ന എം.എസ്.എം.ഇ.-കളുടെ പുനരുദ്ധാരണ പദ്ധതി.

കെ-ബിപ്പ് മുഖാന്തരം നടപ്പിലാക്കിയ പദ്ധതികൾ

1. വ്യാപാർ 2017

2. കേരള ബാംബൂ ഫെസ്റ്റ്

3. ക്ലസ്റ്റർ വികസനം

4. ചെറുകിട വ്യവസായ പ്രോത്സാഹനം

5. മലബാർ ക്രാഫ്റ്റ്സ് മേള

6. SME വെബ് പോർട്ടലിന്റെ രൂപീകരണം.

കൈത്തറി ആന്റ് ടെക്സ്റ്റൈൽസ് ഡയറക്ടറുടെ കാര്യാലയം (DHT) മുഖാന്തരം നടപ്പിലാക്കിയ പദ്ധതികൾ

1. സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി

2. യുവ വീവ് പദ്ധതി

3. ഒരു വീട്ടിൽ ഒരു തറി പദ്ധതി

കെ.എസ്.ഐ.ഡി.സി. മുഖാന്തരം നടപ്പിലാക്കിയ പദ്ധതികൾ

1. ബാങ്ക് നിരക്കുകളിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ സമയബന്ധിതമായി ഉപഭോക്താക്കൾക്ക് കൈമാറുവാൻ കെ.എസ്.ഐ.ഡി.സി. ലോണുകളുടെ പലിശ നിരക്ക് ആർ.ബി.ഐ.-യുടെ ബാങ്ക് നിരക്കുമായി ബന്ധപ്പെടുത്തിയിട്ടുണ്ട്. എല്ലാ സംരംഭങ്ങൾക്കുമുള്ള പുതിയ പലിശ നിരക്കുകൾ 9.75%-11.75% ആണ്. കൂടാതെ ഓരോ ത്രൈമാസത്തിന്റെയും അവസാനം കുടിശ്ശിക ഇല്ലായെങ്കിൽ പലിശ നിരക്കിൽ മുക്കാൽ ശതമാനം വരെ (ബാക്കിയുള്ള മുതലിന്റെ അടിസ്ഥാനത്തിൽ) വീണ്ടും കുറവ് നൽകിവരുന്നു.

(ബി) വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം പ്രകാരമുള്ള കണക്കനുസരിച്ച് 36080 MSME യൂണിറ്റുകൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 31-10-2018 വരെ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. അവ ഏതെല്ലാം മേഖലകളിലാണെന്നുള്ള ജില്ല തിരിച്ചുള്ള വിവരം അനുബന്ധം 1 ആയി ചേർക്കുന്നു.* കെ.എസ്.ഐ.ഡി.സി.-യുടെ കീഴിൽ പുതിയതായി ആരംഭിച്ച വ്യവസായ സ്ഥാപനങ്ങളുടെ വിവരം അനുബന്ധം 2 ആയി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വാണിജ്യ മിഷൻ പദ്ധതി

132(2481) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-ലെ വ്യവസായ വാണിജ്യ നയത്തിൽ വാണിജ്യ മിഷൻ പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിലൂടെ ലക്ഷ്യമിടുന്നത് എന്താണെന്ന് വ്യക്തമാക്കുമോ;

(സി) കേരളത്തിലെ ചെറുകിട വ്യാപാര മേഖലയെ വളർത്തുന്നതിന് ടൂറിസം വകുപ്പുമായി ചേർന്ന് മേളകൾ സംഘടിപ്പിക്കുന്നുണ്ടോ; ഇതിലൂടെ പ്രസ്തുത മേഖലയ്ക്ക് ഉണർവ് നൽകുന്നതിന് സാധിച്ചിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തെ സംരംഭകർക്ക് അന്തർദ്ദേശീയ വിപണികളെക്കുറിച്ച് അവബോധം നൽകുന്നതിന് എന്തൊക്കെ കാര്യങ്ങളാണ് നടപ്പിലാക്കുന്നത്; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) 20-7-2018-ലെ സ.ഉ.(കൈ) നമ്പർ 51/2018/വ്യവ. പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള 2018-ലെ കേരള വ്യവസായ വാണിജ്യ നയത്തിൽ പറഞ്ഞതിൻ പ്രകാരം 3-12-2018-ലെ സ.ഉ.(സാധാ.) നമ്പർ 1329/2018/വ്യവ. പ്രകാരം വാണിജ്യമിഷൻ രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രദേശികവും ദേശീയവും അന്തർദ്ദേശീയവുമായ കമ്പോളത്തിൽ പൊതുമേഖല, സ്വകാര്യ മേഖല, പരമ്പരാഗത മേഖല, സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ മേഖലകളിലെ കേരളീയ ഉൽപ്പന്നങ്ങൾക്ക് അർഹമായ സ്ഥാനം ലഭിക്കത്തക്ക തരത്തിൽ മേളകളും ഫെയറുകളും സംഘടിപ്പിച്ച് ബിസിനസ്സ് ബന്ധം വളർത്തുകയും വിപണി കണ്ടെത്തുകയും ചെയ്യുക എന്നതാണ് വാണിജ്യമിഷൻ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

(സി) കേരളത്തിലെ ചെറുകിട വ്യാപാര മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന് വ്യവസായ വകുപ്പ് സ്വന്തംനിലയിൽ മേളകൾ സംഘടിപ്പിക്കുന്നു. ഇതിലൂടെ എം.എസ്.എം.ഇ. മേഖലയ്ക്ക് ഉണർവ് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങളുടെ വളർച്ചയ്ക്കുവേണ്ടി ബിസിനസ്സ് ടു ബിസിനസ്സ് മീറ്റുകൾ (ബി 2 ബി) സംഘടിപ്പിക്കുന്നു. കേരളത്തിലെ ചെറുകിട വ്യവസായങ്ങൾക്ക് വിപണി വർദ്ധിപ്പിക്കുന്നതിനായി ദേശീയ അന്തർദ്ദേശീയ ഫെയറുകളിൽ സൂക്ഷ്മ ചെറുകിട വ്യവസായ സ്ഥാപനങ്ങളെ പങ്കെടുപ്പിച്ച് വരുന്നു. വാണിജ്യമിഷൻ രൂപീകരണത്തോടെ വിപണി കണ്ടെത്തുന്നതിന് സംരംഭകർക്ക് കഴിയും.

## ചെറുകിട വ്യവസായങ്ങൾ

133(2482) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായങ്ങൾ ആരംഭിക്കാൻ എന്തൊക്കെ പുതിയ പദ്ധതികൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആവിഷ്കരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൂട്ടിയ എത്ര സ്ഥാപനങ്ങൾ ഈ സർക്കാർ പുനരാരംഭിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) ചെറുകിട വ്യവസായങ്ങൾ ആരംഭിക്കാൻ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) കേരളത്തിൽ ബിസിനസ്സ് നടത്തുന്നത് സുഗമമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി വ്യവസായ സംരംഭകർക്ക് ലൈസൻസുകളും ക്ലിയറൻസുകളും അതിവേഗം സുതാര്യമായി ലഭ്യമാക്കുന്നതിന് വിവിധ വകുപ്പുകളിലായി നിലനിന്നിരുന്ന ഏഴ് ആക്ടുകളിൽ ഭേദഗതി വരുത്തി 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ആക്ട് (2018-ലെ 14-ാം നിയമം) നിലവിൽ വന്നു. സമയബന്ധിതമായി ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാകുന്നു എന്നത് പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ അപേക്ഷ ഫോറം ഏകീകരിച്ചുകൊണ്ട് ഒരു ഏകീകൃത അപേക്ഷ ഫോറം മുഖേന അനുമതികൾ കാലതാമസം ഇല്ലാതെ ലഭിക്കുന്നതിനായി ആരംഭിച്ച ഏകജാലക ഓൺലൈൻ സംവിധാനമായ K-SWIFT-ന്റെ ഔദ്യോഗിക ലോഞ്ചിംഗ് 8-1-2019-ൽ നടത്തുവാൻ നിശ്ചയിച്ചിട്ടുണ്ട്.

(ബി) MSME സംരംഭങ്ങൾ സ്വകാര്യ വ്യക്തികൾ ആരംഭിക്കുന്നതാണ്. ആയതിനാൽ സ്വകാര്യ MSME യൂണിറ്റുകൾ സർക്കാർ ആഭിമുഖ്യത്തിൽ പുനരാരംഭിക്കാറില്ല.

(സി) MSME സംരംഭങ്ങൾ ആരംഭിക്കുന്നതിലേയ്ക്കായി സംരംഭകൻ കേന്ദ്ര സർക്കാരിന്റെ ഉദ്യോഗ് ആധാറിൽ രജിസ്റ്റർ ചെയ്യണം. ആയത് നേരിട്ട് ചെയ്യാൻ കഴിഞ്ഞില്ലായെങ്കിൽ ബന്ധപ്പെട്ട ജില്ലാ വ്യവസായ കേന്ദ്രത്തിലെ വ്യവസായ വികസന ആഫീസർ മുഖാന്തരം ചെയ്യാവുന്നതാണ്. തുടങ്ങാൻ ഉദ്ദേശിക്കുന്ന

സംരംഭത്തിന്റെ സ്വഭാവം അനുസരിച്ച് ആവശ്യമായി വരുന്ന വിവിധ ലൈസൻസുകൾ ലഭിക്കുന്നതിനായി വ്യവസായം തുടങ്ങാൻ ഉദ്ദേശിക്കുന്ന ജില്ലയിലെ വ്യവസായ കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന Single Window Clearance Board-ന് അപേക്ഷ നൽകാവുന്നതാണ്. നിയമപരമായ തടസ്സങ്ങൾ ഒന്നും ഇല്ലായെങ്കിൽ 30 ദിവസത്തിനകം ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നുള്ള ലൈസൻസുകൾ ലഭ്യമാക്കി വ്യവസായം ആരംഭിക്കാവുന്നതാണ്.

## പ്രളയത്തിൽ തകർന്ന ചെറുകിട വ്യവസായ മേഖല

134(2483) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ നാശോന്മുഖമായ ചെറുകിട വ്യവസായ മേഖലയെ പുനരധിവസിപ്പിക്കുന്നതിനും ഈ മേഖലയിലെ പ്രശ്ന പരിഹാരത്തിനുമായി വ്യവസായ വകുപ്പ് ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രളയത്തിൽ നിന്ന് കരകയറാൻ പാടുപെടുന്ന ചെറുകിട വ്യവസായ മേഖലയെ സഹായിക്കാൻ സംസ്ഥാനത്തിന് ഈയിനത്തിൽ കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ;

(സി) കേന്ദ്ര സഹായത്തിനായി എന്തെങ്കിലും റിപ്പോർട്ട് സംസ്ഥാന വ്യവസായ വകുപ്പ് കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

### ഉത്തരം

(എ) പ്രളയക്കെടുതിയിൽ ഉൾപ്പെട്ട MSME യൂണിറ്റുകളെ പുനരുദ്ധരിക്കുന്നതിലേയ്ക്കായി ചുവടെ വിവരിക്കുന്ന പദ്ധതികൾ 2019-20-ലെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിലേയ്ക്കായി സംസ്ഥാന പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്.

1. ദുരിത ബാധിത പുനർനിർമ്മാണ സംരംഭക സഹായ പദ്ധതി

   വെള്ളപ്പൊക്ക ദുരന്തത്തിൽപ്പെട്ട എം.എസ്.എം.ഇ. സംരംഭകർക്ക് അവരുടെ സംരംഭം പുനഃസ്ഥാപിക്കുന്നതിലേയ്ക്കായി സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണിത്. സ്റ്റാർട്ടപ്പ് സഹായം, നിക്ഷേപ സഹായം എന്നിങ്ങനെ രണ്ടുഘട്ടമായി സഹായം നൽകും.

2. പലിശ സഹായ പദ്ധതി

ദുരന്തബാധിത സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകർ സംരംഭം വീണ്ടെടുക്കുന്നതിനായി പുതുതായി ബാങ്കുകൾ വഴി നേടുന്ന വായ്പകളിൽ 6% മുതൽ 8% വരെ പലിശയിളവ് 3 വർഷത്തേയ്ക്ക് ലഭിക്കുന്ന രീതിയിൽ സർക്കാർ സബ്സിഡി ലഭ്യമാക്കുകയെന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

(ബി) പ്രളയത്തിലുൾപ്പെട്ട ചെറുകിട വ്യവസായ മേഖലയുടെ പുനരുദ്ധാരണത്തിന് മാത്രമായി പ്രത്യേക കേന്ദ്ര സഹായം ലഭിച്ചിട്ടില്ല.

(സി) സംസ്ഥാനത്തുണ്ടായ നാശനഷ്ടം സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനെ അറിയിക്കുകയും സഹായം അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

## ചെറുകിട വ്യവസായ മേഖലയ്ക്കായുള്ള പദ്ധതികൾ

135(2484) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിടവ്യവസായ മേഖലയ്ക്ക് സഹായകമായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) ഇക്കാലയളവിൽ എത്ര ചെറുകിട വ്യവസായ സ്ഥാപനങ്ങൾ സർക്കാരിന്റെ വ്യവസായ പാർക്കുകളിൽ പുതുതായി ആരംഭിച്ചു എന്ന് അറിയിക്കുമോ?

### ഉത്തരം

(എ) കേരളത്തിൽ ബിസിനസ്സ് നടത്തുന്നത് സുഗമമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി വ്യവസായ സംരംഭകർക്ക് ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിന് വിവിധ വകുപ്പുകളിലായി നിലനിന്നിരുന്ന ഏഴ് ആക്ടുകളിൽ ഭേദഗതി വരുത്തി 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ആക്ട് (2018-ലെ 14-ാം നിയമം) ആയി പ്രസിദ്ധീകരിച്ചിട്ടുണ്ട്. വ്യവസായ സംരംഭകർക്ക് ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആക്ട് (2000-ലെ)-ൽ മേൽ വിജ്ഞാനപ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്. സമയബന്ധിതമായി ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാകുന്നു എന്നത് പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനതല ത്തിലും ജില്ലാതലത്തിലും കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ അപേക്ഷ ഫോറം ഏകീകരിച്ചുകൊണ്ട് ഒരു ഏകീകൃത അപേക്ഷ ഫോറം മുഖേന

അനുമതികൾ കാലതാമസമില്ലാതെ ലഭിക്കുന്നതിനായി ആരംഭിച്ച ഏകജാലക ഓൺലൈൻ സംവിധാനമായ K-SWIFT-ന്റെ ഔദ്യോഗിക ലോഞ്ചിംഗ് 8-1-2019-ൽ നടത്തുവാൻ നിശ്ചയിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിന്റെയും കിൻഫ്രയുടെയും കെ.എസ്.ഐ.ഡി.സി.-യുടെയും നിയന്ത്രണത്തിലുള്ള വ്യവസായ പാർക്ക്/ഏരിയ എന്നിവിടങ്ങളിലും ബഹുനില കെട്ടിടസമുച്ചയങ്ങളിലും ചെറുകിട വ്യവസായ സംരംഭകർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാണ്. സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച വ്യവസായ നയത്തിന്റെ ചുവടുപിടിച്ച് 3-12-2018-ലെ സ.ഉ.(സാധാ)നമ്പർ 1329/2018/വ്യവ. ഉത്തരവ് പ്രകാരം "വാണിജ്യ മിഷൻ" രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ നിയന്ത്രണത്തിലുള്ള വ്യവസായ പാർക്കുകളിൽ 160 എം.എസ്.എം.ഇ. യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. കിൻഫ്രയുടെ വിവിധ പാർക്കുകളിലായി 164 ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള സ്ഥലം അനുവദിച്ചിട്ടുണ്ട്.

## വ്യവസായ എസ്റ്റേറ്റുകളിലെ സ്ഥലങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് പദ്ധതി

136(2485) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ എസ്റ്റേറ്റുകളിൽ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) വ്യവസായ എസ്റ്റേറ്റുകളിൽ എത്ര ചതുരശ്ര അടി സ്ഥലം ഉപയോഗ പ്രദമല്ലാതെ കിടക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്;

(സി) വ്യവസായ എസ്റ്റേറ്റുകളിലേക്ക് അപേക്ഷകരെ ആകർഷിക്കുന്നതിന് വിഘാതമായി നിൽക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണ്;

(ഡി) സ്ഥലത്തിനായി അപേക്ഷ നൽകിയാൽ അത് അനുവദിക്കുന്നതിന് അനാവശ്യ കാലതാമസം ഉണ്ടാക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഈ കാലതാമസം ഒഴിവാക്കുന്നതിന് എന്ത് നിർദ്ദേശമാണ് നൽകിയിട്ടുള്ളത് എന്നറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വ്യവസായ എസ്റ്റേറ്റുകളിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സ്ഥലം അനുവദിച്ചിട്ടും അത് ഉപയോഗപ്പെടുത്താത്ത സംരംഭകരിൽ നിന്നും പ്രസ്തുത സ്ഥലങ്ങൾ തിരിച്ചെടുത്ത് പുതിയ സംരംഭകർക്ക് നൽകുന്നതിന് നിലവിൽ വ്യവസ്ഥയുണ്ട്.

(ബി) വ്യവസായ വാണിജ്യ വകുപ്പിന്റെ വ്യവസായ എസ്റ്റേറ്റുകളിൽ 68.33 ഏക്കർ സ്ഥലം ഉപയോഗിക്കാതെ കിടക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. വ്യവസായ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ സിഡ്കോയുടെ വിവിധ വ്യവസായ എസ്റ്റേറ്റുകളിലും വ്യവസായ പാർക്കുകളിലുമായി 801.655 സെന്റ് ഭൂമി ഉപയോഗിക്കാതെ കിടക്കുന്നുണ്ട്.

(സി) വ്യവസായ എസ്റ്റേറ്റുകളിലേയ്ക്ക് അപേക്ഷകരെ ആകർഷിക്കുന്നതിന് വിഘാതമായി നിൽക്കുന്ന ഘടകങ്ങൾ ഒന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) അനാവശ്യ കാലതാമസം ഉണ്ടാക്കുന്നതായി കണ്ടെത്തിയിട്ടില്ല.

**കൊച്ചി-ബെംഗളൂരു വ്യവസായ ഇടനാഴി**

137(2486) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി-ബെംഗളൂരു വ്യവസായ ഇടനാഴി സ്ഥാപിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത ഇടനാഴിയെ നിക്ഷേപ സൗഹൃദ മേഖലയായി വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ;

(സി) പ്രസ്തുത ഇടനാഴിക്ക് കേന്ദ്ര അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ഡി) ഏതൊക്കെ വ്യവസായങ്ങൾക്കാണ് പ്രസ്തുത ഇടനാഴിയിൽ പ്രാമുഖ്യം നൽകുന്നതിന് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ-സി) കൊച്ചി മുതൽ ബാംഗ്ലൂർ വരെ ഒരു വ്യവസായ ഇടനാഴി രൂപീകരിക്കുന്നതിനും ഇതിൽ കൊച്ചി മുതൽ പാലക്കാട് വരെയുള്ള പ്രദേശം ഒരു ഹൈടെക് വ്യവസായ ഇടനാഴിയായി വികസിപ്പിക്കുന്നതിനും സംസ്ഥാന സർക്കാർ ഒരു അപേക്ഷ കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ചിരുന്നു. തുടർന്ന് വ്യവസായ ഇടനാഴികളുടെ രൂപീകരണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള നാഷണൽ ഇൻഡസ്ട്രിയൽ കൊറിഡോർ ഡെവലപ്മെന്റ് ആന്റ് ഇംപ്ലിമെന്റേഷൻ ട്രസ്റ്റ് (NICDIT)-ന് പ്രസ്തുത പദ്ധതിയുടെ വിവരങ്ങൾ സമർപ്പിക്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പദ്ധതി രൂപരേഖ NICDIT-ന് സമർപ്പിക്കുകയും ഇതേത്തുടർന്ന് കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ പ്രാഥമിക രൂപരേഖ തയ്യാറാക്കുന്നതിനായി ഒരു വിദഗ്ദ്ധോപദേശ ഏജൻസിയെ നിയമിക്കുകയും ചെയ്തു. പ്രസ്തുത പദ്ധതിയുടെ

രൂപരേഖയും ഒരു കാലഘട്ടത്തിലേയ്ക്കുള്ള പദ്ധതി കാഴ്ചപ്പാടും തയ്യാറാക്കി റിപ്പോർട്ട് NICDIT-ന് സർക്കാർ സമർപ്പിച്ചിട്ടുണ്ട്. വ്യവസായശാലകൾ തുടങ്ങാൻ അനുമതി വേഗത്തിലാക്കി നിക്ഷേപക സൗഹൃദ മേഖലയാക്കി സ്വകാര്യ പങ്കാളിത്തം വഴിയുള്ള നിക്ഷേപത്തെ കൂടുതൽ ആകർഷിച്ചുള്ള വ്യവസായ വികസനമാണ് വ്യവസായ ഇടനാഴി സങ്കല്പത്തിലൂടെ ലക്ഷ്യമിടുന്നത്.

(ഡി) വ്യവസായ ഇടനാഴിയുടെ ഭാഗമായി വിവിധ വ്യവസായ ക്ലസ്റ്ററുകൾ വരുന്നതിലൂടെ പുതിയ നിക്ഷേപ മേഖലകൾ വികസിപ്പിക്കാൻ കഴിയുന്നതാണ്. നൂതന ഉത്പാദന രീതികളിലേയ്ക്ക് നയിക്കുക, ഉയർന്ന വരുമാനമുള്ള തൊഴിലവസരങ്ങൾ ഉണ്ടാക്കുക, സുസ്ഥിര വികസന ലക്ഷ്യങ്ങളോടെ വികസിപ്പിക്കുക, വ്യവസായവൽക്കരണത്തെ അടുത്ത തലത്തിലേയ്ക്ക് മാറ്റുക എന്നതുപോലുള്ള പുതിയതും ചലനാത്മകവുമായ കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടുള്ള വികസനമാണ് ഉദ്ദേശിക്കുന്നത്. ഏതെല്ലാം വ്യവസായ മേഖലകളാണ് കൊച്ചി-ബംഗളൂരു ഇടനാഴിയിൽ സ്ഥാപിക്കുവാൻ സാധ്യമാവുക എന്ന് വിശദമായ പഠനത്തിലൂടെ മാത്രമേ തീരുമാനിക്കുവാൻ കഴിയുകയുള്ളൂ. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചതിനുശേഷം മാത്രമേ വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കുകയുള്ളൂ.

## കിൻഫ്ര നടപ്പിലാക്കിവരുന്ന പദ്ധതികൾ

138(2487) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. പി. ഉണ്ണി :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വികസനത്തിനായി കിൻഫ്ര നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) കിൻഫ്ര പാലക്കാട് സ്ഥാപിക്കുന്ന വ്യവസായ പാർക്കിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ;

(സി) പ്രതിരോധമേഖലയ്ക്കാവശ്യമായ സാമഗ്രികൾ നിർമ്മിക്കുന്നതിന് കിൻഫ്ര സ്ഥാപിക്കുന്ന ഡിഫൻസ് പാർക്കിന്റെ നിർമ്മാണ പുരോഗതി അറിയിക്കുമോ;

(ഡി) സ്വകാര്യമേഖലയിലും പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയും വ്യവസായ പാർക്കുകൾ സ്ഥാപിക്കാൻ എന്തെല്ലാം സഹായങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഇ) സ്വകാര്യ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് വ്യവസായ നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വ്യവസായ നടത്തിപ്പിന് അടിസ്ഥാന സൗകര്യമൊരുക്കുക എന്നതാണ് കിൻഫ്രയുടെ പ്രഥമ കർത്തവ്യം. സംസ്ഥാനത്ത് വ്യവസായ വികസനം സാധ്യമാക്കുന്നതിന് കിൻഫ്ര ആവിഷ്കരിച്ചുവരുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. മെഗാഫുഡ് പാർക്ക്, പാലക്കാട്
2. ഡിഫൻസ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട്
3. ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, എറണാകുളം
4. കിൻഫ്ര കൊരട്ടി പാർക്കിന്റെ രണ്ടാംഘട്ട വികസനം
5. ഐ.ടി./ഐ.ടി അധിഷ്ഠിത പ്രത്യേക സാമ്പത്തിക മേഖല, കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്ക്, തിരുവനന്തപുരം - രണ്ടാം ഘട്ട വികസനം
6. കിൻഫ്ര പാർക്ക്, കാക്കാഞ്ചേരി - രണ്ടാം ഘട്ട വികസനം
7. പെട്രോകെമിക്കൽ പാർക്ക്, എറണാകുളം
8. സ്പൈസസ് പാർക്ക്, തൊടുപുഴ, ഇടുക്കി
9. ഫാർമാ പാർക്ക്, എറണാകുളം.

(ബി) കിൻഫ്ര പാലക്കാട് സ്ഥാപിക്കുന്ന ഡിഫൻസ് പാർക്കിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) കിൻഫ്ര, പാലക്കാട് ജില്ലയിലെ ഒറ്റപ്പാലത്ത് സ്ഥാപിക്കുന്ന ഡിഫൻസ് പാർക്കിന്റെ അടിസ്ഥാന സൗകര്യങ്ങളുടെ വികസന പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. പ്രസ്തുത പാർക്കിന്റെ അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗ്, ഫാക്ടറി കെട്ടിട സമുച്ചയം, റോഡുകളുടെ രണ്ടാംഘട്ട നിർമ്മാണം, ചുറ്റുമതിൽ, ഗേറ്റ് എന്നീ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. പ്രസ്തുത പാർക്കിന്റെ വെയർഹൗസ്, കോമൺ യൂട്ടിലിറ്റി സെന്റർ, ജലവിതരണ സംവിധാനങ്ങൾ എന്നിവ പൂർത്തീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ളതും നാളിതുവരെ ഉപയോഗിക്കാത്തതുമായ സ്ഥലങ്ങളിലെ വ്യവസായ വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സംയുക്തമായി ചേർന്ന് ബഹുനില സമുച്ചയങ്ങൾ പണിത് അടിസ്ഥാന വികസനം സാധ്യമാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇങ്ങനെ വ്യവസായ വികസനം നടത്തുന്നതിനായി ചെലവ് വരുന്ന തുകയുടെ 50%

സർക്കാർ വഹിക്കുന്നതായിരിക്കും. സ്വകാര്യ മേഖലയിൽ സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കാൻ പദ്ധതിയുണ്ട്. സ്വകാര്യ വ്യവസായ പാർക്കുകളെ Kerala Single Window Clearance Board-ന്റെ പരിധിയിൽ വരുന്ന ഇൻഡസ്ട്രിയൽ ഏരിയ ആയി നോട്ടിഫൈ ചെയ്യാൻ കഴിയുന്നതാണ്. Kerala Land Reforms Act-1963-ന്റെ പരിധിയിൽനിന്ന് ഇത്തരം സ്വകാര്യ വ്യവസായ പാർക്കുകൾക്ക് ഇളവ് ലഭിക്കുന്നതും ഇങ്ങനെയുള്ള പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ വൈദ്യുതി സൗകര്യം ലഭിക്കുന്നതിനായി സർക്കാർ 2 കോടി രൂപവരെ നിക്ഷേപിക്കുന്നതുമായിരിക്കും. ഊർജ്ജവിതരണം, ഉല്പാദന ആവശ്യത്തിലേയ്ക്കുള്ള ജല ലഭ്യത, വ്യവസായ പാർക്കുകൾക്ക് അനുയോജ്യമായ റോഡുകൾ, തൊഴിൽ വൈവിധ്യ വികസന കേന്ദ്രങ്ങൾ എന്നിവ നിർമ്മിക്കാനും വസ്ത്ര നിർമ്മാണ മേഖലയിലെ വ്യവസായ സംഘടനകളുമായി സഹകരിച്ച് നൈപുണ്യ വികസന കേന്ദ്രങ്ങളും രൂപീകരിക്കാൻ വ്യവസായനയം വിഭാവനം ചെയ്യുന്നുണ്ട്.

(ഇ) സ്വകാര്യ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിന് നഗര പ്രദേശങ്ങളിൽ കുറഞ്ഞത് 15 ഏക്കർ ഭൂമിയും ഗ്രാമപ്രദേശങ്ങളിൽ കുറഞ്ഞത് 25 ഏക്കർ ഭൂമിയും പരിഗണിക്കുന്നതാണ്. എന്നാൽ ഈ ആവശ്യത്തിന് അക്വയർ ചെയ്ത ഭൂമി വ്യവസായികേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ പാടില്ലെന്ന മാനദണ്ഡം വ്യവസായ നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. 250 ഏക്കറിൽ കൂടുതലുള്ള ഭൂമിയുടെ 10 ശതമാനം സ്കൂളുകൾ, ആശുപത്രി, അപ്പാർട്ട്മെന്റ് കോംപ്ലക്സ് തുടങ്ങിയവയ്ക്കായി ഉപയോഗിക്കാവുന്നതാണ്.

**നെടുങ്ങോലത്ത് കിൻഫ്രയ്ക്കായി ഏറ്റെടുക്കുന്ന ഭൂമി**

139(2488) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ നെടുങ്ങോലത്ത് കിൻഫ്രയ്ക്കായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന 95.47 ഏക്കർ ഭൂമിയുടെ ഏറ്റെടുക്കൽ നടപടിയുടെ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത ഭൂമിയിലുള്ള 48.39 ഏക്കർ സ്ഥലം കൃഷിയില്ലാത്ത നിലമായി റവന്യൂ രേഖകളിൽ രേഖപ്പെടുത്തിയിട്ടുള്ളത് ഒഴിവാക്കി കിട്ടാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത വെറ്റ് ലാന്റ് ഒഴിവാക്കി മറ്റ് സ്ഥലം പ്രയോജനപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കിൻഫ്ര അനുമതി ആവശ്യപ്പെട്ടിട്ടുണ്ടോ എന്നും ആയതിന് അനുമതി നൽകിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഭൂമി ഏറ്റെടുത്ത് എത്രയുംവേഗം പദ്ധതി നടപ്പിലാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ലാന്റ് അക്വിസിഷൻ നടപടികൾ ആരംഭിക്കുന്നതിനുള്ള അർത്ഥനാപത്രം കിൻഫ്ര കൊല്ലം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

(ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) കിൻഫ്രയുടെ അപേക്ഷ പരിഗണിക്കുന്നതിനായി പ്രാദേശിക നിരീക്ഷണ സമിതി ശിപാർശ ചെയ്യു, പ്രസ്തുത ശിപാർശ 20-9-2017-ൽ സമിതിയുടെ കൺവീനറായ ചിറക്കര കൃഷിഭവനിലെ കൃഷി ആഫീസർ കാർഷികോല്പാദന കമ്മീഷണർക്ക് സമർപ്പിച്ചിട്ടുണ്ട്.

(ഡി) മേൽപ്പറഞ്ഞ നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് മാത്രമെ അക്വിസിഷൻ നടപടികൾ ആരംഭിക്കാനാകൂ.

**ഒളവണ്ണ സിഡ്കോ ടൂൾ റൂം കമ്പനി**

140(2489) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ സിഡ്കോ ടൂൾ റൂം കമ്പനിയിൽ വിപുലീകരണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രവർത്തനങ്ങൾ നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) കമ്പനിയിൽ നിലവിൽ എത്ര ജീവനക്കാരാണുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഇവരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) 15 ജീവനക്കാർ നിലവിലുണ്ട്.

(സി) കോഴിക്കോട് ഒളവണ്ണ ടൂൾ റൂം-കം-ട്രെയിനിംഗ് സെന്ററിലെ സ്റ്റാഫ് പാറ്റേൺ, തസ്തികകളുടെ യോഗ്യത, പ്രവൃത്തി പരിചയം, ശമ്പള സ്കെയിൽ എന്നിവ സംബന്ധിച്ച് ചില അവ്യക്തതകൾ നിലനിൽക്കുന്നതിനാൽ, വിശദമായ പരിശോധനയ്ക്ക് ശേഷമേ ഇക്കാര്യം സംബന്ധിച്ച് ഒരു അന്തിമ തീരുമാനം കൈക്കൊള്ളാൻ കഴിയൂ.

## കെ.പി.പി. നമ്പ്യാർ സ്മാരക മ്യൂസിയം

141(2490) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 വർഷത്തെ ബജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയ കെൽട്രോൺ സ്ഥാപക ചെയർമാനും മാനേജിംഗ് ഡയറക്ടറുമായിരുന്ന കെ.പി.പി. നമ്പ്യാർ സ്മാരക മ്യൂസിയത്തിന് എന്തൊക്കെ തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കാമോ?

ഉത്തരം

കെ.പി.പി. നമ്പ്യാർ സ്മാരക മ്യൂസിയം നിർമ്മിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. തുക അനുവദിക്കുന്നതിന് വേണ്ടി കെൽട്രോൺ മാനേജിംഗ് ഡയറക്ടർ 27-11-2018-ൽ സമർപ്പിച്ച പുതുക്കിയ പദ്ധതി റിപ്പോർട്ട് പരിശോധിച്ചു വരുന്നു.

## കൊരട്ടി വൈഗ ത്രഡ്സ് കമ്പനിയുടെ പാട്ടഭൂമി

142(2491) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടി വൈഗ ത്രഡ്സ് കമ്പനിക്ക് പാട്ടത്തിന് നൽകിയ സ്ഥലം, കമ്പനി പൂർണ്ണമായും പ്രവർത്തനരഹിതമായ സാഹചര്യത്തിൽ തിരിച്ചുപിടിക്കുന്നതിനും, പുതിയ വികസനാവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ;

(സി) നടപടികൾ വേഗത്തിലാക്കുന്നതിനാവശ്യമായ ഇടപെടലുകൾ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) വൈഗ ത്രഡ്സ് പ്രൊസസ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ മുഴുവൻ "Assets and effects", ബഹു. കർണ്ണാടക ഹൈക്കോടതിയുടെ 5-3-2015 തീയതിയിലെ കമ്പനി പെറ്റീഷൻ നമ്പർ 90/2008-മേലുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബഹു. കർണ്ണാടക ഹൈക്കോടതി നിയമിച്ച ഒഫീഷ്യൽ ലിക്വിഡേറ്ററുടെ സംരക്ഷണയിൽ ആണ്. ഈ സ്ഥാപനത്തിന് സർക്കാർ പാട്ടത്തിന് നൽകിയിരുന്ന ഭൂമിയുടെ പാട്ടം, കമ്പനി പ്രവർത്തനം അവസാനിപ്പിച്ച

സാഹചര്യത്തിൽ റദ്ദ് ചെയ്ത് ഉത്തരവായിട്ടുണ്ടെങ്കിലും കർണ്ണാടക ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള കമ്പനി പെറ്റീഷനിൽ അന്തിമതീരുമാനമാകാത്തതിനാൽ ഭൂമി സർവ്വെ ചെയ്ത് കൈവശത്തിൽ എടുക്കുന്നതിനോ മറ്റ് വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിനോ സാധിച്ചിട്ടില്ല. ബഹു. കോടതിയുടെ അന്തിമ വിധിക്കനു സൃതമായി സർക്കാർ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## സ്വകാര്യ ഡിസ്റ്റിലറികൾക്ക് വ്യവസായ വകുപ്പിന്റെ ഭൂമി

143(2492) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ഡിസ്റ്റിലറികളും ബ്രൂവറികളും സ്ഥാപിക്കുവാനായി വ്യവസായ വകുപ്പിന് കീഴിലുള്ള ഏതെങ്കിലും സ്ഥാപനങ്ങളുടെ ഭൂമി വിട്ടുകൊടുക്കുകയോ ദീർഘകാല പാട്ടത്തിന് നൽകുകയോ ചെയ്തിട്ടുണ്ടോ; ഇതിന്റെ വിശദവിവരം നൽകുമോ;

(ബി) ഇത് സംബന്ധിച്ച് ദൃശ്യ പത്ര മാധ്യമങ്ങളിൽവന്ന വാർത്ത ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) സ്വകാര്യ ഡിസ്റ്റിലറികളും ബ്രൂവറികളും സ്ഥാപിക്കുവാനായി ഭൂമി വിട്ടുകൊടുക്കുവാൻ വ്യവസായ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വകാര്യ ഡിസ്റ്റിലറികളും ബ്രൂവറികളും സ്ഥാപിക്കുന്നതിനായി വ്യവസായ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ ഭൂമി വിട്ടുകൊടുക്കുകയോ പാട്ടത്തിന് നൽകുകയോ ചെയ്തിട്ടില്ല.

(സി) സ്വകാര്യ ഡിസ്റ്റിലറികളും ബ്രൂവറികളും സ്ഥാപിക്കുന്നതിനായി സ്ഥലം വിട്ടുനൽകണമെന്ന അപേക്ഷകളൊന്നും നിലവിൽ വ്യവസായ വകുപ്പിന്റെ പരിഗണനയിലില്ല.

## കുന്നത്തറ ടെക്സ്റ്റൈയിൽസിന്റെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി

144(2493) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായങ്ങൾ ആരംഭിക്കുവാനായി അടിസ്ഥാന സൗകര്യങ്ങളുള്ള ഭൂമി ലഭിക്കാൻ പ്രയാസമുള്ളപ്പോൾ കുന്നത്തറ ടെക്സ്റ്റൈയിൽ ഭൂമി സർക്കാർ ഏറ്റെടുക്കുന്നതിനുള്ള തടസ്സം എന്തെന്നറിയിക്കാമോ;

(ബി) സ്റ്റേറ്റ് ഹൈവേയുടെ അടുത്തായി എല്ലാ സൗകര്യങ്ങളുമുള്ള പ്രസ്തുത ഭൂമിയും അനുബന്ധ വസ്തുക്കളും അന്യാധീനപ്പെട്ടു പോകുന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഭൂമി കോടതി ലിക്വിഡേറ്റർ വഴി നാമമാത്രമായ വിലയ്ക്ക് വിറ്റുപോവുന്നത് തടയാനുള്ളനടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ആസ്തികൾ ഏറ്റെടുത്ത് വിൽക്കുന്നതിന് ഒഫീഷ്യൽ ലിക്വിഡിഡേറ്ററെ ബഹുമാനപ്പെട്ട ഹൈക്കോടതി ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ഒഫീഷ്യൽ ലിക്വിഡേറ്ററുടെ എസ്റ്റിമേറ്റ് പ്രകാരം കമ്പനിയുടെ ആസ്തി 9,11,64,217 രൂപ മാത്രമാണ്. ഇതിനേക്കാൾ കൂടുതലാണ് നിലവിലെ ബാധ്യത കണക്കാക്കിയിട്ടുള്ളത്. പിന്നീട് കമ്പനിയുടെ ആസ്തി 12.80 കോടി രൂപയായി പുതുക്കി നിശ്ചയിച്ചിരുന്നു. 11.65 ഏക്കർ മാത്രം വരുന്ന കമ്പനി ഭൂമി ഇൻഡസ്ട്രിയൽ പാർക്ക് തുടങ്ങുന്നതിന് പര്യാപ്തമല്ലെന്ന് കിൻഫ്ര അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥാപനം സർക്കാർ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നില്ലെന്നും കമ്പനിയുടെ സമാപ്തീകരണ നടപടികളുമായി മുന്നോട്ടുപോകുന്നതിനാണ് സർക്കാർ തീരുമാനമെന്നും ബഹുമാനപ്പെട്ട ഹൈക്കോടതിയെ അറിയിച്ചിട്ടുള്ളതാണ്. കമ്പനിയുമായി ബന്ധപ്പെട്ട കേസ് ബഹു. ഹൈക്കോടതിയിൽ നിലനിൽക്കുന്നുണ്ട്.

## ഇലക്ട്രോണിക് വ്യവസായ വികസനം

145(2494) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

ഇലക്ട്രോണിക് വ്യവസായ വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഇലക്ട്രോണിക് വ്യവസായ വികസനത്തിനായി, ഈ സർക്കാർ, കെൽട്രോണിന്റെ നിലവിലെ ഉൽപ്പാദനമേഖല വികസിപ്പിക്കുവാനും കമ്പനിയുടെ ഇലക്ട്രോണിക് ഉൽപ്പന്ന ശൃംഖല വർദ്ധിപ്പിക്കുവാനുമുള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും കൂടാതെ ഇതിനുവേണ്ടിയുള്ള നിർമ്മാണശാല വിപുലീകരിക്കാനും നൂതന സാങ്കേതികതയോടുകൂടിയ മെഷീനുകൾ വാങ്ങുന്നതിനും സ്മാർട്ട് മീറ്റർ, ലാപ്ടോപ്, സെർവർ, സോളാർ മൊഡ്യൂൾ എന്നീ ഉൽപ്പന്നങ്ങൾ നിർമ്മിക്കുവാനുള്ള പദ്ധതികൾക്ക് അനുമതി നൽകുകയും ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റ്

വിഹിതത്തിൽനിന്ന് 40 കോടി രൂപ ഫണ്ടായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. (30 കോടി രൂപ കെൽട്രോണിനും 10 കോടി രൂപ കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡിനും) മത്സ്യത്തൊഴിലാളികളെ സഹായിക്കുന്നതിനുവേണ്ടി ഐ.എസ്.ആർ.ഒ വികസിപ്പിച്ച നാവിക് ഉപകരണങ്ങൾ നിർമ്മിച്ചുനൽകുവാൻ വേണ്ടി മത്സ്യബന്ധന വകുപ്പുമായി കെൽട്രോൺ 4.2 കോടി രൂപയുടെ ഓർഡർ ഒപ്പിടുകയും ചെയ്തിട്ടുണ്ട്. ഇലക്ട്രോണിക് വ്യവസായ വികസനത്തിനായി സംസ്ഥാനത്ത് കിൻഫ്രയുടെ നേതൃത്വത്തിൽ ഇലക്ട്രോണിക്സ്/ഇലക്ട്രോണിക്സ് അധിഷ്ഠിത വ്യവസായങ്ങൾക്ക് വേണ്ടിയുള്ള ക്ലസ്റ്റർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇലക്ട്രോണിക്സ് വ്യവസായ വികസനത്തിനായി കെ.എസ്.ഐ.ഡി.സി.-യുടെ കീഴിൽ എറണാകുളം ജില്ലയിലെ ആമ്പല്ലൂരിൽ 100 ഏക്കർ സ്ഥലത്ത് തുടങ്ങാൻ ഉദ്ദേശിക്കുന്ന ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്കിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടി 90 കോടി രൂപ ഈ സർക്കാർ അനുവദിച്ചുനൽകിയിട്ടുണ്ട്. പ്രസ്തുത വ്യവസായ പാർക്ക് നിർമ്മിക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**ചവറ കെ.എം.എം.എൽ.**

146(2495) <u>ശ്രീ. എൻ. വിജയൻ പിള്ള</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചവറ കെ.എം.എം.എൽ-ന്റെ പരിസരപ്രദേശത്ത് 180 ഏക്കർ ഭൂമി ഏറ്റെടുക്കുന്ന നടപടിയുടെ വിശദവിവരം അറിയിക്കുമോ?

<u>ഉത്തരം</u>

കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ് കമ്പനിയിലെ മലിനീകരണം രൂക്ഷമായ ചവറ, പന്മന വില്ലേജുകൾ ഉൾപ്പെടുന്ന പ്രദേശത്ത് ഒരു മിനറൽ ഡെവലപ്മെന്റ് കോംപ്ലക്സ് സ്ഥാപിക്കുന്നതിനുള്ള കിൻഫ്രയുടെ പ്രൊപ്പോസലിന് 17-10-2017-ലെ സ.ഉ.(കൈ)നമ്പർ 102/2017/വ്യവ പ്രകാരം 180.84 ഏക്കർ സ്ഥലം നെഗോഷിയേറ്റഡ് പർച്ചെയ്സ് നടപടികൾ പ്രകാരം ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നു. 18-11-2017-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 4927/17/ ആർ.ഡി. ഉത്തരവ് പ്രകാരം ടി ഭൂമി നെഗോഷ്യേറ്റഡ് പർച്ചേയ്സ് പ്രകാരം ഏറ്റെടുക്കുന്നതിന് കൊല്ലം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുകയുണ്ടായി. എന്നാൽ പ്രസ്തുത സ്ഥലം ഭൂവുടമകൾ വിട്ടുനൽകാൻ വിസമ്മതം അറിയിച്ചതിനെത്തുടർന്ന് മലിനീകരണം രൂക്ഷമായിട്ടുള്ള ടി ഭൂമി ഏറ്റെടുക്കുന്നതിന് LAR Act 2013 പ്രകാരം അനുമതി നൽകണമെന്നാവശ്യപ്പെട്ട് കൊല്ലം ജില്ലാ കളക്ടർ സമർപ്പിച്ചിട്ടുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്.

## പ്രഭുറാം മില്ലിന്റെ നവീകരണം

147(2496) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രഭുറാം മില്ലിന്റെ നവീകരണം പരിഗണയിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മില്ലിൽനിന്നും 2014 മുതൽ വിരമിച്ച തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആനുകൂല്യങ്ങൾ എന്ന് വിതരണം ചെയ്യുവാൻ കഴിയുമെന്ന് വിശദീകരിക്കുമോ;

(ഡി) ഉൽപാദനക്ഷമത കൂടിയ പുതിയ സ്പിന്നിംഗ് മെഷീനുകൾ പ്രഭുറാം മില്ലിൽ സ്ഥാപിക്കുന്ന കാര്യം ആലോചനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രഭുറാം മില്ലിന് അനുബന്ധമായി ഉള്ള 14 ഏക്കർ സ്ഥലം ഉപയോഗിച്ച് തൊഴിൽ നൽകുന്ന പുതിയ സ്ഥാപനം തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

### ഉത്തരം

(എ) പ്രഭുറാം മില്ലിന്റെ നവീകരണം പരിഗണനയിലുണ്ട്. കേരളത്തിലെ ടെക്സ്റ്റൽ മില്ലുകളുടെ സമഗ്രവും സുസ്ഥിരവുമായുള്ള വികസനം ലക്ഷ്യമാക്കി രൂപീകരിച്ചിട്ടുള്ള എക്സ്പെർട്ട് കമ്മിറ്റി 48 കോടി രൂപയുടെ ഒരു നവീകരണ പദ്ധതി പ്രഭുറാം മില്ലിനായി ശിപാർശ ചെയ്തിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി 7 കോടി രൂപ കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന് ഈ വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രഭുറാം മില്ലിലെ വിരമിച്ച ജീവനക്കാർക്ക് 2016 വർഷം മുതലുള്ള ആനുകൂല്യങ്ങളാണ് നൽകുവാനുള്ളത്. തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിക്കുന്നതുമൂലമുള്ള മൂലധന ചോർച്ച കൊണ്ടാണ് ആനുകൂല്യം നൽകുവാൻ വൈകിയിരിക്കുന്നത്. മില്ലിന്റെ പ്രവർത്തനം മെച്ചപ്പെടുത്തി പടിപടിയായി ഓരോ വർഷമുള്ള കുടിശ്ശിക തീർക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) നവീകരണ പദ്ധതിയുടെ ഭാഗമായി ഉൽപ്പാദനക്ഷമത കൂടിയ പുതിയ സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ഇ) പ്രഭുറാം മില്ലിലെ മിച്ചമുള്ള സ്ഥലം പരമാവധി ഉപയോഗപ്പെടുത്തുവാൻ സർക്കാർ ആലോചിച്ചുവരികയാണ്.

**മണിയാറിൽ അനുവദിച്ച റബ്ബർ പാർക്ക്**

148(2497) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റാന്നി മണ്ഡലത്തിൽ മണിയാറിൽ അനുവദിച്ച റബ്ബർ പാർക്കിനായുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; സ്ഥലമേറ്റെടുക്കൽ അടിയന്തരമായി പൂർത്തീകരിക്കുന്നതിനും റബ്ബർ പാർക്ക് ആരംഭിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

റാന്നി മണ്ഡലത്തിൽ ഒരു റബ്ബർ പാർക്ക് സ്ഥാപിക്കുന്നതിനായി 1000 ഏക്കർ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ടി സ്ഥലത്ത് പുറംപോക്ക് ഭൂമി ഉള്ളതായി റവന്യൂ അധികാരികൾ കണ്ടെത്തിയതിനെത്തുടർന്ന് ഒരു വിശദമായ സർവ്വെ നടത്തി ഭൂമി തിട്ടപ്പെടുത്താൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**നിലമ്പൂർ മണ്ഡലത്തിലെ വ്യവസായ പദ്ധതികൾ**

149(2498) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിൽ വ്യവസായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി 11-10-2016 തീയതിയിൽ കമ്മിറ്റി രൂപീകരിച്ചെങ്കിലും പിന്നീട് മീറ്റിംഗ് കൂടാതിരിക്കുവാനുള്ള കാരണം വിശദമാക്കാമോ;

(ബി) നിലമ്പൂർ കേന്ദ്രീകരിച്ച് പദ്ധതി ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) നിലമ്പൂർ മണ്ഡലത്തിലെ വ്യവസായ വികസന സാധ്യതകൾ ചർച്ച ചെയ്യുന്നതിനായി 11-10-2016-ൽ നിലമ്പൂർ എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ റിയാബിന്റെ പ്രതിനിധി, മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ എന്നിവരുമായി ഒരു പ്രാഥമിക യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ എം.എൽ.എ. ചെയർമാനും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറുമായി തുടർന്നുള്ള പ്രവർത്തനത്തിന് ഒരു കമ്മിറ്റി രൂപീകരിക്കാനും തീരുമാനിച്ചിരുന്നു. എന്നാൽ പിന്നീട് യോഗം ചേരാൻ കഴിഞ്ഞിരുന്നില്ല. ഇതുമായി ബന്ധപ്പെട്ട തുടർ നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുന്നതാണ്.

## തിരുവമ്പാടി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

150(2499) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കുമോ;

(ബി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് എപ്പോൾ ആരംഭിക്കാനാവുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി നിയോജകമണ്ഡലത്തിൽ ഒരു വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിലേക്കായി താമരശ്ശേരി താലൂക്കിൽ ഈങ്ങാപ്പുഴ വില്ലേജിൽ 100 ഏക്കർ ഭൂമി ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സൈറ്റ് സെലക്ഷൻ കമ്മിറ്റി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് വ്യവസായ വകുപ്പിനുകീഴിലെ പൊതുമേഖലാ സ്ഥാപനമായ കിൻഫ്രയുടെ ആഭിമുഖ്യത്തിൽ വ്യവസായ പാർക്ക് സ്ഥാപിക്കുന്ന കാര്യം സർക്കാർ പരിഗണനയിലാണ്.

## ഷൊർണ്ണൂർ മണ്ഡലത്തിലെ വ്യവസായ സ്ഥാപനങ്ങൾ

151(2500) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിൽ പൊതുമേഖലയിലും സ്വകാര്യമേഖലയിലുമായി എത്ര വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ സ്വകാര്യമേഖലയിലും പൊതുമേഖലയിലും പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങളുടെ പേരുകൾ പ്രത്യേകം പ്രത്യേകം വ്യക്തമാക്കുമോ;

(സി) പൊതുമേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവ ഏതെല്ലാമാണെന്നും നഷ്ടത്തിലുള്ളവ ഏതെല്ലാമാണെന്നും പേരുകൾ സഹിതം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഷൊർണ്ണൂർ നിയോജക മണ്ഡലത്തിൽ പൊതുമേഖലയിൽ 2-ഉം സ്വകാര്യ മേഖലയിൽ 716-ഉം വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമായി പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങളുടെ പേരുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) 2017-2018-ലെ പ്രവർത്തന റിപ്പോർട്ട് പ്രകാരം ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളായ സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് (മെഷീനിംഗ് യൂണിറ്റ്) ലാഭത്തിലും മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് നഷ്ടത്തിലുമാണ് പ്രവർത്തിച്ചത്.

## ഒറ്റശ്ശേഖരമംഗലം പനമ്പ നെയ്ത്ത് കേന്ദ്രത്തിന്റെ നവീകരണം

152(2501) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന്റെ നിയന്ത്രണത്തിൽ ഒറ്റശേഖര മംഗലം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന പനമ്പ് നെയ്ത്ത് കേന്ദ്രത്തിന്റെ നവീകരണത്തിനായുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) ഇവിടുത്തെ പനമ്പു നെയ്ത്തുകാർക്ക് പനമ്പു നെയ്ത്തിനായി ഈറ്റ വിതരണം ചെയ്യുന്നത് സബ്സിഡി നിരക്കിലാണോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇവിടെ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് സർക്കാർ തലത്തിൽ എന്തൊക്കെ ആനുകൂല്യങ്ങളാണ് ലഭ്യമാക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖല സ്ഥാപനമായ കേരള സംസ്ഥാന ബാംബൂ കോർപ്പറേഷന്റെ കീഴിൽ ഒറ്റശ്ശേഖരമംഗലം പഞ്ചായത്തിൽ ആരംഭിച്ച കുട്ടറ സാമൂഹ്യ യന്ത്രവൽകൃത പനമ്പ് നെയ്ത്തു കേന്ദ്രത്തിൽ നിലവിൽ 48 പനമ്പ് നെയ്ത്ത് തൊഴിലാളികളുണ്ട്. യന്ത്രവൽക്കരണത്തിന്റെ ഭാഗമായി പമ്പ് നെയ്ത്ത് തൊഴിലാളികളുടെ അദ്ധ്വാന ഭാരം ലഘൂകരിക്കുന്നതിനായി 5 തിൻ സ്ലൈവറിംഗ് മെഷീനുകളും (ഈറ്റയിൽനിന്ന് നേർത്ത അളി എടുക്കുന്ന യന്ത്രം) 1 കട്ടിംഗ് മെഷീനും (ഈറ്റ മുറിക്കുന്ന യന്ത്രം) 1 തിക് സ്ലൈവറിംഗ് മെഷീനും (ഈറ്റയിൽനിന്ന് കട്ടി കൂടിയ അളി എടുക്കുന്ന യന്ത്രം) നിലവിലുണ്ട്. വിവിധ അളവുകളിലുള്ള ഏകദേശം 1000 പനമ്പുകൾ പ്രതിമാസം ഈ നെയ്ത്ത് കേന്ദ്രത്തിൽ നിന്ന് കോർപ്പറേഷന് ലഭിക്കുന്നുണ്ട്. ഈ കേന്ദ്രത്തിന്റെ നവീകരണത്തിനായി കൂടുതൽ യന്ത്രങ്ങൾ ഇവിടേയ്ക്ക് ഏർപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്.

(ബി) അതെ. കുട്ടറ സാമൂഹ്യ യന്ത്രവൽകൃത പനമ്പ് നെയ്ത്ത് കേന്ദ്രത്തിലെ പനമ്പ് നെയ്ത്തുകാർക്ക് പനമ്പ് നെയ്ത്തിനായി ഒരു ലോഡ് ഈറ്റ 7-11-2018-ന് വിതരണം ചെയ്തിട്ടുള്ളതാണ്. പനമ്പ് നെയ്ത്തുകാർക്ക് പനമ്പ് നെയ്ത്തിനായി ഈറ്റ

വിതരണം ചെയ്യുന്നത് സബ്സിഡി നിരക്കിലാണ്. കപ്പായം റേഞ്ചിൽനിന്നും ഡിപ്പോയിൽ ലഭിക്കുന്ന ഈറ്റ ഒരു കെട്ടിന് 55.80 രൂപയും പൂയംകുട്ടി, അടിമാലി എന്നീ റേഞ്ചുകളിൽനിന്നും ഡിപ്പോയിൽ ലഭിക്കുന്ന ഈറ്റ ഒരു കെട്ടിന് 54.00 രൂപയുമാണ് പനമ്പ് നെയ്ത്തുകാർക്ക് വിതരണം ചെയ്യുന്നത്. വനം വകുപ്പിന്റെ അനുമതിയോടെ കേരളത്തിലെ വനത്തിൽനിന്ന് ശേഖരിക്കുന്ന ഈറ്റ കോർപ്പറേഷന്റെ നെയ്ത്ത് കേന്ദ്രങ്ങളിലുള്ള പനമ്പ് നെയ്ത്തുകാർക്ക് എത്തുന്നതുവരെയുള്ള ചെലവ് ഒരു കെട്ട് ഈറ്റയ്ക്ക് 235.00 രൂപയാണ്. അതിൽനിന്നും വളരെ കുറഞ്ഞ വിലയ്ക്കാണ് ഈറ്റ പനമ്പ് നെയ്ത്തുകാർക്ക് നൽകുന്നത്. ആയതിനാൽ കോർപ്പറേഷന് ഓരോ വർഷവും ഭീമമായ നഷ്ടമാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്.

(സി) പരമ്പരാഗത പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് 8-5-2017 മുതൽ 20% കൂലി വർദ്ധനവ് നടപ്പിലാക്കിയിട്ടുണ്ട്. ഈ പുതുക്കിയ നിരക്കനുസരിച്ച് കുട്ടറ സാമൂഹ്യ യന്ത്രവൽകൃത പനമ്പ് നെയ്ത്തു കേന്ദ്രത്തിലെ പനമ്പ് നെയ്ത്തുകാരുടെ കൈയിൽനിന്നും ശേഖരിക്കുന്ന ഒരു കമേഴ്സ്യൽ പനമ്പിന് 23 രൂപ മുതൽ 60 രൂപ വരെയും ഒരു കോർ മാറ്റിന് 40 രൂപ മുതൽ 80 രൂപ വരെയും ഒരു ഫേസ് മാറ്റിന് 50 രൂപ മുതൽ 105 രൂപ വരെയും ഒരു 12x6 പനമ്പിന് 192 രൂപയും പനമ്പ് നെയ്ത്തുകാർക്ക് പനമ്പ് ശേഖരിക്കുമ്പോൾതന്നെ കൂലിയായി നൽകിവരുന്നു. പരമ്പരാഗത ഈറ്റ വെട്ട് പനമ്പ് നെയ്ത്തു തൊഴിലാളികൾക്ക് മിനിമം വേതനത്തിന്റെ ഭാഗമായ ഡി. എ. 2012 മുതൽ നടപ്പിലാക്കി. ഇതനുസരിച്ച് ഒരാഴ്ച 106 സ്ക്വയർ ഫീറ്റ് പനമ്പ് നെയ്യുന്ന എല്ലാ പനമ്പ് നെയ്ത്തുകാർക്കും ഒരു ഡി.എ. തുകയായ 149 രൂപ ആ ആഴ്ചയിൽ കോർപ്പറേഷൻ നൽകേണ്ടതാണ്. ഇങ്ങനെ കൂടുതൽ പനമ്പ് നെയ്യുന്ന ഒരാൾക്ക് ഒരാഴ്ച പരമാവധി പ്രവൃത്തി ദിവസങ്ങളും പനമ്പ് നെയ്യുന്നതിന് ഹാജരായ ദിവസങ്ങളും അടിസ്ഥാനമാക്കി ശരാശരി 6 ഡി.എ. എന്ന കണക്കിൽ 894 രൂപയും (6x149) അങ്ങനെ ഒരു മാസത്തിൽ 4 ആഴ്ച എന്ന കണക്കിൽ 24 ഡി.എ. നിരക്കിൽ 3576 രൂപ (24x149) വരെ ലഭിക്കാവുന്നതാണ്. ഡി. എ. കുടിശ്ശിക ഇനത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 7 മാസത്തെ കുടിശ്ശിക 167 ലക്ഷം രൂപ ഈറ്റവെട്ട് പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് വിതരണം ചെയ്തു. എന്നാൽ കോർപ്പറേഷന്റെ സാമ്പത്തിക പരാധീനതമൂലം ഇനിയും 40 മാസത്തെ ഡി. എ. കുടിശ്ശിക ഈറ്റ വെട്ട് പനമ്പ് നെയ്ത്ത് തൊഴിലാളി കൾക്ക് നൽകാൻ ബാക്കിയുണ്ട്. ഈ ആനുകൂല്യങ്ങൾ കൂടാതെ എല്ലാ വർഷവും ഓണത്തിന് സർക്കാർ അനുമതിക്കു വിധേയമായി പനമ്പ് നെയ്ത്തുകാർക്ക് ഇൻസെന്റീവ് നൽകിവരുന്നുണ്ട്.

## കരുനാഗപ്പള്ളി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

153(2502) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ എത്ര സംരംഭകർ സ്ഥാപനങ്ങൾ നടത്തുന്നുണ്ട് എന്ന് വിശദീകരിക്കുമോ;

(ബി) ഇവിടെ 2016 ജൂൺ മാസത്തിനുശേഷം എത്ര സ്ഥാപനങ്ങൾ അവയുടെ സംരംഭങ്ങൾ അവസാനിപ്പിച്ചിട്ടുണ്ടെന്നും അനുവദിക്കപ്പെട്ട സ്ഥലം ഒഴിഞ്ഞു പോയിട്ടുണ്ടെന്നും വിശദീകരിക്കുമോ;

(സി) ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ വികസനത്തിനായി 2018-19-ലെ ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; അതിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ?

ഉത്തരം

(എ) കരുനാഗപ്പള്ളി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ 33 ചെറുകിട വ്യവസായ സംരംഭകർ സ്ഥാപനങ്ങൾ നടത്തുന്നുണ്ട്.

(ബി) കരുനാഗപ്പള്ളി വ്യവസായ എസ്റ്റേറ്റിൽ നിന്നും 2 സംരംഭകർ സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തുകയും ഭൂമിയും കെട്ടിടവും മറ്റ് സംരംഭകർക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

(സി) കരുനാഗപ്പള്ളി വ്യവസായ എസ്റ്റേറ്റിന്റെ വികസനത്തിനായി 2018-2019-ലെ ബജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

## എം.എസ്.എം.ഇ. സെക്ടറിലെ സംരംഭകരുടെ ഉൽപ്പന്നങ്ങൾക്ക് വിപണി

154(2503) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വാണിജ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ എം.എസ്.എം.ഇ. (Micro, Small & Medium Entrerprises) സെക്ടറിൽ പ്രവർത്തിക്കുന്ന സംരംഭകരുടെ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) വിദേശ രാജ്യങ്ങളിലൂൾപ്പെടെ നടത്തപ്പെട്ട വ്യാപാര വാണിജ്യ മേളകളിൽ എം.എസ്.എം.ഇ സെക്ടറിലെ എത്ര സംരംഭകരുടെ പങ്കാളിത്തം ഉണ്ടായിട്ടുണ്ടെന്നും അവർക്ക് ലഭിച്ച വ്യാപാര ഓർഡറുകൾ എത്രയെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് എം.എസ്.എം.ഇ. സെക്ടറിൽ പ്രവർത്തിക്കുന്ന സംരംഭകരുടെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങളുടെ വളർച്ചയ്ക്കുവേണ്ടി ബിസിനസ്സ് ടു ബിസിനസ്സ് മീറ്റുകൾ (ബി2 ബി) സംഘടിപ്പിക്കുന്നു.
- മുള മേഖലയിലെ വിപണന വികസനത്തിനായി കേരള സംസ്ഥാന ബാംബൂ മിഷന്റെ നേതൃത്വത്തിൽ ബാംബൂ ഫെസ്റ്റ് സംഘടിപ്പിച്ചിട്ടുണ്ട്.
- കേരളത്തിലെ സൂക്ഷ്മ ചെറുകിട വ്യവസായ സംരംഭകർക്ക് വിപണി ലഭ്യമാക്കുന്നതിനായി വിവിധ ദേശീയ അന്തർദ്ദേശീയ ട്രേഡ് ഫെയറുകളിൽ സൂക്ഷ്മ ചെറുകിട വ്യവസായ സ്ഥാപനങ്ങളെ പങ്കെടുപ്പിച്ചിട്ടുണ്ട്.
- കേരളത്തിലെ തനതായ കരകൗശല വസ്തുക്കൾ, കൈത്തറി വസ്ത്രങ്ങൾ, കലാരൂപങ്ങൾ എല്ലാം ഉൾക്കൊള്ളിച്ചുകൊണ്ട് കരകൗശലക്കാർ/ശിൽപ്പികൾ എന്നിവരെ ഒരുമിച്ച് കൊണ്ടുവരുവാനും അവരുടെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുവാനുമായി മലബാർ ക്രാഫ്റ്റ്സ് മേള സംഘടിപ്പിച്ചു.
- സംസ്ഥാനത്തെ ചെറുകിട ഉൽപ്പാദകർക്ക് ദേശീയ അന്തർദ്ദേശീയ കമ്പനികളുമായി ബന്ധം സ്ഥാപിക്കുന്നതിനും തങ്ങളുടെ ഉൽപ്പന്നങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കി വിവിധ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നതിന് സൗകര്യപ്രദമായ രീതിയിൽ എം.എസ്.എം.ഇ. പോർട്ടൽ രൂപീകരിച്ചിട്ടുണ്ട്.
- കൂടാതെ 3-12-2018-ലെ സ.ഉ. (സാധാ.) നമ്പർ 1329/2018/വ്യവ. ഉത്തരവ് പ്രകാരം "വാണിജ്യ മിഷൻ" രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളത്തിലെ സൂക്ഷമ ചെറുകിട വ്യവസായ സംരംഭകർക്ക് വിപണി ലഭ്യമാക്കുന്നതിലേക്കായി അന്തർദ്ദേശീയ തലത്തിൽ താഴെപ്പറയുന്ന വ്യാപാര മേളകളിൽ സൂക്ഷമ ചെറുകിട വ്യവസായ സ്ഥാപനങ്ങളെ പങ്കെടുപ്പിച്ചിട്ടുണ്ട്.

| മേള | പങ്കെടുത്ത സ്ഥാപനങ്ങളുടെ എണ്ണം |
|---|---|
| പ്രോ ഫുഡ് പ്രോ പാക്ക്-2016 ആഗസ്റ്റ് 12 മുതൽ 14 വരെ (കൊളംബോ, ശ്രീലങ്ക) | 14 |
| വിയറ്റ് ഫുഡ്&ബീവറേജ് ആന്റ് പ്രോപാക്ക്-2016 ആഗസ്റ്റ് 9 മുതൽ 12 വരെ (വിയറ്റ്നാം) | 18 |
| ഹോട്ടൽ ഷൊ കൊളംബോ-2018 ജൂലൈ 20 മുതൽ 22 വരെ (ശ്രീലങ്ക) | 20 |

പ്രസ്തുത മേളകളിലൂടെ സംരംഭകർ നേരിട്ട് വ്യാപാര ചർച്ചകൾ നടത്തുന്നതിനാൽ സംരംഭകർക്ക് ലഭിച്ച വ്യാപാര ഓർഡറുകൾ സംബന്ധിച്ച വിവരം ലഭ്യമല്ല.

**വ്യാപാരികളുടെ ക്ഷേമത്തിനായി പദ്ധതികൾ**

155(2504) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് വ്യാപാരികളുടെ ക്ഷേമത്തിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ;

(ബി) വ്യാപാരികൾക്കുള്ള പുനരധിവാസ പദ്ധതി ആവിഷ്കരിക്കാൻ ആലോചിക്കുന്നുണ്ടോ; വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് വ്യാപാരികളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ വ്യാപാരി ക്ഷേമനിധി ബോർഡ് വിപുലീകരിച്ചിട്ടുണ്ട്. ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളവരുടെ പെൻഷൻ 1-6-2016 മുതൽ 'ഡി' ക്ലാസ്സിൽ 750 രൂപയിൽനിന്നും 1000 രൂപയായും 'സി' ക്ലാസിൽ 800 രൂപയിൽ നിന്നും 1050 രൂപയായും 'ബി' ക്ലാസിൽ 900 രൂപയിൽനിന്നും 1,150 രൂപയായും 'എ' ക്ലാസിൽ 1100 രൂപയിൽനിന്നും 1350 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. ക്ഷേമനിധി അംഗങ്ങളുടെ മരണാനന്തര ആനുകൂല്യ തുക 1-4-2018 മുതൽ 'ഡി' ക്ലാസിൽ 30,000 രൂപയിൽനിന്നും 40,000 രൂപയായും 'സി' ക്ലാസിൽ 40,000 രൂപയിൽ നിന്നും

60,000 രൂപയായും 'ബി' ക്ലാസിൽ 60,000 രൂപയിൽ നിന്നും 75,000 രൂപയായും 'എ' ക്ലാസിൽ 1,00,000 രൂപയിൽനിന്നും 1,25,000 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. 2014 മുതൽ 2017 വരെയുള്ള കാലത്തെ കുടിശ്ശിക പെൻഷൻ പൂർണ്ണമായും വിതരണം ചെയ്യുന്നതിന് അധികതുക വകയിരുത്തി ക്ഷേനിധി ബോർഡിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) ഇതു സർക്കാരിന്റെ പരിഗണനയിലാണ്.

**ഡാമിന്റെ പരിസര പ്രദേശങ്ങളിലെ ഭൂകമ്പ സാധ്യത**

156(2505) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെങ്കിലും ഡാമിന്റെ പരിസര പ്രദേശങ്ങളിൽ ഭൂകമ്പമാപിനിയിൽ റിക്ടർ സ്കെയിൽ 5.1 രേഖപ്പെടുത്തിയ ഭൂകമ്പം ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രദേശങ്ങളിൽ ഭൂകമ്പം, ഭൂമി കുലുക്കം എന്നിവ ഉണ്ടാകുവാൻ സാധ്യത ഉണ്ടെന്ന കാര്യം രേഖപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവിടങ്ങളിൽ നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ടോ;

(സി) ഡാമിന്റെ വൃഷ്ടി പ്രദേശങ്ങളിൽ ഇത്തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമായ വിവരം ലഭ്യമാക്കുമോ;

(ഡി) ഡാമുകളുടെ പരിസര പ്രദേശങ്ങളിൽ നിർമ്മാണത്തിന് അനുമതി ആവശ്യപ്പെടുന്ന ഫയലുകൾ പരിശോധിക്കുന്ന സമിതികളിൽ ജിയോളജി വകുപ്പിന്റെ പ്രതിനിധികൾ ഉൾപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്തെ ഭൂകമ്പ സാധ്യതകളെക്കുറിച്ച് ഓരോ ജില്ലകളിലെയും ജിയോളജി വകുപ്പ് തയ്യാറാക്കിയ റിപ്പോർട്ട് സർക്കാർതലത്തിൽ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

ഉത്തരം

(എ) മുല്ലപ്പെരിയാർ ഡാമിന്റെ പരിസര പ്രദേശങ്ങളിൽ റിക്ടർ സ്കെയിലിൽ 5-ഉം അതിൽ കൂടുതലും രേഖപ്പെടുത്തിയ ഭൂകമ്പം ഉണ്ടായിട്ടുണ്ട്. 2008-ൽ ഐ.ഐ.ടി. റൂർക്കി സമർപ്പിച്ച 'STRUCTURAL STABILITY OF MULLAPERIYAR DAM CONCIDERING THE SEISMIC EFFECTS PART 1-SEISMIC HAZARD ASSESSMENT' എന്ന റിപ്പോർട്ടിൽ 1822, 1867, 1900, 1901, 1993

1938, 1953, 1993 എന്നീ വർഷങ്ങളിൽ മുല്ലപ്പെരിയാറിന്റെ പരിസരപ്രദേശങ്ങളിൽ റിക്ടർ സ്കെയിലിൽ 5.7, 6, 5, 5.4 രേഖപ്പെടുത്തിയ ഭൂകമ്പങ്ങൾ ഉണ്ടായിട്ടുള്ളതായി പരാമർശിച്ചിട്ടുണ്ട്. മറ്റ് ഡാമുകളെ സംബന്ധിച്ച വിവരം വ്യവസായ വകുപ്പിൽ ലഭ്യമാക്കിയിട്ടില്ല.

(ബി&സി) Seismic Zoning map of India പ്രകാരം മുല്ലപ്പെരിയാർ ഡാം സ്ഥിതിചെയ്യുന്ന സ്ഥലം Seismic Zone III-ൽ ഉൾപ്പെടുന്നു. മുല്ലപ്പെരിയാർ ഡാമിന്റെ പരിസരപ്രദേശങ്ങളിൽ ഭൂകമ്പം, ഭൂമികുലുക്കം എന്നിവ ഉണ്ടാകാൻ സാധ്യതയുണ്ടെന്ന കാര്യം രേഖപ്പെടുത്തിയിട്ടുണ്ട്. ഈ പ്രദേശത്തെ ഭൂകമ്പ സാധ്യതയെക്കുറിച്ച് സെസ്സും (NCESS), ബാംഗ്ലൂരിലെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എന്ന സ്ഥാപനത്തിലെ പ്രൊ. ആർ. എൻ. അയ്യങ്കാറും ഐ.ഐ.ടി. റൂർക്കിയും പഠനം നടത്തിയിട്ടുണ്ട്. ഭൂകമ്പ സാധ്യതയെക്കുറിച്ച് റൂർക്കി ഐ.ഐ.ടി. നടത്തിയ പഠന റിപ്പോർട്ടിൽ ഭൂകമ്പ മേഖലാ ഭൂപടം അനുസരിച്ച് മൂന്നാമത്തെ ഭൂകമ്പ മേഖലയിലാണ് മുല്ലപ്പെരിയാർ ഡാം സ്ഥിതിചെയ്യുന്നതെന്നും മോഡിഫൈഡ് മെർക്കാലി ഇന്റൻസിറ്റി VII അളവിലുള്ള ഭൂകമ്പം വരാൻ സാധ്യതയുണ്ടെന്നും പരാമർശിച്ചിട്ടുണ്ട്. ഭൂകമ്പ സാധ്യതയുള്ള പ്രദേശങ്ങളിൽ നിർമ്മാണാനുമതി നൽകിയ വിഷയം സംബന്ധിച്ച് ആധികാരികമായി സർക്കാർ പഠനം നടത്തിയിട്ടില്ല.

(ഡി) ഡാമുകളുടെ പരിസരപ്രദേശങ്ങളിൽ നിർമ്മാണത്തിന് അനുമതി ആവശ്യപ്പെടുന്ന ഫയലുകൾ പരിശോധിക്കുന്ന സമിതികളിൽ നിലവിൽ ജിയോളജി വകുപ്പിന്റെ പ്രതിനിധികൾ ഉൾപ്പെട്ടിട്ടില്ല.

(ഇ) സംസ്ഥാനത്തെ ഭൂകമ്പ സാധ്യതകളെക്കുറിച്ച് മൈനിംഗ് & ജിയോളജി വകുപ്പ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

### ഒളിമ്പിക്സ് മെഡലിനായി നടപ്പിലാക്കുന്ന പദ്ധതികൾ

157(2506) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒളിമ്പിക്സ് മെഡൽ ലക്ഷ്യമിട്ട് എന്തൊക്കെ പുതിയ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് നിന്നുള്ള ഏഷ്യൻഗെയിംസ് മെഡൽ ജേതാക്കൾക്ക് എന്തൊക്കെ ധനസഹായമാണ് ഇതിനകം അനുവദിച്ചതെന്ന് വെളിപ്പെടുത്തുമോ;

(സി) അവർക്ക് സർക്കാർ സർവീസിൽ ജോലി നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2020, 2024-ലെ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി ഒളിമ്പിക്സ് മെഡൽ സാധ്യതയുള്ള കായിക ഇനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം ലക്ഷ്യമാക്കിക്കൊണ്ട് "ഓപറേഷൻ ഒളിമ്പ്യ" എന്ന പേരിലുള്ള പരിശീലന പദ്ധതിക്ക് തുടക്കംകുറിച്ചിട്ടുണ്ട്. ഇന്ത്യയിലെയും വിദേശത്തെയും പ്രഗത്ഭരായ പരിശീലകരുടെ സേവനം ഈ പരിശീലന പദ്ധതിയിൽ ലഭ്യമാക്കുന്നു. പദ്ധതിയുടെ പ്രാരംഭ ഘട്ടമായി നിലവിൽ റസ്ലിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ബോക്സിംഗ് എന്നീ കായിക ഇനങ്ങളുടെ പരിശീലനം തിരുവനന്തപുരം ജില്ലയിലും കനോയിംഗ് & കയാക്കിംഗ് കൊല്ലത്തും ബാഡ്മിന്റൺ എറണാകുളത്തും ഫെൻസിംഗ് കണ്ണൂരിലും റോവിംഗ് ആലപ്പുഴയിലും നടന്നുവരുന്നു.

(ബി&സി) 18-ാമത് ഏഷ്യൻ ഗെയിംസിൽ മെഡൽ നേടിയ മലയാളി കായികതാരങ്ങൾക്ക് സ്വർണ്ണം, വെള്ളി, വെങ്കലം എന്നീ മെഡലുകൾക്ക് യഥാക്രമം 20, 15, 10 ലക്ഷം രൂപ വീതം ക്യാഷ് അവാർഡായി നൽകിയിട്ടുണ്ട്. മെഡൽ നേടിയ കായിക താരങ്ങൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസൃതമായി സർക്കാർ വകുപ്പുകളിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകുവാനും തീരുമാനിച്ചിട്ടുണ്ട്.

## നീന്തൽതാരം സജൻ പ്രകാശിന്റെ ശമ്പളം സംബന്ധിച്ച് പരാതി

158(2507) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര വകുപ്പിൽ ജോലിചെയ്യുന്ന കേരളത്തിന്റെ അഭിമാനമായ നീന്തൽതാരം ശ്രീ.സജൻ പ്രകാശിന്റെ ശമ്പളം സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചതായി അറിവുണ്ടോ;എങ്കിൽ പ്രസ്തുത പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ തന്നെ അഭിമാനങ്ങളായ സ്പോർട്സ് താരങ്ങളെ കേരളത്തിൽ നിലനിർത്തുന്നതിന് എന്ത് തീരുമാനമാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സജൻ പ്രകാശിന്റെ അപേക്ഷ തുടർനടപടികൾക്കായി ആഭ്യന്തര വകുപ്പിന് കൈമാറിയിട്ടുള്ളതും ആയത് ടി വകുപ്പ് പരിശോധിച്ച് വരികയുമാണ്.

(ബി) കായിക മേഖലയിൽ മികച്ച നേട്ടം കൈവരിക്കുന്ന കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന സ്പോർട്സ് ക്വാട്ടാ നിയമന പദ്ധതി പ്രകാരം പ്രതിവർഷം 50 ഒഴിവുകൾ കായികതാരങ്ങളുടെ നിയമനങ്ങൾക്കായി നീക്കിവച്ചിട്ടുണ്ട്. മുപ്പത്തഞ്ചാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 72 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ നിയമനം നൽകിയിട്ടുണ്ട്. കൂടാതെ ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ. സി. കെ. വിനീതിന് സെക്രട്ടേറിയേറ്റിൽ പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. 2017-ൽ ദേശീയ വോളീബോൾ കിരീടം നേടിയ കേരള ടീമിലെ സി. കെ. രതീഷിന് കിൻഫ്രയിൽ നിയമനം നൽകിയിട്ടുണ്ട്. 2014 ഏഷ്യൻ ഗെയിംസ് ഹോക്കിയിൽ സ്വർണ്ണമെഡൽ നേടിയ ഇന്ത്യൻ ടീമംഗം പി. ആർ. ശ്രീജേഷിന് പൊതുവിദ്യാഭ്യാസ വകുപ്പിൽ സ്പോർട്സ് ഓർഗനൈസർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. കേരള പോലീസ് സേനയിൽ 65 പേർക്ക് ഹവിൽദാർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. കൊൽക്കത്തിയിൽവച്ച് നടന്ന 72-ാമത് സന്തോഷ് ട്രോഫി ഫുട്ബോളിൽ ജേതാക്കളായ കേരള ടീമംഗങ്ങൾക്ക് ക്യാഷ് അവാർഡ് നൽകിയിട്ടുള്ളതും ജോലിയില്ലാത്ത 11 ടീമംഗങ്ങൾക്ക് സർക്കാർ ജോലി നൽകുവാൻ തീരുമാനിച്ചിട്ടുള്ളതുമാണ്.

മികച്ച കായിക താരങ്ങൾക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന ക്ലാസ് III, ക്ലാസ് IV തസ്തികകളിലെ നിയമനങ്ങളിൽ അധിക മാർക്ക് നൽകുന്ന പദ്ധതിപ്രകാരം 32 കായിക ഇനങ്ങളെ അധിക മാർക്ക് നൽകുന്നതിന് പരിഗണിച്ചുവരുന്നുണ്ട്. കൂടാതെ സർക്കാർ സർവ്വീസിലേക്ക് പി.എസ്.സി. നടത്തുന്ന നിയമനങ്ങളിൽ കായിക താരങ്ങൾക്ക് 1% സംവരണം സംബന്ധിച്ച വിഷയവും പരിഗണനയിലുണ്ട്. സംസ്ഥാന സ്കൂൾ, കോളേജ് കായിക മത്സരങ്ങളിൽ വിജയിച്ച സ്കൂൾ, കോളേജ് പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ കായിക താരങ്ങൾക്കായി സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. കായിക താരങ്ങൾക്ക് ധനസഹായം നൽകുന്നതിനായി കായിക വികസന നിധി രൂപീകരിച്ചിട്ടുണ്ട്. 2018-2019 സാമ്പത്തിക വർഷം കായിക വികസന നിധിയിൽനിന്നും 7 കായിക താരങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്. ഒഡീഷയിലെ ഭുവനേശ്വറിൽ വച്ച് നടന്ന 22-ാമത് ഏഷ്യൻ അത്‍ലറ്റിക് ചാമ്പ്യൻഷിപ്പിൽ 1500 മീറ്ററിൽ സ്വർണ്ണ മെഡൽ കരസ്ഥമാക്കിയ മലയാളി കായിക താരം കുമാരി പി. യു. ചിത്രയ്ക്ക് തുടർ പരിശീലന ചെലവിലേയ്ക്കായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ എലൈറ്റ് സ്കീമിൽ ഉൾപ്പെടുത്തി പ്രതിദിനം 500 രൂപയും മികച്ച കായിക താരങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള ഡോ. എ. പി. ജെ. അബ്ദുൾ കലാം സ്കോളർഷിപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി

പ്രതിമാസം 10,000 രൂപയും അനുവദിച്ചിട്ടുണ്ട്. ഇൻഡോനേഷ്യയിലെ ജക്കാർത്തയിൽ വച്ച് നടന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്ക് വേണ്ടി മെഡൽ നേടിയ മലയാളി കായികതാരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകിയിട്ടുണ്ട്. ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്ക് വേണ്ടി മെഡൽ നേടിയ കേരളീയ കായികതാരങ്ങൾക്ക് സർക്കാർ ജോലി നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

മികച്ച കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2010-2014 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്ക് നിയമനത്തിനായി അപേക്ഷ ക്ഷണിക്കുകയും ലഭ്യമായ അപേക്ഷകൾ വിശദമായി പരിശോധിച്ച് അർഹരായവരുടെ ലിസ്റ്റ് തയ്യാറാക്കി അസ്സൽ സർട്ടിഫിക്കറ്റുകൾ പരിശോധന നടത്തുകയും നിയമന നടപടികൾ അവസാനഘട്ടത്തിലുമാണ്. 2015, 2016, 2017 കാലയളവിലെ സ്പോർട്സ് ക്വാട്ടാ നിയമനം നടത്തുന്നതിനാവശ്യമായ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## കായിക താരങ്ങൾക്ക് ക്ഷേമനിധി

159(2508) ശ്രീ. എം. ഉമ്മർ :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായികതാരങ്ങൾക്ക് ക്ഷേമനിധി രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ബി) കായിക താരങ്ങളുടെ പ്രകടനം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;അറിയിക്കുമോ;

(സി) ക്ഷേമനിധി രൂപീകരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ അവശരായ കായിക താരങ്ങൾക്ക് എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ ?

### ഉത്തരം

(എ) കായിക താരങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കായിക താരങ്ങൾക്ക് മെച്ചപ്പെട്ട പരിശീലനവും സൗകര്യങ്ങളും ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 54 കോളേജ് സ്പോർട്സ് അക്കാഡമികൾ, 25 സ്കൂൾ സ്പോർട്സ് അക്കാഡമികളും (സ്പോർട്സ് ഹോസ്റ്റലുകൾ)

ഗ്രാമീണ മേഖലയിൽ 13 റൂറൽ കോച്ചിംഗ് സെന്ററുകളും 70 ഡേ ബോർഡിംഗ് സെന്ററുകളും പ്രവർത്തിച്ചുവരുന്നു. കായിക താരങ്ങൾക്ക് ഡി. എ., വാഷിംഗ് അലവൻസ്, സ്പോർട്സ് കിറ്റ്, കായിക ഉപകരണങ്ങൾ, ചികിത്സാ ധനസഹായം തുടങ്ങിയവ അനുവദിച്ചുവരുന്നുണ്ട്. കായിക താരങ്ങളെ ഏഷ്യൻ/ കോമൺവെൽത്ത്/ ഒളിമ്പിക് എന്നീ രാജ്യാന്തര മത്സരങ്ങളിൽ മെഡൽ സാധ്യത ഉറപ്പാക്കുന്ന രീതിയിൽ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ സ്പോർട്സ് കൗൺസിലിന് കീഴിൽ അത്‌ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. 2020, 2024-ലെ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി മലയാളി കായിക താരങ്ങൾക്ക് ഒളിമ്പിക്സിൽ മെഡൽ ലഭിക്കാൻ സാധ്യത കൂടുതലുള്ള കായിക ഇനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം ലക്ഷ്യമാക്കിക്കൊണ്ട് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപറേഷൻ ഒളിമ്പ്യ" ഇന്ത്യയിലേയും വിദേശത്തേയും പ്രഗത്ഭരായ പരിശീലകരുടെ സേവനം ലഭ്യമാക്കുന്ന പരിശീലന പദ്ധതി കൂടിയാണ് ഇത്.

പദ്ധതിയുടെ പ്രാരംഭ ഘട്ടമായി നിലവിൽ റസ്ലിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ബോക്സിംഗ് എന്നീ കായിക ഇനങ്ങളുടെ പരിശീലനം തിരുവനന്തപുരം ജില്ലയിലും, കനോയിംഗ് & കയാക്കിംഗ് കൊല്ലത്തും ബഡ്മിന്റൺ എറണാകുളത്തും ഫെൻസിംഗ് കണ്ണൂരിലും റോവിംഗ് ആലപ്പുഴയിലും നടന്നുവരുന്നു. കായിക രംഗത്ത് പൊതുവേയും വ്യക്തിഗത ഇനങ്ങളിൽ പ്രത്യേകിച്ച് മികവ് തെളിയിക്കുന്ന കായിക താരങ്ങൾക്ക് ധനസഹായവും പ്രത്യേക ട്രെയിനിംഗും അസോസിയേഷനുകൾ, ക്ലബ്ബുകൾ എന്നിവയ്ക്ക് ധനസഹായവും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന കായിക താരങ്ങൾക്ക് പാരിതോഷികവും അവശരായ കായിക താരങ്ങൾക്ക് ധനഹായവും പെൻഷനും നൽകിവരുന്നുണ്ട്.

(സി) അവശത അനുഭവിക്കുന്ന കായിക താരങ്ങൾക്ക് അവശ കായികതാര പെൻഷൻ അനുവദിച്ചുവരുന്നു.

## ദേശീയ കായിക മേളകളിൽ മെഡൽ നേടുന്നവർക്ക് നൽകുന്ന ആനുകൂല്യങ്ങൾ

160(2509) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ കായിക മേളകളിൽ മെഡൽ നേടുന്നവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നത്; ഇത്തരം കായിക താരങ്ങൾക്ക് സർക്കാർ ജോലി നൽകുന്ന പദ്ധതി നിലവിലുണ്ടോ;

(ബി) ദേശീയ ബധിര കായിക മേളകളിൽ മെഡൽ നേടുന്നവർക്കും ഇത്തരത്തിൽ ആനുകൂല്യം നൽകുന്നുണ്ടോ; എങ്കിൽ അർഹരായ എല്ലാ കായിക താരങ്ങൾക്കും ഈ ആനുകൂല്യം നൽകിയിട്ടുണ്ടോ;

(സി) ജാർഖണ്ഡിൽവച്ച് നടന്ന ദേശീയ ബധിര കായികമേളയിൽ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് മെഡൽ നേടിയ ജിതിൻ കൃഷ്ണ. കെ. പി. എന്ന കായിക താരത്തിന് സർക്കാർ ജോലി നൽകണമെന്ന അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ അപേക്ഷയിൽ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കാമോ; സർക്കാർ വാഗ്ദാനം ചെയ്ത പ്രകാരമുള്ളതും പദ്ധതി പ്രകാരമുള്ളതുമായ ആനുകൂല്യങ്ങൾ അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ദേശീയ അന്തർദേശീയ മത്സരങ്ങളിൽ കേരളത്തെ പ്രതിനിധീകരിച്ച് വിജയികളാകുന്ന മലയാളികളായ കായിക താരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകി വരുന്നുണ്ട്. മികച്ച കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതിപ്രകാരം 2010-2014 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്ക് നിയമനത്തിനായി അപേക്ഷ ക്ഷണിക്കുകയും ലഭ്യമായ അപേക്ഷകൾ വിശദമായി പരിശോധിച്ച് അർഹരായവരുടെ ലിസ്റ്റ് തയ്യാറാക്കി അസ്സൽ സർട്ടിഫിക്കറ്റുകൾ പരിശോധന നട<u>ത്തു</u>കയും നിയമന നടപടികൾ അവസാനഘട്ടത്തിലുമാണ്. 2015, 2016, 2017 കാലയളവിലെ സ്പോർട്സ് ക്വാട്ടാ നിയമനം നട<u>ത്തു</u>വാൻ വേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. മുപ്പത്തഞ്ചാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 72 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ നിയമനം നൽകിയിട്ടുണ്ട്. കൂടാതെ ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ. സി. കെ. വിനീതിന് സെക്രട്ടേറിയേറ്റിൽ പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. 2017-ൽ ദേശീയ വോളീബോൾ കരീടം നേടിയ കേരള ടീമിലെ സി. കെ. രതീഷിന് കിൻഫ്രയിൽ നിയമനം നൽകിയിട്ടുണ്ട്.

കൊൽക്കത്തയിൽവച്ച് നടന്ന എഴുപത്തിരണ്ടാമത് സന്തോഷ് ട്രോഫി ഫുട്ബോളിൽ ജേതാക്കളായ കേരള ടീമംഗങ്ങൾക്ക് ക്യാഷ് അവാർഡ് നൽകിയിട്ടുള്ളതും ജോലിയില്ലാത്ത 11 ടീമംഗങ്ങൾക്ക് സർക്കാർ ജോലി നൽകുവാൻ തീരുമാനി ച്ചിട്ടുള്ളതുമാണ്. ഒഡീഷയിലെ ഭുവനേശ്വരിൽ വച്ച് നടന്ന 22-ാമത് ഏഷ്യൻ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ 1500 മീറ്ററിൽ സ്വർണ്ണ മെഡൽ കരസ്ഥമാക്കിയ മലയാളി കായിക താരം കുമാരി പി. യു. ചിത്രയ്ക്ക് തുടർ പരിശീലന ചെലവിലേയ്ക്കായി കേരള

സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ എലൈറ്റ് സ്കീമിൽ ഉൾപ്പെടുത്തി പ്രതിദിനം 500 രൂപയും മികച്ച കായിക താരങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള ഡോ. എ. പി. ജെ. അബ്ദുൾ കലാം സ്കോളർഷിപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രതിമാസം 10,000 രൂപയും അനുവദിച്ചിട്ടുണ്ട്. ഇൻഡോനേഷ്യയിലെ ജക്കാർത്തയിൽ വച്ച് നടന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്ക് വേണ്ടി മെഡൽ നേടിയ കേരളീയ കായിക താരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകിയിട്ടുണ്ട്. ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്ക് വേണ്ടി മെഡൽ നേടിയ കേരളീയ കായിക താരങ്ങൾക്ക് സർക്കാർ ജോലി നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ദേശീയ/അന്തർദ്ദേശീയ മത്സരങ്ങളിൽ വിജയികളായ കായികതാരങ്ങൾക്ക് 2013-2014 മുതൽ 2015-2016 വരെ കുടിശ്ശികയായിരുന്ന ക്യാഷ് അവാർഡ് തുകയായ 2,42,36,440 രൂപയും വിതരണം ചെയ്തിട്ടുണ്ട്.

(ബി) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകൃത സംഘടനയായ "സ്പോർട്സ് കൗൺസിൽ ഓഫ് ഡഫ്"-നെ പ്രതിനിധീകരിച്ച് ദേശീയ/ അന്തർദേശീയ മത്സരങ്ങളിൽ മെഡൽ നേടുന്ന കായിക താരങ്ങൾക്ക് ക്യാഷ് അവാർഡും കൂടാതെ ദേശീയ ബധിര കായിക മേളകളിൽ കേരളത്തിൽനിന്നും പങ്കെടുത്ത് മെഡൽ നേടുന്ന കായിക താരങ്ങൾക്ക് ആവശ്യമായ ആനുകൂല്യങ്ങളും നൽകിവരുന്നു.

(സി) ഉണ്ട്. പ്രസ്തുത അപേക്ഷ വിശദമായി പരിശോധിക്കുകയുണ്ടായി. സ്പോർട്സ് ക്വാട്ട നിയമന പദ്ധതി പ്രകാരം സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നത്, കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങളിലൂടെ അപേക്ഷ ക്ഷണിച്ച്, സെലക്ട് ലിസ്റ്റ് തയ്യാറാക്കി മുൻഗണനാ ക്രമത്തിൽ ഓരോ തസ്തികയ്ക്കും നിശ്ചയിച്ചിട്ടുള്ള വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിലാണ്. ആയതിനാൽ സർക്കാർ സർവ്വീസിൽ സ്പോർട്സ് ക്വാട്ട മുഖേനയുള്ള നിയമനത്തിന് പരിഗണിക്കു ന്നതിനായി ഇതുസംബന്ധിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുന്ന അവസരത്തിൽ വിജ്ഞാപനത്തിലെ വ്യവസ്ഥകൾ പ്രകാരം അപേക്ഷ സമർപ്പിക്കേണ്ടതാണ് എന്ന വിവരം അപേക്ഷകനെ അറിയിച്ചിട്ടുണ്ട്.

## ഫുട്ബോൾ താരങ്ങളെ വാർത്തെടുക്കുന്നതിന് നടപടി

161(2510) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തിനുവേണ്ടി മികച്ച ഫുട്ബോൾ താരങ്ങളെ വാർത്തെടുക്ക ണമെന്ന ലക്ഷ്യം നേടുന്നതിനായി കായിക വകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി എത്ര സ്കൂളുകളിലാണ് നടപ്പിലാക്കുന്നത് എന്നറിയിക്കാമോ;

(സി) ഈ പദ്ധതിയിൽ കുട്ടികളെ പരിശീലിപ്പിക്കുന്നതിന് യോഗ്യതയുള്ള മികവുറ്റ പരിശീലകരെ നിയോഗിക്കുന്നതിന് പ്രത്യേക പരിഗണന നൽകുമോ എന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഫുട്ബോൾ കളിയിൽ തൽപ്പരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാനത്തെ 18 സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. 8 സ്കൂളുകളിൽ പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുണ്ട്. പദ്ധതിക്കായി തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലെ കുട്ടികൾക്ക് പുറമെ ടി സ്കൂളുകളുടെ പരിസര പ്രദേശങ്ങളിലെ സ്കൂളുകളിലെ കുട്ടികളെ ഉൾപ്പെടുത്തി പരിശീലന ക്യാമ്പ് സംഘടിപ്പിച്ച് മികവ് തെളിയിക്കുന്ന 25 കുട്ടികൾക്കാണ് അടിസ്ഥാന സൗകര്യം ലഭ്യമാക്കുന്നത്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ ഫുട്ബോൾ കായിക ഇനത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ ജില്ലകളിലായി 4 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 11 കോളേജ് സ്പോർട്സ് അക്കാഡമികൾ, 2 സ്കൂൾ സ്പോർട്സ് അക്കാഡമികൾ, 10 ഡേ ബോർഡിംഗ് സെന്ററുകൾ എന്നിവ പ്രവർത്തിച്ചുവരുന്നു. കൂടാതെ ഐലൈറ്റ് സ്കീമിൽ ഫുട്ബോൾ കായിക ഇനത്തെ കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) ആദ്യഘട്ടത്തിൽ 18 സ്കൂളുകളാണ് പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചത്.

(സി) അഖിലേന്ത്യാ ഫുട്ബോൾ ഫെഡറേഷന്റെ ഡി-ലൈസൻസ് യോഗ്യതയുള്ള പരിശീലകരെയാണ് നിലവിൽ പ്രസ്തുത പദ്ധതിയുടെ പരിശീലകരായി നിയോഗിച്ചിട്ടുള്ളത്.

## കേരളത്തിന്റെ ഫുട്ബോൾ രംഗത്തെ വികസനം

162(2511) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡ്യൻ ഫുട്ബോളിന് യുവതാരങ്ങളെ സംഭാവന ചെയ്തുകൊണ്ടിരിക്കുന്ന കേരളത്തിന്റെ ഈ രംഗത്തെ നിലവിലെ സാഹചര്യം പരിശോധിക്കുകയുണ്ടായോ;

(ബി) എങ്കിൽ മികച്ച പരിശീലനവും നിലവാരമുള്ള മൈതാനങ്ങളും അതുവഴി മെച്ചപ്പെട്ട മത്സര പരിചയവും യുവതാരങ്ങൾക്ക് ലഭ്യമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികൾ കൈക്കൊള്ളുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) ഫുടബോൾ കളിയിൽ തൽപ്പരരായ കുട്ടികളെ ചെറിയ പ്രായത്തിൽതന്നെ കണ്ടെത്തി വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാനത്തെ 18 സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. ആദ്യഘട്ടത്തിൽ 8 സ്കൂളുകളിൽ പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുണ്ട്. പദ്ധതിക്കായി തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലെ കുട്ടികൾക്ക് പുറമെ ടി സ്കൂളുകളുടെ പരിസര പ്രദേശങ്ങളിലെ സ്കൂളുകളിലെ കുട്ടികളെക്കൂടി ഉൾപ്പെടുത്തി പരിശീലന ക്യാമ്പ് സംഘടിപ്പിച്ച് മികവ് തെളിയിക്കുന്ന 25 കുട്ടികൾക്കാണ് പരിശീലനം നൽകുന്നത്. കേരളത്തിൽ ഫുട്ബോൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പനമ്പള്ളി നഗർ സ്പോർട്സ് ഗ്രൗണ്ട് അന്താരാഷ്ട്ര നിലവാരത്തിൽ നവീകരിക്കുകയും നിലവിൽ ഗ്രൗണ്ടിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ഹോസ്റ്റൽ സ്കീമിലുള്ള ഫുട്ബോൾ താരങ്ങൾക്കും സീനിയർ തലത്തിൽ കളിക്കുന്ന മറ്റ് കേരള താരങ്ങൾക്കും പരിശീലനം നൽകിവരുന്നു.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ ഫുട്ബോൾ കായിക ഇനത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ ജില്ലകളിലായി 4 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 11 കോളേജ് സ്പോർട്സ് അക്കാഡമികൾ, 2 സ്കൂൾ സ്പോർട്സ് അക്കാഡമികൾ, 10 ഡേ ബോർഡിംഗ് സെന്ററുകൾ എന്നിവ പ്രവർത്തിച്ചുവരുന്നു. മലപ്പുറം ജില്ലയിലെ മഞ്ചേരി സ്പോർട്സ് കോംപ്ലക്സിൽ നിലവിലുള്ള അന്താരാഷ്ട്ര നിലവാരത്തിലുള്ള ഫുട്ബോൾ സ്റ്റേഡിയത്തിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. കൂടാതെ, കിഫ്ബി പദ്ധതിയുടെ കീഴിൽ കായിക വകുപ്പ് ഏറ്റെടുത്തിട്ടുള്ള അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികളിൽ 25 ഫുട്ബോൾ സ്റ്റേഡിയങ്ങളും കായിക വകുപ്പിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ പൂർത്തിയായി വരുന്ന 5 ഫുട്ബോൾ സ്റ്റേഡിയങ്ങളും ഉൾപ്പെടുന്നു. ഫുട്ബോൾ അസോസിയേഷൻ സംഘടിപ്പിക്കുന്ന കോച്ചിംഗ്/ക്യാമ്പിലും ദേശീയ മത്സരങ്ങളിലും പങ്കെടുക്കുന്ന കായിക താരങ്ങൾക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽനിന്നും സംസ്ഥാന അസോസിയേഷൻ മുഖേന ഗ്രാന്റ് അനുവദിച്ചുവരുന്നു. മെഡൽ ജേതാക്കൾക്ക് ക്യാഷ് അവാർഡും നൽകിവരുന്നു. കൂടാതെ 2018-ലെ സന്തോഷ് ട്രോഫി ജേതാക്കളായ കേരള ഫുട്ബോൾ ടീം അംഗങ്ങൾക്ക് സ്വീകരണവും ക്യാഷ് അവാർഡും നൽകുകയുണ്ടായി. ജോലിയില്ലാത്ത ടീമംഗങ്ങളായ 11 പേർക്ക് സർക്കാർ ജോലി നൽകാനും തീരുമാനിച്ചിട്ടുണ്ട്. കേരളത്തെ പ്രതിനിധീകരിച്ച് സബ് ജൂനിയർ, ജൂനിയർ, സീനിയർ മത്സരങ്ങളിൽ പങ്കെടുക്കുന്ന കേരള കായിക താരങ്ങൾക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽനിന്നും സ്പോർട്സ് കിറ്റും അനുവദിച്ചുവരുന്നു.

## ഭിന്നശേഷിക്കാരുടെ കായിക മികവ് പ്രോത്സാഹിപ്പിക്കാനായി പദ്ധതി

163(2512) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാർക്കുള്ള ഒളിംപിക്സ് ഉൾപ്പെടെ രാജ്യാന്തരമത്സരങ്ങളിലും വിവിധ ദേശീയ മത്സരങ്ങളിലും കേരളത്തിൽ നിന്നുള്ള ഭിന്നശേഷിക്കാർ മികച്ച പ്രകടനം കാഴ്ചവെച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭിന്നശേഷിക്കാരുടെ കായിക മികവ് പ്രോത്സാഹിപ്പിക്കാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഭിന്നശേഷിക്കാർക്കായി പ്രത്യേക കായിക വിദ്യാഭ്യാസ പരിപാടി ആവിഷ്കരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. ഭിന്നശേഷിക്കാരുടെ കായിക മികവ് പ്രോത്സാഹിപ്പിക്കുന്നതിനായി ലോക ഭിന്നശേഷി ദിനാചരണത്തിന്റെ ഭാഗമായി എല്ലാ ജില്ലകളിലും അംഗപരിമിതർക്കായി കലാ കായിക മത്സരങ്ങൾ സംഘടിപ്പിക്കുകയും വിജയികൾക്ക് സമ്മാനം വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, സ്പോർട്സ് കൗൺസിൽ ഓഫ് ഡഫ് എന്ന കായിക സംഘടനയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത സംഘടനയെ പ്രതിനിധീകരിച്ച് ദേശീയ അന്തർദ്ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്ന കായിക താരങ്ങൾക്കും, സ്പെഷ്യൽ ഒളിമ്പിക്സ്/ഏഷ്യൻ പസഫിക് സ്പെഷ്യൽ ഒളിമ്പിക്സിൽ പങ്കെടുത്ത കായിക താരങ്ങൾക്കും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്നും ക്യാഷ് അവാർഡ് നൽകിവരുന്നുണ്ട്.

(സി) ഇപ്പോൾ പരഗണനയിലില്ല.

## സ്പോർട്സ് കൗൺസിൽ പ്രവർത്തനങ്ങൾ

164(2513) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് കൗൺസിൽ മുഖാന്തരം അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കാവുന്ന കായിക ഇനങ്ങൾ ഏതെല്ലാമാണ്;

(ബി) സ്പോർട്സ് കൗൺസിലിന് ഗ്രാമതലത്തിൽ നൽകാവുന്ന സേവനങ്ങൾ എന്തെല്ലാമാണ്;

(സി) അഖിലേന്ത്യതലത്തിലും സംസ്ഥാനതലത്തിലും ചാമ്പ്യൻമാരായ കായിക താരങ്ങളുടെ നിയമനങ്ങൾ എത്ര ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 2000-ലെ കേരള സ്പോർട്സ് ആക്ടിനും അതിനുകീഴിൽ പുറപ്പെടുവിച്ചിട്ടുള്ള സ്പോർട്സ് ചട്ടങ്ങളിലെയും വ്യവസ്ഥകൾ പാലിക്കുന്ന ഏത് കായിക സംഘടനകൾക്കും നാഷണൽ ഗെയിംസ് മുതൽ ഒളിമ്പിക്സ് വരെയുള്ള കായിക ഇനങ്ങളിൽ കേരളത്തിൽ പ്രചാരമുള്ള (10 ജില്ലകളിലെങ്കിലും) കായിക ഇനങ്ങൾ ഉണ്ടെങ്കിൽ ബന്ധപ്പെട്ട അത്തരം കായിക സംഘടനകൾക്കും അഫിലിയേഷനായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ അപേക്ഷ സമർപ്പിക്കാവുന്നതും അപ്രകാരമുള്ള അപേക്ഷ കൗൺസിൽ പരിഗണിക്കുന്നതുമാണ്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ നിലവിൽ 41 സംസ്ഥാന അസോസിയേഷനുകൾക്ക് അംഗീകാരമുണ്ട്.

(ബി) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ ഗ്രാമീണ മേഖലയിൽ 13 റൂറൽ കോച്ചിംഗ് സെന്ററുകളും 70 ഡേ ബോർഡിംഗ് സെന്ററുകളും പ്രവർത്തിച്ചുവരുന്നു. കൂടാതെ വെക്കേഷൻ സമയത്ത് പരിശീലകരെ അവരവരുടെ ജില്ലകളിൽ പോസ്റ്റ് ചെയ്യുകയും അപേക്ഷകൾ ലഭിക്കുന്നമുറയ്ക്ക് ആവശ്യാനുസരണം പരിശീലകരെ ലഭ്യമാക്കി കൊടുക്കുകയും ചെയ്യുന്നു.

(സി) മികച്ച കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതിപ്രകാരം 2010 മുതൽ 2014 വരെയുള്ള വർഷങ്ങളിലെ സ്പോർട്സ് ക്വാട്ട നിയമനത്തിനായി കായിക താരങ്ങളിൽനിന്നും അപേക്ഷ ക്ഷണിക്കുകയും പ്രസ്തുത വിജ്ഞാപന പ്രകാരം ലഭിച്ചിട്ടുള്ള അപേക്ഷകളിന്മേൽ ആവശ്യമായ തുടർ നടപടികൾ പുരോഗമിച്ചുവരികയാണ്. കൂടാതെ 2015 മുതൽ 2017 വരെയുള്ള വർഷങ്ങളിലെ സ്പോർട്സ് ക്വാട്ട നിയമനത്തിനായുള്ള കരട് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ പൊതുഭരണ വകുപ്പിൽ ത്വരിതഗതിയിൽ പുരോഗമിച്ചുവരുന്നു. മുപ്പത്തഞ്ചാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 72 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ നിയമനം നൽകിയിട്ടുണ്ട്. കൂടാതെ ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ. സി. കെ. വിനീതിന് സെക്രട്ടേറിയറ്റിൽ പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. 2017-ൽ ദേശീയ വോളീബോൾ കിരീടം നേടിയ കേരള ടീമിലെ സി. കെ. രതീഷിന് കിൻഫ്രയിൽ നിയമനം നൽകിയിട്ടുണ്ട്.

## സംസ്ഥാന സ്പോർട്സ് കൗൺസിൽ ഹോസ്റ്റലുകൾ

165(2514) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിൽ എത്ര സ്പോർട്സ് ഹോസ്റ്റലുകൾ നിലവിലുണ്ട്;

(ബി) സ്പോർട്സ് കൗൺസിലിന്റെ ഏതൊക്കെ ഹോസ്റ്റലുകളിലാണ് നിലവിൽ യോഗ്യതയുള്ള കോച്ചുകളുടെ സേവനം ലഭ്യമല്ലാത്തത്;

(സി) സ്പോർട്സ് കൗൺസിൽ ഹോസ്റ്റലുകളിൽ നിലവിലുള്ള കോച്ചുമാരുടെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ;വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ 31 ജില്ലാ സ്പോർട്സ് ഹോസ്റ്റലുകൾ, 54 കോളേജ് സ്പോർട്സ് ഹോസ്റ്റലുകൾ, 25 സ്കൂൾ സ്പോർട്സ് ഹോസ്റ്റലുകൾ എന്നിവ പ്രവർത്തിച്ചുവരുന്നു.

(ബി) 1. കെ.ഇ. കോളേജ് മാന്നാനം

2. ഗിരിദീപം, കോട്ടയം

3. സെന്റ് തെരേസ കോളേജ്, എറണാകുളം

4. സെന്റ് പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി

5. ബിഷപ് മൂർ കോളേജ്, മാവേലിക്കര

6. എം. എ. കോളേജ്, കോതമംഗലം

7. സി.എസ്.എച്ച്. രാമന്തളി, കണ്ണൂർ

8. സി.എസ്.എച്ച്. മഞ്ചേരി, മലപ്പുറം.

(സി) എൻ.ഐ.എസ്. യോഗ്യതയുള്ള പരിശീലകരെ മാനദണ്ഡങ്ങൾ പാലിച്ച് ഇന്റർവ്യൂവിന്റെയും ഫിസിക്കൽ ടെസ്റ്റിന്റെയും അടിസ്ഥാനത്തിൽ നിയമിക്കുന്നതാണ്.

## സ്പോർട്സ് സ്കൂളിന്റെ കീഴിൽ പദ്ധതികൾ

166(2515) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപ്രദേശങ്ങളിലെയും നഗരങ്ങളിലെയും യുവാക്കളുടെ കായികപരമായ കഴിവ് വളർത്തുന്നതിന് സ്പോർട്സ് സ്കൂളിന്റെ കീഴിൽ എന്തൊക്കെ പദ്ധതികളാണുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരം പദ്ധതികൾ നടപ്പാക്കാൻ നടത്തിയ പ്രവർത്തനങ്ങളും വകയിരുത്തിയ തുകയും മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ;

(സി) പഞ്ചായത്തുകളിലും നഗരസഭകളിലും സ്റ്റേഡിയം അനുവദിക്കാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും ഇത്തരത്തിൽ എത്ര സ്റ്റേഡിയം അനുവദിച്ചിട്ടുണ്ടെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഗ്രാമപ്രദേശങ്ങളിലെയും നഗരങ്ങളിലേയും ഉൾപ്പെടെ കേരളത്തിലെ വിവിധ പ്രദേശങ്ങളിൽനിന്നും സെലക്ഷൻ ട്രയൽസ് നടത്തി തെരഞ്ഞെടുക്കുന്ന കുട്ടികൾക്കാണ് അതത് കായികയിനങ്ങളിലുള്ള കഴിവും അഭിരുചിയും പരിപോഷിപ്പിക്കുന്നതിനായി സ്പോർട്സ് സ്കൂളുകളിൽ വിദഗ്ദ്ധ പരിശീലനം നൽകുന്നത്. കുട്ടികളുടെ ഭക്ഷണം, താമസം, പഠനം, പരിശീലനം, വൈദ്യസഹായം, സ്പോർട്സ് കിറ്റ്, പ്രത്യേക പോഷണം, മത്സരങ്ങൾക്കുള്ള യാത്രാബത്തകൾ എന്നിവയുടെ ചെലവ് സർക്കാർ വഹിക്കുന്നു. സ്പോർട്സ് സ്കൂളുകളിൽ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന് 38 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതി നടപ്പിലാക്കുമെന്ന് 2016-2017 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. പദ്ധതിയുടെ പ്രാരംഭഘട്ടമെന്ന നിലയിൽ 2016-2017, 2017-2018 സാമ്പത്തിക വർഷങ്ങളിലായി 42 പഞ്ചായത്തുകളിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. മണ്ഡലം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കൊല്ലം ജില്ലയിൽ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം

167(2516) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എല്ലാ ജില്ലകളിലും മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ കീഴിൽ, കൊല്ലം ജില്ലയിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

2016-2017 ബജറ്റിൽ പ്രഖ്യാപിച്ച കൊല്ലം ഒളിമ്പ്യൻ സുരേഷ് ബാബു ഇൻഡോർ സ്റ്റേഡിയവും 2017-2018 ബജറ്റിൽ പ്രഖ്യാപിച്ച പുനലൂർ മുനിസിപ്പൽ സ്റ്റേഡിയവുമാണ് നിലവിൽ മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയം ഇനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇവയിൽ പുനലൂർ മുനിസിപ്പൽ സ്റ്റേഡിയത്തിന് 5.64 കോടി രൂപയുടെ കിഫ്ബി അംഗീകാരവും 5.62 കോടി രൂപയുടെ സാങ്കേതിക അനുമതിയും ലഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. കൊല്ലം ഒളിമ്പ്യൻ സുരേഷ് ബാബു ഇൻഡോർ സ്റ്റേഡിയം നിലവിൽ ലാൽ ബഹദൂർ സ്റ്റേഡിയത്തിനടുത്ത് ലഭ്യമായ സ്ഥലത്ത് നിർമ്മിക്കുന്നതിലേയ്ക്കായി ഡി.പി.ആർ. തയ്യാറാക്കുന്ന നടപടികൾ പുരോഗമിക്കുന്നു.

## കോതമംഗലം മണ്ഡലത്തിൽ പല്ലാരിമംഗലത്ത് സ്റ്റേഡിയം

168(2517) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റൈൽ പദ്ധതി പ്രകാരം കോതമംഗലം മണ്ഡലത്തിൽ പല്ലാരിമംഗലത്ത് 1 കോടി രൂപയുടെ സ്റ്റേഡിയം നിർമ്മിക്കുന്നതിന് വേണ്ടിയുള്ള പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം നിർമ്മാണ പ്രവൃത്തികളാണ് പ്രസ്തുത സ്റ്റേഡിയം നിർമ്മാണത്തിന്റെ ഭാഗമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) ഇതിനുവേണ്ടിയുള്ള ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ ;

(ഡി) സ്റ്റേഡിയം നിർമ്മാണം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്റ്റൈൽ പദ്ധതിപ്രകാരം കോതമംഗലം പല്ലാരിമംഗലത്ത് സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തുകയും പ്രസ്തുത ഭൂമിയുടെ ടോട്ടൽ സ്റ്റേഷൻ സർവ്വേ മാപ്പ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) മൺപ്രതലമായ ഫുട്ബോൾ ഫീൽഡ്, ഗാലറി എന്നീ നിർമ്മാണ പ്രവൃത്തികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

(സി) ഡി. പി. ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഡി.പി.ആർ. ലഭ്യമാകുന്നമുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നിർമ്മാണപ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

## മലപ്പുറം മൊയ്തീൻകുട്ടി സ്മാരക ഇൻഡോർ സ്റ്റേഡിയം

169(2518) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ടനുവദിച്ച മലപ്പുറം മൊയ്തീൻകുട്ടി സ്മാരക ഇൻഡോർ സ്റ്റേഡിയം നിർമ്മാണ നടപടികളുടെ പുരോഗതികൾ വിശദീകരിക്കാമോ;

(ബി) പദ്ധതിക്കുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; എവിടെയാണ് സ്ഥലം കണ്ടെത്തിയിട്ടുള്ളത്;

(സി) അക്വിസിഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കി നിർമ്മാണ നടപടികൾ എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ-ഡി) 2016-2017-ബഡ്ജറ്റിൽ പ്രഖ്യാപിച്ച മലപ്പുറം ജില്ലയിലെ മൊയ്തീൻകുട്ടി ഇൻഡോർ സ്റ്റേഡിയത്തിന് 37.61 കോടി രൂപയുടെ കിഫ്ബി അംഗീകാരവും ലഭ്യമായിട്ടുണ്ട്. സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ചാലക്കുടി സേക്രട്ട് ഹാർട്ട് കോളേജിൽ ഖേലോ ഇന്ത്യ പദ്ധതിപ്രകാരം സ്റ്റേഡിയം

170(2519) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി സേക്രട്ട് ഹാർട്ട് കോളേജിൽ ഖേലോ ഇന്ത്യ പദ്ധതി പ്രകാരം സ്റ്റേഡിയം നിർമ്മിക്കുന്നതിനായി കായിക വകുപ്പിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി ഖേലോ ഇന്ത്യ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശിച്ചുകൊണ്ടുള്ള മേൽനടപടികൾ അടിയന്തരമായി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. ചാലക്കുടി സേക്രട്ട് ഹാർട്ട് കേളേജിൽ ഖേലോ ഇന്ത്യ പദ്ധതിപ്രകാരം സ്റ്റേഡിയം നിർമ്മിക്കുന്നതിനുവേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് കായിക എഞ്ചിനീയറിംഗ് വിഭാഗത്തോട് നിർദ്ദേശിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതിയുടെ അപേക്ഷ എസ്റ്റിമേറ്റ്, പ്രോജക്ട് റിപ്പോർട്ട് എന്നിവ 'ഖേലോ ഇന്ത്യ' പദ്ധതിയിലുൾപ്പെടുത്താൻ ശിപാർശ ചെയ്ത് കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ഇൻഡോർ സ്റ്റേഡിയങ്ങൾ**

171(2520) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ജില്ലകളിലും മികച്ച ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുമെന്ന പ്രഖ്യാപനം പൂർണ്ണതോതിൽ പ്രാവർത്തികമാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) കിഫ്ബിയിൽനിന്നും ഇക്കാര്യത്തിനായി എന്ത് തുകയാണ് അനുവദിച്ചിട്ടുള്ളത്;

(സി) മുൻസർക്കാരിന്റെ കാലത്ത് എത്ര കായിക താരങ്ങൾക്ക് ജോലി നൽകി എന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) നിലവിൽ 14 ജില്ലകളിലും ഇൻഡോർ സ്റ്റേഡിയങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും മികച്ച ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. വിശദാംശങ്ങൾ അനുബന്ധം-1 ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

(ബി) 2016-2017-ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ 14 മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിനായി ആകെ 500 കോടി രൂപ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി വകയിരുത്തിയിട്ടുണ്ട്. ആയതിന് കിഫ്ബി പദ്ധതികളുടെ എസ്.പി.വി. ആയ കിറ്റ്കോ സമർപ്പിച്ച 7 പദ്ധതികളുടെ (ആകെ 274.44 കോടി രൂപ) വിശദമായ റിപ്പോർട്ട് കിഫ്ബി അംഗീകരിച്ചിട്ടുണ്ട്.

(സി) മുൻസർക്കാരിന്റെ കാലത്ത് സ്പോർട്സ് ക്വാട്ട നിയമന പദ്ധതി പ്രകാരം 2006-2009 വർഷങ്ങളിലെ ഒഴിവുകളിൽ 108 കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകിയിട്ടുണ്ട്. ആഭ്യന്തര വകുപ്പിലും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിലും നിയമനം നൽകിയവരുടെ വിവരം ശേഖരിച്ചുവരുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിന്റെ നവീകരണ പ്രവൃത്തികൾ

172(2521) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിന്റെ നവീകരണ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്; ആയത് സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) ആറ്റിങ്ങൾ ശ്രീപാദം സ്റ്റേഡിയത്തിന്റെ നവീകരണ പ്രവൃത്തികളിൽ ഹോസ്റ്റലിന്റെയും സെൻട്രൽ ഫെസിലിറ്റി ബ്ലോക്കിന്റെയും പുനരുദ്ധാരണ പ്രവൃത്തികളും ശ്രീപാദം സ്റ്റേഡിയത്തിലെ സ്പോർട്സ് ലൈഫ് ജിംനേഷ്യം ഉപകരണങ്ങൾ എന്നിവയുടെ പ്രവൃത്തികളും പൂർത്തികരിച്ചിട്ടുണ്ട്. മറ്റ് നവീകരണ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു.*

## ബധിര മൂക ഫുട്ബോൾ താരമായ അൻവറിന് ജോലി

173(2522) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

15-12-2016-ലെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അഡ്മിനിസ്ട്രേറ്റീവ് ബോർഡ് യോഗം ചർച്ച ചെയ്യുകയും ബധിര മൂക ഫുട്ബോൾ കായിക താരമായ ശ്രീ. അൻവറിന്റെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസൃതമായ തസ്തികകളിൽ ഒഴിവ് വരുന്ന മുറയ്ക്ക് പരിഗണിക്കുവാൻ തീരുമാനിക്കുകയും ആ വിവരം അപേക്ഷകയായ അൻവറിന്റെ ഭാര്യയായ ശ്രീമതി ഷാഹിന T. കുന്നത്ത് പറമ്പിൽ, ചന്തക്കുന്ന്, നിലമ്പൂർ, മലപ്പുറം ജില്ല എന്നവരെ രേഖാമൂലം അറിയിക്കുകയും ചെയ്ത സാഹചര്യത്തിൽ (കത്ത് നമ്പർ കെ.എസ്.എസ്.സി/ബി8/2046/16) ജോലി നൽകുന്നതിനുള്ള തുടർനടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ സ്ഥിര നിയമനം നടത്തുവാൻ അപേക്ഷ ക്ഷണിക്കുമ്പോൾ ടിയാനും യോഗ്യതയ്ക്ക് അനുസൃതമായി അപേക്ഷിക്കാവുന്നതാണ്. പ്രതിവർഷം 50 കായിക താരങ്ങൾക്ക് സ്പോർട്സ് ക്വാട്ട നിയമനപ്രകാരം അപേക്ഷ ക്ഷണിക്കുമ്പോൾ ടിയാനും അപേക്ഷ നൽകാവുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കേരള ഫുട്ബോൾ ടീം അംഗങ്ങൾക്ക് ജോലി

174(2523) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സന്തോഷ് ട്രോഫി ഫുട്ബോൾ മത്സരത്തിൽ വിജയിച്ച കേരള ടീം അംഗങ്ങൾക്ക് ജോലി നൽകുമെന്നുള്ള പ്രഖ്യാപനത്തിന്മേലുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ബി) ഏതെങ്കിലും ജില്ലാഭരണകൂടം ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ നൽകുന്നതിന് അനാവശ്യ കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഏതൊക്കെ കളിക്കാരാണ് ജോലിക്കായി അപേക്ഷ നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. 72-ാമത് സന്തോഷ് ട്രോഫി ജേതാക്കളായ കേരള ടീമിലെ 11 അംഗങ്ങൾക്ക് വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസരിച്ച് സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സർക്കാർ ജോലി നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ടി കായിക താരങ്ങളുടെ മേൽവിലാസം, പ്രായം, വിദ്യഭ്യാസ യോഗ്യത, കായിക നേട്ടങ്ങൾ വ്യക്തമാക്കുന്ന സാക്ഷ്യപത്രം എന്നിവ സഹിതമുള്ള റിപ്പോർട്ട് ബന്ധപ്പെട്ട ജില്ലാ കളക്ടർമാരിൽനിന്നും ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുകൾ പരിശോധിച്ച് നിയമനം നൽകുന്നത് സംബന്ധിച്ച തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇല്ല.

(സി) എഴുപത്തിരണ്ടാമത് സന്തോഷ് ട്രോഫി ജേതാക്കളായ കേരള ടീമിലെ താഴെപ്പറയുന്ന 11 അംഗങ്ങൾക്കാണ് വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസരിച്ച് സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സർക്കാർ ജോലി നൽകുവാൻ തീരുമാനിച്ചിട്ടുള്ളത്.

1. മുഹമ്മദ് ഷെരീഫ്, വൈ.പി.
2. ജിയാദ് ഹസൻ കെ. ഒ.
3. ജെസ്റ്റിൻ ജോർജ്ജ്
4. രാഹുൽ കെ. പി.

5. ശ്രീക്കുട്ടൻ. വി. എസ്
6. ജിതിൻ. എം.എസ്
7. ജിതിൻ. ജി.
8. ഷംനാസ്. ബി. എൽ.
9. സജിത്ത് പൗലോസ്
10. അഫ്ഡാൽ വി. കെ.
11. അനുരാഗ്. പി.സി.

## സ്പെഷ്യൽ ഒളിമ്പിക്സ് കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം

175(2524) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ എത്ര കായിക താരങ്ങൾക്ക് സർക്കാർ വകുപ്പുകളിൽ നിയമനം നൽകിയിട്ടുണ്ട് എന്നത് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) സ്പെഷ്യൽ ഒളിമ്പിക്സ് (പാരാലിമ്പിക്സ്) വിജയികളെ കായിക താരങ്ങൾക്കുള്ള നിയമനത്തിന് പരിഗണിക്കാറുണ്ടോ;

(സി) ഈ മാനദണ്ഡ പ്രകാരം പുതുപ്പാടി സ്വദേശി മുഹമ്മദ് സാലിഹിന് നിയമനം നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ നിയമനം ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുപ്പത്തഞ്ചാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 68 കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ വിവിധ വകുപ്പുകളിൽ എൽ.ഡി. ക്ലാർക്കിന്റെ തസ്തികകളിൽ നിയമനം നൽകിയിട്ടുണ്ട്. മുപ്പത്തഞ്ചാമത് ദേശീയ ഗെയിംസിൽ മികച്ച പ്രകടനം കാഴ്ചവച്ച അനിൽഡ തോമസ്, അനു രാഘവൻ എന്നിവർക്ക് വനം വകുപ്പിലും സജൻ പ്രകാശ്, എലിസബത്ത് സൂസൻ കോശി എന്നിവർക്ക് ആഭ്യന്തര വകുപ്പിലും ഗസറ്റഡ് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. ഇതുകൂടാതെ

ആഭ്യന്തര വകുപ്പിൽ 65 കായിക താരങ്ങൾക്ക് ഹവിൽദാർ തസ്തികയിലും നിയമനം നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ. സി. കെ. വിനീതിന് 2016 വർഷത്തിലെ സ്പോർട്സ് ക്വാട്ട നിയമനത്തിനായി നീക്കി വച്ചിരിക്കുന്ന 50 ഒഴിവുകളിൽ ഒന്നിൽ ഉൾപ്പെടുത്തി സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റിന്റെ സൂപ്പർ ന്യൂമററി തസ്തികയിലും നിയമനം നൽകിയിട്ടുണ്ട്.

(ബി) സ്പെഷ്യൽ ഒളിമ്പിക്സ് (പാരാലിമ്പിക്സ്) വിജയികളെ സ്പോർട്സ് ക്വാട്ട നിയമനത്തിന് പരിഗണിക്കുവാൻ നിലവിൽ വ്യവസ്ഥയില്ല. എന്നാൽ പ്രതിവർഷം 2 ഒഴിവ് വീതം വിഭിന്നശേഷിയുള്ള കായികതാരങ്ങൾക്കായി നീക്കിവച്ചിട്ടുണ്ട്.

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിശോധിച്ചുവരികയാണ്.

**പാലക്കാട് ജില്ലയിൽ 'ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം' പദ്ധതി**

176(2525) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2017-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 'ഒരു പഞ്ചായത്തിൽ ഒരു കളി സ്ഥലം' പദ്ധതിയിൽ പാലക്കാട് ജില്ലയിൽ എവിടെയെല്ലാം കളിസ്ഥലം വികസിപ്പിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) ഷൊർണ്ണൂർ മണ്ഡലത്തിൽ ഉൾപ്പെടുന്ന ഏതെങ്കിലും കളിസ്ഥലം ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) 2016-2017-ബജറ്റിൽ പ്രഖ്യാപിച്ച 'ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം' പദ്ധതിയിൽ പാലക്കാട് ജില്ലയിൽ

1. തിരുമിറ്റക്കോട് ചാത്തന്നൂർ എച്ച്.എസ്.എസ്.
2. ചിറ്റൂർ ഗവ. കോളേജ് സ്പോർട്സ് കോംപ്ലക്സ്
3. മൾട്ടിപ്പിൾ ഇൻഡോർ സ്റ്റേഡിയം, പട്ടാമ്പി കോളേജ്.
4. പാലക്കാട് ഇൻഡോർ സ്റ്റേഡിയം

എന്നീ 4 പദ്ധതികളാണ് ഉൾപ്പെടുത്തിയട്ടുള്ളത്. ഈ പദ്ധതികളുടെ വിശദവിവരം അനുബന്ധം-1 ആയി ഇതോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുള്ളതാണ്.*

(ബി) ഷൊർണ്ണൂർ മണ്ഡലത്തിൽ ഉൾപ്പെടുന്ന കളിസ്ഥലങ്ങളൊന്നും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കുളത്തൂർ ഗവ.ഹൈസ്കൂളിൽ ഫുട്ബോൾ പരിശീലനം

177(2526) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ കുളത്തൂർ ഗവഃ ഹൈസ്കൂളിൽ സ്പോർട്സ് വകുപ്പ് ആരംഭിക്കുന്ന ഫുട്ബോളിനായുള്ള കിക് ഓഫ് എന്ന പദ്ധതിയിൽ എത്ര കായിക താരങ്ങൾക്കാണ് പരിശീലനം നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫുട്ബോൾ പരിശീലനത്തിന് കുട്ടികളെ സെലക്ട് ചെയ്യുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; സെലക്ട് ചെയ്യുന്ന കുട്ടികൾക്ക് നൽകുന്ന പരിശീലനങ്ങൾ എന്തൊക്കെയാണ്; പരിശീലനത്തിന് ആരെയാണ് ചുമതലപ്പെടുത്തുന്നത്; വിശദമാക്കാമോ;

(സി) പരിശീലനത്തിന് സ്കൂളിൽ എന്തൊക്കെ സജ്ജീകരണങ്ങൾ ആണ് ഒരുക്കുന്നത് എന്ന് വിശദീകരിക്കാമോ;

(ഡി) പരിശീലനം നടക്കുന്ന സ്കൂളിൽ പി.ടി.എ. എന്തൊക്കെ സജീകരണങ്ങൾ ആണ് ഒരുക്കേണ്ടതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ കുളത്തൂർ ഗവ. ഹൈസ്കൂളിലെയും പരിസരപ്രദേശങ്ങളിലെ സ്കൂളുകളിലെയും ഉൾപ്പെടെ തെരഞ്ഞെടുക്കപ്പെട്ട 25 കായിക താരങ്ങൾക്കാണ് പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നത്.

(ബി) 2007 ജനവരി 1-നും 2008 ഡിസംബർ 31-നും ഇടയിൽ ജനിച്ച 25 ആൺകുട്ടികളെയാണ് ഇതിലേയ്ക്ക് പരിഗണിക്കുന്നത്. Zig Zag, 2 Vs2, Speed Test എന്നീ മൂന്ന് ടെസ്റ്റുകളടങ്ങിയ പ്രിലിമിനറി സെലക്ഷൻ ട്രയൽസിൽ മുന്നിലെത്തുന്ന 50 പേരെ ഫൈനൽ സെലക്ഷൻ തയ്യാറാക്കുന്നതിനുവേണ്ടി 4 ദിവസം ഓരോ മണിക്കൂർ വീതമുള്ള പ്രിപ്പറേറ്ററി ക്യാമ്പ് സംഘടിപ്പിക്കും. ഈ പരിശീലനത്തിനുശേഷം ഫൈനൻ സെലക്ഷനിൽ ടി ടെസ്റ്റുകൾക്ക് പുറമെ Kicking back, shooting എന്നീ ടെസ്റ്റുകളും നടത്തി 25 പേരെ തെരഞ്ഞെടുത്ത് അന്തിമപട്ടിക തയ്യാറാക്കുന്നു. പരിശീലനത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു :

1. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ആഴ്ചയിൽ 2 ദിവസം ഒന്നര മണിക്കൂർ വീതം ശാസ്ത്രീയ പരിശീലനം നൽകുന്നതാണ്.

2. സ്പോർട്സ് കിറ്റ്, ഭക്ഷണം എന്നിവ നൽകുന്നതാണ്.

3. ഓരോ സെന്ററിലും കോച്ച്, അസിസ്റ്റന്റ് കോച്ച് എന്നിവരുടെ സേവനമുണ്ടായിരിക്കും.

4. ഇന്റർ-സെന്റർ മത്സരങ്ങൾ, പഠന യാത്രകൾ

5. വിദഗ്ദ്ധ-വിദേശ കോച്ചുകളുടെ സാങ്കേതിക സഹായം

6. വിദഗ്ദ്ധ ഏജൻസിയുടെ നേതൃത്വത്തിലുള്ള തെരഞ്ഞെടുപ്പും അച്ചടക്കത്തിലൂന്നിയുള്ള പരിശീലനവും

7. പരിശീലന നിലവാരം ഉയർത്തുന്നതിന് പരിശീലകർക്ക് വിദഗ്ദ്ധ പരിശീലനം

8. വിക്ടോറിയ യൂണിവേഴ്സിറ്റി പോലുള്ള അന്തർദേശീയ സർവ്വകലാ ശാലകളുടെ സഹകരണത്തോടെ മികച്ച കളിക്കാർക്ക് ഉന്നത പരിശീലനം.

9. ത്രിതല പദ്ധതി നിരീക്ഷണ സംവിധാനങ്ങൾ

10. വിദേശ ക്ലബ്ബുകൾ, പ്രായോജകർ, ദേശീയ അന്തർദേശീയ താരങ്ങൾ/ഏജൻസികൾ എന്നിവയുമായി സഹകരിച്ച് പ്രവർ ത്തിക്കാനുള്ള അവസരം.

11. ഏഷ്യൻ ഫുട്ബോൾ കോൺഫെഡറേഷന്റെ അംഗീകാരമുള്ള പരിശീലകർ

12. പരിശീലന ഘട്ടത്തിൽ സോഫ്റ്റ്‌വെയർ അധിഷ്ഠിതമായ വിവര ശേഖരണം. സെപ്റ്റ് എന്ന ഏജൻസിയെയാണ് ചുമതലപ്പെടു ത്തിയിട്ടുള്ളത്.

(സി&ഡി) ഫുട്ബോൾ പരിശീലനത്തിന് ആവശ്യമായ പ്ലേഗ്രൗണ്ട്, ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനുള്ള സൗകര്യം, ഡ്രസ്സിംഗ് റൂം, കിച്ചൻ എന്നിവ സജ്ജമാക്കുക, പരിശീലന സംബന്ധമായ മിനിറ്റ്സ് ബുക്ക്, ഡോക്കുമെന്റ്സ്, രജിസ്റ്ററുകൾ എന്നിവ സൂക്ഷിക്കുക, മീറ്റിംഗിന് ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കുക എന്നിവ സ്കൂൾ അധികാരികളും പി.റ്റി.എ.-യും സംയുക്തമായി ഉറപ്പാക്കേണ്ടതാണ്.

## യുവജനക്ഷേമ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

178(2527) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ യുവജനക്ഷേമ വകുപ്പ് നടപ്പിലാക്കിയ പ്രധാനപ്പെട്ട പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) ഈ വർഷം തൈക്കാട് ഗസ്റ്റ് ഹൗസിൽവച്ച് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ എടുത്ത തീരുമാനങ്ങളിൽ ഏതെല്ലാം പദ്ധതികൾ നടപ്പാക്കി തുടങ്ങി എന്ന് വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം യുവജനക്ഷേമ വകുപ്പ് എത്ര വിഷയങ്ങളിൽ ഇടപെട്ട് കേസ് എടുത്തു; ആയതിൽ എന്തൊക്കെ തീരുമാനങ്ങൾ എടുത്തു; വ്യക്തമാക്കുമോ?

ഉത്തരം

(എ) കായിക യുവജനകാര്യ വകുപ്പിന് കീഴിലുള്ള കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്, യുവജനകമ്മീഷൻ എന്നിവ മുഖേന യുവജനങ്ങളുടെ അവകാശങ്ങളും ആനുകൂല്യങ്ങളും സംരക്ഷിക്കുന്നതിനും അവരെ ശാക്തീകരിച്ച് അവരുടെ കഴിവും കാര്യപ്രാപ്തിയും വിവിധ മേഖലകളിലേക്ക് തിരിച്ചുവിടുന്ന പ്രവർത്തനങ്ങളുമാണ് കൈക്കൊണ്ടുവരുന്നത്. കേരളത്തിലെ യുവജനങ്ങളുടെ സമഗ്രമായ വികസനത്തിനും ക്ഷേമത്തിനും സഹായകരമാകുന്ന പദ്ധതികൾക്ക് രൂപം നൽകി നടപ്പിലാക്കുക എന്നതാണ് യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തന ലക്ഷ്യം. കേരളോത്സവം, അഭിപ്രായ സ്വാതന്ത്ര്യത്തിനും ആവിഷ്കാര സ്വാതന്ത്ര്യത്തിനും ഊന്നൽ നൽകിക്കൊണ്ട് സംഘടിപ്പിച്ച ആർട്ട് ഡി ടൂർ, ദേശീയ നാടൻ കലാമേള, യുവസംരംഭകത്വ വികസന ശിൽപ്പശാല, യുവസാഹിത്യ ക്യാമ്പ്, സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരം, പി.എസ്.സി. പരിശീലനം, ഷോർട്ട് ഫിലിം ഫെസ്റ്റിവെൽ ചലച്ചിത്രശിൽപ്പശാല, സാമൂഹികമായും സാമ്പത്തി കമായും പിന്നാക്കം നിൽക്കുന്ന ചെറുഗ്രാമങ്ങൾ, പട്ടിക ജാതി പട്ടിക വർഗ്ഗ കോളനികൾ, മറ്റ് പിന്നാക്ക മേഖലകൾ എന്നിവ കേന്ദ്രീകരിച്ചുള്ള യുവക്ലബ്ബുകളുടെ രൂപീകരണം, കേരള വോളന്റിറി യൂത്ത് ആക്ഷൻ ഫോഴ്സ് രൂപീകരണം എന്നിവയാണ് കേരള സംസ്ഥാന യുജനക്ഷേമ ബോർഡ് മുഖേന യുവജനക്ഷേമ ത്തിനായി നടപ്പിലാക്കിയ പ്രധാന പദ്ധതികൾ കേരള സംസ്ഥാന യുവജന കമ്മീഷൻ താഴെപ്പറയുന്ന പദ്ധതി പ്രവർത്തനങ്ങൾ നടത്തിവരുന്നു.

1. മദ്യം, മയക്കമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ എന്നിവയ്ക്കെതിരെ കോളേജുകളിലും യുവാക്കളുടെ പ്രാതിനിധ്യമുള്ള മറ്റ് മേഖലകളിലും ബോധവൽക്കരണം.

2. പട്ടികജാതി/ആദിവാസി വിഭാഗങ്ങൾക്കിടയിൽ ബോധവൽക്കരണം

3. ദേശീയ സെമിനാർ/ജില്ലാ സെമിനാറുകൾ സംഘടിപ്പിച്ചു.

4. ജില്ലകളിൽ അദാലത്തും സിറ്റിംഗും നടത്തിവരുന്നു.

5. യുവാക്കളുടെ തൊഴിലവസരങ്ങൾക്കായി ജോബ് പോർട്ടൽ നടപ്പിലാക്കി.

6. വിവിധ മേഖലകളിൽ ഉന്നത നേട്ടങ്ങൾക്കുടമയായ യുവാക്കൾക്ക് യൂത്ത് ഐക്കൺ അവാർഡ് നൽകി ആദരിച്ചു.

7. ദേശീയ യുവജന ദിനാഘോഷം സംഘടിപ്പിച്ചു.

(ബി) 15-5-2018-ൽ തൈക്കാട് ഗസ്റ്റ് ഹൗസിൽവച്ച് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗ തീരുമാനങ്ങളിന്മേൽ നടപടി സ്വീകരിക്കുന്നതിലേയ്ക്കായി ബന്ധപ്പെട്ട വകുപ്പുകൾക്ക് (ഗതാഗത വകുപ്പ്, ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്, തൊഴിലും പുനരധിവാസവും വകുപ്പ്, ധനകാര്യ വകുപ്പ്, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്) നിർദ്ദേശം നൽകിയിട്ടുണ്ട്. യോഗത്തിന്റെ മിനിട്സ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം യുവജന കമ്മീഷൻ 2018 നവംബർ വരെ 972 കേസ്സുകളിന്മേൽ നടപടി എടുത്തിട്ടുണ്ട്. ടി കേസ്സുകളിൽ പൊതുതാൽപ്പര്യ സ്വഭാവമുള്ളവയിൽ എടുത്തിട്ടുള്ള തീരുമാനങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു.* യുവജനങ്ങളുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങളായ വിദ്യാഭ്യാസ വായ്പാ നിഷേധം, തൊഴിലിടങ്ങളിലെ അവകാശ നിഷേധം, മറ്റ് വിവിധ മേഖലകളിൽ യുവജനങ്ങൾ അനുഭവിക്കുന്ന അവകാശ നിഷേധം തുടങ്ങിയ വിഷയങ്ങളിൽ ഇതിനോടകം ലഭിച്ച പരാതികൾക്ക് പരിഹാരം തേടുന്നതിന് കമ്മീഷൻ ശ്രമിക്കുക യുണ്ടായി.

## യുവജനക്ഷേമ ബോർഡ് മുഖാന്തരം കൊല്ലം ജില്ലയിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ

179(2528) <u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലത്ത് യുവജനക്ഷേമ ബോർഡ് മുഖേന കൊല്ലം ജില്ലയിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; ഇതിനായി എന്ത് തുകയാണ് ചെലവഴിച്ചത്; വിശദാംശം ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

സംസ്ഥാന യുവജന നയത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ യുവജനങ്ങളുടെ സമഗ്രമായ വികസനത്തിനും ക്ഷേമത്തിനും സഹായകരമാകുന്ന പ്രവർത്തനങ്ങളാണ് യുവജനക്ഷേമബോർഡ് നടപ്പാക്കിവരുന്നത്. കേരളോത്സവം, ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ, ദേശീയയോദ്ഗ്രഥന ക്യാമ്പ്, ജോബ് ഫെസ്റ്റ്, സാഹിത്യക്യാമ്പ്, യുവ മാധ്യമ പ്രവർത്തക ക്യാമ്പ്, വനിതാ ശിൽപ്പശാല, പി.എസ്.സി. പരിശീലനം, പരിസ്ഥിതി ദിനാചരണം, മഴക്കാല ബോധവൽക്കരണം, യുവജനദിനാചരണം, സംരംഭകത്വ പരിശീലനം, സാഹസിക ഫോട്ടോഗ്രാഫി അവാർഡ്, യൂത്ത് അവാർഡ്, സ്ത്രീ സുരക്ഷാ പരിശീലനം സ്വയം തൊഴിൽ ബോധവൽക്കരണ ക്യാമ്പയിനുകൾ, വ്യക്തിത്വ വികസന പരിശീലന ക്യാമ്പ് തുടങ്ങിയവ യുവജനക്ഷേമ ബോർഡ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പരിപാടികളിൽ ഉൾപ്പെടുന്നു. ഈ സർക്കാർ നിലവിൽവന്നശേഷം സംസ്ഥാന യുവജനക്ഷേമ ബോർഡ് മുഖേന കൊല്ലം ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| നമ്പർ | പദ്ധതി | നടപ്പിലാക്കിയ വർഷം | ചെലവഴിച്ച തുക (രൂപയിൽ) |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | കേരളോത്സവം (പഞ്ചായത്ത്, മുനിസിപ്പാലിറ്റി,കോർപ്പറേഷൻ)-ഗ്രാന്റ് | 2016 | 14,25,000 |
| 2 | കേരളോത്സവം (പ്രൈസ് മണി) | 2016 | 1,90,700 |
| 3 | ദേശീയ യുവജന ദിനം | 2017 | 5,000 |
| 4 | വനിതാ ക്യാമ്പ് | 2017 | 43,228 |
| 5 | യുവ മാധ്യമ ക്യാമ്പ് | 2017 | 43,513 |
| 6 | പരിസ്ഥിതി ദിനാചരണം | 2017 | 10,000 |
| 7 | പരിസ്ഥിതി ദിനാചരണം-ക്ലബ്ബിന് നൽകിയ തുക | 2017 | 8,000 |

| (1) | (2) | (3) | (4) |
|---|---|---|---|
| 8 | കേരളോത്സവം (പഞ്ചായത്ത്, മുനിസ്സിപ്പാലിറ്റി, കോർപ്പറേഷൻ)-ഗ്രാന്റ് | 2017 | 13,75,000 |
| 9 | കേരളോത്സവം (പ്രൈസ് മണി) | 2017 | 2,78,500 |
| 10 | കേരളോത്സവം ക്ലബ്ബുകളുടെ അവാർഡ് തുക | 2017 | 50,000 |
| 11 | കേരളോത്സവം ജില്ലാതല സംഘാടനം | 2017 | 49,060 |
| 12 | ആർട്ട്-ഡി ടൂർ പ്രോഗ്രാം | 2018 | 91,198 |
| 13 | പരിസ്ഥിതി ദിനം | 2018 | 17,345 |
| 14 | പി.എസ്.സി. പരിശീലനം | 2018 | 1,70,000 |
| 15 | ലോക കപ്പ് ഫുട്ബോൾ 2018 ബിഗ് സ്ക്രീൻ പ്രദർശനം- ക്ലബ്ബുകൾക്ക് നൽകിയ തുക | 2018 | 1,95,000 |
| 16 | ലോക കപ്പ് ഫുട്ബോൾ 2018 ബിഗ് സ്ക്രീൻ പ്രദർശനം-ജല്ലാതല പരിപാടി | 2018 | 79,030 |
| 17 | ബിഗ് സ്ക്രീൻ പ്രദർശനം-ക്വിസ് മത്സരം | 2018 | 21,121 |
| 18 | ഗാന്ധിജയന്തി ദിനാചരണം | 2018 | 3,116 |
| 19 | കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ് രൂപീകരണം | 2018 | 2,563 |
| | ആകെ | | 40,57,374 |

**യുവാക്കളുടെ സന്നദ്ധ സേവന സേന**

180(2529) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുരന്ത സാഹചര്യങ്ങൾ ഉൾപ്പെടെയുള്ള വിഷയങ്ങളിൽ കാര്യക്ഷമമായി ഇടപെടാൻ കഴിയുന്ന വിധത്തിൽ ചെറുപ്പക്കാരുടെ സന്നദ്ധ സേവനസേനയ്ക്ക് സംസ്ഥാന യുവജന കമ്മീഷൻ രൂപം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രളയാനന്തര നവ കേരള നിർമ്മിതിക്കായി പ്രസ്തുത സന്നദ്ധ സേനയുടെ സേവനം എപ്രകാരം ഉപയോഗിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത സേനയിൽ ചേരുന്നവർക്ക് പ്രായപരിധി നിശ്ചയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ഇല്ല. എന്നാൽ യുവജനക്ഷേമ ബോർഡ് സന്നദ്ധ സേവന രംഗത്ത് താൽപര്യമുള്ള യുവതീ യുവാക്കളെ അംഗങ്ങളാക്കി കേരള വോളന്റീയർ യൂത്ത് ആക്ഷൻ ഫോഴ്സ് രൂപീകരിക്കുതാണ്.

**കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് (കെ.എസ്.ഇ.ബി.)**

181(2530) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് 2-11-2018-ൽ പുറപ്പെടുവിച്ച 1903/208 (DGC/AEE11) ഉത്തരവ് പ്രകാരം പുനഃക്രമീകരിച്ച് കോന്നി ഇൻവെസ്റ്റിഗേഷൻ ഡിവിഷൻ, കൊട്ടാരക്കര വൈദ്യുതി ഭവനിലേക്ക് മാറ്റണമെന്ന് ഉത്തരവിട്ടിരുന്നോ;

(ബി) പ്രസ്തുത ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത ഉത്തരവ് അടിയന്തരമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) B.O (FTD) 1903/2018 (DGC/AEE-II/Estt/2018) dated 2-11-2018 പ്രകാരം ഉത്തരവ് നൽകിയിട്ടുണ്ട്.

(ബി&സി) ഉത്തരവ് നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കക്കി ബാണാസുര സാഗർ ഡാം

182(2531) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018 ജൂലൈ 15 മുതൽ ആഗസ്റ്റ് 15 വരെ ഓരോ ദിവസവും കക്കി, ബാണാസുര സാഗർ ഡാമുകൾ എത്ര ശതമാനം നിറഞ്ഞിരുന്നുവെന്നും എത്ര അളവിൽ വെള്ളം തുറന്ന് വിട്ടിട്ടുണ്ടെന്നും കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

2018 ജൂലൈ മാസം 15-ാം തീയതി മുതൽ 2018 ആഗസ്റ്റ് 15-ാം തീയതി വരെ കക്കിയുടെയും ബാണാസുരസാഗർ ഡാമിലും ഉണ്ടായിരുന്ന വെള്ളത്തിന്റെ അളവ് (ശതമാനത്തിലും) തുറന്നുവിട്ട ജലത്തിന്റെ അളവ് (MCM-മില്ല്യൺ ക്യൂബിക് മീറ്ററിൽ) ഇവ ചുവടെ ചേർക്കുന്നു.

| | കക്കി ഡാം | | ബാണാസുര സാഗർ | |
|---|---|---|---|---|
| തീയതി | സ്റ്റോറേജ് (%) | തുറന്നുവിട്ട വെള്ളത്തിന്റെ അളവ് (MCM) | സ്റ്റോറേജ് (%) | തുറന്നുവിട്ട വെള്ളത്തിന്റെ അളവ് (MCM) |
| (1) | (2) | (3) | (4) | (5) |
| 15-7-2018 | 62.90 | 0 | 97.49 | 0.5508 |
| 16-7-2018 | 66.71 | 0 | 100.00 | 4.7376 |
| 17-7-2018 | 70.09 | 0 | 100.00 | 9.4797 |
| 18-7-2018 | 72.97 | 0 | 100.00 | 8.2147 |
| 19-7-2018 | 75.31 | 0 | 100.00 | 5.5589 |
| 20-7-2018 | 77.68 | 0 | 100.00 | 4.5546 |
| 21-7-2018 | 79.30 | 0 | 100.00 | 5.1342 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 22-7-2018 | 80.62 | 0 | 100.00 | 5.1342 |
| 23-7-2018 | 81.69 | 0 | 100.00 | 2.7244 |
| 24-7-2018 | 82.9 | 0 | 100.00 | 2.1250 |
| 25-7-2018 | 85.00 | 0 | 100.00 | 4.5125 |
| 26-7-2018 | 87.07 | 0 | 100.00 | 5.1342 |
| 27-7-2018 | 89.31 | 0 | 100.00 | 4.4430 |
| 28-7-2018 | 90.78 | 0 | 100.00 | 3.1936 |
| 29-7-2018 | 92.01 | 0 | 100.00 | 2.9419 |
| 30-7-2018 | 92.97 | 0 | 100.00 | 2.9419 |
| 31-7-2018 | 93.92 | 0 | 100.00 | 3.6132 |
| 1-8-2018 | 94.81 | 0 | 100.00 | 4.6338 |
| 2-8-2018 | 95.48 | 0 | 100.00 | 5.1342 |
| 3-8-2018 | 95.91 | 0 | 100.00 | 4.9219 |
| 4-8-2018 | 96.30 | 0 | 100.00 | 2.1010 |
| 5-8-2018 | 96.55 | 0 | 100.00 | 0.4367 |
| 6-8-2018 | 96.79 | 0 | 100.00 | 0.0000 |
| 7-8-2018 | 96.94 | 0 | 100.00 | 1.2076 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 8-8-2018 | 97.62 | 0 | 100.00 | 11.3182 |
| 9-8-2018 | 99.38 | 0 | 100.00 | 19.6727 |
| 10-8-2018 | 100.39 | 4.61 | 100.00 | 9.7534 |
| 11-8-2018 | 98.16 | 34.91 | 100.00 | 6.0820 |
| 12-8-2018 | 98.73 | 7.32 | 100.00 | 6.5900 |
| 13-8-2018 | 99.17 | 11.37 | 100.00 | 8.1017 |
| 14-8-2018 | 97.99 | 26.97 | 100.00 | 14.5017 |
| 15-8-2018 | 100.68 | 42.34 | 100.00 | 18.4819 |

## ഗാർഹിക വൈദ്യുതി കണക്ഷനുവേണ്ട രേഖകൾ

183(2532) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗാർഹിക വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനായി ഹാജരാക്കേണ്ട രേഖകളിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ;ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) ബി.പിഎൽ.-ൽ ഉൾപ്പെട്ട അപേക്ഷകർക്ക് സൗജന്യ കണക്ഷന് അർഹതയുണ്ടോ;

(സി) നിലവിൽ സൗജന്യ കണക്ഷൻ ലഭിക്കുന്നതിന് അർഹതപ്പെട്ടവർ ആരൊക്കെയാണെന്ന വിശദമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്. വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകേണ്ട വിവിധ സേവനങ്ങളുമായി ബന്ധപ്പെട്ട ചട്ടങ്ങൾ പ്രസിദ്ധീകരിക്കുന്നത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ ആണ്. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് അപേക്ഷയോടൊപ്പം കുറെയധികം രേഖകൾ ഹാജരാക്കണമെന്ന് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി

റെഗുലേറ്ററി കമ്മീഷൻ (KSERC) ഇറക്കിയിട്ടുള്ള സപ്ലൈ കോഡ് 2014-ൽ നിഷ്കർഷിച്ചിരുന്നു. കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ ലഘൂകരിക്കുന്നതിനായി ഗാർഹിക വൈദ്യുതി കണക്ഷൻ ഉൾപ്പെടെ എല്ലാ വൈദ്യുതി കണക്ഷനുകളും, തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ എന്നീ രണ്ട് രേഖകൾ മാത്രം ലഭ്യമാക്കിയാൽ നൽകാൻ വേണ്ടവിധത്തിൽ ചട്ടങ്ങളിൽ മാറ്റം വരുത്തുവാൻ കേരള സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് റെഗുലേറ്ററി കമ്മീഷൻ ചട്ടങ്ങളിൽ മാറ്റം വരുത്തുകയും കെ.എസ്.ഇ.ബി. അത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

ഗാർഹിക വൈദ്യുതി കണക്ഷൻ ഉൾപ്പെടെ എല്ലാ വൈദ്യുതി കണക്ഷനുകൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ റവന്യൂ അധികാരികളോ നൽകുന്ന ബിൽഡിങ്ങിന്റെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, സ്ഥലത്തിന്റെ കൈവശാവകാശം/ ഉടമസ്ഥാവകാശം, ആധാരത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, നടപ്പുവർഷത്തെ കരമടച്ച രസീതിന്റെ പകർപ്പ്. വാടകക്കാരാണെങ്കിൽ വാടക കരാറിന്റെ പകർപ്പ് ഇവയിൽ ഏതെങ്കിലും രേഖ ഉടമസ്ഥാവകാശം തെളിയിക്കാനായി ഹാജരാക്കാവുന്നതാണ്. ഈ രേഖകൾക്ക് പുറമെ, ഗാർഹിക വൈദ്യുതി കണക്ഷനുവേണ്ടി റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്, ഏതെങ്കിലും സർക്കാർ സ്ഥാപനങ്ങൾ നൽകിയിട്ടുള്ള ഫോട്ടോ പതിച്ച ഐ.ഡി. കാർഡ്, ഇലക്ഷൻ ഐ.ഡി. കാർഡ്, ആധാർ കാർഡ്, ഇന്ത്യൻ പാസ്പോർട്ട്, NPR കാർഡ്, അടുത്തകാലത്തുള്ള സർക്കാർ കമ്പനികളുടെയോ അംഗീകൃത ഏജൻസികളുടെയോ ജലം/ഗ്യാസ്/ടെലിഫോൺ ബില്ലുകൾ, തൊഴിലുറപ്പ് പദ്ധതിയുടെ കാർഡ് (ഇവയിലെ അഡ്രസ്സും വൈദ്യുതി കണക്ഷൻ വേണ്ട സ്ഥലത്തിന്റെ അഡ്രസ്സും ഒന്നാണെങ്കിൽ) ഇവയിലേതെങ്കിലും ഉടമസ്ഥാവകാശ രേഖയായി ഹാജരാക്കാവുന്നതാണ്. ഗാർഹിക വൈദ്യുതി കണക്ഷന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന ബിൽഡിംഗ് പെർമിറ്റ്/പ്ലാൻ എന്നിവയും ഉടമസ്ഥാവകാശ രേഖയായി അംഗീകരിച്ചിട്ടുണ്ട്. 1500 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള വ്യക്തിഗത വാസഗൃഹങ്ങൾക്ക് താൽക്കാലിക റെസിഡൻഷ്യൽ സർട്ടിഫിക്കറ്റ് ഹാജാരാക്കിയാലും 1076 ചതുരശ്ര അടിയോ അതിൽ താഴെയോ വിസ്തൃതിയുള്ള വാസഗൃഹങ്ങൾക്ക് ഉടമസ്ഥാവകാശ രേഖയില്ലെങ്കിലും വൈദ്യുതി കണക്ഷൻ അനുവദിക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്.

(ബി&സി) ബി.പി.എൽ. വിഭാഗത്തിൽ ഉൾപ്പെട്ട അപേക്ഷകർക്ക് സൗജന്യ കണക്ഷന് അർഹതയുണ്ട്. നിലവിൽ ഡി.ഡി.യു.ജി.ജെ.വൈ, ഐ.പി.ഡി.എസ്. പദ്ധതികളിൽ ഉൾപ്പെടുത്തിയാണ് സൗജന്യ കണക്ഷനുകൾ നൽകിവരുന്നത്.

## പ്രകൃതിദുരന്തങ്ങൾ അതിജീവിക്കുന്നതിനായി വൈദ്യുതി വകുപ്പ് പദ്ധതികൾ

184(2533) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രളയാനന്തരം വൈദ്യുതി മേഖലയെ കരകയറ്റാൻ ശ്രമിക്കുന്ന സംസ്ഥാനത്തിന് കേന്ദ്രത്തിൽനിന്നും എന്തെങ്കിലും സഹായം ലഭിച്ചിട്ടുണ്ടോ?

ഉത്തരം

കേരളത്തിൽ പ്രകൃതിദുരന്തം കാരണം വൈദ്യുതി മേഖലയിൽ ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങളെക്കുറിച്ച് വിലയിരുത്തുന്നതിനും യുദ്ധകാലാടിസ്ഥാനത്തിൽ വൈദ്യുതി വിതരണം പുനഃസ്ഥാപിക്കുന്നതിനുമായി, കേന്ദ്ര സർക്കാരിന്റെ ഊർജ്ജ വകുപ്പ് രൂപീകരിച്ച കമ്മിറ്റി, സന്ദർശനം നടത്തുകയും വൈദ്യുതി ബോർഡിന്റെ ആവശ്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു. സംസ്ഥാന സർക്കാർതലത്തിൽ വൈദ്യുതി മേഖലയിൽ ലഭിക്കേണ്ട സഹായങ്ങൾ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## പ്രളയത്തിൽ സ്വകാര്യ ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് സംഭവിച്ച നഷ്ടം

185(2534) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലുണ്ടായ മഹാപ്രളയത്തിന്റെ ഭാഗമായി വൈദ്യുതി മേഖലയിലുണ്ടായ നാശനഷ്ടങ്ങളുടെ കണക്കുകൾ ലഭ്യമായിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ;

(ബി) പ്രളയത്തിന്റെ ഫലമായി സ്വകാര്യ ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് സംഭവിച്ച നഷ്ടത്തിന്റെ കണക്കുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) മഹാപ്രളയത്തിന്റെ ഭാഗമായി വൈദ്യുതി മേഖലയിൽ KSEB ലിമിറ്റഡിന് ഉണ്ടായ നാശനഷ്ടങ്ങളുടെ കണക്കുകൾ ചുവടെ ചേർക്കുന്നു : പ്രാഥമിക കണക്ക് പ്രകാരം വൈദ്യുതി ഉൽപ്പാദനമേഖലയിൽ 80.85 കോടി രൂപയുടെ നഷ്ടവും പ്രസരണമേഖലയിൽ 29.77 കോടി രൂപയുടെ നഷ്ടവും വിതരണ മേഖലയിൽ 242.45 കോടി രൂപയുടെ നഷ്ടവും കണക്കാക്കിയിട്ടുണ്ട്. ഇതോടൊപ്പം സ്വകാര്യ ഉൽപ്പാദന നിലയങ്ങൾക്കും നാശനഷ്ടമുണ്ടായിട്ടുണ്ട്.

<u>വൈദ്യുതി ഉൽപ്പാദന രംഗം</u>

കെ.എസ്.ഇ.ബി-യുടെ കീഴിലുള്ള ലോവർ പെരിയാർ, ഇടമലയാർ, പെരിങ്ങൽക്കുത്ത്, പെരിങ്ങൾക്കുത്ത് ലെഫ്റ്റ് ബാങ്ക് എക്സ്റ്റൻഷൻ, പന്നിയാർ തുടങ്ങി അഞ്ച് പ്രധാന ജലവൈദ്യുത പദ്ധതികൾക്കും വെള്ളത്തൂവൽ, റാന്നി-പെരുനാട്, ആഢ്യൻപാറ, ബാരാപ്പോൾ, ചെമ്പുകടവ് II, മാട്ടുപ്പെട്ടി, പെരുന്തേനരുവി, ലോവർ മീൻമുട്ടി, പീച്ചി, ചിമ്മിനി, ഉറുമി II, വിലങ്ങാട്, പൂഴിത്തോട്, മലമ്പുഴ തുടങ്ങി 14 ചെറുകിട ജല വൈദ്യുത പദ്ധതികൾക്കും പ്രസ്തുത പ്രളയത്തിലും തുടർന്നുണ്ടായ ഉരുൾപൊട്ടലിലും കാര്യമായ നാശനഷ്ടം സംഭവിച്ചിരുന്നു. പ്രാഥമിക കണക്കുകൾ പ്രകാരം 80.85 കോടി രൂപയുടെ നഷ്ടം ഇതുമൂലം വൈദ്യുത ബോർഡിന് ഉണ്ടായതായി കണക്കാക്കുന്നു.

<u>പ്രസരണ രംഗം</u>

പ്രളയക്കെടുതികളെത്തുടർന്ന് കേരളത്തിലങ്ങോളമിങ്ങോളം 50 സബ്സ്റ്റേഷനുകളുടെ പ്രവർത്തനം പൂർണ്ണമായോ ഭാഗികമായോ തടസ്സപ്പെട്ടിരുന്നു. പുന്നപ്ര-പള്ളം, കുത്തുങ്കൽ-നേരിയമംഗലം പള്ളിവാസൽ-ആലുവ, ചാലക്കുടി-പുല്ലഴി, മാടക്കത്തറ-കുന്നമംഗലം, ഇടമലയാർ-അയ്യംപുഴ, ഇടമലയാർ-മലയാറ്റൂർ, ആലുവ-ചാലക്കുടി, ചാലക്കുടി-ട്രാക്ഷൻ സബ്സ്റ്റേഷൻ എന്നിങ്ങനെ 10 പ്രധാന പ്രസരണ ഇടനാഴികളുടെ പ്രവർത്തനം തടസ്സപ്പെട്ടു. പ്രാഥമിക കണക്കുകൾ പ്രകാരം പ്രസരണ രംഗത്തുണ്ടായ കേടുപാടുകൾ താൽക്കാലികമായെങ്കിലും മറികടക്കാൻ 29.77 കോടി രൂപ ചെലവ് വരുമെന്ന് കണക്കാക്കുന്നു.

<u>വിതരണ രംഗം</u>

പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം, ഇടുക്കി, തൃശ്ശൂർ, വയനാട് എന്നിങ്ങനെ ഏഴ് ജില്ലകളിലെ വൈദ്യുത വിതരണം പ്രളയം താറുമാറാക്കി. മുന്നൂറിൽപ്പരം ഇലക്ട്രിക്കൽ സെക്ഷനുകളിലായി 1700 വിതരണ ട്രാൻസ്ഫോർമറുകൾ പ്രളയജലത്തിൽ മുങ്ങുകയോ, കേടുപാടുകൾ സംഭവിക്കുകയോ ചെയ്തിരുന്നു. പതിനായിരത്തിൽപ്പരം ട്രാൻസ്ഫോർമറുകൾ അപകടസാധ്യത മുന്നിൽക്കണ്ടു കൊണ്ട് താൽക്കാലികമായി സ്വിച്ച് ഓഫ് ചെയ്തു. 16158 ട്രാൻസ്ഫോർമറുകളുടെ കീഴിൽ വൈദ്യുതി വിതരണം തടസ്സപ്പെട്ടിരുന്നു. ആകെ 25.60 ലക്ഷം ഉപഭോക്താക്കൾക്ക് വൈദ്യുതി തടസ്സം നേരിട്ടു. വൈദ്യുതി പുനഃസ്ഥാപിക്കുന്നതിനായി 1735 വിതരണ ട്രാൻസ്ഫോർമറുകളും 5275.80 Km വിതരണ ലൈനുകളും മാറ്റി സ്ഥാപിക്കേണ്ടിവന്നു. പ്രളയജലത്തിന്റെ കുത്തൊഴുക്കിൽ ഒരു ലക്ഷത്തിൽപ്പരം പോസ്റ്റുകൾക്ക് കാര്യമായ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്.

ഇതും വരുംദിവസങ്ങളിൽ മാറ്റിസ്ഥാപിക്കേണ്ടിവരും. ഉദ്ദേശം മൂന്ന് ലക്ഷം സിംഗിൽ ഫേസ് വൈദ്യുതി മീറ്ററുകളും അമ്പതിനായിരത്തിൽപ്പരം ത്രീഫേസ് വൈദ്യുത മീറ്ററുകളും പ്രളയത്തെത്തുടർന്ന് കേടുപാട് സംഭവിച്ചിട്ടുണ്ട്. ഏകദേശം മൂന്ന് ലക്ഷം വീടുകൾക്ക് വൈദ്യുതി കണക്ഷൻ ശരിയാംവിധം പുനഃസ്ഥാപിക്കാൻ ഇ.എൽ.സി.ബി. പുതുതായി സ്ഥാപിക്കേണ്ടിവരും. പ്രാഥമിക കണക്കുകൾ പ്രകാരം കെ.എസ്.ഇ.ബി.-യുടെ കീഴിലുള്ള വൈദ്യുത വിതരണ രംഗം പ്രളയ-പൂർവ്വസ്ഥിതിയിൽ ആക്കുന്നതിനു 242.45 കോടി രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിനുപുറമെ പ്രളയത്തെത്തുടർന്ന് കെ.എസ്.ഇ.ബി-യുടെ വിവിധ കെട്ടിടങ്ങൾക്കും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്കും സംഭവിച്ച കേടുപാടുകൾനീക്കി പൂർവ്വസ്ഥിതി പ്രാപിക്കാൻ കോടിക്കണക്കിന് രൂപയുടെ ചെലവ് വരുമെന്ന് കരുതുന്നു.

ഇ.എം.സി. മുഖേനയുള്ള സർക്കാർ പദ്ധതികളിൽ താഴെപ്പറയുംവിധം നാശഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. കല്ലാർ-50 KW-പവർഹൗസിന് പുറകുവശത്തായി നടന്ന മണ്ണിടിച്ചിലിൽ മെഷിനുകൾ ഉൾപ്പെടെ പവർ ഹൗസ് മുഴുവനായി ഒലിച്ചുപോയിട്ടുണ്ട്. 75 ലക്ഷം രൂപയുടെ മുടക്കുമുതൽ നഷ്ടവും വർഷത്തിൽ 20 ലക്ഷം രൂപയുടെ വരുമാന നഷ്ടവും ഉണ്ടായതായി കണക്കാക്കുന്നു. പാമ്പുംകയം (110KW)-15-8-2018-ൽ ഉണ്ടായ മണ്ണിടിച്ചിലിൽ മലയടിവാരത്തുനിന്നും പവർ ഹൗസിലേക്കുള്ള റോഡ് ഒലിച്ചുപോയിരുന്നു. ജനറേറ്റർ വെള്ളത്തിൽ മുങ്ങുകയും ചെയ്തിരുന്നു. യഥാർത്ഥ സാമ്പത്തിക നഷ്ടം ഇനിയും കണക്കാക്കിയിട്ടില്ല. (Idukki Jilla Panchayat) മുരിക്കാശ്ശേരി (1 KW)- മുരിക്കാശ്ശേരി പോലീസ് സ്റ്റേഷന് വേണ്ടി ഇ.എം.സി സ്ഥാപിച്ച പൈകോ ജല വൈദ്യുത യൂണിറ്റ് വെള്ളപ്പൊക്കത്തിൽ മുങ്ങി കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. കാട് വെട്ടി (20KW)- 2018 ജൂലൈ 30-ന് രാത്രിയുണ്ടായ വലിയ മഴയിൽ ഒരു മീറ്ററോളം ജലനിരപ്പ് പദ്ധതി പ്രദേശത്ത് ഉയർന്നതുമൂലം ഒരു ജനറേറ്റർ തകരാറിലാവുകയും ചെയ്തു. ഒരു ലക്ഷത്തോളം രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്.

(ബി) സ്വകാര്യ സംരംഭകരുടെ ചെറുകിട ജലവൈദ്യുത നിലയങ്ങളിൽ വളരെയധികം നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. പാതംകയം ചെറുകിട ജലവൈദ്യുത പദ്ധതി - 8MW- പദ്ധതിയുടെ പവർ ഹൗസിന് പുറകിലായുള്ള മലയിടുക്കിന് സംഭവിച്ച ഉരുൾ പൊട്ടലിൽ പവർ ഹൗസിനു ഉള്ളിലേക്ക് മണ്ണിടിഞ്ഞ് കയറുകയും നദി വഴിമാറി ഒഴുകി വന്ന് പവർ ഹൗസിനുള്ളിൽ കയറി ടർബയിനും ജനറേറ്ററും പൂർണ്ണമായും വെള്ളത്തിനടിയിലായി. ഇരുട്ടുകാനം 4.5 MW പദ്ധതിയുടെ പെൻസ്റ്റോക്കിന് സമീപം നടന്ന വലിയ മണ്ണിടിച്ചിലിൽ പവർ ഇവാക്വേഷൻ

ടവറിനും സ്വിച്ച് യാർഡിനും നാശനഷ്ടമുണ്ടായി. ഉരുൾ പൊട്ടിയുള്ള ജലം പവർ ഹൗസിനുള്ളിൽ കടക്കുകയും വലിയ കല്ലുകളും ചെളിയും വന്നടിഞ്ഞ് ജനറേറ്ററിന് സാരമായ നാശനഷ്ടങ്ങൾ സംഭവിച്ചു. അള്ളുങ്കൽ-7 MW, മണിയാർ ടെയിൽ റേസ് (12MW)-പദ്ധതികളിൽ ശക്തമായ മഴയിൽ പമ്പാ നദിയിൽനിന്നും വൻതോതിൽ വെള്ളം പ്രവഹിച്ചതുമൂലം പവർ ഹൗസ് മുങ്ങിപ്പോയിട്ടുണ്ട്. ഇവയുടെ സാമ്പത്തിക നഷ്ടം ഇനിയും കണക്കാക്കിയിട്ടില്ല. അരിപ്പാറ (4.5MW)-പദ്ധതിയിൽ മണ്ണിടിച്ചിലിലും ഉരുൾപൊട്ടലിലും പെൻസ്റ്റോക്ക് ഉൾപ്പെടെയുള്ള സാമഗ്രികൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ഒരു കോടിയോളം രൂപയുടെ നാശനഷ്ടമാണ് പ്രാഥമികമായി കണക്കാക്കുന്നത്. ദേവിയാർ (50KW)-പവർ ഹൗസ് മുഴുവനായി വെള്ളത്തിൽ മുങ്ങി ജനറേറ്ററുകൾക്ക് നാശം സംഭവിച്ചു.

## ഷൊർണ്ണൂർ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

186(2535) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി വകുപ്പ് ഷൊർണ്ണൂർ മണ്ഡലത്തിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

### ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഷൊർണ്ണൂർ മണ്ഡലത്തിൽ, ബോർഡിന്റെ തനതു ഫണ്ട്, MLASDF, കേന്ദ്രാവിഷ്കൃത പദ്ധതികളായ DDUGJY, IPDS എന്നിവയിലുൾപ്പെടുത്തി 7,55,91,603 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതികളിൽ ഉൾപ്പെടുത്തി 8 കി.മീ. 11 കെ.വി ലൈനും 20 കി.മീ. എൽ.ടി ലൈനും നിർമ്മിക്കുകയും 11 കി. മീ. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റുകയും 21 കി. മീ, 11 കെ. വി.ലൈനിന്റെയും 87 കി. മീ., എൽ. ടി. ലൈനിന്റെയും ചാലകശേഷി കൂട്ടുകയും 32 പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 3823 കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ വൈദ്യുതി വകുപ്പ് ഷൊർണ്ണൂർ മണ്ഡലത്തിൽപ്പെടുന്ന 220 കെ. വി. സബ്സ്റ്റേഷനിൽ താഴെപ്പറയുന്ന വികസന പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്.

1. പ്രസ്തുത സബ്സ്റ്റേഷനിൽ നിലവിലുള്ള ഒരു 100 എം.വി.എ. ട്രാൻസ്ഫോർമർ മാറ്റി, പുതിയ 200 എം.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു.

2. പ്രസ്തുത സബ്സ്റ്റേഷനിൽ 220 കെ. വി സെക്കന്റ് ബസും അനുബന്ധ ഉപകരണങ്ങളും കേന്ദ്ര ഗവൺമെന്റിന്റെ പി.എസ്.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തി സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു.

3. ഇന്ത്യൻ റെയിൽവെയുടെ ട്രാക്ഷൻ സബ് സ്റ്റേഷനുവേണ്ടി പ്രസ്തുത സബ്സ്റ്റേഷനിൽനിന്ന് രണ്ടാമതൊരു ഫീഡർ വലിക്കുന്നതിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

## നിർദ്ദിഷ്ട കേന്ദ്ര വൈദ്യുതി നിയമ ഭേദഗതി

187(2536) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി നിയമം ദേദഗതി ചെയ്യുന്നതിന് കേന്ദ്ര സർക്കാർ കൊണ്ടു വന്ന ബിൽ രാജ്യത്തെ ഫെഡറൽ വ്യവസ്ഥയെ തകർക്കുന്ന രീതിയിലുള്ളതാണെന്ന് വിലയിരുത്തുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ബില്ലിലെ ഏതൊക്കെ വ്യവസ്ഥകളോടാണ് സർക്കാരിന് വിയോജിപ്പ് ഉള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ക്രോസ് സബ്സിഡി മൂന്ന് വർഷംകൊണ്ട് ഒഴിവാക്കണമെന്ന നിബന്ധന സംസ്ഥാനത്തെ കാർഷിക, ഗാർഹിക ഉപഭോക്താക്കളെ എപ്രകാരം ബാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വൈദ്യുതി നിയമം ഭേദഗതി ചെയ്യുന്നതിന് കേന്ദ്ര സർക്കാർ കൊണ്ടു വന്നിട്ടുള്ള നിർദ്ദേശങ്ങളിൽ ചിലത് ഭരണഘടനയുടെ ഫെഡറൽ മൂല്യങ്ങൾക്ക് നിരക്കുന്നതല്ല എന്ന സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്.

(ബി) സർക്കാരിന് വിയോജിപ്പുള്ള പ്രധാനമായ വ്യവസ്ഥകൾ ചുവടെ ചേർത്തിരിക്കുന്നു :

- വൈദ്യുത വിതരണ മേഖലയെ മൂന്നായി വിഭജിച്ച് സംസ്ഥാനത്തെ വൈദ്യുത നിലയങ്ങളിൽ നിന്നുള്ള വൈദ്യുതിയടക്കം വിൽപ്പന ചെയ്യുന്നതിന് സ്വകാര്യ സംരംഭകർക്ക് അവസരമൊരുക്കുന്നത്.
- ക്രോസ് സബ്സിഡി സമ്പ്രദായം പൂർണ്ണമായി അവസാനിപ്പിക്കുന്നത്

- ക്രോസ് സബ്സിഡി-ക്ക് പകരമായി ഉണഭോക്താക്കൾ മുൻകൂറായി മുഴുവൻ തുകയും അടക്കേണ്ടി വരികയും സർക്കാർ സബ്സിഡി ഉപഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലൂടെ നൽകുന്ന ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സ്കീം നടപ്പിലാക്കുന്നത്.
- വൈദ്യുതിയുടെ ഊഹക്കച്ചവടത്തിനിടയാക്കുന്ന നിർദ്ദേശങ്ങൾ നൽകുന്നത്.
- സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗങ്ങളേയും ചെയർമാനെയും തെരഞ്ഞെടുക്കാനുള്ള അധികാരം കേന്ദ്ര ഗവൺമെന്റിൽ നിക്ഷിപ്തമാകുന്നത്.
- സംസ്ഥാനത്തെ വൈദ്യുതി നിരക്ക് നിർണ്ണയം കേന്ദ്ര ഗവൺമെന്റ് നയത്തിനനുസരിച്ചാക്കുന്നത്.
- സംസ്ഥാനത്തെ സ്വകാര്യ വൈദ്യുതനിലയങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കാനുള്ള അധികാരം സംസ്ഥാന സർക്കാരിൽനിന്നും എടുത്തുമാറ്റി കേന്ദ്ര സർക്കാരിലേയ്ക്ക് മാറ്റുന്നത്.

രാജ്യത്തെവിടെയും ആർക്കും ലൈസൻസ് അനുവദിക്കുന്നതിനുള്ള അധികാരം കേന്ദ്ര സർക്കാരിന് ലഭിക്കുംവിധമുള്ള ഭേദഗതിയാണ് നിർദ്ദേശിക്കുന്നത്.

(സി) കാർഷിക ഗാർഹിക ഉപഭോക്താക്കൾക്ക് പ്രതിവർഷം 2000 കോടി രൂപയുടെ ക്രോസ് സബ്സിഡി ആനുകൂല്യം ഇപ്പോൾ ലഭിക്കുന്നുണ്ടെന്നാണ് കണക്കാക്കുന്നത്. ഇതുമൂലം ക്രോസ് സബ്സിഡി മൂന്നുവർഷംകൊണ്ട് ഒഴിവാക്കണമെന്ന നിബന്ധന ഈ വിഭാഗം ഉപഭോക്താക്കളുടെ വൈദ്യുത നിരക്ക് കുത്തനെ ഉയരുവാൻ കാരണമാകും.

**അണക്കെട്ടുകൾ തുറക്കുന്നതിനുള്ള നടപടികളെക്കുറിച്ച് രൂപരേഖ**

188(T*2537) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി അടക്കം മറ്റ് പ്രധാനപ്പെട്ട ചില അണക്കെട്ടുകൾ തുറക്കേണ്ട സാഹചര്യത്തിലും പൊട്ടുന്ന സാഹചര്യമുണ്ടായാൽ അപ്പോഴും സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് പഠിച്ച് രൂപരേഖ തയ്യാറാക്കാൻ ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) എങ്കിൽ ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; ഏതൊക്കെയാണ് ഇതിൽ ഉൾപ്പെട്ടിട്ടുള്ള മറ്റ് അണക്കെട്ടുകൾ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത രൂപരേഖ എന്നത്തേക്ക് ലഭ്യമാകും; ഇതുമായി ബന്ധപ്പെട്ട് ഇതിനോടകം കൈക്കൊണ്ട നടപടികൾ എന്തൊക്കെ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശബരിഗിരി പദ്ധതിയുടെ ഭാഗമായി കക്കി, ആനത്തോട്, പമ്പ ഡാമുകളുടെ പ്രസ്തുത രൂപരേഖ (Emergency Action Plan-EAP) തയ്യാറാക്കുവാൻ തിരുവനന്തപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിനെ ഏൽപ്പിച്ചിട്ടുണ്ട്. (Centre for Continuing Education, College of Engineering, Thiruvananthapuram) ഇടമലയാർ, ഷോളയാർ മെയിൻ, ഷോളയാർ ഫ്ലാങ്കിംഗ്, പെരിങ്ങൽക്കുത്ത് ഡാമുകളുടെ പഠനം, Entura Hydro Tasmania India Private Limited കമ്പനിയെ ഏൽപ്പിച്ചിട്ടുണ്ട്. മറ്റ് പ്രധാനപ്പെട്ട ഡാമുകളുടെ എമർജൻസി ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിന് കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ഒരു ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ഒരു പ്രത്യേക സംഘത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡ്രിപ്പിന്റെ ഭാഗമായി CWC പ്രാഥമികതല പഠനം നടത്തി നൽകിയിട്ടുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് കെ.എസ്.ഇ.ബി.-ൽ ആവശ്യമായ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.

(സി) കക്കി, ആനത്തോട്, പമ്പ ഡാമുകളുടെ പഠന റിപ്പോർട്ട് 2018 ഡിസംബർ 31-നകം ലഭ്യമാക്കുന്നതാണ്. ഇടമലയാർ, ഷോളയാർ മെയിൻ, ഷോളയാർ ഫ്ലാങ്കിംഗ്, പെരിങ്ങൽക്കുത്ത് ഡാമുകളുടെ പഠന റിപ്പോർട്ട് ഡിസംബർ 2019-ൽ ലഭ്യമാക്കും. കെ.എസ്.ഇ.ബി. ടീം പഠനം നടത്തുന്ന ഡാമുകളുടെ പഠന റിപ്പോർട്ട് മേയ് 2019-ൽ പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

## കെ.എസ്.ഇ.ബി-ൽ ഓൺലൈൻ വഴി ബില്ലടയ്ക്കൽ

189(2538) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് :
ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗാർഹികേതര ബില്ലുകൾ ഡിജിറ്റലായി അടയ്ക്കാനുള്ള നടപടി കെ.എസ്.ഇ.ബി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) എത്ര രൂപയിൽ കൂടുതലുള്ള ബില്ലുകളാണ് ഡിജിറ്റലായി അടയ്ക്കുവാൻ നിശ്ചയിച്ചിരിക്കുന്നത്; ആയതിന് സർവ്വീസ് ചാർജ് ഈടാക്കുന്നുണ്ടോ എന്നറിയിക്കാമോ;

(സി) ഇപ്പോൾ നിലവിലുള്ള ക്യാഷ് കൗണ്ടറുകളുടെ പ്രവർത്തനം ഏത് രീതിയിൽ നടത്തിക്കൊണ്ടുപോകാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ; കൃഷ് കൗണ്ടറുകൾ നിർത്തലാക്കാൻ ബോർഡ് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) 2019 ജനുവരി മുതൽ ബില്ലുകൾ ഓൺലൈനായി മാത്രം സ്വീകരിച്ചാൽ മതി എന്ന് ബോർഡ് തീരുമാനിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) എല്ലാ തരത്തിലുള്ള ഇലക്ട്രിസിറ്റി ബില്ലുകളുടെയും ഡിജിറ്റൽ പേമെന്റ് പ്രോത്സാഹിപ്പിക്കുക എന്നതാണ് ബോർഡിന്റെ നയം. കേന്ദ്ര ഗവൺമെന്റ് പുതുതായി നടപ്പിൽ വരുത്തുന്ന പരിഷ്കരണ നടപടികളുടെ ഭാഗമായി ഡിജിറ്റൽ പേമെന്റിന്റെ തോത് വർദ്ധിപ്പിക്കണമെന്നുള്ള നിർദ്ദേശത്തെത്തുടർന്ന് ഗാർഹികേതര ഉപഭോക്താക്കളിൽ 2,000 രൂപയ്ക്ക് മുകളിൽ പ്രതിമാസ ബിൽ തുക അടയ്ക്കേണ്ടവർ 2019 ജനുവരി മുതൽ ഓൺലൈൻ രീതിയിലുള്ള ബിൽ തുക അടയ്ക്കണമെന്ന് നിഷ്കർഷിക്കാൻ ബോർഡ് തീരുമാനിച്ചിട്ടുണ്ട്. ഗാർഹികേതര ബില്ലുകൾ ഉൾപ്പെടെ എല്ലാ ബില്ലുകളും ഡിജിറ്റലായി അടയ്ക്കാനുള്ള സംവിധാനം ഇപ്പോൾ നിലവിലുണ്ട്.

1. പേമെന്റ് ഗയിറ്റ് വേ സംവിധാനത്തിലൂടെ ടെക്ക് പ്രോസസ്, ഫെഡറൽ ബാങ്ക് സ്ഥാപനങ്ങൾ മുഖാന്തരവും
2. എസ്.ബി.ഐ., സൗത്ത് ഇന്ത്യൻ ബാങ്ക്, ഫെഡറൽ ബാങ്ക്, കാനറാ ബാങ്ക്, ഐ.സി.ഐ.സി.ഐ. എന്നീ ബാങ്കുകളുടെ നേരിട്ടുള്ള ഓൺലൈൻ സംവിധാനത്തിലൂടെയും
3. പേ ടി.എം. എംപൈസ എന്നീ സ്ഥാപനങ്ങളുടെ വാലറ്റ് സംവിധാനത്തിലൂടെയും
4. അക്ഷയ, ഫ്രണ്ട്സ്, സി.എസ്.സി. ഇ-ഗവേൺസ് തുടങ്ങിയ വിവിധ ഗവൺമന്റ് സംവിധാനം വഴിയും
5. എൻ.എ.സി.എച്ച്. (നാഷണൽ ആട്ടോമേറ്റഡ് ക്ലിയറിംഗ് ഹൗസ്) സംവിധാനം വഴിയും
6. കെ.എസ്.ഇ.ബി.-യുടെ മൊബൈൽ ആപ്ലിക്കേഷനായ കെ.എസ്.ഇ.ബി. വഴിയും ഉപഭോക്താക്കൾക്ക് ബില്ലുകൾ ഡിജിറ്റലായി അടയ്ക്കുവാനുള്ള സൗകര്യം ലഭ്യമാണ്.

ഇതുകൂടാതെ ഇന്ത്യാ ഗവൺമെന്റിന്റെ ഭാരത് ബിൽ പേമെന്റ് സിസ്റ്റം (ബി.ബി.പി.എസ്സ്.) വഴി ഉപഭോക്താക്കൾക്ക് കെ.എസ്.ഇ.ബി. ബില്ലുകൾ ഡിജിറ്റലായി അടയ്ക്കുവാനുള്ള സംവിധാനം നടപ്പിലാക്കുന്നതിന്റെ നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) 15-11-2018-ലെ 1925/2018(D(D&IT)/D6-E2/Cashiers/2018-2019/001) TVM ഉത്തരവുപ്രകാരം 2,000 രൂപയോ കൂടുതലോ ഉള്ള ഗാർഹികേതര ബില്ലുകൾ 1-1-2019 മുതൽ ഡിജിറ്റലായി മാത്രമെ സ്വീകരിക്കുകയുള്ളൂ എന്ന് ബോർഡ് തീരുമാനിച്ചിരിക്കുന്നു. എസ്.ബി.ഐ, സൗത്ത് ഇന്ത്യൻ ബാങ്ക്, ഫെഡറൽ ബാങ്ക്, കാനറാ ബാങ്ക്, ഐ.സി.ഐ.സി.ഐ എന്നീ ബാങ്കുകളുടെ നേരിട്ടുള്ള ഓൺലൈൻ സേവനങ്ങൾക്കും പേമെന്റ് ഗയിറ്റ് വേ സംവിധാനത്തിലൂടെ ടെക്ക് പ്രോസസ്, ഫെഡറൽ ബാങ്ക്, കാനറാ ബാങ്ക് എന്നിവ വഴിയും 2,000 രൂപയിൽ താഴെ വരുന്ന ഡെബിറ്റ് കാർഡ് സേവനങ്ങൾക്കും സർവ്വീസ് ചാർജ് ഈടാക്കുന്നില്ല. മറ്റു സേവനങ്ങൾക്ക് സർവ്വീസ് ചാർജ്ജ് ഈടാക്കുന്നുണ്ട്.

(സി) 15-11-2018-ലെ 1925/2018(D(D&IT)/D6-AE2/Cashiers/2018-2019/001)TVM ഉത്തരവുപ്രകാരം ഒരു മാസം 7,500 -ൽ കുറവ് പണമിടപാടുകൾ കൈകാര്യം ചെയ്യുന്ന സെക്ഷനുകളിലെ ഇപ്പോഴുള്ള രണ്ടു ഷിഫ്റ്റുകൾക്ക് പകരം ഒരു ഷിഫ്റ്റ് മാത്രമായി പുനർക്രമീകരിച്ച് നിശ്ചയിച്ചിട്ടുണ്ട്. മേൽ ഉത്തരവിൽ 30-11-2018-ലെ KSEBL ഡയറക്ടർ ബോർഡ് യോഗം "ഒരു മാസം 7500-ൽ കുറവ് പണമിടപാടുകൾ കൈകാര്യം ചെയ്യുന്ന" എന്നത് "6000-ത്തിൽ കുറവ് പണമിടപാട് കൈകാര്യം ചെയ്യുന്ന" എന്നാക്കി മാറ്റി തീരുമാനിച്ചിട്ടുണ്ട്. (ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്) ഇതിനായി ഇത്തരം കൗണ്ടറുകളുടെ പ്രവൃത്തി സമയം രാവിലെ ഒൻപത് മണി മുതൽ ഒരു മണി വരെയും തുടർന്ന് രണ്ട് മണി മുതൽ മൂന്ന് മണി വരെ ആയും ക്രമീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ ഉൾപ്പെടാത്ത സെക്ഷൻ ഓഫീസുകളിൽ നിലവിലുള്ള രീതി തുടരുന്നതാണ്.

(ഡി) മേൽസൂചിപ്പിച്ച ബി.ഒ. പ്രകാരം 1-1-2019 മുതൽ രണ്ടായിരം രൂപയോ കൂടുതലോ ഉള്ള ഗാർഹികേതര ബില്ലുകൾ ഡിജിറ്റലായി മാത്രമെ സ്വീകരിക്കുകയുള്ളൂ എന്ന് തീരുമാനിച്ചിട്ടുണ്ട്.

## കെ.എസ്.ഇ.ബി. മീറ്റർ റീഡിംഗ്

190(2539) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. മീറ്റർ റീഡിംങ് യഥാസമയം നടത്തി ബിൽ നൽകാത്തതുമൂലം യൂണിറ്റ് പരിധി കഴിയുകയും ഇതുമൂലം ഉപഭോക്താക്കൾക്ക് അധിക ചാർജ്ജ് നൽകേണ്ടി വരുന്നതായ സ്ഥിതിവിശേഷം ഉണ്ടാകുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉപഭോക്താക്കളുടേതല്ലാത്ത കാരണത്താൽ ഇത്തരത്തിൽ അധിക ചാർജ് നൽകേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങൾ കെ.എസ്.ഇ.ബി. നൽകിയിട്ടുണ്ട്; ഇത്തരത്തിൽ ഉപഭോക്താക്കൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വളരെ അപൂർവ്വമായി മാത്രം ഇത്തരം സംഭവങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം സംഭവങ്ങൾ ഒഴിവാക്കാനായി യഥാസമയം മീറ്റർ റീഡിംഗ് എടുക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ശ്രദ്ധയിൽപ്പെടുന്ന കേസ്സുകളിൽ ആനുപാതികമായ റീഡിംഗ് കണക്കാക്കി ബില്ലുകൾ കുറച്ചുനൽകുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകളിലെ ഒഴിവുകൾ**

191(2540) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. മോൻസ് ജോസഫ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.എൽ. സെക്ഷൻ ഓഫീസുകളിൽ വിവിധ തസ്തികകളിലുള്ള ഒഴിവുകൾ നികത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) അനുദിന ജീവിതത്തിൽ ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് ഈ ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിലെ സെക്ഷൻ ഓഫീസുകളുടെ ദൈനംദിന പ്രവർത്തനങ്ങൾ സുഗമമായി കൈകാര്യം ചെയ്യുന്നതിലേയ്ക്കാവശ്യമായ തസ്തികകളിൽ ചുവടെ സൂചിപ്പിക്കുന്ന രീതിയിൽ ചില തസ്തികകളിൽ പ്രൊമോഷൻ/നിയമനം നൽകുകയും മറ്റ് ചില തസ്തികകളിൽ പ്രൊമോഷൻ/നിയമനം നൽകുന്നതിനുമുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചും വരുന്നു.

1. അസിസ്റ്റന്റ് എഞ്ചിനീയർ :

കെ.എസ്.ഇ.ബി. ലിമിറ്റഡിലെ സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽനിന്ന് അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലേയ്ക്ക് 22-11-2018-ന് നിലവിൽ വന്ന താൽക്കാലിക പ്രൊമോഷൻ ഉത്തരവ് പ്രകാരം ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിലെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലുള്ള ഒഴിവുകൾ നികത്തിയിട്ടുണ്ട്.

2. സീനിയർ സൂപ്രണ്ട് :

സീനിയർ അസിസ്റ്റന്റ് തസ്തികയിൽ നിന്നും സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് 16-8-2018-ൽ ഇറങ്ങിയ പ്രൊമോഷൻ ഉത്തരവ് പ്രകാരം ആകെയുള്ള 136 സീനിയർ സൂപ്രണ്ടുമാരിൽനിന്ന് 110 പേരെ കെ.എസ്.ഇ.ബി. ലിമിറ്റഡ് വിവിധ സെക്ഷൻ ഓഫീസുകളിൽ നിയമിച്ചിട്ടുണ്ട്. ഇനിയുള്ള ഒഴിവുകൾ നികത്തുന്നതിലേയ്ക്കാവശ്യമായ നടപടികൾ പുരോഗമിച്ചുവരുന്നു.

3. സബ് എഞ്ചിനീയർ :

നിലവിലുള്ള എല്ലാ ഒഴിവുകളും പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിച്ചിട്ടുണ്ട്. പ്രൊമോഷൻ മുഖാന്തരം നികത്തേണ്ട 150 സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)-ടെ ഒഴിവുകൾ ബഹു. മാനപ്പെട്ട ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ നികത്താൻ പറ്റാത്ത സാഹചര്യമാണ് നിലവിലുള്ളത്.

4. കാഷ്യർ :

കെ.എസ്.ഇ.ബി. ലിമിറ്റഡിലെ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിലെ കാഷ്യർ തസ്തികയിലേയ്ക്കുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

5. ഓവർസീയർ :

കെ.എസ്.ഇ.ബി. ലിമിറ്റഡിലെ 325 ഓവർസീയർ തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ നടപടികൾ അവസാനഘട്ടത്തിലാണ്.

6. ലൈൻമാൻ :

ഇലക്ട്രിസിറ്റി വർക്കർ/മസ്ദൂർ തസ്തികയിൽനിന്ന് ലൈൻമാൻ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

7. ഇലക്ട്രിസിറ്റി വർക്കർ/മസ്ദൂർ :

തസ്തികകളിലേയ്ക്ക് ഒഴിവനുസരിച്ച് നിയമനം നൽകിയിട്ടുണ്ട്. പെറ്റി കോൺട്രാക്ട് വർക്കർമാരിൽനിന്ന് ഇലക്ട്രിസിറ്റി വർക്കർ/മസ്ദൂർ തസ്തികയിലേയ്ക്ക് സ്ഥിരപ്പെടുത്തേണ്ട ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി.-യിൽനിന്നും കമ്മ്യൂണിറ്റി റൊട്ടേഷൻ തീരുമാനിച്ച് റാങ്ക്ലിസ്റ്റ് ലഭ്യമാകുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്.

(ബി) ജനങ്ങൾക്കുള്ള ബുദ്ധിമുട്ടുകൾ പരിഗണിച്ച് കെ.എസ്.ഇ.ബി. ലിമിറ്റഡിലെ സെക്ഷൻ ഓഫീസുകളിലെ ദൈനംദിന പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിലേയ്ക്കാവശ്യമായ ജീവനക്കാരുടെ ഒഴിവുകൾ നികത്തുന്നതിന് മുകളിൽ സൂചിപ്പിച്ചിട്ടുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കെ.എസ്.ഇ.ബി.എൽ. പുതുതായി ആരംഭിക്കുന്ന ജലവൈദ്യുത പദ്ധതികൾ

192(2541) ശ്രീ. പി. ടി. തോമസ് :

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി ആരംഭിക്കാൻ കെ.എസ്.ഇ.ബി.എൽ. തീരുമാനമെടുത്തിട്ടുള്ള ജലവൈദ്യുത പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിയുടെയും നിർമ്മാണച്ചെലവ് എത്രയെന്ന് വ്യക്തമാക്കാമോ; ഇതിൽ ഓരോ പദ്ധതിക്കും ഇതുവരെ ചെലവഴിച്ച തുക എത്രയെന്ന് വിശദമാക്കാമോ;

(സി) ഓരോ പദ്ധതിയിൽനിന്നും ഉത്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്ന വൈദ്യുതിയുടെ അളവ് എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) കെ.എസ്.ഇ.ബി.എൽ. പുതുതായി ആരംഭിക്കാൻ തീരുമാനമെടുത്തിട്ടുള്ള ജലവൈദ്യുത പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു :

| ക്രമ നമ്പർ | പദ്ധതി | ഉൽപ്പാദന ശേഷി (മെഗാവാട്ട്) | വാർഷിക ഉൽപ്പാദന ശേഷി (ദശലക്ഷം യൂണിറ്റ്) | പ്രതീക്ഷി ക്കുന്ന നിർമ്മാണ ച്ചെലവ് (ഏകദേശം ) (കോടി) | ചെലവഴിച്ച തുക (കോടി) |
|---|---|---|---|---|---|
| 1 | അപ്പർ ചെങ്കുളം | 24 | 53.22 | 260 | 1.86 |
| 2 | ലാഡ്രം | 3.5 | 12.13 | 52 | 0.360 |
| 3 | ഒലിക്കൽ | 5 | 10.26 | 100 | 7.33 |
| 4 | പൂവാരംതോട് | 3 | 5.88 | | |
| 5 | മാർമ്മല | 7 | 23.02 | 85 | 0.250 |
| 6 | ചെമ്പുക്കടവ് -III | 7.5 | 17.715 | 90 | 5.66 |
| 7 | മാങ്കുളം | 40 | 82 | 550 | 46.19 |
| 8 | പിച്ചാട് | 3 | 7.74 | 32 | 0.0783 |
| 9 | വെസ്റ്റേൺ കല്ലാർ | 5 | 17.41 | 68 | 0.0149 |
| 10 | മരിപ്പുഴ | 6 | 14.84 | 80 | 1.96 |
| 11 | വളാംതോട് | 7.5 | 15.291 | 88 | 2.16 |
| 12 | ആനക്കയം | 7.5 | 22.83 | 162.0 | 2.46 |

**ഡാമുകൾ തുറന്ന് ഒഴുക്കിക്കളഞ്ഞ ജലം**

193(2542) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ഒക്ടോബർ 6, 7 തീയതികളിൽ കനത്ത മഴയ്ക്ക് സാധ്യതയുണ്ട് എന്ന കാലാവസ്ഥ നിരീക്ഷണ കേന്ദ്രത്തിന്റെ മുന്നറിയിപ്പിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് കെ.എസ്.ഇ.ബി.യുടെ കീഴിലുള്ള ഡാമുകൾ തുറന്ന് ജലം ഒഴുക്കി കളഞ്ഞിരുന്നുവോ;

(ബി) എങ്കിൽ ഏതൊക്കെ ഡാമുകളാണ് തുറന്നതെന്നും, പ്രസ്തുത ഡാമുകളുടെ പരമാവധി ശേഷി എത്രയാണെന്നും ഒക്ടോബർ 6-ാം തീയതിയിൽ ഓരോ ഡാമിലെയും ജലനിരപ്പ് എത്രയായിരുന്നുവെന്നും വ്യക്തമാക്കുമോ;

(സി) ആകെ എത്ര ക്യൂബിക് മീറ്റർ ജലമാണ് ഇപ്രകാരം ഒഴുക്കിവിട്ടതെന്നും അത് എത്ര വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള ജലമായിരുന്നുവെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2018 ഒക്ടോബർ 6, 7 തീയതികളിൽ കനത്ത മഴയ്ക്ക് സാധ്യതയുണ്ട് എന്ന കാലാവസ്ഥ നിരീക്ഷണ കേന്ദ്രത്തിന്റെ മുന്നറിയിപ്പിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കീഴിലുള്ള ഡാമുകൾ തുറന്നിരുന്നു.

(ബി) ഇടുക്കി, ഇടമലയാർ, ഷോളയാർ, കക്കയം, ബാണാസുരസാഗർ, പമ്പ, കക്കി എന്നീ ഡാമുകളാണ് തുറന്നിരുന്നത്. ഇതിൽ പമ്പ, കക്കി, ഇടമലയാർ എന്നീ ഡാമുകൾ തുറന്നിരുന്നെങ്കിലും ഡാമിലെ ജലനിരപ്പ് സ്പിൽവേഗേറ്റിന് താഴെ ആയിരുന്നതിനാൽ ഡാമിൽ നിന്നുള്ള ജലം പുറത്തേയ്ക്ക് ഒഴുക്കിയിരുന്നില്ല. പെരിങ്ങൽക്കുത്ത് ഡാം നേരത്തെതന്നെ തുറന്നിരുന്നെങ്കിലും ഇതോടനുബന്ധിച്ച് കൂടുതൽ ജലം പുറത്തേയ്ക്ക് ഒഴുകിയിരുന്നു. 6-10-2018-ലെ ഡാമുകളുടെ ജലനിരപ്പും പരമാവധിശേഷിയും താഴെ ചേർക്കുന്നു :

| നമ്പർ | ഡാം | പരമാവധി ശേഷി (ജലനിരപ്പ്) | ജലനിരപ്പ് |
|---|---|---|---|
| 1 | ഇടുക്കി | 2403 അടി | 2387.54 അടി |
| 2 | ഇടമലയാർ | 169 മീറ്റർ | 159.36 മീറ്റർ |
| 3 | ഷോളയാർ | 2663 അടി | 2656.50 അടി |
| 4 | കക്കയം | 2487 അടി | 2472.80 അടി |
| 5 | ബാണാസുരസാഗർ | 775.60 മീറ്റർ | 771.60 മീറ്റർ |
| 6 | പെരിങ്ങൽക്കുത്ത് | 423.98 മീറ്റർ | 417.70 മീറ്റർ |
| 7 | പമ്പ | 986.33 മീറ്റർ | 975.55 മീറ്റർ |
| 8 | കക്കി | 981.46 മീറ്റർ | 974.84 മീറ്റർ |

(സി) 57.652 ദശ ലക്ഷം ക്യൂബിക് മീറ്റർ (57.652 MCM) ജലമാണ് തുറന്നുവിട്ടത്. തുറന്നുവിട്ട 57.652 MCM ജലം ഉപയോഗിച്ച് 35.516 ദശലക്ഷം യൂണിറ്റ് (35.516 MU) വൈദ്യുതി ഉൽപ്പാദിപ്പിക്കുവാനാകുമായിരുന്നു.

## വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിലെ നടപടിക്രമങ്ങൾ

194(2543) ശ്രീ. എം. സ്വരാജ് :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. സജി ചെറിയാൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗാർഹിക ഉപഭോക്താക്കൾക്കും വ്യാപാരി വ്യവസായി സമൂഹത്തിനും ഏറെ ആശ്വാസകരമായ രീതിയിൽ വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും അതിവേഗം കണക്ഷൻ നൽകുന്നതിനും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം പുതുതായി സൃഷ്ടിച്ച ഊർജ്ജോല്പാദന ശേഷി എത്രയാണ്; പ്രസരണ-വിതരണ നഷ്ടം കുറയ്ക്കുന്നതിൽ കൈവരിക്കാനായ നേട്ടം അറിയിക്കാമോ;

(സി) സംസ്ഥാനത്തിന്റെ സമഗ്ര പുരോഗതി ത്വരിതപ്പെടുത്തുന്നതിനായി ഗുണമേന്മയുള്ള വൈദ്യുതി തടസ്സരഹിതമായി കുറഞ്ഞചെലവിൽ ലഭ്യമാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ ?

### ഉത്തരം

(എ) വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകേണ്ട വിവിധ സേവനങ്ങളുമായി ബന്ധപ്പെട്ട ചട്ടങ്ങൾ പ്രസിദ്ധീകരിക്കുന്നത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ ആണ്. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് അപേക്ഷയോടൊപ്പം തിരിച്ചറിയൽ രേഖ, വിസ്തൃവിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖ, തുടങ്ങിയ കുറെയധികം രേഖകൾ ഹാജരാക്കണമെന്ന് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ (KSERC) ഇറക്കിയിട്ടുള്ള സപ്ലൈ കോഡ് 2014-ൽ നിഷ്കർഷിച്ചിരുന്നു. ഇത് ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഈ വൈഷമ്യങ്ങൾ പരിഹരിക്കുവാനായി നടപടിക്രമങ്ങൾ ലഘൂകരിക്കുവാനും തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ എന്നിവ മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകാൻ വേണ്ട വിധത്തിൽ ചട്ടങ്ങളിൽ മാറ്റം വരുത്തുവാനും കേരള സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് റെഗുലേറ്ററി കമ്മീഷൻ ചട്ടങ്ങളിൽ മാറ്റം വരുത്തുകയും കെ.എസ്.ഇ.ബി.എൽ. അത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

1500 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങൾക്ക് താൽക്കാലിക റെസിഡ്യൻഷ്യൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയാലും 1076 ചതുരശ്ര അടിയിലോ അതിൽ താഴെയോ വിസ്തൃതിയിലുള്ള വാസഗൃഹങ്ങൾക്ക് ഉടമസ്ഥാവകാശ രേഖയില്ലെങ്കിലും വൈദ്യുതി കണക്ഷൻ അനുവദിക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. വൈദ്യുതി കണക്ഷനുകൾക്കുള്ള അപേക്ഷ അതത് സെക്ഷൻ ഓഫീസുകളിൽ സ്വീകരിക്കുന്നതിന് പുറമെ ഓൺലൈൻ വഴി സ്വീകരിച്ചും റെഗുലേറ്ററി കമ്മീഷൻ പുറത്തിറക്കിയിട്ടുള്ള സ്റ്റാൻഡേർഡ് ഓഫ് പെർഫോമൻസിൽ നിഷ്കർഷിച്ചിട്ടുള്ള സമയ പരിധിയിലും കുറഞ്ഞ സമയത്തിനുള്ളിൽതന്നെ നൽകുവാൻ 19-9-2016-ലെ ബോർഡ് ഉത്തരവ് വഴി നിർദ്ദേശങ്ങൾ നൽകിയും അതിവേഗം കണക്ഷനുകൾ കെ.എസ്.ഇ.ബി. നൽകിവരുന്നു.

(ബി) ഈ സർക്കാർ അധികാരമേറ്റെടുത്തതുമുതൽ നാളിതുവരെ കെ.എസ്.ഇ.ബി.-യുടെ സ്ഥാപിതശേഷിയിൽ 144.385 മെഗാവാട്ടിന്റെ വർദ്ധന വന്നിട്ടുണ്ട്. വൈദ്യുത പ്രസരണ വിതരണ നഷ്ടം 2015-2016 സാമ്പത്തിക വർഷം 14.37% ആയിരുന്നത് കഴിഞ്ഞ രണ്ടുവർഷം കൊണ്ട് 13.07% ആയി കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 2017-2018 സാമ്പത്തിക വർഷത്തെ പ്രസരണ വിതരണ നഷ്ടം 13.07% ആണ്. ഈ സർക്കാർ നിലവിൽ വന്നതിനുശേഷം സ്വകാര്യ മേഖലയിൽ 4.5 MW -ന്റെ കാരിക്കയം (പത്തനംതിട്ട ജില്ല) രണ്ടാം ഘട്ടവും 8 MW-ന്റെ പാതംകയം (കോഴിക്കോട് ജില്ല) കമ്മീഷൻ ചെയ്തിട്ടുണ്ട്. പീക്കോ ജലവൈദ്യുത ടർബയിനുകൾ ഉപയോഗിച്ചുള്ള മൈക്രോ ഗ്രിഡുകൾ (4 കിലോ വാട്ട് പദ്ധതി) ഈച്ചാംപെട്ടിയിൽ നടപ്പിലാക്കി. 1 KW പീക്കോ പദ്ധതി മുരിക്കാശ്ശേരി പോലീസ് സ്റ്റേഷനിൽ നടപ്പിലാക്കി. 1 KW മുതൽ 5 KW വരെ ശേഷിയുള്ള 25 പീക്കോ പദ്ധതികൾ-(പ്രധാനമായും ഇടുക്കി, വയനാട് ജില്ലകൾ) നടപ്പിലാക്കി. ഈ സർക്കാർ അധികാരത്തിലെത്തിയശേഷം അനെർട്ട് പുതുതായി സൃഷ്ടിച്ച സോളാർ ഊർജ്ജോൽപ്പാദന ശേഷി 21 മെഗാവാട്ട് ആണ്.

(സി) സംസ്ഥാനത്തിന്റെ സമഗ്ര പുരോഗതി ത്വരിതപ്പെടുത്തുന്നതിനായി ഗുണമേന്മയുള്ള വൈദ്യുതി തടസ്സരഹിതമായി കുറഞ്ഞ ചെലവിൽ ലഭ്യമാക്കുന്നതിനായി, കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കീഴിൽ ഇപ്പോൾ നിർമ്മാണം പുരോഗമിക്കുന്ന '10' ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നതു വഴി 193.5 MW വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കുവാൻ സാധിക്കും. കൂടാതെ, വിവിധ സൗരോർജ്ജ പദ്ധതികളിൽ നിന്നും വൈദ്യുതി ഉൽപ്പാദിക്കാനുള്ള പ്രവൃത്തികൾ നടത്തിവരുന്നു. നിർമ്മാണം പൂർത്തികരിച്ചതും നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നതുമായ സൗരോർജ്ജ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* സൗരോർജ്ജ പാനലുകൾ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സ്ഥാപിച്ച് 500 മെഗാവാട്ട്

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കാനുള്ള ഒരു പദ്ധതിയും "സൗര" എന്ന പേരിൽ ആസൂത്രണം ചെയ്തുവരുന്നു. ഗാർഹിക, കാർഷിക ഉപഭോക്താക്കളുടെ പുരപ്പുറങ്ങളിൽ 150 മെഗാവാട്ട്, സർക്കാർ കെട്ടിടങ്ങളുടെ പുരപ്പുറങ്ങളിൽ 100 മെഗാവാട്ട്, മറ്റ് സ്ഥാപനങ്ങളുടെ പുരപ്പുറങ്ങളിൽ 250 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ നിർമ്മിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

2021-ഓടുകൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണ മേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കു ന്നതിനായി 'ദ്യുതി 2021' എന്ന് പേരിട്ടിട്ടുള്ള പദ്ധതി കെ.എസ്.ഇ.ബി. ആസൂത്രണം ചെയ്തു നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി HT ലൈനുകൾ പുതുതായി നിർമ്മിക്കുക, ലോഡ് സെന്ററുകളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, ആവശ്യമെങ്കിൽ നിലവിലുള്ള പഴയതും ശേഷികുറഞ്ഞതുമായ ലൈനുകൾ മാറ്റി പുതിയ ലൈനുകൾ സ്ഥാപിക്കുക, HT-LT ശൃംഖലകളിൽ ബാക്ക് ഫീഡിംഗ് സംവിധാനം ഉറപ്പു വരുത്തുക എന്നിങ്ങനെയുള്ള പ്രവൃത്തികൾ നടപ്പിലാക്കാൻ സർക്കിൾതലത്തിൽ 25 പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) രൂപീകരിച്ച് പ്രവർത്തനം നടന്നുവരുന്നു. ഇതിന്റെ ആദ്യപടിയായി വിതരണ ശൃംഖലയുടെ GIS അധിഷ്ഠിത രേഖാചിത്രം കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരുടെ സഹകരണത്തോടെ തയ്യാറാക്കുകയും തുടർന്ന് 2018 മുതൽ 2021 വരെയുള്ള കാലയളവിൽ വിതരണ മേഖലയിൽ നടപ്പിലാക്കേണ്ട പ്രവൃത്തികൾ കണ്ടെത്തി അവയുടെ DPR തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയിൽ വിതരണ മേഖലയിൽ 4035.57 കോടി രൂപയുടെ 7626 പ്രവൃത്തികളാണ് PMU മുഖേന വിഭാവനം ചെയ്തിട്ടുള്ളത്. പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി തിരുവനന്തപുരം വൈദ്യുതി ഭവനിൽ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ഒരു സെൻട്രൽ പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റും പ്രവർത്തിച്ചുവരുന്നു. 'ദ്യുതി 2021'-ന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

നൂതന ഊർജ്ജ സ്രോതസ്സുകളായ സൗരോർജ്ജം, കാറ്റ്, എന്നിവയിലൂടെ പരമാവധി വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള ശ്രമങ്ങൾ അനെർട്ട് നടത്തിവരുന്നു. ഇതിനോടകം സംസ്ഥാനത്ത് സൗരോർജ്ജത്തിൽനിന്നും 150 മെഗാവാട്ട് വൈദ്യുതിയും (അനെർട്ട് മാത്രമായി 35 മെഗാവാട്ട് വൈദ്യുതി) കാറ്റിൽനിന്നും എല്ലാ ഏജൻസികളും കൂടി ചേർന്ന് 59.725 മെഗാവാട്ട് വൈദ്യുതിയും ഉൽപ്പാദിപ്പിക്കുന്നുണ്ട്. 'ഊർജ്ജ കേരള മിഷൻ' പദ്ധതി പ്രകാരം വരുന്ന 3 വർഷത്തിനുള്ളിൽ 1000 മെഗാവാട്ട് വൈദ്യുതി സൗരോർജ്ജത്തിൽനിന്ന് ഉൽപ്പാദിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. ഇതിൽ 500 മെഗാവാട്ട് കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിൽനിന്നും ഉൽപ്പാദിപ്പിക്കുകയാണ് ലക്ഷ്യം. പാഴ്നിലങ്ങളിൽ

വലിയ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് 500 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാനും കെ.എസ്.ഇ.ബി.എൽ.-ഉം അനെർട്ടും സംയുക്തമായി നടപ്പിലാക്കുന്ന 'ഊർജ്ജമിഷൻ-സൌര' പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. പുരപ്പുറ സൗര വൈദ്യുതി പദ്ധതി ലക്ഷ്യം നേടുന്നതിന് വലിയ തോതിലുള്ള ബഹുജന പങ്കാളിത്തം ആവശ്യമാണ്. ഇതിനായി അനെർട്ട് www.buymysun.com എന്ന പേരിൽ ഒരു ഇലക്ട്രോണിക് മാർക്കറ്റ് പ്ലെയിസ് ആരംഭിച്ചിട്ടുണ്ട്. ഇതുവഴി ലോകത്തിന്റെ ഏതു കോണിലിരിക്കുന്ന മലയാളികൾക്കും അവരുടെ കേരളത്തിലുള്ള വീടിനു മുകളിൽ സൗര വൈദ്യുത നിലയം സ്ഥാപിക്കുവാൻ സാധിക്കുന്നതാണ്. പൊതു ജനങ്ങൾക്ക് ഈ കാര്യങ്ങളെക്കുറിച്ച് കൂടുതൽ അറിവ് നൽകുന്നതിനായി പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിൽക്കൂടി വ്യാപകമായ പ്രചരണം നടത്തിവരുന്നു.

## കേരള ഷോളയാർ പെരിങ്ങൽക്കുത്ത് ഡാമുകളിലെ ജലനിരപ്പ് ക്രമീകരണം

195(2544) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018 ജൂലൈ 15 മുതൽ ആഗസ്റ്റ് 15 വരെ ഓരോ ദിവസവും കേരള ഷോളയാർ, പെരിങ്ങൾക്കുത്ത് എന്നീ ഡാമുകൾ എത്ര ശതമാനം നിറഞ്ഞിരുന്നു വെന്നും, എത്ര അളവിൽ വെള്ളം തുറന്ന് വിട്ടിട്ടുണ്ടെന്നും കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

2018 ജൂലൈ 15 മുതൽ ആഗസ്റ്റ് 15 വരെ കേരള ഷോളയാർ, പെരിങ്ങൽക്കുത്ത് ഡാമുകളിൽ ഉണ്ടായിരുന്ന വെള്ളത്തിന്റെ അളവും (%) തുറന്നുവിട്ട വെള്ളത്തിന്റെ അളവും (MCM- മില്ല്യൺ ക്യൂബിക് മീറ്ററിൽ) ചുവടെ ചേർക്കുന്നു :

| തീയതി | കേരള ഷോളയാർ | | പെരിങ്ങൽക്കുത്ത് | |
|---|---|---|---|---|
| | സ്റ്റോറേജ് | തുറന്നുവിട്ട വെള്ളത്തിന്റെ അളവ് (MCM) | സ്റ്റോറേജ് % | തുറന്നുവിട്ട വെള്ളത്തിന്റെ അളവ് (MCM) |
| (1) | (2) | (3) | (4) | (5) |

| (1) | (2) | (3) | (4) | (4) |
|---|---|---|---|---|
| 15-7-2018 | 64.93 | 0 | 100 | 26.9269 |
| 16-7-2018 | 68.82 | 0 | 100 | 31.2849 |
| 17-7-2018 | 75.56 | 0 | 100 | 21.6769 |
| 18-7-2018 | 79.58 | 0 | 100 | 22.1436 |
| 19-7-2018 | 83.37 | 0 | 100 | 14.6096 |
| 20-7-2018 | 86.29 | 0 | 100 | 13.6739 |
| 21-7-2018 | 89.28 | 0 | 100 | 7.7443 |
| 22-7-2018 | 91.67 | 0 | 100 | 5.808 |
| 23-7-2018 | 93.42 | 0 | 100 | 8.3262 |
| 24-7-2018 | 95.03 | 0 | 100 | 26.3059 |
| 25-7-2018 | 96.86 | 0 | 100 | 24.3709 |
| 26-7-2018 | 98.16 | 0 | 100 | 22.5014 |
| 27-7-2018 | 99.26 | 0 | 100 | 18.862 |
| 28-7-2018 | 99.82 | 0.7735 | 100 | 6.5355 |
| 29-7-2018 | 100.00 | 1.2150 | 100 | 11.482 |
| 30-7-2018 | 100 | 0.9945 | 100 | 11.5917 |
| 31-7-2018 | 100 | 2.8900 | 100 | 37.3464 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 1-8-2018 | 100 | 1.4140 | 100 | 20.5052 |
| 2-8-2018 | 100 | 0.4860 | 100 | 7.1175 |
| 3-8-2018 | 100 | 0.7290 | 100 | 7.7152 |
| 4-8-2018 | 100 | 1.1484 | 100 | 4.636 |
| 5-8-2018 | 100 | 0.0442 | 100 | 1.3035 |
| 6-8-2018 | 100 | 0.8398 | 100 | 0.9171 |
| 7-8-2018 | 100 | 2.2449 | 100 | 13.2801 |
| 8-8-2018 | 100 | 12.5900 | 100 | 65.8474 |
| 9-8-2018 | 100 | 10.2134 | 100 | 52.8913 |
| 10-8-2018 | 100 | 5.2774 | 100 | 38.81 |
| 11-8-2018 | 100 | 4.9807 | 90.47 | 18.70 |
| 12-8-2018 | 100 | 8.7752 | 86.56 | 25.39 |
| 13-8-2018 | 100 | 10.6563 | 86.56 | 34.74 |
| 14-8-2018 | 100 | 29.4647 | 87.34 | 80.01 |
| 15-8-2018 | 100 | 35.1027 | 96.88 | Dam over topped on 16-8-2018 and gates are in open condition |

## ചെറുകിട ജലവൈദ്യുതോൽപ്പാദന പദ്ധതികൾ

196(2545) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ചെറുകിട ജലവൈദ്യുതോല്പാദന പദ്ധതികളുടെ വിശദവിവരം നൽകുമോ;

(ബി) നിലവിലുള്ള ജലവൈദ്യുത പദ്ധതികളുടെ സ്ഥാപിതശേഷി എത്രയാണ്; ശേഷി ഉയർത്തുവാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) അതിരപ്പള്ളി ജലവൈദ്യുത പദ്ധതി ആരംഭിക്കുന്നത് സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതിക്കായി നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ?

### ഉത്തരം

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് വഴി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികളുടെ വിശദവിവരം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.* മൂരിക്കടവ്, പാമ്പ്ല, പശുക്കടവ് എന്നീ ചെറുകിട പദ്ധതികളുടെ DPR തയ്യാറാക്കി വരുന്നു.എനർജി മാനേജ്മെന്റ് സെന്റർ വഴി പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ചെറുകിട ജലവൈദ്യുതോൽപ്പാദന പദ്ധതികളുടെ വിശദവിവരം അനുബന്ധം II-ആയി ചേർത്തിരിക്കുന്നു.*

(ബി) നിലവിൽ കേരള സംസ്ഥാനത്തെ ജലവൈദ്യുത പദ്ധതികളുടെ സ്ഥാപിതശേഷി 2058.76 MW ആണ്. വിശദവിവരങ്ങൾ അനുബന്ധം III- ആയി ചേർത്തിരിക്കുന്നു. ശബരിഗിരി, പള്ളിവാസൽ, പെരിങ്ങൽക്കുത്ത്, പന്നിയാർ, ചെങ്കുളം, നേരിയമംഗലം മുതലായ ജലവൈദ്യുത പദ്ധതികളുടെ പുനരുദ്ധാരണ നവീകരണ പ്രവർത്തനം വഴി നേരത്തെതന്നെ സ്ഥാപിത ശേഷിയിൽ നേരിയ വർദ്ധനവ് വന്നിട്ടുണ്ട്. കൂടാതെ (3*25MW) ഉൽപ്പാദനശേഷിയുള്ള കക്കയം ജലവൈദ്യുത പദ്ധതിയുടെ നിലവിലെ ഉൽപ്പാദനശേഷിയിൽ നിന്നും (3*25.7MW) വരെ ഉയർത്തുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) 163MW സ്ഥാപിതശേഷിയുള്ള അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി സമവായത്തിലൂടെ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിയുടെ പ്രാഥമിക പ്രോജക്റ്റ് റിപ്പോർട്ട് 1982 കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ് തയ്യാറാക്കി; തുടർന്ന് വിശദമായ പഠനത്തിനുശേഷം കേന്ദ്ര

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വനം പരിസ്ഥിതി മന്ത്രാലയം 1998-ലും 2005-ലും 2007-ലും പാരിസ്ഥിതിക അനുമതി നൽകിയിരുന്നു. തുടർന്ന് വിവിധ പൊതുതാൽപര്യ ഹർജികൾ പരിഗണിച്ച് പരിസ്ഥിതി മന്ത്രാലയം 2007-ൽ നൽകിയ പാരിസ്ഥിതിക അനുമതി റദ്ദാക്കാതിരിക്കാനുള്ള കാരണം കാണിക്കൽ നോട്ടീസ് 4-1-2010-ൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് നൽകുകയും ഇതിനുള്ള മറുപടി കെ.എസ്.ഇ.ബി. ബോർഡ് ലിമിറ്റഡ് 2010 ജനുവരി മാസം തന്നെ മന്ത്രാലയത്തിന് നൽകുകയും ചെയ്തു. ഈ നോട്ടീസ് 9-10-2015-ൽ കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയം പിൻവലിക്കുകയും പദ്ധതിക്ക് പാരിസ്ഥിതിക അനുമതി 18-7-2017 വരെ നീട്ടിത്തരുകയും ചെയ്തിട്ടുണ്ട്.

## ഇടമലയാർ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട്

197(2546) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടമലയാർ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിന്റെ ഭാഗമായി ഭൂതത്താൻ കെട്ടിൽ നടക്കുന്ന മിനി വൈദ്യുത പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) എത്ര മെഗാ വാട്ട് വൈദ്യുതിയാണ് ഇവിടെനിന്നും ഉൽപ്പാദിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(സി) എത്ര കോടി രൂപയുടെ പദ്ധതിയാണ് ഇവിടെ നടന്നുവരുന്നതെന്ന് വിശദമാക്കാമോ;

(ഡി) ഇവിടെ നടക്കുന്ന സിവിൽ, ഇലക്ട്രോമെക്കാനിക്കൽ പ്രവർത്തികൾ എന്തെല്ലാമാണെന്നും ഈ പ്രവർത്തികളുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ;

(ഇ) ഇവിടെ നിന്നുള്ള വൈദ്യുതി ഉല്പാദനം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഭൂതത്താൻകെട്ട് ചെറുകിട ജല വൈദ്യുത പദ്ധതിയുടെ നിർമ്മാണം പുരോഗമിക്കുന്നു. പദ്ധതിയുടെ 82% ജോലികൾ പൂർത്തിയായി.

(ബി) ഈ പദ്ധതിയിലൂടെ 24 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) 231.21 കോടി.

(ഡി) പദ്ധതിയുടെ ഭാഗമായ സിവിൽ ജോലികളുടെ നിലവിലെ സ്ഥിതി താഴെ പറയുന്നു :

| | |
|---|---|
| പവർ ഹൗസ് നിർമ്മാണം | 60% |
| പവർ ചാനൽ നിർമ്മാണം | 75% |
| ടെയിൽ റേസ് ചാനൽ നിർമ്മാണം | 65% |
| സ്വിച്ച് യാർഡ് നിർമ്മാണം | 20% |
| പാലം നിർമ്മാണം | 100% |
| പവർ ഹൗസിലേയ്ക്കുള്ള അപ്രോച്ച് റോഡ് | 12% |

ഇലക്ട്രോ മെക്കാനിക്കൽ വർക്ക്

ടർബൈൻ, ജനറേറ്റർ എന്നിവയുടെ അനുബന്ധ ഉപകരണങ്ങൾ, EOT ക്രയിൻ എന്നിവയുൾപ്പെടെ പദ്ധതിക്ക് ആവശ്യമായ യന്ത്രസാമഗ്രികളുടെ ഏകദേശം 79% ലഭ്യമാക്കിയിട്ടുണ്ട്. ഡ്രാഫ്റ്റ് ട്യൂബ് ലൈനർ (Draft tube liner) എർത്ത് മാറ്റ് ഇവ സ്ഥാപിച്ചിട്ടുണ്ട്.

(ഇ) 2020 മാർച്ചിൽ ഉൽപ്പാദനം ആരംഭിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**ചാലക്കുടി മണ്ഡലത്തിലെ ഡാമുകൾ**

198(2547) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹാപ്രളയത്തെ തുടർന്ന് ചാലക്കുടി മണ്ഡലത്തിൽപ്പെട്ട പെരിങ്ങൽകുത്ത്, ഷോളയാർ ഡാമുകൾക്ക് എന്തെങ്കിലും നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ടോ;

(ബി) ടി പദ്ധതികളിൽനിന്നും പൂർണ്ണതോതിൽ വൈദ്യുതി ഉൽപ്പാദനം പുനഃരാരംഭിയ്ക്കുന്നതിനാവശ്യമായ എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) പെരിങ്ങൽക്കുത്ത് ഡാമിൽ ക്രമാതീതമായി പ്രളയജലം വന്നതിനാൽ അണക്കെട്ട് കരകവിഞ്ഞൊഴുകുകയും മരക്കുറ്റികൾ വന്നടിഞ്ഞ് ഡാം ഗേറ്റുകൾക്ക് കേടുപാടുകൾ സംഭവിക്കുകയും ചെയ്തു. ഷോളയാർ ഡാമിന് മഹാപ്രളയത്തെത്തുടർന്ന് നാശനഷ്ടങ്ങൾ ഉണ്ടായിട്ടില്ല.

(ബി) ഷോളയാർ ജലവൈദ്യുത പദ്ധതിക്ക് പ്രളയത്തിൽ നാശനഷ്ടങ്ങൾ ഉണ്ടായിരുന്നില്ല. പെരിങ്ങൽക്കുത്ത് ജലവൈദ്യുത പദ്ധതിക്ക് പ്രളയത്തിൽ കാര്യമായ നാശനഷ്ടങ്ങൾ ഉണ്ടാകുകയും അതുമൂലം പ്രസ്തുത പദ്ധതിയിൽ നിന്നുള്ള വൈദ്യുതോൽപ്പാദനം തടസ്സപ്പെടുകയും ചെയ്തിരുന്നു. എന്നാൽ ടാസ്ക്ഫോഴ്സുകൾ രൂപീകരിച്ചുകൊണ്ട് യുദ്ധകാലാടിസ്ഥാനത്തിൽ അറ്റകുറ്റപ്പണികൾ നടത്തുകയും പദ്ധതിയിലെ നാല് ജനറേറ്ററുകളിൽ ഒന്നാം നമ്പർ ജനറേറ്റർ 11-10-2018-നും രണ്ടാം നമ്പർ ജനറേറ്റർ 30-10-2018-നും മൂന്നാം നമ്പർ ജനറേറ്റർ 29-11-2018-നും പ്രവർത്തനസജ്ജമാക്കാൻ കഴിഞ്ഞിട്ടുണ്ട്. നാലാമത്തെ ജനറേറ്ററിന്റെ പുനർനിർമ്മാണപ്രവർത്തനങ്ങൾ ധൃതഗതിയിൽ പുരോഗമിക്കുന്നു. ആവശ്യമായ അറ്റകുറ്റപ്പണികൾക്കുശേഷം പെരിങ്ങൽക്കുത്ത് ലെഫ്റ്റ് ബാങ്ക് എക്സ്റ്റൻഷൻ പദ്ധതി 27-8-2018-ൽ പ്രവർത്തനസജ്ജമാക്കിയിരുന്നു.

## ആലത്തൂർ നിയോജകമണ്ഡലത്തിലെ വൈദ്യുത പദ്ധതികൾ

199(2548) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ആലത്തൂർ നിയോജകമണ്ഡലത്തിൽ അനുവദിച്ച വൈദ്യുത പദ്ധതികൾ ഏതൊക്കെയെന്ന് വിശദീകരിക്കുമോ;

(ബി) മണ്ഡലത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ഏതൊക്കെ; വിശദവിവരങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ആലത്തൂർ നിയോജകമണ്ഡലത്തിൽ ഡി.ഡി.യു.ജി.ജെ.വൈ. പദ്ധതിയിലുൾപ്പെടുത്തുകയും ബോർഡിന്റെ തനത് ഫണ്ടുപയോഗിച്ച് ചെയ്ത പ്രവൃത്തികൾക്കായി ഏകദേശം 228.778 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ MLASDF ഫണ്ടിൽനിന്നുള്ള 25 ലക്ഷം രൂപയുൾപ്പെടെ ചെലവഴിച്ചുകൊണ്ടുള്ള സമ്പൂർണ്ണ വൈദ്യുതീകരണ പ്രവൃത്തികളും ഉൾപ്പെടുന്നു. മേൽ പദ്ധതികളിൽ ഉൾപ്പെടുത്തി 4467 സർവ്വീസ് കണക്ഷനുകൾ നൽകുകയും 9.352 കി.മീ. എച്ച്.ടി. ലൈനുകളും 53.45 കി.മീ. എൽ.ടി. ലൈനുകളും വലിക്കുകയും 29 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 67.04 കി.മീ ലൈൻ റീ-കണ്ടക്ടറിംഗ് ചെയ്യുകയും 17.76 കി.മീ. ലൈൻ കൺവേർഷൻ നടത്തുകയും ചെയ്തിട്ടുണ്ട്. ആലത്തൂർ നിയോജകമണ്ഡലത്തിൽപ്പെടുന്ന വടക്കാഞ്ചേരി 110 കെ.വി. സബ്സ്റ്റേഷനേയും നെന്മാറ 66 കെ. വി. സബ്‌റ്റേഷനേയും ബന്ധിപ്പിച്ചുകൊണ്ട് ഒരു പുതിയ 110 കെ.വി. ലൈനിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. ഇതിനോടനുബന്ധിച്ച് വടക്കാഞ്ചേരി സബ്സ്റ്റേഷനിൽ ഒരു പുതിയ ബേയും നിർമ്മിച്ചുവരുന്നു.

(ബി) 2018-2021 കാലയളവുകളിൽ ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി ആവിഷ്കരിച്ച "ദ്യുതി-2021" പദ്ധതി പ്രകാരം വിതരണ മേഖലയിൽ ബോർഡിന്റെ തനത് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കേണ്ട പ്രവൃത്തികൾ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ മുഖേന ആസൂത്രണം ചെയ്തിട്ടുണ്ട്. "ദ്യുതി-2021" പദ്ധതി പ്രകാരം ആലത്തൂർ നിയോജകമണ്ഡലത്തിലെ വിതരണ മേഖലയിൽ 2024.01 ലക്ഷം രൂപയുടെ പ്രവൃത്തികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. ഇതു പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

## പള്ളിവാസൽ ജലവൈദ്യുത വിപുലീകരണ പദ്ധതി

200(2549) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിവാസൽ ജലവൈദ്യുത വിപുലീകരണ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) നിലവിലെ കരാർ റദ്ദാക്കി പുതിയ ടെൻഡർ വിളിക്കുവാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(സി) നിലവിലുള്ള കരാറുകാരായ എസ്.ആർ. ഗ്രൂപ്പ് കോടതിയിൽനിന്നും സ്റ്റേ വാങ്ങിയിട്ടുണ്ടോ;

(ഡി) നിലവിലുള്ള കരാറുകാരെ ഒഴിവാക്കുന്നതിന് നഷ്ടപരിഹാരം നൽകേണ്ടതുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പള്ളിവാസൽ വിപുലീകരണ പദ്ധതിയുടെ ഇൻടേക്ക് ഭാഗത്തെ ജോലികൾ, ഒറിജിനൽ കരാറുകാരായ M/s. ESSAR-DEC-CPPL CONSORTIUM-ത്തിൽ നിന്നും വേർപെടുത്തി പുതിയ കരാർ നൽകി. ഈ ജോലി M/s. BUMI-ZILLION എന്ന കമ്പനിക്കാണ് നൽകിയിട്ടുള്ളത്. ടി കമ്പനി മാർച്ച് 2018-ൽ പണികൾ ആരംഭിച്ചു. ഇപ്പോൾ പണികൾ പുരോഗമിക്കുന്നു. 74.6% പണികൾ ഇതുവരെ പൂർത്തിയായി. 10-7-2018-ലെ സ.ഉ (എ.എസ്)നമ്പർ 10/2018/ഊ.വ പ്രകാരം പള്ളിവാസൽ വിപുലീകരണ പദ്ധതിയുടെ ബാക്കി ജോലികൾ റീ-ടെണ്ടർ ചെയ്യുന്നതിന് അനുമതി നൽകുകയുണ്ടായി. ഒറിജിനൽ കരാറുകാരനായ M/s.ESSAR-DEC-CPPL CONSORTIUM കരാർ ലംഘനം നടത്തിയതിനാൽ അവരുടെ കരാർ 13-9-2018-ൽ റിസ്ക് ആൻഡ് കോസ്റ്റിൽ റദ്ദാക്കി. അതിനെതിരെ M/s.ESSAR ബഹു. ഹൈക്കോടതിയിൽ WP(C)31613/2018 file ചെയ്തിട്ടുണ്ട്. ആയത് കോടതിയുടെ പരിഗണനയിലാണ്. ടി പദ്ധതി 74.6% പണികൾ ഇതുവരെ പൂർത്തിയായി.

(സി) ഉണ്ട്.

(ഡി) കരാറുകാരെ ഒഴിവാക്കുന്നതിന് നഷ്ടപരിഹാരം നൽകേണ്ടതില്ല. എന്നാൽ റിസ്ക് ആൻഡ് കോസ്റ്റിൽ കരാർ റദ്ദാക്കിയതിനെതിരെ M/s.ESSAR CONSORTIUM, ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ WP(C) No.31613/2018 ഫയൽ ചെയ്തിട്ടുണ്ട്. കേസ് ഇപ്പോൾ ബഹുമാനപ്പെട്ട കോടതിയുടെ പരിഗണനയിലാണ്.

## പ്രളയാനന്തര പശ്ചാത്തലത്തിൽ പുതിയ ഡാമുകൾ

201(2550) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിന്റെ പ്രളയാനന്തര പശ്ചാത്തലത്തിൽ പുതിയ ഡാം പരിഗണന യിലുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

പുതിയ ഡാം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ ഇടുക്കിയിൽ പുതിയൊരു പവർസ്റ്റേഷൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പഠനങ്ങൾ നടന്നുവരുന്നു.

## വൈദ്യുതി മേഖലയിലെ ദ്യുതി-2021

202(2551) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. പി. വി. അൻവർ :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന് ഊർജ കേരള മിഷൻ രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം പദ്ധതികളാണ് പ്രസ്തുത മിഷൻ വഴി നടപ്പാക്കാനുദ്ദേ ശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇതിന്റെ ഭാഗമായി വൈദ്യുതി വിതരണ ശൃംഖലയെ ലോക നിലവാരത്തിലെത്തിക്കാൻ ലക്ഷ്യമിടുന്ന ദ്യുതി-2021 പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം നല്കുമോ;

(ഡി) വൈദ്യുതി മേഖലയിൽ ഉണ്ടാകുന്ന അപകടങ്ങൾ പരമാവധി കുറയ്ക്കുന്നതിനുള്ള എന്തെല്ലാം പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) രൂപീകരിച്ചിട്ടുണ്ട്. കേരളത്തിലെ വൈദ്യുതി മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് 2018-2021 കാലയളവിൽ നടപ്പിലാക്കാനായി ദ്യുതി 2021, സൗര, ഫിലമെന്റ് രഹിത കേരളം, ട്രാൻസ് ഗ്രിഡ് 20, ഇ-സേഫ് എന്നീ പ്രധാനപ്പെട്ട 5 പദ്ധതികൾ കോർത്തിണക്കി "ഊർജ്ജ കേരള മിഷൻ" രൂപീകരിച്ചിട്ടുണ്ട്. 2018 ജൂൺ 14-ന് ഇതിന്റെ ഔദ്യോഗിക പ്രഖ്യാപനം ബഹു. മുഖ്യമന്ത്രി നടത്തുകയുണ്ടായി.

(സി) നടപ്പിലാക്കിവരികയാണ്. 2021-ഓടുകൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ സർക്കിൾ തലത്തിൽ 25 മാനേജ്മെന്റ് യൂണിറ്റുകൾ (PMU) രൂപീകരിച്ച് പ്രവർത്തനം നടന്നുവരുന്നു. ഇതിന്റെ ആദ്യ പടിയായി വിതരണ ശൃംഖലയുടെ GIS അധിഷ്ഠിത രേഖാ ചിത്രം കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരുടെ സഹകരണത്തോടെ തയ്യാറാക്കുകയും തുടർന്ന് 2018 മുതൽ 2021 വരെയുള്ള കാലയളവിൽ വിതരണ മേഖലയിൽ നടപ്പിലാക്കേണ്ട പ്രവൃത്തികൾ കണ്ടെത്തി അവയുടെ D.P.R. തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയിൽ വിതരണ മേഖലയിൽ 4035.57 കോടി രൂപയുടെ 7626 പ്രവൃത്തികളാണ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) മുഖേന വിഭാവന ചെയ്തിട്ടുള്ളത്. പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ഒരു സെൻട്രൽ പ്രോജക്ട് മോണിറ്ററിംഗ് സെല്ലും പ്രവർത്തിച്ചുവരുന്നു.

(ഡി) ദ്യുതി 2021-ൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളായ ശക്തി കുറഞ്ഞതും പഴയതും പൊട്ടിവീഴാൻ സാധ്യത കൂടിയതുമായ കമ്പികൾ മാറ്റി ശേഷി കൂടിയ കമ്പികൾ സ്ഥാപിക്കുക, നിലവിലുള്ള പ്രതിഷ്ഠാപനങ്ങളുടെ നിലവാരം ഉറപ്പുവരുത്തുക, എ.ബി.സി. ഭൂഗർഭ കേബിൾ, മറ്റ് കവചിത ചാലകങ്ങൾ എന്നിവ ഉപയോഗിക്കുക, പുരയിടങ്ങൾക്ക് കുറുകെ കടന്നു പോകുന്ന ലൈനുകൾ വൈദ്യുതി തടസ്സത്തിനോ അപകടങ്ങൾക്കോ കാരണമാകുന്നുവെങ്കിൽ അവ മാറ്റിസ്ഥാപിക്കുക, ലൈനുകളുടെയും പ്രതിഷ്ഠാപനങ്ങളെയും നവീകരണം ഉറപ്പാക്കുക എന്നിവയെല്ലാംതന്നെ വൈദ്യുതി മേഖലയിൽ ഉണ്ടാകുന്ന അപകടങ്ങൾ പരമാവധി കുറയ്ക്കുന്നതിന് ഉതകുന്നവയാണ്. ദ്യുതി 2021 പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവർത്തനങ്ങളിലെല്ലാംതന്നെ നിർമ്മാണ നിലവാരം ഉറപ്പുവരുത്തണമെന്നുള്ള കർശന നിർദ്ദേശം ഫീൽഡ് ഓഫീസുകളിലേക്ക് നൽകിയിട്ടുണ്ട്.

## വൈദ്യുതി ഉപഭോഗം

203(2552) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർദ്ധിച്ചുവരുന്ന വൈദ്യുത ഉപഭോഗത്തിന് അനുസൃതമായി വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ദിവസേനയുള്ള വൈദ്യുതി ഉപഭോഗം എത്ര മെഗാവാട്ടാണ് ; വിവിധ സ്രോതസ്സുകളിലൂടെ ദിവസേന സംസ്ഥാനത്ത് എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നു; ജലം, സോളാർ, കാറ്റ്, തിരമാല, താപം എന്നിങ്ങനെ സ്രോതസ്സ് തിരിച്ച് വ്യക്തമാക്കുമോ;

(സി) ഇപ്രകാരം ഉല്പാദിപ്പിക്കുന്ന വൈദ്യുതിക്ക് യൂണിറ്റിന് എത്ര രൂപ ചെലവ് വരുന്നു;

(ഡി) കേന്ദ്ര ഗ്രിഡ് ഉൾപ്പെടെ ദിവസേന ഇതരസംസ്ഥാനത്തുള്ള ഏതെല്ലാം നിലയങ്ങളിൽ നിന്നും എത്ര മെഗാവാട്ട് വൈദ്യുതി വാങ്ങുന്നു; യൂണിറ്റിന് എത്ര രൂപ നിരക്കിലാണ് വൈദ്യുതി വാങ്ങുന്നത്; വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്ത് സ്വകാര്യമേഖലയിൽ ജലവൈദ്യുത പദ്ധതികൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഇവർ ഉല്പാദിപ്പിക്കുന്ന വൈദ്യുതി ആരാണ് വിതരണം ചെയ്യുന്നത്; കെ.എസ്.ഇ.ബി.എൽ ഈ വൈദ്യുതി വാങ്ങുന്നുണ്ടോ; എങ്കിൽ എന്ത് നിരക്കിലാണ് വാങ്ങുന്നത്; വിശദമാക്കുമോ; സുസ്ഥിരമായി കുറഞ്ഞ വിലയ്ക്ക് വൈദ്യുതി ലഭ്യമാക്കുന്നതിനും വൈദ്യുതി മിച്ച സംസ്ഥാനമാക്കി കേരളത്തെ മാറ്റുന്നതിനും ഈ സർക്കാർ എന്താക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി നിലവിൽ കെ.എസ്.ബി. ലിമിറ്റഡിന്റെ കീഴിൽ നിർമ്മാണം പുരോഗമിക്കുന്ന 10 ജലവൈദ്യുത പദ്ധതികൾ വഴി 193.5 മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ 119 മെഗാവാട്ടിന്റെ 12 ജലവൈദ്യുത പദ്ധതികൾ പുതുതായി ആവിഷ്കരിച്ചിട്ടുണ്ട്. അടുത്ത മൂന്ന് വർഷം കൊണ്ട് സൗരോർജ്ജ പദ്ധതികൾ വഴി 1000 മെഗാവാട്ട് ലക്ഷ്യമിടുന്നു. ഇതിൽ 500 മെഗാവാട്ട് പുരപ്പുറ സൗരോർജ്ജ പദ്ധതികളിലൂടെ സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഉപഭോക്താക്കളുടെ പുരപ്പുറങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ സ്ഥാപിക്കുന്നതിനുവേണ്ട നടപടികൾ പുരോഗമിക്കുന്നു.

പൂർത്തീകരിച്ചതും നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നതുമായ സൗരോർജ്ജ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം -1 &II ആയി ചേർത്തിരിക്കുന്നു.* എനർജി മാനേജ്മെന്റ് സെന്റർ വഴി ഊർജ്ജോൽപ്പാദന രംഗത്ത് സ്വയം പര്യാപ്തത നേടുന്നതിനായി സ്വകാര്യ മേഖലയുടെ സഹകരണത്തോടെ 'ബൂട്ട്' അടിസ്ഥാനത്തിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ചെറുകിട ജലവൈദ്യുത പദ്ധതികൾക്കായുള്ള പോളിസി പ്രകാരം മത്സര ദർഘാസിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ മേഖലയുടെ സഹകരണത്തോടെ ബൂട്ട് അടിസ്ഥാനത്തിൽ അനുവാദം കൊടുത്ത് 30 വർഷത്തിനുശേഷം സർക്കാരിലേയ്ക്ക് തിരിച്ചുവരുന്ന പ്രകാരം ചെറുകിട ജലവൈദ്യുത പദ്ധതികൾ അനുവദിച്ച് നടപ്പാക്കുക. ഇതുപോലെ മുന്നോട്ട് വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജില്ലാ പഞ്ചായത്ത്, കോർപ്പറേഷൻ, പഞ്ചായത്തുകൾക്ക് ഇത്തരം പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്. ചെറിയ ഉയര വ്യത്യാസം കിട്ടാവുന്ന ചെറുതോടുകൾ, പുഴകൾ, കനാലുകൾ ഇവയിൽ നവീന രീതിയിലുള്ള വോർട്ടെക്സ് ടർബയിനുകൾ (കൃത്രിമ ചുഴി സൃഷ്ടിച്ച് ടർബയിൻ കറക്കുന്ന രീതി) വെള്ളത്തിന്റെ ഒഴുക്ക് (velocity) ഉപയോഗപ്പെടുത്തി കറക്കുന്ന കൈനറ്റിക്ക് ടർബയിൻ സാങ്കേതികവിദ്യ എന്നിവ പ്രയോജനപ്പെടുത്താവുന്നതാണ്. ഇത്തരത്തിലുള്ള 10KW-ന്റെ രണ്ട് വോർട്ടെക്സ് ടർബയിനുകൾ തിരുവനന്തപുരം കോർപ്പറേഷന്റെ കാഞ്ഞിരംപാറ വാർഡിൽ കിള്ളിയാറിൽ പണി പൂർത്തിയായിക്കഴിഞ്ഞു. 5KW-ന്റെ 5 കൈനറ്റിക് ടർബയിനുകൾ കക്കാട് ജലവൈദ്യുത പദ്ധതിയിലെ ടെയിൽ റേസിൽ പരീക്ഷിക്കുന്നതിനുള്ള നടപടികളും തുടങ്ങിക്കഴിഞ്ഞു.

കേന്ദ്ര സാമ്പത്തിക സഹായത്തോടെ (CFA) ഗുണഭോക്താക്കൾ വഴി 1 KW മുതൽ 5 KW-ൽ താഴെയുള്ള പീക്കോ ടർബയിനുകൾ ഏകദേശം 114-ഓളം എണ്ണം നടപ്പിലാക്കികഴിഞ്ഞു. ഇതിനോടുകൂടിതന്നെ ചിന്നാർ വന്യമൃഗ സങ്കേതത്തിനകത്തെ തായന്നൻകുടി കോളനിയിലും മറയൂരിനടുത്ത് വനം വകുപ്പിന്റെ ഈച്ചാംപെട്ടി കോളനിയിലും മുരിക്കാശ്ശേരി പോലീസ് സ്റ്റേഷനിലും ഇത്തരം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. നൂതന ഊർജ്ജ സ്രോതസ്സുകളായ സൗരോർജ്ജം, കാറ്റ്, എന്നിവയിലൂടെ പരമാവധി വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള ശ്രമങ്ങൾ അനെർട്ട് വഴി സർക്കാർ നടത്തിവരുന്നു. ഇതിനോടകം സംസ്ഥാനത്ത് സൗരോർജ്ജത്തിൽനിന്നും എല്ലാ ഏജൻസികളും കൂടി 150 മെഗാവാട്ട് വൈദ്യുതിയും (അനെർട്ട് മാത്രം 35 മെഗാവാട്ട് വൈദ്യുതി) കാറ്റിൽനിന്നും എല്ലാം ഏജൻസികളുംകൂടി 59.725 മെഗാവാട്ട് വൈദ്യുതിയും ഉൽപ്പാദിപ്പിക്കുന്നുണ്ട്. 'ഊർജ്ജ കേരള മിഷൻ' പദ്ധതി പ്രകാരം വരുന്ന 3 വർഷത്തിനുള്ളിൽ 1000 മെഗാവാട്ട് വൈദ്യുതി സൗരോർജ്ജത്തിൽനിന്ന് ഉൽപ്പാദിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. ഇതിൽ 500 മെഗാവാട്ട്, കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിൽനിന്നും ഉൽപ്പാദിപ്പിക്കുകയാണ് ലക്ഷ്യം. പാഴ് നിലങ്ങളിൽ വലിയ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് 500 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാനും കെ.എസ്.ഇ.ബി.എൽ.-ഉം

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

അനെർട്ടും സംയുക്തമായി നടപ്പിലാക്കുന്ന 'ഊർജ്ജ മിഷൻ സൗര' പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. പുരപ്പുറ സൗര വൈദ്യുതി പദ്ധതി ലക്ഷ്യം നേടുന്നതിന് വലിയ തോതിലുള്ള ബഹുജന പങ്കാളിത്തം ആവശ്യമാണ്. ഇതിനായി അനെർട്ട് www.buymysun. com എന്ന പേരിൽ ഒരു ഇലക്ട്രോണിക് മാർക്കറ്റ് പ്ലെയിസ് ആരംഭിച്ചിട്ടുണ്ട്. ഇതുവഴി ലോകത്തിന്റെ ഏത് കോണിലിരിക്കുന്നവർക്കും അവരുടെ കേരളത്തിലുള്ള വീടിനു മുകളിൽ സൗരവൈദ്യുത നിലയം സ്ഥാപിക്കുവാൻ സാധിക്കുന്നതാണ്. പൊതു ജനങ്ങൾക്ക് ഈ കാര്യങ്ങളെക്കുറിച്ച് കൂടുതൽ അറിവ് നൽകുന്നതിനായി പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിൽകൂടി വ്യാപകമായ പ്രചരണം നടത്തിവരുന്നു.

(ബി) സംസ്ഥാനത്ത് നവംബർ മാസം (29-ാം തീയതി വരെയുള്ള) റെക്കോർഡ് ചെയ്ത പരമാവധി വൈദ്യുതി ഉപഭോഗം ഏകദേശം 69.2365 ദശലക്ഷം യൂണിറ്റാണ്. സംസ്ഥാനത്തെ പ്രതിദിന ശരാശരി ആഭ്യന്തര വൈദ്യുതി ഉൽപ്പാദനം ഏകദേശം 18.963 ദശലക്ഷം യൂണിറ്റാണ്. വിവിധ സ്രോതസ്സുകളിലൂടെ ദിവസേന സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി താഴെ പറയും പ്രകാരമാണ്. (നവംബർ മാസം 29-ാം തീയതി വരെയുള്ള കണക്കുകൾ)

| വിവിധ സ്രോതസ്സുകൾ | ദിവസേന ശരാശരി ഉൽപ്പാദനം (ദശലക്ഷം യൂണിറ്റ്) |
|---|---|
| ജല വൈദ്യുത പദ്ധതി | 18.2858 |
| താപ വൈദ്യുതി (അടിയന്തര ഘട്ടങ്ങളിൽ) | 0.0025 |
| കാറ്റ് (കെ.എസ്.ഇ.ബി.എൽ.) | 0.0021 |
| കാറ്റ് (സ്വകാര്യ) | 0.1387 |
| ചെറുകിട ജലവൈദ്യുത പദ്ധതി (സ്വകാര്യ) | 0.1020 |
| സോളാർ (കെ.എസ്.ഇ.ബി.എൽ.) | 0.0272 |
| സോളാർ (സ്വകാര്യ) | 0.2929 |
| തിരമാല | ഇല്ല |
| കോജനറേഷൻ | 0.1122 |

(b) വിവിധ സ്രോതസ്സുകളിലൂടെ ദിവസേന അനെർട്ട് സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

(1) സോളാർ-35 മെഗാവാട്ട് (സംസ്ഥാനമാകെ എല്ലാ ഏജൻസികളും ചേർന്ന് 150 മെഗാവാട്ട്)

(II) കാറ്റ്-59.725 മെഗാവാട്ട് (സംസ്ഥാനമാകെ എല്ലാ ഏജൻസികളും ചേർന്ന്)

(സി&ഡി) മേൽ സൂചിപ്പിച്ചവയിൽ കെ.എസ്.ഇ.ബി.എൽ. ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ ശരാശരി നിരക്ക് Rs.1.05/യൂണിറ്റ് ആണ്. സംസ്ഥാനത്തെ സ്വകാര്യ ഉൽപ്പാദകരിൽനിന്നും വാങ്ങുന്ന വൈദ്യുതിയുടെ ശരാശരി നിരക്ക്

| | |
|---|---|
| കാറ്റാടി നിലയങ്ങൾ | 3.74/Unit |
| സോളാർ | 3.90/Unit |
| ചെറുകിട ജല വൈദ്യുത നിലയങ്ങൾ | 4.27/Unit |

ഇതര സംസ്ഥാനങ്ങളിൽനിന്നും വാങ്ങുന്ന വൈദ്യുതി, അവയുടെ നിരക്ക് താഴെ ചേർക്കുന്നു :

| കേന്ദ്ര താപ/ആണവ നിലയങ്ങൾ | കേരളത്തിന് ലഭിക്കുന്ന ആനുപാതിക (MW) | നിരക്ക് Rs./Kwh |
|---|---|---|
| (1) | (2) | (3) |
| (1) RSTPS I&II | 244.93 | 3.73 |
| (2) RSTPS III | 61.01 | 3.71 |
| (3) Talcher St.II | 427 | 2.79 |
| (4) Sunhadir-TPS II | 84.37 | 5.21 |
| (5) NLC Stage-1 | 63 | 3.67 |

| (1) | (2) | (3) |
|---|---|---|
| (6) NLC Stage-II | 89.96 | 3.69 |
| (7) NLC Exp1 | 67.7 | 4.06 |
| (8) NLC Exp II | 80.6 | 5.65 |
| (9) Vallur STPS | 49.96 | 5.78 |
| (10) MAPS | 23.01 | 3.36 |
| (11) KAIGA | 73.01 | 4.07 |
| (12) Kudankulam | 272.7 | 6.8 |
| (13) NTPL | 72.5 | 5.46 |
| (14) Kudgi | 73.33 | 7.14 |

സ്വകാര്യ താപ വൈദ്യുതി ഉൽപാദകർ (ദീർഘകാല കരാർ മുഖേന)

| Sl.No. | | MW | Rs./Unit |
|---|---|---|---|
| 1 | DVC Righinathpur | 46.75 | 5.20 |
| 2 | DVC Mejia | 94.75 | 4.52 |
| 3 | Maithon Power-1 | 141.38 | 4.65 |
| 4 | Maithon Power -II | 141.38 | 4.65 |
| 5 | JPL Stage 2 (PSA 1) | 190 | 3.73 |
| 6 | JPL Stage 2 (PSA2) | 142.5 | 4.40 |
| 7 | Jhabhva (PSA1) | 109.25 | 3.82 |
| 8 | Jhabhva (PSA2) | 95 | 4.52 |
| 9 | JI TPL | 95 | 4.43 |
| 10 | BALCO | 95 | 4.23 |

സോളാർ പവർ പ്ലാന്റിന്റെ ശേഷി വർദ്ധിക്കുന്നതനുസരിച്ച് ഉൽപ്പാദിപ്പിക്കപ്പെടുന്ന വൈദ്യുതിയുടെ ചെലവ് കുറഞ്ഞ് വരുന്നതാണ്.

(ഇ) ഉണ്ട്. കെ.എസ്.ഇ.ബി.എൽ. ആണ് ഇവരിൽനിന്ന് വൈദ്യുതി വാങ്ങി വിതരണം ചെയ്യുന്നത്. അവയുടെ നിരക്കുകൾ താഴെ പറയുന്നു :

| Sl.No | | MW | Rs./Unit |
|---|---|---|---|
| 1 | Ullunkal | 7MW | 2.44 |
| 2 | Iruttukanam (I & II) | 3+1.5MW | 2.7 |
| 3 | Karikkayam | 10.5MW | 4.16 |
| 4 | Meenvallom | 3MW | 4.88 |
| 5 | Pathankayam | 8 MU | 3.49 |
| 6 | Kallar | 50 KW | 4.88 |
| 7 | Mankulam | 110 KW | 4.88 |

കേരളത്തിന്റെ ഊർജ്ജ ആവശ്യകത, സംസ്ഥാനത്തെ ഉൽപ്പാദനംകൊണ്ട് മാത്രം നിറവേറ്റാൻ സാധ്യമല്ലാത്തതിനാൽ സുസ്ഥിരമായ വൈദ്യുതി സംസ്ഥാനത്ത് ലഭ്യമാക്കാൻവേണ്ടി കേന്ദ്രപൂളിൽനിന്നും ദീർഘകാല കരാറുകൾ മുഖേന സംസ്ഥാനത്തിന് പുറമെ നിന്നുള്ള സ്വകാര്യ ഉൽപ്പാദകരിൽനിന്നും കുറഞ്ഞ നിരക്കിൽ വൈദ്യുതി വാങ്ങുന്നുണ്ട്. ഇവ കൂടാതെ ആവശ്യാനുസരണം കുറഞ്ഞ നിരക്കിൽ പവർ എക്സ്ചേഞ്ച് മുഖേനയും വാങ്ങുന്നുണ്ട്. ഇവ കൂടാതെ സുസ്ഥിരമായ വൈദ്യുതി കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ. നിർമ്മാണത്തിലിരിക്കുന്ന ജല വൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുകയും പരിഗണനയിലുള്ള ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്. ഇവ കൂടാതെ അടുത്ത മൂന്ന് വർഷംകൊണ്ട് സൗരോർജ്ജ പദ്ധതികൾ വഴി 1000 MW ലക്ഷ്യമിടുന്നുണ്ട്.

## വൈദ്യുതി ബാർട്ടർ സമ്പ്രദായം

204(2553) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെക്ക് പടിഞ്ഞാറൻ മൺസൂണിന്റെ ഭാഗമായി ലഭിച്ച അധിക വെള്ളത്തിൽ നിന്നും ഉല്പാദിപ്പിച്ച വൈദ്യുതി ബാർട്ടർ സമ്പ്രദായത്തിലൂടെ വൈദ്യുതി ക്ഷാമമുള്ള സംസ്ഥാനങ്ങൾക്ക് നല്കുന്നതിന് വൈദ്യുതി ബോർഡ് ആലോചിക്കുന്നുണ്ടോ;

(ബി) ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലെ ഏറിയും കുറഞ്ഞുമുള്ള വൈദ്യുതി ഡിമാന്റ് സംസ്ഥാനത്തിന് ക്ഷാമകാലത്ത് ഉപയോഗപ്പെടുത്തുന്നതിനായാണോ ബോർഡ് ഇത്തരം ആലോചന നടത്തുന്നതെന്ന് അറിയിക്കുമോ;

(സി) വൈദ്യുതി സമൃദ്ധിയുടെ കാലത്ത് മറ്റ് സംസ്ഥാനങ്ങൾക്ക് നല്കി ക്ഷാമകാലത്ത് തിരികെ വാങ്ങുന്ന സംവിധാനത്തിന്റെ പ്രവർത്തനം എങ്ങനെയാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിലെ മൊത്തം ഊർജ്ജലഭ്യതയും കാലാവസ്ഥ വ്യതിയാനങ്ങളും കണക്കിലെടുത്ത് കെ.എസ്.ഇ.ബി. ബാർട്ടർ (ബാങ്കിംഗ്) സമ്പ്രദായത്തിലൂടെ വൈദ്യുതിക്ഷാമമുള്ള സംസ്ഥാനങ്ങൾക്ക് വൈദ്യുതി നൽകുന്നത് ആലോചിക്കാറുണ്ട്. ഇപ്രകാരം തെക്ക് പടിഞ്ഞാറൻ മൺസൂണിന്റെ ഭാഗമായി ലഭിച്ച അധിക വെള്ളത്തിൽനിന്നും ഉൽപ്പാദിപ്പിച്ച 135.9 മില്ല്യൺ യൂണിറ്റ് വൈദ്യുതി ഹരിയാന സംസ്ഥാനത്തിനു 16-6-2018 മുതൽ 30.09.2018 വരെ കൊടുത്തു. (മേൽ സൂചിപ്പിച്ച 135.9 മെഗാവാട്ട് വൈദ്യുതി, ഹരിയാന കേരളത്തിന് നവംബർ 2017 മുതൽ മാർച്ച് 2018 വരെ തന്നത്, ബാങ്കിംഗ് വ്യവസ്ഥ പ്രകാരം തിരിച്ചു നൽകിയതാണ്.) ഇത് കൂടാതെ രാജസ്ഥാനിലേക്ക് നവംബർ 2018 മുതൽ ഡിസംബർ 2018 വരെ 28.5 മെഗാവാട്ട് വൈദ്യുതി, അധിക വെള്ളം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ബാങ്കിംഗ് വ്യവസ്ഥ പ്രകാരം നൽകുന്നുണ്ട്. ഇങ്ങനെ വാങ്ങുന്ന വൈദ്യുതി, ഉപഭോഗം കൂടുതലായി അനുഭവപ്പെടുന്ന 2019 മാർച്ച് മുതൽ ജൂൺ വരെയുള്ള കാലയളവിൽ, രാജസ്ഥാൻ കേരളത്തിന് തിരിച്ചു നൽകാൻ ആവശ്യമായ വ്യവസ്ഥകൾ ചെയ്തിട്ടുണ്ട്. മേൽപറഞ്ഞ രണ്ട് ബാങ്കിംഗ് ഇടപാടുകൾ ടെൻഡർ നടപടികളിലൂടെ ഉണ്ടായതാണ്.

(ബി) അതെ.

(സി) ഊർജ്ജ ബാങ്കിംഗ് അഥവാ വൈദ്യുതി ബാർട്ടർ സമ്പ്രദായം എന്നാൽ രണ്ട് യൂട്ടിലിറ്റികൾ, വ്യക്തമായ സമയപരിധിക്കുള്ളിൽ നിന്നുകൊണ്ട് അവരവരുടെ കൈവശമുള്ള അധിക വൈദ്യുതി പരസ്പരം കൈമാറ്റം ചെയ്യുന്ന പ്രക്രിയയാണ്. ഉദാഹരണത്തിന്, കേരളത്തിലെ വേനൽ കാലത്ത്, വടക്കൻ മേഖലയിലെ യൂട്ടിലിറ്റികൾക്ക് ശൈത്യകാലമാണ്. അതിനാൽ വൈദ്യുതി ആവശ്യകത

വ്യത്യസ്ഥമായിരിക്കും. അതുപോലെ കാർഷിക ആവശ്യങ്ങൾക്ക് വൈദ്യുതി കൂടുതൽ ആവശ്യമുള്ള സംസ്ഥാനങ്ങൾക്ക് പമ്പിംഗ് ആവശ്യമായുള്ള അതിരാവിലെ വലിയ അളവിലുള്ള വൈദ്യുതിയുടെ ആവശ്യം വരും. എന്നാൽ കേരളത്തിൽ വൈദ്യുതി ഉപഭോഗം കൂടുന്നത് വൈകുന്നേരം 6 മുതൽ 10 മണിവരെയുള്ള സമയമാണ്. ഇത്തരത്തിൽ വ്യത്യസ്തമായ ആവശ്യകതകളിൽ നിന്നും വരുന്ന അവസരങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തിയാൽ രണ്ട് യൂട്ടിലിറ്റികൾ തമ്മിൽ ഊർജ്ജ ബാങ്കിംഗിൽ ഏർപ്പെടാൻ സാധ്യമാവുന്നു. ഇത്തരത്തിൽ ഊർജ്ജ ബാങ്കിംഗിൽ ഏർപ്പെടുന്നത് വഴി ഒരു യൂട്ടിലിറ്റിക്ക് തന്റെ കൈവശമുള്ള മിച്ച വൈദ്യുതി, മറ്റൊരു യൂട്ടിലിറ്റിയുടെ പക്കൽ സംഭരിച്ചുവയ്ക്കുവാനും ആവശ്യമായ ഘട്ടത്തിൽ തിരിച്ചു വാങ്ങുവാനും സാധിക്കുന്നു.

## വൈദ്യുതി മോഷണം തടയുന്നതിനുള്ള നടപടികൾ

205(2554) ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി മോഷണം തടയുന്നതിന് വൈദ്യുത ബോർഡ് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണ്;

(ബി) വാണിജ്യവ്യവസായ സ്ഥാപനങ്ങളായ ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ഷോപ്പിംഗ് മാളുകൾ എന്നിവിടങ്ങളിൽ വൈദ്യുതി മോഷണം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) വൈദ്യുതി നിയമപ്രകാരം വൈദ്യുതി മോഷണവുമായി ബന്ധപ്പെട്ട കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനായി പ്രത്യേക കോടതികൾ രൂപീകരിക്കണമെന്ന് അനുശാസിക്കുന്നുണ്ടോ;

(ഡി) എങ്കിൽ രൂപീകരിച്ച കോടതികളുടെ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വൈദ്യുതി മോഷണം തടയുന്നതിന് വൈദ്യുതി ബോർഡ് ലിമിറ്റഡിൽ ആവശ്യംവേണ്ട സജ്ജീകരണങ്ങളോടുകൂടി ചീഫ് വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ 14 ആന്റി പവർ തെഫ്റ്റ് സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമെ സെക്ഷൻ തലത്തിലും ഡിവിഷൻ തലത്തിലും

പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് നിരന്തരം പരിശോധനകൾ നടത്തിവരുന്നുണ്ട്. സെക്ഷൻ ഓഫീസുകളിൽ വൈദ്യുതി മോഷണം ഉൾപ്പെടെയുള്ള ക്രമക്കേടുകൾ അറിയിക്കുന്നതിനായി ബന്ധപ്പെട്ട ടെലിഫോൺ നമ്പറുകൾ പ്രദർശിപ്പിച്ചിട്ടുണ്ട്. കൂടാതെ പത്രമാധ്യമങ്ങൾ മുഖേന വൈദ്യുതി മോഷണം സംബന്ധിച്ച് പൊതു ജനങ്ങൾക്ക് വിവരങ്ങൾ വിളിച്ച് അറിയിക്കുന്നതിനുള്ള ബന്ധപ്പെട്ട നമ്പറുകൾ പ്രസിദ്ധപ്പെടുത്തി പ്രചാരം നൽകുന്നുണ്ട്. ഇതുകൂടാതെ വൈദ്യുതി മോഷണം തടയു ന്നതിനായി ഉപഭോക്താവ് മീറ്ററിൽ കൃത്രിമം നടത്തിയാൽ ആയത് സൂചിപ്പിക്കുവാൻ കഴിയുന്ന മീറ്ററുകൾ സ്ഥാപിക്കുകയും മീറ്ററിന്റെ കവർ ഇളക്കി മാറ്റി വൈദ്യുതി മോഷണം നടത്തുന്നത് തടയുന്നതിനായി പോളികാർബണേറ്റ് സീലുകൾ ഉപയോ ഗിക്കുകയും ചെയ്തുവരുന്നു. എ.പി.റ്റി. സ്ക്വാഡുകൾക്ക് വൈദ്യുതി മോഷണം കണ്ടു പിടിക്കുന്നതിന് സഹായകമായി ആധുനിക സംവിധാനങ്ങളുള്ള സ്റ്റാൻഡേർഡ് റഫറൻസ് മീറ്റർ, കോമൺ മീറ്റർ റീഡിംഗ് ഉപകരണം, ലാപ്ടോപ്പ്, ടോങ് ടെസ്റ്റർ, മൾട്ടിമീറ്റർ തുടങ്ങിയ ഉപകരണങ്ങളും നൽകിയിട്ടുണ്ട്. കൂടാതെ പവർ എഞ്ചിനീയറിംഗ് ട്രെയിനിംഗ് സെന്റർ, മൂലമറ്റത്ത് എ.പി.റ്റി.എസ്., സ്റ്റാഫിന് വൈദ്യുതി മോഷണം കണ്ടുപിടിക്കുന്നതിനും കൂടുതൽ കാര്യക്ഷമതയോടെ പ്രവർത്തിക്കുന്നതിനും വേണ്ട വിധത്തിലുള്ള പരിശീലനം നൽകിവരുന്നു.

(ബി) വാണിജ്യ വ്യവസായ സ്ഥാപനങ്ങളായ ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ഷോപ്പിംഗ് മാളുകൾ എന്നിവിടങ്ങളിൽനിന്ന് 14 വൈദ്യുതി മോഷണക്കേസ്സുകൾ കണ്ടെത്തിയിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കണ്ടെത്തിയ ടി കേസ്സുകളിൽ നിന്ന് ആകെ ₹ 34,27,062 തുക അടപ്പിച്ചിട്ടുണ്ട്.

(സി) വൈദ്യുതി നിയമപ്രകാരം വൈദ്യുതി മോഷണവുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നതിനായി പ്രത്യേക കോടതികൾ രൂപീകരിക്കണമെന്ന് അനുശാസിക്കുന്നുണ്ട്. വൈദ്യുതി നിയമം-2003-ലെ 135 മുതൽ 14 വരെയുള്ള വകുപ്പുകളിൽ പരാമർശിച്ചിരിക്കുന്ന കുറ്റകൃത്യങ്ങളുടെയും 150-ാം വകുപ്പിൽ പരാമർ ശിച്ചിരിക്കുന്ന പ്രേരണ കുറ്റവും വേഗത്തിൽ വിചാരണ നടത്തുന്നതിന് സംസ്ഥാന സർക്കാരുകൾ വിജ്ഞാപനം ചെയ്ത് പ്രത്യേക കോടതികൾ (Special Courts) സ്ഥാപിക്കണമെന്ന് 153-ാം വകുപ്പ് അനുശാസിക്കുന്നു.

(ഡി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും ഒരു കോടതിയെ സ്പെഷ്യൽ കോടതിയുടെ ചുമതലകൾ നിർവ്വഹിക്കുന്നതിനായി ചുമതലപ്പെടുത്തി, സംസ്ഥാന സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. 17-7-2007-ലെ ഗസറ്റ് പ്രകാരം രൂപീകരിച്ച കോടതികളുടെ പേരുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഇടുക്കിയിൽ പുതിയ പവർ ഹൗസ്

206(2555) ഡോ. എം. കെ. മുനീർ :
ശ്രീ. അബ്ദുൽ ഹമീദ് പി. :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഇടുക്കി അണക്കെട്ട് നിറഞ്ഞ സാഹചര്യത്തിൽ പുതിയ പവർ ഹൗസ് സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കുന്നെങ്കിൽ പുതിയ പവർഹൗസ് എവിടെ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

പദ്ധതിയുടെ സാധ്യതാ പഠനം നടന്നുകൊണ്ടിരിക്കുന്നു.

## ട്രാൻസ് ഗ്രിഡ് 2.0 പദ്ധതി

207(2556) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനുംശേഷി വർദ്ധിപ്പിക്കുന്നതിനും പ്രസരണനഷ്ടം കുറയ്ക്കുന്നതിനുമായി ആവിഷ്കരിച്ചിട്ടുള്ള ട്രാൻസ് ഗ്രിഡ് 2.0 പദ്ധതിയുടെ പ്രവർത്തന പുരോഗതി അറിയിക്കുമോ;

(ബി) പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ഏതെല്ലാം നിർമ്മാണ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) ട്രാൻസ് ഗ്രിഡ് 2.0 പദ്ധതിയ്ക്കായി എത്ര തുകയാണ് വേണ്ടി വരുന്നതെന്നും പദ്ധതി എന്നേക്ക് പൂർത്തിയാക്കാനാണുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയ്ക്കായി കേന്ദ്ര സർക്കാരിൽനിന്നും എന്തെങ്കിലും ധനസഹായം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് വൈദ്യുതി പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനും ശേഷി വർദ്ധിപ്പിക്കുന്നതിനും പ്രസരണനഷ്ടം കുറയ്ക്കുന്നതിനുമായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് വിഭാവനം ചെയ്തിരിക്കുന്ന 10000 കോടി രൂപയുടെ

ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയിൽ സർക്കാർ അംഗീകാരം നൽകിയ 6375 കോടിയുടെ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഈ പദ്ധതി രണ്ട് ഘട്ടങ്ങളിലായി നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. നിലവിലുള്ള 110 കെ.വി. സബ്സ്റ്റേഷനുകൾ 220 കെ. വി. ആയി ഉയർത്തുന്നതിനും പുതിയ 400 കെ.വി./220 കെ. വി. സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും നിർമ്മിക്കുന്നതിനുമുള്ള പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഒന്നാംഘട്ട പദ്ധതിയിൽ 5 സബ്സ്റ്റേഷൻ പാക്കേജുകളും 9 ലൈൻ പാക്കേജുകളുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ

- മലപ്പുറം-മഞ്ചേരി ലൈൻ പാക്കേജിന്റെ പണി പൂർത്തീകരിച്ചു.
- മറ്റ് രണ്ട് പദ്ധതികളായ Ernad Line Package-ഉം HTLS Line Package-ഉം M/s Sterlite Power Transmission Limited നവംബർ 2019-ൽ പൂർത്തിയാക്കാമെന്ന ലക്ഷ്യത്തോടെ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.
- Kochi Lines Package-ന്റെ OH ഭാഗം M/s L&T Limited, Chennai-ഉം Cable-ഭാഗം M/s KEI Industries Limited-ഉം ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. ഇത് ആഗസ്റ്റ് 2020-ൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.
- North-South Interlink Package, Kottayam Lines Package, Trissivaperur Line Package, North Malabar Line Package, Kolathunadu Line Package തുടങ്ങിയ 5 Line Package-കളുടെ ടെൻഡർ നടപടികൾ പൂർത്തിയായി വരുന്നു.
- സബ്സ്റ്റേഷൻ പാക്കേജുകളായ (മേയ് 2020-ൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന) AIS പാക്കേജ് (കോതമംഗലം, ചിത്തിരപുരം, മഞ്ചേരി, ചാലക്കുടി, 220 കെ. വി. സബ്സ്റ്റേഷനുകൾ) M/s Siemens India Limited വഴിയും ജനുവരി 2020-ൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന GIS Package-1 (ആലുവ, കലൂർ, കുന്നമംഗലം 220 സബ്സ്റ്റേഷനുകൾ) M/s GET & D Limited വഴിയും നടപ്പിലാക്കുന്നു. ഇവയുടെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. മറ്റ് 3 സബ്സ്റ്റേഷൻ പാക്കേജുകളുടെ പ്രവൃത്തികൾ സ്ഥലലഭ്യത ഉറപ്പാക്കുന്നതോടുകൂടി ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) 4745.77 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒന്നാംഘട്ട പദ്ധതി 2021-ഓടെയും 1629.60 കോടി രൂപയുടെ രണ്ടാംഘട്ട പദ്ധതി 2024 -ഓടെയും പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇത് നടപ്പിലാക്കുന്നതിനായി 6375 കോടി രൂപയുടെ സാമ്പത്തിക സഹായം കേരള സർക്കാർ സംരംഭമായ KIIFB-യുടെ Special Investment Package വഴി സ്വരൂപിക്കാൻ ഉത്തരവാകുകയും KIIFB-നിന്നും 5200 കോടി രൂപയ്ക്ക് തത്വത്തിൽ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഏറനാട് ലൈൻ Package-നും HTLS Line Package-നും കൂടി കേന്ദ്ര ഏജൻസിയായ PSDF-ൽ നിന്നും ഏകദേശം 400 കോടി രൂപ ഗ്രാന്റായി അനുവദിച്ചുകിട്ടിയിട്ടുണ്ട്.

**കെ.എസ്.ഇ.ബി.എൽ.-ന് പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക**

208(2557) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവയിൽനിന്ന് കെ.എസ്.ഇ.ബി.-ക്ക് പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കുന്നതിനായി എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഭാവിയിൽ ഇക്കാര്യത്തിൽ എന്ത് നടപടി കൈക്കൊള്ളാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കുടിശ്ശിക തുക ഈടാക്കുന്നതിനായി കുടിവെള്ള പദ്ധതികൾ തുടങ്ങിയ അത്യാവശ്യ സേവനങ്ങൾ അല്ലാത്ത ഉപഭോക്താക്കളുടെയും കോടതിയിൽ വ്യവഹാരങ്ങളില്ലാത്ത ഉപഭോക്താക്കളുടെയും വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുക, കണക്ഷൻ അഴിച്ചുമാറ്റുക തുടങ്ങിയ നടപടികൾ സ്വീകരിക്കുകയും അതിനുശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽനിന്നും കുടിശ്ശിക വസൂലാക്കുകയും ഇങ്ങനെ വസൂലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾക്കായി ശിപാർശ നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ, കെ.എസ്.ഇ. ആർ.സി.-യുടെ അനുമതിയോടുകൂടി രണ്ട് വർഷത്തിൽ കൂടുതൽ കാലയളവിലെ വൈദ്യുതി കുടിശ്ശികകൾ പരിച്ചെടുക്കാനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 31-12-2018 വരെ തുടരുന്ന ടി പദ്ധതി 1-6-2018 മുതൽ

പ്രാബല്യത്തിൽ വന്നിട്ടുണ്ട്. കോടതിയിൽ വ്യവഹാരത്തിലുള്ള ഉപഭോക്താക്കൾക്കും റവന്യൂ റിക്കവറി നടപടികൾക്ക് ശിപാർശ കൊടുത്തിട്ടുള്ള ഉപഭോക്താക്കൾക്കും കൂടി പ്രസ്തുത പദ്ധതി ഉപയോഗിക്കാനുള്ള അവസരവും ഇതുപ്രകാരം നൽകിയിട്ടുണ്ട്. കോടതിയിൽ വ്യവഹാരത്തിലുള്ള കുടിശ്ശികകളും മറ്റുതരത്തിൽ തർക്കത്തിൽ കിടക്കുന്ന കുടിശ്ശികകളും തീർപ്പാക്കുവാനായി വ്യക്തമായ മാർഗരേഖകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഉത്തരവ് ബോർഡ് 20-8-2018-ന് പുറപ്പെടുവിച്ചിട്ടുണ്ട്. കുടിശ്ശികകൾ തീർപ്പാക്കുവാനായി നിയോഗിച്ചിട്ടുള്ള ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരുടെ കീഴിലുള്ള ജില്ലാതല കമ്മിറ്റികൾക്ക് ഇത്തരത്തിലുള്ള കുടിശ്ശികയുടെ മുതലിനത്തിൽ തന്നെ ഇളവുകൾ അനുവദിക്കുന്നതിനുള്ള അധികാരം നൽകിയിട്ടുണ്ട്.

ഗവൺമെന്റ് സ്ഥാപനങ്ങളുടെയും വാട്ടർ അതോറിറ്റിയുടെയും വൈദ്യുതി കുടിശ്ശിക തീർപ്പാക്കുന്നതിനായി ഗവൺമെന്റുതലത്തിൽ ഉന്നതതല യോഗങ്ങൾ നടത്തിവരികയാണ്. കേരള വാട്ടർ അതോറിറ്റിയുടെ വൈദ്യുതി കുടിശ്ശിക 4 തവണകളായി സർക്കാരിന്റെ ബഡ്ജറ്റ് സഹായത്തിലൂടെ അടച്ചുതീർക്കാൻ 29-10-2018-ലുള്ള ചർച്ചയിൽ തീരുമാനിമായിട്ടുണ്ട്. അതുപോലെതന്നെ ആരോഗ്യ വകുപ്പുൾപ്പെടെയുള്ള ഗവൺമെന്റ് സ്ഥാപനങ്ങളുടെയും കുടിശ്ശികകൾ അടച്ചു തീർക്കുന്നതിനായുള്ള ചർച്ചകൾ നടന്നുവരികയാണ്. സ്വകാര്യ വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവയിൽനിന്നും കെ.എസ്.ഇ.ബി.-ക്ക് പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക തുക സമയബന്ധിതമായി പിരിച്ചെടുക്കുന്നതിനായി വൈദ്യുതി വിച്ഛേദിക്കൽ പോലുള്ള നിയമപരമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

## പീക്ക് അവറിലെ വൈദ്യുതി നിയന്ത്രണ നടപടികൾ

209(2558) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പീക്ക് അവറിലെ വൈദ്യുതി ഉപയോഗം നിയന്ത്രിക്കുവാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) നിലവിൽ വൈദ്യുതി ലഭ്യമായ സാഹചര്യത്തിൽ ടൈം ഓഫ് ദി ഡേ താരിഫ് സമ്പ്രദായം നിലനിർത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കേന്ദ്ര സർക്കാർ നിർദ്ദേശ പ്രകാരം 200 യൂണിറ്റിന് മുകളിൽ ഉപഭോഗമുള്ള ഉപഭോക്താക്കൾക്ക് സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്ന കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## ഉത്തരം

(എ) സംസ്ഥാനത്ത് ആകെയുള്ള 1.23 കോടി ഉപഭോക്താക്കളിൽ 78 ശതമാനവും ഗാർഹിക ഉപഭോക്താക്കളാണ്. ഈ വിഭാഗത്തിന്റെ ഉപഭോഗം ആകെ ഉപഭോഗത്തിന്റെ പകുതിയിലധികം വരും (ഏകദേശം 50.05%). ആയതിനാൽ സംസ്ഥാനത്തിന്റെ ദൈനംദിന വൈദ്യുതി ഉപയോഗത്തിൽ ഒരു സ്ഥിരത പ്രകടമാകുന്നില്ല. അതായത് പീക്ക് സമയത്തെ (രാത്രികാലങ്ങളിലെ) വൈദ്യുതി ഉപയോഗത്തിൽ പ്രവചനാതീതമായ വർദ്ധനവ് രേഖപ്പെടുത്തുന്നു. ഇത് സംസ്ഥാനത്തിന് പുറമേനിന്ന് വലിയ തോതിലുള്ള വൈദ്യുതി വാങ്ങലിനും തദ്വാര വാങ്ങൽ ചെലവിൽ വർദ്ധനവിനും അതുമൂലം കെ.എസ്.ഇ.ബി.എൽ.-ന് വൻതോതിലുള്ള സാമ്പത്തികബാധ്യതയ്ക്കും കാരണമായിത്തീരുകയും ചെയ്യുന്നു. ഇതൊരളവുവരെ പരിഹരിക്കുന്നതിന് 2010 മുതൽ എൽ.ടി. വിഭാഗത്തിലുള്ള വ്യാവസായിക ഉപഭോക്താക്കൾക്ക് (20 കിലോ വാട്ടിന് മുകളിലുള്ള) ടി.ഒ.ഡി (TOD) താരിഫ് ഗാർഹികേതര വിഭാഗത്തിലുള്ള ഉപഭോക്താക്കൾക്ക്, Maximum Demand Based Tariff-ഉം 500 യൂണിറ്റിന് മുകളിൽ പ്രതിമാസ ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കൾക്ക്, കമ്മീഷന്റെ അനുമതിയോട് ടി.ഒ.ഡി. താരിഫും ഏർപ്പെടുത്തിയിട്ടുണ്ട്. ഈ ബില്ലിംഗ് സമ്പ്രദായം ഇപ്പോഴും തുടരുന്നുണ്ട്. കൂടാതെ മെച്ചപ്പെട്ട DSM പ്രവർത്തനങ്ങളിലൂടെ രാത്രികാല ഉപയോഗത്തിൽ (സർക്കാർ ഏജൻസികളായ അനെർട്ട്, ഇ.എം.സി. എന്നിവയുടെ സഹായത്തോടെ) കുറവ് വരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. പീക്ക് സമയത്തെ കർശനമായ പരിശോധനകളിലൂടെ വൈദ്യുതിയുടെ ആഡംബര പൂർണ്ണമായ ഉപയോഗം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. സി.എഫ്.എൽ., എൽ.ഇ.ഡി. ബൾബുകൾ എന്നിവ വഴിവിളക്കുകളായി ഉപയോഗിക്കുമ്പോഴുള്ള വൈദ്യുതി ചാർജ് ഗണ്യമായിക്കുറച്ച്, ഇവ വ്യാപകമായി ഉപയോഗിക്കുന്നതിന് സഹായകരമായ നയം സ്വീകരിച്ചു.

സംസ്ഥാന സർക്കാർ ഊർജ്ജ മേഖലയിലെ സുസ്ഥിര വികസനം മുന്നിൽ കണ്ട് ആവിഷ്കരിച്ച് നടപ്പിലാക്കാനുദ്ദേശിക്കുന്ന ബൃഹത് പദ്ധതിയായ ഊർജ്ജ കേരള മിഷന്റെ ഭാഗമായി 'ഫിലമെന്റ് രഹിത കേരളം' പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന് മുന്നോടിയായി കാസർഗോഡ് ജില്ലയിലെ പീലിക്കോട് ഗ്രാമപഞ്ചായത്ത് ഫിലമെന്റ് വിളക്കുകളെല്ലാംതന്നെ മാറ്റി (എൽ.ഇ.ഡി. ബൾബു പയോഗിച്ച്) ആദ്യ ഫിലമെന്റ് രഹിത പഞ്ചായത്തായി പ്രഖ്യാപിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റ് സന്നദ്ധ സംഘടനകളുടെയും സഹായത്തോടെ വൈദ്യുതിയുടെ സുരക്ഷിതമായ ഉപയോഗത്തിനെക്കുറിച്ചും വൈദ്യുതി എന്ന അമൂല്യ ഉല്പന്നത്തിന്റെ മിതകരമായ ഉപയോഗത്തിനെക്കുറിച്ചും പൊതുജനങ്ങളെ ബോധവാന്മാരാക്കുന്നതിനുള്ള പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(ബി) കേരളത്തിലെ പകൽസമയത്തെ വൈദ്യുതിയുടെ ശരാശരി ഡിമാന്റ് 3000 മെഗാവാട്ടും രാത്രികാലങ്ങളിലെ ശരാശരി ആവശ്യകത 3800 മെഗാവാട്ടുമാകുന്നു. എന്നാൽ സംസ്ഥാനത്തിനകത്ത് നിന്നുള്ള വൈദ്യുതോല്പാദന നിലയങ്ങളിൽ നിന്നും പരമാവധി 1700 മെഗാവാട്ട് മാത്രമെ ഉല്പാദിപ്പിക്കുവാൻ സാധിക്കുകയുള്ളൂ. ബാക്കിയുള്ള ആവശ്യകത പ്രധാനമായും നിറവേറ്റപ്പെടുന്നത് കേന്ദ്ര വൈദ്യുതി നിലയങ്ങളിൽ നിന്നുമാണ് (പ്രതിദിന ശരാശരി ലഭ്യത 1600 മെഗാവാട്ട്). ലഭ്യമാകുന്ന വൈദ്യുതിക്ക് പുറമെ പീക്ക് സമയങ്ങളിലെ ഉയർന്ന ആവശ്യകതമൂലം (അധികമായി ആവശ്യമായി വരുന്ന 500 മെഗാവാട്ട് വൈദ്യുതി) സംസ്ഥാനത്തിന് പുറമേ നിന്നുള്ള വൈദ്യുത വ്യാപാരികളിൽ നിന്നും പവർ എക്സ്ചേഞ്ചുകളിൽ നിന്നും ഉയർന്ന വില നൽകി വാങ്ങേണ്ടിവരുന്നു. ഇത് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സാമ്പത്തികസ്ഥിതിയെ ദോഷകരമായി ബാധിക്കുന്നുണ്ട്. ഇത് ഒഴിവാക്കുന്നതിനും സുസ്ഥിരമായ വൈദ്യുതി ശൃംഖല നിലനിർത്തുന്നതിനും ടി.ഒ.ഡി. താരിഫ് തുടരേണ്ടതാണ്.

(സി) കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച താരിഫ് പോളിസിയിലെ ഖണ്ഡിക 8.3 പ്രകാരം പ്രതിമാസം 200 യൂണിറ്റിന് മുകളിൽ ഉപയോഗമുള്ള എല്ലാ ഉപഭോക്താക്കൾക്കും സ്മാർട്ട് മീറ്ററുകൾ അതത് സംസ്ഥാന റെഗുലേറ്ററി കമ്മീഷനുകൾ നിർബന്ധമാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ഐ.പി.ഡി.എസ്. (സംയോജിത ഊർജ്ജ വികസന) പദ്ധതി പ്രകാരം ഐ.പി.ഡി.എസ്. പട്ടണങ്ങളിലെ 230 യൂണിറ്റിന് മുകളിൽ പ്രതിമാസ ഉപഭോഗമുള്ള 3.2 ലക്ഷം ഉപഭോക്താക്കളുടെ ഇലക്ട്രോണിക് മീറ്റർ മാറ്റി സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതാണ്. ഈ പദ്ധതി നടപ്പിലാക്കാൻവേണ്ടി 64.36 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**സോളാർ എനർജി**

210(2559) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ഥാപനങ്ങളും, വീടുകളും ഉൽപ്പാദിപ്പിക്കുന്ന സോളാർ എനർജി ഉപയോഗിക്കാൻ വൈദ്യുതി വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; നിലവിൽ പ്രതിവർഷം എത്ര യൂണിറ്റ് വൈദ്യുതി ഇത്തരത്തിൽ വാങ്ങുന്നുണ്ട്, വിശദമാക്കുമോ;

(ബി) സൗരോർജ്ജ പാനലുകൾ സ്ഥാപിക്കാൻ വൈദ്യുത വകുപ്പിന്റെ അനുവാദം ആവശ്യമുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് 500 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള ഒരു പദ്ധതി 'സൗര' പദ്ധതിയുടെ ഭാഗമായി ആസൂത്രണം ചെയ്തുവരുന്നു. ഗാർഹിക, കാർഷിക ഉപഭോക്താക്കളുടെ പുരപ്പുറങ്ങളിൽ 150 മെഗാവാട്ട്, സർക്കാർ കെട്ടിടങ്ങളുടെ പുരപ്പുറങ്ങളിൽ 100 മെഗാവാട്ട്, മറ്റ് സ്ഥാപനങ്ങളുടെ പുരപ്പുറങ്ങളിൽ 250 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ ഈ പദ്ധതിയിലൂടെ നിർമ്മിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. നിലവിൽ കേരളത്തിൽ സ്ഥാപിച്ചിട്ടുള്ള ഗ്രിഡ് ബന്ധിത സോളാർ നിലയങ്ങൾ വഴി ഇതുവരെയായി 138,635,727 യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിച്ചിട്ടുണ്ട്. ഇതിൽ ഉപഭോക്താക്കളുടെ ഉപഭോഗത്തിനുശേഷം ബാക്കിവരുന്ന വൈദ്യുതി 2017, 2018 വർഷങ്ങളിലായി കെ.എസ്.ഇ.ബി.-യിൽ വാങ്ങിയതിന്റെ വിവരം ചുവടെ ചേർത്തിരിക്കുന്നു:

| വർഷം | Banked energy (യൂണിറ്റ്) | Amount Refunded to consumers (₹) |
|---|---|---|
| 2017 (3.26/ യൂണിറ്റ് നിരക്കിൽ) | 3,97,956.46 | 12,97,336 |
| 2018 (3.26/ യൂണിറ്റ് നിരക്കിൽ) | 19,84,750.37 | 64,70,306 |

(ബി) ഗ്രിഡിലേക്ക് കണക്ട് ചെയ്യാത്ത മാതൃകയിൽ (ഓഫ് ഗ്രിഡ്) സൗരോർജ്ജ പാനലുകൾ സ്ഥാപിക്കാൻ വൈദ്യുതി വകുപ്പിന്റെ അനുവാദം ആവശ്യമില്ല. എന്നാൽ ഓൺഗ്രിഡ് സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിന് മുമ്പായി കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നിന്നും ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്. 10 കിലോവാട്ട് മുതലുള്ള എല്ലാ സൗരോർജ്ജ പ്രതിഷ്ഠാപനങ്ങളും സ്ഥാപിക്കുന്നതിനായി ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന്റെ അനുമതി ആവശ്യമാണ്.

**അനെർട്ട് ഡയറക്ടർക്കെതിരെ വിജിലൻസ് കേസ്**

211(2560) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനെർട്ട് ഡയറക്ടർ ആർ. ഹരികുമാറിനെതിരെ വിജിലൻസ് കോടതിയിൽ കേസ് നിലവിലുണ്ടോ; ഏത് സ്ഥാപനത്തിലെ അഴിമതിയുമായി ബന്ധപ്പെട്ട് അന്വേഷണം നടക്കുന്നത്; ഇപ്പോഴത്തെ അന്വേഷണ സ്ഥിതി എന്താണ്;

(ബി) എത്ര കോടിയുടെ വിജിലൻസ് അന്വേഷണമാണ് നടക്കുന്നത്;

(സി) അനെർട്ട് ഡയറക്ടർക്കെതിരെ വിജിലൻസ് കോടതിയിൽ വിജിലൻസ് ഡിപ്പാർട്ട്മെന്റ് അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) വിജിലൻസ് അന്വേഷണം നടക്കുമ്പോൾ ആർ. ഹരികുമാറിന് സേവനം വീണ്ടും നീട്ടിക്കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) അനെർട്ട് ഡയറക്ടർ ആർ. ഹരികുമാറിന്റെ സേവനം അവസാനമായി പുതുക്കി നൽകുന്നതുമായി ബന്ധപ്പെട്ട പവർ ഡിപ്പാർട്ട്മെന്റ് നോട്ട് ഫയലിന്റെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) അനെർട്ട് ഡയറക്ടർ ഡോ. ആർ. ഹരികുമാറിനെതിരെ വിജിലൻസ് കോടതിയിൽ കേസ് നിലവിലില്ല.

(ബി) ബാധകമല്ല.

(സി) ഡോ. ആർ. ഹരികുമാറിനെ അനെർട്ട് ഡയറക്ടറായി നിയമിച്ചതിനെതിരെ ശ്രീ. എം. വിൻസെന്റ്, എം.എൽ.എ. ബഹു. എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് (വിജിലൻസ്) കോടതിയുടെ മുമ്പാകെ നൽകിയ അന്യായം ബഹു. കോടതി 31-7-2017 തീയതി Crl. MP 59/2017 ആയി അന്വേഷണത്തിന് ഉത്തരവായിട്ടുള്ളതിന് 27-1-2018-ന് അന്വേഷണ റിപ്പോർട്ട് ബഹു. വിജിലൻസ് കോടതിയിൽ സമർപ്പിച്ചിട്ടുള്ളതാണ്.

(ഡി) 25-5-2017-ലെ സ.ഉ.(സാധാ.) നമ്പർ 306/2017/ഊ.വ. പ്രകാരം ഡോ. ആർ. ഹരികുമാറിന്റെ കാലാവധി 4-9-2017 മുതൽ ഒരു വർഷത്തേയ്ക്ക് നീട്ടിനൽകിയിട്ടുണ്ട്.

(ഇ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

**കെ.എസ്.ഇ.ബി.**

212(2561) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.എൽ.-ൽ ജോലിക്കിടയിൽ ലൈനിലെ അപകടങ്ങൾ കൂടി വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വൈദ്യുതി ബോർഡിൽ സുരക്ഷാനയം നിലവിലുണ്ടോ;

(സി) സുരക്ഷാനയം നടപ്പാക്കുന്നതിന് തീരുമാനിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) ബോർഡ്/കരാർ ജീവനക്കാർക്കിടയിൽ ജോലിക്കിടെയുള്ള അപകടങ്ങൾ കുറഞ്ഞുവരികയാണ്.

(ബി) നിലവിൽ സുരക്ഷാനയം രൂപീകരിച്ചിട്ടില്ല.

(സി) കരട് സുരക്ഷാനയം തയ്യാറാക്കിക്കഴിഞ്ഞു. അത് ബോർഡിന്റെ പരിഗണനയിലാണ്.

**കെ.എസ്.ഇ.ബി.എൽ. സെക്ഷൻ ഓഫീസ്**

213(2562) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം അസംബ്ലിമണ്ഡലത്തിലെ കെ.എസ്.ഇ.ബി.എൽ.-ന്റെ ലക്കിടി സെക്ഷൻ ഓഫീസിന് എന്നാണ് ഭരണാനുമതി നല്കിയത്;

(ബി) പ്രസ്തുത കെ.എസ്.ഇ.ബി.എൽ. സെക്ഷൻ ഓഫീസ് നാളിതുവരെ യായിട്ടും പ്രവർത്തനം ആരംഭിക്കാത്തതിനുള്ള കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത സെക്ഷൻ ഓഫീസ് എന്ന് പ്രവർത്തനം തുടങ്ങും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ലക്കിടിയിൽ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് 24-2-2016-ലാണ് ഉത്തരവ് നൽകിയിട്ടുള്ളത്. ബോർഡ് ചെലവിൽ കെട്ടിടം നിർമ്മിക്കാനുതകുന്ന 10 സെന്റ് ഭൂമി സൗജന്യമായി ലഭിക്കുകയോ അല്ലെങ്കിൽ വാടകരഹിത കെട്ടിടം ലഭിക്കുകയോ ചെയ്യുന്നമുറയ്ക്ക് സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം തുടങ്ങാനാണ് ബോർഡിന്റെ തീരുമാനം. മേൽ സൂചിപ്പിച്ചത് പ്രകാരം വാടകരഹിത കെട്ടിടമോ സ്ഥലമോ ലഭ്യമാക്കുന്ന മുറയ്ക്ക് മാത്രമേ ലക്കിടി കെ.എസ്.ഇ.ബി.എൽ. സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

**കെ.എസ്.ഇ.ബി.**

214(2563) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ഇ.ബി. പുതുതായി എത്ര സെക്ഷൻ ഓഫീസുകളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഉപഭോക്താക്കളുടെ വർദ്ധനവ് കാരണം സേവനം നൽകുന്നതിൽ വലിയ പ്രയാസം നേരിടുന്ന കോവൂർ സെക്ഷൻ വിഭജിച്ച് പൂവാട്ടുപറമ്പ് ആസ്ഥാനമായി പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നകാര്യം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 15 സെക്ഷൻ ഓഫീസുകൾ ആരംഭിച്ചിട്ടുണ്ട്.

(ബി) പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസങ്ങളുള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല. ആധുനിക സാങ്കേതിക വിദ്യകൾകൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനുംവേണ്ടി ബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അതോടൊപ്പം നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണ സാധ്യതകളും ബോർഡ് പരിശോധിച്ച് വരികയാണ്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് കോവൂർ സെക്ഷൻ വിഭജിച്ച് പൂവാട്ടുപറമ്പ് ആസ്ഥാനമാക്കി പുതിയ സെക്ഷൻ ആഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## വൈദ്യുതി സെക്ഷൻ ഓഫീസുകൾ

215(2564) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര വൈദ്യുതി സെക്ഷൻ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇവയിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വൈദ്യുതി സെക്ഷൻ ഓഫീസുകൾ ഏതൊക്കെയാണെന്നും എത്രകാലമായി ഈ ഓഫീസുകൾ ഒരേ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നുവെന്നും എത്ര വർഷത്തെ പഴക്കമാണ് ഈ കെട്ടിടങ്ങൾക്കുള്ളതെന്നും എത്ര വാടകയാണ് നൽകിവരുന്നതെന്നും വ്യക്തമാക്കാമോ;

(സി) സ്വകാര്യ ഉടമസ്ഥതയിലുള്ള കെട്ടിടം വാടകയ്ക്ക് എടുക്കുമ്പോൾ വാടക നിശ്ചയിക്കാൻ സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) നിലവിൽ ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക പുതുക്കി നിശ്ചയിക്കുമ്പോൾ സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഇ) വാടക കെട്ടിടത്തിന്റെ വിസ്തീർണ്ണത്തിനും പരമാവധി നൽകാവുന്ന വാടകയ്ക്കും പരിധി ഉണ്ടോ എന്നും വ്യക്തമാക്കാമോ;

(എഫ്) സംസ്ഥാനത്ത് വൈദ്യുതി സെക്ഷൻ ഓഫീസ് പ്രവർത്തിക്കുന്ന ഏറ്റവും പഴക്കംചെന്ന കെട്ടിടം ഏതാണെന്നും അതിന്റെ വിസ്തീർണ്ണം എത്രയാണെന്നും ഇപ്പോൾ നൽകുന്ന വാടക എത്രയാണെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി-ഇ) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സെക്ഷൻ ഓഫീസ് പ്രവർത്തിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങളുള്ളതും ആവശ്യത്തിന് സ്ഥല ലഭ്യതയുള്ളതും ഉപഭോക്താക്കൾക്കും ജീവനക്കാർക്കും എത്തിച്ചേരാൻ സൗകര്യപ്രദമായതുമായ കെട്ടിടങ്ങളാണ് വാടകയ്ക്കെടുക്കുന്നതിന് പരിഗണിക്കുന്നത്. കെട്ടിടത്തിന്റെ കാലപ്പഴക്കം, കെട്ടിടത്തിന്റെ വിസ്തീർണ്ണം, കെട്ടിടം നിൽക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം എന്നീ മൂന്ന് ഘടകങ്ങളും ഉപയോഗിച്ച് നിലവിലുള്ള സി.പി.ഡബ്ല്യു.ഡി. പ്ലിന്ത് ഏരിയ റേറ്റ്സും (Central PWD PAR), കോസ്റ്റ് ഇൻഡക്സും (Cost index) കണക്കിലെടുത്താണ് കെട്ടിടത്തിന്റെ വാടക ഇപ്പോൾ നിർണ്ണയിക്കുന്നത്. ഇതിനായി കെട്ടിടത്തിന്റെ ഉടമസ്ഥൻ കെട്ടിടത്തിന്റെ പ്ലാനും ഏറ്റവും പുതിയ ലാന്റ് വാല്യൂ സർട്ടിഫിക്കറ്റും (Land Value Certificate) ഹാജരാക്കേണ്ടതുണ്ട്. പുതിയതായി വാടകയ്ക്കെടുക്കുന്ന കെട്ടിടങ്ങൾക്ക് തദ്ദേശ ഭരണ സ്ഥാപനത്തിൽനിന്നും ലഭിക്കുന്ന കെട്ടിടത്തിന്റെ പഴക്കം സംബന്ധിച്ചുള്ള സർട്ടിഫിക്കറ്റും (age/ownership certificate) ഹാജരാക്കേണ്ടതുണ്ട്. ഇതുകൂടാതെ മൂന്ന് വർഷത്തെ വാടക കരാർ കഴിഞ്ഞ കെട്ടിടങ്ങളിൽ 15% വാടക വർദ്ധനവോടെ തുടരുന്നതിന് ഉടമസ്ഥന് സമ്മതമാണെങ്കിൽ വാടക കരാർ മൂന്ന് വർഷത്തേയ്ക്കുകൂടി പുതുക്കുന്നതിനും നിലവിൽ സാഹചര്യമുണ്ട്. കെ.എസ്.ഇ.ബി. ലിമിറ്റഡിലെ എക്സിക്യൂട്ടീവ് ഓഫീസേഴ്സിന് അവരവരുടെ അധികാര പരിധി അനുസരിച്ച് കെട്ടിടങ്ങൾക്കുള്ള പ്രതിമാസ വാടക മുകളിൽപറഞ്ഞ മാനദണ്ഡങ്ങൾക്കനുസൃതമായി നിശ്ചയിച്ച് നൽകാവുന്നതാണ്.

സെക്ഷൻ ഓഫീസുകൾ പ്രവർത്തിക്കുന്ന കെട്ടിടത്തിന് അനുവദനീയമായ പരമാവധി വിസ്തീർണ്ണം 198 ചതുരശ്ര മീറ്ററാണ്. പരമാവധി ഈ വിസ്തീർണ്ണത്തിന് മാത്രമേ വാടക നൽകുകയുള്ളൂ. എന്നാൽ നിലവിലുള്ള മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള വാടക കെട്ടിടം ലഭ്യമാകാതെ വരുമ്പോൾ ചില പ്രത്യേക സാഹചര്യങ്ങളിൽ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ബോർഡ് ചില നിബന്ധനകൾക്കനുസരിച്ച് ഓഫീസ് കെട്ടിടങ്ങൾക്ക് ഉയർന്ന വാടക നൽകാറുണ്ട്. അങ്ങനെയുള്ള കെട്ടിടങ്ങൾക്ക് വാടക അഞ്ച് വർഷത്തേയ്ക്ക് മാറ്റമില്ലാത്ത വിധത്തിൽ 'സ്പെഷ്യൽ റെന്റ്' ആയി കണക്കാക്കുകയും ചെയ്യുന്നു.

(എഫ്) എറണാകുളം സർക്കിളിന് കീഴിലുള്ള കോലഞ്ചേരി സെക്ഷൻ പ്രവർത്തിക്കുന്ന കെട്ടിടമാണ് സംസ്ഥാനത്ത് വൈദ്യുതി സെക്ഷൻ ഓഫീസ് പ്രവർത്തിക്കുന്ന ഏറ്റവും പഴക്കംചെന്ന വാടക കെട്ടിടം. ഇതിന്റെ വിസ്തീർണ്ണം 223 ചതുരശ്ര മീറ്ററാണ്. ഈ കെട്ടിടത്തിന് ഇപ്പോൾ പ്രതിമാസം 9,000 രൂപ വാടക നൽകുന്നുണ്ട്.

## മലപ്പുറം മണ്ഡലത്തിലെ പുതിയ കെ.എസ്.ഇ.ബി.എൽ. സെക്ഷൻ ഓഫീസ്

216(2565) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം മണ്ഡലത്തിലെ പൂക്കൊളത്തൂർ കേന്ദ്രമാക്കി മഞ്ചേരി നോർത്ത്, കിഴിശ്ശേരി, വള്ളുവമ്പ്രം കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ഇരുപത്തി അയ്യായിരത്തിൽ കൂടുതൽ ഉപഭോക്താക്കളുള്ള സെക്ഷൻ ഓഫീസുകളെ വിഭജിക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ;

(സി) എങ്കിൽ പൂക്കൊളത്തൂർ കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ-സി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസങ്ങൾ ഉള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല. ആധുനിക സാങ്കേതിക വിദ്യകൾകൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനുംവേണ്ടി ബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അതോടൊപ്പം നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണ സാധ്യതകളും ബോർഡ് പരിശോധിച്ചുവരികയാണ്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് മലപ്പുറം മണ്ഡലത്തിലെ പൂക്കൊളത്തൂർ ആസ്ഥാനമാക്കി പുതിയ സെക്ഷൻ ആഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## തോപ്പുംപടി കെ.എസ്.ഇ.ബി.എൽ. സെക്ഷൻ ഓഫീസ് നിർമ്മാണം

217(2566) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

11-12-2015-ൽ 80 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ച കൊച്ചി മണ്ഡലത്തിലെ തോപ്പുംപടി കെ.എസ്.ഇ.ബി.എൽ. സെക്ഷൻ ഓഫീസിന്റെ നിർമ്മാണ പ്രവത്തികളുടെ നിജസ്ഥിതി വ്യക്തമാക്കാമോ?

### ഉത്തരം

കൊച്ചി മണ്ഡലത്തിലെ തോപ്പുംപടി കെ.എസ്.ഇ.ബി.എൽ. സെക്ഷൻ ഓഫീസിന്റെ നിർമ്മാണ പ്രവൃത്തിക്ക് 11-12-2015-ലെ ജി.ഒ.(ആർ.ടി.) നമ്പർ 293/2015/പി.ഡി. ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയെങ്കിലും കെട്ടിടത്തിന് വേർതിരിച്ച ഭാഗത്തുകൂടി വാട്ടർ അതോറിറ്റിയുടെ പമ്പിംഗ് ലൈനുകൾ കടന്നു പോകുന്നതിനാൽ ആ ഭാഗം ഒഴിവാക്കി കെട്ടിടത്തിന്റെ പ്ലാൻ രൂപകൽപ്പന ചെയ്യുകയും GFRG സാങ്കേതികവിദ്യ ഉപയോഗിച്ച് പുതുക്കിയ പ്ലാൻ പ്രകാരം നിർമ്മിക്കുന്നതിന് ചീഫ് എഞ്ചിനീയർ (സിവിൽ) ഡാം സേഫ്റ്റിയെ ചുമതല പ്പെടുത്തുകയും ടി കെട്ടിടത്തിന്റെ നിർമ്മാണം 7-11-2017-ന് ഇ-ടെണ്ടർ മുഖേന ടെണ്ടർ ചെയ്യുകയുമുണ്ടായി. പങ്കെടുത്ത കരാറുകാരുടെ എണ്ണം കുറവായതിനാൽ വീണ്ടും ടെണ്ടർ ചെയ്യുകയും തുടർനടപടിക്രമങ്ങൾ പൂർത്തിയാക്കി 18-4-2018-ന് M/s ഹസ്താ ആൾട്ടർനേറ്റ് ബിൽഡിംഗ് ടെക്നോളജി എന്ന കമ്പനിക്ക് വർക്ക് ഓർഡർ നൽകുകയുമുണ്ടായി. പൈലിംഗ് വർക്ക് തുടങ്ങിയപ്പോൾ പല ഭാഗങ്ങളിലും ഭൂമിക്കടിയിൽ പഴയ കെട്ടിടത്തിന്റെ ഭാഗങ്ങളായ കോൺക്രീറ്റ് ബ്ലോക്കുകൾ കണ്ടെത്തിയതിനാൽ പൈലിംഗ് ജോലി തടസപ്പെടുകയും ടി ബ്ലോക്കുകൾ ശ്രമകരമായി ചിസൽ ഉപയോഗിച്ച് പൊട്ടിച്ച് മാറ്റേണ്ടതായും വന്നു. ആഗസ്റ്റ് മാസത്തിലെ വെള്ളപ്പൊക്കത്തെ തുടർന്ന് നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കേണ്ടി വന്നു. നിലവിൽ പൈലിംഗ് ജോലികൾ പൂർത്തിയായിക്കഴിഞ്ഞു. പ്ലിന്ത്ബീം വാർക്കുന്നതിനുള്ള പണികൾ പൂർത്തീകരിച്ചുവരുന്നു. പ്രസ്തുത കെട്ടിട നിർമ്മാണം 2019 മാർച്ച് മാസത്തോടുകൂടി പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## പാപ്പനംകോട് കേന്ദ്രമാക്കി കെ.എസ്.ഇ.ബി.എൽ. യൂണിറ്റ് തുടങ്ങുന്നതിന് നടപടി

218(2567) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം പൂജപ്പുര കെ.എസ്.ഇ.ബി.എൽ. ഓഫീസിന്റെ പരിധിയിൽ നിന്നും പതിനയ്യായിരത്തോളം കണക്ഷനുകൾ മാറ്റി പാപ്പനംകോട് കേന്ദ്രമാക്കി ഒരു യൂണിറ്റ് തുടങ്ങുന്നതിന്റെ നടപടികൾ ഏതുവരെയായി; ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ചെലവിൽ കെട്ടിടം നിർമ്മിക്കാനുതകുന്ന 10 സെന്റ് ഭൂമി സൗജന്യമായി ലഭിക്കുകയോ അല്ലെങ്കിൽ വാടകരഹിത കെട്ടിടം ലഭിക്കുകയോ ചെയ്യുന്നമുറയ്ക്ക് പാപ്പനംകോട് സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം തുടങ്ങാനായിരുന്നു ബോർഡ് തീരുമാനിച്ചിരുന്നത്. എന്നാൽ മേൽസൂചിപ്പിച്ചപ്രകാരം വാടകരഹിക കെട്ടിടമോ സ്ഥലമോ ഇതുവരെ ലഭ്യമാക്കി യിട്ടില്ലാത്ത സാഹചര്യത്തിൽ ഉപഭോക്താക്കളുടെ സൗകര്യാർത്ഥം പൂജപ്പുര ഇലക്ട്രിക്കൽ സെക്ഷനിൽനിന്നും പതിനൊന്നായിരത്തോളം ഉപഭോക്താക്കളെ കരമന ഇലക്ട്രിക്കൽ സെക്ഷനിലേക്ക് മാറ്റുവാനും കരമന ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് പാപ്പനംകോട് നിവാസികൾക്കുകൂടി സൗകര്യമാകുംവിധം കരമന പാലത്തിന്റെ തെക്ക് മാറ്റി സ്ഥാപിക്കാനും തീരുമാനിച്ചിട്ടുണ്ട്.

**മുണ്ടക്കുളത്ത് വൈദ്യുതി വകുപ്പിന്റെ സെക്ഷൻ ഓഫീസ്**

219(2568) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊണ്ടോട്ടി മണ്ഡലത്തിലെ മുണ്ടക്കുളത്ത് വൈദ്യുതി വകുപ്പിന്റെ സെക്ഷൻ ഓഫീസ് പ്രവർത്തിക്കാൻ ഉത്തരവായിട്ടും ഇതുവരെ പ്രവർത്തനമാരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ഓഫീസ് ഇതുവരെ പ്രവർത്തനം തുടങ്ങാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ ;

(സി) അനുയോജ്യമായ കെട്ടിട സൗകര്യങ്ങൾ ലഭ്യമായിട്ടും ഓഫീസ് ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) 24-2-2016-ലെ ബോർഡ് ഉത്തരവനുസരിച്ച് ബോർഡ് ചെലവിൽ കെട്ടിടം നിർമ്മിക്കാനുതകുന്ന 10 സെന്റ് ഭൂമി സൗജന്യമായി ലഭിക്കുകയോ അല്ലെങ്കിൽ വാടകരഹിക കെട്ടിടം ലഭിക്കുകയോ ചെയ്യുന്നമുറയ്ക്ക് സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം തുടങ്ങാനാണ് ബോർഡിന്റെ തീരുമാനം. എന്നാൽ മേൽ സൂചിപ്പിച്ചതുപ്രകാരം അനുയോജ്യമായ വാടകരഹിത കെട്ടിടമോ സ്ഥലമോ ഇതുവരെ ലഭ്യമായിട്ടില്ല. വാടകരഹിത കെട്ടിടംലഭ്യമാകുന്നമുറയ്ക്ക് മാത്രമേ മുണ്ടക്കുളം സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

## കുളനട സബ് സ്റ്റേഷൻ

220 (2569) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിലെ കുളനട പഞ്ചായത്തിൽ ഒരു സബ് സ്റ്റേഷൻ അനുവദിക്കുന്ന കാര്യത്തിന്റെ നിലവിലെ സ്ഥിതി എന്താണ്;

(ബി) മെഴുവേലി, കുളനട ഭാഗങ്ങളിലെ വോൾട്ടേജ്ക്ഷാമം പരിഹരിക്കുന്നതിന് കുളനട പഞ്ചായത്തിൽ സബ് സ്റ്റേഷൻ ആവശ്യമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ?

### ഉത്തരം

(എ & ബി) പത്തനംതിട്ട ജില്ലാതിർത്തിയായ കോട്ടയിലെ പ്രഭുറാം മിൽസിന്റെ അധീനതയിലുള്ള സ്ഥലത്തുകൂടി കടന്നുപോകുന്ന ഇടപ്പോൺ-കോഴഞ്ചേരി 66 കെ.വി. പ്രസരണ ലൈൻ 110 കെ.വി. നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതോടൊപ്പം പ്രഭുറാം മിൽസിന്റെ അധീനതയിലുള്ള സ്ഥലത്ത് ഒരു 110 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണവും വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നു. ഈ സ്റ്റേഷൻ യാഥാർത്ഥ്യമാകുമ്പോൾ നിർദ്ദിഷ്ട സബ്സ്റ്റേഷൻ 5 കി.മീറ്റർ ദൂരപരിധിയിലുള്ള മെഴുവേലി കുളനട പ്രദേശങ്ങളിൽ കൂടുതൽ ഗുണമേന്മയുള്ള വൈദ്യുതി വിതരണം നടത്താനാകും. എന്നാൽകൂടിയും കുളനടയ്ക്ക് സമീപം ഉള്ളനാട് ജംഗ്ഷനിൽ ഒരു 33 കെ.വി. സബ്സ്റ്റേഷൻ പരിഗണനയിലാണ്. അതിന്റെ സാങ്കേതിക പഠനം നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കുളത്തൂർ സബ് സ്റ്റേഷൻ

221 (2570) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ കുളത്തൂർ ഊരുട്ടുപോക്കിരിയിൽ സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് (33 കെ.വി.) ഏതെല്ലാം തരത്തിലുള്ള നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) കെ.എസ്.ഇ.ബി.ഡയറക്ടറു (ട്രാൻസ്മിഷൻ & സിസ്റ്റം ഓപ്പറേഷൻ)-ടെ 12-4-2018-ലെ D(T&SO)T1G1-TVM/2017-18/25 നമ്പർ കത്ത് പ്രകാരം സാങ്കേതിക പഠനം നടത്തിക്കഴിഞ്ഞോയെന്ന് വ്യക്തമാക്കാമോ;

(സി) സാങ്കേതിക പഠനത്തിൽ നിന്നും ഏതൊക്കെതരത്തിൽ ഉള്ള പ്രവർത്തനങ്ങൾ ആണ് നടത്തേണ്ടത് എന്ന് വിശദമാക്കാമോ;

(ഡി) 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണപ്രവർത്തികൾ 2019-20 വർഷത്തിൽ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; ഈ പ്രവർത്തികൾക്ക് എത്ര കോടി രൂപയാണ് ചെലവ് വരുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ കുളത്തൂർ ഊട്ടുപോക്കിരിയിൽ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പ്രാരംഭഘട്ടത്തിലാണ്.

(ബി) പ്രസ്തുത പദ്ധതിക്കായി സാങ്കേതിക പഠനം നടത്തുന്നതിന് വേണ്ടിയുള്ള വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

(സി) സാങ്കേതിക പഠനത്തിൽ താഴെപ്പറയുന്നവയെപ്പറ്റിയുള്ള വിശദമായ പഠനങ്ങളാണ് നടത്തിവരുന്നത്:

1. പ്രസ്തുത പദ്ധതിയിലൂടെ ഏതെല്ലാം പ്രദേശങ്ങളിലെ ഉപഭോക്താക്കൾക്ക് പ്രയോജനം ലഭിക്കും;
2. പ്രസ്തുത പദ്ധതി സാങ്കേതിക-സാമ്പത്തികപരമായി പ്രയോജന കരമാണോ;
3. പ്രസ്തുത പദ്ധതി നടപ്പിലാക്കിയാൽ പ്രദേശത്ത് ലഭിക്കുന്ന വൈദ്യുതി വോൾട്ടത എത്ര ശതമാനം വർദ്ധിപ്പിക്കാൻ സാധിക്കും;
4. പ്രസ്തുത പദ്ധതി നടപ്പിലാക്കിയാൽ പ്രദേശത്ത് വൈദ്യുത തടസ്സം എത്രമാത്രം ഒഴിവാക്കാൻ സാധിക്കും;
5. പ്രസരണ നഷ്ടം എത്രമാത്രം കുറയ്ക്കുവാൻ സാധിക്കും

(ഡി) സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ പദ്ധതി പ്രവർത്തനമാരംഭിക്കുന്നത് സംബന്ധിച്ച് തീരുമാനിക്കാൻ കഴിയുകയുള്ളൂ.

## ചെന്നിത്തല സബ്സ്റ്റേഷൻ

222(2571) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ കല്ലിശ്ശേരി 110 K.V. വൈദ്യുതി ലൈനിന്റെയും ചെന്നിത്തല സബ് സ്റ്റേഷൻ കെട്ടിടത്തിന്റെയും നിർമ്മാണത്തിൽ 2018-19 വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക എത്രയെന്ന് അറിയിക്കാമോ;

(ബി) ഈ പദ്ധതികളുടെ നിർവ്വഹണത്തിനായി കെ.എസ്.ഇ.ബി. സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(സി) പദ്ധതി പൂർത്തീകരണത്തിന് ബോർഡ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിവരിക്കാമോ?

ഉത്തരം

(എ) തുക വകയിരുത്തിയിട്ടില്ല.

(ബി&സി) ചെന്നിത്തലയിൽ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നത് സംബന്ധിച്ച് യാതൊരു തീരുമാനവും ഇതുവരെ ഉണ്ടായിട്ടില്ല.

## ഒറ്റപ്പാലം കടമ്പഴിപ്പുറത്ത് 33 കെ.വി. സബ്സ്റ്റേഷൻ

223 (2572) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ കടമ്പഴിപ്പുറത്ത് കെ.എസ്.ഇ.ബി.-യുടെ 33 കെ.വി സബ്സ്റ്റേഷൻ തുടങ്ങുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന്; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്ഥലത്തെ 33 കെ.വി സബ് സ്റ്റേഷൻ തുടങ്ങുന്നതിനുള്ള തീരുമാനത്തിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; എന്നേയ്ക്ക് ഇത് ഉദ്ഘാടനം ചെയ്യുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രീകൃഷ്ണപുരം കോങ്ങാട് 33 കെ.വി. ലൈനിൽ നിന്ന് പുതിയതായി ഏകദേശം ഒന്നര കി.മീറ്റർ ദൂരത്തിൽ 33 കെ.വി. ലൈൻ വലിച്ച്, രണ്ട് 11 കെ.വി. ഫീഡറുകളോടുകൂടി, 3.15 എം.പി.എ. കപ്പാസിറ്റിയുള്ള ഒരു ട്രാൻസ്ഫോർമർ സ്ഥാപിച്ച്, ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലുൾപ്പെടുന്ന കടമ്പഴിപ്പുറത്ത്, പുതിയതായി ഒരു 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി 4-7-2016-ൽ ഭരണാനുമതി ആയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് ഏകദേശം 150 ലക്ഷം രൂപ ചെലവുപ്രതീക്ഷിക്കുന്നു.

(ബി) പ്രസ്തുത സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി ജലസേചന വകുപ്പിന്റെ കീഴിലുള്ള 18 സെന്റ് സ്ഥലം അനുയോജ്യമായി കണ്ടെത്തുകയും സ്ഥലം കൈമാറ്റം ചെയ്യുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ജലസേചന വകുപ്പിൽ നിന്നും സ്ഥലം കൈമാറ്റം ചെയ്തുലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## കെ.എസ്.ഇ.ബി.എൽ.-ലെ സബ് എഞ്ചിനീയർ തസ്തികയിലേക്കുള്ള നിയമനം

224(2573) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യിൽ സബ് എഞ്ചിനീയർ തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെപ്പോൾ; പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി എപ്പോൾ അവസാനിക്കും;

(ബി) എത്ര ഒഴിവുകൾ ഇതുവരെയായി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; പുതുതായി എത്ര ഒഴിവുകൾ നിലവിലുണ്ട്;

(സി) ഒഴിവുകൾ യഥാസമയം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭ്യമാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ഇ.ബി.എൽ.-ലെ സബ് എഞ്ചിനീയർ തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് (30% ക്വാട്ട) 1-12-2015-ൽ നിലവിൽ വന്നു. 3-11-2018-ൽ കാലാവധി അവസാനിക്കും.

(ബി) ഇതുവരെയായി 611 ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിൽ ഒഴിവില്ല.

(സി) ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതുകൂടാതെ 22-11-2018-ന് സബ് എഞ്ചിനീയറിൽ നിന്ന് അസിസ്റ്റന്റ് എഞ്ചിനീയർമാരിലേയ്ക്ക് താല്ക്കാലിക പ്രൊമോഷൻ നൽകി ഉണ്ടായ താല്ക്കാലിക ഒഴിവിലേക്ക് 137 സബ് എഞ്ചിനീയർ തസ്തികകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിനുപുറമെ ബഹു. ഹൈക്കോടതിക്ക് മുമ്പാകെയുള്ള WA 814/2018, WA 896/2018, WP(C) No.24056/2018 എന്നീ കേസുകളിലെ അവസാന വിധിക്ക് വിധേയമായി ബഹു. ഹൈക്കോടതി നിർദ്ദേശിച്ച പ്രകാരം 220 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## കെ.എസ്.ഇ.ബി.എൽ.-ലെ കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന മസ്ദൂർ

225(2574) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-ൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന മസ്ദൂർ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിനായി കോടതി ഉത്തരവ് പ്രകാരം നടത്തിയ പി.എസ്.സി. പരീക്ഷയുടെ അടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ, പ്രായപരിധി കഴിഞ്ഞവർ, കൂടിയ വിദ്യാഭ്യാസ യോഗ്യത ഉള്ളവർ, ഇവരുടെ നിയമന സാധ്യത എന്നിവ ഇനംതിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ലിസ്റ്റിൽനിന്നും നിയമനം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുവരെയായിയെന്നും എത്രപേർക്ക് നിയമനം നൽകാനാകുമെന്നും വിശദമാക്കുമോ?

ഉത്തരം

(എ) നിയമനങ്ങൾ നടത്തിയിട്ടില്ല.

(ബി&സി) ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവരെക്കൂടി ഉൾപ്പെടുത്തിയും കമ്മ്യൂണൽ റൊട്ടേഷൻ/റിസർവ്വേഷൻ പാലിക്കുന്ന തരത്തിലും പാലക്കാട് ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെ ഐ.ഡി. 27/2002-ലെ പാര 48 (എ) & (ഡി)-ൽ പ്രതിപാദിക്കുന്ന പ്രായപരിധിയും പരിഗണിച്ചുകൊണ്ട് പുതിയ റാങ്ക് ലിസ്റ്റ് തയ്യാറാക്കുവാൻ സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ) 30-10-2018-ൽ പി.എസ്.സി.-ക്ക് കത്ത് നൽകിയിട്ടുണ്ട്.

## വൈദ്യുതി വകുപ്പിൽ വിവിധ തസ്തികകളിൽ നിയമനം

226(2575) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയനാട് ജില്ലയിൽ വൈദ്യുതി വകുപ്പിൽ എത്ര പേർക്ക് വിവിധ തസ്തികകളിൽ നിയമനം നൽകിയിട്ടുണ്ട്;

(ബി) മാനന്തവാടി സെക്ഷൻ ഓഫീസ് വിഭജിക്കാനുള്ള എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനമൊട്ടാകെ വ്യാപിച്ചുകിടക്കുന്ന കെ.എസ്.ഇ.ബി.എൽ.-ലെ വിവിധ കാര്യാലയങ്ങളിലേയ്ക്ക് ഇലക്ട്രിസിറ്റി വർക്കർ/മസ്ദൂർ തസ്തികയിലൊഴികെ ബാക്കി എല്ലാ തസ്തികകളിലേയ്ക്കുമുള്ള നിയമനങ്ങൾ സംസ്ഥാനാടിസ്ഥാനത്തിലാണ് നടത്തപ്പെടുന്നത്. നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ഇ.ബി.എൽ.-ലെ ജില്ലാടിസ്ഥാനത്തിൽ നിയമനം നടത്തുന്ന മസ്ദൂർ തസ്തികയിൽ വയനാട് ജില്ലയിലേയ്ക്ക് ഒരാൾക്ക് നിയമനം നൽകിയിട്ടുണ്ട്. സംസ്ഥാനാടിസ്ഥാനത്തിൽ നിയമനം നടത്തുന്ന തസ്തികകളിൽ നിന്ന് വയനാട് ജില്ലയിലെ കെ.എസ്.ഇ.ബി.എൽ.-ന്റെ വിവിധ കാര്യാലയങ്ങളിലേയ്ക്ക് നടത്തിയ നിയമന വിവരം തസ്തിക തിരിച്ച് ചുവടെ ചേർക്കുന്നു:

| നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 7 |
| 2 | അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ)<br>(26-5-2016-ന് നിയമന ഉത്തരവ് നൽകി നാളിതുവരെ ജോലിയിൽ പ്രവേശിച്ചിട്ടില്ല. ) | 1 |
| 3 | സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 14 |
| 4 | ജൂനിയർ അസിസ്റ്റന്റ് / കാഷ്യർ<br>(16-3-2018-ന് നിയമന ഉത്തരവ് നൽകി നാളിതുവരെ ജോലിയിൽ ഹാജരായിട്ടില്ല.) | 1 |
| 5 | മീറ്റർ റീഡർ (ആശ്രിത നിയമനം) | 1 |

നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിൽ ഒരു അസിസ്റ്റന്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഒരു പാർട്ട്-ടൈം സ്വീപ്പർ എന്നിവർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല. ആധുനിക സാങ്കേതികവിദ്യകൾകൂടി ഉപയോഗ

പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും വേണ്ടി ബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അതോടൊപ്പം നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണ സാധ്യതകളും ബോർഡ് പരിശോധിച്ചുവരികയാണ്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് മാനന്തവാടി സെക്ഷൻ ഓഫീസ് വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## കേരള ഹൈഡൽ ടൂറിസം പദ്ധതി

227(2576) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഹൈഡൽ ടൂറിസം പദ്ധതിയുടെ ഉദ്ദേശ്യവും ലക്ഷ്യവും വിശദമാക്കുമോ;

(ബി) വൈദ്യുതി ബോർഡിന്റെ കീഴിലുള്ള ഏതെല്ലാം ഡാമുകളിലാണ് ഹൈഡൽ ടൂറിസം പദ്ധതി ഇതിനകം നടപ്പിലാക്കിയിട്ടുള്ളത്;

(സി) സംസ്ഥാനത്തുണ്ടായ പ്രളയം ഹൈഡൽ ടൂറിസം പദ്ധതിയെ എപ്രകാരം ബാധിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ ഉടമസ്ഥതയിൽ 1955-ലെ ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് 1999-ൽ രൂപീകരിച്ച സ്ഥാപനമാണ് കേരള ഹൈഡൽ ടൂറിസം സെന്റർ. വൈദ്യുതി ബോർഡിന്റെ ഡാമുകളിലും അനുബന്ധ പ്രദേശങ്ങളിലും ടൂറിസം പ്രവർത്തനങ്ങൾ ആരംഭിച്ച് വരുമാനം ഉണ്ടാക്കുകയും ഡാം പ്രദേശങ്ങളിൽ നടത്തുന്ന ഭൂമി കയ്യേറ്റങ്ങൾ തടയുന്നതിനും ആദിവാസി മേഖലയിൽ നിന്നുള്ളവർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിച്ച് അവരുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുംവേണ്ടി ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന സ്ഥാപനമാണ് കേരള ഹൈഡൽ ടൂറിസം സെന്റർ. ഡാം കേന്ദ്രീകരിച്ചുള്ള ടൂറിസം പ്രവർത്തനങ്ങൾ വഴി കേരളത്തിലേക്ക് കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിച്ച് നമ്മുടെ ടൂറിസം മേഖല പരിപോഷിപ്പിക്കുക എന്നതാണ് കേരള ഹൈഡൽ ടൂറിസം സെന്ററിന്റെ പ്രധാന ഉദ്ദേശ്യം.

(ബി) കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ ഇടുക്കി, നാടുകാണി, മാട്ടുപ്പെട്ടി, ആനയിറങ്കൽ, ശെങ്കുളം, എക്കോപോയിന്റ്, മൂന്നാർ ഹൈഡൽ പാർക്ക്, വയനാട്ടിലെ ബാണാസുര സാഗർ, തിരുവനന്തപുരത്തെ ലോവർ മീൻമുട്ടി, നിലമ്പൂരിലെ അഡ്യൻപാറ എന്നീ ഡാമുകളിലാണ് ഹൈഡൽ ടൂറിസം നടപ്പിലാക്കി വരുന്നത്.

(സി) സാധാരണ ഗതിയിൽ ആഗസ്റ്റ് മുതൽ ജനവരി വരെയും ഏപ്രിൽ, മേയ് എന്നീ മാസങ്ങളിലുമാണ് ടൂറിസ്റ്റുകളുടെ തിരക്ക് അനുഭവപ്പെടുന്നത്. ഈ വർഷം മൂന്നാറിൽ നീലക്കുറിഞ്ഞി പൂക്കുന്നതിനാൽ ടൂറിസ്റ്റുകളുടെ ഇരട്ടി വർദ്ധനവാണ് പ്രതീക്ഷിച്ചിരുന്നത്. ടൂറിസ്റ്റുകളുടെ തിരക്ക് മുന്നിൽ കണ്ടുകൊണ്ട് ഹൈഡൽ പാർക്കിൽ വാഹന പാർക്കിംഗ് സുഗമമാക്കുന്നതിന് സ്റ്റീൽ ബ്രിഡ്ജ് ഉൾപ്പെടെ ടൂറിസ്റ്റുകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിരുന്നു. എന്നാൽ ആഗസ്റ്റ് മാസത്തിൽ കേരളത്തിലുണ്ടായ പ്രളയം ടൂറിസ്റ്റുകളുടെ വരവിനെ മോശമായി ബാധിക്കുകയും പ്രളയദുരന്തവും അതുമൂലമുണ്ടായ വരുമാന നഷ്ടവും കണക്കാക്കിയാൽ ഏകദേശം 25 കോടിയുടെ നഷ്ടം കേരള ഹൈഡൽ ടൂറിസം സെന്ററിന് ഉണ്ടായിട്ടുണ്ട്.

## കെ.എസ്.ഇ.ബി.എൽ.-ൽ ജോലി സ്ഥാനക്കയറ്റം

228(2577) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-2016 കാലഘട്ടത്തിൽ കെ.എസ്.ഇ.ബി.എൽ.-ൽ ജോലി ചെയ്തിരുന്ന കായികതാരങ്ങൾക്ക് ദേശീയ ചാമ്പ്യൻഷിപ്പുകൾ കരസ്ഥമാക്കിയതിന്റെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം നൽകിയിരുന്നോ ; എങ്കിൽ ആർക്കെല്ലാമെന്നും ഏതെല്ലാം കായിക ഇനങ്ങളിൽ പങ്കെടുത്തവർക്കാണ് സ്ഥാനക്കയറ്റം നൽകിയതെന്നും വിശദമാക്കുമോ;

(ബി) ഈ സർക്കാർ കെ.എസ്.ഇ.ബി.എൽ.-ൽ ജോലി ചെയ്തുവരുന്ന എത്ര സ്പോർട്സ് താരങ്ങൾക്ക് വിവിധ ഇനങ്ങളിൽ ദേശീയ ചാമ്പ്യൻഷിപ്പുകൾ കരസ്ഥമാക്കിയതിന്റെ പേരിൽ വിവിധ തസ്തികകളിൽ പ്രൊമോഷൻ നൽകിയിട്ടുണ്ട് ; ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ ; ഇവരുടെ പേരും വിവരവും സ്പോർട്സ് & ഗെയിംസിന്റെ ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(സി) ഫുട്ബോൾ കായികതാരമായ അഖിൽ സോമൻ, വോളിബോൾ താരമായ അനു ജെയിംസ് എന്നിവർ സന്തോഷ് ട്രോഫി, സീനിയർ നാഷണൽ എന്നീ മത്സരങ്ങളിൽ മെഡൽ നേടിയശേഷം പ്രൊമോഷൻ ലഭിക്കുവാൻ സമർപ്പിച്ച അപേക്ഷയിൽ എന്ത് തീരുമാനം ബോർഡ് എടുത്തു; വിശദമാക്കുമോ; ഇല്ലെങ്കിൽ അർഹമായ പ്രൊമോഷൻ കൊടുക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) 2015-ലെ ദേശീയ ഗെയിംസ് ബാസ്കറ്റ് ബോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കിയതിന്റെ അടിസ്ഥാനത്തിൽ എത്ര പേർക്ക് കെ.എസ്.ഇ.ബി.എൽ.-ൽ സ്ഥാനക്കയറ്റം നൽകിയെന്നറിയിക്കുമോ;

(ഇ) ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ഈ കായിക താരങ്ങൾക്ക് സ്ഥാനക്കയറ്റം നൽകിയത്; വിശദമാക്കുമോ; ഇവരുടെ പേര് തസ്തിക സഹിതം ലഭ്യമാക്കുമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) 2012-ൽ നടന്ന ദേശീയ സീനിയർ വോളിബോൾ ചാമ്പ്യൻഷിപ്പിൽ ജേതാക്കളായ കേരള ടീമിനെ പ്രതിനിധീകരിച്ച കെ.എസ്.ഇ.ബി.എൽ. പുരുഷ വോളിബോൾ ടീമംഗം ശ്രീ. അജേഷ് ടി.എസ്.-നും 2013-ൽ നടന്ന ദേശീയ സീനിയർ വോളിബോൾ ചാമ്പ്യൻഷിപ്പിൽ കിരീടം നേടിയ സംസ്ഥാന ടീമിനെ പ്രതിനിധീകരിച്ച കെ.എസ്.ഇ.ബി. പുരുഷ വോളിബോൾ ടീമംഗം ശ്രീ. ജൻഷാദ് യു.-വിനും ഇന്റർ നാഷണൽ ചാമ്പ്യൻഷിപ്പ് (2011-16), ബാസ്കറ്റ് ബോൾ (വനിത) ടീമംഗം കുമാരി ജിനി കെ.എസ്.-നും ഓഫീസ് അറ്റൻഡന്റിൽനിന്ന് ജൂനിയർ അസിസ്റ്റന്റ്/ കാഷ്യർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുകയുണ്ടായി.

(ബി) ഏഷ്യാകപ്പ് വനിതാ ബാസ്കറ്റ് ബോൾ ചാമ്പ്യൻഷിപ്പിൽ ബി ഡിവിഷൻ ജേതാക്കളായ ഇന്ത്യയെയും ദേശീയ സീനിയർ ചാമ്പ്യൻഷിപ്പിൽ ജേതാക്കളായ സംസ്ഥാനത്തെയും പ്രതിനിധീകരിച്ച കെ.എസ്.ഇ.ബി.എൽ. വനിതാ ബാസ്കറ്റ് ബോൾ ടീമംഗങ്ങളായ ശ്രീമതി ജീൻ പി. എസ്., ശ്രീമതി അഞ്ജന പി.ജി. എന്നിവർക്ക് സീനിയർ അസിസ്റ്റന്റായും ശ്രീമതി ഗ്രിമ മെർലിൻ വർഗ്ഗീസിന് ജൂനിയർ അസിസ്റ്റന്റായും സ്ഥാനക്കയറ്റം നൽകി. അതോടൊപ്പം ദേശീയ സീനിയർ ചാമ്പ്യൻഷിപ്പിൽ ജേതാക്കളായ കേരളത്തെ പ്രതിനിധീകരിച്ച കെ.എസ്.ഇ.ബി.എൽ വനിതാ ബാസ്കറ്റ് ബോൾ ടീമംഗങ്ങളായ ശ്രീമതി റോജാമോൾ ജി., ശ്രീമതി മിന്നു മരിയ ജോയി എന്നിവർക്ക് ജൂനിയർ അസിസ്റ്റന്റായി സ്ഥാനക്കയറ്റം നൽകുകയുണ്ടായി. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.*

(സി) സന്തോഷ് ട്രോഫി ദേശീയ ഫുഡ്ബോൾ ചാമ്പ്യൻഷിപ്പിൽ ജേതാക്കളായ കേരളത്തെ പ്രതിനിധീകരിച്ച കെ.എസ്.ഇ.ബി.എൽ. ഫുഡ്ബോൾ ടീമംഗം ശ്രീ. അഖിൽ സോമന് കെ.എസ്.ഇ.ബി. ലിമിറ്റഡിൽ കായിക താരങ്ങൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന പ്രത്യേക ആനുകൂല്യമനുസരിച്ച് ജൂനിയർ അസിസ്റ്റന്റായി സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. ദേശീയ സീനിയർ വോളിബോൾ ചാമ്പ്യൻഷിപ്പിൽ കിരീടം നേടിയ കേരളത്തെ പ്രതിനിധീകരിച്ച കെ.എസ്.ഇ.ബി.എൽ. വോളിബോൾ ടീമംഗം ശ്രീ. അനു ജയിംസിന് സ്ഥാനക്കയറ്റം നൽകുന്നത് സംബന്ധിച്ച വിഷയം ബോർഡിന്റെ പരിഗണനയിലാണ്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി & ഇ) 2015-ലെ ദേശീയ ഗെയിംസ് ബാസ്കറ്റ് ബോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കിയതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ആർക്കും സ്ഥാനക്കയറ്റം നൽകിയിട്ടില്ല. അതേ സമയം മെഡൽ ജേതാക്കളായ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കായിക താരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകിയിട്ടുണ്ട്.

**ഇടമലയാർ, ഇടുക്കി ഡാമുകൾ**

229(2578) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018 ജൂലൈ 15 മുതൽ ആഗസ്റ്റ് 15 വരെ ഓരോ ദിവസവും ഇടമലയാർ, ഇടുക്കി എന്നീ ഡാമുകളിൽ എത്ര ശതമാനം ജലം നിറഞ്ഞിരുന്നുവെന്നും എത്ര അളവിൽ വെള്ളം തുറന്ന് വിട്ടിട്ടുണ്ടെന്നും കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

2018 ജൂലൈ 15 മുതൽ ആഗസ്റ്റ് 15 വരെ ഇടമലയാർ, ഇടുക്കി ഡാമുകളിൽ ഉണ്ടായിരുന്ന വെള്ളത്തിന്റെ അളവും (ശതമാനത്തിൽ) തുറന്നുവിട്ട ജലത്തിന്റെ അളവും (MCM-മില്യൺ ക്യൂബിക് മീറ്ററിൽ) ചുവടെ ചേർക്കുന്നു:

| തീയതി | ഇടുക്കി ഡാം | | ഇടമലയാർ ഡാം | |
|---|---|---|---|---|
| | സ്റ്റോറേജ് (%) | തുറന്നുവിട്ട വെള്ളത്തിന്റെ അളവ് (MCM) | സ്റ്റോറേജ് (%) | തുറന്നുവിട്ട വെള്ളത്തിന്റെ അളവ് (MCM) |
| (1) | (2) | (3) | (4) | (5) |
| 15-7-2018 | 71.97 | 0 | 63.05 | 0 |
| 16-7-2018 | 74.59 | 0 | 66.71 | 0 |
| 17-7-2018 | 77.61 | 0 | 70.15 | 0 |
| 18-7-2018 | 79.53 | 0 | 73.03 | 0 |
| 19-7-2018 | 81.18 | 0 | 75.62 | 0 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 20-7-2018 | 82.67 | 0 | 77.78 | 0 |
| 21-7-2018 | 83.81 | 0 | 79.85 | 0 |
| 22-7-2018 | 84.66 | 0 | 81.54 | 0 |
| 23-7-2018 | 85.39 | 0 | 82.74 | 0 |
| 24-7-2018 | 86.22 | 0 | 84.49 | 0 |
| 25-7-2018 | 87.73 | 0 | 87.71 | 0 |
| 26-7-2018 | 89.23 | 0 | 89.14 | 0 |
| 27-7-2018 | 90.74 | 0 | 90.41 | 0 |
| 28-7-2018 | 91.49 | 0 | 91.07 | 0 |
| 29-7-2018 | 92.22 | 0 | 92.07 | 0 |
| 30-7-2018 | 92.88 | 0 | 92.81 | 0 |
| 31-7-2018 | 93.46 | 0 | 93.47 | 0 |
| 1-8-2018 | 93.91 | 0 | 94.77 | 0 |
| 2-8-2018 | 94.14 | 0 | 95.22 | 0 |
| 3-8-2018 | 94.26 | 0 | 95.51 | 0 |
| 4-8-2018 | 94.34 | 0 | 95.85 | 0 |
| 5-8-2018 | 94.33 | 0 | 96.01 | 0 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 6-8-2018 | 94.24 | 0 | 96.09 | 0 |
| 7-8-2018 | 94.21 | 0 | 96.28 | 0 |
| 8-8-2018 | 94.57 | 0 | 97.50 | 0 |
| 9-8-2018 | 96.05 | 0 | 102.53 | 1.49 |
| 10-8-2018 | 98.25 | 3.465 | 100.61 | 61.586 |
| 11-8-2018 | 98.34 | 49.187 | 99.87 | 36.369 |
| 12-8-2018 | 96.86 | 64.800 | 99.73 | 12.970 |
| 13-8-2018 | 95.54 | 64.800 | 99.52 | 28.435 |
| 14-8-2018 | 94.79 | 50.760 | 99.23 | 34.800 |
| 15-8-2018 | 96.18 | 46.260 | 100.40 | 44.800 |

## അനെർട്ട് സി-ഡാക് എന്ന സ്ഥാപനങ്ങളുമായി ഉണ്ടാക്കിയിട്ടുള്ള കരാർ

230(2579) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനെർട്ട്,സി-ഡാക് എന്ന സ്ഥാപനങ്ങളുമായി ഏതെല്ലാം പദ്ധതികളിൽ കരാർ ഉണ്ടാക്കിയിട്ടുണ്ട്; കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ കരാർ കാലാവധി എന്നാണ് അവസാനിപ്പിച്ചിട്ടുള്ളത്; എന്ത് തുക ഇതുവരെ നൽകി; തുക നൽകിയതിന്റെ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ; പദ്ധതികളുടെയും പ്രോജക്ടിന്റെയും ഇപ്പോഴത്തെ സ്ഥിതി വിശദീകരിക്കാമോ;

(സി) കെൽട്രോണുമായി ഏതെല്ലാം പദ്ധതികളിൽ കരാർ ഉണ്ടാക്കിയിട്ടുണ്ട്; കരാറിന്റെ പകർപ്പ് ലഭ്യമാക്കുമോ; തുക നൽകിയതിന്റെ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ; സി.എം.ഡി.മുഖേന താൽക്കാലിക നിയമനം ലഭിച്ച ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്നത് ഏത് സ്ഥാപനം മുഖേനയാണ്;

(ഡി) സി.എം.ഡി. മുഖേന താൽക്കാലിക നിയമനം ലഭിച്ച എത്ര ജീവനക്കാർ എത്ര പ്രാവശ്യം വിമാന മാർഗ്ഗം, എവിടെയെല്ലാം എത്ര പ്രാവശ്യം യാത്ര ചെയ്തിട്ടുണ്ട്; ഇവരുടെ പേരും തസ്തികയും ചെലവായ തുകയും പട്ടിക തിരിച്ച് ലഭ്യമാക്കുമോ; ഈ യാത്രയ്ക്ക് സർക്കാർ അനുമതി ലഭിച്ചിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) (1) ഇടുക്കി ജില്ലയിൽ രാമക്കൽമേട്ടിൽ അനെർട്ടിന് റവന്യൂ വകുപ്പിൽ നിന്നും ലഭിച്ച ഭൂമിയിൽ നൂതന സാങ്കേതികവിദ്യകൾ സ്ഥാപിക്കുകയും പരിചയപ്പെടുത്തുകയും ചെയ്യുന്നതിലേയ്ക്ക് ഭരണാനുമതി ലഭിച്ചിരുന്നു. ആദ്യഘട്ടമായി സോളാർ വിൻഡ് ഹൈബ്രിഡ് പവർ പ്ലാന്റ് സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്. അതിൽ ഒരു മെഗാവാട്ട് സോളാർ പവർ പ്ലാന്റാണ് ഈ വർഷം നടപ്പാക്കുന്നത്. കേന്ദ്ര സർക്കാർ സ്ഥാപനമായ സി-ഡാക്, കേരള സർക്കാർ സ്ഥാപനമായ കെൽട്രോൺ എന്നീ സ്ഥാപനങ്ങളുമായി ചേർന്നാണ് പദ്ധതിയുടെ ആദ്യഘട്ടം നടപ്പിലാക്കുന്നത്. അവരുമായി ഏർപ്പെട്ട കരാറിന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(2) ബാറ്ററി ഇന്റർവെൻഷൻ പവർ സപ്ലൈ അഥവാ ബാറ്ററി ഉൾക്കൊള്ളിച്ചുള്ള പ്രത്യേക ഗ്രിഡ് ബന്ധിത സോളാർ ഇൻവെർട്ടർ എന്ന പദ്ധതിക്കായി അനെർട്ടും സി-ഡാകും ചേർന്ന് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ടി കരാറിന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

(ബി) (1) <u>ഹൈബ്രിഡ് പവർ പ്ലാന്റ്</u>

ആദ്യഘട്ടത്തിലെ സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിന്റെ കരാർ ഉടമ്പടിയിൽ ഒപ്പുവച്ചത് 2017 ഒക്ടോബർ 19-ാം തീയതിയാണ്. എന്നാൽ കരാർ കാലാവധി തുടങ്ങുന്നത് കരാർ തുകയും 30% അഡ്വാൻസ് ലഭ്യമാക്കുന്ന തീയതി മുതലാണ്. ഇതിനായി കരാർ തുകയുടെ 30%-മായ 5,21,32,500 രൂപ നൽകിക്കൊണ്ടുള്ള 13-12-2017-ലെ എ.എഫ്. 890/R&D/ANERT/2017 നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ചിരുന്നെങ്കിലും (അനുബന്ധം)* ട്രഷറി നിയന്ത്രണം നിലനിന്നതിനാൽ 2018 മാർച്ച് മാസം മാത്രമാണ് തുക നൽകിയത്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഇത് പദ്ധതിയുടെ പ്രവർത്തനങ്ങൾ വൈകുവാൻ ഇടയാക്കി. കൂടാതെ അനെർട്ടിന് അനുവദിച്ച ഭൂമിയുമായി ബന്ധപ്പെട്ട് തർക്കങ്ങൾ ഉയരുകയും ഉടുമ്പഞ്ചോല തഹസീൽദാരുടെ നേതൃത്വത്തിൽ റീസർവ്വേ നടപടികൾ പൂർത്തിയാക്കുകയും ചെയ്യേണ്ടതായി വന്നു. ഇതിന് പുറമേ പ്രതികൂല കാലാവസ്ഥയെ തുടർന്ന് സ്ഥലത്ത് എത്തിച്ചേരുവാനുള്ള ബുദ്ധിമുട്ടുകളും ഉണ്ടായിരുന്നു. നിലവിൽ പവർ പ്ലാന്റിന്റെ ഫൗണ്ടേഷൻ ജോലികളും കൺട്രോൾ റൂമിന്റെ നിർമ്മാണവും പുരോഗമിക്കുന്നു. തുക നൽകിയ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. റീ സർവ്വേ നടപടികൾ പൂർത്തിയാക്കി നിർമ്മാണം പുനരാരംഭിച്ച ഭൂമിയിന്മേൽ വീണ്ടും ഉടമസ്ഥാവകാശ തർക്കം ഉണ്ടാവുകയും നിർമ്മാണം തടസ്സപ്പെടുന്ന സാഹചര്യവുമാണ് നിലവിലുള്ളത്. ഉടുമ്പൻചോല പോലീസ് സ്റ്റേഷനിൽ ഇത് സംബന്ധിച്ച് പരാതി നൽകുകയും ഇടുക്കി ജില്ലാ കളക്ടർ, ജില്ലാ പോലീസ് മേധാവി എന്നിവരുടെ അടിയന്തര ഇടപെടൽ ഉണ്ടാകണമെന്ന് കാണിച്ച് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്.

(2) ബാറ്ററി ഇന്റർവെൻഷൻ പവർ സപ്ലൈ അഥവാ ബാറ്ററി ഉൾക്കൊള്ളിച്ചുള്ള പ്രത്യേക ഗ്രിഡ് ബന്ധിത സോളാർ ഇൻവെർട്ടർ

ബാറ്ററി ഇന്റർവെൻഷൻ പവർ സപ്ലൈ അഥവാ ബാറ്ററി ഉൾക്കൊള്ളിച്ചുള്ള പ്രത്യേക ഗ്രിഡ് ബന്ധിത സോളാർ ഇൻവെർട്ടർ വികസിപ്പിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. കരാർ പ്രകാരം 2018 ഡിസംബർ വരെ പ്രസ്തുത പദ്ധതിക്ക് കാലാവധിയുണ്ട്. 14.95 ലക്ഷം രൂപ സി-ഡാക്കിന് നൽകി. തുക നൽകിയ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.* പദ്ധതി 85% പൂർത്തിയായിട്ടുണ്ട്.

(സി) കെൽട്രോൺ (ഐ.റ്റി. ബിസിനസ് ഗ്രൂപ്പ്) മുഖാന്തരം ഇലക്ട്രോണിക് മാർക്കറ്റ് പ്ലേസ് (www.buymysun.com), അനെർട്ടിന്റെ പ്രോഗ്രാം മാനേജ്മെന്റ് സിസ്റ്റം (PMS), കസ്റ്റമർ റിലേഷൻ മാനേജ്മെന്റ് (CRM) എന്നീ പോർട്ടലുകൾ വികസിപ്പിക്കുന്നതിന് കരാറിലേർപ്പെട്ടിട്ടുണ്ട്. കരാറുകളുടെയും തുക നൽകിയ ഉത്തരവുകളുടെയും പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.* അനെർട്ടിൽ സി.എം.ഡി. മുഖേന താൽക്കാലിക നിയമനം ലഭിച്ച ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്നത് അനെർട്ട് ആണ്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) സി.എം.ഡി. മുഖേന അനെർട്ടിൽ റിസർച്ച് ഫെല്ലോ ആയി താൽക്കാലിക നിയമനം ലഭിച്ച ശ്രീ. പി. വിനയ് എന്ന ജീവനക്കാരൻ ഔദ്യോഗിക ആവശ്യത്തി ലേയ്ക്കായി തിരുവനന്തപുരത്ത് നിന്നും ന്യൂഡൽഹിയിലേയ്ക്കും അതുപോലെതന്നെ തിരികെയും ഒരു തവണ വിമാന മാർഗ്ഗം യാത്ര ചെയ്തിട്ടുണ്ട്. ചെലവായ തുക 22,433 രൂപ. 13-8-2018-ലെ ജി.ഒ.(ആർറ്റി.) നമ്പർ 150/2018/ഊ.വ. പ്രകാരം ഈ യാത്രയ്ക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ടി സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

## പാമ്പാക്കുട ഇലക്ട്രിക് സെക്ഷൻ പരിധിയിലെ വൈദ്യുതി മുടക്കം

231(2580) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജക മണ്ഡലത്തിലെ ഊരമന 11 കെ. വി. ലൈനിൽ അടിക്കടി ഉണ്ടാകുന്ന സാങ്കേതിക തകരാറുകൾമൂലം പാമ്പാക്കുട ഇലക്ട്രിക് സെക്ഷൻ പരിധിയിൽ ദിനം പ്രതി വൈദ്യുതി മുടക്കം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയിരക്കണക്കിന് ഉപഭോക്താക്കളെ ബുദ്ധിമുട്ടിലാക്കുന്ന പ്രസ്തുത സെക്ഷനിലെ നിരന്തര വൈദ്യുതി മുടക്കം പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പിറവം നിയോജകമണ്ഡലത്തിലെ പാമ്പാക്കുട സെക്ഷൻ ഓഫീസിന്റെ പരിധിയിൽ കഴിഞ്ഞ ആഗസ്റ്റ് മാസത്തെ പ്രളയവും അതിനുശേഷം വന്ന ഗജ ചുഴലിക്കാറ്റുംമൂലം നിരവധി തവണ വൈദ്യുതി തടസ്സങ്ങൾ ഉണ്ടായിട്ടുണ്ട്. പാമ്പാക്കുട, ഊരമന, രാമമംഗലം എന്നീ ഭാഗങ്ങൾ ഫീഡ് ചെയ്യുന്ന പിറവം സബ് സ്റ്റേഷനിൽ നിന്നുള്ള ഊരമന 11 കെ.വി. ഫീഡർ ഭാഗികമായി ഇപ്പോൾ തകരാറിലാണ്. പുത്തൻകുരിശ് സബ് സ്റ്റേഷനിൽ നിന്നുള്ള കിങ്ങിണിമറ്റം 11 കെ.വി. ഫീഡറാണ് ഈ മേഖലയിൽ ഇപ്പോൾ ഫീഡ് ചെയ്യുന്നത്. മൂന്ന് സെക്ഷൻ ഓഫീസുകളുടെ പരിധിയിൽക്കൂടി വരുന്ന ഈ ഫീഡറിൽ അതാത് മേഖലയിൽ ഉണ്ടാകുന്ന എല്ലാ തകരാറുകളും ബാധിക്കാറുണ്ട്. ഈ താൽക്കാലിക സംവിധാനം മൂലമാണ് സാധാരണയിൽ കവിഞ്ഞ വൈദ്യുതി തടസ്സങ്ങൾ ഈ പ്രദേശത്ത് അനുഭവപ്പെടുന്നത്.

(ബി) ഇതിന് പരിഹാരമായി ഇപ്പോൾ ഊരമന ഭാഗത്ത് നാശം സംഭവിച്ച വൈദ്യുതി ലൈനുകൾക്ക് പകരമായി പുതുതായി പുനർനിർമ്മിച്ച് 1.4 കി.മീ. 11 കെ. വി. ലൈൻ അടുത്തുതന്നെ ചാർജ് ചെയ്യുന്നതാണ്. കൂടാതെ സമീപത്തുള്ള

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സബ് സ്റ്റേഷനുകളിൽനിന്നും കെ.വി. ഫീഡറുകൾ ഇന്റർലിങ്ക് ചെയ്ത് ഈ പ്രദേശത്തെ വൈദ്യുതി വിതരണ ശൃംഖല മെച്ചപ്പെടുത്താനുള്ള പ്രവൃത്തികളും നടന്നുവരുന്നു. ഈ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതോടുകൂടി ഈ പ്രദേശത്തെ വൈദ്യുതിവിതരണ സംവിധാനം മെച്ചപ്പെടുന്നതാണ്.

**സഹകരണ മേഖലയിലൂടെ സർക്കാർ സേവനങ്ങൾ**

232(2581) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. പി. കെ. ശശി :
ശ്രീ. വി. ജോയി :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയ സ്ഥാപനങ്ങളായ സഹകരണ പ്രസ്ഥാനത്തെ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ നടത്തിപ്പിനായുള്ള ഏജൻസി കളാക്കിത്തീർക്കുന്നതിന് പരിപാടിയുണ്ടോ; വിശദാംശം നൽകുമോ;

(ബി) ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നതിനും കെ.എസ്.ആർ.ടി.സി. പെൻഷൻ സ്വന്തം ഫണ്ട് ഉപയോഗിച്ച് വായ്പയായി നൽകുന്നതിനും നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(സി) ബ്ലേഡ് പലിശ സംവിധാനം ഉന്മൂലനം ചെയ്യുന്നതിനും മൈക്രോഫിനാൻസ് രംഗത്ത് നിലവിലുള്ള ദുഷ്പ്രവണതകൾ അവസാനിപ്പിക്കാനും ഉദ്ദേശിച്ചുള്ള മുറ്റത്തെ മുല്ല പദ്ധതിയുടെ വിശദാംശം അറിയിക്കാമോ;

(ഡി) പ്രവാസി പുനരധിവാസത്തോടൊപ്പം നാടിന്റെ വികസനവും സാധ്യമാക്കുന്നതിന് രൂപീകരിക്കുന്ന പ്രവാസി ക്ഷേമ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് അറിയിക്കാമോ?

ഉത്തരം

(എ) നിലവിൽ സംസ്ഥാന സർക്കാരിന്റെ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ വീട്ടിൽ നേരിട്ടെത്തിക്കുന്ന പദ്ധതി, കെ.എസ്.ആർ.ടി.സി.-യുടെ പെൻഷൻ വിതരണ പദ്ധതി എന്നിവ സഹകരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കിവരുന്നു.

(ബി) സംസ്ഥാന സർക്കാരിന്റെ സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതി സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ / സംഘങ്ങൾ വഴി സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ വകുപ്പ് നൽകുന്ന പട്ടിക അനുസരിച്ചുള്ള ഗുണഭോക്താക്കൾക്ക് നേരിട്ട്

വീട്ടിൽ എത്തിക്കുന്ന പദ്ധതി സഹകരണ വകുപ്പ് മുഖേനയാണ് നടപ്പാക്കുന്നത്. മേൽപദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് അനുവദിക്കുന്ന പെൻഷൻ തുക തദ്ദേശ സ്വയംഭരണ വകുപ്പ് ടി പദ്ധതിക്കായി ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർ ആരംഭിച്ചിട്ടുള്ള ട്രഷറിയിലെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിക്കുകയും ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർ പെൻഷൻ വിതരണം നടത്തുന്ന സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ/സംഘങ്ങൾക്ക് അവർ ട്രഷറിയിൽ ആരംഭിച്ചിട്ടുള്ള സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് തുക നൽകുകയും തദ്ദേശ സ്വയംഭരണ വകുപ്പ് നൽകുന്ന പട്ടിക പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് നേരിട്ട് വീട്ടിൽ ചെന്ന് ഇതിനായി ചുമതല നൽകിയിട്ടുള്ള സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ നൽകുകയാണ് ചെയ്തുവരുന്നത്. സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ ടി പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ അവലോകനം നടത്തുന്നതിനായി സഹകരണ സംഘം രജിസ്ട്രാർ അദ്ധ്യക്ഷനായും അഡീഷണൽ രജിസ്ട്രാർ സംസ്ഥാനതല നോഡൽ ആഫീസറുമായുള്ള ഒരു മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തിച്ചുവരുന്നു. ജില്ലാ തലത്തിലും താലൂക്ക് തലത്തിലും പദ്ധതി പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി മോണിറ്ററിംഗ് കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു.

ധനകാര്യ വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട സർക്കുലർ നിർദ്ദേശങ്ങൾ സഹകരണ സ്ഥാപനങ്ങൾക്ക് സഹകരണ സംഘം രജിസ്ട്രാർ നൽകിവരുന്നു. സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(ആർ.റ്റി.) 102/18/സഹ. തീയതി 19-2-2018 പ്രകാരം കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ 2018 ഫെബ്രുവരി മുതൽ 2018 ജൂലൈ വരെയുള്ള പെൻഷൻ വിതരണം ചെയ്യുന്നതിന് പ്രാഥമിക കാർഷിക സഹകരണ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് ഉത്തരവാകുകയും സർക്കാരിന്റെ 17-8-2018-ലെ ജി.ഒ.(ആർ.റ്റി.) നമ്പർ 516/18/സഹ. ഉത്തരവ് പ്രകാരം ടി കൺസോർഷ്യത്തിന്റെ കാലാവധി മാർച്ച് 2019 വരെ ദീർഘിപ്പിച്ച് ഉത്തരവായി ട്ടുള്ളതുമാണ്. ടി ഉത്തരവുകൾ പ്രകാരം നിലവിലുണ്ടായിരുന്ന കുടിശ്ശിക ഉൾപ്പെടെയുള്ള കെ.എസ്.ആർ.ടി.സി. പെൻഷൻ ഫെബ്രുവരി 2018 മുതൽ നവംബർ 2018 വരെ പ്രാഥമിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം മുഖേന വിതരണം നടത്തിയിട്ടുണ്ട്. ഇതിനായി പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ നിന്നും 745 കോടി രൂപ ശേഖരിക്കുകയും 351.68 കോടി രൂപ സംഘങ്ങൾക്ക് 10% പലിശ ഉൾപ്പെടെ തിരികെ നൽകുകയും ചെയ്തിട്ടുണ്ട്.

(സി) ബ്ലേഡ് പലിശക്കാർ എന്ന മഹാവിപത്ത് ഗ്രാമീണ മേഖലയിൽ ഉണ്ടാക്കുന്ന കഷ്ടനഷ്ടങ്ങൾക്ക് ഒരു പരിധിവരെ അറുതിവരുത്തുന്നതിനും സമൂഹത്തിന്റെ താഴേതട്ടിലുള്ളവർ, കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ

എന്നിവരെ ബ്ലേഡ് പലിശക്കാരിൽ നിന്നും രക്ഷിക്കുക, സഹകരണ പ്രസ്ഥാനത്തിന്റെ ജനങ്ങളോടുള്ള പ്രതിബദ്ധത ഉയർത്തിപ്പിടിക്കുകയും ജനങ്ങളിൽ കൂടുതൽ സാമ്പത്തിക സാക്ഷരത വളർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് ഗ്രാമീണ ലഘു വായ്പാ പദ്ധതിയായ "മുറ്റത്തെ മുല്ല". പദ്ധതി പ്രകാരം 1,000 രൂപ മുതൽ 25,000 രൂപ വരെയാണ് ഒരാൾക്ക് വായ്പയായി നൽകുന്നത്. വായ്പക്കാരിൽനിന്നും 12% പലിശ (നൂറ് രൂപയ്ക്ക് പ്രതിമാസം 1 രൂപ) മാത്രമാണ് ഈടാക്കുക. ഇതിൽനിന്നും 9% പലിശ പ്രാഥമിക കാർഷിക ബാങ്കുകളിൽ അടയ്ക്കണം. ബാക്കി കുടുംബശ്രീ യൂണിറ്റുകൾക്ക് / വായ്പാ ഇടപാട് നടത്തുന്ന യൂണിറ്റ് അംഗത്തിന് അവരുടെ ഉചിതമായ തീരുമാന പ്രകാരം എടുക്കാവുന്നതാണ്. പരമാവധി 52 ആഴ്ചകളായാണ് (ഒരു വർഷം) വായ്പ തിരിച്ചടയ്ക്കേണ്ടത്. അതായത് 1,000 രൂപ വായ്പ എടുത്ത ഒരാൾ ഒരു വർഷംകൊണ്ട് 52 ആഴ്ചകളിൽ തുല്യ ഗഡുക്കളായി 1,120 രൂപ തിരിച്ചടയ്ക്കണം.

വായ്പാ ആവശ്യക്കാരുടെ എണ്ണമനുസരിച്ച് ഓരോ വാർഡിലേയും ഒന്നുമുതൽ മൂന്നുവരെ കുടുംബശ്രീ യൂണിറ്റുകൾക്കാണ് വായ്പാ ചുമതല നൽകുക. കുടുംബശ്രീ അംഗങ്ങൾ അവരുടെ പ്രദേശത്തെ വായ്പാ ആവശ്യക്കാരുടെ വീട്ടിലെത്തി പണം നൽകും. ആഴ്ചതോറും വീടുകളിലെത്തി തിരിച്ചടവ് തുക സ്വീകരിക്കുകയും ചെയ്യും. വായ്പയുടെ തിരിച്ചടവ് ഉറപ്പുവരുത്തേണ്ടത് കുടുംബശ്രീ യൂണിറ്റുകളാണ്. ഇതിനായി കുടുംബശ്രീ യൂണിറ്റുകളും സഹകരണ സംഘങ്ങളും വായ്പാക്കാരനുമായി ഒരു ത്രികക്ഷി കരാറിൽ ഏർപ്പെടേണ്ടതാണ്. വായ്പാതുക കുടിശ്ശിക വരുത്തിയാൽ വായ്പാക്കാരനും കുടുംബശ്രീ അംഗവും ഒറ്റയ്ക്കും കൂട്ടായും ഉത്തരവാദികളായിരിക്കും. വായ്പാക്കാരിൽ നിന്നും തുക ഈടാക്കുവാൻ സംഘത്തിന് നിയമാനുസൃത നടപടികൾ സ്വീകരിക്കുവാൻ അധികാരമുണ്ടായിരിക്കും. കുടിശ്ശിക വായ്പ മൊത്തം വായ്പയുടെ 20%-ൽ അധികരിക്കുന്നപക്ഷം കുടുംബശ്രീ യൂണിറ്റുകളുടെ ക്യാഷ് ക്രെഡിറ്റ് വായ്പാ പരിധി തുടർ വർഷങ്ങളിൽ പുതുക്കി നൽകില്ല. പദ്ധതിയുടെ സുഗമവും സുതാര്യവും കാര്യ ക്ഷമവുമായ നടത്തിപ്പിനായി സംഘം/ജില്ലാ/സംസ്ഥാന തലത്തിൽ മോണിറ്ററിംഗ് കമ്മിറ്റികൾ പ്രവർത്തിക്കും. വിവിധ തലങ്ങളിൽ ഉണ്ടാകുന്ന പരാതികൾ പരിഹരിക്കേണ്ട ചുമതല മോണിറ്ററിംഗ് കമ്മിറ്റിക്കാണ്.

(ഡി) സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിദേശപണമായും നിക്ഷേപങ്ങളായും സഹായം പ്രദാനം ചെയ്യുന്നതിലൂടെ ഒരു സുപ്രധാന പങ്കുവഹിക്കുന്ന പ്രവാസി മലയാളികൾ, പ്രവാസം അവസാനിപ്പിച്ച് നാട്ടിൽ മടങ്ങിയെത്തുന്നവർ, വിദേശത്ത് തൊഴിൽ തേടിപോകാൻ ആഗ്രഹിക്കുന്നവർ തുടങ്ങി ഒരു വിഭാഗം ജനങ്ങളുടെ ക്ഷേമത്തിനായിട്ടാണ് പ്രവാസി ക്ഷേമ സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നത്. പ്രവാസി മലയാളികളുടെയും ഗൾഫ് റിട്ടേണികൾ, വിദേശത്ത്

തൊഴിൽ തേടിപ്പോകാൻ ആഗ്രഹിക്കുന്ന അഭ്യസ്ത വിദ്യരായവരുടെയും സാങ്കേതിക പരിശീലനം ലഭിച്ചവരുടെയും സ്കിൽഡ് ആന്റ് അൺസ്കിൽഡ് തൊഴിലാളികളായ പ്രവാസികൾ എന്നിവരുടെ തൊഴിൽ സ്ഥിരത, വരുമാന വർദ്ധനവ്, തൊഴിൽ സുരക്ഷിതത്വം, സാമ്പത്തിക സഹായം, ആരോഗ്യ സംരക്ഷണം തുടങ്ങിയവയാണ് പ്രധാനമായും ലക്ഷ്യമിടുന്നത്.

പ്രവാസികളായ അംഗങ്ങളുടെ സാമ്പത്തികവും സാമൂഹ്യവുമായ ക്ഷേമം, പാർപ്പിടം, പഠനം, തൊഴിൽ, വിവാഹം തുടങ്ങി ജീവിതത്തിന്റെ സമസ്ത മേഖലകളിലും അഭിവൃദ്ധിക്കും പുരോഗതിക്കും ഉതകുംവിധം വിവിധതരം ക്ഷേമ പദ്ധതികളും പ്രോജക്ടുകളും നടപ്പിലാക്കുക, സംസ്ഥാനത്തിന് വിദേശനാണ്യം നേടിത്തരുന്ന വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക, വിദേശത്ത് ജോലി തേടിപ്പോകുന്നവർക്കാവശ്യമായ സാമ്പത്തികവും സാങ്കേതികവും തൊഴിൽപരവും നിയമപരവുമായ സഹായങ്ങളും വിദഗ്ദ്ധ പരിശീലനവും നൽകുക, സർക്കാർ/പൊതുമേഖല/സ്വകാര്യ സ്ഥാപനങ്ങൾ, ഇതര സഹകരണ സ്ഥാപനങ്ങൾ എന്നിവയുമായി സഹകരിച്ച് ബിസിനസ് ട്രേഡ് കൂട്ടായ്മകൾ, ഗ്ലോബൽ മീറ്റുകൾ, കാർഷിക ട്രേഡ് ഫെസ്റ്റുകൾ എന്നിവ നടത്തുക, പ്രവാസികളുടെ മക്കൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിനുള്ള പദ്ധതികളും സഹായങ്ങളും ലഭ്യമാക്കുക, പ്രവാസ ജീവിതം മതിയാക്കി മടങ്ങിയെത്തുന്ന പ്രവാസികൾക്ക് സ്വന്തമായി വസ്തു വാങ്ങുന്നതിനും കെട്ടിടം പണിയുന്നതിനും ചെറുകിട വ്യാപാര വാണിജ്യ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനും ആവശ്യമായ സാമ്പത്തിക സഹായങ്ങളും ഇതര സഹായങ്ങളും ലഭ്യമാക്കുന്നതോടൊപ്പം അവരുടെ പുനരധിവാസത്തിനാവശ്യമായ നിയമപരമായ എല്ലാതരം പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടപ്പാക്കുക എന്നതാണ് പ്രവാസി ക്ഷേമ സഹകരണ സംഘങ്ങളുടെ പ്രധാന പ്രവർത്തനങ്ങൾ.

## നോട്ട് നിരോധനംമൂലം സഹകരണ മേഖലയിലുണ്ടായ പ്രശ്നങ്ങൾ

233(2582) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നോട്ട് നിരോധനം മൂലം സഹകരണ മേഖലയിലുണ്ടായിരുന്ന പ്രശ്നങ്ങൾ പൂർണ്ണമായും അതിജീവിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) മുൻ വർഷങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ നിക്ഷേപ സമാഹരണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ;വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നോട്ട് നിരോധനംമൂലം സഹകരണ മേഖലയിൽ ഉണ്ടായിരുന്ന പ്രശ്നങ്ങൾ പൂർണ്ണമായും അതിജീവിക്കാൻ കഴിഞ്ഞിട്ടില്ല. നോട്ട് നിരോധനം വായ്പാ തിരിച്ചടവിനെ സാരമായി ബാധിക്കുകയും ആയത് വഴി കുടിശ്ശിക വർദ്ധിക്കാൻ ഇടയാവുകയും ചെയ്തിട്ടുണ്ട്.

(ബി) സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ പ്രവർത്തനത്തിന് മതിയായ ഫണ്ട് സമാഹരിക്കുക എന്ന ലക്ഷ്യത്തോടെയാണ് നിക്ഷേപ സമാഹരണ യജ്ഞം സംഘടിപ്പിച്ചുവരുന്നത്. നോട്ട് നിരോധനത്തെ തുടർന്ന് 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 31 വരെ നടന്ന നിക്ഷേപ സമാഹരണത്തിന് ടാർജറ്റ് നിശ്ചയിച്ച് നൽകിയിരുന്നില്ല. ഈ കാലയളവിൽ സഹകരണ മേഖലയിൽ നിക്ഷേപത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് കാര്യമായ കുറവ് സംഭവിച്ചിരുന്നു. എന്നിരുന്നാലും നോട്ട് നിരോധനം വഴി സംജാതമായ നിക്ഷേപങ്ങളിലെ കുറവ് ഇപ്പോൾ പരിഹരിക്കപ്പെടുകയും നിക്ഷേപം വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്.

**പ്രളയംമൂലം സഹകരണ ബാങ്കുകൾക്കുണ്ടായ നാശനഷ്ടം**

234(2583) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയംമൂലം സംസ്ഥാനത്തെ സഹകരണ ബാങ്കുകൾക്ക് എന്തൊക്കെ നാശനഷ്ടങ്ങളാണ് ഉണ്ടായിട്ടുള്ളത്; എത്ര കോടി രൂപയാണ് ഇതുവഴി നഷ്ടമായത്;

(ബി) സഹകരണ ബാങ്കിൽനിന്നും വായ്പ എടുത്ത് പ്രളയത്താൽ ദുരിതമനുഭവിക്കുന്നവർക്ക് തിരിച്ചടവിന് സാവകാശം നൽകാൻ എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ബാങ്കുകൾക്ക് വെള്ളപ്പൊക്കംമൂലം ഉണ്ടായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം ലഭിക്കാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രളയംമൂലം സംസ്ഥാനത്തെ സഹകരണ ബാങ്കുകൾക്ക് അവയുടെ ആഫീസ് കെട്ടിടങ്ങൾ, ഗോഡൗണുകൾ, ലോക്കറുകൾ, കൗണ്ടറുകൾ, കമ്പ്യൂട്ടറുകൾ, ഫർണിച്ചർ, വാഹനങ്ങൾ, വൈദ്യുതീകരണ സാമഗ്രികൾ, സി.സി.ടി.വി., ഫോട്ടോസ്റ്റാറ്റ് മെഷീൻ, ബുക്സ്, രജിസ്റ്ററുകൾ, പ്രാഥമിക ബാങ്കിന്റെ കൺസ്യൂമർ സ്റ്റോറിൽ സൂക്ഷിച്ചിരുന്ന ഉപഭോക്തൃ സാധനങ്ങൾ, കാർഷിക വളം, കൊയ്ത്ത് മെതി യന്ത്രം, റബ്ബർ ഷീറ്റുകൾ, നീതി സ്റ്റോറുകളിൽ സൂക്ഷിച്ചിരുന്ന മരുന്നുകൾ തുടങ്ങിയവ ഉൾപ്പെടുന്ന വിവിധങ്ങളായ സാധന സാമഗ്രികളുടെ നാശനഷ്ടമുണ്ടായിട്ടുണ്ട്. ഇതുവഴി സംസ്ഥാനത്തെ പ്രാഥമിക സഹകരണ ബാങ്കുകൾക്ക് മാത്രമായി ആകെ 11.188 കോടി രൂപയുടെ നഷ്ടവും സഹകരണ ബാങ്കുകൾ ഉൾപ്പെടെയുള്ള വിവിധ സഹകരണ സ്ഥാപനങ്ങൾക്ക് ആകെ 33.69 കോടി രൂപയുടെ നാശനഷ്ടവും ഉണ്ടായിട്ടുണ്ട്.

(ബി) ഉണ്ട്. സഹകരണ ബാങ്കിൽനിന്നും വായ്പ എടുത്തിട്ടുള്ള അംഗങ്ങളുടെ കാർഷിക കടങ്ങൾക്ക് 31-7-2018 മുതൽ ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. പ്രളയബാധിത പ്രദേശമായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പ്രദേശങ്ങളിലെ അംഗങ്ങൾ എടുത്തിട്ടുള്ള കാർഷിക കടങ്ങൾക്കാണ് പ്രസ്തുത ആനുകൂല്യം ലഭിക്കുന്നത്. മൊറട്ടോറിയം കാലാവധിയിൽ പിഴപ്പലിശ ഈടാക്കുന്നതല്ല. മൊറട്ടോറിയം കാലാവധിയിൽ നിലവിലുള്ള നിശ്ചിത നിരക്കിലുള്ള പലിശ ബന്ധപ്പെട്ട സഹകരണ സംഘം/ ബാങ്കിന് മൊറട്ടോറിയം കാലാവധിക്ക് ശേഷം ഈടാക്കാവുന്നതാണ്. എന്നാൽ സഹകരണ സ്ഥാപനം / ബാങ്ക് സ്വന്തം ഫണ്ട് ഉപയോഗിച്ച് നൽകുന്ന വായ്പകളുടെ മേൽകാലയളവിലുള്ള പലിശ അതത് സ്ഥാപനങ്ങളുടെ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമെങ്കിൽ ഇളവ് ചെയ്ത് കൊടുക്കാവുന്നതാണ്.

(സി) വെള്ളപ്പൊക്കത്തിൽ നാശനഷ്ടങ്ങൾ ഉണ്ടായ സഹകരണ ബാങ്കുകളുടെ പുനരുദ്ധാരണത്തിനായി ലഭിച്ച ശിപാർശകളിന്മേൽ ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

## ജില്ലാ സഹകരണ ബാങ്കുകളുടെ ലയനം

235(2584) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകൾ ഉൾപ്പെടെയുള്ളവ കേരള ബാങ്കിൽ ലയിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഇതേവരെ സ്വീകരിച്ചിട്ടുള്ളത്?

### ഉത്തരം

സംസ്ഥാനത്തെ ഹ്രസ്വകാല വായ്പ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽ നിന്നും ദ്വിതല സമ്പ്രദായത്തിലേയ്ക്ക് പുനർക്രമീകരിച്ച് ഒരു പുതിയ ബാങ്ക് രൂപീകരിക്കുന്നതിന് 19 വ്യവസ്ഥകളോടെ ആർ.ബി.ഐ. തത്വത്തിലുള്ള അംഗീകാരം നൽകിയിട്ടുണ്ട്. ടി വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് നബാർഡ് മുഖേന അന്തിമ അനുമതിക്ക് സമീപിക്കാനാണ് ആർ.ബി. ഐ. നിർദ്ദേശിച്ചിട്ടുള്ളത്. റിസർവ് ബാങ്ക് മുന്നോട്ടുവച്ചിട്ടുള്ള നിർദ്ദേശങ്ങൾ പാലിച്ച് അന്തിമ അനുമതി ലഭ്യമാക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾ നടത്തുന്നതിന് 15 സബ് കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം പുരോഗമിച്ചുവരുന്നു. നിബന്ധനകൾ പാലിച്ച് സമയബന്ധിതമായി കേരള ബാങ്കിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

## കാർഷിക വായ്പകൾക്ക് മൊറട്ടോറിയം

236(2585) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസ് സഹകരണ ബാങ്കുകളിൽനിന്നും ഹ്രസ്വകാല കാർഷിക വായ്പയെടുത്തശേഷം കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് സംസ്ഥാന സർക്കാർ നൽകുന്ന പലിശയിളവ് എത്രയാണെന്ന് വ്യക്തമാക്കാമോ; കേന്ദ്രസർക്കാർ നൽകുന്ന പലിശയിളവ് എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഏത് വർഷം മുതലാണ് പലിശയിളവ് നൽകി തുടങ്ങിയതെന്ന് വ്യക്തമാക്കാമോ;

(സി) വായ്പ തിരിച്ചടയ്ക്കുന്ന കർഷകരിൽനിന്നും പലിശയിളവ് കഴിഞ്ഞുള്ള തുകയാണോ ഈടാക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) കർഷകരിൽനിന്നും 7% പലിശ ഈടാക്കുന്ന ഏതെങ്കിലും സഹകരണ ബാങ്കുകൾ ഉണ്ടോ; ഉണ്ടെങ്കിൽ അവയുടെ പേര് വ്യക്തമാക്കാമോ;

(ഇ) കേരളത്തിൽ 2018-ൽ ഉണ്ടായ മഹാപ്രളയയവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച മൊറട്ടോറിയം 2019 മാർച്ച് 31 വരെ തിരിച്ചടവുള്ള കാർഷിക വായ്പകൾക്ക് ബാധകമാണോ; ബാധകമല്ലെങ്കിൽ ഈ മൊറട്ടോറിയം ലഭിക്കുന്നതിന് പ്രത്യേക മാനദണ്ഡം ഉണ്ടോ; വിശദമാക്കുമോ?

### ഉത്തരം

(എ) സർവ്വീസ് സഹകരണ ബാങ്കുകളിൽനിന്നും ഹ്രസ്വകാല കാർഷിക വായ്പയെടുത്ത ശേഷം കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് സംസ്ഥാന സർക്കാർ 4% പലിശയിളവും കേന്ദ്ര സർക്കാർ നബാർഡ് മുഖേന 3% പലിശയിളവും നൽകിവരുന്നു.

(ബി) മേൽപദ്ധതി പ്രകാരമുള്ള പലിശ ഇളവ് 2011-12 സാമ്പത്തിക വർഷം മുതലാണ് ആരംഭിച്ചത്.

(സി) യഥാസമയം വായ്പ അടയ്ക്കുന്നവരിൽനിന്നും മുതൽ തുക മാത്രം ഈടാക്കുന്നതിന് രജിസ്ട്രാർ സർക്കുലർ മുഖേന സംഘങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ചില സംഘങ്ങളിൽ വായ്പ തിരിച്ചടവ് വേളയിൽ പലിശ ഈടാക്കുകയും പിന്നീട് സർക്കാരിൽനിന്നും ലഭിക്കുന്നമുറയ്ക്ക് തിരികെ നൽകിവരുന്നുമുണ്ട്.

(ഡി) സംസ്ഥാനത്തെ ചില ജില്ലകളിലെ സഹകരണ ബാങ്കുകൾ കർഷകരിൽ നിന്നും 7% പലിശ ഈടാക്കുന്നുണ്ട്. അവയുടെ പേര് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഇ) ബാധകമാണ്. സഹകരണ സംഘം രജിസ്ട്രാറുടെ 15-10-2018-ലെ 51/18 നമ്പർ സർക്കുലർ പ്രകാരം സഹകരണ സംഘങ്ങൾ വഴി നൽകിയിട്ടുള്ള കാർഷിക വായ്പകൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളിൽനിന്ന് എടുത്തിട്ടുള്ള കാർഷിക കടങ്ങൾക്ക് 31-7-2018 മുതൽ ഒരു വർഷത്തേക്കാണ് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുള്ളത്.

**കേരള ബാങ്ക് രൂപീകരണ ഉത്തരവുകൾ**

237(2586) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് തുടങ്ങുന്നതിനായി കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ കേന്ദ്രസർക്കാരിന്റെയും ആർ.ബി.ഐ.-യുടെയും അനുമതി ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) കേരള ബാങ്ക് തുടങ്ങുമ്പോൾ സഹകരണമേഖലയിലെ മറ്റ് ബാങ്കുകൾക്ക് ഉണ്ടാകുന്ന പ്രശ്നങ്ങളെപ്പറ്റി ഏതെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പഠന റിപ്പോർട്ട് ലഭ്യമാക്കുമോ?

ഉത്തരം

(എ) ആർ.ബി.ഐ.-യുടെ തത്വത്തിലുള്ള അനുമതി ലഭിച്ചിട്ടുണ്ട്. ആർ.ബി.ഐ. ചീഫ് ജനറൽ മാനേജരുടെ 3-10-2018-ലെ DCBR.CO.RCBD NO.1007/19.51.007/2018-19 നമ്പർ കത്തിന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു.*

(ബി) ഇല്ല. കേരള ബാങ്ക് രൂപീകരിക്കപ്പെടുമ്പോൾ സഹകരണ മേഖലയുടെ സർവ്വതോന്മുഖമായ വികസനവും വളർച്ചയും ഉണ്ടാകുമെന്നാണ് കണക്കുകൂട്ടിയിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കേരള ബാങ്ക് വ്യവസ്ഥകൾ

238(2587) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കാനുള്ള സർക്കാർ തീരുമാനത്തിന് കർശന വ്യവസ്ഥകൾക്ക് വിധേയമായാണോ ആർ.ബി.ഐ. അംഗീകാരം നൽകിയിരിക്കുന്നത്;

(ബി) ആർ.ബി.ഐ. വ്യവസ്ഥ ചെയ്ത സമയപരിധിക്കുള്ളിൽ പ്രസ്തുത വ്യവസ്ഥകളെല്ലാം പാലിക്കുവാൻ സർക്കാരിന് സാധിക്കുമോ; വിശദാംശങ്ങൾ നൽകാമോ;

(സി) ആർ.ബി.ഐ വ്യവസ്ഥകൾ പാലിക്കുവാനായി സർക്കാർ ഓർഡിനൻസ് പുറപ്പെടുവിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഹ്രസ്വകാല വായ്പ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽ നിന്നും ദ്വിതല സമ്പ്രദായത്തിലേക്ക് പുനഃക്രമീകരിച്ച് ഒരു പുതിയ ബാങ്ക് രൂപീകരിക്കുന്നതിന് 19 വ്യവസ്ഥകളോടെ ആർ.ബി.ഐ. തത്വത്തിലുള്ള അംഗീകാരം നൽകിയിട്ടുണ്ട്. ടി വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് നബാർഡ് മുഖേന അന്തിമ അനുമതിക്ക് സമീപിക്കാനാണ് ആർ.ബി.ഐ. നിർദ്ദേശിച്ചിട്ടുള്ളത്.

(ബി & സി) റിസർവ് ബാങ്ക് മുന്നോട്ട് വച്ചിട്ടുള്ള വ്യവസ്ഥകൾ പാലിച്ച് അന്തിമ അനുമതി ലഭ്യമാക്കുന്നതിനുവേണ്ടി പ്രവർത്തനങ്ങൾ നടത്തുന്നതിന് 15 സബ് കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം പുരോഗമിച്ചുവരുന്നു. നിബന്ധനകൾ പാലിച്ച് സമയബന്ധിതമായി കേരള ബാങ്കിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് ആർ.ബി.ഐ.-യെ സമീപിക്കുന്നതാണ്.

## കേരള ബാങ്കിന്റെ രൂപീകരണ നടപടികൾ

239(2588) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിന്റെ രൂപീകരണ നടപടിയിൽ എല്ലാ ജില്ലാ സഹകരണ ബാങ്കുകളുടെയും അനുകൂല തീരുമാനം ലഭിച്ചിട്ടുണ്ടോ;

(ബി) എല്ലാ ജില്ലാ സഹകരണ ബാങ്കുകളുടെയും അനുകൂല തീരുമാനം ലഭിച്ചിട്ടില്ലെങ്കിൽ കേരള ബാങ്ക് രൂപീകരിക്കുന്നതിന് മറ്റെന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ ഹ്രസ്വകാല വായ്പ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽ നിന്നും ദ്വിതല സമ്പ്രദായത്തിലേക്ക് പുനർ ക്രമീകരിച്ച് ഒരു പുതിയ ബാങ്ക് രൂപീകരിക്കുന്നതിന് 19 വ്യവസ്ഥകളോടെ ആർ.ബി.ഐ. തത്വത്തിലുള്ള അംഗീകാരം നൽകിയിട്ടുണ്ട്. ടി വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് നബാർഡ് മുഖേന അന്തിമ അനുമതിക്ക് സമീപിക്കാനാണ് ആർ.ബി.ഐ. നിർദ്ദേശിച്ചിട്ടുള്ളത്. റിസർവ് ബാങ്ക് മുന്നോട്ടുവച്ചിട്ടുള്ള വ്യവസ്ഥകൾ പാലിച്ച് അന്തിമ അനുമതി ലഭ്യമാക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾ നടത്തുന്നതിന് 15 സബ് കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം പുരോഗമിച്ചുവരുന്നു. നിബന്ധനകൾ പാലിച്ച് സമയബന്ധിതമായി കേരള ബാങ്കിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

## കേരള ബാങ്ക് പ്രവർത്തനം

240(2589) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റിസർവ് ബാങ്കിന്റെ അനുമതി കിട്ടിയതിനാൽ കേരള ബാങ്ക് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനം ഈ വർഷം തന്നെ ആരംഭിക്കാൻ കഴിയുമോ; വ്യക്തമാക്കാമോ?

ഉത്തരം

സംസ്ഥാനത്തെ ഹ്രസ്വകാല വായ്പ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽനിന്നും ദ്വിതല സമ്പ്രദായത്തിലേയ്ക്ക് പുനർക്രമീകരിച്ച് ഒരു പുതിയ ബാങ്ക് രൂപീകരിക്കുന്നതിന് 19 വ്യവസ്ഥകളോടെ ആർ.ബി.ഐ. തത്വത്തിലുള്ള അംഗീകാരം നൽകിയിട്ടുണ്ട്. ടി വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് നബാർഡ് മുഖേന അന്തിമ അനുമതിക്ക് സമീപിക്കാനാണ് ആർ.ബി.ഐ. നിർദ്ദേശിച്ചിട്ടുള്ളത്. റിസർവ് ബാങ്ക് മുന്നോട്ടുവച്ചിട്ടുള്ള വ്യവസ്ഥകൾ പാലിച്ച് അന്തിമ അനുമതി ലഭ്യമാക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾ നടത്തുന്നതിന് 15 സബ് കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം പുരോഗമിച്ചുവരുന്നു. നിബന്ധനകൾ പാലിച്ച് സമയബന്ധിതമായി കേരള ബാങ്കിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

## കേരളാ ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട ലയന വ്യവസ്ഥകൾ

241(2590) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. കെ. രാജൻ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും ലയിച്ചു ണ്ടാകാൻ പോകുന്ന കേരള ബാങ്ക് എന്ന സ്ഥാപനം സംബന്ധിച്ച റിസർവ് ബാങ്കിന്റെയും നബാർഡിന്റെയും നിലപാടുകൾ വിശദമാക്കുമോ;

(ബി) ഇപ്രകാരം സഹകരണ ബാങ്കുകളുടെ ലയനത്തിനായി നബാർഡ് മുന്നോട്ടുവച്ച ഉപാധികൾ വിശദമാക്കുമോ;

(സി) സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടെയും നിഷ്ക്രിയ ആസ്തികളുടെ തോത് വ്യക്തമാക്കുമോ; ഉയർന്ന നിഷ്ക്രിയ ആസ്തിയുടെയും കിട്ടാക്കടത്തിന്റെയും തോത് റിസർവ് ബാങ്കിന്റെ അനുമതി ലഭ്യമാക്കുന്നതിൽ തടസ്സമാകുന്നുണ്ടോ ;

(ഡി) ലയനശേഷം കേരള ബാങ്കിന്റെ മൂലധനപര്യാപ്തത, നെറ്റ്‌വർത്ത് എന്നിവ റിസർവ് ബാങ്ക് ആവശ്യപ്പെടുന്ന മാനദണ്ഡങ്ങളിൽ നിന്ന് കുറവാണെങ്കിൽ പ്രസ്തുത കുറവ് നികത്തുന്നതിന് സർക്കാർ തയ്യാറാകുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഹ്രസ്വകാല വായ്പ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽനിന്നും ദ്വിതല സമ്പ്രദായത്തിലേക്ക് പുനർ ക്രമീകരിച്ച് ഒരു പുതിയ ബാങ്ക് രൂപീകരിക്കുന്നതിന് 19 വ്യവസ്ഥകളോടെ ആർ.ബി.ഐ. തത്വത്തിലുള്ള അംഗീകാരം നൽകിയിട്ടുണ്ട്. ടി വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് നബാർഡ് മുഖേന അന്തിമ അനുമതിക്ക് സമീപിക്കാനാണ് ആർ.ബി.ഐ. നിർദ്ദേശിച്ചിട്ടുള്ളത്. കേരള സഹകരണ ബാങ്ക് രൂപീകരണത്തിനായി റിസർവ് ബാങ്ക് മുന്നോട്ടുവച്ചിട്ടുള്ള വ്യവസ്ഥകൾ അനുബന്ധമായി ചേർക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) സഹകരണ ബാങ്കുകളുടെ ലയനത്തിനായി നബാർഡ് പ്രത്യേകമായി ഉപാധികൾ ഒന്നും വച്ചിട്ടില്ല.

(സി) സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ ബാങ്കുകളുടെയും മൊത്തത്തിലുള്ള നിഷ്ക്രിയ ആസ്തി റിസർവ് ബാങ്ക് നിഷ്കർഷിക്കുന്ന പരിധിക്ക് അകത്താണ്. കൂടാതെ നിഷ്ക്രിയ ആസ്തികൾ പരമാവധി കുറച്ചുകൊണ്ടുവന്ന് കിട്ടാക്കടങ്ങൾ നിയമ നടപടികളിലൂടെ പരമാവധി പിരിച്ചെടുക്കുവാനും നടപടി സ്വീകരിച്ചുവരുന്നു. ആയത് കാരണം ഇങ്ങനെ ഒരു തടസ്സമുണ്ടാകാനുള്ള സാധ്യതയില്ല.

(ഡി) നിലവിലുള്ള കണക്കനുസരിച്ച് കേരള ബാങ്ക് രൂപീകരിക്കുമ്പോൾ ബാങ്കിന്റെ മൂലധന പര്യാപ്തത, നെറ്റ്‌വർത്ത് എന്നിവ ആർ.ബി.ഐ. നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ട്.

## ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനം

242(2591) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരണത്തോടനുബന്ധിച്ച് നിയോഗിച്ച ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് അവസാനിപ്പിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ടാസ്ക് ഫോഴ്സിൽ കരാർ അടിസ്ഥാനത്തിലും ദിവസവേതനാടിസ്ഥാനത്തിലും നിയമിച്ചിരുന്ന ജീവനക്കാരുടെ എണ്ണം, അവരുടെ വിശദാംശം തസ്തിക സഹിതം നൽകുമോ;

(സി) കേരള ബാങ്കുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കായി ടാസ്ക് ഫോഴ്സിന് പകരം സംസ്ഥാന സഹകരണ ബാങ്കിൽ പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത സെല്ലിലേക്ക് ടാസ്ക് ഫോഴ്സിൽ നിയമിച്ചിരുന്ന ദിവസ വേതനക്കാരെയും, കരാർ ജീവനക്കാരെയും വീണ്ടും നിയമിച്ച് ഉത്തരവായിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) 31-10-2018-ന് ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനം അവസാനിപ്പിച്ചു.

(ബി) <u>കരാർ നിയമനം</u>

1. വി. ആർ. രവീന്ദ്രനാഥ് (ചെയർമാൻ)
2. പ്രതാപ് ആർ. മേനോൻ (ഐ.ടി. അംഗം)
3. കെ. വി. പ്രഭാകര മാരാർ (അംഗം - സഹകരണം)

4. ഇ. കെ. ഹരികുമാർ (അംഗം - ബാങ്കിംഗ്)
5. ജോസ് ഫിലിപ്പ് (അഡ്മിനിസ്ട്രേറ്റീവ് ആഫീസർ)
6. പി. എ. പ്രേംകുമാർ (അസോസിയേറ്റ് ആഫീസർ)
7. വി. രവീന്ദ്രൻ (അസോസിയേറ്റ് ആഫീസർ)
8. സുനിത സഹദേവൻ (അസോസിയേറ്റ് ആഫീസർ)
9. ആർ. സുദർശ്ശനൻ (അസോസിയേറ്റ് ആഫീസർ).

ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുവർ

1. ജോഷി എം. എസ്. (ഡ്രൈവർ)
2. അരോഷ് ലാൽ (ഓഫീസ് അറ്റൻഡന്റ്).

(സി) ഉണ്ട്.

(ഡി) സുനിത സഹദേവൻ (അസോസിയേറ്റ് ആഫീസർ), അരോഷ് ലാൽ (ഓഫീസ് അറ്റൻഡന്റ്) എന്നിവരെ മാത്രം ടാസ്ക് ഫോഴ്സിലെ അതേ സേവന വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്.

## ബാങ്കുകളുടെ ചൂഷണങ്ങളിൽ നിന്നുള്ള മോചനത്തിനായി കേരള ബാങ്ക് രൂപീകരണം

243(2592) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.ടി.എം. ട്രാൻസാക്ഷനുവരെ ചാർജ് ഈടാക്കുന്നത് പോലുള്ള എസ്.ബി.ഐ ഉൾപ്പെടെയുള്ള ബാങ്കുകളുടെ ചൂഷണങ്ങളിൽനിന്നും മുക്തിനേടാൻ കേരള ബാങ്കിന്റെ രൂപീകരണത്തോടെ സാധ്യമാകുമോയെന്ന് വ്യക്തമാക്കുമോ;

(ബി) കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് നിലവിൽ റിസർവ് ബാങ്കിന്റെ ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ?

ഉത്തരം

(എ) ദേശസാത്കൃത പുതുതലമുറ ബാങ്കുകളുടെ ചൂഷണത്തിൽനിന്നും മുക്തി നേടാൻ കേരള ബാങ്കിന്റെ രൂപീകരണത്തോടെ സാധ്യമാകണമെന്നാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ബി) ഇല്ല. സംസ്ഥാനത്തെ ഹ്രസ്വകാല വായ്പ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽ നിന്നും ദ്വിതല സമ്പ്രദായത്തിലേക്ക് പുനർ ക്രമീകരിച്ച് ഒരു പുതിയ ബാങ്ക് രൂപീകരിക്കുന്നതിന് 19 വ്യവസ്ഥകളോടെ ആർ.ബി.ഐ. തത്വത്തിലുള്ള അംഗീകാരം നൽകിയിട്ടുണ്ട്. ടി വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് നബാർഡ് മുഖേന അന്തിമ അനുമതിക്ക് സമീപിക്കാനാണ് ആർ.ബി. ഐ. നിർദ്ദേശിച്ചിട്ടുള്ളത്. റിസർവ് ബാങ്ക് മുന്നോട്ട് വച്ചിട്ടുള്ള നിർദ്ദേശങ്ങൾ പാലിച്ച് അന്തിമ അനുമതി ലഭ്യമാക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾ നടത്തുന്നതിന് 15 സബ് കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം പുരോഗമിച്ചുവരുന്നു.

## സഹകരണ ബാങ്കുകളിൽനിന്നും പട്ടികജാതി വിഭാഗങ്ങളുടെ ലോൺ കുടിശ്ശിക

244(2593) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽനിന്നും വായ്പ എടുത്ത പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകുന്ന ആനുകൂല്യം പട്ടികജാതി വിഭാഗങ്ങൾക്ക് നൽകുന്നില്ലെന്ന പരാതി പരിശോധിക്കുമോ ;

(ബി) സ്വന്തമായുള്ള ഭൂമി പണയപ്പെടുത്തി സഹകരണ ബാങ്കിൽനിന്നും ലോൺ എടുത്തിട്ടുള്ള പാവപ്പെട്ട പട്ടികജാതി വിഭാഗങ്ങളുടെ ലോൺ കുടിശ്ശിക എഴുതിത്തള്ളുന്ന കാര്യം പരിശോധിക്കുമോ ; നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സഹകരണ ബാങ്കുകളിൽനിന്നും വായ്പ എടുത്ത പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകുന്ന ആനുകൂല്യം പട്ടികജാതി വിഭാഗങ്ങൾക്ക് നൽകുന്നില്ലെന്ന തരത്തിൽ പരാതി ലഭിച്ചാൽ പരിശോധിക്കുന്നതാണ്.

(ബി) ഒന്നര ലക്ഷം രൂപ വരെ കാർഷിക വരുമാനമുള്ള പട്ടികജാതി/ പട്ടികവർഗ്ഗ/പരിവർത്തിത ക്രൈസ്തവ വിഭാഗക്കാർ സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്നും എടുത്തിരുന്നതും 31-3-2006-ൽ കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ 25,000 രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. കൂടാതെ സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിരുന്നതും 31-3-2006-ൽ കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ 50000 രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളുന്ന

പദ്ധതിയും നിലവിലുണ്ട്. 31-3-2010-ൽ കാലാവധി കഴിഞ്ഞ് കുടിശ്ശികയായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പ എഴുതി തള്ളുന്ന പദ്ധതിയും നിലവിലുണ്ട്. ഈ പദ്ധതികൾ പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പാണ് തയ്യാറാക്കിയിട്ടുള്ളത്.

## വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ

245(2594) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സഹകരണ വകുപ്പിന്റെ സ്ഥാപനങ്ങൾ സംസ്ഥാന സഹകരണ ഭവനിൽ പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) സഹകരണ സ്ഥാപനങ്ങൾക്കായി നിർമ്മിച്ച കെട്ടിടം ഒഴിഞ്ഞുകിടക്കുമ്പോഴും പല ഓഫീസുകളും വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നത് കാരണം വാടക യിനത്തിൽ എത്ര രൂപയാണ് ഒരു വർഷം ചെലവ് വരുന്നത് എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സഹകരണ വകുപ്പിന്റെ സ്ഥാപനങ്ങൾ സംസ്ഥാന സഹകരണ ഭവനിൽ പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(ബി) സഹകരണ സ്ഥാപനങ്ങൾക്കായി നിർമ്മിച്ച കെട്ടിടത്തിലേയ്ക്ക് അനുവദിച്ചതും എന്നാൽ പുറത്ത് പ്രവർത്തിക്കുന്നതുമായ സഹകരണ വകുപ്പിന്റെ ഓഫീസുകൾക്ക് വാടകയിനത്തിൽ ഒരു വർഷം 9,92,244 രൂപ ചെലവ് വരുന്നുണ്ട്.

## സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്കിലെ ഓഡിറ്റ് പരിശോധന

246(2595) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്കിൽ സഹകരണ വകുപ്പ് നടത്തിയ ഓഡിറ്റ് പരിശോധനയിൽ അനുമതിയില്ലാതെ തുക ചെലവഴിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; ഇതിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കാർഷിക വായ്പയ്ക്ക് 13% വരെ പലിശ ഈടാക്കുകയും അതേ സമയം ജീവനക്കാർക്ക് ഭീമമായ തുക ശമ്പളവും മറ്റ് അധിക ആനുകൂല്യങ്ങളുമായി നൽകുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കർഷകർക്ക് കുറഞ്ഞ നിരക്കിൽ വായ്പ നൽകാൻ നടപടിയുണ്ടാകുമോ;

(സി) പ്രസ്തുത ബാങ്കിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണമറിയിക്കാമോ?

ഉത്തരം

(എ) കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് 2017-2018 ഓഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം സ്റ്റാഫ് റിട്ടയർമെന്റ് ബെനിഫിറ്റ് ഫണ്ട് ചട്ടങ്ങൾക്ക് വിരുദ്ധമായി തുകകൾ ചെലവഴിച്ചതായും അംഗങ്ങൾക്ക് നിയമവിരുദ്ധമായി ഉപഹാരങ്ങൾ നൽകിയതായുമുള്ള ഗുരുതരമായ ക്രമക്കേടുകൾ നടന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ കേരള സഹകരണ നിയമത്തിലെ 32-ാം വകുപ്പ് പ്രകാരം ബാങ്ക് ഭരണസമിതിയെ സഹകരണ സംഘം രജിസ്ട്രാർ രണ്ട് മാസത്തേയ്ക്ക് സസ്പെന്റ് ചെയ്ത് ഭരണ നിർവ്വഹണത്തിനായി അഡ്മിനിസ്ട്രേറ്ററെ നിയമിച്ചിട്ടുള്ളതുമാണ്. ഈ വിഷയങ്ങൾ ഉൾപ്പെടെയുള്ളവയിൽ തുടർ അന്വേഷണം നടന്നുവരികയാണ്.

(ബി) 8.5% മുതൽ 12.5% വരെ നബാർഡ് മുഖാന്തരം വിതരണം ചെയ്യുന്ന വിവിധ കാർഷിക വായ്പകൾക്ക് പലിശ ഈടാക്കി വരുന്നു. കുറഞ്ഞ പലിശ നിരക്കിൽ ലോൺ അനുവദിക്കുന്ന സാഹചര്യം പരിശോധിക്കുന്നതാണ്. ജീവനക്കാർക്ക് ഭീമമായ തുക മറ്റ് അധിക ആനുകൂല്യങ്ങളായി നൽകുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടിട്ടുണ്ട്. കരട് നിയമന ചട്ടങ്ങൾ അംഗീകരിച്ച് പി.എസ്.സി.-യുടെ അന്തിമ അംഗീകാരത്തിനായി നൽകിയിട്ടുണ്ട്.

## സഹകരണ സ്ഥാപനങ്ങളുടെ ആഡിറ്റ് കുടിശ്ശികയ്ക്ക് റവന്യൂ റിക്കവറി

247(2596) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സൊസൈറ്റികൾ ആഡിറ്റ് ചെയ്യുന്നതിന് ഇവരിൽനിന്നും തുക ഈടാക്കി വരുന്നുണ്ടോ; എങ്കിൽ കണക്കുകൾ ആഡിറ്റ്ചെയ്യുന്നതിന് പ്രതി വർഷം എത്ര തുകയാണ് നിശ്ചയിച്ചിട്ടുള്ളത്;

(ബി) സാമ്പത്തിക പ്രതിസന്ധിമൂലം പ്രവർത്തനം തന്നെ ബുദ്ധിമുട്ടിലായ പല സൊസൈറ്റികൾക്കും ഇത്തരം ഓഡിറ്റ് തുക ഒടുക്കാൻ കഴിയാത്ത സ്ഥിതി വിശേഷമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ തുക ഒടുക്കാൻ കഴിയാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി വഴി തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കാറുണ്ടോ; എങ്കിൽ ഈ നടപടി ഇത്തരം സ്ഥാപനങ്ങളെ കൂടുതൽ പ്രതിസന്ധിയിലാക്കുകയാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സഹകരണ സ്ഥാപനങ്ങളുടെ കുടിശ്ശിക റവന്യൂ റിക്കവറി വഴി ഈടാക്കുന്ന നടപടികൾ ഓരോ സ്ഥാപനത്തിന്റെയും സാമ്പത്തികസ്ഥിതി പരിശോധിച്ച് പുനഃപരിശോധിക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) സഹകരണ സംഘങ്ങളുടെ ആഡിറ്റിംഗിന് സംഘങ്ങളിൽ നിന്നും തുക ഈടാക്കിവരുന്നുണ്ട്. യൂണിറ്റ് ആഡിറ്റ് നിലവിലുള്ള സംഘങ്ങളിൽ സഹകരണ നിയമം ചട്ടം 65(4) പ്രകാരം പ്രവർത്തന മൂലധനത്തിന്റെ/വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ 100 രൂപയ്ക്ക് 50 പൈസ എന്ന നിരക്കിൽ പരമാവധി 1,00,000 രൂപ ഓരോ വർഷത്തെ ആഡിറ്റിനും ആഡിറ്റ് ഫീസായി ചാർജ്ജ് ചെയ്യാറുണ്ട്. ഇടപാടുകളും സാമ്പത്തിക ശേഷിയും കൂടുതലുള്ള സഹകരണ സ്ഥാപനങ്ങളുടെ ആഡിറ്റിനായി പ്രസ്തുത സ്ഥാപനങ്ങളുടെ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജൂനിയർ/സീനിയർ ആഡിറ്റർ, അസിസ്റ്റന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, ജോയിന്റ് ഡയറക്ടർ തസ്തികകളിൽ കെ.എസ്.ആർ. ചട്ടം 156 പ്രകാരം സമകാല ആഡിറ്റർമാരെ 6 മാസത്തെ ആഡിറ്റ് കോസ്റ്റ്, എൽ.എസ്. & പി.സി. എന്നിവ മുൻകൂറായി അടച്ചശേഷം സർക്കാർ അംഗീകാരത്തോടെ നിയമിച്ച് ആഡിറ്റ് നടത്തുന്നുണ്ട്. അപ്രകാരം നിയമനം നടത്തുന്ന ആഡിറ്ററന്മാരുടെ ആവറേജ് കോസ്റ്റ് സർക്കാർ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. അതിൻപ്രകാരമുള്ള നിരക്ക് ചുവടെ ചേർക്കുന്നു. പ്രസ്തുത തുകയുടെ 25% എൽ.എസ്. & പി.സി. ആയും ഒടുക്കേണ്ടതുണ്ട്.

| | | | |
|---|---|---|---|
| 1. | ജൂനിയർ ആഡിറ്റർ | - | 5,23,200 |
| 2. | സീനിയർ ആഡിറ്റർ | - | 5,76,600 |
| 3. | അസിസ്റ്റന്റ് ഡയറക്ടർ | - | 6,94,800 |
| 4. | ഡെപ്യൂട്ടി ഡയറക്ടർ | - | 8,08,800 |
| 5. | ജോയിന്റ് ഡയറക്ടർ | - | 10,74,600 |

(ബി) ഉണ്ട്. കുടിശ്ശിക തുക ഈടാക്കാൻ റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. റവന്യൂ റിക്കവറി നടപടികൾമൂലം പ്രതിസന്ധിയിലായ സ്ഥാപനങ്ങളുടെ വിവരങ്ങൾ പ്രത്യേകമായി പരിശോധിക്കേണ്ടതുണ്ട്.

(സി) നിലവിൽ പരിഗണനയിലില്ല.

**കൈത്തറി സഹകരണ മേഖലയിൽ പണിശാല നവീകരണ പദ്ധതി**

248(2597) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി സഹകരണ മേഖലയിൽ പണി ശാല നവീകരണ പദ്ധതിയിൽ ഫണ്ടിന് വേണ്ടി കോഴിക്കോട് ജില്ലയിൽനിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ബി) കോഴിക്കോട് ജില്ലയിലെ ഏതൊക്കെ സഹകരണ സ്ഥാപനങ്ങൾ ആണ് പണിശാല നവീകരണ പദ്ധതിക്ക് അപേക്ഷ തന്നിട്ടുള്ളത്;

(സി) കൈത്തറി സഹകരണ മേഖലയിൽ പണിശാല നവീകരണ പദ്ധതി ഫണ്ട് അനുവദിക്കാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കാമോ;

(ഡി) പ്രസ്തുത സ്ഥാപനങ്ങൾക്ക് ഫണ്ട് അനുവദിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കൈത്തറി സഹകരണ മേഖലയിൽ പണിശാല നവീകരണ പദ്ധതിയിൽ ഫണ്ടിനുവേണ്ടി കോഴിക്കോട് ജില്ലയിൽ നിന്നും 5 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അപേക്ഷ സമർപ്പിച്ച കൈത്തറി സഹകരണ സംഘങ്ങളുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. സ്റ്റാർ കൈത്തറി സഹകരണസംഘം
2. അജയ് കൈത്തറി സഹകരണസംഘം
3. എടച്ചേരി കൈത്തറി സഹകരണസംഘം
4. വെള്ളിക്കുളങ്ങര കൈത്തറി സഹകരണസംഘം
5. ചോമ്പാല കൈത്തറി സഹകരണസംഘം.

(സി) കൈത്തറി സഹകരണ മേഖലയിൽ പണിശാല നവീകരണ പദ്ധതി ഫണ്ടിനായുള്ള അപേക്ഷകളോടൊപ്പം സമർപ്പിക്കേണ്ട വിവിധ സാക്ഷ്യപത്രങ്ങളും അനുമതിപത്രങ്ങളും യഥാസമയം ലഭ്യമാക്കാത്തത് കാലതാമസത്തിന് ഇടയാക്കുന്നു. കൂടാതെ അപേക്ഷയോടൊപ്പം സംഘം സമർപ്പിക്കുന്ന രേഖകളിലെ പോരായ്മകൾ / ന്യൂനതകളും കാലതാമസത്തിന് കാരണമാകുന്നു.

(ഡി) അപേക്ഷകളിലെ ന്യൂനതകൾ പരിഹരിച്ച് ലഭ്യമാക്കുന്നമുറയ്ക്ക് എല്ലാ സംഘങ്ങൾക്കും ഫണ്ട് അനുവദിക്കുന്നതാണ്.

## നിലവാരം ഇല്ലാത്ത സഹകരണ സംഘങ്ങൾ

249(2598) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര താലൂക്കിൽ നിലവാരം ഇല്ലാത്ത സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടി താലൂക്കിൽ നിലവിൽ പ്രവർത്തിക്കാത്ത എത്ര സഹകരണ സംഘങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ടി താലൂക്കിൽ നിലവാരം പുലർത്താത്ത എത്ര സഹകരണ സംഘങ്ങൾ ആണ് പ്രവർത്തിക്കുന്നത്; അത്തരം സംഘങ്ങളുടെ പേരിൽ നിയമ നടപടി എടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) ക്രിമിനൽ കേസ് നിലവിൽ ഉള്ള എത്ര സംഘങ്ങൾ നിലവിൽ ഉണ്ട്;അത്തരം സംഘങ്ങളുടെ പേരും സ്ഥലവും വ്യക്തമാക്കാമോ;

(ഇ) പ്രസിഡന്റും സെക്രട്ടറിയും പ്രതിസ്ഥാനത്തുള്ള സംഘങ്ങൾ ഏതൊക്കെ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നെയ്യാറ്റിൻകര താലൂക്കിൽ നിലവിൽ പ്രവർത്തിക്കാത്ത 73 സഹകരണ സംഘങ്ങളുണ്ട്.

(സി) നിലവാരം പുലർത്താത്ത 14 സഹകരണ സംഘങ്ങളുടെ പേരിൽ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി&ഇ) 3 സംഘങ്ങൾ.

1. അഞ്ചാലിക്കോണം റസിഡൻസ് വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി.1837, അഞ്ചാലിക്കോണം
2. പാറശ്ശാല റൂറൽ സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി. 1509, ചെങ്കവിള
3. ബാലരാമപുരം പഞ്ചായത്ത് റസിഡൻസ് വെൽഫെയർ സഹകരണസംഘം ക്ലിപ്തം നമ്പർ 1649, ബാലരാമപുരം.

## പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ

250 (2599) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി പട്ടികവർഗ്ഗ സഹകരണസംഘങ്ങളുടെ വിവിധ പദ്ധതികൾക്കായി 2017-2018 സാമ്പത്തിക വർഷം അനുവദിച്ച തുക ലഭിക്കാത്തതുകൊണ്ട് നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വിവിധ പദ്ധതികൾക്കായി 2017-2018 സാമ്പത്തിക വർഷം അനുവദിച്ച തുക 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## പ്രളയാനന്തര നവകേരള നിർമ്മിതിക്കായി സഹകരണ വകുപ്പിന്റെ സംഭാവന

251(2600) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തരം നവകേരള നിർമ്മിതിക്കായി സഹകരണ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രാഥമിക സഹകരണ സംഘങ്ങൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക് എന്നിവ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നവകേരള നിർമ്മാണത്തിനായി എത്ര തുക സംഭാവന ചെയ്തു എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പ്രളയബാധിതരെ ദീർഘകാലാടിസ്ഥാനത്തിൽ സഹായിക്കുന്നതിനായി സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ കെയർ കേരള (CARe Kerala-Co-operative Alliance to Rebuild Kerala) എന്ന പേരിൽ കെയർ ഹോം (CARe Home), കെയർ ലോൺ (CARe Loan), കെയർ ഗ്രേസ് (CARe Grace) എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കെയർ ഹോം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ പ്രളയദുരന്തത്തിൽ വീട് നഷ്ടപ്പെട്ട 2000 കുടുംബങ്ങൾക്ക് പുതിയ വീട് വച്ച് നൽകാനാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ പ്രാരംഭ നടപടികൾ പൂർത്തിയായിവരുന്നു. പ്രകൃതിക്ഷോഭത്തിന്റെ ആഘാതമേറ്റവർക്ക് സമയബന്ധിതമായും വേഗത്തിലും

ധനസഹായം ലഭ്യമാക്കുന്നതിന് RESURGENT KERALA LOAN SCHEME എന്ന പേരിൽ ഒരു പദ്ധതി സർക്കാർ നടപ്പിലാക്കുന്നുണ്ട്. കുടുംബശ്രീ യൂണിറ്റുകളിലൂടെ 9% പലിശ നിരക്കിലായിരിക്കും ഈ വായ്പകൾ ഗുണഭോക്താക്കളിൽ എത്തിക്കുന്നത്. പലിശ സർക്കാർ വഹിക്കും. വായ്പ നൽകുന്നതിന് കുടുംബശ്രീ യൂണിറ്റുകൾക്കാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് പ്രാഥമിക കാർഷിക സംഘങ്ങൾ മുഖാന്തരം കെയർ ലോൺ എന്ന പേരിലുള്ള വായ്പ പദ്ധതി സർക്കാർ മാനദണ്ഡങ്ങൾക്കും മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസൃതമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. പ്രളയാനന്തര കേരളത്തിലെ ദുരിത ബാധിതരായ ജനങ്ങളുടെ ആരോഗ്യ സംരക്ഷണം, കുട്ടികൾക്ക് പഠനോപകരണങ്ങൾ ലഭ്യമാക്കൽ, പൊതുവായ സേവനങ്ങൾ ലഭ്യമാക്കൽ എന്നിവയ്ക്കായി ആവിഷ്ക്കരിച്ച പദ്ധതിയാണ് കെയർ ഗ്രേസ് (CARe Grace).

(ബി) വിവരം ശേഖരിച്ചുവരുന്നു.

## ചവറയിലെ സ്മാർട്ട് ക്ലാസ് റൂം പ്രവർത്തനങ്ങൾ

252(2601) <u>ശ്രീ. എൻ. വിജയൻ പിള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന് സഹായകരമായി എൽ.പി, യു.പി സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം ആരംഭിക്കുന്നതിലേക്കായി സ്കൂളുകളെ തെരഞ്ഞെടുത്തിരുന്നതിന്റെ പ്രവർത്തനങ്ങൾ ഏതുവരെയായിയെന്ന് അറിയിക്കുമോ;

(ബി) ചവറ നിയോജക മണ്ഡലത്തിൽ ഇത്തരത്തിൽ സഹകരണ വകുപ്പ് എത്ര സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം നിർമ്മിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സഹകരണണ വകുപ്പ് മുഖാന്തരം ഒരു നിയോജകമണ്ഡലത്തിൽ ഒരു യു.പി. സ്കൂൾ വീതം 140 നിയോജകമണ്ഡലങ്ങളിലായി 140 സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം നിർമ്മിക്കുന്ന പദ്ധതിയുടെ ഭാഗമായി ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ, ജില്ലയിലെ ഓരോ നിയോജക മണ്ഡലത്തിലെയും എം.എൽ.എ.-മാർ ലഭ്യമാക്കുന്ന ലിസ്റ്റും സന്നദ്ധരായ സംഘങ്ങളുടെ ലിസ്റ്റും തയ്യാറാക്കിയിരുന്നു. എന്നാൽ പൊതു വിദ്യാഭ്യാസ വകുപ്പ് സ്വന്തം നിലയിൽ സംസ്ഥാനത്തെ എൽ.പി./യു.പി. സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ സ്ഥാപിച്ച് നൽകുന്നതിന് പദ്ധതി തയ്യാറാക്കിയ സാഹചര്യത്തിൽ സഹകരണ സംഘങ്ങൾ മുഖാന്തരം സ്മാർട്ട് ക്ലാസ് മുറികളും ഊർജ്ജക്ഷമതയുള്ള അടുപ്പുകളും നിർമ്മിച്ച് നൽകുന്ന പദ്ധതി തൽക്കാലം തുടരേണ്ടതില്ല എന്നാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ സഹകരണ സംഘങ്ങൾ പൊതുയോഗ തീരുമാനപ്രകാരം തങ്ങളുടെ പ്രദേശത്തെ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ നിർമ്മിച്ച് നൽകുന്നുണ്ട്. ഈ രീതി തുടരാവുന്നതാണ്.

(ബി) തെക്കുംഭാഗം സർവ്വീസ് സഹകരണ ബാങ്കിന്റെ ധനസഹായത്തോടെ തെക്കുംഭാഗം ഗവൺമെന്റ് എൽ.വി.എൽ.പി. സ്കൂളിലും തേവലക്കര ഫാർമേഴ്സ് സഹകരണ ബാങ്കിന്റെ സഹായത്തോടെ മൊട്ടയ്ക്കൽ ഗവൺമെന്റ് എൽ.പി. സ്കൂളിലും സ്മാർട്ട് ക്ലാസ് റൂം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## സഹകരണ സ്ഥാപനങ്ങളുടെ സഹായത്തോടെ സ്മാർട്ട് ക്ലാസ് റൂമുകൾ

253(2602) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണസ്ഥാപനങ്ങളുടെ സഹായത്തോടെ പൊതു വിദ്യാലയങ്ങളിൽ സ്മാർട്ട് ക്ലാസ് റൂമുകൾ സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പദ്ധതി എന്ന് പൂർത്തിയാക്കാനാവുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സഹകരണ വകുപ്പ് മുഖാന്തരം ഒരു നിയോജക മണ്ഡലത്തിൽ ഒരു യു.പി. സ്കൂൾ വീതം 140 നിയോജകമണ്ഡലങ്ങളിലായി 140 സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം പദ്ധതിയുടെ ഭാഗമായി ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ, ജില്ലയിലെ ഓരോ നിയോജകമണ്ഡലത്തിലെയും എം.എൽ.എ.-മാർ ലഭ്യമാക്കുന്ന ലിസ്റ്റും നടപ്പാക്കുവാൻ സന്നദ്ധരായ സംഘങ്ങളുടെ ലിസ്റ്റും തയ്യാറാക്കിയിരുന്നു. എന്നാൽ പൊതു വിദ്യാഭ്യാസ വകുപ്പ് സ്വന്തംനിലയിൽ സംസ്ഥാനത്തെ എൽ.പി./ യു.പി. സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ സ്ഥാപിച്ച് നൽകുന്നതിന് പദ്ധതി തയ്യാറാക്കിയ സാഹചര്യത്തിൽ സഹകരണ സംഘങ്ങൾ മുഖാന്തരം സ്മാർട്ട് ക്ലാസ് നിർമ്മിച്ച് നൽകുന്ന പദ്ധതി തൽക്കാലം തുടരേണ്ടതില്ല എന്നാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ സഹകരണ സംഘങ്ങൾ പൊതുയോഗ തീരുമാനപ്രകാരം തങ്ങളുടെ പ്രദേശത്തെ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ നിർമ്മിച്ച് നൽകുന്നുണ്ട്. ഈ രീതി തുടരാവുന്നതാണ്.

## സഹകരണ ക്ഷേമ ബോർഡിൽനിന്നും റിസ്ക് ഫണ്ട്

254(2603) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽനിന്നും വായ്പ എടുത്തിട്ടുള്ളതും റിസ്ക് ഫണ്ടിന് അർഹരായവരുമായവർക്ക് റിസ്ക് ഫണ്ട് അനുവദിക്കുന്നതിന് സഹകരണ ക്ഷേമ ബോർഡിൽനിന്നും കാലതാമസം വരുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോതമംഗലം മണ്ഡലത്തിലെ ഏതെല്ലാം സഹകരണ ബാങ്കുകളിൽ നിന്നും എത്ര അപേക്ഷകൾ റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി സഹകരണ ക്ഷേമ ബോർഡിൽ ലഭിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര അപേക്ഷയിൽ തീരുമാനമെടുത്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) കാലതാമസം ഒഴിവാക്കി റിസ്ക് ഫണ്ടിനായുള്ള അപേക്ഷകളിൽ വേഗത്തിൽ തീരുമാനമെടുക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

## ഉത്തരം

(എ) ചില സർവ്വീസ് സഹകരണ ബാങ്കുകളിൽ നിന്നും പരാതി ലഭിച്ചിട്ടുണ്ട്.

(ബി)

| ക്രമ നമ്പർ | സർവ്വീസ് സഹകരണ ബാങ്ക് / സംഘം | ലഭ്യമായ ധനസഹായ അപേക്ഷകളുടെ എണ്ണം | തീരുമാനം എടുത്ത അപേക്ഷകളുടെ എണ്ണം |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | കീരംപാറ എസ്.സി.ബി. | 67 | 48 |
| 2 | കവളങ്ങാട് എസ്.സി.ബി. | 56 | 37 |
| 3 | കുട്ടമ്പുഴ എസ്.സി.ബി. | 59 | 44 |
| 4 | ഇടമലയാർ എസ്.സി.ബി. | 112 | 100 |
| 5 | പാതിരപ്പള്ളി എസ്.സി.ബി. | 21 | 9 |
| 6 | കോഴിപ്പിള്ളി എസ്.സി.ബി. | 56 | 50 |
| 7 | മാമലക്കണ്ടം എസ്.സി.ബി. | 6 | 5 |
| 8 | മാലിപ്പാറ എസ്.സി.ബി. | 29 | 23 |
| 9 | കോട്ടപ്പടി എസ്.സി.ബി. | 22 | 17 |

| (1) | (2) | (3) | (4) |
|---|---|---|---|
| 10 | പിണ്ടിമന എസ്.സി.ബി. | 22 | 13 |
| 11 | കോതമംഗലം എസ്.സി.ബി.354 | 76 | 69 |
| 12 | കോതമംഗലം എസ്.സി.ബി. 583 | 54 | 53 |
| 13 | കോട്ടപ്പടി ഈസ്റ്റ് എസ്.സി.ബി. | 30 | 28 |
| 14 | കുറ്റിലഞ്ഞി എസ്.സി.ബി. | 45 | 32 |
| 15 | ഊന്നുകൽ എസ്.സി.ബി. | 32 | 24 |
| 16 | വാരപ്പെട്ടി എസ്.സി.ബി. | 50 | 38 |
| 17 | കോതമംഗലം പി.സി.എ.ആർ.ഡി.ബി. | 7 | 7 |

(സി) സ്വീകരിച്ചിട്ടുണ്ട്. സർവ്വീസ് സഹകരണ ബാങ്ക് / സംഘങ്ങൾ റിസ്ക് ഫണ്ട് നിയമാവലി പ്രകാരം ആനുകൂല്യത്തിന് അർഹതയുള്ളതും അർഹതയില്ലാത്തതും, ന്യൂനത ഉള്ളതുമായ ധാരാളം അപേക്ഷകൾ റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി ലഭ്യമാക്കുന്നുണ്ട്. ഇതുമൂലം യഥാർത്ഥത്തിൽ ആനുകൂല്യം ലഭിക്കേണ്ട അപേക്ഷകൾ തീർപ്പുകൽപ്പിക്കുന്നതിന് കാലതാമസം വരുന്നുണ്ട്. അർഹതയില്ലാത്തതും ന്യൂനതകൾ ഉള്ളതുമായ ധാരാളം അപേക്ഷകൾ വരുന്നതുകൂടി പരിശോധിച്ച് ബന്ധപ്പെട്ട സംഘങ്ങളെ രേഖാമൂലം അറിയിക്കുന്നതിനും ന്യൂനത പരിഹരിച്ച് വാങ്ങുന്നതിനും സമയമെടുക്കുന്നതുകൊണ്ടാണ് കാലതാമസം ഉണ്ടാകുന്നത്. എന്നിരുന്നാലും അർഹതയുള്ളവരുടെ അപേക്ഷകൾ അടിയന്തര പ്രാധാന്യം നൽകി തീർപ്പുകൽപ്പിക്കുന്നുണ്ട്.

## സഹകരണ ബാങ്കുകളിൽ നിന്നുള്ള കാർഷിക വായ്പകൾ

255(2604) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ നിന്നുള്ള കാർഷിക വായ്പകൾ എഴുതിത്തള്ളുന്നതിനുള്ള കടാശ്വാസ പദ്ധതികൾ ഏതെങ്കിലും നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) സഹകരണ ബാങ്കുകളിൽനിന്നും വായ്പയെടുത്ത് കുടിശ്ശികയായ പാവപ്പെട്ട ജനങ്ങളെ സഹായിക്കാൻ ഏതൊക്കെ പദ്ധതികളാണ് സഹകരണ വകുപ്പ് നടപ്പിലാക്കി വരുന്നത് വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) സഹകരണ ബാങ്കുകളിൽ നിന്നും കർഷകർ എടുത്തിട്ടുള്ള വായ്പകൾ എഴുതിതള്ളുന്നതിന് കാർഷിക കടാശ്വാസ പദ്ധതി നിലവിലുണ്ട്. കർഷകർ വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് കേരള കർഷക കടാശ്വാസ കമ്മീഷൻ പുറപ്പെടുവിക്കുന്ന അവാർഡിന്റെ അടിസ്ഥാനത്തിൽ കടാശ്വാസം അനുവദിച്ച് നൽകുന്നു. കർഷക കടാശ്വാസ കമ്മീഷന്റെ ആക്ട് പ്രകാരം വയനാട് ജില്ല ഒഴികെയുള്ള ജില്ലകളിലെ കർഷകരുടെ 31-10-2011 വരെയുള്ള വായ്പകളും വയനാട് ജില്ലയിലെ കർഷകരുടെ 31-3-2014 വരെയുള്ള വായ്പകളുമാണ് കടാശ്വാസത്തിനായി കമ്മീഷൻ പരിഗണിക്കുന്നത്. ടി ആക്ട് പ്രകാരം കർഷകൻ തന്റെ വരുമാന വർദ്ധനവിനായി കാർഷികാനുബന്ധ വാണിജ്യാവശ്യങ്ങൾക്ക് എടുത്തിട്ടുള്ള വായ്പകളെയാണ് കടാശ്വാസത്തിനായി പരിഗണിക്കുന്നത്. വിവിധ ജില്ലകളിൽ കേരള കർഷക കടാശ്വാസ കമ്മീഷൻ നടത്തുന്ന സിറ്റിംഗുകളിൽ ലഭ്യമാകുന്ന കർഷകരുടെ അപേക്ഷകളുടെ അടിസ്ഥാനത്തിൽ കടാശ്വാസ കമ്മീഷൻ അവാർഡ് പുറപ്പെടുവിച്ച് ഉത്തരവാകുകയും ടി അവാർഡുകളിൽ സഹകരണ സ്ഥാപനങ്ങളിൽ നിന്നും കർഷകർ എടുത്തിട്ടുള്ള വായ്പളിന്മേലുള്ള അവാർഡുകൾ പരിശോധനയ്ക്കായി കൃഷി വകുപ്പ് സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കുകയും ചെയ്യുന്നു. ടി അവാർഡുകളുടെ അർഹത പരിശോധിച്ച് കൃഷി വകുപ്പിന് റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് കൃഷി വകുപ്പിൽനിന്നും അനുവദിച്ച് സഹകരണ സംഘം രജിസ്ട്രാറുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്ന തുക സഹകരണ സംഘം രജിസ്ട്രാർ പിൻവലിച്ച് ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക് നൽകുന്നു.

(ബി) സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്ത് കുടിശ്ശികയായ പാവപ്പെട്ട ജനങ്ങളെ സഹായിക്കുന്നതിനായി 2018 വർഷത്തിൽ നവകേരളീയം കുടിശ്ശിക നിവാരണം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. ഈ പദ്ധതിയുടെ കാലാവധി 2018 ഫെബ്രുവരി 15 മുതൽ മാർച്ച് 31 വരെയായിരുന്നു. മരണപ്പെട്ടവരുടെയും മാരക രോഗം ബാധിച്ചവരുടെയും ഉൾപ്പെടെയുള്ള പാവപ്പെട്ട ജനങ്ങളുടെ കുടിശ്ശിക വായ്പകൾ മുതലിനൊപ്പം പലിശ ക്രമീകരിച്ചും കുറഞ്ഞ പലിശ നിരക്ക് അനുവദിച്ചും പിഴപ്പലിശ ഒഴിവാക്കിയും തീർപ്പാക്കുന്നതിന് അവസരം നൽകിയിരുന്നു. സംസ്ഥാന സഹകരണ ബാങ്കുകളിലും ജില്ലാ സഹകരണ ബാങ്കുകളിലും കുടിശ്ശിക നിവാരണത്തിന്റെ ഭാഗമായി കുടിശ്ശികക്കാർക്ക് ഇളവുകളോടെ വായ്പ തീർപ്പാക്കുന്നതിനായി പ്രത്യേകം

പ്രത്യേകം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി സഹകരണ സംഘം രജിസ്ട്രാറുടെ അനുമതിയോടെ നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുത്തിരുന്ന കർഷകർക്ക് കാർഷിക കടാശ്വാസ പദ്ധതിയും പട്ടികജാതി/പട്ടികവർഗ്ഗ/പരിവർത്തിത ക്രൈസ്തവ വിഭാഗക്കാർക്കായി പട്ടികജാതി/പട്ടികവർഗ്ഗ കടാശ്വാസ പദ്ധതിയും മത്സ്യത്തൊഴിലാളി വിഭാഗക്കാർക്കായി മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതിയും നിലവിലുണ്ട്. ടി 3 പദ്ധതികളുടെയും നടത്തിപ്പിനായി അതത് വകുപ്പുകൾക്ക് അനുവദിച്ച് ലഭിക്കുന്ന തുക സഹകരണ വകുപ്പ് മുഖേന നൽകുകയാണ് ചെയ്യുന്നത്. ആയതിൽ കാർഷിക കടാശ്വാസ പദ്ധതിയും മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതിയും കടാശ്വാസ കമ്മീഷൻ പുറപ്പെടുവിക്കുന്ന അവാർഡുകളുടെ അടിസ്ഥാനത്തിലാണ് നടപ്പിലാക്കുന്നത്.

## ഗ്രാമീണ മേഖലയിൽ സഹകരണ പ്രസ്ഥാനങ്ങൾ വഹിക്കുന്ന പങ്ക്

256(2605) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമീണ മേഖലകളിലെ സാധാരണക്കാരുടെ സാമ്പത്തിക വികസനത്തിന് സഹകരണ പ്രസ്ഥാനങ്ങൾ വഹിക്കുന്ന പങ്ക് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) സഹകരണ സംഘങ്ങൾ നടത്തുന്ന പ്രതിമാസ നിക്ഷേപ പദ്ധതികളുടേയും (എം.ഡി.എസ്), വായ്പയുടെയും ജാമ്യവ്യവസ്ഥകൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) അൻപതിനായിരത്തിന് മുകളിൽ വരുന്ന വായ്പകൾക്കും അൻപതിനായിരത്തിന് താഴെ വരുന്ന വായ്പകൾക്കും പ്രത്യേക ജാമ്യവ്യവസ്ഥകൾ നിഷ്കർഷിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി) അൻപതിനായിരത്തിന് മുകളിൽ വരുന്ന തുകയ്ക്ക് സർക്കാർ, അർദ്ധ സർക്കാർ ജീവനക്കാരുടെ സാലറി സർട്ടിഫിക്കറ്റോ വസ്തു ജാമ്യമോ നിർബന്ധമാക്കിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഈ നിബന്ധന സാധാരണക്കാർക്ക് ഇടപാട് നടത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ജാമ്യ വ്യവസ്ഥകൾ രൂപയുടെ മൂല്യശോഷണത്തിന്റെ അടിസ്ഥാനത്തിലും സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളോട് കിടപിടിക്കാൻ കഴിയുന്ന തരത്തിലും കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഗ്രാമീണ മേഖലകളിലെ കാർഷികവും കാർഷികേതരവുമായ എല്ലാ ദൈനംദിന സാമ്പത്തിക ഇടപാടുകളിലും സേവനരംഗങ്ങളിലും സഹകരണ പ്രസ്ഥാനങ്ങൾ വളരെ പ്രധാനപ്പെട്ട പങ്കുവഹിക്കുന്നു. കേരളത്തിൽ റിസർവ് ബാങ്ക് ലൈസൻസോടുകൂടി സഹകരണ മേഖലയിൽ ഒരു സംസ്ഥാന സഹകരണ ബാങ്ക്, 14 ജില്ലാ സഹകരണ ബാങ്കുകൾ, 60 അർബൻ സഹകരണ ബാങ്കുകൾ എന്നിവ പ്രവർത്തിച്ചുവരുന്നു. കൂടാതെ ഗ്രാമീണ മേഖലയിൽ പ്രവർത്തിക്കുന്ന 1600-ലധികം വരുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും അവയുടെ 3000-ത്തിലധികം ശാഖകളും നാടിന്റെ നാനാഭാഗത്തും പ്രവർത്തിക്കുന്നു. വൻകിട ബാങ്കുകൾ തിരസ്കരിക്കപ്പെടുന്ന സാധാരണക്കാർക്കുള്ള അത്താണിയാണ് സഹകരണ ബാങ്കുകൾ. ഒരേ സമയം സാധാരണ ജനങ്ങളെ സഹായിക്കുന്നതിനും നാടിന്റെ സ്ഥായിയായ വികസന ആവശ്യങ്ങൾക്ക് പണം കണ്ടെത്തുന്നതിനും സഹകരണ ബാങ്കുകൾ വലിയ പങ്ക് വഹിക്കുന്നു. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പലിശരഹിത വായ്പ പദ്ധതി നടപ്പിലാക്കിവരുന്നു. കർഷകർക്കും ഉപഭോക്താക്കൾക്കും ഒരുപോലെ പ്രയോജനം ലഭിക്കാനായി കർഷകരിൽ നിന്ന് നെല്ല് സംഭരിച്ച് മായം കലർത്താതെ അരിയാക്കി പൊതുവിതരണ സംവിധാനം വഴി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ കാർഷിക വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടക്കുന്നവരുടെ പലിശ ബാധ്യത സർക്കാർ വഹിക്കുന്ന ഉത്തേജന പലിശ ഇളവ് വായ്പ പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. ചെറുകിട വ്യവസായം, സ്വയംതൊഴിൽ, കുടുംബശ്രീ, സ്വയം സഹായ സംഘങ്ങൾ എന്നീ ആവശ്യങ്ങൾക്ക് വിതരണം ചെയ്യുന്ന വായ്പകൾക്ക് സഹകരണ സംഘങ്ങൾ/ബാങ്കുകൾ താരതമ്യേന കുറഞ്ഞ പലിശ നിരക്കാണ് ഈടാക്കുന്നത്. കോഴി, താറാവ്, മത്സ്യം, ആടുമാടുകൾ എന്നിവ വളർത്തുന്നതിനുമുള്ള പ്രത്യേക വായ്പ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. ഉന്നത വിദ്യാഭ്യാസത്തിനും പ്രൊഫഷണൽ വിദ്യാഭ്യാസത്തിനുമായി സഹകരണ ബാങ്കുകൾ മുഖേന വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിന് മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) 50000 രൂപ വരെയുള്ള വായ്പകൾ അംഗങ്ങളുടെ പരസ്പര ജാമ്യത്തിൻ മേൽ വിതരണം ചെയ്യാവുന്നതാണ്. 50,000 രൂപയ്ക്ക് മുകളിൽ വരുന്ന വായ്പകൾ വസ്തു ഈടിന്മേലോ രണ്ടിൽ കുറയാത്ത കേന്ദ്ര/സംസ്ഥാന സർക്കാർ/അർദ്ധ സർക്കാർ ഉദ്യോഗസ്ഥന്മാരുടെ ശമ്പള സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലോ ജാമ്യമായി സ്വീകരിച്ച് വായ്പ നൽകാവുന്നതാണ്.

(സി) നിഷ്കർഷിച്ചിട്ടുണ്ട്. പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ, ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്ത കാർഷികേതര വായ്പ സഹകരണ സംഘങ്ങൾ/

ബാങ്കുകൾ എന്നിവ 50,000 രൂപ വരെയുള്ള കാർഷികേതര വായ്പകൾ അംഗങ്ങളുടെ പരസ്പര ജാമ്യത്തിന്മേൽ വിതരണം ചെയ്യാവുന്നതാണ്. 50,000 രൂപയ്ക്ക് മുകളിൽ 3 ലക്ഷം വരെയുള്ള കാർഷികേതര വായ്പകൾ വസ്തു ഈടിന്മേലോ രണ്ടിൽ കുറയാത്ത കേന്ദ്ര/സംസ്ഥാന സർക്കാർ/അർദ്ധ സർക്കാർ ഉദ്യോഗസ്ഥന്മാരുടെ ശമ്പള സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലോ ജാമ്യമായി സ്വീകരിച്ച് വായ്പ നൽകാവുന്നതാണ്. 3 ലക്ഷം രൂപയിൽ അധികരിച്ച എല്ലാത്തരം വായ്പകളും (കാർഷികവും കാർഷികേതരവും) വസ്തു ഈടിന്മേലോ മതിയായ മറ്റ് ജാമ്യം ഉറപ്പു വരുത്തിയോ ആണ് നൽകേണ്ടത്. പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ എന്നിവയ്ക്ക് പരമാവധി ഒരു ലക്ഷം രൂപ വരെയുള്ള കാർഷിക വായ്പകൾ അംഗങ്ങളുടെ പരസ്പര ജാമ്യത്തിന്മേൽ വിതരണം ചെയ്യാവുന്നതാണ്. ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ 3 ലക്ഷം രൂപ വരെയുള്ള കാർഷിക വായ്പകൾ വസ്തു ജാമ്യത്തിലോ, രണ്ടിൽ കുറയാത്ത കേന്ദ്ര/സംസ്ഥാന സർക്കാർ/അർദ്ധ സർക്കാർ ഉദ്യോഗസ്ഥന്മാരുടെ ശമ്പള സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലോ ജാമ്യമായി സ്വീകരിച്ച് വായ്പ നൽകാവുന്നതാണ്.

(ഡി) 50,000 രൂപയ്ക്ക് മുകളിൽ വരുന്ന കാർഷികേതരമായ എല്ലാ വായ്പകൾക്കും കേന്ദ്ര/സംസ്ഥാന സർക്കാർ/അർദ്ധ സർക്കാർ ഉദ്യോഗസ്ഥന്മാരുടെ ശമ്പള സർട്ടിഫിക്കറ്റോ അല്ലെങ്കിൽ വസ്തു ജാമ്യമോ നിർബന്ധമാക്കിയിട്ടുണ്ട്. എന്നാൽ 50,000 രൂപ മുതൽ ഒരു ലക്ഷം രൂപ വരെയുള്ള കാർഷിക വായ്പകൾ അംഗങ്ങളുടെ പരസ്പര ജാമ്യത്തിന്മേൽ ലഭിക്കുന്നതാണ്.

(ഇ) ഇല്ല. ജാമ്യവ്യവസ്ഥകൾ രൂപയുടെ മൂല്യശോഷണത്തിന്റെ അടിസ്ഥാനത്തിലും സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളോട് കിടപിടിക്കാൻ കഴിയുന്ന തരത്തിലും കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് നിർദ്ദേശം നിലവിൽ പരിഗണനയിലില്ല.

## റിസ്ക് ഫണ്ട് അനുവദിക്കുന്നതിനായി സജിത കെ. ടി. നൽകിയ പരാതി

257(2606) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ നടപ്പാക്കിയ റിസ്ക് ഫണ്ട് യഥാസമയത്തും കുറ്റമറ്റ രീതിയിലും അനുവദിക്കുന്നതിലെ അപാകത സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) റിസ്ക് ഫണ്ട് അനുവദിക്കുന്നതിനായി സജിത കെ. ടി. നൽകിയ 695/2017 mini.co-operative (KDC MOKERI LOAN NO: 100456051320024) നൽകിയ പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കുമോ;

(സി) നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ ഇവർക്ക് റിസ്ക് ഫണ്ട് നൽകുവാനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചില സർവ്വീസ് സഹകരണ ബാങ്കുകളിൽ നിന്നും പരാതി ലഭിച്ചിട്ടുണ്ട്.

(ബി & സി) ശ്രീമതി കെ. ടി. സജിത റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി സമർപ്പിച്ച അപേക്ഷ പരിഗണിക്കുകയുണ്ടായി. കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിൽ നിന്നും 11-6-2014-ൽ 100456051320024 എന്ന നമ്പറിൽ 1,00,000 രൂപ വായ്പയെടുക്കുകയും 4-7-2014-ൽ മരണപ്പെട്ടിട്ടുള്ളതുമാണ്. ജാമ്യ കടപ്പത്രം, വസ്തു പണയാധാരത്തിന്റെ അടിസ്ഥാനത്തിൽ കൂട്ടുകക്ഷി എന്ന നിലയിൽ 16-4-2015-ന് മുതൽ ഇനത്തിൽ 50,000 രൂപയും പലിശയിനത്തിൽ 425 രൂപയും ഉൾപ്പെടെ 50,425 രൂപ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചിട്ടുണ്ട്.

## സഹകരണ സംഘം ജീവനക്കാർക്ക് ഗ്രാറ്റ്വുവിറ്റി

258(2607) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സഹകരണസംഘം ജീവനക്കാർക്ക് ബാധകമായ ഗ്രാറ്റ്വുവിറ്റി സ്കീം വ്യക്തമാക്കാമോ;

(ബി) എല്ലാ സഹകരണ സംഘം ജീവനക്കാരെയും എൽ.ഐ.സി. ഗ്രാറ്റ്വുവിറ്റി സ്കീമിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(സി) എൽ.ഐ.സി. ലിങ്ക്ഡ് ഗ്രാറ്റ്വുവിറ്റി സ്കീമിന്റെ പരിധിയിൽ വരുന്ന സഹകരണ സംഘങ്ങൾ ഓരോ വർഷവും അടയ്ക്കുന്ന പ്രീമിയം തുക സംബന്ധിച്ച് സഹകരണ വകുപ്പ് എന്തെങ്കിലും വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ;

(ഡി) ഇത് സംബന്ധിച്ച് എല്ലാ ജില്ലകളിലും ഏകീകൃത മാനദണ്ഡങ്ങൾ നിലവിലുണ്ടോ എന്നും ഇല്ലെങ്കിൽ എൽ.ഐ.സി. പ്രീമിയം അടയ്ക്കുന്നത് ഏകീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ?

ഉത്തരം

(എ) കേരള സഹകരണ നിയമം ചട്ടം 59-ലെ വ്യവസ്ഥകൾ പ്രകാരമാണ് സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഗ്രാറ്റ്വുവിറ്റി അനുവദിക്കുന്നത്. ടി വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു. എല്ലാ സഹകരണ സംഘങ്ങളും അവയുടെ ഉപനിബന്ധനയിൽ ജീവനക്കാർക്ക് ഗ്രാറ്റ്വുവിറ്റി നൽകുന്നതിനാവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തുകയും അതിന്റെ ഭരണക്രമത്തിനായി നിബന്ധനകൾ തയ്യാറാക്കുകയും ചെയ്യേണ്ടതാണ്. ആ നിബന്ധനകളിൽ മറ്റ് കാര്യങ്ങളോടൊപ്പം താഴെ പറയുന്ന വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തണം :

1. മാസ ശമ്പളക്കാരായ എല്ലാ സ്ഥിരം ജീവനക്കാർക്കും ഗ്രാറ്റ്യുവിറ്റിക്ക് അർഹതയുണ്ടായിരിക്കും.

2. ജീവനക്കാരുടെ സേവനം തുടർച്ചയായതും തൃപ്തികരവും ആയിരിക്കണം.

3. കുറഞ്ഞത് 5 വർഷത്തെ തൃപ്തികരമായ സേവനത്തിനുശേഷം ഒരു ജീവനക്കാരൻ സ്വമേധയാ സേവനത്തിൽ നിന്നും പിരിയുമ്പോൾ അല്ലെങ്കിൽ സേവന കാലത്ത് തുടർന്ന് ജോലി ചെയ്യുന്നതിന് ശാരീരിക കഴിവ് നഷ്ടപ്പെട്ടാൽ അല്ലെങ്കിൽ സേവന കാലത്ത് മരണപ്പെട്ടാൽ സംഘം അയാൾക്കോ അയാളുടെ നിയമാനുസൃത അവകാശികൾക്കോ ഓരോ പൂർത്തീകരിക്കപ്പെട്ട വർഷത്തെ സേവനത്തിനും അരമാസ ശമ്പളത്തിൽ കവിയാത്ത നിരക്കിൽ ഗ്രാറ്റ്യുവിറ്റി നൽകേണ്ടതാണ്. എന്നാൽ ഒരു കേസിലും ഗ്രാറ്റ്യുവിറ്റി 15 മാസത്തെ ശമ്പളത്തിൽ അധികരിക്കാവുന്നതല്ല. കൂടാതെ ഗ്രാറ്റ്യുവിറ്റി തുക ഒരു ജീവനക്കാരന് അർഹമായത് നൽകേണ്ടത് ഗ്രാറ്റ്യുവിറ്റി വിതരണ നിയമം 1972 (കേന്ദ്ര നിയമം 39-1972)-ൽ പറഞ്ഞിട്ടുള്ള നിരക്കിൽ അധികരിക്കാൻ പാടില്ലാത്തതും അല്ലെങ്കിൽ നിയമത്തിന്റെ ഈ ചട്ടങ്ങളുടെയും കീഴിൽ ലഭിച്ച തുക കണക്കിലെടുക്കാതെ ഏതെങ്കിലും പദ്ധതി പ്രകാരം തെരഞ്ഞെടുത്ത് ലഭിച്ചതോ അല്ലെങ്കിൽ ഈ കാര്യത്തിലേയ്ക്കായി സംഘം നടപ്പിലാക്കിയത് പ്രകാരമോ ഏതാണോ അത് പ്രകാരമായിരിക്കും.

(ബി) എല്ലാ സഹകരണ സംഘം ജീവനക്കാരെയും എൽ.ഐ.സി. ഗ്രാറ്റ്യുവിറ്റി സ്കീമിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാ സഹകരണ സംഘം ജീവനക്കാരെയും എൽ.ഐ.സി. ഗ്രാറ്റ്യുവിറ്റി സ്കീമിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനായി സഹകരണ സംഘം രജിസ്ട്രാർ 46/79, 6/88 എന്നീ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) എൽ.ഐ.സി. ലിങ്ക്ഡ് ഗ്രാറ്റ്യുവിറ്റി സ്കീമിന്റെ പരിധിയിൽ വരുന്ന സഹകരണ സംഘങ്ങൾ ഓരോ വർഷവും അടയ്ക്കുന്ന പ്രീമിയം തുക സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നുവെങ്കിലും ബഹുമാനപ്പെട്ട ഹൈക്കോടതി ഈ സർക്കുലർ റദ്ദ് ചെയ്തിട്ടുണ്ട്.

(ഡി) എൽ.ഐ.സി. ലിങ്ക്ഡ് ഗ്രാറ്റ്യുവിറ്റി സ്കീം സംബന്ധമായ ഏകീകൃത മാനദണ്ഡങ്ങൾ പാലിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നുവെങ്കിലും ബഹുമാനപ്പെട്ട ഹൈക്കോടതി ഈ സർക്കുലർ റദ്ദ് ചെയ്തിട്ടുണ്ട്. നിലവിൽ ടി വിഷയം ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പരിഗണനയിലാണ്.

## കേരള സംസ്ഥാന സഹകരണ പരീക്ഷാ ബോർഡ്

259(2608) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന സഹകരണ പരീക്ഷാ ബോർഡ് മുഖാന്തരം നിയമനം നടത്തുന്ന തസ്തികകൾ ഏതെല്ലാം; വിശദീകരിക്കാമോ;

(ബി) ഓരോ തസ്തികയിലും നിലവിലുള്ള ഒഴിവുകളും അവയിൽ നിയമനത്തിനായി സ്വീകരിച്ച നടപടികളും വിശദീകരിക്കാമോ;

(സി) സഹകരണ പരീക്ഷാ ബോർഡിലേക്ക് റിപ്പോർട്ട് ചെയ്യാതെ ഒരു വർഷത്തിലധികമായി ഒഴിഞ്ഞു കിടക്കുന്ന തസ്തികകളുടെ അംഗീകാരം റദ്ദാക്കുമോ;

(ഡി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതുമായി ബന്ധപ്പെട്ട് സഹകരണ രജിസ്ട്രാർ 2018-ൽ ഇറക്കിയ സർക്കുലറിൻമേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ) സഹകരണ നിയമം 80(ബി)-ൽ പ്രതിപാദിച്ചിട്ടുള്ള പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, പ്രാഥമിക വായ്പാ സംഘങ്ങൾ, അർബൻ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നീ സംഘങ്ങളിൽ നേരിട്ട് നിയമനം നടത്തപ്പെടുന്ന ജൂനിയർ ക്ലർക്ക് മുതൽ മുകളിലേയ്ക്കുള്ള എല്ലാ തസ്തികകളിലും ടൈപ്പിസ്റ്റ്, സിസ്റ്റം അഡ്മിനിസ്ട്രേറ്റർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ തസ്തികകളിലേയ്ക്കും ബോർഡ് മുഖാന്തരം എഴുത്ത് പരീക്ഷ നടത്തുന്നുണ്ട്.

(ബി) 2018-ൽ 3 വിജ്ഞാപനങ്ങളിലായി ആകെ 722 ഒഴിവുകളിലേയ്ക്ക് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ 361 എണ്ണം പരീക്ഷാ നടപടികൾ പൂർത്തിയാക്കിയതും 372 എണ്ണം പരീക്ഷ നടത്തുവാനുള്ളതുമാണ്.

(സി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ റദ്ദാക്കുന്നതിന് സഹകരണ നിയമ പ്രകാരം വ്യവസ്ഥയില്ല.

(ഡി) സഹകരണസംഘം രജിസ്ട്രാറിന്റെ 2018-ലെ സർക്കുലർ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് എല്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഒഴിവുള്ള തസ്തികകളുടെ വിവരം ബാങ്കുകളിൽ/സംഘങ്ങളിൽ നിന്നും ശേഖരിച്ച് ക്രോഡീകരിച്ച് സമർപ്പിക്കുന്നതിന് ജില്ലാ ജോയിന്റ് രജിസ്ട്രാർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റാങ്ക് ലിസ്റ്റ് നിലവിലുള്ള തസ്തികകളിൽ താൽക്കാലിക അടിസ്ഥാനത്തിലോ/ദിവസവേതനാടിസ്ഥാനത്തിലോ/കരാർ അടിസ്ഥാനത്തിലോ ജീവനക്കാരെ നിയമിച്ചാൽ പ്രസ്തുത ജീവനക്കാരെ അടിയന്തരമായി പിരിച്ചുവിടുന്നതിന് നടപടി സ്വീകരിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

## സഹകരണ വകുപ്പിലെ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തിക

260(2609) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിലെ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്‌പെക്ടർ തസ്തികയിലേക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ബി) പ്രസ്തുത തസ്തികയിലെ നിയമനത്തിനായി ആഗസ്റ്റ് 16-ന് വിജ്ഞാപനം പുറപ്പെടുവിക്കുവാൻ പി.എസ്.സി. തീരുമാനം എടുത്തിരുന്നതായി അറിയാമോ ;

(സി) പ്രസ്തുത വിജ്ഞാപനം മരവിപ്പിച്ചത് ഏത് സാഹചര്യത്തിലാണ്; ഇതിനായി സഹകരണ വകുപ്പ് പി.എസ്.സി.-യോട് ആവശ്യപ്പെട്ടിരുന്നോ ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഇപ്പോൾ നിലവിലില്ല.

(ബി&സി) പ്രസ്തുത തസ്തികയുടെ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി പബ്ലിക് സർവ്വീസ് കമ്മീഷൻ അറിയിച്ചിട്ടുണ്ട്.

## ടാസ്ക് ഫോഴ്സ്

261(2610) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരണത്തെ കുറിച്ച് പഠിക്കാനായി നിയോഗിച്ച ടാസ്ക് ഫോഴ്സ് പ്രസ്തുത ബാങ്ക് നിലവിൽവരുമ്പോൾ ഓരോ ജില്ലയിലുമുള്ള 10 മുതൽ 20 വരെ ജില്ലാ ബാങ്കുകളുടെ ശാഖകൾ പൂട്ടുന്നതിനായി ശിപാർശ നൽകിയിട്ടുണ്ടോ ;

(ബി) ജില്ലാ സഹകരണ ബാങ്കുകളിൽ ക്ലർക്ക്-കം-കാഷ്യർ തസ്തികയിലെ നിയമനത്തിനായി പി.എസ്.സി തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്രപേർക്ക് നിയമനം നൽകി; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) 2010-ൽ നിലവിൽവന്ന റാങ്ക് ലിസ്റ്റിൽ നിന്നും ഓരോ ജില്ലയിലും പ്രസ്തുത തസ്തികയിലേക്ക് എത്രപേർക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള ബാങ്ക് രൂപീകരണത്തെക്കുറിച്ച് പഠിക്കാനായി നിയോഗിച്ച ടാസ്ക് ഫോഴ്സ് പ്രസ്തുത ബാങ്ക് നിലവിൽ വരുമ്പോൾ ഓരോ ജില്ലയിലുമുള്ള 10 മുതൽ 20 വരെ ജില്ലാ ബാങ്കുകളുടെ ശാഖകൾ പൂട്ടുന്നതിനായി ശിപാർശ നൽകിയിട്ടില്ല.

(ബി&സി) വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**കൊല്ലം ജില്ലാ സഹകരണ ബാങ്ക്**

262(2611) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലാസഹകരണ ബാങ്കിന് എത്ര ശാഖകൾ ഉണ്ടെന്നറിയിക്കാമോ;

(ബി) കൊല്ലം ജില്ലാ സഹകരണ ബാങ്കിന്റെ ഹെഡ് ഓഫീസിലും ശാഖകളിലും ഉള്ള ഡാറ്റ എൻട്രി ഓപ്പറേറ്റർ തസ്തികയിലുള്ള സ്ഥിരം ഒഴിവുകളുടെ എണ്ണം പ്രത്യേകമായി വെളിപ്പെടുത്താമോ;

(സി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കൊല്ലം ജില്ലാ സഹകരണ ബാങ്കിന് 63 ശാഖകൾ ഉണ്ട്.

(ബി) കൊല്ലം ജില്ലാ സഹകരണ ബാങ്കിന്റെ ഹെഡ് ഓഫീസിൽ നിലവിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ 2 ഒഴിവുകൾ ഉണ്ട്.

(സി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

**കാർഷിക ഗ്രാമവികസന ബാങ്കിന്റെ പ്രവർത്തനം**

263(2612) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ഗ്രാമവികസന ബാങ്കിൽനിന്നും നൽകുന്ന വായ്പകളുടെ പലിശ നിരക്ക് എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) കാർഷിക ഗ്രാമവികസന ബാങ്കിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടത് എന്നാണ്;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) പി.എസ്.സി. മുഖേന കാർഷിക ഗ്രാമവികസന ബാങ്കിൽ എത്രപേരെ നിയമിച്ചിട്ടുണ്ട്;

(ഡി) പ്രസ്തുത ബാങ്കിന്റെ പ്രവർത്തനം സംബന്ധിച്ച് പരിശോധനയും തുടർനടപടിയും വേണമെന്ന് ഓഡിറ്റർ സഹകരണ വകുപ്പിനെ അറിയിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് 8.5% മുതൽ 12.55% വരെ നബാർഡ് മുഖാന്തരം വിതരണം ചെയ്യുന്ന വിവിധ വായ്പകൾക്ക് പലിശയായി ഈടാക്കിവരുന്നു.

(ബി&സി) 1995-ൽ വിവിധ സഹകരണ സ്ഥാപനങ്ങൾക്കൊപ്പം സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിലെ നിയമനങ്ങളും പി.എസ്.സി.-ക്ക് വിട്ടിരുന്നു. നിലവിൽ നിയമന ചട്ടം അംഗീകാരത്തിനായി പി.എസ്.സി.-ക്ക് നൽകിയിട്ടുണ്ട്. പി.എസ്.സി. മുഖേന ആരെയും നിയമിച്ചിട്ടില്ല.

(ഡി) കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് 2017-18 അംഗീകരിച്ച ഓഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം ബാങ്കിൽ താഴെ പറയുന്ന ഗുരുതര സ്വഭാവത്തോടുള്ള ക്രമക്കേടുകൾ നടന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

1. സ്റ്റാഫ് റിട്ടയർമെന്റ് ബെനഫിറ്റ് ഫണ്ട് ചട്ടങ്ങൾക്ക് വിരുദ്ധമായി വിനിയോഗം നടത്തിയത് സംബന്ധിച്ച്.
2. സർക്കാർ ഓഹരി മൂലധനം യഥാസമയം തിരിച്ചടയ്ക്കാത്തതും സർക്കാരിലേയ്ക്ക് അടയ്ക്കാനുള്ള ഗ്യാരന്റി കമ്മീഷനിലെ കുടിശ്ശിക സംബന്ധിച്ച്.
3. നിയമവിരുദ്ധമായി അംഗങ്ങൾക്ക് ഉപഹാരം വിതരണം ചെയ്തത് സംബന്ധിച്ച്.

## സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി

264(2613) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങൾ രജിസ്ട്രേഷന് വേണ്ടി അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന ബൈലോ സഹകരണ നിയമ പ്രകാരം പരിശോധിച്ചതിന് ശേഷമാണോ ബന്ധപ്പെട്ട രജിസ്ട്രാർ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുന്നത്;

(ബി) അതത് രജിസ്ട്രാർ അംഗീകരിച്ച് നൽകിയ ബൈലോയിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിന് സംഘങ്ങൾക്ക് അവകാശമുണ്ടായിരിക്കുന്നതാണോ ; വെളിപ്പെടുത്തുമോ ;

(സി) അംഗീകൃത ബൈലോയിൽ പറഞ്ഞിട്ടുള്ളതും സഹകരണ നിയമപ്രകാരം നിലനിൽക്കുന്നതുമായ പദ്ധതികൾ ഏറ്റെടുത്ത് പ്രവർത്തിക്കുന്നതിന് ബന്ധപ്പെട്ട രജിസ്ട്രാർ അനുമതി നൽകാതിരിക്കുന്നതായ പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) ഇത്തരത്തിൽ ഏതെങ്കിലും രജിസ്ട്രാർ പ്രവർത്തിക്കുന്നതായി ബോധ്യപ്പെട്ടാൽ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) താഴ്ന്ന ക്ലാസിഫിക്കേഷനുള്ളതും പുതുതായി പ്രവർത്തനമാരംഭിച്ചിട്ടുള്ളതുമായ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പ്രോത്സാഹനജനകവും സഹായകരവുമായ നടപടികൾ ബന്ധപ്പെട്ട രജിസ്ട്രാർ ഓഫീസുകളിൽ നിന്നും ഉണ്ടാകുന്നതിനാവശ്യമായ നിർദ്ദേശം നൽകുമോ?

## ഉത്തരം

(എ) സഹകരണ സംഘങ്ങൾ രജിസ്ട്രേഷന് സമർപ്പിക്കുന്ന ബൈലോ കേരള സഹകരണ സംഘം നിയമത്തിനും ചട്ടത്തിനും വിധേയമാണോ എന്ന് പരിശോധിച്ചതിന് ശേഷമാണ് ബന്ധപ്പെട്ട രജിസ്ട്രാർ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുന്നത്.

(ബി) കേരള സഹകരണ സംഘം നിയമം, ചട്ടം, സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ എന്നിവ പ്രകാരം നിലനിൽക്കുന്ന പദ്ധതികൾ ആണെങ്കിൽ സംഘങ്ങൾക്ക് നടപ്പിലാക്കാൻ അവകാശമുണ്ട്. എന്നാൽ സഹകരണ സംഘം നിയമപ്രകാരം സംഘത്തിൽ നടപ്പാക്കുന്ന ചില പ്രത്യേക പദ്ധതികൾക്ക് നിയമാവലിയൊടൊപ്പം തന്നെ ഉപനിബന്ധന കൂടി രജിസ്ട്രാറിൽനിന്നും അംഗീകരിച്ച് വാങ്ങേണ്ടതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) അപ്രകാരം പരാതിയുള്ളപക്ഷം അനുമതി നിരസിച്ചുകൊണ്ടുള്ള ഉത്തരവിനെതിരെ സർക്കാരിനോ സഹകരണ സംഘം രജിസ്ട്രാർക്കോ അപ്പീൽ ഹർജി നൽകാവുന്നതും ആയതിൽ നിയമാനുസൃതമായ നടപടി സ്വീകരിക്കുന്നതുമാണ്.

(ഇ) താഴ്ന്ന ക്ലാസിഫിക്കേഷനുള്ളതും പുതുതായി പ്രവർത്തനമാരംഭിച്ചിട്ടുള്ളതുമായ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് താലൂക്ക് തലങ്ങളിലും ജില്ലാ തലങ്ങളിലും നടക്കുന്ന പ്രതിമാസ അവലോകന യോഗങ്ങളിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകാറുണ്ട്. അത്തരം സംഘങ്ങളിൽ ആഡിറ്റ് നിർവ്വഹിക്കുമ്പോൾ അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള പൊതുവായ നിർദ്ദേശങ്ങൾ നൽകാറുണ്ട്.

## കൊല്ലം ജില്ലയിലെ പ്രളയത്തിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണം

265(2614) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം ജില്ലയിൽ പ്രളയത്തിൽ തകർന്ന എത്ര വീടുകൾ പുനർനിർമ്മിക്കുന്നതിനാണ് സഹകരണ വകുപ്പ് നിശ്ചയിച്ചിട്ടുള്ളത്; പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

സഹകരണ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള കെയർ ഹോം പദ്ധതി പ്രകാരം കൊല്ലം ജില്ലയിൽ 42 കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. സംസ്ഥാന ദുരന്തനിവാരണ ഫണ്ടിൽ നിന്നും ലഭിക്കുന്ന തുക ഉൾപ്പെടെ 5 ലക്ഷം രൂപയാണ് ഒരു വീട് നിർമ്മിക്കുന്നതിനായി ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്. വീടുകൾ നിർമ്മിച്ച് നൽകുന്നതിന് സ്ഥലത്തെ സാമ്പത്തിക ഭദ്രതയുള്ള സഹകരണ സംഘങ്ങളെയാണ് നിർമ്മാണ ചുമതല ഏൽപ്പിക്കുന്നത്. 500 ചതുരശ്ര അടി വരെ വിസ്തൃതിയുള്ള വീടുകളുടെ നിർമ്മാണം ആരംഭിച്ച് മൂന്ന് മാസത്തിനകം പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

## സഹകരണ സംഘങ്ങൾ മുഖേന നൽകിയ ക്ഷേമപെൻഷനുകൾ

266(2615) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ വകുപ്പിനു കീഴിലുള്ള സഹകരണ സംഘങ്ങൾ മുഖേന വിവിധ ക്ഷേമ പെൻഷനുകളിലായി എത്ര കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ വകുപ്പിന് കീഴിലുള്ള സഹകരണ സംഘങ്ങൾ മുഖേന താഴെ പറയും പ്രകാരം ക്ഷേമ പെൻഷനുകൾ വിതരണം ചെയ്തിട്ടുണ്ട് :

| പെൻഷൻ വിതരണം ഘട്ടം | | തുക |
|---|---|---|
| ഒന്നാം ഘട്ടം | | 16,72,34,67,375 |
| രണ്ടാം ഘട്ടം | | 4,99,1159,900 |
| മൂന്നാം ഘട്ടം | | 5,38,69,03,800 |
| നാലാം ഘട്ടം | | 2,01,66,39,600 |
| അഞ്ചാം ഘട്ടം | | 10,20,55,07,200 |
| ആറാം ഘട്ടം | | 6,29,06,91,900 |
| ഏഴാം ഘട്ടം | | 8,33,06,04,800 |
| എട്ടാം ഘട്ടം | | 8,05,17,11,800 |
| ഒമ്പതാം ഘട്ടം | | 1,02,95,600 |
| പത്താം ഘട്ടം | Reimbursement | 3,76,90,800 |
| പത്താം ഘട്ടം | | 86,800 |

**കാർഷിക വായ്പകൾക്ക് മൊറട്ടോറിയം**

267(2616) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളെയും സഹകരണ ബാങ്കുകളെയും ശക്തിപ്പെടുത്തുന്നതിനും കുടിശ്ശിക കുറയ്ക്കുന്നതിനും വായ്പ തിരിച്ചടവ് വർദ്ധിപ്പിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സഹകരണ വകുപ്പ് സ്വീകരിച്ചിട്ടുള്ളത്; ഇത് സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) പ്രളയത്തിന്റെ ഭാഗമായി കർഷകർക്ക് ഉണ്ടായ സാമ്പത്തിക ബുദ്ധിമുട്ടും നാശനഷ്ടങ്ങളും കണക്കിലെടുത്ത് കാർഷിക വായ്പകൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സഹകരണ സംഘങ്ങളേയും സഹകരണ ബാങ്കുകളേയും ശക്തിപ്പെടുത്തുന്നതിനും കുടിശ്ശിക കുറയ്ക്കുന്നതിനും വായ്പ തിരിച്ചടവ് വർദ്ധിപ്പിക്കുന്നതിനുമായി 2018 സാമ്പത്തിക വർഷത്തിൽ നവ കേരളീയം കുടിശ്ശിക നിവാരണ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. ഈ പദ്ധതിയുടെ കാലാവധി 2018 ഫെബ്രുവരി 15 മുതൽ മാർച്ച് 31 വരെ ആയിരുന്നു. ടി പദ്ധതിയിലൂടെ മരണപ്പെട്ടവരുടേയും മാരകരോഗം ബാധിച്ചവരുടേയും ഉൾപ്പെടെയുള്ളവരുടെ കുടിശ്ശികയായ വായ്പകൾ മുതലിനോടൊപ്പം പലിശ ക്രമീകരിച്ചും കുറഞ്ഞ പലിശ നിരക്ക് അനുവദിച്ചും പിഴപ്പലിശ ഒഴിവാക്കിയും തീർപ്പാക്കുന്നതിന് അവസരം നൽകിയിരുന്നു. കൂടാതെ സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും കുടിശ്ശിക കുറയ്ക്കുന്നതിലേയ്ക്കായി രജിസ്ട്രാറുടെ അനുമതിയോടുകൂടി കുടിശ്ശിക നിവാരണ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

(ബി) പ്രളയത്തിന്റെ ഭാഗമായി കർഷകർക്കുണ്ടായ സാമ്പത്തിക ബുദ്ധിമുട്ടും നാശനഷ്ടങ്ങളും കണക്കിലെടുത്ത് സഹകരണ സ്ഥാപനങ്ങളിൽ നിന്ന് അംഗങ്ങൾ എടുത്തിട്ടുള്ള കാർഷിക കടങ്ങൾക്ക് 31-7-2018 മുതൽ ഒരു വർഷത്തേയ്ക്ക് സഹകരണ സംഘം രജിസ്ട്രാറുടെ 51/18 നമ്പർ സർക്കുലർ പ്രകാരം മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. പ്രളയബാധിത പ്രദേശമായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പ്രദേശങ്ങളിലെ അംഗങ്ങൾ എടുത്തിട്ടുള്ള കാർഷിക കടങ്ങൾക്കാണ് ആനുകൂല്യം ലഭിക്കുന്നത്. മൊറട്ടോറിയം കാലാവധിയിലെ പിഴപ്പലിശ ഈടാക്കുന്നതല്ല. മൊറട്ടോറിയം കാലാവധിയിൽ നിലവിലുള്ള നിശ്ചിത നിരക്കിലുള്ള പലിശ ബന്ധപ്പെട്ട സഹകരണ സംഘം/ബാങ്കിന് മൊറട്ടോറിയം കാലാവധിക്കുശേഷം ഈടാക്കാവുന്നതാണ്. എന്നാൽ സഹകരണ സ്ഥാപനം/ബാങ്ക് സ്വന്തം ഫണ്ട് ഉപയോഗിച്ച് നൽകുന്ന വായ്പകളുടെമേൽകാലയളവിലെ പലിശ അതാത് സ്ഥാപനങ്ങളുടെ ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമെങ്കിൽ ഇളവ് ചെയ്ത് നൽകാൻ കഴിയുന്നതാണ്.

**അഖിലേന്ത്യാ സഹകരണ വാരാഘോഷ ചെലവ്**

268(2617) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അറുപത്തഞ്ചാമത് അഖിലേന്ത്യാ സഹകരണ വാരാഘോഷത്തിന്റെ സംസ്ഥാന തല ഉദ്ഘാടനത്തിനും സമാപനത്തിനുമായി എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക ഏതെല്ലാം കാര്യങ്ങൾക്കാണ് ചെലവഴിച്ചതെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഇതിനായി സമാഹരിച്ച തുക എത്രയാണെന്നും ഏതെല്ലാം മാർഗ്ഗങ്ങളിലൂടെയാണ് സമാഹരണം നടന്നതെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 28-11-2018 വരെയായി ഈ വകയിൽ 16,90,400 രൂപ ചെലവഴിച്ചിട്ടുണ്ട്.

| | | |
|---|---|---|
| (ബി) | Reception | 2,04,900 |
| | Food and Accommodation | 5,99,000 |
| | Printing and Publicity | 5,55,500 |
| | Stage and decoration | 2,41,000 |
| | Documentation | 90,000 |
| | Total | 16,90,400 |

(സി) ഇതുവരെ സമാഹരിച്ച തുക 21,70,000 രൂപയാണ്. കാസർഗോഡ് ജില്ലയിലെ സഹകരണ സംഘങ്ങൾ, സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക് എന്നിവർ നൽകിയ സംഭാവനയാണ് ഇതിലേയ്ക്കുള്ള വരവ്.

## കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരണം

269(2618) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള ടൂറിസം റഗുലേറ്ററി അതോറിറ്റിയുടെ രൂപീകരണത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ടൂറിസം റഗുലേറ്ററി അതോറിറ്റിയുടെ രൂപീകരണത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

1. ടൂറിസം മേഖലയിൽ അനഭിലഷണീയമായ പ്രവണതകൾ ശ്രദ്ധയിൽപ്പെട്ടാൽ അതിനെതിരെ നിയമാനുസൃത നടപടി സ്വീകരിക്കാൻ റഗുലേറ്ററി അതോറിറ്റിയെ അധികാരപ്പെടുത്തും. വിനോദ സഞ്ചാരികൾ

ഏതെങ്കിലും രീതിയിൽ വഞ്ചിക്കപ്പെട്ടാൽ അത് സംബന്ധിച്ച പരാതിയിന്മേൽ നടപടിയെടുക്കാൻ അതോറിറ്റിയെ ചുമതലപ്പെടുത്തും. കൂടാതെ ഇത് സംബന്ധിച്ച് ഏതെങ്കിലും ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടാൽപോലും ബന്ധപ്പെട്ട സ്ഥാപനത്തിനെതിരെ സ്വമേധയാ നടപടി സ്വീകരിക്കാനും അതോറിറ്റിക്ക് അധികാരമുണ്ടാകും.

2. നിയമാനുസൃതമായ ലൈസൻസില്ലാതെ ടൂറിസം രംഗത്ത് പ്രവർത്തിക്കുന്ന വ്യക്തികൾ/സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുക.

3. കേരള സർക്കാരോ കേന്ദ്ര സർക്കാരോ ടൂറിസം രംഗത്ത് നടപ്പിലാക്കുന്ന ലൈസൻസ്/ക്ലാസിഫിക്കേഷനുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുക.

4. ടൂറിസം രംഗത്തെ നിയമ ലംഘന പ്രവൃത്തികൾ ജുഡീഷ്യൽ അതോറിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവരിക.

5. ടൂറിസം രംഗത്തെ സേവന ദാതാക്കൾ ഗുണനിലവാരമുള്ള സേവനം നൽകുന്നു എന്ന് ഉറപ്പുവരുത്തുക.

6. ടൂറിസം രംഗത്തെ സേവനങ്ങൾക്ക് നികുതിയും നിയമവിരുദ്ധ പ്രവൃത്തികൾക്ക് പിഴയും നിശ്ചയിക്കുക.

7. ടൂറിസം മേഖലയിൽ സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന ഭരണ/ ധനപരമായ പ്രവൃത്തികൾ നടപ്പാക്കുക.

**മെഡിക്കൽ ടൂറിസം പ്രചരണത്തിനായി അന്തർദേശീയ എക്സിബിഷൻ**

270(2619) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012 മുതൽ 2017 വരെ ഓരോവർഷവും മെഡിക്കൽ ടൂറിസ്റ്റ് ആയി എത്ര പേർ വിദേശ രാജ്യങ്ങളിൽ നിന്നും കേരളം സന്ദർശിച്ചു;വിശദമാക്കുമോ;

(ബി) മെഡിക്കൽ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു;വിവരിക്കുമോ;

(സി) മെഡിക്കൽ ടൂറിസത്തിന്റെ പ്രചാരണത്തിനായി ഒരു അന്തർദേശീയ എക്സിബിഷൻ സംഘടിപ്പിക്കുന്നതിന് തയ്യാറാകുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) മെഡിക്കൽ ടൂറിസ്റ്റ് ആയി കേരളം സന്ദർശിക്കുന്ന വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം പ്രത്യേകം കണക്കാക്കിയിട്ടില്ല. 2012 മുതൽ 2017 വരെ കേരളം സന്ദർശിച്ച വിദേശവിനോദ സഞ്ചാരികളുടെ ആകെ എണ്ണം ചുവടെ ചേർക്കുന്നു :

| നമ്പർ | വർഷം | വിദേശ വിനോദ സഞ്ചാരികൾ |
|---|---|---|
| 1 | 2012 | 793,696 |
| 2 | 2013 | 858143 |
| 3 | 2014 | 923366 |
| 4 | 2015 | 977479 |
| 5 | 2016 | 1038419 |
| 6 | 2017 | 1091870 |

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ആയുർവേദ കേന്ദ്രങ്ങളുടെ നിലവാരം ഉയർത്തുന്നതിനായി ആയുർവേദ സ്ഥാപനങ്ങളുടെ ക്ലാസിഫിക്കേഷൻ പദ്ധതി വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കിവരുന്നു. ദേശീയ/അന്തർദേശീയ തലത്തിൽ വിനോദസഞ്ചാര വകുപ്പ് പങ്കെടുക്കുന്ന ഫെയറുകളിലും സംഘടിപ്പിക്കുന്ന ട്രേഡ് മീറ്റുകളിലും ആയുർവേദ, യോഗ എന്നിവയുടെ പ്രചാരണത്തിന് മുന്തിയ പരിഗണന നൽകിവരുന്നു. കൂടാതെ വകുപ്പിന്റെ മാർക്കറ്റിംഗ് ക്യാമ്പയിനുകളിലും ആയുർവേദത്തിന് പ്രഥമ പരിഗണന നൽകിവരുന്നു.

(സി) ഇപ്പോൾ പരിഗണയിലില്ല.

**വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനം**

271(2620) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും ശുചിത്വവും ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെത്തുന്ന വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും ടൂറിസം മേഖലയിൽ ഉണ്ടാകുന്ന കുറ്റകൃത്യങ്ങൾ തടയുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇതിന്റെ ഭാഗമായി ടൂറിസം പോലീസിനെ ശാക്തീകരിക്കുന്നതിനും അംഗീകൃത ടൂറിസ്റ്റ് ഗൈഡുകൾക്ക് ശാസ്ത്രീയ പരിശീലനം നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഡി) ടൂറിസം മേഖലയുടെ സമഗ്ര വികസനത്തിനായി ടൂറിസം അതോറിറ്റി രൂപീകരിക്കാൻ പദ്ധതിയുണ്ടോ എന്നറിയിക്കാമോ ?

ഉത്തരം

(എ)കേരളത്തിലെ വിനോദസഞ്ചാര മേഖലകളെ പരിപോഷിപ്പിക്കുന്നതിനും പുതിയ ടൂറിസം സീസണെ വരവേൽക്കാനുമുള്ള ഒരുക്കത്തിനുള്ള മുന്നോടിയായി ഗ്രീൻ കാർപ്പറ്റ് എന്ന പദ്ധതി വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. 2016 മുതൽ ആരംഭിച്ചിട്ടുള്ള ഈ പദ്ധതിയിൽ നിലവിൽ തെരഞ്ഞെടുക്കപ്പെട്ട 78 ടൂറിസം കേന്ദ്രങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. ടി കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യം, പരിസര ശുചിത്വം, പൊതു സൗകര്യങ്ങൾ, മെച്ചപ്പെട്ട സേവന ലഭ്യത എന്നിവ ഉറപ്പുവരുത്തുവാൻ ബഹുജന പങ്കാളിത്ത സ്വഭാവത്തോടെ ടൂറിസം വകുപ്പ് നടപ്പിലാക്കുന്ന ഒരു കർമ്മ പദ്ധതിയാണിത്. ടി പദ്ധതി നടത്തിപ്പിനായി ഒൻപതിന കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിൽ പ്രധാനമായും താഴെ പറയുന്ന പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ;

1. വൃത്തിയും ശുചിത്വവുമുള്ള പരിസരം, ഖരമാലിന്യങ്ങളുടെ ശാസ്ത്രീയമായ ശേഖരണവും സംസ്കരണവും
2. മേന്മയേറിയ പൊതുശുചിമുറികളും അവയുടെ കൃത്യമായ പരിപാലനവും
3. ശുദ്ധമായ കുടിവെള്ളവും ഭക്ഷണവും
4. കേടുപാടുകൾ ഇല്ലാത്ത നടപ്പാത, ലൈറ്റിംഗ്, സൂചക ബോർഡുകൾ
5. പ്രകൃതിയുടെ സ്വാഭാവികത നിലനിർത്താനുള്ള നടപടികൾ
6. വിനോദസഞ്ചാരികളുടെ സുരക്ഷിതത്വം, സംരക്ഷണം എന്നിവ ഉറപ്പ് വരുത്തൽ, അടിയന്തര ഘട്ടങ്ങളിൽ എത്രയുംപെട്ടെന്ന് സഹായം ഉറപ്പാക്കുന്നതിനുള്ള സംവിധാനം

7. ടൂറിസ്റ്റുകൾക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിനും പരാതികളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിനുമുള്ള സംവിധാനം

8. ജീവനക്കാർ, സന്നദ്ധ പ്രവർത്തകർ എന്നിവർക്ക് കൃത്യമായ പരിശീലനവും തിരിച്ചറിയൽ കാർഡ് നൽകലും

9. പ്രാദേശിക ജനങ്ങളുടെ പങ്കാളിത്തം

10. ടി കാര്യങ്ങൾ ഉറപ്പുവരുത്തുന്നതിനായി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനെ ഡെസ്റ്റിനേഷൻ മാനേജരായി ചുമതലപ്പെടുത്തുക

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ടൂറിസം വ്യവസായ സംരംഭകർ, കുടുംബശ്രീ, ശുചിത്വമിഷൻ, നാഷണൽ സർവ്വീസ് സ്കീം, എൻ.ജി.ഒ.-കൾ തുടങ്ങിയവരുടെ കൂട്ടായ്മയിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. സംസ്ഥാന തലത്തിലും ജില്ലാതലത്തിലും നിരീക്ഷണ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ഡെസ്റ്റിനേഷനുകളിലും ഡെസ്റ്റിനേഷൻ മാനേജർമാരെ നിശ്ചയിച്ചിട്ടുണ്ട്. ടൂറിസം നയത്തിന്റെ ഭാഗമായി ഹരിത പെരുമാറ്റ ചട്ടം നടപ്പിലാക്കുന്നതിന് വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക് ഉപയോഗം ഘട്ടം ഘട്ടമായി നിയന്ത്രിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. ഹരിത പെരുമാറ്റ ചട്ടം നിലവിൽവന്നതോടെ ഒരു പരിധിവരെ ടൂറിസം കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക്കിന്റെ അളവ് കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. ചില കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഘട്ടംഘട്ടമായി മൂന്ന് വർഷത്തിനുള്ളിൽ കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളെ പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിന് ലക്ഷ്യമിടുന്നു.

(ബി & സി) സംസ്ഥാനം സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്ക് വേണ്ട സുരക്ഷയും സംരക്ഷണവും അതീവ പ്രാധാന്യത്തോടെ കണക്കാക്കി ഒട്ടേറെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടൂറിസം മേഖലയിൽ അപകടസാധ്യതയുള്ള സാഹചര്യങ്ങളെക്കുറിച്ച് സഞ്ചാരികളെ ബോധവൽക്കരിക്കുന്നതിന് നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ വിനോദ സഞ്ചാര കേന്ദ്രങ്ങളുടെയും പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പ് വഴി നിർദ്ദേശം നൽകിയിട്ടുണ്ട്. പരിശീലനം ലഭിച്ച ടൂറിസം പോലീസിന്റെ സേവനം പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഉറപ്പ് വരുത്തിയിട്ടുണ്ട്. നിലവിൽ 150 സിവിൽ പോലീസ് ഓഫീസർമാരും ടൂറിസം പോലീസുകാരായി സേവനം നടത്തുന്നുണ്ട്. കൂടുതൽ വനിതാ ടൂറിസം പോലീസിനെ അടിയന്തരമായി വിന്യസിക്കുന്നതിന് പോലീസ് വകുപ്പ് നടപടി സ്വീകരിക്കുന്നുണ്ട്. ടൂറിസം പോലീസിലെ എല്ലാ ഉദ്യോഗസ്ഥർക്കും ഭാഷാ നൈപുണ്യ ക്ലാസുകൾ, ഓറിയന്റേഷൻ ക്ലാസുകൾ,

അവബോധ ക്ലാസുകൾ, ആവശ്യമായ ഇതര ട്രെയിനിംഗുകൾ കിറ്റ്സ് മുഖാന്തരം നൽകുന്നതിന് പോലീസ് വകുപ്പുമായി ചേർന്ന് നടപ്പാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട ബീച്ചുകളിൽ ടൂറിസ്റ്റുകളുടെ സംരക്ഷണം മുൻനിർത്തി പ്രാവീണ്യമുള്ള ലൈഫ് ഗാർഡുകളുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. അപകട സാധ്യത സൂചിപ്പിച്ചുകൊണ്ടുള്ള മുന്നറിയിപ്പ് ബോർഡുകളും ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. വകുപ്പിന്റെ ബ്രോഷറുകളിലൂടെയും മറ്റ് വിനിമയ മാധ്യമങ്ങളിലൂടെയും ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ മുഖാന്തരവും ഇത്തരം സ്ഥലങ്ങളുടെ വിവരങ്ങൾ സംബന്ധിച്ച് ടൂറിസ്റ്റുകളെ ബോധവാന്മാരാക്കുന്നു. ജലയാനങ്ങളിൽ സഞ്ചരിക്കുന്ന വിനോദസഞ്ചാരികൾക്ക് Life Jacket അടക്കമുള്ള സുരക്ഷാ സംവിധാനങ്ങൾ ധരിക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സിസിടിവി സംവിധാനം, നടപ്പാതകൾ, പ്രകാശ സംവിധാനം എന്നിവ ഏർപ്പെടുത്തിവരുന്നു.

കടലോരങ്ങൾ, കായലുകൾ, നദികൾ, തടാകങ്ങൾ, മലനിരകൾ തുടങ്ങിയ വിനോദസഞ്ചാര കേന്ദ്രങ്ങളെ ആശ്രയിച്ചാണ് കേരളത്തിലെ ടൂറിസം മേഖല നീങ്ങുന്നത്. പ്രധാന ബീച്ചുകളിലെല്ലാംതന്നെ പരിശീലനം നേടിയ ലൈഫ് ഗാർഡുകളെ നിയോഗിച്ചിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ 178 പേർ ലൈഫ് ഗാർഡുകളായി സേവനം അനുഷ്ഠിക്കുന്നു. ഇവരുടെ സേവനം നിർദ്ദിഷ്ട സ്ഥലങ്ങളിൽ ഉറപ്പാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവരുടെ കഴിവുകൾ മെച്ചപ്പെടുത്തുന്നതിന് കൂടുതൽ പരിശീലനം നൽകുന്നതിനൊടോപ്പം ആവശ്യമായ ജീവൻരക്ഷാ ഉപകരണങ്ങൾ നൽകി കൂടുതൽ പേരെ ഇതിനായി വിന്യസിക്കും. വിനോദസഞ്ചാര മേഖലയിലെ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ സിസിടിവി ക്യാമറ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി വകുപ്പ് സ്വീകരിച്ചുവരുന്നു. കോവളം ടൂറിസം മേഖലയിൽ ആധുനിക നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് നടപടിയായിട്ടുണ്ട്. കോവളത്ത് പോലീസ് വകുപ്പിന്റെ സഹകരണത്തോടെ ബീച്ചുകളിലും ഇടവഴികൾ, നടപ്പാതകൾ, റോഡുൾപ്പെടെയുള്ള പ്രദേശങ്ങളെയുമാണ് സിസിടിവി ക്യാമറകളുടെ നിരീക്ഷണത്തിലാക്കുന്നത്. 34 ഇടങ്ങളിലായി 50 നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്ക് 49,19,500 (നാല്പത്തിയൊൻപത് ലക്ഷത്തി പത്തൊൻപതിനായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള കാര്യങ്ങൾ അതത് പഞ്ചായത്തുകൾ/കോർപ്പറേഷനുകൾ/പോലീസ് വകുപ്പ്/വനം വകുപ്പ് അധികാരികളുമായി ചേർന്ന് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. ടൂറിസം കേന്ദ്രങ്ങളിലെ

സുരക്ഷ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വിനോദസഞ്ചാര കേന്ദ്രങ്ങളിലെ കച്ചവടക്കാർ, ഗൈഡുകൾ എന്നിവർക്ക് തിരിച്ചറിയൽ രേഖകൾ, യൂണിഫോം മുതലായവ നിർബന്ധമാക്കുന്നതാണ്. പോലീസ് വകുപ്പ്, മറ്റ് ഇതര വകുപ്പുകളുമായി ചേർന്ന് അവരുടെ നിർദ്ദേശങ്ങൾകൂടി സ്വീകരിച്ച് ഇവ നടപ്പിലാക്കുന്ന കാര്യങ്ങൾ പരിഗണിക്കുന്നതാണ്.

(ഡി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

## പ്രളയത്തിൽ തകർന്ന ടൂറിസം മേഖലയ്ക്ക് ആക്ഷൻ പ്ലാൻ

272(2621) ഡോ. എം. കെ. മുനീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയക്കെടുതിയെ തുടർന്ന് തകർന്ന ടൂറിസം മേഖലയെ പഴയ രീതിയിൽ കൊണ്ടുവരുന്നതിന് എന്തെങ്കിലും ആക്ഷൻ പ്ലാൻ തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം നല്കുമോ?

ഉത്തരം

(എ&ബി) പ്രളയക്കെടുതിയെത്തുടർന്ന് ടൂറിസം മേഖലയിൽ ഉണ്ടായ മാന്ദ്യം പരിഹരിക്കുന്നതിന് പ്രത്യേക ആക്ഷൻ പ്ലാൻ തയ്യാറാക്കി നടപ്പാക്കിവരുന്നു. ഇതനുസരിച്ച് അടിയന്തിര പ്രാധാന്യത്തോടെ റോഡ് വികസനം നടപ്പാക്കി വരുന്നു. പ്രത്യേക ഡിജിറ്റൽ പരസ്യ പ്രചരണം, ട്രേഡ് ഫെയറുകളിൽ പങ്കെടുക്കുക, ഉത്തരവാദിത്ത ടൂറിസം മിഷന്റെ ആഭിമുഖ്യത്തിൽ തദ്ദേശവാസികൾക്ക് ഗുണപ്രദമായ പദ്ധതികൾ എന്നിവ നടപ്പാക്കിവരുന്നു.

## വിനോദസഞ്ചാര കേന്ദ്രങ്ങളുടെ സമഗ്ര വികസനം

273(2622) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 ജനുവരി 1 മുതൽ 2017 ഡിസംബർ 31 വരെ സംസ്ഥാനത്ത് എത്ര വിനോദസഞ്ചാരികൾ സന്ദർശനം നടത്തി; ഇതിൽ ആഭ്യന്തര ടൂറിസ്റ്റുകൾ എത്ര; വിദേശ ടൂറിസ്റ്റുകൾ എത്ര;

(ബി) കഴിഞ്ഞ വർഷം ഇവരുടെ സന്ദർശനത്തിലൂടെ എത്ര കോടി രൂപയുടെ വരുമാനം സംസ്ഥാനത്തിന് നേടാൻ സാധിച്ചു;

(സി) 2018 ജനുവരി 1 മുതൽ 2018 ഒക്ടോബർ 31 വരെ സംസ്ഥാനത്ത് സന്ദർശനം നടത്തിയ ടൂറിസ്റ്റുകൾ എത്ര; ആഭ്യന്തരം/വിദേശം എന്നിങ്ങനെ തരംതിരിച്ച് വ്യക്തമാക്കുമോ; ആയതുവഴി എത്ര കോടി രൂപയുടെ വരുമാനം സംസ്ഥാനത്തിന് ലഭിച്ചു; വ്യക്തമാക്കുമോ;

(ഡി) ഹർത്താലുകൾ ടൂറിസം മേഖലയെ ബാധിച്ചുവോ എന്ന് സർക്കാർ കരുതുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; സംസ്ഥാനത്ത് നിലവിൽ ഏറ്റവും കൂടുതൽ വിനോദസഞ്ചാരികൾ എത്തുന്ന വിനോദസഞ്ചാര കേന്ദ്രം ഏതാണ്; ഏറ്റവും കൂടുതൽ വിദേശ ടൂറിസ്റ്റുകൾ/ആഭ്യന്തര ടൂറിസ്റ്റുകൾ എത്തുന്നത് എവിടെ നിന്നുമാണ്;

(ഇ) വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി അന്താരാഷ്ട്ര പ്രചരണ പരിപാടി സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം രാജ്യങ്ങളിൽ പ്രചരണം നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; സംസ്ഥാനത്ത് വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മതിയായ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുവാനും പ്രസ്തുത കേന്ദ്രങ്ങൾ വൃത്തിയായി പരിപാലിക്കുന്നതിനും, റോഡ്, താമസസൗകര്യം മുതലായ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും, വിവിധ കേന്ദ്രങ്ങൾ തമ്മിലുള്ള കണക്റ്റിവിറ്റി വർദ്ധിപ്പിക്കുന്നതിനും വേണ്ടി ടൂറിസം വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2017 കലണ്ടർ വർഷം കേരളം സന്ദർശിച്ച വിനോദ സഞ്ചാരികളുടെ എണ്ണം 15765390 ആണ്. ഇതിൽ ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണം 14673520 ആണ്. വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം 1091870 ആണ്.

(ബി) 2017 കലണ്ടർ വർഷം ടൂറിസം മേഖലയിലെ ആകെ വരുമാനം 33383.68 കോടി രൂപ ആണെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ഇതിൽ 8392.11 കോടി രൂപയാണ് വിദേശ വിനോദസഞ്ചാരികളിൽനിന്നും നേരിട്ട് ലഭിച്ച വരുമാനം.

(സി) 2018 സെപ്റ്റംബർ മാസം വരെയുള്ള കണക്കുകളാണ് വകുപ്പ് അന്തിമമാക്കിയിട്ടുള്ളത്. പ്രസ്തുത കണക്ക് പ്രകാരം കേരളം സന്ദർശിച്ച വിനോദ സഞ്ചാരികളുടെ എണ്ണം 12100968 ആണ്. ഇതിൽ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണം 11318850-ഉം, വിദേശ വിനോദസഞ്ചാരികളുടെ എണ്ണം 782118-ഉം ആണ്. ടൂറിസം വരുമാനം കണക്കാക്കുന്നത് കലണ്ടർ വർഷം അടിസ്ഥാനമാക്കി ആണ്. 2018 വർഷത്തെ ടൂറിസം വരുമാനം കണക്കാക്കപ്പെട്ടിട്ടില്ല.

(ഡി) ഹർത്താലുകൾ സംസ്ഥാനത്തെ ടൂറിസം മേഖലയെ ബാധിക്കുന്നുണ്ട്. 2018 സെപ്റ്റംബർ മാസം വരെയുള്ള കണക്കുകൾ പ്രകാരം ഏറ്റവും കൂടുതൽ വിദേശ/ആഭ്യന്തര വിനോദ സഞ്ചാരികൾ എത്തുന്ന വിനോദ സഞ്ചാര കേന്ദ്രം കൊച്ചി ആണ്. വിദേശ വിനോദസഞ്ചാരികൾ കൂടുതലായും വരുന്നത് യു.കെ.-യിൽ നിന്നാണ്. ആഭ്യന്തര വിനോദസഞ്ചാരികൾ കൂടുതലായും വരുന്ന സംസ്ഥാനം തമിഴ്നാടാണ്.

(ഇ) വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി ടൂറിസം വകുപ്പ് അന്താരാഷ്ട്ര പ്രചരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ വർഷം ആഗസ്റ്റ് മാസത്തിൽ ഇതിന്റെ ഭാഗമായി ദുബായ്, സൗദി, ഒമാൻ, കുവൈറ്റ്, യു.എ.ഇ. എന്നിവിടങ്ങളിൽ മിഡിൽ ഈസ്റ്റ് ടി.വി. ക്യാമ്പയിൻ സംഘടിപ്പിച്ചു. ഇനി വരുന്ന മാസങ്ങളിൽ യൂറോപ്പ്, വടക്കേ അമേരിക്ക, ഓസ്ട്രേലിയ എന്നിവിടങ്ങളിൽ വിവിധ പ്രചരണ പരിപാടികൾ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് സംഘടിപ്പിക്കാനും വകുപ്പ് ആലോചിച്ചുവരുന്നു. ഇതിനുപുറമേ നെതർലാന്റ്സ്, ഫിറ്റൂർ മാഡ്രിഡ്, ബിറ്റ് മിലാൻ, IMTM ടെൽ അവീവ്, ITB ബർലിൻ, പാരീസ് എന്നിവിടങ്ങളിൽ ട്രേഡ് ഫെയർ/ബി2 ബി മീറ്റ് എന്നിവയും വകുപ്പ് മുൻ നിശ്ചയ പ്രകാരം സംഘടിപ്പിക്കുന്നുണ്ട്. വിയന്ന, റോം, പ്രാഗ്, സൂറിച്ച്, ന്യൂയോർക്ക്, ചിക്കാഗോ, ഹ്യൂസ്റ്റൺ, ലോസ് ആഞ്ചൽസ്, ലണ്ടൻ എന്നിവിടങ്ങൾ കേന്ദ്രീകരിച്ചാണ് കേരള ടൂറിസം 2019 ആദ്യം അന്താരാഷ്ട്ര പ്രചരണ പരിപാടികൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. സംസ്ഥാനം സന്ദർശിക്കുന്ന വിനോദ സഞ്ചാരികൾക്ക് വേണ്ട സുരക്ഷയും സംരക്ഷണവും അതീവ പ്രാധാന്യത്തോടെ കണക്കാക്കി ഒട്ടേറെ നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ടൂറിസം മേഖലയിൽ അപകട സാധ്യതയുള്ള സാഹചര്യങ്ങളെക്കുറിച്ച് സഞ്ചാരികളെ ബോധവത്ക്കരിക്കുന്നതിന് നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ വിനോദ സഞ്ചാര കേന്ദ്രങ്ങളുടെയും പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പുവഴി നിർദ്ദേശം നൽകിയിട്ടുണ്ട്. പരിശീലനം ലഭിച്ച ടൂറിസം പോലീസിന്റെ സേവനം പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഉറപ്പ് വരുത്തിയിട്ടുണ്ട്. നിലവിൽ 150 സിവിൽ പോലീസ് ഓഫീസർമാരും 30 സീനിയർ പോലീസ് ഓഫീസർമാരും ടൂറിസം പോലീസുകാരായി സേവനം നടത്തുന്നുണ്ട്.

ടൂറിസം പോലീസിന്റെ ശക്തി വർദ്ധിപ്പിക്കുന്നതിനായി ടൂറിസം പോലീസിന്റെ സേവനം കൂടുതൽ ആവശ്യമായ ഇടങ്ങളിൽ ഉൾപ്പെടുത്തുന്നത് പരിശോധിച്ച് എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കുവാൻ ടൂറിസം വകുപ്പ് ആലോചിക്കുന്നുണ്ട്. കൂടുതൽ വനിതാ ടൂറിസം പോലീസിനെ അടിയന്തരമായി വിന്യസിക്കുന്നതിന് പോലീസ് വകുപ്പ് നടപടി സ്വീകരിക്കുന്നുണ്ട്. ടൂറിസം

പോലീസിലെ എല്ലാ ഉദ്യോഗസ്ഥർക്കും ഭാഷാ നൈപുണ്യ ക്ലാസുകൾ, ഓറിയന്റേഷൻ ക്ലാസുകൾ, അവബോധ ക്ലാസുകൾ, ആവശ്യമായ ഇതര ട്രെയിനിംഗുകൾ കിറ്റ്സ് മുഖാന്തരം നൽകുന്നതിനും പോലീസ് വകുപ്പുമായി ചേർന്ന് നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട ബീച്ചുകളിൽ ടൂറിസ്റ്റുകളുടെ സംരക്ഷണം മുൻനിർത്തി പ്രാവീണ്യമുള്ള ലൈഫ് ഗാർഡുകളുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ 178 പേർ ലൈഫ് ഗാർഡുമാരായി സേവനം അനുഷ്ഠിക്കുന്നുണ്ട്. ഇവരുടെ കഴിവുകൾ മെച്ചപ്പെടുത്തുന്നതിന് കൂടുതൽ പരിശീലനം നൽകുന്നതോടൊപ്പം ആവശ്യമായ ജീവൻരക്ഷാ ഉപകരണങ്ങൾ നൽകുന്ന കാര്യവും പരിശോധിച്ചുവരുന്നു. അപകടസാധ്യത സൂചിപ്പിച്ചുകൊണ്ടുള്ള മുന്നറിയിപ്പ് ബോർഡുകളും ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. വകുപ്പിന്റെ ബ്രോഷറുകളിലും മറ്റ് വിനിമയ മാധ്യമങ്ങളിലൂടെയും ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്ററുകളിലൂടെയും ഇത്തരം സ്ഥലങ്ങളെ സംബന്ധിച്ച് ടൂറിസ്റ്റുകളെ ബോധവാൻമാരാക്കുന്നുണ്ട്. ജലയാനങ്ങളിൽ സഞ്ചരിക്കുന്ന വിനോദ സഞ്ചാരികൾക്ക് ലൈഫ് ജാക്കറ്റ് അടക്കമുള്ള സുരക്ഷാ സംവിധാനങ്ങൾ ധരിക്കണമെന്ന കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സിസിടിവി സംവിധാനം, നടപ്പാതകൾ, പ്രകാശ സംവിധാനം എന്നിവ ഏർപ്പെടുത്തിവരുന്നു. വിനോദസഞ്ചാര മേഖലയിലെ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ സിസിടിവി ക്യാമറ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി വകുപ്പ് സ്വീകരിച്ചുവരികയാണ്. കോവളം ടൂറിസം മേഖലയിൽ ആധുനിക നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടിയായിട്ടുണ്ട്. കോവളത്ത് പോലീസ് വകുപ്പിന്റെ സഹകരണത്തോടെ ബീച്ചും ഇടവഴികളും നടപ്പാതകളും, റോഡുൾപ്പെടെയുള്ള 34 ഇടങ്ങളിലായി 50 നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള ഈ പദ്ധതിക്ക് 49,19,500 രൂപയുടെ (നാൽപ്പത്തി ഒൻപത് ലക്ഷത്തി പത്തൊൻപതിനായിരത്തി അഞ്ഞൂറ് രൂപ മാത്രം) അനുമതി വകുപ്പ് നൽകിയിട്ടുണ്ട്. പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള കാര്യം അതത് പഞ്ചായത്തുകൾ/കോർപ്പറേഷനുകൾ/ പോലീസ് വകുപ്പ്/വനം വകുപ്പ് അധികാരികളുമായി ചേർന്ന് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്ന കാര്യം വകുപ്പിന്റെ പരിഗണനയിലുണ്ട്. ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 10-5-2018-ൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചതനുസരിച്ച് വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ കച്ചവടക്കാർ, ഗൈഡുകൾ എന്നിവർക്ക് തിരിച്ചറിയൽ രേഖകൾ, യൂണിഫോം മുതലായവ നിർബന്ധമാക്കുന്നതിന് തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ വിശദമായ നിർദ്ദേശങ്ങൾ പോലീസ് വകുപ്പ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പോലീസ് വകുപ്പ് മറ്റ് ഇതര വകുപ്പുകളുമായി ചേർന്ന് അവരുടെ നിർദ്ദേശങ്ങൾ കൂടി സ്വീകരിച്ച് ഇവ നടപ്പിലാക്കുന്ന കാര്യങ്ങൾ വകുപ്പിന്റെ പരിഗണനയിലാണ്.

**പ്രളയക്കെടുതി**

274(2623) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയക്കെടുതിക്ക് ശേഷം ടൂറിസം മേഖലയിൽ എന്തെല്ലാം തിരിച്ചടികൾ ഉണ്ടായിട്ടുണ്ട് എന്ന് അറിയിക്കുമോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

(ബി) ഇവയിൽനിന്നും അതിജീവിച്ച് ടൂറിസം മേഖലയിൽ കൂടുതൽ ഉണർവ്വുണ്ടാക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രളയക്കെടുതിക്ക് ശേഷം ടൂറിസം മേഖലയിൽ വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 2018 ആഗസ്റ്റ്, സെപ്റ്റംബർ എന്നീ മാസങ്ങളിൽ 18.46, 18.16 എന്നീ ശതമാനത്തിന്റെ കുറവ് സംഭവിച്ചിട്ടുണ്ട്. ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ ആഗസ്റ്റ്, സെപ്റ്റംബർ എന്നീ മാസങ്ങളിൽ 12.56%, 5.85% കുറവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത കുറവിന് ആനുപാതികമായി വിനോദസഞ്ചാര മേഖലയിൽ നിന്നുള്ള വരുമാനത്തിലും ഇടിവ് സംഭവിച്ചിട്ടുണ്ട്.

(ബി & സി) സംസ്ഥാനത്ത് പ്രളയക്കെടുതിക്ക് ശേഷം ടൂറിസം മേഖലയിൽ ഉണ്ടായ തിരിച്ചടി അടിയന്തരമായി മറികടക്കുന്നതിനായി വകുപ്പ് വിവിധ പ്രചരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. 'Post Flood Campaign'-ന്റെ ഭാഗമായി Its time for Kerala എന്ന ലേബലിൽ പരസ്യ പ്രചരണം സംഘടിപ്പിച്ചു. ഇന്ത്യയിലെ വിവിധ സിനിമാ സ്ക്രീനുകളായ PVR, INOX, VFO എന്നിവിടങ്ങളിൽ ഏകദേശം 350 ഓളം സ്ക്രീനുകൾ കേന്ദ്രീകരിച്ച് പരസ്യം പ്രദർശിപ്പിച്ചുകഴിഞ്ഞു. നാഷണൽ ടെലിവിഷൻ ചാനലുകൾ, റേഡിയോ എന്നിവ വഴിയും പ്രചരണം നടത്തി. ഡൽഹി, മുംബൈ, ബാംഗ്ലൂർ, ഹൈദരാബാദ്, അഹമ്മദാബാദ്, ചെന്നൈ എയർപോർട്ടുകളിൽ OOH ക്യാമ്പയിൻ നടത്തി. രാജ്യത്തെ വിവിധ പത്രങ്ങളിലും മാസികകളിലും പരസ്യം നൽകിയിട്ടുണ്ട്. ഡിജിറ്റൽ ക്യാമ്പയിൻ, സോഷ്യൽ മീഡിയ, ഓൺലൈൻ ആഡ് ക്യാമ്പയിൻ (ഇന്ത്യയ്ക്കകത്തും പുറത്തും) വീഡിയോ ക്യാപ്പ്സൂൾ ടു പ്രൊമോട്ട് കേരള എന്നിവയും ടൂറിസം മേഖലയ്ക്ക് ഉണർവ് സമ്മാനിച്ചുകഴിഞ്ഞു. മാത്രമല്ല പ്രളയാനന്തരം വിവിധ സംസ്ഥാനങ്ങളിൽ (മുംബൈ, അഹമ്മദാബാദ്, നാഗ്പൂർ, പൂനെ, ഡൽഹി, വിശാഖപട്ടണം, അമൃതസർ, ഹൈദരാബാദ്) നടത്തിയ ട്രേഡ്

ഫെയറുകളിലും പാർട്ട്ണർഷിപ്പ് മീറ്റുകളിലും പങ്കെടുത്ത് കേരള ടൂറിസം മേഖല പ്രളയത്തെ അതിജീവിച്ച് സഞ്ചാരികൾക്ക് വീണ്ടും പ്രിയപ്പെട്ടതാണെന്നുള്ള പ്രചരണവും ബോധവൽക്കരണവും നടത്തിക്കഴിഞ്ഞു. അന്താരാഷ്ട്ര ബി2 ബി മീറ്റുകളിലും ട്രേഡ് ഫെയറുകളിലും വകുപ്പ് ക്യാമ്പയിൻ നടത്തിവരുന്നു. ജനുവരി മുതൽ മാർച്ച് മാസം വരെ നെതർലാൻസ്, മാഡ്രിഡ്, മിലാൻ, ടെൽ അവിവ്, ബെർലിൻ, പാരീസ്, വിയന്ന, റോം, പ്രാഗ്, സൂറിച്ച്, ന്യൂയോർക്ക്, ചിക്കാഗോ, ഹ്യൂസ്റ്റൺ, ലോസ് ആഞ്ചലസ്, ലണ്ടൻ എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് ട്രേഡ് ഫെയറുകൾ, മീറ്റുകൾ എന്നിവ സംഘടിപ്പിക്കുന്നുണ്ട്. ഇതുവഴി പ്രളയാനന്തരം സംസ്ഥാന ടൂറിസം മികച്ച ഉണർവ് നേടി വീണ്ടും പഴയ രീതിയിലേയ്ക്ക് എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## ലീഗ് വിഭാഗത്തിൽ ഉൾപ്പെടുത്തുന്ന ജലോത്സവങ്ങൾ

275(2624) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം ജലോത്സവങ്ങളെ ലീഗ് വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ ;

(ബി) ലീഗ് വിഭാഗത്തിൽ ഉൾപ്പെടുത്തുന്ന ജലോത്സവങ്ങൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുകയെന്ന് വിശദീകരിക്കാമോ ;

(സി) കരുനാഗപ്പള്ളി മണ്ഡലത്തിലെ കന്നേറ്റി കായലിൽ 78 വർഷമായി നടത്തിവരുന്ന ശ്രീനാരായണ ട്രോഫി ജലോത്സവം ലീഗ് വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ ?

### ഉത്തരം

(എ) താഴെ പറയുന്ന 13 ജലോത്സവങ്ങളെയാണ് ലീഗ് വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുള്ളത്.

1. നെഹ്റു ട്രോഫി ബോട്ട് റേസ്, ആലപ്പുഴ
2. പുളിങ്കുന്ന് ബോട്ട് റേസ്, ആലപ്പുഴ
3. കരുവാറ്റ, ആലപ്പുഴ
4. കോട്ടപ്പുറം, തൃശ്ശൂർ
5. താഴത്തങ്ങാടി, കോട്ടയം
6. പൂത്തോട്ട, എറണാകുളം

7. പിറവം, എറണാകുളം

8. കൈനകരി, ആലപ്പുഴ

9. കവണാറ്റിൻകര, കോട്ടയം

10. മദർ തെരേസ ബോട്ട് റേസ്, മാവേലിക്കര

11. കായംകുളം ബോട്ട് റേസ്, ആലപ്പുഴ

12. കല്ലട, കൊല്ലം

13. പ്രസിഡന്റ്സ് ട്രോഫി ബോട്ട് റേസ്, കൊല്ലം.

(ബി) അന്തിമ തീരുമാനം ആയിട്ടില്ല.

(സി) സാങ്കേതിക വിദഗ്ധരുമായും സംസ്ഥാനതല കമ്മിറ്റിയുമായും കൂടിയാലോചിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

**ടേക്ക് എ ബ്രേക്ക് പദ്ധതി**

276(2625) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദ സഞ്ചാര വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിച്ച ടേക്ക് എ ബ്രേക്ക് പദ്ധതി നിലവിലുണ്ടോ ; ഉണ്ടെങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ എവിടെയെല്ലാമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതി നടപ്പിലാക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്ന തെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വിനോദസഞ്ചാരികൾക്ക് മെച്ചപ്പെട്ട സന്ദർശനാനുഭവം പ്രദാനം ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാനത്തെ പ്രധാനപ്പെട്ട പാതയോരങ്ങളിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള ടോയ്‌ലറ്റുകൾ, കോഫി ഷോപ്പ്, പാർക്കിംഗ് ഏരിയ, സുവനീർ ഷോപ്പുകൾ, ക്ലോക്ക് റൂമുകൾ മുതലായവ സ്ഥാപിക്കുക എന്നതാണ് ടേക്ക് എ ബ്രേക്ക് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. നിലവിൽ ഈ പദ്ധതി വകുപ്പ് നടപ്പിലാക്കുന്നില്ല.

(ബി) തിരുവനന്തപുരം ജില്ലയിൽ ശംഖുമുഖത്താണ് ടേക്ക് എ ബ്രേക്ക് യൂണിറ്റ് സ്ഥാപിച്ചിട്ടുള്ളത്.

(സി) ബന്ധപ്പെട്ട ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളെയാണ് പദ്ധതിയുടെ നടത്തിപ്പിനായി ചുമതലപ്പെടുത്തിയിരുന്നത്.

**മലയോര ടൂറിസം**

277(2626) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) മലയോര ടൂറിസം കൂടുതലും വനമേഖലയോട് ചേർന്നായതിനാൽ വനം വകുപ്പിന്റെ ഭാഗത്ത് നിന്നുമുണ്ടാകുന്ന തടസ്സം വികസന പ്രവർത്തനങ്ങൾക്ക് ഭംഗം വരുത്തുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദവിവരം നൽകുമോ;

(സി) മലയോര ടൂറിസത്തിന്റെ വളർച്ചക്ക് വനം വകുപ്പുമായി ചേർന്ന് കൂടുതൽ പദ്ധതികൾ നടപ്പിലാക്കുവാൻ ടൂറിസം വകുപ്പ് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഇക്കോ ടൂറിസം കേന്ദ്രങ്ങൾ മിക്കതും കേന്ദ്രീകരിച്ചിരിക്കുന്നത് പശ്ചിമഘട്ട മലയോര മേഖലയിലാണ്. പുതിയ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് ശിപാർശകൾ/പ്രൊപ്പോസലുകൾ ലഭിക്കുന്നമുറയ്ക്കും നിലവിലുള്ള ഇക്കോ ടൂറിസം കേന്ദ്രങ്ങളുടെ വിപുലീകരണത്തിന് വനം വകുപ്പ്/ ഇതര ഏജൻസികൾ ഫണ്ട് ആവശ്യപ്പെടുന്ന മുറയ്ക്കും നിയമാനുസൃതം അനുവാദം നൽകുന്നതിനും ഇക്കോ ടൂറിസം രീതിയിൽ പ്രോത്സാഹിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വനമേഖലയിലെ ടൂറിസം നിലവിലുള്ള വന നിയമങ്ങൾക്ക് വിധേയമായി വനം വകുപ്പിന്റെ ശിപാർശ/അംഗീകാര പ്രകാരം നടപ്പിലാക്കി വരുന്നുണ്ട്.

(സി) സ്വീകരിക്കുന്നതാണ്. വനം വകുപ്പിന്റെ അംഗീകാരത്തോടെ ലഭിക്കുന്ന വിവിധ പദ്ധതികൾക്ക് അനുമതി നൽകുകയും സമയബന്ധിതമായി നടപ്പിലാക്കുന്നുമുണ്ട്. തുടർന്നും ഇപ്രകാരം പദ്ധതികൾ ലഭിക്കുന്നമുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

## ടൂറിസം വകുപ്പ് സ്ഥാപനങ്ങളിലെ ജീവനക്കാർ

278(2627) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ടൂറിസം വകുപ്പിന്റെ കീഴിൽ നിലവിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്; ഇവ ഏതെല്ലാം; വ്യക്തമാക്കുമോ;

(ബി) ഇതിൽ ഓരോ സ്ഥാപനത്തിലെയും ആകെ ജീവനക്കാരുടെയും സ്ഥിരം ജീവനക്കാരുടെയും എണ്ണം വെളിപ്പെടുത്തുമോ;

(സി) ഈ സ്ഥാപനങ്ങളിലെ സ്ഥിരം ജീവനക്കാരുടെ പെൻഷൻ പ്രായം എത്രയാണെന്ന് അറിയിക്കുമോ;

(ഡി) ഈ സ്ഥാപനങ്ങളിലെ സ്ഥിരം ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ വിശദമാക്കുമോ;

(ഇ) ഈ സ്ഥാപനങ്ങളിലെ സ്ഥിരം ജീവനക്കാരുടെ പെൻഷൻ പ്രായം ഏകീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാന ടൂറിസം വകുപ്പിന്റെ കീഴിൽ താഴെ പറയുന്ന 13 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് :

1. കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്
2. കേരള ടൂറിസം ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ്
3. ബേക്കൽ റിസോർട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്
4. ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്
5. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ്
6. ഇക്കോ ടൂറിസം ഡയറക്ടറുടെ കാര്യാലയം
7. കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി
8. മുസിരിസ് ഹെറിറ്റേജ് പ്രോജക്ട്സ് ലിമിറ്റഡ്
9. തെന്മല ഇക്കോ ടൂറിസം പ്രൊമോഷൻ സൊസൈറ്റി

10. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്
11. ഗ്രീൻ ടൂറിസം സർക്യൂട്ട് സൊസൈറ്റി
12. ഉത്തരവാദിത്ത ടൂറിസം മിഷൻ
13. ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ.

(ബി)

| സ്ഥാപനം | സ്ഥിരം ജീവനക്കാർ | താൽക്കാലിക ജീവനക്കാർ | ആകെ ജീവനക്കാർ |
|---|---|---|---|
| (1) | (2) | (3) | (4) |
| കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 447 | 1793 | 2240 |
| ബേക്കൽ റിസോർട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 17 | 1 | 18 |
| കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ് | 25 | 43 | 68 |
| കേരള ടൂറിസം ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് | 8 | 1 | 9 |
| ഉത്തരവാദിത്ത ടൂറിസം മിഷൻ | 0 | 15 | 15 |
| ഗ്രീൻ ടൂറിസം സർക്യൂട്ട് സൊസൈറ്റി | 0 | 3 | 3 |
| മുസിരിസ് ഹെറിറ്റേജ് പ്രോജക്ട്സ് ലിമിറ്റഡ് | 1 | 76 | 77 |

| (1) | (2) | (3) | (4) |
|---|---|---|---|
| ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് | 105 | 24 | 129 |
| സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് | 8 | 12 | 20 |
| ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ | 0 | 12 | 12 |
| ഇക്കോടൂറിസം ഡയറക്ടറുടെ കാര്യാലയം | 2 | 0 | 2 |
| തെന്മല ഇക്കോ ടൂറിസം പ്രൊമോഷൻ സൊസൈറ്റി | 7 | 2 | 9 |
| കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി | 0 | 2 | 2 |

(സി)

| സ്ഥാപനം | പെൻഷൻ പ്രായം |
|---|---|
| (1) | (2) |
| കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 58 |
| ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 58 |

| (1) | (2) |
|---|---|
| കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് | 56 |
| കേരള ടൂറിസം ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് | 58 |
| ഉത്തരവാദിത്ത ടൂറിസം മിഷൻ | സ്ഥിരം ജീവനക്കാർ ഇല്ലാത്തതിനാൽ ബാധകമല്ല. |
| ഗ്രീൻ ടൂറിസം സർക്യൂട്ട് സൊസൈറ്റി | സ്ഥിരം ജീവനക്കാർ ഇല്ലാത്തതിനാൽ ബാധകമല്ല. |
| മുസിരിസ് ഹെറിറ്റേജ് പ്രോജക്ട്സ് ലിമിറ്റഡ് | സ്ഥിരം ജീവനക്കാരൻ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലായതിനാൽ ബാധകമല്ല. |
| ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് | 58 |
| സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് | 60 |
| ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ | സ്ഥിരം ജീവനക്കാർ ഇല്ലാത്തതിനാൽ ബാധകമല്ല. |
| ഇക്കോ ടൂറിസം ഡയറക്ടറുടെ കാര്യാലയം | 56 |
| തെന്മല ഇക്കോ ടൂറിസം പ്രൊമോഷൻ സൊസൈറ്റി | 56 |
| കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി | സ്ഥിരം ജീവനക്കാർ ഇല്ലാത്തതിനാൽ ബാധകമല്ല. |

(ഡി) കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ, ബേക്കൽ റിസോർട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ്, കേരള ടൂറിസം ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ്, ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് എന്നീ സ്ഥാപനങ്ങളിൽ ഇ.പി.എഫ്. സ്കീം വഴിയാണ് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നത്. മറ്റ് സ്ഥാപനങ്ങളിലെ സ്ഥിരം ജീവനക്കാർക്ക് നിലവിലുള്ള പെൻഷൻ നിയമപ്രകാരമുള്ള പെൻഷൻ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.

(ഇ) പരിശോധിക്കാവുന്നതാണ്.

## മംഗലം ഡാമിൽ വിനോദസഞ്ചാര വകുപ്പ് നടത്തുന്ന നവീകരണ പ്രവർത്തനം

279(2628) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ മംഗലം ഡാമിൽ വിനോദ സഞ്ചാര വകുപ്പ് നടത്തുന്ന നവീകരണ പ്രവൃത്തികളുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ;

(ബി) നവീകരണ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) മംഗലം ഡാം നവീകരണ പ്രവൃത്തികളിൽ ഉൾപ്പെടുന്ന ഘടകങ്ങളായ സ്റ്റേജ്, വ്യൂ പോയിന്റ്, പാർക്കിംഗ് സംരക്ഷണ ഭിത്തി, ഇന്റർലോക്ക് ടൈൽസ് ഇടുന്ന പ്രവൃത്തികൾ, റെയിൻഹട്ട്, കിയോസ്ക് ലാൻഡ് സ്കേപ്പിംഗ്, പോണ്ട്, ഇലക്ട്രിക്കൽ വർക്സ്, അഡ്വെഞ്ചർ സ്പോർട്സ് &കിഡ്സ് പ്ലേ എന്നീ ഘടകങ്ങളുടെ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) 2017 ജൂൺ മാസത്തിൽ ഭരണാനുമതി നൽകിയ ഈ പദ്ധതിയുടെ പൂർത്തീകരണ കാലാവധി 24 മാസമാണ്. നിശ്ചിത കാലാവധിക്കുള്ളിൽ തന്നെ പദ്ധതി പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## പൈതൃക ഗ്രാമ പദ്ധതി

280 (2629) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പൈതൃക ഗ്രാമ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എവിടെവരെയായി എന്ന് വിശദീകരിക്കുമോ;

(ബി) ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ മാന്നാർ പൈതൃക ഗ്രാമ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്തായി എന്ന് വ്യക്തമാക്കുമോ; മാന്നാർ പൈതൃക ഗ്രാമ പദ്ധതി എന്ന് തുടങ്ങുവാൻ കഴിയുമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ&ബി) പൈതൃക പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. എന്നാൽ പദ്ധതി പ്രായോഗികമാക്കുന്നതിന് സ്ഥലസൗകര്യമടക്കം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കനോലി കനാലിന്റെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങൾ

281(2630) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ കണ്ടശ്ശാം കടവ് ജലോൽത്സവം നടക്കുന്ന കനോലി കനാലിന്റെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങൾക്ക് ടൂറിസം വകുപ്പ് എന്തെങ്കിലും പുതിയ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഭാഗമായി ഈ സ്ഥലത്ത് ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള ഭൂമി ഏറ്റെടുക്കാൻ ടൂറിസം വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ജലസേചന വകുപ്പിൽനിന്നും സ്ഥലം ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

## പന്മന വട്ടക്കായൽ ടൂറിസം പദ്ധതി

282(2631) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ മണ്ഡലത്തിലെ പന്മന വട്ടക്കായൽ ടൂറിസം പദ്ധതി വികസിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) പന്മന വട്ടക്കായലിൽ ടൂറിസവുമായി ബന്ധപ്പെട്ട് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) പന്മന വട്ടക്കായലുമായി ബന്ധപ്പെട്ട് പുതിയ പദ്ധതികൾ ഒന്നും തന്നെ ടൂറിസം വകുപ്പിന്റെ പരിഗണനയിലില്ല. നിലവിൽ വട്ടക്കായലും കാട്ടിൽ മേക്കതിൽ ക്ഷേത്രവുമായി ബന്ധിപ്പിച്ച് ഡി.റ്റി.പി.സി. കന്നേറ്റി ബോട്ട് ക്ലബ്ബിലുള്ള ബോട്ടുകൾ ഉപയോഗിച്ച് ടൂർ പാക്കേജുകൾ നടപ്പിലാക്കിവരുന്നു. പദ്ധതി നിർദ്ദേശം ലഭിക്കുന്നമുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

**പിറവം മണ്ഡലത്തിൽ ഉത്തരവാദിത്ത ടൂറിസം പദ്ധതി**

283(2632) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരവാദിത്ത ടൂറിസം പദ്ധതിയിൽപ്പെടുത്തി പിറവം നിയോജക മണ്ഡലത്തിൽ ടൂറിസം പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ പദ്ധതികൾ ആണെന്നും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കുമോ?

ഉത്തരം

(എ) ഉത്തരവാദിത്ത ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി പിറവം നിയോജക മണ്ഡലത്തിലെ ആമ്പല്ലൂർ പഞ്ചായത്തിൽ പെപ്പർ (People's Participation for Participatory Planning and Empowerment through Responsible Tourism) പദ്ധതി ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ ആദ്യം നടക്കേണ്ട സ്പെഷ്യൽ ടൂറിസം ഗ്രാമസഭ നടന്നിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി നടക്കേണ്ട ടൂറിസം റിസോഴ്സ് മാപ്പിംഗ് ഗ്രാമ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ടൂറിസം റിസോഴ്സ് പേഴ്സൺമാരുടെ സഹകരണത്തോടെ ആരംഭിച്ചിട്ടുണ്ട്. പെപ്പർ പദ്ധതിയുടെ ഭാഗമായി ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിൽ നിലവിൽ 68 യൂണിറ്റുകൾ ഉത്തരവാദിത്ത ടൂറിസം മിഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**വയനാട് ജില്ലയിലെ ടൂറിസം കേന്ദ്രങ്ങൾ**

284(2633) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരവുമായി ബന്ധപ്പെട്ട് വയനാട് ജില്ലയിലെ ടൂറിസം കേന്ദ്രങ്ങളിൽ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിനായി 2017-18, 2018-19 വർഷങ്ങളിൽ അനുവദിച്ച തുക എത്ര വീതമാണ്;

(ബി) 2017-18, 2018-19 വർഷത്തിൽ വയനാട് ജില്ലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ശരാശരി വരുമാനം എത്രയാണ്; ഇവിടെ സന്ദർശിക്കുന്ന സഞ്ചാരികളുടെ ശരാശരി എണ്ണം എത്രയാണ്;

(സി) തദ്ദേശീയരായ ആളുകൾക്ക് തൊഴിൽ ലഭ്യത ഉറപ്പാക്കാൻ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ സാധിക്കുന്നുണ്ടോ; പരിസ്ഥിതി സൗഹാർദ്ദ വികസന പദ്ധതികളാണോ ടൂറിസം വകുപ്പ് ഏറ്റെടുത്ത് നടപ്പാക്കുന്നത്;വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) അനുബന്ധമായി ചേർക്കുന്നു.*

(ബി) വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ശരാശരി വരുമാനം കണക്കാക്കിയിട്ടില്ല. ടൂറിസം രംഗത്തെ വരുമാനം കണക്കാക്കുന്നത് കലണ്ടർ വർഷത്തിൽ കേരളം സന്ദർശിച്ച വിനോദ സഞ്ചാരികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ്. 2018 സെപ്റ്റംബർ മാസം വരെ കേരളം സന്ദർശിച്ച വിനോദസഞ്ചാരികളുടെ എണ്ണം മാത്രമേ അന്തിമമാക്കിയിട്ടുള്ളൂ. എന്നാൽ 2017 കലണ്ടർ വർഷത്തിൽ വയനാട് ജില്ലയിലെ ആകെ ടൂറിസം വരുമാനം 1345.46 കോടി രൂപയാണ്. ഇതിൽ വിദേശ വിനോദസഞ്ചാരികളിൽനിന്നും ലഭിച്ച വരുമാനം 69.14 കോടി രൂപയാണ്. 2018 സെപ്റ്റംബർ വരെയുള്ള കണക്കുകളാണ് വകുപ്പ് അന്തിമമാക്കിയിട്ടുള്ളത്. അതുപ്രകാരം വയനാട് സന്ദർശിച്ച വിനോദസഞ്ചാരികളുടെ എണ്ണം ചുവടെ ചേർക്കുന്നു :

| വർഷം | ആഭ്യന്തര വിനോദ സഞ്ചാരികൾ | വിദേശ വിനോദ സഞ്ചാരികൾ |
|---|---|---|
| 2016 | 586146 | 7067 |
| 2017 | 815624 | 8995 |
| 2018 സെപ്റ്റംബർ വരെ | 643722 | 8402 |

(സി) ഉണ്ട്. തികച്ചും പരിസ്ഥിതിസൗഹാർദ്ദ വികസന പദ്ധതികളാണ് ടൂറിസം കേന്ദ്രങ്ങളിൽ നടപ്പാക്കുന്നത്. ടൂറിസം കേന്ദ്രങ്ങളിൽ നടപ്പിലാക്കിവരുന്ന ഗ്രീൻ കാർപ്പറ്റ് പദ്ധതികളും ഹരിത പ്രോട്ടോക്കോളും ഇതിന് ഉദാഹരണങ്ങളാണ്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വയനാട് ജില്ലയിൽ ടൂറിസം വകുപ്പിന് കീഴിലുള്ള വിനോദസഞ്ചാര കേന്ദ്രങ്ങൾ

285(2634) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ഏതെല്ലാം വിനോദസഞ്ചാര കേന്ദ്രങ്ങളാണ് ടൂറിസം വകുപ്പിന് കീഴിലുള്ളത്; വിശദമാക്കാമോ;

(ബി) പുതിയ ഏതെങ്കിലും വിനോദസഞ്ചാര കേന്ദ്രങ്ങൾ കെ.ടി.ഡി.സി. ഏറ്റെടുക്കുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷയിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഇല്ല.

## വയനാട് ജില്ലയിൽ ഉത്തരവാദിത്ത ടൂറിസം പദ്ധതി

286(2635) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരവാദിത്ത ടൂറിസം പദ്ധതി വയനാട് ജില്ലയിൽ വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉത്തരവാദിത്ത ടൂറിസം പദ്ധതിയിൽ ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഉത്തരവാദിത്ത ടൂറിസം പദ്ധതി വയനാട് ജില്ലയിൽ വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) തദ്ദേശവാസികൾക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ ലഭ്യമാക്കുന്നതിലേയ്ക്കായി ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി കൾച്ചറൽ യൂണിറ്റുകൾ, കരകൗശല നിർമ്മാണ യൂണിറ്റുകൾ, പേപ്പർ ബാഗ് യൂണിറ്റുകൾ, തുണിസഞ്ചി നിർമ്മാണ യൂണിറ്റുകൾ, നെയ്ത്ത് യൂണിറ്റുകൾ, ജൈവപച്ചക്കറി ഉൽപ്പാദന യൂണിറ്റുകൾ, മൂല്യവർദ്ധിത ഭക്ഷ്യോൽപ്പാദന നിർമ്മാണ യൂണിറ്റുകൾ,

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഇളനീർ യൂണിറ്റുകൾ, ആർ.ടി. ഷോഫേഴ്സ്, പ്രാദേശിക ടൂർ ലീഡേഴ്സ്, ടൂറിസം അനുബന്ധ സർവ്വീസ് യൂണിറ്റുകൾ എന്നിങ്ങനെ ടൂറിസം മേഖലയുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധപ്പെട്ടുകിടക്കുന്ന വ്യത്യസ്തങ്ങളായ 1042 യൂണിറ്റുകൾ ഇപ്പോൾ വയനാട് ജില്ലയിൽ ഉത്തരവാദിത്ത ടൂറിസം മിഷനിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം നടത്തിവരുന്നു. വയനാട് ജില്ലയിലെ വിവിധ ടൂറിസം സംരംഭങ്ങളിലേയ്ക്ക് പ്രാദേശിക ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിന് പുറമെ വിവിധ ഗ്രാമീണ ടൂറിസം പാക്കേജുകളിലൂടെ പരമ്പരാഗത തൊഴിലുകൾ ടൂറിസവുമായി ബന്ധിപ്പിച്ച് വരുമാനം ലഭ്യമാക്കുന്ന പ്രവർത്തനം നടത്തിവരുന്നു. വയനാട്ടിൽ ഒരു വർഷക്കാലംക്കൊണ്ട് 500 പേർക്ക് പരിശീലനം നൽകിക്കഴിഞ്ഞു.

## പുള്ള്-മനക്കൊടി ടൂറിസം പദ്ധതി

287 (2636) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ, നാട്ടിക മണ്ഡലങ്ങളുമായി ബന്ധപ്പെട്ട് കിടക്കുന്ന കോൾ മേഖല കേന്ദ്രീകരിച്ച് വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി നടപ്പാക്കുന്ന പുള്ള്-മനക്കൊടി ടൂറിസം പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;

(ബി) ഈ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഈ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ പദ്ധതിക്കായി ഭൂമിയുടെ ലഭ്യത സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പിൽനിന്നും NOC ലഭിക്കാത്തതിനാൽ പ്രസ്തുത പദ്ധതിക്ക് അംഗീകാരം നൽകിയിട്ടില്ല.

(ബി) പദ്ധതിക്കായി 4.9 കോടി രൂപയുടെ രൂപരേഖയാണ് തയ്യാറാക്കിയിട്ടുള്ളത്. ആദ്യഘട്ടത്തിൽ കവാടം, ഇന്റെർപ്രട്ടേഷൻ സെന്റർ, പ്രദർശന കേന്ദ്രം, കോഫി ഷോപ്പ്, ജൈവ ഭക്ഷണശാലകൾ, സുവനീർ ഷോപ്പ്, പക്ഷി നിരീക്ഷണ കേന്ദ്രങ്ങൾ, ഇരിപ്പിടങ്ങൾ, നടപ്പാത, ബോട്ടിംഗ്, ചർച്ചാ കേന്ദ്രം എന്നിവയാണ് പദ്ധതി രൂപ രേഖയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## മലനാട്-മലബാർ ക്രൂയിസ് ടൂറിസം പദ്ധതി

288 (2637) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലനാട്-മലബാർ ക്രൂയിസ് ടൂറിസം പദ്ധതിയെ കേന്ദ്ര സർക്കാർ സ്വദേശി ദർശൻ പദ്ധതിയിൽ ഉൾപ്പെടുത്തിയതായി അറിയിച്ചിട്ടുണ്ടോ;

(ബി) എത്രതുകയാണ് ഇതിനായി അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) എന്തെല്ലാം പദ്ധതികൾക്ക് വേണ്ടിയാണ് തുക അനുവദിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) അറിയിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര ടൂറിസം മന്ത്രാലയത്തിൽനിന്നും സ്വദേശ് ദർശൻ സ്കീമിലെ റൂറൽ സർക്യൂട്ടിൽ ഉൾപ്പെടുത്തി മലനാട് മലബാർ ക്രൂയിസം പദ്ധതിക്കായി 8037.38 ലക്ഷം രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ തുക അനുവദിച്ചിട്ടില്ല.

(സി) താഴെ പറയുന്ന ഘടകങ്ങൾ ഉൾപ്പെടുത്തിയാണ് പദ്ധതി അനുവദിച്ചിരിക്കുന്നത്.

1. മാൻഗ്രോവ് ക്രൂയിസ്
2. തെയ്യം ക്രൂയിസ്
3. മുത്തപ്പൻ & മലബാറി ക്രൂയിസിൻ ക്രൂയിസ്

## ആക്കുളം ടൂറിസ്റ്റ് വില്ലേജിന്റെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങൾ

289 (2638) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്കുളം ടൂറിസ്റ്റ് വില്ലേജിന്റെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോ;

(ബി) എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് ഇതിനകം നടത്തിയത്; ഇതിനായി എന്ത് തുക ഇതിനകം ചെലവഴിച്ചിട്ടുണ്ട്;

(സി) ആക്കുളം കായൽ പായൽ മൂടിക്കിടക്കുന്നതിനാൽ അത് നീക്കം ചെയ്യുന്നതിനും കായലിന്റെ ആഴംക്കൂട്ടുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) ആക്കുളം നവീകരണത്തിനായി കഴിഞ്ഞ 10 വർഷം എത്ര കോടി രൂപയാണ് മുടക്കിയത് എന്നറിയിക്കാമോ;

(ഇ) നവീകരണം പൂർത്തിയാക്കിയശേഷം തുടർപരിപാലനം നടത്തുന്നതിന് ആവശ്യമായ ഫണ്ട് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന് നൽകി ആക്കുളം ടൂറിസ്റ്റ് വില്ലേജിനെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) രണ്ടാംഘട്ട വികസന പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങളിൽ കുട്ടികളുടെ പാർക്കിൽ പുതിയ കളി ഉപകരണങ്ങൾ സ്ഥാപിക്കുക, സ്വിമ്മിങ്ങ് പൂളിന്റെ നവീകരണം, റെസ്റ്റോറന്റിന്റെ മുൻവശത്തേയും പാർക്കിലേയും ലാന്റ്സ്കേപ്പിംഗ് വർക്കുകൾ, ഫ്രണ്ട് ഓഫീസ് കെട്ടിടത്തിന്റെ നവീകരണം, സൈക്കിൾ ട്രാക്കിലേയ്ക്കുള്ള പുതിയ പടിക്കെട്ടുകളുടെ നിർമ്മാണം തുടങ്ങിയവയാണ് പ്രധാനമായും പൂർത്തീകരിച്ചിട്ടുള്ളത്. ഇതിനായി 2,46,50,000 രൂപ തിരുവനന്തപുരം ഡി.റ്റി.പി.സി.-ക്ക് ഇതിനകം കൈമാറിയിട്ടുണ്ട്.

(സി) നിലവിൽ പ്രസ്തുത പ്രദേശത്ത് നടന്നുവരുന്ന പ്രവൃത്തികളുമായി ടൂറിസം വകുപ്പിന് ബന്ധമില്ല. എന്നാൽ 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലും 2017-18 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിലും ആക്കുളത്തെ അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി കിഫ്ബിയിൽ സമർപ്പിക്കുന്നതിനായി 128.68 കോടി രൂപയുടെ പദ്ധതിയ്ക്ക് സ.ഉ.(സാധാ)നമ്പർ 515/2018/ടൂറിസം തീയതി 3-12-2018 പ്രകാരം തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) ലിസ്റ്റ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(ഇ) ജില്ലകളിലെ ടൂറിസം പ്രോജക്ടുകളുടെ പരിപാലനം അതത് ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖേനയാണ് നടപ്പിലാക്കുന്നത്. ഇതിനായി ടൂറിസം വകുപ്പ് പ്രത്യേകം ഫണ്ട് നൽകുന്നില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## മുസിരിസ്-കൊച്ചി ബിനാലെയ്ക്ക് സ്ഥിരം വേദി

290(2639) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുസിരിസ്- കൊച്ചി ബിനാലെയുടെ സ്ഥിരം വേദിക്കായി 2017-2018 ബജറ്റിൽ 2 കോടി അനുവദിച്ചിട്ടുള്ള ഫോർട്ട് കൊച്ചിയിലെ ആസ്പിൻവാൾ സമുച്ചയവും കബോൽയാർഡും ഉൾപ്പെടെ ഏതാണ്ട് 5 ഏക്കർ സ്ഥലത്തിന്റെ അടിസ്ഥാനവില നിശ്ചയിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം നടപടികളാണ് ഇനി പൂർത്തികരിക്കേണ്ടതായിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഉഭയസമ്മത പ്രകാരം വില നിശ്ചയിക്കുന്ന കാര്യത്തിൽ സമവായത്തിൽ എത്തിച്ചേരാൻ കഴിയാത്തതിനാൽ പൊന്നുംവില പ്രകാരം പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ എറണാകുളം ജില്ലാ കളക്ടർ മുഖേന സ്വീകരിച്ചുവരുന്നു.

## ആറൻമുള വള്ളംകളി

291(2640) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 വർഷത്തെ ആറൻമുള വള്ളംകളിക്കായി കേന്ദ്രസർക്കാർ തുക അനുവദിച്ചിരുന്നോ;

(ബി) അനുവദിച്ചെങ്കിൽ എത്ര തുകയാണ് അനുവദിച്ചത്;

(സി) എന്തൊക്കെ പ്രവർത്തനങ്ങൾക്ക് വേണ്ടിയാണ് പ്രസ്തുത തുക അനുവദിച്ചത് എന്നറിയിക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ബാധകമല്ല.

## ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ

292(2641) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 നവംബർ മാസത്തിൽ ടൂറിസം സെക്രട്ടറിയുടെ സാന്നിധ്യത്തിൽ ജില്ലാകളക്ടറുടെ ചേമ്പറിൽ ബി.ആർ.ഡി.സി.യുടെ (ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ) പ്രവർത്തനവുമായി ബന്ധപ്പെട്ട് ചേർന്ന യോഗത്തിൽ എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കാൻ ബന്ധപ്പെട്ടവർക്ക് സാധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ബി.ആർ.ഡി.സി.-യുടെ ഓഫീസ് വാടകക്കെട്ടിടത്തിൽനിന്ന് പൂട്ടിക്കിടക്കുന്ന തണൽ വിശ്രമകേന്ദ്രത്തിലേക്ക് മാറ്റണമെന്ന തീരുമാനം നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഈ കെട്ടിടത്തിന് നമ്പർ ലഭിക്കുന്നതിനായി പള്ളിക്കര പഞ്ചായത്തിൽ നൽകിയ അപേക്ഷ പരിഗണിച്ചിട്ടുണ്ടോ; ഒരു വർഷമായിട്ട് നമ്പർ ലഭിക്കുന്നതിനായി ബി.ആർ.ഡി.സി.എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ?

### ഉത്തരം

(എ) നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) 2017 നവംബർ മാസത്തിൽ ടൂറിസം പ്രിൻസിപ്പൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ ജില്ലാ കളക്ടറുടെ ചേമ്പറിൽ നടന്ന യോഗത്തിൽ തണൽ വിശ്രമ കേന്ദ്രം പ്രവർത്തനക്ഷമമാക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്തിരുന്നു. പള്ളിക്കര പഞ്ചായത്ത് ഓഫീസുമായി ബന്ധപ്പെട്ട് കെട്ടിട നമ്പർ ലഭ്യമാക്കുന്നതിനുള്ള പുനർനടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചിരുന്നു. ബി.ആർ.ഡി.സി.-യുടെ ഓഫീസ് വാടകക്കെട്ടിടത്തിൽനിന്ന് പൂട്ടിക്കിടക്കുന്ന തണൽ വിശ്രമ കേന്ദ്രത്തിലേയ്ക്ക് മാറ്റണമെന്ന തീരുമാനം കൈക്കൊണ്ടിട്ടില്ല.

(സി) യോഗതീരുമാന പ്രകാരം പള്ളിക്കര പഞ്ചായത്ത് ഓഫീസിൽനിന്നും കെട്ടിട നമ്പർ ലഭിക്കുന്നതിനുള്ള പുനർനടപടികൾ ബി.ആർ.ഡി.സി. സ്വീകരിച്ചിട്ടുണ്ട്. ബി.ആർ.ഡി.സി.-യുടെ അപേക്ഷയിന്മേൽ പഞ്ചായത്ത് അധികൃതരിൽനിന്നും തണൽ വിശ്രമകേന്ദ്രത്തിന് അൺആതറൈസ്ഡ് നമ്പർ ലഭ്യമായിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## തലശ്ശേരി നിയോജകമണ്ഡലത്തിലെ ഹെക്സാ പാർക്ക്

293(2642) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തലശ്ശേരി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഹെക്സാ പാർക്കിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; ഈ പ്രവൃത്തി പൂർത്തീകരണത്തിന് ഇനി എന്തെല്ലാം നടപടിക്രമങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു പൊതുഭാവന കുറിപ്പ് ലഭിച്ചിട്ടുണ്ട്. ഇത് വകുപ്പിന്റെ പരിഗണനയിലാണ്. പദ്ധതി പ്രദേശത്തിന്റെ സ്ഥല ലഭ്യത സംബന്ധിച്ചുള്ള രേഖകൾ ലഭ്യമാകുന്നമുറയ്ക്ക് മാത്രമെ തുടർനടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

## പാലക്കാട് ജില്ലയിലെ വിനോദസഞ്ചാര വികസനം

294 (2643) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങളായ മലമ്പുഴ ഡാം, നെല്ലിയാമ്പതി എന്നീ പ്രദേശങ്ങളിലേക്ക് കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) ടൂറിസം വകുപ്പിന്റെ അധീനതയിലും പാലക്കാട് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ നിയന്ത്രണത്തിലുമുള്ള ശ്രീകൃഷ്ണപുരം ബാപ്പുജി ചിൽഡ്രൻസ് പാർക്കിന്റെ നവീകരണത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു; അതിനായി എന്ത് തുക അനുവദിച്ചു; വിശദാംശം നൽകുമോ?

ഉത്തരം

(എ) മലമ്പുഴ ഡാം ഗ്രീൻകാർപ്പറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി മലമ്പുഴ ഗാർഡന്റെ നവീകരണ പ്രവൃത്തികൾക്ക് 99,64,965 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. ഇത് സംബന്ധിച്ചുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. കൂടാതെ ബാരിയർ ഫ്രീ കേരള ടൂറിസം പദ്ധതിയുടെ ഭാഗമായി മലമ്പുഴ ഗാർഡൻ

ഭിന്നശേഷി സൗഹൃദമുണ്ടാക്കുന്നതിന് 84,00,000 രൂപയും മലമ്പുഴ റോക്ക് ഗാർഡൻ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് 8,36,000 രൂപയും അനുവദിച്ചു. പ്രവർത്തികൾ അവസാന ഘട്ടത്തിലാണ്.

(ബി) ബാരിയർ ഫ്രീ ടൂറിസം പദ്ധതിയുടെ ഭാഗമായി ബാപ്പുജി ചിൽഡ്രൻസ് പാർക്ക് ഭിന്നശേഷി സൗഹൃദമാക്കുന്നതിനുവേണ്ടി 8 ലക്ഷം രൂപ അനുവദിച്ചു. പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്.

## കൃഷ്ണപുരം സാംസ്കാരിക വിനോദ കേന്ദ്രം

295(T2644) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം കൃഷ്ണപുരത്ത് കാർട്ടൂണിസ്റ്റ് ശങ്കർ സ്മാരക ദേശീയ കാർട്ടൂൺ മ്യൂസിയത്തിന് സമീപമായി ആർട്ടിഫിഷ്യൽ ലേക്ക്, പെഡൽ ബോട്ടുകൾ, കായംകുളം രാജാവിന്റെ പടയാളിയുടെ പ്രതിമ, പൂന്തോട്ടം, അലങ്കാര ദീപങ്ങൾ,ഓപ്പൺ എയർ ആഡിറ്റോറിയം, കഫേറ്റേരിയ, ഐസ്ക്രീം പാർലർ അടക്കം ഉൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിച്ചു കൊണ്ടിരിക്കുന്ന വഴിയോര വിശ്രമ കേന്ദ്രമായ കൃഷ്ണപുരം സാംസ്കാരിക വിനോദ കേന്ദ്രം ടൂറിസം വകുപ്പ് ഏറ്റെടുത്ത് പ്രവർത്തനം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

പ്രസ്തുത പദ്ധതിയുടെ നിർമ്മാണം നടത്തുന്നത് വിനോദസഞ്ചാര വകുപ്പ് അല്ല. പദ്ധതിയുടെ ഉടമസ്ഥാവകാശമോ, നടത്തിപ്പ് ചുമതലയോ വിനോദസഞ്ചാര വകുപ്പിനെ ഏൽപ്പിക്കുന്ന നിർദ്ദേശം ലഭിച്ചാൽ പരിശോധിച്ച് തീരുമാനം എടുക്കുന്നതാണ്.

## ചാലക്കുടി-ആനമല റോഡിന്റെ നവീകരണത്തിനായി ടൂറിസം വകുപ്പ് സ്വീകരിച്ച നടപടികൾ

296(2645) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന ടൂറിസം പാതകളിലൊന്നായ ചാലക്കുടി-ആനമല റോഡിന്റെ നവീകരണത്തിനായി ടൂറിസം വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ അനുമതി നൽകുന്ന തിനുള്ള നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ഉത്തരം

(എ) ഇല്ല.

(ബി) പരിശോധിക്കുന്നതാണ്.

**നിലമ്പൂർ ടൂറിസം മാസ്റ്റർ പ്ലാൻ**

297(2646) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ കേന്ദ്രീകരിച്ച് ഏതൊക്കെ ടൂറിസം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ബി) നിലമ്പൂർ ടൂറിസം വികസനം/പ്രൊമോഷനുവേണ്ടി ഏതെങ്കിലും ഏജൻസികൾ നിലമ്പൂർ ടൂറിസം മാസ്റ്റർ പ്ലാൻ (കരട്) സമർപ്പിച്ചിട്ടുണ്ടോ; ആയത് അംഗീകരിച്ചിട്ടുണ്ടോ; ആയത് തയ്യാറാക്കുന്നതിന് എത്ര രൂപയാണ് സർക്കാർ അനുവദിച്ചതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലമ്പൂർ ടൂറിസം ഹബ്ബ് എന്ന പദ്ധതി ഡി.റ്റി.പി.സി. മലപ്പുറം, സംസ്ഥാന നിർമ്മിതി കേന്ദ്രം മുഖേന നടപ്പിലാക്കി വരുന്നുണ്ട്. " സ്വദേശി ദർശൻ -റൂറൽ ടൂറിസം ഡെവലപ്മെന്റ് ഓഫ് ചാലിയാർ പഞ്ചായത്ത്" എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് പദ്ധതി പ്രദേശങ്ങൾ സന്ദർശിച്ച് പദ്ധതിയുടെ സാധ്യതാ റിപ്പോർട്ട് തയ്യാറാക്കുവാൻ എംപാനൽഡ് ആർക്കിടെക്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 'ലോട്ടസ് ഗാർഡൻ അറ്റ് നിലമ്പൂർ' എന്ന ടൂറിസം പദ്ധതിയ്ക്കായി 1.5 കോടി രൂപയുടെ പദ്ധതി രൂപരേഖയും 'ഗേറ്റ് വേ ഓഫ് വഴിക്കടവ്, നിലമ്പൂർ' എന്ന ടൂറിസം പദ്ധതിക്കായി 3.76 കോടി രൂപയുടെ പദ്ധതി രൂപരേഖയും ഡി.റ്റി.പി.സി. തയ്യാറാക്കിവരുന്നു. പദ്ധതിയ്ക്ക് സ്ഥലം ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

(ബി) നിലമ്പൂർ ടൂറിസം മാസ്റ്റർപ്ലാൻ തയ്യാറാക്കുവാൻ ടാറ്റാ കൺസൾട്ടൻസി സർവ്വീസ് എന്ന ഏജൻസിയെ ടൂറിസം വകുപ്പ് ചുമതലപ്പെടുത്തിയിട്ടുണ്ട്. മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് 42.31 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്.

## കോഴിക്കോട് ജില്ലയിലെ ടൂറിസം പ്രോജക്ടുകൾ

298(2647) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ സർക്കാരിന്റെ അംഗീകാരം ലഭിച്ച ടൂറിസം പ്രോജക്ടുകളുടെ പേരും വിശദാംശങ്ങളും ലഭ്യമാക്കാമോ;

(ബി) ഇവയിൽ ഏതെങ്കിലും പ്രൊജക്ടുകൾക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) ടൂറിസം വകുപ്പ് മുഖേന കഴിഞ്ഞ 3 വർഷത്തിനിടയ്ക്ക് കോഴിക്കോട് ജില്ലയിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെയും, നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെയും ഭരണാനുമതി ലഭ്യമായ പ്രവൃത്തികളുടെയും വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ-സി) കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ മൂന്ന് വർഷത്തിനിടയ്ക്ക് അംഗീകാരം/ഭരണാനുമതി നൽകിയ പ്രോജക്ടുകളുടേയും നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടേയും പൂർത്തീകരിച്ച പ്രവൃത്തികളുടേയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## പോത്തുണ്ടി ടൂറിസം പദ്ധതി

299(2648) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ പോത്തുണ്ടി ടൂറിസം പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ടെണ്ടർ നടപടി എന്നാണ് പൂർത്തീകരിച്ചതെന്നും നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. ശുചിമുറി, നടപ്പാത, കിയോസ്ക് എന്നീ ഘടകങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. അഡ്വഞ്ചർ ഘടകങ്ങൾക്ക് ഡാം സുരക്ഷ മേധാവിയിൽ (ഐ.ഡി.ആർ.ബി., തിരുവനന്തപുരം)നിന്നും അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അനുമതി ലഭ്യമാവാത്ത

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സാഹചര്യം ഉണ്ടാവുകയാണെങ്കിൽ കുട്ടികൾക്ക് വേണ്ടിയുള്ള ഇൻഡോർ ഗെയിം സോണിനുവേണ്ടിയുള്ള ഘടകങ്ങൾ ഉൾപ്പെടുത്തി പുതുക്കിയ പ്രോജക്ട് അനുമതിക്കായി സമർപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. 16-3-2018-ലാണ് ടെൻഡർ നടപടി പൂർത്തീകരിച്ചത്.

**വളന്തക്കാട് ദ്വീപ് കേന്ദ്രമാക്കി ടൂറിസം പദ്ധതി**

300(2649) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ മരട് നഗരസഭയിലെ വളന്തക്കാട് ദ്വീപ് കേന്ദ്രമാക്കി ഒരു പരിസ്ഥിതി സൗഹാർദ്ദ ടൂറിസം പദ്ധതി തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടോ; ഉണ്ടെങ്കിൽ അവയുടെ നിലവിലെ പുരോഗതി അറിയിക്കുമോ;

(ബി) എന്നത്തേക്ക് ഈ പദ്ധതിയുടെ വിശദമായ റിപ്പോർട്ട് തയ്യാറാകുമെന്ന് അറിയിക്കുമോ;

(സി) സമയബന്ധിതമായി ഈ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. എറണാകുളം ജില്ലയിലെ വളരെയേറെ ടൂറിസം സാദ്ധ്യതയുള്ള വളന്തക്കാട് ദ്വീപിൽ പരിസ്ഥിതി സൗഹാർദ്ദ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനും വേണ്ടി സംസ്ഥാന ഉത്തരവാദിത്ത ടൂറിസം കോ-ഓർഡിനേറ്റർ വഴി വിശദമായ പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി&സി) 2019-20 സാമ്പത്തിക വർഷം ഉടക്കത്തിൽത്തന്നെ പദ്ധതിയുടെ വിശദമായ റിപ്പോർട്ട് തയ്യാറാക്കുമെന്ന് പ്രതീക്ഷിക്കുന്നു. പദ്ധതി റിപ്പോർട്ട് ലഭിച്ച ശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**തിരുവമ്പാടി അരിപ്പാറ വിനോദ സഞ്ചാര കേന്ദ്രം**

301(2650) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ടൂറിസം വകുപ്പ് കെ.ഇ.എൽ. മുഖേന തിരുവമ്പാടി അരിപ്പാറ വിനോദ സഞ്ചാര കേന്ദ്രത്തിൽ നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രവൃത്തി പൂർത്തിയാക്കുന്നതിന് കരാർ പ്രകാരം നിശ്ചയിച്ച കാലയളവ് എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ കേന്ദ്രത്തിലെ പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഡെവലപ്മെന്റ് ഓഫ് അരിപ്പാറ വാട്ടർ ഫാൾസ് എന്ന പദ്ധതിയാണ് KEL മുഖേന നടപ്പിലാക്കിവരുന്നത്. 21-6-2017-ൽ 1,92,67,863 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സസ്പെൻഷൻ ബ്രിഡ്ജ്, ടോയിലെറ്റ് ബ്ലോക്ക്, സെക്യൂരിറ്റി ക്യാബിൻ, ടിക്കറ്റ് കൗണ്ടർ തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തികളാണ് ഇതിലുള്ളത്. അരിപ്പാറ വെള്ളച്ചാട്ടവുമായി ബന്ധപ്പെട്ട് സമഗ്ര വികസനമാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

(ബി) 18 മാസം.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

## കടലുകാണിപ്പാറ ടൂറിസം വികസന പദ്ധതി

302(2651) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ കടലുകാണിപ്പാറ ടൂറിസം വികസന പദ്ധതിയുടെ നിലവിലെ അവസ്ഥ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വകുപ്പുതലത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

ഉണ്ട്. കടലുകാണിപ്പാറയിൽ ഹാബിറ്റാറ്റ് മുഖാന്തരം നടപ്പാക്കിയ 55 ലക്ഷം രൂപയുടെ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രദേശത്തിന്റെ നവീകരണവുമായി ബന്ധപ്പെട്ട് വകുപ്പുതലത്തിൽ സ്ഥലം സന്ദർശിച്ച് സാഹചര്യം വിലയിരുത്തിയതിനുശേഷം അനുയോജ്യമായ പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

## കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ്

303(2652) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (KITTS) വഴി ഈ വർഷം നടപ്പിലാക്കിയ കോഴ്സുകൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) കിറ്റ്സിന്റെ കോഴ്സുകളുടെ ദൈർഘ്യം, ഘടന, ഓരോ കോഴ്സിലേക്കും അപേക്ഷിച്ചവരുടെ എണ്ണം എന്നിവ അറിയിക്കാമോ;

(സി) കിറ്റ്സ് അദ്ധ്യാപകർ/ട്രെയിനർമാർ എന്നിവരുടെ നിമയനരീതി വിശദമാക്കാമോ;

(ഡി) കിറ്റ്സിൽ അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരുടെ പേര്, ഉദ്യോഗപ്പേര് എന്നിവ അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) തിരുവനന്തപുരം

| കോഴ്സ് | ദൈർഘ്യം | ഘടന | അപേക്ഷിച്ചവരുടെ എണ്ണം |
|---|---|---|---|
| എം.ബി.എ. | 2 വർഷം | കേരള സർവ്വകലാശാലയുടേയും എ.ഐ.സി.റ്റി.ഇ.-യുടെയും അംഗീകാരം | 80 |
| ബി.ബി.എ. | 3 വർഷം | കേരള സർവ്വകലാശാലയുടെ അംഗീകാരം | 75 |
| ഡിപ്ലോമ ഇൻ ലോജിസ്റ്റിക് മാനേജ്മെന്റ് | 6 മാസം | കേരള സർവ്വകലാശാലയുടെ അംഗീകാരം | 50 |
| ഡിപ്ലോമ ഇൻ എയർപോർട്ട് ഓപ്പറേഷൻസ് | 6 മാസം | കേരള സർവ്വകലാശാലയുടെ അംഗീകാരം | 26 |

| | | | |
|---|---|---|---|
| എറണാകുളം സ്റ്റഡി സെന്റർ | | | |
| ഡിപ്ലോമ ഇൻ ലോജിസ്റ്റിക് മാനേജ്മെന്റ് | 6 മാസം | കേരള സർവ്വകലാശാലയുടെ അംഗീകാരം | 35 |
| പി.ജി.ഡിപ്ലോമ ഇൻ പബ്ലിക് റിലേഷൻസ് ആന്റ് ടൂറിസം | 1 വർഷം | കേരള സർവ്വകലാശാലയുടെ അംഗീകാരം | 49 |
| തലശ്ശേരി സ്റ്റഡി സെന്റർ | | | |
| ഡിപ്ലോമ ഇൻ എയർപോർട്ട് ഓപ്പറേഷൻസ് | 6 മാസം | കേരള സർവ്വകലാശാലയുടെ അംഗീകാരം | 12 |
| ഐെയാട്ട | 6 മാസം | കേരള സർവ്വകലാശാലയുടെ അംഗീകാരം | 12 |

(സി) കിറ്റ്സിലെ സ്ഥിരം അദ്ധ്യാപകരുടെ നിയമനം

സർക്കാർ അംഗീകരിച്ച സർവ്വീസ് റൂൾസ് അനുസരിച്ച് പത്രപരസ്യം മുഖേന എഴുത്ത് പരീക്ഷ, കൂടിക്കാഴ്ച എന്നിവയുടെ അടിസ്ഥാനത്തിലും എ.ഐ.സി.റ്റി.ഇ.-യുടെ മാനദണ്ഡപ്രകാരവും കിറ്റ്സിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തോടെയുമാണ് നടത്താറുള്ളത്.

കിറ്റ്സിലെ ഗസ്റ്റ് ഫാക്കൽറ്റി നിയമനം

കേരള സർവ്വകലാശാലയുടെ മാനേജ്മെന്റ് വിഭാഗത്തിലേയ്ക്കുള്ള (ഐ.എം.കെ.) അദ്ധ്യാപക നിയമനത്തിനുള്ള യോഗ്യതകളും നിയമാനുസൃതമായുള്ള വ്യവസ്ഥകളും പരിഗണിച്ച് പരസ്യം ചെയ്തും ഇന്റർവ്യൂ നടത്തിയുമാണ് നിയമിക്കുന്നത്.

വിസിറ്റിംഗ് ഫാക്കൽറ്റിയായി ചില പ്രത്യേക വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് അതാത് മേഖലയിലും വിഷയത്തിലും പ്രവൃത്തി പരിചയമുള്ളവരുടെ സേവനം ഉപയോഗപ്പെടുത്തുന്നു.

സെന്ററുകളിലെ ഗസ്റ്റ് ഫാക്കൽറ്റി നിയമനം

അതാത് മേഖലയിലും വിഷയത്തിലും ദീർഘകാലത്തെ പ്രവൃത്തി പരിചയമുള്ളവരുടെ ബയോഡേറ്റ പരിശോധിച്ച് അതാത് സെന്റർ ഇൻ ചാർജ്ജ് യോഗ്യരായവരുടെ സേവനം പ്രയോജനപ്പെടുത്തുന്നു.

പ്രോജക്ട് ട്രെയിനർമാർ

ഹെഡ് ഓഫീസിൽ നിന്നും മാനദണ്ഡങ്ങൾ പാലിച്ച് തെരഞ്ഞെടുത്ത പ്രോജക്ട് ട്രെയിനർമാരുടെ സേവനമാണ് അതാത് പ്രോജക്ടുകൾക്ക് പ്രയോജനപ്പെടുത്തുന്നത്.

(ഡി)

| പേര് | ഉദ്യോഗപ്പേര് | മാതൃസ്ഥാപനം |
|---|---|---|
| ഡോ. രാജശ്രീ അജിത്ത് | ഡയറക്ടർ | കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ |
| ശ്രീ. വിജയകുമാർ. റ്റി. വി | സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | അഡീഷണൽ സെക്രട്ടറി, ഗവൺമെന്റ് സെക്രട്ടേറിയറ്റ് |

## വിദേശ ടൂറിസ്റ്റുകളുടെ വരവ്

304 (2653) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ വിദേശ ടൂറിസ്റ്റുകളുടെ വരവ് മുൻവർഷത്തേക്കാൾ വർദ്ധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദവിവരം നൽകുമോ;

(ബി) ഇതുമൂലം സാമ്പത്തിക മേഖലയിലും തൊഴിൽ മേഖലയിലും വന്നു ചേർന്നിട്ടുള്ള നഷ്ടം കണക്കാക്കിയിട്ടുണ്ടോ;

(സി) ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) 2018 സെപ്റ്റംബർ മാസം വരെയുള്ള കണക്കുകളാണ് വകുപ്പ് അന്തിമമാക്കിയിട്ടുള്ളത്. ഈ കണക്കുകൾ 2017 സെപ്റ്റംബർ മാസം വരെയുള്ള കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ വിദേശ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ 1.6 ശതമാനത്തിന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ 2018 മേയ്, ജൂൺ, ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ മുൻവർഷം ഇതേ കാലയളവുമായി താരതമ്യം ചെയ്യുമ്പോൾ യഥാക്രമം -7.43, -16.56, -5.08, -18.46, -18.16 എന്ന നെഗറ്റീവ് വളർച്ചയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. നിപ വൈറസ്ബാധയെ തുടർന്നുള്ള ഭീതിയും അതിന് ശേഷമുണ്ടായ പ്രളയവും ആണ് ഇതിനുള്ള കാരണങ്ങളായി വിലയിരുത്തിയിട്ടുള്ളത്.

(ബി) വിനോദസഞ്ചാരമേഖലയിലെ വരുമാനം കണക്കാക്കുന്നത് കലണ്ടർ വർഷാടിസ്ഥാനത്തിലാണ്. 2018-ലെ വരുമാന കണക്കുകൾ 2019 ആദ്യപാദത്തിൽ മാത്രമേ തയ്യാറാകുകയുള്ളൂ. എന്നിരുന്നാലും 2018 സെപ്തംബർ മാസം വരെ വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിലുണ്ടായ 1.6% വർദ്ധനവിന് ആനുപാതികമായി വിനോദസഞ്ചാര രംഗത്ത് നിന്നുള്ള വരുമാനത്തിലും വർദ്ധനവുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ടൂറിസം വകുപ്പ് കൂടുതൽ ശക്തവും വിപുലവുമായ പ്രചാരണ പരിപാടികൾക്ക് തുടക്കംകുറിച്ചിട്ടുണ്ട്. ആഭ്യന്തര-വിദേശ വിനോദ സഞ്ചാര മേഖലകളിൽ കൂടുതൽ ശക്തമായ സാന്നിധ്യം അറിയിക്കുന്നതിനുവേണ്ടി അച്ചടി മാധ്യമങ്ങൾ, വിമാനത്താവളങ്ങൾ തുടങ്ങി പൊതുജന സാന്നിധ്യം കൂടുതലുള്ള സ്ഥലങ്ങൾ, എന്നിവയിൽ പ്രചാരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചുകഴിഞ്ഞു. രാജ്യത്തും പുറത്തുമുള്ള വിവിധ നഗരങ്ങളിൽ പ്രധാനപ്പെട്ട വിപണന മേളകളിൽ പങ്കെടുക്കുക, ബിസിനസ് മീറ്റുകൾ സംഘടിപ്പിക്കുക തുടങ്ങിയ പരമ്പരാഗത വിപണന തന്ത്രങ്ങളിൽ ഏർപ്പെടുന്നതിനുപുറമേ സമൂഹ മാധ്യമങ്ങളിലൂടെ സജീവമായ പ്രചാരണ പരിപാടികളും ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ടൂർ ഓപ്പറേറ്റർമാർ, വിനോദസഞ്ചാര മേഖലയിലെ എഴുത്തുകാർ, തെരഞ്ഞെടുക്കപ്പെട്ട മാധ്യമ പ്രവർത്തകർ തുടങ്ങി ടൂറിസം മേഖലയിൽ സ്വാധീനം ചെലുത്തുന്നവർക്കായി കേരളത്തെ പരിചയപ്പെടുത്തുന്നതിനായി ഫാം ടൂറുകൾ സംഘടിപ്പിക്കുന്നുണ്ട്.

കേരളത്തിന്റെ വിനോദസഞ്ചാര ഭൂപടത്തിൽ സ്ഥാനം ഉറപ്പിക്കുവാനും കൂടുതൽ മുന്നേറുവാനുമായി " It's Time for Kerala" എന്ന പേരിൽ ഒരു ക്യാംപയിൻ ആരംഭിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങളുടെ ഫലമായി വരുംവർഷങ്ങളിൽ കൂടുതൽ ആഭ്യന്തര/വിദേശ വിനോദസഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുവാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു. ഇതിലൂടെ കേരളത്തിന്റെ വിനോദസഞ്ചാര മേഖലയിലുണ്ടായ നഷ്ടം പരിഹരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## കുളനാട് ചിറ നവീകരണം

305(2654) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ കുളനാട് ചിറ നവീകരണത്തിന് ടൂറിസം വകുപ്പ് ഇതിനോടകം എത്ര തുക അനുവദിച്ചിട്ടുണ്ട്;

(ബി) തുക അനുവദിച്ചത് എന്നെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതി നടപ്പിലാക്കുന്നതിലെ കാലതാമസങ്ങൾ എന്തെല്ലാമാണ്; ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും; വിശദമാക്കുമോ?

ഉത്തരം

(എ-സി) കുളനാട് ചിറ നവീകരണവുമായി ബന്ധപ്പെട്ട പദ്ധതികളൊന്നും ടൂറിസം വകുപ്പിൽ നിലവിലില്ല. നിർദ്ദേശം ലഭിച്ചാൽ പരിശോധിക്കാവുന്നതാണ്.

## വിനോദസഞ്ചാര മേഖലയെ പുനരുജ്ജീവിപ്പിക്കാനുള്ള ശ്രമങ്ങൾ

306(2655) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. പി. കെ. ശശി :
പ്രൊഫ. കെ.യു. അരുണൻ :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയദുരിതത്തിനിടയിലും വിനോദസഞ്ചാരമേഖലയെ പുനരുജ്ജീവിപ്പിക്കാനുള്ള ശ്രമങ്ങൾക്കുള്ള അംഗീകാരമായി സംസ്ഥാനം നേടിയെടുത്ത ദേശീയ ടൂറിസം പുരസ്കാരങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ ടൂറിസം വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി മന്ത്രിതല സമിതി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എന്തെല്ലാം നേട്ടങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രളയശേഷം ദേശീയതലത്തിൽ കേരള ടൂറിസത്തിന് ലഭിച്ച അംഗീകാരങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു :

1. Best State/UT for Comprehensive Development of Tourism ( Rest of India): 2nd Prize (2016-17)
2. Best Tourism Film: Live Inspired (2016-17)
3. Best Tourism Promotion Publicity Material-Excellence in publishing foreign Language; Boat Race Brochure, German (2016-17)
4. Best Responsible Tourism Project /Initiative: Responsible Tourism Wayanad (2016-17).

(ബി) തദ്ദേശ ഭരണ സ്ഥാപനങ്ങളും ടൂറിസം അടിസ്ഥാന വികസനവുമായി ബന്ധപ്പെട്ട വകുപ്പുകളും തമ്മിലുള്ള ഏകോപനത്തിനും മേൽനോട്ടത്തിനുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായും ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രി വൈസ് ചെയർമാനും ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട പൊതു മരാമത്ത് വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി എന്നിവർ അംഗങ്ങളായും അഡീഷണൽ ചീഫ് സെക്രട്ടറി റവന്യൂ വകുപ്പ്, അഡീഷണൽ ചീഫ് സെക്രട്ടറി തദ്ദേശ സ്വയംഭരണ വകുപ്പ്, അഡീഷണൽ ചീഫ് സെക്രട്ടറി ജലവിഭവ വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറി വനവും വന്യജീവിയും വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറി പൊതുമരാമത്ത് വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറി ഊർജ്ജ വകുപ്പ്, ഡയറക്ടർ ടൂറിസം വകുപ്പ് എന്നിവർ എക്സ് ഒഫീഷ്യോ അംഗങ്ങളായും സെക്രട്ടറി ടൂറിസം വകുപ്പ് കൺവീനറായും ഒരു മന്ത്രിതല സമിതി രൂപീകരിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ ടൂറിസം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പ്രത്യേക ദിശാബോധം കൈവരിക്കുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങളും ടൂറിസം അടിസ്ഥാന വികസനവുമായി ബന്ധപ്പെട്ട വകുപ്പുകളും തമ്മിലുള്ള ഏകോപനത്തിനും മേൽനോട്ടത്തിനുമായാണ് മന്ത്രിതല സമിതി രൂപീകരിച്ചിട്ടുള്ളത്.

**ദേവസ്വം ബോർഡുകളുടെ വരുമാനം**

307(2656) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തിലെ വിവിധ ദേവസ്വം ബോർഡുകളുടെ വരുമാനത്തിൽ എത്ര കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വിവിധ ദേവസ്വം ബോർഡുകൾക്കായി സർക്കാർ ഈ കാലയളവിൽ എത്ര കോടി രൂപയുടെ സഹായം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**ദേവസ്വം ബോർഡുകളുടെ വരുമാനം**

308(2657) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡുകളുടെ വരുമാനം സർക്കാർ മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു എന്ന തരത്തിലുള്ള വ്യാജപ്രചരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യാഥാർത്ഥ്യം പൊതുജനങ്ങളെയും വിശ്വാസികളെയും ബോധ്യപ്പെടുത്തുന്നതിനായി ദേവസ്വം വകുപ്പ് എന്തെങ്കിലും പരിശ്രമം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ദേവസ്വം വരുമാനവും വിനിയോഗവും സംബന്ധിച്ച് പൊതുജനങ്ങളുടെ അറിവിലേക്കായി കൂടുതൽ ബോധവൽക്കരണമോ പരസ്യമോ നൽകുന്നത് പരിഗണിക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേവസ്വങ്ങളും ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങൾക്കായി ഖജനാവിൽ നിന്നും എത്ര തുകയാണ് വിനിയോഗിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ദേവസ്വം വകുപ്പ് നേരിട്ട് പരിശ്രമം നടത്തിയിട്ടില്ല. എന്നാൽ യഥാർത്ഥ വസ്തുതകൾ നിയമസഭയിലും പൊതുയോഗങ്ങളിലും വ്യക്തമാക്കിയിട്ടുണ്ട്.

(സി) പരസ്യം നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ഡി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## ദേവസ്വം ബോർഡുകളിലെ അബ്രാഹ്മണശാന്തിക്കാർ

309(2658) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അബ്രാഹ്മണരെ ശാന്തിക്കാരായി നിയമിക്കാൻ തീരുമാനിച്ചതുപ്രകാരം തിരുവിതാംകൂർ, കൊച്ചിൻ എന്നീ ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങളിൽ എത്ര അബ്രാഹ്മണ ശാന്തിക്കാരെയാണ് ഓരോ ദേവസ്വം ബോർഡുകളിലും ഇതുവരെ നിയമിച്ചിട്ടുള്ളത് ;

(ബി) ഇതിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ എത്ര ; ഓരോരുത്തരുടെയും പേരുവിവരം പ്രത്യേകം വ്യക്തമാക്കാമോ?

ഉത്തരം

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡ്-103 കൊച്ചിൻ ദേവസ്വം ബോർഡ്-54.

(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡ്-12 കൊച്ചിൻ ദേവസ്വം ബോർഡ്-6.

തിരുവിതാംകൂർ ദേവസ്വം ബോർഡ്

1. യദു കൃഷ്ണ. പി. ആർ
2. സുമേഷ്. പി. എസ്
3. എം. കെ. പ്രദീപ് കുമാർ
4. മനോജ്. പി. സി
5. ജീവൻ. ജി
6. രാജേഷ് ചന്ദ്രൻ. ജി. സി
7. എസ്. വിഷ്ണുദാസ്
8. എം. സുരേഷ്
9. ശ്യാംകുമാർ. എസ്
10. വിഷ്ണു. ഡി. എസ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

11. മഹേഷ്. എം. എൽ

12. അജിൻ. കെ

കൊച്ചിൻ ദേവസ്വം ബോർഡ്

13. ദിപിൻദാസ്. കെ

14. പ്രവീൺ. ടി. എസ്

15. സുരേഷ്. എൻ

16. അനുജൻ. വി

17. സുഭാഷ്. ബി

18. പ്രസാദ്. പി. സി.

**ദേവസ്വം ബോർഡുകൾക്ക് അനുവദിച്ച തുക**

310(2659) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേവസ്വം ബോർഡുകൾക്ക് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(ബി) ഓരോ വർഷവും അനുവദിച്ച തുക സംബന്ധിച്ച വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**കേരളത്തിലെ ക്ഷേത്രങ്ങളുടെ വരുമാനം**

311(2660) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേത്രങ്ങളുടെ വരുമാനം സർക്കാർ ചെലവുകൾക്ക് വിനിയോഗിക്കുന്നു എന്ന പ്രചരണം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ക്ഷേത്രങ്ങളുടെ വരുമാനം വിവിധ ദേവസ്വം ബോർഡുകൾ ഏത് തരത്തിൽ വിനിയോഗിക്കുന്നു എന്നത് സംബന്ധിച്ച് വിശദവിവരങ്ങൾ നൽകാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തുക വിവിധ ദേവസ്വം ബോർഡുകൾക്ക് നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) ഉണ്ട്.

(ബി) ദേവസ്വം ബോർഡുകൾ ക്ഷേത്രങ്ങളിൽനിന്നും ലഭിക്കുന്ന വരുമാനം പൂജാദികാര്യങ്ങൾ, ദൈനംദിന ചെലവുകൾ, ജീവനക്കാർക്കുള്ള ശമ്പളം, അലവൻസുകൾ, പെൻഷൻ, ബോർഡിന് കീഴിൽ വരുന്ന മരാമത്ത് പണികൾ തുടങ്ങി ദേവസ്വം ബോർഡുകളുമായി ബന്ധപ്പെട്ട എല്ലാ ചെലവുകൾക്കുമായി വിനിയോഗിക്കുന്നു.

(സി) തുകയുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**ക്ഷേത്രങ്ങളുടെ പുനരുദ്ധാരണം**

312(2661) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡുകളുടെ അധീനതയിലുള്ള ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിനായി എത്ര കോടി രൂപ ഈ സർക്കാരിന്റെ കാലത്ത് ചെലവ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സ്വകാര്യ ക്ഷേത്രങ്ങൾക്കായി ഇതേ ഫണ്ടിൽനിന്നും എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നുള്ള വിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ അറ്റകുറ്റപ്പണികൾക്കും പുനരുദ്ധാരണത്തിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം (2017-18 സാമ്പത്തിക വർഷം) ആകെ 7 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി തുകയിൽനിന്നും 74.45 ലക്ഷം രൂപ സ്വകാര്യ ക്ഷേത്രങ്ങൾക്കും 16.05 ലക്ഷം രൂപ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം നടത്തിപ്പുകാരായ സ്വകാര്യ ക്ഷേത്രങ്ങൾക്കും ജീർണ്ണോദ്ധാരണ ധനസഹായത്തിനായി അനുവദിച്ചിട്ടുണ്ട്.

**ശബരിമല വരുമാനത്തിൽ കുറവ്**

313 (2663) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല മണ്ഡലകാലത്തെ ആദ്യ ആറ് ദിവസത്തെ വരുമാനത്തിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് എത്ര കുറവുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത ദിവസങ്ങളിൽ അഭിഷേകം, അപ്പം, അരവണ, ശർക്കരപ്പായസം, പഞ്ചാമൃതം, കാണിക്ക, സംഭാവന, അന്നദാന സംഭാവന എന്നീ ഇനങ്ങളിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഉണ്ടായ കുറവ് ഇനംതിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) 14,34,52,391(പതിനാല് കോടി മുപ്പത്തി നാല് ലക്ഷത്തി അമ്പത്തി രണ്ടായിരത്തി മുന്നൂറ്റി തൊണ്ണൂറ്റി ഒന്ന് രൂപ)

| | | | |
|---|---|---|---|
| (ബി) | അഭിഷേകം | - | 9,65,629 രൂപ |
| | അപ്പം | - | 1,17,69,800 രൂപ |
| | അരവണ | - | 6,74,13,340 രൂപ |
| | ശർക്കര പായസം | - | 4,45,820 രൂപ |
| | പഞ്ചാമൃതം | - | 3,07,800 രൂപ |
| | കാണിക്ക | - | 3,49,83,735 രൂപ |
| | സംഭാവന | - | 16,65,020 രൂപ |
| | അന്നദാന സംഭാവന | - | 6,23,907 രൂപ |

**ശബരിമല യുവതി പ്രവേശനത്തിലെ ദേവസ്വം ബോർഡ് നിലപാട്**

314(2664) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അനിൽ അക്കര :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ യുവതികൾക്ക് പ്രവേശിക്കാനായി രണ്ട് ദിവസം മാറ്റി വയ്ക്കണം എന്ന സർക്കാരിന്റെ നിലപാടിനോട് ദേവസ്വം ബോർഡ് യോജിക്കുന്നുണ്ടോ;

(ബി) ശബരിമല ക്ഷേത്രത്തിൽ കാലാകാലങ്ങളായി, 10 മുതൽ 50 വരെ പ്രായമുള്ള യുവതികളെ ആചാരങ്ങളുടെ ഭാഗമായി പ്രവേശിപ്പിക്കാൻ പാടില്ല എന്ന മുൻ നിലപാടിൽ ദേവസ്വം ബോർഡ് ഉറച്ചുനില്ക്കുന്നുണ്ടോ;

(സി) ശബരിമലയിൽ വിശ്വാസികളല്ലാത്ത യുവതികളെ പ്രവേശിപ്പിക്കാൻ സർക്കാർ സ്വീകരിച്ചതായി ആക്ഷേപമുള്ള നടപടിയോട് ദേവസ്വം ബോർഡ് യോജിക്കുന്നുണ്ടോ;

(ഡി) സുപ്രീംകോടതി വിധി നടപ്പിലാക്കാൻ സർക്കാർ കാണിച്ച വ്യഗ്രത ശബരിമല കലാപഭൂമിയാക്കാൻ കാരണമായി എന്ന് ബോർഡിന് അഭിപ്രായമുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇക്കാര്യത്തിൽ ദേവസ്വം ബോർഡ് നിലപാടുകളൊന്നും അറിയിച്ചിട്ടില്ല.

(ബി) സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ ഈ വിഷയം ചർച്ച ചെയ്ത് സാവകാശ ഹർജി സമർപ്പിച്ചിട്ടുണ്ട്.

(സി) വിശ്വാസികളല്ലാത്ത യുവതികളെ പ്രവേശിപ്പിക്കാൻ സർക്കാർ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

(ഡി) വിധി നടപ്പിലാക്കുന്നതിന് സർക്കാർ വ്യഗ്രത കാണിച്ചുവെന്നോ അതുകാരണം ശബരിമല കലാപഭൂമിയായെന്നോ ബോർഡിന് അഭിപ്രായമില്ല.

**ശബരിമല വരുമാനം**

315 (2665) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുലാമാസ പൂജകൾക്കായി ശബരിമല നട തുറന്നപ്പോൾ കാണിക്ക വരുമാനത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് വൻതുക കുറവുണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ; കണക്കുകൾ സഹിതം വിശദമാക്കുമോ;

(ബി) ഈ മണ്ഡല തീർത്ഥാടന കാലത്ത് ദേവസ്വം ബോർഡിന്റെ വരുമാനം മുൻവർഷത്തെക്കാൾ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നുവെന്ന് 2018 നവംബർ 25 വരെയുള്ള പ്രതിദിന കണക്കുകൾ പ്രകാരം അറിയിക്കുമോ;

(സി) ഇപ്രകാരം ദേവസ്വം ബോർഡിന്റെ വരുമാനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ടെങ്കിൽ ബോർഡിന്റെ പ്രവർത്തനം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാകുമെന്നതിനാൽ ഇത് മറികടക്കാൻ എന്തെങ്കിലും പദ്ധതികൾ വിഭാവന ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 1193 കൊല്ല വർഷം-2,05,84,788 രൂപയും 1194 കൊല്ല വർഷം-1,44,98,137 രൂപയുമാണ് വരുമാനം. മുൻ വർഷത്തെ അപേക്ഷിച്ച് ഈ വർഷം 60,86,651 രൂപയുടെ കുറവുണ്ടായി.

(ബി) 2017 നവംബർ 25 വരെ 33,43,25,022 രൂപയും 2018 നവംബർ 25 വരെ-12,85,68,935 രൂപയുമാണ് വരുമാനം. പ്രതിദിനക്കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) സീസൺ അവസാനിച്ചതിനുശേഷം മാത്രമേ വരുമാനം സംബന്ധിച്ച് അന്തിമ കണക്കെടുപ്പ് നടത്താനാകൂ. വരുമാനക്കുറവുണ്ടാവുകയാണെങ്കിൽ അതനുസരിച്ച് പദ്ധതി വിഭാവന ചെയ്യുന്നതാണെന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

## ശബരിമല സംബന്ധിച്ച മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശം

316(2666) ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ വ്യാപകമായ മനുഷ്യാവകാശ ലംഘനങ്ങൾ നടക്കുന്നുവെന്നും ഇത് പരിഹരിക്കാൻ ദേവസ്വം ബോർഡ് ഇടപെടണമെന്നും മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) ശബരിമലയിലെ മനുഷ്യാവകാശ ലംഘനങ്ങൾക്കുനേരേ തിരുവിതാംകൂർ ദേവസ്വം ബോർഡ് കണ്ണടയ്ക്കുകയാണ് എന്ന കമ്മീഷന്റെ പരാമർശം ഗൗരവമായി കാണുന്നുണ്ടോ;

(സി) ശബരിമലയിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ സർക്കാരും ബോർഡും പൂർണ്ണമായി പരാജയപ്പെട്ടുവെന്ന കമ്മീഷൻ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പോരായ്മ പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാരും ബോർഡും അടിയന്തരമായി സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) മനുഷ്യാവകാശ ലംഘനങ്ങൾ നടക്കുന്നുവെന്ന കമ്മീഷന്റെ പരാമർശം രേഖാമൂലം കിട്ടിയിട്ടില്ലെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

## ശബരിമല തീർത്ഥാടകർക്ക് സുഗമമായി മലകയറുന്നതിനുള്ള സൗകര്യങ്ങൾ

317(2667) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല വികസനവുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങളാണ് ഈ സർക്കാർ നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ശബരിമല ദർശനത്തിനെത്തുന്ന തീർത്ഥാടകർക്ക് സുഗമമായി മലകയറുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് സർക്കാർ ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ശബരിമല വികസനത്തിന് ശബരിമല മാസ്റ്റർപ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഈ സർക്കാർ നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) തീർത്ഥാടകർക്ക് ആവശ്യമായ സൗകര്യങ്ങളൊരുക്കുന്നതിന് സർക്കാരും ദേവസ്വം ബോർഡും നടപടി സ്വീകരിച്ചിട്ടുണ്ട്. 2018 ആഗസ്റ്റ് മാസത്തെ പ്രളയത്തിന് ശേഷം പമ്പയിൽനിന്നും നിലയ്ക്കലിലേയ്ക്ക് ബേസ് ക്യാമ്പ് മാറ്റിയ സാഹചര്യത്തിൽ നിലയ്ക്കലിൽ 9,000 തീർത്ഥാടകർക്ക് വിരിവയ്ക്കുന്നതിനുള്ള വിരി ഷെഡ്ഡുകൾ, 20,000 വാഹനങ്ങൾക്ക് പാർക്ക് ചെയ്യുവാനുള്ള പാർക്കിംഗ് സൗകര്യവും 920 ശൗചാലയങ്ങൾ, പ്രതിദിനം 65 ലക്ഷം ലിറ്റർ ശുദ്ധജലം സംഭരിക്കുന്നതിനുള്ള സംവിധാനം, കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള 1,000 ലിറ്റർ ശേഷിയുള്ള 25 ആർ.ഒ. പ്ലാന്റുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. സന്നിധാനത്ത് ഭക്തർക്ക് വിരിവയ്ക്കുന്നതിനും കുടിവെള്ളത്തിനും മെഡിക്കൽ സഹായം ലഭ്യമാക്കുന്നതിനും സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പമ്പയിൽ പ്രളയത്തിൽ അടിഞ്ഞ് കൂടിയ മണലും വൃക്ഷങ്ങളും നീക്കംചെയ്ത് സാധാരണനിലയിൽ ആക്കിയിട്ടുണ്ട്. നശിച്ചുപോയ ശൗചാലയങ്ങൾക്ക് പകരം പുതിയ ബയോ ടോയ്‌ലെറ്റുകൾ, ബയോ യൂറിനലുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. മണ്ണിടിഞ്ഞ് പോയ സ്ഥലങ്ങൾ മണൽ ചാക്കുകൾ അടുക്കി സംരക്ഷിച്ചിട്ടുണ്ട്. തീർത്ഥാടകർക്ക് സമാധാനപരമായി ഭയാശങ്കകളില്ലാതെ തീർത്ഥാടനം നടത്തുന്നതിന് ഡിജിറ്റൽ ക്യൂ സിസ്റ്റവും സുരക്ഷയും ഒരുക്കിയിട്ടുണ്ട്.

## പമ്പയിലെ അടിസ്ഥാന സൗകര്യങ്ങൾ പുനഃസ്ഥാപിക്കാൻ നടപടി

318(2668) ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. എം. മുകേഷ് :
ശ്രീ. ആർ. രാജേഷ് :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയംമൂലം തകർന്ന പമ്പയിൽ അടിസ്ഥാന സൗകര്യങ്ങൾ പുനഃസ്ഥാപിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ശബരിമലയുടെ വികസന പ്രവർത്തനങ്ങൾക്കായി കേന്ദ്രസർക്കാർ അനുവദിച്ച തുക എത്രയാണെന്നും പ്രസ്തുത പദ്ധതി പ്രകാരം പമ്പയിൽ ആരംഭിച്ച എന്തെല്ലാം നിർമ്മാണ പുനരുദ്ധാരണ പ്രവൃത്തികളാണ് പ്രളയത്തിൽ നശിച്ചു പോയതെന്നും വ്യക്തമാക്കാമോ;

(സി) വെള്ളപ്പൊക്കത്തിൽ ഇടിഞ്ഞുപോയ പമ്പാതീരത്തെ കെട്ടിടങ്ങൾ പുതുക്കി പണിയുകയോ അറ്റകുറ്റപ്പണി നടത്തുകയോ ചെയ്യരുതെന്ന് സുപ്രീം കോടതി നിയോഗിച്ച എംപവേർഡ് കമ്മിറ്റി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; പമ്പയിലെ പുനരുദ്ധാരണ പ്രവൃത്തികളെ ഇത് എപ്രകാരം ബാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഏതെല്ലാം വകുപ്പുകളുടെ ഏകോപനത്തോടെയാണ് പമ്പയിൽ നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അന്നദാനമണ്ഡപം, റെസ്റ്റോറന്റ് ബ്ലോക്ക് എന്നിവയിൽ അടിഞ്ഞുകൂടിയ മണ്ണ് മാറ്റി വൃത്തിയാക്കുകയും നദിയുടെ ഗതി പുനഃസ്ഥാപിക്കുകയും ചെയ്തു. പൈപ്പ് ലൈനുകൾ പുനഃസ്ഥാപിച്ച് STP ഉപേയോഗയോഗ്യമാക്കി. STP യിലേയ്ക്കുള്ള പൈപ്പുകളുടെ അറ്റകുറ്റപ്പണികൾ നടത്തി. സെപ്റ്റിക് ടാങ്ക് ഉപയോഗയോഗ്യമാക്കി. 270 ഓളം ടോയ്‌ലെറ്റുകൾ ഉപയോഗയോഗ്യമാക്കി 110 ബയോടോയ്‌ലെറ്റുകളും യൂറിനലുകളും സ്ഥാപിച്ചു. കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാന്റിനും പമ്പ ത്രിവേണിക്കും ഇടയിലായി രണ്ട് സ്ഥലങ്ങളിലായി തകർന്ന റോഡ് മണ്ഡലകാലത്തിന് മുമ്പ് തന്നെ പൂർണ്ണമായി ഗതാഗതയോഗ്യമാക്കി.

(ബി) ശബരിമല വികസന പ്രവർത്തനങ്ങൾക്കായി കേന്ദ്ര ടൂറിസം മന്ത്രാലയത്തിൽ നിന്നും സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി താഴെ പറയുന്ന പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട് :

| നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | അനുവദിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | ശബരിമല വികസനം (എരുമേലി-പമ്പ-സന്നിധാനം) | 9998.92 | 1999.92 |

| (1) | (2) | (3) | (4) |
|---|---|---|---|
| 2. | ശ്രീ പത്മനാഭ-ആറന്മുള-ശബരിമല വികസനം | മൊത്തം പദ്ധതി തുക 9244.26 ലക്ഷം രൂപ അതിൽ ശബരിമല ഘടകത്തിനായി 600 ലക്ഷം രൂപ. | മൊത്തം ലഭിച്ച തുക 4475.49 ലക്ഷം രൂപ അതിൽ ശബരിമല ഘടകത്തിനായി ഉപയോഗിച്ചത് 123.60 ലക്ഷം രൂപ. |

മേൽപദ്ധതിയുടെ ഭാഗമായി പമ്പയിൽ പ്രവൃത്തികൾ ആരംഭിക്കുന്നതിനായി സജ്ജമാക്കിയിരുന്ന സാധനസാമഗ്രികൾ മുഴുവനും പ്രളയത്തിൽ ഒഴുകി പോയി.

(സി) ഉണ്ട്. ഇത് പമ്പയിലെ പുനരുദ്ധാരണ പ്രവൃത്തികളെ കാര്യമായി ബാധിച്ചിട്ടില്ല.

(ഡി) ടാറ്റാ പ്രോജക്ട്സ് ലിമിറ്റഡ് കമ്പനിയുടെയും തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെയും ഇറിഗേഷൻ വകുപ്പിന്റെയും വാട്ടർ അതോറിറ്റിയുടെയും കെ.എസ്.ഇ.ബി.-യുടെയും സഹകരണത്തോടെയാണ് പുനരുദ്ധാരണ പ്രവൃത്തികൾ നടത്തിയിട്ടുള്ളത്.

**ശബരിമലയിലെ നടവരവ്**

319(2669) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ ഉണ്ടായിട്ടുള്ള വിവാദം ക്ഷേത്രത്തിൻെറ നടവരവിനെ ബാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) നിറപുത്തരി മുതൽ തുലാമാസ പൂജ കഴിഞ്ഞ് നട അടയ്ക്കുന്നതുവരെ 2017-ലും 2018-ലും പ്രസ്തുത ക്ഷേത്രത്തിൽനിന്നും ലഭിച്ച വരുമാനം എത്രയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശബരിമലയിൽ വിശ്വാസികളെന്ന വ്യാജേന എത്തിയ ചിലർ പ്രശ്നങ്ങൾ ഉണ്ടാക്കിയതിനാൽ ക്ഷേത്രത്തിന്റെ നടവരവിനെ ബാധിച്ചിട്ടുണ്ട്.

(ബി) 2017-ൽ 5,62,58,390 രൂപയും 2018-ൽ 2,76,25,094 രൂപയും വരുമാനം ലഭിച്ചതായി തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

## ശബരിമലയിലെ തുലാമാസ നടവരവ്

320(2670) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ തുലാമാസ പൂജയ്ക്ക് ശബരിമലയിൽ ലഭിച്ച കാണിക്ക വരുമാനം 2017-ലെ തുലാം മാസ പൂജ കാലയളവിൽ ലഭിച്ച വരുമാനത്തെക്കാൾ വർദ്ധിച്ചിട്ടുണ്ടോ;

(ബി) നടവരവിൽ കുറവുണ്ടായിട്ടുണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ ദേവസ്വം ബോർഡ് വിലയിരുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) വിലയിരുത്തലുകൾ നടത്തിവരുന്നു.

## ശബരിമലയിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത

321(2671) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല സന്നിധാനത്തും പമ്പയിലും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതു പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു എന്നറിയിക്കാമോ;

(ബി) കേരള ഹൈക്കോടതിയുടെപോലും രൂക്ഷവിമർശനത്തിനു വിധേയമായ വീഴ്ചകളും അസാധാരണ നിയന്ത്രണങ്ങളുംമൂലം ഭക്തരുടെ എണ്ണത്തിൽ ഉണ്ടായ ഗണ്യമായ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുവാൻ അടിയന്തരനടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2018 ആഗസ്റ്റ് മാസം നടന്ന പ്രളയത്തിന് ശേഷം പമ്പയിൽ മിനിമം സൗകര്യങ്ങൾ ഒരുക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ആയതിനാൽ പമ്പയിൽ നിന്നും നിലയ്ക്കലിലേയ്ക്ക് ബേസ് ക്യാമ്പ് മാറ്റിയിട്ടുണ്ട്. നിലയ്ക്കലിൽ 9000 തീർത്ഥാടകർക്ക് വിരിവയ്ക്കുന്നതിനുള്ള വിരി ഷെഡുകൾ, 20,000 വാഹനങ്ങൾക്ക് പാർക്ക് ചെയ്യുവാനുള്ള പാർക്കിംഗ് സൗകര്യവും 920 ശൗചാലയങ്ങൾ, പ്രതിദിനം 65 ലക്ഷം ലിറ്റർ ശുദ്ധജലം സംഭരിക്കുന്നതിനുള്ള സംവിധാനം, കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള 25 ആർ.ഒ പ്ലാന്റുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്.

പമ്പയിൽ പ്രളയത്തിൽ അടിഞ്ഞുകൂടിയ മണലും വൃക്ഷങ്ങളും നീക്കംചെയ്ത് സാധാരണനിലയിൽ ആക്കിയിട്ടുണ്ട്. നശിച്ചുപോയ ശൗചാലയങ്ങൾക്ക് പകരം പുതിയ ബയോ ടോയ്‌ലെറ്റുകൾ, ബയോ യൂറിനലുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. മണ്ണിടിഞ്ഞുപോയ സ്ഥലങ്ങൾ മണൽ ചാക്കുകൾ അടുക്കി സംരക്ഷിച്ചിട്ടുണ്ട്. സന്നിധാനത്ത് ഭക്തർക്ക് വിരിവയ്ക്കുന്നതിനും കുടിവെള്ളത്തിനും മെഡിക്കൽ സഹായം ലഭ്യമാക്കുന്നതിനും സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ശബരിമല ദർശനത്തിന് എല്ലാ തീർത്ഥാടകർക്കും ഡിജിറ്റൽ ക്യൂ സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) തീർത്ഥാടകർക്ക് സമാധാനപരമായി ദർശനം നടത്തുന്നതിനുള്ള സുരക്ഷാ ക്രമീകരണങ്ങൾ മാത്രമാണ് ഒരുക്കിയിട്ടുള്ളത്. അക്കാരണത്താൽ തീർത്ഥാടകരുടെ കുറവ് ഉണ്ടായിട്ടില്ല. ഹൈക്കോടതി നിയോഗിച്ച നിരീക്ഷണ സമിതി ശബരിമലയിലെ സജ്ജീകരണങ്ങളിൽ തൃപ്തി രേഖപ്പെടുത്തിയിട്ടുണ്ട്.

### ശബരിമലയിലെ കടമുറികളിൽ നിന്നുള്ള വരുമാനം

322(2672) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ശബരിമലയിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ എത്ര കടമുറികളാണ് ഉള്ളത്; കടമുറികളുടെ ലേലത്തിൽ നിന്നും ബോർഡിന് കഴിഞ്ഞ വർഷം എത്ര രൂപ ലഭ്യമായി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

ശബരിമലയിൽ ദേവസ്വം ബോർഡിന് 46 കടമുറികളുണ്ട്. കഴിഞ്ഞ വർഷം ടി കടമുറികളുടെ ലേലത്തിൽനിന്നും ദേവസ്വം ബോർഡിന് 10,80,87,842 രൂപ ലഭ്യമായിട്ടുണ്ട്.

### ശബരിമലയുടെ വികസനത്തിനായി ചെലവഴിച്ച തുക

323 (2673) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ ശബരിമലയുടെ വികസനത്തിനായി എത്ര തുകയാണ് വകയിരുത്തിയത്; വിശദമാക്കാമോ;

(ബി) 2017-18-ൽ അനുവദിച്ച തുകയിൽ എത്ര തുക ഇതിനകം ചെലവഴിച്ചിട്ടുണ്ട്; ഈ തുക ഉപയോഗിച്ച് ശബരിമലയുടെ വികസനത്തിനായി പൂർത്തീകരിച്ച പദ്ധതികൾ, ആരംഭിച്ച പദ്ധതികൾ, ഇനി ആരംഭിക്കാനുള്ള പദ്ധതികൾ എന്നിവ തരംതിരിച്ച് വ്യക്തമാക്കുമോ;

(സി) 2018-19-ൽ വകയിരുത്തിയ തുകയിൽ എത്ര തുക ഇതിനകം ചെലവഴിച്ചിട്ടുണ്ട്; ഈ തുക ഉപയോഗിച്ച് ശബരിമലയുടെ വികസനത്തിനായി പൂർത്തീകരിച്ച പദ്ധതികൾ, ആരംഭിച്ച പദ്ധതികൾ, ഇനി ആരംഭിക്കാനുള്ള പദ്ധതികൾ എന്നിവ തരംതിരിച്ച് വ്യക്തമാക്കുമോ;

(ഡി) 2011-16 കാലയളവിൽ ശബരിമലയുടെ വികസനത്തിനായി എത്ര തുകയാണ് സംസ്ഥാന സർക്കാർ അനുവദിച്ചതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ശബരിമലയുടെ വികസനത്തിനായി 2017-18-ൽ ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതിയ്ക്ക് 25 കോടി രൂപയും 2018-19-ൽ 28 കോടി രൂപയുമാണ് വകയിരുത്തിയത്.

(ബി-ഡി) വിവരം ശേഖരിച്ചുവരുന്നു.

**ശബരിമലയിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം ലഭിച്ചവർ**

324(2674) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ മണ്ഡല മകരവിളക്ക് കാലത്തേക്ക് ശബരിമലയിലും പമ്പയിലും ദിവസ വേതനാടിസ്ഥാനത്തിൽ എത്ര പേരെ നിയമിച്ചിട്ടുണ്ട്;

(ബി) എപ്രകാരമായിരുന്നു അവരുടെ നിയമനം എന്നും ഇപ്രകാരം നിയമിക്കുന്നവർക്ക് പോലീസ് ക്ലിയറൻസ് ആവശ്യമുണ്ടോ എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 1400 പേരെ നിയമിച്ചിട്ടുണ്ട്.

(ബി) 18-നും 60-നും മധ്യേ പ്രായമുള്ള ഹിന്ദുക്കളായ പുരുഷന്മാരെ നേരിട്ട് ഇന്റർവ്യൂ നടത്തിയാണ് നിയമിക്കുന്നത്. പോലീസ് ക്ലിയറൻസ് ആവശ്യമുണ്ട്.

**ശബരിമലയിൽ നടത്തിയ മുന്നൊരുക്ക പ്രവൃത്തികൾ**

325(2675) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല മണ്ഡല-മകര വിളക്ക് ഉത്സവവുമായി ബന്ധപ്പെട്ട് ടാറ്റാ കൺസൾട്ടൻസി നടത്തിയ പ്രവൃത്തികളുടെ വിവരങ്ങൾ വിശദമാക്കാമോ; അവരുമായി സർക്കാർ ഏർപ്പെട്ട കരാറിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ശബരിമലയുമായി ബന്ധപ്പെട്ടുള്ള സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി സംസ്ഥാന ദുരന്തനിവാരണ വകുപ്പുമായി എന്തെങ്കിലും ചർച്ച നടത്തിയിരുന്നോ; എങ്കിൽ പ്രസ്തുത മീറ്റിംഗിന്റെ മിനിറ്റ്സ് ലഭ്യമാക്കുമോ;

(സി) ശബരിമല ഉത്സവുമായി ബന്ധപ്പെട്ട് അയ്യപ്പഭക്തർക്ക് ഒരുക്കിയിട്ടുള്ള സൗകര്യങ്ങൾ എന്തൊക്കെയാണ് വിശദമാക്കമൊക്കാമോ ;

(ഡി) എരുമേലി ശാസ്താക്ഷേത്രത്തിലും വാവരുപള്ളിയിലും ദർശനത്തിന് എത്തുന്ന അയ്യപ്പഭക്തർക്ക് എന്തെല്ലാം സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രളയത്തിൽ പമ്പാ നദിയിൽ അടിഞ്ഞുകൂടിയ എക്കൽമണ്ണ് മാറ്റി ഒരു കിലോമീറ്ററോളം ദൂരത്തിൽ ആഴം കൂടിയിട്ടുണ്ട്. നടപ്പാത മുതൽ ചെറിയാനവട്ടം വരെയുള്ള നദിയുടെ വശങ്ങളിലായി മണൽചാക്ക് അടുക്കി സംരക്ഷണ ഭിത്തി നിർമ്മിച്ചിട്ടുണ്ട്. ചക്കുപാലത്തിനും പമ്പയ്ക്കുമിടയിൽ രണ്ടിടത്ത് കരിങ്കൽ ഭിത്തികെട്ടി സംരക്ഷിച്ചിട്ടുണ്ട്. ത്രിവേണി പാലം മുതൽ 500 മീറ്റർ നീളത്തിൽ റോഡ് പുനഃസ്ഥാപിച്ചിട്ടുണ്ട്. നിലയ്ക്കലിൽ 60X20 മീറ്റർ വിസ്തീർണ്ണത്തിൽ മൂന്ന് വെയിറ്റിംഗ് ഷെഡുകൾ നിർമ്മിച്ചു. മറ്റ് രണ്ടെണ്ണത്തിന്റെ പണികൾ പുരോഗമിക്കുന്നു. 20 എണ്ണം വീതമുള്ള 2 കണ്ടെയിനർ ടോയ്‌ലെറ്റുകൾ സ്ഥാപിച്ചു. പോലീസുകാരുടെ താമസത്തിനായി 40X10 അടി അളവിലുള്ള 30 കണ്ടെയിനറുകൾ സ്ഥാപിച്ചു. 25 ആർ.ഒ. പ്ലാന്റുകൾ സ്ഥാപിച്ചു. പമ്പയിൽ ത്രിവേണി പാലത്തിന്റെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചു. ടാറ്റാ കൺസൾട്ടൻസി സർക്കാരുമായി എഗ്രിമെന്റ് വച്ചിട്ടില്ല.

(ബി) ഇല്ല.

(സി) 2018 ആഗസ്റ്റ് മാസം നടന്ന പ്രളയത്തിന്റെ പശ്ചാത്തലത്തിൽ പമ്പയിൽനിന്നും നിലയ്ക്കലിലേയ്ക്ക് ബേസ് ക്യാമ്പ് മാറ്റിയിട്ടുണ്ട്. നിലയ്ക്കലിൽ 9000 തീർത്ഥാടകർക്ക് വിരിവയ്ക്കുന്നതിനുള്ള വിരി ഷെഡുകൾ, 20,000 വാഹനങ്ങൾക്ക് പാർക്ക് ചെയ്യുവാനുള്ള പാർക്കിംഗ് സൗകര്യവും 920 ശൗചാലയങ്ങൾ, പ്രതിദിനം 65 ലക്ഷം ലിറ്റർ ശുദ്ധജലം സംഭരിക്കുന്നതിനുള്ള സംവിധാനം, കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള 25 ആർ.ഒ. പ്ലാന്റുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. സന്നിധാനത്ത് ഭക്തർക്ക് വിരിവയ്ക്കുന്നതിനും കുടിവെള്ളത്തിനും മെഡിക്കൽ സഹായം ലഭ്യമാക്കുന്നതിനും സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പമ്പയിൽ പ്രളയത്തിൽ അടിഞ്ഞുകൂടിയ മണലും വൃക്ഷങ്ങളും നീക്കംചെയ്ത് സാധാരണ നിലയിൽ ആക്കിയിട്ടുണ്ട്. നശിച്ചുപോയ ശൗചാലയങ്ങൾക്ക് പകരം പുതിയ

ബയോ ടോയ്‌ലെറ്റുകൾ, ബയോ യൂറിനലുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. മണ്ണിടിഞ്ഞ് പോയ സ്ഥലങ്ങൾ മണൽ ചാക്കുകൾ അടുക്കി സംരക്ഷിച്ചിട്ടുണ്ട്. തീർത്ഥാടകർക്ക് സമാധാനപരമായി തീർത്ഥാടനം നടത്തുന്നതിനുള്ള സുരക്ഷയും ഒരുക്കിയിട്ടുണ്ട്.

(ഡി) എരുമേലിയിൽ ഒരേസമയം 390 തീർത്ഥാടകർക്ക് വിരിവയ്ക്കുന്നതിനുള്ള വിരി ഷെഡുകൾ, 245 ടോയ്‌ലെറ്റുകൾ, 100 ബാത്ത് റൂമുകൾ, 750 പേർക്ക് ഒരേസമയം കുളിക്കുന്നതിനുള്ള സൗകര്യം, വലിയവാഹനങ്ങൾ ഉൾപ്പെടെ 465 വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യം ആരോഗ്യ കേന്ദ്രങ്ങൾ, ഇൻഫർമേഷൻ സെന്റർ എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

## ശബരിമലയിൽ തീർത്ഥാടകരുടെ കുറവ്

326(2676) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമിതമായ പോലീസ് വിന്യാസവും നിരോധനാജ്ഞയും കാരണം ശബരിമലയിൽ തീർത്ഥാടകരുടെ എണ്ണത്തിൽ കുറവ് സംഭവിച്ചിട്ടുണ്ടോ;

(ബി) ശബരിമലയിലെ ആദ്യ ആറ് ദിവസങ്ങളിലെ വരുമാനത്തിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് അറുപത് ശതമാനത്തോളം ഇടിവുണ്ടായിട്ടുണ്ടോ;

(സി) അമിതമായ പോലീസ് വിന്യാസവും സംഘർഷാവസ്ഥയും കാരണം നിരവധി അന്യ സംസ്ഥാന ഭക്തന്മാർ ദർശനം നടത്താതെ തിരിച്ചുപോയ സംഭവം ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഹൈക്കോടതിയുടെ പരാമർശത്തെ തുടർന്ന് ശബരിമലയിലെ കർശന നിരോധനങ്ങൾക്ക് അയവുവരുത്തിയത് സന്ദർശകരുടെ എണ്ണത്തിൽ വർദ്ധന ഉണ്ടാകാൻ കാരണമായിട്ടുണ്ടോയെന്നറിയിക്കാമോ?

### ഉത്തരം

(എ) സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ ചില തൽപ്പര കക്ഷികളുടെ കലാപശ്രമങ്ങൾക്ക് തടയിടാൻ പോലീസിനെ വിന്യസിച്ചിരുന്നു. ടി കലാപ ദൃശ്യങ്ങൾ ദൃശ്യ പത്ര മാധ്യമങ്ങളിൽ വന്നത് തീർത്ഥാടകരുടെ എണ്ണത്തിൽ കുറവ് വരാൻ ഇടയാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കലാപശ്രമങ്ങളും പ്രതിഷേധങ്ങളും കർശനമായി നിയന്ത്രിച്ച സാഹചര്യത്തിൽ തീർത്ഥാടകരുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചുവരുന്നുണ്ട്.

## പ്രളയാനന്തരം പമ്പയിലെയും നിലയ്ക്കലിലെയും അടിസ്ഥാന സൗകര്യ വികസനം

327(2677) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ തകർന്ന പമ്പയിലെയും നിലക്കലിലെയും അടിസ്ഥാന സൗകര്യങ്ങൾ പുനർനിർമ്മിക്കുന്നതിന് ചെലവഴിച്ച തുകയെത്രയെന്നും ഇതിനായി നീക്കിവച്ചിട്ടുള്ള തുകയെന്തെന്നും അറിയിക്കുമോ;

(ബി) മണ്ഡല-മകരവിളക്ക് തീർത്ഥാടനം തുടങ്ങുന്നതിന് മുമ്പായി ഏതെങ്കിലും കമ്പനികൾ സൗജന്യമായി ജോലികൾ തീർത്ത് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ ചെലവുൾപ്പെടെയുള്ള വിശദാംശങ്ങൾ നൽകാമോ;

(സി) ഇപ്രകാരം സൗജന്യമായി പണി പൂർത്തിയാക്കി നൽകിയിട്ടുണ്ടെങ്കിൽ ആയതിനായി നീക്കിവച്ച ഫണ്ട് എപ്രകാരം ഉപയോഗിച്ചു എന്നറിയിക്കുമോ?

ഉത്തരം

(എ-സി) പ്രളയത്തിനുശേഷം പമ്പയിലെയും നിലയ്ക്കലിലെയും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് 25 കോടി രൂപയുടെ പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി ടാറ്റാ പ്രോജക്ട് ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ തിരുവിതാംകൂർ ദേവസ്വം ബോർഡ് 15 കോടി രൂപയുടെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. സൗജന്യമായി പ്രവൃത്തി നടത്തിയതായി അറിയിച്ചിട്ടില്ല.

## തിരുവിതാംകൂർ ദേവസ്വം ബോർഡിനുമേൽ സർക്കാർ സമ്മർദ്ദം

328(2678) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പ്രവർത്തനങ്ങൾ സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള സാഹചര്യമെന്താണ്;

(ബി) ശബരിമലയിലെ യുവതി പ്രവേശന കേസിൽ 10 മുതൽ 50 വരെ പ്രായമുള്ള യുവതികളുടെ പ്രവേശനത്തെ സുപ്രീംകോടതിയിൽ എതിർത്ത തിരുവിതാം കൂർ ദേവസ്വം ബോർഡ് പിന്നീടെന്തുകൊണ്ടാണ് അതിനെതിരെ റിവ്യൂ ഹർജി നൽകാതിരുന്നത്;

(സി) യുവതി പ്രവേശനത്തിന് അനുകൂലമായി നിലപാടെടുത്ത സർക്കാരിന്റെ സമ്മർദ്ദത്തിന് വഴങ്ങിയാണോ തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻനിലപാടിൽ മാറ്റം വരുത്തിയതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി പാലിക്കാൻ ഭരണഘടനാ സ്ഥാപനമെന്ന നിലയ്ക്ക് ദേവസ്വം ബോർഡും ബാധ്യസ്ഥമാണ്. എന്നിരുന്നാലും ബോർഡ് വിധി നടപ്പിലാക്കുന്നതിന് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ 19-11-2018-ൽ സാവകാശ ഹർജി നൽകിയിട്ടുണ്ട്.

## തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ശബരിമലയിലെ പ്രവർത്തനങ്ങൾ

329(2679) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഹൈക്കോടതിയുടെ അനുമതിയില്ലാതെ തിരുവിതാംകൂർ ദേവസ്വം ബോർഡ് സർക്കാരിന് പണം നൽകരുത് എന്ന നിർദ്ദേശം വരാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ;

(ബി) ശബരിമലയിലെ പോലീസിന്റെ ഭക്ഷണ, താമസ സൗകര്യ ചെലവ് ദേവസ്വം ബോർഡ് സർക്കാരിന് നൽകിയിരുന്നോ;

(സി) ദേവസ്വം ബോർഡ് ആവശ്യപ്പെട്ടിട്ടാണോ ശബരിമലയിൽ പോലീസിനെ വിന്യസിച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) തീർത്ഥാടകരുടെ പരാതികൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് ബോർഡ് സ്വീകരിച്ചിരിക്കുന്നത്; തീർത്ഥാടനം തുടങ്ങിയശേഷം ദേവസ്വം കമ്മീഷണർ അടക്കമുള്ള ബോർഡിന്റെ ഉത്തരവാദപ്പെട്ടവർ ശബരിമലയിൽ സന്ദർശനം നടത്താത്തതിന്റെ കാരണം വിശദമാക്കാമോ?

ഉത്തരം

(എ) ശ്രീ. ശശിധരൻ കെ. പി. എന്ന വ്യക്തി ഫയൽ ചെയ്ത ഡബ്ല്യു.പി.(സി) 38016/18 റിട്ട് പെറ്റീഷന്റെ അടിസ്ഥാനത്തിലാണ് 28-11-2018-ൽ ഒരു ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് എന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(ബി) ശബരിമലയിലെ പോലീസിന്റെ ഭക്ഷണ ചെലവ് സർക്കാരാണ് വഹിക്കുന്നത്. താമസസൗകര്യം ദേവസ്വം ബോർഡാണ് ഒരുക്കുന്നത്.

(സി) മണ്ഡല മകരവിളക്ക് മഹോത്സവത്തിന് തീർത്ഥാടകർക്ക് ഒരുക്കേണ്ട സൗകര്യങ്ങൾ സംബന്ധിച്ച യോഗത്തിൽ കൈക്കൊണ്ട തീരുമാന പ്രകാരമാണ് സന്നിധാനത്തും മറ്റ് പ്രദേശങ്ങളിലും തിരക്ക് നിയന്ത്രിക്കുന്നതിനും ക്രമസമാധാന പാലനത്തിനുമായാണ് പോലീസിനെ നിയോഗിച്ചിട്ടുള്ളത്.

(ഡി) ദേവസ്വം ബോർഡ് പ്രസിഡന്റ്, മെമ്പർമാർ, കമ്മീഷണർ അടക്കമുള്ള ബോർഡിന്റെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ശബരിമലയിൽ സന്ദർശനം നടത്തി ഭക്തരുടെ പരാതികൾ യഥാസമയം പരിഹരിച്ച് തീർത്ഥാടനം സുഗമമാക്കിയിട്ടുണ്ട്.

**തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ സ്വയംഭരണാവകാശം**

330(2680) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമംവഴി സ്ഥാപിതമായ ദേവസ്വം ബോർഡുകൾക്ക് സ്വയം ഭരണാവകാശം കല്പിച്ചുനൽകിയിട്ടുണ്ടോ;

(ബി) ഭക്തന്മാരുടെ ആവശ്യങ്ങൾ പരിഗണിച്ച് അവർക്ക് സൗകര്യങ്ങൾ ഒരുക്കികൊടുക്കേണ്ട തിരുവിതാംകൂർ ദേവസ്വം ബോർഡിനെ നോക്കുകുത്തിയാക്കിക്കൊണ്ട് ശബരിമല ക്ഷേത്രത്തിന്റെ പൂർണ്ണ നിയന്ത്രണം സർക്കാരും പോലീസും ഏറ്റെടുത്തതായ ആക്ഷേപം ഉണ്ടായത് ഏത് സാഹചര്യത്തിലാണ്;

(സി) ഭക്തരുടെ ആവശ്യങ്ങൾ മനസിലാക്കി പ്രവർത്തിക്കേണ്ട ബോർഡ് സർക്കാരിന്റെ നിലപാടുകളുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ?

ഉത്തരം

(എ) ദേവസ്വം ബോർഡുകൾ സ്വയംഭരണാവകാശമുള്ള സ്ഥാപനങ്ങളാണ്.

(ബി) ശബരിമല ക്ഷേത്രത്തിന്റെ പൂർണ്ണ നിയന്ത്രണം സർക്കാരോ പോലീസോ ഏറ്റെടുത്തിട്ടില്ല. സന്നിധാനത്തെത്തുന്ന ഭക്തർക്ക് സമാധാനപരമായി ദർശനം നടത്തുന്നതിനുള്ള നടപടികൾ മാത്രമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

(സി) ദേവസ്വം ബോർഡ് ഭക്തരുടെ ആവശ്യങ്ങൾ മനസ്സിലാക്കി വേണ്ട സൗകര്യങ്ങൾ ചെയ്തു കൊടുക്കുന്നുണ്ട്.

**ചെങ്ങന്നൂരിൽ അയ്യപ്പ ഭക്തന്മാർക്കായിട്ടുള്ള വിശ്രമകേന്ദ്രം**

331(2681) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല ഇടത്താവളമായ ചെങ്ങന്നൂരിൽ അയ്യപ്പ ഭക്തന്മാർക്കായിട്ടുള്ള വിശ്രമ കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ;

(ബി) പ്രസ്തുത വിശ്രമകേന്ദ്രം എന്ന് പൂർത്തിയാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വിശ്രമ കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ടെണ്ടർ നടപടികൾ കഴിയുന്നതുംവേഗം നടത്തി വിശ്രമ കേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതാണ്.

**ലേലം നടന്ന കടമുറികൾ**

332(2682) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018 നവംബർ ഇരുപത്തി രണ്ട് വരെ ശബരിമലയിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ലേലം നടന്ന കടമുറികളുടെ എണ്ണം വ്യക്തമാക്കുമോ?

ഉത്തരം

2018 നവംബർ 30 വരെ 34 കടമുറികളുടെ ലേലം നടന്നിട്ടുണ്ട്.

## അസിസ്റ്റന്റ് എഞ്ചിനീയർ നിയമനം

333(2683) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നിലവിൽ വന്നശേഷം തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ആരെയെങ്കിലും അസിസ്റ്റന്റ് എഞ്ചിനീയറായി പ്രൊമോഷൻ നൽകി നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെയൊക്കെയാണ്;

(ബി) ഇത്തരം നിയമനങ്ങൾ റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികളുടെ അവസരം നഷ്ടപ്പെടുവാൻ ഇടയാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത നിയമനത്തിന് ലാ ഓഫീസറുടെയോ ലോക്കൽ ഫണ്ട് ആഡിറ്റിന്റെയോ അഭിപ്രായം ആരായേണ്ടതുണ്ടോ; എങ്കിൽ ആരാഞ്ഞിട്ടുണ്ടോ എന്നറിയിക്കാമോ;

(ഡി) അനധികൃതമായി നിയമനം നടത്തിയിട്ടുണ്ടെങ്കിൽ ആയത് പുന:പരിശോധിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1. സി. പി. ഗിരീഷ് ചന്ദ്രൻ നായർ

2. ഡി. രാധാകൃഷ്ണ പിള്ള

3. ജി. സന്തോഷ്

4. ഡി. സതീഷ് കുമാർ

5. എസ്. ആർ. സുനിൽകുമാർ

6. ആർ. ശശികുമാർ

7. പ്രേം. ജെ. ലാൽ

8. കെ. ഹരീഷ് കുമാർ

9. കെ. സുനിൽകുമാർ.

എന്നിവരെ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നിലവിൽ വന്നശേഷം തിരുവിതാംകൂർ ദേവസ്വം ബോർഡിൽ സ്ഥാനക്കയറ്റം നൽകി നിയമിച്ചിട്ടുണ്ട്.

(ബി & സി) ഇല്ല.

(ഡി) അനധികൃതമായി നിയമനം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്ന് ദേവസ്വം ബോർഡ് ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

## തിരുവിതാംകൂർ ദേവസ്വം ബോർഡ് സുപ്രീംകോടതിയിൽ സമർപ്പിച്ച സാവകാശ ഹർജി

334 (2684) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. ടി. തോമസ് :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡ് സുപ്രീംകോടതിയിൽ സാവകാശ ഹർജി സമർപ്പിച്ചിട്ടുണ്ടോ;

(ബി) കോടതിവിധി നടപ്പിലാക്കുന്നതിൽ സാവകാശം അഭ്യർത്ഥിച്ചുകൊണ്ട് എന്തൊക്കെ കാരണങ്ങളാണ് ബോർഡ് പ്രസ്തുത ഹർജിയിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പമ്പയിലും പരിസര പ്രദേശങ്ങളിലും ഉണ്ടായ മഹാപ്രളയം ഈ പ്രദേശത്തെ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതാക്കിയതായും പുതിയതായി നിലയ്ക്കലിൽ ബേസ് ക്യാമ്പ് ആക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തി വരുന്നതേയുള്ളൂവെന്നും കൂടുതൽ വനഭൂമി പമ്പയിലും ശബരിമലയിലും ലഭ്യമാക്കിയാൽ മാത്രമേ അടിസ്ഥാന സൗകര്യങ്ങൾ ഇനിയും വർദ്ധിപ്പിക്കാൻ സാധിക്കുകയുള്ളൂ എന്ന വിവരങ്ങളും 6-11-2018-ൽ 10-നും 50-നും ഇടയിൽ പ്രായം ഉള്ള ഏതാനും യുവതികൾ ശബരിമലയിൽ എത്തിയെങ്കിലും ചില സംഘടനകളുടെ അതിശക്തമായ എതിർപ്പിനെ തുടർന്ന് അവർക്ക് ക്ഷേത്രത്തിൽ പ്രവേശിക്കുവാൻ സാധിച്ചില്ലായെന്നും ഈ സംഭവത്തിന് ശേഷം ഭക്തജനങ്ങളെ തടയാൻ ഇടയാക്കുന്നു എന്നുള്ള കാര്യവും ഇതിന്മേലുള്ള ശബരിമല സ്പെഷ്യൽ കമ്മീഷണറുടെ റിപ്പോർട്ട് പരിഗണിച്ചും സെൻട്രൽ എംപവേർഡ് കമ്മിറ്റിയുടെ ശബരിമല, പമ്പ തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിച്ച് നൽകിയ റിപ്പോർട്ട് ചൂണ്ടിക്കാണിച്ചുമാണ് ബഹുമാനപ്പെട്ട സുപ്രീംകോടതി മുൻപാകെ സാവകാശ ഹർജി ഫയൽ ചെയ്തിരിക്കുന്നത്.

## തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാർ

335(2685) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിൽ എത്ര ജീവനക്കാർ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ; ഇതിൽ ശാന്തിക്കാരുടേയും ഇതര ജീവനക്കാരുടേയും കണക്കുകൾ പ്രത്യേകം നൽകുമോ?

ഉത്തരം

തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിൽ 5590 ജീവനക്കാർ നിലവിലുണ്ട്.

ശാന്തിക്കാർ-1328 പേരുണ്ട്

ഇതരജീവനക്കാർ-4262.

## തിരുവിതാംകൂർ ദേവസ്വം ബോർഡിൽ അധിക തസ്തികകൾ

336(2686) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഇനി അധിക തസ്തികകൾ പാടില്ലായെന്നും നിലവിലുള്ള ഉദ്യോഗസ്ഥരെ പുനർവിന്യസിച്ചാൽ മതിയെന്നും കേരള ഹൈക്കോടതി നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത നിർദ്ദേശത്തിന് അനുസൃതമായി ദേവസ്വം ബോർഡ് കൈക്കൊണ്ട നടപടി എന്തൊക്കെയാണ്;

(സി) ദേവസ്വം ബോർഡിൽ സബ് ഗ്രൂപ്പ് ഓഫീസർമാരെയും ക്ലറിക്കൽ ഉദ്യോഗസ്ഥരെയും നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ശബരിമല ഉൾപ്പെടെയുള്ള ക്ഷേത്രങ്ങളിൽ നിന്നുള്ള വരുമാനം പ്രളയവും മറ്റ് സാഹചര്യങ്ങളുംമൂലം കുറഞ്ഞിട്ടുണ്ടോ; എങ്കിൽ ഈ സാഹചര്യത്തിൽ പുതിയ തസ്തികകളിലേക്കുള്ള നിയമനം നിർത്തിവയ്ക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ&ബി) ഉണ്ട്. പുനർവിന്യാസം നടപ്പിലാക്കുന്നത് സംബന്ധിച്ച വിഷയം ബോർഡിന്റെ പരിഗണനയിലാണ്.

(സി) ഉണ്ട്.

(ഡി) ക്ഷേത്രങ്ങളിൽ നിന്നുള്ള വരുമാനം കുറഞ്ഞിട്ടുണ്ട്. എന്നാൽ വർഷങ്ങളായി നിലവിലുള്ള ഒഴിവുകൾ നികത്താത്തതുകാരണം വിവിധ ഓഫീസുകളുടെയും ദേവസ്വങ്ങളുടെയും പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുള്ള സാഹചര്യത്തിൽ പുതിയ നിയമനങ്ങൾ നിർത്തിവയ്ക്കുവാൻ കഴിയുന്നതല്ല.

## തിരുവിതാംകൂർ ദേവസ്വം ബോർഡിൽ അസിസ്റ്റന്റ് എഞ്ചിനീയർ

337(2687) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ എത്ര അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയുണ്ട്;

(ബി) പ്രസ്തുത തസ്തികയിലേക്ക് ഏത് റേഷ്യോയിലാണ് പ്രൊമോഷൻ നടത്തുന്നത്; ഡിപ്പാർട്ട്മെന്റ്, ഡിഗ്രി ക്വാട്ട എത്ര ശതമാനമാണ്; ആരെയൊക്കയാണ് ഡിഗ്രി ക്വാട്ട വഴി അസിസ്റ്റന്റ് എഞ്ചിനീയർമാരായി നിയമിച്ചിട്ടുള്ളത് എന്നറിയിക്കാമോ?

ഉത്തരം

(എ) അസിസ്റ്റന്റ് എഞ്ചിനീയറിന്റെ 32 തസ്തികകളുണ്ട്.

(ബി) 6:3:1 എന്ന റേഷ്യോയിലാണ് പ്രൊമോഷൻ നടത്തുന്നത്. ഇൻ സർവ്വീസ് ഡിഗ്രി ക്വാട്ട 6% ആണ്. നിലവിൽ ഡിഗ്രി ക്വാട്ട വഴി പ്രൊമോഷൻ നൽകി എ.ഇ.-മാരായി നിയമിച്ചവർ ഇവരാണ്.

1. വി. കെ. ഹരിഹർലാൽ
2. കെ. മഹാദേവൻ.

## തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലെ ക്ഷേത്രങ്ങൾ

338 (2688) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ സംരക്ഷിക്കപ്പെടുന്ന ക്ഷേത്രങ്ങളുടെ പട്ടിക ലഭ്യമാക്കുമോ;

(ബി) ഭരണപരമായ സൗകര്യത്തിനായി പ്രസ്തുത ക്ഷേത്രങ്ങളെ എത്ര വിഭാഗങ്ങളായാണ് തരംതിരിച്ചിരിക്കുന്നത്; ഓരോ വിഭാഗത്തിലും എത്ര ക്ഷേത്രങ്ങൾ വീതമുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) ക്ഷേത്രങ്ങളെ തരംതിരിച്ചിരിക്കുന്നത് വരുമാനത്തിന്റെ അടിസ്ഥാനത്തിലാണോ;

(ഡി) എങ്കിൽ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളുടെ കഴിഞ്ഞ അഞ്ചുവർഷത്തെ നടവരവ് ക്ഷേത്രം തിരിച്ച് ലഭ്യമാണോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഇ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ സംരക്ഷിക്കപ്പെടുന്ന ക്ഷേത്രങ്ങളിൽ നിത്യനിദാന ചെലവുകൾ നിറവേറ്റാൻ വേണ്ട നടവരവില്ലാത്ത ക്ഷേത്രങ്ങളുടെ പട്ടിക ലഭ്യമാണോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) അഡ്മിനിസ്ട്രേറ്റീവ് ആഫീസർ (26),

സ്പെഷ്യൽ ഗ്രേഡ് (44)

ഹയർ ഗ്രേഡ്(52)

ഫസ്റ്റ് ഗ്രേഡ് (189)

സെക്കന്റ് ഗ്രേഡ് (172) എന്നിങ്ങനെ തരംതിരിച്ചിട്ടുണ്ട്. ഗ്രേഡ് തിരിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

(സി) വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അമ്പലങ്ങളിൽ നിന്നുള്ള വരവ്

339(2689) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ വരുന്ന അമ്പലങ്ങളിൽ നിന്നും 2017 ജനുവരി 1 മുതൽ 2017 ഡിസംബർ 31 വരെ ആകെ എത്ര വരവ് ഉണ്ടായിയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ജീവനക്കാരുടെ ശമ്പളം, പെൻഷൻ, മറ്റു ചെലവുകൾ എന്നിവയ്ക്കായി എത്ര തുക ചെലവുണ്ടായിയെന്ന് കണക്കാക്കാമോ;

(സി) ഇതേ കാലയളവിൽ ശബരിമല ക്ഷേത്രത്തിലെ വരവും ചെലവും പ്രത്യേകം വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) 2017-2018-ൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ക്ഷേത്രങ്ങളിൽ നിന്നും 5,61,67,52,672 രൂപ വരുമാനം ലഭിച്ചു എന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) 2017-2018-ലെ വരവ് 3,56,60,52,564 രൂപ, 2017-2018 (ഡിസംബർ 31 വരെ) ചെലവ്-39,07,53,676 രൂപ എന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലെ ക്ഷേത്രങ്ങൾ

340(2690) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ എത്ര ക്ഷേത്രങ്ങളാണുള്ളത് എന്ന് വ്യക്തമാക്കാമോ; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ?

ഉത്തരം

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ 1249 ക്ഷേത്രങ്ങളുണ്ട്.

ദേവസ്വം ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

ശബരിമല-1

പമ്പ-1

തിരുവനന്തപുരം-406

പത്തനംതിട്ട-310

ഹരിപ്പാട്-242

വൈക്കം-288.

## 2017-18-ൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന് ലഭിച്ച വരുമാനം

341 (2691) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18-ൽ തിരുവിതാംകൂറിലെ ക്ഷേത്രങ്ങളിൽനിന്നും ദേവസ്വം ബോർഡിന് ലഭിച്ച വരുമാനം എത്രയാണ്;

(ബി) ഇതിൽ ശബരിമല ക്ഷേത്രത്തിൽനിന്നും ലഭിച്ച വരുമാനം എത്രയായിരുന്നു;

(സി) 2017-18 കാലയളവിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് അംഗങ്ങളുടെ ശമ്പളം, അലവൻസ്, യാത്രാചെലവ് എന്നീ ഇനങ്ങളിൽ എന്ത് തുക ബോർഡിന് ചെലവായി;വ്യക്തമാക്കാമോ?

ഉത്തരം

(എ) 561,67,52,672.00 (അഞ്ഞൂറ്റി അറുപത്തി ഒന്ന് കോടി അറുപത്തി ഏഴ് ലക്ഷത്തി അൻപത്തി രണ്ടായിരത്തി അറുനൂറ്റി എഴുപത്തിരണ്ട് രൂപ).

(ബി) 356,60,52,564 (മുന്നൂറ്റി അൻപത്തി ആറ് കോടി അറുപത് ലക്ഷത്തി അൻപത്തി രണ്ടായിരത്തി അഞ്ഞൂറ്റി അറുപത്തി നാല് രൂപ).

| | | | |
|---|---|---|---|
| (സി) | ഓണറേറിയം | - | 5,40,100.00 |
| | സിറ്റിംഗ് ഫീസ് | - | 69,100.00 |
| | എച്ച്.ആർ.എ. | - | 1,75,334.00 |
| | റ്റി.എ. | - | 17,27,726.00. |

## ദേവസ്വം നിയമനങ്ങളിൽ സംവരണം

342 (T 2692) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം നിയമനങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുന്നോക്കവിഭാഗത്തിൽപ്പെട്ടവർക്ക് സംവരണം നൽകുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) ഇത് സംബന്ധിച്ച ചട്ടങ്ങൾ സബ്ജക്ട് കമ്മിറ്റിയിൽ സമർപ്പിച്ച് അംഗീകാരം വാങ്ങിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) പിന്നോക്ക വിഭാഗത്തിൽപെട്ടവർക്ക് ദേവസ്വം നിയമനങ്ങളിൽ നിലവിലുള്ള സംവരണത്തിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) കേരള ദേവസ്വം റിക്രൂട്ട്മെന്റ് വഴി ദേവസ്വം ബോർഡുകളിലേയ്ക്ക് നടത്തുന്ന നിയമനങ്ങളിൽ അനുവദിച്ചുവരുന്ന 32% സംവരണത്തിന് പുറമെ ദേവസ്വം നിയമനത്തിന് അഹിന്ദുക്കൾക്ക് അർഹതയില്ലാത്തതിനാൽ അവർക്കുള്ള 18% സംവരണം ഹൈന്ദവ വിഭാഗത്തിൽപ്പെട്ട മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കും പട്ടികജാതി വിഭാഗങ്ങൾക്കും മറ്റ് പിന്നാക്ക വിഭാഗങ്ങൾക്കായി വിഭജിച്ച് നൽകുന്നതിനായി ദേവസ്വം ബോർഡുകൾ ലഭ്യമാക്കിയ ചട്ടങ്ങൾ/റെഗുലേഷനുകൾക്ക് സർക്കാർ അംഗീകാരം നല്കിയിട്ടുണ്ട്.

(ബി) ദേവസ്വം നിയമപ്രകാരം ദേവസ്വം ബോർഡുകളിൽ നിക്ഷിപ്തമായ അവകാശം വിനിയോഗിച്ച് ദേവസ്വം ബോർഡുകൾ തയ്യാറാക്കുന്ന ചട്ടങ്ങൾക്ക് സബ്ജക്ട് കമ്മിറ്റിയുടെ അംഗീകാരം വാങ്ങേണ്ടതില്ല.

(സി) 18% സംവരണത്തിൽ മുന്നോക്കക്കാരിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് 10%-വും പട്ടികജാതി വിഭാഗത്തിന് 2%-വും ഈഴവ സമുദായത്തിന് 3%-വും മറ്റ് പിന്നാക്ക വിഭാഗങ്ങൾക്ക് 3%-വും അധിക സംവരണമായി ലഭിക്കുന്നതാണ്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

## കോതമംഗലം ആസ്ഥാനമാക്കി താന്ത്രിക വിദ്യാലയം

343(2693) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേത്ര പൂജാവിധികൾ പഠിപ്പിക്കുന്ന താന്ത്രിക വിദ്യാലയം, കോതമംഗലം ആസ്ഥാനമാക്കി സ്ഥാപിക്കണമെന്നുള്ള ശ്രീരാമ വിലാസം ചവളാർ സൊസൈറ്റി നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ഒരു സ്ഥാപനം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(സി) ഉണ്ടെങ്കിൽ ചവളാർ സൊസൈറ്റിയുടെ ആസ്ഥാനവും, നിരവധി പിന്നോക്ക വിഭാഗക്കാർ താമസിക്കുന്ന പ്രദേശവുമായ കോതമംഗലം കേന്ദ്രീകരിച്ച് ഇത്തരമൊരു പാഠശാല തുടങ്ങുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## ക്ഷേത്രാചാര സ്ഥാനികർ, കോലധാരികൾ എന്നിവർക്കുള്ള ധനസഹായം

344 (T2694) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ സാമൂഹിക പെൻഷനുകൾ വർദ്ധിപ്പിക്കുന്നതിനോടൊപ്പം ഉത്തര മലബാറിലെ ക്ഷേത്രാചാര സ്ഥാനികർ, കോലധാരികൾ എന്നിവർക്കുള്ള ധനസഹായം വർദ്ധിപ്പിച്ചിട്ടുണ്ടോ;വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇതിന്റെ ഗുണം എത്ര പേർക്ക് ലഭ്യമാകും എന്ന് അറിയിക്കാമോ;

(സി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കൂടുതൽ പേർക്ക് ധനസഹായം നൽകുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ&ബി) ഉത്തരമലബാറിലെ 'ക്ഷേത്ര സ്ഥാനികർ/കോലധാരികൾ എന്നിവർക്കുള്ള ധനസഹായ പദ്ധതി' പ്രകാരം ഗുണഭോക്താക്കളായി അംഗീകരിച്ചിട്ടുള്ളവർക്ക് പ്രതിമാസം 1,100 രൂപയായി ധനസഹായം വർദ്ധിപ്പിച്ചുകൊണ്ടും

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

പുതുതായി 420 ആചാരസ്ഥാനികരേയും 105 കോലധാരികളേയും ഗുണഭോക്താക്കളായി അംഗീകരിച്ചുകൊണ്ടും 24-11-2018-ലെ സ.ഉ.(സാധാ.)നമ്പർ 4876/2018/റവ. പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. അതിൻപ്രകാരം നിലവിൽ ആനുകൂല്യം കൈപ്പറ്റി വരുന്നവർ ഉൾപ്പെടെ ആകെ 1811 ആചാരസ്ഥാനികർക്കും 397 കോലധാരികൾക്കും പ്രതിമാസ ധനസഹായ വർദ്ധനവിന്റെ ആനുകൂല്യം ലഭിക്കുന്നുണ്ട്.

(സി) നിലവിൽ പരിഗണനയിലില്ല.

**തീർത്ഥാടന കേന്ദ്രങ്ങൾക്കുള്ള കേന്ദ്ര പദ്ധതി പ്രകാരം ലഭിച്ച തുക**

345(2695) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്ര സർക്കാർ നടപ്പാക്കുന്ന തീർത്ഥാടന കേന്ദ്രങ്ങൾക്കുള്ള പ്രസാദ്, സ്വദേശി ദർശൻ തുടങ്ങിയ പദ്ധതികൾ പ്രകാരം തിരുവനന്തപുരം ജില്ലയിൽ ലഭിച്ച തുക എത്ര; അതിന്റെ വിനിയോഗം എപ്രകാരമാണ്;വ്യക്തമാക്കുമോ?

ഉത്തരം

കേന്ദ്ര ടൂറിസം മന്ത്രാലയം സ്വദേശ് ദർശൻ, പ്രസാദ് സ്കീമുകളിൽ ഉൾപ്പെട്ടിട്ടുള്ള ശ്രീ പത്മനാഭ-ആറന്മുള-ശബരിമല വികസന പദ്ധതിയിൽ ഉൾപ്പെട്ട ഒരു ഘടകമായ തിരുവനന്തപുരം ജില്ലയിലെ ശ്രീ പത്മനാഭ സ്വാമി ക്ഷേത്ര വികസനത്തിനായി താഴെ പറയുന്ന ഘടകങ്ങൾക്കാണ് അനുമതി ലഭിച്ചിട്ടുള്ളത് :

| | | |
|---|---|---|
| തെക്കേ നട | - | 2186.88 ലക്ഷം രൂപ |
| വടക്കേ നട | - | 1346.12 ലക്ഷം രൂപ |
| കിഴക്കേ നട | - | 3027.81 ലക്ഷം രൂപ |
| പടിഞ്ഞാറേ നട | - | 1063.60 ലക്ഷം രൂപ |
| ആകെ | - | 7626.41 ലക്ഷം രൂപ |

ഇതിൽ 4309.66 ലക്ഷം രൂപ നിർവ്വഹണ ഏജൻസിയായ ശ്രീ പത്മനാഭ സ്വാമി ക്ഷേത്ര എക്സിക്യൂട്ടീവ് ഓഫീസർക്ക് മേൽ പ്രവൃത്തികൾ നടത്തുന്നതിനായി നൽകിയിട്ടുണ്ട്. പദ്ധതി പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2662-നുള്ള ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

10.00 am]

## II അഭ്യർത്ഥന

### പ്രതിപക്ഷ എം.എൽ.എ.-മാരുടെ സത്യാഗ്രഹം

മി. സ്പീക്കർ: സഭാനേതാവിന് ഒരു കാര്യം അറിയിക്കാനുണ്ട്.

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, പ്രതിപക്ഷ എം.എൽ.എ.-മാരുടെ സത്യാഗ്രഹം അവസാനിപ്പിക്കാൻ സർക്കാരിന് അതിയായ ആഗ്രഹമുണ്ട്. ബഹുമാനപ്പെട്ട സ്പീക്കർ ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ശബരിമലയുടെ സാഹചര്യങ്ങളാണ് അവിടെ നിരോധനാജ്ഞ പ്രഖ്യാപിക്കാനിടയാക്കിയിട്ടുള്ളത്. നിരോധനാജ്ഞ അടിച്ചേൽപ്പിക്കാനല്ല ഗവൺമെന്റ് ആഗ്രഹിക്കുന്നത്. സ്വതന്ത്രമായി സാഹചര്യങ്ങളെ വിലയിരുത്തിക്കൊണ്ട് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥന്മാരെ ചുമതലപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. സർക്കാരിന് ഇക്കാര്യത്തിൽ ഒരു പിടിവാശിയുമില്ല. അംഗങ്ങൾ സത്യാഗ്രഹം അവസാനിപ്പിക്കണമെന്നാണ് ഗവൺമെന്റിനുവേണ്ടി അഭ്യർത്ഥിക്കാനുള്ളത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, What is the message which we are giving to the countrymen. 144 നിലനിൽക്കുന്നതുകൊണ്ട് ഭീതിയുടെ നിഴലുണ്ട് എന്നുള്ള ധാരണ ദേശീയ-അന്തർദ്ദേശീയ മാധ്യമങ്ങളിലൂടെ പുറത്തുവരികയാണ്. ആ വിഷയം ഒരു ഭാഗത്ത്; മറുഭാഗത്ത് ബി.ജെ.പി.-ക്കാർ ഉണ്ടാക്കുന്ന കുഴപ്പം. ഇപ്പോഴവിടെ ശാന്തത നിലനിൽക്കുന്ന സാഹചര്യത്തിൽ സന്നിധാനത്തേയ്ക്ക് കൂടുതൽ ഭക്തജനങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. 144 പിൻവലിച്ചുകഴിഞ്ഞാലുണ്ടാകുന്ന ഗുണമെന്ന് പറഞ്ഞാൽ ഒരു മെസ്സേജ് പോകും, കൂടുതൽ ആളുകൾ അവിടെ വരും. അതുകൊണ്ടാണ് ഞങ്ങൾ ഗവൺമെന്റിനോട് വിനീതമായി അഭ്യർത്ഥിക്കുന്നത്, ഇത് ഉദ്യോഗസ്ഥഭരണം മാത്രമല്ല, ജനാധിപത്യ ഭരണമാണല്ലോ; പോലീസുദ്യോഗസ്ഥന്മാരും കളക്ടർമാരും എങ്ങനെ പ്രവർത്തിക്കുന്നവരാണെന്ന് ഞങ്ങൾക്കും അറിയാമല്ലോ; എന്തുകൊണ്ട് പോസിറ്റീവായി ഞങ്ങളുടെ അഭിപ്രായത്തെ കാണാൻ സർക്കാർ തയ്യാറാകുന്നില്ല എന്നാണ് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയോട് എനിക്ക് ചോദിക്കാനുള്ളത്.

ശ്രീ. ഇ. പി. ജയരാജൻ : സർ, ശബരിമലയിലെ സ്ഥിതിഗതികൾ നാമെല്ലാം കണ്ടിട്ടുള്ളതാണ്. എത്ര ഭീകരവും ക്രൂരവും വിശ്വാസികളെ അപമാനിക്കുന്ന തരത്തിലുള്ളതുമായിരുന്നു. ശബരിമല സന്നിധാനത്തുതന്നെ ഉണ്ടായിട്ടുള്ള നടപടികളെല്ലാം നമ്മളെല്ലാം മനസ്സിലാക്കിയിട്ടുള്ളതാണ്. സാധാരണ ഒരു ഭക്തന് ശബരിമലയിൽ പോയി പ്രാർത്ഥിക്കാനുള്ള സാഹചര്യം സൃഷ്ടിക്കൽ മാത്രമാണ്

ഗവൺമെന്റിന്റെ മുമ്പിലുള്ളത്. അതിന്റെ അടിസ്ഥാനത്തിലാണ് പോലീസ് അവിടെ നടപടി സ്വീകരിച്ചിട്ടുള്ളത്. സാഹചര്യങ്ങൾ ശരിയായ നിലയിലേയ്ക്ക് വന്നാൽ, എല്ലാ ഭക്തജനങ്ങൾക്കും അവിടെച്ചെന്ന് പ്രാർത്ഥിക്കാനുള്ള സാഹചര്യം ഉണ്ടായി ക്കഴിഞ്ഞാൽ അതിന്റെ അടിസ്ഥാനത്തിൽ നടപടികൾ തീർച്ചയായും സ്വീകരിക്ക ണമെന്നാണ് ഗവൺമെന്റ് കരുതുന്നത്. അതുകൊണ്ട് സാധാരണഗതി സ്ഥാപിച്ചെടുക്കുക എന്നുള്ളതാണ് ഇപ്പോൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. അതുമായി സഹകരിച്ചു കൊണ്ട്, നിയമസഭയിലെ മൂന്നംഗങ്ങൾ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന സമരം അവസാനിപ്പിക്കാനുള്ള നല്ലൊരു അന്തരീക്ഷം സൃഷ്ടിക്കണമെന്നാണ് ഗവൺമെന്റിനു വേണ്ടി അഭ്യർത്ഥിക്കാനുള്ളത്. പ്രതിപക്ഷം പറഞ്ഞിട്ടുള്ള കാര്യങ്ങൾ വളരെ ഗൗരവത്തിൽത്തന്നെയാണ് ബഹുമാനപ്പെട്ട സ്പീക്കറിലൂടെ ഗവൺമെന്റ് നിരീക്ഷി ക്കുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, സഭാതലത്തിൽ ഇത്ര വിശദമായൊരു ചർച്ച വേണ്ട. അങ്ങ് ചേമ്പറിലേയ്ക്ക് ഞങ്ങളെ വിളിച്ചാൽ മതി; നമുക്ക് അവിടെ ചർച്ച ചെയ്യാം.

## III അടിയന്തരപ്രമേയം

### പത്രപ്രവർത്തനത്തിന് ഏർപ്പെടുത്തിയ നിയന്ത്രണം

മി. സ്പീക്കർ: സ്വതന്ത്ര പത്രപ്രവർത്തനത്തിന് ഏർപ്പെടുത്തിയ അനാവശ്യ നിയന്ത്രണങ്ങൾ പിൻവലിക്കുവാൻ സർക്കാർ തയ്യാറാകാത്തതുമൂലം സംസ്ഥാനത്ത് സ്വതന്ത്ര പത്രപ്രവർത്തനം നേരിടുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ. കെ. സി. ജോസഫ്, വി. കെ. ഇബ്രാഹിംകുഞ്ഞ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഈ സഭയിൽ 3-12-2018-ൽ ബഹുമാനപ്പെട്ട അംഗം ഇതേ വിഷയത്തിൽ ഉന്നയിച്ച സബ്മിഷന് അന്ന് ഗവൺമെന്റിന്റെ നിലപാട് വിശദീകരിച്ചുകൊണ്ടുള്ള മറുപടി സഭയുടെ മേശപ്പുറത്ത് സമർപ്പിച്ചിട്ടുണ്ട്. മാധ്യമ പ്രവർത്തകർക്ക് ഫലപ്രദമായി അവരുടെ ജോലി നിർവ്വഹിക്കാൻ കൂടുതൽ സ്വാതന്ത്ര്യവും സൗകര്യവും അനുവദിക്കുകയാണ് ഗവൺമെന്റ് ചെയ്യുന്നത്. സെക്രട്ടേറിയറ്റിന് അകത്തും പുറത്തും പൊതുവേദികളിലും മുഖ്യമന്ത്രിയും മന്ത്രിമാരും നടത്തുന്ന പത്രസമ്മേളനം ഉൾപ്പെടെയുള്ള പരിപാടികളുടെ മാധ്യമ എകോപനം, പ്രസ് റിലീസ്, മാധ്യമങ്ങളെ ക്ഷണിക്കൽ, മാധ്യമ പ്രവേശനം എന്നിവ സംബന്ധിച്ച്

വരുത്തേണ്ട പൊതുക്രമീകരണങ്ങൾ കൊണ്ടുവരുന്നതിന് ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിനെ ചുമതലപ്പെടുത്തുക മാത്രമാണ് സർക്കാർ ഉദ്ദേശിക്കുന്നത്. മുഖ്യമന്ത്രിയും മന്ത്രിമാരും ഉയർന്ന ഉദ്യോഗസ്ഥരും സംസ്ഥാന ജില്ലാതലങ്ങളിൽ നടത്തുന്ന പത്രസമ്മേളനങ്ങൾ, പ്രതികരണങ്ങൾ എന്നിവയെല്ലാം എല്ലാ മാധ്യമങ്ങൾക്കും ഒരുപോലെ ലഭിക്കുന്നതിനുള്ള ക്രമീകരണങ്ങളാണ് ലക്ഷ്യംവച്ചിട്ടുള്ളത്. അതിന് നിലവിലുള്ള തടസ്സം ഒഴിവാക്കുന്നതിനായി എല്ലാ മാധ്യമങ്ങൾക്കും കൃത്യമായി അറിയിപ്പ് ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ഐ.&പി.ആർ.ഡി. വഴി സംവിധാനം ഒരുക്കും. എല്ലാ പ്രമുഖ മാധ്യമങ്ങൾക്കും ഇപ്പോൾ ഓൺലൈൻ എഡിഷനുകൾ ഉണ്ട്. വാർത്താചാനലുകൾ 24 മണിക്കൂറും സംപ്രേക്ഷണം നിർവ്വഹിക്കുകയും ഓൺലൈൻ മാധ്യമങ്ങൾക്ക് ഇടതടവില്ലാതെ വാർത്ത നൽകേണ്ടി വരികയും ചെയ്യുന്ന സാഹചര്യം വളർന്നുവന്നിട്ടുണ്ട്. ഇവർക്ക് വാർത്ത ലഭിക്കുന്നതുപോലെ തന്നെ പത്രമാധ്യമങ്ങൾക്ക് വാർത്തകൾ ലഭ്യമാക്കുക എന്നതും ഒരു പ്രധാനപ്പെട്ട വിഷയമാണ്. ഈ കാര്യം ആ മേഖലയിൽനിന്നും ഉയർന്നുവന്നിട്ടുള്ള ആവശ്യമാണ്. ഇതുകൂടി കണക്കിലെടുത്തുകൊണ്ടാണ് ഇത്തരത്തിലൊരു ക്രമീകരണം നടത്തുന്ന കാര്യം ആലോചിച്ചത്. ഇതിന്റെ അടിസ്ഥാനത്തിൽ മുഴുവൻ മാധ്യമ പ്രവർത്തകരെയും വിവരങ്ങൾ അറിയിക്കുവാൻ ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിനെ ചുമതലപ്പെടുത്തുകയാണ് സർക്കുലറിൽ ചെയ്തിട്ടുള്ളത്. ശാസ്ത്ര സാങ്കേതിക രംഗത്തെ എല്ലാ സാധ്യതകളും ഉപയോഗപ്പെടുത്തി വാർത്തകൾ ലഭ്യമാക്കാനുള്ള സാധ്യതകളും ആ സർക്കുലറിൽ ഉണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് ഒരു മൊബൈൽ ആപ്പ് തയ്യാറാക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്, മൊബൈൽ ആപ്പ്-ന്റെ ഉള്ളടക്കം സംബന്ധിച്ചിട്ടുള്ള കൂടുതൽ മാർഗ്ഗനിർദ്ദേശങ്ങൾ ഐ.&പി.ആർ.ഡി. പുറപ്പെടുവിക്കും. ഈ മൊബൈൽ ആപ്പ് സംവിധാനം പ്രധാനപ്പെട്ട മാധ്യമ പ്രവർത്തകരടക്കം എല്ലാപേർക്കും വാർത്തയുടെ വിശദാംശങ്ങൾ ലഭിക്കുവാൻ സഹായകരമാകുന്ന വിധമായിരിക്കും. മാധ്യമ ഗ്രൂപ്പുകൾക്ക് ഇവ വാട്ട്സ് ആപ്പ്-ലൂടെ നൽകുന്ന രീതിയും സ്വീകരിക്കും. ഔദ്യോഗിക പരിപാടികളിലും മറ്റും അക്രഡിറ്റേഷനോ എൻട്രി പാസ്സോ ഉള്ള എല്ലാ മാധ്യമപ്രവർത്തകർക്കും നിലവിലുള്ളതുപോലെതന്നെ പ്രവേശനം നൽകും. യഥാർത്ഥ മാധ്യമ പ്രവർത്തകർക്ക് ഈ കാര്യത്തിൽ യാതൊരു ബുദ്ധിമുട്ടും ഉണ്ടാകില്ല. മന്ത്രിമാർ ഉൾപ്പെടെയുള്ളവരുടെ പ്രതികരണങ്ങൾക്കായി മാധ്യമപ്രവർത്തകർക്ക് ഏത് സമയത്തും അവരെ സമീപിക്കേണ്ടി വരുന്നുണ്ട്. ഇത്തരം പ്രതികരണങ്ങൾ എല്ലാപേർക്കും സുഗമമായി ലഭിക്കുന്നതിന് മുൻകൂട്ടി എല്ലാപേർക്കും അറിയിപ്പ് ലഭ്യമാക്കുക എന്ന ഒരു നിർദ്ദേശവും മുന്നോട്ടു വച്ചിട്ടുണ്ട്. ഈ കഴിഞ്ഞ പ്രളയകാലത്ത് മാധ്യമപ്രവർത്തകർ സർക്കാരിന് അകമഴിഞ്ഞ പിന്തുണയാണ് നൽകിയിട്ടുള്ളത്. വാർത്തകൾ ഉത്തരവാദിത്വത്തോടെയാണ് മാധ്യമങ്ങൾ നൽകിയത്. ഒട്ടുമിക്ക മാധ്യമ സ്ഥാപനങ്ങളും ധനസമാഹരണം

നടത്തി ഗവൺമെന്റിന്റെ പുനരധിവാസ ശ്രമങ്ങളെ പിന്തുണയ്ക്കുകയുണ്ടായി. മാധ്യമ സ്വാതന്ത്ര്യം അതിന്റെ എല്ലാ അർത്ഥത്തിലും നിലനിർത്താൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ആ ചുമതല ഗവൺമെന്റ് നിർവ്വഹിക്കും. ജനാധിപത്യ സംവിധാനത്തിൽ മാധ്യമങ്ങളുടെ പങ്കും ഉത്തരവാദിത്വവും സർക്കാർ നല്ലതുപോലെ തിരിച്ചറിയുന്നുണ്ട്. വാർത്തകൾ എല്ലാവരിലും എത്തിക്കുകയും യഥാർത്ഥ വസ്തുതകൾ അറിയിക്കുകയും ജനങ്ങളുടെ അഭിപ്രായങ്ങൾ പ്രതിഫലിപ്പിക്കുകയും ചെയ്യുമ്പോഴാണ് മാധ്യമങ്ങൾ യഥാർത്ഥ മാധ്യമധർമ്മം നിർവ്വഹിക്കുക. അത് ഉറപ്പാക്കുക മാത്രമാണ് ഈ ക്രമീകരണങ്ങൾകൊണ്ട് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഈ കാര്യത്തിൽ ചില മാനദണ്ഡങ്ങൾ നേരത്തേതന്നെ നിലവിലുണ്ടായിരുന്നു. ഇപ്പോൾ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറിലെ നിർദ്ദേശങ്ങളിൽ ചിലർ ആശങ്ക ഉന്നയിച്ചിട്ടുണ്ട്. നിലവിലുണ്ടായിരുന്ന മാനദണ്ഡങ്ങൾക്കൂടി പരിശോധിച്ച് യുക്തമായ ഭേദഗതി വരുത്തുന്നതാണെന്ന കാര്യംകൂടി അറിയിക്കുകയാണ്.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ഡിസംബർ 3-ാം തീയതി ഞാൻ ഉന്നയിച്ച സബ്മിഷന് നൽകിയ മറുപടി, അന്ന് വൈകുന്നേര ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൊടുത്ത മാധ്യമക്കുറിപ്പ്-ആ രണ്ട് കുറിപ്പിന്റെയും ആവർത്തനമാണ് വ്യവസായ വകുപ്പുമന്ത്രിയുടെ ഇപ്പോഴത്തെ മറുപടി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ അന്ന് പറഞ്ഞത് മാധ്യമ നിയന്ത്രണത്തിലുള്ള ആശങ്കകൾ പരിഹരിക്കുമെന്നാണ്. മൂന്ന് ദിവസമായിട്ടും ആശങ്കയ്ക്ക് പരിഹാരമുണ്ടായിട്ടില്ലെന്ന് മാത്രമല്ല, ഇപ്പോഴും അങ്ങ് പഴയ പല്ലവിതന്നെ ആവർത്തിക്കുകയും ചെയ്യുന്നു; പരിശോധിക്കുമെന്നാണ് പറയുന്നത്. ഈ കേസ്സിലെ first accused ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ്. അദ്ദേഹത്തിന്റെ സമീപനവും നിലപാടുമാണ് ഈ സർക്കുലറിന്റെ പിന്നിലുള്ളത്. പിണറായി ഗവൺമെന്റ് ചുമതലയേറ്റതിനുശേഷം അധികാരമേറ്റ ആദ്യനാൾമുതൽ ഭരണപക്ഷത്തിന്റെ സമീപനം മാധ്യമങ്ങളെ നിയന്ത്രിക്കുക, മാധ്യമങ്ങളെ ഒരു വിളിപ്പാടകലെ നിർത്തുക എന്നതാണ്. ആദ്യം നിങ്ങൾ ക്യാബിനറ്റ് ബ്രീഫിംഗ് വേണ്ടെന്നുവച്ചു. ക്യാബിനറ്റ് ബ്രീഫിംഗ് എന്നത് 1957-ലെ ഗവൺമെന്റിന്റെ കാലംമുതലുള്ള നടപടിക്രമമാണ്. ക്യാബിനറ്റ് തീരുമാന ങ്ങളെപ്പറ്റി മാധ്യമങ്ങളിലൂടെ ജനങ്ങളോടാണ് സംവദിക്കുന്നത്. അതിനുള്ള അവസരം മുഖ്യമന്ത്രി ഒഴിവാക്കി. രണ്ടാമതായി മാധ്യമങ്ങളോട് ഒരിക്കലും പറയാൻ പാടില്ലാത്തത് പറഞ്ഞു. എന്താണ് പറഞ്ഞത്? മാധ്യമങ്ങൾ സാധാരണയായി കോൺഫറൻസിന് വരും. ദൃശ്യമാധ്യമങ്ങൾ വന്ന് വിഷ്വൽസ് എടുത്ത് തിരിച്ചുപോകും. അങ്ങനെ വന്നവരോട് കേരളത്തിന്റെ മുഖ്യമന്ത്രി വളരെ മോശമായ ഭാഷയിൽ 'കടക്ക് പുറത്ത് എന്ന് പറഞ്ഞു, അദ്ദേഹത്തിന്റെ ക്ഷോഭം മാധ്യമപ്രവർത്തകരോടല്ല, മറിച്ച് ജനാധിപത്യത്തിലെ മാധ്യമ സ്വാതന്ത്ര്യത്തോടാണ്. 15-11-2018-ലെ ഈ സർക്കുലറിനെപ്പറ്റി കേരള യൂണിയൻ ഓഫ് വർക്കിംഗ് ജേർണലിസ്റ്റിന്റെ അഭിപ്രായമെന്താണ്? ഇത് നടപ്പിലാക്കിയാൽ കേരളത്തിലെ സ്വതന്ത്ര പത്രപ്രവർ

ത്തനത്തിന് കൂച്ചുവിലങ്ങാകുമെന്ന് ഞാൻ അങ്ങയെ അറിയിക്കുന്നു, ഇത് ഞങ്ങൾ പറഞ്ഞതല്ല അവർ പറയുന്നതാണ്. KUWJ (Kerala Union of Working Journalists) എന്നത് മാധ്യമങ്ങളുടെ സംഘടനയാണ 'പൊതുസ്ഥലത്ത് പി.ആർ.ഡി.-യെ അറിയിക്കാതെ പ്രധാന വ്യക്തികൾക്കും ഭരണാധികാരികൾക്കും മാധ്യമങ്ങളെ സമീപിച്ചുകൂടായെന്നുള്ള നിർബന്ധ വിലക്ക് ജനാധിപത്യ വിരുദ്ധമാണ്. നിയന്ത്രണങ്ങളല്ല, അനാവശ്യമായ വിലക്കാണ് ഇതുകൊണ്ട് സംഭവിക്കുക' എന്നാണ് KUWJ പറഞ്ഞത്. ഒരു പത്രമാരണ നിയമത്തിലൂടെ കേരളത്തിലെ മാധ്യമങ്ങളെ നിയന്ത്രിക്കാനുള്ള നീക്കമാണിത്. ഇന്നെങ്കിലും അങ്ങ് മറുപടി പറയുമ്പോൾ ആ സർക്കുലറിലുള്ള തെറ്റായ കാര്യങ്ങൾ പിൻവലിക്കുമെന്നാണ് ഞങ്ങൾ കരുതിയത്. ഈ സർക്കുലർ ഇറക്കിയത് ഹോം ഡിപ്പാർട്ടുമെന്റാണ്. ആഭ്യന്തര വകുപ്പിന്റെ അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. സുബ്രതാ ബിശ്വാസ് ഇറക്കിയ ഓർഡറിൽ ഒരിടത്തും 'സുരക്ഷാ കാരണങ്ങളാൽ' എന്ന് പറയുന്നില്ല. I&PRD എന്ന ഒരു വകുപ്പുമുണ്ട്, അതിന് സെക്രട്ടറിയുമുണ്ട്. I&PRD പറയേണ്ട കാര്യങ്ങൾ, ഹോം സെക്രട്ടറിക്ക് പറയാൻ എന്ത് അധികാരമാണുള്ളത്? നമ്മുടെ ബിസനസ് റൂൾസ് അനുസരിച്ച് I&PRD ചെയ്യേണ്ട കാര്യങ്ങൾ പറയേണ്ടത് I&PRD ആണ്. ഇൻഫർമേഷൻ വകുപ്പിന്റെ അധികാരങ്ങൾ വഴിവിട്ട് കവർന്നെടുത്തുകൊണ്ട് നൽകിയ ഉത്തരവാണിത്. ഒരു കാര്യം വളരെ വ്യക്തമാണ്, ഈ ഉത്തരവിറങ്ങിയത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അനുമതിയോടെതന്നെയാണ്. മുഖ്യമന്ത്രി അറിയാതെ അദ്ദേഹത്തിന്റെ ചുമതലയിലുള്ള ഐ.&പി.ആർ.ഡി.-യുടെ കാര്യത്തിൽ സർക്കുലർ ഇറക്കാനുള്ള ധൈര്യം ഹോം സെക്രട്ടറിക്ക് ഉണ്ടാകില്ല. അതുകൊണ്ട് ഈ ഉത്തരവിന്റെ പിന്നിലുള്ള ചേതോവികാരത്തെപ്പറ്റി മുഖ്യമന്ത്രി അഭിപ്രായം പറയണം. അറിയാനും, അറിയിക്കാനുമുള്ള അവകാശം ജനാധിപത്യത്തിന്റെ മൗലികാവകാശമാണ്. കേന്ദ്ര ഗവൺമെന്റും ഇതുപോലുള്ള ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. ഇന്ത്യയിൽ രാജസ്ഥാനിലും ഗുജറാത്തിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. ആ അവസരത്തിലെല്ലാം കേന്ദ്രത്തിലും സംസ്ഥാനങ്ങളിലുമെല്ലാംതന്നെ അതിനെതിരായി പോരാടുവാൻ കോൺഗ്രസ് പാർട്ടിയോടൊപ്പം മാർക്സിസ്റ്റ് പാർട്ടിയും സി.പി.ഐ.(എം)-ഉം ഉണ്ടായിരുന്നു. മറ്റ് സംസ്ഥാനങ്ങളിൽ വിലക്കുണ്ടാകുമ്പോഴും നിയന്ത്രണങ്ങളുണ്ടാകുമ്പോഴും പോരാടുന്ന മാർക്സിസ്റ്റ് പാർട്ടി തങ്ങൾ ഭരിക്കുന്ന കേരളത്തിൽ ഗുജറാത്ത്, രാജസ്ഥാൻ എന്നിവിടങ്ങളിലെപോലെ മാധ്യമ നിയന്ത്രണം അടിച്ചേൽപ്പിക്കുകയാണ്. ഇതിന് എന്ത് ന്യായീകരണമാണുള്ളത്? നരേന്ദ്ര മോദി ഗവൺമെന്റിന്റെ നയങ്ങൾ നിർഭാഗ്യവശാൽ കേരളത്തിലും ആവർത്തിക്കുകയാണ്. ഇത് ഒരു പത്രമാരണ നിയമമാണ്. പത്രങ്ങളെ നിയന്ത്രിക്കാൻ ശ്രമിക്കുകയാണ്. ബി.ജെ.പി.-യുടെ അതേ പാതയിലാണ് എൽ.ഡി.എഫ്.-ഉം സഞ്ചരിക്കുന്നത്. നരേന്ദ്ര മോദി പ്രധാനമന്ത്രിയായിട്ട് നാല് കൊല്ലമാകാൻ പോകുകയാണ്. നാല് കൊല്ലത്തിനിടയിൽ അദ്ദേഹം മാധ്യമങ്ങളെ

കണ്ടിട്ടില്ല, പത്രസമ്മേളനം നടത്തിയിട്ടില്ല. അദ്ദേഹം സംസാരിക്കുന്നത് റേഡിയോയിൽ 'മൻ കീ ബാത്ത്'-ലൂടെയാണ്. എന്തുകൊണ്ടാണ്? റേഡിയോയ്ക്ക് ചെവിയില്ല, കേൾക്കേണ്ട കാര്യമില്ല, റേഡിയോ പറയുകയേയുള്ളൂ, തിരിച്ച് ചോദ്യങ്ങൾ ചോദിക്കില്ല. 'മൻ കീ ബാത്ത്'-ലൂടെ പത്രക്കാരെ ഒഴിവാക്കി പോകുന്ന ശ്രീ. നരേന്ദ്ര മോദിയുടെ ശൈലിയാണ് നിർഭാഗ്യവശാൽ ശ്രീ. പിണറായി വിജയനും സ്വീകരിക്കുന്നത്, മുഖ്യമന്ത്രി സഞ്ചരിക്കുന്നതും അതേ പാതയിലാണ്. പ്രസ് കോൺഫറൻസുകളിൽ പത്രക്കാർ അഹിതകരമായ ചോദ്യങ്ങൾ ചോദിച്ചാൽ മുഖ്യമന്ത്രി ക്ഷോഭിക്കും, അദ്ദേഹം കയർക്കും. 'ശാകുന്തളത്തിലെ' ഒരു കവിതയുണ്ട്, 'മാൻപേടയോട് മുനി കന്യകയഭ്യസിച്ചോ, മാൻപേടതന്നെ മുനികന്യകയോടഭ്യസിച്ചോ'-എനിക്കറിയാനുള്ളത് നരേന്ദ്ര മോദിയോട് ശ്രീ. പിണറായി വിജയൻ പഠിച്ചോ, ശ്രീ. പിണറായി വിജയനോട് ശ്രീ. മോദി പഠിച്ചോ എന്നാണ്. ഈ അസഹിഷ്ണുത ശരിയല്ല. ജനാധിപത്യത്തിൽ മാധ്യമങ്ങളാണ് ഫോർത്ത് എസ്റ്റേറ്റ്. അവരുടെ വിമർശനങ്ങൾ ക്ഷമയോടെ കേൾക്കണം. അവ സദുദ്ദേശ്യത്തോടെയെടുക്കണം. ആദരണീയനായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു കൈക്കൊണ്ട ഒരു സമീപനമുണ്ട്, അദ്ദേഹം പ്രധാനമന്ത്രിയായി. അന്ന് ഇന്ത്യയുടെ അൺ ഡിസ്പ്യൂട്ടബിൾ ലീഡറായിരുന്ന അദ്ദേഹത്തെ ആരും ചോദ്യം ചെയ്യുന്നില്ല, വിമർശനങ്ങളില്ല. എന്നാൽ സ്വന്തം ഗവൺമെന്റിന്റെ നയങ്ങൾക്കെതിരായി അദ്ദേഹംതന്നെ ഒരു തൂലികാ നാമത്തിൽ ലേഖനങ്ങൾ പ്രസിദ്ധീകരിക്കുമായിരുന്നു. ജനങ്ങളുടെ പ്രതികരണം അറിയാൻ വേണ്ടിയാണ് അങ്ങനെ ചെയ്തത്. വിമർശനങ്ങളില്ലാതെ പോകുവാൻ സാധിക്കില്ല. വിമർശനങ്ങൾ ജനാധിപത്യത്തെ ശക്തിപ്പെടുത്തും, നമ്മെ കറക്റ്റ് ചെയ്യാൻ സഹായിക്കും. പ്രശസ്തനായ കാർട്ടൂണിസ്റ്റായിരുന്നു ശങ്കർ. അദ്ദേഹത്തിന്റെ കാർട്ടൂണുകൾ മഹാപ്രസിദ്ധമാണ്, കുറിക്കുകൊള്ളുന്ന കാർട്ടൂണുകളായിരുന്നു. കാർട്ടൂണിസ്റ്റ് ശങ്കറിനോട് 'Don't spare me Mr. Sankar', എന്നെ വെറുതെ വിടരുത്, എന്നെയും വിമർശിക്കണമെന്ന് ജവഹർലാൽ നെഹ്റു പറഞ്ഞു, അങ്ങനെയൊരു മഹത്തായ ജനാധിപത്യ പാരമ്പര്യമുള്ള ഇന്ത്യയിലാണ് നിർഭാഗ്യവശാൽ നമ്മുടെ മുഖ്യമന്ത്രി നരേന്ദ്ര മോദിക്ക് പഠിക്കുന്നത്. നരേന്ദ്ര മോദിയുടെ കേരള പതിപ്പായി മുഖ്യമന്ത്രി മാറിയിരിക്കുന്നു. ഈ സർക്കുലറിൽ ഒന്നാമതായി പറയുന്നത്, "ഗസ്റ്റ്ഹൗസ്, റസ്റ്റ്ഹൗസ്, ഹോട്ടലുകൾ, ടി സ്ഥലങ്ങളിലേയ്ക്കുള്ള മാധ്യമപ്രവേശനം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിഓഫീസുകൾ നിർബന്ധമായും I&PRD-യെ അറിയിക്കണം" എന്നാണ്. മൂന്നാമതായി, എയർപോർട്ട്, റെയിൽവേ സ്റ്റേഷൻ, ഗസ്റ്റ്ഹൗസ്, സെക്രട്ടേറിയറ്റ് എന്നിവിടങ്ങളിൽ എത്തുന്ന മുഖ്യമന്ത്രി, മന്ത്രിമാർ, പ്രശസ്ത വ്യക്തികൾ എന്നിവർ മാധ്യമങ്ങളുമായി സംവദിക്കുന്നുണ്ടോയെന്ന കാര്യം I&PRD-യെ മുൻകൂട്ടി അറിയിക്കാവുന്നതാണ് എന്നാണ്. I&PRD-യുടെ അനുമതിയോടെ മാത്രമെ ഇവർക്ക് മാധ്യമങ്ങളെ കാണാൻ പാടുള്ളൂ. ആരാണ് പ്രശസ്ത വ്യക്തി? ശ്രീ. ഉമ്മൻ ചാണ്ടി,

ശ്രീ. കെ. എം. മാണി, ശ്രീ. കുഞ്ഞാലിക്കുട്ടി ഇവരൊന്നും പ്രശസ്ത വ്യക്തികളല്ലേ, ഇവരൊക്കെ റെയിൽവേ സ്റ്റേഷനിൽ വരുമ്പോഴും ഗസ്റ്റ്ഹൗസിൽ പോകുമ്പോഴും മാധ്യമങ്ങളെ കാണണമെങ്കിൽ I&PRD-യെ അറിയിച്ച് അനുവാദം വാങ്ങണമെന്നുപറഞ്ഞാൽ, ആ നിർദ്ദേശമിറക്കിയ ഉദ്യോഗസ്ഥൻ എന്തടിസ്ഥാന ത്തിലാണ് ഇങ്ങനെ പറയുന്നത്. ഇത് പ്രതിപക്ഷ നേതാക്കളിൽ സർവയലൻസ് നടത്താൻ ശ്രമിക്കുന്നതിന് തുല്യമാണ്. I&PRD-യുടെ നിയന്ത്രണത്തിലൂടെ പ്രതിപക്ഷ നേതാക്കന്മാരുടെ പ്രസ്താവനകളെ നിയന്ത്രിക്കാൻ ശ്രമിക്കുകയാണ്. ഈ ഉത്തരവ് പിൻവലിക്കണം. ശ്രീ. ഇ. പി. ജയരാജൻ നല്ല മനുഷ്യനാണ്, അദ്ദേഹം എല്ലാവരോടും സംസാരിക്കും, ചിരിക്കും. എന്നാൽ മുഖ്യമന്ത്രി അങ്ങനെയല്ല, സംസാരിക്കില്ല, അദ്ദേഹത്തിന് ഡയലോഗില്ല, അദ്ദേഹത്തിന്റെ ചുറ്റുപാടും സ്തുതിപാഠകരാണ്. സ്തുതിപാഠകർ അദ്ദേഹത്തെ വഴിതെറ്റിക്കും. കേരളം ഒരു വെള്ളരിക്കാപട്ടണമല്ല. ആഭ്യന്തര വകുപ്പിനുള്ള അധികാരമെന്താണ്; പ്രശസ്ത വ്യക്തികൾ റെയിൽവേ സ്റ്റേഷനിലും ഗസ്റ്റ്ഹൗസിലും പോകുമ്പോൾ മാധ്യമങ്ങളെ കാണുന്നതിന് അവർ മുൻകൂട്ടി I&PRD-യെ അറിയിക്കണമോ? ഇത് നിർഭാഗ്യകരമാണ്, ഈ ഉത്തരവ് പിൻവലിക്കണമെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്. KUWJ-യുമായി ചർച്ച ചെയ്യണം. അല്ലാതെ പോകാൻ സാധിക്കില്ല. ജനാധിപത്യ സംവിധാനത്തിന്റെ കടക്കൽ കത്തിവയ്ക്കുകയാണ്.

മി. സ്പീക്കർ: അങ്ങ് കൺക്ലൂഡ് ചെയ്യൂ.... അങ്ങ് പറഞ്ഞ് അവസാനിപ്പിക്കൂ... ബഹുമാനപ്പെട്ട മിനിസ്റ്റർ അദ്ദേഹം പറഞ്ഞ് അവസാനിപ്പിച്ചിട്ട് സംസാരിച്ചാൽപ്പോരേ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ, ബഹുമാനപ്പെട്ട ശ്രീ. കെ. സി. ജോസഫ് പരിചയസമ്പന്നനാണ്. അദ്ദേഹം പറയുന്നത് മുഴുവനും കേട്ടു, മുഖ്യമന്ത്രി ഒന്നാം പ്രതിയാണെന്ന് ആദ്യം പറഞ്ഞു. ക്രിമിനൽ കേസ് അവതരിപ്പിക്കുന്നതുപോലെ വാദിക്കാനിത് കോടതിയല്ല. First Accused എന്നുപറയുന്നത് ശരിയല്ല. അദ്ദേഹം ഒരു ക്രിമിനൽ കുറ്റവും ചെയ്തിട്ടില്ല. പ്രൊസീഡ്യുവറിന്റെ കാര്യമാണ് പറയുന്നത്. മുഖ്യമന്ത്രി ഒരു ക്രിമിനൽ കുറ്റവും ചെയ്യാത്തതുകൊണ്ടും പ്രതിയല്ലാത്തതുകൊണ്ടും മുഖ്യമന്ത്രി ഒന്നാംപ്രതിയാണെന്ന് കോടതിയിൽ ഒരു വക്കീൽ പറയുന്നതുപോലെ ഇവിടെ പറഞ്ഞത് അദ്ദേഹത്തിന്റെ വിശദീകരണമായി രേഖയിൽ കിടക്കുന്നത് ശരിയാണോയെന്ന് അങ്ങ് പരിശോധിക്കണം.

മി. സ്പീക്കർ : അത് പരിശോധിക്കാം.*

ശ്രീ. കെ. സി. ജോസഫ് : സർ, പത്രമാരണ നിയമത്തിന്റെ, കേരളത്തിലെ മാധ്യമങ്ങളുടെ കൂച്ചുവിലങ്ങിന് പിന്നിലുള്ള പ്രേരകശക്തി ബഹുമാനപ്പെട്ട മുഖ്യമന്ത്രി മാത്രമാണ്. അതുകൊണ്ടാണ് അങ്ങനെ പറഞ്ഞത്. വ്യവസായ വകുപ്പുമന്ത്രി

---

*ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ 6-12-2018-ലെ ഫയൽ നമ്പർ 7015/ഇബി 2018/നി.സെ ഉത്തരവിൻപ്രകാരം സഭാ രേഖകളിൽ നിലനിർത്താൻ തീരുമാനിച്ചു.

നിസ്സഹായനാണ്. അതുകൊണ്ട് എനിക്ക് അപേക്ഷിക്കാനുള്ളത് ദയവായി ബി.ജെ.പി.-യുടെ കേരളപതിപ്പായി സി.പി.ഐ.(എം) മാറരുത്. ജനാധിപത്യം അർത്ഥപൂർണ്ണമാകണമെങ്കിൽ മാധ്യമങ്ങളുണ്ടാകണം. നമ്മൾ മാധ്യമങ്ങളിലൂടെ ജനങ്ങളെ കാണുന്നു. മാധ്യമവിമർശനങ്ങൾ എപ്പോഴും നല്ലതാണ്. ദയവായി അസഹിഷ്ണുത പാടില്ല; കേരളത്തിലെ മാധ്യമങ്ങളെ കൂച്ചുവിലങ്ങിടാനുള്ള പത്രമാരണ നിയമം പിൻവലിക്കാനുള്ള സൗമനസ്യം ഗവൺമെന്റിൽനിന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. സി. ജോസഫ് അടിയന്തരപ്രമേയമായി ഉന്നയിച്ച പ്രശ്നം തീർത്തും അപ്രസക്തമായൊരു വിഷയമാണ്. ഇവിടെ മാധ്യമ പ്രവർത്തകർക്ക് ഒരു നിയന്ത്രണവും വരുത്തിയിട്ടില്ല. യഥാർത്ഥത്തിൽ മാധ്യമപ്രവർത്തനത്തെ കുറേക്കൂടി സുഖകരമാക്കിത്തീർക്കാൻ, വാർത്തയെ ജനങ്ങളിൽ എത്തിക്കാനുള്ള സൗകര്യം ഒരുക്കിക്കൊടുക്കുക എന്ന വിശാല മനസ്കതയാണ് ഗവൺമെന്റിനുണ്ടായിട്ടുള്ളത്. ഈ സർക്കാരിനെതിരെ ഉന്നയിക്കാൻ മറ്റൊരു വിഷയവും ലഭിക്കാത്തതുകൊണ്ടായിരിക്കാം, ബഹുമാന്യനായ ശ്രീ. കെ. സി. ജോസഫ് നേരത്തെ സബ്മിഷനായി ഉന്നയിച്ച വിഷയം ഇപ്പോൾ അടിയന്തരപ്രമേയമായി കൊണ്ടുവന്നത്. നിങ്ങൾ സബ്മിഷന്റെ നിലയിലാണ് നേരത്തെ ഇതിനെ കണ്ടിരുന്നത്. ഇപ്പോഴാണ് അടിയന്തരപ്രമേയമായി ഇവിടെ കൊണ്ടുവന്നത്. ആ വ്യത്യാസമെങ്കിലും നിങ്ങൾക്കിപ്പോൾ മനസ്സിലാകുമെന്നാണ് ഞാൻ കരുതിയത്. വിഷയദാരിദ്ര്യം എന്നതാണ് ഇതിന് കാരണമായി ഞാൻ മനസ്സിലാക്കുന്നത്. ഇത്തരം പ്രവർത്തനങ്ങൾ കൊണ്ടൊന്നും ജനങ്ങളെ കബളിപ്പിക്കാനോ, അവരുടെ ശ്രദ്ധതിരിച്ചുവിടാനോ കഴിയില്ലെന്ന് കോൺഗ്രസ്സ് നേതൃത്വം മനസ്സിലാക്കുന്നത് നല്ലതാണ്. സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച് മാധ്യമപ്രവർത്തകർക്ക് എന്തെങ്കിലും ആശങ്കയുണ്ടെങ്കിൽ അത് പരിഹരിച്ച് ഉത്തരവ് ഭേദഗതി ചെയ്യുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ സഭയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ...(ബഹളം)... പറയുന്നത് മുഴുവൻ കേട്ടിട്ട് നമുക്ക് സംവാദം തുടരാം. അതിനനുസരിച്ചാണ് ചില ക്രമീകരണങ്ങൾ സർക്കാർ ചെയ്തത്. മാധ്യമ പ്രവർത്തകർക്ക് ഒരുവിധത്തിലുള്ള ആശങ്കയും ഉണ്ടാകേണ്ടതില്ല. വാസ്തവത്തിൽ അവർക്ക് കൂടുതൽ നല്ലനിലയിൽത്തന്നെ വാർത്തകൾ ശേഖരിക്കാനും വാർത്തകൾ ശേഖരിച്ച് ജനങ്ങളിൽ എത്തിക്കാനുമുള്ള സൗകര്യങ്ങൾ എത്തിച്ചുകൊടുക്കുകയാണ്. ചില സ്ഥലങ്ങളിലൊക്കെയുള്ള വാർത്താസമ്മേളനങ്ങൾ നിങ്ങൾ കണ്ടിട്ടുണ്ടാകും; വാർത്താസമ്മേളനം നടത്താൻ പോകുന്നവർക്ക് എത്തിച്ചേരുവാൻ എത്ര സാഹസമാണ്; വല്ലാത്ത പ്രയാസമനുഭവിച്ചുകൊണ്ടാണ് പ്രതിപക്ഷനേതാവുതന്നെ ചില സ്ഥലങ്ങളിൽ എത്തിച്ചേരുന്നത്. നമുക്ക് സുഖകരമായ ഒരു അന്തരീക്ഷമുണ്ടാക്കി പത്രസമ്മേളനം

നടത്താനും കാര്യങ്ങൾ പറയാനുമുള്ള ഭൗതികസാഹചര്യമല്ലേ വേണ്ടത്. സദുദ്ദേശ്യം മാത്രമേ ഗവൺമെന്റിനുള്ളൂ. മാധ്യമ സ്വാതന്ത്ര്യത്തിന് ഏറ്റവും വലിയ വില കല്പിക്കുകയാണ്. മാധ്യമമാരണ നിയമം ഏറ്റവും കൂടുതൽ അനുഭവിച്ചിട്ടുള്ളവരാണ് ഞങ്ങൾ. അടിയന്തരാവസ്ഥക്കാലത്ത് പത്രം പ്രസിദ്ധീകരിക്കണമെങ്കിൽ, അച്ചടിച്ച കോപ്പി കൊണ്ടുപോയികൊടുത്ത് അനുവാദം വാങ്ങിമാത്രമേ പ്രസിദ്ധീകരിക്കുവാൻ പാടുണ്ടായിരുന്നുള്ളൂ. ഇതെല്ലാം അനുഭവിച്ചിട്ടുള്ളവരാണ് ഞങ്ങൾ. ഒരു മാധ്യമത്തെയും നിയന്ത്രിക്കാനോ, മാധ്യമ സ്വാതന്ത്ര്യത്തെ ഹനിക്കാനോ ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. അതാണ് ഈ ഗവൺമെന്റിന്റെ ഒരു പ്രത്യേകത. ജനാധിപത്യ സംവിധാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ശക്തിയാണ് മാധ്യമങ്ങൾ. അതിനെ സാധാരണ വിശേഷിപ്പിക്കാറുള്ളത് 'നാലാം തൂണ്' എന്നാണ്. മാധ്യമ സ്വാതന്ത്ര്യത്തിനുവേണ്ടി എന്നും ഇടതുപക്ഷ പ്രസ്ഥാനങ്ങൾ നല്ല നിലപാടുകൾ സ്വീകരിച്ച്, കാത്തു സൂക്ഷിക്കുവാൻ പോരാടിയിട്ടുണ്ട്. ഗുജറാത്തിലും രാജസ്ഥാനിലും ഇന്ത്യയിലെ എല്ലാസ്ഥലത്തും സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയിട്ടുള്ള ചരിത്രമാണ് ഇടതു പക്ഷത്തിനുള്ളത്. ഇന്നും സാംസ്കാരിക നായകന്മാരെയും പത്രപ്രവർത്തകരെയും സംഘപരിവാർ വേട്ടയാടുമ്പോൾ അതിനെ പ്രതിരോധിക്കുന്നതിൽ മുൻപന്തിയിൽ നിന്ന് പ്രവർത്തിക്കുന്നത് ഇടതുപക്ഷമാണ്. ബി.ജെ.പി. സർക്കാർ മാധ്യമങ്ങളെ നിയന്ത്രിക്കാൻ ഒളിഞ്ഞും തെളിഞ്ഞും പാർലമെന്റിൽ, എന്തൊക്കെ നിലപാടാണ് സ്വീകരിക്കുന്നത്; ഇവിടെ നിങ്ങൾ പ്രകടിപ്പിച്ചിട്ടുള്ളതിന്റെ പത്ത് ശതമാനമെങ്കിലും അതിനെ പ്രതിരോധിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഒരു കാരണവശാലും ഇടതുപക്ഷ ഗവൺമെന്റ് മാധ്യമങ്ങളെ നിയന്ത്രിക്കില്ല. അവർക്ക് പത്രസ്വാതന്ത്ര്യമുണ്ട്. ആ പത്രസ്വാതന്ത്ര്യം കാത്തുസൂക്ഷിക്കാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. ഇപ്പോൾ ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശം സദുദ്ദേശ്യത്തോടെയുള്ളതാണ്. അതിനെ ദുർവ്യാഖ്യാനിക്കരുതെന്നാണ് ഈ അവസരത്തിൽ അഭ്യർത്ഥിക്കാനുള്ളത്. ഞങ്ങളെ വിമർശിക്കുന്നവരോട് അങ്ങേയറ്റത്തെ വാത്സല്യവും സ്നേഹവുമാണ് ഉണ്ടായിട്ടുള്ളത്. നിങ്ങൾ ഓർക്കുന്നുണ്ടായിരിക്കും മാതൃഭൂമിയുടെ കാർട്ടൂണിസ്റ്റ് ഗോപികൃഷ്ണൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ എത്രമാത്രം വികൃതമായിട്ടുള്ള നിലയിലാണ് അവതരിപ്പിച്ചിട്ടുള്ളതെന്ന്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെയും അവതരിപ്പിച്ചിട്ടുണ്ട്. അത്തരമൊരു കാർട്ടൂണിസ്റ്റിനെ, കാർട്ടൂണിസ്റ്റ് എന്ന നിലയിൽ അദ്ദേഹത്തിന്റെ കഴിവിനെ പ്രശംസിക്കുന്ന നിലപാട് സ്വീകരിച്ച ഗവൺമെന്റാണിത്. ആ കാർട്ടൂണിസ്റ്റിനെ ഏറ്റവും നല്ല കാർട്ടൂണിസ്റ്റിനുള്ള ലളിതകലാ അക്കാദമിയുടെ പുരസ്കാരം നൽകിയിട്ടുള്ളത് കേരളത്തിലെ ബഹുമാന്യനായ മുഖ്യമന്ത്രിയാണ്. ഞങ്ങളെ വിമർശിക്കുന്നവരോട് ഞങ്ങൾക്ക് ഒരു ശത്രുതയുമില്ല. രാഷ്ട്രീയത്തിൽ ഒരുപാട് ശരിയും തെറ്റുമൊക്കെ കേട്ടിട്ടുള്ളവരാണ് ഞങ്ങൾ. ഒരുപാട് ആക്ഷേപം കേട്ടിട്ടുള്ളവരാണ്. ഇവയെല്ലാം ശരിയുടെ വശംകൊണ്ട് പ്രതിരോധിച്ചിട്ടുള്ളതാണ് ഇടതുപക്ഷത്തിന്റെ

പ്രത്യേകത. ആ പ്രത്യേകതയിൽ ഊന്നിനിന്നുകൊണ്ടാണ് ഇത്തരത്തിലുള്ള ഒരു നിലപാട് സ്വീകരിച്ചിട്ടുള്ളത്. മാധ്യമങ്ങൾക്ക് ഗവൺമെന്റ് യാതൊരു നിയന്ത്രണവും കൊണ്ടുവരാൻ ഉദ്ദേശിക്കുന്നില്ല. ബി.ജെ.പി.യുടെ പാതയിലൂടെ ഞങ്ങൾ സഞ്ചരിക്കുമെന്ന് പറഞ്ഞാൽ ആരെങ്കിലും വിശ്വസിക്കുമോ; ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വിശ്വസിക്കുമോ? ഇന്ത്യൻ രാഷ്ട്രീയത്തിൽ നിങ്ങൾ ഒത്തുകളി നടത്തിക്കൊണ്ടിരിക്കുന്ന അവസരത്തിൽ ശരിയായ നിലപാട് സ്വീകരിച്ചത് ഇടതുപക്ഷമാണ്. ഒരു കാലഘട്ടത്തിൽ ഇന്ത്യൻ രാഷ്ട്രീയത്തിൽ ഒരു തൂക്കുപാർലമെന്റ് വന്നു. ഇന്ത്യയുടെ രാഷ്ട്രീയാധികാരം ബി.ജെ.പി. പിടിക്കും. നിങ്ങളെ തോൽപ്പിച്ചിട്ടാണ് 19 എം.പി.-മാർ ഡൽഹിയിൽ പോയത്. നിങ്ങളെ തോൽപ്പിച്ച് പോയ എം.പി.-മാർ അവിടെ നിങ്ങൾക്കനുകൂലമായി വോട്ട് ചെയ്ത് ഗവൺമെന്റിനെ അധികാരത്തിൽ കൊണ്ടുവന്ന ഇടതുപക്ഷമാണ് കേരളത്തിലുള്ളത്. അതാണ് തത്വാധിഷ്ഠിതമായ നിലപാട്. അത്തരത്തിലുള്ള ഇടതുപക്ഷത്തിനെക്കുറിച്ച് എങ്ങനെയാണ് നിങ്ങൾക്കിത് പറയുവാൻ സാധിക്കുന്നത്. നിങ്ങൾ സ്വമേധയാ ചിന്തിക്കൂ. നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന ഓരോ കർമ്മങ്ങളും ഈ നാടിനുവേണ്ടിയാണോ; ഒരു മതനിരപേക്ഷ രാഷ്ട്രത്തിന് വേണ്ടിയാണോയെന്ന് ചിന്തിക്കൂ. സദുദ്ദേശപരമായി, മാധ്യമരംഗത്തിന് കൂടുതൽ ശക്തിയും കരുത്തും പ്രചോദനവും കൊടുക്കുന്നതിനും നല്ല രീതിയിൽ നടത്തിക്കൊണ്ടുപോകുന്നതിനുമുള്ള ആഗ്രഹങ്ങളും ചിന്തകളും മാത്രമെ ഇടതുപക്ഷ ഗവൺമെന്റിനുള്ളൂ. ഇവിടെ ആഭ്യന്തരവകുപ്പ് വഴിവിട്ടൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ചില പ്രയോഗങ്ങൾകൊണ്ടൊന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ വ്യക്തിഹത്യ നടത്താൻ കഴിയുമെന്ന് നിങ്ങൾ ചിന്തിക്കരുത്, അത് സാധിക്കില്ല. കേരളം മുഴുവൻ നിറഞ്ഞുനിൽക്കുന്ന അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ പ്രഭാവം ഓരോ ദിവസവും ശക്തിപ്പെട്ടുകൊണ്ടിരിക്കുന്നുവെന്നതുകൂടി കാണണം. മോദിയെ, കേരളത്തിന്റെ മുഖ്യമന്ത്രിയോട് ഉപമിച്ചതുകൊണ്ട് ഒരുപക്ഷെ നിങ്ങൾക്ക് ആശ്വാസമുണ്ടാകാം. പക്ഷേ കേരളത്തിലെ ജനങ്ങൾ അതംഗീകരിക്കില്ല, സഹിക്കില്ല. എല്ലാം മനസ്സിലാക്കുന്ന ജനത ഇതും മനസ്സിലാക്കും. അതുകൊണ്ടുതന്നെ മാധ്യമരംഗത്തെ കൂടുതൽ ശക്തിപ്പെടുത്താനും സുഖകരമായിട്ടുള്ള മാധ്യമ പ്രവർത്തനം നടത്താനും വേണ്ടിയിട്ടുള്ള നിലപാടാണ് ഗവൺമെന്റിവിടെ സ്വീകരിച്ചിട്ടുള്ളത്. പ്രതിപക്ഷ നേതാക്കൾക്കും പ്രതിപക്ഷ നേതാവിനും എല്ലാ കക്ഷിനേതാക്കൾക്കും സുഖകരമായി പത്രസമ്മേളനം നടത്താനും കാര്യങ്ങൾ പറയുവാനുമൊക്കെ കഴിയത്തക്ക രീതിയിലുള്ള നിലപാട് മാത്രമെ ഗവൺമെന്റിനുള്ളൂ. ഇനി ഏതെങ്കിലും തരത്തിൽ പ്രത്യേകമായി കാര്യങ്ങൾ പരിശോധിക്കാനുണ്ടെങ്കിൽ പരിശോധിക്കാം. ഇതെല്ലാം ഗവൺമെന്റ് നേരത്തെ അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യേണ്ടതില്ലെന്ന് വ്യക്തമാക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

ശ്രീ. പി. കെ. ബഷീർ: സർ, ഞങ്ങൾ എല്ലാവരും ജനപ്രതിനിധികളാണ്. അടിയന്തര സാഹചര്യത്തിൽ ഗസ്റ്റ് ഹൗസിൽ ഒരു യോഗം കൂടുന്നതിനോ, പത്രസമ്മേളനം നടത്തുന്നതിനോ പി.ആർ.ഡി.യിൽനിന്നും അനുവാദം വാങ്ങണമെന്ന് പറയുന്നത് ശരിയായ നടപടിയാണോ?

ശ്രീ. ഇ. പി. ജയരാജൻ: ശ്രീ. പി. കെ. ബഷീർ, അത് താങ്കളുടെ തെറ്റിദ്ധാരണയാണ്. അത്തരത്തിൽ ഒരു നിയന്ത്രണവും ഏർപ്പെടുത്തിയിട്ടില്ലെന്നും നിങ്ങൾക്ക് യാതൊരു തടസ്സവും ഉണ്ടാകില്ലെന്നുമാണ് എനിക്ക് വ്യക്തമാക്കാനുള്ളത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ജനാധിപത്യത്തെപ്പറ്റി വോൾട്ടെയർ (Voltaire) പറഞ്ഞ വാചകമാണ് എനിക്ക് ഓർമ്മ വരുന്നത്. "I disapprove of what you say, but I will defend to the death your right to say it." - 'നിങ്ങൾ പറഞ്ഞതിനോട് ഞാൻ വിയോജിക്കുന്നു. പക്ഷേ അത് പറയാനുള്ള നിങ്ങളുടെ സ്വാതന്ത്ര്യത്തെ, അവകാശത്തെ രക്ഷിക്കാൻ ഞാൻ ജീവൻ നൽകും' എന്നാണ് അതിനർത്ഥം. അടുത്ത കാലത്താണ് വൈറ്റ് ഹൗസിൽ ഡൊണാൾഡ് ട്രംപ് നടത്തിയ പത്രസമ്മേളനത്തിൽ അദ്ദേഹത്തിന് രസിക്കാത്ത ഒരു ചോദ്യം ചോദിച്ചതിന് CNN റിപ്പോർട്ടർ ജിം അക്വാസ്റ്റയുടെ പാസ്സ് വൈറ്റ് ഹൗസ് റദ്ദാക്കിയത്. NDTV-യെ ഒരു ദിവസമെങ്കിലും കട്ട് ചെയ്യണമെന്നാ ഗ്രഹിക്കുന്ന ശ്രീ. നരേന്ദ്ര മോദിയാണ് ഇന്ത്യ ഭരിക്കുന്നത്. ഇവിടെ മാധ്യമ മാരണ സർക്കുലർ ഇറക്കി ഞങ്ങളുടെ സ്വാതന്ത്ര്യത്തിനുള്ള സംരക്ഷണം ഒരുക്കിത്തരരുതേ എന്നാണ് എനിക്ക് ശ്രീ. ഇ. പി. ജയരാജനോട് അഭ്യർത്ഥിക്കാനുള്ളത്. ഞങ്ങൾക്ക് ആ സ്വാതന്ത്ര്യവും സൗകര്യവും വേണ്ട. കേരളത്തിലെ മാധ്യമ പ്രവർത്തകർക്ക് ഒരു പാരമ്പര്യമുണ്ട്. അവർ നമ്മെ വിമർശിക്കുമ്പോൾ ആ വിമർശനത്തിലെ നല്ല വശങ്ങൾ ഉൾക്കൊള്ളുക എന്നുള്ളതാണ് ഏറ്റവും ആവശ്യം. 'ഭയകൗടില്യലോഭങ്ങൾ വളർക്കില്ലൊരു നാടിനെ' എന്നുപറഞ്ഞ സ്വദേശാഭിമാനി രാമകൃഷ്ണപിള്ള പിറന്ന മണ്ണാണിതെന്ന് ശ്രീ. പിണറായി വിജയനും ശ്രീ. ഇ. പി. ജയരാജനും ഈ ഗവൺമെന്റും ഓർക്കണം. അന്നത്തെ രാജഭരണത്തിനെതിരായി തൂലിക ചലിപ്പിച്ചതിന് നാടുകടത്തേണ്ടിവന്ന ഒരു പത്രലേഖകൻ ജീവിച്ച് മരിച്ച നാടാണിതെന്നത് നിങ്ങൾ മറക്കരുത്. ഐ&പി.ആർ.ഡി. ഇറക്കേണ്ട സർക്കുലർ എങ്ങനെയാണ് ഹോം ഡിപ്പാർട്ടുമെന്റ് ഇറക്കുന്നത്. എനിക്ക് ജവഹർലാൽ നെഹ്റുവിന്റെ മറ്റൊരു വാചകം ഓർമ്മ വരികയാണ്. Constant vigilance over exercise of governmental power by the press and the media is essential for a good Government

എന്നാണ് അദ്ദേഹം പറഞ്ഞത്. ഒരു നല്ല ഭരണം ഉണ്ടാകണമെങ്കിൽ പത്രലേഖകരും അവരുടെ വിമർശനവും ഉണ്ടാകണം. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഇവിടെ ചില കാര്യങ്ങൾ പറഞ്ഞു. ഞങ്ങളെയൊക്കെ ധാരാളം പത്രക്കാർ വിമർശിക്കാറുണ്ട്; കാർട്ടൂണുകൾ എഴുതാറുണ്ട്. ഞങ്ങൾ ആരെങ്കിലും അവരോട് എതിർപ്പ് പ്രകടിപ്പിക്കാറില്ല. അതാണ് കേരളത്തിലെ രാഷ്ട്രീയ പ്രവർത്തകരുടെയും ഭരണാധികാരികളുടെയും പ്രത്യേകത. ആ പ്രത്യേകത മാറ്റിമറിക്കേണ്ട എന്ത് സാഹചര്യമാണ് ഇവിടെ ഉണ്ടായിട്ടുള്ളത്. വിയോജിക്കാനുള്ള നമ്മുടെ അവകാശം ജനാധിപത്യത്തിന്റെ ഏറ്റവും മഹത്തായ ഒരംശമല്ലേ. അതിനെ എങ്ങനെ നമുക്ക് നിഷേധിക്കാൻ കഴിയും? മാധ്യമ പ്രവർത്തനം ജനാധിപത്യത്തിന്റെ ജീവവായുവാണ്. എവിടെ മാധ്യമ സ്വാതന്ത്ര്യം ഹനിക്കപ്പെടുന്നുവോ അവിടെ ജനാധിപത്യം അപകടത്തിലാവുന്നു. അതിന്റെ ലക്ഷണങ്ങളാണ് ഇവിടെ കാണുന്നത്. ശ്രീ. കെ. സി. ജോസഫ് ഇവിടെ ചൂണ്ടിക്കാണിച്ച ഒരു കാര്യമുണ്ട്. നാലര വർഷമായി ശ്രീ. നരേന്ദ്ര മോദി ഇന്ത്യയുടെ പ്രധാനമന്ത്രിയാണ്. ഒരു പത്രസമ്മേളനംപോലും അദ്ദേഹം ഇതുവരെ നടത്തിയിട്ടില്ല. എല്ലാ പ്രധാനമന്ത്രിമാരും പത്രസമ്മേളനങ്ങൾ നടത്തുകയും പത്രലേഖകരുടെ ചോദ്യങ്ങൾക്ക് മറുപടി പറയുകയും ചെയ്യാറുണ്ട്. ഒരു കാര്യംപോലും പ്രധാനമന്ത്രി പത്രസമ്മേളനത്തിലൂടെ പറഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മന്ത്രിസഭായോഗം കഴിഞ്ഞാൽ നടത്തുന്ന കസ്റ്റമറി ആയിട്ടുള്ള ബ്രീഫിംഗ് നിർത്തി. മാത്രമല്ല, പത്രക്കാർക്ക് ചോദ്യം ചോദിക്കാനുള്ള അവസരം കൊടുക്കുന്നില്ല. പത്രക്കാർക്ക് മുഖ്യമന്ത്രിയെ കാണാൻ ഒരു പ്രളയം വരേണ്ടിവന്നു. അന്ന് എല്ലാ ദിവസവും അദ്ദേഹം പത്രക്കാരെ കണ്ടു. കേരളത്തിലെ മുഖ്യമന്ത്രിയെ വ്യക്തിഹത്യ നടത്താനുള്ള താല്പര്യമൊന്നും ഞങ്ങൾക്കില്ല. എന്നാൽ അദ്ദേഹത്തിന്റെ പ്രവർത്തനശൈലിയെ വിമർശിക്കാനുള്ള ഉത്തരവാദിത്വം ഞങ്ങൾക്കുണ്ട്. മാധ്യമ നിയന്ത്രണത്തിന്റെ ലക്ഷണങ്ങളാണ് ഇവിടെ കണ്ടുകൊണ്ടിരിക്കുന്നത്. മാധ്യമ പ്രവർത്തകർക്ക് കൂടുതൽ സൗകര്യം നൽകുമെന്നും കൂടുതൽ ഫലപ്രദമായി അവരുടെ ധർമ്മം നിറവേറ്റുമെന്നുമാണ് ശ്രീ. ഇ. പി. ജയരാജൻ ഇവിടെ സൂചിപ്പിച്ചത്. ഇതിൽപ്പരം വലിയ തമാശ കേൾക്കാനില്ല. മാധ്യമ പ്രവർത്തകർക്ക് കൂടുതൽ സൗകര്യം നൽകുക വഴി അവരുടെ കാലിൽ ചങ്ങല ഇടാനാണ് നിങ്ങൾ ശ്രമിക്കുന്നത്. ഞങ്ങൾ വിഷയദാരിദ്ര്യത്തിലാണെന്നും വിഷയബാഹുല്യംകൊണ്ട് ഞങ്ങൾ ബുദ്ധിമുട്ടുകയാണെന്നും സൂചിപ്പിച്ചു. സഭയിൽ പ്രശ്നമുണ്ടായതുകൊണ്ട് ശ്രീ. കെ. സി. ജോസഫിന് ഈ വിഷയം സംബന്ധിച്ച സബ്മിഷൻ അവതരിപ്പിക്കാൻ കഴിഞ്ഞില്ല. അന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി മേശപ്പുറത്തുവച്ചു. മൂന്ന് ദിവസംകൊണ്ട് ആ സർക്കുലർ പിൻവലിക്കുമെന്നാണ് ഞങ്ങൾ കരുതിയത്. പത്രപ്രവർത്തക യൂണിയന്റെ സർക്കുലറുണ്ട്. പത്രപ്രവർത്തകരുടെ ജാഥ നടന്നപ്പോൾ ദേശാഭിമാനി പത്രപ്രവർത്തകർ മാത്രം അതിൽ പങ്കെടുത്തില്ല. ബാക്കി എല്ലാ പത്രപ്രവർത്തകരും പങ്കെടുത്തു. ദേശാഭിമാനിയിലെ പത്രപ്രവർത്തകർ

ആ ജാഥയിൽ പങ്കെടുത്താൽ അവരുടെ ജോലി പോകുമെന്ന് എനിക്ക് മനസ്സിലാകും. പത്രപ്രവർത്തകർ ഞങ്ങളെക്കണ്ട് സർക്കുലർ പിൻവലിക്കേണ്ടതാണെന്ന് പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിലാണ് ശ്രീ. കെ. സി. ജോസഫ് ഇന്ന് ഈ വിഷയം സംബന്ധിച്ച് അടിയന്തരപ്രമേയം അവതരിപ്പിച്ചത്. മാധ്യമങ്ങളെ നിയന്ത്രിക്കാൻ ഇതിനുമുമ്പും രാജ്യത്ത് പല ശ്രമങ്ങളും നടന്നിട്ടുണ്ട്. രാജസ്ഥാൻ സർക്കാർ കഴിഞ്ഞ വർഷം മാധ്യമങ്ങളുടെ വായ് മൂടിക്കെട്ടാൻ കൊണ്ടുവന്നതും എതിർപ്പിനെത്തുടർന്ന് പിൻവലിക്കേണ്ടിവന്നതുമായ നിയമം കുപ്രസിദ്ധമാണ്. വ്യാജ വാർത്തകളുടെ പേര് പറഞ്ഞ് പത്രപ്രവർത്തകർക്കെതിരെ നടപടി എടുക്കാനുള്ള കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയത്തിന്റെ വിവാദ ഉത്തരവ് പ്രതിഷേധത്തെത്തുടർന്ന് പിൻവലിക്കേണ്ടിവന്നു. 'മാധ്യമ വിലക്ക് പിൻവലിക്കണം' എന്ന് മലയാള മനോരമ പറയുന്നു. മാതൃഭൂമി പറയുന്നത്, 'ഭരണാധികാരികളും ജനങ്ങളും തമ്മിലുള്ള നിരന്തര സംവാദത്തിലൂടെയാണ് ജനാധിപത്യം വളരുന്നതും വികസിക്കുന്നതും. നിർഭയമായി ചോദ്യങ്ങൾ ചോദിക്കുന്ന ഒരു ജനതയും ആർജ്ജവത്തോടെ മറുപടി പറയുന്ന ഭരണകൂടവുമാണ് ജനാധിപത്യത്തിന്റെ കരുത്തും ആരോഗ്യവും. അഹിതമായ വാർത്തകൾ എഴുതിയതിന് പത്രാധിപരെ നാടുകടത്തിയ ദിവാൻ പാരമ്പര്യം, ജനാധിപത്യം ഇത്രയേറെ വളർന്നിട്ടും നമ്മുടെ ഭരണകൂടത്തെ വിട്ടൊഴിഞ്ഞിട്ടില്ലെന്നാണ് ഇത് സൂചിപ്പിക്കുന്നത്. കേരള പത്ര പ്രവർത്തക യൂണിയൻ ചെയർമാൻ കമാൽ വരദൂറും സെക്രട്ടറി സി. നാരായണനുമാണ്. ഈ സർക്കുലർ പൂർണ്ണമായും പിൻവലിക്കുകയും യുക്തമായ കൂടിയാലോചനകളിലൂടെ എല്ലാവർക്കും യോജ്യമായ നിലയിൽ പുതിയ നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്യണമെന്ന് എത്ര ക്രിയാത്മകമായാണ് അവർ പറഞ്ഞിട്ടുള്ളത്. ആഭ്യന്തര വകുപ്പുമന്ത്രി ആയിരുന്ന എനിക്ക് മനസ്സിലാകാത്ത ഒരു കാര്യമുണ്ട്. മാധ്യമ വിലക്ക് സംബന്ധിച്ചുള്ള സർക്കുലർ ഇറക്കുന്നത് ആഭ്യന്തര വകുപ്പാണോ? ഇവിടെ ഐ&പി.ആർ.ഡി. ഇല്ലേ. ഐ.&പി.ആർ.ഡി.-യുടെ അധികാരം എന്തിനാണ് ഹോം മിനിസ്ട്രി എടുക്കുന്നത്. ആഭ്യന്തര വകുപ്പിന്റെ ജോലി ഐ.&പി.ആർ.ഡി.-യുടെ ജോലിയാണോ? അങ്ങനെ ഒരു സർക്കുലർ ഇറക്കുന്നതിൽ എന്ത് സാംഗത്യമാണുള്ളത്. ആഭ്യന്തര വകുപ്പിന്റെ ജോലി ആഭ്യന്തര വകുപ്പ് ചെയ്യട്ടെ. ആഭ്യന്തര വകുപ്പ് ഐ.&പി.ആർ.ഡി.-യുടെ ജോലി ഏറ്റെടുക്കുന്നത് ശരിയായ നടപടിയാണോ? സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ ഒരു വാചകം ഇവിടെ ആവർത്തിക്കുകയാണ്. 'ദിവാൻജി മുതൽ കീഴ്പ്പോട്ടുള്ളവരെല്ലാം പൊതുജന ദാസന്മാരാണ്. അവർ തിന്നുന്ന ചോറ് പൊതുജനങ്ങളാൽ നൽകപ്പെട്ടതാകുന്നു. ഈ ജനസാമാന്യംതന്നെ ചിലപ്പോഴൊക്കെ മൗനമായിരുന്നാലും അപ്പപ്പോൾ നാട്ടിലെ വർത്തമാന പത്രങ്ങൾ വഴിയാണ് സംസാരിക്കുന്നത്. ഭരണാധികാരികളുടെ തീരുമാനങ്ങളും മറ്റ് വിവരങ്ങളും നിയമസഭയിൽ പ്രസംഗിക്കുന്നതും നമ്മൾ വിമർശിക്കപ്പെടുന്നതുമെല്ലാം നമ്മുടെ നാട്ടിലെ ജനങ്ങൾ അറിയുന്നത് മാധ്യമങ്ങളി

ലൂടെയാണ്. മാധ്യമങ്ങളുടെ വായ് മൂടിക്കെട്ടുന്ന പ്രവർത്തനം ജനാധിപത്യത്തിൽ ആപൽക്കരമായ പ്രവണതയാണ്. മാധ്യമ സിൻഡിക്കേറ്റെന്ന് പറഞ്ഞ് മാധ്യമങ്ങളെ ഇകഴ്ത്തിക്കാണിക്കാൻ കഴിയുമോ? മാധ്യമ സിൻഡിക്കേറ്റ് ഇവിടെ പ്രവർത്തിക്കുന്നുണ്ടോ? അഹിതമായ വാർത്തകൾ കൊടുക്കുമ്പോൾ അവരെ മാനസികമായി തളർത്താൻ വേണ്ടിയാണ് മാധ്യമ സിൻഡിക്കേറ്റ് ഉണ്ടെന്നുള്ള പ്രചരണം നടത്തുന്നത്. അവരുടെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്താനാണ് മാധ്യമ സിൻഡിക്കേറ്റെന്ന് പറയുന്നത്. അവാസ്തവമായതോ തെറ്റായതോ ആയ വാർത്തകൾ കൊടുക്കുന്നുണ്ടെങ്കിൽ ചൂണ്ടിക്കാണിക്കുന്നതിലോ മാധ്യമ പ്രവർത്തനത്തിൽ എവിടെയെങ്കിലും അപാകത ഉണ്ടെങ്കിൽ അത് ചൂണ്ടിക്കാണിക്കുന്നതിലോ തെറ്റില്ല. മാധ്യമ പ്രവർത്തനത്തിൽ സ്വതന്ത്രമായ നിലപാടുകൾ സ്വീകരിക്കുന്നതിനുള്ള വിഘാതമായാണ് മാധ്യമ മാരക സർക്കുലർ ഇപ്പോൾ കേരളത്തിൽ ഇറങ്ങിയിരിക്കുന്നത്. രാജസ്ഥാനിലോ ഉത്തർ പ്രദേശിലോ ആണെങ്കിൽ എനിക്ക് മനസ്സിലാകും. കേരളംപോലെ പുരോഗമനസ്വഭാവമുള്ള ജനങ്ങൾ താമസിക്കുന്ന നാട്ടിൽ മാധ്യമങ്ങൾക്ക് കൂച്ചുവിലങ്ങ് ഇടാനുള്ള ഒരു നീക്കത്തെയും അംഗീകരിക്കാൻ സാധ്യമല്ല. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയിലൂടെ എനിക്ക് ആവശ്യപ്പെടാനുള്ളത്, ദയവായി സർക്കുലർ പിൻവലിക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ്. പ്രതിപക്ഷവുമായും വാർത്താ ലേഖകരുടെ സംഘടനകളുമായും ചർച്ച ചെയ്യണം. ഇന്നത്തെ മാധ്യമ പ്രവർത്തന രംഗത്ത് എന്തെങ്കിലും അപാകത ഉണ്ടെങ്കിൽ അവരുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിലായിരിക്കണം നിയന്ത്രണം ഉണ്ടാകേണ്ടത്. ഇന്ന് നിങ്ങൾ കൊണ്ടുവന്നിരിക്കുന്ന നിയന്ത്രണം ഒട്ടും പ്രായോഗികമല്ല. നമ്മൾ എറണാകുളത്ത് ചെല്ലുമ്പോൾ പത്രക്കാരെ കാണണമെങ്കിൽ ജില്ലാ പി.ആർ.ഡി. ഓഫീസറെ വിളിച്ച് അനുവാദം ചോദിച്ചിട്ടാണോ കാണേണ്ടത്; അത് എങ്ങനെ പ്രായോഗികമാകും? കാര്യങ്ങൾ മനസ്സിലാക്കി ഈ സർക്കുലർ പിൻവലിച്ച് പ്രായോഗികമായ നിലയിലുള്ള നിർദ്ദേശങ്ങൾ സ്വീകരിച്ച് മുന്നോട്ടുവരേണ്ടതാണെന്നുള്ള കാര്യം എന്തുകൊണ്ടാണ് പത്രപ്രവർത്തക യൂണിയൻ പറഞ്ഞിട്ടുള്ളത്? നമ്മളത് മനസ്സിലാക്കേണ്ട ഒരു കാര്യമാണ്. അതുകൊണ്ട് ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ഈ സർക്കുലർ ഒരു draconian സർക്കുലർ ആയതുകൊണ്ട് ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയുന്നതല്ല. ഈ സർക്കുലർ പിൻവലിക്കണം. മാധ്യമസ്വാതന്ത്ര്യത്തിനും ജനാധിപത്യ അവകാശങ്ങൾക്കും സ്വതന്ത്രമായ അഭിപ്രായപ്രകടനത്തിനും എതിരായിട്ടുള്ള ശക്തമായ ഒരു താക്കീതായി ഞങ്ങളിതിനെ കാണുകയാണ്. ഇത് പിൻവലിക്കാൻ തയ്യാറാകാത്ത സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, മലയാളഭാഷയ്ക്ക് മാധ്യമസ്നേഹത്തിന്റെ കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംഭാവന ചെയ്ത വാക്കുകളാണ് 'എടോ ഗോപാലകൃഷ്ണാ', 'മാധ്യമസിൻഡിക്കേറ്റ്, കടക്ക് പുറത്ത് എന്നിവ. ഈ പ്രയോഗങ്ങളുടെ ഔദ്യോഗിക വിവർത്തനം മാത്രമാണ് ഇപ്പോൾ അഡീഷണൽ ചീഫ് സെക്രട്ടറിയായ ശ്രീ. സുബ്രതാ ബിശ്വാസ് ഇറക്കിയിട്ടുള്ള സർക്കുലർ. ഇത് കൂടുതൽ സ്വാതന്ത്ര്യം കിട്ടുന്നതാണെന്ന് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ഇ. പി. ജയരാജൻ ഇവിടെ പറഞ്ഞു. പക്ഷേ മാധ്യമ അറിയിപ്പ്, മാധ്യമ ഏകോപനം, പ്രസ്സ് റിലീസ്, മാധ്യമങ്ങളെ ക്ഷണിക്കൽ, മാധ്യമ പ്രവേശനം, വിവിധ ഫോട്ടോ വീഡിയോ സെഷനുകൾ എന്നിവ സംബന്ധിച്ച് പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ ഈ സർക്കുലറിന്റെ തുടക്കത്തിൽത്തന്നെ പറയുന്നുണ്ട്. അതായത് ഇപ്പോഴുള്ളതിൽ നിന്നും കൂടുതൽ ശക്തമായി പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ എന്നുപറഞ്ഞാൽ കെ.യു.ഡബ്ല്യു.ജെ. പറഞ്ഞതുതന്നെയാണ് ശരി. കാരണം, പുറത്തെവിടെയെങ്കിലും വച്ച് ഒരു മന്ത്രിയെക്കണ്ട് ഒരു വിഷയത്തെ സംബന്ധിച്ച് ഒരു മാധ്യമപ്രവർത്തകന് ഒരു ചോദ്യം ചോദിക്കണമെങ്കിൽ അത് ചോദിക്കാൻ പറ്റുമോയെന്ന് പി.ആർ.ഡി.-യിൽ വിളിച്ച് അന്വേഷിച്ചുകഴിയുമ്പോഴേയ്ക്കും മന്ത്രി അവിടെ ഉണ്ടാകുമോ? മന്ത്രിക്ക് പറയാനുള്ളത്, അതുപോലെതന്നെ മാധ്യമപ്രവർത്തകർക്ക് മന്ത്രിയിൽനിന്ന് അറിയാനുള്ളത്, അതൊക്കെ മാധ്യമപ്രവർത്തകർ അറിയുന്നു, അതാണ് ട്രാൻസ്പാരൻസി എന്നുപറയുന്നത്. യുദ്ധങ്ങളിൽ പാറ്റൺടാങ്കിനകത്തുപോലും ജേർണലിസ്റ്റുകളെ കൊണ്ടുനടക്കുന്നുണ്ട്, എന്തിനുവേണ്ടി? യുദ്ധത്തെക്കുറിച്ച് ട്രാൻസ്പാരന്റ് ആയിട്ടുള്ള വാർത്ത വരാൻ വേണ്ടിയാണ്. അതിനാണ് എമ്പഡ്ഡഡ് ജേർണലിസമെന്ന് പറയുന്നത്. യുദ്ധത്തിൽ പാറ്റൺടാങ്കിനകത്തുപോലും ജേർണലിസ്റ്റുകൾക്ക് പ്രവേശിക്കാൻ കഴിയുന്നൊരു സാഹചര്യത്തിൽ നമ്മുടെ സെക്രട്ടേറിയറ്റിനകത്തോ ഗസ്റ്റ്ഹൗസിലോ എയർപോർട്ടിനകത്തോ ഏതെങ്കിലുമൊരു മന്ത്രിയെ കാണണമെങ്കിൽ പി.ആർ.ഡി.-യുടെ സമ്മതപത്രം വാങ്ങിയിട്ടേ അത് നടക്കുകയുള്ളൂവെന്ന് ആഭ്യന്തരവകുപ്പ് സർക്കുലർ ഇറക്കുമ്പോൾ അത് മാധ്യമ സ്വാതന്ത്ര്യമാണോ; ഇതിനെയാണോ ഫ്രീ പ്രസ്സ് - ഫ്രീഡം ഓഫ് ദി പ്രസ്സ് എന്നുപറയുന്നത്? ഇത് എല്ലാ അർത്ഥത്തിലും മാധ്യമങ്ങളുടെ സ്വാതന്ത്ര്യത്തെ നിഷേധിക്കലാണ്. ഇവിടെ നമ്മൾ സൂചിപ്പിച്ചതുപോലെതന്നെ മുൻകാലങ്ങളിൽ റഷ്യയിൽ നമ്മൾ കണ്ടിട്ടുള്ളത്, " The basic structure of Soviet Press was established by decree August 11, 1930. The decree created a pyramidal structure of papers that would reach down into all levels of Soviet society" ആ പിരമിഡിന്റെ അപ്പെക്സിലുള്ള പത്രം ഏതായിരുന്നു Pravda or Izvestia ഈ രണ്ട് പത്രങ്ങൾക്കല്ലാതെ ഏതെങ്കിലും ഔദ്യോഗികമായ കാര്യങ്ങൾ പുറത്തുപറയാൻ കഴിയാത്തൊരവസ്ഥ ലെനിന്റെയും ബോൾഷെവിക്കുകളുടെയും കാലഘട്ടത്തിൽ റഷ്യയിലുണ്ടായിരുന്നു. ശ്രീ. നരേന്ദ്ര മോദിയെക്കുറിച്ച് വാഷിംഗ്ടൺ

പോസ്റ്റ് പറഞ്ഞിരിക്കുന്നത്; Times are tough for journalists in India, where many reporters and editors say it is becoming increasingly difficult to do. Modi, popular but thin-skinned, has effectively cut off the mainstream media, forgoing news conferences to communicate directly with his vast electorate through Twitter, where he has 40 million followers. ഇവിടെ പ്രിയപ്പെട്ട അങ്ങ് പറഞ്ഞതെന്താണ്, ഇനിയെന്തെങ്കിലും കാര്യങ്ങൾ ചെയ്യണമെങ്കിൽ അത് ഓൺലൈൻ മീഡിയയിലൂടെ അല്ലെങ്കിൽ വാട്ട്സ്ആപ്പിലൂടെ അല്ലെങ്കിൽ മുഖ്യമന്ത്രിയുടെ ഫേസ്ബുക്കിലൂടെ വേണമെങ്കിൽ പത്രക്കാർ അറിഞ്ഞോട്ടെ, അല്ലാതെ മന്ത്രിമുഖത്തുനിന്ന് നേരിട്ട് ഇക്കാര്യങ്ങളറിയേണ്ടതില്ലായെന്ന് പറയുമ്പോൾ ഇത് പത്രസ്വാതന്ത്ര്യമാണോ; പത്രസ്വാതന്ത്ര്യത്തിന് കൂച്ചുവിലങ്ങിടലാണോയെന്ന് നമ്മൾ പരിശോധിക്കേണ്ടതാണ്. ഈ കൂട്ടത്തിൽ മന്ത്രിമാരുംകൂടി ഒരു കാര്യമറിയണം. ഇത് പത്രക്കാർക്ക് മാത്രമുള്ള നിയന്ത്രണമല്ല, നിങ്ങളുടെ വകുപ്പുകൾക്കുകൂടിയുള്ള നിയന്ത്രണമാണ്. എന്തെങ്കിലും പറയണമെങ്കിൽ അത് പറയാനുള്ള അവകാശം എനിക്കേയുള്ളൂ, സ്വതന്ത്രമായി മന്ത്രിമാരൊരു പ്രഖ്യാപനവും നടത്തണ്ട എന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഒരു തീരുമാനംകൂടി ഇതിലുണ്ട്. ബഹുമാനപ്പെട്ട ശ്രീ. കടകംപള്ളി സുരേന്ദ്രൻ, അദ്ദേഹം ശബരിമലയിൽ നിന്നിറങ്ങിവന്ന ആക്ടിവിസ്റ്റിനെതിരെ പ്രസ്താവനയിറക്കിയപ്പോൾ അമേരിക്കയിൽനിന്ന് അതിന് മറുപടി പറയേണ്ടയൊരവസ്ഥ മുഖ്യമന്ത്രിക്കുണ്ടായിട്ടുണ്ടെങ്കിൽ മുഖ്യമന്ത്രി എല്ലാത്തിനും മുകളിലാണെന്നൊരു പ്രഖ്യാപനംകൂടി ഇതിലുണ്ട്. ബേബി ജോൺ ഇ. കെ നായനാരോട് പറഞ്ഞിട്ടുള്ള ഒരു വരി ഞാനിവിടെ ഓർക്കുകയാണ്. Chief Minister is only first among the equals, എല്ലാ മന്ത്രിമാരും തുല്യരാണ് അതിൽ first among the equals മാത്രമാണ് മുഖ്യമന്ത്രി. എന്നാൽ ഇവിടെ ആഭ്യന്തരവകുപ്പ് പി.ആർ.ഡി.-യിൽപോലും ഇടപെട്ടുകൊണ്ട് എല്ലാ നിയന്ത്രണങ്ങളും തനിക്കാണെന്ന് പ്രഖ്യാപിക്കുന്നൊരവസ്ഥ. പി.ആർ.ഡി. ഒരിക്കലും ശ്രീ. പിണറായി വിജയനെ രസിപ്പിക്കുന്ന ഡിപ്പാർട്ട്മെന്റ് എന്നുള്ള ഫുൾഫോമിലേക്ക് വരരുത്. അത് പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് എന്ന പേരിൽ തന്നെ അറിയപ്പെടണം. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞ വാക്കുകൾ സത്യമാണെങ്കിൽ അങ്ങ് സ്വാതന്ത്ര്യം കൂടുതൽ കൊടുക്കാനാണാഗ്രഹിക്കുന്നതെങ്കിൽ ആദ്യം ഈ സർക്കുലർ പിൻവലിക്കാനുള്ള തീരുമാനമെടുക്കണം. നമുക്ക് ഇതൊക്കെ കഴിഞ്ഞശേഷം ഒരു സംവാദമാകാമെന്ന് അങ്ങുതന്നെ പറഞ്ഞു. അങ്ങ് ചർച്ചയ്ക്ക് തയ്യാറാണെന്നാണ് ഞങ്ങൾ കരുതിയത്. എന്നാൽ അവസാനം അങ്ങ് ചർച്ചയ്ക്ക് തയ്യാറാകാത്തതിലുള്ള പ്രതിഷേധം രേഖപ്പെടുത്തികൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് പുറത്തുപോയി.)

<u>ശ്രീ. കെ. എം. മാണി</u>: സർ, ബഹുമാനപ്പെട്ട ഇ. പി. ജയരാജൻ പറഞ്ഞത്, മാധ്യമങ്ങൾക്ക് കൂടുതൽ സ്വാതന്ത്ര്യം നൽകി സുഖകരമാക്കുകയാണ് ഈ സർക്കുലർ വഴി ചെയ്യുന്നത് എന്നുള്ളതാണ്. ഞാൻ അങ്ങയോട് ഒറ്റക്കാര്യം മാത്രമാണ് ചോദിക്കുന്നത്, രാഷ്ട്രീയക്കാർക്ക് പുറത്തുള്ള പ്രശസ്ത വ്യക്തികളെ ഒരു ഗസ്റ്റ്ഹൗസിൽ വച്ച് കാണുന്നതിന് പി.ആർ.ഡി.-യുടെ അനുമതി വേണമെന്നാണ് ഈ സർക്കുലർ പറയുന്നത്. തിരുവനന്തപുരം ഗസ്റ്റ്ഹൗസിലോ എറണാകുളം ഗസ്റ്റ്ഹൗസിലോ ഞാൻ ചെല്ലുകയാണ്, നമ്മൾ വിളിച്ചുവരുത്താതെതന്നെ പത്രക്കാർ അവിടെ നിൽക്കുന്നു. അവരോടൊന്ന് സംസാരിക്കണമെങ്കിൽ എനിക്കോ പത്രക്കാർക്കോ പി.ആർ.ഡി.-യുടെ അനുവാദം വേണമെന്ന് പറഞ്ഞാൽ ഒരു സ്വേച്ഛാധിപത്യരാജ്യത്ത് മാത്രമല്ലാതെ ഇങ്ങനെയൊരു നിബന്ധന കൊണ്ടുവരാൻ കഴിയുമോ? ഇതിനകത്ത് വേറെ ദുരഭിമാനമൊന്നും ആവശ്യമില്ല. ഈ സർക്കുലർ തെറ്റാണ്, ഇത് പിൻവലിക്കണം. അല്ലെങ്കിൽ ഞങ്ങൾക്കാർക്കും ഒരു മാധ്യമപ്രവർത്തകരെയും കാണാൻ കഴിയില്ല, മാധ്യമപ്രവർത്തകർക്ക് ഞങ്ങളെയും കാണാൻ കഴിയില്ല. അതിനുള്ള കൂച്ചുവിലങ്ങ് തന്നെയാണിത്. അതുകൊണ്ടിത് മാധ്യമലോകത്തിനുതന്നെ അപമാനമാണ്. ജനാധിപത്യ രാജ്യത്തിന് അപമാനമാണ്; കേരളംപോലുള്ള പ്രബുദ്ധ സംസ്ഥാനത്ത് ഇങ്ങനെയൊരു സർക്കുലർ ഉണ്ടാകാൻ പാടില്ല. ഈ സർക്കുലർ പിൻവലിക്കണം എന്ന് ആവശ്യപ്പെട്ടിട്ടും സർക്കുലർ പിൻവലിക്കാത്ത ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് പുറത്തുപോയി.)

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, അങ്ങിവിടെ പറഞ്ഞത് യാഥാർത്ഥ്യങ്ങൾക്ക് നിരക്കുന്ന കാര്യങ്ങളല്ല. മാധ്യമങ്ങൾക്ക് കൂടുതൽ സൗകര്യങ്ങളേർപ്പെടുത്തുവാനും അതിനൊരു ഏകോപനത്തിനും വേണ്ടിയാണ് പി.ആർ.ഡി.-യെ ഏൽപ്പിക്കുന്നതെന്ന് അദ്ദേഹം സൂചിപ്പിച്ചു. എന്നാൽ ഈ സർക്കുലറിലേയ്ക്ക് കടന്നുകഴിയുമ്പോൾ ഇത് പി.ആർ.ഡി.-ക്ക് കീഴിൽ മാധ്യമങ്ങളെ കൊണ്ടുവരുന്ന ഒരു സാഹചര്യത്തിലേയ്ക്കാണ് കാര്യങ്ങൾ ചെന്നെത്തിക്കുന്നത്. ഇതിനാവശ്യമായ സംവിധാനം പി.ആർ.ഡി.-ക്ക്

ഉണ്ടോയെന്ന് ആദ്യം അങ്ങ് പരിശോധിക്കണം. പ്രളയകാലത്തെ മാധ്യമങ്ങളുടെ പ്രവർത്തനത്തെ അങ്ങിവിടെ പ്രകീർത്തിക്കുകയുണ്ടായി. പ്രളയകാലത്ത് ഇത്തരത്തിലുള്ള വിഷയങ്ങൾ റിപ്പോർട്ട് ചെയ്തതും കാര്യങ്ങളിലേയ്ക്ക് കടന്നതുമൊക്കെ പി.ആർ.ഡി.-യുടെ സഹകരണത്തോടെയോ സംവിധാനത്തോടെയോ ആയിരുന്നില്ല. ഇതുപോലുള്ള എത്രയോ സംഭവങ്ങൾ ഇതിനുമുമ്പും കേരളത്തിലുണ്ടായിട്ടുണ്ട്. പ്രധാനപ്പെട്ട അനവധി വിഷയങ്ങളിലേയ്ക്ക് കടക്കാനുള്ള സ്വാതന്ത്ര്യത്തെയാണ് ഈ സർക്കുലർ വഴി ഗവൺമെന്റ് ഇന്ന് ഹനിക്കാൻ തയ്യാറായിരിക്കുന്നത്. ഇത് ഒരു ദിവസം കൊണ്ടുണ്ടായ കാര്യമാണെന്ന് ഞങ്ങൾ കരുതുന്നില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന സമയത്ത് ക്യാബിനറ്റ് ബ്രീഫിംഗ് ഉണ്ടായിട്ടില്ല, കാബിനറ്റ് ബ്രീഫിംഗിൽനിന്ന് ഒഴിവായി. ഇവിടെ ആന്റണി കമ്മീഷൻ റിപ്പോർട്ടിനകത്തെ വിവിധ ശിപാർശ കളിലൊന്ന് മാധ്യമങ്ങൾക്കുള്ള സ്വാതന്ത്ര്യം നിയന്ത്രിക്കണം എന്നുള്ളതാണ്. അതുകൊണ്ട് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമുള്ള ഓരോ കാര്യങ്ങളും പരിശോധിക്കുമ്പോൾ ഇത് കരുതിക്കൂട്ടി മാധ്യമങ്ങളെ നിയന്ത്രിക്കാൻ അവരുടെ സ്വാതന്ത്ര്യത്തിന്മേലുള്ള കടന്നുകയറ്റമായി സംശയിക്കേണ്ടതുണ്ട്. അങ്ങ് ശ്രീ. ഗോപീകൃഷ്ണനെ ആദരിച്ചുവെന്ന് ഇവിടെ പറയുമ്പോഴും നിങ്ങളെ വിമർശിക്കുന്ന മാധ്യമങ്ങൾക്കുനേരെ സ്വാഭാവികമായ അസഹിഷ്ണുത നിങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ട്. ഈ സർക്കുലർ ഭേദഗതി ചെയ്യുകയല്ല, പിൻവലിക്കുകയാണ് വേണ്ടത്. അതിന് തയ്യാറാകാത്തതിലും ചർച്ച ചെയ്യാത്തതിലും പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭയിൽനിന്ന് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ ഹാജരായി.)

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എ.എം. ആരിഫ്]

## IV ശ്രദ്ധ ക്ഷണിക്കൽ

### (1) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം

ശ്രീ. എം. സ്വരാജ്: സർ, നമ്മുടെ നാട്ടിലെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഗൗരവതരമാർന്ന ഒരു വിഷയമാണ് ശ്രദ്ധ ക്ഷണിക്കലിന്റെ ഭാഗമായി അവതരിപ്പിക്കാനുള്ളത്. നമ്മുടെ രാജ്യത്തെ സമ്പദ് വ്യവസ്ഥയുടെ അഭിമാനസ്തംഭമാണ് ഇന്ത്യൻ പൊതുമേഖല. നവരത്ന സ്ഥാപനങ്ങളുൾപ്പെടെയുള്ള പൊതുമേഖല ഈ രാജ്യത്തിന്റെ സമ്പത്തായാണ്

എല്ലാ കാലത്തും പരിഗണിക്കപ്പെട്ടിട്ടുള്ളത്. ലോകത്തെ വിസ്മയിപ്പിക്കുന്ന ഈ വ്യാവസായിക ലോകമാണ് ഇപ്പോൾ അതീവഗുരുതരവും സവിശേഷകരവുമായ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്നത്. കൃത്യമായി പറഞ്ഞാൽ 1991-നുശേഷം പൊതുമേഖലയെ തകർക്കുന്ന സമീപനമാണ് നമ്മുടെ രാജ്യത്തിന്റെ ഭരണത്തിന് നേതൃത്വം നൽകിയ കോൺഗ്രസ് സ്വീകരിച്ചിട്ടുള്ളത്. ആഗോളീകരണനയങ്ങളുടെ ചുവടുപിടിച്ച് ഇന്ത്യൻ പൊതുമേഖലയെ ഘട്ടംഘട്ടമായി തകർക്കാനും സ്വകാര്യ കുത്തകകൾക്ക് അനുകൂലമായ വ്യാവസായികാന്തരീക്ഷം സൃഷ്ടിക്കാനും ആ അർത്ഥത്തിൽ കുത്തകകളുടെ ഒരുതരം ഏജൻസിയായി മാറാനുമാണ് കേന്ദ്ര ഗവൺമെന്റ്, 1991-ലെ കോൺഗ്രസ് ഗവൺമെന്റ് മുതൽ ശ്രമിച്ചിട്ടുള്ളത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിച്ചും തുടർന്ന് പൂർണ്ണമായി സ്വകാര്യവൽക്കരിച്ചും ഇന്ത്യൻ പൊതു മേഖലയെ ശ്മശാനത്തിലേയ്ക്ക് നയിക്കുന്നതിന് തുടക്കമിട്ടത് അക്ഷരാർത്ഥത്തിൽ കോൺഗ്രസ് തന്നെയാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിൽക്കുക, സഹായങ്ങൾ വെട്ടിക്കുറയ്ക്കുക, നിർത്തലാക്കുക, സ്വകാര്യ കുത്തകകൾക്ക് ഇളവ് നൽകുക തുടങ്ങി പൊതുമേഖലാവിരുദ്ധ സമീപനം 1991 മുതലുള്ള കേന്ദ്ര ഗവൺമെന്റിന്റെ മുഖമുദ്രയായി മാറുകയാണ് ചെയ്തത്. ലാഭകരമായി പ്രവർത്തിക്കുന്ന അല്ലെങ്കിൽ ലാഭകരമായി പ്രവർത്തിക്കാൻ എല്ലാ സാഹചര്യവുമുള്ള പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെയും ഈ നയത്തിന്റെ ഭാഗമായി ശ്വാസംമുട്ടിച്ച് നഷ്ടത്തിലേയ്ക്ക് നയിക്കുകയാണ് ചെയ്തിട്ടുള്ളത്. ഓരോ പൊതുമേഖലാ സ്ഥാപനങ്ങളും നഷ്ടത്തിലാകണമെന്നും ആ നഷ്ടത്തിന്റെ പേരുപറഞ്ഞുകൊണ്ട് അതിനെ സ്വകാര്യവൽക്കരണത്തിലേയ്ക്ക് നയിക്കണമെന്നുമുള്ള ഒരു സമീപനവും നിർബന്ധബുദ്ധിയുമാണ് അക്കാലത്ത് കോൺഗ്രസ് ഗവൺമെന്റുകൾ സ്വീകരിച്ചിട്ടുള്ളതെന്ന് നമുക്ക് കാണാൻ കഴിയും. സ്വകാര്യ മേഖലയെ അളവറ്റ് പ്രോത്സാഹിപ്പിക്കാനും പൊതുമേഖലയെ മുച്ചൂടും തകർക്കാനുമുള്ള കോൺഗ്രസ് നയങ്ങളുടെ നേരവകാശികളും പിന്തുടർച്ചക്കാരുമായി പിന്നീടുവന്ന ബി.ജെ.പി. മാറുന്ന കാഴ്ചയാണ് നമ്മുടെ രാജ്യം കണ്ടത്. ബി.ജെ.പി. ഗവൺമെന്റിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിക്കുന്നതിനും സ്വകാര്യവൽക്കരിക്കുന്നതിനും മാത്രമായി ഒരു വകുപ്പും വകുപ്പിനൊരു മന്ത്രിയും അവതരിക്കുന്നതും ചരിത്രത്തിലാദ്യമായി നാം കാണേണ്ടതായി വന്നു. പൊതു മേഖലാവിരുദ്ധ സമീപനം സ്വീകരിക്കുന്ന കോൺഗ്രസിന്റെ അതേ നയങ്ങളെ ബി.ജെ.പി.-യും നിർലജ്ജം പിന്തുടർന്നു. ആ സമീപനം ഇപ്പോഴും തുടരുകയാണ്. ഇന്നലെകളിലെ കോൺഗ്രസ്സാണ് ഇന്നത്തെ ബി.ജെ.പി. എന്നുപറയുന്നത് ആലങ്കാരികമായ ഒരു പ്രയോഗം മാത്രമല്ല, നയങ്ങളുടെയും സമീപനങ്ങളുടെയും അടിസ്ഥാനത്തിൽ അർത്ഥപൂർണ്ണമായ ഒരു വിലയിരുത്തൽ തന്നെയാണ്. ഇതിന്റെയെല്ലാം തുടർച്ചയായിവേണം ഇപ്പോഴത്തെ ബി.ജെ.പി. ഗവൺമെന്റ് പൊതുമേഖലയോട് പുലർത്തുന്ന ശത്രുതാമനോഭാവത്തെ നാം ചർച്ച ചെയ്യേണ്ടത്.

പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ചരമഗീതമെഴുതുന്ന ഇത്തരം പ്രതികാര നടപടികളുമായി കേന്ദ്ര സർക്കാർ നീങ്ങുമ്പോഴും കേരള സർക്കാരിന്റെ പരിമിതി കൾക്കുള്ളിൽനിന്ന് പരിമിതമായ സംസ്ഥാനാധികാരം ഉപയോഗിച്ചുകൊണ്ട് പൊതു മേഖലയെ സഹായിക്കാനും സംരക്ഷിക്കാനും സാധ്യമായ സമീപനങ്ങളാണ് നമ്മുടെ സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. സംസ്ഥാനത്തെ ബഡ്ജറ്റ് വിഹിതത്തിൽ പൊതുമേഖലാ സ്ഥാപനങ്ങൾക്കുവേണ്ടി നീക്കിവയ്ക്കുന്ന വിഹിതം കാലാനുസൃതമായി വർദ്ധിച്ചുവരുന്നത് കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുകയുണ്ടായി. 2012-13-ൽ 1526.71 കോടി രൂപയാണ് സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ വളർച്ചയ്ക്കുവേണ്ടി സംസ്ഥാന ഗവൺമെന്റ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. 2016-17 കാലത്ത്, ഈ കഴിഞ്ഞ വർഷം, 2323.32 കോടി രൂപയായി അത് വർദ്ധിച്ചുവെന്ന് കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു. ഇതിനുപുറമെ വായ്പ, വായ്പയുടെ പലിശ, പിഴപ്പലിശ എന്നിങ്ങനെ സ്വാഭാവികമായും ഒരു പൊതുമേഖലാ സ്ഥാപനത്തെ തകർച്ചയിലേയ്ക്ക് നയിക്കുന്ന പ്രതികൂല ഘടകങ്ങൾ ഇല്ലാതാക്കാൻ വായ്പയും പലിശയും പിഴപ്പലിശ യുമെല്ലാം എഴുതിത്തള്ളാനും അത് സർക്കാർ ഏറ്റെടുക്കാനുമുള്ള നടപടികളും സ്വീകരിച്ചിരിക്കുകയാണ്. ഇത് രണ്ട് രാഷ്ട്രീയ കാഴ്ചപ്പാടുകളാണ്. കോൺഗ്രസും ബി.ജെ.പി.-യും ഇന്ത്യൻ പൊതുമേഖലയുടെ അന്തകരായി മാറുമ്പോൾ പൊതുമേഖലയെ ശക്തിപ്പെടുത്താനും സംരക്ഷിക്കാനുമുള്ള നടപടികളുമായിട്ടാണ് സംസ്ഥാന ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. മറ്റ് ഇളവുകൾ നൽകാനും നമ്മുടെ ഗവൺമെന്റ് സന്നദ്ധ മായിട്ടുണ്ട്. നമുക്കറിയാം, പൊതുമേഖലാ സ്ഥാപനങ്ങളെ തകർക്കുന്ന നിലപാടാണ് കേന്ദ്ര ഗവൺമെന്റ് തുടർച്ചയായി സ്വീകരിക്കുന്നത്. ഇപ്പോഴത്തെ കേന്ദ്ര ഗവൺമെന്റ് കേന്ദ്ര വിദേശകാര്യ സഹമന്ത്രിയായ ശ്രീ. വി. കെ. സിംഗ്, റഫേൽ ഇടപാടിൽ ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ് ലിമിറ്റഡ് (എച്ച്.എ.എൽ.)-നെ ഒഴിവാക്കിയത് സംബന്ധിച്ച് വിശദീകരിക്കുന്ന സമയത്ത്, ഒരു കേന്ദ്രമന്ത്രി ഒരിക്കലും പരാമർശിക്കാൻ പാടില്ലാത്തവിധം ഒരു മികച്ച പൊതുമേഖലാ സ്ഥാപനത്തെ അധിക്ഷേപിക്കുന്ന പരസ്യപ്രസ്താവന നടത്താൻ തയ്യാറാകുകയുണ്ടായി. അതുപോലെതന്നെയാണ് ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡ് (ബി.ഇ.എം.എൽ.) സ്വകാര്യവൽക്കരണത്തിന്റെ വിലയായി 518 കോടി രൂപ നിശ്ചയിക്കുകയാണ് കേന്ദ്ര ഗവൺമെന്റ് ചെയ്തത്. ഇപ്പോൾ നമ്മളറിയുന്നു, ആ കേന്ദ്ര പൊതുമേഖലാ സ്ഥാപനം 3015 കോടി രൂപയുടെ കരാർ രാജ്യാന്തര ടെണ്ടറിലൂടെ നേടിയെന്ന്. 56,000 കോടി രൂപയുടെ ആസ്തിയുള്ള സ്ഥാപനമാണ് ബി.ഇ.എം.എൽ. അത്രയും രൂപയുടെ ആസ്തിയുള്ള സ്ഥാപനത്തെ 518 കോടി രൂപയ്ക്ക് വിൽക്കാൻ തീരുമാനിക്കുന്ന ഒരു ഗവൺമെന്റാണ് ഇന്ത്യ ഭരിക്കുന്നതെന്നത് എല്ലാ ഇന്ത്യക്കാർക്കും അപമാനകരമായിട്ടുള്ള ഒരു കാര്യമാണ്. ഇത് ബി.ഇ.എം.എൽ.-ന്റെ കാര്യത്തിൽ മാത്രമല്ല, നമ്മുടെ കൊച്ചിൻ

ഷിപ്പ്യാർഡിനെ തകർക്കുന്ന സമീപനം സ്വീകരിക്കുന്നു. ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസ് ട്രാവൻകൂർ ലിമിറ്റഡ് (എഫ്.എ.സി.റ്റി.), ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ് (എച്ച്.ഒ.സി.) എന്നിവയെയും തകർക്കുന്ന സമീപനം കേന്ദ്രഗവൺമെന്റ് സ്വീകരിക്കുകയാണ്. പ്രത്യേക പ്രാധാന്യമുള്ള കേരളത്തിന്റെ അഭിമാനമായ ഒരു മിനിരത്നാ കമ്പനിയായ 1250 കോടി രൂപയുടെ വാർഷിക വിറ്റുവരവുള്ള ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ് (എച്ച്.എൽ.എൽ.) ലൈഫ് കെയറിനെ സ്വകാര്യവൽക്കരിക്കാനുള്ള നടപടികൾ അതിന്റെ അവസാന ഘട്ടത്തിൽ എത്തി നിൽക്കുകയാണ്. ഈ ശ്രദ്ധ ക്ഷണിക്കലിന്റെ ഭാഗമായി പ്രത്യേകമായി ചൂണ്ടി ക്കാണിക്കാനാഗ്രഹിക്കുന്ന കാര്യം ഇങ്ങനെ ഓരോരോ സ്ഥാപനങ്ങളെയായി നഷ്ടത്തിലാക്കാനും ആ പേരുപറഞ്ഞ് സ്വകാര്യവൽക്കരിക്കാനും ആസൂത്രിതമായ നീക്കംനടത്തുമ്പോഴും നാം നമ്മുടെ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിന് ഇച്ഛാശക്തിയോടുകൂടി മുന്നോട്ടുപോകുകയാണ്. പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് എന്നിവയെ സംരക്ഷിച്ച നടപടി പ്രത്യേകമായി ശ്രദ്ധിക്കേണ്ടതാണ്. പ്രതിസന്ധിയെ മറികടന്ന് ഏതെങ്കിലും തരത്തിൽ മുന്നോട്ടുപോകാൻ ഒരു രൂപയുടെ കേന്ദ്രസഹായം ഈ സ്ഥാപനങ്ങൾക്ക് ലഭിച്ചിട്ടില്ല. പക്ഷെ, ഈ രണ്ട് സ്ഥാപനങ്ങളും ഏറ്റെടുക്കാൻ നമ്മുടെ സംസ്ഥാന ഗവൺമെന്റ് തയ്യാറായി. ഇത് പൊതുമേഖലാ സ്ഥാപനങ്ങളുടെ ചരിത്രത്തിലെ സുപ്രധാനമായ ഒരു നാഴികക്കല്ലാണ്.

<u>മി. ചെയർമാൻ</u>: ശ്രീ. എം. സ്വരാജ്, അവസാനിപ്പിക്കൂ പ്ലീസ്.

<u>ശ്രീ. എം. സ്വരാജ്</u>: സർ, ഞാൻ അവസാനിപ്പിക്കുന്നു. പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡും ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡും ഏറ്റെടുക്കാൻ സംസ്ഥാന ഗവൺമെന്റ് സന്നദ്ധമാണെന്ന് കേന്ദ്ര ഗവൺമെന്റിനെ പലതവണ അറിയിച്ചിട്ടും അതിന് അനുകൂലമായ നടപടി സ്വീകരിക്കാതെ ഈ രണ്ട് സ്ഥാപനങ്ങളും ലേലത്തിന് വയ്ക്കുകയാണ്, വേണമെങ്കിൽ സ്റ്റേറ്റ് ഗവൺമെന്റ് ലേലത്തിൽ മറ്റ് സ്വകാര്യ കുത്തക കമ്പനികളുമായി മത്സരിക്കട്ടെ എന്ന സമീപനമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. ഫെഡറൽ സംവിധാനം നിലനിൽക്കുന്ന ഒരു രാജ്യത്ത് കേന്ദ്ര ഗവൺമെന്റ് ഒരു സംസ്ഥാന ഗവൺ മെന്റിനോട് 'നിങ്ങൾ ഒരു സ്വകാര്യ കുത്തക കമ്പനിയെപ്പോലെയാണ് ഞങ്ങൾക്ക്, നിങ്ങൾ വേണമെങ്കിൽ ലേലത്തിൽ പോയി മത്സരിച്ചോളൂ' എന്നുപറയുന്ന അങ്ങേയറ്റം ഹീനമായ നടപടിയാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. ഇത് നമ്മുടെ സംസ്ഥാനത്തിലെ പൊതുമേഖലാ വ്യവസായങ്ങളുടെ വളർച്ചയെ, മുന്നോട്ടുള്ള പോക്കിനെ സാരമായി ബാധിക്കും. അതുകൊണ്ട് അതീവ ഗുരുതരമായ ഈ സാഹചര്യം, പൊതുമേഖലാ സ്ഥാപനങ്ങളെയും സംസ്ഥാന ഗവൺമെന്റിനെത്തന്നെയും ശത്രുവായി കണക്കാക്കുന്ന

ഈ കേന്ദ്ര സമീപനത്തിൽ മാറ്റമുണ്ടാകേണ്ടതുണ്ട്. സ്ഥാപനങ്ങളെ പുനരുദ്ധരിക്കാനും കേന്ദ്ര നിക്ഷേപത്തിനും ഗവൺമെന്റിനെ സന്നദ്ധമാക്കേണ്ടതുണ്ട്. ഇക്കാര്യങ്ങൾക്കു വേണ്ടി സംസ്ഥാന ഗവൺമെന്റിന് പ്രത്യേകമായി സമ്മർദ്ദം ചെലുത്താൻ സാധിക്കണം. കേരളത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കാനാകണം. അതിനാവശ്യമുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ സർക്കാരിനോട് അഭ്യർത്ഥിക്കാനുള്ളത്.

[11.00 am]

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, കേന്ദ്ര ഗവൺമെന്റ് അനുവർത്തിച്ചുവരുന്ന സ്വകാര്യവൽക്കരണനയം കേരളത്തിന്റെ പൊതുമേഖലാ സ്ഥാപനങ്ങളെയെല്ലാം തകർക്കുക എന്നുള്ളതാണ്. ദേശീയനയത്തിന്റെ ഭാഗമായിട്ടാണ് കേരളവും ഈ പ്രശ്നം അനുഭവിച്ചുകൊണ്ടിരിക്കുന്നത്. നീതി ആയോഗിന്റെ ശിപാർശ പ്രകാരം സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ കേന്ദ്ര സർക്കാർ വിറ്റഴിക്കുന്ന നീക്കം നമ്മുടെ വ്യവസായത്തിന്റെ വളർച്ചയെ പ്രതികൂലമായി ബാധിക്കുന്നതാണ്. അതോടൊപ്പംതന്നെ ആ സ്ഥാപനങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന തൊഴിലാളികളും ജീവനക്കാരും അതുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അനുബന്ധ വ്യവസായങ്ങൾ, വ്യാപാരങ്ങൾ, ബഹുജനങ്ങൾ എന്നിവയെയെല്ലാം ഈ നയം പ്രതികൂലമായി ബാധിച്ചുകൊണ്ടിരിക്കുകയാണ്. പൊതുമേഖലാസ്ഥാപനങ്ങളെ സംരക്ഷിക്കുക എന്ന നയമാണ് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. സംസ്ഥാന സർക്കാരിന്റെ അധീനതയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെയെല്ലാം മെച്ചപ്പെടുത്തിയെടുക്കാനുള്ള സത്വരനടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. പൊതുമേഖലയിൽ വ്യവസായങ്ങളെ നിലനിർത്തിക്കൊണ്ട് മത്സരക്ഷമതയുള്ള നിലപാട് വളർത്തിയെടുത്ത് വ്യവസായത്തെ ശക്തിപ്പെടുത്താനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. കേന്ദ്രസർക്കാർ സ്വകാര്യവൽക്കരണം നയമായി തീരുമാനിച്ചിരിക്കുകയാണ്. പൊതുമേഖലാ സ്ഥാപനമായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റ് സംസ്ഥാന സർക്കാർ ഏറ്റെടുക്കാൻ ഉത്തരവാകുകയും തുടർന്ന് ഇൻസ്ട്രുമെന്റേഷൻ കേരള ലിമിറ്റഡ് എന്ന പേരിൽ സംസ്ഥാനത്തിന്റെ നിയന്ത്രണത്തിലുള്ള ഒരു പുതിയ കമ്പനി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തെ സ്വകാര്യവൽക്കരിക്കാനുള്ള നീക്കം കേന്ദ്രഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായപ്പോൾ കേരളം അത് ഏറ്റെടുക്കാൻ സന്നദ്ധമാണെന്നറിയിക്കുകയും അതിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. അതുപോലെതന്നെ കാസർഗോഡ് ജില്ലയിൽ പ്രവർത്തിച്ചുവരുന്ന ബി.എച്ച്.ഇ.എൽ. എന്ന സംയുക്ത സംരംഭത്തിൽ സംസ്ഥാനത്തിന് 49 ശതമാനവും കേന്ദ്രത്തിന് 51 ശതമാനവും ഓഹരികളാ

ണുള്ളത്. കേന്ദ്രഗവൺമെന്റ് അവരുടെ 51 ശതമാനം ഓഹരികൾ വിറ്റഴിക്കാൻ തീരുമാനിക്കുകയും പ്രസ്തുത ഓഹരികൾ വിറ്റഴിക്കുന്നത് മനസ്സിലാക്കി കേരള ഗവൺമെന്റ് അത് ഏറ്റെടുക്കാൻ സന്നദ്ധമാണെന്നറിയിക്കുകയും ഓഹരികൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരിക്കുകയുമാണ്. കേരള ഗവൺമെന്റിന്റെ ഈ നിലപാട് ബി.എച്ച്.ഇ.എൽ. ബോർഡ് അംഗീകരിച്ചിട്ടുണ്ട്. അതിന്റെ എഗ്രിമെന്റ് ഫോർ സെയിലിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. സംസ്ഥാന ഗവൺമെന്റ് ഇതിന്റെ എല്ലാ കാര്യങ്ങളും പരിശോധിച്ചുവരികയാണ്. കേന്ദ്ര ഗവൺമെന്റിൽ ഈ ആവശ്യമുന്നയിച്ച് ശക്തമായിത്തന്നെ ഇടപെടുകയും ചെയ്തിട്ടുണ്ട്. കേന്ദ്രഗവൺമെന്റും ഇത് പരിശോധിച്ചുകൊണ്ടിരിക്കുകയാണെന്നാണ് ബി.എച്ച്.ഇ.എൽ. അറിയിച്ചിട്ടുള്ളത്. ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ് എന്ന പേരിൽ ആരംഭിച്ച് കേരളത്തിൽ ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന മിനിരത്ന വിഭാഗത്തിൽപ്പെടുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമാണ് പിന്നീട് പുനർനാമകരണം ചെയ്ത് എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡ് എന്നപേരിൽ പ്രവർത്തനമാരംഭിച്ചിട്ടുള്ള സ്ഥാപനം. ലാഭത്തിൽ പ്രവർത്തിക്കുന്ന കമ്പനിയെ സ്വകാര്യവൽക്കരിക്കാനുള്ള നീക്കമാണ് കേന്ദ്രഗവൺമെന്റ് ചെയ്തത്. ഹൈക്കോടതി മുമ്പാകെ സ്വകാര്യ വൽക്കരണത്തിനെതിരായിട്ടുള്ള കേസ് ഫയൽ ചെയ്തു. ഹൈക്കോടതിയുടെ വിധിന്യായത്തിൽ സർക്കാരിന്റെ നയതീരുമാനങ്ങളിൽ കോടതിക്ക് ഇടപെടാൻ കഴിയില്ലെന്ന് രേഖപ്പെടുത്തിയിരിക്കുകയാണ്. കൊച്ചിയിലെ അമ്പലമുകളിൽ പ്രവർത്തിക്കുന്ന എഫ്.എ.സി.റ്റി.-യുടെ അധീനതയിൽ 481 ഏക്കർ ഭൂമിയുണ്ട്. എഫ്.എ.സി.റ്റി. പൂർണ്ണമായും തകർന്നുകൊണ്ടിരിക്കുകയാണ്. എഫ്.എ.സി.റ്റി.-യുടെ അധീനതയിലുള്ള 481 ഏക്കർ ഭൂമി കിഫ്ബി ഫണ്ടുപയോഗിച്ച് പെട്രോ കെമിക്കൽ പാർക്ക് സ്ഥാപിക്കുന്നതിന് വ്യവസായ വകുപ്പ് നടപടികൾ സ്വീകരിച്ചു വരികയാണ്. ഇതുമായി ബന്ധപ്പെട്ട് എഫ്.എ.സി.റ്റി.-യുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. എന്നാൽ ഭൂമി കൈമാറുന്നത് സംബന്ധിച്ച് കേന്ദ്ര ക്യാബിനറ്റ് തീരുമാനിക്കണം. ആ തീരുമാനം ഇതുവരെ ലഭ്യമായിട്ടില്ല. സർക്കാർ ഏറ്റെടുത്ത് നൽകിയ എച്ച്.എം.റ്റി.-യുടെ കൈവശമുള്ള ഭൂമി സംസ്ഥാനത്തിന് തിരികെ നൽകണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. അനുകൂലമായ പ്രതികരണമൊന്നും ഇതുവരെയു ണ്ടായിട്ടില്ല. കേരളത്തിലെ സ്ഥാപനങ്ങൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നതുമൂലമോ തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുന്നതുകൊണ്ടോ അല്ല കേന്ദ്രം ഈ നയം സ്വീകരിക്കുന്നത്. സ്വകാര്യവൽക്കരണമെന്ന കേന്ദ്രഗവൺമെന്റിന്റെ നയത്തിന്റെ ഭാഗമായിട്ടാണ് സംസ്ഥാനത്തുള്ള ഇത്തരം വ്യവസായങ്ങൾ വിറ്റഴിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നത്. സംസ്ഥാനത്തിന്റെ ആസ്തികൾ അന്യാധീനപ്പെട്ടുപോകാതിരിക്കാൻ, തൊഴിൽ സംരക്ഷണം ഉറപ്പുവരുത്താൻ വ്യവസായത്തിന്റെ പൊതുവളർച്ചയും സംസ്ഥാനത്തിന്റെ മൊത്തം വളർച്ചയും ആവശ്യമായിട്ടുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. കേന്ദ്രസർക്കാരിന്റെ വിറ്റഴിക്കൽ നയത്തിനെതിരെ ഒന്നായി

നിന്നുകൊണ്ടുതന്നെ പ്രതിരോധിക്കേണ്ടതുണ്ട്. കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങൾ ഇത്തരമൊരു നിലപാട് സ്വീകരിക്കുമ്പോൾ, ഈ സ്ഥാപനങ്ങൾക്കെല്ലാം നൽകിയിട്ടുള്ള ഭൂമി കേരളാ ഗവൺമെന്റ് ലീസിന് കൊടുക്കുകയോ സൗജന്യമായി കൊടുക്കുകയോ ചെയ്തിട്ടുള്ളതാണ്. ഒരുകാലത്ത് കേരളം വ്യാവസായികമായി വളരെയധികം പിന്നോക്കം നിൽക്കുന്ന ഘട്ടത്തിൽ വ്യാവസായിക വളർച്ചയ്ക്ക് ഗവൺമെന്റ് ഭൂമി നൽകി വ്യവസായങ്ങൾ കൊണ്ടുവന്ന് പ്രവർത്തിപ്പിച്ചിരുന്നു. ഇത്തരത്തിൽ സ്വകാര്യ മേഖലയിലുമുണ്ട്. ഉദാഹരണമായി, കോഴിക്കോട് മാവൂർ ഗ്വാളിയോർ റയോൺസ്, പെരുമ്പാവൂർ റയോൺസ് എന്നീ രണ്ട് സ്ഥാപനങ്ങളും തകർന്നിരിക്കുകയാണ്. ഈ രണ്ട് സ്ഥാപനങ്ങളുടെയും ഭൂമി ഏറ്റെടുത്ത് ആ ഭൂമിയിൽ ഇനി എന്ത് ആരംഭിക്കാൻ കഴിയുമെന്ന കാര്യത്തെക്കുറിച്ച് വിശദമായ പഠനം നടത്തിക്കൊണ്ടിരിക്കുകയാണ്. അതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുകയാണ്. കേരളത്തിലെ വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനും പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും വേണ്ടിയുള്ള സത്വര നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. അതുകൊണ്ട് കേന്ദ്ര ഗവൺമെന്റിന്റെ ഈ സ്വകാര്യവൽക്കരണത്തിനും കേരളത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പൊതു മേഖലാസ്ഥാപനങ്ങൾ തകർക്കാനുള്ള നീക്കത്തിനുമെതിരായി ശക്തമായ നിലപാട് കേരള ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെയും ബന്ധപ്പെട്ട മന്ത്രിമാരെയും ഈ കാര്യം അറിയിക്കുകയും ചെയ്തിട്ടുണ്ട്.

<u>ശ്രീ. എം. സ്വരാജ്</u>: സർ, പലകാര്യങ്ങളിലും സവിശേഷമായ ഒരു കേരള മാതൃക സൃഷ്ടിച്ചിട്ടുള്ളവരാണ് നമ്മൾ. കേന്ദ്ര ഗവൺമെന്റിന്റെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളോടുള്ള സമീപനം ഇവിടെ വ്യക്തവുമാണ്. സ്വകാര്യവൽക്കരണത്തിന്റെ പാതയിലും കമ്മീഷൻ പറ്റുന്നതിലും മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടുള്ള മുമ്പോട്ടു പോക്കാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അതിനെതിരെ കേരളത്തിന്റേതായ ഒരു പ്രതിരോധം വളർത്തിയെടുക്കാൻ നമ്മുടെ വിഭവങ്ങൾവച്ചും പരിമിതമായ സാദ്ധ്യതകളുപയോഗപ്പെടുത്തിയും കേരളത്തിന് ഇണങ്ങുന്ന കൂടുതൽ വ്യവസായ സ്ഥാപനങ്ങൾ പൊതുമേഖലയിൽ ആരംഭിച്ചുകൊണ്ട് വ്യത്യസ്തമായ ഒരു സന്ദേശം ഇന്ത്യൻ പൊതുമേഖലയ്ക്കും കേരളത്തിലെ വ്യവസായമേഖലയ്ക്കും നൽകാൻ നമുക്ക് സാധിക്കുമോ; ആ ദിശയിലുള്ള തീരുമാനമെടുക്കാൻ വ്യവസായ വകുപ്പ് തയ്യാറാകുമോ?

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, കേരളത്തിന്റെ സാദ്ധ്യതയെക്കുറിച്ച് വിശദമായ പഠനം നടത്തിക്കൊണ്ട് ആവശ്യമായ പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ റിയാബ്-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായിത്തന്നെ കേരളത്തിൽ ചില പുതിയ സംരംഭങ്ങൾ ആരംഭിക്കാനുള്ള നടപടികളും തുടങ്ങിയിരിക്കുകയാണ്. കേരളത്തിന്റെ പ്രധാനപ്പെട്ട വിളയായ നെല്ല് സംഭരിക്കാനും ആ നെല്ല് അരിയാക്കാനും കഴിയത്തക്കനിലയിലുള്ള ഒരു പുതിയ സംരംഭത്തിനും കേരളം

കാർഷികാധിഷ്ഠിതമായിട്ടുള്ള ഒരു സംസ്ഥാനമായതിനാൽ കേരളത്തിന്റെ പ്രധാനപ്പെട്ട കാർഷികോൽപ്പന്നമായ തെങ്ങുംതടി ഉപയോഗിച്ചുകൊണ്ടുള്ള വ്യവസായങ്ങൾ ഉപയോഗപ്പെടുത്താനും നമുക്ക് സാധിക്കണം. റബ്ബർ അധിഷ്ഠിതമാണ് കേരളം. റബ്ബർ ഉൽപ്പന്നങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ കഴിയത്തക്കരീതിയിലുള്ള നടപടികൾ ഗവൺമെന്റ് ആലോചിച്ചുവരുന്നു. പുതിയ സംരംഭങ്ങൾക്ക് രൂപം കൊടുത്തുകൊണ്ടുള്ള വിശദമായ നടപടികൾ സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്. തീർച്ചായായിട്ടും പുതിയ സംരംഭങ്ങൾ ഉണ്ടാകുമെന്നാണ് എനിക്ക് സഭയുടെ മുമ്പാകെ വ്യക്തമാക്കാനുള്ളത്.

(2) അവയവ ദാനം

ശ്രീ. മഞ്ഞളാംകുഴി അലി: സർ, വളരെപ്പെട്ടെന്ന് തീരുമാനം ലഭിക്കേണ്ട പ്രധാനപ്പെട്ടൊരു കാര്യത്തിലേയ്ക്കാണ് ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. മാറ്റിവയ്ക്കാൻ അവയവങ്ങൾ ഇല്ലാത്തതിനാൽ മാത്രം ലോകത്ത് ഓരോ മിനിട്ടും 18 പേർ മരണത്തിന് കീഴടങ്ങുന്നതായാണ് കണക്കുകൾ തെളിയിക്കുന്നത്. ജീവിച്ചിരിക്കുമ്പോഴും മരണാനന്തരവുമുള്ള അവയവദാനം വഴി ഈ ലോകത്ത് തുടരാൻ ചിലർക്കുകൂടി അവസരമുണ്ടാകുകയാണ്. നമ്മുടെ സംസ്ഥാനത്തും ഏതെങ്കിലുമൊരു അവയവത്തിന്റെയോ അവയവങ്ങളുടേയോ പ്രവർത്തന പരാജയംകൊണ്ടുമാത്രം രോഗികൾ മരണമടയുന്ന സ്ഥിതിവിശേഷം ഉണ്ടാകരുതെന്ന് മനസ്സിലാക്കിയാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മരണാനന്തര അവയവദാന പദ്ധതി അല്ലെങ്കിൽ 'മൃതസഞ്ജീവനി' പദ്ധതി 2012-ൽ ആരംഭിച്ചത്. മനുഷ്യാവയവങ്ങൾ മാറ്റിവയ്ക്കുന്നതുമായി ബന്ധപ്പെട്ട് ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ 1994-ലെ മനുഷ്യാവയവങ്ങൾ മാറ്റിവയ്ക്കൽ ആക്ടും 2011-ലെ മനുഷ്യാവയവങ്ങളുടേയും കലകളുടേയും മാറ്റിവയ്ക്കൽ ഭേദഗതി ആക്ടും അനുശാസിക്കും പ്രകാരമാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇത്തരമൊരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയത്. പദ്ധതി ആവിഷ്കരിച്ചതിനുശേഷമുള്ള ആദ്യവർഷങ്ങളിലെ കണക്കുകൾ പരിശോധിച്ചാൽ 2013-ൽ 36, 2014-ൽ 58, 2015-ൽ 76, 2016-ൽ 72 എന്നിങ്ങനെയാണ് ഈ പദ്ധതിവഴി സംസ്ഥാനത്ത് മരണാനന്തര അവയവദാനങ്ങൾ നടന്നതെന്നും അതുവഴി 2013-ൽ 88-ഉം 2014-ൽ 156-ഉം 2015-ൽ 218-ഉം 2016-ൽ 199-ഉം രോഗികൾക്കാണ് അവയവമാറ്റം വഴി പുതുജീവൻ ലഭിച്ചതെന്നുമാണ് കണക്കുകൾ വ്യക്തമാക്കുന്നത്. എന്നാൽ മരണാനന്തര അവയവദാനത്തിലെ വാണിജ്യ താല്പര്യങ്ങൾ ഒഴിവാക്കുന്നതിനും മസ്തിഷ്കമരണ സ്ഥിരീകരണം കൂടുതൽ കുറ്റമറ്റതും സുതാര്യമാക്കുന്നതിനുംവേണ്ടി 1-2-2017-ൽ G.O.No.16/2017/H&FWD പ്രകാരവും 3-4-2018-ൽ G.O.No.53 പ്രകാരവും പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. വ്യവസ്ഥകൾ സദുദ്ദേശ്യപരമെങ്കിലും പ്രസ്തുത ഉത്തരവുകൾ നിലവിൽവന്നശേഷം സർക്കാർ

പദ്ധതിയായ മൃതസഞ്ജീവനി വഴിയുള്ള മരണാനന്തര അവയവദാനത്തിലുണ്ടായ കുറവ് ആശങ്കാജനകമാണ്. കേരള നെറ്റ്‌വർക്ക് ഫോർ ഓർഗൻ ഷെയറിംഗ് (കെ.എൻ.ഒ.എഫ്.)- ന്റെ കണക്കുകൾ പ്രകാരം 2017-ൽ ഇത് 18 ആയി കുറഞ്ഞപ്പോൾ 2018-ൽ ഇത് കേവലം ഒന്നുമാത്രമാണെന്നത് പദ്ധതിപ്രകാരം രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്ന രോഗികളെ സംബന്ധിച്ച് ഞെട്ടിപ്പിക്കുന്നതാണ്. 2013-ൽ 36, 2014-ൽ 58, 2015-ൽ 76, 2016-ൽ 72 എന്നത് ഇപ്പോൾ ഒന്നായി ചുരുങ്ങിയെന്നതാണ് സങ്കടകരമായ സ്ഥിതി. അവയവദാനത്തിനായി ഏകദേശം 7.5 ലക്ഷംപേർ സമ്മതപത്രം ഒപ്പിട്ടുനൽകിയിട്ടുണ്ടെങ്കിലും ബന്ധുക്കളുടെ സമ്മതത്തോടെയല്ല എന്നതും മസ്തിഷ്കമരണം സ്ഥിരീകരിക്കുന്നതിൽ കർശന വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചതുമൊക്കെ മരണാനന്തര അവയവദാനം കുറയാൻ ഇടയാക്കിയിട്ടുണ്ട്. സർക്കാർ പുറപ്പെടുവിച്ച പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം മസ്തിഷ്കമരണം സ്ഥിരീകരിക്കുന്നതിന് നാല് ഡോക്ടർമാരുടെ ഒരു സംഘം സർട്ടിഫൈ ചെയ്യണമെന്നും അതിൽ രണ്ടുപേർ പുറത്തുള്ള ആശുപത്രിയിൽ നിന്നാകണമെന്നും ഒരാൾ സർക്കാർ ഡോക്ടറാകണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പലപ്പോഴും ഡോക്ടർമാരെ കിട്ടാറില്ല. ഡോക്ടർമാരുടെ അഭാവംകാരണം പ്രത്യേകിച്ച് സ്വകാര്യ ആശുപത്രികൾ മരണാനന്തര അവയവദാനത്തിന് സമ്മതമുള്ള കേസുകളിൽ ഉണ്ടാകുന്ന മസ്തിഷ്കമരണങ്ങൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്ത സാഹചര്യവുമുണ്ടാകുന്നുണ്ട്. റോഡപകടങ്ങളിലും മറ്റുമായി പ്രതിവർഷം ആയിരത്തോളം പേരാണ് സംസ്ഥാനത്ത് മസ്തിഷ്കമരണമടയുന്നത്. പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്തതിൽ യഥാസമയം അവയവം കിട്ടാത്തതിനെത്തുടർന്ന് കഴിഞ്ഞ വർഷംമാത്രം 56 പേർ മരണപ്പെട്ടിട്ടുണ്ടെന്നാണ് കണക്കുകൾ പറയുന്നത്. വൃക്കരോഗികൾ കൂടിവരുന്ന നമ്മുടെ സംസ്ഥാനത്ത് വൃക്കയ്ക്കുമാത്രമായി 1765 പേരും കരളിനായി 353 പേരും ഹൃദയത്തിനായി 33 പേരും ശ്വാസകോശത്തിനായി 3 പേരും പദ്ധതിപ്രകാരം രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്നുവെന്നാണ് കാണുന്നത്. ഇതിൽ ഉൾപ്പെടാത്തവരുടെ എണ്ണം ഇതിലും എത്രയോ വലുതാണ്. കോടിക്കണക്കിന് രൂപ മറിയുന്ന വിപണിയായി അവയവ കച്ചവട വിപണി മാറിയിട്ടുണ്ടെന്ന് അംഗീകരിക്കുമ്പോൾ തന്നെ നിയമത്തിലെ സങ്കീർണ്ണതകൾ ഒന്നുകൊണ്ടുമാത്രം അവയവദാനമെന്ന മഹത്തായ കാര്യം നടക്കാതെപോകാൻ പാടില്ല. കൂടാതെ മസ്തിഷ്കമരണം സംബന്ധിച്ച് തെറ്റായ പല വാർത്തകളും സമൂഹമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്നതും തടയേണ്ടതുണ്ട്. ജീവിച്ചിരിക്കുന്നവർ തമ്മിലുള്ള അവയവദാനം ഇതിനേക്കാൾ സങ്കീർണ്ണമാണ്. ആതറൈസേഷൻ കമ്മിറ്റികൾ സർക്കാരിന്റെ മാർഗ്ഗനിർദ്ദേശപ്രകാരം അവയവ ദാനത്തിന്റെ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് കർശനമായി പരിശോധിക്കേണ്ടതുണ്ട്. എന്നാൽ ഈ കമ്മിറ്റിക്കുമുമ്പിൽ ഹാജരാക്കേണ്ട ഡോക്യുമെന്റും സർട്ടിഫിക്കറ്റുകളും ഹാജരാക്കേണ്ടിവരുന്ന രോഗികൾക്കും ദാതാവിനും അവ യഥാസമയം ലഭിക്കാത്ത

അവസ്ഥയുണ്ട്. മാത്രമല്ല, പലപ്പോഴും പല സ്ഥലങ്ങളിൽനിന്നും മാനസിക പീഡനം ഏൽക്കേണ്ടതായും വരുന്നുണ്ട്. ഉദാഹരണത്തിന്, അടുത്ത ബന്ധുക്കളല്ലാത്തവർ തമ്മിലുള്ള അവയവദാനത്തിന് ദാതാവും സ്വീകർത്താവും താമസിക്കുന്ന സ്ഥലത്തെ എസ്.പി. അല്ലെങ്കിൽ ഡിവൈ.എസ്.പി. നൽകുന്ന certificate of altruism എന്ന സർട്ടിഫിക്കറ്റ് ആതറൈസേഷൻ കമ്മിറ്റി മുമ്പാകെ ഹാജരാക്കേണ്ടതുണ്ട്. അതായത് അവയവദാനം ചെയ്യുന്ന വ്യക്തി യാതൊരു സാമ്പത്തിക ലാഭമോ പരപ്രേരണയോ കൂടാതെയാണ് അവയവം ദാനം നടത്തുന്നതെന്നും ദാതാവ് ഒരു ജെനുവിൻ ദാതാവാണെന്നുമാണ് പോലീസ് ഓഫീസർ പരിശോധന നടത്തി സർട്ടിഫിക്കറ്റ് നൽകേണ്ടത്. തീർച്ചയായും പരിശോധന നടത്തിത്തന്നെ ഇത്തരം സർട്ടിഫിക്കറ്റുകൾ നൽകണം. എന്നാൽ നിർവ്യാജമായ ഉദ്ദേശ്യശുദ്ധിയോടും ആത്മാർത്ഥമായ മനുഷ്യത്വത്തോടെയുമുള്ള ദാതാവാണെങ്കിൽപ്പോലും വളരെ മുൻവിധിയോടെ ദാതാവ് ഏതെങ്കിലും അവയവ ലോബിയുടെ ഭാഗമാണെന്ന രീതിയിലാണ് പലപ്പോഴും പോലീസ് ഓഫീസർമാർ പെരുമാറുന്നത്. ദാതാവിനും രോഗിക്കും വളരെയധികം മാനസിക പീഡനം ഏൽക്കേണ്ടിവരികയും മനോവീര്യം തകരുകയും ചെയ്യും. നിർദ്ധനരായ രോഗിക്കും ദാതാവിനും പലപ്പോഴും ഇതിൽ പിടിച്ചുനിൽക്കാൻ കഴിയാതെവരികയും അവസാനം ദാതാവ് ഇതിൽനിന്നും പിൻമാറുകയും രോഗി മരിക്കുകയും ചെയ്യുകയാണ് പതിവ്. അല്ലെങ്കിൽ സർട്ടിഫിക്കറ്റ് യഥാസമയം നൽകാത്ത സ്ഥിതിവിശേഷവും പതിവാണ്. അതുകൊണ്ട് അവയവദാനത്തിലുണ്ടായ പെട്ടെന്നുള്ള കുറവിന്റെ കാരണം കണ്ടെത്തുന്നതിനും മൃതാവസ്ഥയിലായ സർക്കാരിന്റെ മൃതസഞ്ജീവിനി പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനും അവയവദാനത്തിലെ വാണിജ്യതാല്പര്യങ്ങൾ കർശനമായി നിയന്ത്രിച്ചുകൊണ്ടുതന്നെ മരണാനന്തര അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ ബോധവൽകരണം പൊതുസമൂഹത്തിന് നൽകുന്നതിനും ഇതുമായി ബന്ധപ്പെട്ട് നൽകേണ്ട സർട്ടിഫിക്കറ്റുകൾ സമയബന്ധിതമായി നൽകുന്നതിന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്ന കാര്യത്തിലും സർക്കാരിന്റെ അടിയന്തര ശ്രദ്ധ ആവശ്യമാണ്. ജീവനുമുമ്പിൽ വാതിൽ കൊട്ടി അടയ്ക്കരുത് എന്നാണ് മന്ത്രിയോട് എനിക്ക് പറയാനുള്ളത്.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പർ സഭയുടെ ശ്രദ്ധക്ഷണിച്ചിട്ടുള്ളത് ഒരു പ്രധാന വിഷയമാണ്. എന്നാൽ അതിൽ സർക്കാരിന് ചെയ്യാൻ കഴിയുന്ന എല്ലാ ശാസ്ത്രീയമായ കാര്യങ്ങളും ചെയ്തിട്ടുണ്ട്. ജീവനുമുമ്പിൽ വാതിൽ കൊട്ടി അടയ്ക്കുകയല്ല വാതിൽ തുറന്നിടാൻതന്നെയാണ് തീരുമാനിച്ചത്. പക്ഷെ ബഹുമാനപ്പെട്ട മെമ്പർതന്നെ സൂചിപ്പിച്ചിട്ടുള്ള സമൂഹത്തിന്റെ ചില ആശങ്കകൾ സർക്കാരിന് പരിഹരിക്കേണ്ടതുണ്ട്. 1994-ൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ Transplantation of Human Organs Act-ലെ എല്ലാ

നിയമങ്ങളും കർശനമായി പാലിച്ചുകൊണ്ടാണ് മരണാനന്തര അവയവദാന പദ്ധതിയായ മൃതസഞ്ജീവനി 2012 മുതൽ കേരളത്തിൽ നടപ്പിലാക്കിവരുന്നത്. നമുക്ക് ഈ ആക്ടിൽനിന്ന് വ്യതിചലിക്കാൻ കഴിയില്ല. അതുകൊണ്ട് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മൃതസഞ്ജീവനി ആരംഭിക്കുന്ന സമയത്ത് ഈ ആക്ടിലെ വ്യവസ്ഥകൾ കർശനമായി പാലിച്ചുകൊണ്ടുതന്നെയാണ് ആരംഭിച്ചത്. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ പ്രവർത്തിക്കുന്ന Kerala Network for Organ Sharing മുഖേനയാണ് സംസ്ഥാനതലത്തിൽ ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. മരണാനന്തര അവയവദാനം കാര്യക്ഷമമാക്കുന്നതിനായി Kerala Network for Organ Sharing-ന്റെ കീഴിൽ നാല് റീജിയണൽ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. മസ്തിഷ്ക മരണാനന്തര അവയവദാനവുമായി ബന്ധപ്പെട്ട് പാലിക്കേണ്ട മാർഗ്ഗരേഖകൾ 4-2-2012-ലെ സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. 2012-ൽ തന്നെയാണ് ആ മാർഗ്ഗരേഖകളും പുറപ്പെടുവിച്ചിട്ടുള്ളത്. സ്വകാര്യ ആശുപത്രികളിലെ മസ്തിഷ്ക മരണ സ്ഥിരീകരണ പ്രക്രിയ ചോദ്യംചെയ്തുകൊണ്ട് ഡോ. എസ്. ഗണപതി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ പൊതുതാല്പര്യ ഹർജി ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലും നവമാധ്യമങ്ങളിലും വന്ന വാർത്തകൾ പൊതുസമൂഹത്തിൽ മസ്തിഷ്ക മരണ സ്ഥിരീകരണത്തെക്കുറിച്ച് കൂടുതൽ ആശങ്കയുണ്ടാക്കി. തുടർന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ മസ്തിഷ്കമരണ സ്ഥിരീകരണം കൂടുതൽ കുറ്റമറ്റമാക്കുന്നതിനായി 1-2-2017-ൽ നേരത്തെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച ഉത്തരവ് പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. ഹൈക്കോടതിയുടെകൂടി നിർദ്ദേശം അനുസരിച്ചാണ് ആ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളത്. ഇതിൻപ്രകാരം മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നതിനുള്ള നാല് ഡോക്ടർമാരുടെ പാനലിൽ രണ്ട് ഡോക്ടർമാർ മസ്തിഷ്ക മരണം സ്ഥിരീകരണം നടത്തുന്ന ആശുപത്രിക്ക് പുറത്തുള്ളവരായിരിക്കണമെന്നും അതിലൊരാൾ നിർബന്ധമായും സർക്കാർ സർവ്വീസിലുള്ള ഡോക്ടർ ആയിരിക്കണമെന്നും മസ്തിഷ്കമരണം സ്ഥിരീകരിക്കുന്നതിനുവേണ്ടി ആറുമണിക്കൂർ ഇടവേളയിൽ നടത്തുന്ന രണ്ട് Apnoea test വീഡിയോയിൽ പകർത്തണമെന്നും നിഷ്കർഷിക്കുകയുണ്ടായി. മസ്തിഷ്കമരണം സ്ഥിരീകരിക്കാൻ നാല് ഡോക്ടർമാർ വേണമെന്ന് 2012-ലെ ഉത്തരവിലുള്ളതാണ്. 1994-ലെ ആക്ടും അതിനുശേഷം വന്നിട്ടുള്ള 2011-ലെ പരിഷ്കരിച്ച ആക്ടും അനുസരിച്ചുതന്നെയാണ് ഏത് ഗവൺമെന്റായാലും അങ്ങനെയൊരു തീരുമാനമെടുത്തിട്ടുള്ളത്. ഈ ഗവൺമെന്റ് ചെയ്തിട്ടുള്ളത്, ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശം വന്നപ്പോൾ അതിനെ ഒന്നുകൂടി വ്യക്തമാക്കുന്നതിനുവേണ്ടി മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചു. ഇതിനെതിരെ ധാരാളം പ്രചരണങ്ങൾ വന്നിരുന്നു. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ജനങ്ങൾക്കിടയിൽ ഉണ്ടായിട്ടുള്ള ആശങ്കകൾ അകറ്റണമെന്ന് എല്ലാവരും പറയുന്നുണ്ട്. അവയവ കച്ചവടം നടക്കുന്ന,

അവയവ മാഫിയകളും റാക്കറ്റുകളുമുണ്ട് എന്നൊക്കെയുള്ള വൻതോതിലുള്ള പ്രചരണമാണ് വന്നത്. അതുകൊണ്ടുതന്നെ എല്ലാവർക്കും അതിൽ ഉത്കണ്ഠയുണ്ടായിരുന്നു. അത് പരിഹരിക്കുന്നതിനുവേണ്ടിയാണ് നാല് ഡോക്ടർമാരിൽ രണ്ട് ഡോക്ടർമാർ, ഏത് ആശുപത്രിയിലാണോ പരിശോധിക്കുന്നത് ആ ആശുപത്രിക്ക് വെളിയിലുള്ളവരായിരിക്കണമെന്നും അതിലൊരാൾ ഗവൺമെന്റ് ഡോക്ടറായിരിക്കണമെന്നും നിഷ്കർഷിച്ചിരിക്കുന്നത്. അങ്ങനെ പറയാതെ നിവൃത്തിയില്ലാത്തൊരു ഘട്ടത്തിലാണ് അത് പറഞ്ഞത്. എങ്ങനെയാണ് അവയവദാനത്തിന്റെ എണ്ണം കുറയുന്നു എന്നതാണ് പരിശോധിക്കേണ്ടത്. ആരോഗ്യ സർവ്വീസിലെയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെയും ഡോക്ടർമാരെ പാനലിൽ ഉൾപ്പെടുത്തിക്കൊണ്ട് വിശദമായ പട്ടിക തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഡോക്ടർമാരെ കിട്ടുന്നില്ലെന്നുപറയുന്നത് ശരിയല്ല. അതിനുള്ള പട്ടിക തയ്യാറാക്കി അവർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. മസ്തിഷ്കമരണ സ്ഥിരീകരണത്തിൽ അതീവ ജാഗ്രത പുലർത്തുന്നതിനും ഇക്കാര്യത്തിൽ ആശുപത്രികൾ മെഡിക്കൽ എഥിക്സിൽ ഉയർന്ന നിലവാരം പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുമായി സംസ്ഥാന സർക്കാർ വ്യക്തമായ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കണമെന്ന ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അന്തിമ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, മസ്തിഷ്കമരണ സ്ഥിരീകരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് 3-4-2018-ൽ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഞങ്ങൾ 2017-ൽ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടും മാർഗ്ഗനിർദ്ദേശം വിശദമായിത്തന്നെ പുറപ്പെടുവിക്കണമെന്ന ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശംകൂടി വന്നപ്പോൾ 3-4-2018-ൽ ഓരോ കാര്യങ്ങളും സ്പെസിഫൈ ചെയ്തുകൊണ്ട് വളരെ വിശദമായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. മസ്തിഷ്കമരണ സ്ഥിരീകരണവുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന പരാതികളും വിമർശനങ്ങളും പരിഹരിക്കുന്നതിന്റെ ഭാഗമായി കർശന മാർഗ്ഗനിർദ്ദേശങ്ങൾ ഏർപ്പെടുത്തിയതിനെത്തുടർന്ന് മുൻവർഷങ്ങളെ അപേക്ഷിച്ച് 2017-2018 വർഷങ്ങളിൽ മസ്തിഷ്കമരണാനന്തര അവയവദാനത്തിൽ കുറവുണ്ടായിട്ടുണ്ട്. അത് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. എന്നാൽ മൃതസഞ്ജീവനി പദ്ധതി സ്തംഭനാവസ്ഥയിലായിട്ടില്ല. ബ്രെയിൻ ഡെത്ത് സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട കാര്യത്തിലാണ് ഈ കുറവ് വന്നിട്ടുള്ളത്. അവയവദാനമെല്ലാം ബ്രെയിൻ ഡെത്തിന്റെ ഭാഗമായി വരുന്നതല്ല. കണ്ണ് ദാനം ചെയ്യുന്ന ഒരാൾക്ക് ബ്രെയിൻ ഡെത്ത് ഉണ്ടാകണമെന്നില്ല. കോർണിയ എടുക്കുന്നതിന് നേരത്തെ സമ്മതപത്രം ഒപ്പിട്ടിട്ടുണ്ടെങ്കിൽ അത് എടുക്കാവുന്നതാണ്. മറ്റേതെങ്കിലും രീതിയിൽ സ്വാഭാവിക മരണം സംഭവിക്കുന്ന ആളുകൾ അവരുടെ ഡെഡ് ബോഡിയിൽ നിന്നും അവയവങ്ങൾ എടുക്കാവുന്നതാണെന്ന് സ്വമേധയാ സമ്മതപത്രം നൽകിയിട്ടുണ്ടെങ്കിൽ ആ അവയവം എടുക്കുന്നതിനും ഇപ്പോൾ യാതൊരു വിധത്തിലുള്ള തടസ്സവുമില്ല. ജീവിച്ചിരിക്കുമ്പോൾ ഒരാൾക്ക് അവയവം ദാനം

ചെയ്യണമെന്ന് തോന്നുന്ന - കരൾ ദാനം ചെയ്യുന്നുണ്ട്, വൃക്ക ദാനം ചെയ്യുന്നുണ്ട് - അങ്ങനെയുള്ള ദാനമുണ്ട്. അതിന് ഈ ഓർഡർ തടസ്സമേയല്ല. ബ്രെയിൻ ഡെത്തിന്റെ സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ടാണ് പുതിയ ഓർഡർ. ബാക്കി ഒരു അവയവദാനവും പുതിയ ഓർഡറിന്റെ പരിധിയിൽ വരുന്നില്ല. പുതിയ ഓർഡർ ഇറക്കിയതുതന്നെ കോടതി ഉത്തരവിന്റെ ഭാഗമായാണ്. മസ്തിഷ്ക മരണാനന്തര അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനായി ഒരുപാട് കാര്യങ്ങൾ ചെയ്യുകയാണ്. ബ്രെയിൻ ഡെത്തിന്റെ സർട്ടിഫിക്കേഷനിൽ കുറവ് വന്നിട്ടുണ്ടെന്നത് ശരിയാണ്. അക്കാര്യം ഗൗരവമായി പരിശോധിക്കുകയാണ്. മൃതസഞ്ജീവനി പദ്ധതിയിൽ കുറവ് വന്നിട്ടുണ്ടെന്നത് വസ്തുതയാണ്. അത് ധാരാളം ആളുകൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. ഇതെങ്ങനെ മാറ്റിയെടുക്കാമെന്നാണ് ഞങ്ങൾ ഇപ്പോൾ നോക്കുന്നത്. ഈ ഓർഡർ യാതൊരു വിധത്തിലും തടസ്സമില്ലെന്ന് സൂചിപ്പിച്ചുകൊണ്ട് വീണ്ടും വിദഗ്ദ്ധന്മാരെയെല്ലാം വിളിച്ച് ചർച്ചചെയ്ത് നമുക്ക് ഇതിൽ എന്താണ് ചെയ്യാൻ സാധിക്കുകയെന്നത് പരിശോധിച്ചിട്ടുണ്ട്. പ്രസ്തുത ഓർഡർ കാരണമാണ് അവയവം വരുന്നത് കുറഞ്ഞതെങ്കിൽ എങ്ങനെയാണത് പരിഹരിക്കാൻ കഴിയുകയെന്നത് നോക്കാൻ വിദഗ്ദ്ധമായിട്ടുള്ള പരിശോധനയും ചർച്ചയും നടത്തി, ആ ഓർഡർ ഒന്നുകൂടി ക്ലിയറായി ഇപ്പോൾ കൊടുത്തിട്ടുണ്ട്. മസ്തിഷ്ക മരണാനന്തര അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനായി പ്രശസ്ത സിനിമാതാരം ശ്രീ. മോഹൻലാലിനെ മസ്തിഷ്ക മരണാനന്തര അവയവദാന പദ്ധതിയുടെ ഗുഡ്‌വിൽ അംബാസിഡറായി നിയമിച്ചിട്ടുണ്ട്. മസ്തിഷ്ക മരണാനന്തര അവയനദാനത്തിൽ കുറവുണ്ടായതിനെത്തുടർന്ന് അവയവ ദാനത്തിനെക്കുറിച്ച് പൊതുജനങ്ങൾക്കിടയിലുള്ള തെറ്റിദ്ധാരണകൾ മാറ്റുന്നതിനും അവയവദാനത്തിന്റെ ആവശ്യകത, മാനുഷികത, പ്രാധാന്യം എന്നിവയെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധമുണ്ടാക്കുന്നതിനുമായി മൃത സഞ്ജീവനിവഴി സംസ്ഥാനത്തുടനീളം ബോധവൽക്കരണ ക്ലാസുകളും ശില്പശാലകളും സംഘടിപ്പിച്ചുവരികയാണ്. അവയവദാനത്തിന് മറ്റുള്ളവർക്കായി ഡോണർ കാർഡ് വിതരണം ചെയ്യുകയും വിവിധ മേളകളിൽവച്ച് അവയവദാന സമ്മതപത്രം വിതരണം നടത്തിവരികയും ചെയ്യുന്നുണ്ട്. മസ്തിഷ്കമരണ സ്ഥിരീകരണ പ്രക്രിയ ഏകോപിപ്പിക്കുന്നതിനും സുഗമമാക്കുന്നതിനുംവേണ്ടി ആരോഗ്യ വകുപ്പിന്റെ കീഴിൽ ജില്ലാതലത്തിൽ ഡെപ്യൂട്ടി മെഡിക്കൽ ഓഫീസർമാരെ നോഡൽ ഓഫീസർമാരായി നിശ്ചയിച്ചിട്ടുണ്ട്. ഒരുതരത്തിലും കുറവ് വരരുതെന്ന് കണ്ടിട്ടാണ് ഇങ്ങനെയൊരു സമീപനം സ്വീകരിച്ചത്. കൂടാതെ 300-ഓളം സർക്കാർ ഡോക്ടർമാർക്ക് മസ്തിഷ്കമരണ സ്ഥിരീകരണത്തിൽ വിദഗ്ദ്ധ പരിശീലനം നൽകുകയും ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്നവർക്കുവേണ്ടി അവയവദാനത്തിന്റെ ശാസ്ത്രീയവശങ്ങൾ ഉൾക്കൊള്ളിച്ച ശില്പശാലകളും മറ്റും സംഘടിപ്പിച്ചിട്ടുമുണ്ട്, വീണ്ടും സംഘടിപ്പിച്ചുവരികയും ചെയ്യുന്നു. മസ്തിഷ്ക മരണാനന്തര അവയവദാനത്തിലുണ്ടായ കുറവ് പരിഹരിക്കുന്നതിനായി

എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ ഒരു റീജിയണൽ സെന്റർ സ്ഥാപിക്കുന്നതിനും രണ്ട് ട്രാൻസ്പ്ലാന്റ് കോ-ഓർഡിനേറ്റർമാരെ നിയമിക്കുന്നതിനും 30-6-2018-ലെ ഉത്തരവുപ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ മെഡിക്കൽ കോളേജുകളിൽ മസ്തിഷ്കമരണ സ്ഥിരീകരണ പ്രക്രിയ ഏകോപിപ്പിക്കുന്നതിനുവേണ്ടി 3-11-2018-ലെ ഉത്തരവുപ്രകാരം ട്രാൻസ്പ്ലാന്റ് പ്രൊക്യൂർമെന്റ് മാനേജർമാരെ നിശ്ചയിച്ചിട്ടുണ്ട്. ഇതെല്ലാം ഈ തടസ്സം നീക്കുന്നതിനുവേണ്ടി പുതുതായി സ്വീകരിച്ച സമീപനമാണ്. എല്ലാ തരത്തിലും അവയവദാനം പ്രോത്സാഹിപ്പിക്കാനാണ് സർക്കാർ ആഗ്രഹിക്കുന്നത്.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഇതിൽ കുറവ് വരാനുള്ള പ്രധാനപ്പെട്ട കാരണം ഈ ഓർഡർ തന്നെയാണ്. നാല് ഡോക്ടർമാർ സർട്ടിഫൈ ചെയ്യണമെന്നാണ് നമ്മൾ ആവശ്യപ്പെടുന്നത്. രണ്ട് ഡോക്ടർമാർ ആ ഹോസ്പിറ്റലിൽനിന്നും രണ്ടുപേർ പുറത്തുനിന്നുമാണ്. അതിൽ ഒരാൾ ഗവൺമെന്റ് ഡോക്ടറായിരിക്കണം. ഡോക്ടർമാർ തമ്മിൽ വലിയ ഈഗോ പ്രശ്നങ്ങളുണ്ട്. അപ്പോൾ സ്വാഭാവികമായും, ഏതെങ്കിലും നാല് ഡോക്ടർമാർ എന്ന് പറയുന്നതായിരിക്കും കുറച്ചുകൂടി നല്ലതെന്നാണ് എന്റെ അഭിപ്രായം. അങ്ങനെയായാൽ കാര്യങ്ങൾ കുറച്ചുകൂടി സുഖകരമായിരിക്കും. മാത്രമല്ല, കാസർഗോഡ് നിന്ന് ഒരു രോഗി ഇവിടെവന്ന് കടലാസ് കാണിച്ചാൽ ശത്രുക്കളെ പ്പോലെയാണ് പോലീസ് പെരുമാറുന്നത്. ജില്ലയിലുള്ള ഒരു എസ്.പി.ക്ക് അതിന്റെ അധികാരം കൊടുക്കാം. അതുപോലെ ഒരേ ആശുപത്രിയിലെതന്നെ നാലുപേർക്ക് ഒരുമിച്ച് എങ്ങനെ കള്ളം പറയാൻ സാധിക്കും. അതുകൊണ്ട് അതൊന്ന് റിവൈസ് ചെയ്യണമെന്നാണ് എന്റെ അഭിപ്രായം. അതിന് സർക്കാർ തയ്യാറാകുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, നാലുപേർ വേണമെന്നുള്ളത് 2012-ലെ ഓർഡറിൽ തന്നെയുണ്ടായിരുന്നു. പക്ഷെ, ചില സ്വകാര്യ ആശുപത്രികളിൽ ബ്രെയിൻ ഡെത്ത് സർട്ടിഫൈ ചെയ്യുന്നതിൽ ക്രമക്കേടുണ്ടാകുന്നുവെന്ന രീതിയിലാണ് ഹൈക്കോടതിയുടെ മുന്നിലേക്ക് പോയത്. ബ്രെയിൻ ഡെത്ത് ആകാതെതന്നെ ബ്രെയിൻ ഡെത്ത് സർട്ടിഫൈ ചെയ്യുന്നുവെന്ന് പറഞ്ഞാണ് ആരോപണം പോയത്. അതുകൊണ്ടാണ് ഈ കാര്യത്തിൽ വ്യക്തമായിട്ടുള്ള ധാരണയോടുകൂടി നിയന്ത്രണങ്ങൾ ഏർപ്പെടുത്തണമെന്ന നിർദ്ദേശം ഹൈക്കോടതി നൽകിയത്. ഇക്കാര്യത്തിൽ വേറെ എന്താണ് ചെയ്യാൻ സാധിക്കുന്നത്? അതുകൊണ്ടാണ് സ്വകാര്യ ആശുപത്രികളിൽ ബ്രെയിൻ ഡെത്ത് സർട്ടിഫൈ ചെയ്യുമ്പോൾ രണ്ടുപേർ അവിടത്തെ ഡോക്ടർമാരും രണ്ടുപേർ വെളിയിൽ നിന്നുമെന്നുള്ള നിബന്ധന വച്ചത്. സ്വകാര്യ ആശുപത്രികളിൽ വേറെ എന്ത് നിബന്ധന ഏർപ്പെടുത്താൻ സാധിക്കും? ബ്രെയിൻ ഡെത്ത് ആയോ ഇല്ലയോ എന്നുള്ളത് നമുക്കാർക്കും പോയി നോക്കിയാൽ മനസ്സിലാകുന്ന കാര്യമല്ലല്ലോ?

ഇതിൽ ക്യാമറ റിക്കോർഡിംഗ് വയ്ക്കാം. പക്ഷെ ഗവൺമെന്റ് രണ്ട് ഭാഗത്തും മറുപടി പറയാൻ ബാധ്യസ്ഥരല്ലേ. നമുക്ക് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ മാത്രമാണ് ചെയ്യുന്നത്. ഇതിൽ കുറവ് വന്നിട്ടുണ്ടെന്ന് ഞാനും സമ്മതിക്കുകയാണ്. എന്താണ് അതിനുള്ള പരിഹാരമെന്നത് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. സർക്കാരിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ സാധിക്കുന്നത്? നാലുപേരിൽ രണ്ട് ഡോക്ടർമാർ വെളിയിൽ നിന്നാകണമെന്ന് പറയാമെന്നല്ലാതെ ഇതിനകത്ത് നടക്കുന്ന സർട്ടിഫിക്കേഷൻ ശരിയാണോയെന്ന് പരിശോധിക്കാൻ നമുക്കെന്താണ് മാർഗ്ഗം; പോലീസിനെ അയച്ച് നോക്കാൻ സാധിക്കുമോ; നമുക്കാർക്കെങ്കിലും പോയി നോക്കാൻ സാധിക്കുമോ? പരിശോധിക്കാൻ ആകെ നമുക്കുള്ള മാർഗ്ഗം, ആ ഡോക്ടർമാരുടെ കൂട്ടത്തിൽ ഒരു സർക്കാർ ഡോക്ടർകൂടി പോകുക, എന്നിട്ട് ആ സർട്ടിഫിക്കേഷൻ ശരിയാണോയെന്ന് പരിശോധിക്കുക എന്നുള്ളതാണ്. സർക്കാർ ഡോക്ടറെ കിട്ടാൻ താമസം നേരിടുന്നുവെങ്കിൽ അത് ഭാവിയിൽ പരിശോധിക്കേണ്ട ഒരു വിഷയമാണ്. പറഞ്ഞ ആൾ നിർബന്ധമായും പോകണമെന്നുള്ളത് മാൻഡേറ്ററിയാക്കാൻ പറ്റുമോയെന്ന് നോക്കണം. അല്ലാതെ ഒരു സർക്കാർ ഡോക്ടറെ അതിൽ ഉൾപ്പെടുത്തണമെന്ന് പറഞ്ഞാൽ എങ്ങനെയാണ് തെറ്റാകുന്നത്? പക്ഷെ ഇത് കുറഞ്ഞുപോകുന്നുവെന്നുള്ളത് അതിശയിപ്പിക്കുകയാണ്. എനിക്ക് ശരിക്കും വലിയ അത്ഭുതമാണുണ്ടായത്. എന്തിനാണ് അങ്ങനെ കുറയുന്നത്? പോസ്റ്റ്മോർട്ടം അടക്കം ഇത്തരത്തിലുള്ള എല്ലാ പരിശോധനയും ഇപ്പോൾ വീഡിയോ റെക്കോർഡിംഗാണ്. അപ്പോൾ ഇതിന്റെ വീഡിയോ റെക്കോർഡിംഗ് വേണമെന്ന് പറഞ്ഞാൽ എങ്ങനെയാണ് ബ്രെയിൻ ഡെത്ത് കുറയാൻ ഇടയാകുന്നത്. ഇതിൽ എന്താണ് സംഭവിക്കുന്നതെന്നുള്ളത് സർക്കാർ വിശദമായി പരിശോധിക്കും. ആളുകളെ ബോധ്യപ്പെടുത്തുക എന്നുള്ളത് പ്രധാന ഘടകമാണ്. ബ്രെയിൻ ഡെത്തായെന്ന് പറഞ്ഞാലും ബന്ധുക്കൾ പലപ്പോഴും സമ്മതിക്കില്ല. ഭയങ്കര നിലവിളിയും കരച്ചിലുമൊക്കെയായിരിക്കും. കാരണം ഹൃദയമിടിപ്പുണ്ട്, ശരീരത്തിന്റെ ചൂട് നിലനിൽക്കുന്നുണ്ട്. ബ്രെയിൻ ഡെത്തായി എന്ന് നമ്മൾ അവരെ പറഞ്ഞ് ബോധ്യപ്പെടുത്താൻ സമയമെടുക്കും. ബ്രെയിൻ ഡെത്തായി നിശ്ചിത സമയത്തിനുള്ളിൽ എടുത്തില്ലെങ്കിൽ അവയവം കിട്ടുകയില്ല. ബ്രെയിൻ ഡെത്തായെന്ന് പറഞ്ഞാലും ബന്ധുക്കൾ പോയി ഹാർട്ട്ബീറ്റ് നോക്കി എന്റെ ബന്ധു മരിച്ചിട്ടില്ലെന്ന് പറയും. അവരെ ബോധ്യപ്പെടുത്തുക എന്നതും വലിയ പ്രശ്നമാണ്. ഇത് രണ്ടും ഗവൺമെന്റ് കാണണ്ടേ. അതുകൊണ്ട് ഏറ്റവും ശരിയായ മാർഗ്ഗം ഇതിനായി സ്വീകരിക്കും. അവയവദാനത്തെ പ്രോത്സാഹിപ്പിക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നു. അതിനുള്ള എല്ലാ പ്രചരണവും നടത്താൻ ഗവൺമെന്റ് സന്നദ്ധവുമാണ്.

## V സബ്മിഷൻ

### (1) പാപ്പിനിശ്ശേരി പീഡനക്കേസ്

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കേരളത്തെ, പ്രത്യേകിച്ച് വടക്കൻ മലബാറിനെ നടുക്കിയ ഒരു വലിയ കൊടുംക്രൂരതയുടെ ചിത്രമാണ് എനിക്കിവിടെ അവതരിപ്പിക്കാനുള്ളത്. ഡൽഹി പീഡനത്തെ വെല്ലുന്ന കൊടും

ക്രൂരതയാണ് പറശ്ശിനിക്കടവിൽ ഡി.വൈ.എഫ്.ഐ. നേതാക്കളുടെ നേതൃത്വത്തിൽ അരങ്ങേറിയത്. പതിനാറുകാരിയായ സ്കൂൾ പെൺകുട്ടിയെ സി.പി.ഐ.(എം) നേതാക്കളടക്കം 19 പ്രതികളാണ് വിവിധ സ്ഥലങ്ങളിൽ വച്ച് നവംബർ 13-നും 19-നും മൃഗീയമായ പീഡനത്തിന് ഇരയാക്കിയത്. ഭരണകക്ഷിയിലെ നേതാക്കളടക്കം നിരവധിപേർ കേസിൽ ഉൾപ്പെട്ടതിനാൽ പോലീസ് പ്രതികളെ പിടികൂടുന്നതിൽ കടുത്ത അനാസ്ഥയാണ് കാണിക്കുന്നത്. പെൺകുട്ടിയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ പോലീസ് കസ്റ്റഡിയിലെടുത്ത ഡി.വൈ.എഫ്.ഐ. നേതാവിനെ പോക്സോ ചുമത്താതെ രക്ഷിക്കാനുള്ള ശ്രമമാണ് നടത്തുന്നത്. അഞ്ജന എന്ന പേരിൽ വ്യാജ ഫെയ്സ് ബുക്ക് ഐ.ഡി.-യുണ്ടാക്കി സ്കൂൾ കുട്ടിയെ പ്രലോഭിപ്പിച്ച് വലയിൽ വീഴ്ത്തുകയും വ്യാജ ഐ.ഡി. ഉപയോഗിച്ച് ലോഡ്ജിൽ എത്തിച്ച് മൃഗീയമായി പീഡിപ്പിക്കുകയുമായിരുന്നു. ഡൽഹി പീഡനത്തെ വെല്ലുന്ന പീഡനങ്ങളാണ് പെൺകുട്ടിക്ക് നേരിടേണ്ടി വന്നതെന്ന വാർത്തകളാണ് പുറത്തുവരുന്നത്. പേടിച്ച് കുട്ടി വിവരം ആരോടും പറഞ്ഞില്ല. പെൺകുട്ടിയുടെ സഹോദരനെ സംഘം ഭീഷണിപ്പെടുത്തി തല്ലിച്ചതച്ചില്ലായിരുന്നെങ്കിൽ ഈ കൊടുംക്രൂരത പുറത്തുവരില്ലായിരുന്നു. ഡി.വൈ.എഫ്.ഐ. ആന്തൂർ മേഖലാ പ്രസിഡന്റ് നിഖിൽ തളിയിൽ ഉൾപ്പെടെ 19 പേരാണ് പോലീസിന്റെ പ്രതിപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്. പോലീസ് ഇതുവരെ അവരെ അറസ്റ്റ് ചെയ്തിട്ടില്ല. പാർട്ടി നേതാക്കൾക്കെതിരെ ഉയർന്നുവരുന്ന സ്ത്രീപീഡന പരാതികളിന്മേൽ സർക്കാർ സ്വീകരിക്കുന്ന മൃദുസമീപനമാണ് പാർട്ടി നേതാക്കൾക്ക് പ്രചോദനമാകുന്നത്. വിട്ടുവീഴ്ചയില്ലാത്ത സ്ത്രീസുരക്ഷ പറഞ്ഞ് അധികാരത്തിലെത്തി സ്ത്രീ സമത്വത്തിനായി മതിൽ പണിയുന്നവർ ആദ്യം സ്വന്തം നേതാക്കൾക്കെതിരെ നടപടിയെടുക്കാൻ തയ്യാറാകണം. ഇന്നത്തെ എല്ലാ വർത്തമാന പത്രങ്ങളിലും ഈ വാർത്ത പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഡെക്കാൺ ക്രോണിക്കിൾ - DYFI leader, girl's dad among 13 held for rape -എന്നാണ് കൊടുത്തിരിക്കുന്നത്. വളരെ ക്രൂരമായ ഒരു സംഭവമാണിത്. ഒരു പാവപ്പെട്ട കുടുംബമാണെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. പ്രതികളെ രക്ഷപ്പെടുത്തുന്നതിനെതിരെ ഇന്നലെ അവിടെ യൂത്ത് കോൺഗ്രസ് പ്രവർത്തകർ സമരം ചെയ്തിരുന്നു. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയാണ് ഇതിന് മറുപടി പറയുന്നത്. ഈ കാര്യത്തിൽ കുറ്റക്കാർക്കെതിരെ മുഖം നോക്കാതെ നടപടിയുണ്ടാകണം. പോക്സോ ഉൾപ്പെടെ ചുമത്തി കേസുകളിൽനിന്ന് രക്ഷപ്പെടാനുള്ള ശ്രമത്തെ നിരുത്സാഹപ്പെടുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, കണ്ണൂർ പാപ്പിനിശ്ശേരിയിൽ പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ വ്യാജ ഫെയ്സ് ബുക്ക് അക്കൗണ്ട് വഴി പരിചയപ്പെട്ട മൃദുൽ എന്നയാൾ സൗഹൃദം സ്ഥാപിച്ച് വശീകരിച്ച് കാറിൽ കയറ്റി പറശ്ശിനിക്കടവിലെ ലോഡ്ജിൽ കൊണ്ടുപോയിട്ടുള്ളതും കാർ ഡ്രൈവറായ സന്ദീപ് പെൺകുട്ടിയെ മാനഹാനി വരുത്തി പീഡിപ്പിച്ചിട്ടുള്ളതുമാണ്. തുടർന്ന് ഫെയ്സ് ബുക്ക് വഴി ചാറ്റ് ചെയ്ത വീഡിയോ എല്ലാവർക്കും അയച്ചുകൊടുക്കുമെന്നുറഞ്ഞ് ഭയപ്പെടുത്തി 19-11-2018-ന് വീണ്ടും പെൺകുട്ടിയെ മേൽപ്പറഞ്ഞ ലോഡ്ജിൽ വരുത്തിച്ച്

സുഹൃത്തായ ഷംസുവും കണ്ടാലറിയാവുന്ന മറ്റൊരാളും ചേർന്ന് പീഡിപ്പിച്ചു. വനിതാ സി.ഐ. ഇരയുടെ മൊഴി രേഖപ്പെടുത്തുകയും തളിപ്പറമ്പ് പോലീസ് സ്റ്റേഷനിൽ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 366A, 354B, 376D വകുപ്പുകളും പോക്സോ നിയമത്തിലെ 8, 7, 6, 5(g) വകുപ്പുകളും ചേർത്ത് ക്രൈം 1287/18 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. തളിപ്പറമ്പ് ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിൽ ഒരു പ്രത്യേക അന്വേഷണസംഘം രൂപീകരിച്ച് ഊർജ്ജിതമായ അന്വേഷണം നടത്തി വരുന്നുണ്ട്. അന്വേഷണത്തിൽ പെൺകുട്ടിയുടെ പിതാവ് ലൈംഗികപീഡനം നടത്തിയിട്ടുണ്ടെന്നും മറ്റ് പല സ്ഥലങ്ങളിൽ വച്ചും പലരും പീഡിപ്പിച്ചിട്ടുണ്ടെന്നുമുള്ള പെൺകുട്ടിയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ ഇതുസംബന്ധിച്ച് 15 കേസുകൾ കൂടി രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി. സന്ദീപ്, ഷബീർ, ഷംസുദീൻ, അയൂബ്, ലോഡ്ജിലെ റിസപ്ഷനിസ്റ്റ് പവിത്രൻ എന്നിവർ ഉൾപ്പെടെയുള്ള പ്രതികളെ 5-12-2018-ൽ അറസ്റ്റ് ചെയ്ത് നിയമനടപടി സ്വീകരിച്ചിട്ടുണ്ട്. 7 പേർ നിരീക്ഷണ ത്തിലുള്ളതും കൂടുതൽപേരെ ചോദ്യം ചെയ്ത് അന്വേഷണം നടത്തിവരികയുമാണ്. പെൺകുട്ടിയുടെ പരാതിയിൽ ഒരു സംഭവത്തെക്കുറിച്ച് മാത്രമാണ് വിവരിച്ചിരുന്നത്. ഡി.വൈ.എസ്.പി.യുടെ നേതൃത്വത്തിൽ പോലീസ് സംഘം നടത്തിയ അന്വേഷ ണത്തിലൂടെ മറ്റ് കേസുകളെക്കുറിച്ചുള്ള തെളിവുകൾ ലഭിച്ചിട്ടുണ്ട്. പെൺകുട്ടിയെ മജിസ്ട്രേറ്റിന് മുൻപാകെ ഹാജരാക്കി മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്തരം ക്രൂരകൃത്യങ്ങൾ നടത്തിയ ഒരാളെയും രക്ഷപ്പെടാൻ അനുവദിക്കാത്തവിധം പഴുതടച്ചുള്ള അന്വേഷണം നടത്തി കുറ്റവാളികളെ നിയമനടപടിക്ക് വിധേയമാക്കുകതന്നെ ചെയ്യും. ഒരു ഡി.വൈ.എഫ്.ഐ. നേതാവുമല്ല, ഒരു സി.പി.എം. നേതാവുമല്ല. ഇവരെയൊക്കെ നേതാക്കളെന്ന് പറഞ്ഞു വിശേഷിപ്പിക്കാതിരിക്കാൻ വസ്തുതാപരമായിട്ടുള്ള ഒരു പരിശോധനകൂടി നടത്തണമെന്നാണ് പറയാനുള്ളത്.

## (2) പിറവം താലൂക്കാശുപത്രി

ശ്രീ. അനൂപ് ജേക്കബ്: സർ, ഇടതുമുന്നണി ഭരിക്കുമ്പോൾ സാധാരണക്കാർക്ക് ഒരു നീതിയും കിട്ടില്ലെന്നതിന്റെ ഏറ്റവും പുതിയ ഉദാഹരണമാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കാനുദ്ദേശിക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിലെ പിറവം താലൂക്ക് ആശുപത്രിയിൽ അതിക്രമിച്ച് കയറി അവിടെ ചികിത്സയിലായിരുന്ന കോൺഗ്രസിന്റെ ബൂത്ത് പ്രസിഡന്റായ ശ്രീ. ലാലു മത്തായിയെ ആക്രമിച്ച് പരിക്കേൽപ്പിച്ച സി.പി.ഐ. (എം)-ന്റെ കൗൺസിലർ അജേഷിനെ ഇതുവരെ അറസ്റ്റ് ചെയ്യാത്ത വിഷയമാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ഇയാൾ സി.പി.ഐ.(എം)-ന്റെ ഒരു നേതാവാണ്, കൗൺസിലറാണ്. സംഭവം നടന്നിട്ട് രണ്ടാഴ്ച കഴിഞ്ഞു. ആശുപത്രിയിൽ കടന്ന് ഒരാളെ ആക്രമിച്ചാൽ അത് ജാമ്യം ലഭിക്കാത്ത വകുപ്പുപ്രകാരം കേസെടുക്കേണ്ടതാണ്. എന്നാൽ പോലീസ് ബെയ്ലബിൾ ഒഫൻസായി കേസ് ചാർജ്ജ് ചെയ്യുകയാണ് ചെയ്തത്. പോലീസ് അറസ്റ്റ് ചെയ്ത പ്രതികളെ പോലീസ് ജീപ്പിൽനിന്നും ബലമായി ഇദ്ദേഹം മോചിപ്പിക്കുന്ന സി.സി.ടി.വി. ദൃശ്യങ്ങൾ

ടെലിവിഷനിൽ വ്യക്തമായി കാണിച്ചതാണ്. എന്നിട്ടും ബെയ്ലബിൾ ഒഫൻസ് പ്രകാരമാണ് പോലീസ് കേസെടുത്തത്. അവിടെ യു.ഡി.എഫ്.-ന്റെ നേതൃത്വത്തിൽ ശക്തമായ സമരം ആരംഭിച്ച് ഹർത്താൽ ഉൾപ്പെടെ നടത്തിയതിനുശേഷമാണ് നോൺ ബെയ്ലബിൾ ഒഫൻസിടാൻ പോലീസ് തയ്യാറായത്. സംഭവം നടന്ന് രണ്ടാഴ്ച പിന്നിട്ടിട്ടും ഇതുവരെ പ്രതിയെ അറസ്റ്റുചെയ്യാൻ കഴിഞ്ഞിട്ടില്ല. പ്രതിയെക്കുറിച്ച് ചോദിച്ചാൽ ഒളിവിലാണെന്നാണ് മറുപടി നൽകുന്നത്. എന്നാൽ പ്രതി എവിടെയുണ്ടെന്ന് പോലീസിന് കൃത്യമായറിയാം. അങ്ങയുടെ പാർട്ടിയുടെ ഇടപെടൽകൊണ്ടാണ് അറസ്റ്റ് ചെയ്യാത്തതെന്ന് ഇവിടെ ഉന്നയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. പ്രതി എവിടെയുണ്ടെന്ന് കൃത്യമായി അറിയാമെങ്കിലും അറസ്റ്റ് ചെയ്യാത്ത സമീപനമാണ് പോലീസ് സ്വീകരിച്ചത്. എന്ത് തെമ്മാടിത്തരം കാണിച്ചാലും ഇങ്ങനെയുള്ള പ്രതികളെ സംരക്ഷിക്കുമെന്നുള്ള നിലപാട് അങ്ങയുടെ ഗവൺമെന്റിന് ഉണ്ടോയെന്ന് വ്യക്തമാക്കണം. പ്രതിയെ ഉടനടി അറസ്റ്റ് ചെയ്യുവാനും നീതി ലഭ്യമാക്കാനുമുള്ള സാഹചര്യമുണ്ടാകണം. പ്രതി മണ്ണിട്ട് നികത്തിയ പാടം പൂർവ്വസ്ഥിതിയിലാക്കാനുള്ള നടപടികളും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, 23-11-2018-ന് രാവിലെ പിറവം വാഴൂരുള്ള വർഗ്ഗീസ് എന്നയാളുടെ വീടിനു മുന്നിൽ നിൽക്കുകയായിരുന്ന പിറവം മുനിസിപ്പാലിറ്റി കൗൺസിലറും പ്രതിപക്ഷ നേതാവുമായ അജേഷ് മനോഹറിനെ കോൺഗ്രസ്സ് വാഴൂർ ബൂത്ത് പ്രസിഡന്റും ദേശീയ കർഷകത്തൊഴിലാളി ഫെഡറേഷന്റെ നിയോജകമണ്ഡലം വൈസ് പ്രസിഡന്റുമായ കെ. എം. ലാലു തടഞ്ഞു നിർത്തി അസഭ്യം പറയുകയും കരണത്തടിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്തതിന് പിറവം പോലീസ് ക്രൈം നമ്പർ 1203/18 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. അന്നേദിവസം രാവിലെ 10 മണിയോടെ പിറവം താലൂക്കാശുപത്രിയുടെ അത്യാഹിത വിഭാഗത്തിന് മുന്നിൽവച്ച് അജേഷ് മനോഹറും കൂട്ടരും ലാലുവിനെ ദേഹോപദ്രവം ഏൽപ്പിച്ചതിനും തുടർന്നുണ്ടായ സംഭവങ്ങളുമായി ബന്ധപ്പെട്ട് പിറവം പോലീസ് സ്റ്റേഷനിൽ ക്രൈം 1202/18, 1207/18 എന്നീ നമ്പറുകളിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രതികൾ സഞ്ചരിച്ച വാഹനം കസ്റ്റഡിയിലെടുത്ത് മൂന്ന് പ്രതികളെയും അറസ്റ്റ് ചെയ്ത് നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്. തുടരന്വേഷണത്തിന്റെ ഭാഗമായി പ്രതികളുടെ വീടുകളിലും മറ്റും പല തവണ സെർച്ചുകൾ നടത്തിയിട്ടുള്ളതും Cr.PC 41A പ്രകാരം നോട്ടീസ് നൽകിയിട്ടുള്ളതുമാണ്. കൂടാതെ ടിയാൻമാർക്കെതിരെ Cr.PC 107 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് 23-11-2018-ന് മൂവാറ്റുപുഴ സബ് ഡിവിഷണൽ മജിസ്ട്രേറ്റ്

കോടതിയിൽ റിപ്പോർട്ട് ഹാജരാക്കിയിട്ടുമുണ്ട്. ഒരാളെയും രക്ഷപ്പെടുത്താനുള്ള നടപടിയില്ല, നീതിപൂർവ്വമായാണ് പോലീസ് ഇടപെടുന്നത്. രാഷ്ട്രീയമായി ഇടപെടുന്നതിന് ഗവൺമെന്റ് ആരെയും അനുവദിക്കില്ലെന്ന കാര്യം എല്ലാവർക്കും അറിയാവുന്നതാണ്. രണ്ട് കേസുകളുണ്ട്, 3 പേരെ അറസ്റ്റ് ചെയ്യുകയും വാഹനം കസ്റ്റഡിയിലെടുക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ വസ്തുനിഷ്ഠമായ അന്വേഷണം നടത്തിയാണ് നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

(3) <u>മിനിമം വേതനം</u>

<u>ശ്രീ. സി. കൃഷ്ണൻ</u>: സർ, കേരളത്തിലെ ഖാദി തൊഴിലാളികളുടെ മിനിമം കൂലി നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ളതാണ് എന്റെ സബ്മിഷൻ. രാജ്യത്ത് ആദ്യമായി ഖാദി തൊഴിലാളികൾക്ക് മിനിമം കൂലി നിശ്ചയിച്ച് നടപ്പിലാക്കിയത് 2010-ൽ അന്നത്തെ എൽ.ഡി.എഫ്. ഗവൺമെന്റാണ്. അഞ്ച് വർഷം പൂർത്തിയാക്കിയപ്പോൾ ആ കൂലി പുതുക്കി നിശ്ചയിക്കേണ്ടതായിരുന്നു. എന്നാൽ മുൻ യു.ഡി.എഫ്. ഗവൺമെന്റ് അതിന് തയ്യാറായില്ല. ഈ സർക്കാർ ഖാദി തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുകയും അതിന് 2018 ആഗസ്റ്റ് 6 മുതൽ പ്രാബല്യമുണ്ടായിരിക്കുമെന്ന് വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. ഖാദി തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിച്ച സർക്കാരിനെയും തൊഴിൽ വകുപ്പിനെയും ഈ സന്ദർഭത്തിൽ ഞാൻ അഭിനന്ദിക്കുന്നു. ഇന്ന് വ്യവസായ വകുപ്പുമന്ത്രി നക്ഷത്രചിഹ്നമിട്ട *189-ാം നമ്പർ ചോദ്യത്തിന് സഭയിൽ നൽകിയ മറുപടിയിൽ മിനിമം കൂലി പരിഷ്കരിക്കൽ, ഖാദി മേഖലയുടെ വൈവിധ്യവൽക്കരണം, അദ്ധ്വാനഭാരം ലഘൂകരിച്ച് ഉൽപ്പാദനവും കൂലിയും വർദ്ധിപ്പിക്കൽ എന്നിവയുൾപ്പെടെ സ്വീകരിക്കാൻ പോകുന്ന നടപടികളെ സംബന്ധിച്ച് വ്യക്തമാക്കിയത് സ്വാഗതാർഹമാണ്. അതോടൊപ്പം 8 വർഷത്തിനുശേഷം പുതുക്കി നിശ്ചയിച്ച കൂലി നടപ്പിലാക്കിയാൽപോലും ഒരു തൊഴിലാളിക്ക് ശരാശരി 350-400 രൂപ മാത്രമേ കിട്ടുകയുള്ളൂ. പുതുക്കി നിശ്ചയിച്ച മിനിമം കൂലി മുൻകാലപ്രാബല്യത്തോടെ നടപ്പിൽ വരുത്താൻ അടിയന്തര നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. പി. ജയരാജൻ</u>): സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഖാദി മേഖലയുടെ വളർച്ച ലക്ഷ്യംവച്ചുകൊണ്ട് വിവിധങ്ങളായ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. ഇതിന്റെ ഭാഗമായി ഖാദി മേഖലയിൽ 1700-ഓളം പേർക്ക് പുതുതായി തൊഴിലവസരം ലഭ്യമാക്കിയിട്ടുണ്ട്. ഖാദി ക്ഷേമനിധി ബോർഡിലെ കണക്ക് പ്രകാരം നിലവിൽ 14733 തൊഴിലാളികൾ ഈ മേഖലയിൽ ജോലി ചെയ്തുവരുന്നു. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ ജില്ലകളിൽ പുതിയ ഖാദി ഉത്പാദന യൂണിറ്റുകൾ, പുതിയ റെഡിമെയ്ഡ് പാവ് നിർമ്മാണ

യൂണിറ്റുകൾ തുടങ്ങിയവ ആരംഭിക്കുകയും തൊഴിലാളികൾക്കാവശ്യമായ ചർക്കകളും തറികളും വിതരണം ചെയ്തുവരികയുമാണ്. തൊഴിലാളികളുടെ ഉത്സവബത്ത 900 രൂപയിൽനിന്ന് 1,500 രൂപയായി ഈ സർക്കാർ വർദ്ധിപ്പിച്ചുനൽകി. സംസ്ഥാനത്തെ ഖാദി തൊഴിലാളികളുടെ മിനിമം വേതനം 6-8-2018 മുതൽ പ്രാബല്യം നൽകി പ്രഖ്യാപിച്ചുകഴിഞ്ഞു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 26 മേഖലകളിലെ 15 ലക്ഷത്തിലധികം വരുന്ന തൊഴിലാളികളുടെ മിനിമം വേതനം പരിഷ്കരിച്ച് നൽകുകയുണ്ടായി. പുതുക്കിയ നിരക്കനുസരിച്ച് ഖാദി മേഖലയിലെ പീസ് റേറ്റ് വിഭാഗം തൊഴിലാളികൾക്ക് നിലവിലുള്ള 266.30 രൂപയിൽനിന്ന് 400.60 രൂപയായും ദിവസവേതന തൊഴിലാളികൾക്ക് 283.46 രൂപയിൽനിന്ന് 425 രൂപയായും വർദ്ധിക്കും. അടിസ്ഥാന വേതനത്തിനുപുറമേ ജീവിതവില സൂചികയുടെ അടിസ്ഥാനത്തിൽ എല്ലാ വിഭാഗം തൊഴിലാളികൾക്കും ക്ഷാമബത്തയ്ക്കും അർഹത യുണ്ടായിരിക്കും. ഇതുവഴി മാസശമ്പളക്കാരുടെ കുറഞ്ഞ വേതനം 5214.50 രൂപയിൽനിന്ന് 11,098 രൂപയായി ഉയരും. മാസശമ്പളക്കാർക്ക് 112.85 ശതമാനവും പീസ് റേറ്റ് തൊഴിലാളികൾക്ക് 52.71 ശതമാനവും ദിവസ വേതനക്കാർക്ക് 49.90 ശതമാനം കൂലിയും വരുമാനത്തിൽ വർദ്ധനവുണ്ടാകും. സ്ഥാപനങ്ങളുടെ വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ മൂന്ന് കാറ്റഗറിയായി തിരിച്ചാണ് മാസവേതനം നിശ്ചയിക്കുന്നത്. ഏഴരക്കോടി രൂപയിൽ കൂടുതൽ വിറ്റുവരവുള്ള സ്ഥാപനങ്ങൾ 'എ' വിഭാഗത്തിലും ഒന്നരക്കോടി രൂപ മുതൽ ഏഴരക്കോടി രൂപ വരെ വിറ്റുവരവുള്ള സ്ഥാപനങ്ങൾ 'ബി' വിഭാഗത്തിലും ഒന്നരക്കോടി രൂപ വരെ വിറ്റുവരവുള്ള സ്ഥാപനങ്ങൾ 'സി' വിഭാഗത്തിലും ഉൾപ്പെടുന്നു. അഞ്ച് വർഷമോ അതിൽക്കൂടുതലോ ഒരു തൊഴിലുടമയുടെ കീഴിൽ സേവനകാലം പൂർത്തിയാക്കിയിട്ടുള്ള തൊഴിലാളിക്ക് പൂർത്തിയാക്കിയ ഓരോ അഞ്ചുവർഷത്തേയ്ക്കും ഒരു ഇൻക്രിമെന്റ് എന്ന നിലയിൽ പരമാവധി മൂന്ന് ഇൻക്രിമെന്റ് സർവ്വീസ് വെയിറ്റേജ് അനുവദിക്കാനും ശിപാർശ ചെയ്തിട്ടുണ്ട്. നിലവിലുള്ള ഖാദി കോസ്റ്റ് ചാർട്ട് പ്രകാരം ഒരു നൂൽ നൂൽപ്പ് തൊഴിലാളിക്ക് ഒരു കഴി നൂൽ നൽകുന്നതിന് 5.50 രൂപ നിരക്കിൽ വേതനം ലഭിക്കുമ്പോൾ പുതുക്കിയ മിനിമം വേതന നിരക്ക് പ്രകാരം 14.90 രൂപ കൂലിയും 29 രൂപ ഡി.എ.യും നൽകേണ്ടതുണ്ട്. അതുപോലെ കോസ്റ്റ് ചാർട്ട് പ്രകാരം മീറ്ററിന് 23.46 രൂപ വേതനം ലഭിക്കുന്ന നെയ്ത്തുതൊഴിലാളിക്ക് 69.60 രൂപയും 29 രൂപ ഡി.എ.യും ലഭിക്കുന്നുണ്ട്. ഖാദി കമ്മീഷൻ പ്രഖ്യാപിച്ച കോസ്റ്റ് ചാർട്ട് പ്രകാരമുള്ള വേതനവും പരിഷ്കരിച്ച മിനിമം വേതനവും തമ്മിൽ വലിയ അന്തരം നിലനിൽക്കുകയാണ്. സർക്കാർ ഇൻകം സപ്പോർട്ട് സ്കീം പ്രകാരം നൽകിവരുന്ന തുക ഉപയോഗിച്ചാണ് നിലവിൽ ഖാദി തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നത്. ഈ സർക്കാർ 2016-17 മുതൽ ഇതുവരെയായി ഇൻകം സപ്പോർട്ട് ഇനത്തിൽ 75.94 കോടി രൂപയും പ്രൊഡക്ഷൻ ഇൻസെന്റീവ് ഇനത്തിൽ 11.24 കോടി രൂപയും അനുവദിച്ചുനൽകി

യിട്ടുണ്ട്. 2018 ജൂലൈ മാസം വരെയുള്ള മിനിമം വേതനം നിലവിലെ നിരക്കിൽ തൊഴിലാളികൾക്ക് നൽകിക്കഴിഞ്ഞു. പരിഷ്കരിച്ച നിരക്കിൽ മിനിമം വേതനം തൊഴിലാളികൾക്ക് നൽകുന്നതിന് ഖാദി ബോർഡുമായും ഇതര ഖാദി സ്ഥാപന ങ്ങളുമായും ആലോചിച്ച് നടപടികൾ സ്വീകരിച്ചുവരികയാണ്. ഏറ്റവും ചുരുങ്ങിയ വേതനമുള്ള ഖാദി തൊഴിലാളികളെ സംരക്ഷിക്കുന്നതിനുള്ള ഫലപ്രദമായ നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

## (4) വന്യമൃഗാക്രമണം

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, എന്റെ മണ്ഡലമായ മലമ്പുഴയിൽ വന്യമൃഗാക്രമണംമൂലം ഉണ്ടാകുന്ന വിപത്തുകളെക്കുറിച്ച് പലപ്രാവശ്യം ഞാൻ ഈ സഭയുടെ ശ്രദ്ധയിൽക്കൊണ്ടുവന്നതാണ്. മലമ്പുഴ പുതുശ്ശേരി, മുണ്ടൂർ, അകത്തേത്തറ എന്നീ പ്രദേശങ്ങളിൽ വന്യമൃഗാക്രമണ പരമ്പര തുടരുകയാണ്. കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ മാത്രം അഞ്ച് മനുഷ്യ ജീവനാണ് പൊലിഞ്ഞത്. നിരവധി പേർക്ക് ഗുരുതരമായി പരിക്കേറ്റു. ഏറ്റവുമൊടുവിൽ ഇക്കഴിഞ്ഞ മാസം പുതുശ്ശേരി പഞ്ചായത്തിലെ നടുപ്പതി ആദിവാസി കോളനിയിലെ 19 വയസ്സുള്ള മണികണ്ഠൻ എന്നയാൾ കൊല്ലപ്പെട്ടു. ഒട്ടേറെ കുടുംബങ്ങൾ അനാഥമാവുകയാണ്. വ്യാപകമായ കൃഷിനാശവും ഏക്കർകണക്കിന് വാഴ, നെല്ല് തുടങ്ങിയ വിളകളുടെ നാശവും സംഭവിക്കുകയാണ്. കർഷകന് കൃഷിയിറക്കാൻപോലും കഴിയാത്ത അവസ്ഥയാണ്. ഈ പ്രദേശങ്ങളിൽ നിർഭയമായി വഴിനടക്കാൻപോലും കഴിയുന്നില്ല. ഈ പ്രശ്നം നിരവധി തവണ ഞാൻ നേരിട്ടും കത്തുകൾ മുഖേനയും ബന്ധപ്പെട്ട വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നതാണ്. ശാശ്വതമായി പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന മറുപടിയിൽ കാര്യങ്ങൾ നിൽക്കുകയാണ്. വന്യമൃഗങ്ങൾ സ്വൈര്യവിഹാരം തുടരുന്നു. ഈ വിഷയം രാഷ്ട്രീയമായി മുതലെടുക്കാനുള്ള ശ്രമവും മണ്ഡലത്തിൽ നടക്കുന്നുണ്ട്.

വനാതിർത്തി പ്രദേശങ്ങളിൽ വൈദ്യുത കമ്പിവേലി, ട്രെഞ്ച് തുടങ്ങിയവയുടെ നിർമ്മാണം, റേഡിയോ കോളർ ഘടിപ്പിക്കൽ എന്നീ മാർഗ്ഗങ്ങളൊക്കെ നടപ്പിലാക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഉറപ്പുതന്നതാണ്. എന്നാൽ ഒന്നും നടപ്പിലാകുന്നില്ല, ഇത് നിരാശാജനകമാണ്. അവലോകന യോഗങ്ങൾ നടക്കുകയും ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ടെങ്കിലും നടപടികളൊന്നും ഉണ്ടാകുന്നില്ല. സ്ഥിതിഗതികൾ വഷളാവുകയാണ്. പ്രശ്നത്തിന് ശാശ്വത പരിഹാരമുണ്ടാക്കാൻ ശ്രമം വേണം. പരീക്ഷണാർത്ഥം കുങ്കിയാനകളെ പ്രയോജനപ്പെടുത്തി സ്ഥിതിഗതികൾ നിയന്ത്രിക്കാൻ ശ്രമിച്ചെങ്കിലും ഫലപ്രദമായിട്ടില്ല. ഈ സാഹചര്യത്തിൽ കേന്ദ്ര പരിസ്ഥിതി-വനം മന്ത്രാലയവുമായി ബന്ധപ്പെട്ടുകൊണ്ട് മണ്ഡലത്തിൽ വ്യാപകമായി മാറിയിരിക്കുന്ന വന്യമൃഗാക്രമണ പ്രശ്നം ശാശ്വതമായി പരിഹരിക്കാൻ ആവശ്യമായ അടിയന്തര നടപടികൾ വനം വകുപ്പിൽ നിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, മലമ്പുഴ മണ്ഡലത്തിലെ ജനവാസ കേന്ദ്രങ്ങളിൽ വർദ്ധിച്ചുവരുന്ന വന്യജീവി ആക്രമണം തടയുന്നതിന് സമഗ്രമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ബഹുമാന്യനായ വി. എസ്. അച്യുതാനന്ദനെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഉദ്യോഗസ്ഥരുടെ രണ്ട് യോഗങ്ങൾ നടന്നു. ഇതിന്റെ ഭാഗമായി നിരവധി നടപടികൾ മലമ്പുഴ മണ്ഡലത്തിൽ സ്വീകരിച്ചിട്ടുണ്ട്. 15 പഞ്ചായത്തുകളിൽ ജനജാഗ്രതാ സമിതി രൂപീകരിച്ച് യഥാസമയം യോഗംകൂടി തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ട്. ആനകൾ വനത്തിന് പുറത്ത് കടക്കാതിരിക്കാൻ 75 കിലോമീറ്റർ സൗരോർജ്ജ വേലികൾ നിർമ്മിച്ച് 5 കിലോമീറ്ററിന് ഒരു വാച്ചർ എന്ന നിലയിൽ പ്രവർത്തനക്ഷമത പരിപാലിച്ചുവരികയാണ്. മുതുമലൈ ആന പരിശീലന കേന്ദ്രത്തിൽനിന്നും പരിശീലനം സിദ്ധിച്ചിട്ടുള്ള മൂന്ന് കുങ്കി ആനകളെ വച്ച് ഒരു സാറ്റലൈറ്റ് ക്യാമ്പ് ധോണി വനമേഖലയിൽ സ്ഥാപിക്കാൻ തീരുമാനമായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സൂര്യ എന്ന കുങ്കിയാനയെ നിലവിൽ ധോണിയിൽ ക്യാമ്പ് ചെയ്യിപ്പിച്ച് ജീവനക്കാർ മുഖാന്തരം പട്രോളിംഗ് നടത്തിവരികയാണ്. ക്യാമറ ട്രാപ് സ്ഥാപിച്ച് കഞ്ചിക്കോട് മുതൽ മുണ്ടൂർ വരെ വന്യജീവി ആക്രമണം നടത്തുന്ന ആനകളുടെ ചിത്രങ്ങൾ ശേഖരിക്കുകയും പ്രശ്നക്കാരായ ആനകളെ തിരിച്ചറിഞ്ഞ് മൂന്ന് ആനകളെ തുടർച്ചയായി നിരീക്ഷിച്ചുവരുന്നുമുണ്ട്. ഇത്തരത്തിലുള്ള ആനകളുടെ സ്വഭാവം പഠിക്കുന്നതിനായി റേഡിയോ കോളർ ചെയ്യുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മൂന്ന് റേഡിയോ കോളർ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആനകൾ പുറത്തിറങ്ങുന്ന സമയം മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നതിനായി എല്ലാ കൃഷിക്കാരുടെയും നമ്പർ ശേഖരിച്ച് എസ്.എം.എസ്. അലർട്ട് അല്ലെങ്കിൽ വോയിസ് അലർട്ട് നൽകി വരുന്നുണ്ട്. കാട്ടിൽനിന്നും പുറത്തേയ്ക്ക് വരുന്ന ആനത്താരകൾ മനസ്സിലാക്കി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 20 കിലോമീറ്റർ സൗരോർജ്ജ വേലികൾ, രണ്ട് കോടി രൂപ ഉപയോഗിച്ച് ആന പ്രതിരോധമതിൽ എന്നിവയ്ക്ക് സർക്കാർ അനുമതി നൽകുകയും ആയത് പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്. ദ്രുതകർമ്മ സേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിലേയ്ക്കായി ആവശ്യമായ വാഹനം, മറ്റു സംവിധാനം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. പാലക്കാട് കേന്ദ്രീകരിച്ച് രൂപീകരിച്ചിട്ടുള്ള ദ്രുതകർമ്മസേനയുടെ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിനും അടിയന്തര നടപടികൾ നേരിടുന്നതിനും സേനയെ സർവ്വസജ്ജമാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ട്. വന്യമൃഗങ്ങൾക്ക് കാട്ടിനുള്ളിൽത്തന്നെ കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിനായി പുതിയ ചെക്ക് ഡാമുകൾ നിർമ്മിക്കുകയും മുമ്പ് നിർമ്മിച്ചിട്ടുള്ളവയിലെ മണ്ണ് നീക്കംചെയ്ത് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. വന്യജീവി ആക്രമണത്തിനുള്ള നഷ്ടപരിഹാരത്തിനായി ഒക്ടോബർ 31-ാം തീയതിവരെ ലഭിച്ചിട്ടുള്ള അപേക്ഷകൾ

പരിഗണിച്ച് അർഹതയുള്ളവർക്കെല്ലാം നഷ്ടപരിഹാരത്തുക വിതരണം ചെയ്തിട്ടുണ്ട്. വാളയാർ റെയ്ഞ്ചിന്റെ പരിധിയിൽ വരുന്ന വന്യജീവി ആക്രമണം രൂക്ഷമായ പ്രദേശങ്ങളിൽ താമസിക്കുന്നവരുടെ സ്ഥലങ്ങൾ അവരുടെ സമ്മതത്തോടെ വനംവകുപ്പ് ഏറ്റെടുക്കുന്നതിനായി 12 ഏക്കർ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ആയത് കിഫ്ബി മുഖാന്തരം ഏറ്റെടുക്കാൻ സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഈ നിലയിൽ അങ്ങയുടെ മണ്ഡലത്തിലെ ജനവാസകേന്ദ്രങ്ങളിൽ വർദ്ധിച്ചുവരുന്ന വന്യജീവികളുടെ ആക്രമണം പരമാവധി ലഘൂകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ വളരെ ജാഗ്രതയോടെ സ്വീകരിച്ചുവരികയാണ്.

### (5) റവന്യൂ ടവർ നിർമ്മാണം

ശ്രീ. സി. ദിവാകരൻ: സർ, നെടുമങ്ങാട് നിയോജകമണ്ഡലത്തിന് 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി അനുവദിച്ച റവന്യൂ ടവർ നാളിതുവരെ നിർമ്മാണമാരംഭിക്കാൻ സാധിച്ചിട്ടില്ല. പ്രസ്തുത റവന്യൂ ടവർ നിർമ്മിക്കുന്നതിന് പൊതുമരാമത്ത് സ്പെഷ്യൽ ബിൽഡിംഗ് വിഭാഗം വിശദമായ പ്ലാനും ഡിസൈനും ഡി.പി.ആർ.-ഉം തയ്യാറാക്കി ലാൻഡ് റവന്യൂ കമ്മീഷണർ മുമ്പാകെ ഹാജരാക്കിയപ്പോൾ പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണത്തിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിനെ ചുമതലപ്പെടുത്തി 31-8-2018-ൽ സർക്കാർ ഉത്തരവായ വിവരമറിഞ്ഞു. ടി ഉത്തരവ് പ്രകാരം കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് നടപടികൾ ഇനിയും ആരംഭിച്ചിട്ടില്ല. നടപടികൾ പൂർത്തീകരിക്കാൻ ഇനിയും കാലതാമസം നേരിടും. ഈ സാഹചര്യത്തിൽ ഒരു സ്പെഷ്യൽ കേസായി പരിഗണിച്ച് നെടുമങ്ങാട് റവന്യൂ ടവർ നിർമ്മാണം കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ ചുമതലയിൽനിന്ന് ഒഴിവാക്കി പൊതുമരാമത്ത് സ്പെഷ്യൽ ബിൽഡിംഗ് വിഭാഗത്തെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുകയാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, 2016-17 സാമ്പത്തികവർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലും മറുപടി പ്രസംഗത്തിലും കിഫ്ബി ധനസഹായത്തോടുകൂടി നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച 25 റവന്യൂ ടവറുകളുടെയും മിനി സിവിൽ സ്റ്റേഷനുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിനെ ചുമതലപ്പെടുത്തി 31-8-2018-ൽ സർക്കാർ ഉത്തരവാകുകയുണ്ടായി. 330 കോടി രൂപയുള്ള പദ്ധതി അടങ്കലിന് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. നെടുമങ്ങാട് റവന്യൂ ടവർ നിർമ്മാണം മേൽപ്പറഞ്ഞ കിഫ്ബി ധനസഹായത്തോടുകൂടിയുള്ളതാണ്. ഈ സാഹചര്യം നിലനിൽക്കെ പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം ചീഫ് എഞ്ചിനീയർ 6-10-2018-ന് നൽകിയ കത്ത് പ്രകാരം

9.75 കോടി രൂപയുടെ എസ്റ്റിമേറ്റ് നെടുമങ്ങാട് റവന്യൂ ടവർ നിർമ്മാണത്തിനായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലേയ്ക്ക് സമർപ്പിക്കുകയുണ്ടായി. നെടുമങ്ങാട് റവന്യൂ ടവർ നിർമ്മാണം ഹൗസിംഗ് ബോർഡിൽനിന്നും ഒഴിവാക്കി പൊതുമരാമത്ത് വകുപ്പിന് നൽകുന്ന വിഷയത്തിൽ തീരുമാനമെടുക്കാവുന്നതാണെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ ശിപാർശ ചെയ്ത് 28-11-2018-ന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കിഫ്ബി പദ്ധതികളുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് 24-2-2018-ലെ സ.ഉ. നമ്പർ 69/2018/ധന. ആയി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഇതുമായി ബന്ധപ്പെട്ട മൊത്തം പദ്ധതി അടങ്കൽ ഏറ്റവും കുറഞ്ഞത് 100 കോടി രൂപയ്ക്ക് മുകളിലെങ്കിലും വേണമെന്നും സബ്പ്രോജക്ടുകൾ 10 കോടി രൂപയ്ക്ക് താഴെയാകാൻ പാടില്ലാത്തതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കിഫ്ബി ധനസഹായത്തോടുകൂടിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് നിലവിൽ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെയാണ് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി ചുമതലപ്പെടുത്തി ഉത്തരവായിട്ടുള്ളത്. അതിൽ ഏതെങ്കിലും തരത്തിൽ ഭേദഗതി ആവശ്യമുള്ളപക്ഷം അംഗീകൃത നിർവ്വഹണ ഏജൻസിയെ എസ്.പി.വി. ആയി മാറ്റി നിശ്ചയിച്ച് അനുമതി നൽകുന്നമുറയ്ക്ക് കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനം നടത്താവുന്നതാണ്.

ശ്രീ. സി. ദിവാകരൻ: സർ, ഗവൺമെന്റ് ഉത്തരവിലെ മാർഗ്ഗനിർദ്ദേശ പ്രകാരമാണെങ്കിൽ 10 കോടി രൂപയിൽ താഴെയുള്ള കടകംപള്ളി റവന്യൂ ടവർ, പുനലൂർ വിദ്യാഭ്യാസ കോംപ്ലക്സ് എന്നിവയെ ഇതിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. 9 കോടി രൂപ എസ്റ്റിമേറ്റുള്ള നെടുമങ്ങാട് റവന്യൂ ടവറിനെയും ഇതിൽനിന്നും ഒഴിവാക്കേണ്ടതാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: അക്കാര്യം പരിശോധിക്കാം.

### (6) കൽപ്പാത്തിപ്പുഴ സംരക്ഷണം

ശ്രീ. ഷാഫി പറമ്പിൽ: സർ, പാലക്കാട് ജില്ലയിൽ നിന്നുള്ള മന്ത്രി എന്ന നിലയ്ക്കും പുഴയുമായി ബന്ധപ്പെട്ട കാര്യങ്ങളെല്ലാം വിശദമായി ശ്രദ്ധിക്കുന്ന ഒരാൾ എന്ന നിലയ്ക്കും കൽപ്പാത്തിപ്പുഴയുടെ സംരക്ഷണത്തിന്റെ ആവശ്യകത നല്ല ബോദ്ധ്യമുള്ള ഒരാളുടെ മുമ്പിൽ തന്നെയാണ് ഈ കാര്യം അവതരിപ്പിക്കുന്നതെന്ന ബോധം എനിക്കുണ്ട്.

ബഹുമാനപ്പെട്ട ധനമന്ത്രിയുടെ ഇതിനുമുമ്പത്തെ ബഡ്ജറ്റ് സ്പീച്ചിനുശേഷം ഇക്കാര്യമുൾപ്പെടുത്തണമെന്ന ആവശ്യവുമായി അദ്ദേഹത്തെ ചെന്ന് കണ്ടപ്പോൾ കൽപ്പാത്തിപ്പുഴയുടെ സംരക്ഷണത്തിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമെന്നും ആയതിലേയ്ക്ക് 10 കോടി രൂപ ഇനീഷ്യലായി അനുവദിക്കുന്നതുമാണെന്ന് ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ ഉൾപ്പെടുത്തി ബഹുമാനപ്പെട്ട ധനകാര്യ

വകുപ്പുമന്ത്രി പ്രഖ്യാപിച്ചതായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വിശദമായ ഇൻവെസ്റ്റിഗേഷൻ നടത്തി അതിന്റെ പ്രൊപ്പോസൽ തയ്യാറാക്കി. പ്രൊപ്പോസൽ സമർപ്പിക്കുമ്പോൾ സാംസ്കാരിക വകുപ്പിന്റെ ഹെഡ്ഡിൽനിന്നും പണമനുവദിക്കാമെന്നായിരുന്നു അദ്ദേഹം അന്ന് നിർദ്ദേശിച്ചിരുന്നത്. പക്ഷെ ഇക്കാര്യത്തിന് പണം അനുവദിക്കാൻ കഴിയില്ലായെന്നും റവന്യൂവിലോ ഇറിഗേഷൻ വകുപ്പിലോ മൂവ് ചെയ്യണമെന്നുള്ളതുമായിരുന്നു സാംസ്കാരിക വകുപ്പിൽനിന്നും ലഭിച്ച മറുപടി. റവന്യൂവകുപ്പിൽ മൂവ് ചെയ്തപ്പോൾ ഇറിഗേഷൻ വകുപ്പിൽ മൂവ് ചെയ്യണമെന്നും ഇറിഗേഷനിൽ നിന്ന് ഇക്കാര്യം പരിഗണിക്കാമെന്നും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കാര്യങ്ങൾ ചെയ്യാൻ പരിശ്രമിക്കുമെന്നുമാണ് ബഹുമാനപ്പെട്ട മന്ത്രിയും വകുപ്പും അന്ന് മറുപടി നൽകിയത്. അതിന്റെ തുടർനടപടികൾ ഇതുവരെയുണ്ടായിട്ടില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിന്റെ ഭാഗമായി വന്ന ഒരു വികസന പ്രവർത്തനത്തിന്റെ തുടർനടപടികളുടെയും കണ്ടിന്യൂവിറ്റിയുടെയും ആവശ്യകതയാണ് അങ്ങയുടെയും ഈ സഭയുടെയും മുമ്പിൽ ഉന്നയിക്കാൻ ശ്രമിക്കുന്നത്. കൽപ്പാത്തി പ്പുഴയുടെ പ്രാധാന്യമൊക്കെ അങ്ങേയ്ക്ക് അറിയാവുന്നതാണ്. ഇപ്പോൾ പ്രളയവുമായി ബന്ധപ്പെട്ട് നമുക്കെല്ലാവർക്കുമറിയാം, അതിന്റെ വശങ്ങളിൽ താമസിക്കുന്ന പലർക്കും വീടുകൾ ഉൾപ്പെടെ നഷ്ടപ്പെടുന്ന സാഹചര്യമുണ്ടായി. മതിയായ സംരക്ഷണ ഭിത്തികളോ പുഴയ്ക്ക് ശരിയായി ഒഴുകാനുള്ള സാഹചര്യമോ ഉണ്ടാക്കാൻ നമുക്ക് കഴിയാതെ പോയതിന്റെ പേരിലാണ് വളരെ സാധാരണക്കാരായിട്ടുള്ള; ഒരു സെന്റിലും ഒന്നര സെന്റിലും താമസിക്കുന്ന; ഇനി മറ്റൊരു ഭൂമി വാങ്ങാൻ അവരെക്കൊണ്ട് കഴിയില്ലെന്ന് ബോദ്ധ്യമുള്ള; മറ്റൊരു വീട് സ്വന്തമായി കെട്ടാൻ കഴിവുപോലുമില്ലാത്ത ഒരുപാട് ആളുകൾക്ക് ഭവനം നഷ്ടപ്പെടുന്ന സാഹചര്യമുണ്ടായി. അത് പുനർനിർമ്മിച്ചു കൊടുക്കാനുള്ള ശ്രമങ്ങളിൽ ഇപ്പോൾ നമ്മളെല്ലാവരും പങ്കാളികളാണ്. പക്ഷെ നാളെയും ഇത് ആവർത്തിക്ക പ്പെടാതിരിക്കണമെങ്കിൽ ഇതിന്റെ സംരക്ഷണഭിത്തി വളരെയധികം പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. ലക്ഷക്കണക്കിനാളുകളുടെ കുടിവെള്ള ത്തിന്റെ ഒരു പ്രധാനപ്പെട്ട സ്രോതസ്സാണ് കൽപ്പാത്തിപ്പുഴ. എന്നാൽ കോളിഫോം ബാക്ടീരിയയുടെ അളവ് ഏറ്റവും കൂടുതലുള്ള ഒരു പുഴയായി വിദഗ്ദ്ധർതന്നെ ഈ പുഴയെ മാർക്ക് ചെയ്യുമ്പോൾ കുടിവെള്ളത്തിനു വേണ്ടി ഈ പുഴയിലെ ജലം ഉപയോഗിക്കേണ്ടിവരുന്ന ആളുകളുടെ അവസ്ഥയെ ന്താവുമെന്ന് നമുക്ക് അതിൽ നിന്നുതന്നെ മനസ്സിലാക്കാൻ കഴിയും. കൽപ്പാത്തി രഥോത്സവം, ആറാട്ട്, മുപ്പതോളം ക്ഷേത്രങ്ങളിലെ കുംഭം നിറയ്ക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ, ആവണിഅവിട്ടം, മരണാനന്തര ചടങ്ങുകൾ അതുപോലെ ഒരുപാട് കാര്യങ്ങൾക്ക് ഈ പുഴ നമ്മുടെ ലൈഫ് ലൈനും പാലക്കാടിനെ സംബന്ധിച്ചിടത്തോളം ഏറ്റവും അനിവാര്യ വുമായതിനാൽ സംരക്ഷിക്കപ്പെടേണ്ടതും മാലിന്യം നീക്കം ചെയ്യപ്പെടേണ്ടതും പുഴ സുഗമമായി ഒഴുകാനുള്ള അവസരമുണ്ടാകേണ്ടതും സംരക്ഷണ

ഭിത്തിയുണ്ടാകേണ്ടതും ആവശ്യമാണ്. കുടിവെള്ളത്തെ കൃത്യമായി ശുദ്ധീകരിച്ച് ഉപയോഗപ്പെടുത്തേണ്ടതായിട്ടുള്ള സാഹചര്യം, മലിനജലം പുഴയിലേയ്ക്ക് എത്തുന്നത് തടയേണ്ടതുൾപ്പെടെ വളരെ വിശദമായ ഒരു പ്രോജക്ട് തന്നെ അനിവാര്യമാണ്. അക്കാര്യത്തിൽ അങ്ങയുടെ ഇടപെടലുണ്ടാവണം. മുക്കത്തിൽനിന്ന് പേഴുംകര വരെയും പേഴുംകരയിൽനിന്ന് കല്ലേക്കാട് വരെയും രണ്ട് സോഴ്സായിട്ടാണ് ഇതൊഴുകുന്നത്. നിളയുടെ ഒരു പ്രധാനപ്പെട്ട കൈവഴി കൂടിയാണിത്. നിർബന്ധമായും അങ്ങയുടെ ഇടപെടലും അനുകൂലമായ നടപടികളും മറുപടിയുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, വളരെ ഗൗരവമുള്ള കാര്യമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. 31-1-2017-ന് പാലക്കാട് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന 'കൽപ്പാത്തിപ്പുഴ സംരക്ഷണവും നവീകരണവും' എന്ന വിഷയവുമായി ബന്ധപ്പെട്ട യോഗത്തിൽ ബഹുമാനപ്പെട്ട പാലക്കാട് എം.എൽ.എ. ശ്രീ. ഷാഫി പറമ്പിലിന്റെ നിർദ്ദേശാനുസരണം തന്നെ പ്രസ്തുത പദ്ധതിയെക്കുറിച്ച് 14.83 കോടി രൂപയുടെ പ്രാഥമിക പദ്ധതി റിപ്പോർട്ട് പാലക്കാട് മൈനർ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്ന് ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ മുക്കം ശിവക്ഷേത്രം മുതൽ മേപ്പറമ്പിനടുത്തുള്ള പേഴുംകര വരെയുള്ള ഭാഗത്തിന്റെ പുനർജ്ജീവനമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ പുഴയിൽ വളരുന്ന കാടും ചെടിയും നീക്കംചെയ്യാൻ നിലവിൽ പുഴയ്ക്ക് കുറുകെയുള്ള ചെക്ക് ഡാമുകളുടെ സംരക്ഷണം, അരികുഭിത്തി നിർമ്മാണം, പുതിയ കുളിക്കടവുകളുടെ നിർമ്മാണം, നിലവിലുള്ള കടവുകളുടെ കേടുപാടുകൾ തീർക്കൽ, സർപ്ലസ് വിയർ നിർമ്മാണം, മാലിന്യനിർമ്മാർജ്ജന യൂണിറ്റുകൾ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ ഉൾപ്പെടുന്നു. കാടും ചെടിയും നീക്കംചെയ്യൽ, മാലിന്യ നിർമ്മാർജ്ജന യൂണിറ്റുകൾ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ ഹരിതകേരളം പദ്ധതിയിലുൾപ്പെടുത്തി ചെയ്യാവുന്നതാണ്. ജലസേചനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് മുന്നോടിയായി പുഴയുടെ വീതി വീണ്ടെടുക്കേണ്ടതുണ്ട്. അതിനാൽ പുഴയുടെ അതിർത്തി നിർണ്ണയിക്കുന്നതിനും സർവ്വേ നടത്തുന്നതിനുമായി ജില്ലാ സർവ്വേ സൂപ്രണ്ടിന് കത്ത് നൽകിയിട്ടുണ്ട്. 18-12-2018-ന് എം.എൽ.എ. മാരുടെ അവലോകന യോഗം പാലക്കാട് വിളിച്ചിട്ടുണ്ട്. ആ യോഗത്തിൽവച്ച് സർവ്വേ നടപടികൾ ത്വരിതപ്പെടുത്തുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

12.00 Noon]

## (7) എം.എൽ.എ. ആസ്തിവികസന ഫണ്ട്

ശ്രീ. പി. കെ. ബഷീർ: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ അഞ്ച് കോടി രൂപ ആസ്തിവികസന ഫണ്ട് അനുവദിച്ചപ്പോൾ പത്ത് വർക്കുകൾക്കായിരുന്നു ആദ്യഘട്ടത്തിൽ ഉത്തരവ് നൽകി

യിരുന്നത്. പിന്നീട് പത്ത് ലക്ഷം രൂപയുടെ അഞ്ച് വർക്കുകൾക്ക് ഉത്തരവ് നൽകി. അങ്ങനെ ആകെ അഞ്ച് കോടി രൂപ. പിന്നീട് അത് പതിനഞ്ച് വർക്കുകളായി പരിമിതപ്പെടുത്തി. അങ്ങ് ധനകാര്യ വകുപ്പുമന്ത്രിയായി വന്നതിനുശേഷം അത് ഇരുപത് പ്രവൃത്തികളായി മാറ്റി. പ്രളയം വന്നതിന്റെ ഭാഗമായി കേരളത്തിലെ ഗ്രാമീണ റോഡുകൾ, പാലങ്ങൾ, സ്കൂൾ കെട്ടിടങ്ങൾ, ആശുപത്രികൾ, അങ്കണവാടി കെട്ടിടങ്ങൾ ഇവയ്ക്കെല്ലാം സാരമായ നാശനഷ്ടം സംഭവിച്ചിട്ടുണ്ടെന്നുള്ളത് നമുക്കെല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഇരുപത് പ്രവൃത്തികളായി അത് നിജപ്പെടുത്തുമ്പോൾ പ്രളയത്തിൽ നാശനഷ്ടമുണ്ടായിട്ടുള്ള പല പഞ്ചായത്തുകളിലേയും റോഡുകളും കെട്ടിടങ്ങളും പുനർനിർമ്മിക്കാൻ എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിൽനിന്ന് കൂടുതൽ ഫണ്ട് അനുവദിക്കാൻ സാധിക്കുന്നു. ഉദാഹരണത്തിന്, പത്ത് ലക്ഷം രൂപയ്ക്കും അഞ്ച് ലക്ഷം രൂപയ്ക്കും പൂർത്തിയാകുന്ന പ്രവൃത്തികളുണ്ടാകും. അതുകൊണ്ട് നിലവിലുള്ള 5 കോടി രൂപ വർദ്ധിപ്പിക്കാൻ സാധിക്കില്ലെങ്കിലും ആ പ്രവൃത്തികളുടെ എണ്ണം 20 എന്നുള്ളത് 40 എങ്കിലുമാക്കി വർദ്ധിപ്പിക്കാനുള്ള ഉത്തരവുണ്ടാകണം. അതിന് ഒരു എക്സിക്യൂട്ടീവ് ഉത്തരവ് മതി. കാരണം, ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ പ്രാവശ്യം സഭയിൽ ഇതുപോലെ പറഞ്ഞാണ് അന്ന് 20 പ്രവൃത്തി കളാക്കി മാറ്റിയത്. അതുകൊണ്ട് അതിന്റെ സാങ്കേതികത്വത്തിന് പോകാതെ, പ്രായോഗികവും ശാസ്ത്രീയവുമായ സമീപനമുള്ള അങ്ങ് ഇതിനനുകൂലമായ നിലപാട് സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

രണ്ടാമത്തേത്, ടെണ്ടറിന്റെ കാര്യമാണ്. ഉദാഹരണത്തിന്, ഒരു കോടി രൂപയുടെ ആസ്തിവികസന ഫണ്ടിലെ ഒരു പ്രവൃത്തി ടെണ്ടർ ചെയ്താൽ അതിന്റെ വില 25% ആണെങ്കിൽ അതിന് 25 ലക്ഷം രൂപ സേവിംഗ്സുണ്ടാകും. ഗ്രാമപഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ എന്നിവിടങ്ങളിലെ പ്രവൃത്തി ടെണ്ടർ ചെയ്തുകഴിഞ്ഞാൽ ഉദാഹരണത്തിന്, 50 ലക്ഷം രൂപയുടെയോ ഒരു കോടി രൂപയുടെയോ വർക്കാണെങ്കിൽ, അതിൽ സേവിംഗ്സ് വന്നാൽ അല്ലെങ്കിൽ ബിലോ വർക്ക് വന്നാൽ അവർക്ക് പുതിയ പ്രവൃത്തിക്ക് നൽകാം. നേരേമറിച്ച്, എം.എൽ.എ. ആസ്തിവികസന ഫണ്ടിൽനിന്ന് ഇതുപോലെ 5 കോടി രൂപയുടെ വർക്കിന് മൊത്തം ടെണ്ടറിൽ ഒരു കോടി രൂപയുണ്ടെങ്കിൽ ഒരു പുതിയ പ്രവൃത്തി പ്രൊപ്പോസൽ ചെയ്യാൻ സാധിക്കില്ല. അതുകൊണ്ട് ഈ പ്രവൃത്തിയിൽ ബാലൻസ് വരുന്ന തുക ഉപയോഗിക്കുന്നതിന് പ്രൊപ്പോസൽ കൊടുക്കാൻ ഞങ്ങൾക്ക് അനുവാദം നൽകണമെന്നാണ് അങ്ങയോട് അഭ്യർത്ഥിക്കാനുള്ളത്.

കേരളത്തിലെ പല പഞ്ചായത്തുകളിലും എൽ.ഡി.എഫ്.-യു.ഡി.എഫ്.-ഉം ഭരിക്കുന്നുണ്ടാകും. ചില ജില്ലകളിലെ ആറ് പഞ്ചായത്തുകളിൽ എൽ.ഡി.എഫ്. ആണ് ഭരിക്കുന്നതെങ്കിൽ അവിടത്തെ എം.എൽ.എ. യു.ഡി.എഫ്.-ൽ നിന്നുള്ള വ്യക്തി

ആയിരിക്കും. ആറ് പഞ്ചായത്തിൽ യു.ഡി.എഫ്. ആണ് ഭരിക്കുന്നതെങ്കിൽ അവിടത്തെ എം.എൽ.എ. എൽ.ഡി.എഫ്. ആയിരിക്കും. ചില ഘട്ടത്തിൽ സ്കൂളുകളിലെ ക്ലാസ്സ്റൂമുകളുടെ സൗകര്യക്കുറവ് പരിഹരിക്കാൻവേണ്ടി പി.ടി.എ. കമ്മിറ്റികൾ എം.എൽ.എ.-മാരെ സമീപിക്കും. അപ്പോൾ പഞ്ചായത്തിന്റെ കൺകറൻസ് വാങ്ങണമെന്ന് ആവശ്യപ്പെടും. വളരെ പ്രയാസമുള്ള കാര്യം, കെട്ടിടങ്ങൾ പഞ്ചായത്തിന്റേതാണ്, പക്ഷെ പഞ്ചായത്തിന് യാതൊരു ബാദ്ധ്യതയും വരുന്നില്ല. രണ്ട് ക്ലാസ്സ്റൂമുകൾ കൊടുത്താൽ പ്രശ്നങ്ങൾ തീരും. എന്നാൽ പഞ്ചായത്ത് അത് കൊടുക്കില്ല. പഞ്ചായത്തിന്റെ അനുമതി വാങ്ങിയതിനുശേഷം മാത്രമേ ഒരു ക്ലാസ്സ്റൂമിനോ അങ്കണവാടി കെട്ടിടത്തിനോ എം.എൽ.എ. ഫണ്ട് അനുവദിക്കാൻ കഴിയുകയുള്ളൂ. ഇത് അപ്പുറത്തും ഇപ്പുറത്തുമുള്ള എല്ലാവരേയും ബാധിക്കും. അതുകൊണ്ട് ഇതിനൊരു പരിഹാരമുണ്ടാകണമെന്നതാണ് എന്റെ അപേക്ഷ. അതുപോലെ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനും പഞ്ചായത്തിന്റെ അനുമതി വേണം. പഞ്ചായത്ത് അതിന്റെ ഇലക്ട്രിസിറ്റി ചാർജ്ജ് അടയ്ക്കുന്നതുകൊണ്ട് പഞ്ചായത്തിന് ബാദ്ധ്യത വരുന്നു. അതുകൊണ്ടാണ് അത് സ്ഥാപിക്കുന്നതിന് അവർ ബുദ്ധിമുട്ട് പ്രകടിപ്പിക്കുന്നത്. പ്രളയത്തിൽ മലപ്പുറം ജില്ലയിൽ ഏറ്റവുമധികം ദുരിതം അനുഭവിച്ചത് എന്റെ നിയോജകമണ്ഡലത്തിലാണ്. ഏപ്രിൽ മാസത്തിൽ കൊടുക്കേണ്ട പ്രൊപ്പോസൽ ഇതുവരേയും കൊടുക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് വർക്കുകളുടെ എണ്ണം 20 എന്നുള്ളത് 35 അല്ലെങ്കിൽ 40 ആക്കി വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കണമെന്നും ടെണ്ടറുകളിൽ വരുന്ന സേവിംഗ്സ് ഉപയോഗിക്കാനുള്ള അനുവാദം നൽകണമെന്നും പഞ്ചായത്തിന്റെ പെർമിഷൻ വേണമെന്ന നിബന്ധന പിൻവലിക്കണമെന്നും ഞാൻ ആവശ്യപ്പെടുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, നമ്മൾ ഈ പദ്ധതി ആരംഭിച്ചപ്പോൾ ഒരു കോടിയിൽ കുറയാത്ത 5 വർക്കുകൾ എന്നായിരുന്നു നിബന്ധന. പിന്നെ അത് 10 വർക്കുകളായി. ഇപ്പോൾ അത് 20 വർക്കുകളായി, 10 ലക്ഷം രൂപ മിനിമം വേണം. ആ എണ്ണം ഇനിയും വർദ്ധിപ്പിക്കണമെന്നാണ് ബഹുമാനപ്പെട്ട മെമ്പർ പറയുന്നത്. പ്രളയത്തിന്റെ ഈ പശ്ചാത്തലത്തിൽ അത് ന്യായമായ ഒരു ആവശ്യം തന്നെയാണ്. ഏത് എം.എൽ.എ.-യും ഈ വർഷത്തേയ്ക്ക് വർക്കിനായി വന്നുകഴിഞ്ഞാൽ അതിൽ പോസിറ്റീവായ ഒരു നിലപാട് സ്വീകരിക്കാം. ഇപ്പോൾ ചെറിയ ചെറിയ വർക്കാക്കി മാറ്റണ്ട, നിയമം ഇങ്ങനെതന്നെ നിൽക്കട്ടെ. പക്ഷേ, പ്രളയത്തിന്റെ പശ്ചാത്തലത്തിൽ പ്രളയബാധിത പ്രദേശങ്ങളിൽ നിങ്ങൾ വയ്ക്കുന്ന നിർദ്ദേശങ്ങൾ പോസിറ്റീവായി പരിഗണിച്ച് തീരുമാനമുണ്ടാക്കാം. രണ്ടാമത്തേത്, ടെണ്ടർ വിളിക്കുമ്പോൾ സേവിംഗ്സ് വന്നാൽ അതുകൂടി ഉൾപ്പെടുത്തുന്നതാണ്. ഇതുപോലെതന്നെ എക്സസും വരുന്നുണ്ട്. ഒരു വർഷം, വർഷാവസാനത്തിൽ സേവിംഗ്സും എക്സസും കൂടി കണക്കാക്കി ബാക്കിയുള്ളത് പിറ്റേ വർഷം അഡീഷണലായി എടുക്കാനുള്ള അനുവാദം ഉണ്ടാകും. മൂന്നാമത്തേത്, പഞ്ചായത്തിന്റെ അനുവാദത്തെ

കുറിച്ചുള്ളതാണ്. ഇക്കാര്യം ഞാൻ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുമായി ചർച്ചചെയ്യാം. ഇപ്പോൾ എല്ലാ സ്കൂളുകളിലും കെട്ടിടങ്ങൾ എവിടെയാണ് പണിയേണ്ടത്, എങ്ങനെയാണ് എന്നുള്ളത് സംബന്ധിച്ച് മാസ്റ്റർ പ്ലാനുണ്ട്. അത് ഔദ്യോഗികമായി വിദ്യാഭ്യാസ വകുപ്പ് അംഗീകരിച്ചിട്ടുള്ളതാണ്. പക്ഷേ, നമുക്ക് ഇഷ്ടമുള്ള സ്ഥലത്ത് കെട്ടിടം പണിയുന്ന ഒരു രീതിയാണ് പലപ്പോഴും ഉള്ളത്, ഇത് പ്രശ്നങ്ങളുണ്ടാക്കുന്നുണ്ട്. ഇതിന്റെ മാസ്റ്റർപ്ലാനുമായി പരിശോധിച്ച് അനന്തമായി നീട്ടിക്കൊണ്ടുപോകാതെ രണ്ടാഴ്ചയ്ക്കുള്ളിൽ അതിനൊരു പ്രതികരണം ലഭിച്ചില്ലെങ്കിൽ സമ്മതമായി അംഗീകരിച്ച് മുന്നോട്ടുപോകുന്നതിനെക്കുറിച്ച് ബന്ധപ്പെട്ട മന്ത്രിയോട് സംസാരിക്കാം. അതുപോലെ ജി.എസ്.ടി. എനിക്ക് മാറ്റാൻ പറ്റില്ല. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ തുടങ്ങാത്ത ഏത് പ്രവൃത്തിയും വേണമെങ്കിൽ റദ്ദ് ചെയ്ത് പ്രളയവുമായി ബന്ധപ്പെട്ടുള്ള പ്രവൃത്തിയാക്കി മാറ്റുന്നതിനും 2017-18-ലേതടക്കം മുൻവർഷത്തെയുംകൂടി ബാക്കിയുണ്ടെങ്കിൽ അതുകൂടി ചെയ്യുന്നതിനുള്ള അനുവാദവും കൊടുക്കാം.

### (8) നായാടി വിഭാഗത്തിന് സ്പെഷ്യൽ റിക്രൂട്ട്മെന്റ്

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, നമ്മുടെ സമൂഹത്തിലെ അതീവ ദുർബ്ബല വിഭാഗമാണ് നായാടികൾ എന്ന് വിളിക്കപ്പെടുന്ന ജനവിഭാഗം. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ഈ ജനവിഭാഗത്തിൽ ഏകദേശം പതിനായിരത്തോളം പേരാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. ഞങ്ങളുടെയൊക്കെ നാട്ടിൽ ഉറി വിറ്റാണ് ഇവർ ഉപജീവനം നടത്തുന്നത്. ഗോത്രവിഭാഗങ്ങളിൽ വിദ്യാഭ്യാസപരവും തൊഴിൽപരവുമായി പിന്നോക്കം നിൽക്കുന്ന നായാടി വിഭാഗത്തിൽപ്പെട്ട 10 പേർ മാത്രമാണ് നമ്മുടെ സർക്കാർ സർവ്വീസിൽ ഇന്നുള്ളത്. വിവിധ ആദിവാസി വിഭാഗങ്ങളിൽപ്പെട്ടവർക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തി അവർക്ക് സംസ്ഥാന സർക്കാർ സർവ്വീസിൽ പ്രവേശനം നൽകിയിട്ടുള്ള ഒരു ഗവൺമെന്റാണിത്. സാമൂഹികമായി പിന്നോക്കം നിൽക്കുകയും ഏറ്റവും കൂടുതൽ അവശത അനുഭവിക്കുകയും ചെയ്യുന്ന ജനവിഭാഗമായ നായാടി വിഭാഗത്തിനുവേണ്ടി സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തി അവർക്ക് സർക്കാർ സർവ്വീസിൽ പ്രവേശനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പട്ടിജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, കേരളത്തിലെ പട്ടികജാതിക്കാരിലെ അതീവ ദുർബ്ബല സമുദായങ്ങളിലൊന്നായ നായാടി വിഭാഗത്തിൽനിന്ന് സർക്കാർ സർവ്വീസിലേയ്ക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഡ്രൈവ് നടത്തണമെന്നാണ് ബഹുമാനപ്പെട്ട കെ. വി. അബ്ദുൾ ഖാദർ, എം.എൽ.എ. ആവശ്യപ്പെടുന്നത്. 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ഭാഗം 2 ചട്ടം 17(A) പ്രകാരം ഏതൊരു സർവ്വീസിലെയും ഏതൊരു കാറ്റഗറിയിലെയും

നിശ്ചിത എണ്ണം തസ്തിക റിസർവ് ചെയ്ത് പട്ടികജാതി - പട്ടികവർഗ്ഗക്കാരിൽ നിന്ന് മാത്രമായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നേരിട്ട് നിയമനം നടത്തുന്നതിന് സർക്കാരിന് അധികാരമുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട നായാടി വിഭാഗത്തിന് ഈ ആനുകൂല്യം ഇപ്പോൾ ലഭ്യവുമാണ്. 2011-ലെ സെൻസസ് പ്രകാരം നായാടി വിഭാഗത്തിന്റെ ജനസംഖ്യ 1905 ആണ്. നായാടി വിഭാഗത്തിനുപുറമേത്തന്നെ ഈ വിഭാഗത്തോടൊപ്പംവരുന്ന വേടർ, കള്ളാടി, ചക്ലിയൻ, അരുന്ധതിയാർ എന്നീ വിഭാഗങ്ങളെയാണ് പട്ടികജാതിയിലെ ദുർബ്ബല വിഭാഗങ്ങളായി കണക്കാക്കുന്നത്. ഈ വിഭാഗത്തിൽപ്പെട്ടവരുടെ വിദ്യാഭ്യാസ നിലവാരം സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടില്ല. തൊഴിലില്ലാത്ത അഭ്യസ്തവിദ്യരായവരുടെ വിവരവുംകൂടി ലഭ്യമായശേഷം മാത്രമേ സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഡ്രൈവിനെപ്പറ്റി ആലോചിക്കാൻ സാധിക്കുകയുള്ളൂ. ഇതിനായി വിശദമായ ഒരു പഠനം നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. ഈ വിഭാഗങ്ങൾക്ക് പ്രീമെട്രിക് തലത്തിൽ സ്റ്റൈപ്പെന്റ് നൽകുന്നതിനും സങ്കേതങ്ങളുടെ വികസനത്തിന് പ്രത്യേക പരിപാടികൾ നടപ്പിലാക്കുന്നതിനും പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ബാധകമായ നിരക്കുകളിൽത്തന്നെയാണ് ഭവനനിർമ്മാണം, ടോയ്‌ലറ്റ്, പഠനമുറി, വിദ്യാർത്ഥികൾക്കുള്ള പഠനോപകരണങ്ങൾ, തൊഴിലുപാധികൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നത്. പ്രത്യേക പാക്കേജ് തയ്യാറാക്കാൻ സംസ്ഥാന പദ്ധതിയിൽ പ്രത്യേക തുക ഇതിനുവേണ്ടി വകയിരുത്തിയിട്ടുണ്ട്.

അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ഇ. കെ. വിജയൻ

## (9) ഐ.ടി.ഐ.-ക്ക് പുതിയ കെട്ടിടം

ശ്രീ. ആർ. രാജേഷ്: സർ, മാവേലിക്കര മണ്ഡലത്തിൽ ഉമ്പർനാട് പ്രവർത്തിക്കുന്ന പട്ടികജാതി ഐ.ടി.ഐ.-ക്ക് പുതിയ കെട്ടിടം നിർമ്മിക്കാനാവശ്യമായ തുക അനുവദിക്കണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. പ്രൊഡക്ഷൻ കം ട്രെയിനിംഗ് സെന്ററായി ആരംഭിക്കുകയും 1992-ൽ ഐ.ടി.ഐ. ആയി മാറുകയും ചെയ്ത സ്ഥാപനമാണത് നിലവിൽ മെക്കാനിക്കും കാർപ്പെന്റർ കോഴ്സും മാത്രമാണുള്ളത്. പൊതുവെ കെട്ടിടങ്ങളുടെ കുറവുണ്ടായിരുന്നു. ആ സാഹചര്യത്തിലാണ് പ്രളയകാലത്തിനുമുമ്പ് കാലവർഷത്തിൽ കെട്ടിടങ്ങൾ തകർന്നുവീഴുന്ന സ്ഥിതിയുണ്ടായത്. അസൗകര്യങ്ങൾ പരിഹരിക്കുന്നതിനായി പുതിയ കെട്ടിടത്തിന്റെ ആവശ്യകതയെ സംബന്ധിച്ചാണ് സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. പ്രസ്തുത കെട്ടിടം നിർമ്മിക്കാനാവശ്യമായ തുക അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, പട്ടികജാതി വികസന വകുപ്പിന് കീഴിൽ മാവേലിക്കരയിലെ ഉമ്പർനാട് പ്രവർത്തിക്കുന്ന ഐ.ടി.ഐ.-യിൽ പഴയ ഏഴ് കെട്ടിടങ്ങളും 2014-ൽ ബഹുമാനപ്പെട്ട രാജ്യസഭാ എം. പി. ശ്രീമതി ടി. എൻ. സീമ അവർകളുടെ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച ഒരു പുതിയ കെട്ടിടവുമാണ് ഇപ്പോൾ നിലവിലുള്ളത്. ടി ഐ.ടി.ഐ.-യിൽ ഇലക്ട്രോണിക്ക് മെക്കാനിക് എന്ന ദ്വിവത്സര ട്രേഡിനും കാർപ്പെന്റർ എന്ന ഏക വർഷ ട്രേഡിനുമാണ് പരിശീലനം നൽകുന്നത്. പഴയ ഏഴ് കെട്ടിടങ്ങളിൽ ഓഫീസും കാർപ്പെന്റർ വർക്ക്ഷോപ്പും പ്രവർത്തിക്കുന്ന രണ്ട് കെട്ടിടങ്ങൾ ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി ബലപ്പെടുത്തിയിട്ടുണ്ട്. അതിനാൽ നിലവിൽ ക്ലാസ്സുകൾ നടത്തിക്കൊണ്ടുപോകുന്നതിൽ ഒരു പ്രയാസവുമില്ല. അവശേഷിക്കുന്ന അഞ്ച് പഴയ കെട്ടിടങ്ങൾ അമ്പത് വർഷത്തിലേറെ പഴക്കമുള്ളതാണ്. ഇവ പൊളിച്ചുമാറ്റുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. എല്ലാ ഭൗതിക സൗകര്യങ്ങളോടുംകൂടിയ ഒരു പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള മണ്ണ് പരിശോധനയും സർവ്വേയും പൂർത്തിയാക്കി എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്. 2018 ആഗസ്റ്റ് മാസത്തിലുണ്ടായ കാലവർഷക്കെടുതിയിൽ പഴയ കെട്ടിടങ്ങളിൽ ഒന്നിന്റെ മേൽക്കൂര പൊളിഞ്ഞുവീണത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് മുഖേന പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്താൻ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## (10) ഇരിക്കൂറിലെ ടൂറിസം പദ്ധതികൾ

ശ്രീ. കെ. സി. ജോസഫ്: സർ, കണ്ണൂർ വിമാനത്താവളം യാഥാർത്ഥ്യമാകുന്ന തോടുകൂടി ഉത്തര മലബാറിലെ ടൂറിസം രംഗത്ത് പുതിയ സാധ്യതകൾ പരിശോധിക്കേണ്ട അവസരമാണ്. മലബാറിലേയ്ക്ക് വിദേശികളും സ്വദേശികളുമായ ടൂറിസ്റ്റുകളുടെ എണ്ണം വർദ്ധിക്കാൻ പോവുകയാണ്. അതിനാൽ മലബാറിലെ ടൂറിസം രംഗത്തെ അടിസ്ഥാന വികസനത്തിൽ കുറച്ചുകൂടി ശ്രദ്ധപതിക്കേണ്ടതുണ്ട്. എന്റെ മണ്ഡലത്തിൽപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളായ പാലക്കയംതട്ട്, ഏഴരക്കുണ്ട് വെള്ളച്ചാട്ടം, പൈതൽമല, കാഞ്ഞിരക്കൊല്ലി, ശശിപ്പാറ വെള്ളച്ചാട്ടം, തിരുനെറ്റിക്കല്ല്

തുടങ്ങിയവയെല്ലാം ഇന്ന് ഡി.റ്റി.പി.സി.-യുടെ നിർദ്ദേശത്തിലും നിയന്ത്രണത്തിലും പ്രവർത്തിപ്പിക്കുന്ന സ്ഥാപനങ്ങളാണ്. വികസനത്തിനാവശ്യമായ ഫണ്ട് ലഭിക്കുന്നില്ല. ഏഴരക്കുണ്ട് വെള്ളച്ചാട്ടത്തിലെ അഡ്വഞ്ചർ ടൂറിസം പ്രോജക്ടിനുവേണ്ടി 80 ലക്ഷം രൂപയുടെ നിർദ്ദേശം തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. മലബാറിലെ പൊതുവായ ടൂറിസം വികസനത്തിന് ഊന്നൽ കൊടുക്കണം. അങ്ങയുടെ പരിഗണനയിലുള്ള ഏഴരക്കുണ്ട് വെള്ളച്ചാട്ടത്തിനുള്ള 80 ലക്ഷം രൂപയുടെ പദ്ധതിക്ക് എ.എസ്. കൊടുത്ത് നിർമ്മാണത്തിനാവശ്യമായ അനുവാദം കൊടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഇരിക്കൂർ നിയോജകമണ്ഡലത്തിലെ പാലക്കയംതട്ട് ടൂറിസം പദ്ധതിയുടെ രണ്ടാംഘട്ടം രൂപരേഖ കണ്ണൂർ ഡി.റ്റി.പി.സി. തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഏകദേശം ഒരു കോടി രൂപയുടെ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്ന പ്രസ്തുത പദ്ധതിയിൽ ബഹുമാനപ്പെട്ട ഇരിക്കൂർ എം.എൽ.എ.-യുമായി ചർച്ചചെയ്തതിന്റെ അടിസ്ഥാനത്തിൽ വാച്ച് ടവർ, ടോയ്‌ലറ്റ് ബ്ലോക്ക്, കഫറ്റേരിയ, ഇരിപ്പിടങ്ങൾ, ലൈറ്റുകൾ തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ സ്ഥലലഭ്യത സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പിൽനിന്നും എൻ.ഒ.സി. ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി അംഗീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. അതുസംബന്ധിച്ച് എൻ.ഒ.സി. പെട്ടെന്ന് ലഭ്യമാക്കാൻ ആവശ്യമായ കാര്യങ്ങൾ ചെയ്യണം. ഏഴരക്കുണ്ട് വെള്ളച്ചാട്ടത്തോടനുബന്ധിച്ച് ബഹുമാനപ്പെട്ട എം. പി. പി. കെ. ശ്രീമതി ടീച്ചറും ബഹുമാനപ്പെട്ട ഇരിക്കൂർ എം.എൽ.എ. ശ്രീ. കെ. സി. ജോസഫും എനിക്ക് നിവേദനങ്ങൾ തന്നിരുന്നു. രണ്ടുപേരും ആവശ്യപ്പെട്ടതനുസരിച്ച് 96,85,397 രൂപയുടെ ഒരു പദ്ധതി ഡി.റ്റി.പി.സി. തയ്യാറാക്കിയിരുന്നുവെങ്കിലും അതിൽ സ്വകാര്യ വ്യക്തിയുടെ സ്ഥലം relinquish ചെയ്തെടുക്കുന്നതിന് കാലതാമസം നേരിടേണ്ടി വരുമെന്നതിനാൽ പാർക്കിംഗിനും കഫറ്റേരിയ്ക്കും നിർദ്ദേശിച്ചിരുന്ന പ്രസ്തുത സ്ഥലം ഒഴിവാക്കി 75,90,707 രൂപയ്ക്കുള്ള പുതുക്കിയ പദ്ധതി കണ്ണൂർ ഡി.റ്റി.പി.സി. തയ്യാറാക്കിവരികയാണ്. പ്രസ്തുത പദ്ധതിക്ക് ഇപ്പോൾ കണ്ണൂർ ജില്ലാ കളക്ടർ 50 സെന്റ് സ്ഥലം ലഭ്യമാക്കിക്കൊണ്ടുള്ള സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. പദ്ധതി അംഗീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

പൈതൽമല ടൂറിസം കോംപ്ലക്സിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി പ്രത്യേക പദ്ധതി ഡി.റ്റി.പി.സി. തയ്യാറാക്കി വരുന്നുണ്ട്. ആയതിൽ റൂമുകളുടെ നവീകരണവും ടോയ്‌ലറ്റ് നവീകരണവും കിച്ചൻ ഫ്ലോറുകളുടെ അറ്റകുറ്റപ്പണികളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് പരിശോധിച്ച് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കാഞ്ഞിരക്കൊല്ലി, ശശിപ്പാറ വെള്ളച്ചാട്ടത്തോടുചേർന്ന് ടൂറിസം ഡിപ്പാർട്ടുമെന്റ് ഇൻഫർമേഷൻ സെന്റർ നിർമ്മിച്ചിട്ടുണ്ട്. എന്നാൽ സ്ഥലത്തിന്റെ സർവ്വേ നടപടിയും തുടർന്ന് relinquishment നടപടിയും പൂർത്തിയായാൽ മാത്രമേ കെട്ടിടത്തിന്റെ നമ്പരും ഇലക്ട്രിസിറ്റി കണക്ഷനും ലഭ്യമാവുകയുള്ളൂ. ഇതിനുശേഷം സെന്റർ ടൂറിസ്റ്റുകൾക്കായി തുറന്നുകൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

തിരുനെറ്റിക്കല്ല് പ്രദേശത്തിന്റെ ടൂറിസം സാധ്യത പരിശോധിച്ച് അനുയോജ്യമായ പദ്ധതി തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. അങ്ങ് പറഞ്ഞതുപോലെ മലബാറിന്റെ, വിശേഷിച്ച് കണ്ണൂരിന്റെ ടൂറിസം വികസനത്തിന് അനന്തമായ സാധ്യതകളാണുള്ളത്. ആ സാധ്യതയാകെ ചൂഷണം ചെയ്യുന്ന നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്.

ദേവസ്വം വകുപ്പുമന്ത്രിയെന്ന നിലയിൽ ഒരു കാര്യംകൂടി സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു. ശബരിമല വിഷയത്തിൽ സർക്കാരിന്റെ നിലപാടിനോട് ഹൈക്കോടതി പൂർണ്ണ പിന്തുണ പ്രഖ്യാപിച്ചിരിക്കുകയാണ്. വിശ്വാസികൾക്ക് ശബരിമലയിൽ യാതൊരു കുഴപ്പവുമില്ല നിരോധനാജ്ഞ കൊണ്ട് എന്ത് കുഴപ്പമാണ് ഉണ്ടായതെന്ന് കോടതി ചോദിച്ചു. മൂന്നംഗ നിരീക്ഷണ സമിതിയുടെ റിപ്പോർട്ടിനെത്തുടർന്നാണ് കോടതി ഈ പരാമർശം നടത്തിയത്. ഇന്നലെ 80000-ത്തോളം വിശ്വാസികൾ ശബരിമലയിൽ എത്തിയിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ നടപടിയിൽ കോടതി പൂർണ്ണ തൃപ്തി രേഖപ്പെടുത്തിയിരിക്കുകയാണ്. അക്കാര്യം അങ്ങ് അറിയാൻ വേണ്ടി പറഞ്ഞു എന്നേയുള്ളൂ. ബി.ജെ.പി. നേതാവായ ശ്രീ. കെ. സുരേന്ദ്രൻ ആ സമയത്ത് ശബരിമലയിൽ പോയത് എന്തിനാണെന്നാണ് കോടതി ചോദിച്ചത്. ശ്രീ. കെ. സുരേന്ദ്രനെ 14 ദിവസത്തേയ്ക്കുകൂടി റിമാന്റ് ചെയ്തു. അതുകൊണ്ട് നമ്മുടെ സ്നേഹിതന്മാരോട് അവിടെനിന്ന് ഇറങ്ങിവരാൻ പറയണം.

## VI മേശപ്പുറത്തുവച്ച കടലാസുകൾ

ചട്ടം 236 (6) അനുസരിച്ചുള്ളത്

1. മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| 1 | 2 | 3 |
| II—സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 2015-16<br>2016-17 | ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി വകുപ്പ് (കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ) |
| | 2017-18 | ആസൂത്രണ സാമ്പത്തികകാര്യ (സി.പി.എം.യു.)വകുപ്പ്, ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ.) വകുപ്പ് |
| IV—തെരഞ്ഞെടുപ്പുകൾ | 2017-18 | ഇലക്ഷൻ വകുപ്പ് |
| XII—പോലീസ് | 2015-16<br>2017-18 | വിജിലൻസ് വകുപ്പ് |
| XIII—ജയിലുകൾ | 2010-11<br>2012-13<br>2013-14<br>2015-16<br>2016-17<br>2017-18 | ജയിൽ വകുപ്പ് |

| (1) | (2) | (3) |
|---|---|---|
| XIV—സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 2011-12 | ഫയർ & റെസ്ക്യൂ സർവ്വീസസ് വകുപ്പ് |
| | 2014-15 | |
| | 2015-16 | |
| | 2016-17 | സ്റ്റേഷനറി വകുപ്പ്, ഫയർ & റെസ്ക്യൂ സർവ്വീസസ് വകുപ്പ്, ഐ.എം.ജി. |
| | 2017-18 | ഐ.എം.ജി., സ്റ്റേഷനറി വകുപ്പ്, ഫയർ & റെസ്ക്യൂ സർവ്വീസസ് വകുപ്പ്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ, അച്ചടി വകുപ്പ് |
| XVI—പെൻഷനും പലവകയും | 2017-18 | സൈനികക്ഷേമ വകുപ്പ്, പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ് |
| XVII — വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം | 2016-17 | ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ |
| | 2017-18 | ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ, സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്, പൊതുഭരണ (സർവ്വീസസ്) വകുപ്പ് |
| XVII —വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം | 2015-16 | പരിസ്ഥിതി വകുപ്പ് |
| XX—ശുദ്ധജല വിതരണവും ശുചീകരണവും | 2017-18 | |

| (1) | (2) | (3) |
|---|---|---|
| XXIII—വാർത്താ വിതരണവും പ്രചരണവും | 2017-18 | വിവര പൊതുജന സമ്പർക്ക വകുപ്പ് |
| XXIV—തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | 2017-18 | കേരളീയ പ്രവാസികാര്യ (നോർക്ക) വകുപ്പ് |
| | 2014-15 | |
| | 2015-16 | മലയോര വികസന ഏജൻസി |
| XXIX—കൃഷി | 2016-17 | |
| | 2016-17 | പശ്ചിമഘട്ട സെൽ |
| | 2017-18 | |
| XXXVII—വ്യവസായങ്ങൾ | 2017-18 | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് - കേരള, ടെക്നോപാർക്ക്, തിരുവനന്തപുരം, ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ.) വകുപ്പ് |
| XLI—ഗതാഗതം | 2015-16 | കേരള ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് |
| | 2016-17 | ജലവിഭവ വകുപ്പ് (ഉൾനാടൻ ജലഗതാഗതം) |
| | 2010-11 | |
| | 2012-13 | ആഭ്യന്തരം (ജയിലുകൾ) |
| XLVI—സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | 2013-14 | |
| | 2017-18 | സൈനിക ക്ഷേമ വകുപ്പ്, ആഭ്യന്തരം (ജയിലുകൾ) |

2. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| (1) | (2) | (3) |
| XXXVII—വ്യവസായങ്ങൾ | 2010-11<br>2011-12<br>2012-13 | മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്, ബാംബൂ കോർപ്പറേഷൻ |
| | 2013-14<br>2014-15<br>2015-16 | മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് |
| | 2016-17 | മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട് ലിമിറ്റഡ്, കരകൗശല വികസന കോർപ്പറേഷൻ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കാഡ്കോ), കെൽപാം, കേരള ദിനേശ് ബീഡി തൊഴിലാളി കേന്ദ്ര സഹകരണ സംഘം, കേരള സ്റ്റേറ്റ് ഹാന്റിക്രാഫ്റ്റ് അപ്പക്സ് സഹകരണ സംഘം (സുരഭി) |
| | 2017-18 | ആട്ടോകാസ്റ്റ് ലിമിറ്റഡ്, കെൽട്രോൺ, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട് ലിമിറ്റഡ്, കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ്, കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്, സെയിൽ-എസ്.സി.എൽ. കേരള ലിമിറ്റഡ്, കിൻഫ്ര, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് |

| (1) | (2) | (3) |
|---|---|---|
| | 2013-14 | |
| XVII —വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം | 2014-15 | കായിക യുവജനകാര്യ വകുപ്പ് |
| | 2015-16 | |
| | 2016-17 | |

3. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു :

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXVI—പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് | 2015-16 | ദുരന്തനിവാരണ വകുപ്പ് |
| XI—ജില്ലാ ഭരണവും പലവകയും | 2016-17 | ലാന്റ് റവന്യൂ കമ്മീഷണറേറ്റ് |
| XVI—പെൻഷനും പലവകയും | | |

4. ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XX—ശുദ്ധജല വിതരണവും ശുചീകരണവും | 2016-17 | കേരള വാട്ടർ അതോറിറ്റി |

5. ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XLI—ഗതാഗതം | 2017-18 | ജലഗതാഗത വകുപ്പ് |

6. ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| (1) | (2) | (3) |
| V—ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും | 2015-16<br>2016-17 | വാണിജ്യ നികുതി വകുപ്പ് |
| XVI—പെൻഷനും പലവകയും | 2017-18 | ഭാഗ്യക്കുറി വകുപ്പ് |
| X—ട്രഷറികളും അക്കൗണ്ടുകളും<br>XI—ജില്ലാ ഭരണവും പലവകയും<br>XVI—പെൻഷനും പലവകയും<br>XLVI—സാമൂഹ്യ | 2017-18 | ധനകാര്യ വകുപ്പ്<br>[ട്രഷറി വകുപ്പ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ്, ധനകാര്യ (പെൻഷൻ) വകുപ്പ്, സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്, ധനകാര്യ (ലോൺസ്) വകുപ്പ്, ധനകാര്യ (എച്ച്.ബി.എ.) വകുപ്പ്, ധനകാര്യ |

| | | |
|---|---|---|
| സുരക്ഷിതത്വവും ക്ഷേമവും | | (എസ്.എഫ്.സി.സെൽ-എ) വകുപ്പ് |
| XLV—പലവക വായ്പകളും മുൻകൂറുകളും | | |
| XLIII—നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും | | |
| XXXVII—വ്യവസായങ്ങൾ | 2017-18 | കയർ വികസന വകുപ്പ് |

7. കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXIX—കൃഷി | 2013-14 | കൃഷി വകുപ്പ് |
| | 2014-15 | |
| XXIX—കൃഷി<br>XXX—ഭക്ഷ്യം<br>XXXIX—വൈദ്യുത പദ്ധതികൾ | 2016-17 | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് |
| XXIX—കൃഷി | 2016-17 | മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് |
| | 2017-18 | വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ |
| | | സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ കേരള |

8. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXV—പട്ടികജാതി/ പട്ടികവർഗ്ഗ/മറ്റുപിന്നോക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 2015-16 | പട്ടികവർഗ്ഗ വികസന വകുപ്പ് |
| | 2016-17 | പട്ടികജാതി വികസന വകുപ്പ് |
| | | പട്ടികവർഗ്ഗ വികസന വകുപ്പ് |
| | 2017-18 | പിന്നോക്ക വിഭാഗ വികസന വകുപ്പ് |
| II—സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ<br>III—നീതിന്യായ നിർവ്വഹണം<br>XIV—സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 2017-18 | നിയമ വകുപ്പ് |
| II—സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 2017-18 | പാർലമെന്ററികാര്യ വകുപ്പ് |
| III—നീതിന്യായ നിർവ്വഹണം | 2017-18 | നിയമ വകുപ്പ് (കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ) |

9. ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ ശൈലജ ടീച്ചർ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XVIII—വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും | 2017-18 | ആയുഷ് വകുപ്പ് |

10. തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| (1) | (2) | (3) |
| XXIV—തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | 2010-11 | തൊഴിലും നൈപുണ്യവും വകുപ്പ് (ഫാക്ടറീസ് & ബോയിലേഴ്സ്) |
| | 2011-12 | തൊഴിലും നൈപുണ്യവും വകുപ്പ് (ഫാക്ടറീസ് & ബോയിലേഴ്സ്), കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മരംകയറ്റ തൊഴിലാളി ക്ഷേമ പദ്ധതി, കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് |
| | 2012-13 | തൊഴിലും നൈപുണ്യവും വകുപ്പ് (ഫാക്ടറീസ് & ബോയിലേഴ്സ്), കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് |

| | | |
|---|---|---|
| | 2013-14 | തൊഴിലും നൈപുണ്യവും വകുപ്പ് (ഫാക്ടറീസ് & ബോയിലേഴ്സ്), കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഈറ്റ കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബീഡി, ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് |
| | 2014-15 | കേരള ഈറ്റ കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബീഡി, ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് |
| | 2015-16 | തൊഴിലും നൈപുണ്യവും വകുപ്പ് (ഫാക്ടറീസ് & ബോയിലേഴ്സ്), തൊഴിൽ കോടതികൾ, വ്യാവസായിക ട്രിബ്യൂണലുകൾ, നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരള), കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ & എംപ്ലോയ്മെന്റ്, കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബീഡി, ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് |
| | 2016-17 | തൊഴിലും നൈപുണ്യവും വകുപ്പ് (ഫാക്ടറീസ് & ബോയിലേഴ്സ്) |
| | 2017-18 | തൊഴിലും നൈപുണ്യവും വകുപ്പ് (ഫാക്ടറീസ് & ബോയിലേഴ്സ്), കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മരംകയറ്റ തൊഴിലാളി ക്ഷേമ പദ്ധതി, വ്യാവസായിക പരിശീലന വകുപ്പ് |
| XVIII—വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും | 2017-18 | ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് |
| VIII—എക്സൈസ് | 2017-18 | എക്സൈസ് വകുപ്പ് |

11. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXVII—സഹകരണം | 2017-18 | സഹകരണ വകുപ്പ് |
| XLII—വിനോദസഞ്ചാരം | 2017-18 | വിനോദസഞ്ചാര വകുപ്പ് |

12. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു :

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXXV—പഞ്ചായത്ത്<br>XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ<br>XLVI—സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | 2016-17 | തദ്ദേശസ്വയംഭരണ വകുപ്പ് |
| XXII—നഗരവികസനം | 2016-17 | നഗര-ഗ്രാമാസൂത്രണ വകുപ്പ് |

13. പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
| --- | --- | --- |
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XVII—വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം | 2017-18 | പൊതുവിദ്യാഭ്യാസ വകുപ്പ് |

14. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രിക്കുവേണ്ടി ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
| --- | --- | --- |
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXXII—ക്ഷീരവികസനം | 2016-17 | ക്ഷീരവികസന വകുപ്പ് |
| XXXI—മൃഗസംരക്ഷണം | 2017-18 | കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് ലിമിറ്റഡ് |
| | | കേരള ഫീഡ്സ് ലിമിറ്റഡ് |
| | | മൃഗസംരക്ഷണ വകുപ്പ് |
| XXXIV—വനം | 2017-18 | വനം വന്യജീവി വകുപ്പ് |

15. ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XVI—പെൻഷനും പലവകയും | 2017-18 | ആഭ്യന്തര (എഫ്) വകുപ്പ് (കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി) |
| XXV—പട്ടികജാതി/ പട്ടികവർഗ്ഗ/ മറ്റുപിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 2017-18 | ന്യൂനപക്ഷക്ഷേമ വകുപ്പ് |

16. വൈദ്യുതി വകുപ്പുമന്ത്രിക്കുവേണ്ടി ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷ ക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| V—ചരക്ക് സേവന നികുതിയും, കാർഷികാദായ നികുതിയും വില്പന നികുതിയും | 2017-18 | ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് |
| XXXIX—വൈദ്യുത പദ്ധതികൾ | 2017-18 | ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് |

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

## VII റിപ്പോർട്ട് സമർപ്പണം

### (1) 2018-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, 2018-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

### (2) പിന്നോക്ക സമുദായക്ഷേമം സംബന്ധിച്ച സമിതിയുടെ നാലും അഞ്ചും റിപ്പോർട്ടുകൾ

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, പിന്നോക്ക സമുദായക്ഷേമം സംബന്ധിച്ച സമിതിയുടെ നാലും അഞ്ചും റിപ്പോർട്ടുകൾ സമിതി അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

### (3) പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഒന്ന് മുതൽ അഞ്ച് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. ബി. സത്യൻ: സർ, ഭരണഘടനാ ശില്പിയും നവോത്ഥാന നായകനുമായ ഡോ. ബി. ആർ. അംബേദ്കറുടെ 62-ാം ചരമദിനമാണിന്ന്. രാഷ്ട്രം അദ്ദേഹത്തിന് പ്രണാമം അർപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഒന്ന് മുതൽ അഞ്ച് വരെയുള്ള റിപ്പോർട്ടുകൾ സമിതി അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

### (4) സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ പതിനാറാമത് റിപ്പോർട്ട്

ശ്രീ. മുരളി പെരുനെല്ലി: സർ, സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ പതിനാറാമത് റിപ്പോർട്ട് സമിതി അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

### (5) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട്

ശ്രീ. എ. എം. ആരിഫ്: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട് സമിതി അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

# VIII ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

## യാത്രാനിരക്ക് പരിഷ്കരണം

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, സംസ്ഥാനത്ത് ഓട്ടോറിക്ഷാ-ടാക്സി മേഖലയിൽ ഏറ്റവും ഒടുവിലായി ചാർജ്ജ് പുതുക്കി നിശ്ചയിച്ചിരുന്നത് 2014-ലാണ്. പ്രസ്തുത ചാർജ്ജ് വർദ്ധനയ്ക്കുശേഷം പെട്രോൾ, ഡീസൽ നിരക്കിലെ വൻവർദ്ധനവുൾപ്പെടെ ടാക്സി-ഓട്ടോറിക്ഷ നടത്തിപ്പിലെ വിവിധ ചെലവുകളിലുണ്ടായ വർദ്ധനവ് പരിഗണിച്ചുകൊണ്ട് ടാക്സി-ഓട്ടോറിക്ഷാ നിരക്ക് വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് ഈ മേഖലയിലെ ഭരണ-പ്രതിപക്ഷഭേദമന്യേ എല്ലാ തൊഴിലാളി സംഘടനകളും സർക്കാരിന് നിവേദനങ്ങൾ സമർപ്പിക്കുകയും സമരത്തിന് നോട്ടീസ് നൽകുകയും ചെയ്തിരുന്നു. ഈ സംഘടനകളുമായി സർക്കാർ നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ ഇക്കാര്യം പഠിച്ച് ശിപാർശ സമർപ്പിക്കുന്നതിനായി നിയമിച്ചിട്ടുള്ള ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റിയുടെ റിപ്പോർട്ട് ആവശ്യപ്പെടുകയുണ്ടായി. ബഹുമാനപ്പെട്ട ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റി പൊതുജനങ്ങൾ, തൊഴിലാളികൾ, ടാക്സി-ഓട്ടോറിക്ഷാ ഓപ്പറേറ്റർമാർ എന്നിവരിൽനിന്ന് തിരുവനന്തപുരം, കൊച്ചി, കോട്ടയം എന്നിവിടങ്ങളിൽവച്ച് അഭിപ്രായം ആരായുകയുണ്ടായി. ഇതു സംബന്ധിച്ച ശാസ്ത്രീയമായ വിവരങ്ങൾ കമ്മിറ്റി നാറ്റ്പാകിൽനിന്നും ശേഖരിക്കുകയും ചെയ്തു.

ടാക്സി- ഓട്ടോറിക്ഷാ മേഖലകളിൽ ജോലി ചെയ്ത് ഉപജീവനം നടത്തുന്ന തൊഴിലാളികൾക്ക് സമൂഹത്തിലെ മറ്റേതൊരു മേഖലയിലും ഉണ്ടായിട്ടുള്ളതുപോലെ ജീവിത ചെലവിൽ വർദ്ധനവുണ്ടായിട്ടുണ്ടെന്നും അവിദഗ്ദ്ധ തൊഴിലാളികൾക്ക് ലഭിക്കുന്ന ശരാശരി കൂലിപോലും ഓട്ടോറിക്ഷാ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ലഭിക്കുന്നില്ലെന്നും ക്യാപിറ്റൽ, എംപ്ലോയ്മെന്റ് ഉൾപ്പെടെയുള്ള നടത്തിപ്പ് ചെലവുകളിലുണ്ടായ വർദ്ധനവ് ടാക്സി-ഓട്ടോറിക്ഷാ നിരക്കുകൾ ഉചിതമായ നിരക്കിൽ വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിച്ചിട്ടുണ്ടെന്നും ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റി വിലയിരുത്തുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ട് അദ്ദേഹം 5-11-2018-ൽ സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. ഈ റിപ്പോർട്ട് പരിശോധിച്ചതിനുശേഷം സംസ്ഥാനത്തെ ടാക്സി-ഓട്ടോറിക്ഷാ വാടക നിരക്കുകൾ വർദ്ധിപ്പിക്കുന്നതിന് ഇന്നലെ (5-12-2018) ചേർന്ന മന്ത്രിസഭായോഗം തീരുമാനിക്കുകയുണ്ടായി. ഇപ്പോൾ നിലവിലുള്ള ടാക്സി-ഓട്ടോറിക്ഷാ നിരക്കുകൾ, കമ്മിറ്റി നിർദ്ദേശിച്ച നിരക്കുകൾ, സർക്കാർ അംഗീകരിച്ച നിരക്ക് എന്നിവ അനുബന്ധമായി ചേർക്കുന്നു.

പ്രസ്തുത നിരക്ക് വർദ്ധനവ് കൂടാതെ, അഡീഷണൽ ചാർജ്ജ്, വെയ്റ്റിംഗ് ചാർജ്ജ് എന്നിവയ്ക്ക് നിലവിലുള്ള വ്യവസ്ഥ അതേപടി തുടരുവാനും മിനിമം ചാർജ്ജിനുള്ള ദൂരം കഴിഞ്ഞ് പൂർത്തിയായ കിലോമീറ്ററിന് ശേഷംവരുന്ന ഓരോ 100 മീറ്ററിനും അതിൽ താഴെയും ദൂരത്തിന് 1.20 രൂപ വച്ച് മീറ്റർ ചാർജ്ജ് ഈടാക്കാവുന്നതാണെന്നും തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യം ബഹുമാനപ്പെട്ട സഭയെ ഞാൻ അറിയിക്കുന്നു.

## IX അറിയിപ്പ്

ബിൽ പരിഗണനാ തീയതിയിലെ മാറ്റം

മി. സ്പീക്കർ: 2018 നവംബർ മാസം 28-ാം തീയതി സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ടിലെ ശിപാർശ പ്രകാരം 2018 ഡിസംബർ 12, 13 തീയതികളിൽ സഭയുടെ പരിഗണനയ്ക്കായി വരേണ്ടിയിരുന്ന സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള സഹകരണസംഘം (രണ്ടാം ഭേദഗതി) ബില്ലിന്റെയും 2018-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബില്ലിന്റെയും പരിഗണനാ തീയതികൾ ചില സാങ്കേതിക കാരണങ്ങളാൽ പരസ്പരം മാറ്റി നൽകണമെന്ന് ബന്ധപ്പെട്ട മന്ത്രിമാർ അഭ്യർത്ഥിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ പ്രസ്തുത ബില്ലുകളുടെ പരിഗണന തീയതികൾ പരസ്പരം മാറ്റി നൽകുകയാണ്. ഓരോ ബില്ലിനും ഭേദഗതി നൽകേണ്ട പുതുക്കിയ സമയക്രമങ്ങൾ സംബന്ധിച്ച അറിയിപ്പ് അംഗങ്ങൾക്ക് പ്രത്യേകമായി നൽകുന്നതാണ്.

## X നിയമനിർമ്മാണകാര്യം

സബ്ജക്റ്റ് കമ്മറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) 2018-ലെ കേരള പോലീസ് (ഭേദഗതി) ബിൽ

മി. സ്പീക്കർ: ശ്രീ. എ. കെ. ബാലൻ, അങ്ങേയ്ക്ക് സബ്ജക്റ്റ് കമ്മറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള പോലീസ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി അവതരിപ്പിക്കാവുന്നതാണ്.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, സബ്ജക്റ്റ് കമ്മറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള പോലീസ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. എം. മാണി: സർ, 2018-ലെ കേരള പോലീസ് (ഭേദഗതി) ബിൽ സംബന്ധിച്ച വിയോജനക്കുറിപ്പ് ഞാൻ അവതരിപ്പിക്കുന്നു.

2011-ലെ പോലീസ് ആക്ടിന്റെ സെക്ഷൻ 110 അനുസരിച്ച് പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി സ്റ്റേറ്റ് ലെവലിലും ഡിസ്ട്രിക്ട് ലെവലിലും നിലവിൽ വരികയുണ്ടായി. പോലീസിന്റെ ഭാഗത്തുനിന്നുമുള്ള ഗുരുതരമായ കുറ്റകൃത്യങ്ങൾ (സ്ത്രീ പീഡനം, കസ്റ്റഡി മരണം) അന്വേഷിക്കുന്നതിനുവേണ്ടിയാണ് പ്രസ്തുത അതോറിറ്റി കൊണ്ടുവന്നത്. 2017-ലെ റിട്ട് ഹർജി ഹൈക്കോടതിയിൽ വന്നപ്പോൾ പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയിൽ ഫുൾ ക്വാറം ഇല്ലാതിരിക്കുമ്പോൾ ചെയർപേഴ്സണോ മറ്റംഗങ്ങളോ പാസ്സാക്കുന്ന ഉത്തരവുകൾക്ക് നിയമസാധുതയില്ലെന്നും അത്തരം ഉത്തരവുകൾ പുനഃപരിശോധിക്കേണ്ടതാണെന്നും ഹൈക്കോടതി നിർദ്ദേശിക്കുകയുണ്ടായി. അതോറിറ്റിയുടെ ക്വാറം സംബന്ധിച്ച് നിയമത്തിൽ വ്യവസ്ഥ ചെയ്യാത്തതുകൊണ്ടായിരുന്നു ഇങ്ങനെ വന്നത്. അതോറിറ്റിയുടെ ക്വാറം സംബന്ധിച്ച ഭേദഗതി ബില്ലിൽ കൊണ്ടുവന്നിരുന്നെങ്കിൽ ഈ വിഷമവൃത്തത്തിൽനിന്നും നമുക്ക് രക്ഷപ്പെടാമായിരുന്നു. അങ്ങനെ ചെയ്യാതെ കോടതിവിധി മറികടക്കുന്നതിനുവേണ്ടി ഇത്തരം ഭേദഗതി കൊണ്ടുവരുന്നത് ഉത്കണ്ഠാജനകമാണ്. ബില്ലിലെ ഭേദഗതി വ്യവസ്ഥ അനുസരിച്ച് അതോറിറ്റിയുടെ ചെയർപേഴ്സണോ അധികാരപ്പെടുത്തുന്ന മറ്റംഗങ്ങളോ അതോറിറ്റിയുടെ അംഗീകാരമില്ലാതെ പ്രസ്തുത അതോറിറ്റിയുടെ അധികാരങ്ങൾ കൈകാര്യം ചെയ്യാൻ വ്യവസ്ഥ ചെയ്യുന്നു. ഇത്തരം വ്യവസ്ഥ നിയമപരമായി ശരിയല്ല. അതോറിറ്റിയുടെ നിർദ്ദേശത്തോടെ ചെയർപേഴ്സണോ അംഗങ്ങൾക്കോ ഇത്തരം അധികാരങ്ങൾ നൽകുന്നതാണ് നിയമാനുസൃതമായ നടപടി. അതോറിറ്റിയുടെ ക്വാറം നിശ്ചയിച്ച് നിയമത്തിൽ വ്യവസ്ഥ ചെയ്യേണ്ടതുണ്ട്. അങ്ങനെ ചെയ്താൽ ഭാവിയിൽ ഏത് പ്രതിസന്ധികളെയും തരണംചെയ്യാനാകും. കോടതി ഉത്തരവുകൾ അതേപടി പാലിക്കുമെന്ന് പറയുന്ന സർക്കാർ കോടതി ഉത്തരവുകൾ മറികടക്കാനുള്ള ഇത്തരം നിയമനിർമ്മാണങ്ങൾ കൊണ്ടുവരുന്നത് ഉത്കണ്ഠാജനകമാണ്; വിചിത്രമാണ്. അതുകൊണ്ട് ഈ ബിൽ പിൻവലിച്ച് അതോറിറ്റിയുടെ ക്വാറം സംബന്ധിച്ച ഭേദഗതി ബില്ലിൽ കൊണ്ടുവരുന്നതിനെക്കുറിച്ച് ഗവൺമെന്റ് പരിശോധിക്കണം.

മി. സ്പീക്കർ: ശ്രീ. എസ്. ശർമ്മയ്ക്കു വേണ്ടി ശ്രീ. എ. എൻ. ഷംസീറിന് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള പോലീസ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. എസ്. ശർമ്മയ്ക്കുവേണ്ടി (ശ്രീ. എ. എൻ. ഷംസീർ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള പോലീസ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഞാൻ ഈ ബില്ലിനെ പിന്തുണയ്ക്കുകയാണ്. കേരളത്തിലെ പോലീസ് സേനയ്ക്കകത്ത് വിപ്ലകരമായ ഒരുപാട് മാറ്റങ്ങൾ കൊണ്ടുവരാൻ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. അതിവേഗത്തിൽ ഇൻഡ്യൻ രാഷ്ട്രീയത്തിൽ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുമ്പോൾ അതിൽനിന്ന് വ്യത്യസ്തമാണ് കേരളത്തിലെ സർക്കാർ എന്ന പ്രത്യേകതയുണ്ട്. സർക്കാരിന്റെ പോലീസ് നയവും അതുതന്നെയാണ് വ്യക്തമാക്കുന്നത്. ഇവിടെ അവതരിപ്പിച്ച പോലീസ് കംപ്ലെയിന്റ് അതോറിറ്റി ബില്ലിൽ പറയുന്നത് നിലവിൽ ഹൈക്കോടതിവിധി പ്രകാരം ഏതെങ്കിലും ഒരു എ.ഡി.ജി.പി.യോ അല്ലെങ്കിൽ ഉത്തരവാദപ്പെട്ട ആളോ ഹാജരായി ക്വാറം തികഞ്ഞാൽ മാത്രമേ യോഗം ചേരാൻ സാധിക്കുകയുള്ളൂവെന്നാണ്. അത് പ്രായോഗികതലത്തിൽ വലിയ ബുദ്ധിമുട്ടുണ്ടാക്കും. ഇപ്പോഴത്തെ എ.ഡി.ജി.പി. റാങ്കിലുള്ള ഉദ്യോഗസ്ഥർ യോഗം ചേരുകയെന്നുപറഞ്ഞാൽ പ്രായോഗികമായി എന്താണോ ഈ പോലീസ് കംപ്ലെയിന്റ് അതോറിറ്റി കൊണ്ടുദ്ദേശിക്കുന്നത് അത് നടക്കാതെപോകുമെന്നുള്ളതാണ്.

ഇവിടെ പോലീസ് കംപ്ലെയിന്റ് അതോറിറ്റി വരുന്നത് 2006-2011 കാലയളവിൽ സഖാവ് കോടിയേരി ബാലകൃഷ്ണൻ ആഭ്യന്തരമന്ത്രിയായിരിക്കുന്ന കാലഘട്ടത്തിലാണ്. പോലീസും പൊതുസമൂഹത്തിലാണ് ജീവിക്കുന്നത്. പൊതുസമൂഹത്തിനകത്ത് ബാധിക്കുന്ന പല ജീർണ്ണതകളും പോലീസിനെ ബാധിച്ചേക്കാം. അതുകൊണ്ട് പോലീസ് സേനയ്ക്കകത്ത് സംഭവിക്കുന്ന തെറ്റുകുറ്റങ്ങൾ കണ്ടെത്തി അത് റെക്ടിഫൈ ചെയ്ത് ജനങ്ങളിൽ വിശ്വാസമുണ്ടാക്കുന്ന രീതിയിൽ പ്രവർത്തിപ്പിക്കുക എന്ന ലക്ഷ്യം തന്നെയാണ് പോലീസ് കംപ്ലെയിന്റ് അതോറിറ്റിക്കുള്ളത്. ആ നിലയിൽ പ്രവർത്തിപ്പിക്കാനാണ് ഇത്തരം ബില്ലുകൊണ്ടുദ്ദേശിക്കുന്നത്. ഇതിനകത്ത് പോലീസിന്റെ ദൈനംദിനമുള്ള അഡ്മിനിസ്ട്രേഷനകത്ത് ഇടപെടാൻ പോലീസ് കംപ്ലെയിന്റ് അതോറിറ്റിക്ക് അവകാശമില്ല. അറസ്റ്റ് ഉൾപ്പെടെ നടപ്പിലാക്കുന്ന ഘട്ടത്തിൽ പാലിക്കേണ്ട ചില മര്യാദകൾ ചില ഘട്ടങ്ങളിൽ ലംഘിക്കപ്പെടുന്നുവെന്ന് നമുക്ക് ഉത്തമബോദ്ധ്യമുള്ളതാണ്. ഡി. കെ. ബസു കേസ് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. സുപ്രീംകോടതിയുടെ കാര്യങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. ചില ഘട്ട ങ്ങളിലെങ്കിലും പോലീസിന്റെ ഭാഗത്തുനിന്ന് അത്തരം സമീപനങ്ങൾ ഉണ്ടാകാറില്ല. പോലീസ് തേർഡ് ഡിഗ്രി പ്രയോഗിക്കുന്നു, മനുഷ്യത്വരഹിതമായി പെരുമാറുന്നു. ഇങ്ങനെയുള്ള സമീപനങ്ങൾ പല ഘട്ടങ്ങളിലും സംഭവിച്ചിട്ടുണ്ട്. ഇത്തരം ഘട്ടങ്ങളിൽ പോലീസിന് തെറ്റുകൾ സംഭവിച്ചാൽ അത് തിരുത്തപ്പെടും അല്ലെങ്കിൽ അവരെ

തിരുത്തിക്കാനുള്ള ശക്തിയുണ്ട് എന്നതാണ് പോലീസ് കംപ്ലെയിന്റ് അതോറിറ്റി കൊണ്ട് ഉദ്ദേശിക്കുന്നത്. ഇവിടെ ഹൈക്കോടതിവിധി അടിസ്ഥാനപ്പെടുത്തിയാണ് കാര്യങ്ങൾ നീങ്ങുന്നതെങ്കിൽ പോലീസ് കംപ്ലെയിന്റ് അതോറിറ്റിയുടെ മുന്നിൽ വരുന്ന പരാതികൾ ക്വാറം തികയാത്തതുകാരണം പരിഹരിക്കപ്പെടാതിരിക്കും. അതുകൊണ്ട് ജനങ്ങൾ കൊടുക്കുന്ന പരാതികൾ, aggrieved party കൊടുക്കുന്ന പരാതികൾ കേട്ട് തീർപ്പുകല്പിക്കുന്ന നിലയുണ്ടാകണമെന്നതാണ് പോലീസ് കംപ്ലെയിന്റ് അതോറിറ്റികൊണ്ടുദ്ദേശിക്കുന്നത്. അതിനുവേണ്ടിയുള്ള വിപ്ലവകരമായ തുടക്കമാണ് ഇന്നിവിടെ അവതരിപ്പിക്കപ്പെടുന്ന ബില്ലുമായി ബന്ധപ്പെട്ട ഭാഗം പരാമർശിക്കുമ്പോൾ സൂചിപ്പിക്കുവാനുള്ളത്.

രാജ്യത്ത് ഇന്ന് കേട്ടുകൊണ്ടിരിക്കുന്ന വാർത്തകൾ കേരളത്തിലെ മാധ്യമങ്ങൾ ചർച്ച ചെയ്യുന്നത് ശബരിമലയാണെങ്കിൽ, ദേശീയതലത്തിലെ മാധ്യമങ്ങൾ ചർച്ച ചെയ്യുന്നത് ഒരു പോലീസുകാരനെ വെടിവച്ചുകൊന്ന സംഭവവുമായി ബന്ധപ്പെട്ടതാണ്. സുബോദ്കുമാർ സിംഗ് എന്ന യു.പി.യിലെ ഒരു പോലീസുകാരൻ വെടിയേറ്റ് മരിച്ചു. പോലീസുകാരനെ കൊല്ലാനുണ്ടായ സാഹചര്യം യഥാർത്ഥത്തിൽ ഒരു മോബിന്റെ വയലൻസിൽ നിന്നുണ്ടായ കൊലപാതകമല്ല. മറിച്ച് പ്രീ-പ്ലാൻഡായി, പ്രീ-ഡിസൈൻഡായി അയാളെ കൊല്ലണമെന്ന ഉദ്ദേശ്യത്തോടുകൂടി നടത്തിയ കൊല പാതകമാണ്. അതിനകത്ത് പറയുന്ന ഒരു കഥയുണ്ട്. ആ കഥ എന്താ പറയുന്നത്; ഇവിടെ ഒരു പശുവിനെ കൊന്നിരിക്കുന്നു. ലോകത്ത് പല രാജ്യങ്ങളിലും മനുഷ്യർക്കുവേണ്ടി മൃഗങ്ങളെ കൊല്ലുന്നു, പക്ഷെ മൃഗങ്ങൾക്കുവേണ്ടി മനുഷ്യനെ കൊല്ലുന്ന രാജ്യമായി ഇൻഡ്യ മാറുന്ന ദയനീയ കാഴ്ചയാണ് നാം കണ്ടുകൊണ്ടി രിക്കുന്നത്. ഇവിടെ പശുക്കൾക്കുവേണ്ടി മനുഷ്യരെ കൊല്ലുകയാണ്. അതിന്റെ ഏറ്റവും ഒടുവിലത്തെ ഇരയാണ് സുബോദ്കുമാർ സിംഗ്. അദ്ദേഹത്തിന്റെ മകൻ പൊട്ടിക്കരഞ്ഞുകൊണ്ട് എന്റെ അച്ഛന്റെ ഗതി ഇനി ഒരാൾക്കുമുണ്ടാകാൻ പാടില്ലായെന്ന് പറഞ്ഞു. യു.പി.-യിലെ ഭരണകൂടം പ്രവർത്തിക്കുന്നത് ആർക്കുവേണ്ടിയാണ്? യു.പി.-യിലെ ഭരണകൂടം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് പൂർണ്ണമായും ഇത്തരം ഗോ സംരക്ഷകർക്കുവേണ്ടി അല്ലെങ്കിൽ ആൾക്കൂട്ട കൊലപാതകം... 'lynching' എന്ന വാക്ക് നമുക്ക് പരിചിതമായ വാക്കല്ല അത് അമേരിക്കയിൽ പരിചിതമായ വാക്കാണ്. Ku Klux Klan എന്നുപറയുന്ന വിഭാഗത്തെ കൊലപ്പെടുത്താനാണ് 'lynching'(ആൾക്കൂട്ടം നടത്തുന്ന കൊലപാതകം) എന്ന വാക്ക് ഉപയോഗിക്കുന്നത്. നിർഭാഗ്യവശാൽ, ഈ നാലര കൊല്ലക്കാലത്തെ ബി.ജെ.പി.യുടെ ഭരണത്തിൽ 'lynching' എന്ന വാക്ക് ഈ നാടിന് പരിചിതമാകുന്നു. ആൾക്കൂട്ടം ആളുകളെ തല്ലിക്കൊല്ലുന്നു. അതിൽ തുടക്കംകുറിച്ച മുഹമ്മദ് അഖ്‌ലാക്കിന്റെ കൊലപാതകം നിങ്ങൾക്ക് ഓർമ്മയുണ്ടാകും. മുഹമ്മദ് അഖ്‌ലാക്കിന്റെ കൊലപാതകത്തെത്തുടർന്ന് ആ കേസ് ഇൻവെസ്റ്റിഗേഷൻ നടത്തിയ ഉദ്യോഗസ്ഥനെയാണ് ഇന്നലെ കശാപ്പ്

ചെയ്തത്. അപ്പോൾ കാലേക്കുട്ടി തങ്ങൾക്ക് ഇഷ്ടമില്ലാത്ത രീതിയിൽ പ്രവർത്തിച്ചാൽ കൊല്ലും എന്ന സന്ദേശമാണ് ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങളിൽനിന്ന് ലഭിക്കുന്നതെങ്കിൽ അതിൽനിന്ന് വ്യത്യസ്തമാണ് കേരളം. അതിൽനിന്ന് വ്യത്യസ്തമായി കേരളം സഞ്ചരിക്കുന്നുവെന്ന കാഴ്ചയാണ് നമുക്ക് കാണാൻ സാധിക്കുന്നത്.

ഇവിടെ സ്ത്രീകൾ, ദുർബ്ബല വിഭാഗങ്ങളിൽപ്പെട്ടവർ, ദളിതർ, മുതിർന്ന പൗരന്മാർ എന്നിവരുണ്ട്. അവർക്കെല്ലാം നീതിലഭിക്കുന്ന സാഹചര്യമുണ്ടാകണം. അവർക്കെല്ലാം നീതി ലഭിക്കുന്ന സാഹചര്യം ഒരുക്കാൻ വേണ്ടിയാണ് ശ്രീ. പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന സർക്കാർ പ്രവർത്തിക്കുന്നതെന്ന കാര്യം നമുക്ക് ഉറപ്പിച്ചു പറയാൻ സാധിക്കും. നിരവധി പ്രവർത്തനങ്ങൾ ഈ കാലയളവിൽ നടത്താൻ കഴിഞ്ഞു. കേരളത്തിൽ കഴിഞ്ഞ യു.ഡി.എഫ്.ന്റെ ഭരണകാലത്ത് എന്തായിരുന്നു സ്ഥിതി? കേരളത്തിലെ പോലീസ് സേന ഒന്നിനും പറ്റാത്ത സേനയാണെന്ന അഭിപ്രായം നമുക്കില്ല. കേരളത്തിലെ പോലീസ് സേനയ്ക്കകത്ത് കഴിവും ഏത് കേസും അന്വേഷിക്കുവാൻ പ്രാപ്തിയുമുള്ള ഇൻവെസ്റ്റിഗേഷൻ നടത്താൻ സാധിക്കുന്ന ഉദ്യോഗസ്ഥന്മാരുണ്ട്. എൽ.ഡി.എഫ്. സർക്കാർ വന്നപ്പോൾ ഇൻവെസ്റ്റിഗേഷൻ ഉദ്യോഗസ്ഥന്മാർക്ക് ഫ്രീ-ഹാൻഡ് കൊടുത്തു. അവർ സ്വതന്ത്രമായി അന്വേഷിക്കാൻ തുടങ്ങി. സ്വതന്ത്രമായി അന്വേഷിക്കാൻ തുടങ്ങിയപ്പോൾ കേസുകളിൽപ്പെട്ട പ്രതികളെ കൃത്യമായി പിടിക്കാൻ സാധിക്കുന്ന സാഹചര്യമുണ്ടായി എന്നുള്ളതാണ്. യു.ഡി.എഫ്.ന്റെ കാലത്ത് അങ്ങനെയായിരുന്നില്ല. അന്ന് യു.ഡി.എഫ്.ന്റെ നേതൃത്വമായിരുന്നു പ്രതികളെ തീരുമാനിച്ചിരുന്നത്. നമുക്ക് അനുഭവമുണ്ട്; രാഷ്ട്രീയ മേലാളന്മാർ ഇന്നയാളെ പ്രതി ചേർക്കണമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ സഹസാമാജികനായ ശ്രീ. റ്റി. വി. രാജേഷിനെ തെറ്റായ രീതിയിലുള്ള ഒരു കേസിനകത്ത് ഉൾപ്പെടുത്തുന്നു. ആ പാരമ്പര്യത്തിന് വ്യത്യസ്തമായി ഇന്ന് തെളിവുകളുടെ അടിസ്ഥാനത്തിൽ പ്രതികളെ പിടിക്കുന്ന രീതിയിലേയ്ക്ക് കേരളത്തിലെ പോലീസ് സേന മാറിയിരിക്കുന്നു. ഈ ഗവൺമെന്റ് അഭിമുഖീകരിച്ചിരുന്ന ഏറ്റവും പ്രധാനപ്പെട്ട വിഷയം, പെരുമ്പാവൂരിലെ ജിഷയുടെ കൊലപാതകമായിരുന്നു. ജിഷയുടെ കൊലപാതകം നടക്കുമ്പോൾ യു.ഡി.എഫ്.ന്റെ കാലത്ത് എന്തെല്ലാം രാഷ്ട്രീയ നാടകങ്ങളായിരുന്നു അരങ്ങേറിയത്. Criminal Jurisprudence പറയുന്നത് പ്രതി ഒരു തെളിവെങ്കിലും അവശേഷിപ്പിക്കുമെന്നാണ്. ശ്രീ. ഉമ്മൻചാണ്ടി സെൻകുമാറിനോട് പ്രതി എന്തെങ്കിലും തെളിവുകൾ അവശേഷിപ്പിച്ചോ എന്നാണ് ചോദിച്ചത്; അപ്പോൾ ഒരു ചെരിപ്പുണ്ടെന്ന് പറഞ്ഞു. അതിന് അദ്ദേഹം കൊടുത്ത ഡയറക്ഷൻ നിങ്ങൾ ആ ചെരിപ്പ് കെട്ടിത്തൂക്കിയിട്ട് ആ ചെരിപ്പ് എടുക്കാൻ വരുമ്പോൾ പ്രതിയെ വളഞ്ഞിട്ട് പിടിക്കണമെന്നാണ്. പ്രതിക്ക് പല്ലിന് വിടവുള്ളതുകൊണ്ട് കുറേ ആളുകളെക്കൊണ്ട് പച്ചമാങ്ങ കടിപ്പിച്ചു. ഈ രീതിയിലുള്ള ഇൻവെസ്റ്റിഗേഷനായിരുന്നു യു.ഡി.എഫ്.ന്റെ കാലത്തുണ്ടായിരുന്നതെങ്കിൽ ഈ ഗവൺമെന്റിന്റെ

തലയിലെ പൊൻതൂവലായിരുന്നു ജിഷയുടെ കൊലപാതകക്കേസിലെ പ്രതികളെ ഏറ്റവും ആദ്യം പിടിക്കാൻ പോലീസിന് കഴിഞ്ഞുവെന്നുള്ളത്. അപ്പോൾ അത് യഥാർത്ഥ പ്രതിയല്ലായെന്നായിരുന്നു പറഞ്ഞത്. ആ പ്രതിക്ക് കൃത്യമായി വധശിക്ഷ ഉൾപ്പെടെ ലഭിക്കുന്ന രീതിയിലേയ്ക്ക് ട്രയൽ പ്രൊസീഡ്യുവർ കംപ്ലീറ്റ് ചെയ്യാൻ സാധിച്ചു. അതിന്റെ ഭാഗമായി പ്രതി ശിക്ഷിക്കപ്പെട്ടു. ഇങ്ങനെ ഇൻവെസ്റ്റിഗേഷൻ രീതിയിൽ നിരവധി മാറ്റങ്ങൾ ഈ കാലയളവിലുണ്ടായിയെന്ന് നമുക്ക് പറയാൻ സാധിക്കും. 203 സ്റ്റേഷനുകളിൽ ഇൻസ്പെക്ടർ റാങ്കിലുള്ളവരെ S.H.O. (Station House Officer)-മാരായി ഉയർത്തി. കുറ്റാന്വേഷണരംഗത്ത് വലിയ മുന്നേറ്റം തന്നെയുണ്ടാക്കി. സംസ്ഥാനത്ത് ഓൺലൈൻ തട്ടിപ്പുകേസിലെ പ്രതികളെ ഡൽഹിയിൽവച്ച് അറസ്റ്റ് ചെയ്യാൻ സർക്കാരിന് സാധിച്ചു. തെളിയിക്കപ്പെടാൻ സാധിക്കാതെ എഴുതിത്തള്ളിയ പല കേസുകളും പോലീസ് കൃത്യമായി പ്രവർത്തിക്കാൻ തുടങ്ങിയപ്പോൾ തെളിയിക്കാനും പല കൊലപാതകങ്ങളും തെളിവുകൾ സഹിതം പിടിക്കാനും കഴിഞ്ഞു. പല ഘട്ടത്തിലും പോലീസിനെ ഡീമോറലൈസ് ചെയ്യാൻ ശ്രമം നടന്നു. പോലീസ് ഒരു തെറ്റും പറ്റാത്ത ഫോഴ്സാണെന്ന അഭിപ്രായം ഞങ്ങൾക്കില്ല. അങ്ങനെ അവർക്ക് എന്തെങ്കിലും തെറ്റ് സംഭവിക്കുകയാണെങ്കിൽ അത് തിരുത്തിക്കേണ്ട ലക്ഷ്യം തന്നെയാണ് പോലീസ് കംപ്ലെയിന്റ് അതോറിറ്റി കൊണ്ടുദ്ദേശിക്കുന്നത്.

എന്റെ കോൺസ്റ്റിറ്റ്യുവൻസിയിൽ ഒരു സംഭവമുണ്ടായി. തെറ്റായ രീതിയിൽ പ്രതി ചേർക്കപ്പെട്ടതുമൂലം ഒരു മനുഷ്യൻ 54 ദിവസം ജയിലിൽ കിടന്നു. യു.ഡി.എഫ്.ന്റെ കാലത്തായിരുന്നെങ്കിൽ ആ കേസ് റീ-ഇൻവെസ്റ്റിഗേഷൻ നടത്തുമോ; ഇല്ല. അതിൽ പ്രതിയെന്ന് ആരോപിക്കപ്പെട്ട് പിടിക്കപ്പെട്ട കുറ്റാരോപിതന്റെ ബന്ധുക്കൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കണ്ടു. അദ്ദേഹം ആ കേസ് റീ-ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിന് ഓർഡറിട്ടു. പുനരന്വേഷണം നടത്തിയപ്പോൾ പ്രതിയുമായി സാമ്യമുള്ള ആളായിപ്പോയി എന്ന പേരിലാണ് എന്റെ മണ്ഡലത്തിൽ ഒരു മദ്ധ്യവയസ്കന് 54 ദിവസം ജയിലിൽ കിടക്കേണ്ടിവന്നത്. അയാൾക്ക് നീതി ലഭിച്ചു; യഥാർത്ഥ പ്രതിയെ പിടിച്ചു. ഞാൻ പറയുന്നത്, കേരളത്തിലെ പോലീസിനെയും സി.ബി.ഐ.യെയും താരതമ്യം ചെയ്യാൻ വേണ്ടിയാണ്. സി.ബി.ഐ.യുടെ ദുരഭിമാനം എത്രമാത്രമുണ്ടെന്ന് തെളിയിക്കാനാണ്. കേരളത്തിലെ മാധ്യമങ്ങൾ, കേരളത്തിലെ വലതുപക്ഷ രാഷ്ട്രീയം എന്റെ കോൺസ്റ്റിറ്റ്യുവൻസിയിൽ നടന്ന ഒരു റോബറി കേസിനകത്ത് തെറ്റായി പ്രതിചേർക്കപ്പെട്ട ഒരു നിരപരാധിയെ ജയിലിലടച്ചപ്പോൾ ആ കേസ് പുനരന്വേഷണത്തിന് മുഖ്യമന്ത്രി ഉത്തരവിടുകയും അതിൽ യഥാർത്ഥ പ്രതിയെ പിടിക്കുകയും ചെയ്തപ്പോൾ അതേ നിരപരാധിയുടെ നാട്ടിൽ മറ്റുരണ്ട് നിരപരാധികൾ കിടക്കുന്നു; സഖാവ് കാരായി രാജനും കാരായി ചന്ദ്രശേഖരനും. കാരായി രാജനെയും കാരായി ചന്ദ്രശേഖരനെയും തെറ്റായ

രീതിയിലായിരുന്നു സി.ബി.ഐ. കേസിനകത്ത് ഉൾപ്പെടുത്തിയത്. അതുമാത്രമല്ല, യഥാർത്ഥ പ്രതികൾ ആരാണെന്ന് പൊതുസമൂഹം അറിഞ്ഞിട്ടും ഇന്ന സ്ഥലത്തുവച്ച് വണ്ടി തടഞ്ഞ് ഇന്ന രീതിയിൽ ഫസലിനെ കൊന്നുവെന്ന് യഥാർത്ഥ പ്രതികൾ വന്നുപറഞ്ഞിട്ടും ദുരഭിമാനം വെടിയാത്ത സി.ബി.ഐ. ആ കേസ് പുനരന്വേഷണം നടത്താൻ തയ്യാറാകുന്നില്ല. ഈ വ്യത്യാസമാണ് ഞാൻ സൂചിപ്പിക്കുന്നത്. ഞങ്ങളുടെ ഗൃഹനാഥനെ, എന്റെ പിതാവിനെ തെറ്റായ രീതിയിൽ ഒരു കേസിൽ ഉൾപ്പെടുത്തിയിരിക്കുന്നുവെന്ന് പറഞ്ഞ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് മുമ്പാകെ ഒരു പരാതിയുമായി ബന്ധുക്കൾ വന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ കേസ് പുനരന്വേഷിക്കാൻ ഉത്തരവിടുകയും യഥാർത്ഥ പ്രതിയെ പിടിക്കുകയും നിരപരാധിയെ രക്ഷിക്കുകയും ചെയ്തെങ്കിൽ അതിന് സമാനമായി ആറ് വർഷമായി എന്റെ മണ്ഡലത്തിലെ സി.പി.ഐ.(എം)-ന്റെ ഉത്തരവാദപ്പെട്ട രണ്ട് നേതാക്കന്മാർ; കാരായി രാജനും കാരായി ചന്ദ്രശേഖരനും ഏതാണ്ട് രണ്ട് വർഷം ജയിലിലും നാല് വർഷമായി നാടുകടത്തപ്പെട്ട് എറണാകുളത്തേയ്ക്ക് കയറ്റി അയച്ചിരിക്കുകയുമാണ്. സി.ബി.ഐ. പുനരന്വേഷണത്തിന് തയ്യാറാകുന്നില്ല. ഇതാണ് സർക്കാരുകൾ തമ്മിലുള്ള വ്യത്യാസം. മനുഷ്യർക്ക് തെറ്റുകൾ പറ്റാം. പോലീസ് അതിമാനുഷികരൊന്നുമല്ല. പിശകുകൾ സംഭവിക്കാം. ആ പിശകുകൾ തിരുത്തുകയാണ് വേണ്ടത്. അത്തരത്തിലുള്ള തെറ്റുകൾ റെക്റ്റിഫൈ ചെയ്യുന്നതിന് കേരളാ പോലീസ് കംപ്ലെയിന്റ് അതോറിറ്റിക്ക് സാധിക്കുമെന്ന വിശ്വാസമാണ് അതുമായി ബന്ധപ്പെട്ട് എനിക്കുള്ളത്.

സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട് നിരവധി പദ്ധതികൾ നടപ്പിലാക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. തങ്ങൾ അക്രമിക്കപ്പെട്ടാൽ ഇരകളുടെ കൂടെയാണ് പോലീസ് എന്ന് ചിന്തിപ്പിക്കാൻ സാധിക്കുന്ന തരത്തിലുള്ള സന്ദേശം ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ സ്ത്രീകൾക്ക് നൽകി. കേരളത്തിലെ പോലീസ് സേനയുടെ ആത്മവീര്യവും ആത്മവിശ്വാസവും തകർക്കാൻ പല ഘട്ടത്തിലും മറുഭാഗത്തുനിന്നും വലിയ ശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്. പോലീസിനെ ഡീമോറലൈസ് ചെയ്താൽ എന്താണ് സംഭവിക്കുന്നത്? നാട്ടിൽ അരാജകത്വം ഉണ്ടാകും. നമ്മുടെ നാട്ടിൽ അരാജകത്വം ഒരു കാരണവശാലും ഉണ്ടാകാൻ പാടില്ല. പോലീസിന് പിശകുകൾപറ്റി ചില കൊലപാതകങ്ങൾ നടന്നു. ഏതെങ്കിലും തരത്തിലുള്ള ലോക്കപ്പ് മർദ്ദനങ്ങളെയോ ലോക്കപ്പ് കൊലപാതകങ്ങളെയോ പിന്തുണയ്ക്കുന്നവരല്ല ഞങ്ങൾ. അടിയന്തരാവസ്ഥക്കാലത്ത് ഏറ്റവും ക്രൂരമായ ലോക്കപ്പ് മർദ്ദനത്തിന് വിധേയനായ ആളാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി. അതിക്രൂരമായ ലോക്കപ്പ് മർദ്ദനത്തിന് വിധേയനായ കേരളത്തിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരിക്കലും ലോക്കപ്പ് മർദ്ദനത്തെയോ ലോക്കപ്പ് പീഡനത്തെയോ പിന്തുണയ്ക്കില്ലെന്ന് ഉറപ്പിച്ച് പറയാൻ സാധിക്കും. അതുകൊണ്ടാണ് അത്തരത്തിലുള്ള ലോക്കപ്പ് മർദ്ദനത്തിന്

നേതൃത്വം നൽകിയവർക്കെതിരെ കർശന നടപടി സ്വീകരിക്കാൻ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ മുന്നോട്ടുവന്നത്. അത്തരമൊരു സമീപനം യു.ഡി.എഫ്. സ്വീകരിച്ചോ? നമുക്കെല്ലാം യു.ഡി.എഫ്.ന്റെ കാലത്ത് എന്തെല്ലാം ദുരനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്? സ്വകാര്യ ഭാഗത്ത് ഷോക്ക് ബാറ്റൺ പ്രയോഗിച്ച ഒരു കാലം കേരളത്തിന് ഉണ്ടായിരുന്നില്ലേ? അതിൽനിന്ന് വ്യത്യസ്തമായി ഇന്ന് കേരളത്തിലെ പോലീസ് സേനയ്ക്കകത്ത് പിശകുകൾ സംഭവിക്കുന്നുണ്ടെങ്കിൽ അത്തരം പിശകുകൾ സംഭവിപ്പിക്കുന്ന പോലീസുകാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്ന സമീപനം സ്വീകരിക്കാൻ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ മുന്നോട്ടുവരുന്നുവെന്നാണ് എനിക്ക് പറയാനുള്ളത്.

നേരത്തെ പോലീസ് മുതലാളിമാരുടെ പക്ഷത്തായിരുന്നു. ഒരു കാലത്ത് പോലീസ് മുതലാളിമാരുടെ പക്ഷത്തായിരുന്നുവെങ്കിൽ ഇന്ന് സാധാരണക്കാർക്ക് നീതി ലഭിക്കുന്ന രീതിയിലേയ്ക്ക് മാറുന്നുവെന്ന് നമുക്ക് അഭിമാനത്തോടെ പറയാൻ സാധിക്കും. ഇന്ന് പോലീസ് സ്റ്റേഷനുകൾ പീപ്പിൾ ഫ്രണ്ട്‌ലിയായാണ് പ്രവർത്തിക്കുന്നത്. പോലീസ് സ്റ്റേഷനിൽ ആർക്കും പോകാം, പരാതി നൽകാം. പോലീസ് സ്റ്റേഷന കത്തേയ്ക്ക് നിർഭയമായി കടന്നുപോയി പരാതി കൊടുക്കാൻ സാധിക്കുന്ന സാഹചര്യം ഈ കാലത്ത് ഉണ്ടായില്ലേ? അത് നിഷേധിക്കാൻ നമുക്കാർക്കെങ്കിലും സാധിക്കുമോ? ആർക്കും നിഷേധിക്കാൻ സാധിക്കുകയില്ല. പൊതുജനങ്ങൾക്ക് പോലീസ് സ്റ്റേഷനകത്ത് പോകാനും പരാതി നൽകാനും സാധിക്കുന്ന രീതിയിലേയ്ക്ക് കേരളത്തിലെ പോലീസ് സേനയെ മാറ്റാൻ സഖാവ് പിണറായി വിജയൻ നേതൃത്വം നൽകുന്ന കാലത്ത് സാധിച്ചു എന്ന് അഭിമാനത്തോടുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

അതുപോലെതന്നെ പോലീസ് സേനയ്ക്കകത്തെ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിച്ചു. കേരളത്തിലെ പോലീസ് സേനയ്ക്കകത്തെ വനിതാ പ്രാതിനിധ്യം 25 ശതമാനമായി ഉയർത്താൻ നമുക്ക് കഴിഞ്ഞു. 451 പുതിയ തസ്തികകൾ സൃഷ്ടിക്കാൻ കഴിഞ്ഞു. വനിതാ ബെറ്റാലിയൻ ആരംഭിക്കാൻ സാധിച്ചു. സംസ്ഥാനത്ത് ആദ്യമായി ആറ് പോലീസ് സ്റ്റേഷനുകളിൽ വനിതാ എസ്.ഐ.മാരെ എസ്.എച്ച്.ഒ.-മാരായി നിയമിച്ചതും ഈ കാലത്താണ്. മാർച്ച് 8 ലോക വനിതാ ദിനമാണ്. ലോക വനിതാ ദിനത്തിൽ പരമാവധി പോലീസ് സ്റ്റേഷനുകളിൽ വനിതാ എസ്.എച്ച്.ഒ.-മാരെ നാമനിർദ്ദേശം ചെയ്യുന്ന സമീപനങ്ങൾകൂടി സ്വീകരിച്ചിട്ടുണ്ട്.

പോലീസ് ജനങ്ങൾക്കിടയിൽ ഇടപെടാൻ തുടങ്ങി. ജനങ്ങൾക്കിടയിൽ ശരിയായ രീതിയിൽ ഇടപെടാൻ പറഞ്ഞപ്പോൾ പോലീസ് ശക്തമായി ഇടപെട്ടു. പോലീസ് അങ്ങനെ ശക്തമായി ഇടപെടാൻ തുടങ്ങിയപ്പോൾ പോലീസിനും ജനങ്ങൾക്കും ആത്മവിശ്വാസം വർദ്ധിക്കുന്ന നിലയുണ്ടായിയെന്ന കാര്യമാണ് ഇവിടെ സൂചിപ്പിക്കാനുള്ളത്. അതുമാത്രമല്ല പുതിയ തസ്തികകൾ പലതും സൃഷ്ടിച്ചിട്ടുണ്ട്.

പോലീസ് സേനയെ മോഡണൈസ് ചെയ്യുന്ന നിരവധി പദ്ധതികൾ ഈ കാലയളവിൽ നടപ്പിലാക്കുകയുണ്ടായി. പലതരത്തിലുള്ള ക്രൈം നടക്കുകയാണന്നും സൈബർ ക്രൈമുകളുടെ എണ്ണം കൂടുകയാണെന്നും നമുക്കറിയാം. സൈബർ ക്രൈമിന്റെ എണ്ണം കൂടുമ്പോൾ ആ ക്രൈം നടത്തുന്ന പ്രതികളെ കണ്ടെത്തണം. അതിനുവേണ്ടി പോലീസ് സേനയ്ക്കകത്ത് നിരവധി മോഡേണൈസേഷൻ പ്രക്രിയയ്ക്ക് നേതൃത്വം നൽകുന്ന സമീപനങ്ങൾ നടത്തുകയുണ്ടായി. മുതിർന്ന പൗരന്മാരുടെ സുരക്ഷയ്ക്ക് ഉതകുന്ന നിരവധി പദ്ധതികൾ നടപ്പിലാക്കി. പോലീസ് ചീഫ് കൺട്രോൾ റൂം പ്രവർത്തനം ആരംഭിച്ചു. ഇങ്ങനെ സൈബർ സുരക്ഷയ്ക്കുവേണ്ടിയുള്ള നിരവധി പദ്ധതികൾ നടപ്പിലാക്കി. മൊബൈൽ ആപ്ലിക്കേഷനുകൾ, സ്റ്റുഡന്റ് പോലീസ് കേഡറ്റ് തുടങ്ങി നിരവധിയാർന്ന പ്രവർത്തനങ്ങൾക്ക് നമുക്ക് നേതൃത്വം നൽകാൻ കഴിഞ്ഞു. ഈ നൂറ്റാണ്ടിലെ മഹാപ്രളയം നമ്മൾ നേരിട്ടപ്പോൾ അതിനെ അതിജീവിക്കാൻ പോലീസ് നടത്തിയ പ്രവർത്തനം കുറച്ചുകാണാൻ കഴിയില്ല. പോലീസ് സജീവമായി ഇടപെട്ടു. ലോകത്തിലെ വികസിത രാജ്യങ്ങളിൽ മഹാ ദുരന്തങ്ങൾ ഉണ്ടായപ്പോൾ ആയിരങ്ങൾ, പതിനായിരങ്ങൾ മരിച്ചപ്പോൾ, ഇവിടെ മരണസംഖ്യ 435 ചെറുതാണെന്ന് ഞാൻ പറയുന്നില്ല, പക്ഷെ വികസിത രാജ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ മരണസംഖ്യ കുറഞ്ഞു. അത് ഗവൺമെന്റിന്റെ ഇടപെടൽ തന്നെയാണ്, അതിലും പോലീസ് നല്ല പങ്കുവഹിച്ചിട്ടുണ്ട്. ഈ കാലയളവിൽ നിരവധിയാർന്ന പ്രവർത്തനങ്ങൾ നടത്തുവാൻ പോലീസിന് കഴിഞ്ഞു എന്ന കാര്യം വളരെ അഭിമാനപുരസ്സരം പറയാൻ ആഗ്രഹിക്കുകയാണ്. ക്രൈം റേറ്റ് കുറഞ്ഞു. സ്ത്രീകൾക്ക് സുരക്ഷയൊരുക്കാൻ കഴിഞ്ഞു. ജനങ്ങൾക്ക് പോലീസ് സ്റ്റേഷനകത്ത് പോയി പരാതി നൽകാൻ സാധിക്കുന്ന സാഹചര്യമുണ്ടായി. ഇതാണ് ഇവിടത്തെ സാഹചര്യം. മറുഭാഗത്ത്, ദേശീയതലത്തിൽ നടക്കുന്നതെന്താണ്?

വീണ്ടും സി.ബി.ഐ.യെക്കുറിച്ച് പറയാം. ഇന്ത്യയിൽ ബി.ജെ.പി. ഗവൺമെന്റ് മൂവായിരം കോടി രൂപ ചെലവഴിച്ച് ഏകതയുടെ പ്രതിമ (Statue of Unity) നിർമ്മിച്ചു. എന്നാൽ ഏകതയുടെ പ്രതിമ നിർമ്മിച്ചവർതന്നെ ഒരു ഭാഗത്ത് രാജ്യത്തെയും മറുവശത്ത് മുസ്ലീം, ഹിന്ദു, ക്രിസ്ത്യൻ, ദളിതർ, ആദിവാസികൾ എന്നുപറഞ്ഞ് മനുഷ്യരെയും ഭിന്നിപ്പിക്കുന്നു. സി.ബി.ഐ.യെ ഭിന്നിപ്പിക്കുന്നു. സി.ബി.ഐ.യെ ഭിന്നിപ്പിച്ച കഥ നിങ്ങൾക്കറിയാം. അലോക് വർമ്മ ഒരു ഭാഗത്തും രാകേഷ് അസ്താന വേറൊരു ഭാഗത്തും. സി.ബി.ഐ.യെ ഭിന്നിപ്പിച്ചവർ, മനുഷ്യരെ ജാതിയുടെയും മതത്തിന്റെയും പേരിൽ ഭിന്നിപ്പിച്ചവർ, ജുഡീഷ്യറിക്കകത്തും എക്സിക്യൂട്ടീവിനകത്തും ഭിന്നിപ്പ് ഉണ്ടാക്കിയവർ, ഏകതയുടെ പ്രതിമ (Statue of Unity) ഉണ്ടാക്കിയിരിക്കുന്നുവെന്ന് ലോകത്തോട് വിളിച്ചുപറയുന്നു. രാജ്യം ഏറ്റവും അപകടകരമായ സാഹചര്യത്തിലൂടെ സഞ്ചരിക്കുമ്പോൾ പോലീസുകാരന്റെ ജീവന് ഒരു വിലയും കൽപ്പിക്കാത്ത കാലത്ത് കേരളം അതിൽനിന്നും വഴിമാറി സഞ്ചരിക്കുന്നുവെന്ന്

പറഞ്ഞാൽ അത് ഇടതുപക്ഷ-വലതുപക്ഷ രാഷ്ട്രീയ വ്യത്യാസമില്ലാതെ ഏവർക്കും കേരള മോഡൽ ഉയർത്തിക്കാണിക്കാൻ സാധിക്കുന്നതാണ്. ഇവിടെ എല്ലാവർക്കും സുരക്ഷയുണ്ട്. സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും ദളിതർക്കും സുരക്ഷയുണ്ട്. കേരളം ദൈവത്തിന്റെ സ്വന്തം നാടാണെന്ന് അഭിമാനത്തോടെ നമുക്ക് പറയാൻ സാധിക്കുന്ന സാഹചര്യമാണ് ഇവിടെ സംജാതമായിരിക്കുന്നത്.

ബഹുമാനപ്പെട്ട സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സബ്മിഷന്റെ ഒടുവിൽ ഇന്നത്തെ കോടതി പരാമർശം സൂചിപ്പിച്ചു. കേരളത്തിലെ പോലീസിന്റെ വീര്യം തകർക്കാനും ഇടതുപക്ഷ സർക്കാരിനെ അട്ടിമറിക്കാനും വീണ്ടും ഒരു വിമോചന സമരം നടത്തുന്നതിനായി ശബരിമലയെ മുൻനിർത്തി യുദ്ധം ചെയ്യുന്നവർ ആലോചിക്കണം. എന്താണ് ഹൈക്കോടതി പറഞ്ഞത്? പോലീസ് നടത്തുന്ന ഇടപെടലുകൾക്ക് ഒരു വീഴ്ചയുമില്ല. ശബരിമലയിൽ അയ്യപ്പന്മാർക്ക് സ്വതന്ത്രമായി സഞ്ചരിക്കാൻ സാധിക്കുന്നു എന്ന് ഹൈക്കോടതി വളരെ വ്യക്തമായി പറഞ്ഞിരിക്കുന്നു. ഇവർ ചെയ്തത് എന്താണ്? ഇവിടത്തെ യു.ഡി.എഫ്. ഏതാണ്, ബി.ജെ.പി. ഏതാണെന്ന് ഞങ്ങൾക്ക് മനസ്സിലാകുന്നില്ല. യു.ഡി.എഫ്.ലെ നേതാക്കന്മാർ ശബരിമലയിലേയ്ക്ക് പോയി. അവിടെ എന്താണ് ഉണ്ടായത്? ശബരിമലയിലേയ്ക്ക് നിങ്ങൾ പോയാൽ നിങ്ങളെ അറസ്റ്റ് ചെയ്യില്ല. അപ്പോഴാണ് സിനിമ ഡയലോഗ് 'ഭരതൻ എസ്.ഐ. എന്നെ അറസ്റ്റ് ചെയ്യൂ എന്നുപറഞ്ഞതുപോലെ യു.ഡി.എഫ്.-ലെ നേതാക്കന്മാർ പോലീസിനോട് ഞങ്ങളെ അറസ്റ്റ് ചെയ്യൂ എന്നുപറഞ്ഞു. നിങ്ങളെ അറസ്റ്റ് ചെയ്യേണ്ട കാര്യമെന്താണെന്ന് പോലീസ് ചോദിച്ചു? നിങ്ങളെ അറസ്റ്റ് ചെയ്യേണ്ട ഒരു സാഹചര്യവുമില്ല. പക്ഷെ അറസ്റ്റ് ചെയ്യിപ്പിക്കണം, കലാപമുണ്ടാക്കണം എന്ന ലക്ഷ്യംവച്ചുകൊണ്ടുതന്നെയാണ് ഇവിടെ ചിലർ പ്രവർത്തിക്കുന്നത്. Happiness Index-ൽ ഇന്ത്യയിൽ സമാധാനത്തിന് ഒന്നാം സ്ഥാനത്ത് നിൽക്കുന്ന സംസ്ഥാനമായി കേരളം മാറുമ്പോൾ അത് ദഹിക്കാത്ത ചിലർ ഇവിടെ ബോധപൂർവ്വം സംഘർഷം ഉണ്ടാക്കണമെന്ന് ആഗ്രഹിക്കുന്നു. അതിന്റെ ഭാഗമാണ് ശബരിമലയുടെ മറവിൽ നടത്തിക്കൊണ്ടിരിക്കുന്ന കലാപങ്ങൾ. കോൺഗ്രസ് ഒരു നാഷണൽ ലെവൽ പാർട്ടിയാണ്. ഒരു ദേശീയ പാർട്ടിയുടെ നയം തീരുമാനിക്കേണ്ടത് ദേശീയ തലത്തിലായിരിക്കണം. നിർഭാഗ്യവശാൽ ഇവിടെ കണ്ടത് എന്താണ്? സെപ്റ്റംബർ 28-ന് സുപ്രീംകോടതി കോൺസ്റ്റിറ്റ്യൂഷൻ ബഞ്ച് വിധി പറഞ്ഞപ്പോൾ We are welcoming the historic verdict എന്നുപറഞ്ഞവർ വിധി പറഞ്ഞ് മണിക്കൂറുകൾ കഴിഞ്ഞ് മറുഭാഗത്ത് ബി.ജെ.പി. നിൽക്കുന്നുവെന്ന് കണ്ടപ്പോൾ ബി.ജെ.പി.യുടെ കൂടെ പോകേണ്ട ഗതികേടിലേയ്ക്ക് ദേശീയ പ്രസിഡന്റും എ.ഐ.സി.സി.യും എത്തിയത് അങ്ങേയറ്റം നിരാശാജനകമാണ്. കോൺഗ്രസ് എന്ന പാർട്ടിയിൽ ജനം പ്രതീക്ഷിക്കുന്നത് അതല്ല. കോൺഗ്രസ്സിന് secular credentials ഉണ്ട്. നെഹ്റുവിന്റെ പൈതൃകമുണ്ട്. ആ നെഹ്റുവിൽനിന്നും

ശ്രീ. രാഹുൽ ഗാന്ധിയിലേയ്ക്ക് എത്തിയപ്പോൾ കോൺഗ്രസ്സിന്റെ നേതൃത്വം എന്താണ് പറയുന്നത്. ബ്രാഹ്മണൻമാർ മാത്രമാണ് ഹിന്ദുവെന്നാണ് ശ്രീ. സി. പി. ജോഷി പറഞ്ഞത്. ഞാൻ ഒരു ദത്താത്രേയ ബ്രാഹ്മണനാണെന്ന് (കാശ്മീരി ബ്രാഹ്മണൻ) രാഹുൽ ഗാന്ധി പറയുന്നു. എന്തിനാണ് ഇങ്ങനെ പറയുന്നത്. ബ്രാഹ്മണനാകുന്നത് കുറ്റമാണെന്ന അഭിപ്രായം ഞങ്ങൾ പറയുന്നില്ല. കരുണാകരൻ എല്ലാ മാസവും ഒന്നാം തീയതി ഗുരുവായൂർ ക്ഷേത്രത്തിൽ പോകുമായിരുന്നു. പക്ഷെ ഞാൻ ഗുരുവായൂർ ശ്രീകൃഷ്ണ ഭക്തനാണെന്ന് കരുണാകരൻ ഒരിടത്തും ഒരു സ്റ്റേജിലും പ്രസംഗിച്ചിട്ടില്ല. നിർഭാഗ്യവശാൽ കോൺഗ്രസ്സിന്റെ പുതിയ നേതൃത്വം മൃദു ഹിന്ദുത്വ സമീപനം സ്വീകരിക്കുന്നു. കോൺഗ്രസ്സിന്റെ ദേശീയ അദ്ധ്യക്ഷൻ ഞാനൊരു ദത്താത്രേയ ബ്രാഹ്മണൻ ആണെന്ന് പറയുന്നു. കോൺഗ്രസ്സിന്റെ മുതിർന്ന നേതാവ് ശ്രീ. സി. പി. ജോഷി ബ്രാഹ്മണർ മാത്രമാണ് ഹിന്ദുക്കൾ എന്ന രീതിയിലുള്ള വ്യാഖ്യാനത്തിൽ പ്രസംഗിക്കുമ്പോൾ കോൺഗ്രസ് എന്ന ദേശീയ പാർട്ടി എത്രമാത്രം ചെറുതാകുന്നുവെന്ന കാഴ്ചയാണ് ജനം കണ്ടുകൊണ്ടിരിക്കുന്നത്. മൃദു ഹിന്ദുത്വ സമീപനമല്ല കോൺഗ്രസ്സിൽനിന്നും ജനം പ്രതീക്ഷിക്കുന്നത്. Purely secular ആയിട്ടുള്ള നിലപാടുകൾ ഉയർത്തിപ്പിടിച്ച് മുന്നോട്ടുപോകുന്ന കോൺഗ്രസ്സിനെയാണ് ജനം പ്രതീക്ഷിക്കുന്നത്. ആ രീതിയിലേയ്ക്ക് കോൺഗ്രസ് തിരിച്ചുവരില്ലെന്നതിന്റെ സൂചനകളാണ് ശബരിമലയിൽനിന്നും നമുക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഇൻഡ്യൻ ഭരണഘടനയിലെ ആർട്ടിക്കിൾ 14 പറയുന്നത് തുല്യതയാണ്. ആർട്ടിക്കിൾ 14 ഒരു ഭാഗത്ത് തുല്യത പറയുമ്പോൾ എങ്ങനെയാണ് സുപ്രീംകോടതിക്ക് അത് ലംഘിക്കുവാൻ കഴിയുന്നത്. 2019 ജനുവരി 22-ന് ഈ കേസിന്റെ റിവ്യൂ പെറ്റിഷൻ കേൾക്കാൻ പോകുകയാണ്. ഇന്ത്യൻ ഭരണഘടന അനുസരിച്ച് പ്രവർത്തിക്കുന്ന സുപ്രീം കോടതി ആ കോൺസ്റ്റിറ്റ്യൂഷൻ ബെഞ്ചിന്റെ വിധി റിവ്യൂ ചെയ്യുമ്പോൾ സ്ത്രീകൾക്ക് പ്രവേശനം നൽകാൻ പാടില്ലെന്ന നിലപാട് സ്വീകരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നില്ല. സുപ്രീംകോടതിയിൽ 12 വർഷക്കാലം നീണ്ടുനിന്ന ഈ നിയമയുദ്ധത്തിൽ 141 അഭിഭാഷകർ പങ്കെടുത്തപ്പോൾ അതിൽ 138 പേരും വാദിച്ചത് സ്ത്രീകൾക്ക് പ്രവേശനം നൽകാൻ പാടില്ലെന്നായിരുന്നു. സ്ത്രീ പ്രവേശനത്തെ എതിർത്ത് വാദിച്ച പ്രമുഖരിൽ അഡ്വ. കെ. പരാശരൻ ഉൾപ്പെടെ ഉണ്ടായിരുന്നു. അദ്ദേഹം ഇന്ത്യൻ ക്രിമിനൽ കേസുകളിൽ ഏറ്റവും വലിയ അതോറിറ്റി എന്ന് വിളിക്കാവുന്നയാളാണ്. ആ വാദിച്ചവരിൽ ഒരു ഭാഗത്ത് കോൺഗ്രസിന്റെ മുതിർന്ന നേതാവ് അഭിഷേക് മനു സിംഗ്‌വി ഉണ്ടായിരുന്നു. ഇവരെപ്പോലെ 138 പേർ ഒരു ഭാഗത്തും 3 പേർ മറുഭാഗത്തും നിന്നപ്പോൾ എന്തുകൊണ്ട് 3 പേർ വിജയിച്ചു. കാരണം 3 പേർ പറഞ്ഞ ഭാഗം ഇന്ത്യൻ ഭരണഘടനയാണ്. ഇന്ത്യൻ ഭരണഘടന അനുസരിച്ച് 3 പേർ വാദിച്ചപ്പോൾ 138 പേർ പരാജയപ്പെട്ടു. ഇവിടെ പരസ്യമായി ഞങ്ങൾ സ്ത്രീകൾക്ക് പ്രവേശനം കൊടുക്കണമെന്ന് പറയുമ്പോൾ സുപ്രീംകോടതി വിധിയെപ്പോലും ലംഘിച്ചുകൊണ്ട് നിങ്ങൾ പറയുന്നത് ആചാരങ്ങളെക്കുറിച്ചാണ്.

ആചാരങ്ങൾ ലംഘിക്കാനുള്ളതാണ്. ചിലർ പറയും faith vs religion എന്ന്. എന്നാൽ Faith അല്ല custom vs religion അല്ലെങ്കിൽ custom vs constitution ആണ്. ആചാരവും ഭരണഘടനയും തമ്മിലാണ് യുദ്ധം ചെയ്യുത്. അതിൽ ഭരണഘടന ഉയർന്നുനിൽക്കണമെന്ന അഭിപ്രായമാണ് ഞങ്ങൾക്കുള്ളത്. ഇത് ഒരു നിയമനിർമ്മാണ സഭയാണ്. നിയമനിർമ്മാണസഭയിൽനിന്ന് നാം കാര്യങ്ങൾ പരിശോധിക്കുമ്പോൾ നിയമനിർമ്മാണ സഭയ്ക്കകത്ത് നമുക്ക് ഉറപ്പിച്ചും തറപ്പിച്ചും പ്രഖ്യാപിക്കാൻ സാധിക്കേണ്ടത് ഭരണഘടന എല്ലാത്തിനുംമീതെ ഉയർന്നുനിൽക്കണമെന്ന തന്നെയാണ്. 'Wherever you so high, law is above you'. നിങ്ങൾ എത്ര ഉയരത്തിലാണോ നിങ്ങൾക്ക് മുകളിലാണ് നിയമം എന്ന ബാലപാഠം എന്റെ മുന്നിലുള്ള കോൺഗ്രസ് സുഹൃത്തുക്കൾക്ക് അറിയാത്തതുകൊണ്ടല്ല, മറിച്ച് 4 വോട്ടിനും 3 സീറ്റിനും വേണ്ടി വിശ്വാസികളെ തങ്ങളുടെ പക്ഷത്തേയ്ക്ക് കിട്ടുമോ എന്ന പരീക്ഷണമാണ് നിങ്ങൾ നടത്തുന്നതെങ്കിൽ 2019 മേയ് മാസം നിങ്ങൾക്ക് ബോധ്യപ്പെടും, നിങ്ങൾ തെറ്റിൽനിന്നും തെറ്റിലേയ്ക്കാണ് സഞ്ചരിച്ചുകൊണ്ടിരിക്കുന്നതെന്ന്. അതുകൊണ്ട് ഇനിയെങ്കിലും ദുരഭിമാനം വെടിഞ്ഞ് സമരം അവസാനിപ്പിച്ച് പോകണം. ഇവിടെ സ്ത്രീകൾ തുല്യരാണ്. സ്ത്രീ സുരക്ഷയ്ക്കാണ് നാം പ്രാമുഖ്യം കൊടുക്കേണ്ടത്. നിങ്ങൾ ആവേശത്തോടെ പറഞ്ഞല്ലോ ഞങ്ങൾ ശ്രീമതി സോണിയാ ഗാന്ധിയെ ദേശീയ കോൺഗ്രസിന്റെ അധ്യക്ഷയാക്കിയെന്ന്. ശരി തന്നെയാണ്. ശ്രീമതി സോണിയാ ഗാന്ധിയെ ദേശീയ അധ്യക്ഷയാക്കാൻ കരുത്ത് കാണിച്ച കോൺഗ്രസ് എന്തുകൊണ്ട് സ്ത്രീകൾക്ക് ശബരിമലയിൽ പ്രവേശനം നൽകാൻ പാടില്ലെന്ന് പ്രതിലോമകാരികൾ ഉയർത്തിപ്പിടിക്കുന്ന മുദ്രാവാക്യത്തിനോടൊപ്പം അണിചേരുന്നുവെന്ന ചോദ്യത്തിന് നിങ്ങൾ ഉത്തരം പറയണം. തിരുത്താൻ നിങ്ങൾക്ക് ഇനിയും അവസരമുണ്ട്. തിരുത്താൻ നിങ്ങൾ മുന്നോട്ടുവരണം. ബഹുമാനപ്പെട്ട ഹൈക്കോടതിപോലും തിരുത്തിക്കൊണ്ടിരിക്കുന്ന കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. ഈ ബിൽ വിപ്ലവകരമായ ബില്ലാണ്. ഏതെങ്കിലും തരത്തിലുള്ള പിശകുകൾ ആർക്കും സംഭവിക്കാം. അത് മനുഷ്യസഹജമാണ്. അങ്ങനെയുള്ള പോരായ്മകൾ പോലീസിനും സംഭവിക്കാം. അങ്ങനെ സംഭവിക്കുമ്പോൾ അതിനെ തിരുത്താൻ വേണ്ടിയാണ് പോലീസ് കംപ്ലെയിന്റ് അതോറിറ്റി കൊണ്ടുദ്ദേശിക്കുന്നത്. ആ പോലീസ് കംപ്ലെയിന്റ് അതോറിറ്റിക്കകത്ത് ഇന്നയിന്ന ആളുകളെക്കൂടി കൊണ്ടുവന്ന് ക്വാറം തികഞ്ഞാൽ മാത്രമേ കമ്മിറ്റി കൂടാൻ സാധിക്കൂവെന്ന സാഹചര്യമുണ്ടാകുമ്പോൾ സാധാരണ ജനങ്ങൾക്ക് നീതി ലഭിക്കാത്ത സാഹചര്യമുണ്ടാകും. സാധാരണക്കാരന് നീതി ലഭിക്കണം, ആ നീതി ലഭിക്കുന്ന സാഹചര്യമുണ്ടാക്കാൻ വേണ്ടി പോലീസ് കംപ്ലെയിന്റ് അതോറിറ്റി ക്വാറം ഇല്ലാതെയും കമ്മിറ്റി കൂടാൻ സാധിക്കുന്ന ഒരു സാഹചര്യമുണ്ടാകണം. അങ്ങനെ വന്നാൽ മാത്രമേ സാധാരണക്കാരന് നീതി ലഭിക്കുകയുള്ളൂ. ആ തരത്തിലുള്ള ഒരു ബില്ലാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്.

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള പോലീസ് (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി)നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ബ്രിട്ടീഷ് ഭരണകാലത്ത് കുറ്റാന്വേഷണ ഏജൻസിയിലുപരി ഭരണകൂടത്തിന്റെ മർദ്ദനോപാധി കൂടിയാണ് പോലീസ് എന്ന കാഴ്ചപ്പാടിലാണ് 1861-ലെ ഇന്ത്യൻ പോലീസ് ആക്ട് നടപ്പിലായത്. ഇന്ത്യ സ്വാതന്ത്ര്യം നേടുകയും ഒരു പരിപൂർണ്ണ ജനാധിപത്യ റിപ്പബ്ലിക്കായി തീരുകയും ലിഖിത ഭരണഘടന നിലവിൽവരികയും ചെയ്തു. ഭരണഘടന അനുസരിച്ച് പോലീസ് ഒരു സംസ്ഥാന വിഷയമായി നിശ്ചയിക്കപ്പെട്ടു. ഒന്നാം കേരള നിയമസഭയുടെ കാലത്ത് പോലീസ് സേന നവീകരിക്കുന്നതിനെക്കുറിച്ച് പഠിക്കാൻ നിയോഗിച്ചിരുന്ന ചാറ്റർജി കമ്മിറ്റി ഇതു സംബന്ധിച്ച കേന്ദ്ര നിയമം സംസ്ഥാനത്ത് നടപ്പിലാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പ്രത്യേകം പരാമർശിച്ചിരുന്നു. കേന്ദ്ര നിയമം ഇവിടെ പ്രാബല്യത്തിൽ വന്നതിനേക്കാൾ തനതായ ഒരു നിയമം രൂപപ്പെടുത്തുന്നതാണ് കൂടുതൽ അഭികാമ്യം എന്നതിനാലാണ് 1960-ൽ കേരള പോലീസ് ആക്ട് നിലവിൽവന്നത്.

ഡിവൈ.എസ്.പി. വരെ റാങ്കിലുള്ള പോലീസുകാർക്കെതിരെയുള്ള പരാതി കേട്ട് തീർപ്പുകൽപ്പിക്കുവാൻ ജില്ലാ തലത്തിലും പോലീസ് സൂപ്രണ്ട് മുതൽ മുകളിലോട്ടുള്ള പോലീസ് ഉദ്യോഗസ്ഥർക്കെതിരെയുള്ള പരാതി കേട്ട് തീർപ്പ് കൽപ്പിക്കുവാൻ സംസ്ഥാന തലത്തിലും ഒരു കംപ്ലെയിന്റ് അതോറിറ്റി നിയമിക്കണമെന്നും സംസ്ഥാനതല അതോറിറ്റിയുടെ തലവൻ ബഹുമാനപ്പെട്ട ഹൈക്കോടതി ചീഫ് ജസ്റ്റിസ് നൽകുന്ന പാനലിൽ നിന്നുള്ള ഹൈക്കോടതി ജഡ്ജിയും ജില്ലാ അതോറിറ്റിയുടെ തലവൻ ഹൈക്കോടതി ചീഫ് ജസ്റ്റിസോ ചീഫ് ജസ്റ്റിസ് നിർദ്ദേശിക്കുന്ന മറ്റൊരു ഹൈക്കോടതി ജഡ്ജിയോ തയ്യാറാക്കുന്ന റിട്ടയേർഡ് ജില്ലാ ജഡ്ജിയും ആയിരിക്കണമെന്നാണ് ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ നിർദ്ദേശം. കംപ്ലെയിന്റ് അതോറിറ്റിയിലെ മറ്റ് അംഗങ്ങളെ സംസ്ഥാന മനുഷ്യാവകാശ കമ്മിഷൻ തയ്യാറാക്കുന്ന പാനലിൽ നിന്നും അതോറിറ്റിയുടെ ജോലിഭാരത്തിനനുസരിച്ച് സർക്കാർ നിയമിക്കണമെന്നും വ്യവസ്ഥയുണ്ട്. പക്ഷേ കേരള പോലീസ് ആക്ട് 110-ാം വകുപ്പ് അനുസരിച്ച് കംപ്ലെയിന്റ് അതോറിറ്റിയുടെ തലവന്മാരെയും അംഗങ്ങളെയും സർക്കാർ നേരിട്ട് നിയമിക്കുന്ന വ്യവസ്ഥയാക്കി മാറ്റി.

കേരളത്തിൽ 11-5-2007-ലെ വിജ്ഞാപന പ്രകാരം സംസ്ഥാന പോലീസ് കംപ്ലെയിന്റ് അതോറിറ്റിയും 24-8-2007-ലെ വിജ്ഞാപന പ്രകാരം ജില്ലാ പോലീസ് കംപ്ലെയിന്റ് അതോറിറ്റികളും രൂപീകരിക്കുകയുണ്ടായി. ഗുരുതര സ്വഭാവമുള്ള പരാതികൾ അഥവാ കസ്റ്റഡിയിലുള്ള സ്ത്രീകൾക്കെതിരെയുള്ള ലൈംഗിക പീഡനം, ബലാൽസംഗം, മരണത്തിനിടയാക്കുന്ന പരിക്കേൽപ്പിക്കൽ, ഗുരുതരമായ പരിക്കേൽ

പ്പിക്കൽ എന്നിവ സംബന്ധിച്ച് പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും പരാതികൾ അതോറിറ്റി പരിഗണിക്കുന്നു. പരാതി സ്വീകരിച്ചുകഴിഞ്ഞാൽ കുറ്റാരോപിതനായ പോലീസ് ഉദ്യോഗസ്ഥരുടെ പ്രതിവാദ പത്രിക 14 ദിവസത്തിനുള്ളിൽ സമർപ്പിക്കാൻ ആവശ്യപ്പെടുകയും തുടർനടപടി സ്വീകരിക്കുകയുമാണ് പതിവ്. സംസ്ഥാനതല അതോറിറ്റിയിൽ ഹൈക്കോടതിയിൽനിന്നും വിരമിച്ച ഒരു ജഡ്ജി ചെയർമാനും, സർക്കാരിന്റെ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഓഫീസർ, പോലീസ് അഡീഷണൽ ഡയറക്ടർ ജനറൽ പദവിയിൽ കുറയാത്ത ഒരു ഓഫീസർ, സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ നിർദ്ദേശിക്കുന്ന ഐ.ജി. റാങ്കിൽ കുറയാത്ത റിട്ടയർ ചെയ്ത 3 ഉദ്യോഗസ്ഥരുടെ പാനലിൽനിന്നും പ്രതിപക്ഷനേതാവുമായി കൂടിയാലോചിച്ച് സംസ്ഥാന സർക്കാർ നിയമിക്കുന്ന ഒരാളും, സംസ്ഥാന ലോകായുക്ത നിർദ്ദേശിക്കുന്ന റിട്ടയർ ചെയ്ത ജില്ലാജഡ്ജിമാരുടെ 3 അംഗ പാനലിൽനിന്നും പ്രതിപക്ഷ നേതാവുമായി കൂടിയാലോചിച്ച് സംസ്ഥാന സർക്കാർ നിയമിക്കുന്ന ഒരാളുമാണ് സംസ്ഥാന അതോറിറ്റിയിലെ അംഗങ്ങൾ.

ജില്ലാ അതോറിറ്റിയിൽ റിട്ടയർ ചെയ്ത ഒരു ജില്ലാ ജഡ്ജി ചെയർമാനും ജില്ലാ കളക്ടർ, ജില്ലാ പോലീസ് മേധാവി എന്നിവർ അംഗങ്ങളുമാണ്. എന്നാൽ സംസ്ഥാനതല അതോറിറ്റി ഇതിന്റെ അപ്പലേറ്റ് അതോറിറ്റിയാണോ എന്ന് എങ്ങും വ്യക്തമാക്കിയിട്ടുമില്ല. കൂടാതെ എന്തുതരം പരാതിയാണ് അതോറിറ്റി പരിഗണിക്കുന്നതെന്ന് പലർക്കും അറിയുകയുമില്ല.

2018-ലെ കേരള പോലീസ് (ഭേദഗതി) ബില്ലിലൂടെ സംസ്ഥാന പോലീസ് കംപ്ലെയിന്റ് അതോറിറ്റിയുമായി ബന്ധപ്പെട്ട് 2017-ലെ 18566-ാം നമ്പർ റിട്ട് ഹർജിയിലെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിധി മറികടക്കുകയാണ് സർക്കാർ. സമിതിയിലെ 5 അംഗങ്ങൾ ഒരുമിച്ചിരുന്ന് പരാതി കേട്ട് തീർപ്പാക്കണമെന്നും, ക്വാറം തികയാതെ പാസ്സാക്കിയ ഉത്തരവുകൾ നിയമവിരുദ്ധമാണെന്നുമുള്ള ഹൈക്കോടതിയുടെ വിധിയെത്തുടർന്ന് പുതിയ പരാതികൾ സ്വീകരിക്കുന്നത് നിർത്തിവച്ചിരിക്കുകയാണ്. ജോലിത്തിരക്കുമൂലം അഡീഷണൽ ചീഫ് സെക്രട്ടറിക്കും എ.ഡി.ജി.പി.-ക്കും സർക്കാർ പ്രതിനിധികൾക്കും സിറ്റിംഗിൽ പങ്കെടുക്കാൻ കഴിയാറില്ല. ഇത് മറികടക്കുന്നതിനുവേണ്ടിയാണ് ഇപ്പോൾ ഇത്തരത്തിലൊരു ബിൽ കൊണ്ടുവന്നത്. ഇത് നീതിന്യായവ്യവസ്ഥയോടുള്ള വെല്ലുവിളിയാണ്. ചെയർമാനും അംഗങ്ങൾക്കും പ്രത്യേകം പ്രത്യേകം സിറ്റിംഗ് നടത്താൻ കഴിയും വിധമാണ് നിയമത്തിൽ ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ഭേദഗതി. പോലീസ് ഉദ്യോഗസ്ഥർതന്നെ അംഗങ്ങളായിട്ടുള്ള അതോറിറ്റിയിൽ അംഗങ്ങൾക്ക് ഒറ്റയ്ക്ക് കേസുകൾ തീർപ്പുകൽപ്പിക്കാൻ അധികാരം നൽകുന്നത് ഏകപക്ഷീയവും സാമാന്യ നീതിക്ക് നിരക്കാത്തതുമാണ്. പോലീസിൽ വർദ്ധിച്ചുവരുന്ന ക്രിമിനൽവൽക്കരണം തടയാൻ അവർക്കെതിരായ കേസുകൾ നീതിയുക്തമായി തീർപ്പുകൽപ്പിക്കേണ്ടതായുണ്ട്.

തിരക്കുകാരണം അതോറിറ്റിയുടെ പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ സാധിക്കാത്തവരെ ഒഴിവാക്കി അതോറിറ്റി പുനഃസംഘടിപ്പിക്കുകയാണ് ചെയ്യേണ്ടത്. അല്ലാതെ കോടതി വിധികളെ അപ്പാടെ നടപ്പാക്കുമെന്ന് വീമ്പുപറയുന്ന നിങ്ങൾ വിധി മറികടക്കാൻ നിയമനിർമ്മാണം നടത്തുന്നത് ശരിയാണോ എന്ന് ചിന്തിക്കേണ്ടതായിട്ടുണ്ട്. സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ അനധികൃത അഡ്മിഷനെക്കുറിച്ചുള്ള സുപ്രീംകോടതിവിധി മറികടന്ന് അനധികൃത അഡ്മിഷൻ സാധൂകരിക്കുന്നതിന് നിങ്ങൾ കൊണ്ടുവന്ന നിയമത്തിന്റെ അവസ്ഥ എന്തായി എന്ന് ഇത്തരുണത്തിൽ ചിന്തിക്കുന്നത് നന്നായിരിക്കും. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ശബരിമല വിധി നടപ്പാക്കുന്നതിന് അമിത ഉത്സാഹം കാണിക്കുന്ന നിങ്ങൾ ബഹുമാനപ്പെട്ട ഹൈക്കോടതി വിധി മറികടക്കാൻ നിയമനിർമ്മാണം നടത്തുന്നത് ഉചിതമാണോ എന്ന് ചിന്തിക്കേണ്ടതായിട്ടുണ്ട്.

1.00 pm]

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട വിധി മറികടക്കാൻവേണ്ടി നിയമസഭ പാസ്സാക്കിയ ഒരു ബില്ലിനെ സംബന്ധിച്ച് കേരള ഗവർണർ ഒരു ചോദ്യം ചോദിച്ചിട്ടുണ്ട്. ആ നിയമത്തിന് എനിക്ക് നിർബന്ധിതനായി ഒപ്പുവയ്ക്കേണ്ടിവന്നു എന്ന confession statement-ഓടുകൂടിയാണ് ഗവർണർ ആ പ്രസ്താവന അവസാനിപ്പിച്ചത്. അവസാനം ഗവർണർ ഒന്നുകൂടി പറഞ്ഞു, ഇങ്ങനെ കോടതിവിധി മറികടക്കുന്നതിനുവേണ്ടി ബോധപൂർവ്വമായ ഒരു നിയമനിർമ്മാണമുണ്ടായാൽ അതിനടിയിൽ ഒപ്പുവയ്ക്കാൻ എന്നെ കിട്ടില്ലെന്ന്. അതിന്റെ അർത്ഥം ഒരു വിധിയെ മറികടക്കുന്നതിനുവേണ്ടി ഈ വിധത്തിൽ നടപടിയെടുത്താൽ അതിന് ഗവർണറുടെ അസന്റ് കിട്ടാൻ സാധ്യതയില്ല എന്നുതന്നെയല്ലേ കാറ്റഗറിക്കലായി ഗവർണർ പറഞ്ഞിട്ടുള്ളത്.

ശ്രീ അടൂർ പ്രകാശ്: സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞ കാര്യത്തിന് പ്രസക്തിയുണ്ട്. സ്വാശ്രയ കോളേജുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീം കോടതിവിധി നമുക്ക് എതിരായി വന്നു. ബഹുമാനപ്പെട്ട ഗവർണർതന്നെ ഇക്കാര്യത്തിൽ ചില തീരുമാനങ്ങൾ കൈക്കൊണ്ടു. ഗവർണർ എടുക്കുന്ന തീരുമാനങ്ങൾ ഒരുപക്ഷേ നമുക്ക് ബാധകമാകുമെന്ന കാര്യത്തിൽ സംശയമുള്ളതല്ല. സംസ്ഥാന അതോറിറ്റിയുടെ ചെയർപേഴ്സണോ അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും അംഗത്തിനോ അംഗങ്ങൾക്കോ ഒറ്റയ്ക്കോ കൂട്ടായോ തീരുമാനമെടുക്കാമെന്നാണ് നിങ്ങൾ ഇപ്പോൾ പറയുന്നത്. ആക്ടിന്റെ പ്രാരംഭ തീയതി മുതൽ സമർപ്പിച്ചിട്ടുള്ളതും തീർപ്പാക്കാതെ ഇരിക്കുന്നതുമായ എല്ലാ കേസുകളും ഇതിൽ ഉൾപ്പെടുത്തിയതിലൂടെ എന്തൊക്കെയോ മാറ്റിമറിക്കാനുണ്ടെന്നും വേണ്ടപ്പെട്ടവർക്കെല്ലാം അനുകൂലമായ തീരുമാനമുണ്ടാക്കാനുമാണ് ഈ നിയമം ഇപ്പോൾ ഇവിടെ മാറ്റിമറിക്കാൻ തീരുമാനമെടുത്തിട്ടുള്ളതെന്നാണ് ഞങ്ങളുടെ അഭിപ്രായം.

ഇപ്പോഴത്തെ കേരള മുഖ്യമന്ത്രിയായ ശ്രീ. പിണറായി വിജയൻ ഈ നിയമസഭയിൽ 1995-ൽ ഒൻപതാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിൽ ഫെബ്രുവരി മാസം 14-ാം തീയതി നടത്തിയ ഒരു പ്രസംഗത്തിന്റെ പ്രധാനപ്പെട്ട ചില ഭാഗങ്ങൾ ഞാൻ ഇവിടെ വായിക്കാം. അദ്ദേഹത്തിന് ഉപദേഷ്ടാക്കളായി ധാരാളം പേരെ ആവശ്യമാണ്. ഉപദേഷ്ടാവ് എന്ന നിലയിൽ പല ആളുകളെയും അദ്ദേഹം നിയോഗിച്ചിട്ടുണ്ട്. ഇന്ന് അദ്ദേഹത്തിന്റെ ഉപദേഷ്ടാക്കളുടെ കൂട്ടത്തിലുള്ള ഒരു വ്യക്തിയെക്കുറിച്ച് അദ്ദേഹം ഈ സഭയിൽ പറഞ്ഞിട്ടുള്ള ഒരു കാര്യം ഓർമ്മിപ്പിക്കുവാൻവേണ്ടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അന്നത്തെ മുഖ്യമന്ത്രിയായിരുന്ന കെ. കരുണാകരന് എതിരെ നടത്തിയ അവിശ്വാസപ്രമേയ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് നടത്തിയ പ്രസംഗമാണിത്. അത് മുഴുവനായി വായിക്കുവാനുള്ള സമയമില്ലാത്തതിനാൽ ആ പ്രസംഗത്തിന്റെ ഏതാനും ഭാഗങ്ങൾ മാത്രം ഞാൻ ഇവിടെ പറയാം. " അഴിമതി, കൊള്ളരുതായ്മ, ജനദ്രോഹപരമായ പ്രവർത്തനങ്ങൾ, രാജ്യദ്രോഹപ്രവർത്തനങ്ങൾ ഇവ എല്ലാത്തിലും ഈ ഗവൺമെന്റ് വല്ലാത്ത ഒരു സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്തും രാജ്യത്തും ഏറ്റവും അധികം ചർച്ച ചെയ്യപ്പെടുന്ന വിഷയമാണ് ശ്രീ. രമൺ ശ്രീവാസ്തവയുമായി ബന്ധപ്പെട്ട പ്രശ്നം. നമുക്ക് മറവി പലപ്പോഴും വളരെ വേഗത്തിൽ വരാറുണ്ട് എന്നത് ഒരു പ്രത്യേകതയാണ്." ഇത് ഞാൻ പറഞ്ഞ കാര്യമല്ല, ബഹുമാന്യനായ ഇപ്പോഴത്തെ മുഖ്യമന്ത്രി 1995-ഫെബ്രുവരി 14-ന് ഈ സഭയിൽതന്നെ പറഞ്ഞ കാര്യങ്ങളാണ്. ഇപ്പോൾ ശ്രീ. രമൺ ശ്രീവാസ്തവയുടെ പ്രശ്നം കുറേശ്ശെ മറവിയിലേയ്ക്ക് പോയിക്കൊണ്ടിരിക്കുകയാണെന്ന് സംശയിക്കേണ്ടതുണ്ട്. "ശ്രീ. രമൺ ശ്രീവാസ്തവ പ്രശ്നത്തിൽ നമ്മുടെ രാജ്യത്ത് രാജ്യദ്രോഹപ്രവർത്തനം നടത്തിയ ഐ.ജി.യെ സംരക്ഷിക്കുന്ന നിലപാട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്വീകരിച്ചിരിക്കുന്നു," എന്നുപറഞ്ഞാൽ അന്നത്തെ മുഖ്യമന്ത്രിയായ കെ. കരുണാകരൻ അങ്ങനെ സ്വീകരിച്ചിരിക്കുന്നുവെന്ന് ആക്ഷേപം ഉന്നയിച്ച ആൾ തന്നെയാണ് ബഹുമാന്യനായ ഇന്നത്തെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ. അദ്ദേഹം ഇപ്പോൾ ചെയ്തിരിക്കുന്നതെന്താണ്? അദ്ദേഹത്തിന്റെ ഉപദേഷ്ടാക്കളിൽപ്പെട്ട ഒരാളാണ് ശ്രീ. രമൺ ശ്രീവാസ്തവ. അദ്ദേഹത്തെക്കുറിച്ച് ഞാനൊന്നും പറയുന്നില്ല. ഞാൻ മനസ്സിലാക്കിയിടത്തോളം ഇന്നും പല സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിൽ പണിയെടുത്തുകൊണ്ടിരിക്കുന്ന ഒരു വ്യക്തിയാണ്. ഒരുപക്ഷേ അദ്ദേഹത്തിന്റെ ജീവിതമാർഗ്ഗം എന്ന നിലയിൽ അത് ആവശ്യമാണ്. പക്ഷേ, അദ്ദേഹത്തിന്റെ ഉപദേശങ്ങൾ സ്വീകരിച്ചുകൊണ്ടാണ്, ഒരിക്കൽ അദ്ദേഹം കൊള്ളില്ല എന്ന് ഓർമ്മിപ്പിച്ച ശ്രീ. പിണറായി വിജയൻ തന്നെ ഈ കാര്യങ്ങൾ ഇന്ന് നമ്മളെ ഓർമ്മിപ്പിക്കുവാനും പഠിപ്പിക്കുവാനും നിയന്ത്രിക്കുവാനും കഴിയുന്ന തരത്തിലേയ്ക്ക് എല്ലാം മറന്നുപോയിരിക്കുന്നു, കഴിഞ്ഞ കാലങ്ങളിൽ എന്തായിരുന്നു എന്നതിനെക്കുറിച്ച് ആലോചിക്കാതെ ഇന്ന് സഭയിൽ കൊണ്ടു

വരുന്ന വിഷയങ്ങളെക്കുറിച്ചൊക്കെ ആലോചിക്കേണ്ടതായിട്ടുണ്ട്. ഇത് നിയമസഭാ രേഖയിൽപ്പെടുത്തിയ ചരിത്രമാണ്. ഇതൊന്നും ഞാൻ പ്രത്യേകം പറഞ്ഞ കാര്യങ്ങളല്ല. 23 വർഷങ്ങൾക്കുശേഷം ഇന്ന് ശ്രീ. പിണറായി വിജയൻ കേരളത്തിന്റെ മുഖ്യമന്ത്രിയാണ്. മുഖ്യമന്ത്രിയുടെ പോലീസ് ഉപദേഷ്ടാവ് എന്ന നിലയിലിരിക്കുന്ന അദ്ദേഹത്തെ, രാജ്യദ്രോഹി എന്ന് അദ്ദേഹം ആക്ഷേപിച്ച ശ്രീ. രമൺ ശ്രീവാസ്തവ ഇപ്പോൾ എങ്ങനെയാണ് പുണ്യവാളനായി മാറിയതെന്നുകൂടി അദ്ദേഹം പറയുന്നത് നന്നായിരിക്കുമെന്നതാണ് എന്റെ അഭിപ്രായം. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ശ്രീ. നമ്പി നാരായണന് സംസ്ഥാന സർക്കാർ 50 ലക്ഷം രൂപ നഷ്ടപരിഹാരം അനുവദിച്ചു. ബഹുമാനപ്പെട്ട സുപ്രീംകോടതിതന്നെ വിധിച്ചതാണ്. മറവി പലപ്പോഴും വേഗത്തിൽ വരുന്നു, അന്നത്തെ രാജ്യദ്രോഹി ഇന്നത്തെ പോലീസ് ഉപദേഷ്ടാവും. എന്തൊരു വിരോധാഭാസമാണ് നമ്മൾ കാണുന്നതെന്ന് ആലോചിക്കേണ്ടതുണ്ട്. 2011 ജൂലൈ മുതൽ 2018 ഫെബ്രുവരി വരെയുള്ള കണക്കനുസരിച്ച് കേരളാ പോലീസിൽ 1129 ഉദ്യോഗസ്ഥർ ക്രിമിനൽ കേസുകളിൽ പ്രതികളായിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശത്തെത്തുടർന്ന് സർക്കാർ തയ്യാറാക്കിയ പോലീസിലെ ക്രിമിനലുകളുടെ കണക്കാണിത്. 2015-ൽ 654 ആയിരുന്നു. മൂന്ന് വർഷത്തിനുള്ളിൽ 475 പോലീസുകാർകൂടി ക്രിമിനലുകളായെന്ന് റിപ്പോർട്ട് വ്യക്തമാക്കുന്നു. കഴിഞ്ഞ ഏഴ് വർഷമായി ഈ റിപ്പോർട്ട് തയ്യാറാക്കപ്പെടുന്നുണ്ട്. ഇത് മാതൃഭൂമി പത്രത്തിൽ വന്ന ഒരു കാര്യമാണ്. ഇന്ന് മൂന്ന് വർഷംകൊണ്ട് 473 ഉദ്യോഗസ്ഥർ ക്രിമിനലുകളായി മാറിയിരിക്കുന്നുവെന്ന് പറയുമ്പോൾ അവരെ സംരക്ഷിക്കാൻ, അവർക്കുവേണ്ട ഒത്താശയും പ്രോത്സാഹനവും കൊടുക്കാൻ ഈ ഗവൺമെന്റ് തയ്യാറാകുന്നുവെന്നുള്ളതിന്റെ ഏറ്റവും വ്യക്തമായ സൂചനയാണത്. ക്രിമിനലുകളുടെ പുതിയ പട്ടികയിൽ പത്തുപേർ Dy.S.P. മാരും എട്ട് സി.ഐ.-മാരുമുണ്ട്. 2011 ജൂലൈ മുതൽ 2018 ഫെബ്രുവരി വരെയുള്ള കണക്കാണിത്. തിരുവനന്തപുരം ജില്ലയിലാണ് ഏറ്റവും കൂടുതൽ പോലീസ് ഉദ്യോഗസ്ഥർ ക്രിമിനൽ കേസിൽ പ്രതികളായിട്ടുള്ളത്. 2015-ൽ 15 ഉദ്യോഗസ്ഥരുടെ പേരാണ് തലസ്ഥാനത്ത് നിന്നുള്ളത്, കൊല്ലത്ത് 146-ഉം എറണാകുളത്ത് 125-ഉം പേർ കേസുകളിൽ പ്രതികളാണ്. ഇത്തരത്തിൽ കേസുകളിൽ പ്രതികളാകുന്ന ആളുകൾ സംരക്ഷിക്കപ്പെടണമെങ്കിൽ ഈ നിയമം മാറ്റിമറിച്ചുകൊണ്ടുവന്നെങ്കിൽ മാത്രമെ കഴിയുകയുള്ളൂ.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ബഹുമാനപ്പെട്ട അംഗം സംസാരിക്കുമ്പോൾ പോലീസ് ഉപദേഷ്ടാവിനെ നിയമിച്ചതിനെക്കുറിച്ച് പറഞ്ഞു. പ്രധാനപ്പെട്ട രാജ്യദ്രോഹകേസുകളിലെ പ്രതികളെ സംരക്ഷിച്ചയാളെ ഡി.ജി.പി.-യായി നിയോഗിച്ചത് കേരള സർക്കാരാണെന്ന കാര്യത്തിൽ അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. അടൂർ പ്രകാശ്: സർ, അക്കാര്യത്തിൽ വല്ല സംശയവുമുണ്ടോ? കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ മുൻകേന്ദ്ര സർക്കാരിലെ ആഭ്യന്തരവകുപ്പ് സഹമന്ത്രിയായിരുന്നു. ആ സമയത്ത് ശ്രീ. ലോക്നാഥ് ബെഹ്റ എൻ.ഐ.എ.-യുടെ കേസിൽ ഇടപെട്ട് അന്നത്തെ ഗുജറാത്ത് മുഖ്യമന്ത്രിയായിരുന്ന ശ്രീ. നരേന്ദ്ര മോദിയെയും അതുപോലെതന്നെ ശ്രീ. അമിത് ഷായെയും രക്ഷപ്പെടുത്തുന്നതിനുവേണ്ടിയുള്ള തീരുമാനമെടുത്തു. കേരളത്തിലെ ഡി.ജി.പി.-യുടെ നിയമനം എങ്ങനെയാണെന്ന് കെ.പി.സി.സി. പ്രസിഡന്റ് പറഞ്ഞത് നമ്മളെല്ലാവരും മാധ്യമങ്ങളിലൂടെ അറിഞ്ഞതാണ്. ശ്രീ. പിണറായി വിജയൻ മുഖ്യമന്ത്രിയായതിനു ശേഷം ഡൽഹിയിൽ പോയി. ഡൽഹിയിൽ പോകരുതെന്നല്ല ഞാൻ പറയുന്നത്, പോകണം. പക്ഷേ പോയത് ബഹുമാന്യനായ നമ്മുടെ പ്രധാനമന്ത്രിയെ കാണാൻ വേണ്ടിയാണ്. പ്രധാനമന്ത്രി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറഞ്ഞത് നിങ്ങൾ അന്യനല്ല എന്റെ സ്വന്തം ആളാണ്, നിങ്ങൾക്ക് എന്റെ വീട്ടിൽ കഴിയാം എന്നാണ്. പ്രധാനമന്ത്രിയുടെ വീട്ടിൽ വന്ന് താമസിക്കാമെന്ന് പറഞ്ഞതിന്റെ കൂട്ടത്തിൽ ശ്രീ. ലോക്നാഥ് ബെഹ്റയെ കേരളത്തിന്റെ ഡി.ജി.പി.-യായി നിയമിക്കണമെന്ന ചെറിയൊരു നിർദ്ദേശം കൂടി പ്രധാനമന്ത്രി മുഖ്യമന്ത്രിക്ക് കൈമാറി. അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ നടപ്പിലാക്കുകയും ചെയ്തു. അതിന് കാരണം വേറൊന്നുമല്ല; നമ്മുടെ മുഖ്യമന്ത്രി പ്രധാനമന്ത്രിയുടെ സ്വന്തം ആളാണ്. പ്രധാനമന്ത്രിയെ പോയി കണ്ടപ്പോൾ അദ്ദേഹം പറഞ്ഞത് നിങ്ങൾ അന്യനല്ല എന്റെ വീട്ടിലെ അംഗമാണ് നിങ്ങൾക്ക് ഇവിടെ വന്ന് താമസിക്കാമെന്നാണ്.

ശ്രീ. എം. സ്വരാജ്: സർ, കെ.പി.സി.സി. പ്രസിഡന്റിന്റെ വെളിപ്പെടുത്തൽ എന്ന് അദ്ദേഹം ഒരു പരാമർശം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഉയർന്ന പദവികളിലിരിക്കുന്നവർ ഇത്തരത്തിലുള്ള പരാമർശങ്ങളോ ഓർമ്മകളോ നടത്തുമ്പോൾ അത് ഉത്തരവാദിത്വബോധത്തോടുകൂടി വേണം നടത്താൻ. അദ്ദേഹം പറഞ്ഞത് എൻ.ഐ.എ.യുമായി ബന്ധപ്പെട്ട ഒരു അന്വേഷണ ഫയൽ കണ്ടുവെന്നും അതിൽ അന്വേഷണത്തിന് ആധാരമായിട്ടുള്ള വ്യാജ ഏറ്റുമുട്ടൽ സംഭവം, അതിലെ പ്രതികളെ രക്ഷപ്പെടുത്താൻ ഇപ്പോഴത്തെ നമ്മുടെ ഡി.ജി.പി. എന്തോ വഴിവിട്ട് കാര്യങ്ങൾ ചെയ്തെന്ന് തനിക്ക് ബോധ്യമായി എന്ന അർത്ഥത്തിലാണ്. ആ സമയത്ത് അദ്ദേഹം കേന്ദ്ര ആഭ്യന്തരവകുപ്പ് സഹമന്ത്രിയായിരുന്നു. എന്നാൽ തന്റെ അധികാരപരിധിയിൽപ്പെട്ട ഒരു പോലീസ് ഓഫീസർ തെറ്റായ നടപടി സ്വീകരിച്ചതായി അന്നേ ശ്രദ്ധയിൽപ്പെട്ടിരുന്നുവെന്നാണ് കെ.പി.സി.സി. പ്രസിഡന്റ് പറഞ്ഞിട്ടുള്ളത്. അത് ഇപ്പോൾ അദ്ദേഹം വെളിപ്പെടുത്തുമ്പോൾ അന്ന് അധികാരമുള്ള സമയത്ത് എന്തുകൊണ്ട് നടപടി സ്വീകരിച്ചില്ല; അന്ന് എന്തായിരുന്നു അദ്ദേഹത്തിന് പണി; അന്ന് ശ്രീ. ലോക്നാഥ് ബെഹ്റയെ സഹായിക്കാൻവേണ്ടി സംഘപരിവാർ അനുകൂല നിലപാട് എടുക്കുകയാണോ അദ്ദേഹം ചെയ്തത്? ഇതിനൊക്കെ മറുപടി

പറയേണ്ട ബാധ്യതയും ഉത്തരവാദിത്വവുമുണ്ട്. ഇങ്ങനെ ഉത്തരവാദിത്വരഹിതമായ കാര്യം കെ.പി.സി.സി. പ്രസിഡന്റ് പറഞ്ഞാലും അത് അങ്ങയെപ്പോലെ ഒരാൾ ഈ സഭയിൽ ഉന്നയിക്കാമോ; അങ്ങ് കെ.പി.സി.സി. പ്രസിഡന്റിനെ ഇക്കാര്യത്തിൽ വിശ്വസിക്കുന്നുണ്ടെങ്കിൽ അധികാരമുള്ള സമയത്ത് ഈ തെറ്റായ നടപടിയെ കണ്ണടച്ച് അംഗീകരിച്ചയാളാണ് കെ.പി.സി.സി. പ്രസിഡന്റ് എന്നുകൂടി പറയേണ്ടിവരില്ലേ എന്നുള്ളതാണ് എന്റെ ചോദ്യം?

ശ്രീ. അടൂർ പ്രകാശ്: സർ, ബഹുമാനപ്പെട്ട കെ.പി.സി.സി. പ്രസിഡന്റ് വെളിപ്പെടുത്തിയ സത്യം ഇന്ന് ഇപ്പോൾ നിങ്ങളുടെ ഭാഷയിൽ അതിനെ വളച്ചൊടിച്ച് ചിത്രീകരിക്കാൻ കഴിയുമെന്നുള്ള ഒരു കാര്യമാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ, അദ്ദേഹത്തിന് അറിയാവുന്ന ഒരുകാര്യം സൽബുദ്ധിയോടെ പറഞ്ഞു. നമുക്ക് ഇവിടെ സംസാരിക്കാൻ ഇമ്മ്യൂണിറ്റിയുണ്ട്. നമ്മൾ ഇവിടെ സംസാരിക്കുന്നതിന്റെ പേരിൽ കോടതിയിൽ ആർക്കും ചോദ്യം ചെയ്യാൻ പറ്റില്ല. കെ.പി.സി.സി. പ്രസിഡന്റ് പരസ്യമായി പത്രസമ്മേളനം നടത്തിയതല്ലേ. ഇന്ന് ഈ പറയുന്നതുപോലെ ആക്ഷേപം നിങ്ങൾക്കുണ്ടെങ്കിൽ നിങ്ങൾ എന്തുകൊണ്ട് കോടതിയിൽ പോകുന്നില്ല; നിങ്ങൾക്ക് അതുചെയ്യാനുള്ള അവകാശമുണ്ടല്ലോ? ഇതിൽ എന്തോ കുഴപ്പമുണ്ടെന്ന് നിങ്ങൾക്ക് പരിപൂർണ്ണ ബോധ്യമുള്ളതുകൊണ്ടാണ് കോടതിയിൽ പോകാത്തത്. ഇവിടെ സംസാരിച്ചാൽ കോടതിയിൽ പോകാൻ പറ്റില്ല; കാരണം ഇത് ഇമ്മ്യൂണിറ്റിയുള്ള സ്ഥലമാണ്. കെ.പി.സി.സി. പ്രസിഡന്റ് പരസ്യമായി പത്രസമ്മേളനം നടത്തിയതാണ് പ്രശ്നം. നിങ്ങൾക്ക് അതിന്റെ പേരിൽ കോടതിയിൽ പോകാനുള്ള ധൈര്യമുണ്ടെങ്കിൽ അങ്ങനെ പോയിനോക്കൂ. അതാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. പി. സി. ജോർജ്: സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞ കാര്യം ആരും നിഷേധിക്കേണ്ട. ഡി.ജി.പി.-യുടെ കൊള്ളയെപ്പറ്റി ആദ്യമായി പത്രസമ്മേളനം നടത്തി ഞാൻ പറഞ്ഞിരുന്നു. അദ്ദേഹം എങ്ങനെ ഡി.ജി.പി. ആയി? സെപ്റ്റംബർ 7-ാം തീയതി മുതൽ 15-ാം തീയതിവരെ ഡി.ജി.പി. എവിടെയായിരുന്നു. എല്ലാ ദിവസവും അദ്ദേഹം എവിടെയാണെന്ന് ഫേസ്ബുക്കിൽ പോസ്റ്റിടാറുണ്ട്. ഈ തീയതികളിൽ അദ്ദേഹം ഡൽഹിയിലായിരുന്നുവെന്ന് എനിക്കറിയാം. അതിന്റെ രേഖകൾ എന്റെ കൈവശമുണ്ട്. അതുകൊണ്ട് ആ ഡി.ജി.പി. ഇവിടെ വന്നതിൽ വളരെ നിഗൂഢതയുണ്ടെന്ന് പറയുന്നതിൽ യാതൊരു സംശയവും വേണ്ട. ഈ ഡി.ജി.പി.യുടെ പ്രവർത്തനം കേരളത്തിന് ഗുണകരമല്ലായെന്ന അഭിപ്രായം പരസ്യമായി പത്രസമ്മേളനത്തിൽ വെളിപ്പെടുത്തി. നിങ്ങൾക്ക് ധൈര്യമുണ്ടെങ്കിൽ കോടതിയിൽ പോകൂ. ഞാൻ കോടതിയിൽ നേരിട്ടുകൊള്ളാം.

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, ശബരിമല പ്രശ്നവുമായി ബന്ധപ്പെട്ട കാര്യങ്ങൾ വന്നപ്പോഴാണ് എല്ലാവർക്കും ധൈര്യം വന്നത്. രണ്ട് രണ്ടര കൊല്ലമായി ഈ ഗവൺമെന്റും അതുപോലെ ഈ ഡി.ജി.പി.യും ഇവിടെ നിൽക്കുകയാണ്. കെ.പി.സി.സി.യും കോൺഗ്രസും ആരും ഒരഭിപ്രായവും അദ്ദേഹത്തെക്കുറിച്ച് ഇതുവരെയും പറഞ്ഞില്ല. ശബരിമല പ്രശ്നത്തിൽ ശക്തമായ നടപടിയെടുത്ത് ആർ.എസ്.എസ്.-നും ബി.ജെ.പി.-ക്കും അവിടെ കടന്നുചെല്ലാൻ കഴിയാത്ത ഒരവസ്ഥ വന്നപ്പോൾ അതിൽ എന്തിനാണ് നിങ്ങൾ വിഷമിക്കുന്നത്?

ശ്രീ. അടൂർ പ്രകാശ്: സർ, ഒരു കാര്യം ഞാൻ അങ്ങോട്ട് ചോദിക്കട്ടെ; ഇവിടെ പ്രളയമുണ്ടായപ്പോൾ നമ്മുടെ ഡി.ജി.പി. ശ്രീ. ലോക്നാഥ് ബെഹ്റ എവിടെയായിരുന്നുവെന്ന് അങ്ങേയ്ക്ക് അറിയാമോ? പ്രളയം നടന്ന സമയത്ത് അദ്ദേഹം മൂന്നാറിലെ സുഖവാസ കേന്ദ്രത്തിലായിരുന്നു. അദ്ദേഹം അവിടെയിരുന്ന് പോലീസുകാരെ നിയന്ത്രിച്ചതല്ലാതെ ഡി.ജി.പി.യെന്നുള്ള നിലയിൽ ഇവിടെ എന്ത് പ്രവർത്തനം നടത്തി. ഇത്തരത്തിലുള്ള ചില പ്രവർത്തനങ്ങൾ നമുക്ക് കണ്ടില്ലെന്ന് നടിക്കാൻ കഴിയുമോ?

ശ്രീ. ആർ. രാജേഷ്: സർ, പ്രളയകാലത്ത് ഡി.ജി.പി. എന്തുചെയ്തു എന്നതല്ല പ്രശ്നം; നമ്മളെല്ലാരുംകൂടി ചേർന്നാണ് പ്രളയകാലത്ത് ഇടപ്പെട്ടത്. ഇവിടത്തെ പ്രധാനപ്പെട്ട വിഷയം കേന്ദ്ര ആഭ്യന്തരസഹമന്ത്രിയായിരുന്ന ഇപ്പോഴത്തെ കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രന്റെ മുമ്പിലാണ് ബി.ജെ.പി.യുടെ ദേശീയാദ്ധ്യക്ഷനെ സംബന്ധിച്ച ഫയൽ വന്നത്. ആ ഫയൽ പരിശോധിച്ച് നടപടി സ്വീകരിക്കാൻ എന്തുകൊണ്ട് അന്നത്തെ കേന്ദ്ര ആഭ്യന്തരസഹമന്ത്രിയായിരുന്ന അദ്ദേഹം തയ്യാറായില്ലായെന്നതാണ് ഞങ്ങളുടെ ചോദ്യം; അദ്ദേഹത്തിന്റെ മുമ്പിൽവന്ന ഫയലിനകത്ത് ബി.ജെ.പി.യുടെ ദേശീയാദ്ധ്യക്ഷനെ സംബന്ധിച്ചുള്ള കുറ്റകരമായ പരാമർശമുണ്ടെങ്കിൽ എന്തുകൊണ്ട് കോൺഗ്രസ്സിന്റെ നേതാവായ ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ ആ ഫയൽ ഒതുക്കി; ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രന്റെ പരാമർശം ശരിയാണെന്ന് ശ്രീ. അടൂർ പ്രകാശിന് ബോധ്യമുണ്ടോ; ആ പരാമർശത്തിൽ ഉറച്ചുനിൽക്കുന്നുണ്ടോ; എന്തു വിശ്വസിച്ചാണ് ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് കൂട്ടുനിൽക്കുക? കേന്ദ്ര ആഭ്യന്തര സഹമന്ത്രിയായിരുന്ന അദ്ദേഹം ഇന്ന് കെ.പി.സി.സി. പ്രസിഡന്റാണ്. എന്ത് വിശ്വസിച്ചാണ് കോൺഗ്രസ് പാർട്ടിയുടെയൊപ്പം ഇന്ന് ആളുകൾക്ക് നിൽക്കാൻ കഴിയുക. നിങ്ങൾ ആ ഫയൽ ഒതുക്കുകയും അവർക്കനുകൂലമായ നിലപാട് സ്വീകരിക്കുകയും ചെയ്തു. കോടതിയിൽ ചോദ്യം ചെയ്യുന്നത് രണ്ടാമത്തെ വിഷയമാണ്. അതിന് ഇവിടത്തെ ഇമ്മ്യൂണിറ്റി പ്രശ്നമല്ല. കോടതിയിൽ ചോദ്യം ചെയ്യപ്പെടും, അതിന് മറുപടി പറയേണ്ടിയും വരും. കേരളത്തിലെ പൊതുസമൂഹത്തോട് ഈ പറയുന്ന ആളുകളെ രക്ഷിക്കാൻ ആവശ്യമായ നടപടി സ്വീകരിച്ചതിൽ ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രനും കോൺഗ്രസ് പാർട്ടിയും മറുപടി പറയേണ്ടി വരും.

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, എന്തായാലും ശ്രീ. ആർ. രാജേഷ് നല്ലൊരു ചോദ്യമാണ് ചോദിച്ചത്. ശ്രീ. ലോക്നാഥ് ബെഹ്റയെക്കുറിച്ചാണല്ലോ ഇവിടെ ചർച്ച വന്നത്. എൻ.ഐ.എ.യുടെ ഡയറക്ടർ എന്നുള്ള നിലയിലാണ് ഈ സംഭവങ്ങളൊക്കെ അവിടെ കാട്ടിക്കൂട്ടിയത്. കാട്ടിക്കൂട്ടിയതിനുശേഷം ഇപ്പോൾ നടക്കുന്നത് എന്താണ്; കേരളത്തിൽ ശബരിമലയുമായി ബന്ധപ്പെട്ടാണ് പ്രധാന ചർച്ച നടക്കുന്നത്. ടി വിഷയത്തിൽ ഇവരൊക്കെ ഞങ്ങളെ കുറ്റപ്പെടുത്തുന്നല്ലോ; ഞങ്ങളെ കുറ്റപ്പെടുത്തുന്നത് എന്തിനാണ്; ഞങ്ങൾ ബി.ജെ.പി.യോടൊപ്പം കൊടിയും കെട്ടിപ്പോയി എന്നാണ് ശ്രീ. എം. സ്വരാജ് ഇവിടെ പറഞ്ഞത്. ബി.ജെ.പി.-യോടൊപ്പം കൊടിയും കെട്ടിപ്പോയത് ഞങ്ങളാണോ നിങ്ങളാണോ എന്നാലോചിക്കണം. ഇപ്പോഴുള്ള നമ്മുടെ ഡി.ജി.പി.യുടെ എല്ലാ ഒത്താശയോടുംകൂടി ആർ.എസ്.എസ്.-ഉം സംഘ്പരിവാറും ഒത്തുചേർന്നുകൊണ്ട് ശബരിമലയെ തകർക്കാൻ വേണ്ടിയുള്ള ശ്രമം നടക്കുമ്പോൾ അത് കണ്ടില്ലെന്ന് നടിക്കാൻ കഴിയുമോ; യു.ഡി.എഫ്. നേതാക്കന്മാർ ശബരിമലയിൽ പോയതിനെക്കുറിച്ച് ഇവിടെ ചോദിക്കുന്നത് കേട്ടു. യു.ഡി.എഫ്. നേതാക്കൾ എന്ന നിലയിൽ ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ, ഞാൻ, ശ്രീ. വി. എസ്. ശിവകുമാർ എന്നിവർ ശബരിമലയിൽ പോയി. ഞങ്ങൾ ശബരിമലയിൽ പോയത് അവിടത്തെ കാര്യങ്ങൾ പഠിക്കുവാനും എന്താണ് അവിടെ നടക്കുന്നതെന്ന് നോക്കി കാണുവാനും വേണ്ടിയാണ്. ഞങ്ങൾ നിലയ്ക്കലിൽ പോയി. അവിടെ എത്തിയപ്പോൾ അയ്യപ്പഭക്തർ ബസിൽ കയറി ഇരിക്കുകയാണ്. അവർ 8 മണിക്ക് ബസിൽ കയറിയതാണ്; ഞങ്ങൾ അവിടെ ചെല്ലുമ്പോൾ സമയം 11.45 ആകുന്നു.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, ശ്രീ. കെ. സുരേന്ദ്രൻ എന്നുപറയുന്ന ബി.ജെ.പി.-യുടെ സെക്രട്ടറി ജയിലിൽ കിടക്കുകയല്ലേ; അവിടെ അക്രമം നടത്തിയതിന്റെ പേരിലാണ്. അക്കാര്യത്തിൽ നിങ്ങൾക്ക് തർക്കമുണ്ടാകുമെന്ന് തോന്നുന്നില്ല. പക്ഷേ, അദ്ദേഹത്തെ മോചിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കോഴിക്കോട് നടന്ന ഒരു സമരത്തിൽ കെ.പി.സി.സി. നിർവ്വാഹക സമിതിയംഗമായ ശ്രീ. പി. എം. നിയാസ് പങ്കെടുത്തല്ലോ; നമ്മുടെ എല്ലാവരുടെയും സുഹൃത്താണ്. അക്കാര്യത്തെ സംബന്ധിച്ച് അങ്ങയുടെ നിലപാടെന്താണ്; നിങ്ങളുടെ സഹവർത്തിത്വത്തിന്റെ ഒരുദാഹരണമാണല്ലോ?

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, കോഴിക്കോട് നടന്നത് ഒരു രാഷ്ട്രീയ പരിപാടിയല്ല. ശ്രീ. എം. ജി. എസ്. നാരായൺ ഉൾപ്പെടെയുള്ളവർ പങ്കെടുത്ത ഒരു പരിപാടിയാണ്, അവരാണ് അത് സംഘടിപ്പിച്ചത്. ആ പരിപാടിയിൽ ശ്രീ. പി. എം. നിയാസ് പങ്കെടുത്തു. ആർ.എസ്.എസ്.-നുവേണ്ടിയല്ല പോയത്. ഞങ്ങൾക്ക് പറയാനുള്ള അഭിപ്രായങ്ങൾ തുറന്നുപറയാനുള്ള അവസരങ്ങൾ ഒരുക്കാൻ വേണ്ടിയാണ് പോയത്.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, കഴിഞ്ഞദിവസം രാത്രി 11 മണിക്ക് ശബരിമലയിലേക്കുള്ള വഴിയിൽ മരക്കൂട്ടത്തുവച്ച് വർഗ്ഗീയവാദിയായ ശ്രീമതി കെ. പി. ശശികലയെ പോലീസ് അറസ്റ്റ് ചെയ്തു. ആ അറസ്റ്റിനെത്തുടർന്ന് ആർ.എസ്.എസ്.ന്റെയും ബി.ജെ.പി.യുടെയും പ്രതികരണം വരുന്നതിനുമുമ്പ് ഈ അറസ്റ്റിനെതിരെ പ്രതികരിച്ചത്, ഇത് ഭക്തന്മാർക്കെതിരെയുള്ള നടപടിയാണെന്ന് പറഞ്ഞത് ശ്രീ. പ്രയാർ ഗോപാലകൃഷ്ണനാണ്. മാത്രമല്ല, അവിടത്തെ അക്രമത്തെ ന്യായീകരിച്ച് ആർ.എസ്.എസ്.നെക്കാൾ വാശിയുള്ള പ്രസ്താവനയുമായി രംഗത്ത് വന്നതും ശ്രീ. പ്രയാർ ഗോപാലകൃഷ്ണനായിരുന്നു. അദ്ദേഹം ഇപ്പോഴും കെ.പി.സി.സി. നിർവ്വാഹക സമിതിയംഗമല്ലേ; ഈ നിലപാട് ശരിയാണോ?

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, ബഹുമാനപ്പെട്ട റ്റി. വി. രാജേഷ് ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ പ്രതികരിച്ചതിനെക്കുറിച്ച് ചോദിച്ചു. ശ്രീമതി കെ. പി. ശശികലയെക്കുറിച്ചല്ല ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ അങ്ങനെയൊരു അഭിപ്രായം പറഞ്ഞത്. ശബരിമലയിൽ എത്തുന്ന അയ്യപ്പഭക്തർ എന്നുപറയുന്ന വിശ്വാസികളെ സംബന്ധിച്ചിടത്തോളം അവിടെ പോകുവാനുള്ള തടസ്സങ്ങൾ മാറ്റപ്പെടണമെന്നാണ് ഞങ്ങളുടെ ഇപ്പോഴത്തെയും അഭിപ്രായം. ശബരിമലയുമായി ബന്ധപ്പെട്ട് 144 പ്രഖ്യാപിച്ചിരിക്കുന്നു. സർക്കാരിന്റെ അനുമതിയില്ലാതെ, അറിവില്ലാതെയാണ് പത്തനംതിട്ട ജില്ലാ കളക്ടർ 144 പ്രഖ്യാപിച്ചിട്ടുള്ളത് എന്നത് നമ്മൾ ആലോചിക്കേണ്ടതായിട്ടുണ്ട്. 144 പ്രഖ്യാപിച്ച് ശബരിമലയിൽ എത്തുന്ന അയ്യപ്പഭക്തരെയും വിശ്വാസികളെയും അവിടെ വരാതിരിക്കുന്നതിനുവേണ്ടിയുള്ള തടസ്സം ഉണ്ടാക്കിയിരിക്കുകയാണ്. ശ്രീ. എ. എൻ. ഷംസീർ സംസാരിച്ചപ്പോൾ ഇവിടെ പറയുകയുണ്ടായി യു.ഡി.എഫ്. നേതാക്കന്മാർ അവിടെ പോയി എന്ന്. ആദ്യത്തെ ദിവസം (1-ാം തീയതി) ഞങ്ങൾ മൂന്നുപേരും കൂടിയാണ് അവിടെ പോയത്. ഞങ്ങൾ കൊടുത്ത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ യു.ഡി.എഫ്. നേതാക്കന്മാർ അവിടെ വന്നു. ആ ജില്ലയിൽ നിന്നുള്ള എം.എൽ.എ. എന്നുള്ള നിലയിൽ ഞാനും പോയിരുന്നു. ഞാനാണ് ഏറ്റവും ആദ്യം നിലയ്ക്കൽ പോയിറങ്ങിയത്. ബാക്കിയുള്ള നേതാക്കന്മാർ പിന്നീടാണ് വന്നത്. അവിടെ ഇറങ്ങുമ്പോൾതന്നെ ചില പോലീസ് ഉദ്യോഗസ്ഥന്മാർ 'നിങ്ങളെ അങ്ങോട്ട് കയറ്റുകയില്ല, ഞങ്ങൾ തടയും' എന്നുപറഞ്ഞു. അവിടെ വന്ന ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അടക്കമുള്ള, ശ്രീ. ഉമ്മൻ ചാണ്ടിയടക്കമുള്ള നേതാക്കളോട് പോലീസുകാർ ഇങ്ങനെ പറയുന്നുണ്ട് എന്ന് ഞാൻ പറഞ്ഞു. അങ്ങനെയാണ് ഞങ്ങൾ അവിടെ ഇരുന്നത്. ഇരിക്കുന്ന അവസരത്തിൽ എസ്.പി. വന്ന് പറഞ്ഞു. 'നിങ്ങൾ ഇവിടെ നിന്നും മാറണം, മാറിയില്ലെങ്കിൽ നിങ്ങളെ അറസ്റ്റ് ചെയ്യും.' നിങ്ങളെ അറസ്റ്റ് ചെയ്യുന്നുവെന്ന് പറഞ്ഞത് ഞങ്ങൾ ചെയ്ത ഏർപ്പാടല്ല. നിങ്ങൾ നിയമിച്ച എസ്.പി.യാണ് പറഞ്ഞത്. അതുകഴിഞ്ഞ് അറസ്റ്റ് ചെയ്യുന്നുവെന്ന് പറഞ്ഞുകഴിഞ്ഞപ്പോൾ എവിടെ നിന്നോ ഒരു ടെലഫോൺ കാൾ വന്നു. ആ ടെലഫോൺ കാൾ വന്നത് എവിടെ നിന്നാണ്

എന്നതിനെക്കുറിച്ച് ഇപ്പോൾ അങ്ങാടിയിൽ പാട്ടാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്നും എസ്.പി.-യെ വിളിച്ചിരിക്കുന്നു. വിളിച്ചതാരാണ് എന്നതിനെക്കുറിച്ച് എനിക്കറിയില്ല. പക്ഷേ മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്നും അറിയിച്ചതനുസരിച്ച് അന്ന് എസ്.പി. പറഞ്ഞു; 'ഇനി നിങ്ങൾക്ക് എവിടെ വേണമെങ്കിലും പോകാം, നിങ്ങളെ അറസ്റ്റ് ചെയ്യുന്നില്ല' എന്ന്. 'ഞങ്ങളെ ഒന്ന് അറസ്റ്റ് ചെയ്തു മാറ്റൂ' എന്ന് ഞങ്ങൾ പറഞ്ഞുവെന്ന് ആക്ഷേപിക്കുന്ന ബഹുമാനപ്പെട്ട എൽ.ഡി.എഫ്. അംഗങ്ങളെ ഇക്കാര്യങ്ങൾ അറിയിക്കാൻവേണ്ടി പറയുകയാണ്.

ഈ ചർച്ചയുമായി ബന്ധപ്പെട്ട്, പോലീസ് കംപ്ലെയ്ന്റ് അതോറിറ്റിയുമായി ബന്ധപ്പെട്ട് ഇന്ന് നിലനിൽക്കുന്ന നിയമം മാറ്റിമറിക്കുകയാണ്. നിലനിൽക്കുന്ന നിയമം മാറ്റിമറിക്കാനുള്ള ഉദ്ദേശ്യലക്ഷ്യത്തിനുപിന്നിൽ ചില നിഗൂഢതകളുണ്ട്. ഏതൊക്കെയോ ആളുകളെ രക്ഷപ്പെടുത്തുന്നതിനുവേണ്ടിയുള്ള ചില സംവിധാനങ്ങൾ ഉണ്ടാക്കിയെടുക്കുവാൻ, ഇത് പറയുന്ന ആളുകളെ അവിടെ കൊണ്ടിരുത്തി അവർ ഒറ്റയ്ക്കാണെങ്കിലും തീരുമാനങ്ങളെടുത്ത് ഇവരെ രക്ഷപ്പെടുത്തുന്നതിന് വേണ്ടിയാണ് ഈ അമെന്റ്മെന്റ് ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. അതുകൊണ്ടാണ് ഈ ബിൽ ഇവിടെ അവതരിപ്പിക്കുന്ന കാര്യത്തിൽ എന്റെ എതിർപ്പ് പ്രകടിപ്പിച്ചിട്ടുള്ളത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, കേരള ക്യാബിനറ്റ് കൂടുമ്പോൾ അതിൽ ക്വാറമുണ്ടല്ലോ; മുഖ്യമന്ത്രിക്ക് ഒറ്റയ്ക്ക് ഒരു തീരുമാനമെടുക്കാൻ സാധിക്കുമോ; ക്യാബിനറ്റ് കൂടണമെങ്കിൽ ക്വാറമുണ്ട്. ക്വാറം ഇല്ലെങ്കിൽ കൂടാൻ സാധിക്കുകയില്ല. ക്യാബിനറ്റിന് ഇല്ലാത്ത എന്ത് അധികാരമാണ് പോലീസ് കംപ്ലെയിന്റ് അതോറിറ്റിക്കുള്ളത്; അസംബ്ലിക്ക് ക്വാറമുണ്ട്. 1/10 ഓഫ് ദി ടോട്ടൽ സ്ട്രെംഗ്ത് അല്ലേ; നിയമസഭയ്ക്ക് ക്വാറമുണ്ട്, പാർലമെന്റിന് ക്വാറമുണ്ട്, ക്യാബിനറ്റിന് ക്വാറമുണ്ട്, കേന്ദ്ര മന്ത്രിസഭയ്ക്ക് ക്വാറമുണ്ട്. പക്ഷേ ഇവിടെ മാത്രം ഇതൊന്നുമില്ലാത്ത അങ്ങനെയൊരു സൃഷ്ടി നടക്കുമോ; അതാണ് അനധികൃതം, അതല്ലേ?

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, ഞാൻ ക്വാറത്തെക്കുറിച്ചുള്ള പ്രശ്നമാണ് പറഞ്ഞ് അവസാനിപ്പിക്കുന്നത്. ഇവിടെ അമെന്റ്മെന്റ് കൊണ്ടുവന്നിരിക്കുന്നത് എന്താണ്; ഒരാൾ ഉണ്ടെങ്കിലും ആ ആൾ എടുക്കുന്ന തീരുമാനം നടപ്പാക്കുകയാണ്. അതാണ് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണനും ചോദിച്ചത്. ക്യാബിനറ്റിൽ ക്വാറമില്ലെങ്കിൽ കൂടാൻ സാധിക്കുകയില്ല. നിയമസഭയിലും അതുതന്നെ. അതുപോലെ പാർലമെന്റിനും അങ്ങനെ തന്നെയാണ്. എങ്ങുമില്ലാത്ത ഒരു കാര്യം, പഞ്ചായത്ത് ഭരണസമിതിയിൽ ക്വാറമില്ല എങ്കിൽ കൂടാൻ കഴിയുമോ; തീരുമാനങ്ങൾ എടുക്കാൻ പറ്റുമോ; ഗ്രാമസഭ നടക്കുന്നതിൽ ക്വാറമില്ലെങ്കിൽ തീരുമാനങ്ങൾ എടുക്കാനോ കൂടാനോ കഴിയുമോ; ഇങ്ങനെയൊക്കെയുള്ള കാര്യങ്ങൾ മനസ്സിലാക്കിക്കൊണ്ട്, ഇപ്പോൾ ഇതൊരു വൺമാൻഷോ ആക്കി മാറ്റുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുന്ന ഈ ബില്ലിനെ ഞാൻ എതിർക്കുകയാണ്.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ബഹുമാനപ്പെട്ട കെ. എം. മാണിയുടെ വിയോജനക്കുറിപ്പുമായി ബന്ധപ്പെട്ടാണ് ഒരു കാര്യം സൂചിപ്പിക്കാനുള്ളത്. പോലീസ് കംപ്ലെയിന്റ് അതോറിറ്റിയുമായി ബന്ധപ്പെട്ട് 2017-ലെ 155/66 നമ്പർ റിട്ട് ഹർജിയിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ വിധി മറികടക്കുവാൻ കൊണ്ടുവന്ന ഈ ഭേദഗതി ശരിയല്ലെന്നും പോലീസ് കംപ്ലെയിന്റ് അതോറിറ്റിയിലെ അംഗങ്ങൾ നിലവിലുള്ള വ്യവസ്ഥ പ്രകാരം ഒന്നിച്ച് ഹിയറിംഗ് നടത്തുന്നതിന് ജോലിത്തിരക്ക് ഉണ്ടെങ്കിൽ സമയമുള്ള ഉദ്യോഗസ്ഥരെ ചേർത്ത് പുനഃസംഘടിപ്പിക്കാൻ ശ്രമിക്കണം എന്നുള്ളതുമാണ് വിയോജനക്കുറിപ്പിലെ പ്രധാന പോയിന്റ്. അതുപോലെ ഇതിന്റെ ഭാഗമായി പോലീസ് കംപ്ലെയിന്റ് അതോറിറ്റിയെ നിർവ്വീര്യമാക്കും എന്നുകൂടി അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. പോലീസ് കംപ്ലെയിന്റ് അതോറിറ്റിയിൽ നിരവധി കേസുകൾ നിലവിലുണ്ട്. 5 മെമ്പർമാരും ഒരുമിച്ചിരുന്ന് പരാതി കേൾക്കുകയും തീരുമാനിക്കുകയും ചെയ്യുന്നതുകൊണ്ട് ഇത്രയും പരാതി സമയബന്ധിതമായി തീർപ്പാക്കാൻ കഴിയുന്നില്ല; കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്തിയതുകൊണ്ടും ഒന്നിച്ചുള്ള സിറ്റിംഗിൽ കൂടുതൽ പരാതികൾ തീർപ്പാക്കാൻ കഴിയുകയില്ല. ജോലിത്തിരക്ക് കൂടുതലുള്ള കോടതികളിലും ഫോറങ്ങളിലും അഡീഷണൽ ബെഞ്ചുകളും ഫോറങ്ങളും ഏർപ്പെടുത്തുക എന്നുള്ളതാണ് പൊതുവായി സ്വീകരിച്ചുവരുന്ന പോംവഴി. കംപ്ലെയിന്റ് അതോറിറ്റിയിൽ തങ്ങളുടെ മുമ്പാകെയുള്ള പരാതികൾ സമയബന്ധിതമായി തീർപ്പാക്കാൻ കൂടുതൽ സംവിധാനം ഏർപ്പെടുത്തുക എന്നതുമാത്രമാണ് ഏക പോംവഴി. ഇതിന്റെ ഭാഗമായി പോലീസ് കംപ്ലെയിന്റ് അതോറിറ്റിയിലെ 5 അംഗങ്ങൾക്കും പ്രത്യേകം പ്രത്യേകം സിറ്റിംഗ് നടത്തി പരാതിയിന്മേൽ തീർപ്പ് കൽപ്പിക്കുന്നതിനുള്ള അധികാരം നിയമപരമായി കൊടുക്കുക എന്നതാണ് ഈ ഭേദഗതി കൊണ്ടുദ്ദേശിക്കുന്നത്. ഇതിന്റെ ഫലമായി നിലവിൽ പരാതി തീർക്കുന്നതിനുള്ള ഒരു ഫോറം എന്നതിൽനിന്ന് സംസ്ഥാനതലത്തിൽ 5 ഫോറങ്ങൾ ഉണ്ടാക്കുന്നതോടുകൂടി അഞ്ചിരട്ടി പരാതികൾ തീർപ്പാക്കാൻ നമുക്ക് സാധിക്കും. അതുപോലെ ജില്ലാതലത്തിൽ മൂന്നംഗങ്ങളാണ് അതോറിറ്റിയിലുള്ളത്. എല്ലാ ജില്ലകളിലും മൂന്ന് വീതം ഫോറങ്ങൾ പരാതി തീർപ്പുകൽപ്പിക്കുന്നതിന് ലഭ്യമാകും. പോലീസ് കംപ്ലെയിന്റ് അതോറിറ്റിയിലെ അംഗങ്ങൾക്ക് കൂടുതൽ അധികാരം നൽകാൻ നിയമം ഭേദഗതി ചെയ്യുന്നത് ഹൈക്കോടതി വിധിയെ നിയമവിരുദ്ധമായി മറികടക്കാനല്ല. അതൊരു പുതിയ വ്യവസ്ഥ നിയമത്തിൽ ചേർക്കുന്നു എന്നു മാത്രമാണ്. പോലീസ് കംപ്ലെയിന്റ് അതോറിറ്റിയിലെ അംഗങ്ങൾക്ക് പ്രത്യേകം പ്രത്യേകം ഹിയറിംഗ് നടത്തുന്നതിനുള്ള അധികാരം നൽകുന്നത് അതോറിറ്റിയെ നിർവ്വീര്യമാക്കും എന്ന വാദത്തിനും പ്രസക്തിയില്ല. ഇവിടെത്തന്നെ എൽ.ഡി.എഫ്.-ഉം

യു.ഡി.എഫും.-ഉം കൊണ്ടുവന്ന നിരവധി കമ്മീഷനുകളുണ്ട്. അതിലും ഒരംഗത്തിന് ഹിയറിംഗ് നടത്താം. ഒറിജിനൽ ആക്ടിൽ തന്നെ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, കേരള സംസ്ഥാന ബാലാവകാശ കമ്മീഷൻ, ആന്റി സോഷ്യൽ ആക്ടിവിറ്റി (പ്രിവൻഷൻ) ആക്ട്, കൺസ്യൂമർ ഡിസ്പ്യൂട്ട് റിഡ്രസൽ ഫോറം എന്നിവിടങ്ങളിൽ അതിലെ ചെയർമാനും അംഗങ്ങൾക്കും പ്രത്യേകം പ്രത്യേകം തങ്ങൾക്കു മുമ്പാകെ വരുന്ന കേസുകൾ തീർപ്പാക്കാൻ അധികാരം നല്കുന്ന നിയമം അപ്പുറത്തും ഇപ്പുറത്തു മുള്ളവർ ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള സമയത്ത് കൊണ്ടുവന്നിട്ടുണ്ട്. അതുകൊണ്ട് പ്രസ്തുത ഫോറങ്ങളെ അതുമൂലം നിർവീര്യമാക്കുന്നില്ല. സമാനമായ ഒരു വ്യവസ്ഥ മാത്രമാണ് പോലീസ് കംപ്ലയിന്റ് അതോറിറ്റിയിൽ ഉൾപ്പെടുത്തി യിട്ടുള്ളത്. ഇതിൽ ശ്രദ്ധിക്കേണ്ട ഒരു കാര്യം, ഡി.ജി.പി. ഉൾപ്പെടെയുള്ള പോലീസ് ഉദ്യോഗസ്ഥർ ഗൗരവതരമായിട്ടുള്ള കുറ്റകൃത്യങ്ങൾ അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതിനാണ് സംസ്ഥാനതലത്തിൽ സംസ്ഥാന പോലീസ് കംപ്ലയിന്റ് അതോറിറ്റിയും ജില്ലാ തലത്തിൽ പോലീസ് കംപ്ലയിന്റ് അതോറിറ്റിയും രൂപീകരി ച്ചിട്ടുള്ളത്. Prakash Singh vs Union of India എന്ന കേസിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി 2006-ൽ പുറപ്പെടുവിച്ച ഒരു വിധിന്യായത്തിന്റെ അടിസ്ഥാന ത്തിലാണ് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പോലീസ് കംപ്ലയിന്റ് അതോറിറ്റികൾ രൂപീകരിച്ചത്. 2011-ലെ കേരള പോലീസ് ആക്ട് 110-ാം വകുപ്പ് 2-ാം ഉപവകുപ്പിലാണ് സംസ്ഥാനതല പോലീസ് കംപ്ലയിന്റ് അതോറിറ്റി രൂപീകരിക്കുന്നതിനുള്ള പ്രൊവിഷനുള്ളത്. ജില്ലാ പോലീസ് സൂപ്രണ്ടിന്റെയും ആ പദവിക്ക് മുകളിലുള്ള ഉദ്യോഗസ്ഥർക്കുമെതിരെയുള്ള പരാതിയാണ് സംസ്ഥാന സമിതി പരിശോധിക്കുന്നത്. അതിൽ ചെയർപേഴ്സൺ ഉൾപ്പെടെ അഞ്ച് അംഗങ്ങ ളാണുള്ളത്. അതിന്റെ ഘടന നേരത്തെ ഇവിടെ സൂചിപ്പിച്ചതാണ്. ഒന്ന്, ഹൈക്കോടതിയിൽനിന്ന് വിരമിച്ച ഒരു ജഡ്ജി ചെയർപേഴ്സൺ. രണ്ട്, പ്രിൻസിപ്പൽ സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ, മൂന്ന്, അഡീഷണൽ ജനറൽ ഓഫ് പോലീസിന്റെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ, നാല്, മനുഷ്യാവകാശ കമ്മീഷൻ നൽകുന്ന പോലീസ് ഇൻസ്പെക്ടർ ജനറലിന്റെ റാങ്കിൽ താഴെയല്ലാത്ത പദവിയിൽനിന്ന് വിരമിച്ച ഒരു ഉദ്യോഗസ്ഥൻ, അഞ്ച്, സംസ്ഥാന ലോകായുക്ത നൽകുന്ന റിട്ടയേർഡ് ജഡ്ജിമാരുടെ പാനലിൽ നിന്നും പ്രതിപക്ഷനേതാവുമായി ആലോചിച്ച് സർക്കാർ നിയമിക്കുന്ന ഒരാൾ. 110-ാം വകുപ്പിന്റെ 3-ാം ഉപവകുപ്പ് പ്രകാരമാണ് ജില്ലാ പോലീസ് കംപ്ലയിന്റ് അതോറിറ്റികൾ രൂപീകരിക്കുന്നത്. ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെയും അതിന് താഴെയുള്ള പോലീസ് ഉദ്യോഗസ്ഥർക്കുമെതിരെയുള്ള പരാതികളാണ് ജില്ലാ പോലീസ് കംപ്ലയിന്റ് അതോറിറ്റി പരിശോധിക്കുന്നത്. അതിൽ ജില്ലാടിസ്ഥാ നത്തിൽ വിരമിച്ച ഒരു ജില്ലാ ജഡ്ജി ചെയർമാനും ജില്ലാ കളക്ടർ, ജില്ലാ പോലീസ്

മേധാവി എന്നിവർ അംഗങ്ങളുമാണ്. സംസ്ഥാന കംപ്ലയിന്റ് അതോറിറ്റിയിലെ അഞ്ച് അംഗങ്ങളും ജില്ലാ കംപ്ലയിന്റ് അതോറിറ്റിയിലെ മൂന്നംഗങ്ങളും ഒരുമിച്ച് ചേർന്ന് എടുക്കുന്ന നടപടികൾ മാത്രമേ സാധുവാകുകയുള്ളുവെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി റിട്ട് പെറ്റീഷൻ നമ്പർ 185-66/2017 റിട്ട് ഹർജിയിലും ബന്ധപ്പെട്ട മറ്റു കേസുകളിലും വിധിക്കുകയുണ്ടായി. ഇതുമൂലം യഥാർത്ഥത്തിൽ സംസ്ഥാന ജില്ലാ പോലീസ് അതോറിറ്റിയിലെ അംഗങ്ങൾ ഒറ്റയ്ക്കെടുക്കുന്ന നടപടികളും, എടുത്ത നടപടികളും അസാധുവാകുന്ന സ്ഥിതിയുണ്ടായി. സംസ്ഥാന പോലീസ് കംപ്ലയിന്റ് അതോറിറ്റിയിലെ അഞ്ച് അംഗങ്ങളിലൊരാൾ പ്രിൻസിപ്പൽ സെക്രട്ടറിയും മറ്റൊരാൾ പോലീസ് അഡീഷണൽ ഡയറക്ടർ ജനറലുമാണ്. അതുകൊണ്ട് എല്ലായ്പ്പോഴും അഞ്ച് അംഗങ്ങൾക്കും ഒരുമിച്ചുചേർന്ന് പരാതി കേട്ട് സ്വീകരിക്കാൻ പ്രയാസവുമാണ്. ഈ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായാണ് സംസ്ഥാന അതോറിറ്റിയുടെയോ ജില്ലാ അതോറിറ്റിയുടെയോ ചെയർപേഴ്സൺ അല്ലെങ്കിൽ അംഗങ്ങൾക്ക് ഒറ്റയ്ക്കോ കൂട്ടായോ പരാതി പരിശോധിച്ച് തീർപ്പുകൽപ്പിക്കുന്നതിന് സാധ്യമാകുന്നവിധത്തിൽ 2011-ലെ കേരള പോലീസ് ആക്ടിൽ ഭേദഗതി വരുത്തുന്നത്. ഇതിനായി 2011-ലെ കേരള പോലീസ് ആക്ടിലെ 112-ാം വകുപ്പ് നാലാം ഉപവകുപ്പിനുശേഷം അഞ്ചും ആറും ഉപവകുപ്പുകൾ ഇപ്പോൾ ചേർക്കുകയാണ്. അതോറിറ്റിക്ക് മുമ്പാകെ തീർപ്പാകാതെ കിടക്കുന്ന കേസുകളുടെ കാര്യത്തിൽ, ഈ ഭേദഗതി ബാധകമാക്കുന്നതിനുവേണ്ടി പ്രത്യേകമൊരു വ്യവസ്ഥയും ഇതിന്റെ ഭാഗമായി കൊണ്ടുവന്നു. നിയമസഭാ സമ്മേളനം ഇല്ലാത്തതിന്റെ ഭാഗമായി കൊണ്ടുവന്ന 2018-ലെ 56-ാം നമ്പർ ഓർഡിനൻസ് റീപ്ലേസ് ചെയ്തുകൊണ്ടാണ് ഇപ്പോൾ ഈ ബിൽ നമ്മൾ അവതരിപ്പിക്കുന്നത്. അതിന്റെ ഭാഗമായി 112-ാം വകുപ്പിൽ കൂട്ടിച്ചേർത്ത 5, 6 എന്നീ ഉപവകുപ്പുകൾ ഈ രൂപത്തിലാണ്. “ (5) സംസ്ഥാന അതോറിറ്റിയുടെ ചെയർപേഴ്സണോ അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും അംഗത്തിനോ അംഗങ്ങൾക്കോ, അതത് സംഗതിപോലെ, അപ്രകാരമുള്ള അതോറിറ്റിയുടെ ചുമതലകൾ കാര്യക്ഷമമായി നിർവഹിക്കുന്നതിന്റെ ആവശ്യത്തിലേയ്ക്കായി, അപ്രകാരമുള്ള അതോറിറ്റി മുമ്പാകെ സമർപ്പിച്ചിട്ടുള്ള അപേക്ഷകളിന്മേൽ ഒറ്റയ്ക്കോ കൂട്ടായോ തീരുമാനമെടുക്കാവുന്നതാണ്.” “ (6) ജില്ലാ അതോറിറ്റിയുടെ ചെയർപേഴ്സണോ അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും അംഗത്തിനോ അംഗങ്ങൾക്കോ, അതതു സംഗതിപോലെ, അപ്രകാരമുള്ള അതോറിറ്റി മുമ്പാകെ സമർപ്പിച്ചിട്ടുള്ള അപേക്ഷകളിന്മേൽ ഒറ്റയ്ക്കായോ കൂട്ടായോ തീരുമാനമെടുക്കാവുന്നതാണ്". പിന്നെ ഒരു വ്യവസ്ഥ കൂടി വയ്ക്കുന്നുണ്ട്. "തീർപ്പാകാതെ നിലവിലിരിക്കുന്ന ചില അപേക്ഷകളെ സംബന്ധിച്ചും മറ്റ് ചില സംഗതികളെ സംബന്ധിച്ചും ഉള്ള പ്രത്യേക വ്യവസ്ഥ - പ്രധാന ആക്ടിലോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലോ ഏതെങ്കിലും കോടതിയുടെ വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ

അടങ്ങിയിരുന്നാലും, അതത് സംഗതിപോലെ, സംസ്ഥാന അതോറിറ്റിയുടെയോ ജില്ലാ അതോറിറ്റികളുടെയോ മുമ്പാകെ പ്രധാന ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ സമർപ്പിച്ചിട്ടുള്ളതും, തീർപ്പാകാതെ നിലവിലിരിക്കുന്നതുമായ എല്ലാ അപേക്ഷകളെ സംബന്ധിച്ചും ഏതെങ്കിലും കോടതിയുടെ വിധിന്യായത്തിനനുസൃതമായി പ്രസ്തുത അതോറിറ്റികൾ വീണ്ടും തീർപ്പാക്കേണ്ടതായ ഏതെങ്കിലും സംഗതികളെ സംബന്ധിച്ചും ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിലെ 112-ാം വകുപ്പ് (5)-ഉം (6)-ഉം ഉപവകുപ്പുകളിലെ വ്യവസ്ഥകൾ ബാധകമായിരിക്കുന്നതാണ്." ഇത് നല്ലൊരു ഉദ്ദേശ്യത്തോടുകൂടി കൊണ്ടുവന്നതാണ്. ഒരു malafide motive-ഉം ഇതിന്റെ പിന്നിലില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞാൻ പ്രസംഗം സശ്രദ്ധം കേൾക്കുകയായിരുന്നു. ഇത് കേരളത്തിലെ പോലീസ് സംവിധാനത്തെ ദുർബലപ്പെടുത്തുന്ന അല്ലെങ്കിൽ പോലീസ് സംവിധാനത്തിന്റെ തെറ്റായ പ്രവർത്ത നങ്ങളെ ചൂണ്ടിക്കാണിക്കാൻ കഴിയുന്ന പൗരന്റെ അവകാശത്തിന് നേരെയുള്ള ഒരു കടന്നാക്രമണമാണ്. What is meant by Police Complaint Authority? ഇത് പോലീസുകാരുടെ അതിക്രമങ്ങൾ ജനങ്ങൾക്ക് ചൂണ്ടിക്കാണിക്കാൻ കഴിയുന്ന ഏകവേദിയാണ്. അവിടെ എടുക്കേണ്ടത് കൂട്ടായ ഒരു തീരുമാനമാണ്. അതൊരു അതോറിറ്റിയാണ്. സുപ്രീംകോടതിയുടെ പ്രകാശ് സിംഗ് കേസിന്റെ വിധിയുടെ അടിസ്ഥാനത്തിലാണ് ഓരോ സംസ്ഥാനങ്ങളും നിയമനിർമ്മാണങ്ങൾ നടത്തിയത്. അതിന്റെ അടിസ്ഥാനത്തിലാണ് ഈ നിയമനിർമ്മാണം ഉണ്ടായത്. നമ്മുടെ രാജ്യത്ത് പോലീസ് അതിക്രമങ്ങൾക്ക് നേരെ പരാതിപ്പെടാൻ കഴിയുന്ന ഏക സംവിധാനം പോലീസ് കംപ്ലയിന്റ് അതോറിറ്റി അല്ലെങ്കിൽ കോടതിയാണ്, അത് വേറെയൊരു കാര്യം. ഉയർന്ന പോലീസ് ഉദ്യോഗസ്ഥരെപ്പറ്റി ഒരു കംപ്ലയിന്റ് കൊടുത്താൽ, സമിതി കൂടി എല്ലാ വശങ്ങളും പരിശോധിച്ചാണ് തീരുമാനിക്കേണ്ടത്. സംസ്ഥാന കംപ്ലയിന്റ് അതോറിറ്റിയിലെ ഈ അഞ്ച് അംഗങ്ങൾ, ഒരോ ആളുകളും അവരവരുടെ ഇഷ്ടംപോലെ തീരുമാനിച്ചാൽ കംപ്ലയിന്റ് അതോറിറ്റി എന്തിനാണ്; ഒരാൾ പോരെ? അതോറിറ്റിയെന്ന് നമ്മൾ വിവക്ഷിക്കുന്നത് എന്തുകൊണ്ടാണ്; മൂലനിയമം നിലനിൽക്കുന്നത് എന്തിനുവേണ്ടിയാണ്? ഒരു കളക്ടീവ് ഡിസിഷൻ ഈ കാര്യത്തിൽ വേണം. ഒരു ഐ.പി.എസ്. ഉദ്യോഗസ്ഥൻ, ഒരു സബ് ഇൻസ്പെക്ടർ അല്ലെങ്കിൽ ഒരു പോലീസ് ഉദ്യോഗസ്ഥൻ ആരാണെങ്കിലും ശരി, ജനങ്ങൾക്ക് നേരിടേണ്ടിവരുന്ന അവരുടെ പീഡനം, ആ പീഡനത്തിനെതിരെ കംപ്ലയിന്റ് കൊടുക്കുമ്പോൾ കൂട്ടായ ചർച്ചയിലൂടെയാണ് തീരുമാനം എടുക്കേണ്ടത്. ഓരോ മെമ്പർമാർ ഓരോ തീരുമാനമെടുത്തുകഴിഞ്ഞാൽ അതോറിറ്റി എങ്ങനെ പ്രവർത്തിക്കും? ' It is totally absurd, it is against the principal act, and it is against the Prakash Singh's case and it is totally unlawful എന്നാണ് എന്റെ അഭിപ്രായം.

ശ്രീ. എ. കെ. ബാലൻ: സർ, ഇതിന് സമാനസ്വഭാവമുള്ള കമ്മീഷനുകൾ കേരളത്തിലുണ്ട്. അതാണ് ഞാൻ നേരത്തെ സൂചിപ്പിച്ചത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഭരണകക്ഷിയിലുണ്ടായിരുന്ന സമയത്തും ഞങ്ങൾ പ്രതിപക്ഷത്തിരുന്ന സമയത്തും സമാനസ്വഭാവമുള്ള നിയമങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. ഞാൻ നേരത്തെ സൂചിപ്പിച്ചു, സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ ഒരു അംഗത്തിന് ഹിയറിംഗ് നടത്താം. കേരള സംസ്ഥാന ബാലാവകാശ കമ്മീഷൻ, ആന്റിസോഷ്യൽ ആക്ടിവിറ്റീസ് (പ്രിവൻഷൻ) ആക്ട്, കൺസ്യൂമർ ഡിസ്പ്യൂട്ട്സ് റിഡ്രസൽ ഫോറം തുടങ്ങിയവയിലൊക്കെത്തന്നെ ഒരു അംഗത്തിന് ഹിയറിംഗ് നടത്താം. നമ്മുടെ മുമ്പിൽ പ്രായോഗികമായ ഒരു പ്രശ്നം വന്നു. അത് നമ്മൾ മനസ്സിലാക്കണം. ഹൈക്കോടതിയിൽനിന്നും വിരമിച്ച ഒരു ജഡ്ജിയാണ് ചെയർമാൻ, പ്രിൻസിപ്പൽ സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥനാണ് ഒരംഗം, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസിന്റെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥനാണ് മറ്റൊരംഗം ഇവരെയൊക്കെ ഒരുമിച്ച് കിട്ടുകയെന്നുപറയുന്നത് പ്രായോഗികമല്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചോദിച്ചതുപോലെ, ഈ അതോറിറ്റിയിലെ ഓരോ അംഗങ്ങൾക്കും സ്വതന്ത്രമായി തീരുമാനമെടുക്കാൻ അധികാരമുണ്ടോ?

ശ്രീ. എ. കെ. ബാലൻ: സർ, ഓരോ അംഗവും സ്വതന്ത്രമായി തീരുമാനമെടുത്ത് കമ്മീഷന്റെ മുമ്പാകെ വയ്ക്കണം. പിന്നീട് 5 അംഗങ്ങളും കേൾക്കണം.

മി. സ്പീക്കർ: യോഗം കൂടുമ്പോൾ ഹാജരാകാതിരിക്കുന്നവരെ സംബന്ധിച്ച് എങ്ങനെയാണ്.

ശ്രീ. എ. കെ. ബാലൻ: ഇതിൽ തെറ്റായ ധാരണയാണുള്ളത്. യഥാർത്ഥത്തിൽ കളക്ടീവായുള്ള ഒരു തീരുമാനം പിന്നീട് വരും. ഓരോ അംഗവും ഇത് കേട്ട് മെറിറ്റിലേയ്ക്ക് കടന്ന് വിധി പ്രസ്താവിക്കുന്നതിൽ തടസ്സമില്ല. എന്നാൽ കൂട്ടായ യോഗത്തിന്റെ ഭാഗമായാണ് അവസാനം തീരുമാനം എടുക്കുന്നത്. പ്രായോഗികമായ പ്രശ്നം മനസ്സിലാക്കേണ്ടത്, യഥാർത്ഥത്തിൽ അഗ്രീവ്ഡായുള്ള ഒരാൾക്ക് സമയബന്ധിതമായി നീതി കൊടുക്കണ്ടേ; എത്ര കേസുകളാണ് കെട്ടിക്കിടക്കുന്നത്;

മി. സ്പീക്കർ: ക്വാറം ഇല്ലാത്തതുകൊണ്ട് യോഗം കൂടാതാരിക്കരുത്.

ശ്രീ. എ. കെ. ബാലൻ: കഴിഞ്ഞ 2014 മുതൽ ഇതുവരെ 2963 കേസുകൾ അതോറിറ്റി മുമ്പാകെ വന്നു. ഇതിൽ 2618 കേസുകൾ തീർപ്പാക്കി. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതി വിധിക്കുമുമ്പ് അതോറിറ്റിയിലെ അംഗങ്ങൾ പ്രത്യേകം

പ്രത്യേകം ഹിയറിംഗ് നടത്തിയാണ് ഈ രീതിയിലേയ്ക്ക് കുറച്ചുകൊണ്ടുവന്നത്. ക്വാറമില്ലാതിരുന്നതാണ് അങ്ങനെ ഹിയറിംഗ് നടത്താനുള്ള കാരണം. ഞാൻ നേരത്തെ സൂചിപ്പിച്ച കമ്മീഷനുകളിലൊക്കെ ഒരംഗത്തിന് ഹിയറിംഗ് നടത്താം. അതുകൊണ്ട് ഇതിലും ഒരംഗത്തിന് ഹിയറിംഗ് നടത്താമെന്ന ധാരണയിലാണ് അവർ കേസുകളിൽ ഹിയറിംഗ് നടത്തി സെറ്റിൽ ചെയ്തത്. പക്ഷെ, ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധി വന്നതോടുകൂടി മുന്നോട്ടുപോകാൻ കഴിയാത്ത സാഹചര്യം വന്നു. പ്രത്യേകം പ്രത്യേകം ഹിയറിംഗ് നടത്തുന്നില്ലെങ്കിൽ ഈ കേസുകൾ ഡിസ്പോസ് ചെയ്യാനോ ഏതെങ്കിലും ഒരു പരാതി ലഭിച്ചാൽ സമയബന്ധിതമായി തീർപ്പാക്കാനോ സാധിക്കില്ല. ഇപ്പോൾ ഏകദേശം അറുന്നൂറോളം കേസുകൾ പെന്റിംഗിലാണ്. ഈ ഭേദഗതി കൊണ്ടുവന്നില്ലെങ്കിൽ 2963 കേസുകൾകൂടി പെന്റിംഗാകും. ഇത്രയധികം കേസുകൾ കുന്നുകൂടി പെൻഡിംഗാകുമ്പോൾ ആഗ്രീവ്ഡായുള്ള ആളുകൾക്ക് നീതി കൊടുക്കാൻ കഴിയില്ല. ഈ കേസുകൾ സമയബന്ധിതമായി തീർപ്പാക്കേണ്ടതാണ്. കാരണം, ഇത് ഉയർന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരായുള്ള പരാതിയാണ്. അതുകൊണ്ട് സമയബന്ധിതമായി ഇതിൽ ഇടപെട്ട് പരിഹാരം തേടുകയെന്നുള്ളത് നിയമത്തിന്റെ ഇന്റൻഷനാണ്. അതിനെ ടോർപിഡോ ചെയ്യുന്ന യാതൊന്നും ഈ ഭേദഗതിയുടെ ഭാഗമായി ഇല്ല. ഇതേ രൂപത്തിലുള്ള സംവിധാനമാണ് മറ്റ് കമ്മീഷനുകൾക്കുമുള്ളത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അതോറിറ്റി വേറെ കമ്മീഷൻ വേറെ. ഒന്നിൽ കൂടുതൽ ആളുകൾ ചേരുന്ന ഒരു ക്വാസി ജൂഡീഷ്യൽ ബോഡിയാണ് അതോറിറ്റി. ആ ക്വാസി ജൂഡീഷ്യൽ ബോഡിയുടെ കൂട്ടായ തീരുമാനം വേണമെന്നുള്ളതാണ് പ്രതിപക്ഷ നേതാവ് ഇവിടെ പറഞ്ഞത്. ഒറ്റയ്ക്കൊറ്റയ്ക്ക് തീരുമാനം എടുക്കുന്നതോടുകൂടി കൂട്ടായ തീരുമാനത്തിനുള്ള സ്കോപ്പ് ഇല്ലാതാകുകയാണ്. ഇതിൽ ക്വാറം തികയില്ലെന്ന് പറയുന്നത് അങ്ങ് ഒന്നുകൂടി പരിശോധിക്കണം. കാരണം, ഇതിൽ രണ്ട് അംഗങ്ങൾ സർക്കാർ ഉദ്യോഗസ്ഥരാണ്. എ.ഡി.ജി.പി.യുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥനും പ്രിൻസിപ്പൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥനും സർക്കാർ ഉദ്യോഗസ്ഥരാണ്. സർക്കാർ ഉദ്യോഗസ്ഥരെന്ന നിലയിലാണ് അവർക്ക് ഈ അതോറിറ്റിയിൽ അംഗത്വം കൊടുക്കുന്നത്. അതവരുടെ ജോലിയുടെ ഭാഗമാണ്. അവരുടെ ജോലിയുടെ ഭാഗം നിർവ്വഹിക്കുകയില്ലെന്ന് പറഞ്ഞാൽ dereliction of duty ആണ്. അതുകൊണ്ട് അവരെ അതിന് നിർബന്ധിക്കുന്നതിനുപകരം ചെരുപ്പിനൊപ്പിച്ച് പാദം മുറിക്കുന്ന രൂപത്തിൽ നിയമം രൂപീകരിക്കുകയും അവർക്ക് അനധികൃതമായി തീരുമാനമെടുക്കാനുള്ള അവസരം കൊടുക്കുകയും ചെയ്യരുത്. അത് യഥാർത്ഥത്തിൽ ഒരു നിയമനിർമ്മാണമല്ല. നിയമനിർമ്മാണത്തിന്റെ തെറ്റായ ഒരു വശമാണത്. അതുകൊണ്ട് ഒരു കാരണവശാലും ആ രൂപത്തിലേയ്ക്ക് പോകരുത്.

<u>ശ്രീ. എ. കെ. ബാലൻ:</u> സർ, ഏതെങ്കിലും തെറ്റായ ഉദ്ദേശ്യത്തോടുകൂടിയല്ല ഈ ഭേദഗതി കൊണ്ടുവന്നത്. ഇത് ഒരു രൂപത്തിലും നിലവിലുള്ള പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ ഇന്റൻഷനെ ചോദ്യം ചെയ്യുന്നില്ല. ഇതുപോലെതന്നെയാണ് സംസ്ഥാന മനുഷ്യാവകാശ കമ്മീഷനും. അതും കമ്മീഷനാണല്ലോ; അതിലും ഒരംഗത്തിന് ഹിയറിംഗ് നടത്താമല്ലോ; അതിന്റെ മുകളിൽ ഏതെങ്കിലും രൂപത്തിലുള്ള പരാതിയുണ്ടെങ്കിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് എന്റർടെയ്ൻ ചെയ്യാമല്ലോ; ഇതോടുകൂടി തീരുന്നുണ്ടോ; ഒരിക്കലും തീരുന്നില്ലല്ലോ; അതുകൊണ്ട് തെറ്റായ ഒരു ഉദ്ദേശ്യവും ഗവൺമെന്റിനില്ല. അഗ്രീവ്ഡായുള്ള, ജനവിനായുള്ള ആളുകൾക്ക് നീതി ലഭിക്കുന്നതിനുവേണ്ടി ആയിരക്കണക്കിന് കേസുകൾ കെട്ടിക്കിടക്കുന്നതിനുപകരം സമയബന്ധിതമായി കേസുകൾ ഡിസ്പോസ് ചെയ്യുകയെന്ന ഉദ്ദേശ്യം മാത്രമേ ഇതിലുള്ളൂ. മാത്രമല്ല, ഒരു അംഗത്തിനെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ സമ്മതത്തോടുകൂടി മാത്രമേ നിയമിക്കാൻ സാധിക്കുകയുള്ളൂ. സംസ്ഥാന ലോകായുക്ത നൽകുന്ന റിട്ടയേർഡ് ജഡ്ജിമാരുടെ പാനലിൽനിന്നും പ്രതിപക്ഷ നേതാവുമായി ആലോചിച്ച് സർക്കാർ നിയമിക്കുന്ന ഒരാളാണ് അതോറിറ്റിയിലെ ഒരംഗം. അതുകൊണ്ട് എല്ലാ അംഗങ്ങൾക്കും തുല്യ പദവിയും തുല്യ അധികാരവുമാണുള്ളത്. കേസുകളിൽ സ്വതന്ത്രമായി ഹിയറിംഗ് നടത്താനും വിധി പ്രഖ്യാപിക്കുന്നതിനും യാതൊരു ബുദ്ധിമുട്ടുമില്ല. അതിൽ ഏതെങ്കിലും രൂപത്തിലുള്ള അപാകതയുണ്ടെങ്കിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസും കൊടുക്കാം. ഇതാണ് ഇതിന്റെ ഭാഗമായി ഇവിടെ സൂചിപ്പിക്കാനുള്ളത്.

പ്രതിപക്ഷ നേതാവ് <u>(ശ്രീ. രമേശ് ചെന്നിത്തല):</u> സർ, ഇപ്പോൾ കൊണ്ടുവരുന്ന നിയമത്തിന്റെ അപകടംകൂടി മനസ്സിലാക്കണം. മറ്റൊന്നുമല്ല. നിങ്ങൾക്ക് ഭൂരിപക്ഷമുള്ളതുകൊണ്ട് പാസ്സാക്കാം. ഇത് പോലീസ് ഉദ്യോഗസ്ഥർ ജനങ്ങൾക്ക് നേരെ നടത്തുന്ന അതിക്രമങ്ങളുടെ പരാതികളാണ് മുഴുവൻ. കേസുകൾ കെട്ടിക്കിട ക്കുന്നുവെന്ന് അങ്ങ് പറഞ്ഞു. കേസുകൾ കെട്ടിക്കിടക്കുന്നതിന്റെ കാരണം എന്താണെന്നുവച്ചാൽ, ജില്ലകളിൽ പോലീസ് കംപ്ലയിന്റ് അതോറിറ്റികൾ നിയമിക്കപ്പെട്ടിട്ടില്ലായിരുന്നു. ഓരോ ജില്ലയിലും നിയമിക്കണം. അതിന് സമയം കിട്ടാത്തതുകൊണ്ട് രണ്ടോ മൂന്നോ ജില്ലകളിലെ അതോറിറ്റികൾക്ക് മറ്റ് ജില്ലകളുടെ അഡീഷണൽ ചാർജ്ജുകൂടി കൊടുക്കുകയാണ് ചെയ്തത്. കോട്ടയത്തും കോഴിക്കോട്ടുമായി രണ്ട് ജില്ലകളിൽ മാത്രമാണ് അതോറിറ്റി നിയമിച്ചിരുന്നത്. കേസുകൾ അങ്ങനെ കെട്ടിക്കിടന്നതാണ്. അതോറിറ്റികൾ നിയമിക്കാൻ താമസമുണ്ടായി. ബഹുമാനപ്പെട്ട സ്പീക്കറോടും ഗവൺമെന്റിനോടും എനിക്ക് പറയാനുള്ളത്, collective wisdom-ആണ് ഇവിടെ ആവശ്യം. കേസുകളിൽ Individual ആയി വിധി നിർണ്ണയിക്കുകയല്ല വേണ്ടത്.

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, അതോറിറ്റിയുടെ മീറ്റിംഗ് വിളിച്ചാൽ ഒരംഗം മാത്രമേ എത്തിച്ചേർന്നുള്ളൂവെങ്കിലും അതിൽ തീരുമാനമെടുക്കാൻ ആ അംഗത്തിന് അധികാരം കൊടുക്കുന്ന ഭേദഗതിയല്ലേ ഇത്.

<u>ശ്രീ. രമേശ് ചെന്നിത്തല:</u> സർ, Individual-ആയി തീരുമാനം എടുത്താൽ collective wisdom എന്നുള്ളത് എവിടെയാണ് വരുന്നത്. When we are making a law, we have to think about that. Far reaching consequences ഭാവിയിൽ ഉണ്ടാകുന്ന കാര്യമാണ്. ഇത് ചെറിയ കാര്യമല്ല. നാളെ എന്നെയോ അല്ലെങ്കിൽ മറ്റേതെങ്കിലും ഒരു പൗരനെയോ ഒരു പോലീസുകാരൻ മർദ്ദിച്ചാൽ എനിക്ക് പരാതി കൊടുക്കാൻ കഴിയുന്നത് പോലീസ് കംപ്ലയിന്റ് അതോറിറ്റിയിലാണ്. അവിടെ ഒരംഗം മാത്രം ഹിയറിംഗ് നടത്തിയാൽ മതിയോ; അവിടെ ഒരു കളക്ടീവ് ഡിസിഷൻ ഉണ്ടാകണ്ടേ; ഒരാൾ മാത്രം ഹിയറിംഗ് നടത്തിയാൽ ചിലപ്പോൾ പാർഷ്യൽ ആയിപ്പോകില്ലേ; ഇംപാർഷ്യൽ, കളക്ടീവ് ഡിസിഷൻ ഉണ്ടാകണ്ടേ; നിങ്ങൾക്ക് ഭൂരിപക്ഷമുള്ളതുകൊണ്ട് ഇത് പാസ്സാക്കാം. But, it is going to affect the public. ജനങ്ങളെ ബാധിക്കാൻ പോകുന്ന ഒരു സുപ്രധാനമായ കാര്യമാണ് ഇവിടെ വളരെ ലാഘവത്തോടുകൂടി പാസ്സാക്കുന്നത്. ഒരു കളക്ടീവ് വിസ്ഡത്തിന്റെ അഭാവം ഇവിടെയുണ്ടാകുന്നു. അതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. എ. കെ. ബാലൻ:</u> കളക്ടീവ് വിസ്ഡത്തിന്റെ ഒരു അഭാവവും ഉണ്ടാകില്ല. സമയബന്ധിതമായി കേസുകൾ തീർപ്പാക്കുന്നതിന് ഏറ്റവും ഫലപ്രദമായ ഭേദഗതി യാണിത്. എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ നിയമം ഭേദഗതി ചെയ്യുന്നതിന് ഒരു ബുദ്ധിമുട്ടുമില്ലല്ലോ; ഓരോ കാര്യങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് നേരിടുന്ന ഹർഡിൽസ് പരിഹരിക്കുന്നതിനാണല്ലോ ഭേദഗതി കൊണ്ടുവരുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതാണ് ഉണ്ടാകുന്നതെങ്കിൽ അപ്പോൾ ഭേദഗതി ചെയ്യാമല്ലോ; നമ്മളൊക്കെ ഇവിടെത്തന്നെയില്ലേ; അതുകൊണ്ട് അതിനെ സംബന്ധിച്ച് ഒരു ആശങ്കയുടെയും ആവശ്യമില്ല. ഇവിടെ പറഞ്ഞ കാര്യങ്ങളിലേയ്ക്കൊന്നും കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ബഹുമാനപ്പെട്ട അടൂർ പ്രകാശും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ചില കാര്യങ്ങൾ സൂചിപ്പിച്ചു. ശ്രീ. എ. എൻ. ഷംസീർ പൊതുവിൽ എല്ലാ കാര്യങ്ങളും ഇവിടെ വ്യക്തമാക്കിയിട്ടുണ്ട്. കേരള പോലീസിനെ സംബന്ധിച്ച് പറയുമ്പോൾ, ഇതുപോലെ ഫലപ്രദമായി പ്രവർത്തിക്കുന്ന ഒരു സംവിധാനം ഇന്ത്യാ രാജ്യത്തെ ഒരു സംസ്ഥാനത്തും കാണാൻ സാധിക്കില്ല. കേരള പോലീസിന്റെ സേവനം മാതൃകാപരമാണ്, ശ്ലാഘിക്കപ്പെടേണ്ടതാണ്. ആ പോലീസിനെ ഡീമോറലൈസ് ചെയ്യുക എന്ന ഉദ്ദേശ്യത്തിൽ കേരളത്തിൽ പലരും പ്രവർത്തിക്കുന്നുണ്ട്. അതിന് അനുകൂലമായ ഏതെങ്കിലും രൂപത്തിലുള്ള സമീപനം പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നത് നമ്മുടെ പോലീസിന്റെ പൊതുവിലുള്ള സൽപ്പേരിന് കളങ്കം ചേർക്കും.

അതൊരിക്കലും അംഗീകരിക്കാൻ പറ്റാത്തതാണ്. ക്രമസമാധാനത്തിനുള്ള പുരസ്കാരം കേരളത്തിലെ പോലീസിനാണ് കിട്ടിയതെന്ന് നമ്മൾ മനസ്സിലാക്കണം. 'ഇന്ത്യാ ടുഡേ'-യിൽ പ്രസിദ്ധീകരിച്ചതാണ്. അഴിമതി കുറവുള്ള സംസ്ഥാനം നമ്മുടെ കൊച്ചു കേരളമാണ്. ഏറ്റവും കുറവ് വർഗ്ഗീയ കലാപവും ഇവിടെയാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങ് സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്. ഞങ്ങളുടെ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോഴാണ് ഒന്നാം സ്ഥാനം കിട്ടിയത്. ഇപ്പോൾ കേരളത്തിന് മൂന്നാം സ്ഥാനമാണുള്ളത്.

ശ്രീ. എ. കെ. ബാലൻ: സർ, ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ തമ്മിൽ വലിയ വ്യത്യാസങ്ങളില്ല. ചെറിയൊരു വ്യത്യാസം മാത്രമേയുള്ളൂ. അത് അടുത്ത തവണ ഞങ്ങൾ തിരിച്ചുകൊണ്ടുവരും. ഇപ്പോൾ ശബരിമല വിഷയങ്ങൾ നടക്കുന്നതുകൊണ്ട് അതുകൂടി പ്ലസ് ആയി മാറുമ്പോൾ അടുത്ത തവണ നമ്പർ വൺ ആയി മാറും. അക്കാര്യത്തിൽ ഒരു സംശയവും വേണ്ട. ഏറ്റവും കുറവ് വർഗ്ഗീയ കലാപമുള്ള സംസ്ഥാനം നമ്മുടെ ഈ കൊച്ചു കേരളമാണ്. കൂടാതെ പോലീസ് എക്സലൻസ് അവാർഡും കേരളത്തിനാണ് ലഭിച്ചിട്ടുള്ളത്. രാജ്യത്തെ മികച്ച പത്ത് പോലീസ് സ്റ്റേഷനുകളിൽ ഒന്നായ വളപട്ടണം കേരളത്തിലാണ്. ഐ.എസ്.ഒ. സർട്ടിഫിക്കേഷനുള്ള രണ്ടാമത്തെ ജില്ലാ പോലീസ് ഓഫീസ് കൊല്ലം സിറ്റി പോലീസ് കമ്മീഷണർ ഓഫീസാണ്. അതും കേരളത്തിലാണ്. സൈബർ കുറ്റാന്വേഷണത്തിൽ ഏറ്റവും മുൻപന്തിയിലുള്ളത് കേരളമാണ്. റോഡ് സുരക്ഷിതത്വ പരിശ്രമത്തിനുള്ള, ട്രാഫിക് സുരക്ഷിതത്വത്തിനുള്ള 'SOFT' (Save Our Fellow Traveller) പദ്ധതിക്കുള്ള അംഗീകാരം കേന്ദ്ര നഗരകാര്യ വകുപ്പ് നമുക്കാണ് നൽകിയത്. സ്റ്റുഡന്റ് പോലീസ് ഏറ്റവും മാതൃകാപരമായി പ്രവർത്തിക്കുന്നത് കേരളത്തിലാണ്. സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിൽ രണ്ടാം സ്ഥാനം കേരളത്തിനാണ്. ബ്ലൂ വെയിൽ ഗെയിം പശ്ചാത്തലത്തിൽ സൈബർ സുരക്ഷയ്ക്കായി രൂപീകരിച്ച നടപടിക്ക് കേന്ദ്ര ഗവൺമെന്റിന്റെ പ്രശംസ നമുക്കാണ് ലഭിച്ചത്. ഈ രൂപത്തിൽ കേരളത്തിലെ പോലീസിന്റെ പ്രവർത്തനങ്ങളെ ശ്ലാഘിക്കേണ്ടതിനുപകരം ഉയർന്ന തലത്തിലുള്ള പോലീസ് ഉദ്യോഗസ്ഥരെ ജാതി തിരിച്ചും മതം തിരിച്ചും ഡീമോറലൈസ് ചെയ്യുന്നത് എവിടെയെങ്കിലും കേട്ടിട്ടുണ്ടോ? ശബരിമല പ്രശ്നത്തിൽ ശക്തമായ നേതൃത്വം കൊടുത്ത ഒരു ഐ.ജി.യെ, അദ്ദേഹം ഒരു പ്രത്യേക മതത്തിന്റെ ആളാണെന്ന് ഒരു പ്രധാനപ്പെട്ട പാർട്ടിയുടെ സംസ്ഥാന പ്രസിഡന്റാണ് പറഞ്ഞത്. എവിടെയെത്തി നമ്മുടെ ബോധം; ഇത്രയും വിഷലിപ്തമായിട്ടുള്ള ആശയം എങ്ങനെയാണ് തലയ്ക്ക് കയറിയത്? അതിന്റെതന്നെ ഒരു തുടർച്ചയാണ് ബഹുമാനപ്പെട്ട കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രന്റെ നിർഭാഗ്യകരമായ പ്രസ്താവന. അദ്ദേഹം പറഞ്ഞത് ശരിയാണെങ്കിൽ ഒന്നാമത്തെ കുറ്റവാളി അദ്ദേഹമാണ്. എൻ.ഐ.എ. കേസ്സുമായി ബന്ധപ്പെട്ടവരെ രക്ഷിക്കാൻവേണ്ടി ഇപ്പോഴുള്ള ഡി.ജി.പി.

ശ്രമിച്ചെന്നും ആ ഫയൽ ഞാൻ കണ്ടുവെന്നും പറയുന്നതാരാണ്? ഒരു മുൻ ആഭ്യന്തര സഹമന്ത്രിയാണ്. എവിടെയായിരുന്നു അദ്ദേഹം; കിടന്നുറങ്ങുകയായിരുന്നോ? എന്തായിരുന്നു അദ്ദേഹം ചെയ്യേണ്ടിയിരുന്നത്. ലോകനാഥ് ബെഹ്റയെ അന്നുതന്നെ പിടിക്കണ്ടേ; അന്നുതന്നെ സസ്പെന്റ് ചെയ്യണ്ടേ? അങ്ങനെ ചെയ്തിരുന്നുവെങ്കിൽ ഇപ്പോൾ അദ്ദേഹം സംസ്ഥാനത്തെ ഡി.ജി.പി. ആകുമായിരുന്നോ? ആകില്ലല്ലോ. അപ്പോൾ ഒരു പോലീസ് ഉദ്യോഗസ്ഥനെ ഡീമോറലൈസ് ചെയ്യാൻ ഏതറ്റം വരെയും പോകുമെന്നതിന്റെ വൃത്തികെട്ട പ്രസ്താവനയാണ് ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രന്റെ പ്രസ്താവന. ഞാൻ മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും കടക്കാൻ ആഗ്രഹിക്കുന്നില്ല. ആരെയും എന്തും പറഞ്ഞ് നമുക്ക് നശിപ്പിക്കാം. പക്ഷെ കേരളത്തിന്റെ നിയമസമാധാന പ്രശ്നത്തിൽ സ്തുത്യർഹമായ സേവനം നടത്തുന്ന പോലീസ് ഉദ്യോഗസ്ഥരെ ഒറ്റതിരിഞ്ഞ് ഈ രൂപത്തിൽ അവഹേളിക്കുന്നതും അപമാനിക്കുന്നതും അത് നിങ്ങളായാലും ഞങ്ങളായാലും ശരി, ചെയ്യാൻ പാടില്ല. ഇപ്പോൾ ശബരിമല വിഷയവുമായി ബന്ധപ്പെട്ടുകൊണ്ട് ഞങ്ങൾ എടുത്തിട്ടുള്ള തീരുമാനത്തിന്റെ അവസാനത്തെ കണ്ണി അവിടെ നടപ്പിലാക്കിയിട്ടുള്ള 144 ആണ്. 144-ഉം ആയി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞത്- 'ശബരിമലയിൽ ഏർപ്പെടുത്തിയ നിരോധനാജ്ഞ ഭക്തർക്ക് തടസ്സമല്ലെന്ന് ഹൈക്കോടതി. സുഗമമായ തീർത്ഥാടനം ശബരിമലയിൽ സാധ്യമാക്കുന്നുണ്ടെന്ന് ഹൈക്കോടതി നിയമിച്ച സമിതി ബഹുമാനപ്പെട്ട കോടതി മുമ്പാകെ വ്യക്തമാക്കി. ശബരിമലയിലെ ക്രമസമാധാന പാലനത്തിന് നിരോധനാജ്ഞ തുടരേണ്ടതുണ്ടെന്ന് സർക്കാർ കോടതിയിൽ ബോധിപ്പിച്ച സത്യവാങ്മൂലത്തെ ഹൈക്കോടതി അംഗീകരിച്ചു'. മേൽ സാഹചര്യത്തിൽ 144 തുടരരുതെന്ന ഹർജിക്കാരുടെ ആവശ്യം കോടതി നിരാകരിച്ചു. ഇന്ന് വന്ന ഈ പ്രസ്താവനയടക്കം എടുത്തുനോക്കിയാൽ കേരളത്തിലെ പോലീസ് സ്വീകരിച്ച നടപടി നൂറ് ശതമാനവും ശരിയാണെന്നുള്ളതാണ്. ഞാൻ മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും കടക്കാൻ ആഗ്രഹിക്കുന്നില്ല. ഞങ്ങളും ബി.ജെ.പി.യും തമ്മിൽ ബന്ധമെന്ന് പറഞ്ഞാൽ കേരളത്തിലെ ഒരു മനുഷ്യനും വിശ്വസിക്കില്ല. കുറേ രക്തം നഷ്ടപ്പെട്ട പാർട്ടിയാണ് ഞങ്ങളുടേത്. എത്രയോ രക്തസാക്ഷികൾ, കിടന്നുറങ്ങുന്ന കൊച്ചു മക്കളടക്കം പിടഞ്ഞുവീണ് മരിച്ചത് ആർ.എസ്.എസ്.-ന്റെയും സംഘപരിവാറിന്റെയും കൊലക്കത്തിക്ക് മുമ്പിലാണ്. അതൊന്നും അവർ അനുഭവിക്കേണ്ടി വന്നിട്ടില്ല. വർത്തമാനങ്ങൾ ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കുകയാണ്, അതിന് ബുദ്ധിമുട്ടില്ല. നമുക്കറിയാം കോൺഗ്രസ്സിനും ബി.ജെ.പി.-ക്കും പൊതു സ്ഥാനാർത്ഥിയായിരുന്ന രത്നസിംഗ്, കോൺഗ്രസിന് വേറെ സ്ഥാനാർത്ഥി ഉണ്ടായിരുന്നില്ല. ബേപ്പൂരിലെ നിയമസഭാ തെരഞ്ഞെടുപ്പിലെ ഡോ. മാധവൻകുട്ടി, നിങ്ങൾ രണ്ടെണ്ണവും ഒന്നായി കൊടി കുട്ടിപ്പിടിച്ചാണ് ഹംസയെ തോൽപ്പിക്കാൻ രംഗത്തുവന്നത്. എന്തെങ്കിലും നടന്നോ?

ശ്രീ. സജി ചെറിയാൻ: സർ, ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റ് കേരളത്തിൽ അധികാരത്തിൽ വരുന്നതിനുമുമ്പ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഭരിക്കുമ്പോൾ നാല് ശതമാനം വോട്ടായിരുന്ന ബി.ജെ.പി.-ക്ക് ഉണ്ടായിരുന്നതെന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകും. ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഭരണം അവസാനിക്കുമ്പോൾ പതിനഞ്ച് ശതമാനം വോട്ട് ബി.ജെ.പി.-ക്ക് കിട്ടിയിരുന്ന കാര്യവും അങ്ങയുടെ ശ്രദ്ധയിലുണ്ടാകുമല്ലോ (..ബഹളം..) ഞാൻ പറയട്ടെ, ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കട്ടെ.

ശ്രീ. എം. വിൻസെന്റ്: പശ്ചിമ ബംഗാളിലും ത്രിപുരയിലും നിങ്ങളുടെ പാർട്ടിയുടെ അവസ്ഥ എന്തായിരുന്നു? (ബഹളം...)

മി. സ്പീക്കർ : മന്ത്രി സംസാരിക്കൂ.

ശ്രീ. സജി ചെറിയാൻ : സർ, ഇവിടെ ശ്രീ. പിണറായി വിജയൻ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം, നടന്ന മുഴുവൻ തെരഞ്ഞെടുപ്പുകളിലും ബി.ജെ.പി.-യുടെ വോട്ട് താഴോട്ട് പോയിരിക്കുന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് ചോദിക്കാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. എ. കെ. ബാലൻ: സർ, അതിന് ഈ സഭ തന്നെ ഏറ്റവും നല്ലൊരു ഉദാഹരണമാണ്. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിനുമുമ്പ് നടന്ന തെരഞ്ഞെടുപ്പിൽ 33000 വോട്ട് കിട്ടിയ കോൺഗ്രസ് പതിമൂന്നായിരം വോട്ടിലേയ്ക്ക് താഴ്ന്ന് 20000 വോട്ട് നഷ്ടപ്പെട്ടതിന്റെ ഭാഗമായിട്ടാണ് ശ്രീ. ഒ. രാജഗോപാൽ ഈ നിയമസഭയിൽ എത്തിയത്. കോൺഗ്രസ്സിന്റെ ഇരുപതിനായിരം വോട്ടുകളാണ് പോയത്. ഈ അനുഭവമാണ് ശബരിമല വിഷയവുമായി ബന്ധപ്പെട്ടുകൊണ്ട് ഇവർ സ്വീകരിച്ച സമീപനത്തിന്റെ ഭാഗമായി അടുത്ത തെരഞ്ഞെടുപ്പിൽ കാണാൻ പോകുന്നത്. അക്കാര്യത്തിൽ യാതൊരു സംശയവും വേണ്ട. സി.പി.ഐ.(എം.) വിരുദ്ധ മുദ്രാവാക്യം നിങ്ങൾ വിളിച്ചോളൂ, സി.പി.ഐ.(എം.)-ന് എതിരായി നിങ്ങൾ കള്ളപ്രചരണവും നടത്തിക്കോളൂ. പക്ഷെ ഞങ്ങളുടെ അണികളെ സംരക്ഷിക്കുന്നതിനും കേരളത്തിലെ ജനാധിപത്യ, മതനിരപേക്ഷ വിശ്വാസികളെ, ഇന്നലെവരെ ഞങ്ങളുടെ കൂടെയില്ലാത്തവരെ ഞങ്ങളിലേയ്ക്ക് ആകർഷിക്കുന്നതിനുള്ള സംഘടനാശേഷിയും ബലവും ഞങ്ങൾക്കുണ്ട്. അക്കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ഞങ്ങളുടെ ഒഴുക്ക് തടയാൻ നിങ്ങൾക്ക് കഴിയില്ല. ഈ കേരളത്തെ നാടുവാഴി ഭൂപ്രഭുത്വ കാലഘട്ടത്തിലേയ്ക്ക് തളച്ചിടാനും അന്ധവിശ്വാസത്തിന്റെയും അനാചാരത്തിന്റെയും പാതയിലേയ്ക്ക് വീണ്ടും ഈ കേരളത്തെ നയിക്കുന്നതിനും ഇതൊരു ഭ്രാന്താലയമാക്കാനും ഞങ്ങൾ സമ്മതിക്കില്ല. അക്കാര്യത്തിൽ നിങ്ങൾക്ക് ഒരു സംശയവും വേണ്ട. അതിന്റെ ഭാഗമാണ് ഈ ജനുവരി ഒന്നാം തീയതി കേരളത്തിലെ സ്ത്രീ

സമൂഹം നടത്തുന്ന പ്രതിരോധം. എത്രമാത്രം ജനങ്ങളാണ് പങ്കെടുക്കാൻ പോകുന്നതെന്ന് അറിയാമോ? ആ പരിപാടി വിജയിക്കില്ലെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ബി.ജെ.പി. സംസ്ഥാന സെക്രട്ടറിയും പറഞ്ഞു. അൻപത് ലക്ഷം വനിതകളെയാണ് ഞങ്ങൾ പങ്കെടുപ്പിക്കാൻ പോകുന്നത്. ചുരുങ്ങിയ സംഖ്യയല്ല. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ വനിതകളുടെ മതിൽ കണ്ട് നിങ്ങൾ ഞെട്ടും. അതിനാണ് കേരളം സാക്ഷ്യം വഹിക്കാൻ പോകുന്നത്. ദയവുചെയ്ത് ശബരിമലയുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിങ്ങൾ പറയരുത്. (ബഹളം..) ഒരു കാര്യം ഞാൻ പറയാം, ഒറ്റ കാര്യം മാത്രമെ ഞാൻ പറയുന്നുള്ളൂ.

2.00 pm]

ശ്രീ. പി. കെ. ബഷീർ: സർ, ബഹുമാനപ്പെട്ട എ. കെ. ബാലൻ സി.പി.ഐ. (എം)-ന്റെ കേന്ദ്ര കമ്മിറ്റി അംഗവും പാർട്ടിയുടെ സെക്രട്ടേറിയറ്റ് അംഗവുമാണ്. നിങ്ങൾ ഇപ്പോൾ ഒരു വനിതാമതിൽ തീർക്കുകയാണെന്ന് പറയുന്നു. സി.പി.ഐ.(എം) പോലുള്ള ഒരു പാർട്ടി ജാതിസംഘടനകളുടെ മീറ്റിംഗ് വിളിക്കുന്നു; നിങ്ങൾ 'ഇരട്ടച്ചങ്ക്' എന്നുപറയുന്ന സംസ്ഥാനത്തെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിൽ ഒരു പാർട്ടി കൂടിയിട്ട് ജാതിസംഘടനകളെ വിളിച്ച് ഒരു വനിതാമതിൽ തീർക്കുക എന്നുപറയുമ്പോൾ നിങ്ങളുടെ പാർട്ടിയും ബി.ജെ.പി.യും ഒരേ ലൈനിലായില്ലേ? ശ്രീ. വി.എസ്. അച്ചുതാനന്ദൻ പറഞ്ഞത് പോകട്ടെ, സ്ത്രീകളോട് നിങ്ങൾക്ക് ഇത്രയുമധികം താല്പര്യമുണ്ടെങ്കിൽ 1987-ലെ തെരഞ്ഞെടുപ്പിൽ ശ്രീമതി കെ. ആർ. ഗൗരിയമ്മയെ നിങ്ങൾ മുഖ്യമന്ത്രി ആക്കേണ്ടതായിരുന്നില്ലേ? അതിനുശേഷം 1996-ൽ സുശീലാഗോപാലനെ മുഖ്യമന്ത്രിയാക്കുന്നതിന് എതിരായി രണ്ട് വോട്ടിന് പാർട്ടിയെ തോൽപ്പിച്ച് നായനാരെ മുഖ്യമന്ത്രിയാക്കിയ പാർട്ടിയാണ് നിങ്ങളുടേത്, ആ നിങ്ങളാണ് സ്ത്രീകളുടെ പേരുപറഞ്ഞ് വനിതാമതിൽ തീർക്കുന്നത്. ഉത്തരം കിട്ടാത്തപ്പോൾ കൊഞ്ഞനം കാട്ടിയിട്ട് കാര്യമില്ല, മന്ത്രി മറുപടി പറയട്ടെ. ഞങ്ങൾ വനിതകൾക്ക് സീറ്റ് കൊടുത്തോ എന്നാണല്ലോ നിങ്ങൾ ചോദിക്കുന്നത്, 1996-ൽ ഞങ്ങൾ വനിതാ ലീഗിന്റെ സംസ്ഥാന പ്രസിഡന്റിന് കോഴിക്കോട് സീറ്റുകൊടുത്തു, അന്ന് ഞങ്ങൾ 3000 വോട്ടിന് പരാജയപ്പെട്ടുവെന്നേയുള്ളൂ. നിങ്ങൾക്ക് എവിടെയാ പാരമ്പര്യമുള്ളത്? നിങ്ങൾ ശ്രീമതി വീണാ ജോർജ്ജിന് സീറ്റ് കൊടുത്തു, യഥാർത്ഥ കമ്മ്യൂണിസ്റ്റുകാർക്ക് സീറ്റ് കൊടുത്തോ?

ശ്രീ. എ. കെ. ബാലൻ: സർ, ഒരു കാര്യം മനസ്സിലാക്കേണ്ടതാണ്, സ്ത്രീകളൊക്കെ നിങ്ങളുടെ കൂടെയാണെന്നതിന്റെ ഏറ്റവും നല്ല ഫലമാണല്ലോ നമ്മൾ ഇപ്പോൾ കാണുന്നത്, എത്ര സ്ത്രീകളാണ് അപ്പുറം നിറഞ്ഞ് നിൽക്കുന്നത്. ഇന്ത്യാ രാജ്യത്ത്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 50% സീറ്റ് സ്ത്രീകൾക്കായി പ്രഖ്യാപിച്ച പാർട്ടിയാണ്, പ്രസ്ഥാനമാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി.

നിങ്ങൾക്ക് അത് ആലോചിക്കാൻപോലും പറ്റില്ല. ഞാൻ പറഞ്ഞത് അതാണ്. സ്ത്രീകളോട് യു.ഡി.എഫ്. കാട്ടിയ സമീപനം എങ്ങനെയാണെന്നതിന്റെ ഭാഗമായി അപ്പുറത്ത് ഇപ്പോൾ ഒരു സ്ത്രീയെയും കാണാൻ സാധിക്കുന്നില്ല. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് അവരുടെ കൂടെയുള്ള വനിതാ നേതാക്കൾ പറഞ്ഞ കാര്യമൊന്നും ഞാനിവിടെ പറയാൻ ആഗ്രഹിക്കുന്നില്ല. ഞങ്ങളെ എതിർക്കാനും ബി.ജെ.പി.യെ സംതൃപ്തിപ്പെടുത്താനുംവേണ്ടി മുസ്ലീം ലീഗ് കളിക്കുന്നൊരു കളി ശരിയല്ല എന്നാണ് ഞാൻ പറഞ്ഞത്. ഏകദൈവ വിശ്വാസമാണല്ലോ നിങ്ങൾക്കുള്ളത്, അക്കാര്യത്തിൽ യാതൊരു സംശയവുമില്ലല്ലോ. XXXXXXX* ...(ബഹളം)... ആണല്ലോ, കൃത്രിമ വിശ്വാസികളാകരുത്. ഖുറാനിൽ പറഞ്ഞത് 'മുനാഫിക്കുകൾ' എന്നാണ്, മനസ്സിലായില്ലേ, കപട വിശ്വാസികളാകരുത്. 'ഈമാനുള്ള' ഒരു പാർട്ടി ഈ രൂപത്തിൽ അധഃപതിക്കാൻ പാടില്ല എന്നാണ് ഞാൻ പറഞ്ഞതിന്റെ അർത്ഥം. ....(ബഹളം)... മറ്റുകാര്യങ്ങളിലേയ്ക്ക് കടക്കാനൊന്നും ഞാൻ ആഗ്രഹിക്കുന്നില്ല. ഈ ഭേദഗതിയിൽ മറ്റ് യാതൊരു ദുരുദ്ദേശ്യവുമില്ല. പോലീസ് അതിക്രമത്തിന് വിധേയരാകുന്ന പാവപ്പെട്ട ജനതയ്ക്ക് സമയബന്ധിതമായി നീതി ലഭിക്കുന്നതിനുള്ള ഫലപ്രദമായ ഒരു ഭേദഗതിയാണ് ഈ ബില്ലിന്റെ ഭാഗമായി അവതരിപ്പിക്കുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, പോയിന്റ് ഓഫ് ഓർഡർ.. ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി പ്രസംഗത്തിൽ മുസ്ലീം ലീഗിനെ സംബന്ധിച്ചും ഇസ്ലാമിനെ സംബന്ധിച്ചും നടത്തിയ പ്രസ്താവന വളരെ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കാൻ സാധ്യതയുള്ളതാണ്... (ബഹളം)... ഞാൻ പറയട്ടെ... അദ്ദേഹം പറഞ്ഞത്, ഏകദൈവ വിശ്വാസികളായ ഇസ്ലാം, ബഹുദൈവ വിശ്വാസികളുടെ കാര്യവുമായി ഇടപെടരുത് എന്നാണ്. ഇവിടെ എല്ലാ മതവിശ്വാസികളുമുണ്ട്. ഏകദൈവത്തിൽ വിശ്വസിക്കുന്നവരും ബഹുദൈവത്തിൽ വിശ്വസിക്കുന്നവരും ദൈവത്തിൽ വിശ്വസിക്കാത്തവരും എല്ലാവരും ഒരുമിച്ച് കഴിയുന്ന ഒരു സ്ഥലമാണിത്. അങ്ങനെയുള്ള ഒരു സ്ഥലത്ത് വളരെ ദുഃസൂചനയോടുകൂടി നടത്തിയ ഒരു സ്റ്റേറ്റ്മെന്റാണ്, ആ സ്റ്റേറ്റ്മെന്റ് ശരിയല്ല. അതായത്, ബഹുദൈവ വിശ്വാസമുള്ള മറ്റ് സമുദായങ്ങളുടെ ഒരു കാര്യത്തിലും ഏകദൈവ വിശ്വാസികളായ ആളുകൾ ഇടപെടാൻ പാടില്ല, സംസാരിക്കാൻ പാടില്ല, സംരക്ഷിക്കാൻ പാടില്ല എന്ന നിലപാട് ശരിയല്ല, മതങ്ങളെ തമ്മിൽ വേർതിരിപ്പിക്കുന്നതിനും പരസ്പരം തമ്മിലടിപ്പിക്കുന്നതിനുമുള്ള ഈ സ്റ്റേറ്റ്മെന്റ് അപകടകരമായ സ്റ്റേറ്റ്മെന്റാണ്, അതുകൊണ്ട് റൂൾ 307 അനുസരിച്ച് രേഖകളിൽനിന്നും നീക്കംചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: രേഖകൾ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം.

---

*ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം ഫയൽ നമ്പർ 7016/ ഇ.ബി./2018/നി.സെ രേഖയിൽനിന്നും നീക്കം ചെയ്തു.

ശ്രീ. എ. എൻ. ഷംസീർ, അങ്ങയുടെ '1 എ' നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. എൻ. ഷംസീർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എ. എൻ. ഷംസീർ അവതരിപ്പിച്ച '1 എ' നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അടൂർ പ്രകാശ്, അങ്ങയുടെ '2 ബി' നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. അടൂർ പ്രകാശ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച '2 ബി' നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള പോലീസ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................................

പ്രതികൂലിക്കുന്നവർ ..................................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ാം വകുപ്പ്

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

125. പ്രധാന ആക്റ്റിലെ വകുപ്പ് 112(3)-ൽ, "റിപ്പോർട്ട് ആവശ്യപ്പെടാവുന്നതാണ്", എന്നതിനുശേഷം "പ്രസ്തുത അതോറിറ്റി ആവശ്യപ്പെടുന്ന റിപ്പോർട്ട് പരമാവധി രണ്ട് മാസത്തിനകം സർക്കാരോ പോലീസോ അതോറിറ്റിക്ക് ലഭ്യമാക്കേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

132. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 112(5)-ൽ, "അധികാരപ്പെടുത്തിയിട്ടുള്ള" എന്ന വാക്കിനുശേഷം "അതോറിറ്റിയിലെ" എന്ന വാക്ക് ചേർക്കുക.

135. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 112(5)-ൽ, 'സംഗതിപോലെ' എന്ന വാക്കിനുപകരം "സംഗതി പോലെ" എന്ന വാക്കുകൾ ചേർക്കുക.

143. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 112(5)-ൽ, "അപേക്ഷകളിന്മേൽ" എന്ന വാക്കിനു പകരം "അപേക്ഷ യിൻമേലോ അപേക്ഷകളിന്മേലോ" എന്ന വാക്കുകൾ ചേർക്കുക.

155. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 112(6)-ൽ, "അതോറിറ്റിയുടെ" എന്ന വാക്കിനു പകരം "അതോറി റ്റികളുടെ" എന്ന വാക്ക് ചേർക്കുക.

157. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 112(6)-ൽ, "അധികാരപ്പെടുത്തിയിട്ടുള്ള" എന്ന വാക്കിനുശേഷം "അതോറിറ്റികളിലെ" എന്ന വാക്ക് ചേർക്കുക.

159. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 112(6)-ൽ, "സംഗതിപോലെ" എന്ന വാക്കിന് പകരം "സംഗതി പോലെ " എന്ന വാക്കുകൾ ചേർക്കുക.

163. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 112(6)-ൽ, "അതോറിറ്റി" എന്നവാക്കിനു പകരം "അതോറിറ്റികൾ" എന്ന വാക്ക് ചേർക്കുക.

167. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 112(6)-ൽ, "അപേക്ഷകളിന്മേൽ" എന്ന വാക്കിനുപകരം "അപേക്ഷ യിൻമേലോ അപേക്ഷകളിൻമേലോ" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

134. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 112(5)-ൽ, അതതു സംഗതിപോലെ, അപ്രകാരമുള്ള" എന്നീ വാക്കുകൾ ഒഴിവാക്കുക.

149. ഖണ്ഡം (2) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 112(5)-ൽ, "ഒറ്റയ്ക്കോ കൂട്ടായോ തീരുമാനമെടുക്കാവുന്നതാണ്" എന്ന വാക്കുകൾക്ക് പകരം "രണ്ടംഗങ്ങളിൽ കുറയാതെയായി തീരുമാനമെടുക്കേണ്ടതാണ്" എന്ന വാക്കുകൾ ചേർക്കുക.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

140. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 112 (5)- ൽ, "നിർവ്വഹിക്കുന്നതിന്റെ" എന്നതിനു പകരം "നിർവ്വഹിക്കുന്ന" എന്ന് ചേർക്കുക.

144. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 112(5)-ൽ, "അപേക്ഷകളിന്മേൽ" എന്നതിന് പകരം "അപേക്ഷയിന്മേൽ" എന്ന് ചേർക്കുക.

166. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 112(6)-ൽ, "അപേക്ഷകളിന്മേൽ" എന്നതിനുപകരം "അപേക്ഷയിന്മേൽ " എന്ന് ചേർക്കുക.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

142. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 112(5)-ൽ, "സമർപ്പിച്ചിട്ടുള്ള" എന്നതിനു പകരം "ലഭിച്ചിട്ടുള്ള" എന്ന് ചേർക്കുക.

164. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 112(6)-ൽ, "അതോറിറ്റി മുമ്പാകെ" എന്ന വാക്കുകൾക്ക് പകരം "അതോറിറ്റിയിൽ" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

145. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 112(5)-ൽ, "അപേക്ഷകളിന്മേൽ ഒറ്റയ്ക്കോ കൂട്ടായോ" എന്ന വാക്കുകൾക്ക് പകരം "മറ്റംഗങ്ങളുടെ അസാന്നിധ്യത്തിൽ ഒറ്റയ്ക്കും അല്ലാത്തപക്ഷം കൂട്ടായും" എന്ന വാക്കുകൾ ചേർക്കുക.

168. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 112(6)- ൽ, "അപേക്ഷകളിന്മേൽ ഒറ്റയ്ക്കോ കൂട്ടായോ" എന്നതിന് പകരം "മറ്റംഗങ്ങളുടെ അസാന്നിധ്യത്തിൽ ഒറ്റയ്ക്കും അല്ലാത്തപക്ഷം കൂട്ടായും" എന്ന് ചേർക്കുക.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

148. ഖണ്ഡം (2) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 112(5)-ൽ, "ഒറ്റയ്ക്കോ കൂട്ടായോ" എന്ന വാക്കുകൾക്ക് പകരം "കൂട്ടായി മാത്രമേ" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

150. ഖണ്ഡം (2) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 112(5)-ൽ, "ഒറ്റയ്ക്കോ കൂട്ടായോ തീരുമാനമെടുക്കാവുന്നതാണ്" എന്ന വാക്കുകൾക്ക് പകരം "നീതിയുക്തമായി തീരുമാനമെടുക്കേണ്ടതാണ്" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

152. ഖണ്ഡം (2) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 112 (5), 112 (6) എന്നിവ ഒഴിവാക്കി വകുപ്പ് 112 (5) ആയി താഴെ പറയുന്ന ഉപവകുപ്പ് ചേർക്കുക:

"(5) സംസ്ഥാന ജില്ലാ അതോറിറ്റികളുടെ ചെയർമാൻമാർക്കോ അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള അതോറിറ്റിയിലെ അംഗത്തിനോ, അംഗങ്ങൾക്കോ അവരുടെ മുൻപാകെ വന്നിട്ടുള്ള വിഷയത്തിൽ, അതോറിറ്റിയുടെ ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിലേയ്ക്കായി ഒറ്റയ്ക്കോ, കൂട്ടായോ തീരുമാനമെടുക്കാവുന്നതാണ് ".

രണ്ട് ഖണ്ഡങ്ങളായി 112 (5), 112 (6) എന്ന് കൊടുത്തിരിക്കുകയാണ്. അതിൽ (5)-ൽ സംസ്ഥാന അതോറിറ്റിയെ സംബന്ധിച്ചും (6)-ൽ ജില്ലാ അതോറിറ്റിയെ സംബന്ധിച്ചുമുള്ളതാണ്. ഒരേ വാക്കുകളാണ് ഉപയോഗിച്ചിരിക്കുന്നത്. അതിനാൽ അഞ്ചും ആറും ക്ലോസ്സുകൾ സംഗ്രഹിച്ച് ഒറ്റ ക്ലോസ്സാക്കി മാറ്റാവുന്നതേയുള്ളൂ. സംസ്ഥാനത്തിനും ജില്ലയ്ക്കും വെവ്വേറെ പറയുന്നതിനുപകരം സംസ്ഥാന-ജില്ലാ അതോറിറ്റികളുടെ ചെയർമാൻമാർക്കോ അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള അതോറിറ്റിയിലെ അംഗത്തിനോ അംഗങ്ങൾക്കോ അവരുടെ മുമ്പാകെ വന്നിട്ടുള്ള വിഷയത്തിൽ അതോറിറ്റിയുടെ ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിലേയ്ക്കായി ഒറ്റയ്ക്കോ കൂട്ടായോ തീരുമാനമെടുക്കാവുന്നതാണ്. ഈ സംഗതി സ്പ്ലിറ്റ് ചെയ്ത് വീണ്ടും പറയുന്നത് അതിന്റെ ഘടനയ്ക്ക് ഭംഗിക്കുറവുണ്ടാക്കും. അതുകൊണ്ട് ഇത് ഒന്നിച്ച് പറയാവുന്നതാണെന്നാണ് എന്റെ ഭേദഗതി.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

160. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 112(6)-ൽ, "സംഗതിപോലെ" എന്ന വാക്കിന് ശേഷം "അതോറിറ്റിയുടെ ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന്റെ ആവശ്യത്തിലേക്കായി," എന്ന വാക്കുകളും ചിഹ്നവും ചേർക്കുക.

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

165. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 112(6)- ൽ, "സമർപ്പിച്ചിട്ടുള്ള" എന്നതിന് പകരം "ലഭിച്ചിട്ടുള്ള" എന്ന് ചേർക്കുക.

173. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 112(6)- ൽ, "തീരുമാനമെടുക്കാവുന്നതാണ്" എന്ന വാക്കിന് പകരം "തീരുമാനിക്കാവുന്നതാണ് " എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

171. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 112(6)- ൽ, "ഒറ്റയ്ക്കോ കൂട്ടായോ" എന്നതിന് പകരം "കൂട്ടായി മാത്രമേ" എന്ന് ചേർക്കുക.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

177. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 112(6)-ന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കുക.

"(7) എന്നാൽ, കേരള ഹൈക്കോടതിയുടെ വിധി നിലനിൽക്കുന്ന കേസ്സുകൾ, കോടതി അനുശാസിക്കുന്ന രീതിയിൽ തീർപ്പുകൽപ്പിക്കേണ്ടതാണ്."

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

179. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 112(6)-ന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കുക.

"(7) എന്നാൽ, ഏതെങ്കിലും കോടതിയുടെ വിധിയിൽ ക്വാറം തികയ്ക്കാതെ അതോറിറ്റി കേസ് തീർപ്പുകൽപ്പിച്ചത് റദ്ദ് ചെയ്തിട്ടുണ്ടെങ്കിൽ, പ്രസ്തുത പരാതി അതോറിറ്റിയുടെ ക്വാറം തികഞ്ഞ ഒരു മീറ്റിംഗിൽ വച്ച് തീർപ്പുകൽപ്പിക്കേണ്ടതാണ്."

മി. സ്പീക്കർ: ഇനിപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല. ശ്രീ. അനിൽ അക്കരയുടെ 127-ാം നമ്പർ ഭേദഗതിയും ശ്രീ. ഐ. സി. ബാലകൃഷ്ണന്റെ 128-ാം നമ്പർ ഭേദഗതിയും ശ്രീ. ഹൈബി ഈഡൻ നൽകിയ 129-ാം നമ്പർ ഭേദഗതിയും വകുപ്പ് നീക്കം ചെയ്യാനുള്ളതാകയാൽ ക്രമപ്രകാരമല്ല. ശ്രീ. കെ. എം. ഷാജിയുടെ 136-ാം നമ്പർ ഭേദഗതിയും ശ്രീ. വി. പി. സജീന്ദ്രന്റെ 137-ാം നമ്പർ ഭേദഗതിയും 134-ാം നമ്പർ ഭേദഗതിയിൽ അടങ്ങുന്നു. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച 125-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 132, 135, 143, 155, 157, 159, 163, 167 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 134, 149 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 140, 144, 166 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 142, 164 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 145, 168 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 148-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 150-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 152-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 160-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് അവതരിപ്പിച്ച 165, 173 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 171-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എസ്. ശബരീനാഥൻ അവതരിപ്പിച്ച 177-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 179-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കമമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരി

3-ാം വകുപ്പ്

ശ്രീ. വി. പി. സജീന്ദ്രൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

187. ഖണ്ഡം 3-ൽ "അതിൻ കീഴിൽ" എന്നതിനു പകരം "അതിൻ പ്രകാരം" എന്ന് ചേർക്കുക.

188. ഖണ്ഡം 3-ൽ "അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള" എന്ന വാക്കുകൾക്ക് ശേഷം "ഏതെങ്കിലും" എന്ന വാക്ക് ചേർക്കുക.

192. ഖണ്ഡം 3-ൽ "കോടതിയുടെ വിധിന്യായത്തിലോ," എന്നതിന് പകരം "കോടതിയുടെ ഏതെങ്കിലും വിധിന്യായത്തിലോ" എന്ന് ചേർക്കുക.

202. ഖണ്ഡം 3-ൽ. "കോടതിയുടെ വിധിന്യായത്തിനനുസൃതമായി" എന്ന വാക്കുകൾക്ക് പകരം "കോടതിയുടെ ഏതെങ്കിലും വിധിന്യായത്തിനനുസൃതമായി" എന്ന വാക്കുകൾ ചേർക്കുക.

203. ഖണ്ഡം 3-ൽ. "വിധിന്യായത്തിനനുസൃതമായി" എന്ന വാക്കിനു പകരം "വിധിന്യായത്തിനോ ഡിക്രിക്കോ ഉത്തരവിനോ അനുസൃതമായി" എന്ന വാക്കുകൾ ചേർക്കുക.

204. ഖണ്ഡം 3-ൽ "വീണ്ടും തീർപ്പാക്കേണ്ടതായ ഏതെങ്കിലും" എന്ന വാക്കുകൾക്ക് പകരം "വീണ്ടും തീർപ്പാക്കേണ്ടതായ എല്ലാ" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

191. ഖണ്ഡം 3-ൽ "കോടതിയുടെ" എന്ന് കാണപ്പെടുന്നിടത്തെല്ലാം "കോടതിയുടെയോ ട്രൈബ്യൂണലിന്റെയോ" എന്ന് ചേർക്കുക.

ശ്രീ. പി. കെ. ബഷീർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

193. ഖണ്ഡം 3-ൽ "എന്തു തന്നെ അടങ്ങിയിരുന്നാലും" എന്ന വാക്കുകൾക്ക് പകരം "അടങ്ങിയിട്ടുള്ള" എന്ന വാക്ക് ചേർക്കുക.

206. ഖണ്ഡം 3-ൽ "സംഗതികളെ" എന്നതിന് പകരം "അപേക്ഷകളെ" എന്ന് ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

194. ഖണ്ഡം 3-ൽ "എന്തു തന്നെ അടങ്ങിയിരുന്നാലും അതതു സംഗതി പോലെ" എന്നതിനു പകരം "അടങ്ങിയിട്ടുള്ളതു പോലെ" എന്ന് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

197. ഖണ്ഡം 3-ൽ, " പ്രാരംഭ തീയതി മുതൽ സമർപ്പിച്ചിട്ടുള്ളതും," എന്ന വാക്കുകൾക്കും ചിഹ്നത്തിനും ശേഷം "എന്നാൽ" എന്ന വാക്ക് ചേർക്കുക.

207. ഖണ്ഡം 3-ൽ. "(5) ഉം (6) ഉം" എന്ന ചിഹ്നങ്ങൾക്കും അക്കങ്ങൾക്കും അക്ഷരങ്ങൾക്കും പകരം "(5), (6) എന്നീ" എന്ന വാക്കും അക്കങ്ങളും ചിഹ്നങ്ങളും ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

198. ഖണ്ഡം 3-ൽ. "തീർപ്പാകാതെ നിലവിലിരിക്കുന്നതുമായ" എന്നതിന് പകരം "തീർപ്പാകാതിരിക്കുന്നതുമായ" എന്ന് ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

199. ഖണ്ഡം 3-ൽ. " തീർപ്പാകാതെ നിലവിലിരിക്കുന്നതുമായ എല്ലാ അപേക്ഷകളെ" എന്ന വാക്കുകൾക്ക് പകരം "തീർപ്പാകാതെയുള്ള അപേക്ഷകളെ" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. അടൂർ പ്രകാശ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

200. ഖണ്ഡം 3-ൽ. "ഏതെങ്കിലും കോടതിയുടെ വിധിന്യായത്തിനനുസൃതമായി പ്രസ്തുത അതോറിറ്റികൾ വീണ്ടും തീർപ്പാക്കേണ്ടതായ ഏതെങ്കിലും സംഗതികളെ സംബന്ധിച്ചും" എന്നത് ഒഴിവാക്കുക.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

205. ഖണ്ഡം 3-ൽ. "ഏതെങ്കിലും സംഗതികളെ" എന്ന വാക്കുകൾക്ക് പകരം "സംഗതികളെ" എന്ന വാക്ക് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

209. ഖണ്ഡം 3-ൽ "ബാധകമായിരിക്കുന്നതാണ്" എന്നതിന് ശേഷം "എന്നാൽ ക്വാറം തികയാത്തതു കാരണം കോടതി റദ്ദാക്കിയ കേസുകൾ മാത്രം ക്വാറം തികഞ്ഞ് നടത്തുന്ന ഒരു യോഗത്തിൽ വച്ച് തീർപ്പുകല്പിക്കേണ്ടതാണ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: ശ്രീ. ടി. എ. അഹമ്മദ് കബീറിന്റെ 182-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. എം. ഷാജിയുടെ 183-ാം നമ്പർ ഭേദഗതിയും ശ്രീ. പി. കെ. അബ്ദു റബ്ബിന്റെ 184-ാം നമ്പർ ഭേദഗതിയും മാർജിനൽ ശീർഷകത്തിനുള്ളതാകയാൽ ക്രമപ്രകാരമല്ലാത്തതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 187, 188, 192, 202, 203, 204 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 191-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 193, 206 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 194-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 197, 207 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 198-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 199-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു

ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച 200-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് അവതരിപ്പിച്ച 205-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 209-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

ശ്രീ. വി. പി. സജീന്ദ്രൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

210. ഖണ്ഡം 4(2)-ൽ, "ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത" എന്ന വാക്കുകൾക്ക് പകരം "ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

212. ഖണ്ഡം 4(2)-ൽ, "കാര്യമോ" എന്നതിനുശേഷം "കാര്യങ്ങളോ" എന്നും "നടപടിയോ"എന്നതിനുശേഷം "നടപടികളോ" എന്നും"ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 210-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 212-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

ശ്രീ. വി. പി. സജീന്ദ്രൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

106. പീഠികയിൽ "കേരള പോലീസ് ആക്റ്റ്" എന്ന വാക്കുകൾക്ക് ശേഷം "(2011-ലെ 8)" എന്ന ചിഹ്നവും അക്കങ്ങളും അക്ഷരവും ചേർക്കുക.

123. ഖണ്ഡം 1(2) താഴെ പറയും പ്രകാരം മാറ്റുക:

"(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ് ."

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

107. പീഠികയിൽ "ഇതിനുശേഷം" എന്ന വാക്കിനു പകരം "ഇനി പറയുന്ന" എന്ന വാക്ക് ചേർക്കുക.

117. ഖണ്ഡം 1(2)-ൽ, "ഇത് 2018 നവംബർ 5-ാം തീയതി" എന്നത് "ഇത് ഗവർണ്ണർ അനുമതി നൽകുന്ന ദിവസം മുതൽ" എന്ന് മാറ്റുക.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

110. പീഠികയിൽ "കാണുന്ന" എന്ന വാക്കിന് പകരം "വിവരിക്കുന്ന" എന്ന വാക്ക് ചേർക്കുക.

116. തത്വപ്രഖ്യാപന വാക്യത്തിലെ "താഴെപ്പറയും പ്രകാരം" എന്ന വാക്കുകൾക്ക് പകരം "ഇനിപ്പറയും പ്രകാരം" എന്ന വാക്കുകൾ ചേർക്കുക.

120. ഖണ്ഡം 1(2) താഴെ പറയും പ്രകാരം മാറ്റുക:

"(2) ഇത് 2018 നവംബർ 30-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്. "

ശ്രീ. ടി. വി. ഇബ്രാഹിം : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

111. പീഠികയിൽ "വീണ്ടും " എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. പി. കെ. ബഷീർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

121. ഖണ്ഡം 1(2) താഴെ പറയും പ്രകാരം മാറ്റുക:

"(2) ഇത് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ് ."

<u>മി. സ്പീക്കർ</u>: ശ്രീ. ടി. എ. അഹമ്മദ് കബീറിന്റെ 112-ാം നമ്പർ ഭേദഗതി 111-ാം നമ്പർ ഭേദഗതിക്ക് തുല്യവും ശ്രീ. പി. കെ. അബ്ദു റബ്ബിന്റെ 122-ാം നമ്പർ ഭേദഗതി 123-ാം നമ്പർ ഭേദഗതിക്ക് തുല്യവുമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 106, 123 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് അവതരിപ്പിച്ച 107, 117 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 110, 116, 120 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 111-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 121-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു :

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>): സർ, 2018-ലെ കേരള പോലീസ് (ഭേദഗതി) ബിൽ പാസാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു :

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ, ഈ നിയമഭേദഗതി അങ്ങേയറ്റം ദൗർഭാഗ്യകരമായ ഒന്നാണ്. കേരള ചരിത്രത്തിൽ മനുഷ്യാവകാശങ്ങൾക്കും സ്വതന്ത്രമായ ജീവിത മുന്നേറ്റത്തിനും തടസ്സമായി നിൽക്കുന്ന പോലീസിന്റെ പ്രവർത്തനങ്ങളെ നിയന്ത്രിക്കാനാണ് ഈ നിയമംതന്നെ ഉണ്ടാക്കിയിട്ടുള്ളത്. ഇന്ത്യാ ചരിത്രത്തിലെ ഏറ്റവും സുപ്രധാനമായ സുപ്രീംകോടതി വിധിയായിരുന്നു പ്രകാശൻ കേസിലെ വിധി. ഇന്ത്യയിൽ ഉണ്ടാകുന്ന fake encounters, പോലീസിന്റെ അതിക്രമങ്ങൾ, വിവിധ പ്രദേശങ്ങളിൽ ഉണ്ടാകുന്ന പോലീസിന്റെ അടിച്ചമർത്തലുകൾ, അതിനെതിരെ ഒരു വ്യക്തിക്ക് സ്വതന്ത്ര ഭാരതത്തിൽ കൊടുക്കാൻ കഴിയുന്ന നിയമങ്ങളെ, അവകാശങ്ങളെ സംബന്ധിച്ച് പ്രത്യേകമായി പരാമർശിച്ചതിന്റെ ഫലമായി ഇന്ത്യയിലെ പോലീസ് സംവിധാനത്തിൽ കാതലായ മാറ്റം വരുത്താനുദ്ദേശിച്ചുകൊണ്ടായിരുന്നു സുപ്രീംകോടതിയുടെ പ്രകാശൻ കേസിലെ വിധി. ആ വിധിക്ക് അനുസൃതമായാണ് ഓരോ സംസ്ഥാനങ്ങളിലും നിയമനിർമ്മാണങ്ങൾ നടത്തിയത്. ഇന്നത്തെ സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറിയായ ശ്രീ. കോടിയേരി ബാലകൃഷ്ണനായിരുന്നു അന്ന് ആഭ്യന്തര വകുപ്പുമന്ത്രി എന്ന നിലയിൽ ഈ ബിൽ പൈലറ്റ് ചെയ്ത് ഇവിടെ അവതരിപ്പിച്ചത്. അതിലെ ശ്രദ്ധേയമായ വകുപ്പായിരുന്നു പോലീസ് കംപ്ലെയിന്റ്സ് അതോറിറ്റി. പോലീസിന്റെ അതിക്രമമുണ്ടായാൽ പൗരന് ആ പോലീസ് ഉദ്യോഗസ്ഥനെതിരായി ആ അതോറിറ്റിയുടെ മുമ്പിലാണ് സമീപിക്കാൻ കഴിയുന്നത്. ആ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാകുകയാണെങ്കിൽ പോലീസ് ഉദ്യോഗസ്ഥന്മാർ പൗരാവകാശങ്ങളെയും ജനാധിപത്യാവകാശങ്ങളെയും വ്യക്തിയുടെ അറസ്റ്റ് ഉൾപ്പെടെയുള്ള കാര്യങ്ങളിലെ സുപ്രീംകോടതി വിധികളെയും മാനിക്കാൻ നിർബന്ധിതനാകുന്ന ഒന്നാണത്. സമൻസ് അയച്ചുപോലും ഒരു പോലീസ് ഉദ്യോഗസ്ഥനെ വിളിപ്പിക്കാൻ കഴിയുന്നതാണ്. ഞാൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നപ്പോൾ ഞങ്ങളെ വെറുതെ വിളിച്ച് അവിടെക്കൊണ്ടിരുത്തുകയാണെന്ന് ഐ.പി.എസ്.-കാർ എന്നോട് പരാതിപ്പെട്ടിട്ടുണ്ട്. പോലീസ് ഉദ്യോഗസ്ഥന്മാരുടെ ഇംഗിതം അനുസരിച്ചാണ് ഇപ്പോൾ ഈ നിയമഭേദഗതി വന്നിരിക്കുന്നത്. നാളെ ഭരണം മാറും, നാളെ ആര് ഭരിച്ചാലും അവരുടെ ഭാഗത്തുനിന്നും അതിക്രമങ്ങൾ ഉണ്ടാകാനുള്ള സാധ്യത തള്ളിക്കളയരുത്. അതിനെതിരെ പരാതിപ്പെടാൻ കഴിയുന്ന ഒരു സ്ഥാപനമാണ് പോലീസ് കംപ്ലെയിന്റ്സ് അതോറിറ്റി. പോലീസുകാർക്ക് ഭയമുള്ള ഏക സ്ഥാപനമെന്ന് പറയുന്നത് പോലീസ് കംപ്ലെയിന്റ്സ് അതോറിറ്റിയാണ്. ആ അതോറിറ്റിയിൽ വരുന്ന അംഗങ്ങൾ കൂട്ടായ തീരുമാനമെടുത്താൽ മാത്രമേ അതുകൊണ്ട് പ്രയോജനം ഉണ്ടാകൂ. ഇവിടെ ക്വാറം വേണ്ടായെന്ന് നിങ്ങൾ പറയുന്നു. ക്യാബിനറ്റിന് ക്വാറം വേണ്ടേ; നിയമസഭയ്ക്ക് ക്വാറം വേണ്ടേ; കമ്മീഷനും ട്രിബ്യൂണലും തമ്മിൽ വ്യത്യാസമുണ്ട്. ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രി അങ്ങ്

ഒന്നുകൂടി ഇത് ശ്രദ്ധിക്കണം. കാരണം ഇങ്ങനെ ഓരോ മെമ്പർമാർക്കും തീരുമാനം എടുക്കാൻ അധികാരം കൊടുത്തുകഴിഞ്ഞാൽ, അവിടെ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, collective wisdom ഉണ്ടാകുന്നില്ല. ആ അതോറിറ്റിയുടെ മുമ്പിൽ വരുന്ന ഒരാൾക്ക് നീതി ലഭ്യമാക്കാനുള്ള സാധ്യതകൾ minimize ചെയ്യപ്പെടുകയാണ്. കൂട്ടായ തീരുമാനത്തിന്റെ അഭാവംമൂലം പരാതിക്കാരന് നീതികിട്ടാത്ത അവസ്ഥയിലേയ്ക്ക് എത്തിച്ചേരും. ബഹുമാന്യനായ മന്ത്രി ഇവിടെ പറഞ്ഞു, ഈ ഒരു നിയമം പാസ്സാക്കിയാലും വേണമെങ്കിൽ നമുക്ക് നാളെയും മാറ്റാമല്ലോയെന്ന്, When we are passing a legislation, we have to be very very careful. കാരണം ഇത് കേരളത്തിലെ മൂന്നരക്കോടി ജനങ്ങളെ ബാധിക്കുന്ന ഒരു കാര്യമാണ്. നിയമസഭയിൽ ഒരു ബിൽ കൊണ്ടുവന്ന് പാസ്സാക്കുമ്പോൾ ഓരോ നിയമസഭാംഗവും ആ ബില്ലിന്റെ ഗൗരവത്തെക്കുറിച്ച് മനസ്സിലാക്കണം. അതിനാണ് ലെജിസ്ലേറ്റീവ് അതോറിറ്റി നമുക്ക് തന്നിരിക്കുന്നത്. ഈ നിയമസഭയുടെ ഏറ്റവും പ്രധാനപ്പെട്ട ചുമതല ലെജിസ്ലേറ്റ് ചെയ്യുക എന്നുള്ളതാണ്. ഇത്തരം തെറ്റായ ഒരു ലെജിസ്ലേഷൻ വരുന്നത് ഭാവിയിൽ കേരളത്തെ എങ്ങനെ ബാധിക്കുമെന്ന് ചൂണ്ടിക്കാണിക്കാനുള്ള ബാധ്യതയുള്ളതുകൊണ്ടാണ് ഞാൻ ഇത് പറയുന്നത്. ഈ നിയമം വരുന്നതോടുകൂടി നാളെ പോലീസ് ഉദ്യോഗസ്ഥന്മാർക്കു നേരെ ഉണ്ടാകുന്ന പരാതികൾ ഫലപ്രദമായി ഡിസ്പോസ് ചെയ്യാൻ കഴിയാത്ത അവസ്ഥയുണ്ടാകുമെന്ന് ഞാൻ ഭയപ്പെടുന്നു. ബഹുമാനപ്പെട്ട മന്ത്രി ഒറ്റ പോയിന്റാണ് പറഞ്ഞത് - speedy disposal of the cases, Justice delayed is justice denied, ഞാൻ അംഗീകരിക്കുന്നു. പക്ഷേ നിയമ വകുപ്പുമന്ത്രിയോട് എനിക്ക് പറയാനുള്ളത്, അത് സ്പീഡായ ഡിസ്പോസലിനുവേണ്ടിയുള്ള സംവിധാനം ഒരുക്കാനുള്ളതാണ്. ഞങ്ങളുടെ കാലത്ത് ഞങ്ങൾക്ക് എല്ലാ ജില്ലയിലും കംപ്ലെയിന്റ്സ് അതോറിറ്റികൾ രൂപീകരിക്കാൻ കഴിഞ്ഞിരുന്നില്ല. അതിന് പല കാരണങ്ങളുണ്ട്. ധനകാര്യ വകുപ്പ് അംഗീകരിക്കില്ല, അങ്ങനെ പല പല കാരണങ്ങൾകൊണ്ടാണ് ചെയ്യാൻ കഴിയാതിരുന്നത്. പക്ഷേ അതിന്റെ പേരിൽ പൗരന്റെ അവകാശങ്ങൾ, പൗരന്റെ പരാതികൾ ഫലപ്രദമായി കൈകാര്യം ചെയ്യാൻ പോകുന്ന ഒരു അതോറിറ്റിയെ ദുർബലപ്പെടുത്തരുതെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u>: 2018-ലെ കേരള പോലീസ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ....

അനുകൂലിക്കുന്നവർ

പ്രതികൂലിക്കുന്നവർ

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

# XI അറിയിപ്പ്

## ഭരണഘടനാ സാക്ഷരതാ പുസ്തകത്തിന്റെ പ്രകാശനം

മി. സ്പീക്കർ : അടുത്ത ബിൽ എടുക്കുന്നതിനുമുമ്പ് ഒരു അറിയിപ്പുണ്ട്. ഇന്ത്യൻ ഭരണഘടനയെ സംബന്ധിച്ച് അടിസ്ഥാനപരമായ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാന വ്യാപകമായി ഭരണഘടനയുടെ മൂല്യങ്ങളേയും അതിന്റെ ധാർമ്മികതയേയും അത് സമൂഹത്തിന് നൽകുന്ന സുരക്ഷിതത്വത്തേയും സംബന്ധിച്ചുള്ള അവബോധം പുതിയ തലമുറയിലും സമൂഹത്തിലും വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാന സാക്ഷരതാ മിഷന്റേയും നിയമസഭയുടെയും സംയുക്താഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന ഭരണഘടനാ സാക്ഷരതാ ജനകീയ വിദ്യാഭ്യാസ പരിപാടിക്കായി തയ്യാറാക്കിയിട്ടുള്ള ഒരു കൈപ്പുസ്തകം 'ഭരണഘടനാ സാക്ഷരതാ പുസ്തക'ത്തിന്റെ പ്രകാശനകർമ്മം ഇന്ന് വൈകുന്നേരം മൂന്നുമണിക്ക് നിയമസഭാമന്ദിരത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ നടക്കുന്നുണ്ട്. പ്രസ്തുത ചടങ്ങിൽ ഭരണഘടനയെ സംബന്ധിച്ച് റിട്ട. ജസ്റ്റിസ് കെ. കെ. ദിനേശൻ പ്രഭാഷണം നടത്തുന്നതാണ്. എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും പ്രസ്തുത ചടങ്ങിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) സർ, ഇന്ത്യൻ ഭരണഘടന അവബോധത്തെ സംബന്ധിച്ച് എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രാഥമികമായിട്ടുള്ള ബോധം ഉണ്ടാക്കണമെന്ന് ബഹുമാനപ്പെട്ട ഗവർണർ നേരിട്ടും പൊതുവേദിയിലും പറഞ്ഞിട്ടുണ്ട്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഭരണഘടനയോടും, കോടതിയോടുമൊക്കെ കൂടുതൽ വിശ്വാസമുണ്ടാകുന്നത് നല്ല കാര്യമാണ്. ബൂർഷ്വാകോടതി തുലയട്ടെ എന്നൊന്നും ഇനി പറയാതിരിക്കട്ടെ, സുപ്രീംകോടതി വിധി വരുമ്പോൾ ആ വിധിയെ നിങ്ങൾ അംഗീകരിക്കട്ടെ എന്നാണ് എന്റെ ആശംസ.

മി. സ്പീക്കർ : ഏതായാലും ഭരണഘടനയെ സംബന്ധിച്ചുള്ള ധാർമ്മികത പഠിപ്പിക്കുന്ന കാര്യത്തിൽ ഇനിയൊരു തർക്കത്തിനുപോകേണ്ട.

## നിയമനിർമ്മാണകാര്യം (തുടർച്ച)

### (ii) 2018-ലെ കോഴിക്കോട് സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബിൽ

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ, ബന്ധുനിയമന വിവാദത്തിൽപ്പെട്ട ബഹുമാനപ്പെട്ട മന്ത്രി ഡോ. കെ. ടി. ജലീൽ രാജിവയ്ക്കാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ബില്ലിന്റെ പരിഗണനാവേളയിൽ ഞങ്ങൾ സഭ ബഹിഷ്കരിക്കുന്നു.

(ഡോ. കെ. ടി. ജലീൽ രാജിവയ്ക്കാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭ ബഹിഷ്കരിച്ചു.)

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കോഴിക്കോട് സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി) : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മി. സ്പീക്കർ : പ്രൊഫ. കെ. യു. അരുണന് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കോഴിക്കോട് സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന '2 എ' നമ്പർ ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

പ്രൊഫ. കെ. യു. അരുണൻ : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കോഴിക്കോട് സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന '2 എ' നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കോഴിക്കോട് സർവ്വകലാശാല 1960-കളുടെ അവസാനത്തിലാണ് കേരളത്തിലെ രണ്ടാമത്തെ സർവ്വകലാശാലയായി വരുന്നത്. എന്താണ് ഒരു സർവ്വകലാശാലയുടെ അവകാശങ്ങൾ; അതിന്റെ പ്രവർത്തന പരിധികൾ; എന്തൊക്കെ കാര്യങ്ങളാണ് ഇവിടെ ഉൾക്കൊള്ളിക്കേണ്ടത് എന്നതിനെ സംബന്ധിച്ച് നിരവധി തർക്കങ്ങൾ നടക്കുന്ന ഒരു കാലഘട്ടമാണിത്. ഒരു സർവ്വകലാശാലയിലേയ്ക്ക് സിൻഡിക്കേറ്റ് മെമ്പേഴ്സിനെ തെരഞ്ഞെടുക്കുമ്പോൾ, അതുപോലെ അവരെ അങ്ങോട്ട് പറഞ്ഞയയ്ക്കുമ്പോൾ നമ്മുടെ ജനകീയ താല്പര്യങ്ങൾക്കനുസരിച്ച് തെരഞ്ഞെടുപ്പുകൾ കഴിഞ്ഞ് അവിടെ

എത്തുന്ന ആൾക്കാരൊക്കെ സർവ്വകലാശാലയെ സംബന്ധിച്ച് സമഗ്രമായൊരു കാഴ്ചപ്പാടില്ലാത്തവരായി പലപ്പോഴും മാറുന്നുണ്ട്. ഇപ്പോഴും ഞാനോർക്കുന്നു; ഡോ. യു. ആർ. അനന്തമൂർത്തി എം. ജി. സർവ്വകലാശാലയുടെ നല്ലൊരു വൈസ്ചാൻസലറായിരുന്നു. അദ്ദേഹത്തിന്റെ 'സംസ്കാര', 'അവസ്ഥ' തുടങ്ങിയ നോവലുകളിൽ നിന്നൊക്കെത്തന്നെ നമുക്ക് ലഭിക്കുന്ന മതേതര സംസ്കാരിക സംഭാവന മഹത്തരമാണ്. അതുകൊണ്ടാണ് അദ്ദേഹം ഇവിടെനിന്ന് പോയപ്പോൾ ചില വ്യക്തികൾ അദ്ദേഹത്തിന് പാക്കിസ്ഥാനിലേയ്ക്കുള്ള ടിക്കറ്റ് എടുത്ത് കൊടുക്കാമെന്നു പറഞ്ഞത്. പവിത്രൻ തീക്കുനിയുടെ പുസ്തകത്തിന് 2000 രൂപയാണ് വില. അദ്ദേഹത്തിന്റെ പുസ്തകങ്ങൾ വായിക്കാനുള്ള പരിശ്രമം നടത്തണം. ഒരു വൈസ്ചാൻസലറോ അല്ലെങ്കിൽ സിൻഡിക്കേറ്റ് മെമ്പറോ ആയ ആളെ സംബന്ധിച്ചിടത്തോളം ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ്, ഇംഗ്ലീഷ്, മലയാളം, ജനറൽ എഡ്യൂക്കേഷൻ ഹ്യുമാനിറ്റീസ്, സംസ്കൃതം എന്നിവയിൽ ശരാശരി അറിവ് ആർജ്ജിക്കുവാൻ പരിശ്രമിക്കുന്ന വ്യക്തിയെങ്കിലും ആയിരിക്കണം. ഏതെങ്കിലും ഒരു സ്ഥലത്തുനിന്ന് ഒരു ടീം ബാസ്കറ്റ് ബോൾ കളിച്ച് ജയിച്ചുവന്നാൽ എത്ര ഗോൾ അടിച്ചുവെന്ന് ചോദിക്കുന്ന ആളാണ് വൈസ്ചാൻസലർ. നമ്മുടെ നാട്ടിലുണ്ടായ കാര്യമാണിത്. അതിനാൽ ഇതിനെ കുട്ടിക്കളിയായി കാണരുതെന്നാണ് എന്റെ വിനീതമായ അപേക്ഷ.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. ഇ.കെ. വിജയൻ]

ശ്രീ. പി. സി. ജോർജ് : സർ, ഇവിടെ ഒരു വൈസ്ചാൻസലറുടെ യോഗ്യത പറഞ്ഞ സ്ഥിതിക്ക് പ്രൊഫ. കെ. യു. അരുണനെ ആ സ്ഥാനത്തേയ്ക്ക്, ഒരു വൈസ്ചാൻസലറാക്കാൻ കൊള്ളാമോ?

പ്രൊഫ. കെ. യു. അരുണൻ : സർ, അതിനെക്കാൾ വലിയൊരു യോഗ്യത എനിക്കുണ്ട്. മാർക്സിസം-ലെനിനിസത്തിൽ വിശ്വസിച്ചതുകൊണ്ട് എന്റെ വീട്ടിൽ നിന്ന് ഒരാളെ പിടിച്ചുകൊണ്ടുപോയി തല്ലിക്കൊന്നു. അദ്ദേഹം കിടന്നിരുന്ന കട്ടിലിൽനിന്ന് എഴുന്നേറ്റ് വരുന്നവനാണ് ഞാൻ. ഇന്ത്യൻ റിപ്പബ്ലിക് രാജ്യത്തെ രക്തസാക്ഷിയാണ്. നാമൊക്കെ രാഷ്ട്രീയമുള്ളവർ തന്നെയാണ് പക്ഷെ, ഒരാളെ പറഞ്ഞയയ്ക്കുമ്പോൾ അത് നമുക്കൊരു നാണക്കേടായി ഭവിക്കരുതെന്നുള്ള നിലയ്ക്ക് പറഞ്ഞതാണ്. അതുകൊണ്ട് വൈസ്ചാൻസലറാകുമ്പോൾ ആദ്യത്തെ കവിത മുതൽ പവിത്രൻ തീക്കുനി വരെയെങ്കിലും, ആദ്യത്തെ നാടകം മറിയാമ്മ തുടങ്ങി സലൈവ മിൽക്ക്ഷെയ്ക്ക് വരെയെങ്കിലും, സിനിമ-ഏറ്റവും ചുരുങ്ങിയത് നീലക്കുയിൽ തുടങ്ങി ഒരു മെക്സിക്കൻ അപാരത വരെയെങ്കിലും കണ്ടിരിക്കണം. അങ്ങനെ ജീവിതം ഇത്തരം സാംസ്കാരിക പ്രവർത്തനങ്ങൾക്കുവേണ്ടി ഉഴിഞ്ഞുവച്ച, ഇടതുപക്ഷ ആഭിമുഖ്യമുള്ള ഒരാളെ നോക്കി വേണം ഇവിടേയ്ക്ക് പറഞ്ഞയയ്ക്കാൻ. നാടകങ്ങൾ,

കവിത, നോവൽ, ഏറ്റവും ആദ്യത്തെ നോവൽ തുടങ്ങി അവസാനത്തെ നോവൽവരെ വായിക്കു, വായിക്കാനുള്ള സമയം ഉണ്ടാക്കണം. വിദ്യാഭ്യാസ വകുപ്പുമന്ത്രിയെയും ഡോ. കെ. ടി. ജലീലിനെയുമൊന്നും ആ രൂപത്തിലെടുക്കരുത്. എനിക്കറിയാം ഞാൻ പ്രിൻസിപ്പാളായിരിക്കുന്ന സമയത്ത്, അത്യാവശ്യം സമരമുഖത്ത് നിൽക്കുമ്പോൾ സമരത്തിന്റെ തീക്ഷ്ണതയിൽ ചെയ്തുപോകുന്ന ചില കാര്യങ്ങളൊക്കെ ചെയ്തിട്ടുള്ള ആളാണ് നമ്മുടെ ബഹുമാനപ്പെട്ട സ്പീക്കർ. ഞാനിപ്പോൾ തുറന്നുപറയുന്നത്, അതിനുള്ള അവസരം ആയതുകൊണ്ടുതന്നെയാണ്. അസംബ്ലിയിൽ കാര്യങ്ങൾ തുറന്നു പറയാനുള്ളതാണ്. അതിനെ ആരും തെറ്റിദ്ധരിക്കണ്ട, നുണയും പറയേണ്ട; ഒരു അദ്ധ്യപകനുണ്ടാകുന്ന മെച്ചങ്ങളാണ് ഇവയൊക്കെ. കഴിഞ്ഞ അസംബ്ലിയിൽ നാല് സ്റ്റുഡന്റ്സ് ഉണ്ടായിരുന്നു, ഇപ്പോഴതില്ല. അതു പോകട്ടെ, ഞാനെന്റെ വിഷയത്തിൽ നിന്ന് മാറേണ്ടെന്ന് വിചാരിച്ചതാണ്. ഒരു സർവ്വകലാശാലയിൽ സ്പോർട്സിന് പ്രാധാന്യം വേണം.

<u>ശ്രീ. പി. സി. ജോർജ്</u> : സർ, സ്പീക്കർ ആകുന്നതിനുമുമ്പ് അങ്ങ് പഠിപ്പിച്ചുവിട്ട സ്വഭാവമാണോ എം.എൽ.എ. ആയിരുന്നപ്പോഴും അദ്ദേഹം തുടർന്നിരുന്നത്.

<u>പ്രൊഫ. കെ. യു. അരുണൻ</u> : സർ, കുറച്ചുകൂടി സ്വഭാവം നന്നായിട്ടുണ്ട്.

<u>ശ്രീ. എം. നൗഷാദ്</u>: സർ, ഹൈസ്കൂൾ അദ്ധ്യാപകർക്ക് സർവ്വകലാശാല വി. സി. മാരാകാൻ സാധിക്കില്ലേ; അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

<u>പ്രൊഫ. കെ. യു. അരുണൻ</u> : തീർച്ചയായും സാധിക്കും. സർവ്വ കലകളെയും സംബന്ധിച്ച് അറിയണമെന്നുള്ള അർത്ഥത്തിൽ മാത്രമല്ല, എല്ലാ വിജ്ഞാന ശാഖകളിലും ശരാശരി അറിവ് ആർജ്ജിക്കാം. പഴയ കൺവെൻഷണൽ സമ്പ്രദായം ഒന്നുമല്ലല്ലോ. ഫിസിക്സും കെമിസ്ട്രിയും മാത്തമറ്റിക്സും ഒന്നുമല്ലല്ലോ. ഇപ്പോൾ ഇൻഡസ്ട്രിയൽ മൈക്രോബയോളജി, മൈക്രോബയോളജി, ഇൻഫർമേഷൻ സയൻസ് തുടങ്ങിയ എന്തെല്ലാം കോഴ്സുകളുണ്ട്? കയ്യിലിരിക്കുന്ന ലന്തപ്പഴം പോലെ ഒരു കാര്യം രാത്രി ഇരുന്ന് പഠിച്ചാൽ അത്യാവശ്യം ഹൃദിസ്ഥമാക്കാൻ കഴിയുന്ന ആൾക്കാരെയെങ്കിലും പറഞ്ഞയയ്ക്കണമെന്നാണ് പറഞ്ഞത്. വായിച്ചാൽ മനസ്സിലാകാത്ത കാര്യങ്ങൾ എന്തെങ്കിലുമുണ്ടോ? അതിൽ വരുന്ന പ്രധാനപ്പെട്ട ഒന്നാണ് സ്പോർട്സ്. സ്പോർട്സ് ടീച്ചർ ഇല്ല. ഫിസിക്കൽ എഡ്യൂക്കേഷനില്ല. അതും ബി.എഡ്. തന്നെയാണ്. അഥവാ കായികാദ്ധ്യാപകൻ വന്നില്ലെങ്കിൽ 'ഓൺ യുവർ മാർച്ച് സ്റ്റാർട്ട്' എന്നു പറഞ്ഞ് ഒരു സ്റ്റാർട്ട് കൊടുക്കാൻ കഴിയണ്ടേ. ഒരു കുട്ടി എന്താണ് ഹോക്കിയെന്ന് ചോദിച്ചാൽ it is of Indian origin എന്നും ഇന്ത്യയ്ക്ക് ആദ്യമായി സ്വർണ്ണം ലഭിച്ചത് ഹോക്കിക്കാണെന്നും പറഞ്ഞുകൊടുക്കണ്ടേ; ഫുട്ബോളിൽ ഇന്ത്യയുടെ സ്ഥാനം 136-ൽ നിന്നും 96 ആയി. കബഡിയുടെ സ്ഥാനമെന്താണ്? പഴയ കാലത്തെ

സത്യജിത് റേ, മൃണാൽ സെൻ, മണി കൗൾ തുടങ്ങിയവരുടെ സിനിമകളെക്കുറിച്ച് കുട്ടികൾ ചോദിക്കുമ്പോൾ രാത്രിയിലായാലും സിനിമ കണ്ട് അതിനെക്കുറിച്ച് പറഞ്ഞുകൊടുക്കാനുള്ള ബാധ്യത അദ്ധ്യാപകർ നിറവേറ്റണം. സിനിമയും സ്പോർട്സും കാണാൻ പോകാത്ത, ട്രാക്ക് വരയ്ക്കാൻ കഴിയാത്ത അദ്ധ്യാപകർക്ക് കോളേജിൽ പഠിപ്പിക്കാൻ കഴിയുമോ? ഒരു മനുഷ്യന് സമൂഹത്തെ സംബന്ധിച്ചുള്ള വീക്ഷണത്തിന്റെ അടിസ്ഥാനത്തിലാണ് വിദ്യാഭ്യാസ പദ്ധതിക്ക് രൂപം കൊടുക്കേണ്ടത്. കുട്ടികൾ എവിടെ നിൽക്കുന്നുവെന്ന് അറിയണ്ടേ? ഇനി ഞാൻ പറയുന്നത് വ്യക്തിപരമാണ്, സദയം ക്ഷമിക്കുക. അടുത്ത ഒരു ദിവസം അശോകൻ ചരുവിൽ എന്ന പ്രസിദ്ധനായ കഥാകൃത്ത് ദേശാഭിമാനിയിൽ എഴുതി-വളരെ ദുഃഖത്തോടുകൂടി പറയുകയാണ്-ഡയസിൽ സ്പീക്കർ ആയിരുന്നെങ്കിൽ കുറച്ചുകൂടി രസകരമായിരുന്നു. ശ്രീ. കെ. സുരേഷ് കുറുപ്പ് ഉൾപ്പെടെയുള്ളവർക്ക് അറിയാവുന്ന കാര്യമാണ്. കുട്ടികളുടെ തോളിൽ കയ്യിട്ട് നടക്കുന്ന അദ്ധ്യാപകനെന്നു പറഞ്ഞ് ശിക്ഷ അനുഭവിച്ച ആളാണ് ഞാൻ. ഞാൻ തോളിൽ കയ്യിട്ട് നടന്നവരൊക്കെ ഇന്ന് പ്രസിദ്ധരാണ്. കേരളത്തിലെ ഏറ്റവും വലിയ ഫിലിം പ്രൊഡ്യൂസ് ചെയ്ത വിന്ധ്യൻ, കേരളത്തിലെ ഏറ്റവും നല്ല നടനായ രാജേന്ദ്രൻ, കെ.പി.എ.സി.ക്കും കാളിദാസ കലാകേന്ദ്രത്തിനും നാടകങ്ങൾ എഴുതി ക്കൊടുത്തിട്ടുള്ള ശ്രീ. ടി. ആർ. ഹരി തുടങ്ങിയ നിരവധിപേർ അതിൽപ്പെട്ടവരാണ്. നമ്മൾ പഠിപ്പിച്ച കുട്ടികളെ ക്ലാസ് റൂമുകളിൽ മാത്രമല്ല, സമൂഹത്തിന്റെ ഉന്നതങ്ങളിൽ എത്തിക്കാനുള്ള ബാധ്യത അദ്ധ്യാപകർക്കുണ്ട്. Take the students outside the class room. കുട്ടികളെ ക്ലാസ് റൂമുകളിൽനിന്ന് പുറത്തേയ്ക്ക് കൊണ്ടുവന്ന് എന്താണ് ലോകമെന്ന് പഠിപ്പിക്കണം. ഏതെങ്കിലും കൊലപാതകം നടന്നാൽ ഇങ്ങോട്ട് പോരൂ എന്നു പറഞ്ഞ് പിടിച്ചു വലിച്ചുകൊണ്ടുപോകാതെ, തെരുവിൽ നിണച്ചാലിൽ, രുധിരമധ്യത്തിൽ കിടക്കുന്ന ശവശരീരം കാണിച്ച് ഇത് വർഗ്ഗീയതയുടെ അനന്തരഫലമാണെന്ന് പറഞ്ഞു കൊടുക്കണം.

<u>ശ്രീ. സജി ചെറിയാൻ</u>: സർ, അങ്ങ് പഠിപ്പിച്ച വിദ്യാർത്ഥികളിൽ പ്രഗത്ഭരായ ധാരാളംപേരുണ്ട്. നശിച്ചുപോയവർ ആരെങ്കിലുമുണ്ടോ?

<u>പ്രൊഫ. കെ. യു. അരുണൻ</u>: സർ, ഇത് വളരെ പ്രധാനപ്പെട്ട ചോദ്യമാണ്. വളരെ ദുഃഖത്തോടെ ഒരു പയ്യൻ എന്നോട് 'സാർ പറഞ്ഞതും പഠിപ്പിച്ചതുമായ കാര്യങ്ങൾ നിത്യജീവിതത്തിൽ നടപ്പിലാക്കിയതിന്റെ പേരിൽ ദുരിതമനുഭവിച്ച് ആത്മഹത്യയ്ക്കു വേണ്ടി ഒരു തുരുത്ത് അന്വേഷിച്ച് നടക്കുകയാണ് ഞാൻ' എന്നുപറഞ്ഞു. 'സത്യം വദാ ധർമ്മം ചരാ' എന്ന നാടകം കണ്ടിട്ടില്ലെങ്കിൽ അതൊന്ന് കാണണം. മാഷ് പഠിപ്പിച്ചതുപോലെ, സത്യം പറഞ്ഞതുകൊണ്ടും ധർമ്മം ചരിച്ചതുകൊണ്ടും അച്ഛനമ്മമാർ ഉൾപ്പെടെയുള്ളവർ എന്നെ തടവിൽ ഇട്ടിരിക്കുകയാണ്. അദ്ധ്യാപകൻ അവിടേയ്ക്ക് ചെന്നപ്പോൾ കുട്ടി ചോദിച്ചത് ഇതൊക്കെ സാർ പഠിപ്പിച്ചതല്ലേയെന്നാണ്. അതെ

എന്ന് അദ്ധ്യാപകൻ പറഞ്ഞു. സാർ പഠിപ്പിച്ചത് നിത്യജീവിതത്തിൽ നടപ്പിലാക്കിയതുകൊണ്ട് എനിക്ക് കിട്ടിയ അനുഭവമാണിത്. 'ഞാൻ ഇപ്പോൾ തടവറയിലാണ്. കാലിന്മേലുള്ള എന്റെ തല കണ്ടില്ലേ' എന്ന് കുട്ടി ചോദിച്ചു. ഇതുകണ്ട അദ്ധ്യാപകൻ കർച്ചീഫ് എടുത്ത് കണ്ണൊപ്പുന്നനേരം, കുട്ടി വീണ്ടും പറഞ്ഞു; 'പൂട്ട് ഇളക്കി എന്നെ ഒന്ന് പുറത്തിറക്കുമോ; സാർ പഠിപ്പിച്ച കാര്യങ്ങൾ മാത്രം ജീവിതത്തിൽ നടപ്പിലാക്കിയവനാണ് ഞാൻ'. വിദ്യാഭ്യാസ പദ്ധതി നിത്യജീവിതത്തിൽ നടപ്പിലാക്കിയാൽ ഉണ്ടാകുന്ന വൈരുദ്ധ്യം കൃത്യമായും മനസ്സിലാക്കിയേ മതിയാകൂ. സത്യം വദാ-സത്യം മാത്രം പറഞ്ഞാൽ ആരാണ് രക്ഷപ്പെടുന്നത്. ലോൺ എടുക്കുമ്പോൾ എന്താണ് എഴുതിക്കൊടുക്കുന്നത്. വൈകാരിക തലങ്ങൾ ഒന്ന് സ്പർശിച്ചുവെന്നേയുള്ളൂ. ചോയ്സ് ബെയ്സ്ഡ് ആയി ബി.എസ്.സി., ബി.കോം., ബി.എ. എന്നീ ഡിഗ്രി കോഴ്സുകൾ പഠിക്കാൻ ഏതോ ഒരു യൂണിവേഴ്സിറ്റി അനുവദിച്ചിട്ടുള്ളതായി പറഞ്ഞുകേട്ടിട്ടുണ്ട്. അതിനെക്കുറിച്ച് കൂടുതലൊന്നും അറിയില്ല.

ശ്രീ. റ്റി. വി. രാജേഷ്: സർ, അങ്ങ് ദീർഘകാലം കോളേജ് അദ്ധ്യാപകനായും പ്രിൻസിപ്പാളായും സേവനമനുഷ്ഠിച്ച് ഏതാണ്ട് മൂന്ന് പതിറ്റാണ്ട് കാലത്തെ അദ്ധ്യാപക അനുഭവമുള്ള ഒരാളാണ്. എനിക്ക് അങ്ങയോട് ചോദിക്കാനുള്ള ഒരു കാര്യം, കേരളത്തിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം സ്കൂളുകളും കോളേജുകളുമുണ്ട്. ഇത് നമ്മുടെ സമൂഹത്തിന് ഗുണകരമാണോ? ഒരദ്ധ്യാപകൻ എന്ന നിലയിൽ മൂന്ന് പതിറ്റാണ്ടുകാലത്തെ വിലപ്പെട്ട അനുഭവങ്ങളുള്ള അങ്ങ് ഇക്കാര്യത്തിൽ എന്ത് നിലപാടാണ് സ്വീകരിക്കുന്നത്?

പ്രൊഫ. കെ. യു. അരുണൻ: സർ, സർവ്വകലാശാലകളുടെ ഇക്കാര്യത്തിലുള്ള കാഴ്ചപ്പാടിൽ വലിയ പ്രാധാന്യമുണ്ട്. അതിനൊക്കെ അപ്പുറം ഒരദ്ധ്യാപകനാണെങ്കിൽ ഒരു ബഞ്ചിൽ ഒരാൺകുട്ടി തൊട്ടടുത്തൊരു പെൺകുട്ടി എന്ന രീതിയിൽ ഒരു ബഞ്ചിൽ 7 കുട്ടികളെ വീതം ഇരുത്തി സുന്ദരമായി പഠിപ്പിക്കാം. പഠിപ്പിക്കുന്ന ആൾ യഥാർത്ഥ അദ്ധ്യാപകനായിരിക്കണം എന്നേയുള്ളൂ. അങ്ങനെ വേണമെന്ന അഭിപ്രായക്കാരനാണ് ഞാൻ. എന്റെ ജീവിതത്തിൽ അങ്ങനെയാണ് ചെയ്തിരിക്കുന്നത്. കോ-എഡ്യൂക്കേഷൻ വേണമെന്നാണ് പറയുന്നത്. സെന്റ് ജോസഫ് കോളേജ് പെൺകുട്ടികൾക്ക് മാത്രമാണ്, അവിടെ ആൺകുട്ടികൾക്കും പ്രവേശനം നൽകണം. ക്രൈസ്റ്റ് കോളേജിൽ ഇപ്പോൾ പെൺകുട്ടികൾക്കും പ്രവേശനം അനുവദിച്ചിട്ടുണ്ട്. ഇരിങ്ങാലക്കുട മണ്ഡലത്തിലെ കാര്യം ഞാൻ പറഞ്ഞുവെന്നേയുള്ളൂ. ഇബ്സന്റെ പഴയകാല നാടകങ്ങളിൽ പറയുന്നതുപോലെ കോ-എഡ്യൂക്കേഷൻ വളരെ നിർബന്ധമാണ്. ആൺകുട്ടിയും പെൺകുട്ടിയും ഇല്ലാതെ എന്ത് ജീവിതം; ക്ഷമിക്കണം, അത്യാവശ്യം platonic love (പരിശുദ്ധ പ്രേമം) ഇല്ലാതെ എന്തൊരു ക്യാമ്പസ് ആണ്?

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, വിദ്യാഭ്യാസത്തെക്കുറിച്ച് പറയുമ്പോൾ വളരെ സ്വതന്ത്രമായ ഒരു അന്തരീക്ഷം യൂണിവേഴ്സിറ്റികളിലും കോളേജുകളിലും വേണമെന്നാണ് മാഷ് പറയുന്നത്. അതുതന്നെയാണ് വിദ്യാഭ്യാസപരമായി ചിന്തിക്കുന്നവരൊക്കെ പറയുന്നത്. എന്നാൽ ഇന്ന് യൂണിവേഴ്സിറ്റികളൊക്കെത്തന്നെ തടവറകളായി മാറുകയാണ്. 2006-2007 കാലഘട്ടത്തിൽ വന്ന ലിന്ദോ കമ്മീഷൻ ഉൾപ്പെടെ വിദ്യാർത്ഥികളുടെ ജനാധിപത്യപരമായുള്ള ഇടപെടലുകൾ ഇല്ലാതെയാക്കി. അതിനുശേഷം നിരവധിയായ മാറ്റങ്ങൾ വന്നു. ഇപ്പോൾ ഭരണകൂടത്തിന്റെ, പ്രത്യേകിച്ച് കേന്ദ്ര ഭരണത്തിന്റെ അജണ്ടകൾ നടപ്പിലാക്കാനുള്ള ഇൻസ്റ്റിറ്റ്യൂഷനുകളായി യൂണിവേഴ്സിറ്റികൾ മാറിയിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് സ്വതന്ത്രമായി പഠിക്കാൻ പറ്റുന്ന അന്തരീക്ഷം സൃഷ്ടിക്കാൻ കഴിയുന്ന രീതിയിലല്ല യൂണിവേഴ്സിറ്റികൾ പണം ചെലവഴിക്കുന്നത്. ഉദാഹരണത്തിന്, ജെ.എൻ.യു.-വിലെ മെസ് വർക്കർമാർക്ക് വർഷങ്ങളായി ശമ്പളംപോലും കൊടുക്കാതെ, അവർ കടുത്ത പട്ടിണിയിലായ സമയം ലക്ഷക്കണക്കിനുരൂപ മുടക്കി വിവേകാനന്ദന്റെ പ്രതിമയുണ്ടാക്കാനുള്ള ശ്രമമാണ് കേന്ദ്ര സർക്കാർ നടത്തുന്നത്. ഇത്തരത്തിൽ അവരുടെ അജണ്ടകൾ നടപ്പിലാക്കാൻവേണ്ടി യൂണിവേഴ്സിറ്റികളെ ഉപയോഗിക്കുകയും യുവത്വത്തിന് സ്വതന്ത്രമായി വളരാനുള്ള അന്തരീക്ഷം ഇല്ലാതാക്കുകയും ചെയ്യുന്ന നടപടികളല്ലേ ഇപ്പോൾ നടക്കുന്നത്. അതുസംബന്ധിച്ചുള്ള അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. പി. സി. ജോർജ്: സർ, രാജ്യത്ത് 18 വയസ് തികഞ്ഞാൽ വോട്ടവകാശം ലഭിക്കും. ബഹുമാനപ്പെട്ട ഹൈക്കോടതി വിധിച്ചത് വിദ്യാലയത്തിൽ രാഷ്ട്രീയം പാടില്ലെന്നാണ്. വോട്ട് ചെയ്യാൻ പോകുന്നവന് രാഷ്ട്രീയം വേണ്ടെന്ന് പറയുന്നത് മര്യാദയാണോ? പ്രൊഫസർ എന്ന നിലയിൽ ആ വിധിയെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

മി. ചെയർമാൻ: മൂന്ന് മണിക്ക് മറ്റൊരു പ്രോഗ്രാമിൽ പങ്കെടുക്കാമെന്ന് സഭ അംഗീകരിച്ച കാര്യം ഓർമ്മിപ്പിക്കുന്നു.

പ്രൊഫ. കെ. യു. അരുണൻ: നന്ദി. നമ്മുടെ വിദ്യാഭ്യാസ മേഖലയിൽ യൂണിവേഴ്സിറ്റിതലത്തിൽ, ഇപ്പോൾ കേന്ദ്രത്തിൽ പുതിയ സർക്കാർ വന്നതിനുശേഷമുള്ള പ്രശ്നങ്ങളുണ്ട്. പഴയകാലത്തെ കഥ, കുന്തി സൂര്യനെ ധ്യാനിക്കുമ്പോൾ ഒരു തേജോഗോളം വരികയും ഗർഭംധരിച്ച് പ്രസവിക്കുകയും ചെയ്യുന്നതാണ് കർണ്ണൻ. ഇപ്പോൾ വലിയൊരു അഭിമാനമായിട്ടാണ് പറയുന്നത്. അതൊരു നല്ല കഥതന്നെയാണ്. ഇപ്പോൾ പറയുന്നത് ഒരു ജനിതക ശാസ്ത്രം ഞങ്ങളുടെ നാട്ടിലുണ്ടായിരുന്നു, അങ്ങനെയാണ് കുന്തി കർണ്ണനെ സൃഷ്ടിച്ചത് എന്നാണ്. ഞങ്ങളുടെ നാട്ടിൽ പ്ലാസ്റ്റിക് സർജറി ഉണ്ടായിരുന്നുവെന്നും അങ്ങനെയാണ് ഗണപതിക്ക് ആനമുഖം വന്നതെന്നും പറയുന്നു. അങ്ങനെ എല്ലാ കാര്യത്തിലും നിരവധി ഉദാഹരണങ്ങളുണ്ട്. ആ തരത്തിൽ

കരിക്കുലത്തെയും സിലബസിനെയുമൊക്കെത്തന്നെ saffronise ചെയ്യുകയാണ്. Saffronisation of education എന്നുള്ള തരത്തിലാണ് ഇപ്പോൾ പൂർണ്ണമായും കാര്യങ്ങൾ നീങ്ങുന്നത്. വേദകാല ഗണിതം പഠിപ്പിച്ചാൽ മതി, യൂറോപ്യൻ മാത്തമാറ്റിക്സ് വേണ്ട എന്നുള്ള നിലപാടാണ്. 'ഞങ്ങളും ഞങ്ങളും ഞങ്ങളിൽപ്പാതി' എന്നുപറഞ്ഞ് വേദകാല ഗണിതം പഠിപ്പിക്കുക. ഹിസ്റ്ററി എന്നുപറഞ്ഞാൽ ചരിത്രം തുടങ്ങുന്ന കാര്യം പറയുമ്പോൾ പഴയകാലത്തെ വിഭജനമൊന്നും പറ്റുന്നില്ല, ഏൻഷ്യന്റ് ഹിസ്റ്ററി, മിഡീവൽ ഹിസ്റ്ററി, മോഡേൺ ഹിസ്റ്ററി എന്നുള്ള കാര്യങ്ങൾ ഒന്നുംതന്നെ ഈ ചരിത്രകാരന്മാർ അംഗീകരിക്കുന്നില്ല. ആ തരത്തിൽ വിദ്യാഭ്യാസ മണ്ഡലത്തെ സമ്പൂർണ്ണമായും കാവിവൽക്കരിക്കാനുള്ള വളരെ വലിയ പരിശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. സ്പോർട്സിൽ അടക്കംതന്നെ അസ്‌ലൻ ഷാ, ഇനാമുൽ റഹ്മാൻ എന്നിവരെ കളിപ്പിക്കില്ല. പി. യു. ചിത്ര ഒരു അധഃസ്ഥിത വിഭാഗത്തിൽപ്പെട്ട പെൺകുട്ടിയാണെന്ന് തോന്നുന്നു, അതുകൊണ്ട് അതും ഒരു പ്രശ്നമായി നിൽക്കുന്നുണ്ട്. സഫ്ദർജംഗ് എന്ന പേര് പാടില്ല, സഫ്ദർ ഹാഷ്മി റോഡ് പാടില്ല. റോഡുകളുടെ പേരിനെപ്പറ്റിപ്പറഞ്ഞാൽ ഫിറോസ് കോട്ട്‌ല ഗ്രൗണ്ട്, ഫിറോസ് കോട്ട്‌ല പറ്റില്ല. ഫിറോസ് എന്ന പേര് മാറ്റണം, അങ്ങനെ പേരുകളെല്ലാം മാറ്റിക്കൊണ്ടിരിക്കുകയാണ്. ഞാൻ പ്രസംഗം നീട്ടിക്കൊണ്ടു പോകാൻ ഉദ്ദേശിക്കുന്നില്ല. സർവ്വകലാശാലകളെ സംബന്ധിച്ചിടത്തോളം സിൻഡിക്കേറ്റ് മെമ്പർമാർക്ക് വളരെ വലിയ പങ്ക് നിർവ്വഹിക്കാനുണ്ട്. ആ പങ്ക് നിർവ്വഹിക്കുന്നതിന് മനുഷ്യജീവിതത്തെ ചൂഴ്ന്നുനിൽക്കുന്ന സകല കാര്യങ്ങളിലും അറിവ് നേടുന്നതിനുവേണ്ടി ഒരുപാട് പരിശ്രമിച്ച വ്യക്തികളെ മെമ്പർമാരാക്കണം. എന്നാൽ മാത്രമേ വരാനിരിക്കുന്ന നാളിൽ ഒരു മതേതര സർവ്വകലാശാലയെന്ന കോഴിക്കോട് യൂണിവേഴ്സിറ്റിയുടെ പദവിയും വിശേഷണവും നിലനിർത്താൻ കഴിയുകയുള്ളൂ. അതുവച്ചുകൊണ്ടാണ് ഈ ചർച്ച നടക്കുന്നത്.

<u>ശ്രീ. ആർ. രാജേഷ്</u>: സർ, ശബരിമലയുമായി ബന്ധപ്പെട്ട് സുപ്രീംകോടതി വിധി വന്നതിനുശേഷം പ്രധാനപ്പെട്ട ഒരു സാംസ്കാരിക പ്രവർത്തകൻ ചൂണ്ടിക്കാണിച്ചതാണ്. നാമജപ ഘോഷയാത്ര നടക്കുമ്പോൾ അതിൽ കുറച്ച് സ്ത്രീകൾ പങ്കെടുക്കുന്നുണ്ട്. അതിൽ വിദ്യാഭ്യാസമുള്ള സ്ത്രീകളുമുണ്ട്. തങ്ങൾ സ്വയം അശുദ്ധരാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് തെരുവിൽ സമരം ചെയ്യുന്ന സ്ത്രീകളിൽ കേരളത്തിലെ കാമ്പസ്സുകളിൽനിന്ന് ഡിഗ്രിയും എം.എസ്.സി.-യും ഒക്കെ എടുത്തവരുമുണ്ട്. ഇവർ നേടിയ ആ ഡിഗ്രിക്ക് എന്ത് യോഗ്യതയാണുള്ളതെന്ന് ഒരു പ്രമുഖനായ ചിന്തകൻ ചോദിക്കുകയുണ്ടായി. ഏത് ഡിഗ്രിയെടുത്താലും ഭരണഘടനയെക്കുറിച്ചും അനാചാരങ്ങളെക്കുറിച്ചുമൊക്കെ ഏതൊരു വിദ്യാർത്ഥിയും പഠിച്ചിരിക്കണം എന്നൊരു നിർദ്ദേശം പ്രൊഫ. രാജൻ കുരുക്കൾ ചെയർമാനായ ഹയർ എഡ്യൂക്കേഷൻ കൗൺസിൽ മുന്നോട്ടുവച്ചിട്ടുണ്ട്, ഇതിനെ സംബന്ധിച്ച് താങ്കളുടെ അഭിപ്രായമെന്താണ്?

പ്രൊഫ. കെ. യു. അരുണൻ: സർ, വീണ്ടും പറയുകയാണ് ഇവിടെയൊക്കെ അദ്ധ്യാപകർക്കുള്ള ഒരു പങ്കുണ്ട്. പാഠപുസ്തകങ്ങൾ പലതും കാണും, അത് നമ്മുടെ കുട്ടികൾക്ക് മുന്നോട്ടുപോകുന്നതിന് വൈകാരികമായ ഒരു ഇന്ധനം സംഭാവന ചെയ്യുന്ന തരത്തിൽ ഇന്റർപ്രെട്ട് ചെയ്ത് പഠിപ്പിക്കുകയെന്നുള്ളത് ഒരദ്ധ്യാപകന്റെ കടമയാണ്. എം.എസ്.സി. അല്ലെങ്കിൽ എം. എ. ഡിഗ്രി പാസ്സായി നെറ്റ് പരീക്ഷയെഴുതി ജയിച്ചുവന്നുകഴിഞ്ഞാലുടനെ അയാളെ കോളേജ് അദ്ധ്യാപകനായി നിയമിക്കുന്ന രീതി അവസാനിപ്പിക്കണം. ഞാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മെമ്പറായിരുന്ന ആളാണ്. ഈ തരത്തിൽ വരുന്നവർക്ക് ഒന്നുംതന്നെ അറിയില്ല. ഒരു സബ്ജക്ട് മാത്രമായി ഒതുങ്ങിനിൽക്കുന്നില്ലല്ലോ, അവ നിരവധി വിഷയങ്ങളുമായി ബന്ധപ്പെട്ടുനിൽക്കുന്നതാണ്. പ്രത്യേകിച്ച് നിത്യജീവിതവുമായി ബന്ധപ്പെട്ടു നിൽക്കുന്നതാണ്. നമ്മുടെ നാട്ടിൽ കോ-എഡ്യൂക്കേഷൻ ഇല്ലാതെ വന്നതോടുകൂടി എന്ത് ബന്ധം, ആരുമായി ബന്ധപ്പെടാൻ സാധിക്കും, കുട്ടികൾ തമ്മിൽപ്പോലും ഒരു ബന്ധവുമില്ല.

മി. ചെയർമാൻ: സഭ പിരിഞ്ഞതിനുശേഷം 3 മണിക്ക് ഇന്നൊരു പ്രോഗ്രാമുള്ളതാണ്. ഭേദഗതി അവതരിപ്പിച്ചുകൊണ്ട് താങ്കളുടെ പ്രസംഗം അവസാനിപ്പിക്കു. പ്ലീസ്.

പ്രൊഫ. കെ. യു. അരുണൻ: ഞാൻ എപ്പോൾ വേണമെങ്കിലും അവസാനിപ്പിക്കാം.

ശ്രീ. സജി ചെറിയാൻ: സർ, കേരളത്തിൽ നിരവധി യൂണിവേഴ്സിറ്റികളുണ്ട്. ഹയർ എഡ്യൂക്കേഷനെ സംബന്ധിച്ച, സർവ്വകലാശാലകളുമായി ബന്ധപ്പെട്ട ഒരു വിഷയം ചർച്ച ചെയ്യുന്നതുകൊണ്ട് ചോദിക്കുകയാണ്, ലോകത്ത് പ്രസിദ്ധമായ ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിപോലെതന്നെ മെഡിക്കൽ യൂണിവേഴ്സിറ്റി, അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, മലയാളം യൂണിവേഴ്സിറ്റി തുടങ്ങി എല്ലാംകൂടി ചേരുന്നതാണ് കേരള സർവ്വകലാശാല. ഞാനും കേരള സർവ്വകലാശാല സിൻഡിക്കേറ്റിൽ മെമ്പറായിരുന്ന ആളാണ്. യഥാർത്ഥത്തിൽ മാതൃകാ യൂണിവേഴ്സിറ്റിയായ കേരള സർവ്വകലാശാല ഒരു കാലത്ത് എന്തായിരുന്നോ അതിന്റെ എല്ലാ ചലനങ്ങളും നഷ്ടപ്പെട്ടിരിക്കുകയാണ്. അതിന്റെ അവസ്ഥ വളരെ ദയനീയമാണ്. അതുകൊണ്ട് ഒരോ സർവ്വകലാശാലയും അതിന്റെ മറ്റ് ബ്രാഞ്ചുകളിലെ സംവിധാനങ്ങളെക്കുറിച്ച് ആലോചിക്കുന്നതിനെപ്പറ്റി അങ്ങ് ചിന്തിച്ചിട്ടുണ്ടോ?

പ്രൊഫ. കെ. യു. അരുണൻ: സർ, ഓരോ കേന്ദ്ര സർവ്വകലാശാലയ്ക്കും അതിന്റെ ബ്രാഞ്ചസുണ്ട്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഡീസെൻട്രലൈസേഷനാണത്. ഡൈവേഴ്സിറ്റി എന്നുവേണമെങ്കിൽ പറയാം. ആ ഡൈവേഴ്സിറ്റിയുടെ ഭാഗമായി

ആരോഗ്യ സർവ്വകലാശാല, ടെക്നിക്കൽ സർവ്വകലാശാല, അഫിലിയേറ്റഡ് സർവ്വകലാശാലകൾ, റെക്കഗ്നൈസ്ഡ്/ഡീംഡ് സർവ്വകലാശാലകൾ എന്നിങ്ങനെ നമ്മുടെ കേരളത്തിൽത്തന്നെ ഇതെല്ലാമുണ്ട്. പക്ഷെ ഇവിടെയൊക്കെത്തന്നെ നേരത്തെ സൂചിപ്പിച്ച തരത്തിൽ ജീവിതത്തെക്കുറിച്ചോ മറ്റ് വിഷയങ്ങളെക്കുറിച്ചോ സമഗ്രഭാവനയുള്ള ആളുകളുടെ അഭാവമുണ്ട് എന്നാണ് വ്യക്തിപരമായി എന്റെ അഭിപ്രായം. മുമ്പ് ബി.എ.-ബി.എസ്.സി.-ക്കാരനാണെങ്കിൽ അവർക്ക് ബി.എഡ്. എങ്കിലും ഉണ്ടായിരുന്നു. ഇപ്പോൾ നെറ്റ് യോഗ്യതാ പരീക്ഷയുണ്ട്. നെറ്റ് ഇതുമായി യാതൊരു ബന്ധവുമുള്ളതല്ല. ആ തരത്തിൽ യൂണിവേഴ്സിറ്റിക്ക് നേതൃത്വം നൽകുന്ന ആളുകൾ സിൻഡിക്കേറ്റ് മെമ്പേഴ്സിനെ തെരഞ്ഞെടുക്കുമ്പോൾ ഇന്റർവ്യൂ നടത്തിയ തിനുശേഷം വേണം നിയമിക്കാൻ. ഒരൊറ്റ ദിവസത്തെ ഇന്റർവ്യൂ അല്ല ഉദ്ദേശി ക്കുന്നത്. കാര്യങ്ങളൊക്കെ നന്നായി അറിയാവുന്ന ആളുകളെ നേതൃത്വപരമായ പദവിയിലേയ്ക്ക് ഉയർത്തി അവിടത്തെ സിംഹാസനങ്ങളിൽ ഇരുത്തിയില്ലെന്നുണ്ടെങ്കിൽ നാളത്തെ തലമുറ നേടുന്ന ഡിഗ്രികൊണ്ട് ഒരു പ്രയോജനമില്ലെന്നും കേരളത്തിലെ യൂണിവേഴ്സിറ്റികളിൽനിന്ന് ലഭിക്കുന്ന ഡിഗ്രിക്ക് വിദേശത്ത് എന്ത് പ്രാധാന്യമാണ് ഉള്ളതെന്നും അവർ ചിന്തിക്കും. ഡിഗ്രി വലിച്ചെറിയുന്ന തരത്തിലേയ്ക്ക് കാര്യങ്ങൾ നീക്കരുതെന്ന നിലയ്ക്കാണ് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്.

<u>മി. ചെയർമാൻ:</u> ദയവായി അംഗങ്ങൾ സമയക്രമം പാലിക്കണം.

<u>ശ്രീ. എ. പ്രദീപ്കുമാർ:</u> സർ, ഇവിടെ സമയത്തിന്റെ പ്രശ്നമൊന്നുമില്ല, നിയമനിർമ്മാണത്തിന്റെ കാര്യത്തിൽ സമയപരിമിതി ഏർപ്പെടുത്തുന്നത് ഒട്ടും ശരിയല്ല. അതുകൊണ്ട് അങ്ങേയ്ക്ക് ഇഷ്ടംപോലെ സമയമെടുത്ത് സംസാരിക്കാം. നമുക്കെല്ലാവർക്കും ഇടപെടുകയും ചെയ്യാം.

<u>മി. ചെയർമാൻ:</u> അക്കാര്യം സഭ നേരത്തെ അംഗീകരിച്ചതാണ്. താങ്കൾ പറഞ്ഞത് ശരിയാണ്. പക്ഷെ ഇന്നത്തെ ദിവസത്തിന്റെ പ്രാധാന്യം ഉൾക്കൊള്ളണം.

<u>ശ്രീ. എ. പ്രദീപ്കുമാർ:</u> സർ, അങ്ങനെ അംഗീകരിച്ചതായി ഞങ്ങൾക്ക് അറിയില്ല. അത് ശരിയുമല്ല. ഞാൻ ഈ പ്രസംഗത്തിൽ ഇടപെടണം എന്ന് വിചാരിച്ചതല്ല, കേട്ടുകൊണ്ടിരിക്കുകയായിരുന്നു. വളരെ പ്രധാനപ്പെട്ട ഒരു പോയിന്റിലേയ്ക്ക് വന്നപ്പോൾ എല്ലാവരും ഇവിടെ അഭിപ്രായം പറയുന്നതുകൊണ്ട് പറയുന്നതാണ്. കേരളത്തിലെ സർവ്വകലാശാലകളിലെ കോഴ്സുകൾക്കുള്ള വിലയിടിവിനെക്കുറിച്ചാണ് എനിക്ക് പറയാനുള്ളത്. അതിനുള്ള കാരണം, കഴിഞ്ഞ 30 വർഷക്കാലത്തിലേറെ പഴക്കമുള്ള കോഴ്സുകളാണ് ഇപ്പോഴും നമ്മൾ പഠിപ്പിക്കുന്നത്. ഉള്ളടക്കത്തിൽ മാറ്റം കൊണ്ടുവരാൻ ബാധ്യതയുള്ളവർ ബോർഡ് ഓഫ് സ്റ്റഡീസിലും അക്കാഡമിക് കൗൺസിലിലും ഒക്കെ ഇരിക്കുന്ന ആളുകളാണ്. എന്തെങ്കിലും മാറ്റമുണ്ടാക്കാനാഗ്രഹിക്കുന്ന മഹാ പ്രതിഭകൾക്ക് അതിനകത്ത് ഇരിക്കാനുള്ള അവസരമുണ്ടാകുമ്പോഴേ

മാറ്റമുണ്ടാവുകയുള്ളൂ. എന്നാൽ അവിടെ മറ്റ് പല മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിലാണ് ആളുകൾ വന്നിരിക്കുന്നത്. എങ്ങനെയാണെന്ന് നമുക്കെല്ലാവർക്കും അറിയാം. അവർ ഒരുതരത്തിലുള്ള മാറ്റത്തിനും തയ്യാറല്ല. ഇങ്ങനെയൊക്കെ കാലം കഴിച്ചു പോയാൽ മതിയെന്നാണ് അവർ ചിന്തിക്കുന്നത്. ഉദാഹരണത്തിന് ആ വിഭാഗത്തിന്റെ മനോഭാവം മനസ്സിലാക്കണമെങ്കിൽ, ഈയിടെ മഹാപ്രളയമുണ്ടായപ്പോൾ നാടാകെ സമർപ്പിച്ചില്ലേ; കോഴിക്കോട് ഒരു ചെറുപ്പുകുത്തി ഒരുപാട് കാലംകൊണ്ട് സ്വരൂപിച്ച സമ്പാദ്യം മുഴുവൻ പ്രളയത്തിന്റെ ഭാഗമായി ഗവൺമെന്റിന് സംഭാവനയായി നൽകി. കൊച്ചു കുഞ്ഞുങ്ങൾ കുടുക്കയിൽ ശേഖരിച്ചിരുന്ന പണം രക്ഷിതാക്കൾക്ക് കൊടുക്കാതെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് നൽകുകയാണ് ചെയ്തത്. നോർത്ത് ഇന്ത്യയിൽനിന്നും പുതപ്പുവിൽക്കാൻ വന്നൊരാൾ പുതപ്പെല്ലാം ഇവിടെ കൊടുത്തിട്ടു പോയി. ആ വാർത്ത പത്രത്തിലെല്ലാം വന്നതാണ്. പലരും അവരുടെ സമ്പാദ്യങ്ങൾ കൊടുക്കുന്നു, സ്വത്ത് കൊടുക്കുന്നു. അതൊരു സമർപ്പണമാണ്. ഉദ്യോഗസ്ഥരോട് ആവശ്യപ്പെട്ട സാലറി ചലഞ്ചിൽ വ്യത്യസ്ത നിലപാടൊക്കെ വന്നെങ്കിലും ഭൂരിപക്ഷംപേരും നന്നായി സഹകരിച്ചു. അതിൽ ഏറ്റവും നീചമായ സമീപനം വന്നത് കോളേജ് സർവ്വകലാശാല അദ്ധ്യാപകരുടെ ഭാഗത്തുനിന്നാണ്. അതാണ് അവരുടെ മനസ്സ്. എത്ര പണം കൊടുത്തുവെന്നതല്ല, മനസ്സ് അളക്കലായിരുന്നല്ലോ ഇവിടെ നടന്നത്. അത്തരത്തിലുള്ള മനസ്സോടെ ഇരിക്കുന്ന ആളുകളാണോ സർവ്വകലാശാലയിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ ശ്രമിക്കുക, ഒന്നുമില്ല, അവിടെയങ്ങനെ അടയിരുന്ന് കാലങ്ങൾ കഴിച്ചുപോകുക, യു.ജി.സി. സ്കെയിലൊക്കെ ആയപ്പോൾ നല്ല സൗകര്യങ്ങളായി. അതുംവാങ്ങിപ്പോകാം എന്ന നിലയിലേയ്ക്ക് സർവ്വകലാശാല അധഃപതിച്ചിട്ടുണ്ട്. സമീപകാലത്ത് കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകളിലൂടെ പഠിച്ചുവന്ന മഹാപ്രതിഭകൾ ഉദയംചെയ്തു എന്ന് പറയാൻ കഴിയുമോ? ഇപ്പോൾ റാങ്ക് വാങ്ങുന്നവരും എ-പ്ലസ് വാങ്ങുന്നവരുമൊക്കെയുണ്ടാകും. അത് ആർക്കും കഴിയും. അങ്ങനെയല്ലല്ലോ. ഓരോ വിഷയത്തിനും പ്രതിഭകൾ ഉയർന്നുവരണം. ശാസ്ത്രത്തിൽ എ.പി.ജെ. അബ്ദുൾകലാം പ്രതിഭ ആയിരുന്നു. സാഹിത്യത്തിൽ എം.ടി. വാസുദേവൻ നായർ പ്രതിഭയാണ്. അതുപോലെ സംഗീതം, ചിത്രകല, സാമൂഹ്യശാസ്ത്രം തുടങ്ങി ഓരോ മേഖലയിലും പ്രതിഭകളുണ്ട്. അതുപോലുള്ള പ്രതിഭകൾക്ക് അരങ്ങൊരുക്കുന്ന ഇടമായിത്തീരണം സർവ്വകലാശാല. അങ്ങനെയായി തീരാത്തതിനുള്ള കാരണം സർവ്വകലാശാലകളിലൂടെയുള്ള വിദ്യാഭ്യാസത്തിന്റെ നിലവാരത്തകർച്ചയാണ്. അതിൽ മാറ്റമുണ്ടാക്കുന്നതിന് സിൻഡിക്കേറ്റിലും സെനറ്റിലും മാത്രം മാറ്റമുണ്ടായതുകൊണ്ട് കാര്യമില്ല. അതിന് നിർണ്ണായകമായ സമിതികൾ- അക്കാദമിക് കൗൺസിലുകൾ, ബോർഡ് ഓഫ് സ്റ്റഡീസ് ഇതിലൊക്കെ ഇപ്പോഴുള്ള പങ്കുവയ്പുരീതി അവസാനിപ്പിച്ച് മെരിറ്റിന് പ്രാധാന്യം കൊടുക്കുന്ന സമീപനം വരണം. ഇപ്പോഴുള്ള രീതിയിൽ അലോട്ട്മെന്റ് കൊടുത്തതുകൊണ്ടൊന്നും ഒരു പ്രയോജനവുമില്ലെന്ന് ബോധ്യപ്പെട്ടല്ലോ. അതായത് മെരിറ്റിന്, മികവിന്,

അന്വേഷണത്തിന്, ധൈഷണികമായ ഔന്നത്യത്തെ അളക്കുന്നൊരു സമീപനം വരണം. ഇക്കാര്യങ്ങളിലൊക്കെ തീരുമാനം കൈക്കൊള്ളേണ്ട രാഷ്ട്രീയ നേതൃത്വങ്ങളുടെ സമീപനം മാറാത്തിടത്തോളംകാലം ഇതിലൊരു മാറ്റവുമുണ്ടാകില്ലെന്ന കാര്യത്തിൽ അങ്ങ് യോജിക്കുന്നുണ്ടോ?

പ്രൊഫ. കെ. യു. അരുണൻ: സർ, ഞാൻ കോളേജ് അദ്ധ്യാപകനായിരിക്കുമ്പോൾ ആദരണീയനായ മെമ്പർ ശ്രീ. എ. പ്രദീപ് കുമാർ ഷൊർണ്ണൂരിൽ നല്ല ചുരുണ്ട മുടിയൊക്കെയായി കിളിക്കൂടൊക്കെ വച്ചുവന്ന, അന്ന് നന്നായി പ്രസംഗിച്ചിരുന്ന എസ്.എഫ്.ഐ. നേതാവാണ്. അന്നൊരു കോളേജ് അധ്യാപകന് കുട്ടികളോടുള്ള സമീപനത്തെ സംബന്ധിച്ച് പറയുകയാണെങ്കിൽ, അല്ലെങ്കിൽ ശ്രീ. എ. പ്രദീപ് കുമാറും ശ്രീ. കെ. സുരേഷ് കുറുപ്പും ശ്രീ. രമേശ് ചെന്നിത്തലയും കോളേജിൽ വരുമ്പോൾ ഒരു കുട്ടിയായി മാത്രമേ കണ്ടിരുന്നുള്ളൂ. അദ്ധ്യാപകർ എന്തായാലും അദ്ധ്യാപകരാകണം. ആ കാര്യത്തിൽ പ്രാധാന്യം ഞാൻ നൽകുന്നുണ്ട്. പാർഷ്യാലിറ്റിയൊക്കെ ഉള്ളിലുണ്ടാകും. ഇപ്പോൾ ചോദിച്ച ചോദ്യങ്ങൾക്കൊക്കെ മറുപടി പറയുകയാണെങ്കിൽ, അധ്യാപകർ ആദ്യകാലത്തെ ഗുരു-ശിഷ്യ ബന്ധത്തിന്റെ അടിസ്ഥാനത്തിൽതന്നെ മുന്നോട്ടുവന്നിട്ട് ജീവിതമൊക്കെ ഒന്നു നശിപ്പിക്കേണ്ടിവരും. എന്തെങ്കിലുമൊക്കെയൊന്ന് ചീഞ്ഞെങ്കിലേ പുതിയൊരു ചെടിയെ നമുക്ക് വളർത്താൻ കഴിയൂ. അതുപോലെ പുതിയ തലമുറയെ വാർത്തെടുക്കണമെന്നുണ്ടെങ്കിൽ അദ്ധ്യാപകർ നല്ല ത്യാഗശീലമുള്ളവരായിരിക്കണം. യു.ജി.സി. പണമൊന്നും അദ്ധ്യാപനത്തിലോ അധ്യാപകരുടെ ജീവിതവീക്ഷണത്തിലോ സാധാരണഗതിയിൽ ഒരു മാറ്റവും വരുത്തില്ല. അധ്യാപകൻ അധ്യാപകനായിരിക്കണം. അതിനു വേണ്ടിയുള്ള പ്രത്യേക പദ്ധതികളെ സംബന്ധിച്ച് ആലോചിക്കണം; ഇന്റർവ്യൂ ആ രൂപത്തിലാക്കണം. എം.എ. പാസ്സായിക്കഴിഞ്ഞ് പിറ്റേ ദിവസം ആരെങ്കിലും ഒരു 40 ലക്ഷം രൂപ കൊണ്ടുകൊടുത്താൽ നിയമനം കൊടുക്കുന്ന രീതി അവസാനിപ്പിക്കണം.

മി. ചെയർമാൻ: പ്രൊഫസർ, അവസാനിപ്പിച്ചു കൂടേ?

പ്രൊഫ. കെ. യു. അരുണൻ : സർ, ഞാൻ അവതരിപ്പിച്ച ഭേദഗതി ഇപ്പോൾ എല്ലാപേർക്കും മനസ്സിലായി. അതുകൊണ്ട് എല്ലാപേരുടെയും അനുവാദത്തോടുകൂടി ഒന്നുകൂടി ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. രാജൻ : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കോഴിക്കോട് സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 5 (ബി) ഭേദഗതി അവതരിപ്പിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ചെയറിന്റെ വികാരം മാനിച്ചുകൊണ്ട് ഞാൻ അധികസമയം എടുക്കില്ല. അഞ്ചുമിനിട്ട് നേരംകൊണ്ട് ചെറിയ രണ്ടുമൂന്ന് കാര്യങ്ങൾ മാത്രമെ ഇതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാൻ ഉദ്ദേശിക്കുന്നുള്ളൂ. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയോട് യു.ഡി.എഫ്. കാണിക്കുന്ന എക്കാലത്തെയും വിരുദ്ധമായ നിലപാടിന്റെ അക്ഷരാർത്ഥത്തിലുള്ള തെളിവാണ് ഇന്ന് ഇങ്ങനെയൊരു ബിൽ അവതരിപ്പിക്കുന്ന വേളയിൽ ബില്ലിന്റെ ചർച്ചയിൽനിന്ന് ഇറങ്ങിപ്പോകാൻ യു.ഡി.എഫ്. കാണിച്ചിട്ടുള്ളത് എന്നുള്ളത് ഈ കാലഘട്ടത്തിന്റെ ചുമരെഴുത്തുപോലെ വായിച്ചെടുക്കേണ്ട പ്രധാനപ്പെട്ടൊരു വസ്തുതയാണ്. അവർ സഭ ബഹിഷ്കരിച്ച് പോകാൻ കാരണം ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി ഡോ. കെ. ടി. ജലീലിനോടുള്ള ഒരു എതിർപ്പുമല്ല എന്നുള്ളത് വളരെ വ്യക്തമായി ഞങ്ങൾക്കറിയാം. കാരണം, ബഹുമാനപ്പെട്ട മന്ത്രിക്കെതിരായി കൊണ്ടുവന്ന പ്രമേയം അതിഭീകരമായി പരാജയപ്പെടുകയും വസ്തുതകളൊന്നും നിരത്താനില്ലാതെ ഓടി രക്ഷപ്പെടുകയും ചെയ്ത കോൺഗ്രസ്സ് യു.ഡി.എഫ്.-ന്റെ നേതൃത്വത്തിൽ ഇപ്പോൾ ഈ ശ്രമം നടത്തിയിട്ടുള്ളത് കഴിഞ്ഞ കുറെക്കാലമായി ഉന്നതവിദ്യാഭ്യാസ മേഖലയിൽ യു.ഡി.എഫ്. നടത്തിക്കൊണ്ടിരിക്കുന്ന വഴിവിട്ടതും അശാസ്ത്രീയവുമായിട്ടുള്ള പ്രശ്നങ്ങളെ സംബന്ധിച്ച് ഈ സഭയിൽ ചർച്ചയുണ്ടായാലോ എന്ന് പേടിച്ച് ഓടി രക്ഷപ്പെടുന്നതിനാണ്. വളരെ ദയനീയമായിപ്പോയി ആ പ്രകടനം എന്ന് സൂചിപ്പിക്കാതിരിക്കാൻ കഴിയില്ല. ഇവിടെ നേരത്തെ ശ്രീ. എം. നൗഷാദ് ഉന്നയിച്ചല്ലോ. ചേളാരി ഹൈസ്കൂളിലെ ഒരദ്ധ്യാപകനെ ചരിത്രത്തിലാദ്യമായി കാലിക്കറ്റ് സർവ്വകലാശാലയിലെ വി.സി. ആക്കാൻ തീരുമാനിച്ചൊരു ഗവൺമെന്റ് യു.ഡി.എഫ്. ഗവൺമെന്റായിരുന്നു. വ്യാപകമായ എതിർപ്പുണ്ടായതിന്റെ പേരിൽ പിൻവലിക്കേണ്ടിവന്ന ചരിത്രമാണ് സർവ്വകലാശാലാ രംഗത്ത് യു.ഡി.എഫ്. കാണിച്ചിട്ടുള്ളത്. മാത്രമല്ല, കേരളത്തിൽ വളരെ അപൂർവ്വമായി ഉണ്ടാകുന്നതുപോലെ യു.ഡി.എഫ്. ഗവൺമെന്റ് വൈസ് ചാൻസിലറായി പ്രഖ്യാപിച്ച് ഗവർണറുടെ മുന്നിൽ അവതരിപ്പിച്ച ആ പേര് വളരെ ദയനീയമായി, ആ ലിസ്റ്റുതന്നെ ഗവർണർ ക്യാൻസൽ ചെയ്ത അനുഭവവും കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ രംഗത്തുണ്ട്. യു.ഡി.എഫ്. ഭരിക്കുമ്പോൾ ഒരിക്കലും സർവ്വകലാശാലകളിലെടുക്കുന്ന താല്പര്യം അക്കാദമിക താല്പര്യമല്ലെന്നുള്ളത് വളരെ വ്യക്തമായി അറിയുന്നതാണ്. മുസ്ലീംലീഗിന്റെ എണ്ണം പറഞ്ഞിട്ടുള്ള വളരെ മാന്യൻമാരായ നേതാക്കൻമാരുടെ മരണത്തിനുശേഷം അവരുടെ പേരിലുണ്ടാക്കിയ കടലാസ് ട്രസ്റ്റുകൾക്കുവേണ്ടി നൂറുകണക്കിന് കേന്ദ്രങ്ങളെ വിൽക്കാൻ വളരെ പരസ്യമായി കാലിക്കറ്റ് സർവ്വകലാശാലയിൽ വഴിവിട്ട ഭൂമിക്കച്ചവടമുൾപ്പെടെ നടത്തിയതിന്റെ പാരമ്പര്യം എല്ലാക്കാലത്തും യു.ഡി.എഫ്. ഗവൺമെന്റിനുണ്ട്. ഇവിടെ അവതരിപ്പിക്കപ്പെട്ട ബിൽ താൽക്കാലികമായ ജനാധിപത്യ ക്രമീകരണത്തിന്റെ ബിൽ മാത്രമാണ്. എല്ലാ കാലത്തും യു.ഡി.എഫ്. അധികാരത്തിലിരിക്കുമ്പോഴാണ് നോമിനേറ്റഡായ

ഭരണസമിതികളെ വച്ചുകൊണ്ട് നടപടി എടുക്കാറുള്ളത്. പക്ഷെ ഈ ഗവൺമെന്റ് വന്നതിനുശേഷം വളരെ ജനാധിപത്യപരമായ പ്രക്രിയ കേരളത്തിലെ എല്ലാ സർവ്വകലാശാലകളിലും നടത്തിയിട്ടുണ്ടെങ്കിലും താൽക്കാലികമായ ഒരു ഭരണ സൗകര്യത്തിനുവേണ്ടി മാത്രം രൂപീകരിക്കപ്പെടുന്ന ഈ ബിൽ അവതരിപ്പിക്കു മ്പോൾതന്നെ കാലിക്കറ്റ് സർവ്വകലാശാലയിലെ കഴിഞ്ഞ നാല് വർഷക്കാലത്തെ ചരിത്രം ഒരു മിനിട്ടിലെങ്കിലും സ്മരിക്കാതെ പോകാൻ നമുക്ക് കഴിയില്ല. കാലിക്കറ്റ് സർവ്വകലാശാലയിൽ അപ്രഖ്യാപിതമായ അടിയന്തരാവസ്ഥ പുറപ്പെടുവിച്ചില്ലേ. സിമന്റ് കൂട്ടുകളുടെ ഒരു കേന്ദ്രമായി കാലിക്കറ്റ് സർവ്വകലാശാല അധഃപതിച്ചതിൽ നിന്ന് ചോരയും ഞരമ്പുമുള്ളൊരു മനുഷ്യനെപ്പോലെ സർവ്വകലാശാലയ്ക്ക് തിരിച്ചുവരാൻ കഴിഞ്ഞിട്ടുണ്ടെന്ന കാര്യം വളരെ സന്തോഷപൂർവ്വം അറിയിക്കേണ്ടതുണ്ട്. സർവ്വകലാശാല ബില്ലെടുക്കുമ്പോൾ അരുണൻ മാഷ് ഇവിടെ വിശദമായി സൂചിപ്പിച്ചതുപോലെ കേന്ദ്ര സർക്കാരിന്റെ ഇക്കാര്യത്തിലെ സമീപനത്തെക്കുറിച്ച് ഒരു വരി പറയാതിരി ക്കുന്നത് ശരിയല്ല. യു.ജി.സി. ഒഴിവാക്കി HEFA (Higher Education Funding Agency) എന്ന പുതിയ സംവിധാനത്തെ നമ്മുടെ രാജ്യത്ത് കൊണ്ടുവരാൻ തീരുമാനിക്കുമ്പോൾ വ്യാപകമായിട്ടുള്ള സ്വകാര്യവൽക്കരണമാണ് കേന്ദ്ര ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഇപ്പോൾതന്നെ സെൻട്രൽ യൂണിവേഴ്സിറ്റികളിൽ നൂറ് ശതമാനം എയ്ഡോഡുകൂടിയാണ് പ്രവർത്തിച്ചിരുന്നതെങ്കിൽ ഇനി നോൺ-ടീച്ചിംഗ് സ്റ്റാഫിന്റെ 25 ശതമാനം ശമ്പളം കണ്ടെത്തേണ്ട ചുമതല ബന്ധപ്പെട്ട യൂണിവേഴ്സിറ്റിക്കാണ് എന്നു പ്രഖ്യാപിക്കാൻ പോവുകയാണ്. കേരളത്തിലെ പതിനാല് ICAR (Indian Council for Agricultural Research) കേന്ദ്രങ്ങൾ KVK (Krishi Vigyan Kendra) ഉൾപ്പെടെ നടത്തുന്ന ICAR ഗവേഷണ രംഗത്ത് കേന്ദ്ര ഗവൺമെന്റിന്റെ സ്വകാര്യവൽക്കരണ നടപടികളുടെ ഭാഗമായി കേരളത്തിൽ മാത്രം കഴിഞ്ഞ ഒരു വർഷക്കാലത്തിനുള്ളിൽ ഇല്ലാതാക്കിയത് 27 പ്രധാനപ്പെട്ട പോസ്റ്റുകളാണ്. കേരളത്തിൽ മാത്രം 27 പോസ്റ്റുകൾ ICAR-ന്റെ ഭാഗമായി ഇല്ലാതാക്കിയെന്ന വാർത്തയും I-CLIP-ന്റെ വിവിധ പ്രോജക്റ്റുകൾ ഇല്ലാതാക്കിയെന്ന വാർത്തയും നമ്മൾ കാണുകയല്ലേ. കാൺപൂരിലും റൂർക്കയിലും ബോംബെയിലും കൽക്കട്ടയിലും ഐ.ടി.കളിൽ മതിയായ സംവിധാനങ്ങളും സജ്ജീകരണങ്ങളും ഉണ്ടായിരിക്കുമ്പോൾ ഇന്ത്യാ രാജ്യത്ത് ബി.ജെ.പി. ഗവൺമെന്റ് ശ്രേഷ്ഠപദവി കൊടുത്ത് അംഗീകരിച്ചത് അംബാനിയുടെ യൂണിവേഴ്സിറ്റിയെ ആണെന്നത് രാജ്യത്തിന്റെ ചരിത്രത്തിലെ ഏറ്റവും അപമാനകരമായ സംഭവങ്ങളിലൊന്നാണ്. ഇന്ത്യൻ യൂണിവേഴ്സിറ്റികളെ വ്യാപകമായി സ്വകാര്യവൽക്കരിക്കുകയും വർഗ്ഗീയവൽക്കരിക്കുകയുമാണ് ചെയ്യുന്നത്. നേരത്തെ ശ്രീ. മുഹമ്മദ് മുഹസിൻ സൂചിപ്പിച്ചതുപോലെ നമ്മുടെ രാജ്യത്തെ യൂണിവേഴ്സിറ്റികളെ വർഗ്ഗീയവൽക്കരണത്തിന്റെയും ജനാധിപത്യ വിരുദ്ധതയുടെയും വാണിജ്യവൽക്കരണങ്ങളുടെയും കേന്ദ്രങ്ങളാക്കി മാറ്റാൻ കേന്ദ്ര ഗവൺമെന്റ് ശ്രമിക്കുന്നത്

കേന്ദ്ര സർക്കാർ യൂണിവേഴ്സിറ്റികളോടെടുക്കുന്ന നയത്തിന്റെ ഭാഗമായിട്ടാണ്. ICHR (Indian Council for Historical Research) ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ വ്യാപകമായി തങ്ങളുടെ മേധാവികളെ കയറ്റിക്കൊണ്ട് മാറ്റിയെടുക്കാൻ ശ്രമിക്കുമ്പോൾ കേന്ദ്ര ഗവൺമെന്റ് കഴിഞ്ഞതവണ അവതരിപ്പിച്ച ബഡ്ജറ്റിൽ മാത്രം ഉന്നത വിദ്യാഭ്യാസ രംഗത്ത് 15,000 കോടി രൂപയാണ് വെട്ടിക്കുറച്ചത്.

ശ്രീ. മുഹമ്മദ് മുഹസിൻ പി: സർ, ഇന്ത്യയിൽ ഇത്രയും യൂണിവേഴ്സിറ്റികളും നല്ല സ്ഥാപനങ്ങളും ഉണ്ടായിട്ടും ശ്രീ. നരേന്ദ്ര മോദി അംഗീകാരം കൊടുത്ത അംബാനിയുടെ ജിയോ യൂണിവേഴിസ്റ്റി ഇന്നുവരെ തറക്കല്ലുപോലുമിടാത്ത, ഒരു വിദ്യാർത്ഥിപോലുമില്ലാത്ത, വെറും പേപ്പറിൽ മാത്രമുള്ള ഒരു യൂണിവേഴ്സിറ്റിയാണ് എന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

3.00 pm]

ശ്രീ. കെ. രാജൻ: സർ, തീർച്ചയായും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് പ്രധാനപ്പെട്ട കാര്യമാണ്. ഞാൻ നേരത്തേ കുറഞ്ഞ സമയംകൊണ്ട് നിർത്താമെന്ന് ചെയറിന് വാഗ്ദാനം നൽകിയതുകൊണ്ടാണ് വിശദമായ സംസാരത്തിലേക്ക് പോകാത്തത്. കേന്ദ്ര ഗവൺമെന്റ് എന്താണ് ഇന്ത്യൻ സർവ്വകലാശാലകളുടെ തലപ്പത്ത് ഉദ്ദേശിക്കുന്നതെന്ന് വളരെ ബോധപൂർവ്വം മനസ്സിലാക്കുകയാണ്. പക്ഷെ, ശ്രീ. മുഹമ്മദ് മുഹസിൻ പഠിച്ച ജെ.എൻ.യു. ഉൾപ്പെടെയുള്ള ബഹുസ്വരതയുടെ ക്യാമ്പസുകൾ, പുതിയ കൗമാരം, പുതിയ കാലം, ഒരു കാര്യം ഇന്ത്യയിൽ അടയാളപ്പെടുത്തുന്നുണ്ട്. ഇന്ത്യയുടെ പ്രധാനമന്ത്രി ഇനിയെത്ര ശ്രമിച്ച് തലകൊയ്യാൻ തീരുമാനിച്ചാലും കേരളത്തിലെ കൗമാരത്തിന്റെ ശരീരത്തിലേയ്ക്ക്, ഇന്ത്യൻ കൗമാരത്തിന്റെ ശരീരത്തിലേയ്ക്ക് നിങ്ങളുടെ വർഗ്ഗീയത എത്തിച്ചേരില്ല എന്നുള്ളതിന്റെ പ്രകടമായ തെളിവാണ് ഇന്ത്യയിലെ യൂണിവേഴ്സിറ്റികൾ ഈ വർഗ്ഗീയവൽക്കരണത്തിനെതിരായ പോരാട്ടത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നു എന്നുള്ളത്. കേന്ദ്ര ഗവൺമെന്റിന്റെ സമീപനം ഇങ്ങനെയാകുമ്പോൾ കേരള ഗവൺമെന്റ് തികച്ചും വ്യത്യസ്തമായ സമീപനമാണ് ഇക്കാര്യത്തിലെടുക്കുന്നത്. കേരളത്തിലെ പ്രധാനപ്പെട്ട കോളേജുകളെല്ലാം സെന്റർ ഓഫ് എക്സലൻസ് ആക്കാനുള്ള നടപടി ആരംഭിച്ചു. അഞ്ച് കോടിയുടെയും മൂന്ന് കോടിയുടെയും ഒരു കോടിയുടെയും തരത്തിലുള്ള വർദ്ധനവിലേയ്ക്ക്, ഭൗതിക മാസ്റ്റർ പ്ലാൻ മാത്രമല്ല കേരളത്തിന്റെ ചരിത്രത്തിലാദ്യമായി അക്കാദമിക് മാസ്റ്റർ പ്ലാനുണ്ടാക്കി വിദ്യാഭ്യാസ രംഗത്ത് സജീവത കൊണ്ടുവന്നു. ഇതേ രീതി തന്നെയാണ് യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള പൈതൃക കോളേജുകളിലും ഈ ഗവൺമെന്റ് എടുത്തിട്ടുള്ളത്. കേരളത്തിലെ ഗവൺമെന്റ് എങ്ങനെയാണ് ഉന്നത വിദ്യാഭ്യാസ രംഗത്തെയും സർവ്വകലാശാലകളെയും ശ്രദ്ധിക്കുന്നത് എന്നുള്ളതിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉദാഹരണമാണ് ഈ രംഗത്ത് കഴിഞ്ഞ രണ്ടര വർഷക്കാലമായി

ലോകത്തിനുതന്നെ ശ്ലാഘനീയമായ തരത്തിൽ, ഇന്ത്യൻ വിദ്യാഭ്യാസത്തിന്റെ മാതൃകയാകുന്ന തരത്തിൽ ഉന്നത വിദ്യാഭ്യാസത്തെ കേരളത്തിൽ വളർത്തിയെടുക്കാനുള്ള ഗവൺമെന്റിന്റെ സമീപനം. വി. സി.-മാരെയും അദ്ധ്യാപകരെയും നിയമിക്കുന്ന കാര്യം, വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്. കേരളത്തിൽ ഏറ്റവും ചുരുങ്ങിയത് 1000-ത്തിലേറെ അദ്ധ്യാപക പോസ്റ്റുകൾ ക്രിയേറ്റ് ചെയ്യാൻ നമുക്ക് കഴിയേണ്ടതുണ്ട്. അദ്ധ്യാപക-വിദ്യാർത്ഥി അനുപാതത്തിലുണ്ടാകുന്ന മാറ്റവും അതുപോലെതന്നെ കേവലം താല്ക്കാലിക ജീവനക്കാരായി അദ്ധ്യാപകർക്ക് വർക്ക് ചെയ്യേണ്ടിവരുന്ന പ്രശ്നവും നിലനിൽക്കുന്നുണ്ട്. ഞാൻ പ്രതിനിധീകരിക്കുന്നതാണ് കേരള സർവ്വകലാശാല. സംവരണത്തിന്റെ ഒരു എസ്.എൽ.പി. സുപ്രീംകോടതിയിൽ നിൽക്കുന്നതുകൊണ്ട് നമ്മുടെ ഗവൺമെന്റ് വന്നതിനുശേഷം കേരള സർവ്വകലാശാലയിൽ സ്ഥിരനിയമനം നടത്താൻ തീരുമാനിച്ചിട്ടും സാധിക്കുന്നില്ല. ഈ പ്രശ്നം പരിഹരിക്കാൻ ഒരു പ്രത്യേക നിയമനിർമ്മാണം തന്നെ നടത്തണം എന്നതാണ് എന്റെ അഭ്യർത്ഥന. കഴിഞ്ഞ ബഡ്ജറ്റിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി എടുത്ത നിലപാടനുസരിച്ച് രണ്ട് ഘട്ടങ്ങളിലായി അദ്ധ്യാപകരുടെ നിയമനം നടത്താം എന്നുള്ളതിന്റെ സൂചന ഈ ഗവൺമെന്റ് നൽകിയിട്ടുണ്ട്. വളരെ ശ്ലാഘനീയമായ നടപടിയാണത്. നമ്മുടെ യൂണിവേഴ്സിറ്റികളിൽ കാണുന്ന രണ്ടാമത്തെ പ്രധാന പ്രശ്നം പല സ്ഥലത്തും രജിസ്ട്രാർമാരെയും എക്സാമിനേഷൻ കൺട്രോളർമാരെയും നിയമിക്കുന്നതുമായി ബന്ധപ്പെട്ടാണ്. ഇവരെ ഏതെങ്കിലും ഒരു എയ്ഡഡ് കോളേജിൽനിന്ന് നിയമിക്കുകയും ആ കോളേജിന് പുതിയ ഒരാളെ നിയമിക്കാൻ അവസരം കൊടുക്കുകയുമാണ്. എത്രയോ കാലത്തോളം രജിസ്ട്രാറും കൺട്രോളർ ഓഫ് എക്സാമിനേഷനും തുടർച്ചയായി ഇരിക്കുകയാണ്. വി.സി.യുടെ കാലാവധി തീരുമാനിക്കുന്നതുപോലെ ഇവർക്കും കാലാവധി തീരുമാനിച്ചില്ലെങ്കിൽ അനന്തമായി കാര്യങ്ങൾ മുന്നോട്ടുപോകും എന്നുള്ള പ്രശ്നമുണ്ട്. ഈ ബില്ലിലുള്ള എന്റെ ഭേദഗതി മൂവ് ചെയ്തതായി ഒരിക്കൽക്കൂടി അറിയിക്കുന്നു.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷ ക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, സെൽഫ് ഫിനാൻസിംഗ് കോളേജുകളിലെ പ്രിൻസിപ്പൽമാരുടെ പ്രതിനിധികളെക്കൂടി സെനറ്റിലും സിൻഡിക്കേറ്റിലും ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലനിന്നിരുന്ന ഒരു കേസിന്റെ വിധി പുറത്തുവരികയും ആ വിധി നടപ്പിലാക്കുന്നതിന് കുറച്ച് സമയം ആവശ്യമായി വരികയുംചെയ്ത പശ്ചാത്തലത്തിലാണ് ആറുമാസം കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും അധികാരം നീട്ടിക്കൊടുത്തുകൊണ്ടുള്ള ഈ ബിൽ ഇവിടെ അവതരിപ്പിക്കേണ്ടിവന്നത്. ഏതാണ്ട് തെരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയായതായിരുന്നു. നേരത്തേ സൂചിപ്പിച്ചതുപോലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ സർവ്വകലാശാലകളിലെ ജനാധിപത്യ സ്വഭാവം

നിലനിർത്തിക്കൊണ്ടുപോകുന്നതിന് എന്നും മുൻഗണന നൽകിയിരുന്നു. നല്ല സ്പീഡിലായിരുന്നു കാര്യങ്ങൾ പോയിരുന്നത്. ഏതായാലും ഈ ആറ് മാസത്തിനുള്ളിൽ നമുക്ക് കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ ജനാധിപത്യ രീതിയിൽത്തന്നെ തെരഞ്ഞെടുക്കപ്പെടുന്ന സെനറ്റിനെയും സിൻഡിക്കേറ്റിനെയും എല്ലാ കാര്യങ്ങളും ഏൽപ്പിച്ച് മുന്നോട്ടുപോകാൻ സാധിക്കും. ഇവിടെ പലയാളുകളും ചർച്ചയിൽ പങ്കെടുത്തു. സമയക്കുറവുകൊണ്ട് ഞാൻ അധികമായൊന്നും പറയുന്നില്ല. രജിസ്ട്രാർമാരുടെയും കൺട്രോളർ ഓഫ് എക്സാമിനേഷൻസിന്റെയും കാലാവധി നിർണ്ണയിക്കണമെന്ന് ശ്രീ. കെ. രാജൻ ഇവിടെ സൂചിപ്പിച്ചു. അത് നല്ലൊരു നിർദ്ദേശമാണ്. ഇപ്പോൾ നമ്മുടെ സർവ്വകലാശാലകളിൽ 10-15 വർഷക്കാലമാണ് ആൾക്കാർ കൺട്രോളർ ഓഫ് എക്സാമിനേഷനായും രജിസ്ട്രാർമാരായും ഇരിക്കുന്നത്. നല്ല ആളുകളാണെങ്കിൽ കുഴപ്പമുണ്ടാകില്ല. പക്ഷെ ഇൻ-എഫിഷ്യന്റായിട്ടുള്ള ആൾ ആ സ്ഥാനത്ത് വന്നാൽ അയാളുടെ റിട്ടയർമെന്റ് കാലാവധി വരെ സഹിക്കേണ്ട ദുർഗതിയാണ് നിലനിൽക്കുന്നത്. വൈസ് ചാൻസലർമാർക്ക് കാലാവധിയുണ്ട്. സമാനമായ രീതിയിൽ രജിസ്ട്രാർമാർക്കും കൺട്രോളർ ഓഫ് എക്സാമിനേഷൻസിനും കാലാവധി നിശ്ചയിക്കണം. അദ്ദേഹം സൂചിപ്പിച്ച വേറൊരു കാര്യവും ഇത്തരുണത്തിൽ പ്രസക്തമാണ്. എയ്ഡഡ് കോളേജുകളിൽനിന്ന് 10-15 വർഷം ഇനിയും സർവ്വീസുള്ള ആളുകളെ രജിസ്ട്രാർമാരാക്കി അല്ലെങ്കിൽ കൺട്രോളർ ഓഫ് എക്സാമിനേഷൻസാക്കി കൊണ്ടുവരും. എന്നിട്ട് അവർക്ക് അവരുടെ ശിഷ്ടകാലം മുഴുവൻ യൂണിവേഴ്സിറ്റിയിൽത്തന്നെ നിൽക്കാനുള്ള സാഹചര്യമുണ്ടാകും. അപ്പോൾ എയ്ഡഡ് കോളേജിൽ ഒരു പോസ്റ്റ് ഉണ്ടാവുകയും ആ പോസ്റ്റിലേക്ക് പുതിയ ആളുകളെ വയ്ക്കുകയും ചെയ്യാൻ സാധിക്കുന്ന സാഹചര്യം നിലവിലുണ്ട്. കാലാവധി നിർണ്ണയിച്ചാൽ സ്വാഭാവികമായും അതിന് താല്പര്യമുള്ള എഫിഷ്യന്റായിട്ടുള്ള ആളുകളേ വരൂ. നാല് വർഷം കാലാവധി കഴിഞ്ഞ് അവർക്ക് അവരുടെ മാതൃസ്ഥാപനത്തിലേയ്ക്ക് തിരിച്ചുപോകുകയും ചെയ്യാം. ഏതായാലും ആ കാര്യത്തെ സംബന്ധിച്ച് നമുക്ക് ഗൗരവപൂർവ്വം ആലോചിക്കേണ്ടതുണ്ട്. പിന്നെ ശ്രീ. എ. പ്രദീപ്കുമാർ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ന്യൂജെൻ കോഴ്സുകൾ ആരംഭിക്കണമെന്ന് പറഞ്ഞു. 10-30 വർഷം പഴക്കമുള്ള ട്രഡിഷണൽ കോഴ്സുകളാണ് ഇപ്പോൾ നമ്മുടെ കോളേജുകളിലും സർവ്വകലാശാലകളിലും നിലനിൽക്കുന്നതും പുതുതായി നമ്മൾ അനുവദിക്കുന്നതും. സർവ്വകലാശാലകളിൽ ഇതുവരെയില്ലാത്ത കോഴ്സുകൾ ഓരോ വർഷവും രണ്ട് വീതം ആരംഭിക്കുന്നതിന് സാഹചര്യമൊരുക്കണമെന്ന് തത്വത്തിൽ ഒരു തീരുമാനമെടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ് മന്ത്രിയുമായി ചർച്ച നടത്തിയിരുന്നു. സത്യത്തിൽ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ബൾക്കായിട്ടുള്ള പോസ്റ്റ് ക്രിയേഷൻ എത്രയോ വർഷങ്ങൾക്കുമുമ്പ് നടന്നതാണ്. അഞ്ചും പത്തും പതിനഞ്ചുമായി നടക്കുന്നുണ്ടെന്നല്ലാതെ 1100-ഓളം അദ്ധ്യാപക തസ്തികകൾ ഗവൺമെന്റ്-എയ്ഡഡ് കോളേജുകളിലും സർവ്വകലാശാലകളിലുമായി ഒഴിഞ്ഞു

കിടക്കുകയാണ്. അത് ക്രിയേറ്റ് ചെയ്യേണ്ടതുണ്ട്. ടെമ്പററി അടിസ്ഥാനത്തിലാണ് അദ്ധ്യാപകർ ജോലി ചെയ്യുന്നത്. NAAC-ന്റെ എ പ്ലസ് അക്രഡിറ്റേഷൻ നമ്മുടെ സർവ്വകലാശാലകൾക്ക് കിട്ടിയില്ലെന്ന് നമ്മൾ പറയും. എന്തുകൊണ്ടാണ് കേരള സർവ്വകലാശാലയ്ക്ക് NAAC-ന്റെ എ പ്ലസ് അക്രഡിറ്റേഷൻ കിട്ടാതെ പോയത്?

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഇപ്പോൾ ഡിഗ്രി സെമസ്റ്റർ വിദ്യാർത്ഥികളുടെ മൂന്നാം വർഷത്തെ പഠനം നടക്കുകയാണ്. ഫസ്റ്റ് സെമസ്റ്ററിന്റെയോ സെക്കന്റ് സെമസ്റ്ററിന്റെയോ റിസൾട്ട് ഇതുവരെ വന്നിട്ടില്ല. ഇത് ഇപ്പോഴത്തെ മാത്രം പ്രശ്നമല്ല. മൂന്നാം വർഷം പരീക്ഷ എഴുതുമ്പോഴും ഒന്നാം വർഷത്തെയും രണ്ടാം വർഷത്തെയും റിസൾട്ട് അറിയുന്നില്ല. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ സ്ഥിതിയാണത്. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. കെ. ടി. ജലീൽ: സർ, ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അടുത്ത അധ്യയനവർഷം മുതൽ പരീക്ഷകളെല്ലാംതന്നെ ക്രമപ്പെടുത്തി നടത്തുകയും ഏപ്രിൽ 30-നുമുമ്പ് ഡിഗ്രി റിസൾട്ടും മേയ് 30-നുമുമ്പ് പി. ജി. റിസൾട്ടും പബ്ലിഷ് ചെയ്യത്തക്ക രൂപത്തിൽ കാര്യങ്ങൾ കൊണ്ടുപോകാൻ വേണ്ടിയുള്ള എല്ലാ നടപടികളും സ്വീകരിച്ചുകഴിഞ്ഞു. ന്യൂജെൻ കോഴ്സുകൾ ആരംഭിക്കണം, അദ്ധ്യാപക പോസ്റ്റുകൾ ക്രിയേറ്റ് ചെയ്യണം. NAAC-ന്റെ എ പ്ലസ് അക്രഡിറ്റേഷൻ നമ്മുടെ സർവ്വകലാശാലകൾക്ക് കിട്ടാത്തതിന്റെ കാരണം 20%-ത്തിൽ കൂടുതലാണ് അവിടത്തെ ടെമ്പററി സ്റ്റാഫ് എന്നുപറയുന്നത്. യു.ജി.സി.യുടെ അല്ലെങ്കിൽ NAAC-ന്റെ ഏറ്റവും പ്രധാനപ്പെട്ട വ്യവസ്ഥതന്നെ ഒരു കാരണവശാലും ടെമ്പററി ടീച്ചേഴ്സിന്റെ ശതമാനം 20-ൽ കൂടാൻ പാടില്ലെന്നതാണ്. അത് കൂടിയാൽ പിന്നെ എങ്ങനെയാണ് നമുക്ക് എ പ്ലസ് അക്രഡിറ്റേഷൻ കിട്ടുന്നത്? എൻ.ഐ.ആർ.എഫ്.-ന്റെ ആദ്യത്തെ 25 റാങ്കിൽവരുന്ന ഒരു യൂണിവേഴ്സിറ്റിയും നമ്മുടെ സംസ്ഥാനത്തില്ല. നമ്മുടെ സർവ്വകലാശാലകളെ മെച്ചപ്പെടുത്തുന്നതിന് വേണ്ടിത്തന്നെയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടി പ്രത്യേകമായ ഒരു സംവിധാനം വേണമെന്ന് തീരുമാനിച്ചതും ആ നിലയിൽ കാര്യങ്ങൾ മുന്നോട്ട് പോകുന്നതും. ഉന്നത വിദ്യാഭ്യാസ മേഖലയിൽ 1100 അദ്ധ്യാപക പോസ്റ്റുകളും 150-ഓളം നോൺ-ടീച്ചിംഗ് സ്റ്റാഫും ആവശ്യമായിട്ടുണ്ട്. അതിന്റെ പകുതി തസ്തികകൾ നിർബന്ധമായും ഈ വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ചുതരാമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഉറപ്പ് നൽകിയിട്ടുണ്ട്. അത് സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ വിസ്ഫോടനത്തിന് കളമൊരുക്കുമെന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഉത്തര മലബാറിലെ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കാണുകയെന്ന ലക്ഷ്യത്തോടെയാണ് 1996-ൽ കണ്ണൂർ യൂണിവേഴ്സിറ്റി രൂപീകൃതമായത്. കണ്ണൂർ യൂണിവേഴ്സിറ്റി രൂപീകരിച്ചിട്ട് ഇപ്പോൾ 22 വർഷമായി. യൂണിവേഴ്സിറ്റിയിലെ പല ഡിപ്പാർട്ടുമെന്റുകളും റൺ ചെയ്യുന്നത് താല്കാലിക/കരാർ അടിസ്ഥാനത്തിലുള്ള അദ്ധ്യാപകരെ വച്ചാണ്. ഏതാണ്ട് 30%-ത്തോളം അദ്ധ്യാപകർ മാത്രമെ സ്ഥിര ജീവനക്കാരായുള്ളൂ. ഈ വിഷയം പരിഹരിക്കാൻ സത്വര നടപടി സ്വീകരിക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, തീർച്ചയായും. സർവ്വകലാശാലകളിലും ഗവൺമെന്റ് എയ്ഡഡ് കോളേജുകളിലും അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കേണ്ടതായും സ്ഥിരാദ്ധ്യാപകരെ നിയമിക്കേണ്ടതായിട്ടുമുണ്ട്. അല്ലെങ്കിൽ ഈ മേഖലയിൽ മെച്ചപ്പെട്ട കാര്യങ്ങൾ ചെയ്യാൻ കഴിയില്ല. ന്യൂജെൻ കോഴ്സുകൾ ആരംഭിക്കുകയും adjunct faculty-കളെ നിശ്ചയിക്കേണ്ടതായിട്ടുമുണ്ട്. പ്രൊഫ. കെ. യു അരുണൻ നേരത്തെ ഇക്കാര്യം സൂചിപ്പിച്ചിരുന്നു. ശ്രീ. എം. ടി. വാസുദേവൻ നായരുടെ കൃതികൾ ബി.എ.യ്ക്കും. എം.എ.യ്ക്കും പഠിപ്പിക്കുന്നുണ്ടെങ്കിലും ശ്രീ. എം. ടി. വാസുദേവൻ നായർക്ക് കോളേജിൽപോയി ക്ലാസെടുക്കാൻ സാധിക്കില്ല. അങ്ങനെയൊരു വിഷയം നമ്മുടെ സർവ്വകലാശാലകളുടെ പരിമിതിയായിട്ടുണ്ട്. വിദേശ സർവ്വകലാശാലകളിൽ നേരത്തെത്തന്നെ ഈ സൗകര്യമുണ്ടായിരുന്നു.

മി. സ്പീക്കർ: അവിടെ ഹ്യൂമൻ ലൈബ്രറികളൊക്കെയുണ്ട്.

ഡോ. കെ. ടി. ജലീൽ: അതെ. നമ്മൾ ഉദ്ദേശിക്കുന്നത് ഓരോ വിഷയത്തിനും adjunct faculty-യുടെ ഒരു പാനൽ സർവ്വകലാശാലാതലങ്ങളിലുണ്ടാക്കണമെന്നതാണ്. അക്കാദമിക് എഡ്യൂക്കേഷൻ ഇല്ലായെന്ന് നമ്മൾ പറയുകയും എന്നാൽ പാണ്ഡിത്യം എന്ന വളരെ വലിയ യാഥാർത്ഥ്യത്തെ അംഗീകരിക്കുകയും ചെയ്തുകൊണ്ടുമാത്രമേ നമുക്ക് മുന്നോട്ട് പോകാൻ സാധിക്കുകയുള്ളൂ. അതിനുവേണ്ടി നല്ല രീതിയിലുള്ള ഇടപെടലും വ്യവസ്ഥാപിതത്വവും നമ്മുടെ സർവ്വകലാശാലകളിൽ വരാൻ പോകുകയാണ്. തീർച്ചയായും ഉന്നതവിദ്യാഭ്യാസ രംഗത്ത് രണ്ടര വർഷത്തിനുള്ളിൽ നല്ല സാഹചര്യം ഉണ്ടാക്കിയെടുക്കാൻ സാധിക്കുമെന്ന ശുഭാപ്തി വിശ്വാസമുണ്ട്. 2018-ലെ കോഴിക്കോട് സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: പ്രൊഫ. കെ. യു. അരുണൻ അവതരിപ്പിച്ച '2 എ' നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ ?

(പ്രൊഫ. കെ. യു. അരുണൻ സീറ്റിലില്ല)

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കെ. രാജൻ അവതരിപ്പിച്ച '5 ബി' നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. രാജൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. രാജൻ അവതരിപ്പിച്ച '5 ബി' നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കോഴിക്കോട് സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ാം വകുപ്പ്

(ഭേദഗതി നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, 126, 134 എന്നീ നമ്പർ ഭേദഗതികൾ ഞാൻ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

126. ഖണ്ഡം 2(1)-ൽ, " നികായം" എന്നതിന് മുൻപ് "താൽക്കാലിക" എന്ന വാക്ക് ചേർക്കുക.

134. ഖണ്ഡം 2(2)-ൽ, " വിജ്ഞാപനംവഴി" എന്നതിന് പകരം "വിജ്ഞാപനം വഴി" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ സ്വീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

(ഭേദഗതി നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.........

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതി നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.........

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, 2018-ലെ കോഴിക്കോട് സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2018-ലെ കോഴിക്കോട് സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു, ബിൽ പാസ്സായിരിക്കുന്നു.

ഓർഡർ... ഓർഡർ.. സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2018 ഡിസംബർ 7-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 3.15-ന് പിരിഞ്ഞു.)

**അനുബന്ധം**

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) അവതരിപ്പിച്ച യാത്രാനിരക്ക് പരിഷ്കരണം സംബന്ധിച്ച ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവനയുടെ മേശപ്പുറത്തുവച്ച ഭാഗം

| ക്രമനമ്പർ | വാഹന വിഭാഗം | നിലവിലുള്ള നിരക്ക് | | | കമ്മിറ്റി നിർദ്ദേശിച്ച നിരക്ക് | | | സർക്കാർ അംഗീകരിച്ച നിരക്ക് | | |
|---|---|---|---|---|---|---|---|---|---|---|
| | | കുറഞ്ഞ നിരക്ക് | ദൂരം | നിരക്ക്/ കി. മീറ്റർ | മിനിമം ചാർജ്ജ് | ദൂരം | നിരക്ക്/ കി. മീറ്റർ | കുറഞ്ഞ നിരക്ക് | ദൂരം | നിരക്ക്/ കി. മീറ്റർ |
| 1 | ഓട്ടോ റിക്ഷ | 20 രൂപ | 1.50 കി.മീ | 10 രൂപ | 30 രൂപ | 1.50 കി. മീ. | 13 രൂപ | 25 രൂപ | 1.50 കി. മീ. | 12 രൂപ |
| 2 | ടാക്സി | | | | | | | | | |
| | (എ) 1500 സി.സി. വരെ | 150 രൂപ | 5 കി. മീ. | 12 രൂപ | 200 രൂപ | 5 കി. മീ. | 15 രൂപ | 175 രൂപ | 5 കി. മീ. | 15 രൂപ |
| | (ബി) 1500 സി. സി.ക്ക് മുകളിൽ | 150 രൂപ | 5 കി. മീ. | 15 രൂപ | 250 രൂപ | 5 കി. മീ. | 17 രൂപ | 200 രൂപ | 5 കി. മീ. | 17 രൂപ |
| 3 | ക്വാഡ്രി സൈക്കിൾ (ഓട്ടോ-ടാക്സി) | 21 രൂപ | 1.50 കി. മീ. | 10 രൂപ | 35 രൂപ | 1.50 കി. മീ. | 13 രൂപ | 30 രൂപ | 1.50 കി. മീ. | 12 രൂപ |

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.